# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

2021 ജനുവരി 22, വെള്ളി

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**


എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1866/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 29
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 98

**II അനുമോദനം**

ശ്രീ. ഉമ്മൻചാണ്ടി നിയമസഭാംഗമായതിന്റെ അമ്പതാം വർഷം

– മി. സ്പീക്കർ
– മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)
– പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...440

**III അറിയിപ്പ്**

ശ്രീ. പി. സി. ജോർജിന് നൽകിയ ശാസന

– മി. സ്പീക്കർ ...441

**IV അടിയന്തരപ്രമേയ നോട്ടീസ്**

(അനുമതി നിഷേധിച്ചു) ...443

**V ശ്രദ്ധ ക്ഷണിക്കൽ**

1. നീന്തൽ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തൽ

– ശ്രീ. സി. ദിവാകരൻ ...444

2. ദേവസ്വം ബോർഡ് നിയമനങ്ങളിൽ സാമുദായിക സംവരണം

– ശ്രീ. വി. പി. സജീന്ദ്രൻ ...446

**VI അറിയിപ്പ്**

വെള്ളിയാഴ്ച മൂന്നുമണിക്കുശേഷം സഭ ചേരുന്നത് സംബന്ധിച്ച്

– മി. സ്പീക്കർ ...451

പേജ്

**VII മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 166(1), ചട്ടം 236(5), ചട്ടം 236(6), ചട്ടം 47(2)
എന്നിവ പ്രകാരമുള്ള കടലാസ്സുകൾ ...451

**VIII റിപ്പോർട്ട് സമർപ്പണം**

കെ.എ.എസ്.ഇ.-യുടെ പ്രവർത്തനം സംബന്ധിച്ച
സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ടും യുവജനക്ഷേമവും
യുവജനകാര്യവും സംബന്ധിച്ച കമ്മിറ്റിയുടെ എട്ടും ഒൻപതും
റിപ്പോർട്ടുകളും ...468

**IX ഗവൺമെന്റ് പ്രമേയം**

സി. ആന്റ് എ. ജി.-യുടെ കിഫ്ബിയെക്കുറിച്ചുള്ള
പരാമർശങ്ങൾ

— മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...469

**X ക്രമപ്രശ്നം**

സി. & എ. ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ ഒഴിവാക്കുന്നത്
സംബന്ധിച്ച്

— ശ്രീ. വി. ഡി. സതീശൻ ...503

**XI നിയമനിർമ്മാണം**

1. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണം

(i) 2021-ലെ കേരള ധനകാര്യ ബിൽ ... 505

(ii) 2021-ലെ കേരള ധനകാര്യ (2 -ാം നമ്പർ) ബിൽ ...505

2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും
അനന്തരഘട്ടങ്ങളും ..514

(i) 2021-ലെ കേരള ധനവിനിയോഗ ബിൽ ...506

(ii) 2021-ലെ കേരള ധനവിനിയോഗ
(വോട്ട് ഓൺ അക്കൗണ്ട്)ബിൽ ...506

*പേജ്*

3. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...558

**XII റൂളിംഗ്**

സി. & എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച്

– മി. സ്പീക്കർ ...739

**XIII അവകാശലംഘന പ്രശ്നങ്ങൾ**

(1) നടപടി അവസാനിപ്പിച്ചവ ...741

(2) പരിഗണനയിലിരിക്കുന്നവ ...742

(3) അനുമതി നിഷേധിച്ചവ ...745

**XIV പ്രമേയം**

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്

– മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...748

**XV അവലോകനം** ...749

**അനുബന്ധം** ...760

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

*2021 ജനുവരി 22, വെള്ളി*

വാല്യം 183] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2021 ജനുവരി മാസം 22-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം ബഹുമാനപ്പെട്ട അംഗങ്ങൾ മുഖാവരണം ധരിച്ച് സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.... ചോദ്യം നമ്പർ *211

### പട്ടിക വിഭാഗങ്ങൾക്ക് ഭൂമി

1(*211) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം ഭൂമിയുടെ ഉടമസ്ഥതയാണെന്നതിനാൽ അവരെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നതിന് നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) സർക്കാർ ഇക്കാര്യത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; അതിലൂടെ ഭൂമി നൽകാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആദിവാസി മേഖലകളോട് ചേർന്നുകിടക്കുന്ന വാസയോഗ്യവും കൃഷി യോഗ്യവുമായ സ്ഥലം പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂവുടമകളിൽ നിന്നും വാങ്ങി ലാൻഡ് ബാങ്കിലുൾപ്പെടുത്തി അർഹരായവർക്ക് വിതരണം ചെയ്യുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭൂമി അവർക്കുതന്നെ ലഭിക്കുന്നുവെന്നും അത് അന്യാധീനപ്പെടുത്തുന്നില്ലെന്നും ഉറപ്പാക്കുന്നതിന് സോഷ്യൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീടുവയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. അർഹരായ കുടുംബങ്ങൾ സ്വന്തം നിലയിൽ സ്ഥലം കണ്ടെത്തി സർക്കാർ ധനസഹായം ഉപയോഗിച്ച് വിലയ്ക്ക് വാങ്ങുന്ന പദ്ധതിയാണിത്. ഗ്രാമപ്രദേശത്ത് 5 സെന്റ് സ്ഥലം വാങ്ങാൻ 3,75,000 രൂപയും മുനിസിപ്പൽ പ്രദേശത്ത് 3 സെന്റ് സ്ഥലം വാങ്ങാൻ 4,50,000 രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റ് സ്ഥലം വാങ്ങാൻ 6,00,000 രൂപയും അനുവദിക്കുന്നു.

ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന്:-

- 2002-ലെ സുപ്രീംകോടതി വിധിപ്രകാരം ലഭിച്ച നിക്ഷിപ്ത വനഭൂമിയുടെ വിതരണം.
- വനാവകാശ നിയമപ്രകാരം ആർ.ഒ.ആർ. അനുവദിക്കുന്ന പദ്ധതി
- റവന്യൂ ഭൂമിയുടെയും ഫാം ഭൂമിയുടെയും വിതരണം
- ലാൻഡ് ബാങ്ക് പദ്ധതി

എന്നിവ നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുമ്പോൾ പട്ടികവിഭാഗങ്ങൾക്കും ആനുപാതികമായി വീടുകൾ ലഭിക്കും.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2020 ഡിസംബർ 31 വരെ 18637 ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ സ്വന്തമായി സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ മേഖലയിൽ ഈ സർക്കാർ വന്നശേഷം 4768 കുടുംബങ്ങൾക്ക് 3869.73 ഏക്കർ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു :

- വനാവകാശ നിയമപ്രകാരം 1395 കുടുംബങ്ങൾക്ക് 1796.96 ഏക്കർ സ്ഥലത്തിന് ആർ. ഒ.ആർ. നൽകി.
- 2002-ലെ സുപ്രീംകോടതി വിധിപ്രകാരം 19002.2 ഏക്കർ നിക്ഷിപ്ത വനഭൂമി ലഭ്യമായിരുന്നു. ഇതിൽ റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്കുശേഷം വാസയോഗ്യമാണെന്ന് കണ്ടെത്തിയ ഭൂമിയിൽ നിന്നും 5408.14 ഏക്കർ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2708 കുടുംബങ്ങൾക്ക് 1870.41 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.
- 186 കുടുംബങ്ങൾക്ക് 27.30 ഏക്കർ റവന്യൂ ഭൂമി അനുവദിച്ചു.
- ഗുണഭോക്താക്കൾ നിർദ്ദേശിക്കുന്ന ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന പഴയ പദ്ധതിപ്രകാരം 273 പേർക്ക് 149.05 ഏക്കർ ഭൂമി വാങ്ങി നൽകി.
- ലാൻഡ് ബാങ്ക് പദ്ധതി ഫണ്ടുപയോഗിച്ച് 206 കുടുംബങ്ങൾക്ക് 26.02 ഏക്കർ സ്ഥലം വാങ്ങി നൽകി.

(സി) ലാൻഡ് ബാങ്ക് പദ്ധതി 2018-19-ലാണ് ആരംഭിച്ചത്. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റി ശിപാർശ ചെയ്ത് സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റി അംഗീകരിക്കുന്ന സ്ഥലങ്ങളാണ് ഈ പദ്ധതി പ്രകാരം വാങ്ങുന്നത്.

- ഈ പദ്ധതിയിൽ മലപ്പുറം ജില്ലയിൽ 34 കുടുംബങ്ങൾക്ക് 5.27 ഏക്കറും കോഴിക്കോട് ജില്ലയിൽ ഒരു കുടുംബത്തിന് 28 സെന്റും വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ഭീഷണിമൂലം മാറ്റി പാർപ്പിക്കേണ്ടിവന്ന 171 കുടുംബങ്ങൾക്ക് 20.47 ഏക്കർ സ്ഥലവും വാങ്ങി നൽകി.

- കോട്ടയം ജില്ലയിൽ 2.15 ഏക്കർ, എറണാകുളം ജില്ലയിൽ 6.24 ഏക്കർ, വയനാട് ജില്ലയിൽ 7.34 ഏക്കർ, പാലക്കാട് ജില്ലയിൽ 7.3 ഏക്കർ, കോഴിക്കോട് ജില്ലയിൽ 3.79 ഏക്കർ, കാസർഗോഡ് ജില്ലയിൽ 19.25 ഏക്കർ എന്നിങ്ങനെ 46.07 ഏക്കർ സ്ഥലം വാങ്ങിയതിന്റെ വിതരണ നടപടികൾ അന്തിമഘട്ടത്തിലാണ്.

- ഇതിനുപുറമെ പത്തനംതിട്ട ജില്ലയിൽ 5.50 ഏക്കറും വയനാട്ടിൽ 6.16 ഏക്കറും ഉൾപ്പെടെ 11.66 ഏക്കർ സ്ഥലം വാങ്ങാനുള്ള നടപടികൾക്ക് സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുമുണ്ട്.

(ഡി) പട്ടികവിഭാഗങ്ങൾക്ക് ലഭിക്കുന്ന ഭൂമി അന്യാധീനപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്താൻ നിലവിൽ നിയമ വ്യവസ്ഥകളുണ്ട്. കേരള റെസ്ട്രിക്ഷൻ ഓൺ ട്രാൻസ്ഫർ ബൈ & റെസ്റ്റൊറേഷൻ ഓഫ് ലാൻഡ്സ് ടു ഷെഡ്യൂൾഡ് ട്രൈബ്സ് ആക്ട്, 1999 പ്രകാരം അനന്തരാവകാശികൾക്കല്ലാതെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് നിരോധനമുണ്ട്. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം നൽകുന്ന പട്ടയത്തിലും പട്ടികജാതിക്കാർ രജിസ്റ്റർ ചെയ്യുന്ന പ്രമാണങ്ങളിലും 12 വർഷത്തേയ്ക്ക് കൈമാറ്റം പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആദിവാസികളുടെ കൈവശത്തിലുള്ള ഭൂമി അന്യാധീനപ്പെടുന്ന സ്ഥിതി ഇപ്പോൾ നിലവിലില്ല. മാത്രമല്ല വിവിധ പദ്ധതികൾ പ്രകാരം അനുവദിക്കപ്പെടുന്ന ഭൂമിയിൽ വീടുവയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും സർക്കാർ ധനസഹായം നൽകുന്നുണ്ടെന്നതിനാൽ ഭൂമി ഉപയോഗിക്കാൻ കൂടുതൽ താല്പര്യം പുലർത്തുന്നുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ ഓഡിറ്റിന്റെ ആവശ്യകത വരുന്നില്ല. എങ്കിലും സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്തുന്നതിന് സർക്കാർ എതിരല്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഗ്രാമപ്രദേശത്ത് 5 സെന്റ് സ്ഥലം വാങ്ങാൻ 3,75,000 രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റിന് 4,50,000 രൂപയും അതോടൊപ്പം തന്നെ കോർപ്പറേഷനിൽ 3 സെന്റിന് 6,00,000 ലക്ഷം രൂപയും നൽകുന്നുണ്ട്. ഈ പണം നൽകി സ്ഥലം വാങ്ങുവാൻ ശ്രമിക്കുമ്പോൾ പലർക്കും അനുയോജ്യമായ സ്ഥലം ലഭിക്കുന്നില്ല. അവരുടെ വീട്ടിൽനിന്ന് കിലോമീറ്ററുകൾക്ക് അപ്പുറത്തുപോയി സ്ഥലം വാങ്ങി ഒറ്റപ്പെട്ട് ജീവിക്കേണ്ട അവസ്ഥ ഉണ്ടാകുകയാണ്. സർക്കാർ പണം കൊടുക്കുന്നതിനുപകരം അവരുടെ പ്രദേശത്തുതന്നെ അവർക്ക് ആവശ്യമുള്ള സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുവേണ്ട നടപടി വല്ലതുമുണ്ടോ; പണത്തിനുപകരം സ്ഥലം ഏറ്റെടുത്ത് കൊടുക്കുന്ന രീതിയിലുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാനിവിടെ പറഞ്ഞതിൽ കൂടുതലും അത്തരത്തിലുള്ള പദ്ധതികളെക്കുറിച്ചാണ്. നേരത്തെ പണംകൊടുത്ത് ഭൂമി വാങ്ങുന്ന പദ്ധതിയെക്കുറിച്ചെല്ലാം ആക്ഷേപങ്ങൾ വന്ന പശ്ചാത്തലത്തിലാണ് ലാൻഡ് ബാങ്ക് പദ്ധതി 2018-2019-ൽ ആരംഭിച്ചത്. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള പർച്ചേസ് കമ്മിറ്റി ശിപാർശ ചെയ്ത് സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റി അംഗീകരിക്കുന്ന സ്ഥലങ്ങളാണ് വാങ്ങുന്നത്. അവരുടെകൂടി നിർദ്ദേശത്തിന്റെയും താല്പര്യത്തിന്റെയും അടിസ്ഥാനത്തിലാണ് സ്ഥലം വാങ്ങി നൽകുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇവിടെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സർക്കാർ പലപ്പോഴും റബ്ബർ വയ്ക്കുന്നതിനും മറ്റു കൃഷിക്കുംവേണ്ടി ഭൂമി നൽകാറുണ്ട്. ഈ ഭൂമിയെല്ലാം മറ്റു വിഭാഗത്തിൽപ്പെട്ട ആളുകൾ പാട്ടവ്യവസ്ഥയുടെ പേരിൽ കൈവശം വയ്ക്കുകയും അതിൽനിന്ന് വരുമാനമുണ്ടാക്കുകയും ചെയ്യുന്ന അവസ്ഥ പലയിടത്തുമുണ്ട്. ഇങ്ങനെ ഏതെങ്കിലും സ്ഥലത്ത് പാട്ട വ്യവസ്ഥയിൽ മറ്റു വിഭാഗത്തിൽപ്പെട്ട ആളുകൾ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഭൂമി കൈവശം വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അവ തിരിച്ചുപിടിച്ച് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൊടുക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറയുന്നത് നേരത്തെ നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ഭൂമി പാട്ടവ്യവസ്ഥയിലും അല്ലാതെയും കൈവശപ്പെടുത്തുന്ന രീതികളുണ്ടായിരുന്നത് സംബന്ധിച്ചാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും നൽകുന്ന ഭൂമി ഒരുതരത്തിലും അന്യാധീനപ്പെട്ട് പോകാതിരിക്കാനാവശ്യമായ കരുതലുകളെടുക്കുന്നുണ്ട്. അതുപോലെതന്നെ കൃഷി ചെയ്യുന്നതിനാവശ്യമായ സഹായം നൽകുന്നതുകൊണ്ടുതന്നെ ഈ ഭൂമി കൈമാറ്റം ചെയ്യാനും അവർക്ക് താല്പര്യമില്ല. എല്ലാവരുടെ കയ്യിലും അവരുടെ ഭൂമി സ്വന്തമായിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 2019-2020 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിനുകീഴിൽ വീടില്ലാത്ത പട്ടികജാതിയിലുള്ള ആളുകൾക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം 400 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ 31-3-2020-ലെ കണക്കുകൾപ്രകാരം ഇതിൽ യാതൊരു തുകയും ചെലവഴിച്ചിട്ടില്ലെന്നാണ് കാണുന്നത്. അതുപോലെതന്നെ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ആളുകൾക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം 102 കോടി രൂപ വകയിരുത്തിയിരുന്നു. സംസ്ഥാന പ്ലാനിംഗ് ബോർഡിലെ 31-3-2020-ലെ കണക്കുകൾ

പ്രകാരം ഇതിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഈ തുക ചെലവഴിക്കാതെ ബഡ്ജറ്റ് ഹെഡ്ഡിൽ സറണ്ടർ ചെയ്യുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത് എന്താണെന്നുള്ളത് അങ്ങേയ്ക്ക് വിശദീകരിക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വിവിധ ഭവനനിർമ്മാണ പദ്ധതികളെ യോജിപ്പിച്ചുകൊണ്ട് ഭൂരഹിത ഭവനരഹിത സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച ഏറ്റവും മഹത്തായ പദ്ധതിയാണ് ലൈഫ് മിഷൻ. 2019-2020 ബഡ്ജറ്റിൽ ഇതിനായി 400 കോടി രൂപ വകയിരുത്തിയിരുന്നു. അർഹതാ പരിശോധന നടത്തിയപ്പോൾ ലഭ്യമായ കണക്കനുസരിച്ച് 13019 വീടുകൾക്ക് ലൈഫ് മിഷൻ നിർമ്മാണാനുമതി നൽകി. സാധാരണഗതിയിൽ ഡിപ്പാർട്ടുമെന്റ് ഒരു വീട് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്ത് നടപ്പിലാക്കുമ്പോൾ 4,00,000 രൂപ വകുപ്പിൽനിന്ന് കൊടുക്കു മായിരുന്നെങ്കിൽ, ലൈഫ് മിഷന് ഒരു പ്രത്യേക ഗുണം ലഭിച്ചത് അതിന്റെ അവസാനഘട്ടത്തിൽ ഒരു ലക്ഷം രൂപ കൊടുത്താൽ മതിയെന്നുള്ളതാണ്. നമുക്ക് 400 കോടി രൂപയുണ്ടായിരുന്നു. 400 കോടി രൂപ വകുപ്പ് നേരിട്ട് നൽകിയി രുന്നെങ്കിൽ 10000 വീടുകൾക്കുള്ള തുക മാത്രമാണ് യഥാർത്ഥത്തിൽ ഉണ്ടായിരുന്നത്. ലൈഫ് മിഷൻ മുഖേന വീട് നിർമ്മിച്ചപ്പോൾ 1,00,000 രൂപ വീതം കൊടുത്താൽ മതിയായിരുന്നു. എന്നാൽ 13019 വീടുകൾ ഇപ്പോൾത്തന്നെ നിർമ്മിച്ച് കൊടുക്കാൻ സാധിച്ചു. അതാണ് ഈ തുകയുടെ ചെലവിൽ വന്നിട്ടുള്ള അന്തരം. അങ്ങനെയൊരു സേവിംഗ്സ് വീടുനിർമ്മാണത്തിന്റെ കാര്യത്തിൽ വകുപ്പിനുണ്ടായിട്ടുണ്ടെന്നതൊഴികെ അർഹതപ്പെട്ട ആളുകൾക്ക് വീടുകൊടുക്കുന്ന കാര്യത്തിൽ കുറവുണ്ടായിട്ടില്ലെന്ന് കാണാൻ സാധിക്കും.

ശ്രീ. അൻവർ സാദത്ത്: സർ, ലൈഫ് മിഷനിൽ ഇത്ര വീട് കൊടുത്തെന്ന് കാണിക്കാൻ വേണ്ടിയാണ് ഇതിൽ അനർഹരെ കൂട്ടിച്ചേർത്തതെന്നത് പകൽപോലെ സത്യമാണ്. അത് രാഷ്ട്രീയ തീരുമാനമായിരിക്കും. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പട്ടയഭൂമി തുച്ഛമായ വിലയ്ക്ക് മറ്റുവിഭാഗക്കാർ കബളിപ്പിച്ച് വാങ്ങുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇങ്ങനെ വാങ്ങുന്നവർ കൃഷിയും മറ്റും ചെയ്ത് ഈ പാവങ്ങളെ പറ്റിക്കുന്നത് തടയുന്നതിന് നിയമപരമായ ഇടപെടൽ നടത്താൻ സർക്കാർ തയ്യാറാകുമോ? പൈസ കൊടുക്കുമ്പോൾ നല്ല സ്ഥലം വാങ്ങുന്നതിന് അവർക്ക് വീണ്ടും പണം ചെലവഴിക്കേണ്ടിവരും, അല്ലെങ്കിൽ ആൾതാമസമില്ലാത്തതോ വാസയോ ഗ്യമല്ലാത്തതോ ആയ സ്ഥലത്ത് പോയി താമസിക്കേണ്ടിവരും. തരിശുഭൂമികൾ ഈ ദുരിതമനുഭവിക്കുന്ന, വീടും സ്ഥലവുമില്ലാത്ത പാവപ്പെട്ടവർക്ക് കൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ലൈഫ് മിഷനെ സംബന്ധിച്ചുള്ളത് അങ്ങ് പറഞ്ഞതുപോലെ രാഷ്ട്രീയ തീരുമാനം തന്നെയാണ്. ഭവനരഹിതരായ മുഴുവൻ ആളുകൾക്കും ഭവനം നിർമ്മിച്ചുകൊടുക്കുകയെന്നത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ സംബന്ധിച്ച് അത് രാഷ്ട്രീയ തീരുമാനം തന്നെയാണ്. അതിൽ പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും മുന്നോക്ക സമുദായക്കാരും പിന്നോക്ക സമുദായക്കാരുമുണ്ട്. ഏത് വിഭാഗത്തിൽപ്പെട്ടവരാണെങ്കിലും എല്ലാവർക്കും വീട് നിർമ്മിച്ചുകൊടുക്കുകയെന്നുള്ളത് ഗവൺമെന്റിന്റെ നയമാണ്. അതിനാവശ്യമായ നടപടികളാണ് സ്വീകരിക്കുന്നത്. പട്ടികവർഗ്ഗത്തിന് 102 കോടി രൂപ വകയിരുത്തിയതിൽ 64.50 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, നമ്മുടെ സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന ഭൂമി കൈമാറ്റം ചെയ്യുന്നത് ഒഴിവാക്കുന്നതിന് കരുതലോടുകൂടിയ സമീപനങ്ങൾ സ്വീകരിക്കുന്നതുകൊണ്ട് ഇത്തരത്തിലുള്ള പരാതികൾ സമീപകാലത്തുണ്ടായിട്ടില്ല. നേരത്തെ ഇതൊക്കെ ഉണ്ടായിരുന്നുവെന്നത് വാസ്തവമാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വനാവകാശ നിയമപ്രകാരം വനഭൂമിയിൽ താമസിക്കുന്ന ആദിവാസികൾക്ക് തങ്ങളുടെ ഭവനങ്ങൾ നിർമ്മിക്കാൻ വനത്തിലുള്ള മരങ്ങൾ മുറിക്കാനുള്ള വ്യവസ്ഥ നിയമത്തിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ പലയിടത്തും പ്രത്യേകിച്ച്, പേപ്പാറ/പരുത്തിപ്പള്ളി റേഞ്ചിലൊക്കെ വീടുവയ്ക്കാനായി ആദിവാസി സുഹൃത്തുക്കൾ മരം മുറിച്ചാൽ ഫോറസ്റ്റ് ഓഫീസർമാർ വന്ന് തടഞ്ഞ് കേസ് ചാർജ്ജ് ചെയ്യുകയാണ്. അങ്ങനെ ചുമത്തിയിട്ടുള്ള അനാവശ്യമായ കേസുകൾ പിൻവലിക്കാനും യാതൊരു തടസ്സവുമില്ലാതെ നിയമപ്രകാരം അവർക്ക് വീടുവയ്ക്കാനുള്ള സഹായങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നിയമപ്രകാരം വീടുവയ്ക്കുന്നതിനാവശ്യമായ എല്ലാ സഹായവും സർക്കാർ നൽകുന്നുണ്ട്. അതിനാവശ്യമായ ധനം, പിന്തുണ, വകുപ്പിന്റെ ശ്രദ്ധ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രത്യേക പരിരക്ഷ എന്നിവ നൽകുന്നുണ്ട്. എന്നാൽ ഇതിന്റെ മറവിൽ വനംവെട്ടി വെളുപ്പിക്കാൻ ആരെങ്കിലും ശ്രമിച്ചാൽ അത് അംഗീകരിക്കാൻ സാധിക്കില്ലെന്നുമാത്രമേയുള്ളൂ.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമുള്ള നടപടികൾ അങ്ങയുടെ മറുപടിയിലുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞെങ്കിലും അവരുടെ ഭൂപ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അതിനുവേണ്ടിയുള്ള പ്രത്യേക ഇടപെടൽ എന്തെങ്കിലും നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 11744 ഭൂരഹിതരാണുണ്ടായിരുന്നത്. അതിപ്പോൾ 7136 ആയി കുറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി മൂവായിരത്തോളം പേർക്ക് ഭൂമി വിതരണം ചെയ്യും. അവശേഷിക്കുന്ന നാലായിരം പേർക്ക് വനം വകുപ്പിന്റെ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യാനുള്ള നടപടികൾ ഏതാണ്ട് അവസാനഘട്ടത്തിലാണ്. വനം/റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വേ നടന്നുവരികയാണ്. ഇതെല്ലാം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന വിവിധ ഉന്നതതല യോഗങ്ങളുടെ അടിസ്ഥാനത്തിലെടുത്ത തീവ്രമായ തുടർനടപടികളുടെ ഭാഗമായിട്ടുള്ളതാണ്. 4-1-2017, 4-4-2018, 29-1-2019, 8-8-2019, 17-6-2020 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗങ്ങളെല്ലാം സംസ്ഥാനത്ത് എസ്.സി./എസ്.ടി. വിഭാഗത്തിന് ഭൂമി വിതരണം ചെയ്യുന്നതിന്റെ പുരോഗതിയെ സംബന്ധിച്ച് സമഗ്രമായ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. 29-1-2019-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാതലത്തിൽ റവന്യൂ, വനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 28-6-2019-ലെ സർക്കാർ ഉത്തരവുപ്രകാരം ജില്ലാ കളക്ടർ ചെയർമാനായും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പ്രോജക്ട് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ.), ഡെപ്യൂട്ടി ഡയറക്ടർ (സർവ്വേ വകുപ്പ്), ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത് വകുപ്പ്) ഇവർ അംഗങ്ങളായി ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ജില്ലകളിൽ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നതുകൊണ്ട് വിവിധ രൂപത്തിലുള്ള ഭൂമി വിതരണം നടത്താൻ സാധിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 1250 പേർക്ക് ഭൂമി നൽകാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ആ നിലയിലുള്ള പ്രവർത്തനങ്ങളെല്ലാം മുന്നോട്ടുപോകുന്നതിന് കാരണമായത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള അവലോകന യോഗങ്ങൾ സൃഷ്ടിച്ച വേഗത തന്നെയാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കേരളത്തിലെ നിരവധി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരീക്ഷയെഴുതി ലിസ്റ്റിൽ ഇടംപിടിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഈ സാഹചര്യത്തിൽ വനാവകാശ നിയമമനുസരിച്ച് പതിച്ചുകൊടുത്ത ഭൂമിയിലും സ്വന്തമായ ഭൂമിയിലും ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നതിനുവേണ്ടി ഒട്ടനവധി യുവാക്കൾ തയ്യാറായിരിക്കുകയാണ്. അത്തരത്തിലുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നേരത്തെയുള്ള എന്റെ മറുപടിയിൽ പ്രത്യേകിച്ച് ഇതുസംബന്ധിച്ച് പറഞ്ഞിട്ടുണ്ടായിരുന്നു. ലഭ്യമായ വനഭൂമി നിക്ഷിപ്ത താല്പര്യക്കാർക്ക് തട്ടിക്കൊണ്ടുപോകാൻ സാധിക്കാതെ വരുന്നതിന്റെ കാരണം കൃഷി വകുപ്പുമായും കാർഷിക സർവ്വകലാശാലയുമായും ചേർന്ന് നടത്തുന്ന പുതിയ കാർഷിക വികസന പദ്ധതികൾ തന്നെയാണ്. ഒന്നുരണ്ട് പ്രധാന പദ്ധതികൾ ഈ മേഖലയിൽ നടത്തുന്നുണ്ട്. അതിലൊന്ന് 'നമ്മുടെ കൃഷി' എന്ന് അർത്ഥം വരുന്ന 'നമത് വെള്ളാമെ' പ്രോജക്ടാണ്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും പാരമ്പര്യ ജൈവകൃഷിയിലൂടെ ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുംവേണ്ടി K-DISC (Kerala Development and Innovation Strategic Council)-ന്റെ നേതൃത്വത്തിൽ 'തണൽ' എന്ന സർക്കാരിതര ഏജൻസിയുടെ സാങ്കേതിക സഹായത്തോടെയുള്ള പദ്ധതിയാണ് 'നമത് വെള്ളാമെ'. സ്വന്തമായി കൃഷി ഭൂമിയുള്ളതും കൃഷിചെയ്യാൻ താല്പര്യമുള്ളതുമായ പട്ടികവർഗ്ഗ കർഷകർക്ക് ധാന്യം, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിന് 2019 മുതൽ ഗവൺമെന്റ് ധനസഹായം നൽകിവരുന്നുണ്ട്. അതുകൊണ്ടാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള യുവാക്കൾ ധാരാളമായി കാർഷിക മേഖലയിലേയ്ക്ക് സജീവമായി വരാനിടയായത്. കാട്ടുവെട്ടി ഭൂമി കൃഷിയോഗ്യമാക്കുന്നതിന് ഏക്കറിന് 1750 രൂപ, നിലം ഉഴുന്നതിന് ഏക്കറിന് 2000 രൂപ, വിത്ത് വാങ്ങുന്നതിന് ഏക്കറിന് 300 രൂപ, വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷിക്കുന്നതിനായി വേലി നിർമ്മിക്കുന്നതിന് ഏക്കറിന് 2000 രൂപ, കാവൽച്ചാള നിർമ്മിക്കുന്നതിന് ഓരോ കർഷകനും 3000 രൂപ എന്നീ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. 2019-20 മുതൽ നാളിതുവരെ ഈ പദ്ധതി മുഖേന അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽമാത്രം 34 ഊരുകളിൽ നിന്നായി 1208 കർഷകർക്ക് 1671 ഏക്കർ തരിശുഭൂമി പരമ്പരാഗത കൃഷിക്കുകീഴിൽ കൊണ്ടുവന്ന് 287 ലക്ഷം രൂപ ചെലവഴിച്ച് തുടർപദ്ധതിയായി നടപ്പിലാക്കിവരികയാണ്. 'മില്ലറ്റ് വില്ലേജ്' എന്ന പ്രോജക്ടിൽ, അട്ടപ്പാടിയിലെ കൃഷി ഉപജീവനമായിട്ടുള്ള പട്ടികവർഗ്ഗക്കാർക്കുവേണ്ടി കൃഷി വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് 'അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി'. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ മേഖലയിൽനിന്നും അന്യംനിന്നുപോയ പരമ്പരാഗത ഇനങ്ങളായ റാഗി, ചാമ, തിന, കുതിരവാലി, പനിവരക്, മണിച്ചോളം, കമ്പ് തുടങ്ങിയ ചെറുധാന്യങ്ങളുടെ കൃഷി തിരികെ കൊണ്ടുവരുന്നതിനും അവ ഭക്ഷണത്തിലുൾപ്പെടുത്തി പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുംവേണ്ടി ആരംഭിച്ച പദ്ധതിയാണിത്. ഈ പദ്ധതിയിൻകീഴിൽ 2017-18, 2018-19, 2019-20 വർഷങ്ങളിലായി 405571 ഊരുകളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. പട്ടികവർഗ്ഗ വിഭാഗക്കാരായ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെറുധാന്യങ്ങൾ കൃഷിചെയ്യുന്നതിനുപുറമെ എണ്ണക്കുരുക്കൾ, പയറുവർഗ്ഗങ്ങൾ

എന്നിവയും മില്ലറ്റ് വില്ലേജ് പദ്ധതിയിലൂടെ കൃഷി ചെയ്യുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ പോഷകാഹാരക്കുറവുമൂലമുള്ള മരണനിരക്ക് കുറയ്ക്കുന്നതിന് ഈ പദ്ധതി സഹായിച്ചിട്ടുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്. നാളിതുവരെ 165 ഊരുകളിലായി 1240 ഹെക്ടർ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് ഈ കാർഷിക വികസന പദ്ധതിയുടെ ഗുണം ലഭിക്കുന്നുണ്ട്. ഇതുകൂടാതെ പാരമ്പര്യ കൃഷിരീതി പ്രോത്സാഹനവും ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി, ആറളം ഫാം, ചീമേനി ഫാം എന്നിവിടങ്ങളിൽ പാരമ്പര്യ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാനുള്ള നടപടി പുരോഗമിച്ചുവരികയാണ്. ചെറുപ്പക്കാരെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള വൈവിധ്യമാർന്ന പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഏജൻസികളെ ഒഴിവാക്കി യുവാക്കൾക്ക് നേരിട്ട് പരിശീലനം കൊടുത്ത് പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഈ മേഖലയിൽ കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയുമാണ് പട്ടികവർഗ്ഗ വകുപ്പിനെ സഹായിച്ചുകൊണ്ട് കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്കായി മുന്നോട്ടുവന്നിട്ടുള്ളത്. മറ്റ് ഏജൻസികളെയല്ല ഉപയോഗിക്കുന്നത്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, സർക്കാർ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കിയെങ്കിലും അവിടെ അവർക്ക് സ്വന്തമായി കൃഷി ചെയ്യുന്നതിനുവേണ്ട മൂലധനമിറക്കാൻ കഴിയില്ല. അത്തരം കുടുംബങ്ങൾക്ക് മൈക്രോ സംരംഭങ്ങളൊക്കെ ആരംഭിക്കുന്നതിനും മറ്റു കാർഷിക പദ്ധതികളൊക്കെ നടപ്പിലാക്കുന്ന കാര്യവും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത്തരം ഭൂമിയിൽ കാർഷികോപകരണങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ലഭ്യമാക്കിക്കൊണ്ടുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; അതിന് സാധ്യതയുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പൈലറ്റ് പ്രോജക്ടെന്ന നിലയിൽ ആരംഭിച്ച മില്ലറ്റ് വില്ലേജ്, നമത് വെള്ളാമെ പദ്ധതികൾ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനാണ് ആഗ്രഹിക്കുന്നത്. സംസ്ഥാനത്തുടനീളം ഈ പദ്ധതികൾ നടപ്പിലാക്കുന്നതോടുകൂടി കാർഷിക മേഖലയിൽ സജീവമായ സമീപനം കൊണ്ടുവരാൻ സാധിക്കും.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അട്ടപ്പാടിയിലുള്ള ഒരു ഭൂമി പ്രശ്നമാണ് എനിക്ക് ഈ ചോദ്യത്തിലൂടെ ഉന്നയിക്കാനുള്ളത്. അട്ടപ്പാടിയിലെ ഫാമിംഗ് സൊസൈറ്റിക്ക് ഗവൺമെന്റ് പണ്ടുകാലത്ത് കൊടുത്ത 2800 ഏക്കർ ഭൂമിയിൽ നാന്നൂറ്റിഇരുപതോളം ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അവരാണ് അവിടെ കൃഷിചെയ്യുന്നതും

സൊസൈറ്റിയിലെ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതും. പക്ഷേ ഇപ്പോഴത് സൊസൈറ്റി ഭാരവാഹികൾ ഒരു വലിയ ബിസിനസ്സ് ഗ്രൂപ്പിന് പാട്ടത്തിന് കൊടുക്കുകയുണ്ടായി. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസിന് പോകുകയും കോടതി അത് കൊടുക്കുന്നത് തൽക്കാലത്തേയ്ക്ക് തടഞ്ഞി രിക്കുകയുമാണ്. സൊസൈറ്റിക്ക് കാർഷികവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ലെങ്കിൽ ഇതിൽ വ്യവസ്ഥ ചെയ്തപ്രകാരംതന്നെ ഈ ആദിവാസി കുടുംബങ്ങൾക്കായി 2800 ഏക്കർ ഭൂമി വീതിച്ചുകൊടുക്കണമെന്നാണ് വ്യവസ്ഥ. കണ്ണൂരിലും മറ്റും അങ്ങനെ ചെയ്തിട്ടുണ്ട്. അങ്ങനെ വീതിച്ചുകൊടുക്കാൻ ഗവൺമെന്റ് ഇടപെടുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇത് വളരെ സജീവമായി ഉയർന്നുവന്ന ഒരു പ്രശ്നമാണ്. അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റിയിൽ ഗവൺമെന്റ് നിർദ്ദേശപ്രകാരമല്ലാതെ അവർ തന്നെയാണ് ഫാം ടൂറിസം സംബന്ധിച്ച ഒരു പുതിയ പ്രോജക്ടുമായി രംഗത്തുവന്നത്. അത് നടപ്പിലാക്കുന്നതിനുവേണ്ടി സംഘത്തിന്റെ ജനറൽ ബോഡി യോഗം ചില നടപടികൾ സ്വീകരിക്കുകയുണ്ടായി. അവർ സൊസൈറ്റിയുടെ പുരോഗതിയും സംഘത്തിലെ മെമ്പർമാരുടെയും കുടുംബങ്ങളുടെയും ഉന്നമനവും ലക്ഷ്യംവച്ചുകൊണ്ടാണ് ഇത്തരമൊരു പ്രോജക്ട് തയ്യാറാക്കിയതെന്നാണ് മനസ്സിലാക്കുന്നത്. ആദിവാസി വിഭാഗത്തിന് കൂടുതൽ ഗുണങ്ങൾ ഉറപ്പുവരുത്തുന്ന രീതിയിൽ നിക്ഷേപരഹിതമായി വരുമാനമുണ്ടാക്കുന്ന തരത്തിൽ വ്യവസ്ഥകളെല്ലാം ഉൾക്കൊള്ളിച്ച ഒരു കരാർ പ്രകാരം എൽ.എ. ഹോംസ്, തൃശ്ശൂർ എന്ന സ്ഥാപനവുമായി നിർമ്മിതികൾക്കായി Right to use എന്ന വ്യവസ്ഥയിൽ സ്ഥലം ഉപയോഗിക്കാനായി സൊസൈറ്റി ഒരു ഉടമ്പടിയുണ്ടാക്കി. എന്നാൽ ഇത് ലക്ഷ്യത്തിൽനിന്നും വ്യതിചലിച്ച് പോകുന്നുവെന്നാരോപിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ചിലർ ഹൈക്കോടതിയിൽ പോയതിനെത്തുടർന്ന് ഇത് സ്റ്റേ ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ സംഘം ഭരണസമിതി 25-11-2020-ൽ യോഗം ചേർന്ന് പ്രസ്തുത ഉടമ്പടി റദ്ദുചെയ്തിരിക്കുകയാണ്. ഗവൺമെന്റ് ഇത് ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നുണ്ട്. നിശ്ചയമായും ഭാവി പ്രവർത്തനങ്ങളിൽ ഗവൺമെന്റ് ഇടപെടലുണ്ടാകും.

ശ്രീ. ബി. സത്യൻ: സർ, പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർ നേരിടുന്ന ഏറ്റവും ഗൗരവമായ പ്രശ്നം ഭവനത്തിന്റേയും ഭൂമിയുടേതും തന്നെയാണ്. ഇക്കാര്യത്തിൽ നാലുവർഷക്കാലം ഈ വകുപ്പ് സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. ഏതാണ്ട് 17177-ഓളം പേർക്ക് ഇതിനകം സ്ഥലം വാങ്ങി നൽകി. അതനുസരിച്ച് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ഭൂമി നൽകുന്നുണ്ട്. ഭൂമി ലഭിക്കുന്നവർക്ക് വീടുവയ്ക്കേ ണ്ടിവരുന്നതും ഒരു ഭവനത്തിൽത്തന്നെ നിരവധി കുടുംബങ്ങൾ താമസിക്കുകയും

ചെയ്യുന്നതുമൂലമുണ്ടാകുന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 'ഒരു റേഷൻ കാർഡ് ഒരു ഗുണഭോക്താവ്' എന്ന രീതിയിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നടപടിക്രമങ്ങളിൽ ചില ഇടപെടൽ വേണ്ടതുണ്ട്. പട്ടികജാതി വികസന വകുപ്പും ലൈഫ് മിഷനും ഒരുമിച്ചുചേർന്ന് ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങ് പറഞ്ഞത് ശരിയാണ്; ഒരു ലക്ഷം രൂപ നീക്കിവച്ചാൽ ഒരു കുടുംബത്തിന് നാലുലക്ഷം രൂപ നീക്കിവയ്ക്കേണ്ട സ്ഥാനത്ത് ഒരു ലക്ഷം മതിയാകുമെന്നതാണ് വസ്തുത. പക്ഷേ, അതാത് വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഫണ്ട് പൂൾ ചെയ്യപ്പെടുമ്പോൾ ഭവന നിർമ്മാണത്തിനുവേണ്ടി നീക്കിവയ്ക്കുന്ന പണം അതിനുതന്നെ ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ലൈഫ് മിഷനുമായി തദ്ദേശഭരണ സ്ഥാപനങ്ങളെയുംകൂടി ചേർത്തുകൊണ്ട് ഈ പദ്ധതി മെച്ചപ്പെട്ട നിലയിൽ നടത്താനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ്. ഒരു വീട്ടിൽ ഒരു വീട്ടുനമ്പരായിരിക്കും, അവിടെ ഒരു റേഷൻ കാർഡേ ഉണ്ടായിരിക്കുകയുള്ളൂ. പക്ഷേ രണ്ടോമൂന്നോ കുടുംബങ്ങൾ അവിടെ താമസിക്കുന്നുണ്ടായിരിക്കും. അത് എങ്ങനെ കൈകാര്യം ചെയ്യുമെന്നുള്ളത് പ്രത്യേകിച്ച് പരിശോധിക്കേണ്ട കാര്യമാണ്. ഇപ്പോൾ ഒരു കുടുംബമെന്ന നിലയിൽ ഒരു വീടിന് മാത്രമേ ലൈഫ് മിഷനിൽ അർഹതയുണ്ടാകുകയുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഞ്ചുവർഷക്കാലംകൊണ്ട് ലൈഫ് പദ്ധതി മുഖേന നൽകിയ വീടുകളുടെ എണ്ണം 36990 ആണ്. അങ്ങ് പറഞ്ഞ കാര്യം പ്രത്യേകിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെ സൂചിപ്പിച്ചതുപോലെ 2019-20 സാമ്പത്തികവർഷം ബഡ്ജറ്റിൽ 400 കോടി രൂപയാണ് ഗവൺമെന്റ് പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനുവേണ്ടി നീക്കിവച്ചിരുന്നത്. 2016-17, 2017-18 വരെ പട്ടികജാതി വികസന വകുപ്പാണ് ഈ ഭവനനിർമ്മാണ പ്രക്രിയ നടത്തിയത്. ഏറ്റവും നന്നായി വകുപ്പ് നടത്തുന്ന ഒരു പദ്ധതിയാണിത്. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ, ഇത് ലൈഫിലേയ്ക്ക് മാറ്റിയതോടുകൂടി എല്ലാം താളംതെറ്റിയിരിക്കുകയാണ്. 400 കോടി രൂപ 2019-20 വർഷം ലാപ്സായി. പട്ടികജാതി വികസന വകുപ്പിൽ നിന്ന് പദ്ധതി മാറ്റിയതുകൊണ്ട് അവർക്ക് അത് നടപ്പാക്കാൻ കഴിയുന്നില്ല, ലൈഫ് മിഷൻ ഏറ്റെടുത്തതുമില്ല. ഈ രീതി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. 2020-21 സാമ്പത്തിക വർഷം 100 കോടി രൂപയാണ് നൽകിയിട്ടുള്ളത്; 300 കോടി രൂപ

നീക്കിവച്ചിരുന്നു. ലൈഫ് മിഷനിൽ ലയിപ്പിച്ചതോടുകൂടി പട്ടികജാതി വികസന വകുപ്പിലൂടെ ലഭ്യമാകുന്ന സഹായം ഇന്ന് ആയിരക്കണക്കിന് കുടുംബങ്ങൾക്ക് നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. ഞാൻ ഇതിനുമുമ്പും ഇക്കാര്യം സഭയിൽ പറഞ്ഞതാണ്. പട്ടികജാതി വികസന വകുപ്പ് ഭവനനിർമ്മാണ പ്രക്രിയ നടത്തിയിട്ട് ആ കണക്കെടുത്ത് ലൈഫ് മിഷന്റെ പട്ടികയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്നതിൽ വിരോധമില്ല. ഇപ്പോൾ അങ്ങ് പറയുന്ന കണക്കുകൾ പഞ്ചായത്ത് കൊടുക്കുന്നതും കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി ലഭിക്കുന്നതുമായ വീടുകളുടേതാണ്. യഥാർത്ഥത്തിൽ ബഡ്ജറ്റിലൂടെ പട്ടികജാതി വികസന വകുപ്പ് കൊടുക്കുന്ന പണം ലാപ്സായിപ്പോകുന്ന സാഹചര്യമാണ് ലൈഫ് മിഷന്റെ ഭാഗമാക്കി മാറ്റിയതിന്റെ ഫലമായുണ്ടായിട്ടുള്ളത്. അതുകൊണ്ട് എന്റെ ചോദ്യം, മുൻകാലത്തുള്ളതുപോലെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലാക്കി ഈ സഹായം നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോയെന്നുള്ളതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് പറയുന്നതിൽ factual ആയ ഒരു പിശകുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലത്ത് പട്ടികജാതി വികസന വകുപ്പ് നൽകിയ വീടുകളുടെ എണ്ണം 24594 ആണ്. (...ബഹളം...) ഈ ഗവൺമെന്റ് ഇതിനകം 36990 വീടുകൾ നൽകിയിട്ടുണ്ട്. ലൈഫ് മിഷൻ പറയുന്നത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് ഒരു വീട് കൊടുക്കുമ്പോൾ ഒരു ലക്ഷം രൂപ നിങ്ങൾ തന്നാൽ മതി, ബാക്കി മൂന്ന് ലക്ഷം രൂപ ഞങ്ങൾ നൽകിക്കൊള്ളാം എന്നാണ്. ആ ഒരു ലക്ഷമാകട്ടെ ഏറ്റവും അവസാനഘട്ടത്തിൽ കൊടുക്കേണ്ടതാണ്. ആദ്യഘട്ടത്തിൽ കൊടുക്കാനും പറയുന്നില്ല. ആദ്യഘട്ടത്തിൽ കൊടുക്കാൻ പറഞ്ഞിരുന്നെങ്കിൽ കുറച്ചുകൂടി പണം അതിനകത്ത് ചെലവഴിക്കാൻ നമുക്ക് സാധിക്കുമായിരുന്നു. നാലാമത്തെ പ്രാവശ്യമാണ് ഇത് കൊടുക്കുന്നത്. അതാണ് കാര്യം. അല്ലാതെ വീടുകളുടെ എണ്ണത്തിൽ കുറവുവന്നിട്ടില്ല. അഞ്ച് വർഷംകൊണ്ട് 24594-ൽനിന്നും 36990-ലേയ്ക്ക്; അതായത്, വീടുകളുടെ എണ്ണം 37000-ലേയ്ക്ക് പോകുകയാണുണ്ടായത്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, 2018-ലെ മഹാപ്രളയത്തെ തുടർന്നുണ്ടായ ഉരുൾപൊട്ടലിന്റെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി കോളനി നിവാസികൾ ഭയപ്പാടുമൂലം ദൂരെമാറി പാറപ്പുറത്ത് പ്ലാസ്റ്റിക് ഷീറ്റിട്ട കുടിലിൽ രണ്ടുവർഷമായി താമസിക്കുകയാണ്. ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളും ഊരുമൂപ്പനും പഞ്ചായത്ത്/വനം/ട്രൈബൽ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥരുമെല്ലാം ചേർന്ന് അവരുടെ പുനരധിവാസത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അതിന് അംഗീകാരം നൽകി ആദിവാസികളുടെ പുനരധിവാസം

ഉറപ്പാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം. അതുപോലെ ഈ പഞ്ചായത്തിലെ വാച്ചുമരം, ഷോളയാർ, വാഴച്ചാൽ എന്നീ മൂന്ന് കോളനികളിലേയ്ക്ക് മാറ്റിതാമസിപ്പിച്ചവരുടെ കുടുംബങ്ങൾ പെരുകിയിരിക്കുകയാണ്. ഇപ്പോൾ വീടുവയ്ക്കാനും കൃഷി ചെയ്യാനും സ്ഥലമില്ലാത്ത അവസ്ഥയുണ്ട്. ഇവരുടെ ഭൂമിപ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 18-12-2017-ലെ സർക്കാർ ഉത്തരവാണോ അങ്ങ് ഉദ്ദേശിക്കുന്നതെന്ന് എനിക്ക് അറിയില്ല. അങ്ങ് പറഞ്ഞ ഈ പ്രശ്നം, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവാസം നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ച കാര്യമാണ്. അതിന്റെ നടപടികൾ പുരോഗമിച്ചുവരികയാണ്. റീബിൽഡ് കേരള പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് അംബേദ്കർ ഗ്രാമം പദ്ധതി സർക്കാർ നടപ്പാക്കിവരികയാണ്. ആ കോളനികൾക്കെല്ലാം ഒരു കോടി രൂപ വച്ചാണ് ഇപ്പോൾ അനുവദിച്ചുകൊണ്ടിരിക്കുന്നത്. ആ തുക അനുവദിക്കുമ്പോൾ അവിടെ ബെനിഫിഷ്യറി എന്തെല്ലാമാണ് ചെയ്യേണ്ടതെന്നതിനെ സംബന്ധിച്ച് അവർതന്നെ തീരുമാനിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കണമെന്നാണ് നിർദ്ദേശിക്കുന്നത്. അവിടെ കുടിവെള്ള പ്രശ്നം, വീട് മെയിന്റനൻസ്, സ്വയംതൊഴിൽ, റോഡ് തുടങ്ങി ഒട്ടേറെ ആവശ്യങ്ങളുള്ളതിനാൽ പലപ്പോഴും ഒരു കോടി രൂപ തികയാതെ വരും. അങ്ങനെ വന്നാൽ ആ കോളനിക്ക് വീണ്ടും പണം കൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഇത്തരം കോളനികൾ തെരഞ്ഞെടുക്കുമ്പോൾ അവിടത്തെ ആവശ്യങ്ങൾ മനസ്സിലാക്കി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി അതിനനുസൃതമായ തുക അനുവദിച്ചുകൊണ്ട് ഈ കോളനികളുടെ നവീകരണം പൂർത്തീകരിക്കാനാവശ്യമായ പദ്ധതി തയ്യാറാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അംബേദ്കർ ഭവന പദ്ധതി കോളനികളുടെ വികസനത്തിന് വളരെയേറെ പ്രയോജനപ്പെട്ട ഒരു പദ്ധതിയാണ്. ഒരു കോളനിയിലെ ആവശ്യങ്ങളെല്ലാം നിറവേറ്റുന്നതിന് ആ പദ്ധതികൊണ്ട് സാധിക്കുകയില്ല. നീക്കിവയ്ക്കുന്ന ഒരു കോടി രൂപയ്ക്കകത്ത് നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ മാത്രമേ ഏറ്റെടുക്കാൻ സാധിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു കോളനിക്കാവശ്യമുള്ള എല്ലാ കാര്യങ്ങളും സംബന്ധിച്ച് ഡി.പി.ആർ. തയ്യാറാക്കി പദ്ധതി നടപ്പിലാക്കുക എന്നുള്ളത് അപ്രായോഗികമാണ്.

ശ്രീ. പി. സി. ജോർജ്: സർ, ആദിവാസികളെയും വനവാസികളെയും സമൂഹത്തിന്റെ ഭാഗമാക്കി മാറ്റാൻ മാറിമാറി വന്ന സർക്കാരുകൾ ചെയ്ത സേവനങ്ങൾ വളരെ വലുതാണ്. പക്ഷെ എനിക്ക് വേദനയോടുകൂടി പറയാനുള്ള ഒരു കാര്യം, ഈ

അടുത്ത കാലത്ത് എരുമേലി പഞ്ചായത്തിലെ ആദിവാസി കോളനിയായ എരുത്വാപ്പുഴയിൽ ഒരു സ്ത്രീ തീപിടിച്ച് മരിച്ചു. സമൂഹവുമായി അവർക്ക് യാതൊരു ബന്ധവുമില്ല, വനവുമായി ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. ഒരു സ്ത്രീ തീപിടിച്ച് മരിച്ചുവെന്ന് കേട്ടപ്പോൾ അവിടത്തെ ഊരുമൂപ്പൻ പറഞ്ഞതനുസരിച്ച് ഞാനവിടെ പോയി. അവിടെ ചെന്നപ്പോൾ അവിടെയുള്ള ആളുകൾ നമ്മളുമായി അധികം സഹകരിക്കാൻ തയ്യാറല്ല. പക്ഷെ ഞാൻ ഒരു മണിക്കൂർ അവിടെനിന്ന് സംസാരിച്ചു കഴിഞ്ഞപ്പോൾ പുരുഷന്മാർ വന്നില്ലെങ്കിലും വനത്തിൽ നിന്ന് സ്ത്രീകളെല്ലാം താഴെയിറങ്ങി വന്നു. ഞാൻ അന്വേഷിച്ചപ്പോൾ നാല് സ്ത്രീകൾ ഇതുപോലെ തീപിടിച്ച് മരിച്ചിട്ടുണ്ടെന്നറിഞ്ഞു. അപ്പോൾ മരണം അഞ്ചായി. രണ്ട് സ്ത്രീകൾ സാരിയിൽ തൂങ്ങിമരിച്ചു. അങ്ങനെ ആകെ ഏഴ് മരണമായി. ഒരു സ്ത്രീ വിഷം കുടിച്ച് മരിച്ചിട്ടുണ്ട്. ഞാൻ അന്വേഷിച്ചപ്പോൾ, ഒരു സ്ത്രീ പറഞ്ഞത് ഇതുമുഴുവൻ കൊലപാതകമാണെന്നാണ്. ആരും അറിയുന്നില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തിങ്കളാഴ്ച പരാതി കൊടുത്തതിനെത്തുടർന്ന് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ഇപ്പോഴും വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരെ നമ്മുടെ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ല. അവരെക്കൂടി സമൂഹത്തിന്റെ ഭാഗമാക്കി മാറ്റുന്നതിന് എന്തെങ്കിലും മാർഗ്ഗമുണ്ടോ? അവർ ഈ സമൂഹത്തിന്റെ ഭാഗമായിരുന്നെങ്കിൽ ഇതുപോലുള്ള കൊലപാതകം നടക്കില്ല, ജനമറിയും. ഇതൊരു പ്രത്യേക കേസായി കണക്കാക്കി വനത്തോട് ചേർന്നുനിൽക്കുന്ന വനവാസികളായവരെ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റാൻ എന്തെങ്കിലും പ്രത്യേക പദ്ധതി ആരംഭിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നംതന്നെയാണ്. ഒറ്റപ്പെട്ട് ഉൾവനങ്ങളിൽ താമസിക്കുന്ന ആദിവാസികളുടെ പ്രശ്നങ്ങൾ നമ്മൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഈ അടുത്ത കാലത്തുതന്നെ ഇടമലയാർ വനത്തിലുൾപ്പെട്ട വാരിയം കോളനിയിൽ താമസിക്കുന്ന മുതുവാൻ, മണ്ണാൻ വിഭാഗത്തിൽപ്പെട്ട എട്ട് ആദിവാസി സെറ്റിൽമെന്റിലെ 67 കുടുംബങ്ങളുടെ ഒരു പ്രശ്നം ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഉൾവനത്തിൽ ഒറ്റപ്പെട്ട അവസ്ഥയിൽ ജീവിതസൗകര്യങ്ങളുടെ അപര്യാപ്തത, വന്യമൃഗശല്യം ഇവയെല്ലാം കണക്കിലെടുത്ത് അവരുടെ കൈവശമുള്ള ഭൂമി വനം വകുപ്പിന് സറണ്ടർ ചെയ്ത് പകരം പന്തപ്ര എന്ന സ്ഥലത്ത് രണ്ട് ഏക്കർ വീതവും മറ്റ് പൊതുവികസനങ്ങൾക്കായി 26.8 ഏക്കറും അനുവദിച്ച് ഉത്തരവായി. പ്രസ്തുത കുടുംബങ്ങൾക്ക് ടി.ആർ.ഡി.എം. മുഖേന ഭവനനിർമ്മാണ ധനസഹായവും അനുവദിച്ചു. അത്തരത്തിലുള്ള പദ്ധതികൾ ഒറ്റപ്പെട്ട് ഉൾവനങ്ങളിൽ താമസിക്കുന്ന ഈ വിഭാഗങ്ങളുടെ കാര്യത്തിൽ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അത്തരം നീക്കങ്ങളുമായി വകുപ്പ് മുന്നോട്ടുപോകുകയാണ്.

ശ്രീ. ആർ. രാജേഷ്: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ഭൂമിയും വീടും കൊടുക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിക്കുന്ന നടപടികളെ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 24500-ഓളം വീടുകളാണ് കൊടുത്തിരുന്നതെങ്കിൽ ഈ സർക്കാരിന്റെ 5 വർഷക്കാലമാകുമ്പോൾ ലൈഫിന്റെ ഭാഗമായി 36990 വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നുള്ളത് ശ്രദ്ധേയമായ നേട്ടമായി കാണുകയാണ്. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ലൈഫിന്റെ ഭാഗമായി എത്ര വീടുകൾ പൂർത്തീകരിക്കാനാകും; ലൈഫിൽ ഉൾപ്പെടാതെപോയ, ഹൗസ് മെയിന്റനൻസ് ആവശ്യമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഒന്നരലക്ഷം രൂപ വീതം ധനസഹായം കൊടുക്കാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ഈ സാമ്പത്തിക വർഷംതന്നെ അത് പൂർണ്ണമായും കൊടുത്തുതീർക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ ആളുകൾക്കും ഭവനം നൽകുക എന്നതുതന്നെയാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. വിശേഷിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും വളരെവേഗം ഭവനം നിർമ്മിച്ചുകൊടുക്കുക എന്നുള്ളത് ലക്ഷ്യംവച്ചാണ് ഗവൺമെന്റ് നീങ്ങുന്നത്, അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അതുപോലെ വീട് മെയിന്റനൻസിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഏതാണ്ട് 5000 പേർക്ക് അത് അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. എത്രയുംവേഗം മുഴുവൻപേർക്കും ഭവനം നിർമ്മിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. അനൂപ് ജേക്കബ്: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായുള്ള ഭവനപദ്ധതി പുനഃസ്ഥാപിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞതിനെ ഞാൻ അടിവരയിടുകയാണ്. എനിക്കുതന്നെ അനുഭവമുള്ളതാണ്, എന്റെ നിയോജകമണ്ഡലത്തിൽ 4 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കണമെന്ന ആവശ്യം കഴിഞ്ഞ 4 വർഷമായി മുന്നോട്ടുവച്ചിട്ടും കിട്ടിയില്ല. അത് ലൈഫിൽ സംയോജിപ്പിച്ചു. അതിനുശേഷം ധാരാളം സാങ്കേതികമായ പ്രശ്നങ്ങളാണുണ്ടായിരിക്കുന്നത്. ഞാൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കും പട്ടികജാതി വകുപ്പുമന്ത്രിക്കും മൂന്നോ നാലോ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അവർക്ക് മാത്രമായിട്ടായിരുന്നെങ്കിൽ ഇതിനുമുമ്പേ വീട് ലഭിക്കുമായിരുന്നുവെന്നു വേണം അനുമാനിക്കാൻ. പട്ടികജാതി കോളനികളുടെ നവീകരണത്തിനായി വിവിധ നിയോജകമണ്ഡലങ്ങളിൽ കോളനികൾ നൽകിയിട്ടുണ്ട്. പക്ഷെ ഇതിന്റെയൊന്നും നിർമ്മാണ പ്രവർത്തനങ്ങൾ പലതും ആരംഭിച്ചിട്ടില്ല. ആരംഭിച്ചതുതന്നെ പാതിവഴിയിൽ മുടങ്ങിനിൽക്കുകയാണ്. നിർമ്മിതി കേന്ദ്രമാണ് പലതിന്റെയും വർക്ക് ഏറ്റെടുത്തി

രിക്കുന്നത്. അവരുടെ വർക്കുകൾ പലതും പെൻഡിംഗിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്വാഭാവികമായും മുന്നോട്ടുവയ്ക്കുന്ന പദ്ധതികളൊന്നുംതന്നെ താഴെത്തട്ടിൽ ഇംപ്ലിമെന്റാകുന്നില്ലെന്ന ഗൗരവമായ വിഷയം ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടു വരികയാണ്. ഈ കോളനികളുടെ നവീകരണം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇവിടെയെല്ലാം നമ്മുടെ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ഇംപ്ലിമെന്റിംഗ് ഏജൻസിയുടെ യോഗം വിളിക്കുകയും അവയുടെ പ്രവർത്തനങ്ങളും പുരോഗതിയും സംബന്ധിച്ച് പരിശോധിക്കുകയും ചെയ്യുന്നത് പദ്ധതി പൂർത്തീകരണത്തിന്റെ വേഗത വർദ്ധിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എല്ലാ എം.എൽ.എ.-മാരും അങ്ങനെയാണ് ചെയ്യുന്നത്. പോരായ്മകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാം. ലൈഫിന്റെ ഭാഗമായിത്തന്നെ നമ്മുടെ സംസ്ഥാനത്ത് പട്ടികജാതിയെന്നോ പട്ടികവർഗ്ഗമെന്നോ മുന്നോക്കമെന്നോ പിന്നോക്കമെന്നോ ഉള്ള വ്യത്യാസം കൂടാതെ എല്ലാവർക്കും വീടുകൊടുക്കുന്നതിനുവേണ്ടിയുള്ള നടപടിയിലേയ്ക്കാണ് ഗവൺമെന്റ് പോകുന്നത്. അത് എത്രയുംവേഗം പൂർത്തീകരിക്കാനാണ് ലക്ഷ്യംവയ്ക്കുന്നത്.

## തൊഴിൽ നിയമങ്ങൾ

2(*212) ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികൾ കാലങ്ങളായി സമരം ചെയ്ത് നേടിയ അവകാശങ്ങൾ ഹനിക്കുന്ന തരത്തിൽ കേന്ദ്രസർക്കാർ 44 തൊഴിൽ നിയമങ്ങളെ 4 ലേബർ കോഡുകളാക്കി മാറ്റിയത് സംസ്ഥാനത്ത് തൊഴിൽരംഗത്തും തൊഴിലാളി ക്ഷേമത്തിലും എന്തൊക്കെ പ്രതിഫലനങ്ങളാണുണ്ടാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്രനയത്തിന് കടകവിരുദ്ധമായി തൊഴിൽ നിയമങ്ങളിൽ തൊഴിലാളികൾക്ക് അനുകൂലമായ എന്തെല്ലാം ഭേദഗതികളാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്നറിയിക്കുമോ;

(സി) കടകളിലും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീത്തൊഴിലാളികൾക്ക് ജോലിക്കിടയിൽ ഇരിക്കാനുള്ള അവകാശം ഉറപ്പുവരുത്തിയത് വനിതാക്ഷേമത്തിൽ ഈ സർക്കാർ പുലർത്തുന്ന നിഷ്കർഷയുടെ മാതൃകയാണോ യെന്നറിയിക്കുമോ;

(ഡി) മിനിമം വേതനത്തിന്റെ കാര്യത്തിൽ രാജ്യത്തുതന്നെ മുന്നിൽ നില്ക്കുന്ന സംസ്ഥാനങ്ങളിലൊന്നായ കേരളത്തിൽ മിനിമം വേതനം വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടോ; മറ്റെന്തൊക്കെ ഭേദഗതികളാണ് മിനിമം വേതന നിയമത്തിൽ വരുത്തിയതെന്നറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 29 തൊഴിൽ നിയമങ്ങളെ ഏകീകരിച്ചും 12 നിയമങ്ങളെ റദ്ദാക്കിയും 4 നിയമങ്ങളായി ക്രോഡീകരിച്ചിരിക്കുകയാണ്. വിവിധ കോഡുകളും അതിലുൾപ്പെടുന്ന നിലവിലെ തൊഴിൽ നിയമങ്ങളും ചുവടെ ചേർക്കുന്നു :

1. ദി കോഡ് ഓൺ വേജസ് 2019
   - പേമെന്റ് ഓഫ് വേജസ് ആക്ട്, 1936
   - മിനിമം വേജസ് ആക്ട്, 1948
   - പേമെന്റ് ഓഫ് ബോണസ് ആക്ട്, 1965
   - ഈക്വൽ റെമ്യൂണറേഷൻ ആക്ട്, 1976
2. ദി ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, 2020
   - ദി ട്രേഡ് യൂണിയൻ ആക്ട്, 1926
   - ദി ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡർ) ആക്ട്, 1946.
   - ദി ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്, 1947
3. ദി കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി, 2020
   - എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട്, 1923
   - എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്ട്, 1948
   - എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് & മിസലേനിയസ് പ്രൊവിഷൻ ആക്ട്, 1952
   - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ട്, 1959

- മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, 1961
- പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട്, 1972
- സിനി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട്, 1981
- ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996
- അൺഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട്, 2008

4. <u>ദി ഒക്യുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻസ് കോഡ്, 2020</u>

- ഫാക്ടറീസ് ആക്ട്, 1948
- മൈൻ ആക്ട്, 1952
- ദി ഡിഗ് വർക്കേഴ്സ് (സേഫ്റ്റി, ഹെൽത്ത് & വെൽഫെയർ) ആക്ട്, 1986
- ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1996
- പ്ലാന്റേഷൻസ് ലേബർ ആക്ട്, 1951
- കോൺട്രാക്ട് ലേബർ (റെഗുലേഷൻ & അബോളിഷൻ) ആക്ട്, 1970
- ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1979
- വർക്കിംഗ് ജേർണലിസ്റ്റ് &അദർ ന്യൂസ് പേപ്പർ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസലേനിയസ് പ്രൊവിഷൻ) ആക്ട്, 1955
- ദി വർക്കിംഗ് ജേർണലിസ്റ്റ് (ഫിക്സേഷൻ ഓഫ് റേറ്റ് ഓഫ് വേജസ്) ആക്ട്, 1958

- മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1961
- സെയിൽസ് പ്രൊമോഷൻ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ആക്ട്, 1976
- ദി ബീഡി & സിഗാർ വർക്കേഴ്സ് (കണ്ടീഷൻസ് ഓഫ് എംപ്ലോയ്മെന്റ് ആക്ട്) 1966
- ദി സിനി വർക്കേഴ്സ് & സിനിമാ തീയേറ്റർ വർക്കേഴ്സ് ആക്ട്, 1981

മേൽ സൂചിപ്പിച്ച കോഡുകൾക്ക് വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ ക്ഷണിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും കേരള സർക്കാർ പ്രസ്തുത ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ കോഡുകളെല്ലാം പൊതുവെ തൊഴിലാളികൾക്ക് ഇന്ന് നിയമപരമായി ലഭ്യമാകുന്ന പല അവകാശങ്ങളും നിഷേധിക്കുന്നതാണ്. ഇതുസംബന്ധിച്ച ഓരോ ന്നിന്റെയും അഭിപ്രായങ്ങൾ സംസ്ഥാന ഗവൺമെന്റ് യഥാസമയംതന്നെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരുമായി നടത്തിയ ചർച്ചകളിലും ഈ പ്രശ്നങ്ങളെല്ലാം ഉന്നയിച്ചിട്ടുണ്ട്.

(ബി) നിലവിൽ 4 കോഡുകളും കേന്ദ്ര സർക്കാർ പാസാക്കിയെങ്കിലും നടപ്പിൽവരുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രത്യേക നോട്ടിഫിക്കേഷൻ പ്രസിദ്ധ പ്പെടുത്തേണ്ടതുണ്ട്. കേന്ദ്ര സർക്കാർ പാസ്സാക്കിയ കോഡുകൾ പൂർണ്ണമായും പ്രാബല്യത്തിൽ വരാത്തതിനാൽ സംസ്ഥാന സർക്കാർ ഭേദഗതികളൊന്നും കൊണ്ടുവന്നിട്ടില്ല. ടി നിയമങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ യഥാസമയം വിവിധ ഘട്ടങ്ങളിൽ അറിയിച്ചിട്ടുണ്ട്. കേന്ദ്ര നിയമവുമായി ബന്ധപ്പെട്ട് കേരള ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. അഡീഷണൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു ലാ റിഫോംസ് കമ്മിറ്റിയെ ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി തൊഴിൽ വകുപ്പ് പ്രത്യേകമായി നിശ്ചയിച്ചിട്ടുണ്ട്. അതിനാവശ്യമായ എല്ലാ ഇടപെടലുകളും നടത്തി വരികയാണ്. കേരള കോഡ് ഓൺ വേജസ് റൂൾസ് 2020 കരട് ചട്ടങ്ങൾ സർക്കാർ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കിവരികയാണ്. മറ്റ് കോഡുകളുടെ കാര്യങ്ങൾ വരുന്ന മുറയ്ക്ക് ഈ ഉത്തരവാദിത്വം ഗവൺമെന്റ് നിറവേറ്റുന്നതാണ്. തൊഴിൽ മേഖലയിലുണ്ടാകുന്ന പ്രതിസന്ധി സംബന്ധിച്ച് ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ തീർച്ചയായും സ്റ്റേറ്റിന്റെ താല്പര്യങ്ങൾ പരിരക്ഷിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് പരിശോധിക്കുന്നതാണ്.

(സി) അതെ.

(ഡി) മിനിമം വേതനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക നിയമ ഭേദഗതി ചെയ്തിട്ടില്ല. എന്നാൽ മിനിമം വേതന നിയമം 1948-ലെ വ്യവസ്ഥകൾ പ്രകാരം മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിലുൾപ്പെട്ട തൊഴിൽ മേഖലകളിൽ യഥാകാലങ്ങളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 42 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും 6 തൊഴിൽ മേഖലകളിൽ പുതുതായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ 48 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ രാജ്യത്ത് അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണ് തൊഴിൽ മേഖലയിൽ സൃഷ്ടിച്ചിരിക്കുന്നത്. തൊഴിലാളികൾ രാജ്യത്തിന്റെ ജനാധിപത്യത്തിനുവേണ്ടി ശബ്ദിക്കുന്നവരാണ്. സ്വാതന്ത്ര്യ സമരകാലത്തുതന്നെ വളരെ പ്രക്ഷുബ്ദ്ധമായിരുന്നു നമ്മുടെ രാജ്യത്തെ തൊഴിലാളി പ്രസ്ഥാനം. ലാലാ ലജ്പത് റായിയും ലോകമാന്യ തിലകനുമെല്ലാം തൊഴിലാളിവർഗ്ഗത്തിന്റെ നേതാക്കന്മാരായിരുന്നു. ആ തൊഴിലാളി വർഗ്ഗത്തിന്റെ കൈകാലുകൾ വരിഞ്ഞുകെട്ടി, തൊഴിൽ നിയമങ്ങളെല്ലാം റദ്ദാക്കി ലേബർ കോഡിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ, സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്രസർക്കാരിനെ യഥാസമയം വിവിധഘട്ടങ്ങളിൽ അറിയിച്ചിട്ടുണ്ടെന്നും കേന്ദ്ര നിയമവുമായി ബന്ധപ്പെട്ട കേരള ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണെന്നുമാണ് പറഞ്ഞിരിക്കുന്നത്. കേന്ദ്ര നിയമങ്ങൾ നടപ്പിലാക്കുന്നതിന് തൊഴിലാളികൾ എതിരാണ്. അതിനെതിരായാണ് രാജ്യത്ത് 48 മണിക്കൂർ ദേശീയ പണിമുടക്ക് നടത്തിയത്. ഈ നിയമങ്ങൾ അറബിക്കടലിൽ വലിച്ചെറിയണമെന്നാണ് പറഞ്ഞത്. ആ നിയമങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടമുണ്ടാക്കുമെന്ന് പറഞ്ഞത് എന്താണെന്ന് മനസ്സിലാകുന്നില്ല.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഗവൺമെന്റിന്റെ ഭരണ നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗത്തിന് വ്യക്തതയുണ്ടെന്നാണ് എന്റെ അഭിപ്രായം. ഇന്ത്യയിലെ ട്രേഡ് യൂണിയൻ സംഘടനകൾ ഈ പരിഷ്കരണത്തിന് എതിരാണ്. ഇന്ത്യയിലെ ട്രേഡ് യൂണിയൻ സംഘടനകളുടെ അഭിപ്രായം തന്നെയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുമുള്ളത്. എന്നാൽ നമ്മുടെ നാട്ടിലുള്ള ഭരണവ്യവസ്ഥ പ്രകാരം കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന നിയമങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ ബാധ്യതയുണ്ട്. സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

തൊഴിലാളികളുടെ വികാരം മാനിച്ച് കേന്ദ്ര നിയമത്തിനകത്ത് നിന്നുകൊണ്ടുതന്നെ തൊഴിലാളികൾക്കുവേണ്ടി എന്തെല്ലാം സംരക്ഷണം നൽകാൻ കഴിയുമോ അത് നൽകുന്നതിനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര നിയമം പ്രാവർത്തികമായിട്ടില്ല. അതുവരെ വെറുതെയിരിക്കാതെ നിലവിലുള്ള നിയമത്തിന്റെ പരിരക്ഷ തൊഴിലാളികൾക്ക് ലഭിക്കത്തക്ക നിലയിലുള്ള എല്ലാ നടപടികളും പ്രത്യേകിച്ച്, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമായി തുടരുക തന്നെയാണ് ചെയ്യുന്നത്. സംസ്ഥാന സർക്കാർ തൊഴിലാളികളുടെ രക്ഷാകവചമായി പ്രവർത്തിക്കുകതന്നെ ചെയ്യുമെന്ന് ഈ സന്ദർഭത്തിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വളരെ പ്രതീക്ഷ നൽകുന്നതാണ്. ഇന്ത്യയിലെ മുഴുവൻ തൊഴിലാളിവർഗ്ഗവും കേരളത്തെ നോക്കിനിൽക്കുകയാണ്. കേന്ദ്ര നിയമത്തിന് ബദൽ നിയമമുണ്ടാക്കാൻ സർക്കാർ തയ്യാറാകാത്തത് എന്തുകൊണ്ടാണ്?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, നിയമത്തിന്റെ എല്ലാവശങ്ങളും പരിശോധിച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിക്കുന്നത്. അതുസംബന്ധിച്ച് കീഴ്വഴക്കങ്ങളുണ്ട്. ഇപ്പോൾ നിയമവ്യവസ്ഥ എങ്ങനെ പ്രാവർത്തികമാക്കണമെന്നുള്ള നിലപാടിനനുസരിച്ചാണ് മുന്നോട്ട് പോകുന്നത്. ഒരിക്കലും ഭരണവ്യവസ്ഥയിൽ നിന്നും മാറി നിന്നുകൊണ്ട് സർക്കാരിന് മുന്നോട്ടുപോകാൻ കഴിയില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച അഭിപ്രായങ്ങൾ പരിശോധിക്കാവുന്നതാണ്. അഡീഷണൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ച ലാ റിഫോംസ് കമ്മിറ്റി എല്ലാ നിയമങ്ങളുടെയും വിശദാംശങ്ങൾ പരിശോധിച്ചുവരികയാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ രാജ്യത്തെ 50 കോടിയിലേറെ തൊഴിലാളികളെ ആശങ്കപ്പെടുത്തുന്ന നിയമം സംസ്ഥാനത്തിന്റെ അധികാരങ്ങൾക്ക് മുകളിലുള്ള കടന്നുകയറ്റമാണെന്ന് നമുക്കറിയാം. അതിനെ പ്രതിരോധിക്കാനുള്ള എല്ലാ കരുതലുകളും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമെന്ന് വ്യക്തമാക്കിക്കഴിഞ്ഞു. അതുപോലെതന്നെ കാലത്തിനനുസരിച്ച് തൊഴിലിലും മാറ്റം വരണം. സാമൂഹിക പശ്ചാത്തലം പരിശോധിക്കുമ്പോൾ, കേന്ദ്ര ഗവൺമെന്റിന്റെ നോട്ട് നിരോധനവും സാമ്പത്തിക പ്രതിസന്ധിയും കേരളത്തിലുണ്ടായ പ്രകൃതി ദുരന്തങ്ങളും നാണ്യവിളകളുടെ വിലയിടിവിനും നിർമ്മാണമേഖലയുടെ സ്തംഭനാവസ്ഥയ്ക്കും കാരണമായിരിക്കുകയാണ്. ഹരിത ട്രൈബ്യൂണലിന്റെ നിയന്ത്രണങ്ങൾകൂടി വന്നപ്പോൾ ഈ തൊഴിൽമേഖല വല്ലാത്ത പ്രതിസന്ധിയിലാണ്. കല്ല്, മരം, മണൽ, കളിമണ്ണ് തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറയുകയും വില കൂടുകയും ചെയ്തു. കമ്പി,

സിമന്റ്, വയറിംഗ്-പ്ലംബിംഗ് മെറ്റീരിയൽസ് എന്നിവയുടെ വില കുതിച്ചുകയറി. പ്രതിസന്ധികൾ പലവിധമായപ്പോൾ അവരുടെ വീടുകളെല്ലാം ദുരിതത്തിലാണ്. സമൂഹത്തിന്റെ അടിത്തട്ടിലുള്ള നിർമ്മാണത്തൊഴിലാളികളുടെ കണ്ണുകളിൽ തെളിയുന്ന ദൈന്യത വളരെ ആശങ്കയുളവാക്കുന്നതാണ്. നിർമ്മാണരംഗത്തെ പുരോഗതിക്കു വേണ്ടി പുതിയതും ഈടുള്ളതും മികച്ചതും മിതമായ വിലയ്ക്ക് ലഭിക്കുന്നതുമായ അസംസ്കൃത വസ്തുക്കൾ കണ്ടെത്താനുള്ള ഗവേഷണ പരിപാടികൾക്ക് ഗവൺമെന്റ് മുൻകയ്യെടുക്കേണ്ടതല്ലേ; ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് മുൻകയ്യെടുക്കുമോ; അതുപോലെ മണൽ, സിമന്റ്, കമ്പി, കല്ല്, മെറ്റൽ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ വ്യാപകമാക്കുമോ? തൊഴിലാളികളുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് തൊഴിൽ വകുപ്പ് മുൻകയ്യെടുക്കുന്നുണ്ട്. ചാത്തന്നൂരിൽ ആരംഭിക്കാൻ തീരുമാനിച്ച കൺസ്ട്രക്ഷൻ അക്കാദമി അത്തരത്തിലുള്ള ഒരു വലിയ കാൽവയ്പാണ്. അതിന്റെ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ മേഖലയിലെ പഠന കേന്ദ്രം പ്രാവർത്തികമാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതു സംബന്ധിച്ച് കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ആവശ്യമായ പരിശോധന നടത്തിവരികയാണ്. സ്ഥലം അവരുടെ കയ്യിലുണ്ട്. ബോർഡ് സ്വീകരിക്കുന്ന മുൻകൈയുടെ അടിസ്ഥാനത്തിൽ കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനാവശ്യമായ പോസിറ്റീവ് നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ക്ഷേമനിധി ബോർഡുമായി സഹകരിച്ച് അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് തൊഴിൽ മേഖലയിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നമാണ്. ആ പ്രശ്നങ്ങളെല്ലാം ഗൗരവത്തിലെടുത്ത് സംസ്ഥാന സർക്കാരിന് സാധ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കോവിഡ് 19-ന്റെ കാലഘട്ടത്തിൽ ക്ഷേമനിധി ബോർഡുകൾവഴി തൊഴിലാളികളെ സഹായിക്കുന്നതിനുള്ള പരമാവധി ശ്രമം നടത്തിയിട്ടുണ്ട്. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡും ഇക്കാര്യത്തിൽ നല്ലരീതിയിൽ ഇടപെടുകയും കാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണമേഖലയിൽ അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വിവിധ വകുപ്പുകൾ മുഖേന നാനാതരത്തിലുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഇതെല്ലാം നേരിടുന്ന സമയത്തും വളരെ ഗൗരവമായ അന്തരീക്ഷം രാജ്യത്തിനകത്ത് നിൽക്കുന്നുണ്ടെന്നുള്ളത് കാണണം. നമ്മുടെ സ്ഥാപനങ്ങളെല്ലാം കോർപ്പറേറ്റുകൾക്ക് കൈമാറ്റം ചെയ്യപ്പെടുന്ന അപകടകരമായ സ്ഥിതിവിശേഷം തുടരുകയാണ്. റെയിൽവേ, പെട്രോളിയം, പ്രതിരോധം, തുറമുഖം, കൽക്കരി, ഇൻഷ്വറൻസ്, വ്യോമയാനം, ബഹിരാകാശം, അറ്റോമിക് എനർജി

ഇങ്ങനെയുള്ള ചില്ലറ വ്യാപാര മേഖലകളുൾപ്പെടെ കോർപ്പറേറ്റുകൾക്ക് കൈമാറ്റം ചെയ്യപ്പെടുന്ന അവസ്ഥ ഇന്ന് രാജ്യത്ത് നിലനിൽക്കുന്നു എന്നുള്ളതിന്റെ ഗൗരവം മനസ്സിലാക്കണം. ഈ സാഹചര്യങ്ങളിൽ നിന്നെല്ലാം രാജ്യത്തെ രക്ഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ബി.എം.എസ്. ഒഴികെയുള്ള എല്ലാ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളും ഇന്ന് യോജിപ്പിന്റെ പ്ലാറ്റ്ഫോമിലാണുള്ളത്. ഈ യോജിച്ച പ്ലാറ്റ്ഫോം സ്വീകരിക്കുന്ന സമീപനത്തോടൊപ്പമാണ് കേരളത്തിലെ ഗവൺമെന്റ് എന്നുള്ളത് ഞാൻ ആവർത്തിച്ച് വ്യക്തമാക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, സംസ്ഥാന തൊഴിൽ വകുപ്പിന്റെ നിലപാട് തൊഴിലാളി സംരക്ഷണമാണെന്ന് അസന്നിഗ്ദ്ധമായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഏറെ പ്രത്യാഘാതമുണ്ടാക്കുന്ന പുതിയ കേന്ദ്ര തൊഴിൽ നിയമങ്ങൾ സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്നതും അസംഘടിതവത്കരണവും കരാർവത്കരണവും പ്രോത്സാഹിപ്പിക്കുന്നതും ഹ്രസ്വകാല തൊഴിൽ വ്യാപിപ്പിക്കുന്നതുമാണ്. ഒരുവിധ ത്തിലുമുള്ള സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങളുമില്ലാത്ത, താൽക്കാലിക തൊഴിൽ സംവിധാനങ്ങൾ വ്യാപിക്കുമ്പോൾ സ്ഥിരം തൊഴിൽ സംരക്ഷണത്തിനായി എന്ത് മുൻകരുതൽ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തി നിർദ്ദേശങ്ങൾ കൈക്കൊള്ളുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പല ഘട്ടങ്ങളിലായി ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. തൊഴിൽ മേഖലയിലുള്ള എല്ലാ പ്രശ്നങ്ങളും ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തി അഭിപ്രായ സമന്വയമുണ്ടാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും അവരുടെ അഭിപ്രായങ്ങൾ അറിയിക്കുന്നുണ്ട്. അതിനനുസരിച്ച് അവരെയുംകൂടി വിശ്വാസത്തിലെടുത്ത് ഈ ഗുരുതരമായ സ്ഥിതി വിശേഷത്തെ നേരിടാനാണ് ശ്രമിക്കുന്നത്. ഈ ശ്രമത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യം കേരളത്തിലെ തൊഴിൽ അന്തരീക്ഷം സംരക്ഷിക്കുകയെന്നുള്ളതുതന്നെയാണ്.

ശ്രീ. എൽദോ എബ്രഹാം: സർ, നമ്മുടെ രാജ്യത്തെ തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും ദുർബലപ്പെടുത്തുന്ന നിയമങ്ങളാണ് ബി.ജെ.പി.-യും കോൺഗ്രസും ഭരിക്കുന്ന ഓരോ സന്ദർഭത്തിലും കൊണ്ടുവന്നിട്ടുള്ളത്. തൊഴിലാളികൾക്ക് വിലപേശാനുള്ള അവകാശത്തെ വാസ്തവത്തിൽ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ ഡൽഹി കേന്ദ്രീകരിച്ച് കർഷകർ നടത്തുന്ന സമരവും അതിന്റെയെല്ലാം ഭാഗമാണ്. കർഷകരുടെയും തൊഴിലാളികളുടെയുമൊക്കെ നിലനില്പിനെ ചോദ്യം ചെയ്യപ്പെടുന്ന ഈ സന്ദർഭത്തിൽ ഇന്നത്തെ തൊഴിൽ നിയമങ്ങൾ ലാ റിഫോംസ് കമ്മിറ്റി പരിശോധിക്കുന്നുവെന്ന മന്ത്രിയുടെ മറുപടിയെ ഞങ്ങൾ സ്വാഗതം

ചെയ്യുകയാണ്. എന്റെ ചോദ്യം, ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും ലഭിക്കുന്നതിനായി തൊഴിലാളികൾ ആർ.ജെ.എൽ.സി.-കൾക്കുമുമ്പിലൂൾപ്പെടെ കേസിന് പോകേണ്ട സാഹചര്യം പലയിടങ്ങളിലും നിലനിൽക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച എല്ലാ കാര്യങ്ങളോടും ഗവൺമെന്റിന് യോജിപ്പാണുള്ളത്. നിയമങ്ങൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. പീരുമേട് അടച്ചുപൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി ലഭ്യമാക്കാം. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി യുദ്ധകാലാടിസ്ഥാനത്തിൽ ഇത് കണക്കുകൂട്ടി വ്യവസ്ഥപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കൂട്ടായ വിലപേശലിനുള്ള അവകാശം നഷ്ടപ്പെടുത്തുന്നതുതന്നെയാണ് പുതുതായി നടപ്പിലാക്കുന്ന ഈ കോഡ്. 2019-ലാണ് Code on Wages പാർലമെന്റ് പാസ്സാക്കിയത്. അത് ദേശീയ രാഷ്ട്രീയത്തിലെ എല്ലാവരുടെയും കണ്ണുതുറപ്പിക്കേണ്ട സംഭവമാണ്. 2019-ൽ Code on Wages നിയമം പാർലമെന്റിൽ പാസ്സാക്കിയപ്പോൾ ഇൻഡ്യയിലെ ഇടതുപക്ഷ പാർട്ടികൾ മാത്രമാണ് എതിർത്തത്. മറ്റാരും അവിടെ എതിർക്കാനുണ്ടായില്ല. ജോയിന്റ് പ്ലാറ്റ്ഫോമിലുള്ളവർപോലും അവരുടെ നിലപാട് അവിടെ പ്രതിഫലിപ്പിക്കാൻ തയ്യാറായില്ല. അതുകൊണ്ട് വളരെ സങ്കീർണ്ണമായ ഈ സാഹചര്യത്തെ അതിജീവിക്കുന്നതിന് തൊഴിലാളി വർഗ്ഗത്തിന്റെ യോജിപ്പ് തന്നെയാണ് പ്രധാനം. ഇൻഡ്യൻ ദേശീയതയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന ഏത് യോജിച്ച പ്രസ്ഥാനത്തിനും സഹായകരമായ നിലപാടാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കുന്നത് എന്നുള്ളത് ഞാൻ ഒന്നുകൂടി വ്യക്തമാക്കാം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ ബോർഡ് ബഹുമാനപ്പെട്ട മന്ത്രിതന്നെ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. അതിൽ ഏതാണ്ട് എഴുപതിലധികം വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുണ്ട്. അവരുടെ അംശദായം മറ്റെല്ലാ ക്ഷേമനിധികളെക്കാളും കൂടുതലാണ്. ഉദാഹരണമായി, അലക്കുതൊഴിലാളികൾക്ക് അംശദായം 10 രൂപയായിരുന്നത് 100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അംശദായത്തിന്റെ വർദ്ധനവിനനുസരിച്ച് തൊഴിലാളികൾക്ക് കൂടിയ തോതിൽ ആനുകൂല്യങ്ങൾ നൽകുന്നില്ലെന്ന പരാതിയുണ്ട്. അതുകൊണ്ട് അംശദായത്തിന്റെ വർദ്ധനവിനനുസരിച്ച് കൂടുതൽ ആനുകൂല്യങ്ങൾ സാമൂഹ്യസുരക്ഷാ ബോർഡിൽ ഉൾപ്പെടുന്ന എഴുപതിലധികം വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ഒരു കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതാണ്. കേരളത്തിൽ ആ ബോർഡ് രൂപീകരിച്ചെങ്കിലും ഇതുവരെയും ഫംഗ്ഷൻ ചെയ്തിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അത് പ്രവർത്തിപ്പിക്കാൻ തുടങ്ങിയത്. അങ്ങനെ പ്രവർത്തിപ്പിച്ചപ്പോൾ അവർക്ക് നേരത്തെ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. അതിലെ നിയമവ്യവസ്ഥയ്ക്ക് അനുസൃതമായിട്ടാണ് അംശദായത്തിന്റെ പ്രശ്നവും ഉയർന്നുവരുന്നത്. അതെല്ലാം പരിശോധിച്ച് അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. തുടർന്നും സാമ്പത്തികസ്ഥിതിക്കനുസരിച്ച് അവർക്ക് പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന കാര്യം തന്നെയാണ് ബോർഡിൽ ചർച്ച ചെയ്തത്. ബോർഡിനെ പ്രതിനിധീകരിക്കുന്ന തൊഴിലുടമകളുടെയും തൊഴിലാളികളുടെയും പ്രതിനിധികളെല്ലാവരും ഇക്കാര്യത്തിൽ ഏകകണ്ഠമായ നിലപാട് സ്വീകരിച്ചുവരികയാണ്. അത് കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകേണ്ടത് അത്യാവശ്യമാണ്. തൊഴിലാളികളുടെ താല്പര്യങ്ങൾ പരിരക്ഷിക്കാനാവശ്യമായ സമീപനം ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, തൊഴിൽ വകുപ്പിൽനിന്നും ഭവനപദ്ധതിയുൾപ്പെടെ വളരെയധികം സഹായം തോട്ടം തൊഴിലാളികൾക്ക് കിട്ടിയിട്ടുണ്ട്. റിട്ടയർ ചെയ്ത ശേഷവും തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിതമല്ല ഉള്ളത്. കാരണം, ആധാർ കാർഡിലും കമ്പനി രജിസ്റ്ററിലും പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലും രേഖപ്പെടുത്തിയിട്ടുള്ള ജനനത്തീയതി വ്യത്യസ്തമായതിനാൽ അവർക്ക് പെൻഷൻ കിട്ടുന്നില്ല. അതുകൊണ്ട് അവർക്ക് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഇത് ഓരോ വിഷയത്തിന്റെയും അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതാണ്. ജനനത്തീയതി രേഖപ്പെടുത്തിയിരിക്കുന്നതിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ അതിനാവശ്യമായ തെളിവോടുകൂടി സമർപ്പിച്ചാൽ മാത്രമേ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. തോട്ടം തൊഴിലാളികൾ വളരെ ഗൗരവമായ സ്ഥിതിവിശേഷം നേരിടുകയാണ്. ലേബർ കോഡുകൾ പ്രാവർത്തികമാക്കുന്നതിന്റെ ഫലമായി തോട്ടം തൊഴിലാളികൾക്ക് അവകാശപ്പെട്ട പ്ലാന്റേഷൻ ലേബർ ആക്ട് ഇല്ലാതാകുകയാണ്. ആ സാഹചര്യത്തിലാണ് കേരള ഗവൺമെന്റ് പുതിയ പ്ലാന്റേഷൻ നയം പ്രഖ്യാപിച്ചത്. ആ നയം രൂപപ്പെടുത്തിയതുതന്നെ കേരളത്തിലെ തോട്ടം മേഖലയുടെയും തോട്ടം തൊഴിലാളികളുടെയും സംരക്ഷണത്തെ മുൻനിർത്തിയാണ്. തോട്ടം തൊഴിലാളികളുടെ പരിരക്ഷയ്ക്ക് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. റിട്ടയർ ചെയ്ത

താമസിക്കാൻ സ്ഥലമില്ലാത്ത തൊഴിലാളികൾക്ക് സ്വന്തമായി വീട് പ്രാവർത്തിക മാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അത് ശക്തമായി മുമ്പോട്ടുപോകാൻ കഴിയുന്ന നിലപാട് തന്നെയാണ് സ്വീകരിക്കുന്നത്. ഈ പ്രതികൂല സാഹചര്യത്തിലും തോട്ടം തൊഴിലാളികളെ ചേർത്തുപിടിച്ച് അവർക്ക് പരമാവധി സംരക്ഷണം നൽകി തോട്ടം മേഖലയെ നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും സാധ്യമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇടതുപക്ഷം മാത്രമാണ് ഇതിനൊക്കെ എതിരായി നിൽക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇന്ത്യയിലെ 44 തൊഴിൽ നിയമങ്ങളിൽ ഭൂരിപക്ഷവും തൊഴിലാളി ക്ഷേമത്തിനു വേണ്ടി കൊണ്ടുവന്നത് കോൺഗ്രസ് ഗവൺമെന്റുകളാണ്. നരേന്ദ്രമോദി ഗവൺമെന്റ് ഇതിനെതിരായ നിലപാട് സ്വീകരിക്കുമ്പോൾ പാർലമെന്റിനകത്തും പുറത്തും സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് ഐ.എൻ.ടി.യു.സി.-യാണെന്ന കാര്യം വിസ്മരിച്ചുകൊണ്ടാണിത് പറയുന്നത്. ഇടതുപക്ഷക്കാർ മാത്രമാണ് ഇതിനെയൊക്കെ എതിർക്കുന്നതെന്നുപറയുന്നത് ശരിയല്ല. തൊഴിൽ നിയമങ്ങൾ മാറ്റിമറിച്ചുകൊണ്ട് കോർപ്പറേറ്റുകൾക്കുവേണ്ടി പ്രവർത്തിക്കുന്ന നരേന്ദ്രമോദി ഗവൺമെന്റിനെതിരായി ഒരു ജോയിന്റ് പ്ലാറ്റ്ഫോം രാജ്യത്ത് വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ ഇങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത് ശരിയാണോ? അങ്ങ് തോട്ടങ്ങളെപ്പറ്റി പറഞ്ഞു, ഏത് തോട്ടമാണ് ഏറ്റെടുത്തത്; അവർക്കുവേണ്ടി എന്ത് ചെയ്തെന്നാണ് പറയുന്നത്? തുറക്കാത്ത എത്രയോ തോട്ടങ്ങൾ ഇടുക്കി ജില്ലയിലുണ്ട്. അങ്ങ് പറയുന്നത് കേട്ടാൽ തോന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ തോട്ടങ്ങളും തുറന്നുപ്രവർത്തിക്കുകയാണെന്ന്. അവാസ്തവ പ്രസ്താവനകൾ ബഹുമാനപ്പെട്ട മന്ത്രി സഭയിൽ നടത്താൻ പാടില്ല.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇങ്ങനെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുത്. ഞാൻ പറയാത്ത കാര്യം പറഞ്ഞെന്നാണ് അങ്ങിവിടെ പറയുന്നത്. ലേബർ കോഡിനെ സംബന്ധിച്ച പ്രശ്നങ്ങളിൽ പാർലമെന്റ് പാസ്സാക്കിയ കോഡ് ഓൺ വേജസിന്റെ പൂർണ്ണ നിയമനിർമ്മാണം കേന്ദ്രം നടപ്പിലാക്കിയിട്ടുണ്ട്. ഞാൻ ഐ.എൻ.ടി.യു.സി.-യെപ്പറ്റി വിമർശിച്ചിട്ടില്ല. ഐ.എൻ.ടി.യു.സി. കൂടി യോജിക്കുന്ന നിലപാടിനെ ഉയർത്തിപ്പിടിക്കുന്ന ആളാണ് ഞാൻ. ഈ ഗവൺമെന്റും അതിന് സപ്പോർട്ടാണ്. ഒരുകാരണവശാലും ഞാൻ ഐ.എൻ.ടി.യു.സി.-യെ വിമർശിച്ചിട്ടില്ല, ഈ പ്രശ്നത്തിൽ വിമർശിക്കുകയുമില്ല. കാരണം യോജിച്ച പ്രസ്ഥാനത്തിൽ ഐ.എൻ.ടി.യു.സി. ഉണ്ട്. താങ്കൾ പറയുന്നതുപോലെയല്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരിശോധിക്കേണ്ടത്, കോഡ് ഓൺ വേജസ് 2019 പാർലമെന്റിൽ ചർച്ച ചെയ്ത് പാസ്സാക്കിയപ്പോൾ ഇതിനെ ആരാണ് എതിർത്തതെന്ന് പരിശോധിക്കണമെന്നേ ഞാൻ പറഞ്ഞുള്ളൂ. ഞാൻ കോൺഗ്രസ്സിനെ വിമർശിച്ചോ? 2019-ലെ കോഡ് ഓൺ വേജസിന്റെ പ്രശ്നത്തിൽ അതിനെ എതിർത്തുനിന്നത് പാർലമെന്റിൽ ഇടതുപക്ഷം മാത്രമാണ്. ഇവിടെ ഇപ്പോഴുണ്ടായിരിക്കുന്ന ഒരു പ്രശ്നം, തോട്ടം മേഖലയിൽ ഒരു റബ്ബർ മരം മുറിച്ചുമാറ്റണമെങ്കിൽ 2500 രൂപ സിന്യറേജ് (seigniorage) കെട്ടേണ്ടിയിരുന്നു. അതിന്റെഫലമായി മരങ്ങൾ വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് സൗകര്യമില്ലാതായി. റീപ്ലാന്റ് ചെയ്യുന്നതിന് സൗകര്യമുണ്ടാക്കേണ്ടത് തോട്ടത്തിന്റെ സംരക്ഷണത്തിനും തൊഴിൽ നിലനിർത്തുന്നതിനും അത്യാവശ്യമാണ്. ഇതിന് ഈടാക്കിയിരുന്ന സിന്യറേജ് 2500 രൂപ എന്നുള്ളത് മാറ്റിയില്ലേ? തോട്ടങ്ങളിൽ നിങ്ങൾ എന്തുചെയ്തുവെന്ന അങ്ങയുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട സ്പീക്കർ സമയം അനുവദിക്കുകയാണെങ്കിൽ തോട്ടം മേഖലയ്ക്കുവേണ്ടി ചെയ്തിട്ടുള്ള നിരവധി കാര്യങ്ങൾ എനിക്കിവിടെ വിശദീകരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെയല്ല അതിന്റെ വസ്തുത.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഐ.എൻ.ടി.യു.സി. അഖിലേന്ത്യാടിസ്ഥാനത്തിൽ നടക്കുന്ന സമരവീഥിയിൽ ഒന്നിച്ചാണുള്ളതെന്നത് വസ്തുതയാണ്. പക്ഷേ അതിപ്പോൾ തുടങ്ങിയതല്ല. യു.പി.എ. ഗവൺമെന്റ് തൊഴിലാളിവിരുദ്ധ നടപടി സ്വീകരിച്ചപ്പോൾ അതിനെതിരെ രാജ്യത്തെ തൊഴി ലാളികളാകെ യോജിച്ച് പ്രക്ഷോഭം നടത്താൻ തയ്യാറായപ്പോൾ അതിൽ ഐ.എൻ.ടി.യു.സി. കൂടിയുണ്ടായിരുന്നു. തൊഴിലാളി താല്പര്യത്തിന്റെ ഭാഗമായി ത്തന്നെയാണ് ഐ.എൻ.ടി.യു.സി. അതിൽ നിന്നത്. എന്നാൽ ഒരു വ്യത്യാസം വന്നത്, അന്നത്തെ കേന്ദ്രഗവൺമെന്റിന്റെ അതായത്, യു.പി.എ. ഗവൺമെന്റിന്റെ നയം കൂടുതൽ കർക്കശമാക്കി തൊഴിലാളിവിരുദ്ധ രീതിയിൽ മോദി ഗവൺമെന്റ് നടപ്പാക്കുമ്പോൾ ആർ.എസ്.എസ്. കണ്ണുരുട്ടിയതിന്റെ ഫലമായി അന്ന് സമരരംഗ ത്തുണ്ടായിരുന്ന ബി.എം.എസ് അതിനെ പിന്താങ്ങി. ഐ.എൻ.ടി.യു.സി. ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മറ്റേത് മറന്നുപോകരുതെന്നുള്ളതുകൊണ്ടാണ് ആ ഭാഗംകൂടി ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ഓർഡർ.. ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പക്ഷിപ്പനി

3(*213) ശ്രീ. പി. കെ. ബഷീർ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. അബ്ദുൽ ഹമീദ്. പി.:

ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പക്ഷിപ്പനി പടർന്നുപിടിച്ചതായി കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ആലപ്പുഴ ജില്ലയിലെ തകഴി, തലവടി (നെടുമുടി), കരുവാറ്റ, പള്ളിപ്പാട് എന്നീ സ്ഥലങ്ങളിലും, കോട്ടയം ജില്ലയിലെ നീണ്ടൂരിലുമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്.

(ബി) പ്രസ്തുത രോഗബാധ നിയന്ത്രിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പക്ഷിപ്പനി വ്യാപനം ഫലപ്രദമായി തടയുന്നതിന് കേന്ദ്രസർക്കാരിന്റെ പക്ഷിപ്പനി നിയന്ത്രണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശ പ്രകാരം പ്രഭവ കേന്ദ്ര ത്തിൽനിന്നും 1 കി.മീ. ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും മുട്ട, തീറ്റ എന്നിവയെയും ശാസ്ത്രീയമായി നശിപ്പിക്കുകയുണ്ടായി. 8-1-2021-ന് പ്രസ്തുത നടപടികൾ പൂർത്തിയാക്കി അണുനശീകരണം നടത്തിയിട്ടുമുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കൺട്രോൾ റൂം തുറക്കുകയും രോഗനിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും ഫലപ്രദമായി നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങളിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മൃഗസംരക്ഷണ വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്നാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട രോഗപ്രതിരോധ പ്രവർത്തനങ്ങളും മുൻകരുതലകളും സംബന്ധിച്ച ബോധവത്കരണ പ്രചരണ പരിപാടികൾ മൃഗസംരക്ഷണ വകുപ്പ് പബ്ലിക് റിലേഷൻസ് വകുപ്പുമായി ചേർന്ന് നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ബോധവത്കരണം വിപുലമായരീതിയിൽ ഇക്കാലയളവിൽ അച്ചടി-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ സംസ്ഥാനത്തുടനീളം നടക്കുകയുണ്ടായി.

(സി) രോഗബാധ മനുഷ്യരിലേയ്ക്കും മറ്റ് മൃഗങ്ങളിലേയ്ക്കും വ്യാപിക്കാൻ സാധ്യതയുണ്ടോ; എങ്കിൽ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

പക്ഷിപ്പനി ഒരു വൈറസ് രോഗമാണ്. ഇൻഫ്ലുവൻസ ടൈപ്പ് 'എ' എന്ന ഒരു വൈറസാണ് ഈ രോഗം പരത്തുന്നത്. ഈ വൈറസിന് പല വകഭേദങ്ങളുണ്ട്. വകഭേദങ്ങളുടെ വ്യത്യാസം അനുസരിച്ച് ഇവ മാരകമാവുകയോ മനുഷ്യരിലേയ്ക്ക് പകരുകയോ ചെയ്യാം. ഇപ്പോൾ സ്ഥിരീകരിച്ചത് H5N8 വൈറസാണ്. ഇവ മനുഷ്യരിലേയ്ക്ക് ഇതുവരെ പടർന്നിട്ടില്ല. പാകം ചെയ്ത മുട്ട, കോഴിയിറച്ചി എന്നിവ യിലൂടെ ഈ രോഗം പകരുന്നില്ല. പക്ഷിപ്പനി രോഗബാധയുമായി ബന്ധപ്പെട്ട് മാംസവും മുട്ടയും കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് വകുപ്പ് മാധ്യമങ്ങൾവഴി പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. രോഗപ്രതിരോധ നടപടികളുടെ ഭാഗമായി പക്ഷിപ്പനിയുണ്ടായ പ്രഭവ കേന്ദ്രത്തിനു 1 കി.മീ. ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും തീറ്റ, മുട്ട എന്നിവയെയും നശിപ്പിച്ചിട്ടുണ്ട്. ഇതിനുപുറത്ത് 9 കി.മീ. ചുറ്റളവിൽ രോഗനിരീക്ഷണം മൃഗസംരക്ഷണ വകുപ്പും ആരോഗ്യ വകുപ്പും നടത്തിവരുന്നു.

## മാതൃക ഐ.ടി.ഐ. പദ്ധതി

4(*214) ശ്രീ. പി. കെ. ശശി:
ശ്രീ. സജി ചെറിയാൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്താനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്താനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഐ.ടി.ഐ.-കളിൽ നിന്നും പഠിച്ചിറങ്ങുന്നവർക്ക് സംരംഭകത്വ പരിശീലനം നൽകാൻ പരിപാടിയുണ്ടോ?

ഐ.ടി.ഐ.-യിൽ നിന്നും പരിശീലനം കഴിഞ്ഞ് പഠിച്ചിറങ്ങുന്നവരിൽ സംരംഭകത്വം വളർത്തുന്നതിനുവേണ്ടി എല്ലാ ട്രേഡുകളുടെയും സിലബസിൽ എംപ്ലോയബിലിറ്റി സ്കിൽ എന്ന വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംരംഭകത്വം തുടങ്ങുന്നതിന്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ട്രെയിനികൾക്ക് വളരെ സഹായകരമാണ്. മെ. ഉദ്യം ഫൗണ്ടേഷൻസ്, മെ. മഹീന്ദ്ര പ്രൈഡ് എന്നിവയുമായി യോജിച്ച്, ഐ.ടി.ഐ. ട്രെയിനികൾക്ക് സംരംഭം തുടങ്ങുന്നതിന് സഹായകരമായ പരിശീലനം നൽകിവരുന്നു. കൂടാതെ കേരളത്തിലെ തെരഞ്ഞെടുത്ത അഞ്ചു വനിത ഐ.ടി.ഐ.-കളിലെ ട്രെയിനികൾക്ക് കരിയർ ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയും മെ. ക്വസ്റ്റ് അലയൻസ് മുഖേന നടപ്പാക്കി വരുന്നു. വ്യവസായ വകുപ്പ് മുഖേന ഓരോ ഐ.ടി.ഐ.-യിലും സംരംഭകത്വവികസന ക്ലബ്ബുകൾ രജിസ്റ്റർ ചെയ്ത് ക്ലബ്ബിന്റെ മേൽനോട്ടത്തിൽ സംരംഭകത്വ പരിശീലനവും നൽകിവരുന്നു.

(സി) എൻ.സി.വി.ടി. മാനദണ്ഡങ്ങൾ അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാനും ഉപകരണങ്ങൾ സജ്ജീകരിക്കാനും നടപടി സ്വീകരിച്ചുവരുന്നുണ്ടോ?

എൻ.സി.വി.ടി. മാനദണ്ഡങ്ങൾ അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിനുമായി ഈ സാമ്പത്തിക വർഷം താഴെപ്പറയുന്ന ശീർഷകങ്ങളിൽ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. <u>പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നത്</u>:

   മേൽ ശീർഷകത്തിൽ അനുവദിച്ച 352 ലക്ഷം രൂപയിൽ നിന്ന് വർക്കല ഐ.ടി.ഐ.-യിലെ കെട്ടിട നിർമ്മാണം, ഉപകരണ സംഭരണം, പന്ന്യന്നൂർ ഐ.ടി.ഐ.യുടെ ഉപകരണ സംഭരണം എന്നിവയ്ക്കായി തുക അനുവദിച്ചിട്ടുണ്ട്. സംഭരണ നടപടി പുരോഗമിക്കുന്നു. പുതിയതായി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയ ഐ.ടി.ഐ.-കളിലെ ഉപകരണ സംഭരണത്തിന് ഭരണാനുമതി നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു.

2. <u>വനിത ഐ.ടി.ഐ</u>: നിർമ്മാണ പ്രവർത്തനങ്ങൾക്കായി 175 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. 48.12 ലക്ഷം രൂപയുടെ ഉപകരണ സംഭരണത്തിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

3. <u>മോഡണൈസേഷൻ ഓഫ് ഐ.ടി.ഐസ്</u>: ഉപകരണ സംഭരണത്തിനായും കെട്ടിടങ്ങളുടെ മരാമത്തു പണികൾക്കുമായി 5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 12.66 കോടി രൂപയ്ക്ക് ഉപകരണ സംഭരണത്തിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

4. <u>ഐ.ടി.ഐ ബിൽഡിംഗ് വർക്സ്</u>: സിവിൽ വർക്സിന് 21,67,56,102 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) മാതൃക ഐ.ടി.ഐ. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം അറിയിക്കാമോ?

ഓരോ സംസ്ഥാനത്തും നിലവിലുള്ള ഒരു സർക്കാർ ഐ.ടി.ഐ. എങ്കിലും മോഡൽ ഐ.ടി.ഐ. ആയി വികസിപ്പിക്കുന്നതിനായുള്ള കേന്ദ്രസർക്കാർ പദ്ധതിയാണ് മോഡൽ ഐ.ടി.ഐ. പദ്ധതി. മികച്ചതും കാര്യക്ഷമവും ഉയർന്ന നിലവാര മുള്ളതുമായ പരിശീലനം സുസ്ഥിരവും ഫലപ്രദവുമായ വ്യവസായ ബന്ധം എന്നിവ ഉറപ്പാക്കുന്ന ഒരു സ്ഥാപനമായി മാറുക എന്നതാണ് മോഡൽ ഐ.ടി.ഐ. പദ്ധതിയുടെ ലക്ഷ്യം. ആയത് ഉറപ്പാക്കുന്നതുവഴി വ്യവസായശാലകൾക്ക് പ്രായോഗിക വൈദഗ്ദ്ധ്യമുള്ളവരെ ലഭിക്കുന്നതിനുള്ള ഒരു ഡിമാന്റ് സെന്ററായി മോഡൽ ഐ.ടി.ഐ. മാറും. മോഡൽ ഐ.ടി.ഐ 1000 ലക്ഷം രൂപയുടെ പദ്ധതിയാണ്. ടി പദ്ധതിയുടെ ഫണ്ടിംഗ് 70% കേന്ദ്രവിഹിതവും 30% സംസ്ഥാനവിഹിതവുമാണ്. സംസ്ഥാനത്ത് നിന്നും ഐ.ടി.ഐ കളമശ്ശേരിയെയാണ് ടി പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ കാലാവധി 2021 മാർച്ച് 31 വരെയാണ്.

**ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കാൻ പദ്ധതികൾ**

5(*215) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ ഉൾപ്പെടെയുള്ള പല ജലസ്രോതസ്സുകളും അമിതമായ രീതിയിൽ മലിനീകരിക്കപ്പെട്ടിട്ടുള്ള സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ ;

(ബി) ജലസ്രോതസ്സുകളെ മാലിന്യ മുക്തമാക്കാൻ ജലവിഭവ വകുപ്പ് നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണ്?

(എ&ബി) കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ടെന്ന പഠന റിപ്പോർട്ടുകൾ ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ 8-4-2019-ലെ O.A.No.673/ 2018-ലെ ഉത്തരവിൽ 2021 മാർച്ച് 31-നകം രാജ്യത്തൊട്ടാകെ നദികളെ മാലിന്യമുക്തമാക്കണമെന്ന് ഉത്തരവിടുകയുണ്ടായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 44 നദികളിൽ ഗുരുതരമായ മലീനീകരണം നേരിടുന്ന 21 നദികളെ തരംതിരിക്കുകയും ടി നദികളുടെ പൂർവ്വസ്ഥിതി പുനഃസ്ഥാപിക്കുകയും ചെയ്യണമെന്ന് ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പരിഗണിച്ച് നദികളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ

പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പോയിന്റ് സോഴ്സുകൾ വഴി എത്തുന്ന മാലിന്യങ്ങളെയും നോൺ പോയിന്റ് സോഴ്സുകൾ മുഖേന എത്തുന്ന മാലിന്യങ്ങളെയും നിയന്ത്രിക്കുന്നതിന് വ്യത്യസ്തമായ രീതിയാണ് സ്വീകരിക്കേണ്ടത്. നദികളിലേക്ക്/ ജലസ്രോതസ്സുകളിലേയ്ക്ക് നേരിട്ട് മാലിന്യം/മലിനജലമെത്തുന്നത് തടയുന്നതിനുള്ള നടപടികൾ വിവിധ ഏജൻസികളുടെ സഹകരണത്തോടെ നടത്തുന്നതിന് പരിശ്രമിക്കുന്നു. വിവിധ ജലസേചന നിർമ്മിതികൾക്കടുത്തായി അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തനവും നിർവ്വഹിച്ചുവരുന്നു. നീർത്തടാടിസ്ഥാനത്തിൽ (തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അതിർത്തികൂടി പരിഗണിച്ച്) ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നീർത്തടപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി ശുചീകരണത്തിനുള്ള നടപടികൾ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവ മുഖേനയും ജലസേചന വകുപ്പ് മുഖേനയും ഏറ്റെടുത്ത് നിർവ്വഹിച്ചുവരുന്നു. കായലുകൾ/വലിയ ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ പ്രധാന കളയായ കുളവാഴ (Water hyacinth) നീക്കം ചെയ്ത് ജലശുദ്ധി നിലനിർത്തുന്നതിനുള്ള പഠനം നിർവ്വഹിച്ചുവരുന്നു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ 8-4-2019-ലെ OA No.673/2018-ന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഗുരുതരമായ മലിനീകരണം നേരിടുന്നുവെന്ന് കണ്ടെത്തിയ 21 നദികളെയും (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*) പുനരുജ്ജീവിപ്പിക്കാനായി ഒരു വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്നതിലേയ്ക്കായി ജലവിഭവ വകുപ്പ് കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സംയുക്ത പരിശ്രമത്തോടുകൂടി "Tie up between Engineering Colleges and Water Resources Department" എന്ന കർമ്മ പദ്ധതി രൂപകൽപന ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ആദ്യപടിയായി പുഴ നടത്തം നടത്തി വെള്ളം ശേഖരിച്ച് അവലോകനം നടത്തി DPR തയ്യാറാക്കുക എന്നതാണ് പ്രഥമലക്ഷ്യം. 27-11-2020-ൽ ആദ്യപടിയായി ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നോഡൽ ഓഫീസർമാരായി ചുമതല ഏൽപ്പിക്കുകയും ടി 21 നദികൾ ഉൾപ്പെടുന്ന ജില്ലയിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെടുകയും, വിവിധ ജില്ലകളിലെ 39 എഞ്ചിനീയറിംഗ് കോളേജുകൾ താല്പര്യം അറിയിച്ചതനുസരിച്ച് ടി കോളേജുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരും മറ്റ് വികസന വകുപ്പുകളിലെ പ്രതിനിധികളും പ്രാദേശിക ജനപ്രതിനിധികളും പങ്കാളികളായികൊണ്ടുള്ള പുഴ നടത്തം നടത്തി ജലസാമ്പിൾ ശേഖരിക്കുകയും ആയതിന്റെ ഗുണനിലവാര പരിശോധന എഞ്ചിനീയറിംഗ് കോളേജുകളിലെ ലാബുകളിൽ നടന്നുവരികയും ചെയ്യുന്നു. ഫെബ്രുവരി അവസാന ത്തോടുകൂടി ടി 21 നദികളുടെയും DPR തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് സംശയദൂരീകരണത്തിനുവേണ്ടിയുള്ള ക്ലാസുകൾ വീഡിയോ കോൺഫറൻസ് മുഖേന നടത്തിവരുന്നുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 'റെസ്റ്റോറേഷൻ ഓഫ് പൊല്യൂട്ടഡ് റിവർ സ്ട്രീംസ്' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഏതൊക്കെ നദികളെയാണ് മാലിന്യ മുക്തമാക്കിയത് എന്നറിയാമോ; വിശദാംശം നൽകുമോ?

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 പൊല്യൂട്ടഡ് റിവർ സ്ട്രെച്ചുകളിൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഇതിൽ Priority I-ൽ തിരുവനന്തപുരം ജില്ലയിലെ കരമന നദിയുടെ ഭാഗം ഉൾപ്പെട്ടിരിക്കുന്നു. Priority IV -ൽ ഭാരതപ്പുഴ (പാലക്കാട് ജില്ല), കടമ്പ്രയാർ (എറണാകുളം ജില്ല), കീച്ചേരി (തൃശ്ശൂർ ജില്ല), മണിമല, പമ്പ (പത്തനംതിട്ട/ ആലപ്പുഴ ജില്ല) എന്നീ 5 നദികളുടെ ഭാഗമാണ് ഉൾപ്പെട്ടിട്ടുള്ളത്. Priority V-ൽ ഭവാനി (പാലക്കാട് ജില്ല), ചിത്രപ്പുഴ (എറണാകുളം ജില്ല), കടലുണ്ടി (മലപ്പുറം ജില്ല), കല്ലായി (കോഴിക്കോട് ജില്ല), കരുവണ്ണൂർ (തൃശ്ശൂർ ജില്ല), കവ്വായി, കുപ്പം (കണ്ണൂർ ജില്ല), കുറ്റ്യാടി (കോഴിക്കോട് ജില്ല), മൊഗ്രാൽ (കാസർഗോഡ് ജില്ല), പെരിയാർ (എറണാകുളം ജില്ല), പെരുവമ്പ (കണ്ണൂർ ജില്ല), പുഴയ്ക്കൽ ( തൃശ്ശൂർ ജില്ല), രാമപുരം (കണ്ണൂർ ജില്ല), തിരൂർ (മലപ്പുറം ജില്ല), ഉപ്പള (കാസർഗോഡ് ജില്ല) എന്നീ 15 നദികളുടെ ഭാഗമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ നദികളെ മാലിന്യ മുക്തമാക്കുന്നതിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കുംവിധം ഗുണനിലവാരം മെച്ചപ്പെടുത്തുവാനുമായുള്ള കർമ്മപദ്ധതി തയ്യാറാക്കാനും അവയിലെ ജലം കുളിക്കുന്നതിനുള്ള ഗുണനിലവാരത്തിലെത്തിക്കാനും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ OA No. 673/2018-ൽ 20-9-2018-ലെ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. അപ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടേയും കർമ്മ പദ്ധതികൾ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവുപ്രകാരം രൂപീകരിച്ച സംസ്ഥാന റിവർ റിജുവനേഷൻ കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിലും സമർപ്പിച്ചിട്ടുണ്ട്. ആയത് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ അംഗീകരിച്ചതിനെത്തുടർന്ന് വിവിധ വകുപ്പുകൾ ചേർന്ന് കർമ്മ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയത് എല്ലാ മാസവും മിനിസ്ട്രി ഓഫ് ജല ശക്തി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. പരിസ്ഥിതി വകുപ്പിന്റെ നേതൃത്വത്തിൽ ജലസേചന വകുപ്പ്, ഭൂഗർഭജല വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തദ്ദേശ സ്വയംഭരണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന മറ്റു സ്ഥാപനങ്ങൾ, വ്യവസായ വകുപ്പ് തുടങ്ങിയ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടാണ് കർമ്മപദ്ധതികൾ നടപ്പിലാക്കിവരുന്നത്. ജലസേചന വകുപ്പിന്റെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം എല്ലാമാസവും

District Level Technical Committee കൂടി പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നു. കർമ്മ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിൻപ്രകാരം ആരംഭിച്ച www.ksrrc.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയും മറ്റ് വകുപ്പുസെക്രട്ടറിമാരും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. എല്ലാ മാസവും പുരോഗതി സംബന്ധിച്ച റിപ്പോർട്ട് മിനിസ്ട്രി ഓഫ് ജലശക്തിക്ക് നൽകുകയും ആയത് മിനിസ്ട്രി വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. പുരോഗതി വിലയിരുത്തുന്നതിലേക്കായി എല്ലാ മാസവും 21 പൊല്യൂട്ടഡ് റിവർ സ്ട്രച്ചുകളുടെയും ജലഗുണനിലവാര പരിശോധന ബോർഡിന്റെ വിവിധ ജില്ലാ ഓഫീസുകളിൽ നടത്തിവരുന്നു. ഡിസംബർ 2020-ലെ റിപ്പോർട്ടുകൾ പ്രകാരം 15 റിവർ സ്ട്രച്ചുകൾ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം (BOD<3mg/l, Fecal coliform<500 MPN/100ml.) കൈവരിച്ചിട്ടുണ്ട്. 21 റിവർ സ്ട്രച്ചുകളുടെയും കർമ്മപദ്ധതികളും അവയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ടുകളും www.ksrrc.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഇത്തരം പദ്ധതികളിൽ തുടർനടപടി സ്വീകരിക്കാത്തതുമൂലം മാലിന്യ മുക്തമാക്കപ്പെട്ട നദികൾ മാസങ്ങൾക്കകം മാലിന്യ കൂമ്പാരമാകുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് ജലവിഭവ വകുപ്പ് നടത്താനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

മാലിന്യമുക്തമാക്കപ്പെട്ട നദീഭാഗങ്ങൾ വീണ്ടും മലിനീകരണത്തിന് വിധേയമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പ്രധാന കാരണമായി കാണുന്നത്, നഗരങ്ങളിൽ നിന്നുള്ള ഓടകൾ കൂടുതലും ജലസ്രോതസ്സുകളിലാണ് എത്തിച്ചേരുന്നത് എന്നതാണ്. മഴക്കാലത്ത് ഓടകളിൽനിന്ന് മലിനജലം/മാലിന്യം, നദികൾ/തോടുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ എത്തുന്നത് ശുചീകരിക്കപ്പെട്ട നദീ ഭാഗങ്ങളിൽ മാലിന്യ നിക്ഷേപത്തിനിടയാക്കുന്നു. ഇത് കണക്കിലെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നേരത്തെ പ്രസ്താവിച്ച " Tie up between Engineering colleges and Water Resources Department in Kerala" എന്ന സംരംഭത്തിന്റെ തുടർച്ചയായി നദികളുടെ നീരൊഴുക്ക് നിലനിർത്തി ജലശുദ്ധി ഉറപ്പാക്കുന്നതിനായുള്ള തുടർപദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആലോചിക്കുന്നു. കേരള ജലഅതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ്, ഭൂജല വകുപ്പ് തുടങ്ങിയ വകുപ്പുകൾ/ഏജൻസികളേയും ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## റിയൽ ടൈം ഫ്ലഡ് വാണിംഗ് സംവിധാനം

6(*216) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലും 2019-ലുമുണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ പെരിയാർ, ചാലക്കുടി നദീതീരങ്ങളിലും കുട്ടനാട്ടിലേക്ക് ഒഴുകുന്ന നദികളിലും റിയൽ ടൈം ഫ്ലഡ് വാണിംഗ് സംവിധാനം സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ?

2018-ലും 2019-ലുമുണ്ടായ പ്രളയത്തെക്കുറിച്ച് സെന്റർ വാട്ടർ കമ്മീഷൻ (CWC)-ഉം ഗവൺമെന്റ് ഓഫ് ഇന്ത്യയും നടത്തിയ സംയുക്ത പഠനത്തിന്റെ ഫലമായി പെരിയാർ നദിയിൽ പ്രളയ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കാനുള്ള വിദഗ്ദ്ധ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ പുരോഗമിക്കുന്നു.

(ബി) റിവർ മാനേജ്മെന്റിന്റെയും വെള്ളപ്പൊക്കമുണ്ടാകുന്ന സ്ഥലങ്ങളുടെയും ജലവിഭവ നിയന്ത്രണത്തിനായി റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുമെന്ന പ്രഖ്യാപനം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

സംസ്ഥാനത്തെ നദീജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്നതിനും നദികളുടെ ശരിയായ വിധത്തിലുള്ള സംരക്ഷണം, പരിപാലനം, പുനഃസ്ഥാപനം എന്നിവ ലക്ഷ്യമാക്കിയും റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി RBCMA ആക്ടിന്റെ കരട് തയ്യാറാക്കുന്നതിന് ഒരു സംസ്ഥാനതല കമ്മിറ്റി 3-5-2019-ൽ രൂപീകരിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത ആക്ട് തയ്യാറാക്കുന്നതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ഒരു 13 അംഗ ഡ്രാഫ്റ്റിംഗ് കമ്മിറ്റി 10-6-2019-ൽ രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച കരട് ബില്ലിന് അന്തിമരൂപം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ

7(*217) ശ്രീ കെ. കുഞ്ഞിരാമൻ:

ശ്രീ. കെ. ആൻസലൻ:

ശ്രീ. എ . പ്രദീപ് കുമാർ:

ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലം കടലാക്രമണം കൂടുതൽ രൂക്ഷമാകാനിടയുണ്ടെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ ?

കാലാവസ്ഥാ വ്യതിയാനംമൂലം കടലാക്രമണം കൂടുതൽ രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ തീരദേശവാസികളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനുമായി ഹ്രസ്വകാലാടിസ്ഥാനത്തിലും, ദീർഘകാലാടിസ്ഥാനത്തിലും തീരസംരക്ഷണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ 9 തീരദേശ ജില്ലകളിലായി രൂക്ഷമായ കടലാക്രമണം നേരിടുന്നതിനുവേണ്ടി ആകെ 34830.25 ലക്ഷം രൂപയുടെ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയതുവഴി 44.946km. നീളത്തിൽ തീരദേശം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിൽ (കാട്ടൂർ, അമ്പലപ്പുഴ, പതിയാൻകര, ആറാട്ടുപുഴ, വട്ടച്ചാൽ) കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 184.04 കോടി രൂപ ചെലവിൽ ഗ്രോയിൻ ഫീൽഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ബി) കരിങ്കല്ലിന് രൂക്ഷമായ ദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ ബദൽ സാങ്കേതിക രീതികൾ പരീക്ഷിക്കുന്നുണ്ടോ?

ഉണ്ട്; ജിയോ ട്യൂബ് ഉപയോഗിച്ചും ജിയോ ബാഗ് ഉപയോഗിച്ചും പരീക്ഷണ അടിസ്ഥാനത്തിൽ ബദൽ രീതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പരമ്പരാഗത രീതിയിൽ കല്ലുകൾ മാത്രം ഉപയോഗിച്ചുള്ള പുലിമുട്ടുകൾക്കു പകരം അടിയിൽ കല്ലുകളും മുകളിൽ കോൺക്രീറ്റ് നിർമിതമായ ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള രീതിയാണ് അവലംബിച്ചിരിക്കുന്നത്. പുലിമുട്ടിൽ ഇരുവശത്തും 2 ടൺ ഭാരമുള്ള ടെട്രാപോഡുകളും, പുലിമുട്ടിന്റെ അഗ്രഭാഗത്ത് 5 ടൺ ഭാരമുള്ള 2 ലെയർ ടെട്രാപോഡുമാണ് കവചമായി സ്ഥാപിക്കുന്നത്.

(സി) ആലപ്പുഴ ജില്ലയിലെ കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ ഐ.ഐ.ടി. ചെന്നൈയുടെ സാങ്കേതിക പിന്തുണയോടെ നിർമ്മിക്കുന്ന ഗ്രോയിൻ ഫീൽഡ് പദ്ധതിയുടെ പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ആലപ്പുഴ ജില്ലയിലെ കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ ഐ.ഐ.ടി. ചെന്നൈയുടെ സാങ്കേതിക പിന്തുണയോടെ കാട്ടൂർ, അമ്പലപ്പുഴ, പതിയാൻകര, ആറാട്ടുപുഴ, വട്ടച്ചാൽ എന്നീ പ്രദേശങ്ങളിലാണ് ഗ്രോയിൻ ഫീൽഡ് നിർമ്മിക്കുന്നത്. കരയിൽ നിന്നും 20 മുതൽ 50 മീറ്റർ വരെ നീളമുള്ള പുലിമുട്ടുകൾക്കായി ജിയോ മാറ്റ് നിരത്തി അതിനുമുകളിൽ 1 kg മുതൽ 500 kg വരെ ഭാരമുള്ള കല്ലുകൾ നിരത്തി, അതിനുമുകളിൽ അഗ്രഭാഗത്ത് 5 ടൺ ഭാരമുള്ള ടെട്രാപോഡുകളും അതിനുപിന്നിൽ 2 ടൺ ഭാരമുള്ള ടെട്രാപോഡുകൾ രണ്ട് ലെയറായി നിരത്തിയുമാണ് ഇവ നിർമ്മിക്കുന്നത്. ഈ പ്രവൃത്തി ആരംഭ ദശയിലായതിനാൽ അതിന്റെ പ്രവർത്തനക്ഷമത വിലയിരുത്താറായിട്ടില്ല.

## പക്ഷിപ്പനി വ്യാപനം

8(*218) ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. എം . വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ വ്യാപനം രൂക്ഷമാകുന്നതിനിടയിൽ സംസ്ഥാനത്ത് വീണ്ടും പക്ഷിപ്പനി വ്യാപനമുണ്ടായത് ആ മേഖലകളിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ ?

പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ല. സംസ്ഥാനത്ത് ആലപ്പുഴ (തലവടി, തകഴി, പള്ളിപ്പാട്, കരുവാറ്റ), കോട്ടയം (നീണ്ടൂർ) ജില്ലകളിലാണ് 4-1-2021-ന് പക്ഷിപ്പനി സ്ഥിരീകരിച്ചത്. മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണം, റവന്യൂ, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്നുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ പ്രതിരോധ നടപടികൾ സ്വീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ രോഗത്തിന്റെ പ്രഭവകേന്ദ്രത്തിൽ നിന്നും 1 കി.മീ. ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും മുട്ട, തീറ്റ എന്നിവയെയും ശാസ്ത്രീയമായി നശിപ്പിക്കുകയും ചെയ്തു. 8-1-2021-ന് പ്രസ്തുത നടപടികൾ പൂർത്തിയാക്കി അണുനശീകരണം നടത്തി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുംചെയ്തു. വകുപ്പിന്റെ സമയോചിതമായ ഇടപെടൽമൂലം താറാവ് ഇറച്ചി, കോഴിയിറച്ചി, മുട്ട എന്നിവയുടെ വിലയിൽ കാര്യമായ വിലയിടിവ് വന്നിട്ടില്ല. കൂടാതെ, സംസ്ഥാനത്തിന് പുറത്തുനിന്നും സംസ്ഥാനത്തേയ്ക്ക് വരുന്ന മുട്ട, ഇറച്ചിക്കോഴി എന്നിവയ്ക്ക് സംസ്ഥാനാതിർത്തിയിൽ യാതൊരു നിയന്ത്രണവും

ഏർപ്പടുത്തിയിരുന്നമില്ല. ആയതിനാൽ 5 ദിവസംകൊണ്ട് നടപടികൾ പൂർത്തിയാക്കി സമയബന്ധിതമായി രോഗം നിയന്ത്രിക്കാൻ സാധിച്ചതിനാൽ ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ല.

(ബി) ഏതൊക്കെ ജില്ലകളിലാണ് ഇതിനകം പക്ഷിപ്പനി വ്യാപനം കണ്ടെത്തിയതെന്നറിയിക്കാമോ ?

ആലപ്പുഴ ജില്ലയിലെ തലവടി (നെടുമുടി), കരുവാറ്റ, പള്ളിപ്പാട്, തകഴി എന്നീ സ്ഥലങ്ങളിലും കോട്ടയം ജില്ലയിലെ നീണ്ടൂരിലുമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്.

(സി) പക്ഷിപ്പനി വ്യാപനം കൂടുതൽ രൂക്ഷമാകുന്നത് തടയുന്നതിനും അത് മനുഷ്യരിലേക്ക് പകരുന്നത് തടയുന്നതിനും ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ ?

പക്ഷിപ്പനി വ്യാപനം ഫലപ്രദമായി തടയുന്നതിന് കേന്ദ്രസർക്കാരിന്റെ പക്ഷിപ്പനി നിയന്ത്രണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശപ്രകാരം പ്രഭവ കേന്ദ്രത്തിൽനിന്നും 1 കി.മീ. ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും, മുട്ട, തീറ്റ എന്നിവയെയും ശാസ്ത്രീയമായി നശിപ്പിക്കുകയുണ്ടായി. 8-1-2021-ന് പ്രസ്തുത നടപടികൾ പൂർത്തിയാക്കി അണു നശീകരണം നടത്തിയിട്ടുമുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കൺട്രോൾ റൂം തുറക്കുകയും രോഗനിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും ഫലപ്രദമായി നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മൃഗസംരക്ഷണ വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്നാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട രോഗപ്രതിരോധ പ്രവർത്തനങ്ങളും മുൻകരുതലുകളും സംബന്ധിച്ച ബോധവത്കരണ പ്രചരണ പരിപാടികൾ മൃഗസംരക്ഷണ വകുപ്പ് പബ്ലിക് റിലേഷൻസ് വകുപ്പുമായി ചേർന്ന് നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ബോധവത്കരണം വിപുലമായ രീതിയിൽ ഇക്കാലയളവിൽ അച്ചടി-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ സംസ്ഥാനത്തുടനീളം നടത്തുകയുണ്ടായി.

(ഡി) പക്ഷിപ്പനി സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ടോയെന്നും ഇതിലൂടെ കർഷകർക്ക് ലഭിക്കുന്ന ആശ്വാസ നടപടികൾ എന്തൊക്കെയാണെന്നും ആശ്വാസ ധനസഹായം കാലതാമസം കൂടാതെ നൽകുന്നതിന് നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കുമോ?

പക്ഷിപ്പനി സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ പക്ഷിപ്പനിമൂലം മരണപ്പെട്ട പക്ഷികളുടെയും കള്ളിംഗ് നടപടിമൂലം നശിപ്പിച്ച പക്ഷികളുടെയും ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സംസ്ഥാന സർക്കാർ സ. ഉ. (സാധാ)

നമ്പർ 9/2021/എ.എച്ച്.ഡി. തീയതി 7-1-2021 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൻപ്രകാരം പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും കൾചെയ്ത പക്ഷികൾക്കും 2 മാസത്തിലധികം പ്രായമായ പക്ഷി ഒന്നിന് 200 രൂപ, 2 മാസത്തിൽ താഴെയുള്ള പക്ഷി ഒന്നിന് 100 രൂപ എന്ന നിരക്കിലും നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ നിരക്കിലുമാണ് നഷ്ടപരിഹാരം നൽകുക. നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുക മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽനിന്നും അടിയന്തരമായി ചെലവഴിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ടപരിഹാര വിതരണം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## വനം വകുപ്പിന്റെ ഇക്കോ ടൂറിസം പദ്ധതികൾ

9(*219) ശ്രീ. എൽദോ എബ്രഹാം:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. കെ. രാജൻ:
ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; പ്രസ്തുത ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശന ത്തിനെത്തുന്നവർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ വനം വകുപ്പിനുകീഴിൽ ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലും വിവിധ ഇക്കോ ടൂറിസം പദ്ധതികൾ നടത്തിവരുന്നു. ടി കേന്ദ്രങ്ങളിൽ നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളും ടി പദ്ധതികളുമായി ഇൻഷ്വറൻസ് പദ്ധതി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷ സംബന്ധിക്കുന്ന വിശദവിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു*.

## തൊഴിലാളിക്ഷേമ പ്രവർത്തനങ്ങൾ

10(*220) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ ദാസൻ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷയ്ക്കായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി, അവശത അനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ എന്നീ മൂന്ന് വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ചുള്ള "അസംഘടിത മേഖല തൊഴിലാളി സംരക്ഷണം" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ നൽകുന്നതിനായി സർക്കാർ അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ നിയമം, 2008 നടപ്പിലാക്കി. കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ തൊഴിലാളി ക്ഷേമ പദ്ധതി എന്നീ ആറ് പദ്ധതികൾ കൂട്ടിച്ചേർത്ത് അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണത്തിലേക്കായി കേരള സംസ്ഥാന അസംഘടിത തൊഴിലാളി ക്ഷേമ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം അംഗങ്ങൾക്ക് റിട്ടയർമെന്റാനുകൂല്യം, പെൻഷൻ, വിവാഹ ധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം മരണാനന്തരാനുകൂല്യം/ അപകടാനുകൂല്യം, ശവസംസ്കാര ചെലവുകൾ എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം എത്ര മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്; പുതുതായി എത്ര മേഖലകളിൽ കൂടി മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്; എല്ലാ മേഖലകളിലും സമയബന്ധിതമായി മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലാവധി പൂർത്തിയായ 42 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതിയതായി ഉൾപ്പെടുത്തിയ 6 തൊഴിൽ മേഖലകളിൽ കൂടി മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കാലാവധി പൂർത്തിയാക്കിയ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും പുതിയതായി മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനും മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ ഉപസമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. (വിശദമായ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*).

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധ്യമായിട്ടുണ്ടോ; കൊവിഡ് പ്രതിസന്ധി നേരിടാൻ ക്ഷേമനിധി ബോർഡുകൾ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ?

ഉണ്ട്. കോവിഡ് പ്രതിസന്ധിയെ നേരിടുന്നതിന് സമാനതകളില്ലാത്ത പ്രവർത്തനമാണ് ബോർഡുകൾ നടത്തിയിട്ടുള്ളത്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി 3,62,38,97,840 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. 1849789 തൊഴിലാളികൾക്കായി 1,87,22,66,000 രൂപ കോവിഡ്-19 ധനസഹായ ഇനത്തിൽ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സാമ്പത്തിക ഭദ്രതയുള്ള ബോർഡുകളിൽ തനത് ഫണ്ടിൽ നിന്നും 993964 തൊഴിലാളികൾക്കായി 1,56,80,76,050 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

## സംഘടിത തൊഴിൽ മേഖലയിലെ ഇ.എസ്.ഐ. ആനുകൂല്യം

11(*221) <u>ശ്രീ കെ. വി. അബ്ദുൾ ഖാദർ:</u>
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u>
<u>ശ്രീ. ഐ. ബി. സതീഷ്:</u>
<u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയുണ്ടായിട്ടും അർഹമായ നിരക്കിലുള്ള ഇ.പി.എഫ്. പെൻഷൻ ലഭ്യമാക്കുന്ന കാര്യത്തിൽ ഇ.പി.എഫ്. ഓർഗനൈസേഷനും കേന്ദ്ര സർക്കാരും സ്വീകരിക്കുന്ന തൊഴിലാളി പ്രതികൂല നടപടി തിരുത്താൻ ആവശ്യപ്പെടാൻ സാധിക്കുമോയെന്നറിയിക്കുമോ ?

മുഴുവൻ ശമ്പളത്തിനും പെൻഷൻ കിട്ടുന്നതിനുള്ള ഓപ്ഷൻ ഒഴിവാക്കിക്കൊണ്ടും പെൻഷൻ കണക്കാക്കുന്നത് 12 മാസം ശരാശരി എന്നത് 60 മാസത്തെ ശരാശരി തുകയാക്കി ഉയർത്തിക്കൊണ്ടും എത്ര തന്നെ ശമ്പളം ഉണ്ടായാലും പെൻഷൻ ഫണ്ടിലേയ്ക്ക് 15,000 രൂപ നിജപ്പെടുത്തി മാത്രമേ അടയ്ക്കാവൂ എന്നുള്ള വ്യവസ്ഥകളുൾപ്പെടുത്തി 1-9-2014-ൽ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ കൊണ്ടുവന്ന എംപ്ലോയീസ് പെൻഷൻ (ഭേദഗതി) പദ്ധതിക്കെതിരെ കേരള ഹൈക്കോടതിയിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പുത്തനത്താണി ബ്രാഞ്ച് സീനിയർ മാനേജർ ശ്രീ. പി. ശശികുമാറും മറ്റ് 115 പേരും ചേർന്ന് W.P.(C) No.13120/15-ാം നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ 12-9-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായപ്രകാരം മേൽ ഭേദഗതിയും അനുബന്ധമായി

പുറപ്പെടുവിച്ച ഉത്തരവുകളും ബഹുമാനപ്പെട്ട കോടതി റദ്ദാക്കി. പൂർണ്ണ ശമ്പളത്തിന് ആനുപാതികമായി പെൻഷൻ ഫണ്ടിലേയ്ക്ക് വിഹിതമടച്ചാൽ തൊഴിലാളികൾക്ക് ഉയർന്ന പി.എഫ്. പെൻഷന് അർഹതയുണ്ടെന്നും ഇതിനായി കൂടിയ വിഹിതം അടയ്ക്കാൻ ഓപ്ഷൻ നല്കാവുന്നതാണെന്നും പെൻഷൻ കണക്കാക്കുന്നതിന് ആധാരമായ ശമ്പളം, ചട്ടഭേദഗതിക്ക് മുമ്പുണ്ടായിരുന്നതുപോലെ വിരമിക്കുന്നതിന് മുമ്പുള്ള 12 മാസത്തെ ശരാശരി കണക്കാക്കണമെന്നും ബഹുമാനപ്പെട്ട കോടതി ഉത്തരവായി. മേൽ ഉത്തരവ് സ്വാഗതം ചെയ്തുകൊണ്ടും ബഹുമാനപ്പെട്ട ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിക്ക് 17-10-2018-ൽ കത്ത് നല്കുകയുണ്ടായി. എന്നാൽ മേൽ ഹൈക്കോടതി വിധിക്കെതിരെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ആയത് ബഹുമാനപ്പെട്ട സുപ്രീം കോടതി തള്ളിയതിനെ തുടർന്ന് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുമുണ്ട്. കേന്ദ്ര സർക്കാരും ഹൈക്കോടതി വിധിക്കെതിരായി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ കോടതി തീരുമാനത്തിന് വിധേയമായി മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

(ബി) കേന്ദ്രസർക്കാർ ഇ.എസ്.ഐ. കോർപ്പറേഷനെ സ്വകാര്യവൽക്കരിച്ച് പ്രസ്തുത സംവിധാനം ദുർബലപ്പെടുത്താൻ നടപടി ആരംഭിച്ചെന്ന തൊഴിലാളികളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് ഇ.എസ്.ഐ. സംവിധാനം വിപുലീകരിക്കാനും ശാക്തീകരിക്കാനും ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനെ സൊസൈറ്റി/സ്റ്റേറ്റ് കോർപ്പറേഷനാക്കി മാറ്റണമെന്ന ഇ.എസ്.ഐ കോർപ്പറേഷന്റെ നിർദ്ദേശത്തിൽ തൽസ്ഥിതി തുടരാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ആയത് കോർപ്പറേഷനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇ.എസ്.ഐ. സംവിധാനം വിപുലീകരിക്കാനും ശാക്തീകരിക്കാനും ഈ സർക്കാർ കൈക്കൊണ്ട നടപടികൾ അനുബന്ധമായി ചേർക്കുന്നു*.

(സി) സംസ്ഥാനത്ത് സംഘടിത തൊഴിൽ മേഖലയിലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാനത്ത് സംഘടിത തൊഴിൽ മേഖലയിലുള്ള പത്തോ അതിൽ കൂടുതലോ ജീവനക്കാർ തൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മാത്രമാണ് നിലവിൽ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. സംസ്ഥാനത്ത് പത്തിൽ താഴെ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ (Establishments/ Factories) തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന് വിശദമായ പ്രൊപ്പോസലും ESI Act-ൽ ആവശ്യമായ ഭേദഗതി വരുത്തി കരട് വിജ്ഞാപനം തയ്യാറാക്കി നൽകാനും ഇ.എസ്.ഐ. കോർപ്പറേഷൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള തുടർ നടപടികൾ ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് ഡയറക്ടർ തലത്തിൽ സ്വീകരിച്ചുവരുന്നു. 1-2-2017 മുതൽ ഇ.എസ്.ഐ. പദ്ധതി സംസ്ഥാന വ്യാപകമായി ബാധകമാക്കി.

**കരിയർ നയം**

12(*222) ശ്രീ എ. എൻ. ഷംസീർ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ . കെ . ബാബു:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ആദ്യമായി കരിയർ നയം രൂപീകരിക്കാൻ സംസ്ഥാന സർക്കാർ ഉദ്യമം നടത്തുന്നുണ്ടോ; നയരൂപീകരണത്തിന്റെ ലക്ഷ്യങ്ങൾ അറിയിക്കാമോ ?

രാജ്യത്ത് ആദ്യമായി കരിയർ നയം രൂപീകരിക്കാൻ സംസ്ഥാന സർക്കാർ ഉദ്യമം നടത്തുന്നുണ്ട്. സംസ്ഥാന കരിയർ നയം പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി കരട് നയത്തിന്മേൽ 2019 ഡിസംബർ 9-ന് ശില്പശാല സംഘടിപ്പിച്ചിരുന്നു. ശില്പശാലയിലും തുടർന്നും ജനപ്രതിനിധികൾ, അക്കാദമിക്-കരിയർ വിദഗ്ദ്ധർ എന്നിവരിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും ഭേദഗതികളും ഉൾപ്പെടുത്തിയ കരിയർ നയം പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. വികസ്വര രാഷ്ട്രങ്ങളിലെ കരിയർ മേഖലയുടെ പരിഷ്കരണത്തിനായി ഐ.എൽ.ഒ. (ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ) തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ, കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഉദ്യോഗാർത്ഥികൾക്ക് സഹായകരമായ നിലയിൽ ഒരു കരിയർ ഡെവലപ്മെന്റ് സംവിധാനം രൂപപ്പെടുത്തുക എന്നതാണ് കരിയർ നയരൂപീകരണത്തിന്റെ ലക്ഷ്യം.

(ബി) സംസ്ഥാനത്തെ തൊഴിലന്വേഷകരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് നൂതനങ്ങളായ തൊഴിലവസരങ്ങൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; സ്വയം സംരംഭകത്വ പ്രോത്സാഹനത്തിനായുള്ള പദ്ധതികളുണ്ടോ?

സംസ്ഥാനത്തെ തൊഴിലന്വേഷകരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് നൂതനങ്ങളായ തൊഴിലവസരങ്ങൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കരിയർ ഗൈഡൻസ്, പരിശീലനം എന്നിവ നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും സഹായിക്കുന്നു. ഇതിനുപുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി ജോബ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നു. സ്വയംതൊഴിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും സമൂഹത്തിന്റെ വിവിധ തലത്തിലുള്ള തൊഴിൽരഹിതരെ സ്വയംതൊഴിലിലേക്ക് ആകർഷിച്ച് അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകി സ്വയംതൊഴിലിലൂടെ സ്വയംപര്യാപ്തമാക്കുന്നതിന് നിലവിൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം അഞ്ച് സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കെസ്റു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 21-50 പ്രായപരിധിയിലുള്ള തൊഴിൽരഹിതർക്കുള്ള വ്യക്തിഗത സ്വയംതൊഴിൽ പദ്ധതി. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർക്കുള്ള സംയുക്ത സ്വയംതൊഴിൽ പദ്ധതി. ശരണ്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അശരണരായ വനിതകൾ, വിധവകൾ, വിവാഹമോചനം നേടിയവർ, ഭർത്താവ് ഉപേക്ഷിച്ച് പോയവർ, 30 വയസ് കഴിഞ്ഞ അവിവാഹിതകൾ, ഭിന്നശേഷിക്കാരായ വനിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കൻമാരുള്ള വനിതകൾ എന്നിവർക്കു മാത്രമായുള്ള സ്വയംതൊഴിൽ പദ്ധതി. കൈവല്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്ക് മാത്രമായുള്ള സ്വയംതൊഴിൽ പദ്ധതി നവജീവൻ പദ്ധതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരന്മാർക്കുള്ള (50-65 പ്രായപരിധി) സ്വയംതൊഴിൽ പദ്ധതി.

(സി) സംസ്ഥാന നൈപുണ്യ വികസന മിഷനെന്ന നിലയിൽ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാന നൈപുണ്യ വികസന മിഷനെന്ന നിലയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കിവരുന്ന നൈപുണ്യ പരിശീലന പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

<u>മികവിന്റെ കേന്ദ്രങ്ങളും അക്രഡിറ്റഡ് കോഴ്സുകളും</u> വിവിധ മേഖലകളിൽ ലളിതവും വേഗത്തിലും കാര്യക്ഷമവുമായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ISTEP (International Skill Training and Employability Programme)എന്ന പേരിൽ ഒരു നവീന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ വിദഗ്ധ കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കും മൂല്യനിർണ്ണയത്തിനും വിധേയമായതിന്റെ അടിസ്ഥാനത്തിലാണ് പരിശീലന പങ്കാളികളെ തെരഞ്ഞെടുക്കുന്നത്. വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓയിൽ & റിഗ്, നിർമ്മാണ മേഖല, നഴ്സിംഗ്, അദ്ധ്യാപനം, വാട്ടർ & വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) എന്ന മികവിന്റെ കേന്ദ്രം കെയ്സിനു കീഴിൽ പ്രവർത്തിച്ചു വരുന്നു. മാനേജീരിയൽ ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്ന് കാറ്റഗറികളിലായി നിലവിൽ 20 കോഴ്സുകൾ നടന്നുവരുന്നു. പുതിയ തൊഴിൽ സാധ്യതകൾക്ക് അനുസൃതമായി KASE വിവിധ സർക്കാർ വകുപ്പുകളുമായി കൂടി ചേർന്ന് സംരംഭകത്വം, വിദേശ ഭാഷാ പരിശീലനം, കായികം, Renewable Energy, Hospitality എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള KIED (Kerala Institute for Entrepreneurship Development) മായി ചേർന്ന് അങ്കമാലി സംരംഭകത്വത്തിനായി ഒരു മികവിന്റെ കേന്ദ്രം ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. കായിക യുവജനക്ഷേമ വകുപ്പുമായി ചേർന്ന് ജി.വി. രാജയിലും കണ്ണൂർ സ്പോർട്സ് ഡിവിഷനിലും കായികത്തിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ODEPC-മായി ചേർന്ന് വിദേശ ഭാഷാ പരിശീലന കേന്ദ്രം അങ്കമാലിയിലെ സ്കിൽ പാർക്കിൽ പ്രവർത്തനം ആരംഭിച്ചു. OET എക്സാം സെന്റർ 2021 ഫെബ്രുവരി മാസം പ്രവർത്തനം ആരംഭിക്കും. ANERT-മായി ചേർന്ന് RENEWABLE എനർജിയിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. മാത്രമല്ല ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങളുടെ തെരഞ്ഞെടുത്ത കോഴ്സുകൾക്ക് KASE-ന്റെ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നു. അക്രഡിറ്റേഷന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിലുള്ള SIFL ആയി ചേർന്ന് SAFE പ്രോഗ്രാം ഫോർ എൻജിനീയേഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഭിന്നശേഷിക്കാർ ക്കായുള്ള തനതായ ഒരു മികവിന്റെ കേന്ദ്രവും ആരംഭഘട്ടത്തിലാണ്. ഇതിനു

പുറമെ പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ആവിഷ്കരിച്ച നൈപുണ്യ പരിശീലന പരിപാടികൾ കെയ്സിന്റെ മികവിന്റെ കേന്ദ്രങ്ങൾവഴി നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

കൗശൽ കേന്ദ്ര - സ്കൂൾ-കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അവർക്ക് ഉചിതമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ഗൈഡൻസ് സെൽ, ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യ പരിശീലനം നേടുന്നതിനുള്ള കമ്മ്യൂണിക്കേഷൻ സെൽ, തൊഴിൽ നിപുണത കൈവരിക്കാനുതകുന്ന കമ്പ്യൂട്ടർ പരിശീലനം, ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിറ്റ്യൂഡ് പരിശീലനം എന്നിവ ഉൾപ്പെടുന്ന എംപ്ലോയബിലിറ്റി സെൽ എന്നിവ കൗശൽ കേന്ദ്രയിൽ ഒരുക്കിയിരിക്കുന്നു. പാലക്കാട് ജില്ലയിലെ കുറ്റനാടും കൊല്ലം ജില്ലയിലെ ചവറയിലും പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ കൗശൽകേന്ദ്ര പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്ന നടപടികളും പത്തനംതിട്ട ജില്ലയിലെ കോന്നിയിലും കാസർഗോഡ് ജില്ലയിലെ ഉദുമയിലും പുതിയ കൗശൽ കേന്ദ്രകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (കെ. എസ്. ഐ. ഡി.)- കേരളത്തിന്റെ സമഗ്ര വികസനത്തിനായി വിവിധ മേഖലകളിൽ പരിചയ സമ്പന്നരായ ഡിസൈനർമാരെ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഇന്റഗ്രേറ്റഡ് ലൈഫ് സ്റ്റൈൽ പ്രോഡക്റ്റ് ഡിസൈൻ (ILPD), ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ ആൻഡ് അപ്പാരൽ ഡിസൈൻ (ITAD), ഐ.റ്റി. ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ (IICD) എന്നീ വിഭാഗങ്ങളിൽ ബിരുദാനന്തര ഡിപ്ലോമ കോഴ്സുകൾ നടപ്പിലാക്കിവരുന്നു. അഞ്ച് സെമസ്റ്റർ അടങ്ങിയ രണ്ടര വർഷമാണ് കോഴ്സിന്റെ ദൈർഘ്യം. നിലവിൽ ഓരോ വിഭാഗങ്ങളിലും 10 വീതം വിദ്യാർത്ഥികൾക്കാണ് പ്രവേശനം അനുവദിച്ചിട്ടുള്ളത്. ഡിസൈനിൽ ബിരുദ (ബി.ഡെസ്) കോഴ്സ് ഈ അദ്ധ്യയന വർഷം ആരംഭിച്ചു. കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ KSID-യിൽ ഫാബ്-ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സ്റ്റേറ്റ് ജോബ് - പോർട്ടൽ വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും, തൊഴിൽദാതാക്കളെയും ഒരു കുടക്കീഴിലെത്തിക്കുന്ന ഏകജാലക സംവിധാനമായി "സ്റ്റേറ്റ് ജോബ് പോർട്ടൽ" (www.statejobportal.kerala.gov.in) തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. തൊഴിലന്വേഷകർക്ക് സ്വന്തം വിവരങ്ങൾ ഈ പോർട്ടലിൽ അപ്ഡേറ്റ് ചെയ്ത് തങ്ങൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്താനും തൊഴിൽ ദാതാവിന് തൊഴിലവസരങ്ങൾ പോർട്ടലിൽ നൽകി തങ്ങൾക്ക് അനുയോജ്യമായ ഉദ്യോഗാർത്ഥിയെ കണ്ടെത്താനും സാധിക്കും.

സ്കിൽ രജിസ്ട്രി - തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വ്യാവസായിക പരിശീലന വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, കുടുംബശ്രീ, എന്നിവയുടെ സഹകരണത്തോടെ ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് തൊഴിൽ വൈദഗ്ധ്യമുള്ളവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാനുതകുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ "സ്കിൽ രജിസ്ട്രി" എന്ന പേരിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. വിദഗ്ദ്ധ തൊഴിലാളികളുടെ സ്കിൽ രജിസ്ട്രി രൂപീകരണത്തിലൂടെ പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ എന്നിങ്ങനെ 42 സേവന മേഖലകളിലായി വിദഗ്ദ്ധരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു വിരൽത്തുമ്പിൽ ലഭ്യമാകുന്നതാണ്. തൊഴിൽ വൈദഗ്ധ്യമുള്ളവരെ സർവ്വീസ് പ്രൊവൈഡറായും ഇവരുടെ സേവനം ആവശ്യമുള്ളവരെ കസ്റ്റമറായും ഇതിൽ രജിസ്റ്റർ ചെയ്യിക്കാവുന്നതാണ്. സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തി കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡ്(KIIFB) മുഖേന ധനസഹായം ലഭ്യമാക്കി കേരളത്തിലെ 10 ഐ.ടി.ഐ-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ ചുമതലപ്പെടുത്തിയിരുന്നു. പദ്ധതിയിലുൾപ്പെട്ട 10 ഐ.ടി.ഐ-കളുടെയും നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ കയ്യൂർ ഒഴികെയുള്ള 9 ഐ.ടി.ഐ-കളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. കയ്യൂർ ഐ.ടി.ഐ-യുടെ കരാർ നടപടി അന്തിമ ഘട്ടത്തിലുമാണ്. കൂടാതെ തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന കേന്ദ്ര പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന - ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന തൊഴിൽ രഹിതർക്ക് വ്യാവസായിക മേഖല ആവശ്യപ്പെടുന്ന രീതിയിലുള്ള നൈപുണ്യ പരിശീലനം നൽകി തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കി മെച്ചപ്പെട്ട ജീവിത സൗകര്യം ലഭ്യമാക്കുക എന്നതാണ് മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പിന്റെ പ്രധാന പദ്ധതിയായ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY) യുടെ ലക്ഷ്യം. പി.എം.കെ.വി.വൈ. (PMKVY) 2.0 (2016-2020): പി.എം.കെ.വി.വൈ. (PMKVY) 2.0-യുടെ എല്ലാ ബാച്ചുകളുടെയും കേന്ദ്രീകൃത പോർട്ടൽ ആയ സ്കിൽ ഇന്ത്യ പോർട്ടൽ മുഖേനയുള്ള രജിസ്ട്രേഷൻ നടപടികൾ (enrollment) 31 മാർച്ച് 2020-ഓടുകൂടി പൂർത്തിയായി. എന്നാൽ Covid 19 ലോക്ക്ഡൗണിന്റെ ഭാഗമായി മാർച്ച് ആദ്യവാരം മുതൽ പരിശീലന പരിപാടികൾ നിർത്തിവച്ചിരുന്നു. തുടർന്ന് ഡിസംബർ 2020 മാസത്തിൽ പരിശീലന പദ്ധതി പുനരാരംഭിക്കുകയും പുരോഗമിക്കുകയും ചെയ്തുവരുന്നു. 25 മേഖലകളിലായി 61 കോഴ്സുകളാണ് നടപ്പിലാക്കിവരുന്നത്.

പി എം കെ വി വൈ (PMKVY)- 3.0 (2020- 2021) : പി എം കെ വി വൈ (PMKVY) 3.0 പദ്ധതി 2020-2021 കാലയളവിൽ നടപ്പിലാക്കാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിരുന്നു. ഈ നിർദ്ദേശം സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഉദ്ഘാടന ദിവസമായ 15 ജനുവരി 2021-നുതന്നെ ആകെയുള്ള പരിശീലന ടാർജറ്റിന്റെ 50 ശതമാനത്തിലധികം ടാർജറ്റുകളുടെയും സ്കിൽ ഇന്ത്യ പോർട്ടൽ മുഖേനയുള്ള രജിസ്ട്രേഷൻ നടപടികൾ (enrollment) പൂർത്തിയാക്കുകയും ചെയ്തു. ഈ പദ്ധതി പ്രകാരമുള്ള പരിശീലനം പുരോഗമിച്ചു വരുന്നു.

2. സങ്കൽപ് (SANKALP) (Skill Acquisition and Knowledge Awareness for Livelihood Promotion)- പദ്ധതി വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി കേന്ദ്രസർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സങ്കൽപ് (SANKALP)-. നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ KASE ആണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. നൈപുണ്യ വികസനത്തിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, രാജ്യത്തുടനീളമുള്ള യുവാക്കൾക്ക് ഗുണനിലവാരമുള്ളതും, വിപണിയിൽ അനുയോജ്യമായതുമായ പരിശീലനം വർദ്ധിപ്പിക്കുക, സംസ്ഥാനത്തെ നൈപുണ്യ വികസന പദ്ധതികളെ ഏകോപിപ്പിക്കുക, വിവിധ മേഖലകളിൽ വിദഗ്ധരായ പരിശീലകരുടെയും അസ്സെസ്സെഴ്സിന്റെയും ഒരു ശേഖരമുണ്ടാക്കുക, സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭങ്ങളിൽപ്പെട്ടവർ, ഭിന്നശേഷിക്കാർ തുടങ്ങി ദുർബല വിഭാഗങ്ങൾക്കായുള്ള വിവിധ നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയവയാണ് ടി പദ്ധതിയുടെ ലക്ഷ്യം. പദ്ധതി പൂർത്തീകരിക്കുന്നത് മാർച്ച് 2023-ൽ ആണ്. ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

## സമഗ്ര ജലവിഭവ മാനേജ്മെന്റ്

13(*223) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ.യു. ജനീഷ് കുമാർ:
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ സമഗ്രമായ ജലവിഭവ മാനേജ്മെന്റ് ഉറപ്പാക്കുന്നതിനായി എന്തെല്ലാം രീതികളാണ് അവലംബിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതോടൊപ്പം പുതിയ ജല

സംരക്ഷണ-വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യവും മുൻനിർത്തി തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക പ്രത്യേകതകൾ ഉൾക്കൊള്ളുന്ന സാങ്കേതിക മികവുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രാപ്തരാക്കു ന്നതിനുള്ള സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്. ജലമേഖലയിലെ എല്ലാ സാങ്കേതിക വകുപ്പുകളുടെയും ഏജൻസികളുടെയും സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തുതലം മുതൽ ജില്ലാ പഞ്ചായത്തുതലം വരെ സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജലസേചന വകുപ്പിലെ വിവിധ തലത്തിലുള്ള എഞ്ചിനീയർമാരാണ് ഈ സമിതികളുടെ കൺവീനർമാർ. പ്രാദേശിക കർഷകരെയും സാങ്കേതിക വിദഗ്ദ്ധരെയും ഒപ്പം കൂട്ടി സംസ്ഥാനത്തെ 1013 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരത്തിൽ തയ്യാറാക്കിയ നീർത്തട പ്ലാനുകൾ പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ പദ്ധതികൾ വിവിധ വകുപ്പുകളും തൊഴിലുറപ്പ് പദ്ധതി പ്രകാരവും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. പ്രവർത്തനങ്ങളുടെ ഗുണഫലം പരിശോധിക്കുന്നതിനും പുരോഗതി വിലയിരുത്തു ന്നതിനുമായി ഹരിതദൃഷ്ടി എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ച് ഉപയോഗിച്ചുവരുന്നു. ഇതുകൂടാതെ ജലസുരക്ഷ ഉറപ്പാക്കുന്നതിനായി പ്രാദേശികാടി സ്ഥാനത്തിൽ ജല ബഡ്ജറ്റ് തയ്യാറാക്കുന്ന പ്രവർത്തനവും സി.ഡബ്ല്യൂ.ആർ. ഡി.എം.-ന്റെ സാങ്കേതിക സഹായത്തോടെ നടന്നുവരുന്നു. ഐക്യരാഷ്ട്രസഭയുടെ പ്രഖ്യാപനമായ സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ 6-ാമത് ലക്ഷ്യമാണ് (ഗോൾ) " ശുദ്ധജലവും ശുചിത്വവും". 2030 ഓടുകൂടി ജലലഭ്യത ഉറപ്പുവരുത്തി, സുസ്ഥിര വികസനം സാധ്യമാക്കണമെന്ന പ്രഖ്യാപനംകൂടി ഉൾക്കൊണ്ടുള്ള സമഗ്രമായ സമീപനമാണ് ജലവിഭവ പരിപാലനത്തിലും സംരക്ഷണത്തിലും സ്വീകരിച്ചിട്ടുള്ളത്. ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പ്രധാന ആസൂത്രണ മാർഗ്ഗങ്ങളിലൊന്ന് സംയോജിത നീർത്തടാസൂത്രണമാണ്. ജലസംരക്ഷണത്തിന്റെ പ്രകൃതിദത്ത യൂണിറ്റായി കണക്കാക്കുന്നത് നീർത്തടങ്ങളെയാണ്. അതുകൊണ്ടുതന്നെ നീർത്തടാധിഷ്ഠിത ആസൂത്രണം വഴി ജലവിഭവ മാനേജ്മെന്റ് ശക്തവും സ്ഥായിയുമാക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഹരിത കേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധിയുടെ' ഭാഗമായി സംയോജിത നീർത്തടാധിഷ്ഠിത പ്ലാൻ തയ്യാറാക്കുന്നതിനുള്ള പരിശീലനം ടാസ്ക് ഫോഴ്സിലെ അംഗങ്ങൾക്ക് ലഭ്യമാക്കുകയും തുടർന്ന് ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകളും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്. നീർത്തട പ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ, റിഡ്ജ്-ടു- വാലി (മുകളിൽ നിന്ന് താഴേക്ക്) സമീപനം സ്വീകരിച്ചുകൊണ്ട് നിർവ്വഹിച്ചു വരുന്നു. ഉപരിതല ജല സ്രോതസ്സിന്റെ ശുചീകരണ സംരക്ഷണത്തിനോടൊപ്പം ഭൂജലപോഷണവും സാധ്യമാക്കി ജനപങ്കാളിത്തത്തോടുകൂടിയ പുതിയൊരു ജലവിഭവവിനിയോഗ സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനരീതിയാണ്

അവലംബിച്ചിട്ടുള്ളത്. ഭൂജലവകുപ്പ് ' ഭൂജലസംപോഷണവും, സംരക്ഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജലസ്രോതസ്സുകളുടെ പരിപോഷണത്തിനുമായി നടപ്പിലാക്കിവരുന്നുണ്ട്. ഹരിത കേരളം പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള സാങ്കേതിക സഹായവും വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭൂജല സംപോഷണ പദ്ധതികളും ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിവരുന്നുണ്ട്. കേരള ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് സമഗ്ര ജലവിഭവ മാനേജ്മെന്റ് സംബന്ധിച്ച പ്രവർത്തനങ്ങൾ ഇപ്രകാരമാണ്. കേരളത്തിലെ ജലക്ഷാമത്തിന് പ്രധാന കാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ച് നിർത്താനാവശ്യമായ അളവിൽ ജലസംഭരണികൾ ഇല്ലാത്തതാണ്. മഴക്കാലത്ത് പെയ്യുന്ന മഴവെള്ളം ഏതാനും മണിക്കൂറിനുള്ളിൽ കടലിലേക്ക് ഒഴുകി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. അനിയന്ത്രിതമായ നഗരവൽക്കരണം, നിലം-നീർച്ചാലുകൾ നികത്തൽ, നീർത്തട നശീകരണം, അനധികൃത കയ്യേറ്റങ്ങൾ, വനനശീകരണം, കാലാവസ്ഥാ വ്യതിയാനം, തുടങ്ങിയ കാരണങ്ങളാലും നദികളിലെ അനിയന്ത്രിതമായ മണലൂറ്റ് കാരണവും ജലസ്രോതസ്സുകൾ വറ്റിവരുന്ന സ്ഥിതി വിശേഷമുണ്ട്. കുടിവെള്ള സ്രോതസുകളിലെല്ലാം മഴയുടെ തോതനുസരിച്ച് മാത്രം ജലലഭ്യതയുള്ളതിനാൽ മഴയിലുണ്ടാകുന്ന വ്യതിയാനം കുടിവെള്ള പദ്ധതികളെ ബാധിക്കാറുണ്ട്. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം നദികളിൽ ആവശ്യത്തിന് ജല സംഭരണത്തിനായി അണക്കെട്ടുകൾ നിർമ്മിക്കുക എന്നതാണ്. എന്നാൽ സ്ഥല ലഭ്യതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം വൻകിട ജലസംഭരണികൾക്കുള്ള സാധ്യത കേരളത്തിൽ താരതമ്യേന കുറവാണ്. മേൽ സാഹചര്യത്തിൽ നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ വഴി നദികളെത്തന്നെ ജലസംഭരണികൾ ആക്കി മാറ്റി ജലം സംരക്ഷിക്കുവാനുള്ള സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. കൂടാതെ പ്രാദേശികമായ സാഹചര്യം വിലയിരുത്തി താൽക്കാലിക തടയണ നിർമ്മാണം, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ, തുടങ്ങിയ അത്യാവശ്യ ജല സംരക്ഷണ പ്രവൃത്തികൾ ആവശ്യാനുസരണം നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം വേനൽ രൂക്ഷമാകുമ്പോൾ പൊതുജനങ്ങൾ കൂടുതലായി കേരള ജല അതോറിറ്റി പദ്ധതികളെ ആശ്രയിക്കുകയും കൂടിയ ഉപഭോഗത്തിന് അനുസൃതമായി ജലവിതരണം നടത്താൻ സാധിക്കാതെ വരികയും ചെയ്യുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ ജനങ്ങൾതന്നെ മഴവെള്ളസംഭരണം നടത്തുന്നതുകൊണ്ട് സാധിക്കും എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ മഴവെള്ള സംഭരണത്തിന്റെയും ജലപരിപോഷണത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കാൻ നടപടി സ്വീകരിക്കുന്നു. പ്രധാനമായും ചുവരെഴുത്തുകൾ, പോസ്റ്ററുകൾ, ലഘുലേഖകൾ എന്നിവ മുഖാന്തരമാണ് ഇത്തരം സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നത്. പത്രങ്ങളിലൂടെയും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും സാമൂഹിക

മാധ്യമങ്ങൾ വഴിയും ജലസംരക്ഷണത്തിന്റെയും മഴവെള്ള സംഭരണത്തിന്റെയും ആവശ്യകത ജനങ്ങളിലേക്കെത്തിക്കുന്നുണ്ട്. കേരളം വേനൽക്കാലത്ത് നേരിടുന്ന ജലക്ഷാമം മുന്നിൽക്കണ്ട് തദ്ദേശസ്വയംഭരണം, റവന്യൂ, ആരോഗ്യം, കൃഷി എന്നീ വകുപ്പുകളുടെയും ജലവിഭവ വികസന വിനിയോഗ കേന്ദ്രം, ഹരിത കേരളം മിഷൻ എന്നിവയുടെയും സഹകരണത്തോടെ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ കേരള വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ജലവകുപ്പ്, ജലനിധി എന്നിവ സംയുക്തമായി നടപ്പിലാക്കിയ സംസ്ഥാന ബോധവൽക്കരണ പ്രചരണ പരിപാടിയായ 'ജലം ജീവാമൃതം' പദ്ധതിയുടെ ഭാഗമായി ഇത്തരം സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൈപുസ്തകം തയ്യാറാക്കി വിതരണം ചെയ്യുകയും ചെയ്തു. ജലദുരുപയോഗം കുറയ്ക്കുന്നതിനുവേണ്ടി മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. ജലസുരക്ഷയുടെ ഭാഗമായി അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളിൽ ഏതെങ്കിലും രീതിയിൽ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ അറിയിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സ്രോതസ്സുകൾക്ക് സമീപം വേലികെട്ടിയും പരസ്യബോർഡുകൾ സ്ഥാപിച്ചും ഒരുപരിധിവരെ ജലമലിനീകരണം തടയാൻ സാധിക്കുന്നുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണൽ എല്ലാ ജലാശയങ്ങളെയും ടാഗ് ചെയ്ത് മലിനമുക്തമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വളരെയധികം മലിനമായ കരമനയാറിനെയും കിള്ളിയാറിനെയും സീവേജ് മലിനീകരണത്തിൽനിന്നും സംരക്ഷിക്കാൻ വിവിധ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ജല ഉപയോഗം കാര്യക്ഷമമാക്കുന്നതിനും കുറഞ്ഞ ജലം ഉപയോഗപ്പെടുത്തി കൂടുതൽ സ്ഥലത്ത് ജലസേചനം സാധ്യമാക്കുന്നതിനുമായി നൂതന ജലസേചന രീതിയായ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ (DRIP IRRIGATION) രീതി പ്രാബല്യത്തിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 കാര്യാലയത്തിനു കീഴിലുള്ള വിവിധ പദ്ധതികളിലായി 1296 ഹെക്ടർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(ബി) ഹരിത കേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും വരൾച്ച അനുഭവപ്പെടുന്ന ജില്ലകളിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി ഒരു സാങ്കേതിക സമിതിയെ നിയോഗിച്ചിരുന്നോയെന്നും എങ്കിൽ പ്രസ്തുത സമിതിയുടെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നുവെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി ഹരിത കേരളം മിഷന്റെ ടാസ്ക് ഫോഴ്സ് തീരുമാനപ്രകാരം ഒരു സാങ്കേതിക സമിതിയെ നിയോഗിച്ചിരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം പാലക്കാട് ജില്ലയിൽ ഭവാനി നദിയിൽ-13, ഉത്തപ്പുഴയിൽ-6, കാസർഗോഡ് ചന്ദ്രഗിരിപ്പുഴയിൽ-9,

പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ നദിയിൽ -6-ഉം ബന്ധാരകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. സമിതിയുടെ പ്രധാന കണ്ടെത്തലുകൾ താഴെപ്പറയുന്നു.

1. കേരളത്തിൽ ലഭ്യമാകുന്ന മഴയുടെ അളവിൽ കാര്യമായ കുറവ് സംഭവിച്ചിട്ടില്ലെങ്കിലും ജലലഭ്യത ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

2. ഭൂജല ലഭ്യത, ജലക്ഷാമമുള്ള പ്രദേശങ്ങളിൽ കുറഞ്ഞുവരുന്നു. ആകെ ഉപയോഗിക്കാവുന്ന ഭൂജല ലഭ്യതയിൽ കുറവ് വന്നിട്ടില്ലെങ്കിലും ജലക്ഷാമമുള്ള പ്രദേശങ്ങളിൽ ഭൂജല വിതാനം വേനൽക്കാലത്ത് താഴുന്നു.

3. ജല ഗുണനിലവാരം സംസ്ഥാനത്ത് കുറഞ്ഞുവരുന്നു. കിണറുകളിലെ വെള്ളത്തിൽ മലിനീകരണത്തിന്റെ തോത് കൂടിവരുന്നതായി കാണുന്നു.

4. കേരളത്തിൽ ജലക്ഷാമമുള്ള പ്രദേശങ്ങളിൽ നടത്തിയ പഠനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങളും ഇടപെടലുകളും ശാസ്ത്രീയമായി പരിശോധിച്ചു. ഭൂജല പരിപോഷണത്തിനും ഉപരിതല സംഭരണത്തിനുമായി നടന്നുവരുന്ന പ്രവർത്തനങ്ങൾ പ്രാദേശിക പ്രത്യേകതകൾകൂടി കണക്കിലെടുത്ത് രൂപകൽപ്പന ചെയ്യേണ്ടതുണ്ട്.

5. ഉപരിതല ജലസംഭരണത്തിനായി വലിയ സംഭരണികൾ നിർമ്മിക്കുക കേരളത്തിൽ അസാദ്ധ്യമാണ്. വേനൽക്കാലത്ത് പ്രതേകിച്ചും തുലാവർഷത്തിനുശേഷമുള്ള നീരൊഴുക്ക് സംഭരിക്കുകയും മഴക്കാലത്ത് പൂർണ്ണമായും തുറന്നുവയ്ക്കുകയും ചെയ്യാവുന്ന സംഭരണികളാണ് കേരളത്തിന് കൂടുതൽ അനുയോജ്യം. നദിയുടെ സ്വാഭാവിക ഒഴുക്കിനെയും ജലജന്യ ജീവികളുടെ സഞ്ചാരത്തിനെയും ദോഷകരമായി ബാധിക്കാത്ത സംഭരണികൾ ഗോവയിലെ ബന്ധാര മാതൃകയിൽ സംസ്ഥാനത്ത് നടപ്പിലാക്കാവുന്നതാണ്. എളുപ്പത്തിൽ എടുത്തു മാറ്റാവുന്ന ഭാരം കുറഞ്ഞ ഷട്ടറുകൾ ഇതിന്റെ പ്രത്യേകതയാണ്.

(സി) ജലക്ഷാമത്തിന് പരിഹാരമായി മഴവെള്ള സംഭരണം ഊർജ്ജിതമാക്കാനാവശ്യമായ നൂതന മാർഗ്ഗങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിന്റെ മഴക്കാലവും ഭൂപ്രകൃതിയും മണ്ണിന്റെ പ്രത്യേകതകളും കണക്കിലെടുത്താണ് ഇവിടെ റീചാർജ്ജിംഗ് നടത്തേണ്ടത്. നമുക്ക് ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നത് തുലാവർഷത്തിനുശേഷം ലഭ്യമാകുന്ന നീരൊഴുക്കാണ്. ഇതിനായി കിണർ റീചാർജ്ജിംഗ്, കുളങ്ങളുടെ നിർമ്മാണവും പരിപാലനവും, താൽക്കാലിക

തടയണകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ധാരാളമായി ഏറ്റെടുത്തിട്ടുള്ളത്. ഇതുകൂടാതെ പാറമടകൾ, ജലസേചന കനാലുകൾ എന്നീ സ്രോതസ്സുകളിൽ സ്കെയിൽ സ്ഥാപിച്ച് മൊബൈൽ ആപ്ലിക്കേഷനിലൂടെ ജില്ലാ ഭരണാധികാരികൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ശാസ്ത്രീയമായ വിഭവ മാനേജ്മെന്റിന് സഹായകരമായ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. 3000 മി.മീ. വാർഷിക ശരാശരി മഴ ലഭ്യതയുള്ള സംസ്ഥാനമാണെങ്കിലും മഴക്കാലം കഴിയുന്ന തോടുകൂടി ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ധാരാളമുണ്ട്. കേരളത്തിന്റെ ഭൂപ്രകൃതിയും മണ്ണിന്റെ ഘടനയും ഇതിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്. മണ്ണിന്റെ തരവും ഭൂമിയുടെ ചരിവുമനുസരിച്ച് മഴവെള്ളം പരമാവധി സംഭരിക്കുക എന്നതാണ് പ്രധാനമായും നിർവ്വഹിക്കാൻ കഴിയുന്ന മാർഗ്ഗം. ഇതിനായി ഭൂജലപോഷണം സാധ്യമാക്കുന്ന നിർമ്മിതികൾ ആവശ്യമായ പര്യവേഷണത്തിനുശേഷം നടപ്പിലാക്കുകയും ഒപ്പം തോടുകളിലും നദികളുടെ പ്രധാന കൈവഴികളിലും പരിസ്ഥിതിക്ക് ദോഷം വരാത്തതരത്തിലുള്ള ചെറുസംഭരണികൾ നിർമ്മിക്കുകയും ചെയ്യുക, പാറമടകളിൽ സംഭരിക്കപ്പെട്ടിട്ടുള്ള ജലം പ്രാഥമിക പരിശോധനക്കുശേഷം ഭൂജല പോഷണത്തിലൂടെ കിണർ സംപോഷണത്തിന് വിനിയോഗിക്കാൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇതിനുപരിയായി റോഡിൽ മഴക്കാലത്ത് കെട്ടിനിൽക്കുന്ന ജലം റോഡിന് വശത്തായി ചെറിയ കുഴികൾ നിർമ്മിച്ച് അവയിൽ സംഭരിക്കുന്നത് വെള്ളക്കെട്ട് ഒഴിവാക്കാൻ സഹായിക്കുന്നുവെന്നതിനൊപ്പം സമീപത്തെ ഭൂജലവിതാനം താഴാതെ നിലനിർത്താനും സഹായിക്കുന്നു. കാട്ടാക്കട നിയോജകമണ്ഡലത്തിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ ഈ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട് എന്നത് എടുത്തുകാട്ടാവുന്ന ഉദാഹരണമാണ്. ജലക്ഷാമത്തിന് പരിഹാരമായി മഴവെള്ള സംഭരണം ഊർജിതമാക്കാൻ കേരള ജല അതോറിറ്റി പരിമിതമായ കാര്യങ്ങൾ ചെയ്തുവരുന്നു. കാലവർഷത്തിൽ ലഭിക്കുന്ന മഴ പ്രയോജനപ്പെടുത്തി കുടിവെള്ള സ്രോതസ്സുകൾ ജലസമൃദ്ധമാക്കുകയെന്ന ലക്ഷ്യത്തോടെ 2017-ൽ അതോറിറ്റിയുടെ കുടിവെള്ള സ്രോതസുകളിൽ തുറന്ന കിണറുകൾക്ക് സമീപം മഴക്കുഴികൾ നിർമ്മിക്കുകയുണ്ടായി. 2016-17-ൽ ശാസ്താംകോട്ട പ്ലാന്റിൽ മഴവെള്ളം സംഭരിക്കാനും നിലവിലുള്ള ഉപയോഗശൂന്യമായ കിണർ റീചാർജ് ചെയ്ത് ഉപയോഗയോഗ്യമാക്കുകയും ജലലഭ്യതയുള്ള സ്രോതസ്സുകൾക്ക് സമീപം ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തു. കൂടാതെ ജല അതോറിറ്റിയുടെ ജലശുദ്ധീകരണശാല, ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ പരമാവധി വൃക്ഷങ്ങൾ നട്ടും പരിപാലിച്ചും ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മേൽക്കൂര മഴവെള്ളം പ്രയോജനപ്പെടുത്തിയുള്ള ജലസംരക്ഷണം ഊർജ്ജിതപ്പെടുത്തുന്നതിനായി ശാസ്ത്രീയ മാർഗ്ഗമെന്നനിലയിൽ നടപ്പാക്കുന്നതിന് ഒരു മാതൃകാ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരികയാണ്. കെ.ആർ.ഡബ്ല്യു.എസ്.എ. (ജലനിധി)-യുടെ ഭാഗമായ ‘ മഴകേന്ദ്രം’ മുഖേന ‘ മഴവെള്ള സംഭരണം-ഭൂജല പരിപോഷണം’ എന്ന പദ്ധതി നടപ്പാക്കിവരുന്നുമുണ്ട്.

(ഡി) ജലനിധി പദ്ധതിയുടെ ഭാഗമായ 'മഴകേന്ദ്രം' മുഖേന മഴവെള്ള സംഭരണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങളും അവബോധ പരിപാടികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കെ.ആർ.ഡബ്ല്യു.എസ്.എ (ജലനിധി) യുടെ ഭാഗമായ ' മഴകേന്ദ്രം' മുഖേന ' മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പദ്ധതി' സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മഴവെള്ള സംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യകതയും ജനങ്ങളിലെത്തിക്കാൻ സഹായകരമായ വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, മാതൃക മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ/ നിർമ്മിതികൾ തുടങ്ങിയവ നടത്തുന്നുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന മലയോര, തീരദേശ ഗ്രാമ പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിക്കുന്നതിനും ഭൂജല സംവർധനത്തിനും സഹായകരമായ 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുകയുംചെയ്യുന്നു. സംഭരിച്ചുവച്ചിരിക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ചിട്ടയോടെ ഉപയോഗിക്കുന്നതിലൂടെ പ്രസ്തുത മാസങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകുന്നു. മഴക്കാലത്ത് സംഭരണികളിൽ സംഭരിക്കുന്ന വെള്ളം യഥേഷ്ടം കുടിക്കാനും ഗാർഹിക ആവശ്യങ്ങൾക്കുമായി ഉപയോഗിക്കാൻ സാധിക്കുന്നു. പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നടപ്പിലാക്കുന്നതുമൂലം ഗുണഭോക്താക്കളുടെ ഉടമസ്ഥതാബോധം വർദ്ധിക്കുകയും ചെയുന്നുണ്ട്. സംസ്ഥാന പദ്ധതി വിഹിതം ലഭ്യമാക്കിയ 2012-13 സാമ്പത്തിക വർഷം മുതൽ 2019-20 വരെ 44 ഗ്രാമ പഞ്ചായത്തുകളിലായി 8087 കുടുംബങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കാൻ സാധിച്ചു. കൂടാതെ 840 സർക്കാർ വിദ്യാലയങ്ങളിലും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി. ആയതിലൂടെ വിദ്യാർത്ഥി സമൂഹത്തിലും മഴവെള്ളത്തിന്റെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കിക്കൊടുക്കാൻ സാധിച്ചു. പ്രസ്തുത പരിപാടിയുടെ ഭാഗമായി 2020-21 സാമ്പത്തിക വർഷം 5 പഞ്ചായത്തുകളിലായി 750 കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികളും 800 കുടുംബങ്ങൾക്ക് കിണർ സംരക്ഷണവും പരിപാലനവും തുറന്ന കിണറുകളിലേയ്ക്ക് മഴവെള്ളം കടത്തിവിട്ട് റീചാർജ് ചെയുന്ന പ്രവൃത്തിയും ഏതാനും സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണം, ഭൂജലസംവർധന പ്രവർത്തനങ്ങളും, രണ്ട് പട്ടികജാതി /പട്ടിക വർഗ കോളനികളിൽ കമ്മ്യൂണിറ്റി മാനേജ്ഡ് മഴവെള്ള സംഭരണികളുടെ നിർമ്മാണപ്രവർത്തനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്.

## ശുദ്ധജലക്ഷാമം പരിഹരിക്കാനുള്ള പദ്ധതികൾ

14(*224) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. വി. ജോയി:
ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലക്ഷാമം പരിഹരിക്കാൻ കിഫ്ബി വഴി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളെക്കുറിച്ച് അറിയിക്കാമോ?

ശുദ്ധജലക്ഷാമം പരിഹരിക്കാൻ കിഫ്ബി വഴി 70 കുടിവെള്ള പദ്ധതികളാണ് കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. പ്രസ്തുത 70 കുടിവെള്ള പദ്ധതികൾക്ക് 4428.769 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. ടി പദ്ധതിയിലുൾപ്പെട്ട 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്നും 382.64 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. മേല്പറഞ്ഞ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കിഫ്ബിയുടെ അനുമതി ലഭിച്ച 70 കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബിയുടെ സാമ്പത്തിക സഹായത്താൽ നദികളിൽ റെഗുലേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള 7 പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ശുദ്ധജലക്ഷാമം നേരിടുന്ന ആലപ്പുഴ ജില്ലയിൽ എല്ലാ വീട്ടിലും കുടിവെള്ളമെത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ശുദ്ധജലക്ഷാമം നേരിടുന്ന ആലപ്പുഴ ജില്ലയിൽ എല്ലാ വീട്ടിലും കുടിവെള്ളമെത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. കമ്മീഷൻ ചെയ്ത പദ്ധതികൾ:- ആലപ്പുഴ കുടിവെള്ള പദ്ധതി– ആലപ്പുഴ മുനിസിപ്പാലിറ്റിക്കും പുറക്കാട്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക്, പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക്, മണ്ണഞ്ചേരി, മാരാരിക്കുളം സൗത്ത്, ആര്യാട് എന്നീ സമീപപഞ്ചായത്തുകൾക്കുംവേണ്ടി പമ്പാ നദി സ്രോതസ്സായി 62 ദശലക്ഷം ശേഷിയുള്ള ശുദ്ധീകരണശാലയോടുകൂടിയ പദ്ധതി 2017 മേയ് മാസം കമ്മീഷൻ ചെയ്തു. നൂറനാട്, താമരക്കുളം, പാലമേൽ, ചുനക്കര പഞ്ചായത്തുകളിൽ അച്ചൻ കോവിൽ നദി സ്രോതസ്സായി 10 ദശലക്ഷം ശേഷിയുള്ള ശുദ്ധീകരണശാല

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യോട്ടുകൂടിയ പദ്ധതി 2017 മേയ് മാസം കമ്മീഷൻചെയ്തു. മാന്നാർ, ചെന്നിത്തല പഞ്ചായത്തിൽ അച്ചൻകോവിൽ നദി സ്രോതസ്സായി 15 ദശലക്ഷം ശേഷിയുള്ള ശുദ്ധീകരണശാലയോട്ടുകൂടിയ പദ്ധതി 2017 ഫെബ്രുവരിയിൽ കമ്മീഷൻ ചെയ്തു. ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) അമൃത് പദ്ധതിക്ക് കീഴിലുള്ള നഗര ജലവിതരണ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അടൽ മിഷൻ ഫോർ റെജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) പദ്ധതിയിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിലായി 1112.74 കോടി രൂപയുടെ (പുതുക്കിയ ഭരണാനുമതി പ്രകാരം) 171 കുടിവെള്ള പ്രവൃത്തികളിൽ 103 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. അമൃത് പദ്ധതിക്ക് കീഴിലുള്ള നഗര ജലവിതരണ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശാദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) റീബിൽഡ് കേരള പദ്ധതിക്ക് കീഴിൽ ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

റീബിൽഡ് കേരള പദ്ധതിക്ക് കീഴിൽ ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

1. മുടങ്ങിക്കിടന്ന 7 കുടിവെള്ള പദ്ധതികൾ 182.6 കോടി രൂപ ചെലവിൽ പൂർത്തിയാക്കി 30,700 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതി (കേരള വാട്ടർ അതോറിറ്റി മുഖേന)
2. 2018-ലെ പ്രളയ മേഖലയിലുള്ള ഡാമുകൾ, കനാലുകൾ, നദീതടങ്ങൾ, പുഴകൾ, റെഗുലേറ്റർ കം ബ്രിഡ്ജുകൾ മുതലായവയുടെ നവീകരണത്തിനും കേടുപാടുകളും തകരാറുകളും പരിഹരിക്കുന്നതിനുമായി ജലസേചന വകുപ്പ് മുഖേന 108.58 കോടി രൂപയുടെ 98 പദ്ധതികൾ.
3. കൃഷിക്കാരുടെ ഗുണഭോക്തൃസംഘങ്ങൾ വഴി പാലക്കാട് ജില്ലയിൽ 5 കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ 20 കോടി ചെലവിൽ (KIIDC മുഖേന)
4. തിരുവനന്തപുരം നഗരത്തിലെ മാലിന്യ സംസ്കരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി റിപ്പോർട്ട് തയാറാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് 8 കോടി രൂപ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. ജലസ്രോതസ്സുകളെ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും ജലവിഭവ മാനേജ്മെന്റ് മികവുറ്റതാക്കുന്ന തിനുമായി IDRB യുടെ നേതൃത്വത്തിൽ KWRIS സോഫ്റ്റ് വെയർ സംവിധാനം രൂപപ്പെടുത്തു ന്നതിന് 3.8 കോടിയുടെ പദ്ധതി.

6. കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്ക കെടുതികൾ നിയന്ത്രിക്കുന്നതിനായി നെതർലാൻഡ്സ് സാങ്കേതികവിദ്യ ഉപയോ ഗിച്ചുള്ള റൂം ഫോർ റിവർ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 4.5 കോടി രൂപയുടെ പദ്ധതി.

7. നദീതട പരിപാലന അതോറിറ്റി രൂപീകരി ക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്കായി 8 കോടി രൂപയുടെ പദ്ധതി. മേൽ പറഞ്ഞവ കൂടാതെ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുറക്കാട് തോട്ടപ്പള്ളി പൊഴി സംരക്ഷണ പ്രവർത്തനങ്ങൾക്ക് 14.70 കോടി രൂപയുടെയും ഊർജ്ജ ഓഡിറ്റിനുവിധേയമായി ഊർജ്ജക്ഷമമല്ലാത്ത പമ്പുസെറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമതയുള്ള പുതിയ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിന് 7 കോടി രൂപയുടെയും പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

15(*225) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ അസാധാരണമായ കാലതാമസം നേരിടുന്നതാണ് സംസ്ഥാനത്തെ ജലവിതരണ സംവിധാനത്തിൽ വളരെ നാളുകളായുള്ള പ്രയാസങ്ങൾക്ക് പ്രധാനകാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസാധാരണമായ കാലതാമസം നേരിടുന്ന ജലവിതരണ പദ്ധതികളുടെ പുരോഗതി വിലയിരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. സാധാരണയായി ജലവിതരണ പദ്ധതികളുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നത് വിവിധ തരത്തിലുള്ള അനുമതികളുടെയും സ്ഥലമെടുപ്പ് സംബന്ധിച്ച വിഷയങ്ങളുണ്ട്. എന്നാൽ ഈ രീതിയിലുള്ള കാലതാമസങ്ങൾ പരമാവധി കുറക്കുന്നതിനായി

അടിയന്തര ശ്രദ്ധ നൽകുന്നതിന് പുതിയ രൂപത്തിലുള്ള ഒരു പദ്ധതി പുരോഗതി വിലയിരുത്തൽ സംവിധാനം KWA-ൽ അവലംബിച്ചിട്ടുണ്ട്. ഇത് മുഖാന്തരം ഏതൊരു പദ്ധതിയുടെയും പുരോഗതി വളരെ കൃത്യമായി വീക്ഷിക്കാൻ സാധിക്കും. അതോടൊപ്പംതന്നെ പൊതുജനങ്ങൾക്കും നിയമസഭാ സാമാജികർക്കും അവരവരുടെ നിയോജകമണ്ഡലത്തിലെ KWA പദ്ധതികളുടെ പുരോഗതി കൃത്യമായി മനസ്സിലാക്കാൻ KWA വെബ്സൈറ്റിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ഉദ്യോഗ സ്ഥർക്കുമേൽ കർശനമായ ഉത്തരവാദിത്വബോധം സ്വയമുണ്ടാകുകയും അതിലൂടെ പദ്ധതികളുടെ പൂർത്തീകരണത്തിലുള്ള കാലതാമസം ഒഴിവാക്കപ്പെടുകയുമാണ് ലക്ഷ്യമിടുന്നത്. ബഹുമാനപ്പെട്ട എല്ലാ സാമാജികരും ഈ അവസരം വിനിയോഗിച്ച് കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ അഭ്യർത്ഥിക്കുന്നു. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കുമാവശ്യമായ സേവനങ്ങൾ നൽകുന്നതിനോടൊപ്പം പുതിയ പദ്ധതികളും അറ്റകുറ്റപ്പണികളും ഒന്നിച്ച് കൊണ്ടു പോകേണ്ടി വരുന്നതിനാലും കേരള വാട്ടർ അതോറിറ്റി ചില പ്രദേശങ്ങളിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ചില അവസരങ്ങളിൽ കാലതാമസം നേരിടുന്നുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ കാലോചിതമായി മാറ്റങ്ങൾ നടപ്പിലാ ക്കാത്തതാണ് ഇത്തരമൊരു അവസ്ഥ സൃഷ്ടിക്കാനിടയാക്കിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അവ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റി കാലത്തിനനുസൃതമായ മാറ്റങ്ങൾ വരുത്തുന്നുണ്ട്. ഉപഭോക്താക്കൾക്ക് സേവനങ്ങൾ ഓൺലൈനിലൂടെ നേടാനുള്ള സംവിധാനങ്ങളും നൽകിവരുന്നുണ്ട്. കൂടാതെ ഓഫീസ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്ന തിനായി ഇപ്പോൾ ഹെഡ് ഓഫീസിൽ മാത്രം പരിമിതപ്പെടുത്തിയിരിക്കുന്ന DDFS സംവിധാനം വ്യാപകമാക്കാനും ലക്ഷ്യമിടുന്നുണ്ട്. കൂടാതെ കരാറുകൾക്ക് കാലതാ മസമില്ലാതെ ബില്ലുകൾ മാറുന്നതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറെ സംസ്ഥാന ട്രഷറിയിൽ ഒരു ഡയറക്ട് ഡിമാൻഡ് ഓഫീസർ (DDO) ആയി നിയമിച്ചിട്ടുണ്ട്. ഇതിലൂടെ കരാറുകാരുടെ ബില്ലുകൾ കാലതാമസമില്ലാതെ മാറാൻ കഴിയും. അതോടൊപ്പം എല്ലാ പദ്ധതി നിർവഹണത്തിന്റെയും വ്യക്തമായ വിവരങ്ങൾ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഉദാഹരണമായി ജല ജീവൻ മിഷന്റെ പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി ഓരോ മണിക്കൂറിലും കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടനയെക്കുറിച്ച് പഠിക്കുന്നതിനായി 2011-ൽ ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ നിയോഗിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂറും തടസ്സരഹിതമായ ജലവിതരണം സാധ്യമാകുന്നതിന് ഇനിയും കഴിയാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; എങ്കിൽ പ്രസ്തുത ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പഴക്കമേറിയ വിതരണ ശൃംഖലയിൽക്കൂടി കൂടുതൽ അളവിൽ പമ്പിംഗ് നടത്തുമ്പോൾ സ്വാഭാവികമായി വരുന്ന ലീക്കുകളും മറ്റു തകരാറുകളും സ്രോതസ്, ശുദ്ധീകരണ/പമ്പിംഗ് ശേഷിയുടെ അപര്യാപ്തത/വിതരണ ശൃംഖലയുടെ അപര്യാപ്തത, തുടരെത്തുടരെയുള്ള വൈദ്യുതി തടസ്സം, കാലാവസ്ഥയ്ക്ക് അനുസരിച്ച് ഭൂഗർഭ ജലവിതാനം താഴുന്നത്, വരൾച്ച എന്നിവ ജല വിതരണത്തിന് തടസ്സമുണ്ടാക്കുന്നു. ഇതിന് പരിഹാരമായി പഴക്കമുള്ള പൈപ്പുകൾ State Plan/KIIFB/MLA/MP Fund/LSGD/deposit തുടങ്ങിയ വിവിധ ഫണ്ടുകൾ ലഭ്യമാക്കി ഘട്ടംഘട്ടമായി മാറ്റിയിടുന്നുണ്ട്. കൂടിവരുന്ന ഉപയോഗം മുൻനിർത്തി മതിയായ വ്യാസമുള്ള പൈപ്പുകൾ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയും കൂടുതൽ കാര്യക്ഷമതയുള്ള പമ്പ് സെറ്റുകൾ സ്ഥാപിച്ചും ഇതിനായി വിപുലീകരണ പദ്ധതികൾ കേന്ദ്ര സംസ്ഥാന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. നിലവിൽ വിതരണ നഷ്ടം പരമാവധി കുറച്ച് 24 മണിക്കൂറും ഗുണമേന്മയുള്ള കുടിവെള്ള വിതരണം ഉറപ്പാക്കാനായി എ. ഡി. ബി. ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ നടപ്പിലാക്കി. കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിച്ചും നഗര/ഗ്രാമ വികസനത്തിന്റെ ഭാഗമായി പൈപ്പുകളിലുണ്ടാവുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും വാൽവുകൾ നിയന്ത്രിച്ചും അധിക പമ്പിംഗ് നടത്തിയും സ്രോതസുകൾ മെച്ചപ്പെടുത്തിയും ജലവിതരണം 24 മണിക്കൂറും തടസ്സം കൂടാതെ സാധ്യമാകുന്നതിനുള്ള നടപടികളെടുത്തുവരുന്നു. ജലനിധി കുടിവെള്ള പദ്ധതികൾ ആളോഹരി പ്രതിദിന ഉപയോഗം (lpcd) 70 ലിറ്റർ കണക്കാക്കിയാണ് രൂപ കല്പന ചെയ്തിട്ടുള്ളത്. എന്നാൽ കേരളത്തിൽ വെള്ളത്തിന്റെ ആളോഹരി ഉപയോഗം ഇതിലും വളരെ കൂടുതലാണ്. ജലനിധി പദ്ധതികൾ നടപ്പിലാക്കി യിട്ടുള്ളത് ജല ദൗർലഭ്യമുള്ളതും ബൃഹത് പദ്ധതികൾ നടപ്പാക്കാൻ കഴിയാത്ത പ്രദേശങ്ങളിലുമാകുന്നു. ചെറുകിട കുടിവെള്ള പദ്ധതികളാണ് ജലനിധി കൂടുതലായി നടപ്പിലാക്കിയിട്ടുള്ളത്. ഇവയുടെ ജലസ്രോതസ്സുകൾ തുറന്ന കിണറുകൾ, കുഴൽ കിണറുകൾ, അരുവികൾ, കുളങ്ങൾ, നീരുറവകൾ എന്നിവയാണ്. ഈ ജല സ്രോതസ്സുകളിലെ ജലലഭ്യതയുടെ പരിമിതി, 24 മണിക്കൂറും ജലവിതരണം നടത്താൻ പലപ്പോഴും അനുവദിക്കുന്നില്ല. ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികളാണ് നിർവ്വഹിക്കുന്നത്. ഗുണഭോക്തൃ സമിതി അംഗങ്ങൾ

ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നവരാണ്. ആയതിനാൽ അവർക്ക് അവരുടെ തൊഴിലിടങ്ങളിൽ പോകേണ്ടതിനാൽ 24 മണിക്കൂറും പദ്ധതി പ്രവർത്തിപ്പിക്കുന്നതിന് കഴിയില്ല. സമിതികൾക്കുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും തടസ്സരഹിതമായി ജലവിതരണം സാധ്യമാകുന്നതിന് കാരണമാകുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി അഭിമുഖീകരിക്കുന്ന മറ്റൊരു ഗൗരവമേറിയ വിഷയമാണ് കരാറുകാരുടെ സാമ്പത്തിക കുടിശ്ശിക. പലവിധ പദ്ധതികളിലായി പൂർത്തീകരണത്തിനുശേഷവും അതോടൊപ്പം പാർട്ട് ബില്ലുകളും യഥാസമയം മാറിനൽകാത്തതുകൊണ്ട് വാട്ടർ അതോറിറ്റിയുടെ ടെൻഡറുകളിൽ കരാറുകാർ പങ്കെടുക്കാൻ വൈമനസ്യം കാട്ടുന്നു. ഈ വസ്തുത വളരെ ഗൗരവതരമായി കാണേണ്ടതുണ്ട്. ആയതുകൊണ്ടുതന്നെ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് പല പ്രധാന കുടിവെള്ള പദ്ധതികളും ആരംഭിക്കാനോ ആരംഭിച്ചവ പൂർത്തീകരിക്കാനോ സാധിച്ചിട്ടില്ല. ജലജീവൻ മിഷൻ പദ്ധതിയുടെ കീഴിൽ നടക്കുന്ന പ്രവൃത്തികളിലും കരാറുകാരുടെ നിസ്സംഗത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈയൊരു വിഷയത്തെ വളരെ ഗൗരവതരമായി സമീപിക്കേണ്ടിയിരിക്കുന്നു.

## പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ

16(*226) ശ്രീ. കെ എം ഷാജി:
ശ്രീ. കെ.എൻ.എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളു ണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ കോളനികളുടെ സമഗ്ര വികസനത്തിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

അൻപതോ അൻപതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യ വികസനത്തിന്റെ പിന്നാക്കം നിൽക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമായതുമായ പട്ടികജാതി കോളനികളെ തെരഞ്ഞെടുത്ത് ഒരു കോടി രൂപ വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന സ്വയംപര്യാപ്ത ഗ്രാമം പദ്ധതി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കി

യിരുന്നു. ഇന്റേണൽ റോഡ്/ ഫുട്പാത്ത്, ആശയവിനിമയ സൗകര്യം, കുടിവെള്ള സൗകര്യങ്ങൾ, ഡ്രെയിനേജ് സൗകര്യങ്ങൾ, വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം, സോളാർ തെരുവ് വിളക്ക്, സാനിറ്റേഷൻ, ഭവന പുനരുദ്ധാരണം, മാലിന്യ നിർമ്മാർജ്ജനം, പൊതുവായ സൗകര്യം മെച്ചപ്പെടുത്തൽ/ കളിസ്ഥലം മുതലായവ, സംരക്ഷണ ഭിത്തി നിർമ്മാണം, ഇറിഗേഷൻ, അടുക്കളത്തോട്ടം, വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം, ഹോർട്ടികൾച്ചർ/ വീവിംഗ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി) പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തികവർഷം മുതൽ അടിസ്ഥാനസൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ കോളനികളെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഒരു കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്ന അംബേദ്കർ ഗ്രാമവികസന പദ്ധതിയും പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. 2018-19 മുതൽ കുടുംബങ്ങളുടെ എണ്ണം മുപ്പതോ അതിലധികമോ എന്ന് ഭേദഗതി ചെയ്തു. 2016-17-ൽ 248 ഗ്രാമങ്ങൾ ഏറ്റെടുത്തതിൽ 52 എണ്ണം പൂർത്തിയായി. 2018-19-ൽ പ്രളയ പുനരധിവാസത്തിന്റെ ഭാഗമായി 80 കോളനികളിൽ പരിധിയില്ലാതെ പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2019-20-ൽ 90 കോളനികളെക്കൂടി തെരഞ്ഞെടുത്തിട്ടുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനമാണ് ഈ പദ്ധതയിലൂടെ ലക്ഷ്യമിടുന്നത്. അടിയന്തരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമപ്രവർത്തനങ്ങൾ മുതലായവയാണ് ടി പദ്ധതി മുഖേന നടപ്പിലാക്കിവരുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ഭവനപുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 62 പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

## സ്വാഭാവിക വനങ്ങളുടെ സംരക്ഷണം

17(*227) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഡി.കെ. മുരളി:
ശ്രീ. ജെയിംസ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടെയുള്ള സ്വാഭാവിക വനങ്ങൾ സംരക്ഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഈ സർക്കാർ അധികാരമേറ്റശേഷം വനവിസ്തൃതി വർദ്ധിപ്പിക്കാനായിട്ടുണ്ടോ?

സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടെയുള്ള സ്വാഭാവിക വനങ്ങൾ സംരക്ഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) വന്യജീവിസങ്കേതങ്ങൾക്കും വനാതിർത്തികൾക്കും ചുറ്റുമുള്ള പ്രദേശങ്ങൾ പരിസ്ഥിതിലോല പ്രദേശമാക്കി മാറ്റുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

ഉണ്ട്. ശെന്തുരുണി, ഇടുക്കി, മംഗളവനം, മതികെട്ടാൻശോല, മലബാർ, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നത് സംബന്ധിച്ച കരട് വിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രദേശവാസികളുടെ ആശങ്കകളെത്തുടർന്ന് വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവയെയും ഒഴിവാക്കിക്കൊണ്ടുള്ള കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. തുടർന്ന് ശെന്തുരുണി, പെരിയാർ ടൈഗർ റിസർവ്, ഇടുക്കി, തട്ടേക്കാട്, പീച്ചി-വാഴാനി, ചൂലന്നൂർ, പറമ്പിക്കുളം, സൈലന്റ് വാലി, മലബാർ, വയനാട്, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖലയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) വനസംരക്ഷണം കാര്യക്ഷമമായതിനെത്തുടർന്ന് വന്യജീവികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് വന്യജീവികൾ മനുഷ്യർക്കുനേരെ നടത്തുന്ന ആക്രമണവും കൃഷിനാശവും വർദ്ധിപ്പിക്കാതിരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വന്യമൃഗ ആക്രമണം തടയുന്നതിന് സൗരോർജ്ജ കമ്പിവേലികൾ, ആന കിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. വന്യമൃഗങ്ങൾ വെള്ളം കുടിക്കുന്നതിനായി നാട്ടിലെത്തുന്നത് തടയാൻ വനത്തിനുള്ളിൽ ഗള്ളി പ്ളഗ്ഗിംങ് നടത്തിയും കുളങ്ങൾ, ചെക്ക് ഡാമുകൾ, നീർച്ചാലുകൾ എന്നിവ നവീകരിച്ചും നിർമ്മിച്ചും ചതുപ്പുകൾ വൃത്തിയാക്കുകയും ചെയ്തുവരുന്നു. കുടിവെള്ളം ലഭ്യമാക്കുന്നതിനായി നിലവിലെ തടയണകളിലെ ചെളിനീക്കൽ പ്രവൃത്തികൾ ചെയ്ത് വനത്തിനുള്ളിൽ ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. ജലലഭ്യത, തീറ്റലഭ്യത എന്നിവ ഉറപ്പാക്കാൻ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ആയവ ഉണങ്ങിപ്പോകാതെ സംരക്ഷിക്കുകയും ചെയ്യുന്നു. കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വർഷംതോറും നടത്തിവരുന്നു. നാളിതുവരെ 151 ചെക്കുഡാമുകളും 27 കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പഴയ ചെക്കുഡാമുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചുവരുന്നുണ്ട്. കൂടാതെ ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയാൻ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് ബോധവത്കരണം നടത്തുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജനകീയ കമ്മിറ്റികളുടേയും ആർ.ആർ.റ്റി.കളുടേയും സേവനം മേൽ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone pitched trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ് ഫെൻസ് എന്നിവയും നിർമ്മിച്ചിട്ടുണ്ട്.

### ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

18(*228) ശ്രീ. സജി ചെറിയാൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മന്ത്രിതലത്തിൽ ബോർഡുകളുടെ അവലോകന യോഗങ്ങൾ പ്രത്യേകമായി ചേരുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. കൂടാതെ ലേബർ കമ്മീഷണറും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ്/സെക്രട്ടറിമാരുടെ യോഗം വിളിച്ചുചേർത്ത് ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനുവേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനായി കമ്പ്യൂട്ടറൈസേഷനും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ അടക്കമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് കൂടുതൽ തൊഴിലാളികളെ ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചു. തൊഴിൽ വകുപ്പിന്റെ കീഴിൽവരുന്ന 16 ക്ഷേമനിധി ബോർഡുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരങ്ങൾ അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൂട്ടിച്ചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയായ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അംശദായവും തൊഴിലുടമാവിഹിതവും കാലോചിതമായി വർദ്ധിപ്പിച്ച് ക്ഷേമനിധി ബോർഡുകളെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വിവിധ ക്ഷേമനിധി ബോർഡുകളിൽ വർദ്ധിപ്പിച്ച അംശദായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഈ സർക്കാർ കാലയളവിൽ ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്തവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ട്രേഡ് യൂണിയൻ സംഘടനകൾക്കിടയിൽ അഭിപ്രായ രൂപീകരണം നടത്തിയതിനുശേഷം സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തീരുമാനിച്ചിട്ടുണ്ട്. ബോർഡുകളുടെ ക്ഷേമപ്രവർത്തനങ്ങൾ, സാമ്പത്തിക സ്ഥിതി, ഭരണച്ചെലവ് സംബന്ധിച്ചുള്ള സമഗ്രവിവരങ്ങൾ എന്നിവ പരിശോധിച്ച്, വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തിക്കൊണ്ട് തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബോർഡുകളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയെ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള ഷോപ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## അരുവിക്കര കുപ്പിവെള്ള പ്ലാന്റ്

19(*229) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ള വില നിയന്ത്രിക്കാൻ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ് ?

സംസ്ഥാനത്ത് കുപ്പി വെള്ളത്തിന്റെ ന്യായവിലയ്ക്കുള്ള ലഭ്യതയും നീതി പൂർവ്വകമായ വിതരണവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 17-3-2020-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 5/2020/ഭ.പൊ.വി.വ. (SRO No. 237/ 2020) പ്രകാരം വിപണിയിൽ വിൽക്കുന്ന കുപ്പി വെള്ളത്തിന്റെ പരമാവധി റീട്ടെയിൽ വില 1 ലിറ്ററിന് 13 രൂപയായി നിശ്ചയിച്ച് വിജ്ഞാപനം ഉത്തരവായിട്ടുള്ളതാണ്. ടി വിജ്ഞാപനം പ്രാബല്യത്തിൽ വന്നതുമുതൽ ലീഗൽ മെട്രോളജി വകുപ്പ് സംസ്ഥാനത്തൊട്ടാകെ കുപ്പി വെള്ളത്തിന് അമിത വില ഈടാക്കുന്നത് സംബന്ധിച്ച് വ്യാപക പരിശോധനകൾ നടത്തിവരുന്നു. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപറേഷനും (KIIDC) 'ഹില്ലി അക്വ' എന്ന പേരിൽ കുപ്പിവെള്ളം വിതരണം ചെയ്തുവരുന്നുണ്ട്.

(ബി) ജനങ്ങൾക്ക് മെച്ചപ്പെട്ട നിലവാരത്തിലുള്ള കുപ്പിവെള്ളം ലഭ്യമാക്കുക എന്ന് ഉദ്ദേശ്യത്തോടെ നിർമ്മാണം ആരംഭിച്ച അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ് ?

അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാന്റ് 16-1-2021-ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) കുപ്പിവെള്ള പ്ലാന്റിന് ബി.ഐ.എസ്. അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ?

കുപ്പിവെള്ള പ്ലാന്റിന് ബി. ഐ. എസ്. അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്ലാന്റിന്റെ നടത്തിപ്പ് കെ.ഐ.ഐ.ഡി.സി.-യെ ഏല്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; കേരള വാട്ടർ അതോറിറ്റി സ്വന്തമായി നടത്താതെ പ്ലാന്റ് മറ്റൊരു കമ്പനിക്ക് കൈമാറിയത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കുമോ ?

അരുവിക്കര ഡാമിനു സമീപം ജല അതോറിറ്റിയുടെ കൈവശമുള്ള സ്ഥലത്ത് കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് 2008-ൽ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് കേരള വാട്ടർ അതോറിറ്റി പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും വിവിധ കാരണങ്ങളാൽ പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ നീണ്ടുപോയി. മാത്രവുമല്ല ഡിസൈനിലെ ചില സാങ്കേതിക തകരാറുകൾമൂലം BIS മുതലായ സ്ഥാപനങ്ങളിൽനിന്ന് ലൈസൻസ് ലഭിയ്ക്കുന്നതിന് പ്രയാസവും നേരിട്ടു. ഇതിനെ തുടർന്ന് 28-2-2020- ലെ സർക്കാർ ഉത്തരവ് നമ്പർ. (കൈ)17/2020/WRD പ്രകാരം അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ തുടർപ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോകുന്നതിനായി കുപ്പിവെള്ള നിർമ്മാണ വിതരണ രംഗത്ത് പരിചയ സമ്പത്തുള്ളതും സർക്കാർ ഉടമസ്ഥതയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപറേഷൻ (KIIDC) എന്ന സ്ഥാപനത്തിന് പ്ലാന്റ് കൈമാറി ഉത്തരവായി.

## വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രൂപീകരണം

20(*230) ശ്രീ. ജി .എസ് .ജയലാൽ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ ഗോത്ര യുവജന വിഭാഗങ്ങളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക' എന്ന ലക്ഷ്യത്തോടെ അഭ്യസ്തവിദ്യരായ ഗോത്ര യുവജന വിഭാഗങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുക, മാനവശേഷി വർദ്ധിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾക്കാണ് പ്രധാനമായും ഊന്നൽ നൽകുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിദേശത്തും സ്വദേശത്തും തൊഴിൽ നേടിക്കൊടുക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ തൊഴിൽ നൈപുണ്യ വികസന പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിൽ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് കം ഗൈഡൻസ് സെന്റർ ഫോർ എസ്.സി/എസ്.ടി.-യിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പി.എസ്.സി/ യു.പി.എസ്.സി, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്നതിനുള്ള പരിശീലന ക്ലാസുകളും പത്ത് മാസം നീണ്ടു നിൽക്കുന്ന സ്റ്റെനോഗ്രാഫി പരിശീലന ക്ലാസുകളും സൗജന്യമായി നടത്തുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലായി അധിവസിക്കുന്ന തിരുവനന്തപുരം പാലോട് കേന്ദ്രമായി ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് ഗോത്രവിഭാഗക്കാർക്കായി ക്യാമ്പ് രജിസ്ട്രേഷനും ബോധവൽക്കരണ ക്ലാസും നടത്തിവരുന്നുണ്ട്. അഭ്യസ്തവിദ്യരല്ലാത്ത തൊഴിൽരഹിതർക്ക് കാർഷിക മേഖലയിലും കെട്ടിട നിർമ്മാണ മേഖലയിലും തൊഴിലുറപ്പ് പദ്ധതിയിലും തൊഴിൽ ലഭ്യമാക്കുകയെന്ന സമീപനത്തോടെ കേരള ട്രൈബൽ പ്ലസ് പദ്ധതി, റിവോൾവിംഗ് ഫണ്ട് (തൊഴിലുറപ്പ്), മില്ലറ്റ് വില്ലേജ് പദ്ധതി, പ്രത്യേക വരുമാനദായക കാർഷിക ഉദ്യമ പദ്ധതി, നിർമ്മാണ മേഖലയിലെ ഗോത്രജീവിക പദ്ധതി, എന്നിവ നടപ്പിലാക്കി തൊഴിൽ ഉറപ്പുവരുത്താൻ സാധിച്ചു. ടി പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം പട്ടികവർഗ്ഗക്കാർക്കിടയിൽ സംരംഭകത്വ വികസനത്തിനും ജീവനോപാധികൾ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്.

തൊഴിൽ നൈപുണ്യം -

സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കരിയർ ഗൈഡൻസ് ജോബ് ഫെയർ: ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. 2017-18 -ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഫോർ സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു. ഈ

സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ്‌വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ 128 പേർക്ക് പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തി. ഈ സ്ഥാപനം വഴി 300-ഓളം വിദ്യാർത്ഥികൾക്ക് ഒരേസമയം പരിശീലനം നൽകുന്നതിന് സാധിക്കും. 2018-19-ൽ വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനികരീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതി കൾക്ക് പരിശീലനം നൽകുകയും ഇവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണ ഫാക്ടറി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2020-21 വർഷം പദ്ധതിയുടെ രണ്ടാംഘട്ടമെന്ന നിലയിൽ വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ 350 പട്ടികവർഗ്ഗ വനിതകൾക്കുകൂടി ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണ പരിശീലനം നൽകുന്നതിനായുള്ള പദ്ധതിക്ക് (അപ്പാരൽ പാർക്ക് ) 673.49 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ഗോത്രജീവിക</u> : 2016-17 വർഷം മുതൽ ആരംഭിച്ച ടി പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വ വികസനത്തിലൂടെ തൊഴിൽ ചെയ്തുവരുന്നു. 2021-22 വർഷത്തിൽ പദ്ധതിയുടെ രണ്ടാംഘട്ടമായി 1050 പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകി പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

<u>തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി:</u>

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിനങ്ങൾക്കുപുറമെ കേരളത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. കൂടാതെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർക്ക് ആഴ്ചയിലൊരിക്കൽ വേതനം നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ടായി പട്ടികവർഗ്ഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ 2895 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകി ജോലി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഗോത്ര യുവജനങ്ങളുടെ താല്പര്യത്തിന്റെയും അഭിരുചിയുടെയും അടിസ്ഥാനത്തിൽ അനുയോജ്യമായ നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. തൊഴിലുകളിൽ ഗോത്രജനതയുടെ താത്പര്യവും അഭിരുചിയും മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നു. ഈ ഫെയറിൽ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പരിശീലന സ്ഥാപനങ്ങളെ പങ്കെടുപ്പിക്കുകയും അവരുമായി കോഴ്സുകളെ സംബന്ധിച്ച് വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിനും ഇവിടെ അവസരമൊരുക്കുന്നു. ഇതിലൂടെ ഒരാൾക്ക് അയാളുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ കണ്ടെത്താൻ അവസരമൊരുക്കുന്നു. കൂടാതെ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ പരിഹരിച്ച് അവരെ തൊഴിലിന് പ്രാപ്തരാക്കുന്നതിന് വിവിധ വകുപ്പുകളുമായി സഹകരിച്ച് സമഗ്രമായ ഇടപെടൽ നടത്തുന്ന 'സമന്വയ' എന്ന പദ്ധതിയിലൂടെ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കുള്ള പരിശീലനം, നൈപുണ്യ വികസനം, സ്വയംതൊഴിലിനുള്ള സഹായം, അഭിമുഖങ്ങൾക്കും ഗ്രൂപ്പ് ഡിസ്കഷനുമുള്ള പ്രായോഗിക പരിശീലനം, വിവിധ മത്സര പരീക്ഷകൾക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ സഹായം, തൊഴിൽ സംരംഭകത്വ പരിശീലനം, കരിയർ ഗൈഡൻസ് എന്നിവയും നൽകിവരുന്നുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന തൊഴിൽദായകരെയും തൊഴിൽ രഹിത ഗോത്രയുവജനങ്ങളെയും ഒരു പൊതുവായ വേദിയിൽ കൊണ്ടുവരുന്ന രീതിയിൽ വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രൂപീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

തൊഴിൽ കമ്പോളത്തിൽ ആവശ്യങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലാളികളുടെ നൈപുണ്യവും തമ്മിൽ അന്തരമുള്ളതിനാൽ നിലവിലെ തൊഴിൽ മേഖലയ്ക്ക് ആവശ്യമായ തരത്തിലുള്ള കഴിവുകൾ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പരിശീലനത്തിലൂടെ നൽകി ഇവരെ ആധുനിക തൊഴിൽ മേഖലയുമായി ബന്ധിപ്പിക്കുന്നതിനായുള്ള 'വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' എന്ന പദ്ധതി സംബന്ധിച്ച നയരൂപീകരണ ഘട്ടത്തിലാണ്.

(ഡി) വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങളും തന്മൂലം ഗോത്ര യുവജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളും വ്യക്തമാക്കുമോ?

വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റിന്റെ ഒന്നാംഘട്ടത്തിൽ വിദ്യാഭ്യാസം നേടിയ പട്ടികവർഗ്ഗ യുവതീയുവാക്കളെയാണ് ലക്ഷ്യം വയ്ക്കുന്നത്. പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന വിവരങ്ങൾ സംബന്ധിച്ച ഡാറ്റാബേസിൽ നിന്നുമാണ് വിദ്യാഭ്യാസം നേടിയ

യുവതീയുവാക്കളുടെ വിവരം ശേഖരിക്കുന്നത്. ഇത്തരത്തിൽ തെരഞ്ഞെടുക്കുന്നവരെ ഫിനിഷിംഗ് സ്കൂൾ മുഖേന അവരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുകയും വൻകിട സ്ഥാപനങ്ങളുടെ പ്രവർത്തന സാഹചര്യങ്ങൾക്ക് അനുസൃതമായി ജോലി ചെയ്യുന്നതിനും ആയതിലൂടെ അവരിൽ ആത്മവിശ്വാസം ഉയർത്തുന്നതിനുമുള്ള പ്രത്യേക പരിശീലനം നൽകുകയും 10 മുതൽ 15 വരെ അംഗങ്ങളുള്ള ചെറിയ ഗ്രൂപ്പുകൾ സൃഷ്ടിക്കുകയും ആയതിലൂടെ പരസ്പര സഹകരണം ഉറപ്പുവരുത്താനും വളരെയധികം പിന്നോക്കം നിൽക്കുന്നവർക്ക് ഏറ്റവും അടുത്തുള്ള സ്ഥലങ്ങളിൽത്തന്നെ ജോലി ലഭിക്കുന്നതിനുള്ള സാഹചര്യവും സൃഷ്ടിക്കുന്നതായിരിക്കും. ഇതോടൊപ്പം യുവതീ യുവാക്കൾക്ക് അധിക നൈപുണ്യ പരിശീലനം നൽകി കൂടുതൽ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കാനും ഈ പദ്ധതി ലക്ഷ്യംവയ്ക്കുന്നു.

## ക്ഷീരമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

21(*231) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഗീതാ ഗോപി:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ക്ഷീരമേഖല അഭിമുഖീകരിക്കുന്ന ഏതൊക്കെ പ്രശ്നങ്ങളെ നേരിടുന്നതിനും ആയതിന് ഫലപ്രദമായ പരിഹാരം കാണുന്നതിനും സാധിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

ഈ സർക്കാർ നിലവിൽ വന്നശേഷം ക്ഷീരമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾക്ക് ചുവടെ ചേർക്കുന്ന പദ്ധതികളിലൂടെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

കിടാരി പാർക്ക് പദ്ധതി :

ക്ഷീര വികസന വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി അന്യ സംസ്ഥാനത്തു നിന്നും കറവപ്പശുക്കളെ കൊണ്ടുവന്നിരുന്നത് ക്ഷീരകർഷകർക്ക് പലവിധ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്. കിടാരി പാർക്ക് പദ്ധതിയിലൂടെ നമ്മുടെ നാട്ടിലെയും അന്യസംസ്ഥാനങ്ങളിൽനിന്നും കിടാരികളെ എത്തിച്ച് അവയെ വളർത്തി കറവപശുക്കളാക്കി ആവശ്യമുള്ള കർഷകർക്ക് നൽകുന്നു. നല്ല വർഗ്ഗഗുണമുള്ള പശുക്കളെ വളർത്തി കറവപശുക്കളാക്കി താല്പര്യമുള്ള കർഷകർക്ക് നൽകാൻ കഴിയുന്നു.

<u>കർഷക കടാശ്വാസ പദ്ധതി</u>:

വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ റിക്കവറി നടപടികൾ നേരിടേണ്ടി വന്ന ക്ഷീരകർഷകർക്ക് 2016-17 സാമ്പത്തികവർഷം കടാശ്വാസ പദ്ധതി നടപ്പിലാക്കി.

<u>തീറ്റപ്പുല്ലിന്റെ ലഭ്യത</u>:

2016-17 മുതൽ കൂടുതൽ തുക തീറ്റപ്പുൽ കൃഷി പദ്ധതിക്കായി വകയിരുത്തുകയും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുകയും വാണിജ്യാടിസ്ഥാനത്തിൽ കൃഷിക്കായി തരിശുഭൂമി പ്രയോജനപ്പെടുത്തുകയും ചെയ്യുകവഴി കാലികൾക്ക് ആവശ്യമായ തീറ്റപ്പുൽ ഏകദേശം 47 ശതമാനത്തോളം നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. 2019-2020 സാമ്പത്തികവർഷം 957 ക്ഷീരകർഷകർക്ക് തീറ്റപ്പുൽകൃഷി നടത്തുന്നതിന് 1,15,12,866 രൂപ ക്ഷീരവികസന വകുപ്പ് കൂടാതെ മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്.

<u>ക്ഷീരസാന്ത്വനം</u>:

ക്ഷീരകർഷകരുടെയും അവരുടെ കുടുംബത്തിന്റെയും, ഒപ്പം കന്നുകാലികളുടെയും സുരക്ഷ ഉറപ്പാക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു.

<u>വയ്ക്കോൽ/പച്ചപ്പുൽ സംഭരണം</u>:

ക്ഷീരസംഘങ്ങളിലൂടെ കുറഞ്ഞ വിലയ്ക്ക് വയ്ക്കോൽ, പച്ചപ്പുൽ എന്നിവ സംഭരിച്ച് കുറഞ്ഞ വിലയിൽ വിതരണം നടത്തുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കി.

<u>പെൻഷൻ</u>:

ക്ഷീരകർഷക ക്ഷേമനിധിയുടെ സാമൂഹിക സുരക്ഷാ പെൻഷൻ, കുടുംബ പെൻഷൻ എന്നിവ യഥാക്രമം 500-ൽ നിന്ന് 1500 രൂപയായും, 150 രൂപയിൽ നിന്ന് 500 രൂപയായി ഉയർത്തി.

<u>എലവേറ്റഡ് ആന്റ് കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ്ഡ്</u>:

പ്രളയകാലത്ത് 200 കന്നുകാലികളെവരെ സുരക്ഷിതമായി പാർപ്പിക്കുന്നതിനായി പ്രളയസാധ്യതാ മേഖലയായ കുട്ടനാട്ടിൽ രണ്ട് എലവേറ്റഡ് ക്യാറ്റിൽ ഷെഡ്ഡുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

<u>ക്ഷീരനവോത്ഥാനം</u>:

44 കോടി രൂപ ചെലവഴിച്ച് 2018-ലെയും 2019-ലെയും പ്രളയത്തിൽ കന്നുകാലികളും മറ്റും നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് കറവപ്പശുക്കളടക്കമുള്ള സഹായങ്ങൾ നൽകി.

<u>കറവക്കാരുടെ അഭാവം</u>:

കുടുംബശ്രീ പോലെയുള്ള സ്വയംസഹായ ഗ്രൂപ്പുകൾക്ക് പരിശീലനം നൽകി വനിതകൾക്ക് ഒരു വരുമാന മാർഗ്ഗമെന്ന നിലയ്ക്ക് കറവ ഒരു തൊഴിലായി സ്വീകരിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ഈ വർഷം വിഭാവനം ചെയ്തിട്ടുണ്ട്.

<u>കന്നുകുട്ടികളെ ദത്തെടുക്കൽ</u>:

ജനിച്ച അന്നുമുതൽ കന്നുകുട്ടികളെ ദത്തെടുത്ത് അവയ്ക്ക് തീറ്റ, വിരമരുന്ന്, വിറ്റാമിൻ സപ്ലിമെന്റുകൾ എന്നിവ നൽകി വളർത്തി വലുതാക്കുന്നതിനുള്ള സഹായപദ്ധതി നടപ്പിലാക്കി.

<u>ക്ഷീരസഹകരണ സംഘങ്ങൾക്ക് സോളാർ പവർ യൂണിറ്റുകൾ</u>:

പാൽ ശീതീകരിക്കുന്നതിനും മറ്റുമായി ക്ഷീര സഹകരണ സംഘങ്ങൾക്ക് സോളാർ പവർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

<u>ക്ഷീരകർഷക പാർലമെന്റ്</u>:

ക്ഷീര കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരവും സംബന്ധിച്ച് ക്ഷീരകർഷകരുടെ ഗ്രൂപ്പ് ചർച്ചകളിൽ ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങൾ പ്രശ്നപരിഹാര പദ്ധതികളാക്കി രൂപപ്പെടുത്തുന്നു.

<u>തീറ്റ വില വർദ്ധന</u>:

ഇതിന് പരിഹാരമായി സബ്സിഡി നിരക്കിൽ തീറ്റ വിതരണം നടത്തുന്നു. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന കന്നുകുട്ടി പരിപാലന പദ്ധതിയിൽ തെരെഞ്ഞെടുത്ത കന്നുകുട്ടികൾക്ക് 6-30 മാസം സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിവരുന്നു. ടി പദ്ധതിയിൽ ഒരു കന്നുകുട്ടിക്ക് 12,500 രൂപയാണ് ആകെ സബ്സിഡി നൽകുന്നത്.

മൃഗചികിത്സ:

മൃഗാശുപത്രികൾവഴി മികച്ച വെറ്ററിനറി ചികിത്സാ സേവനവും ലഭ്യമാക്കി വരുന്നു. 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾക്കുപുറമെ 26 മൃഗാശുപത്രികളിൽ കൂടി രാവിലെ 8 മുതൽ രാത്രി 8 മണിവരെ 2 ഷിഫ്റ്റും രാത്രികാല അടിയന്തര മൃഗചികിത്സക്കായി കരാറടിസ്ഥാനത്തിൽ വെറ്ററിനറി സർജൻ, അറ്റൻഡന്റ് എന്നിവരെയും നിയോഗിച്ച് 24 മണിക്കൂർ സേവനം ഉറപ്പാക്കിയിട്ടുണ്ട്.

(ബി) കേരളത്തിലെ കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി, സ്പെഷ്യൽ ഗോവർദ്ധിനി എന്നീ പദ്ധതികൾ നടപ്പിലാക്കി. സബ്സിഡി നിരക്കിൽ പശുക്കുട്ടികൾക്ക് തീറ്റനൽകുന്ന ഈ രണ്ട് പദ്ധതികളിലുമായി 2016-17-ൽ എൻറോൾ ചെയ്ത 73538 കന്നുകുട്ടികൾക്ക് രണ്ടാംവർഷ സഹായം നൽകിയതോടൊപ്പം 2017-18-ൽ പുതിയതായി 35070 കന്നുകുട്ടികളെക്കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നു. ആർ.കെ.വി.വൈ. ധനസഹായം ഉപയോഗിച്ച് സ്പെഷ്യൽ ഗോവർദ്ധിനി എന്ന പേരിൽ 10000 കന്നുകുട്ടികളെ കൂടി 2017-2018-ൽ എൻറോൾ ചെയ്തു. ഇതിന് 6,10,50,000 രൂപ ചെലവാക്കി. മേൽപദ്ധതികളിലൂടെ 2017-18-ൽ ആകെ 118608 കന്നുകുട്ടികൾക്ക് പദ്ധതി സഹായം ലഭ്യമാക്കി. 2019-2020-ൽ സ്പെഷ്യൽ ഗോവർദ്ധിനി പദ്ധതിയിലൂടെ 10000 കന്നുകുട്ടികൾക്ക് 3,76,360 സഹായം ലഭ്യമാക്കി. 2018-19 ഗോവർദ്ധിനി പദ്ധതിപ്രകാരം 57552 കന്നുകുട്ടികളെയും കാഫ് അഡോപ്ഷൻ പ്രോഗ്രാം പ്രകാരം 26002 കന്നുകട്ടികളെയും ചേർത്ത് ആകെ 83554 കന്നുകുട്ടികൾക്കും സഹായം നൽകി. 2017-18-ൽ എൻറോൾ ചെയ്ത 45070 കുട്ടികളുൾപ്പെടെ 128624 കന്നുകുട്ടികളെ 2018-19-ൽ ടി പദ്ധതിയിലുൾപ്പെടുത്തി തീറ്റ നൽകി. 2018-19 വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കുള്ള പ്ലാൻ ഫണ്ട് 53.8 കോടി രൂപയിൽ നിന്നും 60 കോടി രൂപയായി വർദ്ധിപ്പിച്ചു. മൃഗാശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 12 കോടിയിൽ നിന്നും 2017-18 വർഷത്തിൽ 15 കോടി രൂപയായും 2018-19 വർഷത്തിൽ 15.93 കോടി രൂപയായും വർദ്ധിപ്പിച്ചു. 2017-18-ൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 65-ൽ നിന്നും 85 ആയി വർദ്ധിപ്പിച്ചു. 2018-19-ൽ

20 ബ്ലോക്കുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട് അങ്ങനെ മൊത്തം 105 ബ്ലോക്കുകളിൽ പദ്ധതി നടപ്പിലാക്കി. നിലവിൽ 152 ബ്ലോക്കുകളിലേക്കും പദ്ധതി വ്യാപിപ്പിച്ചു. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ മുഖേന പശുവളർത്തൽ, പാൽ വിപണനം, മൂല്യവർദ്ധിത പാലുല്പന്നങ്ങളുടെ ഉത്പാദനം എന്നിവയുള്ള പരിശീലനം നൽകിവരുന്നു. ഇതിന്റെഫലമായി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും അതുവഴി കൂടുതൽപേരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ട്.

<u>അകിടുവീക്ക രോഗനിയന്ത്രണ പരിപാടി</u> :

സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ഈ പദ്ധതി പ്രകാരം അകിടുരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യ നിരക്കിൽ നൽകിവരുന്നു. മൃഗാശുപത്രികളിൽ കന്നുകാലികൾക്ക് ബീജാദാന സൗകര്യം സൗജന്യമായി സർക്കാർ നൽകുന്നു. ഇതുകൂടാതെ പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പിന് കിഴിലുള്ള മൃഗാശുപത്രികൾവഴി ചികിത്സ, രോഗനിർണയം, രോഗപ്രതിരോധം, രോഗനിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നു. മൃഗാരോഗ്യ സംരക്ഷണം, കൃത്യമായ രോഗപ്രതിരോധ മാർഗ്ഗങ്ങൾ എന്നിവ അവലംബിക്കുന്നതുമൂലം കുളമ്പുരോഗം, മറ്റ് സാംക്രമിക രോഗബാധകൾ എന്നിവ നിയന്ത്രിക്കാനും രോഗങ്ങൾ, മരണനിരക്ക് എന്നിവ കുറയ്ക്കാനും അതുമൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തികനഷ്ടം വളരെയേറെ കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. 2019-2020-ൽ 200 കറവയന്ത്രങ്ങൾ ക്ഷീരവികസന വകുപ്പ് കൂടാതെ മൃഗസംരക്ഷണ വകുപ്പും നൽകിയിട്ടുണ്ട് നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ, ഗോസമൃദ്ധി എന്നീ പദ്ധതികളിലായി കറവപശുക്കളെ വളരെ കുറഞ്ഞ നിരക്കിൽ ഇൻഷ്വർ ചെയ്യുന്നതിന് സബ്സിഡി നൽകിവരുന്നു.

<u>എം.എസ്.ഡി.പി. പദ്ധതി</u> :

കേരളത്തിലെ കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുംവേണ്ടി ഉല്പാദനശേഷിയുള്ള കറവ പശുക്കളെ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതി. 2019-ലെ കന്നുകാലി സെൻസസ് അനുസരിച്ച് കേരളത്തിലെ കന്നുകാലി സമ്പത്തിൽ 1.24% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കു ന്നതിനായി 14 ജില്ലകളിലും ഗുണനിയന്ത്രണ ലാബുകളും കാസർഗോഡ്, ആലത്തൂർ, കോട്ടയം എന്നിവിടങ്ങളിൽ റീജിയണൽ ലാബുകളും തിരുവനന്തപുരത്ത് എൻ.എ.ബി.എൽ. അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറി ലാബും പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ സാമ്പിളുകൾ നിശ്ചിത ഇടവേളകളിൽ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിവരുന്നു. കൂടാതെ ആഘോഷവേളകളിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് ഉപയോഗിച്ചും ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. ടി പരിശോധനയിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരപ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അതിർത്തി സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പാലിൽ അനാരോഗ്യകരമായ വസ്തുക്കൾ അടങ്ങിയിരിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ആരോഗ്യഭീഷണി പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ?

ഏകദേശം 5 ലക്ഷം ലിറ്റർ പാലാണ് ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തി ലേയ്ക്കെത്തുന്നത്. പാലക്കാട് മീനാക്ഷിപുരത്തും കൊല്ലം ആര്യങ്കാവിലും ക്ഷീര വികസന വകുപ്പിന്റെ ഗുണനിയന്ത്രണ ലാബ് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. അതിർത്തി കടന്നുവരുന്ന എല്ലാ പാലും ഇവിടെ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

(ഇ) സംസ്ഥാനത്തെ സ്വകാര്യ പാലുല്പാദകർ കവറിൽ വിതരണം ചെയ്യുന്ന പാലിന്റെ ഗുണമേന്മയും മായം ചേർക്കുന്നില്ല എന്നത് ഉറപ്പുവരുത്തുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; ഇത്തരത്തിൽ വ്യാപകമായ പരിശോധനകൾ നടത്തുന്നുണ്ടോ ?

സംസ്ഥാനത്തെ സ്വകാര്യ പാലുല്പാദകർ കവറിൽ വിതരണം ചെയ്യുന്ന പാലിന്റെ ഗുണമേന്മയും മായം ചേർക്കുന്നില്ല എന്നതും പരിശോധിക്കുന്നതിന് 14 ജില്ലകളിലും ഗുണനിയന്ത്രണ ലാബുകളും കാസർഗോഡ്, ആലത്തൂർ, കോട്ടയം എന്നിവിടങ്ങളിൽ റീജിയണൽ ലാബുകളും തിരുവനന്തപുരത്ത് എൻ.എ.ബി.എൽ. അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറി ലാബും പ്രവർത്തിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്ത് സ്വകാര്യ പാലുല്പാദകർ ഉൾപ്പെടെയുള്ളവർ വിതരണം ചെയ്യുന്ന എല്ലാ കവർ പാലുകളും ഭക്ഷ്യ സുരക്ഷാ വകുപ്പ് ശേഖരിച്ച് പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

(എഫ്) ക്ഷീരവൃത്തി കൂടുതൽ ആദായകരമാക്കുന്നതിനും ഈ മേഖലയിലെ കർഷകർക്ക് സാമ്പത്തിക സാമൂഹിക പരിരക്ഷ ഉറപ്പാക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ക്ഷീരകർഷകരുടെ സാമൂഹിക പരിരക്ഷ ഉറപ്പാക്കുന്നതിന് ക്ഷീരകർഷക പെൻഷൻ, കുടുംബ പെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസ ധനസഹായം, കർഷകരുടെ ചികിത്സാ ധനസഹായം കൂടാതെ, ക്ഷീരസാന്ത്വനം (സമഗ്ര ഇൻഷ്വറൻസ്) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്ഷീരകർഷകരുടെ സാമ്പത്തിക ഉന്നമനത്തിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീരഗ്രാമം പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി എന്നിവയും നടപ്പാക്കുന്നു. മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽ മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം പശുവളർത്തൽ, കിടാരി വളർത്തൽ, തൊഴുത്ത് നിർമ്മാണം, കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ കൃഷി, കന്നുകുട്ടികൾക്ക് തീറ്റ സബ്സിഡിലൂടെ ശാസ്ത്രീയ പരിരക്ഷ എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

## ഗോത്ര വാത്സല്യനിധി പദ്ധതി

22(*232) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സി.കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനായി ഗോത്ര വാത്സല്യനിധി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ?

നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. 1. ഗോത്രവാത്സല്യനിധി പദ്ധതിയിൽ പേര് ചേർക്കുന്ന പട്ടികവർഗ്ഗ പെൺകുട്ടികളുടെ രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ കുറവായിരിക്കണം. 2. മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളാണെങ്കിൽ അവരുടെ മകൾക്ക് (1-4-2017 മുതൽ ജനിച്ചത്) ഗോത്രവാൽസല്യനിധി പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. 3. കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, ജനനത്തീയതി, മാതാപിതാക്കളുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, പേര്, മേൽവിലാസം, ജനനതീയതി തുടങ്ങിയ വിവരങ്ങൾ സഹിതം ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു വെന്നും എത്ര പെൺകുട്ടികളെ ഇതിൽ അംഗമായി ചേർത്തുവെന്നുമുള്ള കണക്ക് ലഭ്യമാണോ ?

ഗോത്ര വാത്സല്യനിധി പദ്ധതിയിൽ ഇതുവരെ 8.15 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2088 പട്ടികവർഗ്ഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം ധനസഹായമാണ് ഒരു അംഗത്തിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നു :

1. ഇൻഷ്വർ ചെയ്ത പെൺകുട്ടിക്ക് 2 വയസ്സ് പൂർത്തിയാകുകയും ആവശ്യമായ പ്രതിരോധ കുത്തിവയ്പുകളെടുത്തതിന്റെ രേഖകൾ ഹാജരാക്കുകയും ചെയ്യുമ്പോൾ പെൺകുട്ടിയുടെ മാതാപിതാക്കൾക്ക് 2000 രൂപ എൽ.ഐ.സി.-യിൽ നിന്നും ധനസഹായം ലഭ്യമാകും.
2. പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായി സ്കൂളിൽ/ അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3000 രൂപ ധനസഹായമായി എൽ.ഐ.സി. മുഖേന രക്ഷിതാക്കൾക്ക് ലഭിക്കുന്നു.
3. പെൺകുട്ടിക്ക് 10 വയസ്സ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ 5000 രൂപ ധനസഹായമായി എൽ.ഐ.സി. മുഖേന രക്ഷിതാക്കൾക്ക് ലഭിക്കുന്നു.
4. പെൺകുട്ടി പത്താം ക്ലാസ്സ് പഠനം പൂർത്തിയാക്കുമ്പോൾ 10,000 രൂപ പെൺകുട്ടിയുടെ രക്ഷിതാക്കൾക്ക് ധന സഹായമായി എൽ.ഐ.സി. മുഖേന ലഭ്യമാകും.
5. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുകലംപ്സമായി പെൺകുട്ടിക്ക് ലഭിക്കും. ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ താഴെപ്പറയുന്ന ആനുകൂല്യം ലഭിക്കുന്നു.

1. അപകടമരണം - 4 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.
2. സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.
3. കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു. ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകൂല്യം ലഭിക്കുന്നു.

1. അപകടംമൂലം പൂർണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.
2. അപകടംമൂലം ഭാഗികമായി ശാരീരിക ക്ഷമത നഷ്ടപ്പെട്ടാൽ 1 ലക്ഷം രൂപ ലഭിക്കുന്നു.

## പഠനവീട് പദ്ധതി

23(*233) ശ്രീ. എം. ഉമ്മർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് കൂടുതലാണോയെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കാമോ ?

സ്കൂൾ തലത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെ നിരക്കും കൊഴിഞ്ഞുപോക്കിന്റെ നിരക്കും കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. 2020-ലെ സാമ്പത്തികാവലോകനത്തിലെ കണക്കുകൾ പ്രകാരം സ്കൂൾ തലത്തിലെ മൊത്തം കൊഴിഞ്ഞുപോക്ക് നിരക്ക് 0.11 ശതമാനവും പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് നിരക്ക് 0.13 ശതമാനവും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് 1.16 ശതമാനവുമാണ്. 2020 മാർച്ചിലെ SSLC വിജയശതമാനം പൊതുവെ 98.82 ശതമാനമാണ്. SC 97.7 ശതമാനവും ST 91 ശതമാനവും വിജയിച്ചിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ചില വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കാതെ പഠനം ഉപേക്ഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ തോൽവിയും കൊഴിഞ്ഞുപോക്കും ഗണ്യമായി കുറഞ്ഞിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഗോത്രബന്ധു പദ്ധതി പ്രകാരം അദ്ധ്യാപക യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീ യുവാക്കളെ സ്കൂളിൽ നിയമിച്ചുകൊണ്ട് ഗോത്ര ഭാഷയിൽത്തന്നെ അദ്ധ്യയനം നടത്തുന്നതിനാൽ സ്കൂളിൽനിന്ന് ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വയനാട് ജില്ലയിൽ 2016-17 വർഷം 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19-ൽ 111 ആയും 2019-20 വർഷത്തിൽ 63 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ പ്രൈമറി ക്ലാസുകളിലെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ തോൽവിനിരക്ക് കൂടുതലാണെന്ന് കണ്ടെത്തിയിട്ടില്ല. 2019-20 അധ്യയനവർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ പട്ടികവർഗ്ഗ

വിദ്യാർത്ഥികളുടെ വിജയശതമാനം 88 ശതമാനവും +2 പരീക്ഷ എഴുതിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം 67-ഉം ആണ്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ വിജയശതമാനം 100% ആണ്. +2 പാസ്സായ വിദ്യാർത്ഥികളുടെ വിജയശതമാനം 80.16 ആണ്. 2019-20-ൽ പട്ടികവർഗ്ഗക്കാരായ 376 വിദ്യാർത്ഥികൾ വിവിധ മെഡിക്കൽ കോഴ്സുകൾക്കും 324 വിദ്യാർത്ഥികൾ എഞ്ചിനിയറിംഗ് കോഴ്സുകൾക്കും പഠനം നടത്തിവരുന്നു. എം.ബി.എ, എം.സി.എ. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് 54 വിദ്യാർത്ഥികളും പി.എച്ച്.ഡി-18, എം.ഫിൽ-12, പി.ജി.-606 വിദ്യാർത്ഥികളും, ബി.എഡ്, ബി.എസ്.സി. നഴ്സിംഗ്, ബിഫാം തുടങ്ങി കോഴ്സുകൾക്ക് 240 വിദ്യാർത്ഥികളും എൽ.എൽ.ബി/എൽ.എൽ.എം. കോഴ്സിന് 42 വിദ്യാർത്ഥികളും ബിരുദ കോഴ്സുകൾക്ക് 4464 വിദ്യാർത്ഥികളും തൊഴിലധിഷ്ഠിത ഡിപ്ലോമ കോഴ്സുകൾക്ക് 853 വിദ്യാർത്ഥികളും ടി.ടി.സി/ഡി.എഡ് കോഴ്സിന് 354 വിദ്യാർത്ഥികളും ഹയർ സെക്കന്ററി തലത്തിൽ 8334 വിദ്യാർത്ഥികളും ഒന്ന് മുതൽ 10-ാം ക്ലാസ് വരെ 73434 പട്ടികവർഗ്ഗ വിദ്യാർത്ഥികളും പഠനം നടത്തിവരുന്നു. ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ തോൽവി നിരക്ക് കൂടുതലല്ലെന്ന് വ്യക്തമാണ്.

(ബി) പ്രസ്തുത വിഭാഗങ്ങളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. സാമൂഹ്യ പഠനമുറി- പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യ പഠനമുറി. നിലവിൽ 250 സാമൂഹ്യ പഠനമുറികളിലായി 7392 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു.

2. ഗോത്രബന്ധു- വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാ പ്രശ്നം പരിഹരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു.

3. വിദൂരമായ പ്രദേശങ്ങളിൽനിന്നും വിദ്യാർത്ഥികളെ വാഹന സൗകര്യം ഏർപ്പെടുത്തി സ്കൂളിലെത്തിക്കുന്നതിന് ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിവരുന്നു.

4. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിവിധ രീതിയിലുള്ള സ്വഭാവ വൈകാരിക മാനസിക പ്രശ്നങ്ങൾക്ക് വിദഗ്ദ്ധ പരിചരണം ഉറപ്പുവരുത്തുന്നതിനായി 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

5. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും വിവിധ കോളേജുകളിൽ എഞ്ചിനീയറിംഗ് കോഴ്സിന് പ്രവേശനം ലഭിച്ച് പഠനം നടത്തുന്നവരും വിവിധ കാരണങ്ങളാൽ പഠനം പൂർത്തീകരിക്കാത്തതുമായ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി എഞ്ചിനീയറിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാകുന്നതിന് 'സമുന്നതി' എന്ന റെമഡിയൽ കോച്ചിംഗ് പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. പട്ടികജാതി വികസന വകുപ്പ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പ്രീ-മെട്രിക് ഹോസ്റ്റലുകളിലും പഠന കാര്യങ്ങളിൽ കുട്ടികളെ സഹായിക്കുന്നതിനായി മേട്രൻ-കം-റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കായി ട്യൂഷൻ സിസ്റ്റവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷ്, ഹിന്ദി, സോഷ്യൽ സ്റ്റഡീസ്, നാച്ചുറൽ സയൻസ്, ഫിസിക്കൽ സയൻസ് എന്നീ വിഷയങ്ങളിൽ പ്രത്യേക ട്യൂഷൻ നൽകുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി അധിക സമയം ക്ലാസ്സുകൾ നൽകുന്നുണ്ട്.

(സി) പ്രസ്തുത വിദ്യാർത്ഥികൾക്കായി പഠനവീട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ യഥാക്രമം പഠനമുറി, സാമൂഹ്യ പഠനമുറി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/ ടെക്നിക്കൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോടൊപ്പം 'പഠനമുറി' നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. 2017-18 വർഷം മുതൽ ടി പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ

വിദ്യാർത്ഥികളിൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് 500 സാമൂഹ്യ പഠനമുറികൾ സ്ഥാപിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. അതിൽ 250 സാമൂഹ്യ പഠനമുറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു സാമൂഹ്യ പഠനമുറിയിൽ ഒരേ സമയം 30 വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്നതിനുള്ള ഭൗതികസാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നിലവിൽ 250 സാമൂഹ്യ പഠനമുറികളിലായി 7392 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു.

## വാട്ടർ അതോറിറ്റി ബിൽ തുക

24(*234) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ;

(എ) ലോക്ക്ഡൗൺ കാലഘട്ടത്തിലെ ഉപയോഗം കൃത്യമായി പരിഗണിക്കാതെ വാട്ടർ അതോറിറ്റി മുൻകാല ശരാശരി ഉപയോഗവും പിഴയും ചേർത്ത് ഉയർന്ന തുകയുടെ ബില്ലുകൾ നൽകിയതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ലോക്ക്ഡൗൺ കാലയളവിൽ റീഡിംഗ് എടുക്കാൻ നിവൃത്തിയില്ലാതിരുന്നതിനാൽ മുൻകാല ശരാശരി വച്ചാണ് ബിൽ നൽകിയിരുന്നത്. ശരിയായ റീഡിംഗ് പിന്നീട് ലഭിച്ച മുറയ്ക്ക് യഥാർത്ഥ ഉപഭോഗം കണക്കാക്കി ബിൽ തുക പരിഷ്കരിച്ച് അടച്ച തുക കുറവ് ചെയ്ത് ബാക്കി ബിൽ നൽകിയിട്ടുണ്ട്. ചില ഉപഭോക്താക്കൾക്ക് ശരാശരി കണക്കാക്കിയതുമൂലം യഥാർത്ഥ ഉപയോഗം കുറവാണെങ്കിൽക്കൂടി കൂടുതൽ ബിൽ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ യഥാർത്ഥ റീഡിംഗ് ലഭിച്ചപ്പോൾ തുക ക്രമീകരിച്ച് നൽകിയിട്ടുമുണ്ട്.

(ബി) ലോക്ക്ഡൗൺ കാലഘട്ടത്തിൽ ബിൽ തുക അടയ്ക്കുന്നതിന് ഇളവുകൾ നൽകിയിട്ടുണ്ടോ ?

ലോക്ക്ഡൗൺ കാലയളവിൽ ബിൽ തുക അടയ്ക്കുന്നതിന് ലോക്ക്ഡൗൺ തീരുന്നതുവരെ സാവകാശം നൽകിയിരുന്നു. മാത്രവുമല്ല പ്രസ്തുത കാലയളവുവരെ വെള്ളക്കരം അടയ്ക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടുമില്ല .

(സി) ഇത് പാലിക്കാതെ ഉപഭോക്താക്കളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോ ?

ലോക്ക്ഡൗൺ കഴിഞ്ഞതിനുശേഷം മുൻ മാസത്തിലെ ബിൽ തുക അടയ്ക്കാതി രിക്കുന്നപക്ഷം പിഴ ഈടാക്കിയിട്ടുണ്ട് .

(ഡി) അനധികൃതമായി ഈടാക്കിയ തുക തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

അനധികൃതമായി തുക ഈടാക്കിയ വിവരം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ വെള്ളക്കരയിനത്തിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## പ്രളയ നിയന്ത്രണത്തിനുള്ള റെഗുലേറ്ററുകളും ഡാമുകളും

25(*235) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്കാമോ :

(എ) സംസ്ഥാനത്ത് തീവ്രമഴ ആവർത്തിച്ചുണ്ടാകുന്ന സാഹചര്യത്തിൽ പ്രളയ നിയന്ത്രണത്തിന് റെഗുലേറ്ററുകളും ഡാമുകളും നിർമ്മിക്കാൻ പദ്ധതിയുണ്ടോ ?

ഉണ്ട്. പെരിയാർ, മണിമല, മീനച്ചിൽ, ചാലിയാർ, ചാലക്കുടി എന്നീ നദികളിൽ പ്രളയ നിയന്ത്രിത ഡാമുകളുടെ സാധ്യതാ പഠനം വിശകലനം ചെയ്തുവരുന്നു. കൂടാതെ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-1 ഓഫീസിനുകീഴിൽ പാലക്കാട് ജില്ലയിൽ കുരിയാർകുറ്റി കാരപ്പാറ പദ്ധതി (SAKKIP), ഭവാനി ബേസിനിൽ വിഭാവനം ചെയ്തിട്ടുള്ള അട്ടപ്പാടി ജലസേചന പദ്ധതി, വയനാട് ജില്ലയിൽ കബനി ബേസിനിൽ വിഭാവനം ചെയ്തിട്ടുള്ള കടമൻതോട് പദ്ധതി എന്നിവയ്ക്കായി നിർമ്മിക്കുന്ന ഡാമുകൾ പ്രളയവേളകളിലുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനുകൂടി ഉദ്ദേശിച്ചുള്ളവയാണ്.

(ബി) പ്രളയം സൃഷ്ടിക്കാനിടയുള്ള നാശനഷ്ടം കുറയ്ക്കുന്നതിന് ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉണ്ട്. കേരള സർക്കാരിന്റെ പ്രളയാനന്തര പുനരുദ്ധാരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരള ജലവിഭവ വിവര സംവിധാനം (Kerala Water Resources Information System) വേഗത്തിൽ നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളിൽ നിന്നുമുള്ള സുഗമമായ വിവരശേഖരണത്തിനും വകുപ്പിന്റെ പ്രവർത്തനവും ആസൂത്രണവും മെച്ചപ്പെടുത്തുന്നതിനുംവേണ്ടിയാണ് സംയോജിത നിർദ്ദേശ നിയന്ത്രണകേന്ദ്രം (Integrated Command and Control Centre) വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്ന പ്രധാനലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

1. പ്രളയ പ്രവചനവും മുന്നറിയിപ്പു സംവിധാനവും (1Flood Forecasting and Early Warning System) വികസിപ്പിക്കൽ.

2. ജലസംഭരണികളുടെ സംയോജിത പ്രവർത്തനവും മാനേജ്മെന്റും (Integrated Reservoir Operation and Management) വികസിപ്പിക്കൽ.

3. നദികളുടെ പുനരുജ്ജീവനം (Rejuvenation of Rivers)

4. ഭാരതപ്പുഴയുടെ വരൾച്ചയും പ്രളയവും കണക്കിലെടുത്ത് വികസിപ്പിക്കുന്ന തീരുമാന-പിന്തുണാ സംവിധാനം (Decision Support System for Bharathapuzha).

കൂടാതെ വകുപ്പിലെ ഹൈഡ്രോളജിക് മോഡലിന്റെ പരിശീലനം ലഭിച്ചവരിൽനിന്നും ഒരു സാങ്കേതിക സംഘം രൂപീകരിച്ച് കേരളത്തിലെ എല്ലാ നദീതടങ്ങളുടെയും മാസ്റ്റർ പ്ലാനുകൾ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള തിരുവനന്തപുരത്തെ ജലവിജ്ഞാന ഭവനിലാണ് ഈ കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ദുരന്ത നിവാരണ നിധി ഉപയോഗിച്ച് ജലവിഭവ വകുപ്പ് നടത്തിവരുന്ന പ്രവൃത്തികളെക്കുറിച്ച് അറിയിക്കാമോ;

2018-ലെ മഹാപ്രളയത്തിൽ ജലസേചന വകുപ്പിലെ നിർമ്മിതികൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിലൂടെ (SDRF) 536.27 കോടി രൂപയുടെ കേന്ദ്ര ധനസഹായം ലഭിക്കുകയുണ്ടായി. നിലവിൽ 527.45 കോടി രൂപയുള്ള 6913 പദ്ധതികൾ ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇതില് 316.05 കോടി രൂപയുള്ള 5121 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ ചീഫ് എഞ്ചിനീയർ, ഐഡിആർബി ഓഫീസിന് 1237.70 ലക്ഷം രൂപ ലഭിക്കുകയും അത് ഉപയോഗിച്ച് ദുരന്തത്തിൽ തകർന്നുപോയ ജലവിതരണ ശൃംഖലയും ഹൈഡ്രോളജി ഉപകരണങ്ങൾ പുനർനിർമ്മിക്കുന്നതിനും 122 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതിൽ 100 എണ്ണം പൂർത്തിയായി. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ചീഫ് എഞ്ചിനീയർ, പ്രോജക്ട്-1 ഓഫീസിനുകീഴിൽ പുരോഗമിക്കുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ചീഫ് എഞ്ചിനീയർ പ്രോജക്ട്-2 ഓഫീസിനുകീഴിൽ പുരോഗമിക്കുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജിനുകീഴിൽ കുട്ടനാട് നിയോജക മണ്ഡലത്തിൽ കൈനകരി പഞ്ചായത്തിൽ കനകാശ്ശേരി പാടശേഖരത്തിലെ മടയുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് 68,50,000 രൂപ ചെലവഴിച്ച് താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയില് വച്ചിട്ടുണ്ട്

(ഡി) അഞ്ഞൂറ് കോടി രൂപയുടെ ജലസേചന പദ്ധതിയായ അട്ടപ്പാടി പദ്ധതിക്ക് പ്രാരംഭം കുറിക്കാനായിട്ടുണ്ടോ; പദ്ധതികൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ അറിയിക്കാമോ?

497 കോടി രൂപയുടെ അട്ടപ്പാടി ജലസേചന പദ്ധതി, പ്രാരംഭ നടപടിയെന്ന നിലയിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും പരിസ്ഥിതി ആഘാത പഠനത്തിന്റേയും കേന്ദ്ര ജലകമ്മീഷനിൽനിന്നും Detailed Project Report (DPR) ന്റെയും അംഗീകാരത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. അട്ടപ്പാടി ബ്ലോക്കിലെ അഗളി, കോട്ടത്തറ ഷോളയാർ മേഖലയിലെ 4255 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചന സൗകര്യം നൽകുക എന്നതാണ് പ്രധാന ലക്ഷ്യം.
2. അട്ടപ്പാടിയിലെ സാമൂഹിക സാമ്പത്തിക വികസനത്തിന് ഗുണം ചെയ്യുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. എന്തെന്നാൽ പദ്ധതി പ്രദേശത്ത് കാർഷിക മേഖലയല്ലാതെ (വ്യവസായ നിർമ്മാണം) തൊഴിലവസരങ്ങൾ ലഭിക്കുന്നില്ല. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ സമീപ നിവാസികൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതാണ്.
3. ജലസേചനത്തിലൂടെ വിളവിസ്തൃതിയും, Cropping Intensity യും വർദ്ധിക്കുന്നതിലൂടെ കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിയും.
4. കന്നുകാലി വളർത്തലും പാലുൽപാദനവുമാണ് അട്ടപ്പാടിയിലെ മറ്റൊരു തൊഴിൽ മേഖല ആയതിനാൽ ഇതിനനുയോജ്യമായ സാഹചര്യം നൽകാനും കഴിയും.
5. പ്രസ്തുത പദ്ധതിയിലൂടെ വിനോദസഞ്ചാര മേഖലയുടെ വികസനം ലക്ഷ്യമിടുന്നു. സൈലന്റ് വാലിയുടെയും കോയമ്പത്തൂർ സിറ്റിയുടെയും സാമീപ്യം വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന് സഹായിക്കുന്നു.
6. Cauvery Water Dispute Tribunal Award മുഖാന്തരം കേരളത്തിനു ലഭിച്ച ജലവിഹിതം (ഭവാനി ബേസിൻ) ഉപയോഗപ്പെടുത്താൻ പ്രസ്തുത പദ്ധതി മുഖാന്തരം സാധിക്കും.

## പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

26(*236) ശ്രീ. കെ.ഡി. പ്രസേനൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ ;

(എ) പട്ടികഗോത്രങ്ങളിലും പട്ടികജാതികളിലും ഉൾപ്പെടുന്നവരുടെ സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ ?

പട്ടികഗോത്രങ്ങളിലും പട്ടികജാതികളിലും ഉൾപ്പെടുന്നവർക്കായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു*.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ ഇടപെടൽ നടത്തിയിരുന്നോ; കോർപ്പറേഷൻ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; കോർപ്പറേഷന് ദേശീയപുരസ്കാരം ലഭിച്ചിട്ടുണ്ടോ ?

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കാൻ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു. മൾട്ടിപർപ്പസ് ലോൺ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങുന്നതിനു 50 ലക്ഷം രൂപവരെ വായ്പ, കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾക്ക് മൈക്രോ ക്രഡിറ്റ്, കോൺട്രാക്ടർമാർക്കുള്ള വായ്പ, തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 20 ലക്ഷം വരെ വായ്പയും 3 ലക്ഷം വരെ സബ്സിഡിയും, നോർക്കയുമായി ബന്ധപ്പെട്ട് ഒരു ലക്ഷം രൂപ സബ്സിഡിയോടെയുള്ള രണ്ട് ലക്ഷം രൂപയുടെ ചെറുകിട വായ്പ, ഇലക്ട്രിക് വാഹനങ്ങൾക്കുള്ള വായ്പ എന്നീ പുതിയ പദ്ധതികൾ ആരംഭിച്ചു. പദ്ധതികളെ സംബന്ധിച്ച് പ്രചരണവും ബോധവത്കരണവും നടത്താൻ "ഒപ്പം' എന്ന പ്രചരണ പരിപാടി ആരംഭിച്ചു. മാത്രമല്ല, കോർപ്പറേഷൻ നാളിതുവരെ നൽകിയ വായ്പയുടെ 42.41%-വും ഈ സർക്കാരിന്റെ കാലത്താണ് നൽകിയത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കോർപ്പറേഷന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന തിരിച്ചടവും ഈ കാലത്താണുണ്ടായത്. 265.99 കോടി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രൂപയാണ് ഈ സർക്കാരിന്റെ കാലത്തെ ലോൺ തിരിച്ചടവ്. വായ്പയുടെ യഥാസമയമുള്ള വിനിയോഗത്തിലും വായ്പാ തിരിച്ചടവിലുമുള്ള കാര്യക്ഷമത കണക്കിലെടുത്ത് 2016-17 സാമ്പത്തിക വർഷം മുതൽ തുടർച്ചയായി 3 വർഷം മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ അവാർഡ് കോർപ്പറേഷന് ലഭിക്കുകയുണ്ടായി.

(സി) നൂറുദിന പദ്ധതിയുടെ ഭാഗമായി പ്രസ്തുത കോർപ്പറേഷൻ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള 'ഒപ്പം' പദ്ധതി മുഖേന തൊഴിൽദായക സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടത്തിയ ഇടപെടൽ വഴി കൈവരിച്ച നേട്ടങ്ങൾ അറിയിക്കുമോ?

കേരള സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ കൈകോർത്തുകൊണ്ട് "ഒപ്പം" എന്ന പേരിൽ കോർപ്പറേഷൻ വഴി 1661 പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## പിന്നോക്കവിഭാഗ വികസന കോർപ്പറേഷന്റെ ക്ഷേമപദ്ധതികൾ

27(*237) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പിന്നോക്കവിഭാഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച നൂതന പദ്ധതിയാണ് 'കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി'. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയുടെ ഘടകമായി സിക്കിൾസെൽ രോഗബാധിതർക്ക് സ്വയം തൊഴിൽ ധനസഹായം, പ്രളയബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളികൾക്ക് ജീവനോപാധി പുനഃസ്ഥാപനം, പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട് അപ് സംരംഭം, ബി.പി.എൽ. കുടുംബങ്ങൾക്കുള്ള സ്വയം തൊഴിൽ സംരംഭം എന്നിവയും ആവിഷ്കരിച്ച് നടപ്പിലാക്കി. പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പ്രവാസികൾക്കുവേണ്ടി റീ-ടേൺ സ്വയം തൊഴിൽ വായ്പ. 20 ലക്ഷം രൂപ വായ്പ. 3 ലക്ഷം രൂപ മൂലധന സബ്സിഡി, വായ്പാ തിരിച്ചടവിന്റെ ആദ്യവർഷം 3% പലിശ സബ്സിഡി, വായ്പാ തുകയേക്കാൾ കുറഞ്ഞ തിരിച്ചടവ്.

2. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്കുവേണ്ടി 'എന്റെ വീട്' ഭവന നിർമ്മാണ വായ്പാ പദ്ധതി. 10 ലക്ഷം രൂപ വായ്പ, 7.5% മുതൽ 8% വരെ പലിശ നിരക്ക്.

3. ഒ.ബി.സി. വിഭാഗം പ്രൊഫഷണലുകൾക്ക് 'സ്റ്റാർട്ട് അപ്' വായ്പാ പദ്ധതി. 10 ലക്ഷം രൂപ വായ്പ. 2 ലക്ഷം രൂപ മൂലധന സബ്സിഡി.

4. താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി. കുടുംബങ്ങൾക്ക് 'റീ ലൈഫ്' വായ്പാ പദ്ധതി. 1 ലക്ഷം രൂപ വായ്പ. 25,000 രൂപ മൂലധന സബ്സിഡി.

5. ശുചീകരണ മേഖലയിലെ തൊഴിലാളികൾ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്ക് NSKFDC വായ്പ. 3% പലിശ നിരക്കിൽ കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് 3 കോടി രൂപ വായ്പ.

(ബി) പ്രസ്തുത വിഭാഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക ഉന്നമനത്തിനുമായി കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ മുഖേന നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

പിന്നാക്ക വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക ഉന്നമനത്തിനുമായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വൈവിദ്ധ്യമാർന്ന ഒട്ടേറെ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വായ്പാ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കെ.എസ്.ബി.സി.ഡി.സി.-യുടെ നിലവിലുള്ള വായ്പാപദ്ധതികൾ ആകർഷകമാക്കുന്നതിനും പുതിയവ ആരംഭിക്കുന്നതിനും പദ്ധതി നിർവ്വഹണവും വായ്പാ തിരിച്ചടവും ഊർജ്ജിതമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

കോർപ്പറേഷന്റെ നിലവിലുള്ള വായ്പാ പദ്ധതികൾ ആകർഷകമാക്കുന്നതിനും, പദ്ധതി നിർവ്വഹണവും, വായ്പാ തിരിച്ചടവും ഊർജ്ജിതമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കോർപ്പറേഷൻ കുടുംബശ്രീ സി.ഡി.എസ്-കൾ മുഖേന സ്ത്രീ ശാക്തീകരണത്തിന് സഹായകമായി മൈക്രോ ക്രെഡിറ്റ് വായ്പാപദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ സി.ഡി.എസ്-കൾ മുഖേന ശുചീകരണ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ത്രീകളുടെ ഉന്നമനത്തിനായി ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) ധനസഹായത്തോടെ പുതിയ മൈക്രോ ക്രെഡിറ്റ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ, നിലവിൽ കോർപ്പറേഷൻ നടപ്പിലാക്കി വന്ന മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി പ്രകാരം ഒരു സി.ഡി.എസ്-ന് അനുവദനീയമായ വായ്പാ പരിധി ഒരു കോടി രൂപയിൽനിന്നും 3 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതിനുപുറമേ അപേക്ഷ സമർപ്പണവും പരിശോധന ഉൾപ്പെടെയുള്ള തുടർനടപടികളും എളുപ്പമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും ഓൺലൈൻ അപേക്ഷ സമർപ്പണം ഏർപ്പെടുത്തി. ടി പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപന മേധാവികൾ, കുടുംബശ്രീ തുടങ്ങിയവർക്ക് വിതരണം ചെയ്യുകയും പദ്ധതിക്ക് ദിനപത്രങ്ങളിൽ പരസ്യം ഉൾപ്പെടെ വ്യാപകമായ പ്രചാരണം നൽകുകയും ചെയ്തു. ടി നടപടികളുടെ ഫലമായി ഈ സർക്കാരിന്റെ കാലയളവിൽ മാത്രം 407 കുടുംബശ്രീ സി.ഡി.എസ്സ്-കളിൽ അംഗങ്ങളായ 151541 വനിതകൾക്ക് 505.98 കോടി രൂപ നാളിതുവരെ ഈ പദ്ധതി പ്രകാരം വായ്പയായി വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികഗോത്ര യുവജനങ്ങളുടെ തൊഴിൽ സാധ്യത

28(*238) ശ്രീ. ആർ.രാജേഷ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ;

(എ) സ്വദേശത്തും വിദേശത്തും ആധുനിക സേവന-വ്യവസായ മേഖലകളിൽ പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെയും പട്ടികജാതികളിൽപ്പെട്ടവരുടെയും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും നൈപുണിശേഷി വികസനത്തിനുമായി പദ്ധതികൾ ഉണ്ടോ ?

ഉണ്ട്.

(ബി) പട്ടികജാതി ക്ഷേമ വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളെ മികവുറ്റ സ്ഥാപനങ്ങളാക്കി മാറ്റുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളെ മികവുറ്റ സ്ഥാപനങ്ങളായി മാറ്റുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നിലവിലുള്ള ഐ.ടി.ഐ.കളിൽ കാലോചിതമായ പുതിയ കോഴ്സുകൾ സർക്കാർ അനുമതിയോടെ ആരംഭിച്ചുവരുന്നു. 7 ഐ.ടി.ഐ.-കൾ മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ.-കളായി പ്രവർത്തിക്കുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ Upgradation of Govt. ITI through Public Private Partnership (PPP) പദ്ധതിയിൽ 4 ഐ.ടി.ഐ.കൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഐ.ടി.ഐ. കളുടെ പ്രവർത്തനത്തിനായി ടി ഐ.ടി.ഐ.-കളിൽ വ്യവസായ സ്ഥാപനങ്ങളുടെ പങ്കാളിത്തമുള്ള Institute Management Committee (IMC) കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

(സി) ഐ.ടി. അധിഷ്ഠിത സേവന വ്യവസായത്തിൽ പട്ടികഗോത്രങ്ങളിൽ പ്പെട്ടവരുടെ പങ്ക് വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിശീലനപരിപാടികളും തൊഴിൽമേളകളും നടത്തുന്നുണ്ടോ ?

ഐ.ടി. അധിഷ്ഠിത സേവന മേഖലകളിൽ പട്ടികവർഗ്ഗക്കാരുടെ പങ്ക് വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരം ആസ്ഥാനമായി സെന്റർ ഫോർ സ്കിൽ എക്സലൻസ് എന്ന സ്ഥാപനം ആരംഭിച്ച് 242 പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നല്കി Electronic Corporation of India (ECI) എന്ന സർക്കാർ സ്ഥാപനം മുഖേന ഐ.ടി. അധിഷ്ഠിത സേവന മേഖലയിൽ ഇവർക്ക് ജോലി നല്കിയിട്ടുണ്ട്. മീഡിയ അക്കാഡമി എന്ന സ്ഥാപനം മുഖേന ഐ.ടി. മേഖലകളിൽ ജോലി ലഭിക്കുന്നതിന് ഉതകുന്ന പരിശീലന പരിപാടി തുടർന്നുവരുന്നു. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങൾ ജോലി ഉറപ്പാക്കിയിട്ടുള്ളതിനാൽ പ്രത്യേക മേളകൾ സംഘടിപ്പിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. എന്നാൽ പട്ടികവർഗ്ഗക്കാർക്ക് അവരുടെ അഭിരുചിക്കനുസരിച്ചുള്ള ട്രേഡുകൾ തെരഞ്ഞെടുക്കുന്നതിനും പരിശീലനത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നേടുന്നതിനും തൊഴിൽ മേളകൾ സംഘടിപ്പിച്ചുവരുന്നു.

(ഡി) പട്ടികഗോത്രങ്ങളിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സർവ്വീസിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ ?

ജില്ലകളിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ മുഖേന പി.എസ്.സി. പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ച് പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷാ പരിശീലനം നല്കിയിട്ടുണ്ട്. പി.എസ്.സി. വഴി 46 വകുപ്പുകളിലായി 1487 പേർക്ക് നിയമനം നല്കിയിട്ടുണ്ട്. പോലീസ് സേനയിലേക്ക് 100 പേരെ നേരിട്ട് നിയമിച്ചു. 125 പേരെ കൂടി നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഇ) തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിപാടികൾ ഉണ്ടോയെന്ന് വെളിപ്പെടുത്താമോ?

തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് മുഖേന നടത്തിവരുന്ന പരിപാടികൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ വിവിധ മത്സര പരീക്ഷകൾക്ക് പരിശീലിപ്പിക്കുന്നതിനായി വകുപ്പിന്റെ കീഴിൽ പ്രീ-എക്സാമിനിഷേൻ ട്രെയിനിംഗ് സെൻററുകൾ പ്രവർത്തിച്ചു വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി മുഖേന വിദ്യാഭ്യാസാനുകൂല്യത്തോടെ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം നല്കിവരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനിഷേൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) മുഖേന തിരഞ്ഞെടുക്കുന്ന സമർത്ഥരായ 30 പട്ടികജാതി വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ മികച്ച സ്ഥാപനങ്ങളിൽ ചേർന്ന് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്നതിനായി "ലക്ഷ്യ സ്കോളർഷിപ്പ്" എന്ന പേരിൽ ഒരു പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 30 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മാധ്യമരംഗത്ത് പരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേണലിസം, പ്രസ് ക്ലബ് തിരുവനന്തപുരവുമായി സഹകരിച്ച് പോസ്റ്റ് ഗ്രാജ്വേറ്റ് ജേണലിസം ഡിപ്ലോമ കോഴ്സ് ICSETS-ൽ വച്ച് നടത്തിവരുന്നു. ഭക്ഷ്യസംസ്കരണം, വിപണനം എന്നീ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുവാൻ പാലക്കാട് വടക്കഞ്ചേരിയിൽ ഒരു ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. ഐ.റ്റി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കാൻ ജോബ് ഫെയർ സംഘടിപ്പിക്കുന്നു. വിവിധ സർക്കാർ സ്വകാര്യ മേഖലാ പരിശീലന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്കിൽ ഡെവലപ്മെന്റ് പരിശീലനം നൽകുന്നു. വിദേശത്ത് തൊഴിൽ കണ്ടെത്തുന്നവർക്ക് യാത്രാചെലവുകൾ ഉൾപ്പെടെ ഒരു ലക്ഷം രൂപ അനുവദിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ കോർപറേഷൻ മുഖേന സ്റ്റാർട്ട്അപ് വായ്പ, പ്രവാസി പുനരധിവാസ പദ്ധതി, സ്വയം സഹായ സംഘങ്ങൾക്കുള്ള തൊഴിൽ പദ്ധതി, വാഹന വായ്പ എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടത്തിവരുന്ന പരിപാടികൾ പട്ടികവർഗ്ഗ യുവജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി അവർക്ക് പ്രത്യേക പരിശീലനം നല്കി വിവിധ സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ സ്ഥിരവരുമാനം ഉറപ്പാക്കുകയും ചെയ്യുന്നു. അട്ടപ്പാടിയിൽ ആരംഭിച്ച അപ്പാരൽ പാർക്കിലൂടെ തയ്യൽ പരിശീലനം പൂർത്തിയാക്കിയ 291 പേർക്ക് തൊഴിലവസരം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലെ തൊഴിൽ സാധ്യത കണ്ടെത്തി, കെട്ടിട നിർമ്മാണത്തിൽ പരിശീലനം നല്കിയതിനു ശേഷം അവരെ ഉൾപ്പെടുത്തി 53 സ്വയം സഹായ സംഘങ്ങൾ 'ഗോത്രജീവിക' എന്ന

പേരിൽ രൂപീകരിച്ചു. നിലവിൽ 57 വീടുകൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണത്തിലെ 'ഗോത്രജീവിക' സംഘങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി 1170 പേർക്ക് സ്വയം തൊഴിലും സ്ഥിരവരുമാനവും ഉറപ്പാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ പദ്ധതിയുടെ രണ്ടാം ഘട്ടമായി 1050 പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നല്കി പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് ഗോത്ര ജീവിക ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന പേരിൽ സൊസൈറ്റി രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ചുവടെ ചേർക്കുന്ന കാർഷിക പദ്ധതികളും ആവിഷ്കരിച്ചുവരുന്നു.

1. നമത് വെള്ളാമെ:-

പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പുനർജീവിപ്പിച്ചുകൊണ്ടും പട്ടിക വർഗ്ഗക്കാരുടെ ഭൂമിയിൽ ഉല്പാദനം വർദ്ധിപ്പിച്ചുകൊണ്ടും അട്ടപ്പാടിയിൽ ആരംഭിച്ച ടി പദ്ധതിയിലൂടെ സ്വന്തമായി ഭൂമിയുള്ളതും കൃഷിചെയ്യാൻ താല്പര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ പച്ചക്കറികൾ കൃഷിചെയ്യുന്നതിനായി 1671 ഏക്കർ തരിശുഭൂമിയെ പരമ്പരാഗത കൃഷിക്ക് കീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നു. നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർ പദ്ധതിയായി നടപ്പിലാക്കിവരുന്നു.

2. ഹരിത രശ്മി:

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ആദ്യഘട്ടത്തിൽ ഇടുക്കി, വയനാട് ജില്ലകളിൽ നിന്നുമായി 2500 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കിക്കൊണ്ട് 2020-21 വർഷത്തിൽ 'ഹരിത രശ്മി' എന്ന പദ്ധതി ആരംഭിച്ചു.

3. മില്ലെറ്റ് വില്ലേജ്:

പട്ടികവർഗ്ഗ സമൂഹത്തിന്റെ അന്യം നിന്നുപോയ പാരമ്പര്യ കൃഷി പുനഃസ്ഥാപിക്കുന്നതിനും പോഷകാഹാര കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവരുടെ തനത് ഭക്ഷണ രീതി പ്രോത്സാഹിപ്പിക്കുന്നതിനും 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലായി അട്ടപ്പാടി മില്ലെറ്റ് വില്ലേജ് എന്ന പദ്ധതി കൃഷി വകുപ്പുമായി സംയോജിച്ച് നടത്തിവരുന്നു. കൂടാതെ ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ സ്ഥാപന ങ്ങളിൽ 16 സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള 46 കോഴ്സുകളിലായി 5658 പേർക്ക് പരിശീലനം നല്കിയതിൽ 2990 പേർക്ക് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്. ഇവരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന 22 പട്ടികവർഗ്ഗ യുവാക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള സാമ്പത്തിക സഹായത്തോടെ, വിദേശത്ത് വിവിധ കമ്പനികളിൽ പ്ലെയ്സ്മെന്റ് ലഭിച്ചിട്ടുണ്ട്.

## ഗോത്രജീവിക പദ്ധതി

29(*239) ശ്രീ. ഒ. ആർ. കേളു:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് ഭവനനിർമ്മാണ രംഗത്ത് പട്ടികവർഗ്ഗക്കാരുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഫലപ്രദമായി തടയുന്നതിനും ഗോത്രജീവിക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ?

ഉണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച ഗോത്രജീവിക പദ്ധതി പ്രകാരം 1170 തൊഴിൽരഹിത പട്ടികവർഗ്ഗ യുവതീയുവാക്കളെ കണ്ടെത്തി അവർക്ക് നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപ്പെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങി പ്രധാനമായി 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി തൊഴിൽ നൽകിവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം ഏതെല്ലാം മേഖലകളിലാണ് തൊഴിൽ നൈപുണ്യപരിശീലനം നൽകി സ്വയംതൊഴിൽ നേടുന്നതിന് പട്ടികവർഗ്ഗക്കാരെ പ്രാപ്തരാക്കുന്നത് ?

ഗോത്രജീവിക പദ്ധതി പ്രകാരം യുവതീയുവാക്കളെ പ്രധാനമായും കെട്ടിട നിർമ്മാണത്തിലാണ് പരിശീലനം നൽകിയത്. ഇതോടൊപ്പം കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, കാർപ്പെന്ററി, വയറിംഗ്, പ്ലംബിംഗ്, പെയിന്റിംഗ്, ടൈലിംഗ്, ഡ്രൈവിംഗ് എന്നീ ജോലികളിൽ പരിശീലനം നൽകിയിരുന്നു. പരിശീലനം ലഭിച്ചവർ അതാത് പ്രദേശത്തെ കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിലെടുത്ത് സ്ഥിരവരുമാനം നേടുന്നുണ്ട്.

(സി) ഈ പദ്ധതിക്കായി എത്ര തുക സർക്കാർ ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും എത്രപേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

രണ്ട് ഘട്ടങ്ങളിലായാണ് ഗോത്രജീവിക പദ്ധതി പ്രകാരം പരിശീലനം നൽകിയത്. ഒന്നാംഘട്ടത്തിൽ 3.33 കോടി രൂപ ചെലവഴിച്ച് 1170 പേർക്ക് പരിശീലനം നൽകുകയും, രണ്ടാം ഘട്ടമായി 2020-21 വർഷത്തിൽ 4.00 കോടി രൂപ ചെലവഴിച്ച് 1050 പേർക്ക് പരിശീലനം നൽകുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി

30(*240) ശ്രീ. പുരുഷൻ കടലുണ്ടി:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് കലാസാംസ്കാരിക പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിനായി ഈ സർക്കാർ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരികരംഗത്ത് വിവിധങ്ങളായ പദ്ധതികൾ സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിൽ പ്രചാരത്തിലുള്ള നാൽപ്പത്തിയഞ്ചോളം കലകളുടെ പ്രചരണവും പരിശീലനവും ലക്ഷ്യമിട്ട് സാംസ്കാരിക വകുപ്പ് നടപ്പാക്കുന്നതാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. ഈ പദ്ധതിയിൽ കലാരംഗത്ത് യോഗ്യത നേടിയ 1000 യുവകലാകാരൻമാർക്ക് സാംസ്കാരിക വകുപ്പ് 10,000 രൂപയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം 5000 രൂപയും പ്രതിമാസ ഫെലോഷിപ്പായി നൽകുന്നു. കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമാക്കുന്ന നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു. പാലക്കാട് ജില്ലയിൽ വടക്കഞ്ചേരിയിൽ ആദ്യ നാട്ടരങ്ങ് സ്ഥാപിച്ചുകഴിഞ്ഞു. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ രണ്ടാമത്തെ നാട്ടരങ്ങിന്റെ പണി നടന്നുവരുന്നു. കേരളത്തിന്റെ കരകൗശല പാരമ്പര്യം നിലനിർത്തുകയും കലാകാരൻമാർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കേരളത്തിലെ തെരഞ്ഞെടുത്ത 20 ഗ്രാമങ്ങളിൽ ഗ്രാമീണ കലാകേന്ദ്രം അഥവാ റൂറൽ ആർട്ട് ഹബ് പദ്ധതി നടപ്പാക്കിവരുന്നു. കേരളത്തിന്റെ

കലാകരകൗശല പൈതൃകത്തെ സംരക്ഷിക്കുകയും ഈ രംഗത്തുള്ളവർക്ക് ഉപജീവനം സാദ്ധ്യമാക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. കേരളത്തിലെ 14 ജില്ലകളിലും നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിവരുന്നുണ്ട്. കേരളം കൈവരിച്ചിട്ടുള്ള ഉന്നത നവോത്ഥാന മൂല്യങ്ങൾ പരിപോഷിപ്പിക്കാനും നിലനിർത്താനും ഈ സാംസ്കാരിക സമുച്ചയങ്ങൾ സഹായിക്കുന്നതാണ്. ഒരു സമുച്ചയത്തിന് ഏകദേശം 50 കോടി രൂപ ചെലവ് ചെയ്താണ് നിർമ്മിക്കുന്നത്. കൊല്ലത്തെ ശ്രീനാരായണഗുരു സമുച്ചയം, പാലക്കാട്ടെ വി.ടി. ഭട്ടതിരിപ്പാട് സമുച്ചയം, കാസർഗോഡ് സുബ്രമണ്യൻ തിരുമുൽപ്പാട് സമുച്ചയം എന്നിവയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. മറ്റുള്ളവയുടെ പ്രാരംഭ നടപടികൾ നടന്നുവരുന്നു. കേരള ഫോക് ലോർ അക്കാദമി പാരമ്പര്യ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് നാടൻ കലാരംഗത്ത് മികവ് തെളിയിച്ച കലാകാരന്മാരെ അവാർഡ് നൽകി ആദരിക്കുന്നുണ്ട്. നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ചികിത്സാസഹായം നൽകിവരുന്നുണ്ട്. പാരമ്പര്യകലകൾ പരിശീലിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി സംഘടിപ്പിക്കുന്ന വിവിധ സെമിനാറുകൾ, കലാപരിപാടികൾ, വിവിധ ഗ്യാലറികൾ, മ്യൂസിയം എന്നിവ കേരളത്തിന്റെ വിശിഷ്യാ മലബാറിന്റെ തനതായ സാംസ്കാരിക പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുന്നതിനും ഭാവി തലമുറയ്ക്ക് പകർന്നു നൽകുന്നതിനും പര്യാപ്തവുമാണ്. വാസ്തുവിദ്യാ ഗുരുകുലം പാരമ്പര്യ വാസ്തുവിദ്യ, ചുമർ ചിത്രകല, തടിയിലും കല്ലിലുമുള്ള കൊത്തുപണികൾ എന്നിവ സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുന്നു. സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ, കേരളത്തിന്റെ സാംസ്കാരിക ഔന്നത്യം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇൻഡ്യയിലെയും വിദേശത്തേയും നഗരങ്ങളിൽ സാംസ്കാരികോൽസവങ്ങളും കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സൗത്ത് സോൺ കൾച്ചറൽ സെന്ററുമായി ചേർന്ന് പ്രാദേശിക, ദേശീയ-അന്തർദേശീയ സാംസ്കാരിക വിനിമയ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. സത്യൻ, പ്രേംനസീർ, ഒടുവിൽ ഉണ്ണികൃഷ്ണൻ, വെള്ളൂർ പി. രാഘവൻ, വി. സാംബശിവൻ, എസ്.കെ പൊറ്റക്കാട്, ഇ.വി. കൃഷ്ണപിള്ള, എൻ.എൻ കക്കാട്, ഒളപ്പമണ്ണ, എം.ഡി രാമനാഥൻ, പി. ഗോവിന്ദപിള്ള, ബ്രഹ്മാനന്ദ ശിവയോഗി തുടങ്ങിയ മൺമറഞ്ഞ മഹാൻമാരുടെ സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു. കേരളത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും സമന്വയിപ്പിച്ചും കൂടുതൽ ഫലപ്രദമാക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത സാംസ്കാരിക കൗൺസിൽ രൂപീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇൻഡ്യയിൽ നാലു സംസ്ഥാനങ്ങളിലും വിദേശത്ത് രണ്ടു കേന്ദ്രങ്ങളിലും മാത്രമായിരുന്ന മലയാളം മിഷൻ പ്രവർത്തനം ഇന്ത്യയിൽ 24 സംസ്ഥാനങ്ങളിലും 42 വിദേശ രാജ്യങ്ങളിലും വ്യാപിപ്പിച്ച പ്രവാസി

മലയാളികളുടെ കുട്ടികൾക്കായി കണിക്കൊന്ന, നീലക്കുറിഞ്ഞി, ആമ്പൽ, സൂര്യകാന്തി എന്നിങ്ങനെ 4 മലയാള ഭാഷാ കോഴ്സുകൾ നടത്തുന്നുണ്ട്. നീലക്കുറിഞ്ഞി കോഴ്സിന് സംസ്ഥാന വിദ്യാഭ്യാസ ബോർഡിന്റെ പത്താംതരം തുല്യത നൽകിയിട്ടുണ്ട്. പ്രവാസി മലയാളികൾക്കായി ഭൂമിമലയാളം വാർത്താ പത്രിക പ്രസിദ്ധീകരിക്കുന്നുണ്ട്. പഠനകേന്ദ്രങ്ങൾക്കും അധ്യാപകർക്കും സഹായകരമായി ഇന്ത്യയിലും വിദേശത്തുമായി 300 ലൈബ്രറികൾ സ്ഥാപിച്ചു. ലോക മലയാളി സമൂഹത്തിന് മുഴുവനും മലയാളം മിഷന്റെ പ്രവർത്തനങ്ങൾ എത്തിക്കുന്നതിന് ഇന്റർനെറ്റ് വഴി പ്രവർത്തിക്കുന്ന റേഡിയോ മലയാളം എന്ന ചാനൽ പ്രവർത്തനസജ്ജമാക്കി. റേഡിയോ മലയാളത്തിനായി ആധുനിക സ്റ്റുഡിയോയുടെ നിർമ്മാണം പൂർത്തിയായി. താല്പര്യമുള്ള ആർക്കും മലയാളം പഠിക്കുന്നതിനുവേണ്ടി മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ് തയ്യാറായിവരുന്നു. മലയാളം മിഷൻ പാഠ്യപദ്ധതിക്ക് പിന്തുണയായി പഠിതാക്കളെയും അധ്യാപകരെയും കൂടുതൽ സർഗ്ഗാത്മക കഴിവുള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പൂക്കാലം വെബ് മാഗസിൻ, അക്ഷരങ്ങളിലൂടെയും വാക്കുകളിലൂടെയും ഭാഷ സമൂഹത്തിലേയ്ക്ക് എത്തിച്ചേരുന്നതിന് ഉപരിയായി ഭാഷയുടെയും സംസ്കാരത്തിന്റെയും ചിഹ്നങ്ങളും സുവനീറുകളായി പ്രചരിപ്പിക്കുന്ന സുവനീർഷോപ്പ് എന്നിവയും മലയാളം മിഷന്റെ പ്രവർത്തന നേട്ടങ്ങളാണ്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 'ശ്രേയസ്സ്' എന്ന പേരിൽ ഭരണഭാഷാ മൊബൈൽ ആപ് വികസിപ്പിച്ചിട്ടുണ്ട്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി എന്നീ സ്ഥാപനങ്ങൾ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും പ്രദർശന-വില്പന മേളകൾ നടത്തുകയും ചെയ്യുന്നുണ്ട്. വൈജ്ഞാനിക പുസ്തകങ്ങൾ ആവശ്യക്കാർക്ക് എത്തിച്ചു കൊടുക്കുന്നതിനായി ഓൺലൈൻ പുസ്തക വിപണനത്തിനുള്ള നടപടികൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ KIIFB-യുടെ സാമ്പത്തിക സഹായത്തോടെ സിനിമാ തിയേറ്ററുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കോഴിക്കോട് കൈരളി-ശ്രീ തീയറ്റർ നവീകരിച്ചു. ലെനിൻ രാജേന്ദ്രന്റെ ഓർമ്മക്കായി തിരുവനന്തപുരത്ത് ലെനിൻ സിനിമാസ് ആരംഭിച്ചു. മലയാള ചലച്ചിത്ര പൈതൃകം വരുംതലമുറയ്ക്ക് വേണ്ടി സംരക്ഷിക്കുന്നതിനായി ചലച്ചിത്ര അക്കാദമി അന്താരാഷ്ട്ര നിലവാരമുള്ള ഒരു ചലച്ചിത്ര ഗവേഷണകേന്ദ്രം, സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് ആന്റ് ആർക്കൈവ്സ് (സിഫ്ര)എന്ന പേരിൽ കഴക്കൂട്ടം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ ആരംഭിച്ചു. കേരള സാഹിത്യ അക്കാദമി കുഞ്ഞുണ്ണിമാസ്റ്റർ സ്മാരകം പണി പൂർത്തീകരിച്ച് സാഹിത്യാസ്വാദകർക്കായി തുറന്നു കൊടുത്തു. ലളിതകലാ അക്കാദമിയുടെ സഹകരണത്തോടെ പരിയാരം മെഡിക്കൽ കോളേജിൽ ആർട്ട് ഗ്യാലറി പ്രവർത്തനം ആരംഭിച്ചു. എറണാകുളത്ത് നവീകരിച്ച റ്റി.കെ.പദ്മിനി ആർട്ട് ഗാലറി പ്രവർത്തന സജ്ജമായിട്ടുണ്ട്. "രക്തസാക്ഷ്യം 2018" എന്ന പരിപാടിയുടെ ഭാഗമായി പാലക്കാട്

ജില്ലയിലെ ചരിത്രപ്രസിദ്ധമായ ശബരി ആശ്രമത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുകയുണ്ടായി. ആയത് അന്തിമഘട്ടത്തിലാണ്. ശ്രീനാരായണ ഗുരുവിന്റെ നമുക്ക് ജാതിയില്ല വിളംബരത്തിന്റെ 100-ാം വാർഷികത്തിന്റെ ഭാഗമായി ശ്രീനാരായണ ഗുരുവിന്റെ പ്രതിമ തിരുവനന്തപുരത്ത് സ്ഥാപിച്ചു. സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം 'വിവേകാനന്ദ സ്പർശം' എന്ന പേരിൽ സംഘടിപ്പിച്ചു. പന്തിഭോജനത്തിന്റെ 100-ാം വാർഷികം, ക്ഷേത്രപ്രവേശന വിളംബരത്തിന്റെ വാർഷികം എന്നിവയും വിപുലമായി ആഘോഷിക്കുകയുണ്ടായി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) നവോത്ഥാന നായകരുടെ സ്മരണക്കായി ഓരോ ജില്ലയിലും സ്ഥാപിക്കുന്ന ബൃഹത് സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ ?

കൊല്ലം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. 2021 ഫെബ്രുവരിയിൽ ഈ സമുച്ചയങ്ങളുടെ പ്രധാന കെട്ടിടങ്ങൾ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതാണ്. മലപ്പുറം ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുകയും അത് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ സമുച്ചയങ്ങളുടെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണ്. പത്തനംതിട്ട ജില്ലയിൽ ഭൂമി ലഭ്യമാക്കുന്നതിനും കണ്ണൂർ, കോഴിക്കോട്, കോട്ടയം ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിനും നടപടികൾ പുരോഗമിക്കുന്നു. ഇടുക്കി, വയനാട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ പദ്ധതിക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സാംസ്കാരിക ഒത്തുചേരലിനുള്ള ഇടം സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ ?

ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'നാട്ടരങ്ങ്' എന്ന പദ്ധതി നടപ്പാക്കി വരുന്നു. സ്ഥലലഭ്യതക്കനുസരിച്ച് ഒരു ചെറിയ സ്റ്റേജ്, ചമയമുറി, ഇരിപ്പിടങ്ങൾ, സൂര്യ വിളക്കുകൾ എന്നിവ നിർമ്മിക്കുന്നതാണ്. നാട്ടരങ്ങിന്റെ അതിരു തീർക്കുന്ന ചുവരുകൾ ചിത്രങ്ങളും ശില്പങ്ങളും കൊണ്ട് അലങ്കരിച്ചിരിക്കും. പാലക്കാട് ജില്ലയിലെ വടക്കുംഞ്ചേരിയിൽ ആദ്യ നാട്ടരങ്ങ് സ്ഥാപിച്ചുകഴിഞ്ഞു. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ നാട്ടരങ്ങിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. മറ്റ് ജില്ലകളിൽ നാട്ടരങ്ങ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്.

(ഡി) റൂറൽ ആർട്ട് ഹബ്ബുകൾ സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ടോ; അവയുടെ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിന്റെ സമ്പന്നമായ കരകൗശല പാരമ്പര്യം സംരക്ഷിക്കുന്നതിനും ഈ രംഗത്തെ കലാകാരൻമാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും സാംസ്കാരിക വകുപ്പ് ഗ്രാമീണ കലാകേന്ദ്രം അഥവാ റൂറൽ ആർട്ട് ഹബ്ബ് എന്ന പദ്ധതി നടപ്പാക്കിവരുന്നു. പദ്ധതി പ്രകാരം കരകൗശല കലാകാരൻമാർക്ക് നൈപുണ്യ വികസന പരിശീലനം നൽകുകയും കരകൗശല പൈതൃക ഗ്രാമങ്ങളിൽ കലാകാരൻമാരുടെ സ്വയം സഹായ സംഘങ്ങളും പൊതു ഉൽപ്പാദനകേന്ദ്രങ്ങളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ അംഗീകൃത പ്രോജക്ട് റിപ്പോർട്ട് പ്രകാരം ആകെ 20 കരകൗശല പൈതൃക ഗ്രാമങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഘട്ടംഘട്ടമായി പദ്ധതിയിൽ ഉൾപ്പെടുത്തപ്പെടുന്ന ഗ്രാമങ്ങളിലെ കരകൗശല വിദഗ്ധർക്കും കലാകാരൻമാർക്കും പരിശീലനം നൽകിവരുന്നു. അതോടൊപ്പംതന്നെ ഗ്രാമങ്ങളിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കരകൗശല ഉൽപ്പാദന വിപണനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ആര്യനാട്, മാന്നാർ, ചേന്ദമംഗലം, ബേപ്പൂർ, പയ്യന്നൂർ എന്നീ കരകൗശല പൈതൃക ഗ്രാമങ്ങളിൽ പദ്ധതി പ്രവർത്തനം ആരംഭിക്കുകയാണ്. ഉൽപ്പാദനവും വിപണനവും കരകൗശല സ്വയം സഹായ സംഘങ്ങൾ തന്നെ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇത് കരകൗശല കലാകാരൻമാരുടെ സ്വാശ്രയത്വത്തിനെ പരിപോഷിപ്പിക്കുന്നതും അവരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതുമാണ്. കരകൗശല ഇനങ്ങൾ കൂടാതെ ഗദ്ദിക, വട്ടക്കളി, കുംബപ്പാട്ട്, മണ്ണാൻ കൂത്ത്, മലയൻകൂത്ത്, മാപ്പിളപ്പാട്ട്, വട്ടപ്പാട്ട്, ഒപ്പന, കോൽക്കളി, ചീനിമുട്ട്, പാടിപ്പറയൽ, അറബനമുട്ട്, ദഫ്മുട്ട് എന്നീ ഫോക് ലോർ കലാരൂപങ്ങളേയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപടി

1 (2605) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള പോഷകാഹാരക്കുറവ് പരിഹരിക്കാൻ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ചതാണ് കമ്മ്യൂണിറ്റി കിച്ചൻ അഥവാ സമൂഹ

അടുക്കള. പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിലും വയനാട് ജില്ലയിലുമാണ് നിലവിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ സർക്കാർ വന്നശേഷമാണ് പദ്ധതി വയനാട്ടിലേക്ക് വ്യാപിപ്പിച്ചത്. ടി പദ്ധതി നടപ്പിലാക്കിയതിനുശേഷം പട്ടികവർഗ്ഗക്കാർക്കിടയിലെ ശിശുമരണം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കാണ് ഈ പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല. പാചകത്തിന് ആവശ്യമായ പച്ചക്കറികൾ, വിറകുകൾ എന്നിവ ഭക്ഷണം പാകം ചെയ്യുന്നവർ ശേഖരിച്ച് ഉപയോഗിക്കുന്നതിനാൽ പാചകക്കാരായ പട്ടികവർഗ്ഗക്കാർക്ക് ചെറിയ ഒരു വരുമാനവും ഇതിലൂടെ ലഭിക്കുന്നു. സമൂഹ അടുക്കള പദ്ധതി ഊരിലുള്ള ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സു വരെ പ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാർ, വൃദ്ധർ എന്നിവർക്ക് വന്ന് ഒരുമിച്ചിരുന്ന് കഴിക്കാവുന്ന രീതിയിലാണ് നടപ്പിലാക്കുന്നത്. തങ്ങളുടെ പാരമ്പര്യ ഭക്ഷണ വിഭവങ്ങളായ റാഗി, ചാമ എന്നിവയും ചോറ്, മുളയരിക്കഞ്ഞി, ഇലക്കറികൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയും സമൂഹ അടുക്കളയുടെ ഭാഗമായി ഉപയോഗിച്ചുവരുന്നു. സമൂഹ അടുക്കള നടത്തിപ്പിന് ആവശ്യമായ ജൈവ പച്ചക്കറികൾ ഊരുകളിൽ തന്നെ ഉത്പാദിപ്പിക്കുന്ന നിരവധി അയൽക്കൂട്ടങ്ങൾ സജീവമാണ്. ഇതുമൂലം ഒരു ഉപജീവന മാർഗ്ഗത്തിനുള്ള ഉപാധി കൂടിയായി ഈ പദ്ധതി മാറിയിട്ടുണ്ട്. ഇതിനുപുറമെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനു വേണ്ടിയും സമൂഹ അടുക്കള പ്രവർത്തിച്ചു വരുന്നതിനാൽ രോഗികൾക്കും ഇത് വലിയ അളവിൽ ആശ്വാസം നൽകുന്നുണ്ട്. തങ്ങളുടെ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുക എന്നത് തങ്ങളുടെ ഉത്തരവാദിത്ത്വവും, അവകാശവുമാണെന്ന തിരിച്ചറിവ് ഇത്തരം പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതോടൊപ്പം പട്ടികവർഗ്ഗ മേഖലയിൽ വലിയ സാമൂഹിക മുന്നേറ്റം ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ കേരള സർക്കാരും പട്ടികവർഗ്ഗ വികസന വകുപ്പും സാമൂഹ്യനീതി വകുപ്പും കുടുംബശ്രീ മിഷനും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2013-14 വർഷങ്ങളിൽ നവജാത ശിശുക്കളുടെ ശരാശരി ഭാരം (Birth weight) കേവലം ഒന്നോ ഒന്നര കിലോയോ ആയിരുന്നു. എന്നാൽ സ്ത്രീകളുടെ വിശേഷിച്ചും ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിന് സർക്കാർ നൽകിവരുന്ന മുന്തിയ പരിഗണന പ്രത്യേകിച്ചും പോഷകാഹാരം ലഭ്യമാക്കുന്ന കാര്യത്തിൽ വലിയ മാറ്റമാണ് ഗർഭിണികളുടെയും നവജാത ശിശുക്കളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിൽ ഉണ്ടാക്കുവാൻ കഴിഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ നടത്തിപ്പിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 23.13 കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) കോവിഡ് കാലത്ത് ആദിവാസി വിഭാഗങ്ങളിലെ പട്ടിണിയും പോഷകാഹാരക്കുറവും പരിഹരിക്കാൻ എന്തൊക്കെ പ്രത്യേക ഇടപെടലുകളാണ് വകുപ്പ് സ്വീകരിച്ചത്; വിശദമാക്കുമോ?

കോവിഡ് കാലത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പട്ടിണിയും പോഷകാഹാരക്കുറവും പരിഹരിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

ഭക്ഷ്യ സഹായ പദ്ധതി : മൺസൂൺകാലത്ത് സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടിണി ഉണ്ടാകാതെ ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പട്ടിണി അനുഭവപ്പെടുന്ന പ്രത്യേക സാഹചര്യങ്ങളിലും പദ്ധതി നടപ്പിലാക്കുന്നു. ഭക്ഷ്യ സഹായ പദ്ധതി പ്രകാരം പ്രതിമാസം വിതരണം ചെയ്യുന്ന ഇനങ്ങൾ ചുവടെ ചേർക്കുന്നു. 1. അരി- 15 കിലോ 2. ചെറുപയർ/വൻപയർ- 1 കിലോ 3. കടല- 1 കിലോ 4. വെളിച്ചെണ്ണ- 1 ലിറ്റർ.

കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി : പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിലും വയനാട് ജില്ലയിലും നിലവിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പട്ടിണിയും പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

വരുമാനദായക കാർഷികഉദ്യമ പദ്ധതി : ആദിവാസി സമൂഹത്തിന്റെ അന്യം നിന്നുപോയ പാരമ്പര്യകൃഷി പുന:സ്ഥാപിക്കുന്നതിനും പോഷകാഹാര കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവരുടെ തനത് ഭക്ഷണരീതി പ്രോത്സാഹിപ്പിക്കുന്നതിനുമായി 2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഒരു പുതിയ പദ്ധതിയാണ് വരുമാനദായക കാർഷിക ഉദ്യമ പദ്ധതി. ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗക്കാരുടെ പോഷകാഹാരക്കുറവ് പരിഹരി ക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

നമത് വെള്ളാമെ : അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും പാരമ്പര്യ ജൈവ കൃഷിയിലൂടെ ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുംവേണ്ടി കെ.ഡിസ്കിന്റെ നേതൃത്വത്തിൽ തണൽ എന്ന സർക്കാരിതര ഏജൻസിയുടെ സാങ്കേതിക സഹായത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് നമത് വെള്ളാമെ. പട്ടികവർഗ്ഗക്കാരിൽ സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ

ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി "നമത് വെള്ളാമെ" എന്ന പദ്ധതി അട്ടപ്പാടിയിൽ ആരംഭിച്ചു. ടി പദ്ധതി പ്രകാരം അട്ടപ്പാടിയിൽ 1671 ഏക്കർ തരിശുഭൂമിയെ പരമ്പരാഗത കൃഷിയ്ക്ക് കീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് ഉപജീവനം മെച്ചപ്പെടുത്തുന്ന രീതിയിൽ നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർ പദ്ധതിയായി നടപ്പിലാക്കിവരുന്നു. ഹരിത രശ്മി 2020-21 വർഷത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 2500 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഉപജീവനം മെച്ചപ്പെടുത്തുന്നതിന് 5.15 കോടി രൂപയുടെ പദ്ധതി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ആരംഭിച്ചിട്ടുണ്ട്.

വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ നവീകരണം : 2021-22 വർഷത്തിൽ വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി, ആറളം, ചീങ്ങേരി എന്നീ ഫാമുകളുടെ നവീകരണത്തിനായി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി സമർപ്പിച്ച പ്രോജക്ടുകളിൽ ആദ്യഘട്ടത്തിൽ അട്ടപ്പാടി ഫാം നവീകരണത്തിനായി 150.00 ലക്ഷം രൂപയും ആറളം ഫാമിനായി 300 ലക്ഷം രൂപയും പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നതും പട്ടിക വർഗ്ഗക്കാരുടെ പോഷകനിലവാരം മെച്ചപ്പെടുത്തുന്നതിനും ജീവനോപാധി വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

മില്ലറ്റ് വില്ലേജ് : ആദിവാസി സമൂഹത്തിന്റെ അന്യം നിന്നുപോയ പാരമ്പര്യകൃഷി പുനഃസ്ഥാപിക്കുന്നതിനും പോഷകാഹാര കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവരുടെ തനത് ഭക്ഷണരീതി പ്രോത്സാഹിപ്പിക്കുന്നതിനും 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ അട്ടപ്പാടി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 165 ഊരുകളിലായി 1240 ഹെക്ടർ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിനായി 540.00 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

## പട്ടികജാതി - പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾ

2 (2606) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പട്ടികജാതി സെറ്റിൽമെന്റുകളുണ്ടെന്ന് ജില്ല തിരിച്ച് പട്ടിക ലഭ്യമാക്കാമോ?

കേരളത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) കേരളത്തിൽ എത്ര പട്ടികവർഗ്ഗ സെറ്റിൽമെന്റുകളുണ്ടെന്ന് ജില്ല തിരിച്ച് പട്ടിക ലഭ്യമാക്കാമോ?

കേരളത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു*

**ഭവനരഹിതർ**

3 (2607) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട എത്രപേർക്ക് നിലവിൽ സ്വന്തമായി സ്ഥലമോ, വീടോ ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതിയിൽപ്പെട്ട 46082 പേർക്ക് ഭൂമിയില്ലെന്നും 34469 പേർക്ക് ഭവനമില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. 7622 പട്ടികവർഗ്ഗക്കാർ ഭൂരഹിതരായും 12635 പട്ടികവർഗ്ഗക്കാർ ഭവനരഹിതരായും കണക്കാക്കിയിട്ടുണ്ട്.

(ബി) അവർക്ക് സ്വന്തമായി വീടും സ്ഥലവും നൽകുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതി എന്താണ്. അതിലൂടെ എത്രപേർക്ക് ആനുകൂല്യം ലഭിച്ചു; വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് സ്വന്തമായി ഭൂമിയുള്ളതും എന്നാൽ വാസ യോഗ്യമായ ഭവനമില്ലാത്തതും 50,000 രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പു മുഖേന 4 ലക്ഷം രൂപ ഭവന നിർമ്മാണത്തിനു ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2016-17-ൽ 14906 ഭവനത്തിനും 2017-18-ൽ 8895 ഭവനവും 2018-ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന വാസയോഗ്യമല്ലാത്ത 170 വീടുകൾ പുനർനിർമ്മിക്കാനും ആകെ 23971 പേർക്ക് ധനസഹായം നൽകി. 2018-19 വർഷം മുതൽ സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് ഭവന നിർമ്മാണ ധനസഹായം നൽകിയിട്ടുള്ളത്. ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 3847 ഭവനം പൂർത്തീകരിക്കുകയും രണ്ടാം ഘട്ടത്തിൽ 13019 വീടുകളുടെയും മൂന്നാം ഘട്ടത്തിൽ 2932 വീടുകളുടെയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വാസയോഗ്യമായ ഭവനം നിർമ്മിക്കാൻ ഭൂമിയില്ലാത്ത 50,000 രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പഞ്ചായത്തിൽ 3.75 ലക്ഷവും മുനിസിപ്പൽ പ്രദേശത്ത് 4.5 ലക്ഷവും കോർപ്പറേഷൻ പരിധിയിൽ 6 ലക്ഷവും ധനസഹായം അനുവദിക്കുന്നു. 2016-17 സാമ്പത്തിക വർഷം 17564.65 ലക്ഷം രൂപ ചെലവഴിച്ച് 4468 ഗുണഭോക്താക്കൾക്കും 2017-18 -ൽ 17950.51 ലക്ഷം രൂപ ചെലവഴിച്ച് 4600 ഗുണഭോക്താക്കൾക്കും ഭൂമി നൽകിയിട്ടുണ്ട്. 2018-19 വർഷം 15555.15 ലക്ഷം രൂപ ചെലവഴിച്ച് 3887 ഗുണഭോക്താക്കൾക്കും 2019-20 വർഷം 14470.31 ലക്ഷം രൂപ ചെലവഴിച്ച് 4225 പേർക്കും ഭൂമിയുടെ ധനസഹായം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെയായി 5973.60 രൂപ ചെലവഴിച്ച് 1460 ഗുണഭോക്താക്കൾക്കും ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ലാന്റ് ബാങ്ക് പദ്ധതി ആരംഭിച്ചു. ഇതുവരെ 35 ഗുണഭോക്താക്കൾക്ക് 5.55 ഏക്കർ ഭൂമി വിലയ്ക്കു വാങ്ങി ലാന്റ് ബാങ്ക് പദ്ധതി മുഖേന നൽകിയിട്ടുണ്ട്. കോട്ടയം, എറണാകുളം, പാലക്കാട്, വയനാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലായി 46.07 ഏക്കർ ഭൂമി ജില്ലാ കളക്ടർമാരുടെ പേരിൽ ലാന്റ് ബാങ്കായി സൂക്ഷിച്ചിട്ടുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാർ മുഖേന സ്വീകരിച്ചുവരുന്നു. ഭവനരഹിതരായ മുഴുവൻ ആളുകൾക്കും വീട് അനുവദിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ലൈഫ് മിഷൻ പദ്ധതി മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു. ലൈഫ് മിഷന്റെ ഒന്നാം ഘട്ടം പദ്ധതിയിലുൾപ്പെടുത്തി 11306 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പണി പുരോഗമിച്ചുവരുന്നു. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായവർക്ക് പുതിയ ഭവനങ്ങളുടെ നിർമ്മാണമെന്ന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. കുടുംബശ്രീ മുഖേന നടത്തിയ സർവ്വെ പ്രകാരം 6058 പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ നിലവിൽ 3405 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 2426 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുമുണ്ട്. ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ തരത്തിലുള്ള വീടുകളിൽ താമസിക്കുന്ന 16072 പട്ടികവർഗ്ഗക്കാരെ വകുപ്പ് മുഖേന നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും ടി ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ആയതിൽ പരിശോധന നടത്തിയ 12636 പേരിൽ 8062 പേർ അർഹരാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷന്റെ മൂന്നാംഘട്ട പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വെയുടെയും ഊരുകൂട്ടത്തിന്റെയും കണക്കുപ്രകാരം ഭൂരഹിതരായ 8086 പട്ടികവർഗ്ഗക്കാർക്കും ലൈഫ് മിഷൻ മുഖേന ഭൂമിയും, വീടും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 6709 വീടുകൾ വിവിധ പദ്ധതികളിൽപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. ആയതിൽ നാളിതുവരെ 1583 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം**

4 (2608) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭാസ്കർ നഗർ, പൂഴിക്കുന്ന് കോളനികളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഭാസ്കർ നഗർ - ഭാസ്കർ നഗർ കോളനിയിൽ റോഡ് കോൺക്രീറ്റിംഗ്, ഓട സൈഡ് വാൾ നിർമ്മാണം, 9 വീടുകളുടെ പുനരുദ്ധാരണം എന്നിവ പൂർത്തീകരിച്ചു. അംഗനവാടി, ലൈബ്രറി, കെട്ടിട നിർമ്മാണം എന്നിവ അവസാന ഘട്ടത്തിലാണ്. 10 വീടുകളുടെ പുനരുദ്ധാരണം അവശേഷിക്കുന്നു. 95% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

പൂഴിക്കുന്ന് കോളനി കോളനിയിൽ കൽവർട്ടിന്റെ പ്രവൃത്തി പൂർത്തിയായി. കോളനിയിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഭവന പുനരുദ്ധാരണം അവസാനഘട്ടത്തിലാണ്. 45% പ്രവൃത്തികൾ പൂർത്തീകരിച്ചു.

(ബി) ഭാസ്കർ നഗർ-പൂഴിക്കുന്ന് കോളനികളുടെ നവീകരണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

നിർമ്മാണ പ്രവൃത്തികൾ 2021 ഫെബ്രുവരി 15-ന് മുൻപ് പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചികിത്സാ ധനസഹായം**

5 (2609) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് (2011-2016) പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിൽനിന്ന് ചികിത്സാ ധനസഹായമായി എത്ര പേർക്ക് എത്ര കോടി രൂപയാണ് അനുവദിച്ചതെന്നറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് (2011-16) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 55390 പേർക്ക് 102,00,72,781 രൂപയും (നൂറ്റിരണ്ട് കോടി എഴുപത്തിരണ്ടായിരത്തി എഴുന്നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 49326 പേർക്ക് 10,47,96,239 രൂപയും (പത്ത് കോടി നാല്പത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി ഇരുന്നൂറ്റി മുപ്പത്തിയൊമ്പത് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലുള്ള എത്ര ആളുകൾക്ക് എത്ര തുകയാണ് ഈ സർക്കാരിന്റെ കാലത്ത് വകുപ്പിൽനിന്ന് ചികിത്സാ ധനസഹായമായി അനുവദിച്ചതെന്ന് വെളിപ്പെടുത്താമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിൽനിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 85 ഗുണഭോക്താക്കൾക്ക് 20,57,000 രൂപയും (ഇരുപത് ലക്ഷത്തി അമ്പത്തേഴായിരം രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 41 പേർക്ക് 4,75,600 രൂപയും (നാല് ലക്ഷത്തി എഴുപത്തയ്യായിരത്തി അറുനൂറ് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിലെ പട്ടികജാതി ക്ഷേമപദ്ധതികൾ**

6 (2611) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽ പട്ടികജാതി ക്ഷേമവകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ ;

&

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**വേടൻ സമുദായ അംഗങ്ങളുടെ സങ്കേതങ്ങൾ വികസിപ്പി ക്കുന്നതിന് നടപടി**

7 (2612) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളിൽ ഒന്നായ 'വേടൻ' വിഭാഗം തിങ്ങിപ്പാർക്കുന്ന വർക്കല മണ്ഡലത്തിലെ സങ്കേതങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിലെ വേടൻ വിഭാഗം തിങ്ങിപ്പാർക്കുന്ന വർക്കല മണ്ഡലത്തിലെ സങ്കേതങ്ങൾ ചുവടെചേർക്കുന്നു.

1. വർക്കല മുനിസിപ്പാലിറ്റി

(a) തങ്ങാക്കുടി

(b) കിടങ്ങിൽ

(c) ചെമ്പൽകുന്ന്

2. വർക്കല ബ്ലോക്ക് തുമ്പയിൽ കോണം (ഇലകമൺ പഞ്ചായത്ത്)

3. കിളിമാനൂർ ബ്ലോക്ക്

(a) നാവായികുളം പഞ്ചായത്ത്

(1) നൈനാംകോണം കോളനി

(2) വടക്കേവയൽ കോളനി

(3) പണിക്കുടി കോളനി

(4) പാണിയിൽ കോളനി

(b) മടവൂർ ഗ്രാമപഞ്ചായത്ത്

(1) പില്ലാനിക്കോണം കോളനി

(2) തെന്നാംകോണം കോളനി

(3) ചെങ്കോട്കോണം കോളനി.

(ബി) പ്രസ്തുത സമുദായംഗങ്ങൾ തിങ്ങിപ്പാർക്കുന്ന സങ്കേതങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സമുദായാംഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഇലകമൺ പഞ്ചായത്തിലെ തുമ്പയിൽക്കോണം വേടർകുന്ന് കോളനിയെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സങ്കേതത്തിൽ സംരക്ഷണഭിത്തി കെട്ടുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. വേടർ സമുദായത്തിൽപ്പെട്ടവർക്ക് ഭൂമി, വീട്, കൃഷിഭൂമി, വീട് മെയിന്റനൻസ്, ടോയ്ലെറ്റ്, പഠനമുറി എന്നീ പദ്ധതികൾക്കുള്ള ആനുകൂല്യങ്ങളും അനുവദിക്കുന്നു.

(സി) വേടൻ വിഭാഗം തിങ്ങിപ്പാർക്കുന്ന സങ്കേതങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ രൂപപ്പെടുത്തുമോ?

നിലവിലുള്ള അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി സങ്കേതങ്ങളുടെ വികസനം നടപ്പിലാക്കാവുന്നതാണ്.

## പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പിൽ എൻ.ജി.ഒ. വഴി നടപ്പിലാക്കിയ പദ്ധതികൾ

8 (2613) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ ഏതെങ്കിലും പദ്ധതികൾ എൻ.ജി.ഒ. വഴി നടപ്പിലാക്കിയിട്ടുണ്ടോ?

ഈ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിൽ എൻ.ജി.ഒ. വഴി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നടപ്പിലാക്കിയിട്ടില്ല.

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് എൻ.ജി.ഒ. വഴി നടപ്പിലാക്കിയതെന്ന് അറിയിക്കുമോ ; അതിൽ ഓരോ പദ്ധതിക്കും നൽകിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഇടുക്കി ജില്ലയിൽ പാരമ്പര്യ കാർഷിക പുനരുദ്ധാരണ പരിപാടി എൻ.ജി.ഒ. വഴി നടപ്പിലാക്കി. ഇതിനായി 41 ലക്ഷം രൂപ ചെലവഴിച്ചു. അട്ടപ്പാടി കാർഷിക പുനരുദ്ധാരണ പദ്ധതിക്ക് കൺസൾട്ടൻസി തുകയായി 15 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് കുടിശ്ശിക

9(2614) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റിലും, സ്റ്റൈപന്റിലും നിലവിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കാമോ ;

(ബി) കുടിശ്ശിക ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപ കുടിശ്ശികയുണ്ട്; പ്രസ്തുത കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റിലും സ്റ്റൈപന്റിലും നിലവിൽ കുടിശ്ശിക ഇല്ല. വിദ്യാർത്ഥികളുടെ അർഹത പരിശോധിച്ച് സമയബന്ധിതമായി പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

## വാത്സല്യനിധി പദ്ധതി

10 (2615) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ കെ. കുഞ്ഞിരാമൻ:
ശ്രീ യു. ആർ. പ്രദീപ്:
ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യ നിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി വികസന വകുപ്പും, എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഗഡുക്കളാക്കി താഴെ പറയുന്ന പ്രകാരം പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപവരെ വരുമാന പരിധിയിൽ ഉള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്കാണ് അർഹത.

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക | പ്രീമിയം |
|---|---|---|
| (1) | (2) | (3) |
| 1. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.<br>2. ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പ്പുകൾ എടുത്തിരിക്കണം. | 39,000 | I |

| (1) | (2) | (3) |
|---|---|---|
| 1. പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം<br>2. പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ എടുത്തിരിക്കണം. | 36,000 | II |
| അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ്സ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം | 33,000 | III |
| പെൺകുട്ടി പത്താംതരം പാസ്സാക്കുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസ്സായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. | 30,000 | IV |

(ബി) പട്ടികജാതി പെൺകുട്ടികൾക്കായി പട്ടികജാതി വികസനവകുപ്പും ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായി വാത്സല്യനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

ഉണ്ട്.

(സി) ഇതിനായി എത്ര തുക സർക്കാർ എൽ.ഐ.സി.-യിൽ നിക്ഷേപിച്ചിട്ടുണ്ട്?

ആകെ 12121 കുട്ടികൾക്ക് ഇൻഷുറൻസ് പ്രീമിയത്തിന്റെ ആദ്യ ഗഡു തുകയായ 39,000 രൂപ നിരക്കിൽ 47,27,19,000 രൂപ എൽ.ഐ.സി.യി.-ൽ നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിലവിൽ എത്രപേർക്ക് ലഭ്യമാക്കി യിട്ടുണ്ടെന്നും കൂടുതൽ പേരെ ഈ പദ്ധതിയിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കു മോയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിലവിൽ 12121 കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വാത്സല്യ നിധി പദ്ധതി മാനദണ്ഡപ്രകാരം അർഹതയുള്ള എല്ലാ പട്ടികജാതി പെൺകുട്ടികളെയും പദ്ധതിയുടെ ഭാഗമാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ ചേരുന്നതിന് പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## സിവിൽ സർവ്വീസ് പരിശീലനം

11 (2616) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് സിവിൽ സർവ്വീസ് പരിശീലനത്തിന് കേരള സിവിൽ സർവ്വീസ് അക്കാഡമിയിൽ അവസരം ഒരുക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അക്കാഡമിയിൽ എത്രപേർക്ക് പരിശീലനം നൽകി; അതിൽ എത്രപേർ സിവിൽ സർവ്വീസ് പരീക്ഷയിൽ വിജയിച്ചു; വിശദാംശം നൽകുമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018-19 വർഷത്തിൽ 168 പേർക്കും 2019-20 വർഷത്തിൽ 321 പേർക്കും ഉൾപ്പെടെ ആകെ 489 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി വഴി സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നല്കിയിട്ടുണ്ട്. ഇവരിൽ ആരും തന്നെ സിവിൽ സർവ്വീസ് പരീക്ഷയിൽ വിജയിച്ചിട്ടില്ല.

## ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

12 (2617) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള എന്തെല്ലാം വികസന പദ്ധതികളാണ് വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നത്; പഞ്ചായത്ത് തിരിച്ച് പ്രസ്തുത വികസന പ്രവർത്തനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

പട്ടികജാതി വികസനവകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചു വരുന്നു*.

(ബി) ഈ സർക്കാർ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം, മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം, മറ്റ് സ്കോളർഷിപ്പുകൾ എന്നീ ഇനങ്ങളിൽ എത്ര രൂപ നൽകിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് ലിസ്റ്റ് ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം

| പഞ്ചായത്ത് | തുക |
|---|---|
| കായണ്ണ | 4,95,000.00 |
| കൂരാച്ചുണ്ട് | 6,10,000.00 |
| ബാലുശ്ശേരി | 9,81,000.00 |
| കോട്ടൂർ | 37,00,000.00 |
| ഉള്ള്യേരി | 20,25,000.00 |
| ഉണ്ണികുളം | 10,53,000.00 |
| നടുവണ്ണൂർ | 12,55,000.00 |
| പനങ്ങാട് | 9,44,000.00 |
| അത്തോളി | 23,80,000.00 |

മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം

| പഞ്ചായത്ത് | തുക |
|---|---|
| (1) | (2) |
| കായണ്ണ | 50,000.00 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) |
|---|---|
| കുരാച്ചുണ്ട് | 15,00,000.00 |
| ബാലുശ്ശേരി | 22,50,000.00 |
| കോട്ടൂർ | 24,00,000.00 |
| ഉള്ള്യേരി | 18,00,000.00 |
| ഉണ്ണികുളം | 12,00,000.00 |
| നടുവണ്ണൂർ | 19,00,000.00 |
| പനങ്ങാട് | 13,00,000.00 |
| അത്തോളി | 2,50,000.00 |

അയ്യങ്കാളി സ്കോളർഷിപ്പ്

| പഞ്ചായത്ത് | തുക |
|---|---|
| കായണ്ണ | 67,500.00 |
| കുരാച്ചുണ്ട് | 58,500.00 |
| ബാലുശ്ശേരി | 67,500.00 |
| കോട്ടൂർ | 1,30,500.00 |
| ഉള്ള്യേരി | 28,800.00 |
| ഉണ്ണികുളം | 1,62,000.00 |
| നടുവണ്ണൂർ | 99,000.00 |
| പനങ്ങാട് | 58,500.00 |
| അത്തോളി | 2,29,500.00 |

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(സി) ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികജാതി വിഭാഗങ്ങൾക്കായി എത്ര പഠന മുറികളാണ് ഈ സർക്കാർ വന്നതിനുശേഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്; ഇപ്പോൾ എത്ര പഠനമുറികളുടെ പ്രവൃത്തി നടന്നുവരുന്നുണ്ട്; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികജാതി വിഭാഗങ്ങൾക്കായി 323 പഠനമുറികൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 177 പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ട്. 146 പഠനമുറികളുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

## പട്ടികജാതി വികസന വകുപ്പിന് 2020-21-ൽ അനുവദിച്ച ഫണ്ട്

13 (2618) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് 2020-21-ൽ അനുവദിച്ച ഫണ്ടിൽ നിന്നും ഏതെങ്കിലും തുക വകമാറ്റിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര തുകയാണ് ഇപ്രകാരം വകമാറ്റിയതെന്നും എന്ത് കാര്യത്തിനാണെന്നും വ്യക്തമാക്കുമോ?

(എ&ബി) വകമാറ്റിയിട്ടില്ല..

(സി) പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് പ്രസ്തുത വിഭാഗങ്ങളുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കാതെ വകമാറ്റുന്ന പ്രവണത അവസാനിപ്പിക്കുമോയെന്ന് അറിയിക്കാമോ?

പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് വകമാറ്റാറില്ല.

## വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വിതരണം ചെയ്ത തുക

14 (2619) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ വിതരണം ചെയ്ത തുക സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ വിതരണം ചെയ്ത തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികളിലെ അഴിമതിയാരോപണം

15 (2620) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നടപ്പിലാക്കിയ ഏതെങ്കിലും പദ്ധതികളിൽ അഴിമതി നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളിലെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത അഴിമതി സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

വിവരം ശേഖരിച്ചുവരുന്നു.

(സി) ഏതെങ്കിലും അഴിമതി ആരോപണം വിജിലൻസ് അന്വേഷണത്തിന് അയച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മറയൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ വകുപ്പുതല കണക്ക് പരിശോധനയുടെ ഭാഗമായി ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ജനനി ജന്മരക്ഷ, ലൈഫ് മിഷൻ എന്നീ പദ്ധതികളിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു. പട്ടികജാതി വികസന വകുപ്പിൽനിന്ന് പരാതികൾ വിജിലൻസ് അന്വേഷണത്തിന് അയച്ചിട്ടില്ല.

## ഏറനാട് നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ

16 (2621) ശ്രീ പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി, ഗോത്ര നിധി, വാൽസല്യ നിധി, പഠനമുറി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഏറനാട് നിയോജക മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിൽ സാമൂഹ്യ പഠനമുറി, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഏറനാട് നിയോജക മണ്ഡലത്തിൽ നിന്നും ഗോത്രവാത്സല്യ പദ്ധതിയിൽ 23 കുട്ടികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏറനാട് നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമ

വികസന പദ്ധതി, വാത്സല്യനിധി, പഠനമുറി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതി (2016-17) പ്രകാരം വെള്ളാമ്പുറം പട്ടികജാതി കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. വാത്സല്യനിധി പദ്ധതി പ്രകാരം നാളിതുവരെ 143 കുട്ടികളെ അംഗങ്ങളായി ചേർത്തിട്ടുണ്ട്. പഠനമുറി ധനസഹായ പദ്ധതിപ്രകാരം 119 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം പ്രദേശത്താണ് പ്രസ്തുത പദ്ധതികൾ തുടങ്ങിയതെന്നും ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥയും അറിയിക്കുമോ; പ്രവൃത്തി പൂർത്തിയായില്ലെങ്കിൽ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ചാലിയാർ പഞ്ചായത്തിലെ പെരുവമ്പാടം പട്ടികവർഗ്ഗ കോളനിയിൽ സാമൂഹ്യ പഠനമുറിയുടെ നിർമ്മാണം പൂർത്തിയായി. പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചാലിയാർ പഞ്ചായത്തിലെ പാറേക്കാട് - ഇടിവണ്ണ കോളനിയിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ 60% പ്രവൃത്തികൾ പൂർത്തിയായി. 2021 ഫെബ്രുവരി മാസത്തിനകം പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാനിർമ്മിതി കേന്ദ്രയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എടവണ്ണ ഗ്രാമപഞ്ചായത്തിലെ വെള്ളാമ്പുറം പട്ടികജാതി കോളനിയിൽ 80% പ്രവൃത്തി സെക്ഷൻ ഓഫീസർ പൂർത്തീകരിച്ചിട്ടുണ്ട്. 2021 ഫെബ്രുവരി 15-ന് മുൻപ് മുഴുവൻ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്. വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി പ്രകാരം മണ്ഡലത്തിലെ 7 പഞ്ചായത്തുകളിലെ പെൺകുട്ടികളെ പദ്ധതിയിൽ ചേർത്തിട്ടുണ്ട്. പഠനമുറി ധനസഹായം മണ്ഡലത്തിലെ 7 പഞ്ചായത്തുകളിൽ അനുവദിക്കുകയും 70% പഠനമുറി നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പഠനമുറികളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ജീർണ്ണാവസ്ഥയിലായ ലക്ഷംവീടുകളുടെ നവീകരണം

17 (2622) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിലെ ഒറ്റമുറി ലക്ഷം വീടുകൾ ജീർണ്ണാവസ്ഥയിലായതിനാൽ പ്രസ്തുത കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ആയതിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പിന് നൽകുമോയെന്നറിയിക്കാമോ?

(എ&ബി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ട്.

**കുടുംബസഹായങ്ങൾ**

18 (2623) ശ്രീ വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ നിന്നും എത്ര രൂപ ചികിത്സ, കുടുംബസഹായങ്ങൾ നൽകിയിട്ടുണ്ട്; എത്ര പേർക്ക്?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിൽനിന്നും 85982 പേർക്ക് 159,89,45,527 രൂപ (നൂറ്റി അൻപത്തൊമ്പത് കോടി എൺപത്തൊമ്പത് ലക്ഷത്തി നാല്പത്തയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) ചികിത്സാ ധനസഹായമായും 1785 പേർക്ക് 22,27,50,000 രൂപ (ഇരുപത്തി രണ്ട് കോടി ഇരുപത്തിയേഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) കുടുംബ ധനസഹായവും, പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 58981 പേർക്ക് 17,89,00,000 രൂപയും (പതിനേഴ് കോടി എൺപത്തൊമ്പത് ലക്ഷം രൂപ മാത്രം) ചികിത്സാ ധനസഹായമായും, 104 പേർക്ക് കുടുംബസഹായമായി 52,00,000 രൂപയും (അൻപത്തിരണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിൽ ജില്ല, നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാണോ?

ലഭ്യമാണ്.

(സി) ലഭ്യമാണെങ്കിൽ കോഴിക്കോട് ജില്ല, ബേപ്പൂർ നിയോജകമണ്ഡലം എന്നിവയുടെ കണക്കുകൾ ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**പട്ടികജാതി ഐ.ടി.ഐ.-യുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ**

19 (2624) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് പട്ടികജാതി ഐ.ടി.ഐ.യുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പേരുമല ഐ.ടി.ഐ.യുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് പ്രസ്തുത ഐ.ടി.ഐ. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 12 ലക്ഷം രൂപയും ലേഡിസ് ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണത്തിനായി 4,20,000 (നാല് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയും പി.ഡബ്ല്യു.ഡി.ക്ക് അനുവദിച്ച് നൽകുകയും പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ മെയിന്റനൻസിനായി 81,500 രൂപ (എൺപത്തൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) പി.ഡബ്ല്യു.ഡി.യ്ക്ക് അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ഓഫീസ് റൂം, കമ്പ്യൂട്ടർ ലാബ് എന്നിവയുടെ നിർമ്മാണത്തിനായി പി.ഡബ്ല്യു.ഡി.ക്ക് 29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പുതിയ കെട്ടിടനിർമ്മാണത്തിനാവശ്യമായ 5,00,000 ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുകയും ആയത് പൂർത്തീകരിക്കുയും ചെയ്തിട്ടുണ്ട്.

(ബി) ഇവിടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പേരുമല ഐ.ടി.ഐ.യിൽ നിലവിലുള്ള കെട്ടിട സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിലവിൽ പരിശീലനം നൽകുന്ന പ്ലംബർ ട്രേഡിന്റെ ഒരു അഡീഷണൽ യൂണിറ്റും വെൽഡർ എന്ന പുതിയ കോഴ്സും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## പട്ടികജാതി വിഭാഗങ്ങളിൽ സംരംഭകത്വം

20 (2625) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിൽ സംരംഭകത്വം വളർത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി വിഭാഗത്തിലുള്ളവരിൽ സംരംഭകത്വം വളർത്തുന്നതിനായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സംരംഭകത്വം വളർത്തുന്നതിനായി ആവിഷ്കരിച്ച 6 മാസ കാലാവധിയുള്ള ഇൻക്യുബേഷൻ പദ്ധതിയാണിത്. കാലാവധി പൂർത്തിയാക്കുന്നമുറയ്ക്ക് നടത്തുന്ന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഒരു വർഷം വരെ ഇതു ദീർഘിപ്പിച്ച് നൽകും. പട്ടികജാതി വികസന വകുപ്പും കേരള സ്റ്റാർട്ട് അപ്പ് മിഷനും ചേർന്ന് തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിലുള്ള അംബേദ്ക്കർ ഭവനിലാണ് ഇത് നടത്തിവരുന്നത്.

(ബി) നൂതന ആശയങ്ങളും ഉല്പന്നങ്ങളുമുള്ളവർക്ക് അവ വികസിപ്പിക്കുന്നതിനും പുതുസംരംഭങ്ങൾ തുടങ്ങാനുമുള്ള സൗകര്യവും ശേഷിവികസനവും ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽ പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. കൂടാതെ അവർക്കായി ഒരു സ്പെഷ്യൽ സീഡ് ഫണ്ടും നിലവിലുണ്ട്.

(സി) ഇതിനകം എത്ര പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തുവെന്നും, എത്രപേർ പരിശീലനം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ 3 ബാച്ചുകൾ പൂർത്തിയായിട്ടുണ്ട്. ഇതിലൂടെ 55 സ്റ്റാർട്ട് അപ്പുകൾക്കാണ് ഇൻക്യുബേഷൻ നൽകിയത്. ഇവരെല്ലാവരും ഇൻക്യുബേഷൻ പരിപാടി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. പുതുതായി 48 പേർക്കുകൂടി ഇൻക്യുബേഷൻ ആരംഭിച്ചിട്ടുണ്ട്.

## കല്പറ്റ മണ്ഡലത്തിൽ അനുവദിച്ച ചികിത്സാ ധനസഹായം

21 (2626) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായനിധിയിൽനിന്നും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കല്പറ്റ മണ്ഡലത്തിൽ വിതരണം ചെയ്ത തുകയുടെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ?

കല്പറ്റ മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിതരണം ചെയ്ത തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. 2016-17-7,53,400, 2017-18-12,89,400, 2018-19-14,95,400, 2019-20-16,81,400, 2020-21-1,68,400, ആകെ-53,88,000 (അമ്പത്തിമൂന്ന് ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ മാത്രം). കല്പറ്റ മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്ത തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. 2016-17-24,99,995, 2017-18-32,06,375, 2018-19-37,41,222, 2019-20 33,60,193, 2020-21-8,81,500, ആകെ - 1,36,89,285 (ഒരു കോടി മുപ്പത്തിയാറ് ലക്ഷത്തി എൺപത്തൊമ്പതിനായിരത്തി ഇരുന്നൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം).

## പട്ടികജാതിവിഭാഗക്കാർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം

22 (2627) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി ക്ഷേമ വകുപ്പ് മുഖാന്തരമുള്ള ദുരിതാശ്വാസ നിധിയിൽനിന്നും ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ആകെ എത്ര പേർക്ക്, എത്ര തുകയാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ 789 പേർക്കായി 1,74,71,500 (ഒരു കോടി എഴുപത്തിനാല് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ ചികിത്സാധനസഹായം നൽകിയിട്ടുണ്ട്.

## പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം

23(2628) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണത്തിന് സ്വന്തമായി സ്ഥലമില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം നൽകുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ?

സ്വന്തമായി ഭവനമില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി വകുപ്പ് മുഖേന ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് ഭൂരഹിത പുനരധിവാസ പദ്ധതി. ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും അർഹരായ ഗുണഭോക്താക്കളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ധനസഹായം നൽകുന്നു. ഗ്രാമ/മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 3.75 ലക്ഷം/4.5 ലക്ഷം/6 ലക്ഷം എന്നീ നിരക്കുകളിൽ ധനസഹായം നൽകുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്ക് സ്ഥലം ലഭ്യമാക്കിയെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരമേറ്റ 2016-17 സാമ്പത്തിക വർഷം മുതൽ 2020 ഡിസംബർ 31 വരെ 18640 കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

## പയ്യന്നൂർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ

24(2629) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു*. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ചുവടെ ചേർക്കുന്നു :

1. കാനംവയൽ കോളനി സാംസ്കാരിക നിലയം നിർമ്മാണം നടന്നുവരുന്നു.
2. ഫുഡ് സപ്പോർട്ട് പ്രോഗ്രം:- മൺസൂൺ കാലത്ത് പട്ടിക വർഗ്ഗക്കാരുടെ ഇടയിലുള്ള തൊഴിലില്ലായ്മയും പട്ടിണിയും ഒഴിവാക്കുന്നതിലേക്ക് ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. ആയത് പ്രകാരം 114 കുടുംബങ്ങൾക്ക് പദ്ധതി നടപ്പിലാക്കി യിട്ടുണ്ട്.
3. പട്ടുത്തുവയൽ, എയ്യൻകല്ല് എന്നീ കോളനികൾ അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കോളനി പ്രവർത്തനങ്ങൾ-പട്ടുത്തുവയൽ-വീട് നിർമ്മാണം (7 എണ്ണം) വീട് പുനരുദ്ധാരണം (11 എണ്ണം) തെരുവ് വിളക്ക്, കിണർ പുനരുദ്ധാരണം, നടപ്പാത നിർമ്മാണം, വാട്ടർ ടാങ്ക്, സ്റ്റാന്റ് എയ്യൻകല്ല്-വീട് പുനരുദ്ധാരണം (28 എണ്ണം) വീട് നിർമ്മാണം (6 എണ്ണം) കക്കൂസ് നിർമ്മാണം.

## അംബേദ്കർ ഗ്രാമവികസന പദ്ധതി

25 (2630) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയക്കെടുതി നേരിടുന്ന ഏതെല്ലാം കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതി (2018-19) യിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനായി ഭരണാനുമതി നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രളയത്തിൽ നാശനഷ്ടങ്ങൾ നേരിട്ടതും കുറഞ്ഞത് 30 പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ കോളനികളെ ബന്ധപ്പെട്ട ജില്ല പട്ടികജാതി വികസന ആഫീസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കോളനികളുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ബി) എറണാകുളം ജില്ലയിൽ നോമിനേറ്റഡ് എം.എൽ.എ നിർദ്ദേശിച്ച ഏതെല്ലാം കോളനികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച് വിവരങ്ങൾ നോമിനേറ്റഡ് എംഎൽഎ.യെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അറിയിക്കാത്തതിന് കാരണം വിശദമാക്കാമോ?

(ബി-ഇ) ബാധകമല്ല.

## അംബേദ്കർ ഗ്രാമം പദ്ധതി

26 (2632) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കോളനികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

കുമളി കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഓരോ കോളനികൾക്കും എത്ര തുകയാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

തെരഞ്ഞെടുത്ത കോളനികളിൽ ഒരു കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്.

## കൊച്ചി നിയോജകമണ്ഡലത്തിലെ ഭൂരഹിത പുനരധിവാസ പദ്ധതി

27(2633) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിനുകീഴിൽ നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം കൊച്ചി നിയോജകമണ്ഡലത്തിൽ ഭൂമിയും ഭവനവും എത്ര പേർക്ക് അനുവദിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 45 പേർക്ക് ഭൂമിയും ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം 102 പേർക്ക് ഭവനവും പ്രസ്തുത നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച അർഹരായ എത്ര പേർക്ക് പ്രസ്തുത നിയോജകമണ്ഡലത്തിൽ ആനുകൂല്യം നൽകാൻ ബാക്കിയുണ്ട്; വ്യക്തമാക്കാമോ?

അപേക്ഷ സമർപ്പിച്ച അർഹരായ 46 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ അവശേഷിക്കുന്നു.

(സി) 2021 മാർച്ച് 31-ന് മുമ്പ് അർഹരായ എല്ലാ അപേക്ഷകർക്കും പദ്ധതിയുടെ ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ആനുകൂല്യത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ ഗുണഭോക്താക്കൾ വാസയോഗ്യമായ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് ധനസഹായം അനുവദിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

28(2634)ശ്രീ. കെ. ആൻസലൻ:
ശ്രീ. ജോർജ് എം .തോമസ്:
ശ്രീ. പി.വി. അൻവർ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിയ നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിയ നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ/+2 തലത്തിലുള്ള വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടും കൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള പഠനമുറി എന്ന പദ്ധതി. 25000 പഠനമുറികൾ ഇതിനകം അനുവദിച്ചു.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്രവികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി പദ്ധതി.

3. M.S.C Electronics, B.Arch. M.Phil, Ph.D എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുകൂടി ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി.

4. പട്ടികജാതി വകുപ്പിന് കീഴിലുള്ള 44 ഐ.റ്റി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ്സ് പാലും ഉച്ചഭക്ഷണവും നൽകുന്ന പദ്ധതി.

5. 7 ഐ.റ്റി.ഐ.കളെ റസിഡൻഷ്യൽ ഐ.റ്റി.ഐ.കളാക്കി മാറ്റി.

6. സ്വകാര്യ സിവിൽ സർവ്വീസ് കോച്ചിംഗ് സ്ഥാപനങ്ങളിൽ 30 പേർക്ക് പരിശീലനം.

7. മണ്ണന്തല ICSETS-ൽ ഒരുവർഷ ജേണലിസം പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ.

8. പാലക്കാട് വടക്കാഞ്ചേരിയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്.

9. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, പേരൂർക്കട.

10. ആധുനിക റൈസ് മിൽ - കണ്ണമ്പ്ര

11. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി.

12. നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15,000 രൂപ ധനസഹായത്തോടെ പരിശീലനം നൽകുന്ന പദ്ധതി.

13. പട്ടികജാതി യുവതീയുവാക്കൾക്ക് പരിശീലനം നൽകി 100% പ്ലെയിസ്മെന്റ് ഉറപ്പാക്കുന്ന വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ.

(ബി) പട്ടികജാതിക്കാർ താമസിക്കുന്ന കോളനി പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച അംബേദ്കർ ഗ്രാമം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പട്ടികജാതി കോളനികളുടെ വികസനത്തിനായി ആവിഷ്കരിച്ച അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് ഗവ. അക്രഡിറ്റഡ് ഏജൻസികളാണ്. പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ

എന്നിവരുടെ അവലോകന യോഗങ്ങൾ ചേരുകയും നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. പദ്ധതി നടത്തിപ്പിലെ സാങ്കേതികവും മറ്റുമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ഈ യോഗങ്ങളിൽ നടപടി സ്വീകരിക്കുന്നു. കൂടാതെ ജില്ലാ ഓഫീസുകൾ വഴിയും പട്ടികജാതി വികസന ഓഫീസുകൾ വഴിയും ഫീൽഡുതല പരിശോധനകളും നടത്തിവരുന്നു.

(സി) എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിപ്രകാരം പട്ടികജാതി കോളനികളിൽ നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

തെരഞ്ഞെടുക്കുന്ന കോളനികളിൽ താഴെപ്പറയുന്ന നിർമ്മാണ/ക്ഷേമ പ്രവൃത്തികൾ എം.എൽ.എ.യുടെ നേതൃത്വത്തിൽ കോളനി നിവാസികളുടെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നു. പ്രാദേശികമായ ആവശ്യകതയും സാങ്കേതികക്ഷമതയും പരിഗണിച്ച് ഒരു കോടി രൂപവരെ (നികുതികൾ ഉൾപ്പെടെ) യുള്ള പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്.
2. ആശയവിനിമയ സൗകര്യം.
3. കുടിവെള്ള പദ്ധതി
4. ഡ്രെയിനേജ് സൗകര്യം
5. വൈദ്യുതീകരണം/ വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവുവിളക്ക്
7. സാനിട്ടേഷൻ
8. ഭവനപുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ, കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗ സംരക്ഷണം/ഹോൾട്ടികൾച്ചർ/ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)

(ഡി) മുൻ സർക്കാർ ഏറ്റെടുത്തുവെങ്കിലും പ്രവൃത്തികൾ പൂർത്തിയാക്കാതിരുന്ന എത്ര കോളനികളുടെ പ്രവൃത്തികളാണ് ഈ സർക്കാർ പൂർത്തീകരിച്ചതെന്ന് അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ള സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം പ്രവർത്തനം ആരംഭിച്ചിട്ടുള്ള 112, 95 കോളനികളിൽ യഥാക്രമം 97, 66 (ആകെ 163 കോളനികൾ) കോളനികളുടെ നിർമ്മാണം പൂർത്തീകരിച്ചത് ഈ സർക്കാരിന്റെ കാലത്താണ്.

(ഇ) പ്രസ്തുത പദ്ധതി പ്രകാരം എത്ര കോളനികളെയാണ് ഈ സർക്കാർ പുതുതായി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് കോളനികൾ തെരഞ്ഞെടുത്തിട്ടില്ല. അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് (2016-17 മുതൽ 2020-21 വരെ) 427 കോളനികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

## തൃശ്ശൂർ ജില്ലയിൽ അംബേദ്കർ ഗ്രാമ പദ്ധതി

29(2635) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

തൃശ്ശൂർ ജില്ലയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്ന കോളനിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഈ ജില്ലയിലെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന സേവനങ്ങളെയും പ്രയോജനങ്ങളെയും കുറിച്ച് വിശദമാക്കാമോ?

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയവിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവു വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യനിർമ്മാർജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ നെയ്ത്ത്/ കരകൗശലം മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികളിൽ എം.എൽ.എ.-യുടെ നേതൃത്വത്തിൽ കോളനി നിവാസികൾ തെരഞ്ഞെടുക്കുന്ന പ്രാദേശികമായി ആവശ്യമുള്ളതും സാങ്കേതിക ക്ഷമതയുള്ളതുമായ പദ്ധതികൾ ഒരു കോടി രൂപ സാമ്പത്തിക പരിധിക്കു വിധേയമായി കോളനികളിൽ നടപ്പാക്കുന്നു.

(സി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം നടക്കാത്തയിടങ്ങളിൽ പദ്ധതി പൂർത്തീകരണത്തിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിർമ്മാണ പ്രവൃത്തികൾ 2021 ഫെബ്രുവരി 15-ന് മുൻപ് പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലും വിദ്യാഭ്യാസവും

30 (2636) ശ്രീ. എ . പി . അനിൽ കുമാർ:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലും വിദ്യാഭ്യാസവും ഉറപ്പാക്കി അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്?

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലും വിദ്യാഭ്യാസവും ഉറപ്പാക്കി അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യപഠനമുറി : പട്ടിക വർഗ്ഗകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്ന പദ്ധതി 2017-18 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

2. ഗോത്രബന്ധു: വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക പട്ടിക വർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്നു.

3. സമഗ്ര ആദിവാസി സാക്ഷരത പദ്ധതി : പട്ടിക വർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും ആദിവാസി സാക്ഷരത – തുല്യതാ പരിപാടി.

4. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം.

5. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം.

6. സൈനികസ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലന പദ്ധതി (അട്ടപ്പാടി).

7. ലാപ്ടോപ് വിതരണം : ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നത് 2018-19 വർഷം മുതൽ 32 ആയി വർദ്ധിപ്പിച്ചു. 2020-21 വർഷം 314 കുട്ടികൾക്ക് ലാപ്ടോപ് വിതരണം ചെയ്തു വരുന്നു.

8. വിദേശപഠനത്തിനുള്ള ധനസഹായം.

9. നൈപുണ്യ വികസന പദ്ധതി.

10. കരിയർ ഗൈഡൻസ് ജോബ് ഫെയർ 2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു.

11. സെന്റർ ഫോർ സ്കിൽ എക്സലൻസ് : ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഡെസ്ക്ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ് മൾട്ടി മീഡീയ, ഹാൻഡ് വെയർ & സോഫ്റ്റ്വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പു വരുത്തുന്നതിനായി 128 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനം പൂർത്തിയാക്കി പ്ലേസ്സ്മെന്റ് ഉറപ്പാക്കിയിട്ടുണ്ട്.

12. <u>വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ്</u>: പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്.

13. <u>തൊഴിൽ നൈപുണ്യം</u>: സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

14. <u>അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്</u>: 2018-19-ൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തു ന്നതിന് സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണ ഫാക്ടറി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

15. തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി എം.ജി.എൻ. ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിനങ്ങൾക്കുപുറമെ കേരളത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. കൂടാതെ വകുപ്പ് മുഖേന നടപ്പിലാക്കിയ ചുവടെ പറയുന്ന വിവിധ പദ്ധതികളിലൂടെ താത്കാലിക നിയമനം നൽകി ജോലി ഉറപ്പ് വരുത്തുന്നുണ്ട്.

1. <u>സാമൂഹ്യപഠനമുറി</u>: പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും 2017-18 വർഷം തെരഞ്ഞെടുത്ത ഊരുകളിൽ 250 സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുകയുണ്ടായി.

2. <u>സമഗ്ര സാക്ഷരത</u> : ഇൻസ്ട്രക്ടർ/പ്രേരക്മാർ പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാകുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ 100 പട്ടികവർഗ്ഗ പ്രേരക്മാരെ നിയമിക്കുകയും അവർക്ക് പ്രതിമാസം 12,000 രൂപ നൽകുകയും ചെയ്യുന്നു.

3. <u>കമ്മിറ്റഡ് സോഷ്യൽ വർക്കർ</u>: എം.എ സോഷ്യോളജി, എം.എ ആന്ത്രപ്പോളജി, എം.എസ്.ഡബ്ല്യു എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള 53 പട്ടികവർഗ്ഗ യുവതീ യുവാക്കളെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായി വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്.

4. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ: പട്ടികവർഗ്ഗത്തിൽപ്പെട്ട 1182 പേരെ പട്ടികവർഗ്ഗ പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ട്.

5. മാനേജ്മെന്റ് ട്രെയിനികൾ: 140 പട്ടികവർഗ്ഗ യുവതീയുവാക്കളെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ മാനേജ്മെന്റ് ട്രെയിനികളായി നിയമിച്ചിട്ടുണ്ട്.

6. പട്ടികവർഗ്ഗ കുടുംബശ്രീ ആനിമേറ്റർമാർ: പട്ടികവർഗ്ഗ വികസന വകുപ്പ് കുടുംബശ്രീയുമായി ചേർന്ന് നടപ്പിലാക്കിയ സ്പെഷ്യൽ ട്രൈബൽ പ്രോജക്ട് മുഖേന 200 പട്ടികവർഗ്ഗ ആനിമേറ്റർമാരെ നിയമിച്ചു. കൂടാതെ പി.എസ്.സി. മുഖേന പട്ടികവർഗ്ഗക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 46 വകുപ്പുകളിലായി 1487 പേർക്ക് സർക്കാർ മേഖലകളിൽ തൊഴിൽ നൽകുകയുണ്ടായി.

(ബി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഇതിനകം അവിടെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ടോയ്ലെറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, അഗ്നി പ്രതിരോധ സംവിധാനം, ഔട്ട്ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക്, ജല ശുദ്ധീകരണ പദ്ധതി, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാ ചാലകം, മിനി മാസ്റ്റ് ലൈറ്റ്, സോളാർ പവർ പ്ലാന്റ്, സി.സി.ടി.വി, സ്റ്റീം ബേയ്സ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ, ബയോ ഹസാർഡ് സ്പിൽ കിറ്റ് എന്നിവ ലഭ്യമാക്കുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠനാന്തരീക്ഷവും, അദ്ധ്യാപനവും മികച്ചതാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, സയൻസ് ലാബുകൾ, ഇ ബുക്ക്, ലൈബ്രറി എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ കുട്ടികൾക്ക് എൻട്രൻസ് പരീക്ഷക്ക് തയ്യാറെടുക്കുവാൻ പ്രത്യേക പരിശീലനപരിപാടികൾ നടത്തുന്നുണ്ടോ. വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി സയൻസ് ബാച്ച് നിലവിലുള്ള 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എൻട്രൻസ് കോച്ചിംഗിന് പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ +2 സയൻസ്, കണക്ക് വിഷയമെടുത്ത് കുറഞ്ഞത് 4 വിഷയത്തിനെങ്കിലും 'ബി'

ഗ്രേഡിൽ കുറയാതെ ഗ്രേഡു ലഭിച്ച വിജയിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് NEET, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾക്കു മുമ്പായി ദീർഘകാല കോച്ചിംഗ് ക്ലാസ് നൽകിവരുന്നു. ഇതിനായി അപേക്ഷകരിൽ നിന്നും ഏറ്റവും യോഗ്യരായ 90 പേരെ തെരഞ്ഞെടുത്ത് NEET, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനായി സംസ്ഥാനത്തെ പ്രശസ്തമായ പരിശീലന സ്ഥാപനം മുഖേന ദീർഘകാലത്തെ (ഒരു വർഷം) പ്രത്യേക പ്രവേശന പരീക്ഷാ പരിശീലനം നൽകിവരുന്നു. കൂടാതെ +2 സയൻസ് വിഷയങ്ങൾ തെരഞ്ഞെടുത്ത് പഠിക്കുന്ന 150 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് NEET, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് മുമ്പായി ഒരു മാസത്തേക്ക് താമസ ഭക്ഷണ സൗകര്യങ്ങളോടുകൂടി സംസ്ഥാനത്തെ പ്രശസ്തമായ പരിശീലന സ്ഥാപനം മുഖേന പ്രത്യേക പ്രവേശന പരീക്ഷാ പരിശീലനവും നൽകിവരുന്നുണ്ട്.

(ഡി) അവർക്കായുള്ള ഗോത്രജീവിക പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ?

2016-17 വർഷം മുതൽ ആരംഭിച്ച ഗോത്രജീവിക പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപ്പെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വ വികസനത്തിലൂടെ തൊഴിൽ നൽകിവരുന്നു.

## കരുനാഗപ്പള്ളി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

31 (2637) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം ഗ്രാമങ്ങളുടെ വികസനമാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ?

2016-17 സാമ്പത്തിക വർഷം തൊടിയൂർ അംബേദ്കർ ഗ്രാമം കോളനിയും മുത്തേടത്ത് കോളനിയും 2020-21 സാമ്പത്തിക വർഷം മഹാദേവർ കോളനിയേയും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഓരോ ഗ്രാമത്തിനും എത്ര രൂപ ചെലവഴിച്ചുവെന്ന് വിശദീകരിക്കുമോ; ഓരോ പദ്ധതിയും ഏത് ഏജൻസിയാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ?

തൊടിയൂർ അംബേദ്കർ ഗ്രാമം കോളനിയിൽ 48,42,656 രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. മുത്തേടത്ത് കോളനിയിൽ 86,57,387 രൂപ ചെലവഴിച്ചിട്ടുണ്ട്. KSHB ആണ് കോളനിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. മഹാദേവർ കോളനിയിൽ കൊല്ലം ജില്ലാ നിർമ്മിതി കേന്ദ്രമാണ് ഏജൻസി. ഈ കോളനിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കിയിട്ടില്ല.

**പട്ടികജാതി കോളനികളുടെ നവീകരണം.**

32 (2638) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

സ്വയംപര്യാപ്ത ഗ്രാമം പദ്ധതി അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതുമായ കോളനികളുടെ സമഗ്ര വികസനത്തിനായി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ടി പദ്ധതി നടപ്പിലാക്കിയിരുന്നു. അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി 2016-17 സാമ്പത്തിക വർഷം മുതൽ നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യങ്ങളിൽ പിന്നാക്കം നിൽക്കുന്നതുമായ കോളനികളുടെ സമഗ്ര വികസനത്തിനായി ടി പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നു. പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കോർപ്പസ് ഫണ്ടിന്റെ 1/3 തുക ജില്ലകൾക്ക് അനുവദിച്ചുനൽകുന്നു. 25.00 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് പട്ടികജാതി പട്ടികവർഗ്ഗത്തിനുള്ള ജില്ലാതല കമ്മിറ്റി അംഗീകാരം നൽകുന്നു. 25 ലക്ഷത്തിന് മുകളിലുള്ള പദ്ധതികൾക്ക് സർക്കാർ അനുമതി നൽകുന്നു.

(ബി) പദ്ധതി നടപ്പാക്കുന്ന കോളനികളിലെ വികസന പ്രവർത്തനങ്ങൾ ഏജൻസികളെ ഏൽപ്പിക്കാതെ ടെണ്ടർ ചെയ്ത് നൽകാൻ സാധിക്കുമോ?

വകുപ്പിന് എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാത്തതിനാൽ നേരിട്ട് ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കുന്നതിന് കഴിയില്ല.

(സി) നേരത്തേ ഏൽപ്പിച്ചിരുന്ന ഏജൻസിയായ സിഡ്കോയെ ഒഴിവാക്കാനുള്ള കാരണം എന്താണ്?

ഏജൻസിയായ സിഡ്കോയെ നിർമ്മാണ പ്രവർത്തനങ്ങളിൽനിന്നും ഒഴിവാക്കിയിട്ടില്ല.

(ഡി) നിലവിലുള്ള ഏജൻസികളും പ്രവൃത്തികൾ അനന്തമായി നീട്ടിക്കൊണ്ട് പോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഇ) ഇതിനെതിരെ എന്ത് നടപടിയാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തികൾ കൃത്യമായി അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഫീൽഡുതലത്തിലും ജില്ലാതലത്തിലും ഡയറക്ടറേറ്റ് തലത്തിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ 2021 ഫെബ്രുവരി 15-ന് മുൻപ് പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**മണലൂർ മണ്ഡലം - ചികിത്സാ ധനസഹായ പദ്ധതി**

33(2639) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഈ സർക്കാർ ധനസഹായം അനുവദിച്ചു; ആകെ എത്ര രൂപ ഇതുവരെ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മണലൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 558 ഗുണഭോക്താക്കൾക്കായി ആകെ 1,17,39,500(ഒരു കോടി പതിനേഴ് ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് ജോലി**

34 (2640) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് ജോലി ലഭിക്കുന്നതിന് സഹായകമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഓയിൽ & റിഗ് മേഖലയിൽ വിദേശ രാജ്യങ്ങളിൽ തൊഴിൽ അവസരങ്ങൾ ലഭ്യമാകുന്ന പൈപ്പ് ഫാബ്രിക്കേറ്റർ/ഫിറ്റർ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ എന്നീ പരിശീലന പദ്ധതികളും ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന പരിശീലന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ടി പരിശീലന പദ്ധതികളിലൂടെ നാളിതുവരെ 201 പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് പ്ലേസ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വിദേശത്ത് തൊഴിൽ നേടി പോകുന്ന പട്ടികജാതി യുവതീയുവാക്കൾക്ക് യാത്രാസംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു.

## പട്ടികവർഗ്ഗ ഊരുകളിൽ റിപ്പോർട്ട് ചെയ്ത ശിശുമരണങ്ങൾ

35 (2641) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത പട്ടികവർഗ്ഗ ഊരുകളിൽ/കോളനികളിൽ 2016-ന് ശേഷം ഓരോ വർഷവും എത്ര ശിശുമരണങ്ങളാണ് റിപ്പോർട്ട് ചെയ്തതെന്ന് അറിയിക്കുമോ;

2016-ന് ശേഷം പട്ടികവർഗ്ഗ ഊരുകൾ/കോളനികൾ എന്നിവയിലുണ്ടായ ശിശുമരണങ്ങളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഏത് കോളനിയിൽ/ ഊരുകളിലാണ് കൂടുതൽ ശിശുമരണം റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോളനിയിൽ ആരോഗ്യവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ലഭിക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

പട്ടികവർഗ്ഗ ഊരുകൾ/കോളനികൾ എന്നിവയിലുണ്ടായ ശിശുമരണങ്ങളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യ നീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം, പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി,

സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലി റ്റേഷൻ സെന്ററുകൾ, ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതിയിൽ ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ ശിശുവിന് ഒരു വയസ്സാകുന്നത് വരെ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുകയും കൂടാതെ നവജാത ശിശുക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതും പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി, വർഷ കാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, മുലയൂട്ടുന്ന അമ്മമാർക്ക് പ്രത്യേക പരിചരണങ്ങൾ ലഭ്യമാക്കുന്നതിനായി അട്ടപ്പാടിയിൽ "വാത്സല്യ സ്പർശം" എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി - ലാബ്, മരുന്ന് വിതരണം സംവിധാനങ്ങളും ഐ.സി.യു. സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്. പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾ സെൽ അനീമിയ ക്ലിനിക്ക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരക രോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു. പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്.

## കോട്ടത്തറ ട്രൈബൽ ആശുപത്രി

36 (2642) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ അട്ടപ്പാടി കോട്ടത്തറ ട്രൈബൽ ആശുപത്രി ഉദ്ഘാടനം ചെയ്തിട്ടും ഇവിടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

അട്ടപ്പാടി ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 100 കിടക്കകൾകൂടി സജ്ജീകരിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ അത്യാഹിത

വിഭാഗം, ലാബ്, എക്സ്-റേ, വെന്റിലേറ്റർ, ഡഫിബ്രിലേറ്റർ സൗകര്യത്തോട് കൂടിയുള്ള ഐ.സി.യു, സ്കാനിംഗ് സൗകര്യം, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് സൗകര്യം, ആംബുലൻസ് സൗകര്യം എന്നിവയും നിലവിലുണ്ട്. കോട്ടത്തറ ട്രൈബൽ ആശുപത്രിയിൽ അധികമായി ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ആദിവാസി, ശിശു മരണങ്ങൾ തുടർക്കഥയായിട്ടും കോട്ടത്തറ ട്രൈബൽ ആശുപത്രിയോടുള്ള അവഗണന പരിഹരിക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ സംവിധാനങ്ങളുടെ തുടർച്ചയായതും കൂട്ടായതുമായ ഇടപെടലുകൾ കാരണം ശിശുമരണങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനു പുറമെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനനി ജന്മരക്ഷ പദ്ധതി പ്രകാരം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ ശിശുവിന് ഒരു വയസ്സാകുന്നതു വരെ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 2000 രൂപ നിരക്കിൽ ജനനി ജന്മരക്ഷ എന്ന പദ്ധതി നടപ്പിലാക്കുന്നു. ഗർഭാവസ്ഥയിലും നവജാത ശിശുക്കൾക്കും പ്രതിരോധ കുത്തിവെയ്പ്പ് നടത്തണമെന്ന് ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി 28-3-2017-ലെ ജി.ഒ(ആർ.റ്റി) നമ്പർ 862/2017/പജ.പവ.വിവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2018-19 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 1,80,00,000 രൂപ (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രിയിൽ കഴിഞ്ഞിരുന്ന പട്ടികവർഗ്ഗ രോഗികളുടെ ചികിത്സക്കായി 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ആകെ 7,55,00,000 രൂപയും (ഏഴ് കോടി അൻപത്തിയഞ്ച് ലക്ഷം രൂപ മാത്രം) പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

## ചേലക്കര മണ്ഡലത്തിൽ ചികിത്സാധനസഹായം ലഭിച്ചവർ

37 (2643) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിനുശേഷം പഴയന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസ്, വടക്കാഞ്ചേരി ബ്ലോക്ക് പട്ടികജാതി വികസന ആഫീസ് എന്നീ ആഫീസുകൾ മുഖേന ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര രോഗികൾക്ക് ചികിത്സാധനസഹായം നൽകിയിട്ടുണ്ട്; മൊത്തം ഗുണഭോക്താക്കളുടെ എണ്ണവും ആകെ അനുവദിച്ച തുകയും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഴയന്നൂർ വടക്കാഞ്ചേരി ബ്ലോക്ക് പട്ടികജാതി വികസന ആഫീസുകൾ മുഖേന ചേലക്കര നിയോജക മണ്ഡലത്തിൽ 1731 ഗുണഭോക്താക്കൾക്കായി ആകെ 3,09,69,000 (മൂന്ന് കോടി ഒമ്പത് ലക്ഷത്തി അറുപത്തി ഒമ്പതിനായിരം രൂപ മാത്രം) രൂപ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## ചികിത്സാസഹായധനമായി നൽകിയ തുക

38 (2644) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ വ്യക്തികൾക്ക് വകുപ്പ് നൽകിവരുന്ന ചികിത്സാസഹായം ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പന്തലായനി ബ്ലോക്ക്, മേലടി ബ്ലോക്ക്, കൊയിലാണ്ടി, പയ്യോളി നഗരസഭ എന്നീ പരിധികളിലെ എത്ര വ്യക്തികൾക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ നിലവിൽവന്നതിനുശേഷം പന്തലായനി ബ്ലോക്ക്, മേലടി ബ്ലോക്ക്, കൊയിലാണ്ടി, പയ്യോളി നഗരസഭ എന്നീ പരിധികളിലെ 510 വ്യക്തികൾക്ക് ചികിത്സാധനസഹായം വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. പന്തലായനി ബ്ലോക്ക്-239, മേലടി ബ്ലോക്ക്-183, കൊയിലാണ്ടി നഗരസഭ-44, പയ്യോളി നഗരസഭ-44, ആകെ-510

(ബി) ചികിത്സാ സഹായധനമായി ആകെ എത്ര രൂപ ഇതിനോടകം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ചികിത്സാ ധനസഹായമായി ആകെ 1,10,59,500 (ഒരു കോടി പത്ത് ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ ഇതിനോടകം നൽകിയിട്ടുണ്ട്. പന്തലായനി ബ്ലോക്ക്-46,26,500, മേലടി ബ്ലോക്ക്-41,67,000, കൊയിലാണ്ടി നഗരസഭ-10,33,000, പയ്യോളി നഗരസഭ, 12,33,000, ആകെ- 1,10,59,500

## ഹോസ്റ്റലുകളുടെ നവീകരണം

39 (2645) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകൾ ഈ സർക്കാരിന്റെ കാലത്ത് നവീകരിച്ചിട്ടുണ്ടോ?

നവീകരിച്ചിട്ടുണ്ട്

(ബി) എങ്കിൽ ഓരോ വർഷവും ഇക്കാര്യത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള വിവിധ ഹോസ്റ്റലുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം - 1 ആയും പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള വിവിധ ഹോസ്റ്റലുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം - 2, ആയും ചേർക്കുന്നു*.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി

40 (2646) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ ഭവനനിർമ്മാണ പദ്ധതിയിൽ 2016 മേയ് മാസം വരെ എത്ര വീടുകളാണ് അനുവദിച്ചത്?

മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗക്കാർക്കായി നടപ്പിലാക്കിയ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 24594 വീടുകളും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 17602 വീടുകളും അനുവദിച്ചു.

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള മിഷൻ 676 എന്ന പദ്ധതിയിൽ പെടുത്തി ഹഡ്കോ മുഖേനയും, എ.റ്റി.എസ്.പി. പദ്ധതിയിലും എത്രവീടുകളാണ് പ്രസ്തുത കാലയളവിൽ അനുവദിച്ചത് എന്നറിയിക്കാമോ?

ഹഡ്കോ മുഖേന 2020 വീടുകളും എ.റ്റി.എസ്.പി. പ്രകാരം 9425 വീടുകളും അനുവദിച്ചിട്ടുണ്ട്.

## ചേലക്കര മണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമ്മാണം

41 (2647) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനായി തുക അനുവദിച്ചു നൽകിയിട്ടുണ്ട്; ഗുണഭോക്താക്കളുടെ എണ്ണം ഗ്രാമ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

140 കുടുംബങ്ങൾക്ക് ചേലക്കര നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങാൻ ധനസഹായം നൽകി. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വിവരം ചുവടെ ചേർക്കുന്നു. തിരുവില്വാമല-24, ചേലക്കര-14, കൊണ്ടാഴി-15, പഴയന്നൂർ -13, പാഞ്ഞാൾ-9, വള്ളത്തോൾ നഗർ-10, ദേശമംഗലം-28, മുള്ളൂർക്കര-12, ഒരവൂർ-15, ആകെ-140.

(ബി) ഇവർക്ക് ആകെ അനുവദിച്ച തുക എത്രയാണെന്നറിയിക്കാമോ?

5,25,00,000 (അഞ്ചു കോടി ഇരുപത്തിയഞ്ചു ലക്ഷം രൂപ മാത്രം)

## എസ്.സി/എസ്.റ്റി. വകുപ്പ് നടത്തിയ നിർമ്മാണപ്രവർത്തനങ്ങൾ

42 (2648) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.റ്റി. വകുപ്പ് മുൻകൈയെടുത്ത് 2019-20, 2020-21 വർഷങ്ങളിൽ എത്ര ഭവനങ്ങളുടെ നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചുവെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

2019-20, 2020-21 വർഷങ്ങളിൽ ലൈഫ് മിഷൻ മുഖേനയാണ് വീട് അനുവദിച്ച് വരുന്നത്. പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിനായി 163.10 കോടി രൂപയും, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിനായി 2019-20 സാമ്പത്തികവർഷം 64.46 കോടി രൂപയും ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ എസ്.സി./എസ്.റ്റി. വകുപ്പ് ഏതെല്ലാം റോഡുകളുടെ പ്രവൃത്തി ആരംഭിച്ചുവെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഈ കാലയളവിൽ പട്ടികജാതി വികസന വകുപ്പ് കോർപ്പസ് ഫണ്ട് മുഖേനയും, അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരവും കോളനിക്കുള്ളിലെ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം അനുവദിച്ചതും പൂർത്തീകരിച്ചതുമായ റോഡുകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പെരിന്തൽമണ്ണ മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

43(2649) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിൽനിന്നും അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള പൂളക്കഴി, നെല്ലിയാംകുന്ന് കോളനികളിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്; ശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പെരിന്തൽമണ്ണ മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള പൂളക്കഴി, നെല്ലിയാംകുന്ന് കോളനി എന്നിവയുടെ നിർമ്മാണ പ്രവൃത്തികളിലെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.* നിർമ്മാണ പ്രവൃത്തികൾ 2021 ഫെബ്രുവരി 15-ന് മുൻപ് പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി മാനദണ്ഡ പ്രകാരം അർഹതയുള്ള മറ്റ് കോളനികളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽനിന്നും 2019-20 സാമ്പത്തിക വർഷം അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം മരുതംപാറ കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

44 (2650) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2016 മേയ് മാസത്തിനുശേഷം എത്ര കോളനികൾക്കാണ് അനുമതി നൽകിയത്; എത്ര ലക്ഷം രൂപ വീതമാണ് ഓരോ കോളനിക്കും അനുവദിക്കുന്നത്?

പട്ടികജാതി വികസന വകുപ്പിൽ 427 കോളനികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെയും അനുവദിച്ച തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു* . പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2017-18 വർഷം 101 കോളനികൾ തെരഞ്ഞെടുത്തിരുന്നു. ആയതിൽ 7 കോളനികൾ വിവിധ കാരണങ്ങളാൽ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുയോജ്യമല്ലാത്തതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ശേഷിക്കുന്ന 94 കോളനികളിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ 2020-21 സാമ്പത്തിക വർഷം 61 കോളനികൾ തെരഞ്ഞെടുത്തിരുന്നു. ഓരോ കോളനികളിലും പരമാവധി 1 കോടി രൂപ വരെ ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വ്യവസ്ഥയുണ്ട്.

(ബി) അനുവദിച്ച കോളനികളിൽ ഇതിനകം എത്ര കോളനികളിൽ പദ്ധതി പൂർത്തിയാക്കി?

പട്ടികജാതി വികസന വകുപ്പിൽ 2016-2017 സാമ്പത്തിക വർഷം അനുവദിച്ച 248 കോളനികളിൽ 52 കോളനികളിലും 2018-19 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 80 കോളനികളിൽ ഒരു കോളനിയുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം തെരഞ്ഞെടുത്തിരുന്ന പട്ടികവർഗ്ഗ കോളനികളിൽ 3 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ സമഗ്രകോളനി വികസനം

45 (2651) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സമഗ്രകോളനി വികസനത്തിന് ഏറ്റെടുത്തിട്ടുള്ള കോളനികളിലെ വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം നെടുങ്ങരങ്ങാട്, പനമ്പഴക്കാട് എന്നീ കോളനികളും പ്രളയാനന്തര കോളനികളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് കൊരക്കാലി കോളനിയും 2019-20 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കാക്കാമൂച്ചിക്കാട് കോളനി, മലയ്ക്കാട്ടുകുന്ന് എന്നീ കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി (2020-21) പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ കവിളുപാറ കോളനിയെ തെരഞ്ഞെടുത്തിരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം നിർമ്മാണ ഏജൻസികളെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം നടപ്പാക്കുന്ന പദ്ധതികളുടെ നിർവ്വഹണ ഏജൻസി പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രമാണ്. കവിളുപ്പാറ കോളനിയിലെ പദ്ധതി നടത്തിപ്പിനായി ഏജൻസിയെ തെരഞ്ഞെടുക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) നടപടി ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം വികസന പ്രവർത്ത നങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ?

പട്ടികജാതി കോളനികളിൽ നടപ്പാക്കുന്ന പ്രവൃത്തികളും അവയുടെ നിർമ്മാണ പുരോഗതിയും അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി (2020-21) പ്രകാരം തെരഞ്ഞെടുത്ത കോളനിയിൽ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് ഏജൻസിയെ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**ഇരിക്കൂറിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വികസനം**

46(2652) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി വിശദീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ പ്രകാരം ടി നിയോജക മണ്ഡലത്തിൽനിന്നും കോളനികളെ തെരഞ്ഞെടുത്തിട്ടില്ല. ടി നിയോജക മണ്ഡല ത്തിൽനിന്നും 2015-16-ലെ എ.ടി.എസ്.പി. പദ്ധതിയിലുൾപ്പെടുത്തി കപ്പണ (ആലക്കോട് ഗ്രാമപഞ്ചായത്ത്), പാറേമൊട്ട (നടുവിൽ ഗ്രാമപഞ്ചായത്ത്), തലത്തണ്ണി (ഉദയഗിരി ഗ്രാമപഞ്ചായത്ത്), വള്ള്യാട് (ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റി), വളപ്പ് (എരുവേശി ഗ്രാമപഞ്ചായത്ത്), കോക്കോട് കുടുംബ് (ഉളിക്കൽ ഗ്രാമ പഞ്ചായത്ത്) എന്നീ 6 പട്ടികവർഗ്ഗ കോളനികളിൽ എഫ്.ഐ.ടി. മുഖാന്തരം വികസന പ്രവൃത്തികൾ നടത്തിവരുന്നു. വികസന പ്രവൃത്തികളുടെ പൂർത്തീകരണ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2017-18-ലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലുൾപ്പെടുത്തി കരയത്തുംചാൽ, ചെമ്പുവെച്ച മൊട്ട, പെരുവടം, തോപ്പിലായി, മാവുംതട്ട് എന്നീ 5 പട്ടികവർഗ്ഗ കോളനികളിൽ ഹാബിറ്റാറ്റ് മുഖാന്തരമാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിൽ കരയത്തുചാൽ കോളനിയിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. 2020-21 വർഷം ചേപ്പറമ്പ് അമ്പലം ചെട്ടാൽ അലോറ റോഡ് ടാറിംഗിനായി 46,75.000 രൂപ ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി ആരംഭിച്ചിട്ടില്ല. കരിമ്പക്കി കോളനി പാലം (പയ്യാവൂർ ഗ്രാമപഞ്ചായത്ത്) പ്രവൃത്തി പുരോഗമിക്കുന്നു.

---

*ലൈബ്രറിയില് വച്ചിട്ടുണ്ട്.

(ബി) കോളനി വികസനത്തിനായി പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിലുണ്ടാകുന്ന ഗുരുതരമായ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന് പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(ബി&സി) ഉണ്ട്. 15-2-2021-നകം പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബന്ധപ്പെട്ട എല്ലാ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോതമംഗലത്ത് നടപ്പാക്കിയ പുതിയ പദ്ധതികൾ

47 (2653) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗക്ഷേമ വകുപ്പുകൾ മുഖേന കോതമംഗലം മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വകുപ്പുകൾ തിരിച്ച് വിശദമാക്കാമോ ?

പട്ടികവർഗ്ഗ വികസന ക്ഷേമ വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* പട്ടികജാതി ക്ഷേമ വകുപ്പു മുഖേന കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ഭൂരഹിത പുനരധിവാസ പദ്ധതി
2. ഭവന നിർമ്മാണം
3. പഠനമുറി നിർമ്മാണം
4. ഭവന പൂർത്തീകരണം
5. വിവാഹ ധനസഹായം
6. മിശ്രവിവാഹ ധനസഹായം
7. ചികിത്സാ ധന സഹായം
8. ഏകവരുമാനദായകൻ മരണപ്പെടുമ്പോഴുള്ള ധനസഹായം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9. ദുർബലവിഭാഗ ങ്ങൾക്കുള്ള പുനരധിവാസ പദ്ധതി

10. വാത്സല്യനിധി പദ്ധതി

11. പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്

12. ശ്രീ അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.

13. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി

14. കോളനി നവീകരണത്തിനായി കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമവികസന പദ്ധതി.

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും പൂർത്തീകരിക്കാത്ത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*. പട്ടികജാതി ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു*.

(സി) പതിനാറിലധികം വരുന്ന ആദിവാസി കോളനികൾ ഉൾപ്പെടുന്ന കോതമംഗലം മണ്ഡലത്തിൽ ഈ വകുപ്പുകൾ വഴി പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഫീസിബിളായ പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണം

48 (2654) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി 2016-17 വർഷം കോർപ്പസ് ഫണ്ട് പദ്ധതിയും, അംബേദ്കർ ഗ്രാമ വികസന പദ്ധതിയും 2018-19 വർഷം പ്രളയകോളനികളുടെ പുനരധിവാസ പദ്ധതിയും അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അല്ലിമൂപ്പൻ കോളനി നിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ**

49(2655) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡില്ലാത്തതിനാൽ കൊല്ലംകോട് റെയിഞ്ചിലെ പറമ്പിക്കുളം വന്യജീവി സങ്കേതത്തോട് ചേർന്ന് കിടക്കുന്ന തേക്കടി അല്ലിമൂപ്പൻ കോളനി നിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുതലമട പഞ്ചായത്ത് ഓഫീസിൽ പോകുവാൻ പോലും ഇവർക്ക് തമിഴ്നാട് വനം വകുപ്പിന്റെ അനുമതി വാങ്ങേണ്ട സാഹചര്യം ഉണ്ടാകുന്നുണ്ടോ ?

(എ&ബി) ഉണ്ട്.

(സി) സർക്കാർ ഭാഗത്ത് നിന്നും നീതി ലഭിക്കാത്തതിനാൽ കോളനി നിവാസികൾതന്നെ വനത്തിലൂടെ റോഡ് നിർമ്മിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

തമിഴ്നാട് അതിർത്തിയിലൂടെ 45 കിലോമീറ്റർ യാത്ര ചെയ്താൽ മാത്രമേ നിലവിൽ അല്ലിമൂപ്പൻ കോളനിയിൽ എത്തിച്ചേരുവാൻ സാധിക്കുകയുള്ളൂ. എന്നാൽ കേരളത്തിനകത്ത് വനപ്രദേശത്തുകൂടെ പുതിയ റോഡ് നിർമ്മിക്കുകയാണെങ്കിൽ 20 കിലോമീറ്റർ യാത്ര ചെയ്താൽ കോളനിയിൽ എത്തിച്ചേരാൻ സാധിക്കും. 2020 ഒക്ടോബർ 2-ന് വനം വകുപ്പിന്റെ അനുമതിയില്ലാതെ കോളനിക്കാർ റോഡ് നിർമ്മാണം തുടങ്ങിയിരുന്നു. ജില്ലാ ഭരണകൂടം, ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ 2020 ഒക്ടോബർ 12-ന് കോളനിക്കാരുമായി നടന്ന ചർച്ചയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വനപാത നിർമ്മിക്കാമെന്ന ധാരണയിൽ അനധികൃത നിർമ്മാണം നിർത്തിവച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വനപാത നിർമ്മിക്കുന്നതിന് വനം വകുപ്പ് വനാവകാശ നിയമ പ്രകാരം വികസനാവകാശം നൽകുകയും യൂസർ ഏജൻസിയായ മുതലമട ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) അനുമതിയില്ലാതെ റോഡ് വെട്ടിയവർക്കെതിരെ വനം വകുപ്പ് കേസെടുത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വകുപ്പ് ഇടപെട്ട് ഇവർക്ക് നീതി ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

വനം വകുപ്പിന്റെ അനുമതി ഇല്ലാതെ റോഡ് നിർമ്മിച്ചതുമായി ബന്ധപ്പെട്ട് കേസ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമല്ല.

## നെടുമങ്ങാട് മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

50 (2656) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

95 പട്ടികജാതി കോളനികളാണ് നിലവിലുള്ളത്. പഞ്ചായത്ത് അടിസ്ഥാനത്തിൽ നിലവിലുള്ള പട്ടികജാതി കോളനികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കോളനികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കോളനികളുടെ വികസനത്തിനായി ചുവടെ ചേർക്കുന്ന പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. 2016-17 കോർപ്പസ് ഫണ്ട് - 32,00,034, 2018-19 - കോർപ്പസ് ഫണ്ട് - 30,20,274, 2019-20 (2/3) കോർപ്പസ് ഫണ്ട്-1,42,83,000, 2016-17-അംബേദ്കർ ഗ്രാമം - 1,00,00,000, 2019-20- അംബേദ്കർ ഗ്രാമം -10,00,000, ആകെ- 3,15,03,308 (ആകെ മൂന്നുകോടി പതിനഞ്ചു ലക്ഷത്തി മൂവായിരത്തി മൂന്നൂറ്റി എട്ട് രൂപ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്).

## വർക്കല മണ്ഡലത്തിലെ കുടിവെള്ളം ലഭ്യമല്ലാത്ത പട്ടികജാതി കോളനികൾ

51 (2657) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ കുടിവെള്ളം ലഭ്യമല്ലാത്ത പട്ടികജാതി കോളനികൾ നിലവിലുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

52(2658) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ മതുക്കര പട്ടികജാതി കോളനിയിൽ നടപ്പാക്കുന്ന പ്രവൃത്തികളെന്തെല്ലാമാണ് ?

വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം മതുക്കര പട്ടികജാതി കോളനിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നു.

1. വിജ്ഞാൻവാടി സബ്സെന്റർ കെട്ടിടനിർമ്മാണവും 18000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ സപ്ലൈലൈൻ നിർമ്മാണവും.
2. കിണർ മെയിന്റനൻസ്
3. വായനശാല പുനരുദ്ധാരണം
4. കുളിക്കടവ് നിർമ്മാണവും ബസ് സ്റ്റോപ്പ് സംരക്ഷണഭിത്തി നിർമ്മാണവും
5. സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപനം
6. ഭവന പുനരുദ്ധാരണം (24 എണ്ണം)
7. വേസ്റ്റ് ബിൻ.

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) മറ്റ് പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

(ബി&സി) എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

## വറട്ട്ചിറ കോളനിയിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

53(2659) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലത്തിലെ പനയം പഞ്ചായത്തിൽ വറട്ട്ചിറ കോളനിയിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിവരുന്ന വിവിധ പ്രവർത്തനങ്ങളുടെ ഇനംതിരിച്ചുള്ള പുരോഗതി അറിയിക്കുമോ; പദ്ധതി പൂർത്തീകരണത്തിന് നേരിടുന്ന കാലതാമസം ഒഴിവാക്കി അടിയന്തരമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

വറട്ട്ചിറ കോളനിയുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*. നിർമ്മാണ പ്രവൃത്തികൾ 2021 ഫെബ്രുവരി 15-ന് മുൻപ് പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മണലൂരിലെ പഠനമുറി പദ്ധതി

54(2660) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഇതുവരെ എത്ര പഠനമുറികൾ പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ ?

മണലൂർ മണ്ഡലത്തിൽ അനുവദിച്ച 240 പഠനമുറികളിൽ 167 എണ്ണം പൂർത്തീകരിച്ചു.

(ബി) മണലൂർ മണ്ഡലത്തിൽ എത്ര പഠനമുറികളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്ന് അറിയിക്കുമോ; അവ എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ ?

73 പഠനമുറികളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. നടപ്പുവർഷം നിർമ്മാണം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പഠനമുറി പദ്ധതിക്കായി മണലൂർ മണ്ഡലത്തിൽ ഇതുവരെ എത്ര രൂപ അനുവദിച്ചു എന്ന് അറിയിക്കാമോ ?

4,35,70,500 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) മണലൂർ മണ്ഡലത്തിലെ പഠനമുറി പദ്ധതിയിലുൾപ്പെട്ടവരുടെ പട്ടിക ലഭ്യമാക്കാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പുതിയ ക്യാമ്പസ്

55(2661) ശ്രീ യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ തിരുവില്വാമല മലാറയിൽ നിർമ്മാണം പൂർത്തീകരണഘട്ടത്തിലെത്തിയ ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം എന്നത്തേക്ക് പ്രവൃത്തി പൂർത്തീകരിച്ച് നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വടക്കാഞ്ചേരിയിൽനിന്നും തിരുവില്വാമല മലാറ ക്യാമ്പസിലേക്ക് മാറ്റി പ്രവർത്തിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിനുവേണ്ടി തിരുവില്വാമലയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. അടുത്ത അധ്യയനവർഷം സ്കൂൾ തിരുവില്വാമലയിലെ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് അവിടെ പൂർത്തീകരിക്കുവാനുള്ളതെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഗ്രൗണ്ട് നിർമ്മാണം, കോൺഫറൻസ് ഹാൾ നിർമ്മാണം, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികൾ അവശേഷിക്കുന്നുണ്ട്. കെട്ടിട നമ്പർ ലഭിക്കുന്നതിനായി കെട്ടിടത്തിൽ അഗ്നി സുരക്ഷാ സംവിധാനം സ്ഥാപിച്ച് ഫയർ & സേഫ്റ്റി വകുപ്പിൽനിന്നുള്ള അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷനായി കെ.എസ്.ഇ.ബി.-യിൽ അപേക്ഷ നൽകിയിട്ടുണ്ട്. ലൈൻ എക്സ്റ്റൻഷൻ, ട്രാൻസ്ഫോമർ സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ ക്യാമ്പസിൽ ഗ്രൗണ്ട് നിർമ്മാണം, കോൺഫറൻസ് ഹാൾ നിർമ്മാണം, മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് 2021-22 അദ്ധ്യയന വർഷം ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ തിരുവില്വാമലയിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ബേപ്പൂർ നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ സഹായം

56(2662) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം എത്ര വിദ്യാർത്ഥികൾക്ക് പഠനമുറി ഉൾപ്പെടെ വിദ്യാഭ്യാസ സഹായം നൽകി; ഇതിനായി എത്ര തുക ചെലവഴിച്ചു ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പഠനമുറിക്കായി 25096 വിദ്യാർത്ഥികൾക്ക് 391,14,13,422 രൂപ അനുവദിച്ചു. വിദ്യാഭ്യാസാനുകൂല്യം സംബന്ധിച്ച വിവരങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരവും ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഈ കണക്കുകൾ ജില്ല, നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാണോ ?

അതെ, പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ലഭ്യമാണെങ്കിൽ ബേപ്പൂർ നിയോജകമണ്ഡലത്തിന്റെ കണക്കുകൾ ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പഠനമുറി പദ്ധതി പ്രകാരം ബേപ്പൂർ നിയോജകമണ്ഡലത്തിൽ 139 വിദ്യാർത്ഥികൾക്കായി 1,99,60,000 രൂപ സഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി 48923 വിദ്യാർത്ഥികൾക്കായി 10,45,49,645 രൂപ അനുവദിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾക്ക് അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| പദ്ധതി | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| റ്റൂട്രോണിക്സ് | 200 | 15,26,695 |
| ലംപ്സംഗ്രാന്റ് | 30558 | 2,92,68,739 |
| സ്പെഷ്യൽ ഇൻസെന്റീവ് | 1820 | 1,04,89,000 |
| പ്രൈമറി എഡ്യൂ. എയ്ഡ് | 14626 | 3,02,36,000 |
| അയ്യങ്കാളി | 93 | 17,77,000 |
| പഠനമുറി | 139 | 1,99,60,000 |
| പാരലൽ കോളേജ് | 1487 | 1,129 |

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

57(2663) ശ്രീ. ബി .സത്യൻ:

ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും മികച്ച പഠന സൗകര്യമൊരുക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 9 എം.ആർ.എസ്-കളാണ് പ്രവർത്തിച്ചുവരുന്നത്. എം.ആർ.എസ്.-കളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, ലൈബ്രറി, ഇന്റർനെറ്റ് സൗകര്യമുള്ള ഐ.ടി ലാബ്, സയൻസ് ലാബ്, ഭൂമി ശാസ്ത്ര ലാബ്, ലാംഗ്വേജ് ലാബ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. എം.ആർ.എസ്-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുന്നപ്ര എം.ആർ.എസ്-ന് നിലവിൽ ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചുകഴിഞ്ഞു. എം.ആർ.എസ്-കളിൽ യൂണിസെഫ് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലാസ് റൂമുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹൈടെക് ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.പി.സി പദ്ധതി എല്ലാ എം.ആർ. എസ്-കളിലും നടപ്പിലാക്കിയിട്ടുണ്ട്. ASAP-ന്റെ കോഴ്സുകൾ എം.ആർ.എസ്-കളിൽ നടപ്പാക്കിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം നടത്തപ്പെടുന്ന പദ്ധതികളും എം.ആർ.എസ്-കളിൽ നടപ്പാക്കുന്നുണ്ട്. മോറൽ വാല്യൂ ക്ലാസ്സുകൾ, മോട്ടിവേഷൻ ക്ലാസ്സുകൾ, ലിറ്റിൽ കൈറ്റ്, ഹലോ ഇംഗ്ലീഷ് പ്രോഗ്രാം എന്നിവ എം.ആർ.എസ്-കളിൽ നൽകിവരുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി മേട്രൻ കം റസിഡന്റ് ട്യൂട്ടർമാരെയും വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി കൗൺസലർമാരെയും നിയമിക്കുന്നുണ്ട്. എം.ആർ.എസ്-കളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങൾക്കാവശ്യമായ മെയിന്റനൻസ്, പെയിന്റിംഗ് എന്നിവ നടത്തിവരുന്നു. എം.ആർ.എസ്-കളിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. അധിക നിർമ്മാണ പ്രവൃത്തികൾ, ഫർണിച്ചർ വാങ്ങൽ, മെയിന്റനൻസ്, കൊതുകുവല സ്ഥാപിക്കൽ, പെയിന്റിംഗ് തുടങ്ങിയ വിവിധ പ്രവൃത്തികൾക്ക് പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് അനുമതി നൽകി

വരുന്നുണ്ട്. വിദ്യാർത്ഥികൾക്കാവശ്യമായ ബെഡ്, ബെഡ്ഷീറ്റ്, പില്ലോ തുടങ്ങിയവ ആവശ്യകത അനുസരിച്ച് അനുവദിച്ചുവരുന്നു. എല്ലാ എം.ആർ.എസ്-കളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണത്തിനും പരിപാലനത്തിനുമായി കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ടോയ്‌ലറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, അഗ്നി പ്രതിരോധ സംവിധാനം, ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക്, ജല ശുദ്ധീകരണ പദ്ധതി, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാ ചാലകം, മിനി മാസ്റ്റ് ലൈറ്റ്, സോളാർ പവർ പ്ലാന്റ്, സി.സി.ടി.വി, സ്റ്റീം ബേയ്സ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ, ബയോ ഹസാർഡ് സ്പിൽ കിറ്റ് എന്നിവ ലഭ്യമാക്കുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠനാന്തരീക്ഷവും, അദ്ധ്യാപനവും മികച്ച താക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, സയൻസ് ലാബുകൾ, ഇ ബുക്ക്, ലൈബ്രറി എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപ്പി ലാക്കുന്നതിന് അനുമതി നൽകുന്നുണ്ട്. ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ ഹോസ്റ്റലുകളിൽ അനുവദിച്ചിട്ടുണ്ട്. വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽ കിണർ കുഴിക്കുന്നതിന്/വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല സ്ഥാപിച്ചിട്ടുണ്ട്. ബെഡ്, ബെഡ് കവർ, ബെഡ്ഷീറ്റ് തുടങ്ങിയവ സമയബന്ധിതമായി അനുവദിച്ചു നൽകുന്നുണ്ട്. ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. ടെലിവിഷൻ, ഫ്രിഡ്ജ്, മിക്സി, ഗ്രൈന്റർ, വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ സാനിട്ടറി പാഡ് സംസ്കരണ യന്ത്രം സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഉപയോഗശൂന്യമായ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തന ക്ഷമമാക്കുന്നതിനും, പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണി നിർമ്മാണം, ശുചിത്വ സംവിധാനങ്ങൾ, കിണർ എന്നിവയുടെ നിർമ്മാണം, വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സി.സി.ടി.വി, മിനി മാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ എല്ലാ പെൺകുട്ടികളുടെ ഹോസ്റ്റലുകളിലും സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി 74 ഹോസ്റ്റലുകളിൽ അഗ്നിപ്രതിരോധ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിനായി ബയോ ഹസാർഡ് സ്പിൽ കിറ്റ് സ്ഥാപിച്ചിട്ടുണ്ട്. 30 ഹോസ്റ്റലുകളിൽ സ്റ്റീം ബേസ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) പഠനത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാനായി പ്രത്യേക പദ്ധതികൾ ഉണ്ടോ;

പഠനത്തിൽ മികവ് പുലർത്തുന്ന പട്ടികജാതി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി 4, 7 ക്ലാസ്സുകളിൽ വർഷാന്ത്യ പരീക്ഷയിൽ ലഭിക്കുന്ന ഗ്രേഡിന്റെ അടിസ്ഥാനത്തിൽ അയ്യങ്കാളി ടാലന്റ് സേർച്ച് സ്കോളർഷിപ്പ് പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. എസ്.എസ്.എൽ.സി. മുതൽ പോസ്റ്റ് ഗ്രാജ്വേഷൻ, മറ്റ് പ്രൊഫഷണൽ കോഴ്സ് വരെയുള്ള കോഴ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് അവർക്ക് ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്. പഠനത്തിൽ മികവ് പുലർത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷംതോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലനം, തെരഞ്ഞെടുക്കപ്പെട്ട 32 പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് രണ്ടാം വർഷം പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം, വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിനുള്ള ധനസഹായ പദ്ധതി, 5-ാം ക്ലാസ് മുതലുള്ള തുടർ പഠനത്തിന് ധനസഹായം നൽകുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി, അക്കാഡമിക്-കലാ-കായിക മത്സരങ്ങളിൽ ഉന്നത

വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതി, മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ ധനസഹായം നൽകുന്ന പദ്ധതി, +2 സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനുള്ള പരിശീലന പദ്ധതി, പ്രീമെട്രിക് തലത്തിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ സ്കോളർഷിപ്പ്, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കേന്ദ്രസർക്കാർ സ്കോളർഷിപ്പ്, സംസ്ഥാനത്തിനകത്തും പുറത്തും പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഡി) വാത്സല്യ നിധി, ഗോത്ര വാത്സല്യ നിധി എന്നീ പദ്ധതികളിൽ നാളിതുവരെ എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വാത്സല്യ നിധി പദ്ധതി പ്രകാരം നാല് ഗഡുക്കളായി 1,38,000 രൂപ പെൺകുട്ടികളുടെ പേരിൽ എൽ.ഐ.സി-യിൽ നിക്ഷേപിക്കുന്നുണ്ട്. ഒന്നാം ഗഡു - 39,000 രൂപ രണ്ടാം ഗഡു - 36,000 രൂപ മൂന്നാം ഗഡു-33,000 രൂപ നാലാം ഗഡു - 30,000 രൂപ. ആകെ 12121 കുട്ടികൾക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ ആദ്യ ഗഡു തുകയായ 39,000 രൂപ നിരക്കിൽ 47,27,19,000 രൂപ വാത്സല്യ നിധി പദ്ധതി പ്രകാരം എൽ.ഐ.സി-യിൽ നിക്ഷേപിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഗോത്രവാത്സല്യ നിധി പദ്ധതി പ്രകാരം 2088 പട്ടികവർഗ്ഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

## പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II നിയമനം

58 (2664) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ട്രൈബ്യൂണൽ വിധിക്കുശേഷം എത്ര തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു; പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

33 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തു.

(ബി) 2010-ലെ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം പി.എസ്.സി. മുഖേനയും പ്രൊമോഷൻ വഴിയും മേൽപ്പറഞ്ഞ തസ്തികയിലേയ്ക്ക് എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്?

പി.എസ്.സി. മുഖേന 37, പ്രൊമോഷൻ മുഖേന 147.

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതെ ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിക്കുന്ന സാഹചര്യത്തെക്കുറിച്ച് സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ?

നിലവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ല. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽവരുന്നമുറയ്ക്ക് 50:50 അനുപാതം ക്രമീകരിക്കുന്ന തരത്തിൽ നേരിട്ടുള്ള നിയമനം നടത്തുവാൻ 20-10-2020-ലെ സ.ഉ.(സാധാ) 857/2020/പ.ജ.പ.വ.വി.വ. പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിയമനം

59 (2665) <u>ശ്രീ. പി. കെ അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ പട്ടികജാതി പട്ടികവർഗ്ഗ ജീവനക്കാരുടെ നിയമനങ്ങളിൽ പാലിക്കേണ്ട സംവരണക്രമം പാലിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ?

ചട്ടപ്രകാരമുള്ള സംവരണം കർശനമായി പാലിച്ചുകൊണ്ടാണ് പി.എസ്.സി. നിയമനം നടത്തിവരുന്നത്. സംവരണ ഊഴത്തിൽ അർഹരായവരെ ലഭിക്കാത്ത സാഹചര്യത്തിൽ സംവരണ നഷ്ടം ഒഴിവാക്കുന്നതിലേക്കായി എൻ.സി.എ. വിജ്ഞാപനങ്ങളും പുറപ്പെടുവിക്കുന്നുണ്ട്.

(ബി) വിവിധ വകുപ്പുകളിലായി പട്ടികജാതിക്കാരുടെ എണ്ണൂറ്റി എൺപത്തിയെട്ട് ഒഴിവുകളും പട്ടികവർഗ്ഗക്കാരുടെ ആയിരത്തിഎഴുപത്തി ഒൻപത് ഒഴിവുകളും നികത്തുന്നില്ലെന്ന കാര്യം പരിശോധിക്കുമോ?

വിവിധ വകുപ്പുകളിലെയും തസ്തികകളിലെയും പട്ടികജാതി പട്ടികവർഗ പ്രാതിനിധ്യം അവലോകനം ചെയ്തുകൊണ്ട് ഏതെങ്കിലും വിഭാഗത്തിന് പ്രാതിനിധ്യക്കുറവുണ്ടോയെന്ന് നിശ്ചിത കാലയളവിൽ പരിശോധിക്കാറുണ്ട്.

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പി.എസ്.സി.ക്ക് നിർദ്ദേശം നൽകുമോ; നടപടി സ്വീകരിക്കുമോ?

ഏതെങ്കിലും വിഭാഗത്തിന് പ്രാതിനിധ്യക്കുറവുണ്ടെങ്കിൽ കെ.എസ്. & എസ്.എസ്. ആർ, ചട്ടം 17 (ഡി) പ്രകാരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി ടി പ്രാതിനിധ്യക്കുറവ് പരിഹരിച്ചുവരുന്നുണ്ട്.

## കാവുകളുടെ സംരക്ഷണം.

60 (2666) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ കാവുകളുടെ സംരക്ഷണത്തിനായി സർക്കാർ ധനസഹായം നൽകിവരുന്നുണ്ടോ?

ഉണ്ട്.

(ബി) കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലെ അന്നപൂർണ്ണേശ്വരി ഗുരുമുത്തപ്പൻ ഭഗവതി ക്ഷേത്രം ഉൾപ്പെടെ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ പട്ടികജാതി ജനവിഭാഗങ്ങളുടെ കാവുകളുടെ സംരക്ഷണത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി നടപടി സ്വീകരിച്ചുവരുന്നു.

## മാവേലിക്കര മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

61 (2667) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

## പാലക്കാട് ജില്ലയ്ക്ക് അനുവദിക്കപ്പെട്ട കോർപ്പസ് ഫണ്ട്

62 (2668) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ പാലക്കാട് ജില്ലയ്ക്ക് അനുവദിക്കപ്പെട്ട തുക വർഷം തിരിച്ച് വെളിപ്പെടുത്താമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ പാലക്കാട് ജില്ലയ്ക്ക് അനുവദിക്കപ്പെട്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| വർഷം | അനുവദിച്ച തുക |
|---|---|
| 2016-17 | 8.107 കോടി രൂപ |
| 2017-18 | അനുവദിച്ചിട്ടില്ല |
| 2018-19 | 4.39 കോടി രൂപ |
| 2019-20 | 4.39 കോടി രൂപ. |

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പ്രസ്തുത തുക വിനിയോഗിച്ച് ആലത്തൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരവും അവയുടെ നിലവിലെ സ്ഥിതിയും തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് വെളിപ്പെടുത്തുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു*. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

## വയനാട് ജില്ലയിലെ കിന്റർഗാർട്ടൻ, വികാസ് വാടി ടീച്ചർമാരുടെ വേതനം

63 (2669) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കിന്റർഗാർട്ടൻ, വികാസ് വാടി ടീച്ചർമാരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ സോഫ്റ്റ്‌വെയറും നിർമ്മിച്ചതിന് എത്ര തുക വീതം ചെലവായിയെന്നും ഏത് സ്ഥാപനമാണ് നിർമ്മിച്ചുനൽകിയതെന്നും വ്യക്തമാക്കുമോ?

(എ&ബി)പട്ടികജാതി വികസന വകുപ്പിൽ 2016 മുതൽ നാളിതുവരെ വിവിധ പദ്ധതികൾക്കായി 4 സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ചിട്ടുണ്ട്. വാത്സല്യനിധി പദ്ധതി നടത്തിപ്പിനായി കെൽട്രോൺ മുഖാന്തരം സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒറ്റ പോർട്ടൽ മുഖേന വിതരണം ചെയ്യുന്നതിനായി ഇ-ഗ്രാന്റ്സ് 3.0 എന്ന സോഫ്റ്റ്‌വെയർ 2017-18 സാമ്പത്തിക വർഷം വികസിപ്പിച്ചിട്ടുണ്ട്. ഐ.ടി.ഐ. വിദ്യാർത്ഥികളുടെ ഓൺലൈൻ പ്രവേശനത്തിനായി സി-ഡിറ്റ് മുഖേന ഒരു സോഫ്റ്റ്‌വെയർ നിർമ്മിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിനായി ടി-ഗ്രാന്റ്സ് എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ 2017-ൽ കെൽട്രോൺ മുഖേന നിർമ്മിച്ചിട്ടുണ്ട്. ഓരോ സോഫ്റ്റ്‌വെയറും വികസിപ്പിച്ചതിന് എത്ര തുക വീതം ചെലവായിയെന്നും ഏത് സ്ഥാപനമാണ് നിർമ്മിച്ചു നൽകിയതെന്നുമുള്ള വിവരം ചുവടെ ചേർക്കുന്നു :

| സോഫ്റ്റ്‌വെയർ | തുക | നിർമ്മിച്ചു നൽകിയ സ്ഥാപനം |
|---|---|---|
| വാത്സല്യനിധി | 6,84,400 | കെൽട്രോൺ |
| ഇ-ഗ്രാന്റ്സ് | 53,63,100 | സി-ഡിറ്റ് |
| ഐ.ടി.വിദ്യാർത്ഥികളുടെ ഓൺലൈൻ പ്രവേശനം | 2,44,248 | സി-ഡിറ്റ് |
| ടി-ഗ്രാന്റ്സ് | 4,88,750 | കെൽട്രോൺ |

പട്ടികവർഗ്ഗ വികസന വകുപ്പിൽ 2016 മുതൽ നാളിതുവരെ തയ്യാറാക്കിയ സോഫ്റ്റ്‌വെയറുകളുടെ വിവരം ചുവടെ ചേർക്കുന്നു :

സർവ്വീസ് പ്ലസ് എന്ന പ്ലാറ്റ്ഫോമിലൂടെ പട്ടികവർഗ്ഗക്കാർക്കുള്ള വ്യക്തിഗത സാമ്പത്തിക ആനുകൂല്യങ്ങൾ കടലാസുരഹിതമായി നൽകുന്നതിന് 24 സേവനങ്ങൾ ഓൺലൈൻനാക്കുന്നതിന് തീരുമാനിക്കുകയും ആയതിൽ 13 സോഫ്റ്റ്‌വെയറുകൾ

പ്രവർത്തനം പൂർത്തിയായിക്കഴിഞ്ഞു. പട്ടികവർഗ്ഗക്കാരുടെ സോഷ്യോ ഇക്കണോമിക് സർവ്വെ നടത്തുന്നതിനായുള്ള ഒരു സോഫ്റ്റ്‌വെയർ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് ഡ്രീംസിന് കീഴിൽ പ്രവർത്തിച്ചുവരുന്ന മെർജിയോസ് എന്ന സ്ഥാപനംവഴി നിർമ്മിക്കുകയും ആയത് പ്രകാരം വിവരശേഖരണം പൂർത്തീകരണ ഘട്ടത്തിലാണ് കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണം സംസ്ഥാനം നടപ്പിലാക്കുന്ന പദ്ധതികളുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ കേന്ദ്രസർക്കാർ സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് ഡ്രീംസിന് കീഴിൽ പ്രവർത്തിച്ചു വരുന്ന മെർജിയോസ് എന്ന സ്ഥാപനം വഴി 11,21,000 രൂപ ചെലവഴിച്ച് ഒരു സോഫ്റ്റ്‌വെയർ നിർമ്മിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവര ശേഖരണം സൂക്ഷ്മ പരിശോധനയ്ക്കായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് ഡ്രീംസിന് കീഴിൽ പ്രവർത്തിച്ച് വരുന്ന മെർജിയോസ് എന്ന സ്ഥാപനം വഴി 5,84,100 രൂപ ചെലവഴിച്ച് ഒരു സോഫ്റ്റ്‌വെയർ നിർമ്മിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിനായി ടി-ഗ്രാന്റ്സ് എന്ന പേരിൽ ഒരു ലക്ഷം രൂപ ചെലവുവരുന്ന ഒരു സോഫ്റ്റ്‌വെയർ കെൽട്രോൺ എന്ന സ്ഥാപനം വഴി നിർമ്മിച്ചിട്ടുണ്ട്. ഗോത്രവാൽസല്യ നിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി സ്റ്റാർട്ടപ്പിന് കീഴിലുള്ള വിക്കീസ് ടെക്നോളജി എന്ന സ്ഥാപനംവഴി 4,84,390 രൂപ ചെലവ് വരുന്ന ഒരു സോഫ്റ്റ്‌വെയറിന് അംഗീകാരം നൽകി പ്രവർത്തനം പൂർത്തിയായിവരുന്നു. പട്ടികവർഗ്ഗക്കാരുടെ പരാതികൾ ഓൺലൈനായി സ്വീകരിക്കുന്നതിന് ഒരു കോൾ സെന്റർ ആരംഭിക്കുകയും ഈ സെന്ററിന്റെ പ്രവർത്തനത്തിനായി 10,78,426 രൂപ ചെലവിൽ ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ നൈപുണ്യവികസന പരിപാടികൾ ഏകോപിപ്പിക്കുന്നതിനും മോണിറ്ററിംഗ് ചെയ്യുന്നതിനുമായി ഒരു സോഫ്റ്റ്‌വെയർ പൂർത്തിയായിട്ടുണ്ട്. കോവിഡ് രോഗികളുടെ വിവരശേഖരണവുമായി ബന്ധപ്പെട്ട് ഒരു സോഫ്റ്റ്‌വെയറും, പദ്ധതി വിശകലനവും സാമ്പത്തിക ചെലവുകളുടെ കണക്കും സൂക്ഷ്മതല പരിശോധനയ്ക്കുമായി ഒരു സോഫ്റ്റ്‌വെയറും വെള്ളപ്പൊക്കക്കെടുതിയുമായി ബന്ധപ്പെട്ട വിവരണശേഖരണവുമായ ഒരു സോഫ്റ്റ്‌വെയറും എം.ഐ.എസ്. മാനേജർ / അസി. മാനേജർ എന്നിവർ ചേർന്ന് വികസിപ്പിച്ചിട്ടുണ്ട്.

## ചടയമംഗലം മണ്ഡലത്തിലെ പദ്ധതികൾ

65 (2671) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ചടയമംഗലം നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്ക സമുദായക്ഷേമ വകുപ്പുകൾ മുഖാന്തരം അനുവദിക്കപ്പെട്ട പദ്ധതികളുടെ പേരുവിവരവും ഓരോ പദ്ധതിക്കുമായി വകയിരുത്തിയ തുകയും പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം അനുവദിക്കപ്പെട്ട പദ്ധതികളും വകയിരുത്തിയ തുകയും പട്ടികജാതി വകുപ്പ് മുഖാന്തരം അനുവദിക്കപ്പെട്ട പദ്ധതികളും വകയിരുത്തിയ തുകയും അനുബന്ധമായി ചേർക്കുന്നു*. പിന്നാക്ക വിഭാഗ വികസന വകുപ്പ് പദ്ധതികൾ സംസ്ഥാനമൊട്ടാകെയാണ് നടപ്പിലാക്കിവരുന്നത്. മണ്ഡലം കേന്ദ്രീകരിച്ച് പദ്ധതികളൊന്നുംതന്നെ നടപ്പാക്കുന്നില്ല.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും പട്ടികജാതി വികസന വകുപ്പ് മുഖേനയും നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പട്ടികജാതി കോളനികളിലെ കുടിവെള്ളക്ഷാമം

66 (2672) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ടിലെ തുക വിനിയോഗിച്ച് 25 ലക്ഷം രൂപവരെയുള്ള കുടിവെള്ള പദ്ധതികൾ ജില്ലാതലത്തിൽ നടപ്പിലാക്കി വരുന്നു. 25 ലക്ഷത്തിനു മുകളിലുള്ള പദ്ധതികൾ സർക്കാർ അനുമതിയോടെ നടപ്പിലാക്കുന്നു. 2016-17 വർഷം മുതൽ 2019-20 വരെ 285 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജലവിഭവ വകുപ്പിന്റെ കുടിവെള്ള പദ്ധതികളുള്ള സ്ഥലങ്ങളിലെ പട്ടികജാതി കോളനികൾക്ക് പ്രത്യേകമായി പൈപ്പ് ലൈനുകളും പൊതുടാപ്പുകളും സ്ഥാപിക്കുന്നതിന് ഫണ്ട് നൽകുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇപ്രകാരമുള്ള പദ്ധതികൾ നിലവിൽ വകുപ്പ് വിഭാവനം ചെയ്തിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുവാൻ അനുമതിയുണ്ട്.

## ആലത്തൂരിൽ പട്ടികജാതി വകുപ്പിന് കീഴിൽ അനുവദിച്ച വീടുകൾ

67 (2673) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പിന് കീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര വീടുകളാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ; അതിൽ എത്രയെണ്ണത്തിന്റെ പണി പൂർത്തിയായിയെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി അനുവദിച്ച 233 വീടുകളിൽ 203 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത വീടുകളുടെ നിർമ്മാണത്തിനായി എത്ര തുകയാണ് വകുപ്പ് ചെലവഴിച്ചതെന്ന് അറിയിക്കുമോ?

പ്രസ്തുത വീടുകളുടെ നിർമ്മാണത്തിനായി 7,35,55,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ പട്ടികജാതി വികസന വകുപ്പ് സ്വന്തമായി എത്ര ഭവനങ്ങൾ നിർമ്മിച്ചു നൽകിയെന്നും വ്യക്തമാക്കാമോ?

വകുപ്പ് നടപ്പാക്കുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2016-17 വർഷം 14906 വീടുകളും 2017-18 വർഷം 8895 വീടുകളും അനുവദിച്ചു നൽകിയിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായ 170 വീടുകളുടെ പുനർനിർമ്മാണത്തിനായും ധനസഹായം അനുവദിച്ചിട്ടുണ്ട്. അപ്രകാരം ആകെ അനുവദിച്ച 23971 വീടുകളിൽ 19931 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ 2007-08 മുതൽ 2015-16 വരെ അനുവദിച്ചതിൽ നിർമ്മാണം പൂർത്തീകരിക്കാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിച്ച 16360 വീടുകളിൽ 10144 വീടുകളും ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

## പട്ടികവിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

68 (2674) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗങ്ങൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങളിൽ ഈ സർക്കാരിന്റെ കാലയളവിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തി; വിശദാംശം നൽകുമോ?

പട്ടികവിഭാഗങ്ങൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങളിൽ ഈ സർക്കാരിന്റെ കാലയളവിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടികജാതി വിഭാഗം-പട്ടികജാതി വിഭാഗത്തിലെ വിവാഹ ധനസഹായ പദ്ധതി പ്രകാരമുള്ള ധനസഹായ തുക 50,000 രൂപയിൽ നിന്ന് 75,000 രൂപയായി ഉയർത്തിയിട്ടുണ്ട്. മിശ്രവിവാഹ ധനസഹായ തുക 50,000 രൂപയിൽനിന്ന് 75,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാന ദായകനായ വ്യക്തി മരണപ്പെടുമ്പോൾ കുടുംബങ്ങൾക്ക് നൽകിവരുന്ന ധനസഹായ തുക 50,000 രൂപയിൽ നിന്ന് 2,00,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

സാഹിത്യ കാരൻമാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്ന പദ്ധതി പ്രകാരമുള്ള ധനസഹായ തുക 20,000 രൂപയിൽ നിന്ന് 40,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ ധനസഹായം 3,00,000 രൂപയിൽ നിന്ന് 4,00,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മരണാനന്തര ചെലവുകൾക്കുള്ള ധനസഹായം 2000 രൂപയിൽ നിന്ന് 5000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതികൾക്കായി ധനസഹായ തുക വർദ്ധനവ് വരുത്തിയിട്ടുണ്ട്. ദുർബ്ബല വിഭാഗങ്ങൾക്ക് ഭൂമി വാങ്ങാൻ തുക ഏകീകരിച്ച് 5,00,000 രൂപയാക്കി, ഭവന പുനരുദ്ധാരണ തുക 50,000 രൂപയിൽ നിന്ന് 1,50,000 രൂപയായി ഉയർത്തി ടോയ്‌ലെറ്റ് നിർമ്മാണ ധനസഹായം 25,000 രൂപയിൽ നിന്ന് 40,000 രൂപയായി വർദ്ധിപ്പിച്ചു.

ഭവനമില്ലാത്ത കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ധനസഹായ തുക 4,00,000 രൂപയിൽ നിന്ന് 6,00,000-മായി വർദ്ധിപ്പിച്ചു.

എട്ട് കിലോമീറ്റർ ദൂര പരിധിയിലുള്ള പി.ഇ.റ്റി.സി. വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപന്റ് 100 രൂപയിൽ നിന്ന് 200 രൂപയായും എട്ട് കിലോമീറ്റർ ദൂര പരിധിക്ക് പുറത്തുള്ള പി.ഇ.റ്റി.സി വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപന്റ് 400 രൂപയിൽ നിന്ന് 800 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

എല്ലാ SC/ST/OBC വിദ്യാർത്ഥികളുടെയും ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി എന്നീ ആനുകൂല്യങ്ങൾ 50% വർദ്ധിപ്പിച്ചു.

സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്ന പോസ്റ്റ്മെട്രിക് വിദ്യാർത്ഥികളുടെ Actual Boarding & Lodging Charges (ABLC) 3500-ൽ നിന്ന് 4500 രൂപയാക്കി ഉയർത്തി. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം രണ്ടുതവണ വിദ്യാഭ്യാസ ആനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗം-അരിവാൾ രോഗികൾക്ക് നൽകിവരുന്ന പ്രതിമാസ ധനസഹായം 2000 രൂപയിൽനിന്ന് 2500 രൂപയായി വർദ്ധിപ്പിച്ചു.

ജനനീ ജന്മ രക്ഷാ പദ്ധതി പ്രകാരമുള്ള പ്രതിമാസ ആനുകൂല്യം 1000 രൂപയിൽ നിന്ന് 2000 രൂപയായി വർദ്ധിപ്പിച്ചു.

ഏകവരുമാനദായകന്റെ മരണംമൂലം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിക്കുന്ന ധനസഹായ തുക 50,000 രൂപയിൽനിന്ന് 2,00,000 രൂപയായി വർദ്ധിപ്പിച്ചു.

സംസ്ഥാനത്തെ എസ്.സി/എസ്.റ്റി. വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് നഴ്സറി തലത്തിൽ 500 രൂപയായും 1 മുതൽ 4 വരെ 750 രൂപയായും 5 മുതൽ 8 വരെ 900 രൂപയായും 8 മുതൽ 10 വരെ 1000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടിവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിലുള്ള നിരക്കിന്റെ 20% വർദ്ധിപ്പിച്ചു.

പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് തുക 25,00,000 രൂപ അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്.

വിവാഹ ധനസഹായം 50,000 രൂപയിൽ നിന്ന് 1,00,000 രൂപയായി വർദ്ധിപ്പിച്ചു.

പ്രീമെട്രിക് ഹോസ്റ്റലു കളിലെയും എസ്.എസ്.എൽ.സി. വരെ പഠിക്കുന്ന വിദ്യാർത്ഥികളുടെയും മെസ്സ്ചാർ ജ്ജിനത്തിലുള്ള തുക 2000 രൂപയിൽനിന്ന് 3000 രൂപയായും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും, പോസ്റ്റ്മെട്രിക് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കും മെസ്സ് ചാർജ്ജിനത്തിലുള്ള 2300 രൂപയിൽനിന്നും 3450 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള മന്ത്രിയുടെ ചികിത്സാസഹായം നിലവിൽ എത്രയാണ്; അത് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാൾ അപകടത്തെത്തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000 രൂപ ധനസഹായം അനുവദിക്കുന്നു. ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1,00,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രതയനുസരിച്ച് 50,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ചികിത്സാ ധനസഹായ തുക വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ വികസനം

69 (2675) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസറുടെയും പട്ടികജാതി ബ്ലോക്ക് ഓഫീസിന്റെയും കീഴിൽ 2020-2021 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചത്; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

നിലമ്പൂർ സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസറുടെ കീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കിയ പദ്ധതികളും നിലവിലെ സ്ഥിതിയും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*. നിലമ്പൂർ പട്ടികജാതി ബ്ലോക്ക് ആഫീസിന്റെ കീഴിൽ 2020-2021 സാമ്പത്തിക വർഷത്തിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭിച്ച പദ്ധതികളൊന്നുംതന്നെ ഇല്ല.

(ബി) സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിലേക്ക് (പട്ടികവർഗ്ഗം, പട്ടികജാതി) ഏതൊക്കെ പ്രവൃത്തികൾ അംഗീകാരത്തിന് നൽകിയിട്ടുണ്ട്; പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി 2020-2021 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയായി; ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ അറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികളും ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളും സംബന്ധിച്ച വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലമ്പൂർ പട്ടികജാതി ബ്ലോക്ക് ആഫീസിന്റെ കീഴിൽ 2020-2021 സാമ്പത്തിക വർഷത്തിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിലേക്ക് അംഗീകാരത്തിന് നൽകിയതും ഭരണാനുമതി നൽകിയതുമായ പ്രവൃത്തികളൊന്നുംതന്നെ ഇല്ല.

(സി) പാട്ടക്കരിമ്പ് റ്റി.കെ. കോളനിയിൽ പട്ടികവർഗ്ഗക്കാരുടെ വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള ഫയലിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പാട്ടക്കരിമ്പ് ടി. കെ. കോളനിയിൽ പട്ടികവർഗ്ഗക്കാരുടെ വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ വന്നശേഷം ഏതൊക്കെ വികസന ക്ഷേമ പ്രവർത്തനങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കി; വിശദമാക്കാമോ?

ഈ സർക്കാർ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ ക്ഷേമ പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* പട്ടികജാതി വികസന വകുപ്പ് നിലവിലുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾ കൂടാതെ ഭവന പൂർത്തീകരണം, പഠനമുറി, വാത്സല്യനിധി എന്നീ പ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് നിലമ്പൂർ നിയമസഭാ മണ്ഡല പരിധിയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. 2016-17-ൽ തെരഞ്ഞെടുത്ത ഇല്ലിക്കോട്ട് പൊയിൽ കോളനിയിൽ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2019-20-ൽ തെരഞ്ഞെടുത്ത കോരംകുന്ന് കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ആദ്യ ഗഡു അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനുള്ള കേന്ദ്രഫണ്ട്**

70 (2676) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായി 2016 മുതൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഓരോ വർഷവും അനുവദിച്ച ഫണ്ട് എത്രയെന്നും അതിൽ എത്ര തുക ഓരോ സാമ്പത്തികവർഷവും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ അനുവദിച്ച തുകയും ചെലവഴിച്ച തുകയും, വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 5422.07 | 5422.07 |
| 2017-18 | 4750.58 | 4750.58 |
| 2018-19 | 3789.95 | 3562.12 |
| 2019-20 | 2641.12 | 2562.12 |
| 2020-21 | 3860.86 | 1704.33 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് മുഖേന നേരിട്ട് നടപ്പിലാക്കുന്ന 7 പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട്, ചെലവ് എന്നിവ ചുവടെ ചേർക്കുന്നു :

| വർഷം | ലഭിച്ച കേന്ദ്ര ഫണ്ട് (കോടിയിൽ) | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|---|
| 2016-17 | 64.722 | 64.722 |
| 2017-18 | 116.9246 | 110.3596 |
| 2018-19 | 11.474 | 7.3236 |
| 2019-20 | 45.92 | 27.276 |
| 2020-21 | 1.22 | 1.22 |

(ബി) ഏതെങ്കിലും വർഷത്തിൽ അനുവദിച്ച തുക ലാപ്സാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിന്റെ കാരണവും അറിയിക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് 2016-17 മുതൽ കേന്ദ്രസഹായമായി ലഭിച്ച തുക ലാപ്സാക്കിയിട്ടില്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന തുക നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പദ്ധതികൾക്കാണ് ലഭ്യമാക്കുന്നത്. 2018-19 സാമ്പത്തിക വർഷം മുതൽ പ്രളയക്കെടുതിയുടെ സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തികൾക്ക് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നു. ആയത് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കി വരുന്നു. പൂർത്തീകരിക്കുന്നമുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നതാണ്. പട്ടികജാതി വികസന വകുപ്പിന് അനുവദിച്ച തുക ലാപ്സായിട്ടില്ല. ഒരു സാമ്പത്തിക വർഷം ചെലവാകാതെ ശേഷിക്കുന്ന തുക അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്ത് പദ്ധതി നടപ്പിനായി വിനിയോഗിക്കുന്നു.

## ചാലിയാർ പാലക്കയം ആദിവാസി കോളനിയിലേക്ക് റോഡ്

71 (2677) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ചാലിയാർ പാലക്കയം ആദിവാസി കോളനിയിലേക്ക് റോഡ് നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിയ കിറ്റ്കോ എന്ന കമ്പനി പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സം എന്നറിയിക്കുമോ?

ഇല്ല. M/s JASS Associates പ്രവൃത്തി ചെയ്യാൻ തയ്യാറാകാതിരുന്നത് കാരണം നിർവ്വഹണ ഏജൻസിയായ കിറ്റ്കോ കോൺട്രാക്ടറുമായുള്ള കരാർ വിച്ഛേദിച്ചു.

(ബി) കിറ്റ്കോ പ്രസ്തുത പദ്ധതി ഉപേക്ഷിച്ച് പോയിട്ടുണ്ടെങ്കിൽ മറ്റേതെങ്കിലും ഏജൻസികളെ ടി പ്രവൃത്തി സർക്കാർ നിർദ്ദേശാനുസരണം ഏൽപ്പിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

ഇല്ല.

(സി) പ്രസ്തുത റോഡ് നിർമ്മിക്കുന്നതിന് മറ്റേതെങ്കിലും ഫണ്ട് ഉപയോഗിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൂടിയ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് എന്നാണ് പ്രസ്തുത പ്രവൃത്തി ശിപാർശ ചെയ്ത് ഡയറക്ടറേറ്റിലേക്ക് അയച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

23-10-2020 തീയതിയിലെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ ഒരു എസ്റ്റിമേറ്റ് പ്രൊപ്പോസൽ നിലമ്പൂർ പട്ടികവർഗ്ഗ വികസന ഓഫീസറുടെ 17-11-2020 തീയതിയിലെ കത്ത് മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

ഇല്ല. കോർപ്പസ് ഫണ്ട് ശീർഷകത്തിൽ തുക അപര്യാപ്തമായതിനാൽ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുകയുണ്ടായില്ല.

(ഇ) ആദിവാസി കോളനിയിലേക്ക് പ്രാധാന്യമുള്ള ഈ റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനായി അനുയോജ്യമായ മറ്റേതെങ്കിലും ശീർഷകത്തിൽനിന്നും തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## വെറ്റിലപ്പാറയിൽ പ്രീ-മെടിക് ഹോസ്റ്റൽ

72 (2678) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റില പ്പാറയിൽ, എക്സ്-സർവ്വീസ്മെൻ സൊസൈറ്റി വിട്ടുനൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി പ്രീ-മെടിക് ഹോസ്റ്റൽ നിർമ്മിക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

വെറ്റിലപ്പാറയിൽ എക്സ്-സർവ്വീസ്മെൻ കോളനി സൊസൈറ്റി വിട്ടുനൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി തൃശ്ശൂർ പി.ഡബ്ല്യു.ഡി (ബിൽഡിംഗ് ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 5.50 കോടി രൂപയുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണത്തിനായി അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## ആദിവാസി വിഭാഗങ്ങൾക്ക് പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലനം

73 (2679) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങൾക്ക് സർക്കാർ ജോലി പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി അവർക്ക് പി.എസ്.സി. പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നുണ്ടോ?

ഉണ്ട്.

(ബി) പി.എസ്.സി. പരീക്ഷയ്ക്കുവേണ്ടിയുള്ള അടിസ്ഥാന ക്ലാസ്സുകളും പ്രത്യേക പരീക്ഷ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകളും ഇവർക്കായി സംഘടിപ്പിക്കുന്നുണ്ടോ?

ഉണ്ട്.

(സി) ആരുടെ സഹകരണത്തോടെയാണ് പ്രസ്തുത ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുള്ളതെന്നും ഇതിനകം എത്ര പേർക്ക് പരിശീലനം നൽകിയെന്നും എത്ര പേർ പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടുവെന്നും വ്യക്തമാക്കുമോ?

വിവിധ സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലാതലത്തിലാണ് പരിശീലനം നൽകിവരുന്നത്. ആകെ പരിശീലനം ലഭിച്ചവരുടെ എണ്ണവും എത്രപേർ പി.എസ്.സി ലിസ്റ്റിൽ ഉൾപ്പെട്ടു എന്ന വിവരവും ക്രോഡീകരിച്ചിട്ടില്ല. എന്നാൽ ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 46 വകുപ്പുകളിലായി 1487 പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ മേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്.

## 'വലയർ' ഗോത്രവംശം അപ്രത്യക്ഷമായ സംഭവം

74 (2680) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ഷോളയൂർ പഞ്ചായത്തിൽ അണക്കാട് ഭാഗത്ത് താമസിച്ചിരുന്ന 'വലയർ' എന്ന ഗോത്രവംശം കൂട്ടത്തോടെ അപ്രത്യക്ഷമായതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

'വലയർ' എന്ന വിഭാഗം കേരളത്തിലെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(ബി) സർക്കാർ രേഖകളിൽ അടുത്തകാലം വരെ ഏതാനും വലയകുടുംബങ്ങൾ അവിടെ താമസിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(സി) പ്രസ്തുത കുടുംബങ്ങൾ പട്ടിക വിഭാഗത്തിൽപ്പെട്ടവരായിരുന്നെന്നും അവർക്ക് വോട്ടവകാശവും റേഷൻകാർഡും ഉണ്ടായിരുന്നുവെന്നുമുള്ളതിന് സർക്കാർ രേഖകൾ ഉണ്ടോ; പരിശോധിച്ച് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ ഇവർ കൂട്ടത്തോടെ പലായനം ചെയ്തതിന് കാരണം എന്താണെന്ന് പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

(ബി-ഡി) ബാധകമല്ല.

## ജനനി ജന്മരക്ഷ പദ്ധതി

75 (2681) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പ് ജനനി ജന്മരക്ഷ എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

ഉണ്ട്. എ.പി.എൽ./ബി.പി.എൽ ഭേദമെന്യേ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ച ജനനി ജന്മരക്ഷാ പദ്ധതിയിലൂടെ ടി വിഭാഗക്കാർക്ക് ഗർഭാവസ്ഥയിലും പ്രസവാനന്തരം ഒരു വർഷംവരെ സമ്പൂർണ്ണ പോഷകാഹാരം ഉറപ്പാക്കുകയാണ് വകുപ്പ് ലക്ഷ്യമിടുന്നത്. നവജാത ശിശു മരണം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനും അമ്മമാർക്ക് സമ്പൂർണ്ണ ആരോഗ്യം ഉറപ്പാക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. ഗർഭസ്ഥ ശിശുവിന്റെ മൂന്നാം മാസം മുതൽ പിറന്ന് ഒരു വയസ്സാകുന്നതുവരെയുള്ള കാലയളവിൽ (18 മാസം) പ്രതിമാസം 2000 രൂപ നിരക്കിൽ ഗുണഭോക്താക്കൾക്ക് തുക നേരിട്ട് ലഭ്യമാക്കുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മികച്ച രീതിയിലുള്ള പോഷകാഹാരം ലഭ്യമാക്കുക എന്നതിലൂടെ ആരോഗ്യമുള്ള കുഞ്ഞുങ്ങളെ പ്രസവിച്ച് സംരക്ഷിക്കുന്നതിന് സാധ്യമാകുന്നു. തുക അനുവദിക്കുന്ന ഘട്ടങ്ങളിൽ, ഗർഭിണിയായിരിക്കുമ്പോഴും പ്രസവാനന്തരം ശിശുവിനും നൽകേണ്ട പ്രതിരോധ കുത്തിവയ്പുകൾ ഉറപ്പുവരുത്തുക വഴി പൂർണ്ണമായ ആരോഗ്യം ഉറപ്പുവരുത്താനും സാധിക്കുന്നു. ടി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കിയിട്ടും ആദിവാസി മേഖലകളിൽ ഇപ്പോഴും ശിശുമരണങ്ങൾ ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം പരിശോധിക്കുമോ?

പദ്ധതി പ്രാവർത്തികമാക്കിയിട്ടും ആദിവാസി മേഖലകളിൽ ഇപ്പോഴും ശിശുമരണങ്ങൾ ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽനിന്നും മികച്ച പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, മുലയൂട്ടുമ്പോൾ സംഭവിക്കുന്ന ശ്വാസതടസ്സം തുടങ്ങിയവ യായിരുന്നു ശിശു മരണത്തിന്റെ പ്രധാന കാരണങ്ങളായി ആരോഗ്യ വകുപ്പ് കണ്ടെത്തിയിരുന്നത്. വിവിധ സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചു കൊണ്ടുവരാൻ

കഴിഞ്ഞിട്ടുണ്ട്. ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമ പദ്ധതികൾ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(സി) പ്രസ്തുത പദ്ധതിക്കായി 2020-21-ൽ എന്ത് തുകയാണ് വകയിരുത്തിയത്; അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ജനനി-ജന്മരക്ഷാ പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷം 16.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 13.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

76 (2682) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകാമോ ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

## സഞ്ചരിക്കുന്ന റേഷൻകട പദ്ധതി

77 (2683) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും ഒറ്റപ്പെട്ട വനമേഖലകളിൽ കഴിയുന്ന ആദിവാസികൾക്കും നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്ന സഞ്ചരിക്കുന്ന റേഷൻകട ആരംഭിച്ചിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ മേഖലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്?

(എ&ബി) ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസി ഊരുകളിലെ ഗുണ ഭോക്താക്കൾക്ക് വാഹനങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് "സഞ്ചരിക്കുന്ന റേഷൻ കട". പ്രസ്തുത പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, എറണാകുളം, പാലക്കാട്, വയനാട്, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിൽ ആരംഭിച്ചു. സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിച്ചിട്ടുള്ള പട്ടികവർഗ്ഗ മേഖലകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

**ഗോത്രബന്ധു പദ്ധതി**

78 (2684) ശ്രീ. റ്റി . വി. രാജേഷ്:
ശ്രീ. ആന്റണി ജോൺ:
പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ പുരോഗതി അറിയിക്കുമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ പുരോഗതി വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. സാമൂഹ്യ പഠനമുറി : 2017-18 വർഷം സ്കൂളുകളിൽനിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും, ലഘു ഭക്ഷണവും ഒരുക്കുന്നതിനായി 100 പഠനമുറികൾ വഴി 3000 വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ലഭ്യമാക്കി. ടി പദ്ധതി പ്രകാരം നിലവിൽ 250 പഠനമുറികളിലായി 7392 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു.

2. ഗോത്രബന്ധു : വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാ പ്രശ്നം പരിഹരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രകാരം വയനാട് ജില്ലയിലും, അട്ടപ്പാടി ബ്ലോക്കിലുമായി 267 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 13620 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) 30 പേരെയും മലപ്പുറം ജില്ലയിൽ 29 പേരെയും നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

3. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം : പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലെ 20 എം.ആർ.എസുകളെയും യൂണിസെഫ് നിഷ്കർഷിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, സ്റ്റീം കിച്ചൻ, മൾട്ടി പർപ്പസ് കോർട്ടുകൾ, മിനി മാസ്റ്റ് ലൈറ്റ്, ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പദ്ധതി, നാപ്കിൻ വെൻഡിംഗ് മെഷീൻ, ഔട്ട് ഡോർ ഫിറ്റ്നെസ് സെന്റർ, ഡിജിറ്റൽ ലൈബ്രറി, അഗ്നിപ്രതിരോധ സംവിധാനം, സി.സി.റ്റി.വി മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി.ക്ക് 100% വിജയവും +2 വിന് 80.16% വിജയവും നേടാൻ കഴിഞ്ഞിട്ടുണ്ട്.

4. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം : പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 114 പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിക്കുന്ന മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

5. ലാപ്ടോപ് വിതരണം : ലാപ്ടോപ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. നടപ്പുവർഷം 314 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം പുരോഗമിച്ചുവരുന്നു.

6. വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ് : ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25-6-2016-ലെ സ.ഉ(എംഎസ്)43/2016/ പ.ജ.പ.വ.വി.വ., 9-1-2020-ലെ സ.ഉ(അച്ചടി)നമ്പർ 1/2020/പജ.പവ.വിവ എന്നീ ഉത്തരവുകൾപ്രകാരം 50% വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചത് വഴി 2019-20 അദ്ധ്യയന വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി വിജയശതമാനം 87.13 ഉം പ്ലസ് ടു വിജയശതമാനം 65.24 ഉം ആയി ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ബി) ഗോത്രവിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഗോത്രഭാഷയിലൂടെയുള്ള പഠനം സാധ്യമാക്കുന്നതിന് ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

ഗോത്ര വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഗോത്ര ഭാഷയിലൂടെയുള്ള പഠനം സാധ്യമാകുന്നതിന് വയനാട് ജില്ലയിലും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലും ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം അദ്ധ്യാപക യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീയുവാക്കളെ സ്കൂളുകളിൽ നിയമിച്ചുകൊണ്ട് അവരുടെ ഭാഷയിൽത്തന്നെ പഠിപ്പിക്കുന്നതിനാൽ സ്കൂളുകളിൽ നിന്ന് ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറഞ്ഞുവന്നിട്ടുണ്ടോ?

ഗോത്രബന്ധു പദ്ധതിപ്രകാരം അദ്ധ്യാപക യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീ യുവാക്കളെ സ്കൂളുകളിൽ നിയമിച്ചുകൊണ്ട് അവരുടെ ഭാഷയിൽത്തന്നെ പഠിപ്പിക്കുന്നതിനാൽ സ്കൂളുകളിൽനിന്നും ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വയനാട് ജില്ലയിൽ 2016-17 വർഷം 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു നടപ്പിലാക്കിയതിന്റെഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19-ൽ 111 ആയും 2019-20 വർഷത്തിൽ 63 ആയും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ പ്രൈമറി ക്ലാസുകളിലെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിപ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര പേർക്ക് അദ്ധ്യാപകരായി നിയമനം ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

ഗോത്രബന്ധു പദ്ധതിപ്രകാരം ഇതുവരെ 267 അദ്ധ്യാപക യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗക്കാരെ നിയമിച്ചിട്ടുണ്ട്. വയനാട് ജില്ല - 241 അട്ടപ്പാടി ബ്ലോക്ക് - 26. പാലക്കാട് ജില്ലയിൽ (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) 30 പേരെയും മലപ്പുറം ജില്ലയിൽ 29 പേരെയും നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## ആദിവാസി ക്ഷേമം

79 (2686) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിൽ നിന്നും ചെറുകിടവ്യവസായങ്ങളിൽ നിന്നും ആദിവാസി ജനവിഭാഗങ്ങൾ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണ്?

പട്ടികവർഗ്ഗക്കാർ കാർഷികോത്പാദനം നടത്തുന്നതോടൊപ്പം, വനവിഭവങ്ങളും ശേഖരിക്കുന്നുണ്ട്. ഇവ മാർക്കറ്റ് ചെയ്യുന്നതിന് പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും, സംഘങ്ങളുടെ പ്രവർത്തന നിയന്ത്രണങ്ങൾക്കായി പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനും പ്രവർത്തിച്ചുവരുന്നു. പാലക്കാട് അട്ടപ്പാടി പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ കോയമ്പത്തൂരിലും കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ സഹായത്തോടെ മൂല്യവർദ്ധനവ് നടത്തി കൃഷി വകുപ്പിന്റെ ഇക്കോ ഷോപ്പ് വഴിയും ഓപ്പൺ മാർക്കറ്റ് വഴിയും വിപണനം ചെയ്തുവരുന്നു. പ്രോസസ് ചെയ്ത ഉത്പന്നങ്ങൾ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻവഴിയും വിപണനം ചെയ്യുന്നു. ഗദ്ദിക മേളകളിലും വില്പനയ്ക്കുള്ള സൗകര്യമൊരുക്കി വരുന്നുണ്ട്.

(ബി) ഇത്തരം ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയിലൂടെ നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

പട്ടികവർഗ്ഗക്കാർ ശേഖരിക്കുന്ന വനവിഭവങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനായി സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കൃഷിയിടത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് സൊസൈറ്റികൾ പ്രവർത്തിക്കുന്നില്ല.

(സി) ആദിവാസി ഊരുകളിൽ അനൗപചാരിക വിദ്യാഭ്യാസത്തിന് സ്ഥിരസംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികവർഗ്ഗ ഊരുകളിൽ സാക്ഷരതാ മിഷൻവഴി തുടർവിദ്യാഭ്യാസ പരിപാടി നടന്നുവരുന്നു. എന്നാൽ സ്ഥിര സംവിധാനം ഒരുക്കിയിട്ടില്ല.

(ഡി) ആദിവാസി വിഭാഗത്തിനായി സർക്കാർ നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും നിയമപരിരക്ഷയെക്കുറിച്ചും അവരെ ബോധവൽക്കരിക്കുന്നതിനുള്ള സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

പട്ടികവർഗ്ഗക്കാർക്കായി സർക്കാർ നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികളെ ക്കുറിച്ചും നിയമപരിരക്ഷയെക്കുറിച്ചും അവരെ ബോധവത്കരിക്കുന്നതിനുള്ള സംവിധാനമുണ്ട്. ഊരുകൂട്ട യോഗങ്ങളിൽ ഇക്കാര്യങ്ങളെക്കുറിച്ച് വിശദമാക്കാറുണ്ട്. കൂടാതെ വിവിധ നിയമങ്ങളെക്കുറിച്ച് വകുപ്പിലെ ഉദ്യോഗസ്ഥർ ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ക്ഷേമ പദ്ധതികളെക്കുറിച്ച് വിവരങ്ങൾ നൽകുന്നതിന് സോഷ്യൽ മീഡിയ പ്രചാരണവും ഇപ്പോൾ നടത്തുന്നുണ്ട്. ഊരുകൂട്ടങ്ങളിൽ സെമിനാറുകൾ നടത്തി ക്ഷേമ പദ്ധതികളെക്കുറിച്ച് വിശദീകരിക്കാറുണ്ട്. ഇതിനുപുറമെ പ്രമോട്ടർമാർ മുഖേന പട്ടികവർഗ്ഗക്കാർക്കായുള്ള ക്ഷേമപദ്ധതികളെക്കുറിച്ചും അവ ലഭ്യമാക്കുന്നതിനുള്ള നടപടികളെക്കുറിച്ചും അവബോധമുണ്ടാക്കാറുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം

80 (2687) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടകവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി കൊണ്ടുവന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ പദ്ധതിക്കുമായി ഇക്കാലയളവിൽ എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗക്കാരുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി കൊണ്ടുവന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പട്ടികജാതി വിഭാഗത്തിലെ ഹൈസ്കൂൾ/+2 തലത്തിലുള്ള വിദ്യാർത്ഥി കൾക്ക് എല്ലാ പഠന സൗകര്യങ്ങളോടും കൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള 'പഠനമുറി' എന്ന പദ്ധതിയിൽ 25000 പേർക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചു.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി പദ്ധതിയിൽ 12121 പേരെ ഇൻഷ്വർ ചെയ്തു.

3. M.Sc Electronics, B.Arch, M.Phil, Ph.D എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുകൂടി ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി.

4. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി ആരംഭിച്ചു. പേരൂർക്കടയിൽ കെട്ടിട നിർമ്മാണം പൂർത്തിയായി.

5. നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15,000 രൂപ ധനസഹായത്തോടെ പരിശീലനം നൽകുന്ന പദ്ധതിയിൽ 184 പേർക്ക് രണ്ടു വർഷം അധികപരിശീലനം.

6. പട്ടികജാതി യുവതീയുവാക്കൾക്ക് പരിശീലനം നൽകി 100% പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്ന വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ.

7. മുപ്പതോ അതിൽ അധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളുടെ സമഗ്ര വികസനത്തിനുള്ള അംബേദ്കർ ഗ്രാമ വികസന പദ്ധതി. പ്രസ്തുത പദ്ധതികൾക്കായി ഇക്കാലയളവിൽ ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു*. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗക്കാരെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ലാന്റ് ബാങ്ക് പദ്ധതി : ലാന്റ് ബാങ്ക് പദ്ധതിക്കായി 15,57,07,362 രൂപ (പതിനഞ്ച് കോടി അൻപത്തി ഏഴ് ലക്ഷത്തി ഏഴായിരത്തി മുന്നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) ചെലവഴിച്ചു.

സാമൂഹിക പഠനമുറി : ടി പദ്ധതിക്കായി 17,11,39,481 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഗോത്രബന്ധു : ടി പദ്ധതിക്കായി 13,94,24,966 രൂപ ചെലവഴിച്ചിട്ടുണ്ട്.

അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം : ടി പദ്ധതിക്കായി 29,71,67,185 രൂപ ചെലവഴിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി. പട്ടികവർഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പി. കെ. കാളൻ കുടുംബ പദ്ധതി : പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതികൾക്ക് 1.54 കോടി രൂപ സംസ്ഥാന കുടുംബശ്രീ മിഷന് അനുവദിച്ചു.

ഗോത്രവാത്സല്യനിധി : ടി പദ്ധതിയിൽ നാളിതുവരെയായി 8.15 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

KIIFB മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ-ഓരോ പദ്ധതിക്കും കിഫ്ബിയിൽ നിന്നും അംഗീകരിച്ച തുകയും തത്സ്ഥിതിയും ചുവടെ ചേർക്കുന്നു :

1. പ്രീമെട്രിക് ഹോസ്റ്റൽ, അച്ചൻകോവിൽ - 5 കോടി- അച്ചൻകോവിൽ പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ 24-9-2018 - ന് ആരംഭിച്ചു.

2. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കോടാലിപ്പാറ - 3.91 കോടി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. സംരക്ഷണ ഭിത്തി നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു.

3. പ്രീ മെട്രിക് ഹോസ്റ്റൽ, അരുവിളാംചാൽ - 3.63 കോടി

4. പ്രീ മെട്രിക് ഹോസ്റ്റൽ, കുറ്റിക്കോൽ - 4.2 കോടി-കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ പ്രീമെട്രിക് ഹോസ്റ്റലിന്റെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

5. പ്രീ മെട്രിക് ഹോസ്റ്റൽ, ബേഡഡുക്ക - 4.7 കോടി-ബേഡഡുക്ക പ്രീമെട്രിക് ഹോസ്റ്റലിന്റെയും ഫൗണ്ടേഷൻ നിർമ്മാണം പൂർത്തീകരി ച്ചിട്ടുണ്ട്.

6. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, നേര്യമംഗലം -5 കോടി-നേര്യമംഗലം പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിക്കുകയും 8-11-2018 - ന് കൂടിയ ടെണ്ടർ കമ്മിറ്റിയിൽ ഏറ്റവും കുറഞ്ഞ നിരക്കിലെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

7. ഹോസ്റ്റൽ കെട്ടിടം-വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, നാട്ടുകാണി - 3.42 കോടി-നാട്ടുകാണി വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന് പുതിയ ഹോസ്റ്റൽ നിർമ്മാണത്തിനായി കുഴൽ കിണർ നിർമ്മിച്ചു വരുന്നു.

8. അക്കാഡമിക് ബ്ലോക്ക് കെട്ടിടം-വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, നാട്ടുകാണി - 4.03-കോടി നാട്ടുകാണി വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന് അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി പഴയ ക്വാർട്ടേഴ്സ് പൊളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

9. യൂത്ത് ഹോസ്റ്റൽ, പാലോട് - 3.14 കോടി പാലോട് യൂത്ത് ഹോസ്റ്റൽ, പിണറായിക്കടി പ്രീ മെട്രിക് ഹോസ്റ്റൽ എന്നിവയുടെ ഡി.പി.ആർ തയ്യാറാക്കുവാനുണ്ട്.

10. എം.ആർ.എസ്, ആറളം, കണ്ണൂർ - 18.60 കോടി-എം.ആർ.എസ് ആറളം നിർമ്മാണ പ്രവൃത്തിയ്ക്ക് ബിൽഡിംഗ് പെർമിറ്റ് ലഭ്യമാകാനുണ്ട്. നിർമ്മാണ ഏജൻസി കരാറുകാരുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്.

മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ-നാളിതുവരെ 714.08 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഗോത്രജീവിക-ടി പദ്ധതിയിലൂടെ 733 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സമഗ്ര-ആദിവാസി സാക്ഷരത പരിപാടി-ടി പദ്ധതി ക്കായി സാക്ഷരതാ മിഷൻ മുഖേന 370 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഗോത്രരശ്മി - സാമൂഹിക ശാക്തീകരണ പരിപാടി 40.71 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

മില്ലറ്റ് വില്ലേജ് - അട്ടപ്പാടി-540 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം.

നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്ന ജീവനോപാധികൾ.-350 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

മിൽമ മുഖേന നടപ്പിലാക്കുന്ന ജീവനോപാധികൾ 1568.75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് 673.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണം-17.94 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കുടിവെള്ളം 4.98 കോടി രൂപ ചെലവഴിച്ചു. ശുചിത്വം പരിപാടി 0.67 കോടി രൂപ ചെലവഴിച്ചു. കമ്മ്യൂണിറ്റി ഹാൾ 3.99 കോടി രൂപ ചെലവഴിച്ചു.

അടിസ്ഥാന സൗകര്യങ്ങളായ റോഡ്, പാലം, കലുങ്ക് 32.81 കോടി രൂപ ചെലവഴിച്ചു.

തൊഴിൽ നൈപുണ്യം പ്രസ്തുത പരിപാടികൾക്കായി 2016-17 മുതൽ 2020-21 നാളിതുവരെ 63.38 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കിവരുന്നു.

കരിയർ ഗൈഡൻസ് ജോബ് ഫെയർ-30.01 ലക്ഷം രൂപ ചെലവഴിച്ചു.

(സി) ആദിവാസി ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ആദിവാസി ജനവിഭാഗങ്ങളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഭക്ഷ്യ സഹായ പദ്ധതി, ലാന്റ് ബാങ്ക് പദ്ധതി, ഭൂരഹിത പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസം, ഭവന രഹിതർക്ക് ധനസഹായം, സമഗ്ര പട്ടിക വർഗ്ഗ ആരോഗ്യ സംരക്ഷണ പദ്ധതി, സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള സഹായം, ജനനി ജന്മ രക്ഷ, പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം, വിദ്യാഭ്യാസാനുകൂല്യം, അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച്, പഠനയാത്രാ സഹായം, അനാഥരായ കുട്ടികൾക്കുള്ള സഹായം, വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് പ്രീമെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, സാമൂഹിക പഠനമുറി, ഗോത്രബന്ധു, ഗോത്ര വാത്സല്യ നിധി, ഗോത്രജീവിക, വനാവകാശ നിയമം, കെ.എസ്.റ്റി ആക്ട്, അടിയൻ പണിയൻ പ്രാക്തന വർഗ്ഗക്കാർ വനത്തിൽ ജീവിക്കുന്ന പട്ടിക വർഗ്ഗക്കാർക്കുള്ള പ്രത്യേക പദ്ധതി, വിവാഹ ധനസഹായം, എസ്സ്.സി.എ.റ്റു.റ്റി.എസ്.പി, അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം, പി.കെ. കാളൻ കുടുംബ പദ്ധതി, തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി, മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ, സമഗ്ര-ആദിവാസി സാക്ഷരത പരിപാടി, ഗോത്ര രശ്മി, സാമൂഹിക ശാക്തീകരണ പരിപാടി, മില്ലറ്റ് വില്ലേജ്, പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമ പദ്ധതി, കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്ന ജീവനോപാധികൾ, മിൽമ മുഖേന നടപ്പിലാക്കുന്ന ജീവനോപാധികൾ, കരിയർ ഗൈഡൻസ് ജോബ് ഫെയർ, അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്, ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ, സമ്പൂർണ്ണ വൈദ്യുതീകരണം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐഇസി), നൈപുണ്യ വികസന പദ്ധതി, അട്രോസിറ്റി ആക്ട്.

(ഡി) ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വനഭൂമിയിൽ തലമുറകളായി താമസിച്ചിരുന്നവരും എന്നാൽ തങ്ങളുടെ വനഭൂമിയിൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാതെ പോയവരുമായ പട്ടിക വർഗ്ഗക്കാരുടെ വനാവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വേണ്ടിയുള്ള

വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുമായി വനാവകാശ നിയമപ്രകാരം വ്യക്തിഗതം, സാമൂഹികം, വികസനം എന്നിങ്ങനെയുള്ള അവകാശങ്ങൾ നൽകിവരുന്നുണ്ട്. വനാവകാശ നിയമം നടപ്പിലാക്കുന്നതിനായി തടിയേതര വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽക്കുന്നതിനുമുള്ള അനുമതി നൽകുന്നതിന് വനാവകാശ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ഇ) ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ച് നൽകാനുള്ള നടപടി സ്വീകരിക്കുമെന്ന പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള ഭൂമിയുടെ കുറവാണ് പ്രധാന കാരണം. വിവിധ ഫാമുകളുടെ കൈവശമുള്ള ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ വിതരണം ചെയ്ത് ഒരേക്കർ ഭൂമി നൽകുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(എഫ്) ഈ സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

പട്ടികജാതി വിഭാഗക്കാരെ ഉൾപ്പെടുത്തി ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 3847 വീടുകൾ പൂർത്തീകരിക്കുകയും രണ്ടാം ഘട്ടത്തിൽ നിർമ്മാണം ആരംഭിച്ച 13019 വീടുകളിൽ 8647 വീടുകൾ പൂർത്തീകരിക്കുകയും, മൂന്നാം ഘട്ടത്തിൽ നിർമ്മാണം ആരംഭിച്ച 2932 വീടുകളിൽ 533 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മുൻവർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12022 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ചതിൻ പ്രകാരം 11306 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭവന രഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 2018-19 സാമ്പത്തികവർഷം പുതിയ വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അത്തരത്തിൽ ലൈഫ് മിഷൻ സർവ്വേയിൽ പട്ടിക വർഗക്കാരായ 3747 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതു പ്രകാരം 2426 വീടുകൾ പൂർത്തീകരിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ജി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിഭാഗങ്ങൾക്ക്എത്ര വീടുകൾ നിർമ്മിച്ച നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗങ്ങൾക്കായി 24594 വീടുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 13884 വീടുകൾ പ്രസ്തുത കാലയളവിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2002-03 മുതൽ 2010-11 വരെ അനുവദിച്ച 1382 വീടുകളിൽ 8463 വീടുകളും ഉൾപ്പെടെ 22347 വീടുകൾ മുൻ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. അനുവദിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ 2011 മുതൽ 2016 വരെ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 17605 വീടുകൾ അനുവദിച്ചിരുന്നു. ആയതിൽ 6231 വീടുകൾ പൂർത്തിയാക്കിയിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

## ഇ-ഗ്രാന്റ്സ് ആനുകൂല്യം

81 (2688) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് ആനുകൂല്യം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ സ്വാശ്രയ കോളേജിലെ വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ.(പി) നമ്പർ 208/66/ഇ.ഡി.എൻ, തീയതി 2-5-1966 എന്ന ഉത്തരവ് പ്രകാരമാണ് പോസ്റ്റ്മെട്രിക് തലത്തിൽ എസ്.ഇ.ബി.സി. വിഭാഗത്തിന് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നത്. ഈ ഉത്തരവ് പ്രകാരം സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകളിൽ മെറിറ്റിലും, റിസർവേഷനിലും പ്രവേശനം നേടുന്നവർക്ക് മാത്രമാണ് കെ.പി.സി.ആർ. വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത്. എന്നാൽ 29-3-2001-ലെ സ.ഉ.(കൈ) നമ്പർ 28/2001/പ.ജ.പ.വ.വി.വ. പ്രകാരം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ സൗജന്യ സീറ്റിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം അനുവദിക്കുന്നു. 2-7-2009-ലെ സ.ഉ.(അച്ചടി) നമ്പർ 50/2009/പ.ജ.പ.വ.വി.വ. പ്രകാരം സ്വാശ്രയ കോളേജുകളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗത്തിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്. 23-5-2014-ലെ സ.ഉ.(എംഎസ്)നമ്പർ 10/2014/പി.സ.വി.വ. പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി ഇതേ ആനുകൂല്യം അനുവദിക്കുന്നുണ്ട്. എന്നാൽ സ്വാശ്രയ കോളേജുകളിലെ ആർട്സ് & സയൻസ് കോഴ്സുകൾക്ക് ഒ.ഇ.സി. വിഭാഗത്തിനോ ഒ.ബി.സി. (എച്ച്) വിഭാഗത്തിനോ നിലവിൽ ആനുകൂല്യം അനുവദിക്കുന്നില്ല.

(ബി) സംസ്ഥാനത്തെ വിവിധ സ്വാശ്രയ കോളേജുകളിൽ ഈ ആനുകൂല്യം നൽകുന്നില്ല എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ ആർട്സ് & സയൻസ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് ആനുകൂല്യം അനുവദിക്കുന്നില്ല.

**സർക്കാർ സർവ്വീസിലെ പിന്നാക്ക വിഭാഗക്കാർ**

82 (2689) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കവിഭാഗ വികസന വകുപ്പ് സർക്കാർ സർവ്വീസിലെ പിന്നോക്ക വിഭാഗക്കാരുടെ വിശദമായ കണക്ക് ശേഖരിച്ചിട്ടുണ്ടോ?

മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗങ്ങൾക്കായി 24594 വീടുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 13884 വീടുകൾ പ്രസ്തുത കാലയളവിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2002-03 മുതൽ 2010-11 വരെ അനുവദിച്ച 1382 വീടുകളിൽ 8463 വീടുകളും ഉൾപ്പെടെ 22347 വീടുകൾ മുൻ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. അനുവദിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ 2011 മുതൽ 2016 വരെ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 17605 വീടുകൾ അനുവദിച്ചിരുന്നു. ആയതിൽ 6231 വീടുകൾ പൂർത്തിയാക്കിയിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(ബി) 17-9-2020-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം നടപ്പാക്കാത്ത വകുപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; കണക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) 17-9-2020-ലെ തീരുമാനപ്രകാരം ഡാറ്റാ എൻട്രിക്ക് പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ?

വിവിധ വകുപ്പുകളിൽ ഡാറ്റാ എൻട്രി നടത്തുന്നതിന്നായി അതാതു വകുപ്പുകൾ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ web-portal-ലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു കമ്പ്യൂട്ടർ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രോഗ്രാമറെ കരാർ അടിസ്ഥാനത്തിൽ 3-11-2018- ലെ സ.ഉ(ആർ.റ്റി) നമ്പർ 108/2018/BCDD നമ്പർ ഉത്തരവ് പ്രകാരം പിന്നാക്ക വിഭാഗ കമ്മീഷൻ ഓഫീസിൽ നിയമിച്ചിട്ടുണ്ട്.

(ഡി) ചീഫ് സെക്രട്ടറിയുടെ പ്രതിവാര യോഗത്തിൽ ഇക്കാര്യം സ്ഥിരം അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

## കടച്ചിക്കൊല്ലൻ വിഭാഗം

83 (2690) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിർത്താഡ്സ് നടത്തിയ പഠനത്തിൽ ഒ.ബി.സി. വിഭാഗമായ കടച്ചി ക്കൊല്ലൻ സമുദായത്തിന് പട്ടികജാതി വിഭാഗമായ കടയൻ സമുദായത്തിന് തുല്യമായ ജീവിതരീതികളാണെന്ന് പരാമർശമുണ്ടോ?

കിർത്താഡ്സ് നടത്തിയ പഠനത്തിൽ കടച്ചിക്കൊല്ലൻ സമുദായത്തിന് പട്ടികജാതി വിഭാഗമായ കടയൻ സമുദായത്തിന്റേതായ ജീവിതരീതികളാണെന്നുള്ള പരാമർശമില്ല.

(ബി) ഉണ്ടെങ്കിൽ കടച്ചിക്കൊല്ലൻ വിഭാഗത്തെയും പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ബാധകമല്ല.

## പട്ടിക വിഭാഗങ്ങൾ സഹകരണസ്ഥാപനങ്ങളിൽ നിന്നെടുത്തിരുന്ന വായ്പകൾ

84 (2691) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പ എഴുതിത്തള്ളുന്നതിന് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടു ള്ളതിൽ 30-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപവരെ എഴുതിത്തള്ളുന്നതിനായി ഈ

സർക്കാരിന്റെ കാലയളവിൽ 88,53,64,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 3275 ഗുണഭോക്താക്കളുടെ വായ്പ എഴുതിത്തള്ളിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിരുന്ന വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടായിരുന്നോ; പ്രസ്തുത പദ്ധതിയിലൂടെ എത്രപേർക്ക് പ്രയോജനം ലഭിച്ചു?

പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്നും പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും എടുത്തിട്ടുള്ള വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ 25,000 രൂപവരെ എഴുതിത്തള്ളുന്നതിന് 12-11-2009-ലെ 100/2009 ഉത്തരവുപ്രകാരം വ്യവസ്ഥ ചെയ്തു. തുടർന്ന് 10-12-2013-ലെ 99/2013 ഉത്തരവുപ്രകാരം എഴുതിത്തള്ളുന്ന തുക 50,000 രൂപയായും 30-3-2015-ലെ 24/15 നമ്പർ ഉത്തരവുപ്രകാരം ഒരു ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 45,875 പേരുടെ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർ കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയം തൊഴിൽ വായ്പ (വ്യക്തിഗത വായ്പകൾ), വിവാഹ ആവശ്യത്തിനുള്ള വായ്പ, സ്വർണ്ണപണയത്തിൻമേലുള്ള കാർഷിക വായ്പ എന്നിവയ്ക്കായി വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും പിഴപലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. 3275 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) വായ്പ എഴുതിത്തള്ളിയ വകയിൽ സഹകരണസംഘം രജിസ്ട്രാർക്ക് എന്ത് തുകയാണ് സർക്കാർ നൽകിയത്; വിശദമാക്കുമോ?

പട്ടികജാതി വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളൽ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നതിനായി വകുപ്പിൽനിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് 132,87,60,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വായ്പ എഴുതിത്തള്ളിയ വകയിൽ സഹകരണ സംഘം രജിസ്ട്രാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും തുക അനുവദിച്ചിട്ടില്ല.

## കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ പത്താം ശമ്പള പരിഷ്കരണം

85 (2692) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ പത്താം ശമ്പള പരിഷ്കരണം ഇതുവരെ നടപ്പിലാക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എല്ലാ സർക്കാർ വകുപ്പുകളിലും പ്രസ്തുത പരിഷ്കരണം ബാധകമാക്കിയിട്ടും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ ഇതുവരെ എന്ത് കൊണ്ടാണ് ആയത് നടപ്പിലാക്കാത്തത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരിഷ്കരണം കാലതാമസം കൂടാതെ നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) ഉണ്ട്. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ മുൻവർഷങ്ങളിലെ അക്കൗണ്ടുകൾ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് നാളിതുവരെ സമർപ്പിക്കാത്തതാണ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം അനുവദിക്കുവാൻ കഴിയാത്തതിനു കാരണം. ആയത് പൂർത്തിയാക്കി സമർപ്പിക്കുന്ന മുറയ്ക്ക് കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കുന്ന വിഷയം പരിഗണിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

## സ്ഥിരപ്പെടുത്തപ്പെട്ട ജീവനക്കാർ

86 (2693) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ താല്ക്കാലിക/കോൺട്രാക്ട്/ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ 2016 മേയ് മാസത്തിനുശേഷം സ്ഥിരപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ ഓരോ സ്ഥാപനങ്ങളിലും ഇപ്രകാരം സ്ഥിരപ്പെടുത്തിയെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 2016 മേയ് മാസത്തിനു ശേഷം താല്ക്കാലിക/കോൺട്രാക്ട്/ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

## കോടതികൾ കേന്ദ്രീകരിച്ച് നിയമസഹായ കേന്ദ്രങ്ങൾ

87 (2695) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോടതികൾ കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്ക് നിയമസഹായം ലഭ്യമാക്കുന്നതിനായി നിയമസഹായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഇവയുടെ പ്രവർത്തനരീതിയും ഉദ്ദേശവും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ജില്ലാ കോടതികൾ കേന്ദ്രീകരിച്ച് 14 ജില്ലാ നിയമ സേവന അതോറിറ്റികളും, താലൂക്കുകളിൽ ആകെ 62 താലൂക്ക് നിയമ സേവന കമ്മിറ്റികളും, ഹൈക്കോടതിയിൽ ഹൈക്കോർട്ട് നിയമ സേവന കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. നിയമ സേവനത്തിനുവേണ്ടി നിയമ സേവന കേന്ദ്രങ്ങളെ സമീപിക്കുന്ന അർഹതപ്പെട്ടവർക്കായി സൗജന്യ നിയമ ഉപദേശത്തിനും നിയമ സഹായത്തിനുമായി നിയമ സേവന അതോറിറ്റിയുടെ പാനലിലുള്ള അഭിഭാഷകരെ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അവരെ സഹായിക്കുന്നതിനായി പാരാ ലീഗൽ വോളന്റിയർമാരെ നിയമിച്ചിട്ടുണ്ട്. നിയമോപദേശത്തിനുവേണ്ടി സമീപിക്കുന്ന വ്യക്തിയെ കേട്ട് നടപടി ആവശ്യമുള്ള സംഗതിയാണെങ്കിൽ ആയതിനുവേണ്ടിയുള്ള നടപടികൾ സൗജന്യമായിത്തന്നെ ചെയ്തുകൊടുക്കുന്നുണ്ട്. 1987-ലെ നിയമ സേവന അതോറിറ്റി ആക്റ്റ് പ്രകാരം താഴെപ്പറയുന്ന വിഭാഗത്തിലുള്ളവർക്ക് സൗജന്യ നിയമ സഹായത്തിനു അർഹതയുണ്ട്.

- പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ;
- യാചകവൃത്തി, പെൺവാണിഭം, അടിമവേല മുതലായവയ്ക്കായി അനധികൃത കൈമാറ്റത്തിന് വിധേയരാകുന്നവർ;
- വികലാംഗക്ഷേമ നിയമപരിധിയിൽപ്പെട്ടവർ;
- പ്രകൃതി ദുരന്തം, സാമുദായിക കലാപം, മത വർഗ്ഗീയ കലാപം, ഭൂകമ്പം, വ്യാവസായിക ദുരന്തം മുതലായവയ്ക്ക് ഇരയാകുന്നവർ;
- സ്ത്രീകളും കുട്ടികളും;
- വ്യാവസായിക തൊഴിലാളികൾ;
- പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ, മാനസിക രോഗ ചികിത്സാലയങ്ങൾ, അനാഥാലയങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾ മുതലായവർ;
- കസ്റ്റഡി പ്രതികൾ;
- വാർഷിക വരുമാനം 3,00,000 രൂപയിൽ താഴെയുള്ളവർ.

(ബി) കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് സാധാരണക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനായി ഉയർന്ന കോടതികളിൽ സൗജന്യ നിയമസഹായം ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മുകളിൽ പറഞ്ഞ പ്രകാരമുള്ള അർഹതപ്പെട്ടവർക്ക് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും സൗജന്യ നിയമ സഹായം ലഭ്യമാക്കിവരുന്നുണ്ട്. ഇതിനായി ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റിയും, സുപ്രീം കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. സുപ്രീം കോടതിയിൽ സൗജന്യ നിയമ സഹായത്തിനുള്ള വാർഷിക വരുമാനപരിധി 5,00,000 രൂപ ആണ്.

## നോട്ടറീസ് ചട്ടത്തിലെ വ്യവസ്ഥ

88 (2696) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടറി അഡ്വക്കേറ്റുമാർ പൊതുജനങ്ങളിൽനിന്നും വിവിധ അറ്റസ്റ്റേഷനുകൾക്ക് ഈടാക്കേണ്ട ഫീസ് സംബന്ധമായ വിവരം അവരുടെ ഓഫീസുകളിൽ പ്രസിദ്ധീകരിക്കണമെന്ന നോട്ടറീസ് ചട്ടത്തിലെ വ്യവസ്ഥ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ?

കേന്ദ്ര നിയമമായ 1956-ലെ നോട്ടറീസ് ചട്ടങ്ങളിലെ ചട്ടം 10 (1) പ്രകാരമാണ് നോട്ടറി അഡ്വക്കേറ്റുമാർ വിവിധ അറ്റസ്റ്റേഷനുകൾക്ക് ഈടാക്കേണ്ടുന്നതായ ഫീസ് വിവരങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്. (4-3-2014-ലെ ജി.എസ്.ആർ. 150 (ഇ) ഭേദഗതി) ചട്ടത്തിന്റെ പ്രസക്തഭാഗം അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്*. പ്രസ്തുത ചട്ടത്തിന്റെ 10 (2) പ്രകാരം നോട്ടറിമാർ പ്രസ്തുത ഫീസ് വിവരങ്ങൾ അവരവരുടെ ഓഫീസിന്റെ അകത്തും പുറത്തും കാണത്തക്ക സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പാലിക്കപ്പെടുവാൻ സംസ്ഥാനത്തെ എല്ലാ നോട്ടറിമാരും ബാധ്യസ്ഥരാണ്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി സംസ്ഥാനത്ത് ഉത്തരവുകളോ സർക്കുലറുകളോ പ്രത്യേകമായി പുറപ്പെടുവിച്ചിട്ടില്ല. ചട്ടം 10(2)-ൽ ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു: " The rates of fees to be charged by a notary shall be displayed by him in conspicuous place inside as well as outside his chamber or office" .

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വ്യവസ്ഥ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നിമയവകുപ്പിൽ നിന്നും പരിശോധന നടത്താറുണ്ടോ; ഫീസ് വിവരം പ്രസിദ്ധീകരിക്കാത്ത നോട്ടറിമാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. 1956-ലെ നോട്ടറീസ് ചട്ടങ്ങളിലെ ചട്ടം 11 (5) പ്രകാരം ഓഫീസ് പരിശോധന നടത്താറുണ്ട്. കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ 2020 വർഷത്തിൽ നോട്ടറിമാരുടെ ഓഫീസ് പരിശോധന നടത്തിയിട്ടില്ല. ഓഫീസ് പരിശോധനാ സമയത്ത് ഫീസ് വിവരം പ്രസിദ്ധീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) നോട്ടറി അഡ്വക്കേറ്റുമാർ പൊതുജനങ്ങളിൽ നിന്ന് വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസിന് രസീത് നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ ഈ വ്യവസ്ഥ പാലിക്കുന്നുവെന്ന് എപ്രകാരമാണ് ഉറപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

നോട്ടറി അഡ്വക്കേറ്റുമാർ പൊതുജനങ്ങളിൽ നിന്ന് വിവിധ സേവനങ്ങൾക്ക് രസീത് നൽകണമെന്ന് 1956-ലെ നോട്ടറീസ് ചട്ടങ്ങളിലെ ചട്ടം 11(9)ൽ വ്യവസ്ഥയുണ്ട്. ഓഫീസ് പരിശോധന നടത്തുമ്പോൾ രസീത് പരിശോധിക്കാറുണ്ട് ചട്ടം 11(9) ൽ ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു: " Every notary shall grant a receipt for the fees and charge realised by him and maintain a register showing all the fees and charges realised" .

## ലിറ്റിഗേഷൻ പോളിസി

89 (2697) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിറ്റിഗേഷൻ പോളിസിയുടെ ഭാഗമായി നിയമവകുപ്പിൽ നിന്നും എല്ലാ വകുപ്പുകളിലും ഡയറക്ടറേറ്റുകളിലും ലോ നോഡൽ ഓഫീസർമാരെ നിയമിക്കുന്ന ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ലിറ്റിഗേഷൻ പോളിസിയുടെ ഭാഗമായി നിയമവകുപ്പിൽ നിന്നും എല്ലാ വകുപ്പുതലവൻമാരുടെ ഓഫീസുകളിലും ലോ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള ഉത്തരവ് നടപ്പിലാക്കിവരുന്നു. ലിറ്റിഗേഷൻ പോളിസിയുടെ ഭാഗമായി 14 ജില്ലാ കളക്ടറേറ്റുകളിലും 14 ലോ ഓഫീസർമാരെയും ഡയറക്ടറേറ്റുകളിലും മറ്റ് വകുപ്പുകളിലുമായി 30 നിയമ (നോഡൽ) ഓഫീസർമാരെയും നിയമ വകുപ്പിൽനിന്നും നിയമിച്ചിട്ടുണ്ട്. നിയമ (നോഡൽ) ഓഫീസറുടെ ആവശ്യകത അറിയിച്ച

17 ഡയറക്ടറേറ്റുകളിലേക്കുള്ള നിയമ (നോഡൽ) ഓഫീസർമാരുടെ നിയമനവുമായി ബന്ധപ്പെട്ട ഫയലുകളിൽ നടപടി സ്വീകരിച്ചുവരുന്നു. നിയമ (നോഡൽ) ഓഫീസറെ നിയമിച്ചിട്ടില്ലാത്ത ഡയറക്ടറേറ്റുകളിൽ നിയമ (നോഡൽ) ഓഫീസറുടെ ആവശ്യകത പരിശോധിച്ച് അറിയിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട്.

(ബി) ഈ നയം നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത് പ്രകാരം കേന്ദ്ര വിഹിതമായി ലഭിച്ച തുക എത്രയെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ?

ഈ നയം നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത് പ്രകാരം കേന്ദ്ര വിഹിതമായി KELSA യുടെ കീഴിൽ ADR (Alternative Dispute Resolution Centre) സെന്റർ സ്ഥാപിക്കുന്നതിനും മറ്റ് അനുബന്ധ കാര്യങ്ങൾക്കുമായി കേന്ദ്ര സർക്കാരിന്റെ പതിമൂന്നാം ധനകാര്യ കമ്മീഷനിൽ “ 2014-00-114-91-13th FC recommendation-Assistance to KELSA for Improvement of Justice delivery(NP)” എന്ന ശീർഷകത്തിൽ കേരള സംസ്ഥാന നിയമ സേവന അതോറിറ്റിക്ക് (KELSA) 10.83 കോടി രൂപ ലഭിച്ചിട്ടുണ്ട്. 2010-2011 മുതൽ 2015-2016 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ; ലോക് അദാലത്ത്, നിയമസഹായം, ADR Centre സ്ഥാപിക്കൽ, മീഡിയേറ്റർമാരുടെ ട്രെയിനിംഗ് എന്നീ ആവശ്യങ്ങൾക്കായി പ്രസ്തുത തുക മുഴുവനായും വിനിയോഗിച്ചിട്ടുള്ളതാണ്.

**നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ**

90 (2698) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ;

(ബി) ഏതൊക്കെ ജില്ലകളിൽ പ്രസ്തുത സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം ചെയ്തുവെന്ന് അറിയിക്കുമോ ;

(സി) ശേഷിക്കുന്ന ജില്ലകളിലെ സമുച്ചയ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(എ-സി) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നത് പ്രകാരം, പദ്ധതി നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ കിഫ്ബി പദ്ധതി പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന്

ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27-4-2017-ലെ സ.ഉ.(സാ.ധാ)നമ്പർ. 318/2017/സാം.കാ.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുയുമുണ്ടായി. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണ ത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യ മായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. ആയതിൽ പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ 2021 ഫെബ്രുവരിയിൽതന്നെ ഈ സമുച്ചയങ്ങളുടെ പ്രധാന കെട്ടിടങ്ങൾ പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുവാൻ പാകത്തിന് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. മലപ്പുറം ജില്ലയിലെ സമുച്ചയം പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുകയും ആയത് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുകയുമാണ്. പദ്ധതിക്കായി സർക്കാർ ഭൂമി ലഭ്യമായ തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ സമുച്ചയ നിർമ്മിതി സംബന്ധിച്ച ഡി.പി.ആർ കിഫ്ബിയുടെ പരിഗണനയിലാണ്. കൃഷി വകുപ്പിന്റെ ഉടമസ്ഥതയിൽ കോന്നിയിലുള്ള ഭൂമി പത്തനംതിട്ട ജില്ലയിലെ സമുച്ചയ നിർമ്മാണത്തിനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പ്രസ്തുത പദ്ധതിക്കായി സർക്കാർ ഭൂമി ലഭ്യമല്ലാത്ത കണ്ണൂർ, കോഴിക്കോട്, കോട്ടയം ജില്ലകളിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത പദ്ധതിക്കായി ഇടുക്കി, വയനാട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ അനുയോജ്യമായ സർക്കാർ/സ്വകാര്യ ഭൂമി കണ്ടെത്തുവാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ഡി) നവോത്ഥാന സമുച്ചയങ്ങൾക്കുവേണ്ടി കിഫ്ബി ഫണ്ടിൽ നിന്നും ഇതിനകം എന്ത് തുക അനുവദിച്ചു; ആയതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

നവോത്ഥാന സമുച്ചയ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് എഴ് ജില്ലകളിലെ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന്/അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി കിഫ്ബിയിൽ നിന്നും ഇതുവരെ മൊത്തം 209,68,54,756 രൂപ (ഇരുന്നൂറ്റി ഒൻപത് കോടി അറുപത്തി എട്ട് ലക്ഷത്തി അൻപത്തി നാലായിരത്തി എഴുന്നൂറ്റി അൻപത്തിയാറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. അതിൽ നിന്നും 18,21,68,892 (പതിനെട്ട് കോടി ഇരുപത്തി ഒന്ന് ലക്ഷത്തി അറുപത്തി എണ്ണായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) ചെലവായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*. അനുബന്ധത്തിൽ പരാമർശിക്കുന്നവയിൽ കണ്ണൂർ, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിൽ സമുച്ചയ നിർമ്മാണത്തിനായി സ്വകാര്യ ഭൂമി ഏറ്റെടുക്കുവാനായാണ് തുക കിഫ്ബി അനുവദിച്ചിട്ടുള്ളത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി

91 (2699) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാർക്ക് പ്രതിമാസം 15000 രൂപ വീതം നൽകുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ?

ഉണ്ട്. ആയിരം യുവകലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് 10,000 രൂപയും കലാകാരന്മാർ വിന്യസിക്കപ്പെട്ടിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ 5,000 രൂപയും വീതം പ്രതിമാസം നൽകുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) ഈ പദ്ധതിയിൻ കീഴിൽ ഇതിനകം എത്ര പേർക്ക് ഫെലോഷിപ്പ് അനുവദിച്ചുവെന്ന് അറിയിക്കുമോ?

1000 പേർക്കാണ് ഫെലോഷിപ്പ് അനുവദിച്ചിട്ടുള്ളത്.

## പരമ്പരാഗത കലകളുടെ സംരക്ഷണം

92 (2700) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത കലകൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സഹായകമായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുവെന്ന് അറിയിക്കുമോ ;

(ബി) അവയുടെ വിശദാംശം അറിയിക്കുമോ?

(എ&ബി) കേരളത്തിന്റെ തനത് കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ക്ലാസിക്കൽ, സമകാലീന, ഫോക് ലോർ വിഭാഗങ്ങളിൽപ്പെട്ട നാൽപ്പത്തിയഞ്ചോളം കലാരൂപങ്ങൾ പ്രചരിപ്പിക്കുക, പരിശീലിപ്പിക്കുക തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി വരുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. കേരളത്തിന്റെ സമ്പന്നമായ കരകൗശല പാരമ്പര്യം നിലനിർത്തുക, ഈ രംഗത്തെ കലാകാരന്മാർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ഗ്രാമീണ കലാകേന്ദ്രം അഥവാ റൂറൽ ആർട്ട് ഹബ്ബ് പദ്ധതിയും, നമ്മുടെ കലാ സാംസ്കാരിക

മേഖലയ്ക്ക് പുത്തൻ ഉണർവ് പകരുന്നതാണ്. പാരമ്പര്യ വാസ്തുകലയും ചുമർ ചിത്രകലയും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ആറന്മുള വാസ്തുവിദ്യാ ഗുരുകുലം, ഈ മേഖലയിൽ കോഴ്സുകളും എക്സിബിഷനുകളും കൺസൾട്ടൻസി സേവനങ്ങളും നടത്തിവരുന്നു. പരമ്പരാഗതകലകളിൽ നല്ലൊരു വിഭാഗം ഫോക്‌ലോർ അക്കാദമിയിൽ ഉൾക്കൊള്ളുന്നു. തെയ്യം, പൂരക്കളി, പടയണി, മുടിയേറ്റ്, ചവിട്ടു നാടകം, മാർഗ്ഗംകളി, ഊരാളിക്കൂത്ത്, പൂതനും തിറയും, കാക്കാരശ്ശി നാടകം, കണ്യാർകളി തുടങ്ങിയ കലകൾ ഫോക് ലോർ അക്കാദമി പ്രോത്സാഹിപ്പിക്കുകയും പരിരക്ഷിക്കുകയും ആ മേഖലയിലെ കലാകാരന്മാരെ സംരക്ഷിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഫോക്‌ലോർ അക്കാദമി നടത്തി വരുന്നു. ഇത്തരം കലകളെ ചെറു സംഘങ്ങളായി ബഹുജനങ്ങൾക്കിടയിൽ അവതരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ കലാരൂപങ്ങൾ ഘട്ടംഘട്ടമായി അവതരിപ്പിക്കാൻ സാഹചര്യം അക്കാദമി ഉണ്ടാക്കുന്നു. ഇത് ആ കലകളെക്കുറിച്ച് ജനങ്ങൾക്ക് അറിവുണ്ടാക്കുവാനും ജനകീയോത്സവങ്ങളിലും ക്ഷേത്രോത്സവങ്ങളിലും എല്ലാം അതാത് സംഘങ്ങളിലെ കലാപരിപാടി അവതരിപ്പിക്കാനും പ്രേരണ നൽകുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കിർതാഡ്സ് പട്ടിക വിഭാഗക്കാരുടെ പരമ്പരാഗത കലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു ആദികലാകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ആദികലാകേന്ദ്രം പ്രവർത്തനങ്ങളുടെ ഭാഗമായി ഗവേഷണ പഠനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ, കലാമേളകൾ, പുസ്തക പ്രസിദ്ധീകരണങ്ങൾ എന്നിവ വകുപ്പ് നടത്തിവരുന്നു. " ഗദ്ദിക-ഉൽപ്പന്ന പ്രദർശന വിപണന മേളയുടേയും നാടൻ കലാമേള"യുടെയും ഭാഗമായി സംസ്ഥാനത്തിലെ പട്ടികവർഗ്ഗ/ജാതി ജനസമൂഹങ്ങളുടെ കലകളെ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനും അവരുമായി ആശയ വിനിമയം നടത്തുന്നതിനുമായി പാരമ്പര്യ കലാരൂപങ്ങളുടെ അവതരണം കിർത്താഡ്സ് സംഘടിപ്പിക്കാറുണ്ട്.

**മൊയ്യാരത്ത് ശങ്കരൻ ചരിത്രഗാലറി**

93 (2701) <u>ശ്രീ എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച മൊയ്യാരത്ത് ശങ്കരൻ ചരിത്രഗാലറി, തെയ്യം കലാ അക്കാദമി എന്നീ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ആയതിന് ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ അടിയന്തരമായി ഈ പ്രവൃത്തികൾകൾക്ക് ഭരണാനുമതി ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

2018-19 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ്സിൽ തെയ്യംകലാ അക്കാദമി, മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗ്യാലറി എന്നീ പ്രവൃത്തികൾക്കായി യഥാക്രമം 25 ലക്ഷം രൂപ 50 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തിയിരുന്നു. തെയ്യം കലാ അക്കാദമിയുടെ താത്ക്കാലിക ഓഫീസ് നിടുമ്പ്രം മുത്തപ്പൻ മഠപ്പുരയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ആരംഭിക്കുന്നതിനായി 25 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ചൊക്ലി ഗ്രാമപഞ്ചായത്ത് 9-11-2020-ൽ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത പ്രൊപ്പോസലിന് അനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. സ്വന്തമായി സ്ഥലവും അടിസ്ഥാന സൗകര്യവും ഒരുക്കി വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി സ്ഥാപിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## നാദാപുരത്തെ കെ.എസ്.എഫ്.ഡി.സി. സിനിമ പ്രദർശനശാല

94 (2702) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ കെ.എസ്.എഫ്.ഡി.സി. സിനിമ പ്രദർശന ശാല ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിൽ സിനിമ തീയേറ്ററിനായി എം.എൽ.എ നിർദ്ദേശിച്ച വിവിധ സ്ഥലങ്ങളുടെ അനുയോജ്യത പരിശോധിച്ചു വരുന്നു. കിഫ്ബി ഫണ്ടുപയോഗിച്ച് തീയേറ്റർ നിർമ്മിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്ഥലലഭ്യത, സ്ഥലം സംബന്ധിച്ച സാദ്ധ്യതാ പഠനം, സാമ്പത്തിക സർവ്വേ എന്നീ നടപടിക്രമങ്ങൾ പൂർത്തിയാക്കി നാദാപുരത്ത് തിയേറ്റർ സ്ഥാപിക്കുന്ന പദ്ധതി പരിഗണിക്കുന്നതാണ്.

## പരിയാരത്ത് തിയേറ്റർ സമുച്ചയം

95 (2703) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കിഫ്ബിയിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് സിനിമാ തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജിന് സമീപം റവന്യൂ വകുപ്പിൽ നിന്നും അൻപത് സെന്റ് ഭൂമി അനുവദിച്ച സ്ഥലത്ത് തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന തിയേറ്ററുകളുടെ നിർമ്മാണ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള തുക നിലവിൽ കിഫ്ബി അംഗീകരിച്ചിട്ടുള്ള പദ്ധതികൾക്ക് മാത്രമേ ചെലവഴിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജിനു സമീപം കെ.എസ്.എഫ്.ഡി.സി. തിയേറ്റർ നിർമ്മിക്കുന്നത് ഈ പദ്ധതിയുടെ രണ്ടാംഘട്ടത്തിലേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

## ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ട്

96 (2704) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി സർക്കാർ നിയോഗിച്ച ജസ്റ്റിസ് കെ. ഹേമ അധ്യക്ഷയായ സമിതി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നാണെന്നറിയിക്കുമോ?

ജസ്റ്റിസ് കെ. ഹേമ അധ്യക്ഷയായ സമിതി 31-12-2019-ൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദമാക്കുമോ ;

(സി) സിനിമ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

(ബി&സി) ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിൽ സിനിമ റഗുലേറ്ററി ബില്ലിൽ ഉൾപ്പെടുത്താൻ കഴിയുന്ന കാര്യങ്ങൾ പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്താനും അവശേഷിക്കുന്ന കാര്യങ്ങളിൽ ഭരണ തലത്തിൽ പരിഗണിക്കാൻ കഴിയുന്ന കാര്യങ്ങളിൽ ഭരണപരമായ നടപടികൾ സ്വീകരിക്കുന്നകാര്യവും പരിശോധിച്ചുവരികയാണ്. സിനിമാ റെഗുലേറ്ററി രൂപീകരണത്തിനുള്ള കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

## സ്വാഭാവിക വനവൽക്കരണം

97 (2705) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളെ ഏകവിളത്തോട്ട വിമുക്തമാക്കി സ്വാഭാവിക വനവൽക്കരണത്തിനുള്ള അനുമതിക്കായി സംസ്ഥാന സർക്കാർ ദേശീയ വന്യജീവി ബോർഡിനെ ഇതിനകം സമീപിക്കുകയുണ്ടായോ?

വന്യജീവി സങ്കേതങ്ങളെ ഏകവിളത്തോട്ട വിമുക്തമാക്കി സ്വാഭാവിക വനവത്ക്കരണത്തിനുള്ള അനുമതിക്കായി, 10-5-2019-ലെ സ.ഉ.(സാധാ)നമ്പർ 168/2019/വനം സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ടിൻമേലുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി, സംസ്ഥാന വൈൽഡ് ലൈഫ് ബോർഡിന്റെ വിദഗ്ധ അഭിപ്രായത്തോടൊപ്പം, MoEF (Ministry of Environment, Forest & Climate Change) ന്റെ അംഗീകാരത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് ആവശ്യമായ ഉത്തരവിനായി ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിക്കാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നിലവിലെ വന്യജീവി സംരക്ഷണ നിയമത്തിലും മറ്റു ബന്ധപ്പെട്ട നിയമങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന വന്യജീവി ബോർഡിന്റെ ശിപാർശയോടുകൂടി ദേശീയ വന്യജീവി ബോർഡിന്റെ അനുവാദം ഇക്കാര്യത്തിൽ തേടേണ്ടതുണ്ട്.

(ബി) വന്യജീവി സങ്കേതങ്ങളിലെ തേക്ക് തോട്ടങ്ങൾ മുറിച്ച് മാറ്റുന്നതിനെ ക്കുറിച്ച് പഠിക്കുന്നതിന് സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഇതിനകം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്; വ്യക്തമാക്കുമോ?

കമ്മിറ്റിയുടെ റിപ്പോർട്ട് 13-5-2020-ൽ ലഭിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ അംഗങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ദേശീയ വന്യജീവി ബോർഡിന്റെ അനുമതി ലഭിച്ചാൽ വന്യജീവി സങ്കേതങ്ങളിലെ തേക്ക് മുറിച്ച് മാറ്റുന്നതിനും പകരം സ്വാഭാവിക വനവൽക്കരണം നടത്തുന്നതിനും വഴി ഒരുങ്ങുമോ; വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും നിലവിലുള്ള പ്ലാന്റേഷനുകളിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ വന്യമൃഗങ്ങൾക്കോ പ്രകൃതിക്കോ ഗുണം ചെയ്യുന്നവയല്ല. ആയതിനാൽ ദേശീയ വന്യജീവി ബോർഡിന്റെ അനുമതി ലഭിച്ചാൽ ഓരോ വർഷവും ഒരു ചെറിയ ശതമാനം മരം വീതം മുറിച്ചു വിൽക്കാനും പകരം പ്രസ്തുത പ്രദേശങ്ങൾ സ്വാഭാവിക വനമായി മാറ്റുന്നതിനും ഈ പദ്ധതി മുഖേന സാധിക്കുന്നു. അപ്രകാരം ചെയ്താൽ വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പു വരുത്താനും മൃഗങ്ങൾക്ക് കൂടുതൽ ഭക്ഷണം ലഭ്യമാക്കുന്നതിനും വൻതോതിലുള്ള തടി ഇറക്കുമതി കുറയ്ക്കാനും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ നേട്ടമുണ്ടാക്കാനും മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാനും കഴിയുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കടുവ സെൻസസ്

98 (2706) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കടുവ' സെൻസസ് അവസാനമായി നടന്നത് എന്നാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കടുവ സെൻസസ് അവസാനമായി നടന്നത് 2018-ൽ ആണ്.

(ബി) ഈ സെൻസസ് പ്രകാരം ഓരോ വന്യജീവി സങ്കേതങ്ങളിലും എത്ര കടുവകൾ ഉണ്ടെന്ന് അറിയിക്കാമോ;

2018-ലെ All India Tiger Census പ്രകാരം, ആകെ 190 കടുവകളെയാണ് സംസ്ഥാനത്ത് കണ്ടെത്തിയിട്ടുള്ളത്. *

(സി) സാധാരണയായി മറ്റ് ഏതെല്ലാം മൃഗങ്ങളുടെ സെൻസസാണ് സർക്കാർ നടത്താറുള്ളത് എന്നറിയിക്കാമോ?

സാധാരണയായി, ആന, കാട്ടുപോത്ത്, മലയണ്ണാൻ, കരിങ്കുരങ്ങ്, മ്ലാവ്, പുള്ളിമാൻ, കാട്ടുപന്നി, വരയാട്, മുതലായ മൃഗങ്ങളുടെ സെൻസസാണ് സർക്കാർ നടത്തിയിട്ടുള്ളത്.

(ഡി) കന്നുകാലി സെൻസസിന്റെ പരിധിയിൽ ഏതെല്ലാം മൃഗങ്ങളാണ് വരുന്നത് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

കന്നുകാലി സെൻസസിന്റെ പരിധിയിൽ പശു/കാള, എരുമ/പോത്ത്, മിഥുൻ, യാക്കുകൾ, ചെമ്മരിയാടുകൾ, ആടുകൾ, പന്നികൾ, കുതിരകൾ, പോണികൾ, കഴുതകൾ, കോവർകഴുതകൾ, നായ്ക്കൾ, ഒട്ടകം, മുയൽ, ആനകൾ എന്നീ 15 തരം മൃഗങ്ങളുടെ സെൻസസ് വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ കോഴി, താറാവ്, ടർക്കികൾ, എമു, കാട, ഗിനിക്കോഴി, ഒട്ടകപക്ഷി. വാത്തകൾ എന്നീ 8 തരം പക്ഷികളുടെയും വിവരങ്ങൾ കന്നുകാലി സെൻസസ് പ്രകാരം ശേഖരിക്കുന്നുണ്ട്.

(ഇ) വന്യജീവികളുടെ സെൻസസ് നടത്തുന്നതിന് ഉപയോഗിക്കുന്ന രീതികൾ വിശദമാക്കാമോ?

വന്യജീവികളുടെ കണക്കെടുപ്പ് നടത്തുന്നതിനായി ശാസ്ത്രീയമായ രീതികൾ അവലംബിച്ചുവരുന്നു. വന്യജീവികളുടെ എണ്ണം പ്രത്യക്ഷ രീതിയിലും പരോക്ഷ രീതിയിലും തിട്ടപ്പെടുത്താറുണ്ട്. വനമേഖലയെ ബ്ലോക്കുകളായി തിരിച്ച്; അതിലൂടെ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന ബ്ളോക്ക് കൗണ്ട് (Block Count-Direct method), ഓരോ ബ്ളോക്കിലും നിശ്ചയിക്കുന്ന നിർദ്ദിഷ്ട നേർരേഖയിലൂടെ സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന Block count line transect-direct sighting, വനമേഖലയെ ചെറിയ ഗ്രിഡുകളായി തിരിച്ച് അവയിൽ സ്ഥാപിക്കുന്ന ക്യാമറകൾ ഉപയോഗിച്ച് ചിത്രം എടുക്കുന്ന Camera Trapping Method ആനക്കൂട്ടങ്ങളുടെ പ്രായം, ആൺ-പെൺ ഇനം എന്നിവ അറിയുന്നതിനായി ജലസ്രോതസ്സുകൾ കേന്ദ്രീകരിച്ച് നടത്തുന്ന waterhole count method എന്നിവ പ്രത്യക്ഷ രീതിയിലുള്ള കണക്കെ ടുപ്പുകളാണ്. ട്രാൻസെക്ടുകളിൽക്കൂടി സഞ്ചരിക്കുമ്പോൾ മൃഗങ്ങളുടെ കാഷ്ഠം കാണുന്ന തനുസരിച്ച് അവയുടെ ഇനം, എണ്ണം എന്നിവ തിട്ടപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന Dung Count Method പരോക്ഷമായ രീതിയിലുള്ള കണക്കെടുപ്പുകളാണ്. ആനയുടെ കണക്കെടുപ്പിന് Block count direct sighting, line transect dung count, Dung decay rate എന്നീ രീതികൾ അവലംബിക്കാറുണ്ട്. കടുവകളുടെ എണ്ണം കണക്കാക്കുന്നത് Camera Trapping രീതി അവലംബിച്ചാണ്. കാട്ടുപോത്ത്, മാൻ, കാട്ടുപന്നി, കുരങ്ങ്-വർഗ്ഗജീവികൾ എന്നിവയുടെ എണ്ണം കണക്കാക്കുന്നതിന് Block count direct sighting, Line transect direct sighting എന്നീ രീതികളാണ് സാധാരണ സ്വീകരിക്കാറുള്ളത്.

## ഇ.എസ്.എ-യുടെ അതിരുകൾ

99 (2708) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത ട്രിബ്യൂണൽ 2014-ൽ അംഗീകരിക്കുകയും ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ ആയി പുറപ്പെടുവിക്കുകയും ചെയ്ത കേരള ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ വെബ് സൈറ്റിലുള്ള പ്ലാൻ തന്നെയാണോ ഇപ്പോഴും പരിസ്ഥിതി പ്രാധാന്യമുള്ള മേഖലകളുടെ (ഇ.എസ്.എ.) അതിരുകൾ നിശ്ചയിക്കുന്നത്; വിവരം നല്കാമോ?

അതെ. 2018, ഒക്ടോബർ 3-ലെ കരട് ഇ.എസ്.എ. വിജ്ഞാപനപ്രകാരം കേരള ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിലുള്ള പ്ലാൻ തന്നെയാണ് നിലവിൽ ഇ.എസ്.എ. വില്ലേജുകളുടെ അതിരുകളായി കണക്കാക്കുന്നത്.

(ബി) ഈ വെബ് സൈറ്റിൽ ഇപ്പോൾ ലഭ്യമായ 187 ജിയോകോർഡിനേറ്റുകൾ കൃഷി ഭൂമികളിലൂടെയും ജനവാസ മേഖലകളിലൂടെയുമാണ് കടന്നുപോകുന്നതെന്ന ജനങ്ങളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാനുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്നും സംരക്ഷിത വനപ്രദേശങ്ങൾ, ലോകപൈതൃക സംരക്ഷണ പട്ടികയിലുള്ള പ്രദേശങ്ങൾ, റിസർവ് വനങ്ങൾ, എന്നിവയെ മാത്രമേ ഇ.എസ്.എ-യുടെ പരിധിയിൽ ഉൾപ്പെടുത്താവൂയെന്നും, 92 വില്ലേജുകളിലായി 8656.46 ച.കി.മീ. സ്ഥലം മാത്രം ഇ.എസ്.എ. ആയി നിശ്ചയിക്കാവൂയെന്നുമാണ് കേന്ദ്ര സർക്കാരിനോട് (16-6-2018-ലെ 271/എ 2/2017/പരി. നമ്പർ കത്ത് പ്രകാരം) ശിപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത ശിപാർശകൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്.

(സി) ഹരിത ട്രിബ്യൂണലിന്റെ തീരുമാനം അനുസരിച്ച് ഏറ്റവും ചെറിയ യൂണിറ്റ് വില്ലേജ് ആണെന്നിരിക്കെ കൃഷി ഭൂമികളെ അടുത്തുള്ള വില്ലേജുകളിൽ ലയിപ്പിക്കാനോ പുതിയ വില്ലേജുകൾ രൂപീകരിക്കാനോ ഉള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇത് സംബന്ധിച്ച് നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

**വനം കയ്യേറ്റം**

100 (2709) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്ന 4-9-2015-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടി എന്തൊക്കെയാണ്?

പുതിയ വനം കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർനിയമ നടപടികൾ സ്വീകരിച്ചുവരുന്നു. 1-1-1977-നുശേഷം വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളവ ഒഴിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 4-9-2015-ലെ ഒ.പി. നമ്പർ1 8467/2002, 1947/2003 കേസുകളിലെ വിധി പ്രകാരം നോട്ടീസ് നൽകുന്നതിനായി വനം കയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, ഏതാനും വനം കയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 8-11-2002 തീയതിയിലെ ജി.ഒ. (എംഎസ്) നമ്പർ 69/2002/വനം പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി. കമ്മിറ്റി വർഷത്തിൽ 2 തവണ യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടി അവലോകനം

ചെയ്യുന്നതുമാണ്. അതേപോലെതന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാൻമാരായ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും 6-3-2003 തീയതിയിലെ ജി.ഒ (എം.എസ്) 15/03/വനം പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപ്പടി കമ്മിറ്റി യോഗം കൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ട്. വനാതിർത്തി പുനർനിർണ്ണയം നടത്തി സ്ഥിരജണ്ടകൾ സ്ഥാപിക്കുക എന്നതാണ് വനം കയ്യേറ്റം തടയുന്നതിന് ഏറ്റവും ഫലപ്രദമായ പരിഹാരം. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18-ൽ, 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19-ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20-ൽ 11,779 ജണ്ടകൾ (ഉദ്ദേശം 530 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2020-21 സാമ്പത്തിക വർഷത്തിൽ ഇതുവരെ 12763 ജണ്ടകൾ (ഉദ്ദേശം 550 കി.മീ വനാതിർത്തി) നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ 66076 സ്ഥിരം ജണ്ടകൾ നിർമ്മിച്ച് ഉദ്ദേശം 3010 കി.മീ വനാതിർത്തി വേർതിരിച്ച് കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വനം വകുപ്പിന്റെ കണക്കുപ്രകാരം 1-1-1977-ന് ശേഷം എത്ര ഹെക്ടർ വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്; അതിൽ എത്ര ഹെക്ടർ ഇതിനകം ഒഴിപ്പിച്ചെന്ന വിവരം നല്കാമോ?

വനം വകുപ്പിന്റെ കണക്കുപ്രകാരം 1-1-1977 -നുശേഷം 7684.3063 ഹെക്ടർ വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. അതിൽ 2662.6245 ഹെക്ടർ ഇതിനകം ഒഴിപ്പിച്ചിട്ടുണ്ട്.

(സി) നിലവിൽ വിധി നടപ്പിലാക്കുന്നതിന് എന്തെങ്കിലും പ്രതിബന്ധം ഉണ്ടോ?

ഉണ്ട്. വനഭൂമി കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പും, വിവിധ സംഘടനകളുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികളും, പ്രാദേശികരാഷ്ട്രീയവും മതപരവുമായ ഇടപെടലും വിവിധ കോടതികളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ കിടക്കുന്ന കേസുകളും ഒക്കെത്തന്നെ കയ്യേറിയ വനഭൂമിതിരിച്ച് പിടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്.

(ഡി) വിധി നടപ്പിലാക്കി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കാൻ കൂടുതൽ സമയം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വിധി നടപ്പിലാക്കുന്നതിന് സമയം ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഐ.എ. 1249/2016 നമ്പർ പ്രകാരം ഫയൽ ചെയ്യുകയും 7-3-2019-ൽ കോടതി വിധി പുറപ്പെടുവിക്കുകയും ചെയ്തു. ടി വിധി പ്രകാരം കയ്യേറ്റം അടിയന്തരമായി ഒഴിപ്പിക്കണമെന്നതാണ് വിധിയുടെ അന്തിമ ലക്ഷ്യമെന്നും ഇതിന്മേൽ സർക്കാരിന് യുക്തമായ നടപടിയെടുക്കാമെന്നും ഇതു സംബന്ധിച്ച് മറ്റ് വ്യാഖ്യാനങ്ങളുടെ ആവശ്യകതയില്ലെന്നും ഉത്തരവായിട്ടുണ്ട്.

## സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ

101 (2710) <u>ശ്രീ. അനിൽ അക്കര</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവിസ്തൃതി കൂട്ടുന്നതിന്റെ ഭാഗമായി നഷ്ടപരിഹാരം നൽകി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിന്റെ ഭാഗമായി റീ ബിൽഡ് കേരള പ്രോജക്ടിലുൾപ്പെടുത്തി വനത്തിനകത്തുള്ള സ്വകാര്യ എസ്റ്റേറ്റുകളെ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നുണ്ട്.

(ബി) എത്ര സ്വകാര്യ എസ്റ്റേറ്റുകളാണ് ഇപ്രകാരം ഏറ്റെടുക്കുന്നത്; അവ ഏതൊക്കെ എന്നറിയിക്കാമോ?

6 വനം ഡിവിഷനുകളിലെ 13 സ്വകാര്യ എസ്റ്റേറ്റുകളാണ് മേൽ പദ്ധതി പ്രകാരം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ടി എസ്റ്റേറ്റുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഏറ്റെടുക്കുന്ന എസ്റ്റേറ്റുകൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിനായി പ്രത്യേക ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ?

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന എസ്റ്റേറ്റുകളുടെ സർവേ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനായി സ്പെഷ്യൽ തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു ലാൻഡ് അക്വിസിഷൻ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്.

(ഡി) എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനായി എത്ര കോടി രൂപ നഷ്ടപരിഹാരം നൽകേണ്ടിവരും; ഇതിനകം എത്ര പേർക്ക് നഷ്ടപരിഹാരം നൽകി; വിശദമാക്കുമോ?

6 വനം ഡിവിഷനുകളിലായി 13 സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിലേക്കായി 35631.1459 ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഏറ്റെടുക്കൽ നടപടി പ്രാരംഭ ഘട്ടത്തിലാണ്. ആർക്കും ഇതുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബഫർ സോണിന് പുറത്തെ പരിസ്ഥിതിലോല മേഖല

102 (2711) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളുടെയും സംരക്ഷിത വനമേഖലകളുടേയും ബഫർ സോണിന് പുറത്തേക്ക് ഓരോ കിലോമീറ്റർ കൂടി പരിസ്ഥിതിലോല മേഖലയായി കണക്കാക്കിയുള്ള 2019 ഒക്ടോബർ 23-ാം തീയതിയിലെ മന്ത്രിസഭാ യോഗ തീരുമാനത്തിന് വിരുദ്ധമായി ചൂലന്നൂർ, പീച്ചി- വാഴാനി മുതലായ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള കൃഷിഭൂമികൾകൂടി ഉൾപ്പെടുത്തി മൂന്നും അതിൽ കൂടുതലും കിലോമീറ്റർ ദൂരമുൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസൽ, വന്യജീവി സങ്കേതത്തിന്റെ അതിർത്തിയിൽ നിന്നും ചുരുങ്ങിയത് പൂജ്യം മുതൽ പരമാവധി 6.2 കി.മീ. വരെ ദൂരത്തിൽ ആണ് രേഖപ്പെടുത്തിയിരുന്നത്. ജനവാസ മേഖലയിലെ പരമാവധി ദൂരം ഒരു കിലോമീറ്ററിനുള്ളിൽ നിർത്തി തൊട്ടടുത്ത വനം ഡിവിഷനുകളിലെ വനഭൂമി പരമാവധി ചേർത്തിട്ടുള്ള രീതിയി ലായിരുന്നു ഇക്കോ സെൻസിറ്റീവ് സോൺ ഡിമാർക്കേറ്റ് ചെയ്തിരുന്നത്. എന്നാൽ, പുതുക്കി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലിൽ ജനവാസ മേഖല പൂർണ്ണമായും ഒഴിവാക്കി വനപ്രദേശം മാത്രമായാണ് ഇക്കോ സെൻസിറ്റീവ് സോൺ ചേർത്തിട്ടുള്ളത്. ചൂലന്നൂർ വന്യജീവി സങ്കേതത്തിലും പുതുക്കി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലിൽ ജനവാസ മേഖല പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ മന്ത്രിസഭായോഗ തീരുമാനം കേരളത്തിലെ മലയോര മേഖലകളിലെ കൃഷിക്കാരെയോ അവരുടെ കൃഷിഭൂമികളെയോ എത്രമാത്രം ബാധിക്കുമെന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പഠന റിപ്പോർട്ട് സഭയിൽ വയ്ക്കുമോ?

ഇക്കോ സെൻസിറ്റീവ് സോണിന്റെ വിജ്ഞാപനം യാതൊരു വിധ കൃഷികളെയും ബാധിക്കുന്നില്ല. ജൈവകൃഷി രീതികൾ, കാർഷിക വനവൽക്കരണം, ഹോർട്ടികൾച്ചർ, ഹെർബൽ പ്ലാന്റേഷനുകൾ തുടങ്ങിയവ 'പ്രോത്സാഹിപ്പിക്കേണ്ട കാര്യങ്ങളുടെ' പട്ടികയിലാണ് കൊടുത്തിട്ടുള്ളത്. നിരോധിക്കപ്പെട്ടതോ, നിയന്ത്രിക്കപ്പെട്ടതോ ആയ കാര്യങ്ങളുടെ പട്ടികയിൽ യാതൊരുവിധ കൃഷിയും ഉൾപ്പെടുന്നില്ലെന്നുള്ളതു കൊണ്ടുതന്നെ ഇക്കാര്യത്തിൽ ആശങ്കൾക്ക് അടിസ്ഥാനമില്ല.

(സി) സംരക്ഷിത വനമേഖല എന്നതിന്റെ നിർവചനം ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 18 മുതൽ 26 എ വരെയുള്ള വകുപ്പുകൾ പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന വനഭൂമിയാണ് സംരക്ഷിത വനമേഖല അഥവാ പ്രൊട്ടക്റ്റഡ് ഏര്യാ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നത്.

## വനനശീകരണവുമായി ബന്ധപ്പെട്ട കേസുകൾ

103 (2712) <u>ശ്രീ. സി. ദിവാകരൻ:</u> താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനധികൃതമായി വനത്തിലെ മരംമുറിക്കുന്നതുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനധികൃതമായി വനത്തിലെ മരംമുറിക്കുന്നതുമായി ബന്ധപ്പെട്ട് 1179 കേസുകൾ രജിസ്റ്റർ ചെയതിട്ടുണ്ട്. ആയതിന്റെ സർക്കിൾ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

## കാസർഗോഡ് മണ്ഡലത്തിലെ വന റോഡുകൾ

104 (2713) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ വനപ്രദേശത്തുകൂടി കടന്നു പോകുന്ന റോഡുകൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പ്രസ്തുത റോഡുകൾ എത്ര കാലമായി വനംവകുപ്പിന്റെ അധീനതയിലുണ്ടെന്ന് വ്യക്തമാക്കാമോ ?

പ്രസ്തുത റോഡുകൾ വനം വകുപ്പിന്റെ അധീനതയിൽ, 1980-നു മുമ്പുതന്നെ, നിലവിലുണ്ടായിരുന്ന കൂപ്പ് റോഡുകളാണ്. ആയതിനാൽ, നിർമ്മിച്ച കാലം മുതൽ ടി റോഡുകൾ വനം വകുപ്പിന്റെ അധീനതയിലാണ്.

(സി) പ്രസ്തുത റോഡുകൾ നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചതാരാണെന്നും നിർമ്മാണത്തിനുശേഷം പുനരുദ്ധാരണ പ്രവൃത്തികൾ നടന്നിട്ടുണ്ടോയെന്നും എങ്കിൽ ആയതിന് ഫണ്ട് കണ്ടെത്തിയതാരാണെന്നും വ്യക്തമാക്കാമോ ?

വനം വകുപ്പിന്റെ അധീനതയിൽ, 1980-ന് മുമ്പുതന്നെ നിലവിലുണ്ടായിരുന്ന കൂപ്പ് റോഡുകൾ ആയതിനാൽത്തന്നെ, വനം വകുപ്പിന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. അതത് വർഷം ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വനം വകുപ്പുതന്നെ അറ്റകുറ്റപ്പണികൾ ചെയ്യാറുണ്ട്. എന്നാൽ, വനം വകുപ്പിന് ടി ഇനത്തിൽ ലഭിക്കുന്ന

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഫണ്ട് വളരെ തുച്ഛമായതിനാൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും അറ്റകുറ്റപ്പണി നടത്താറുണ്ട്. 2020-21 വർഷത്തിൽ കർമ്മംതൊടി-കൊട്ടംകുഴി, പൂവഡുക്ക-നെല്ലിത്തട്ട് എന്നീ റോഡുകൾ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധാരണം നടത്തിയിട്ടുണ്ട്.

(ഡി) അറ്റകുറ്റപ്പണി ആവശ്യമായതും ജനങ്ങൾ ഉപയോഗിക്കുന്നതും എന്നാൽ ടാറിംഗ് പ്രവൃത്തിയോ കോൺക്രീറ്റോ ഇതുവരെ ചെയ്യാത്തതുമായ ഏതെല്ലാം റോഡുകൾ മണ്ഡലത്തിലുണ്ടെന്നും ഇവയുടെ പുനരുദ്ധാരണം എപ്രകാരം സാധ്യമാകുമെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ പ്രകാരം 4 റോഡുകൾ, കാസർഗോഡ് മണ്ഡലത്തിൽ, വനഭൂമിയിലൂടെ കടന്നുപോകുന്നുണ്ട്. നിലവിൽ കാറഡുക്ക-ഇരിയണ്ണി റോഡ് ഉദ്ദേശം 500 മീറ്ററും ആദൂർ - കുക്കംകുഴി റോഡ് 3 കി.മീറ്ററും അറ്റകുറ്റപ്പണി നടത്തേണ്ട റോഡുകളാണ്. 1980-ന് മുമ്പുള്ള റോഡുകളാണെങ്കിൽ, നിലവിലുള്ള വീതിയിൽ വൃക്ഷങ്ങൾ മുറിക്കാതെ ടാറിംഗോ കോൺക്രീറ്റോ അറ്റകുറ്റപ്പണിയോ നടത്തുന്നതിന് 1980-ലെ വന (സംരക്ഷണ) നിയമം ബാധകമാകുന്നില്ല. എന്നാൽ, 1980-ന് ശേഷം നിലവിൽ വന്ന റോഡുകളാണെങ്കിൽ 1980-ലെ വന (സംരക്ഷണ) നിയമം പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

## അലിമുക്ക്-അച്ചൻകോവിൽ റോഡ് പുനരുദ്ധാരണം

105 (2714) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന അലിമുക്ക്- അച്ചൻകോവിൽ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണം അന്യായമായി വൈകുന്നതിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

2019 ജനുവരി മാസം അലിമുക്ക്-അച്ചൻകോവിൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചപ്പോൾ ടി റോഡിലെ തുറ പ്രദേശത്തെ പാലമാണ് ആദ്യം നിർമ്മിച്ചത്. ഈ സമയത്തുതന്നെ ടി റോഡിലെ കലുങ്കുകളുടെയും സംരക്ഷണ ഭിത്തികളുടെയും ഓടകളുടെയും ജോലികൾ സമാന്തരമായി ചെയ്തുവരികയായിരുന്നു. എന്നാൽ, 2019-ൽ ഉണ്ടായ ശക്തമായ കാലവർഷവും പ്രളയവുംമൂലം ജോലികൾ തടസ്സപ്പെട്ടു. റോഡിന്റെ കോൺക്രീറ്റ് ജോലികൾ ഗതാഗതം തടസ്സപ്പെടുത്തി ചെയ്തു വരുമ്പോൾത്തന്നെ അച്ചൻകോവിൽ അമ്പലത്തിലെ ഉത്സവം പ്രമാണിച്ച് കടുത്ത ഗതാഗതക്കുരുക്കുണ്ടായ പശ്ചാത്തലത്തിൽ പ്രദേശവാസികളുടെയും രാഷ്ട്രീയ

പ്രവർത്തകരുടെയും ദേവസ്വം പ്രതിനിധികളുടെയും അഭ്യർത്ഥന മാനിച്ച് ജോലികൾ നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. 2020-ൽ കോവിഡ് 19 മഹാമാരി കാരണമുണ്ടായ ലോക്ക്ഡൗൺമൂലം തൊഴിലാളികളെ ലഭിക്കാത്തതിനാലും റോഡിന്റെ നിർമ്മാണപ്രവൃത്തികൾ നിന്നുപോകാൻ കാരണമായിട്ടുണ്ട്. എന്നിരുന്നാലും, റോഡിന്റെ സബ് ബേസ് ചെയ്യുന്ന ജി.എസ്.ബി, ഡബ്ല്യു.എം.എം ലാഗിംഗ് പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. റോഡ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തികൾ പൂർണ്ണമായും കഴിഞ്ഞു. കലുങ്ക് നിർമ്മാണവും ഓടയുടെ നിർമ്മാണവും പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ടാറിംഗ് ജോലികളാണ് ബാക്കിയുള്ളത്. ഇടവിട്ട് പെയ്യുന്ന മഴ മാറിയാലുടൻ ടാറിംഗ് ആരംഭിക്കുകയും പ്രവൃത്തികൾ പൂർത്തീകരിച്ച് റോഡ് സഞ്ചാരയോഗ്യമാക്കുന്നതുമാണ്.

(ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തിയിലെ അപാകതകൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സതേൺ സർക്കിളിലോ കോന്നി, അച്ചൻകോവിൽ, പുനലൂർ ഡിവിഷനുകളിലോ ടി നിർമ്മാണ പ്രവൃത്തിയിലെ അപകാതകൾ സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടില്ല. അലിമുക്ക്-അച്ചൻകോവിൽ റോഡിന്റെ നിർമ്മാണം കൊല്ലം (നിരത്തു വിഭാഗം) പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടി റോഡിന്റെ നിർമ്മാണ സമയത്തുണ്ടായ പരാതികൾ അപ്പോൾത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പരിഹരിക്കുകയും നിർമ്മാണ പ്രവൃത്തികൾ കൃത്യമായി നടന്നുവരുന്നുവെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കോട്ടക്കയം-കുട്ടുമുക്ക് ഭാഗത്തെ മെറ്റലിംഗ് പ്രവൃത്തി പൂർത്തിയായോ എന്നും എന്നാണ് പൂർത്തിയായത് എന്നും വ്യക്തമാക്കുമോ?

പുനലൂർ ഡിവിഷനിലെ റെയ്ഞ്ചിലെ മേൽപ്രവൃത്തിയുമായി ബന്ധപ്പെട്ട കോട്ടക്കകം-കുട്ടുമുക്ക് ഭാഗത്തെ മെറ്റലിംഗ് പ്രവൃത്തികൾ നടന്നുവരികയാണ്.

(ഡി) മെറ്റലിംഗ് യഥാവിധി നടത്തി ഉറപ്പിക്കാതിരിക്കുകയും മെറ്റലിംഗിനുശേഷം അനേകം മാസങ്ങൾ പിന്നിട്ടിട്ടും ടാറിംഗ് പ്രവൃത്തി ആരംഭിക്കാതിരിക്കുകയും ചെയ്യുന്നത് നിമിത്തം പ്രസ്തുത റോഡിലൂടെ യാത്ര ചെയ്യുന്ന ചെരിപ്പിട്ടകാവ്, ചെമ്പനരുവി, അച്ചൻകോവിൽ നിവാസികളായ ആയിരക്കണക്കിന് ജനങ്ങൾ അനുഭവിക്കുന്ന അതികഠിനമായ ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദ്യഘട്ട മെറ്റലിംഗ് പൂർത്തീകരിച്ച സമയത്ത് ഉണ്ടായ മഴയും കോവിഡ്-19 കാരണം ജോലികൾ നിർത്തിവച്ച സാഹചര്യത്തിൽ പ്രദേശ വാസികൾക്കുണ്ടായ ബുദ്ധിമുട്ടും അപ്പോൾത്തന്നെ പരിഹരിച്ചിട്ടുള്ളതാണ്. എങ്കിലും

അച്ചൻകോവിൽ നിവാസികൾക്കും ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കും കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ഇ) കോവിഡ് വ്യാപനംമൂലം അച്ചൻകോവിൽ-ചെങ്കോട്ട റോഡിൽ കോട്ടവാസൽ ചെക്ക്പോസ്റ്റ് വഴിയുള്ള ഗതാഗതം തടഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ അച്ചൻകോവിൽ നിവാസികളായ ആദിവാസികൾ അടക്കമുള്ള സാധാരണക്കാർക്ക് ചികിത്സ ഉൾപ്പെടെയുള്ള അത്യാവശ്യങ്ങൾക്ക് പുറംലോകവുമായി ബന്ധപ്പെടുവാനുള്ള ഏക സഞ്ചാരമാർഗ്ഗമായ അലിമുക്ക്-അച്ചൻകോവിൽ റോഡ് അടിയന്തരമായി ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അലിമുക്ക്-അച്ചൻകോവിൽ റോഡ് അടിയന്തരമായി ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

## കാട്ടുതീയിൽ നിന്ന് സംരക്ഷണം

106 (2715) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയ്ക്ക് കാട്ടുതീയിൽ നിന്ന് സംരക്ഷണം നൽകുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

വനമേഖലയ്ക്ക് കാട്ടുതീയിൽനിന്നും സംരക്ഷണം നൽകുന്നതിനായി വിപുലമായ മുന്നൊരുക്കങ്ങൾ വനം വകുപ്പ് നടത്തിവരുന്നുണ്ട്. എല്ലാ വർഷവും അതിനു മുമ്പേയുള്ള ഫയർ സീസൺ അവസാനിക്കുന്നതോടെ (ജൂൺ മാസത്തോടുകൂടി) ഇതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കുന്നു. ഫോറസ്റ്റ് സെക്ഷൻ/ഫോറസ്റ്റ് സ്റ്റേഷൻ/റെയ്ഞ്ച്/ഡിവിഷൻ/സർക്കിൾ തലങ്ങളിൽ ഫയർ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും ചെയ്യുന്നു. കാട്ടുതീ ഉണ്ടാകാനിടയുള്ള മേഖലകളെ Low/ Medium/ High എന്നിങ്ങനെ മൂന്നായി തരംതിരിച്ച് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ആയതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ജനുവരി മാസത്തിൽ പൂർത്തിയാകുന്ന വിധത്തിൽ ഫയർലൈൻ/ഫയർ ബ്രേക്കുകൾ തെളിക്കുകയും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കൂടാതെ, പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി വനസംരക്ഷണ സമിതി (VSS)/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC) അംഗങ്ങളെയും വനാശ്രിത സമൂഹത്തെയും ഉൾപ്പെടുത്തി ഫയർ ഗ്യാങ്ങുകളുണ്ടാക്കുകയും ചെയ്തുവരുന്നു. കാട്ടുതീ സാധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ നിയന്ത്രിത രീതിയിൽ

മുൻകൂർ കത്തിക്കൽ നടത്തിവരുന്നു. അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ 2016 മുതൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ എല്ലാ സർക്കിളിനു കീഴിലും ഡിവിഷൻ, റെയ്ഞ്ച്, ഫോറസ്റ്റ് സ്റ്റേഷൻ/സെക്ഷൻ തലങ്ങളിലും ഫയർ കൺട്രോൾ റൂമുകൾ, ഡിസംബർ അവസാനവാരം മുതൽ പ്രവർത്തിച്ചുവരുന്നു. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മേയ് വരെയുള്ള ഫയർ സീസണിൽ 24 മണിക്കൂറും, വിവിധ തലങ്ങളിൽ, ഫയർ കൺട്രോൾ റൂമുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന സാങ്കേതിക വിദ്യയായ ഫയർ അലർട്ട് സിസ്റ്റം മുഖേന ലഭിക്കുന്ന കാട്ടുതീ സാദ്ധ്യതാ അലർട്ടുകളും, തീയുണ്ടാകുന്ന പക്ഷം അവയുടെ അലർട്ടുകളും വനംവകുപ്പാസ്ഥാനത്തെ ഫയർ സെല്ലിൽ നിന്നും യഥാസമയം സർക്കിൾ, ഡിവിഷൻതല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

(ബി) ഫയർ ലൈനുകൾ നിർമ്മിക്കുന്നതിനും ശാസ്ത്രീയ കാട്ടുതീ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

കാട്ടുതീ തടയുന്നതിനായി ഈ വർഷവും വനമേഖലകളിൽ ഫയർലൈൻ/ ഫയർ ബ്രേക്കുകൾ തെളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങളും Blower, Chainsaw, ഹോണ്ടാ ഒലിയോമാക് പമ്പ് സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ്, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷർ, battery operated sprayer, High tech 16 Ltr. Manual Sprayer, Force gun, Oleo mac Sprayer with 708 petrol engine, Honda made 5 HP engine coupled high pressure sprayer, pumpset മുതലായവയും കാട്ടുതീ സംരക്ഷണത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

## കാട്ടുതീയിൽ നശിച്ച ജൈവസമ്പത്ത്

107 (2716) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുതീയിൽ നശിച്ച വനമേഖല പുനഃസൃഷ്ടിക്കുന്നതിന് വനംവകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തുണ്ടാകുന്ന കാട്ടുതീയിൽ കൂടുതലായും അടിക്കാടുകളും പുൽമേടുകളുമാണ് കത്തിനശിക്കാറുള്ളത്. ആയത് തുടർന്നുവരുന്ന കാലവർഷത്തിൽ സ്വാഭാവികമായി പൂർവ്വസ്ഥിതിയിലാകുകയും ചെയ്യുന്നു. എന്നാൽ താരതമ്യേന വലിയ കാട്ടുതീയുണ്ടായ ഏതാനും മേഖലകളിൽ വനമേഖല പുനഃസൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഏത് മേഖലയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്?

പാലക്കാട് വന്യജീവി വിഭാഗം സർക്കിളിനുകീഴിലെ പീച്ചി, തൃശ്ശൂർ സെൻട്രൽ സർക്കിളിനുകീഴിലെ ചെമ്പിക്കുന്ന് വനമേഖലകളെ പുനഃസൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാട്ടുതീയിൽ നഷ്ടപ്പെട്ടുപോയ ജൈവസമ്പത്ത് തിരിച്ചുപിടിക്കുന്നതിന് ഈ പദ്ധതിയിലൂടെ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്?

കാട്ടുതീയിൽ നാശം സംഭവിച്ച ജൈവസമ്പത്ത് തിരിച്ചുപിടിക്കുന്നതിന് ഈ പദ്ധതിയിലൂടെ ഒരുപരിധിവരെ സാധിക്കുന്നതാണ്. ഇതിനായി പ്രത്യേക തുകയൊന്നും വകയിരുത്തിയിട്ടില്ല.

**കണ്ടൽ വനം**

108 (2717) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ കണ്ടൽ വച്ചുപിടിപ്പിക്കുന്നവർക്ക് സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള ധനസഹായം നൽകി വരുന്നുണ്ടോയെന്നറിയിക്കാമോ?

സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ 24-12-16-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ.റ്റി.) 485/16/വനം മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകിവരുന്നു.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

ധനസഹായം ലഭിക്കുന്നതിനായി സ്വകാര്യ ഉടമകൾ നിശ്ചിത മാതൃകയിൽ അപേക്ഷ, ഒറിജിനൽ ആധാരം, നികുതി രസീത്, വില്ലേജാഫീസിൽ നിന്നുള്ള ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, സ്കെച്ച് എന്നിവ സഹിതം അതത് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാനായ ജില്ലാതല കമ്മിറ്റിയാണ് അപേക്ഷകൾ പരിശോധിച്ച് അർഹമായ സ്വകാര്യ കണ്ടൽക്കാടുകൾക്ക് ധനസഹായം നൽകുന്നതിനായി തെരഞ്ഞെടുക്കുന്നത്. കണ്ടലുകളുടെ വിസ്തൃതിയനുസരിച്ച്

അർഹമായവ തെരഞ്ഞെടുത്ത് ഉടമസ്ഥർക്ക് ധനസഹായം നൽകിവരുന്നു. ജില്ലാ പഞ്ചായത്ത് പ്രതിനിധി, ഗവേഷണ സ്ഥാപനം പ്രതിനിധി, എൻ.ജി.ഒ. പ്രതിനിധി എന്നിവരടങ്ങുന്നതാണ് കമ്മിറ്റി. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കണ്ടലുകളുടെ ഉടമസ്ഥരുമായി അതത് ജില്ലാ അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർമാർ ഉടമ്പടി തയ്യാറാക്കുകയും പ്രസ്തുത ഉടമ്പടി പ്രകാരം വിതരണം ചെയ്യുന്ന കണ്ടൽ തൈകൾ നടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു.

(സി) പ്രസ്തുത സഹായം ലഭ്യമാകാൻ കോഴിക്കോട് ജില്ലയിലുള്ളവർ അപേക്ഷ നൽകേണ്ടതെവിടെയാണ്; അപേക്ഷാ ഫോറം എവിടെ ലഭ്യമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിലുള്ളവർ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്കാണ് അപേക്ഷ നൽകേണ്ടത്. ടി അപേക്ഷ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ ലഭ്യമാണ്.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

109 (2718) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ, ഗുരുവായൂർ മണ്ഡലങ്ങളിൽ ചേർന്നുകിടക്കുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ചേറ്റുവ പെരിങ്ങാട് കണ്ടൽ-തണ്ണീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട് 1-1-2021-ൽ ബഹുമാനപ്പെട്ട വനം വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വനം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വെൺമനാട് വില്ലേജ് നോട്ടിഫിക്കേഷൻ അനുസരിച്ച് സർവ്വേ നമ്പർ 119/2-ൽ ഉൾപ്പെട്ട 94.77 ഹെക്ടർ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലം സെക്ഷൻ 4 വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ പരിപാടി സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കണ്ടൽക്കാടുകളും പുഴകളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ?

ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation and Management of Mangroves in Vembanad & Kannur (60% CSS) എന്ന പദ്ധതിക്കായി 2017-2018-ൽ 294.53 ലക്ഷം രൂപയും 2018-2019-ൽ 231.2 ലക്ഷം രൂപയും ലഭിക്കുകയും ആയത് ചെലവാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൽ 178.19 ലക്ഷം രൂപ ഫണ്ട് ലഭിക്കുകയും ആയതിൽ 162.11 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിപ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ കണ്ടൽചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തി വരുന്നു. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.385 ഹെക്ടറും കണ്ടൽ വനങ്ങൾ വനം നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായും കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 54.695 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 4 പ്രകാരം 'പ്രൊപ്പോസ്ഡ്' റിസർവ് ഫോറസ്റ്റായും വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. കൊല്ലം/തൃശ്ശൂർ/മലപ്പുറം/കണ്ണൂർ ജില്ലകളിലെ 51.41 ഹെക്ടർ സ്വകാര്യ കണ്ടൽകാടുകൾ പണം നൽകി ഇ.എഫ്.എൽ. നിയമപ്രകാരം റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുക്കൽ നടപടി സ്വീകരിച്ചുവരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ 24-12-2016-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി) 485/16/വനം മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകിവരുന്നു. കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. കൂടാതെ വനം വകുപ്പിന്റെ പ്രസിദ്ധീകരണമായ അരണ്യം മുഖേനയും കണ്ടലിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നുണ്ട്. പുഴകളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ പുഴകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കൊല്ലം സോഷ്യൽ ഫോറസ്ട്രി മേഖലയ്ക്കുകീഴിൽ കോട്ടയം ജില്ലയിൽ മണിമലയാർ, മീനച്ചിലാർ എന്നിവയുടെ തീരത്ത് 1500 മുളംതൈകളും, പത്തനംതിട്ട ജില്ലയിൽ പമ്പാനദിയുടെയും അതിന്റെ കൈവഴികളുടെയും തീരത്ത് സോഷ്യൽ ഫോറസ്ട്രിയും ജില്ലാ ഭരണകൂടവും പഞ്ചായത്തുകളും സംയുക്തമായി 1 ലക്ഷം മുളംതൈകളും നട്ട് പരിപാലിച്ചു വരുന്നുണ്ട്.

എറണാകുളം സോഷ്യൽ ഫോറസ്ലി റീജിയണിലെ ഇടുക്കി സോഷ്യൽ ഫോറസ്ലി ഡിവിഷനിൽ കട്ടപ്പന സോഷ്യൽ ഫോറസ്ലി റെയ്ഞ്ചിന്റെ ഇട്ടിത്തോപ്പിനടുത്തുള്ള ളുവൽ വെള്ളച്ചാട്ടത്തിനു സമീപം കല്ലാർ പുഴയോരത്ത് 100 മുളംതൈകൾ നട്ടിട്ടുള്ളതാണ്. കൂടാതെ കോഴിക്കോട് സോഷ്യൽ ഫോറസ്ലി റീജിയണിലെ വയനാട് സോഷ്യൽ ഫോറസ്ലി ഡിവിഷനിലെ തവിഞ്ഞാൽ പുഴയുടെ തീരത്തും മലപ്പുറം സോഷ്യൽ ഫോറസ്ലി ഡിവിഷനിലെ ചാലിയാർ പുഴ, ഒലിപ്പുഴ, കനോലി കനാൽ, ഭാരതപുഴയുടെ തീരങ്ങൾ എന്നിവിടങ്ങളിലും കോഴിക്കോട് ഡിവിഷനിലെ പൂനൂർ പുഴയുടെ തീരത്തും മുളത്തൈകൾ വച്ചുപിടിപ്പിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

## സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ പരിശോധന

110 (2719) ശ്രീ. വി.ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവനവൽക്കരണ വിഭാഗം ലക്ഷക്കണക്കിന് തൈകൾ തയ്യാറാക്കി സൗജന്യമായി വിതരണം ചെയ്യുന്നുണ്ടെങ്കിലും അവ കൃത്യമായി നട്ട് പരിപാലിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ടോ?

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സാമൂഹ്യ വനവൽക്കരണ വിഭാഗം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് സൗജന്യമായി തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തുവരുന്നു. ഈ പദ്ധതികൾ എല്ലാം ഫലപ്രദവും അതുവഴി വൃക്ഷ സമ്പത്ത് വനേതര പ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും സംഘടനകളിലും വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ വിദ്യാർത്ഥികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന തൈകളുടെ അതിജീവനം ഉറപ്പാക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും എല്ലാ കൊല്ലവും സർക്കുലറുകളിറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവരുൾപ്പെട്ട കമ്മിറ്റിയും കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവരുൾപ്പെട്ട കമ്മിറ്റിയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ് മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗ സംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും

വിലയിരുത്തുന്നതിനും അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്തുതലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാവിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(ബി) കഴിഞ്ഞ നാല് വർഷത്തിനിടയിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം എത്ര ലക്ഷം തൈകളാണ് സൗജന്യമായി വിതരണം ചെയ്തത്; അതിൽ എത്ര ശതമാനം തൈകളുടെ അതിജീവനം സാധ്യമാക്കിയെന്ന് വെളിപ്പെടുത്തുമോ?

സാമൂഹ്യ വനവൽക്കരണ വിഭാഗം കഴിഞ്ഞ നാല് വർഷത്തിനിടയിൽ 250.81 ലക്ഷം തൈകൾ ഉത്പാദിപ്പിച്ച് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ 57.33% അതിജീവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) സാമൂഹ്യവനവൽക്കരണ വിഭാഗം നിലവിൽ തൈകൾ തയ്യാറാക്കി നൽകുന്നത് പ്രകൃതിക്ക് ദോഷം ചെയ്യുന്ന പ്ലാസ്റ്റിക് കൂടകളിൽ ആയതിനാൽ അത് മാറ്റി പ്രകൃതിക്ക് അനുയോജ്യമായ വിധത്തിലുള്ള കൂടകളിൽ തൈ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

സാമൂഹിക വനവൽകരണ വിഭാഗം തൈകൾ വളർത്തിയെടുക്കാൻ ഉപയോഗിക്കുന്ന പോളിത്തീൻ കവറുകൾ ഘട്ടംഘട്ടമായി മാറ്റി ബദൽ സംവിധാനം കണ്ടെത്തുന്നതിനുള്ള വിവിധ പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കയർ പിത്ത് (ചകിരിച്ചോറ്) ഉപയോഗിച്ചുള്ള റൂട്ട് ട്രെയിനർ സെല്ലുകൾ മറ്റ് കണ്ടെയ്നറുകളെ അപേക്ഷിച്ച് ഈട് നിൽക്കുന്നതായും പരിസ്ഥിതി സൗഹാർദ്ദമായതും ആണെന്ന് കണ്ടെത്തുകയുണ്ടായി. ടി കണ്ടെയ്നറുകളിൽ 6 മാസം വരെ തൈകൾ നഴ്സറിയിൽ സൂക്ഷിക്കാവുന്നതാണെന്നും പരീക്ഷിച്ചറിഞ്ഞിട്ടുണ്ട്. 2020 വർഷത്തിൽ വനം വകുപ്പ് ഒരുലക്ഷത്തിലേറെ തൈകൾ കയർ പിത്ത് റൂട്ട് ട്രെയിനറുകളിൽ തയ്യാറാക്കിയിട്ടുള്ളതാണ്.

## വനാശ്രയ വിഭാഗങ്ങളുടെ ഉന്നമനം

111 (2720) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാശ്രയ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വനസംരക്ഷണ സമിതി വഹിക്കുന്ന പങ്കെന്താണ്; അതിലൂടെ അവരുടെ ജീവിതനിലവാരം ഉയർത്തുവാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

വനാശ്രയ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വനസംരക്ഷണ സമിതികൾ പ്രധാനപ്പെട്ട പങ്കാണ് വഹിച്ചുവരുന്നത്. വനാശ്രിതരായ തദ്ദേശവാസികളെ അംഗങ്ങളാക്കി വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് അവരെ പങ്കാളികളാക്കി വനപരിപാലന, വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. വനത്തിന്റെ അഭിവൃദ്ധി, വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പുവരുത്തൽ, നിയമാനുസൃതവും നീതിപൂർവ്വവുമായി വനവിഭവങ്ങൾ വിനിയോഗിക്കൽ, വനസംരക്ഷണം മുതലായവ വനസംരക്ഷണ സമിതികളിൽ നിക്ഷിപ്തമാണ്. ജൈവവൈവിദ്ധ്യ സംരക്ഷണം, തദ്ദേശവാസികളായ വനാശ്രിതരുടെ ജീവനോപാധി വർദ്ധനവ് മുതലായവ സാദ്ധ്യമാക്കുന്നതിനും വനസംരക്ഷണ സമിതികൾ മുഖ്യപങ്ക് വഹിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM) പദ്ധതിയിൻ കീഴിൽ ശോഷിത വനങ്ങളുടെ പുനരുദ്ധാരണം, നഗര പ്രദേശങ്ങളിൽ വനാവരണം വർദ്ധിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി മുഖാന്തരം നടത്തിവരുന്നു. ഇതിലൂടെ സമിതിയിലെ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നു. കൂടാതെ ടി പദ്ധതിയിൽ വനാശ്രിത സമൂഹത്തിന് പാരമ്പേര്യതര ഊർജ്ജ സ്രോതസ്സുകളുടെ (എൽ.പി.ജി, ബയോഗ്യാസ്) വിതരണം നടത്തുന്നതുവഴി വനശോഷണം കുറയ്ക്കുവാനും കഴിയുന്നു. കേന്ദ്ര സർക്കാർ ഏജൻസിയായ TRIFED-ന്റെയും സംസ്ഥാന സർക്കാരിന്റെയും (75:25 CSS) ധനസഹായത്തോടെ ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില നൽകുന്ന MSP for MFP പദ്ധതി പ്രകാരം വനാശ്രിത സമൂഹം വനങ്ങളിൽ നിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില നൽകി ന്യായമായ വില സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടിയും കൂടാതെ നിലവിലുള്ള വനശ്രീകളുടെ വിപുലീകരണം, ആധുനികവൽക്കരണം, രൂപീകരണം എന്നിവയ്ക്കുള്ള ധനസഹായവും ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നുണ്ട്. ആയത് ടി സമിതികൾവഴി നടപ്പാക്കുകയും ചെയ്യുന്നു. ചെറുകിട വനവിഭവങ്ങൾ/തടിയേതര വനവിഭവങ്ങൾ മുതലായവയുടെ ശേഖരണം/സംസ്കരണം/വിപണനം (വനശ്രീ-ഇക്കോ ഷോപ്പുകൾ മുഖേന) എന്നിവയിലൂടെയും, ഇക്കോ ടൂറിസത്തിലൂടെയും വനസംരക്ഷണ സമിതികളിൽ അംഗങ്ങളായുള്ള വനാശ്രിത സമൂഹത്തിന് സാമ്പത്തികമായ സുരക്ഷിതത്വം ലഭിക്കുന്നുണ്ട്. ആയതിലൂടെ അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സാധിക്കുന്നുണ്ട്.

**അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി**

112 (2721) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ഒരു വലിയ ഇക്കോ ടൂറിസം കേന്ദ്രമായി ഉയർത്തുന്നതിന് വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി, സ്ഥലപരിമിതിക്കുവിധേയമായി, 2019-20, 2020-21 വർഷങ്ങളിൽ നവീകരിക്കുകയും വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ പാർക്കിംഗ് ഏരിയയുടെ വികസനം, ഹാൻഡ് റെയിൽ സുരക്ഷ സഹിതമുള്ള നടവഴി നിർമ്മാണം, വിശ്രമസ്ഥല നവീകരണം, കുട്ടികളുടെ പാർക്ക്, ആംഫി തിയേറ്റർ, ക്യാന്റീൻ, സി.സി.ടി.വി., ഇക്കോ ഷോപ്പ് എന്നിവ ഉൾപ്പെടുന്നുണ്ട്. കൂടുതൽ വിപുലീകരണ പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

## ചേലക്കരയിലെ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസുകൾ

113 (2722) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജക മണ്ഡലത്തിൽ മച്ചാട്, വടക്കാഞ്ചേരി എന്നീ ഫോറസ്റ്റ് റെയിൻഞ്ച് ആഫീസ് പരിധിക്കുള്ളിലായി ഏതെല്ലാം പദ്ധതികൾക്കും പ്രവൃത്തികൾക്കുമാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; അവയുടെ പേരുവിവരവും അനുവദിച്ച തുകയും പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥയും എന്താണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജക മണ്ഡലത്തിൽ മച്ചാട്, വടക്കാഞ്ചേരി എന്നീ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസ് പരിധിക്കുള്ളിലായി അനുവദിച്ച പദ്ധതികളുമായി ബന്ധപ്പെട്ട, തുകയുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## റിസർവ് വാച്ചർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

114 (2723) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 354/2016 പ്രകാരമുള്ള പി.എസ്.സി.-യുടെ റിസർവ് വാച്ചർ/ഡിപ്പോ വാച്ചർ (വനം വകുപ്പ്) റാങ്ക് ലിസ്റ്റിന് 2 വർഷം കാലാവധി കഴിഞ്ഞിട്ടും യാതൊരു നിയമനവും ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒഴിവുണ്ടാകുന്നമുറയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) റിസർവ് വാച്ചർ റാങ്ക് ലിസ്റ്റിന്റെ വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള 12-ലധികം വാച്ചർ തസ്തികകളിൽ വേണ്ടത്ര പോസ്റ്റ് ക്രിയേഷൻ, സാംഗ്ഷൻഡ് പോസ്റ്റ് എന്നിവ വർദ്ധിപ്പിച്ച് പരമാവധി നിയമനങ്ങൾ നടത്താൻ നിർദ്ദേശം നൽകുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വാച്ചർ തസ്തികയിൽ അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) വാച്ചർ ഒഴിവുകൾ മറച്ചുവച്ച് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അംഗീകൃത വാച്ചർമാർക്ക് പ്രൊമോഷൻ നൽകി നിലവിലെ പി.എസ്.സി റിസർവ് വാച്ചർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഡിപ്പോ വാച്ചർ/റിസർവ് വാച്ചർ തസ്തികകൾ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ടി നടപടികൾ പൂർത്തിയായശേഷം മാത്രമേ വാച്ചർമാരുടെ പ്രൊമോഷൻ സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളാനാകൂ.

(ഇ) ഓൺലൈൻ ഡിലീഷൻ നടപ്പിലാക്കി, ആവശ്യമില്ലാത്തവരെ ഒഴിവാക്കി വാച്ചർ ജോലി ആവശ്യമുള്ള നിലവിൽ മറ്റ് സർക്കാർ ജോലി ഇല്ലാത്ത പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ള മറ്റുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

വാച്ചർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിലിവൽ സർക്കാർ ജോലിയുണ്ടോ എന്നും, ടി തസ്തികയിലേക്ക് നിയമനം നൽകിയാൽ ജോലിയിൽ പ്രവേശിക്കുമോ എന്നുമുള്ള വിവരങ്ങൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികളിൽ നിന്നും ശേഖരിക്കുക എന്നത് പ്രായോഗികമല്ല.

(എഫ്) 13 ജില്ലകളിൽ നിലനിൽക്കുന്ന റിസർവ് വാച്ചർ/ഡിപ്പോ വാച്ചർ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും പരമാവധി നിയമനങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഒഴിവുണ്ടാകുന്നമുറയ്ക്ക് നിയമനം നൽകുന്നതിന് വനംവകുപ്പിലെ വാച്ചർ തസ്തികയുടെ നിയമന അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വന്യജീവി ആക്രമങ്ങളിൽപ്പെടുന്നവർക്കുള്ള ധനസഹായം

115 (2724) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വന്യജീവി ആക്രമണങ്ങളിൽപ്പെട്ട് പരിക്കേൽക്കപ്പെടുകയോ മരണപ്പെടുകയോ ചെയ്ത ആളുകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ജനവാസ മേഖലകളിൽ വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജനവാസ മേഖലകളിൽ വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വന്യജീവി ആക്രമങ്ങളിൽപ്പെടുന്നവർക്ക് ഇപ്പോൾ സർക്കാർ നൽകിവരുന്ന ധനസഹായം സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

5-4-2018-ലെ സ.ഉ (കൈ) നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രണംമൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജിവി ആക്രമണംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് പത്ത് ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ ഇനത്തിൽ ചിലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി അനുവദിക്കുന്നതാണ്. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം, കന്നുകാലി നഷ്ടം, വീട് നഷ്ടം തുടങ്ങിയവയ്ക്ക് നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) അനുവദിക്കുന്നു.

(ഡി) ജനവാസ മേഖലകളിൽ വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വന്യമൃഗ ആക്രമണം തടയുന്നതിന് സൗരോർജ്ജ കമ്പിവേലികൾ, ആന കിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. വന്യമൃഗങ്ങൾ വെള്ളം കുടിക്കുന്നതിനായി നാട്ടിലെത്തുന്നത് തടയാൻ വനത്തിനുള്ളിൽ ഗള്ളി പ്ളഗ്ഗിംങ് നടത്തിയും, കുളങ്ങൾ, ചെക്ക് ഡാമുകൾ, നീർച്ചാലുകൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നിവ നവീകരിച്ചും നിർമ്മിച്ചും ചതുപ്പുകൾ വൃത്തിയാക്കുകയും ചെയ്യുന്നു. കുടിവെള്ളം ലഭ്യമാക്കുന്നതിനായി നിലവിലെ തടയണകളിലെ ചെളിനീക്കൽ പ്രവൃത്തികൾ ചെയ്ത് വനത്തിനുള്ളിൽ ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. ജലലഭ്യത, തീറ്റലഭ്യത എന്നിവ ഉറപ്പാക്കാൻ ഫലവൃക്ഷങ്ങൾ എന്നിവ നട്ടുപിടിപ്പിക്കുകയും ആയവ ഉണങ്ങിപോകാതെ സംരക്ഷിക്കുകയും ചെയ്യുന്നു. കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വർഷംതോറും നടത്തിവരുന്നു. നാളിതുവരെ 151 ചെക്കുഡാമുകളും 27 കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, പഴയ ചെക്കു ഡാമുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചുവരുന്നുണ്ട്. കൂടാതെ, ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയുവാൻ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതി പഞ്ചായത്തുതലത്തിൽ രൂപീകരിച്ച് ബോധവത്ക്കരണം നടത്തുന്നു. വന്യ മൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജനകീയ കമ്മിറ്റികളുടേയും ആർ.ആർ.റ്റി.കളുടേയും സേവനം മേൽപ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി. 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കീ.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches) 26 കി.മീ. ജൈവവേലി, 24 കീ.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(ഇ) വന്യജീവി ആക്രമങ്ങളിൽപ്പെടുന്നവർക്ക് നൽകിവരുന്ന നഷ്ടപരിഹാരവും ചികിത്സാ സഹായവും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കേന്ദ്ര ഫോറസ്റ്റ് ആക്റ്റ്**

116 (2725) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങളാൽ പരിക്കുപറ്റുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച കേന്ദ്ര ഫോറസ്റ്റ് ആക്ടിനനുസരിച്ച് സംസ്ഥാനത്ത് റൂൾസ് (ചട്ടം) തയ്യാറാക്കി എസ്.ആർ.ഒ. ആയി പ്രസിദ്ധീകരിക്കുന്നതിനുപകരം ഗൈഡ് ലൈൻസ് പ്രസിദ്ധീകരിച്ച കാര്യം വനം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ?

1980-ലെ 'കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്' എന്ന ചട്ടങ്ങൾക്ക് വിധേയമായാണ് വന്യമൃഗങ്ങളുടെ ആക്രമണങ്ങളാൽ പരിക്കുപറ്റുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത്. അല്ലാതെ ഗൈഡ് ലൈൻ പ്രകാരമല്ല.

(ബി) പ്രസ്തുത ഗൈഡ് ലൈൻസിൽ വരുത്തിയ ഭേദഗതികൾ സർക്കാർ ഉത്തരവായി ഇറക്കിയ കാര്യം പരിശോധിക്കുമോ?

പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 2(എ), 3(എ) (1), 3(എ) (2), 3(എ) (3), 3(എ) (4), 4(ഡി), (ഡി) തുടങ്ങിയ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയാണ് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) കേന്ദ്രനിയമം അനുസരിച്ച് സംസ്ഥാനം ചട്ടം തയ്യാറാക്കുമ്പോൾ പാർലമെന്റിനെ കാണിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത ചട്ടം നിയമാനുസൃതമായാണ് തയ്യാറാക്കിയിട്ടുള്ളത്.

(ഡി) കേന്ദ്രനിയമത്തിൽ സംസ്ഥാനങ്ങളോട് ചട്ടം തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ഇ) ഈ വിഷയത്തിൽ നിയമവകുപ്പിന്റെ നിർദ്ദേശം എന്തായിരുന്നു; വ്യക്തമാക്കുമോ?

(ഡി&ഇ) 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന് വിധേയമായിട്ടാണ് ടി ചട്ടം തയ്യാറാക്കിയിട്ടുള്ളത്.

## ദേവികുളത്തെ ആദിവാസികൾക്കുള്ള ഭൂമി വിതരണം

117 (2726) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമപ്രകാരം ദേവികുളം നിയോജകമണ്ഡലത്തിലെ ആദിവാസികൾക്ക് നാളിതുവരെ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വില്ലേജ് തിരിച്ചുള്ള വിശദ വിവരം ലഭ്യമാക്കാമോ?

വനാവകാശ നിയമപ്രകാരം ദേവികുളം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ആകെ 4631.22 ഏക്കർ ഭൂമിയിന്മേൽ ആദിവാസികൾക്ക് വനാവകാശരേഖ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ദേവികുളം നിയോജകമണ്ഡലത്തിൽ സംയുക്ത പരിശോധന വഴി എത്ര ഏക്കർ വനഭൂമി വിതരണത്തിനായി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് അറിയിക്കാമോ?

ദേവികുളം നിയോജകമണ്ഡലത്തിൽ സംയുക്ത പരിശോധന വഴി കണ്ടെത്തിയിട്ടുള്ള വനഭൂമിയുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.* ടി 341.16 ഹെക്ടറിന് മുഴുവനായും കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല .

(സി) സംയുക്ത പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ വിതരണം നടന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

സംയുക്ത പരിശോധനയിൽ കണ്ടെത്തിയ ഭൂമിയുടെ വിതരണം സംബന്ധിച്ചുള്ള വിവരങ്ങൾ വനം വകുപ്പിൽ ലഭ്യമല്ല.

## കാട്ടുമൃഗങ്ങളുടെ ആക്രമണം

118 (2727) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ എത്ര മനുഷ്യജീവനുകൾ നഷ്ടപ്പെട്ടുവെന്നും എത്രപേർക്ക് പരിക്കുപറ്റിയെന്നും വിശദമാക്കാമോ?

കഴിഞ്ഞ അഞ്ചുവർഷത്തിനിടെ സംസ്ഥാനത്ത് പാമ്പുൾപ്പെടെയുള്ള കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ 529 മനുഷ്യജീവൻ നഷ്ടപ്പെടുകയും 5138 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

## കുറുക്കൻകുണ്ട് പ്രദേശത്തെ വൈദ്യുതീകരണം

119 (2728) <u>ശ്രീ. എൻ. ഷംസുദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിലെ കള്ളമല വില്ലേജിൽ കുറുക്കൻകുണ്ട് പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ വൈദ്യുതീകരണത്തിനായി നൽകിയ അപേക്ഷ വനം വകുപ്പ് നിഷേധിക്കാനുണ്ടായ കാരണമെന്തെന്ന് വിശദമാക്കാമോ?

മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിലെ അഗളി റെയിഞ്ചിൽ വി.എഫ്.സി. ഐറ്റം നമ്പർ 124 B ഓന്നുമല മലവാരത്തിൽ വരുന്ന സർക്കാർനിക്ഷിപ്ത വനത്തിന്റെ ഭാഗമാണ് കുറുക്കൻകുണ്ട്. 1971-ലെ കേരള സ്വകാര്യ വനം (നിക്ഷിപ്തമാക്കലും, പതിച്ചുകൊടുക്കലും) നിയമ സെക്ഷൻ 3(1) പ്രകാരം സംസ്ഥാനത്തെ എല്ലാ സ്വകാര്യ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വനങ്ങളും 10-5-1971-ൽ സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. ഓന്തുമല മലവാരത്തിലെ മേൽ വനത്തിന്റെ സർവ്വേ ഡീമാർക്കേഷൻ എന്നിവ 1974-77 കാലയളവിൽ പൂർത്തീകരിക്കുകയും അവ ചട്ടങ്ങൾ പ്രകാരം 10-10-1979-ൽ നിക്ഷിപ്ത വനമായി വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. ഈ പ്രദേശമുൾപ്പെടുന്ന കള്ളമല വില്ലേജിൽ റീസർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതും ആയത് ഫലത്തിൽ വരുത്തിയിട്ടുള്ളതുമാണ്. റീസർവ്വേ രേഖകൾ പ്രകാരം മേൽ ഭൂമി വനഭൂമിയിൽ ഉൾപ്പെട്ടു വരുന്നുണ്ട്. 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ് ആക്ട്) സെക്ഷൻ 4 പ്രകാരം നിക്ഷിപ്ത വനങ്ങൾക്ക് റിസർവ് വനത്തിന്റെ സ്റ്റാറ്റസ് ഉണ്ട്. 1990-91 കാലത്ത് റവന്യൂ- വനം വകുപ്പുകൾ ഈ പ്രദേശത്ത് സംയുക്ത പരിശോധന നടത്തുകയും മേൽഭൂമി പൂർണ്ണമായും വനഭൂമിയിൽ ഉൾപ്പെടുന്നതാണെന്നും കണ്ടിട്ടുള്ളതാണ്. 1977-നുശേഷം വനം കയ്യേറി കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കുന്നത് സർക്കാരിന്റെ പ്രഖ്യാപിതനയവും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ OP-18467/2002, 1947/2003 നമ്പർ എന്നിവയിലെ 4-9-2015-ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. മേൽനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 1-1-1977-നുശേഷം വനം കയ്യേറി കൈവശം വച്ചിട്ടുള്ള കുറുക്കൻകുണ്ടിലെ 46 പേർക്ക് വനഭൂമിയിൽനിന്ന് ഒഴിഞ്ഞുപോകുന്നതിന് 10-9-2018 തീയതിലെ A3-5890/17 നമ്പർ പ്രകാരം മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നോട്ടീസ് നൽകിയിരുന്നു. ഈ നോട്ടീസിനെതിരെ കുറുക്കൻകുണ്ടിൽ ഭൂമിക്ക് അവകാശം ഉന്നയിക്കുന്ന 41 പേർ ചേർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C)32102 /18 ഫയൽ ചെയ്തിരുന്നു. തർക്ക സ്ഥലത്ത് താമസിച്ച് വരുന്നവരുണ്ടെങ്കിൽ അവർക്ക് ഉത്തരവ് തീയതിതൊട്ട് രണ്ടുമാസത്തിനകം തർക്ക നിവൃത്തിക്കായി ബന്ധപ്പെട്ട ട്രൈബ്യൂണലിനെ സമീപിക്കാവുന്നതാണെന്നും അല്ലാത്തവരെ തർക്ക സ്ഥലത്ത് പ്രവേശിക്കാനോ മരങ്ങൾ മുറിക്കാനോ വനവിഭവങ്ങൾ നീക്കം ചെയ്യാനോ അനുവദിക്കരുതെന്നും നിർദ്ദേശിച്ചുകൊണ്ട് മേൽ റിട്ട് ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതി 4-12-2019-ൽ തീർപ്പാക്കി ഉത്തരവാകുകയുണ്ടായി. ടി വിധിക്കെതിരെ റിട്ട് അപേക്ഷകർ WA-202/20 അപ്പീൽ ഫയൽ ചെയ്തിരുന്നു. പ്രശ്ന പരിഹാരത്തിനായി രണ്ട് മാസത്തിനകം ഫോറസ്റ്റ് ട്രിബ്യൂണലിനെ സമീപിക്കാൻ നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത റിട്ട് അപ്പീൽ 6-11-2020-ന് ബഹുമാനപ്പെട്ട ഹൈക്കോടതി തീർപ്പാക്കിയിട്ടുണ്ട്. എന്നാൽ ഈ സമയപരിധിക്കകം പ്രസ്തുത ഹർജിക്കാർ ഫോറസ്റ്റ് ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ സമർപ്പിച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ പ്രദേശവാസികൾ സമർപ്പിച്ച WP(C) 32102/2018 കേസിലെ 41 പേരിൽ 11 പേർ മാത്രമാണ് അവിടെ താമസിക്കുന്നത്. വനഭൂമി കയ്യേറി മറ്റുചിലരും ഇവിടെ താമസിക്കുന്നുണ്ട്. വനം വകുപ്പിന്റെ അന്വേഷണത്തിൽ ഇതേവരെ ഈ വനപ്രദേശത്ത് ലാൻഡ് ട്രൈബ്യൂണൽ 1974-നും

അതിനുശേഷവും ധാരാളം പട്ടയങ്ങൾ വിവിധ വ്യക്തികൾക്ക് നൽകിയതായി അറിഞ്ഞിട്ടുണ്ട്. ഇത് വനം വകുപ്പിനെ കക്ഷി ചേർക്കാതെയും നിയമവിരുദ്ധമായും നൽകിയ പട്ടയങ്ങളാണ്. മേൽ വനഭൂമിയിൽ ലാൻഡ് ട്രൈബ്യൂണൽ അനുവദിച്ചതായി കണ്ടെത്തിയ 22 പട്ടയങ്ങൾ റദ്ദ് ചെയ്യുന്നതിന് അപ്പലേറ്റ് അതോറിറ്റി, തൃശ്ശൂർ മുമ്പാകെ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പ്രദേശവാസികൾ സമർപ്പിച്ച റിട്ട് അപ്പീൽ - 202/2020 കേസിൽ മേൽ പട്ടയങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി വിശദമായി പരിശോധിക്കുകയും വനഭൂമിയിൽ ഇത്തരം പട്ടയങ്ങൾ അനുവദിക്കുന്നതിന് ലാൻഡ് ട്രൈബ്യൂണലിന് അധികാരമില്ലെന്നും ആയതിനാൽ അവ നിലനിൽക്കുന്നതല്ലെന്നും നിരീക്ഷിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ വനപ്രദേശം കയ്യേറി കൈവശം വയ്ക്കുന്നവരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. മേൽസാഹചര്യത്തിൽ, ഈ വനപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യു തീകരണത്തിന് അനുമതി നൽകാൻ കഴിയുകയില്ല. എന്നിരുന്നാലും മാനുഷിക പരിഗണന നൽകി ഈ പ്രദേശവാസികൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരമുള്ള നടപടി കൈക്കൊള്ളാൻ 19-1-2021-ൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കുറുക്കൻകുണ്ട് പ്രദേശത്തേക്ക് പോകുന്നത് പഞ്ചായത്ത് ആസ്തി രജിസ്റ്ററിലുള്ള റോഡായിട്ടും ഇതിലൂടെ വൈദ്യുതിലൈൻ സ്ഥാപിക്കാൻ അനുമതി ലഭ്യമാക്കാത്തതെന്തുകൊണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

കുറുക്കൻകുണ്ട് പ്രദേശത്ത് പോകുന്ന റോഡ് വി.എഫ്.സി ഐറ്റം നമ്പർ 124 ബി, സി, ഡി ആയി വിജ്ഞാപനം ചെയ്ത സർക്കാർ നിക്ഷിപ്തവനഭൂമിയുടെ ഭാഗമാണ്. ആയത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതല്ല. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് വനം വകുപ്പിന്റെ അറിവോടെയല്ല. ആയത് നിയമപരവുമല്ല. 1-1-1977-ന് ശേഷമുള്ള കയ്യേറ്റ വനഭൂമിയിൽ വൈദ്യുതി കണക്ഷൻ അനുവദിക്കാൻ കഴിയില്ല. എന്നിരുന്നാലും മാനുഷിക പരിഗണന നൽകി ഈ പ്രദേശ വാസികൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരമുള്ള നടപടി കൈക്കൊള്ളാൻ 19-1-2021-ൽ വനം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) മണ്ണാർക്കാട് ഡി.എഫ്.ഒ. അംഗീകരിച്ച ബയോഡൈവേഴ്സിറ്റി ബോർഡിന്റെ മാപ്പിൽ കുറുക്കൻകുണ്ടിനെ ജനവാസമേഖലയായി അംഗീകരിച്ചിട്ടും ഇവിടത്തെ ജനങ്ങൾക്ക് അടിസ്ഥാന സൗകര്യം നിഷേധിക്കുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ?

കുറുക്കൻകുണ്ട് പ്രദേശം ജനവാസകേന്ദ്രമായി മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അംഗീകരിച്ചതായി രേഖകളൊന്നും ലഭ്യമല്ല. 1990-91 കാലത്ത് റവന്യു-വനം വകുപ്പുകൾ ഈ പ്രദേശത്ത് സംയുക്ത പരിശോധന നടത്തുകയും വനഭൂമി പൂർണ്ണമായും വനഭൂമിയിലുൾപ്പെടുന്നതാണെന്നും കണ്ടിട്ടുള്ളതാണ്. ഈ വനഭൂമി നിയമാനുസരണം ഡീമാർക്കേഷൻ, നിക്ഷിപ്തവന വിജ്ഞാപനം എന്നിവ കഴിഞ്ഞിട്ടുള്ളതുമാണ്. വനഭൂമിയിൽ വനേതര പ്രവർത്തനങ്ങൾ അനുവദിക്കുന്നത് നിയമവിരുദ്ധമാണ്.

(ഡി) ഇവിടത്തെ ജനങ്ങൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്താൻ തടസ്സം നിൽക്കുന്ന വനംവകുപ്പിന്റെ നടപടി തിരുത്താൻ നടപടി സ്വീകരിക്കുമോ?

വനം വകുപ്പിന്റെ നടപടി നിയമവിധേയമാണ്. എന്നിരുന്നാലും മാനുഷിക പരിഗണന നൽകി ഈ പ്രദേശവാസികൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം സാദ്ധ്യമായ നടപടി കൈക്കൊള്ളാൻ 19-1-2021-ൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് .

**അങ്കമാലി മണ്ഡലത്തിലെ വന്യമൃഗശല്യം ഒഴിവാക്കുന്നതിന് പുതിയ പദ്ധതികൾ**

120 (2729) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ വനാതിർത്തിയോട് ചേർന്നുകിടക്കുന്ന മലയാറ്റൂർ-നീലേശ്വരം, അയ്യമ്പുഴ എന്നീ പഞ്ചായത്തുകളിൽ വന്യമൃഗശല്യം രൂക്ഷമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അങ്കമാലി നിയോജകമണ്ഡലത്തിലുൾപ്പെട്ട മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിൽപ്പെട്ട മലയാറ്റൂർ-നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ വനമേഖലയോട് ചേർന്നുള്ള, 3, 6, 7 വാർഡുകളിലാണ് വന്യജീവിശല്യം കൂടുതലായിട്ടുള്ളത്. അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ 'പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള'-യുടെ കല്ലാല എസ്റ്റേറ്റിനോട് ചേർന്നുകിടക്കുന്ന വനപ്രദേശങ്ങളിലും കണ്ണിമംഗലം, പാണ്ടുപാറ മേഖലകളിലും വന്യജീവി ശല്യവും, കാട്ടാന, കാട്ടുപന്നി, മ്ലാവ് തുടങ്ങിയവയുടെ ആക്രമണംമൂലം വിളനാശവും, കാട്ടുനായ്ക്കൾ, പുലികൾ എന്നിവയുടെ ആക്രമണംമൂലം കന്നുകാലിനാശവും സംഭവിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിൽനിന്നും എത്ര കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി പ്രദേശങ്ങളിൽനിന്നും ആകെ 207 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി വന്യമൃഗശല്യത്തിന് പരിഹാരം കാണുന്നതിന് രണ്ട് പഞ്ചായത്ത് പരിസരത്തും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

വന്യജീവി ആക്രമണസാധ്യതയുള്ള പ്രദേശങ്ങളിൽ ഫലപ്രദമായി പട്രോളിംഗ് നടത്തി, വന്യജീവികൾ ജനവാസ മേഖലയിൽ ഇറങ്ങുന്നത് പരമാവധി ലഘൂകരിക്കുന്നതിന് ശ്രമിച്ചുവരുന്നു. കണ്ണിമംഗലം മേഖലയിൽ 8.36 ലക്ഷം രൂപ ചെലവിൽ 4 കി.മീ. ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. അറ്റകുറ്റപ്പണികൾ ആവശ്യമായ സൗരോർജ്ജ വേലികൾ, അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. വന്യജീവികൾ ജനവാസ മേഖലയ്ക്ക് സമീപമെത്തിയാൽ അറിയിക്കുന്നതിനായി ടെലിഫോൺ നമ്പരുകൾ പരസ്യപ്പെടുത്തിയിട്ടുണ്ട്. രാപ്പകൽ വ്യത്യാസമില്ലാതെ ഫോൺ കോളുകൾ സ്വീകരിച്ച് ഉടൻതന്നെ സ്ഥലത്ത് എത്തിച്ചേർന്ന് വന്യജീവികളെ തിരികെ കാട്ടിലേക്ക് കയറ്റിവിടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അവശ്യ സന്ദർഭങ്ങളിൽ ഡിവിഷൻ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന 'സോഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ വിംഗിന്റെ' സേവനവും ഇതിനായി ഉപയോഗപ്പെടുത്തുന്നു. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സമയബന്ധിതമായി നൽകിവരുന്നുണ്ട്. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തിയും ജനങ്ങളിൽനിന്നും വന്യജീവി സാന്നിധ്യം സംബന്ധിച്ച് സന്ദേശം ലഭിക്കുമ്പോൾത്തന്നെ പ്രദേശത്ത് എത്തിച്ചേർന്നും ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ടി പ്രശ്നം പരമാവധി ലഘൂകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) അങ്കമാലി മണ്ഡലത്തിലെ വന്യമൃഗശല്യം ഒഴിവാക്കുന്നതിന് പുതിയ പദ്ധതികൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വന്യമൃഗശല്യം ഒഴിവാക്കുന്നതിന് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതാണ്.

## നിലമ്പൂർ ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമാണം

121 (2730) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2020 സംസ്ഥാന ബഡ്ജറ്റിൽ നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ്, മൂത്തേടം, പോത്തുകൽ, അമരമ്പലം, കരുളായി പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിന് ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് 1394-ാം ക്രമ നമ്പരായി പത്ത് കോടി രൂപ അനുവദിച്ച വിവരം വനംവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഫയൽ നടപടി എവിടെവരെയായി; പത്ത് കോടി രൂപയുടെ 20% തുക വകയിരുത്തിയിട്ടും ഫയൽ നടപടി വൈകുന്നതിന് കാരണമെന്താണ്; വ്യക്തമാക്കുമോ?

2019-2020 സംസ്ഥാന ബഡ്ജറ്റിൽ നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ്, മൂത്തേടം, പോത്തുകൽ, അമരമ്പലം, കരുളായി പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിന് ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് 1394-ാം ക്രമനമ്പരായി പത്ത് കോടി രൂപ അനുവദിച്ച വിവരം വനം വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഈ പദ്ധതി 2019-2020-ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധത്തിൽ 'ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ' എന്ന നിലയിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നിരുന്നാലും ഈ പദ്ധതിയിൽ ഈ ഡിവിഷനുകീഴിൽ വരുന്ന അമരമ്പലം, കരുളായി, പൂത്തോഴം പഞ്ചായത്തുകളിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗിന്റെ അടങ്കൽ തയ്യാറാക്കിവരുന്നു. ഈ ഫയലിൽ നടപടി വൈകിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലമ്പൂർ സൗത്ത് ഡി.എഫ്.ഒ.-യുടെയും & നോർത്ത് ഡി.എഫ്.ഒ.-യുടെയും 2020 ജൂലൈ മാസത്തിൽ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ?

പോത്തുകൽ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ പാലക്കുഴി മുതൽ കോടാലിപൊയിൽ കോളനി വരെയും നെല്ലിക്കുത്തി ഫോറസ്റ്റ് പരിധിയിലെ ആനമറി മുതൽ തമ്പാർപൊട്ടി വരെ (5.5 കി.മീ), ആനമറി മുതൽ അട്ടി വരെ (4.കി.മീ), അട്ടി മുതൽ കുട്ടിലപ്പാറ വരെ (12 കി.മീ) ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അടങ്കൽ തയ്യാറാക്കി ജോലികൾ ഉടൻ ടെണ്ടർ ചെയ്യുന്നതാണ്.

## 1972 -ലെ വനം വന്യജീവി സംരക്ഷണ നിയമ ഭേദഗതി

122 (2731) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുവാ സംരക്ഷണ കേന്ദ്രങ്ങൾക്ക് സമാനമായി രാജ്യത്തെ ആനസംരക്ഷണ കേന്ദ്രങ്ങൾക്കും ആനത്താരകൾക്കും നിയമപരമായ പദവി നൽകുന്നതിന് 1972-ലെ വനം വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്രം ആലോചി ക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച അഭിപ്രായം ആരാഞ്ഞുകൊണ്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് പ്രതികരണമാണ് അറിയിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം (എ)യുടെ വെളിച്ചത്തിൽ ബാധകമല്ല.

(സി) സംസ്ഥാനത്ത് ഇത് നടപ്പിലാക്കിയാൽ ഏതൊക്കെ പ്രദേശങ്ങളെയാണ് ബാധിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം (എ)യുടെ വെളിച്ചത്തിൽ ബാധകമല്ല.

## വനാതിർത്തികളിലെ വന്യമൃഗശല്യം

123 (2732) ശ്രീ. പി. കെ. അബ്ദു റബ്ബ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തികളിലെ വന്യമൃഗശല്യത്തിന് പരിഹാരമായി സോളാർ, റെയിൽവേലികൾ, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

വനാതിർത്തികളിലെ വന്യമൃഗശല്യത്തിന് പരിഹാരമായി സോളാർ റെയിൽവേലികൾ നിർമ്മിക്കുന്നതിന് കിഫ്ബി മുഖേന സംസ്ഥാന വനം വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇതിനാവശ്യമായ ഫണ്ട് എപ്രകാരമാണ് കണ്ടെത്തിയിരിക്കുന്നത്?

കിഫ്ബി മുഖേനയാണ് ഇതിനാവശ്യമായ ഫണ്ട് കണ്ടെത്തിയിരിക്കുന്നത്.

(സി) വേലികൾ നിലവാരമില്ലാത്തവയാണെന്ന ആക്ഷേപത്തിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ മുടക്കൊല്ലി മുതൽ സത്രംകുന്ന് വരെ 10 കി.മീ. റെയിൽ ഫെൻസിംഗ് പ്രവൃത്തികൾ നടന്നുവരുന്നു. ഈ പ്രവൃത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് നടത്തിവരുന്നത്. ഈ പ്രവൃത്തിയിൽ അപാകത ചൂണ്ടിക്കാട്ടി പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിലും വനം വകുപ്പിലെ വിജിലൻസ് വിഭാഗം പരിശോധന നടത്തിയതിൽ റെയിൽ ഫെൻസിംഗിൽ അപാകതയൊന്നും കണ്ടെത്തിയിട്ടില്ല. വനം വകുപ്പിലെ വിവിധ ഫോറസ്റ്റ് ഡിവിഷനുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സോളാർ വൈദ്യുതിവേലികളുടെ ഗുണനിലവാരം സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ വനം-വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം നടന്നുവരുന്നു.

## മലബാർ വന്യജീവിസങ്കേതത്തിന്റെ ബഫർസോൺ

124 (2733) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ വന്യജീവി സങ്കേതത്തോടനുബന്ധിച്ച് ബഫർസോൺ ഏർപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശത്തിൽ കർഷകർക്കും സ്ഥലവാസികൾക്കുമുണ്ടായ ആശങ്ക പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലബാർ വന്യജീവി സങ്കേതത്തിന്റെ ഒരു കി.മീ. ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. നിയന്ത്രിക്കേണ്ടതും നിരോധിക്കേണ്ടതുമായ പ്രവൃത്തികളുടെ ലിസ്റ്റിൽ കൃഷി സംബന്ധിച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ജനദ്രോഹപരമോ കർഷക ദ്രോഹപരമോ ആയ യാതൊരു പരാമർശങ്ങളും പുതിയ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

പ്രസ്തുത പ്രൊപ്പോസൽ നിലവിൽ കേന്ദ്ര വനം മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

**കാവും കുളവും പദ്ധതി**

125 (2734) <u>ശ്രീ. കെ. ആൻസലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവും കുളവും സംരക്ഷിക്കുന്ന പദ്ധതിയുടെ ഭാഗമായി 2016, 2017, 2018, 2019, 2020 എന്നീ വർഷങ്ങളിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഫണ്ട് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ?

കാവ് സംരക്ഷണ പദ്ധതിയുടെ ഭാഗമായി 2016 മുതൽ 2020 വരെയുള്ള കാലയളവുകളിൽ ചുവടെ ചേർത്തിട്ടുള്ള രണ്ട് കാവുകൾക്കാണ് ഫണ്ട് അനുവദിച്ചത്.

1. കല്ലിയൂർ ശ്രീ.നാഗരമ്മൻ കാവ്, കാരോട്, കാക്കവിള പി.ഒ, നെയ്യാറ്റിൻകര. (2017)
2. കൊട്ടുംകര ശ്രീനാഗർ ഭഗവതിക്കാവ് അമരവിള, നെയ്യാറ്റിൻകര. (2018)

(ബി) കാവും കുളവും പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ ഓരോ സ്ഥലത്തും അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കാമോ?

1. കല്ലിയൂർ ശ്രീനാഗരമ്മൻ കാവ്, കാരോട് കാക്കവിള പി.ഒ, നെയ്യാറ്റിൻകര ടി കാവിന് ഒരു ലക്ഷത്തി മുപ്പതിനായിരം രൂപയുടെ അടങ്കൽ പാസ്സാക്കുകയും 13,500 രൂപ വീതം രണ്ടുഗഡുക്കളായി ആകെ 27,000 രൂപ നൽകിയിട്ടുള്ളതുമാണ്.
2. കൊട്ടുംകര ശ്രീനാഗർ ഭഗവതിക്കാവ് , അമരവിള, നെയ്യാറ്റിൻകര. ടി കാവിന് ഒരു ലക്ഷം രൂപയുടെ അടങ്കൽ പാസ്സാക്കുകയും ആദ്യഗഡുവായി 20,000 രൂപ നൽകിയിട്ടുള്ളതുമാണ്.

**വന്യജീവി ആക്രമണത്തിൽനിന്ന് കർഷകർക്ക് പരിരക്ഷ**

126 (2735) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ സംരക്ഷണം ഉറപ്പാക്കാൻ കാട്ടുപന്നിയെ ലൈസൻസുള്ള തോക്ക് ഉപയോഗിച്ച് വെടിവച്ച് കൊല്ലാൻ വനം വകുപ്പ് അനുവാദം നൽകിയിട്ടുണ്ടോ?

വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള ഉത്തരവിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; അത് നീട്ടിനൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

നിലവിലെ ഉത്തരവിന്റെ കാലാവധി 17-5-2021-ൽ ആയത് നീട്ടിനൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ജീവനോപാധിയടക്കം കർഷകർക്ക് വന്യജീവികളിൽ നിന്നുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മറ്റ് മേഖലകളിൽ നൽകുന്ന നഷ്ടപരിഹാരത്തിന് സമാനമായ നഷ്ടപരിഹാരം നൽകാറുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ 'ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്' പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം പുതുക്കിയ നിരക്ക് അനുസരിച്ച് വന്യജീവി ആക്രമണംമൂലമുള്ള മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ഇതുകൂടാതെ, അനുബന്ധമായി ചേർത്തിട്ടുള്ള നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം ടി ഉത്തരവനുസരിച്ച് നൽകി വരുന്നു*.

(ഡി) വന്യജീവി ആക്രമണത്തിന് വിധേയരാകുന്നവർക്ക് പരിരക്ഷ നൽകുന്നതിനായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമോ?

വനങ്ങളിലും വനത്തിന് സമീപവും താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക്, 14-3-1995-ലെ സ.ഉ. (കൈ) നമ്പർ 12/95/വനം വന്യജീവി വകുപ്പ്, ഉത്തരവിൻ പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വനാതിർത്തിയിൽ താമസിക്കുന്ന പട്ടികജാതിക്കാരുൾപ്പെടെയുള്ള മറ്റ് വിഭാഗക്കാർക്കും ഈ പദ്ധതി പ്രകാരമുള്ള പരിരക്ഷയുടെ പ്രയോജനം ഭാഗികമായി ലഭ്യമാണ്.

## കൽപ്പറ്റ മണ്ഡലത്തിൽ വനം വകുപ്പിന്റെ പ്രവൃത്തികൾ

127 (2736) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ എത്ര രൂപയുടെ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കി; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവി ശല്യം ലഘൂകരിക്കുന്നതിന് കൽപ്പറ്റ മണ്ഡലത്തിൽ സൗത്ത് വയനാട് ഡിവിഷന് കീഴിൽ കിഫ്ബി പദ്ധതി മുഖേന 13 കോടി 25 ലക്ഷം രൂപ ചെലവിൽ ക്രാഷ്ഗാർഡ് റോപ്പ്

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഫെൻസിംഗ് പദ്ധതിക്കും 13 കോടി 95 ലക്ഷം രൂപ ചെലവിൽ പട്ടികവർഗ്ഗേതര സെറ്റിൽമെന്റുകളുടെ സ്വയം സന്നദ്ധ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതിക്കും ഭരണാനുമതി നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

(ബി) വന്യജീവികളുടെ ശല്യം ലഘൂകരിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തത്; ഇതിനായി എത്ര രൂപ ചെലവഴിച്ചു; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവിശല്യം ലഘൂകരിക്കുന്നതിന് കൽപ്പറ്റ മണ്ഡലത്തിൽ സൗത്ത് വയനാട് ഡിവിഷന് കീഴിൽ കിഫ്ബി പദ്ധതി മുഖേന 13 കോടി 25 ലക്ഷം രൂപ ചെലവിൽ ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് പദ്ധതിക്കും 13 കോടി 95 ലക്ഷം രൂപ ചെലവിൽ പട്ടികവർഗ്ഗേതര സെറ്റിൽമെന്റുകളുടെ സ്വയംസന്നദ്ധ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതിക്കും ഭരണാനുമതി നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾ വരികയും ചെയ്യുന്നു.

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി വന്യമൃഗശല്യം നേരിടുന്നതിന് കൽപ്പറ്റ മണ്ഡലത്തിൽ എത്ര രൂപ അനുവദിച്ചു; പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തുവോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിന് കാരണമെന്ത്; വിശദമാക്കാമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തി വന്യജീവിശല്യം നേരിടുന്നതിന് കൽപ്പറ്റ മണ്ഡലത്തിൽ സൗത്ത് വയനാട് ഡിവിഷന് കീഴിൽ 27 കോടി 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## മനുഷ്യ-വന്യജീവി സംഘർഷം

128 (2737) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം സ്വീകരിച്ച നടപടി വിശദമാക്കുമോ?

കാട്ടിൽനിന്നും നാട്ടിലിറങ്ങി ജീവനും സ്വത്തിനും കൃഷിക്കും നാശനഷ്ടമുണ്ടാക്കുന്ന വന്യജീവികളിൽനിന്നും കർഷകരെ സംരക്ഷിക്കണമെന്ന സർക്കാർ തീരുമാനമനുസരിച്ച് വനം വകുപ്പ് ചുവടെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്കിറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു.

1. വനത്തിന് പുറത്തേയ്ക്കുവരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന 15 റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിക്കുന്നുണ്ട്.

2. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

3. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കു വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യുന്നു.

4. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

5. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി.

6. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടി.

7. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടി.

8. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളി ത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

കൂടാതെ, കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചുകൊല്ലാൻ മാർഗ്ഗനിർദ്ദേശം പ്രഖ്യാപിച്ച് 18-5-2020-ൽ G.O.(Rt) No.111/2020/F&WLD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ കാലാവധി 6 മാസമാണ്. പ്രസ്തുത

ഉത്തരവിന്റെ കാലാവധി 17-11-2020-ൽ അവസാനിച്ച സാഹചര്യത്തിൽ അനുമതി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് സ.ഉ. (സാധാ) 284/2020/വനം തീയതി 18-11-2020 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുമാത്രമല്ല, കാട്ടിൽനിന്നും നാട്ടിലേക്കിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശനഷ്ടം വരുത്തുന്ന എല്ലാ കാട്ടുപന്നികളെയും നശിപ്പിക്കാൻ കർഷകർക്ക് അനുമതി നൽകിക്കൊണ്ട് 11-1-2021-ലെ സ.ഉ. (സാധാ). 05/2021/വനം പ്രകാരം പുതിയ സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടില്ല.

(സി) വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവർക്കും സ്ഥിരം അംഗവൈകല്യം സംഭവിക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം ഈ സർക്കാർ ഉയർത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് 5-4-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/ വനം പ്രകാരം വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ അവകാശികൾക്ക് നിലവിലുണ്ടായിരുന്ന 5 ലക്ഷം രൂപ 10 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളതും വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ എന്നത് 2 ലക്ഷം രൂപ ആയും ഉയർത്തിയിട്ടുള്ളതും സ്ഥായിയായ അംഗവൈകല്യം ഉണ്ടാകുന്നവർക്കുള്ള നഷ്ടപരിഹാരത്തുക 75,000 രൂപയിൽ നിന്നും 2 ലക്ഷം രൂപയായും ഉയർത്തിയിട്ടുള്ളതാണ്.

(ഡി) വയനാട് കൊളവള്ളിയിൽ കടുവയിറങ്ങി വനപാലകരെ ആക്രമിച്ച സംഭവത്തിൽ കടുവയെ പിടികൂടുന്നതിനും ജനങ്ങൾക്ക് സുരക്ഷ നല്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

സൗത്ത് വയനാട് വനഡിവിഷനിലെ ചെതലത്ത് റെയിഞ്ചിൽ വരുന്ന കൊളവള്ളിയിലെ ജനവാസ മേഖലയിൽ കടുവ ഇറങ്ങുകയും വനപാലകരെ ആക്രമിക്കുകയും ചെയ്ത സംഭവത്തിൽ കടുവയെ പിടികൂടുന്നതിന് 10-1-2021-ന് രാത്രിയിൽ രണ്ട് കൂടും 11-1-2021-ന് ഒരു കൂടും സ്ഥാപിച്ചു. കൂടാതെ, ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് ടി പ്രദേശത്ത് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. കണ്ണൂർ

നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ വയനാട് ജില്ലയിലെ വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ നോർത്ത് വയനാട് ഡിവിഷൻ, സൗത്ത് വയനാട് ഡിവിഷൻ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, ഫ്ളയിംഗ് സ്ക്വാഡ്. ആർ.ആർ.റ്റി. സ്ക്വാഡ് എന്നിവയിലെ വനപാലകരെ ഏകോപിപ്പിച്ചുകൊണ്ട് സ്പെഷ്യൽ ടീം രൂപീകരിച്ച് തെരച്ചിൽ നടത്തുകയും ചെയ്തു. കടുവ കൂട്ടിൽ കയറാത്തതിനാൽ 12-1-2021-ന് കടുവയെ മയക്ക് വെടിവച്ച് പിടികൂടാൻ ശ്രമിക്കുന്നതിനിടെ കേരള കർണ്ണാടക അതിർത്തിയിലെ കന്നാരംപുഴ കടന്ന് കടുവ ബന്ദിപ്പൂർ കടുവാസങ്കേതത്തിലേയ്ക്ക് കടക്കുകയാണുണ്ടായത്. ഇക്കാര്യം ബന്ദിപ്പൂർ കടുവാസങ്കേതം അധികാരികളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ടി പ്രദേശത്തെ കാടുമൂടി കിടക്കുന്ന സ്വകാര്യ സ്ഥലങ്ങളിലെ അടിക്കാടുകൾ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ടി പ്രദേശത്ത് രാവും പകലും പ്രത്യേക പെട്രോളിംഗ് നടത്തി പ്രദേശത്തെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

## കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള അനുമതി

129 (2738) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിടത്തിലിറങ്ങി കാർഷികവിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള അനുമതി കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷിയിടത്തിലിറങ്ങി കാർഷികവിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള അനുമതി സംസ്ഥാന വ്യാപകമായി നൽകിയിട്ടുള്ളതാണ്. കോഴിക്കോട് ജില്ലയിലെ 13 പഞ്ചായത്തുകൾക്കും ഒരു മുൻസിപ്പാലിറ്റിക്കും ഇത് ബാധകമാണ്. കാട്ടുപന്നികളുടെ ശല്യത്തിൽനിന്നും കർഷകരെ രക്ഷിക്കണമെന്ന സർക്കാർ തീരുമാനം അനുസരിച്ച് കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചു കൊല്ലാൻ 18-5-2020-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 111/2020/വനം സർക്കാർ ഉത്തരവും തുടർന്ന് ടി ഉത്തരവിന്റെ കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 18-11-2020-ൽ ജി.ഒ.(ആർ.റ്റി) നമ്പർ 284/2020/വനം ഉത്തരവും പുറപ്പെടുവിച്ചിരുന്നു. കാട്ടുപന്നിയുടെ ശല്യം രൂക്ഷമായ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ചീഫ് വൈൽഡ്

ലൈഫ് വാർഡൻ തയ്യാറാക്കിയ പട്ടികയിലെ സ്ഥലങ്ങളിൽ കാട്ടു പന്നികളെ മറ്റ് മാർഗ്ഗങ്ങളിൽക്കൂടി നശിപ്പിക്കുന്നത് സംബന്ധിച്ച പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് 11-1-2021-ൽ ജി.ഒ.(ആർ.റ്റി) നമ്പർ 5/2021/വനം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശല്യം രൂക്ഷമായ മറ്റു പഞ്ചായത്തുകൾക്കും അനുമതി ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇത് സംബന്ധിച്ച് പരാതി ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## പാമ്പ് കടിയേറ്റ് മരണമടയുന്നവർക്ക് നഷ്ടപരിഹാരം

130 (2739) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാമ്പുകടിയേൽക്കുന്നവരുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ?

സംസ്ഥാനത്ത് പാമ്പുകടിയേൽക്കുന്നവരുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടെ സംസ്ഥാനത്ത് എത്ര പേർക്ക് പാമ്പ് കടിയേറ്റു; അതിൽ എത്ര പേർ മരണമടഞ്ഞു?

കഴിഞ്ഞ രണ്ട് വർഷം സംസ്ഥാനത്ത് പാമ്പുകടിയേറ്റവരുടെയും മരണമടഞ്ഞ വരുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. *

(സി) പാമ്പുകടിയേറ്റ് മരണമടയുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടോ; എങ്കിൽ അത് എത്രയാണ്; കാടിന് പുറത്ത് പാമ്പ് കടിയേൽക്കുന്നവർക്കും നഷ്ടപരിഹാരത്തിന് അർഹതയുണ്ടോയെന്ന് അറിയിക്കാമോ?

പാമ്പുകടിയേറ്റ് മരണമടയുന്നവർക്ക് 5-4-2018-ലെ സ.ഉ. (എം.എസ്.) നമ്പർ 17/2018/വനം പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കാടിന് അകത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെട്ടാൽ ആശ്രിതർക്ക് 10 ലക്ഷം രൂപയും കാടിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെട്ടാൽ ആശ്രിതർക്ക് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകിവരുന്നുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വന്യമൃഗങ്ങളിൽനിന്നും കൃഷി സംരക്ഷണത്തിന് നടപടി

131 (2740) ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമിയിലെത്തി നാശംവരുത്തുന്ന വന്യമൃഗങ്ങളെ പിടിക്കുന്നതിന് പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ടോ ?

ഇല്ല.

(ബി) കാട്ടുപന്നി, കുരങ്ങ് തുടങ്ങിയവയുടെ ഉപദ്രവത്തിൽനിന്ന് കൃഷി സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന കാട്ടുപന്നികളെ വനം വകുപ്പ് അധികാരികളുടെ അനുമതിയോടെ വെടിവച്ചുകൊല്ലുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 2(16) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളത് പ്രകാരം ഇത്തരം കാട്ടുപന്നികളെ ചില ഉപാധികളോടെ നശിപ്പിക്കാൻ കർഷകർക്കും അധികാരികൾക്കും അനുമതി നൽകിക്കൊണ്ട് 11-1-2021-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 5/2021/വനം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വനത്തിന് പുറത്തേയ്ക്കുവരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ 15 റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിക്കുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യുന്ന നടപടിയും സ്വീകരിക്കുന്നുണ്ട്.

## പാമ്പുപിടുത്തക്കാർക്ക് പരിശീലനം

132 (2741) ശ്രീ. എൻ. ഷംസുദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പുകളെ പിടികൂടി ദുരുപയോഗം ചെയ്യുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാമ്പുപിടുത്തക്കാർക്ക് പരിശീലനം നൽകുന്നതിനും രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യ മാണുള്ളത്. അവയിൽ ജനവാസമേഖലയിലെത്തുന്ന പാമ്പിന്റെ കടിയേറ്റുള്ള മരണവും പരിക്കുകളുമാണ് പ്രധാനമായും കണ്ടുവരുന്നത്. കഴിഞ്ഞ 3 വർഷത്തിനിടയിൽ 1860 പേർക്ക് പരിക്കും 334 പേർക്ക് ജീവഹാനിയും സംഭവിച്ചിട്ടുണ്ട്. ജനവാസ മേഖലകളിലെത്തുന്ന പാമ്പുകളെ പിടികൂടി അവയുടെ ആവാസവ്യവസ്ഥയിലേയ്ക്ക് തുറന്നുവിടുന്നതിന് പ്രാവീണ്യം ലഭിച്ച സ്റ്റാഫുകളുടെ അഭാവമുണ്ട്. പാമ്പുകളെ പിടിക്കുന്ന ചിലവ്യക്തികൾ അവയെ അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതായും പൊതുജനമധ്യത്തിലും മാധ്യമങ്ങളിലും പ്രദർശനം നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനവാസ മേഖലയിലെത്തുന്ന പാമ്പുകളെ പിടികൂടി അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ വിട്ടയയ്ക്കുന്ന പ്രക്രിയ കൃത്യവും ഉത്തരവാദിത്വപരമായ ഒന്നാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി മാർഗ്ഗനിർദ്ദേശങ്ങൾ കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം കേരള വനം വകുപ്പ് നൽകുന്ന പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്ന പാമ്പുപിടുത്തക്കാർക്ക് മാത്രമേ ജനവാസ മേഖലയിൽ പാമ്പ് പിടിത്തത്തിനുള്ള അനുവാദമുള്ളൂ. പാമ്പുകളെ പിടി കൂടുന്നതിൽ പരിചയവും താത്പര്യവുമുള്ള വനം വകുപ്പ് ഉദ്യോഗസ്ഥർ പൊതുജനങ്ങൾ എന്നിവർക്ക് പരിശീലനം നൽകി ആയത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിങ്ങനെ ഇരുവിഭാഗങ്ങളിലായി 2 ഘട്ടങ്ങളിലായാണ് പരിശീലനം പൂർത്തിയാക്കിയത്. പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 2 ദിവസത്തെ പരീശീലനം വനം വകുപ്പ് നൽകുന്നതാണ്. ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മാത്രമേ സർട്ടിഫൈഡ് പാമ്പുപിടുത്തക്കാരായി 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 11 പ്രകാരം സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഈ സർട്ടിഫിക്കറ്റിന് 5 വർഷത്തെ കാലാവധിയാണുള്ളത്. ഇപ്രകാരം സർട്ടിഫിക്കറ്റ് ലഭിച്ച പാമ്പുപിടുത്തക്കാർ ഏതെങ്കിലും നിയമവിരുദ്ധമായ പ്രവൃത്തികളിൽ ഏർപ്പെടുകയോ സ്വയം പിൻമാറുന്നതിന് അപേക്ഷിക്കുകയോ ചെയ്യുന്നപക്ഷം അവരുടെ സർട്ടിഫിക്കറ്റ് റദ്ദാക്കാൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് (സാമൂഹ്യ വനവത്കരണവിഭാഗം) അധികാരം ഉണ്ടായിരിക്കുന്നതാണ്. 21 വയസ്സിനും 65 വയസ്സിനുമിടയിൽ പ്രായമുള്ളവർക്കുമാത്രമേ പാമ്പ് പിടുത്തക്കാരാകുന്നതിന് അർഹതയുള്ളൂ. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 824 പേർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

## H5 N8 വൈറസ് മനുഷ്യരിലേക്ക് പടരാനുള്ള സാധ്യത

133 (2742) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

H5 N8 വൈറസ് പക്ഷികളിൽനിന്നും മനുഷ്യരിലേക്ക് പടരാനുള്ള സാധ്യത പരിശോധനാവിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ ഏത് ഏജൻസി/വകുപ്പാണ് പരിശോധന നടത്തിയതെന്നും പരിശോധനാഫലം എന്തായിരുന്നുവെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

H5N8 പക്ഷിപ്പനി വൈറസ് മനുഷ്യരിലേയ്ക്ക് പടരുന്നത് സംബന്ധിച്ച് ബയോസേഫ്റ്റി ലെവൽ III ലാബിന്റെ അഭാവത്തിൽ കേരളത്തിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങളാണ് പാലിക്കുന്നത്. ലോകാരോഗ്യ സംഘടന H5N8-നെ താരതമ്യേന കുറഞ്ഞ ലെവലിലുള്ള റിസ്ക് വിഭാഗത്തിലാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ മനുഷ്യരിലേയ്ക്ക് പകരാനുള്ള സാധ്യത തള്ളിക്കളയാനാവില്ലെന്നും ലോകാരോഗ്യ സംഘടന പ്രതിപാദിച്ചിരിക്കുന്നു.

## എലിഫന്റ് മാനേജ്മെന്റ് സെന്റർ

134 (2743) ശ്രീ. പി. കെ അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനപരിപാലനത്തിന് ലോകോത്തര നിലവാരത്തിലുള്ള എലിഫന്റ് മാനേജ്മെന്റ് സെന്റർ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ;

(ബി) എങ്കിൽ എവിടെയെന്നുള്ള വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) തിരുവനന്തപുരത്ത് കോട്ടൂരിൽ ആധുനിക സൗകര്യങ്ങളോട്ടുകൂടിയ ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രഖ്യാപനം 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. കിഫ്ബിയിൽനിന്നും 105 കോടി രൂപ അനുവദിക്കാനും തീരുമാനിച്ചിരുന്നു. 50 ആനകളെവരെ പാർപ്പിക്കാനുള്ള സൗകര്യം, കുട്ടിയാനകളെ പരിചരിക്കുന്നതിനുള്ള സൗകര്യം, ആധുനിക വെറ്ററിനറി ആശുപത്രി, ആധുനിക അടുക്കള, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ആന മ്യൂസിയം, ജലാശയങ്ങളുടെ നിർമ്മാണം, സന്ദർശകർക്കുള്ള സൗകര്യങ്ങൾ എന്നിവയുൾപ്പെടെ 108.21 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 71.92 കോടി രൂപ കിഫ്ബിയിൽനിന്നും, 17-1-2019-ൽ, അനുവദിച്ചിട്ടുണ്ട്. ഒമ്പത് ആന എൻക്ലോഷറുകൾ,

വെറ്ററിനറി ആശുപത്രി, എൻട്രൻസ് പ്ലാസ, അഡ്മിനിസ്ട്രേഷൻ ബിൽഡിംഗ്, റിസർച്ച് ആൻഡ് സ്കിൽ ഡെവലപ്മെന്റ് സെന്റർ, ആന മ്യൂസിയം, ആനകൾക്ക് ഭക്ഷണമുണ്ടാക്കുന്നതിനുള്ള അടുക്കള, ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സുകൾ, കഫറ്റേരിയ. ടോയ്ലെറ്റ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു.

## പക്ഷിപ്പനി

135 (2744) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ഈ വർഷമുണ്ടായ പക്ഷിപ്പനിമൂലം താറാവ്/ കോഴി കർഷകർക്ക് എത്ര രൂപയുടെ നാശനഷ്ടമാണ് സംഭവിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഹരിപ്പാട് മണ്ഡലത്തിൽ കരുവാറ്റ, പള്ളിപ്പാട് എന്നീ പഞ്ചായത്തുകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. അവിടെ ആകെ 71,76,350 രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്.

(ബി) ഈ മേഖലയിൽ പക്ഷിപ്പനിയുടെ വ്യാപനം തടയുന്നതിനും കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവർക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ടോ?

പക്ഷിപ്പനി വ്യാപനം ഫലപ്രദമായി തടയുന്നതിന് കേന്ദ്രസർക്കാരിന്റെ പക്ഷിപ്പനി നിയന്ത്രണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശപ്രകാരം പ്രഭവ കേന്ദ്രത്തിൽനിന്നും ഒരു കി.മീ. ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും മുട്ട, തീറ്റ എന്നിവയെയും ശാസ്ത്രീയമായി നശിപ്പിക്കുകയുണ്ടായി. 8-1-2021-ന് പ്രസ്തുത നടപടി പൂർത്തിയാക്കി അണുനശീകരണം നടത്തിയിട്ടുമുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കൺട്രോൾ റൂം തുറക്കുകയും രോഗനിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും ഫലപ്രദമായി നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മൃഗസംരക്ഷണ വകുപ്പ് ആരോഗ്യ വകുപ്പുമായിചേർന്നാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട രോഗപ്രതിരോധ പ്രവർത്തനങ്ങളും മുൻകരുതലുകളും സംബന്ധിച്ച ബോധവത്കരണ പ്രചരണ പരിപാടികൾ മൃഗസംരക്ഷണ വകുപ്പ്, പബ്ലിക് റിലേഷൻസ് വകുപ്പുമായി ചേർന്ന് നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ബോധവത്കരണം വിപുലമായ രീതിയിൽ ഈ കാലയളവിൽ അച്ചടി-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ സംസ്ഥാനത്തുടനീളം നടക്കുകയുണ്ടായി. പക്ഷിപ്പനിമൂലം മരണപ്പെട്ട പക്ഷികളുടെയും കള്ളിംഗ് നടപടിമൂലം നശിപ്പിച്ച പക്ഷികളുടെയും ഉടമസ്ഥർക്ക് നഷ്ടപരിഹാരം

നൽകുന്നതിന് സംസ്ഥാന സർക്കാർ 7-1-2021-ലെ സ.ഉ.(സാധാ) നമ്പർ 9/2021/ എ.എച്ച്.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൻപ്രകാരം പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും കൾ ചെയ്ത പക്ഷികൾക്കും 2 മാസത്തിലധികം പ്രായമായ പക്ഷി ഒന്നിന് 200 രൂപ, 2 മാസത്തിൽ താഴെയുള്ള പക്ഷി ഒന്നിന് 100 രൂപ എന്ന നിരക്കിലും നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ നിരക്കിലുമാണ് നഷ്ട പരിഹാരം നൽകുക. നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുക മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽനിന്നും അടിയന്തരമായി ചെലവഴിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ടപരിഹാര വിതരണം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

(സി) ഇപ്പോൾ നൽകിവരുന്ന നഷ്ടപരിഹാര തുക ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

നിലവിൽ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങ ളൊന്നുമുണ്ടായിട്ടില്ല.

**കർഷകർക്ക് സഹായം**

136 (2745) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ 2018, 2019 വർഷങ്ങളിലുണ്ടായ മഹാപ്രളയങ്ങളിൽ കന്നു കാലികളെയും കോഴി, താറാവ് അടക്കമുള്ള ഫാമുകളും നഷ്ടപ്പെടുകയും നശിച്ചു പോകുകയും ചെയ്ത കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം ₹21,99,47,640 രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രളയബാധിത പ്രദേശങ്ങളിൽ ₹2,68,13,400 രൂപയുടെ കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് ₹65,80,000 രൂപ ചെലവഴിച്ച് 329 ചികിത്സ ക്യാമ്പുകളും സംഘടിപ്പിക്കു കയുണ്ടായി. 2019-ലെ പ്രളയത്തിൽ അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിത്സ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019-ലെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് 3.01 കോടി രൂപ ധനസഹായമായി വിതരണം ചെയ്തു.

## നാട്ടാനകളുടെ പരിപാലനം

137 (2746) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളെ പരിപാലിക്കുന്നതിനുവേണ്ടി സർക്കാർ തയ്യാറാക്കിയ ചട്ടങ്ങൾ കൃത്യമായി പാലിക്കാത്തതുസംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടി അറിയിക്കുമോ; 2018 ജനവരി ഒന്ന് മുതൽ നാട്ടാന പരിപാലനത്തെ സംബന്ധിച്ച് വനം വകുപ്പിന് ലഭിച്ച പരാതികൾ എത്രയെന്ന് അറിയിക്കുമോ; ഇതിൽ എത്ര പരാതികളിൽ നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

2012-ലെ കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കൂടുതൽ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ 2-5-2018-ൽ 04/2018 നമ്പറായി സർക്കുലർ പുറപ്പെടുവിച്ച് ജില്ലാ സോഷ്യൽ ഫോറസ്ട്രി, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലും ഉത്സവങ്ങളിലും മറ്റും കൂടുതലായി ഉപയോഗിക്കുന്ന നാട്ടാനകളെ കണ്ടെത്തി കർശനമായി നിരീക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ കണ്ടെത്തുന്ന ആനകളുടെ വിവിധ രജിസ്റ്ററുകൾ (പ്രത്യേകിച്ച് മൂവ്മെന്റ് രജിസ്റ്റർ) പരിശോധിച്ച് ചട്ടങ്ങളുടെ ലംഘനം നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. ആനയുടെ മദപ്പാട് കാലയളവ് കൃത്യമായി മനസ്സിലാക്കുകയും ടി കാലയളവിൽ ആനയെ ഒരു തരത്തിലുള്ള ജോലികളിലും പങ്കെടുപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക, മദപ്പാട്കാലം മറച്ചുവച്ചുകൊണ്ട് ആനയെ ജോലിചെയ്യിപ്പിക്കുന്നതും മറ്റും തടയുക, ചട്ടലംഘനം നടന്നുവെന്ന് കണ്ടെത്തുന്നപക്ഷം ഉടമ/കൈവശക്കാർക്ക് രേഖാമൂലം നോട്ടീസ് നൽകാൻ നിർദ്ദേശം നൽകുക എന്നിവയും ചെയ്തിട്ടുണ്ട്. നാട്ടാന പരിപാലന ചട്ടം പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നത് അതത് ജില്ലാ കളക്ടർമാർ ചെയർമാനായ ജില്ലാ കമ്മിറ്റിയാണ്. ബന്ധപ്പെട്ട ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ് ടി ജില്ലാ കമ്മിറ്റിയുടെ കൺവീനർമാർ. ടി ജില്ലാ കമ്മിറ്റികൾ വർഷത്തിൽ രണ്ട് തവണ കൂടുന്നുണ്ടെന്ന് ഉറപ്പുവരുത്താനും കൺവീനർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിരന്തരമായ ചട്ടലംഘനങ്ങൾ കാണുന്ന കേസുകളിൽ, ആനകളെ സർക്കാരിലേയ്ക്ക് പിടിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. നാട്ടാന പരിപാലന ചട്ടലംഘനവുമായി ബന്ധപ്പെട്ട് ബുക്ക് ചെയ്യപ്പെടുന്ന കേസുകൾ 30-45 ദിവസത്തിനകം കോടതി മുമ്പാകെ ചാർജ്ജ് ചെയ്യണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നടപടിക്രമങ്ങൾ

കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഓരോ രണ്ടാഴ്ച കൂടുമ്പോഴും ചീഫ് വൈൽഡ് ലൈഫ് വാർഡൻ അവലോകനം നടത്തിവരുന്നു. പരാതികൾ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) 2018 ജനുവരി ഒന്ന് മുതൽ എത്ര നാട്ടാനകൾ ചരിഞ്ഞിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; മരണകാരണം അറിയിക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) മതിയായ സംരക്ഷണവും താമസസൗകര്യവും ലഭിക്കാത്തതും ആന പാപ്പാന്മാരുടെ പീഡനങ്ങളും മരണകാരണമാകുന്നുണ്ടെന്ന കാര്യം പരിശോധിക്കുമോ?

പരിചരണക്കുറവും, പരിപാലന പിഴവും, കൃത്യസമയത്ത് ചികിത്സ നൽകാത്തതുംമൂലം നാട്ടാനകൾ മരണപ്പെടുന്നുവെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ, മരണത്തിന്റെ യാഥാർത്ഥ കാരണങ്ങൾ വിശദമായി പരിശോധിക്കുന്നതിനായി മൃഗഡോക്ടർമാരടങ്ങിയ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. ദീർഘകാലമായ അശാസ്ത്രീയമായ ഭക്ഷണക്രമവും പോഷകാഹാരക്കുറവും അമിത ജോലിഭാരവും ആവശ്യമായ വിശ്രമമില്ലായ്മയും നാട്ടാനകളിൽ മാനസികവും ശാരീരികവുമായ സമ്മർദ്ദം ഉണ്ടാക്കുന്നതായും ഇതുമൂലം രോഗബാധിതരായി അവ മരണപ്പെടുന്നതായും ടി സമിതി കണ്ടെത്തിയിരുന്നു. ടി വിഷയം പരിഹരിക്കുന്നതിന് സമിതി ലഭ്യമാക്കിയ ശിപാർശകളുടെ അടിസ്ഥാനത്തിൽ നാട്ടാന പരിപാലനം സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ, 22-1-2019-ലെ 01/2019 നമ്പർ സർക്കുലർ പ്രകാരം വനം വകുപ്പിലെ വിവിധ ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്.

(ഡി) സർക്കാർ തയ്യാറാക്കിയ ചട്ടം കൃത്യമായി പാലിക്കാനും അത് നിരീക്ഷിക്കാനും വനം വകുപ്പിൽ ആർക്കെങ്കിലും ചുമതല നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, 2012-ൽ സർക്കാർ പുറപ്പെടുവിച്ച നാട്ടാന പരിപാലന ചട്ടം കൃത്യമായി പാലിക്കാനും നിരീക്ഷിക്കാനും എല്ലാ ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) ആനസംരക്ഷണ കേന്ദ്രങ്ങളിൽ നിലവിലുള്ള ആനകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

138 (2747) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറിയശേഷം കായംകുളം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പദ്ധതികൾക്കായി എത്ര രൂപ വിനിയോഗിച്ചുവെന്ന് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഷൊർണ്ണൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ

139 (2748) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി എത്ര തുകയാണ് അനുവദിച്ചതെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഈ സർക്കാർ മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്
2. സ്കൂൾ പൗൾട്രി
3. വളക്കുഴി നിർമ്മാണം
4. താറാവ് വളർത്തൽ പദ്ധതി
5. കൊമേഴ്സ്യൽ ഗോട്ടറി
6. വന്ധ്യതാനിവാരണ ക്യാമ്പ്
7. ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി
8. വെള്ളപ്പൊക്കദുരന്ത പലിശ രഹിത വായ്പ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതികൾക്കായി ആകെ Rs.2376785 (ഇരുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി ആറായിരത്തി എഴുന്നൂറ്റി എൺപത്തിയഞ്ച്) രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പുസമ്പത്തികവർഷത്തിലെ പദ്ധതികളൊഴികെ ബാക്കിയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലെ പദ്ധതികൾ ഈ സാമ്പത്തികവർഷം അവസാനിക്കുംമുമ്പ് പൂർത്തീകരിക്കുന്നതാണ്.

**കുഞ്ഞുകൈകളിൽ അരുമക്കോഴി പദ്ധതി**

140 (2749) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുഞ്ഞുകൈകളിൽ അരുമക്കോഴി എന്ന പദ്ധതി സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പദ്ധതി ആലപ്പുഴ ജില്ലയിൽ എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; സ്കൂളുകളുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കാമോ?

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പാക്കുന്ന കുഞ്ഞുകൈകളിൽ അരുമക്കോഴി എന്ന പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ 115 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ മൂന്ന് സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളുടെ പേരും ഓരോ സ്കൂളിലും ആനുകൂല്യം ലഭിച്ച കുട്ടികളുടെ എണ്ണവും ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ആനുകൂല്യം ലഭിച്ച കുട്ടികളുടെ എണ്ണം |
|---|---|---|
| 1. | ആർ.വി.എസ്.എം. പ്രയാർ, കായംകുളം | 914 കുട്ടികൾ |
| 2. | ഗവൺമെന്റ് എച്ച്.എസ്.എസ്. ടി.വിപുരം | 85 കുട്ടികൾ |
| 3. | എസ്.എൽ.പുരം ഗവൺമെന്റ് എച്ച്.എസ്.എസ്, കണിച്ചുകുളങ്ങര | 278 കുട്ടികൾ |

**മൃഗസംരക്ഷണ മേഖലയിലെ നൂതന പദ്ധതികൾ**

141(2750) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. പി . ഉണ്ണി:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(a) ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി :

കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവുമൂലമുണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(b) അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി):

പ്രസ്തുത പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. ആട് വളർത്തൽ യൂണിറ്റുകൾ - വ്യാവസായിക അടിസ്ഥാനത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഒരു യൂണിറ്റിൽ ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 150 യൂണിറ്റുകൾ സ്ഥാപിക്കും.

2. മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി-മാംസാവശ്യത്തിനായി പോത്തുകുട്ടികളെ വളർത്തുന്ന സ്കീമാണിത്. ഒരു യൂണിറ്റിന് 10,000 രൂപ ധനസഹായം ലഭിക്കും.

3. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി - മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾക്ക് പലിശ ഇനത്തിൽ 5,000 രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനമൊട്ടാകെ ചുരുങ്ങിയത് 5000 പേർക്കെങ്കിലും പദ്ധതികൊണ്ട് ആശ്വാസം ലഭിക്കും.

(ബി) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ധനസഹായം നൽകുന്നതിന് ഈ സർക്കാർ ഉപജീവന പിന്തുണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ (RKI) മൃഗസംരക്ഷണ മേഖലയിൽ കർഷകർക്ക് ജീവനോപാധികൾ നൽകുന്നതിനായി 77 കോടിരൂപയുടെ പദ്ധതിക്ക് മൃഗസംരക്ഷണ വകുപ്പിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം നടന്നു വരികയാണ്. താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്

പശുവളർത്തൽ-

5000 ഗുണഭോക്താക്കൾ. ഒരാൾക്ക് 60,000 രൂപയുടെ സഹായം (2 പശു വീതം). ആകെ 10,000 പശുക്കൾ

കിടാരി വളർത്തൽ :

3500 ഗുണഭോക്താക്കൾ, ഒരാൾക്ക് 15,000 രൂപയുടെ സഹായം. 3500 കിടാരികൾ (1 കിടാരി വീതം)

തൊഴുത്ത് നിർമ്മാണം :

5000 ഗുണഭോക്താക്കൾ- ഒരാൾക്ക് 25000 രൂപയുടെ സഹായം; 5000 തൊഴുത്തുകൾ. കാലിത്തീറ്റ സബ്സിഡി- 6650 ഗുണഭോക്താക്കൾ- ഒരാൾക്ക് 6000 രൂപയുടെ സഹായം (50 കിലോ തീറ്റ ആറ് മാസത്തേക്ക്) കന്നുകാലി ഫാമുകളുടെ

ആധുനികവത്കരണം :

100 ഗുണഭോക്താക്കൾക്ക്- ഒരാൾക്ക് യന്ത്രവത്കരണത്തിന് 1 ലക്ഷം രൂപയുടെ സഹായം.

തീറ്റപ്പുൽ ഉല്പാദനം പദ്ധതി :

3500 ഹെക്ടർ- ഹെക്ടർ ഒന്നിന് പരമാവധി 30,000 രൂപ സഹായം.

ആട് വളർത്തൽ പദ്ധതി :

1800 ഗുണഭോക്താക്കൾ- ഒരാൾക്ക് 25,000 രൂപയുടെ സഹായം; ആകെ 10800 ആടുകൾ ; ഒരു യൂണിറ്റിൽ 6 ആടുകൾ.

വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതി : 25000 ഗുണഭോക്താക്കൾ. ഒരാൾക്ക് 500 രൂപയുടെ സഹായം; ഒരാൾക്ക് 5 കോഴി വീതം; 1,25,000 കോഴി.

പന്നിവളർത്തൽ പദ്ധതി :

200 ഗുണഭോക്താക്കൾ- ഒരാൾക്ക് 50,000 രൂപ സഹായം, ഒരു യൂണിറ്റിൽ 10 പന്നികൾ, മൊത്തം 2000 പന്നികൾ.

താറാവ് വളർത്തൽ പദ്ധതി :

16500 ഗുണഭോക്താക്കൾ- ഒരാൾക്ക് 1200 രൂപ സഹായം; ഒരു യൂണിറ്റിൽ 10 താറാവ്; മൊത്തം 1,65,000 താറാവുകൾ.

കന്നുകുട്ടികൾക്ക് ശാസ്ത്രപരിരക്ഷ ഉറപ്പാക്കാൻ തീറ്റ സബ്സിഡി :

4000 കന്നുകുട്ടികൾ; ഒരു കന്നുകുട്ടിക്ക് 12,500 രൂപ സഹായം.

(സി) മൃഗചികിത്സാ സേവനങ്ങൾ ഇരുപത്തിനാല് മണിക്കൂറും ലഭ്യമാക്കുന്നതിന് മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ വ്യാപകമായി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

9-8-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 251/2020/എ.എച്ച്.ഡി പ്രകാരം മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള 31 സ്ഥാപനങ്ങൾ വഴി 24 മണിക്കൂർ വെറ്ററിനറി ചികിത്സാ സേവനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 26 സ്ഥാപനങ്ങൾ മുഖേന സേവനം ആരംഭിച്ചു. കൊല്ലം ജില്ലയിൽ നിലവിൽ ടെലി വെറ്ററിനറി യൂണിറ്റ് പ്രവർത്തിക്കുന്നു. റീബിൽഡ് കേരളയുടെ കീഴിൽ ആധുനിക ചികിൽസാ സേവനം ഉറപ്പാക്കുന്ന mobile tele veterinary unit നടപ്പിലാക്കും. എറണാകുളം, കണ്ണൂർ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) സംസ്ഥാനത്ത് ഗുണനിലവാരമുള്ള കാലിത്തീറ്റ സുലഭമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന കന്നുകുട്ടി പരിപാലന പദ്ധതിയിൽ തെരഞ്ഞെടുത്ത കന്നുകുട്ടികൾക്ക് 6 മുതൽ 30 മാസം വരെ സൗജന്യനിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ഫീഡ്സ്, മിൽമ എന്നിവയുടെ ഫാക്ടറികളിൽ ഉല്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള കാലിത്തീറ്റയാണ് പദ്ധതിയിൽ വിതരണം നടത്തുന്നത്. ക്ഷീരവികസന വകുപ്പുവഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും കറവപ്പശുക്കളുടെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലും കേരള ഫീഡ്സും മിൽമയും ഉല്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്.

## ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതി

142 (2751) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പക്ഷിപ്പനി**

143 (2752) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കാലഘട്ടത്തിൽ പക്ഷിമൃഗാദികളിൽ കണ്ടുവരുന്ന വിവിധ തരത്തിലുള്ള അസുഖങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പക്ഷിമൃഗാദികളിൽ കണ്ടുവരുന്ന രോഗങ്ങൾ നിർണ്ണയിക്കുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ പാലോട് മുഖ്യ രോഗനിർണയ കേന്ദ്രവും പ്രാദേശികമായി തിരുവല്ല, പാലക്കാട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ മേഖലാ രോഗനിർണയ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ ജില്ലാതലത്തിൽ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളോടനുബന്ധിച്ച് രോഗനിർണയ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്തിന്റെ ഏത് ഭാഗത്തും ഏതെങ്കിലും സാംക്രമിക രോഗങ്ങൾ പക്ഷിമൃഗാദികളിലുണ്ടായാൽ രോഗനിർണയത്തിനുള്ള സംവിധാനങ്ങൾ ഈ കേന്ദ്രങ്ങളിൽനിന്നും സമയബന്ധിതമായി നൽകിവരുന്നു. അതോടൊപ്പം പക്ഷിമൃഗാദികളിലുണ്ടാകുന്ന കുളമ്പുരോഗം, ആടുവസന്ത, കോഴിവസന്ത തുടങ്ങിയ പകർച്ചവ്യാധികൾക്കെതിരെ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഓഫീസ് വഴി രോഗപ്രതിരോധ കുത്തിവയ്പുകൾ നടപ്പിലാക്കിവരുന്നു.

(ബി) ഈയടുത്ത് ആലപ്പുഴയിലും കോട്ടയത്തും താറാവുകൾ കൂട്ടത്തോടെ ചാകുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; ചത്ത താറാവുകളിൽ ഇൻഫ്ലുവൻസ വൈറസ് ബാധ സ്ഥിരീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് ആലപ്പുഴ (തലവടി, നെടുമുടി, തകഴി, പള്ളിപ്പാട്, കരുവാറ്റ) കോട്ടയം (നീണ്ടൂർ) ജില്ലകളിൽ താറാവുകളിൽ അസാധാരണമായ മരണനിരക്ക് കണ്ടതിനെ തുടർന്ന് പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലും തുടർന്ന് ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസ് ലബോറട്ടറിയിലും സാമ്പിളുകൾ പരിശോധിച്ച് ഇൻഫ്ലുവൻസ വൈറസ് ബാധ സ്ഥിരീകരിക്കുകയുണ്ടായി.

(സി) പ്രസ്തുത പ്രദേശങ്ങളിലുള്ള ഏതൊക്കെ പക്ഷികളിലാണ് വൈറസ് ബാധ സ്ഥിരീകരിച്ചതെന്നും എത്ര പക്ഷികളെ കൊന്നൊടുക്കിയെന്നും അറിയിക്കുമോ?

പ്രസ്തുത പ്രദേശങ്ങളിലെ താറാവുകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് 57687 പക്ഷികൾ, 32592 മുട്ടകൾ, 5078 കിലോഗ്രാം തീറ്റയും നശിപ്പിച്ചു. ഇതുകൂടാതെ 25,265 പക്ഷികൾ പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണമടയുകയും ചെയ്തിട്ടുണ്ട്.

(ഡി) പക്ഷിപ്പനി പരത്തുന്ന ഇൻഫ്ലുവൻസ വൈറസ് മനുഷ്യരിലേയ്ക്ക് പടരുന്നതിന് സാധ്യതയുണ്ടോ?

പക്ഷിപ്പനി ഒരു വൈറസ് രോഗമാണ് ഇൻഫ്ലുവൻസ ടൈപ്പ് എ എന്ന ഒരു വൈറസാണ് ഈ രോഗം പരത്തുന്നത്. ഈ വൈറസിന് പല വകഭേദങ്ങളുണ്ട്. വകഭേദങ്ങളുടെ വ്യത്യാസമനുസരിച്ച് ഇവ മാരകമാവുകയോ മനുഷ്യരിലേക്ക് പകരുകയോ ചെയ്യാം. ഇപ്പോൾ സ്ഥിരീകരിച്ചത് H5N8 വൈറസാണ്. ഇവ മനുഷ്യരിലേക്ക് ഇതുവരെ പടർന്നിട്ടില്ല.

(ഇ) പക്ഷിപ്പനി സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ടോ; പക്ഷിപ്പനിമൂലം നഷ്ടമുണ്ടായ കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

പക്ഷിപ്പനി സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചിട്ടില്ല. 7-1-2021-ലെ സ.ഉ. (സാധാ) നമ്പർ 9/2021/എ.എച്ച്.ഡി. പ്രകാരം പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും കൾ ചെയ്ത പക്ഷികൾക്കും രണ്ടു മാസത്തിലധികം പ്രായമായ പക്ഷി ഒന്നിന് 200 രൂപ, രണ്ട് മാസത്തിൽ താഴെയുള്ള പക്ഷി ഒന്നിന് 100 രൂപ എന്ന നിരക്കിലും നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. രോഗപ്രതിരോധം, നഷ്ടപരിഹാരം എന്നീ ഇനത്തിൽ ആവശ്യമായ തുക മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽനിന്നും ചെലവഴിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

(എഫ്) മറ്റേതെങ്കിലും ജില്ലകളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കുമോ?

റിപ്പോർട്ട് ചെയ്തിട്ടില്ല.

## കോഴിയിറച്ചി, മുട്ട എന്നിവയുടെ ഉല്പ്പാദനം

144 (2753) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദൈനംദിനം വേണ്ടുന്ന കോഴിയിറച്ചി, മുട്ട എന്നിവയുടെ അളവ് എത്രയെന്നും എത്ര ഉല്പാദനം സംസ്ഥാനത്തിനകത്ത് നടക്കുന്നുവെന്നും ഇതിലേയ്ക്കായി ഇതര സംസ്ഥാനങ്ങളെ എത്രത്തോളം ആശ്രയിക്കുന്നുവെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പൗൾട്രി ഇറച്ചിയുടെ ഉപഭോഗം സംബന്ധിച്ച ഡാറ്റ വകുപ്പിൽ ലഭ്യമല്ല. 2019-20-ലെ എസ്റ്റിമേഷനനുസരിച്ച് സംസ്ഥാനത്തെ പൗൾട്രി ഇറച്ചിയുടെ വാർഷിക ഉല്പാദനം 171876 മെട്രിക് ടണ്ണാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന കോഴിവർഗ്ഗങ്ങളിൽനിന്ന് ഉൽപ്പാദിപ്പിച്ച മാംസമായ 135782 മെട്രിക് ടൺ ഉൾപ്പെടെയുള്ള കണക്കാണിത്. സംസ്ഥാനത്തെ മുട്ടയുടെ ഉപഭോഗം സംബന്ധിച്ച ഡാറ്റ വകുപ്പിൽ ലഭ്യമല്ല. 2019-20-ലെ എസ്റ്റിമേഷനനുസരിച്ച് സംസ്ഥാനത്തെ മുട്ടയുടെ വാർഷികോല്പാദനം 21812 ലക്ഷമാണ്. 2019-20 വർഷം 25483 ലക്ഷം മുട്ടകൾ ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്തിട്ടുണ്ട്.

(ബി) ഏതൊക്കെ ഇതര സംസ്ഥാനങ്ങളിൽനിന്നുമാണ് ഇത്തരം ഉൽപ്പന്നങ്ങൾ വരുന്നതെന്നും ഇവയുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്നും വ്യക്തമാക്കുമോ?

കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽനിന്നുമാണ് മൃഗങ്ങളും ഉൽപ്പന്നങ്ങളും സംസ്ഥാനത്തേയ്ക്ക് വരുന്നത്. ഗുണമേന്മ പരിശോധിക്കുന്നതിനായി ആരോഗ്യ പരിശോധനയും രക്തസാമ്പിൾ പരിശോധനയും നടത്തുന്നു. ഗുണനിലവാരം കുറഞ്ഞ ഉൽപ്പന്നങ്ങളെയും മൃഗങ്ങളെയും മടക്കിയയ്ക്കുകയും ചെയ്യുന്നു.

(സി) കോഴിയിറച്ചി, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള സർക്കാർ ശ്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ?

School Backyard Poultry - സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ 50 വീതം കുട്ടികൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഇതിനായി വകുപ്പിന് കീഴിലുള്ള കോഴിഫാമുകളിലെ ഉത്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് ഏറ്റവും ആവശ്യമായ ഗുണനിലവാരമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയും ഉത്പാദിപ്പിച്ച് കെപ്കോവഴി വിതരണം ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-3-2019 വരെ വിവിധ പദ്ധതികളിലൂടെ 1214290 മുട്ടക്കോഴികളെ 155771 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കെപ്കോയുടെ തൃശ്ശൂർ മാളയിലുള്ള പ്രജനന കേന്ദ്രത്തിൽ ഉല്പാദിപ്പിച്ച് കർഷകർക്ക്

മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു. വിവിധ കെപ്കോ സ്കീമുകൾ മുഖാന്തരം സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കോഴികളിൽനിന്നും ലഭിക്കുന്ന മുട്ടകളുടെ വർദ്ധനവ് കണക്കിലെടുത്താൽ മുട്ട ഉല്പാദനത്തിൽ സമീപഭാവിയിൽ കേരളത്തിന് സ്വയംപര്യാപ്തത നേടാനാവുമെന്ന് പ്രത്യാശിക്കുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽ മൃഗസംരക്ഷണ വകുപ്പിന് കോഴിവളർത്തൽ പദ്ധതിക്കായി 1.25 കോടി രൂപയാണ് വകയിരുത്തിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 5 കോഴിക്കുഞ്ഞുങ്ങളെ നൽകുന്നതിന് 500 രൂപയുടെ സഹായം ലഭ്യമാകുന്നു. ഇതുകൂടാതെ കേരള ചിക്കൻ പദ്ധതിക്ക് 63.11 കോടി രൂപ വകയിരുത്തിട്ടുണ്ട്. കോഴി ഇറച്ചി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയ്ക്കായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് കേരള ചിക്കൻ പദ്ധതി.

## മൃഗാശുപത്രികളിലെ ചികിത്സാ സൗകര്യം

145 (2754) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികളിൽ 24 മണിക്കൂർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ ?

ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) എത്ര മൃഗചികിത്സാ കേന്ദ്രങ്ങളിലാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; കൂടുതൽ കേന്ദ്രങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

19-8-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 251/2020/എ.എച്ച്.ഡി പ്രകാരം മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 31 സ്ഥാപനങ്ങൾ വഴി 24 മണിക്കൂർ വെറ്ററിനറി ചികിത്സാ സേവനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 26 സ്ഥാപനങ്ങൾ മുഖേന സേവനം ആരംഭിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) 24 മണിക്കൂർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയ ആശുപത്രികളിൽ ഷിഫ്റ്റ് സമ്പ്രദായം വരുമ്പോൾ അതിനായി അധിക തസ്തിക സൃഷ്ടിക്കേണ്ടതുണ്ടോ യെന്നുള്ള വിശദാംശം നൽകുമോ?

നിലവിൽ 24 മണിക്കൂർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന് ആവശ്യമായ തസ്തികകൾ പുനർവിന്യാസം വഴിയാണ് കണ്ടെത്തിയിട്ടുള്ളത്.

## വെറ്ററിനറി ആശുപത്രികളിലും ഡിസ്പെൻസറികളിലും നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

146 (2755) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ വെറ്ററിനറി ആശുപത്രികളിലും ഡിസ്പെൻസറികളിലും എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിൽ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്ത് എല്ലാ ബ്ലോക്കുകളിലും രാത്രികാല വെറ്ററിനറി സേവനം ഏർപ്പെടുത്തിവരുന്നു. 31 സ്ഥാപനങ്ങളെ 24 മണിക്കൂർ പ്രവർത്തിക്കുന്ന കേന്ദ്രങ്ങളായി ഉയർത്തുന്നതിന് ഉത്തരവായി. ഇതിൽ 25 സ്ഥാപനങ്ങളിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. എറണാകുളം, കണ്ണൂർ എന്നിവിടങ്ങൾ കേന്ദ്രമാക്കി 2 പുതിയ mobile tele veterinary unit പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. RKI പദ്ധതിയിലുൾപ്പെടുത്തി മൊബൈൽ ആമ്പുലേറ്ററി സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മേൽ പരാമർശിച്ചത് കൂടാതെ സംസ്ഥാനത്തെ മൃഗാശുപത്രികളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്തുക, രോഗനിർണ്ണയ സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, കന്നുകാലികളുടെ വന്ധ്യത ചികിത്സാ സൗകര്യങ്ങൾ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവയും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാൻ സാധിക്കുമോ ;

&

(സി) എങ്കിൽ ബേപ്പൂർ നിയോജകമണ്ഡലത്തിലെ വെറ്ററിനറി ആശുപത്രി, ഡിസ്പെൻസറി എന്നിവിടങ്ങളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(ബി&സി) സാധിക്കും. 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷംവരെ താഴെപ്പറയുന്ന മൃഗസംരക്ഷണ പദ്ധതികൾ ബേപ്പൂർ നിയോജക മണ്ഡലത്തിലെ വിവിധ വെറ്ററിനറി സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുകയും റീബിൽഡ് കേരള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അന്തിമ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു.

1. കാഫ് ഫീഡ് സബ്സിഡി സ്കീം - കന്നുകുട്ടികൾക്കുള്ള തീറ്റ വിതരണ പദ്ധതി

2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - ആടുവളർത്തൽ പദ്ധതി

3. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഡക്ക് നഴ്സറീസ്- താറാവുവളർത്തൽ പദ്ധതി

4. മെക്കനൈസേഷൻ ഓഫ് സ്മോൾ ഡയറി യൂണിറ്റ്സ് - കറവയന്ത്രം സ്ഥാപിക്കുന്നതിന് സബ്സിഡി നൽകൽ പദ്ധതി

5. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട് ത്രൂ സ്കൂൾസ് - സ്കൂൾ കുട്ടികൾക്കുള്ള കോഴിവളർത്തൽ പദ്ധതി.

6. പൗൾട്രി റിയറിംഗ് സ്കീം ഫോർ എസ്.സി.ഫാമിലീസ് - പട്ടികജാതി വിഭാഗക്കാർക്കു മാത്രമുള്ള കോഴി വളർത്തൽ പദ്ധതി.

7. കൺവേർഷൻ ഓഫ് ലൈവ്സ്റ്റോക്ക് ബയോവേസ്റ്റ് ടു മാന്വർ - ചാണകക്കുഴി നിർമ്മാണത്തിനുള്ള ധനസഹായം നല്കൽ

8. കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ്-വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ പദ്ധതി.

9. റീ ബിൽഡ് കേരള – ഗോട്ട് റിയറിംഗ് സ്കീം

10. റീ ബിൽഡ് കേരള - ഡക്ക് റിയറിംഗ് സ്കീം.

11. റീ ബിൽഡ് കേരള – ബാക്ക് യാർഡ് പൗൾട്രി റിയറിംഗ് സ്കീം

12. റീ ബിൽഡ് കേരള – ഹൈജീനിക് ക്യാറ്റിൽ ഷെഡ് 13. റീ ബിൽഡ് കേരള-ഹീഫർ റിയറിംഗ് സ്കീം

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിലെ ജീവനക്കാരുടെ നിയമനങ്ങൾ**

147 (2756) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിലവിൽ ആകെ എത്രപേർ ജോലി ചെയ്യുന്നുവെന്ന് അറിയിക്കുമോ; ഡെപ്യൂട്ടേഷൻ/കരാർ/ഡെയ്‌ലി വേജ് വ്യവസ്ഥകളിൽ ജോലി ചെയ്യുന്നവർ എത്രയാണ്?

കുത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ എന്ന സ്ഥാപനത്തിൽ താഴെപ്പറയും പ്രകാരം ആകെ 83 ജീവനക്കാർ ജോലി ചെയ്യുന്നു.

മാനേജിംഗ് ഡയറക്ടർ - 1 ( ഡെപ്യൂട്ടേഷൻ ) സ്ഥിരം - 27

പ്രൊഡക്ഷൻ വർക്കർ - 55 (ദിവസവേതനക്കാർ)

ആകെ - 83

(ബി) പ്രസ്തുത സ്ഥാപനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തലത്തിൽ തീരുമാനിച്ചുവെന്ന് അറിയിക്കുമോ; ഇപ്രകാരം സ്ഥിരപ്പെടുത്തുന്നത് സുപ്രീംകോടതി വിധിക്കെതിരാണെന്നത് പരിഗണിച്ചിട്ടുണ്ടോ?

ആരെയും സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനത്തിൽ വിശേഷാൽ ചട്ടങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിലെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സ്ഥാപനത്തിൽ സർക്കാർ അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ അടങ്ങിയ വിശേഷാൽ ചട്ടങ്ങൾ നിലവിലുണ്ട്.

## മാംസ സംസ്കരണ ഫാക്ടറി

148 (2757) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ എം.പി.ഐ വക സ്ഥലത്ത് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ചാലക്കുടിയിൽ പരിയാരം വില്ലേജിലെ എം.പി.ഐ വക സ്ഥലത്ത് ഒരു കാള/പോത്ത് കിടാരി വളർത്തൽ കേന്ദ്രം 1950 ലക്ഷം രൂപ മുതൽമുടക്കിൽ തുടങ്ങാനുള്ള ഭരണാനുമതി 19-9-2018-ൽ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി നടപ്പിലാക്കാൻ കഴിയും. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതി നടപ്പിലാക്കാൻ തുക വകകൊള്ളിച്ചിട്ടുണ്ട്.

(ബി) മാംസ സംസ്കരണ ഫാക്ടറി ഉൾപ്പെടെയുള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ സുതാര്യമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

മാംസസംസ്കരണ ഫാക്ടറി ഈ സ്ഥലത്ത് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും 'റെഡ് ഇൻഡസ്ട്രി' യിൽ ഉൾപ്പെട്ടതാകയാൽ ആ പദ്ധതി കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം പരിസ്ഥിതി ലോലപ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള പ്രസ്തുത ഭൂമിയിൽ സ്ഥാപിക്കാൻ സാധിക്കുകയില്ല.

## കൊരട്ടി മൃഗാശുപത്രിയുടെ പുതിയ കെട്ടിടം

149 (2758) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിച്ചുവരുന്ന ചാലക്കുടി കൊരട്ടി മൃഗാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

നിർമ്മാണ പ്രവൃത്തികൾക്ക് നടപ്പുസാമ്പത്തിക വർഷം ഫണ്ട് തികയാത്തതിനാൽ ഇതിനായി ഈ സാമ്പത്തിക വർഷം ഫണ്ടനുവദിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

അടുത്ത സാമ്പത്തിക വർഷം ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് അനുവദിക്കുന്നതാണ്.

(സി) ചാലക്കുടി വെറ്ററിനറി ഹോസ്പിറ്റലിനെ പോളിക്ലിനിക്കായി ഉയർത്തി കൂടുതൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും സേവനം ലഭ്യമാക്കുന്നതിനും കൂടുതൽ സൗകര്യങ്ങളോടുകൂടി പ്രവർത്തിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി കൂടുതൽ വെറ്ററിനറി പോളിക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി ചാലക്കുടി വെറ്ററിനറി ഹോസ്പിറ്റലിനെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## എടവണ്ണ ഹാച്ചറിയുടെ നിർമ്മാണപ്രവർത്തനങ്ങൾ

150 (2759) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും പണി ആരംഭിക്കുകയും ചെയ്ത എടവണ്ണ ഹാച്ചറിയുടെ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ;

&

(ബി) പ്രസ്തുത ഹാച്ചറിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

എടവണ്ണ ഹാച്ചറിയുടെ പ്രവർത്തനത്തിനായി 1,00,00,000 (ഒരു കോടി) രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 67,11,589 രൂപ വിനിയോഗിച്ച് ഹാച്ചറിയുടെ 90% പണി പൂർത്തീകരിച്ചിട്ടുണ്ട്. പൗൾട്രി ലെയർ ഷെഡ്, ഹാച്ചറി കോംപ്ലക്സ്, ഫീഡ് സ്റ്റോർ, ഓഫീസ് കോംപ്ലക്സ്, വാട്ടർ ടാങ്ക്, എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ 90% പൂർത്തിയായിട്ടുണ്ട്.

(സി) ഇതിനായി ബാക്കി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

തുക അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കെട്ടിടത്തിനാവശ്യമായ ജനറേറ്റർ, ഉപകരണങ്ങൾ, ജലസ്രോതസ്സിനുവേണ്ടി പഞ്ചായത്ത് അനുവദിച്ച കുളം ആഴം കൂട്ടൽ, എടവണ്ണ ഹാച്ചറിക്കുവേണ്ട ജീവനക്കാരുടെ നിയമനം നടത്തൽ മുതലായവ നടത്തേണ്ടതുണ്ട്.

(ഡി) അനുവദിക്കാനുള്ള തുക അടിയന്തരമായി അനുവദിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ച് ടി ഹാച്ചറിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കൽ, ജലലഭ്യത, ജീവനക്കാരുടെ നിയമനം എന്നിവ ലഭ്യമാകുന്നമുറയ്ക്ക് 6 മാസത്തിനകം ഹാച്ചറിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കും.

(ഇ) ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ?

ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കൽ, ജലലഭ്യത, ആവശ്യമായ ഉപകരണങ്ങൾ, ജീവനക്കാരുടെ നിയമനം എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) പ്രസ്തുത ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ?

ജലസ്രോതസ്സ് ലഭ്യമാക്കാൻ വേണ്ടിയുള്ള നടപടികളിലുണ്ടായ കാലതാമസം കാരണമാണ് ഹാച്ചറിയുടെ നിർമ്മാണപ്രവർത്തനം വൈകിയത്.

## പന്നിശല്യം തടയുന്നതിനുള്ള നടപടികൾ

151 (2760) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിടങ്ങളിൽ പന്നിശല്യം തടയുന്നതിനായി പന്നികളെ കൊല്ലുന്നതിന് കർഷകർക്ക് പ്രതിഫലം നൽകുന്നുണ്ടോ?

18-5-2020-ലെ ജി.ഒ(ആർ.റ്റി)നമ്പർ 111/2020/വനം ഉത്തരവുപ്രകാരം, കൃഷിയിടങ്ങളിൽ പന്നിശല്യം തടയുന്നതിന് പന്നികളെ കൊല്ലുന്നതിന് എംപാനൽ ചെയ്യപ്പെടുന്ന വ്യക്തിക്ക് കൃത്യം നിർവ്വഹിക്കുന്ന മുറയ്ക്ക്, പന്നി ഒന്നിന് 1000 രൂപ (ആയിരം രൂപ മാത്രം) നിരക്കിൽ പ്രതിഫലം നൽകുന്നു.

(ബി) പന്നിശല്യം തടയുന്നത് കൂടുതൽ ഫലപ്രദമാക്കുന്നതിന് നിയമത്തിൽ ഇളവുതേടി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടുപന്നികളെ ശല്യവനജീവിയായി പ്രഖ്യാപിക്കുന്നതിലേയ്ക്ക് ഒരു പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ, 1972-ലെ വന്യജിവി (സംരക്ഷണ) നിയമത്തിലെ 11 (1) (b) വകുപ്പ് പ്രകാരം ഇക്കാര്യത്തിൽ നടപടിയെടുക്കാൻ നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത പ്രൊപ്പോസൽ കേന്ദ്ര സർക്കാർ മടക്കുകയുണ്ടായി. ടി തീരുമാനം പുനഃപരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന് വീണ്ടും കത്തയച്ചിട്ടുണ്ട്.

## പക്ഷിപ്പനി

152 (2761) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്തും കുട്ടനാട്ടിലും ഈ വർഷം നിലവിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് ആലപ്പുഴ ജില്ലയിലെ തകഴി, തലവടി (നെടുമുടി), കരുവാറ്റ, പള്ളിപ്പാട് എന്നീ സ്ഥലങ്ങളിലും, കോട്ടയം ജില്ലയിലെ നീണ്ടൂരിലുമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്.

(ബി) 2014, 2016 വർഷങ്ങളിൽ സംസ്ഥാനത്ത് പക്ഷിപ്പനി വരുത്തിയ നാശനഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2014-ലും 2016-ലും സംസ്ഥാനത്ത് പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2014-ൽ 328 കർഷകർക്ക് താറാവുകൾ നഷ്ടപ്പെട്ട ഇനത്തിൽ 4,19,36,350 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 2016-ലെ പക്ഷിപ്പനിയിൽ ആലപ്പുഴ ജില്ലയിലെ

97 കർഷകരുടെയും കോട്ടയം ജില്ലയിലെ 41 കർഷകരുടെയും ആകെ 7,45,345 താറാവുകളെക്കാൾ ചെയ്തതിന്റെയും 1,52,313 മുട്ടകൾ നശിപ്പിച്ചതിന്റെയും നഷ്ടപരിഹാരമായി 11,83,73,865 രൂപ നൽകിയിട്ടുണ്ട്.

(സി) പക്ഷിപ്പനി വൈറസുകളിൽ ജനിതകമാറ്റം സംഭവിക്കുന്നതനുസരിച്ച് അവ മാരകമാകുന്നതിനും മനുഷ്യരിലേക്ക് പകരുന്നതിനും സാധ്യതയുണ്ടെന്ന വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പക്ഷിപ്പനി ഒരു വൈറസ് രോഗമാണ് ഇൻഫ്ലുവൻസ ടൈപ്പ് എ എന്ന ഒരു വൈറസാണ് ഈ രോഗം പരത്തുന്നത്. ഈ വൈറസിന് പല വകഭേദങ്ങളുണ്ട്. വകഭേദങ്ങളുടെ വ്യത്യാസം അനുസരിച്ച് ഇവ മാരകമാവുകയോ മനുഷ്യരിലേക്ക് പകരുകയോ ചെയ്യാം. ഇപ്പോൾ സ്ഥിരീകരിച്ചത് H5N8 വൈറസാണ്. ഇവ മനുഷ്യരിലേക്ക് ഇതുവരെ പടർന്നിട്ടില്ല.

(ഡി) എങ്കിൽ പക്ഷിപ്പനി പ്രതിരോധത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

രോഗപ്രതിരോധത്തിന്റെ ഭാഗമായി രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് ഒരു കി.മീ. ചുറ്റളവിലുള്ള പക്ഷികൾ, തീറ്റ, മുട്ട എന്നിവ ദ്രുതകർമ്മസേനയുടെ സഹായത്താൽ നശിപ്പിക്കുകയുണ്ടായി. ഇപ്രകാരം, പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് 57687 പക്ഷികൾ, 32592 മുട്ടകൾ, 5078 കിലോഗ്രാം തീറ്റയും നശിപ്പിച്ചു. ഇതുകൂടാതെ 25,265 പക്ഷികൾ പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണമടയുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട കള്ളിംഗ് പ്രവർത്തനങ്ങൾ എല്ലായിടത്തും 5-1-2021-ന് ആരംഭിക്കുകയും 8-1-2021-ന് അണുനശീകരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ വിവരം കേന്ദ്രസർക്കാരിനെ അറിയിക്കുകയും കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം 10 കി.മീ. വരെ ചുറ്റളവിൽ രോഗനിരീക്ഷണവും 90 ദിവസത്തേക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

## കേരള ഫീഡ്സിലെ ഉദ്യോഗസ്ഥ നിയമനം

153 (2762) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സിൽ ഉദ്യോഗസ്ഥ നിയമനത്തിന് അനുവർത്തിച്ചുവരുന്ന രീതി എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള ഫീഡ്സ് ലിമിറ്റഡിലെ വർക്കർ വിഭാഗം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമാണ് നടത്തിവരുന്നത്. ഓഫീസർ വിഭാഗം തസ്തികകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരവും open market/deputation from other similar organisation or departments എന്നിവ മുഖാന്തരവും നടത്തിവരുന്നു.

(ബി) കേരള ഫീഡ്സിന്റെ 2019-ലെ നോട്ടിഫിക്കേഷൻ പ്രകാരം സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള ഫീഡ്സ് ലിമിറ്റഡിലേയ്ക്ക് 28-2-2019 തീയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷിച്ചവരിൽ യോഗ്യരായവരുടെ എഴുത്തുപരീക്ഷയ്ക്കായി M/s. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തുകയും അതിൽ യോഗ്യരായവരെ 4-9-2020 മുതൽ 16-9-2020 വരെ വിവിധ തീയതികളിലായി ഓൺലൈൻ ഇന്റർവ്യൂവിന് ക്ഷണിക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ആദ്യ റാങ്കുകളിലുൾപ്പെട്ട 11 പേർക്ക് കമ്പനിയിയിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) കേരള ഫീഡ്സിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നിയമനങ്ങൾ നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കാമോ?

കേരള ഫീഡ്സിൽ മാനദണ്ഡങ്ങൾക്കുവിരുദ്ധമായി നിയമനങ്ങൾ നടക്കുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭിച്ച പരാതികളിൽ കമ്പനിയുടെ റിപ്പോർട്ട് തേടുകയും പരാതി വാസ്തവവിരുദ്ധമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആയത് തീർപ്പാക്കുകയുമുണ്ടായി.

## ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത

154 (2763) <u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. എ. പി . അനിൽ കുമാർ:</u>
<u>ശ്രീ . കെ. സി . ജോസഫ്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുന്ന തിനുള്ള ശ്രമങ്ങൾ വിജയിക്കാതെ പോയതെന്തുകൊണ്ടാണ്; വിശദമാക്കുമോ ?

സംസ്ഥാനത്ത് പാലുല്പാദനത്തിൽ ദേശീയ ശരാശരിയെക്കാൾ വർദ്ധനവാണ് കഴിഞ്ഞ വർഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2016-17 വർഷത്തിൽ ക്ഷീര സഹകരണ സംഘങ്ങളിലൂടെയുള്ള പ്രതിദിന പാൽ സംഭരണം 16.27 ലക്ഷം ലിറ്ററാണ്.

എന്നാൽ 2020 ഡിസംബർ മാസത്തെ കണക്കുകളെടുത്താൽ 21.37 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംഭരിക്കുന്നുണ്ട്. ഈ കാലയളവിൽ 31.34% വർദ്ധനവാണ് പാൽ സംഭരണത്തിലുണ്ടായിട്ടുള്ളത്. 2020-21 വർഷം പാലുല്പാദനത്തിൽ സുസ്ഥിരവും സമഗ്രവുമായ വർദ്ധനവാണ് കാണിക്കുന്നത്. ക്ഷീരസഹകരണ മേഖലയിൽ 2020 ഡിസംബർ മാസത്തിൽ പ്രതിദിന പാലുല്പാദനം 21.37 ലക്ഷം ലിറ്റർ എന്നത് ഒരു സർവ്വകാല റെക്കോഡാണ്. 2015 ഡിസംബർ മാസത്തിൽ പ്രതിദിന പാലുല്പാദനം 16.30 ലക്ഷം ലിറ്റർ ആയിരുന്നത് 2020 ഡിസംബറിൽ 21.37 ലക്ഷം ലിറ്റർ ആയി. ഇക്കാലയളവിൽ പാൽ സംഭരണ വളർച്ചാനിരക്ക് 31.16% ആണ്. ക്ഷീരകർഷകർ തങ്ങളുടെ സ്വന്തം ആവശ്യത്തിനും പ്രാദേശിക വില്പനയ്ക്കും എടുത്തതിനുശേഷം ബാക്കിവരുന്ന പാലാണ് ക്ഷീരസംഘങ്ങളിൽ അളക്കുന്നത്. ഇത്തരത്തിൽ ക്ഷീര സംഘത്തിൽ സംഭരിക്കുന്ന പാൽ പ്രാദേശിക വില്പന കഴിഞ്ഞതിനുശേഷം ബാക്കി വരുന്നത് മേഖലാ യൂണിയനുകൾക്ക് ക്ഷീരസംഘങ്ങൾ അയയ്ക്കുന്നു. നിലവിൽ ക്ഷീര സഹകരണ മേഖലയിൽ കഴിഞ്ഞ 6 മാസത്തെ കണക്കുകൾ പരിശോധിച്ചാൽ സ്ഥിരതയാർന്ന സ്വയംപര്യാപ്തതയും ഉപഭോഗത്തെക്കാൾ കൂടുതൽ ഉല്പാദനവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പൊതുവായി പാൽ ഉല്പാദനവും ഉപഭോഗവും കണക്കാക്കുന്നത് സ്റ്റാറ്റിസ്റ്റിക്കൽ രീതിയിലാണ്. അതുകൊണ്ട് മാത്രം പാലിന് സ്വയംപര്യാപ്തത കൈവരിച്ചുവെന്നത് സംബന്ധിച്ച് കൃത്യമായി അനുമാനിക്കാനാകില്ല. മലബാർ മേഖലയിൽ അധിക ഉല്പാദനവും എറണാകുളം മേഖലയിൽ വിപണനത്തിന് അനുസരിച്ചുള്ള ഉല്പാദനവും തിരുവനന്തപുരം മേഖലയിൽ വിപണനത്തിനാവശ്യമായ ഉല്പാദനമില്ലായ്മയുമാണ് നിലവിലെ മൂന്ന് മേഖലാ യൂണിയനുകളുടെയും സ്ഥിതി. 2018-ലെയും 2019-ലെയും പ്രളയവും, കോവിഡ്-19– ഉം പാലുല്പാദനത്തിന്റെ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് തടസ്സമായെങ്കിലും സംസ്ഥാനത്ത് ക്ഷീര സഹകരണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ഏകദേശം 2 ലക്ഷം ലിറ്റർ പാൽ അധികമായി സംഭരിക്കുന്നുണ്ട്. ഇങ്ങനെ അധികമായി സംഭരിക്കുന്ന പാൽ തിരുവനന്തപുരം, എറണാകുളം മേഖലായൂണിയനുകൾക്ക് നൽകുകയും ബാക്കി വരുന്ന ഏകദേശം 95000 മുതൽ ഒരു ലക്ഷം ലിറ്റർ പാൽ വരെ തമിഴ്നാട്ടിലേയ്ക്ക് അയച്ച് പാൽപ്പൊടിയായി സൂക്ഷിക്കുകയും ചെയ്യുന്നു. നിലവിൽ സംസ്ഥാനത്തെ ക്ഷീരസഹകരണ മേഖലയിൽ വിപണനത്തിനാവശ്യമായ പാലിനെക്കാൾ കൂടുതൽ ഉല്പാദിപ്പിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് ക്ഷീരസഹകരണ മേഖലയിൽ പാലുല്പാദനത്തിൽ മിച്ച സംസ്ഥാനമായി മാറി എന്നു പറയാം.

(ബി) സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ഉന്നമനത്തിനായി നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ക്ഷീരകർഷകരുടെ സാമൂഹിക ഉന്നമനത്തിനായി ക്ഷീരകർഷക പെൻഷൻ, കുടുംബ പെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസ ധനസഹായം, കർഷകരുടെ ചികിത്സാ ധനസഹായം കൂടാതെ, ക്ഷീരസാന്ത്വനം (സമഗ്ര ഇൻഷ്വറൻസ്) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്ഷീരകർഷകരുടെ സാമ്പത്തിക ഉന്നമനത്തിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീരഗ്രാമം പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, പാലിന് ഇൻസെന്റീവും കാലിത്തീറ്റ സബ്സിഡി എന്നിവയും നടപ്പാക്കുന്നു.

(സി) ക്ഷീരമേഖലയിലേക്ക് ചെറുപ്പക്കാരെ ആകർഷിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന പുതിയ സംരംഭകർക്കും നിലവിലുള്ള ക്ഷീരകർഷകർക്കും പ്രയോജനകരമായ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് എം.എസ്.ഡി.പി, ക്ഷീരഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നത്. പുതിയ സംരംഭകർക്ക് രണ്ട് പശു, അഞ്ച് പശു ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിൽ പശുക്കളെ വളർത്തുന്നവർക്ക് സാഹചര്യമനുസരിച്ച് പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഫാമുകൾ ആധുനികവൽക്കരിക്കുന്നതിനും, യന്ത്രവൽക്കരിക്കുന്നതിനും കാലിത്തൊഴുത്ത് നിർമ്മാണത്തിനും കറവയന്ത്രത്തിനും ധനസഹായം നൽകിവരുന്നു.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ക്ഷീരകർഷക കടാശ്വാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ചരിത്രത്തിലാദ്യമായി വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ റിക്കവറി നടപടി നേരിടേണ്ടിവന്ന കർഷകർക്ക് 2016-17 വർഷം ഒരു കടാശ്വാസ പദ്ധതി നടപ്പിലാക്കുകയും കർഷകരെ കടക്കെണിയിൽനിന്നും രക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 5 കോടി രൂപയോളം നിലവിൽ ക്ഷീരകർഷക കടാശ്വാസ പദ്ധതിക്കായി നൽകിയിട്ടുണ്ട്. ക്ഷീരകർഷക കടാശ്വാസ പദ്ധതിയിലൂടെ 2285 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

## പാലുല്പാദനത്തിൽ സ്വയംപര്യാപ്തത

155(2764) ശ്രീ . കെ. സി . ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. റോജി എം. ജോൺ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

2018-ലെയും 2019-ലെയും പ്രളയവും കോവിഡ് വ്യാപനവും പാലുല്പാദനത്തിന്റെ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് തടസ്സമായെങ്കിലും സംഘടിത മേഖലയായ ക്ഷീരസഹകരണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്. 2016-17 കാലഘട്ടത്തിൽ 16.27 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സഹകരണ മേഖലയിൽ സംഭരിച്ചപ്പോൾ 2020 ഡിസംബർ മാസം മാത്രം പ്രതിദിനം 21.37 ലക്ഷം ലിറ്റർ പാൽ സഹകരണ മേഖലയിൽ സംഭരിച്ചിട്ടുണ്ട്. മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ഏകദേശം 2 ലക്ഷം ലിറ്റർ പാൽ പ്രതിദിനം അധികമായി സംഭരിക്കുന്നുണ്ട്. ഇങ്ങനെ അധികമായി സംഭരിക്കുന്ന പാൽ തിരുവനന്തപുരം, എറണാകുളം മേഖലായൂണിയനുകൾക്ക് നൽകുകയും ബാക്കിവരുന്ന ഏകദേശം 95000 മുതൽ 1 ലക്ഷം ലിറ്റർ പാൽ വരെ തമിഴ്നാട്ടിലേയ്ക്ക് അയച്ച് പാൽപ്പൊടിയായി സൂക്ഷിക്കുകയും ചെയ്യുന്നു. സഹകരണ മേഖലയിൽ കഴിഞ്ഞ കുറച്ചുമാസങ്ങളായി തുടരുന്നതായ surplus milk സ്ഥിതിവിശേഷം സ്വയംപര്യാപ്തത സ്ഥിരമായി കൈവരിച്ചുവെന്ന് അനുമാനിക്കുന്നതിന് സാധിക്കുന്നതാണ്. Surplus milk പാൽപ്പൊടിയാക്കുന്നതിന് മിൽമയുടെ ആഭിമുഖ്യത്തിൽ ഒരു പാൽപ്പൊടി നിർമ്മാണ ഫാക്ടറി ആരംഭിക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സാധാരണ ഗതിയിൽ ക്ഷീരകർഷകർ വീട്ടാവശ്യവും പ്രാദേശിക വില്പനയും കഴിഞ്ഞതിനുശേഷം മിച്ചംവരുന്ന പാലാണ് സംഘങ്ങളിൽ അളക്കുന്നത്. അതുകൊണ്ടുതന്നെ സഹകരണ മേഖലയിൽ കാണുന്ന ഈ surplus സ്വയംപര്യാപ്തത കൈവരിച്ചു എന്നതിന്റെ നിദാനമാണ്.

(ബി) ക്ഷീരകർഷകരുടെ സാമൂഹികസാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ക്ഷീരകർഷകരുടെ സാമൂഹിക ഉന്നമനത്തിനായി ക്ഷീരകർഷക പെൻഷൻ, കുടുംബ പെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസ ധനസഹായം, കർഷകരുടെ ചികിത്സാ ധനസഹായം, കൂടാതെ ക്ഷീരസാന്ത്വനം (സമഗ്ര ഇൻഷ്വറൻസ്) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ക്ഷീരകർഷകരുടെ സാമ്പത്തിക ഉന്നമനത്തിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീരഗ്രാമം പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, പാലിന് മിൽക്ക് ഇൻസെന്റീവ് എന്നിവയും നടപ്പാക്കുന്നു.

## ചേലക്കര നിയോജകമണ്ഡലത്തിലെ ക്ഷീരകർഷകർക്ക് അനുവദിച്ച ധനസഹായം

156 (2765) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പഴയന്നൂർ, വടക്കാഞ്ചേരി ഡയറി എക്സ്റ്റൻഷൻ ആഫീസുകൾ മുഖേന എന്തെല്ലാം ധനസഹായമാണ് ക്ഷീരകർഷകർക്കായി നൽകിയിട്ടുള്ളത്?

പഴയന്നൂർ ക്ഷീരവികസന ഓഫീസിൽ 2016 മുതൽ 2020 വരെയുള്ള കാലയളവിൽ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിനത്തിൽ 15.71 ലക്ഷം രൂപയും മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി മുഖേന 112.82 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. വടക്കാഞ്ചേരി ക്ഷീരവികസന ഓഫീസിൽ 2016 മുതൽ 2020 വരെയുള്ള കാലയളവിൽ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിനത്തിൽ 1.4 ലക്ഷം രൂപയും മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി മുഖേന 15.53 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) കറവപ്പശു വാങ്ങുന്നതിനായി എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; അവരുടെ പേരുവിവരവും അനുവദിച്ച ധനസഹായവും വ്യക്തമാക്കുമോ?

കറവപ്പശു വാങ്ങുന്നതിനായി വടക്കാഞ്ചേരി ക്ഷീരവികസന ഓഫീസിൽ നിന്നും 13 പേർക്കും പഴയന്നൂർ ക്ഷീരവികസന ഓഫീസിൽ നിന്നും 58 പേർക്കും ധനസഹായം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേരുവിവരം, ധനസഹായത്തുക അനുബന്ധമായി ചേർത്തിരിക്കുന്നു*.

## പാൽ ഉത്പാദനവും ഉപഭോഗവും

157 (2766) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രതിവർഷ പാലുത്പാദനവും ഉപഭോഗവും എത്രവീതമെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിലുള്ള അന്തരം നികത്തുന്നതിനെന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പ്രതിവർഷ പാലുല്പാദനം 25.48 ലക്ഷം മെ.ടണ്ണും ആവശ്യമുള്ളത് 27.59 ലക്ഷം മെട്രിക് ടണ്ണമാണ് നിലവിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ രീതിയിൽ ഉല്പാദനവും ആവശ്യകതയും കണക്കാക്കുമ്പോൾ അനുമാനിക്കേണ്ടത്. പ്രസ്തുത അന്തരമായ 2.11 ലക്ഷം മെട്രിക് ടൺ നികത്തുന്നതിന് സർക്കാർ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ ഒരു പശു, രണ്ട് പശു, അഞ്ച് പശു, പത്ത് പശു, പശുവും കിടാരിയും

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അടങ്ങിയ കോമ്പോസിറ്റ് യൂണിറ്റും ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്തിന്റെ നവീകരണം, ശാസ്ത്രീയ കാലിത്തൊഴുത്ത് നിർമ്മാണം, ധാതുലവണ മിശ്രിതം, വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകൾക്കുള്ള ധനസഹായം, ഫാമുകളുടെ യന്ത്രവൽക്കരണത്തിനുള്ള സഹായം കൂടാതെ തീറ്റപ്പുൽ കൃഷിത്തോട്ടങ്ങളുടെ യന്ത്രവൽക്കരണത്തിനും ലക്ഷ്യം വച്ചുകൊണ്ടുള്ള തീറ്റപ്പുൽകൃഷി പദ്ധതിയും കാലിത്തീറ്റ സബ്സിഡി പദ്ധതിയും, ശാസ്ത്രീയമായ പശുപരിപാലനം ലക്ഷ്യംവച്ചു കൊണ്ടുള്ള വിജ്ഞാന വ്യാപന പരിപാടികളും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ ഉരുക്കളെ വാങ്ങുന്നതിനും കാലിത്തീറ്റ സബ്സിഡിയും പാലിന് പ്രോത്സാഹനവിലയും നൽകി കൂടുതൽ കർഷകരെയും സംരംഭകരെയും ക്ഷീരവൃത്തിയിലേയ്ക്ക് ആകർഷിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ക്ഷീരോൽപ്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ?

ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായി ഉല്പാദനശേഷിയുള്ള കറവപ്പശുക്കളെ ലഭ്യമാക്കുന്നതിനും ഫാമുകളുടെ യന്ത്രവൽക്കരണത്തിനും ലക്ഷ്യം വച്ചുകൊണ്ട് എം.എസ്.ഡി.പി. പദ്ധതി, പച്ചപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും തീറ്റപ്പുൽകൃഷിത്തോട്ടങ്ങളുടെ യന്ത്രവൽക്കരണവും ലക്ഷ്യം വച്ചുകൊണ്ടുള്ള തീറ്റപ്പുൽകൃഷി പദ്ധതി, കാലിത്തീറ്റ സബ്സിഡി പദ്ധതി, ശാസ്ത്രീയമായ പശുപരിപാലനംലക്ഷ്യം വച്ചുകൊണ്ടുള്ള വിജ്ഞാന വ്യാപന പരിപാടികൾ എന്നിവ നടപ്പിലാക്കിവരുന്നു.

**ക്ഷീരകർഷക ക്ഷേമനിധി ബോർഡ്**

158 (2767) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖേന എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ട്?

സംസ്ഥാനത്ത് നിലവിൽ ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖേന 58136 കർഷകർക്ക് പെൻഷൻ നൽകിവരുന്നു.

(ബി) ക്ഷീര കർഷകർക്ക് നിലവിൽ നൽകുന്ന പെൻഷൻ എത്രയാണ്; അത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ക്ഷീര കർഷകർക്ക് നിലവിൽ നൽകി വരുന്ന പെൻഷൻ 1,500 രൂപയാണ്. ഈ തുകയിൽ 1200 രൂപ സർക്കാർ വിഹിതവും 300 രൂപ ക്ഷീരകർഷക ക്ഷേമനിധി വിഹിതവുമാണ്. ക്ഷീര കർഷക പെൻഷൻ നൽകുന്നതിന്റെ മുഖ്യ സാമ്പത്തിക സഹായം സർക്കാരാണ് വഹിക്കുന്നത്. സർക്കാർ മറ്റ് ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുന്നമുറയ്ക്ക് ക്ഷീര കർഷക ക്ഷേമനിധി പെൻഷനും വർദ്ധിക്കുന്നതാണ്.

## മിൽമയുടെ പ്രവർത്തനം

159 (2768) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മിൽമയുടെ പ്രവർത്തനത്തിൽ എന്തൊക്കെ കാതലായ മാറ്റങ്ങളാണ് കൊണ്ടുവന്നത്; വിശദമാക്കാമോ?

കേരളത്തിലെ ക്ഷീരസംഘങ്ങളുടെ ത്രിതല സംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിന് ശ്രീമതി ലിഡ ജേക്കബ് ഐ.എ.എസ്. അദ്ധ്യക്ഷയായി നിയോഗിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും താഴെ പറയുന്ന മാറ്റങ്ങൾ മിൽമയുടെ പ്രവർത്തനത്തിൽ കൊണ്ടുവന്നിട്ടുണ്ട്.

1. മേഖലാ യൂണിയൻ ഭരണസമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിലാക്കി.
2. ഓരോ ജില്ലകളിലെയും ഭരണ സമിതി അംഗങ്ങളുടെ പ്രാതിനിധ്യവും തെരഞ്ഞെടുപ്പും അതത് ജില്ലകളിലെ പ്രതിനിധികളുടെ വോട്ടവകാശം മുഖേന മാത്രമാക്കി.
3. മേഖലാ യൂണിയൻ ഭരണസമിതി തെരഞ്ഞെടുപ്പ് ജനാധിപത്യപരവും സുതാര്യവും ജില്ലകളിലെ അംഗസംഘങ്ങളുടെ എണ്ണത്തിന്റെ അനുപാതത്തിലുമാക്കി.
4. എല്ലാ ജില്ലകളുടെയും ആനുപാതികമായ പ്രാതിനിധ്യം ഭരണ സമിതിയിൽ ഉറപ്പുവരുത്തി.
5. കേരള സഹകരണ നിയമം, ചട്ടം എന്നിവയിൽ ആവശ്യമായ ഭേദഗതികൾ/കൂട്ടിച്ചേർക്കലുകൾ വരുത്തുകയുണ്ടായി.
6. മേഖലാ യൂണിയനുകളിലെ നിയമനങ്ങൾ കൂടുതൽ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ഗവൺമെന്റ് സെക്രട്ടറി അദ്ധ്യക്ഷനായി റിക്രൂട്ട്മെന്റ് കമ്മിറ്റി രൂപീകരിച്ചു.
7. ആപ്കോസ് നിയമാവലി പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ പ്രാഥമിക ക്ഷീര സംഘങ്ങൾക്കും അംഗത്വം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു.

(ബി) ശ്രീമതി ലിഡ ജേക്കബ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ പൂർണ്ണരൂപത്തിൽ നടപ്പിലാക്കിയോ; ഇല്ലെങ്കിൽ ഇതിൽ ഏതെല്ലാം ശിപാർശകളാണ് നടപ്പിലാക്കുവാനുള്ളത്?

ശ്രീമതി ലിഡ ജേക്കബ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ടുകൾ വളരെ സമഗ്രവും ഈ മേഖലയിലെ യഥാർത്ഥ പ്രതിസന്ധികൾക്കുള്ള പരിഹാരം നിർദ്ദേശിക്കുന്നതുമായിരുന്നു. ഈ റിപ്പോർട്ടിൽ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന വിഷയങ്ങളും നടപ്പിലാക്കേണ്ടരീതിയും പ്രായോഗികതയും സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് 7 അംഗസമിതിയെ നിയോഗിച്ചു. ഈ ഹൈ ലെവൽ കമ്മിറ്റിയിൽ രജിസ്ട്രാർ (ഡയറി), മാനേജിംഗ് ഡയറക്ടർ (KCMMF), ജോയിന്റ് സെക്രട്ടറി (ക്ഷീരവികസനം, മൃഗസംരക്ഷണം), ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, ഡീൻ, ഫാക്കൽറ്റി ഓഫ് ഡെയറി സയൻസ് (KVASU), ജോയിന്റ് ഡയറക്ടർ (ജനറൽ), മാനേജിംഗ് ഡയറക്ടർ, (കെ.എൽ. ഡി.ബോർഡ്) എന്നിവർ ഉൾപ്പെടുന്നു. ഈ ഉന്നതതല കമ്മിറ്റി ഒക്ടോബർ 2019-ന് റിപ്പോർട്ട് സമർപ്പിക്കുകയും സർക്കാരിൽ 2020 മാർച്ച് മാസം ലഭ്യമാക്കുകയുമുണ്ടായി. ആയത് സംബന്ധിച്ച് വിശദമായ പഠനം നടത്തുകയും ഇതിൽ നടപ്പിലാക്കാൻ കഴിയുന്ന വിഷയങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. ക്ഷീര മേഖലയുമായി ബന്ധപ്പെട്ട് റിപ്പോർട്ടിലെ പ്രധാനമായും നടപ്പിലാക്കാത്ത ശിപാർശകൾ താഴെ പറയുന്നവയാണ്. ഇവ സർക്കാരിന്റെ പരിഗണനയിലാണ്.

1. മേഖലാ യൂണിയനുകളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുക.
2. അംഗസംഘങ്ങൾ മേഖലാ യൂണിയനിലെടുക്കുന്ന ഓഹരി തുകയ്ക്ക് ആനുപാതികമായ ലാഭവിഭജനം നൽകുക.
3. R&D വിംഗ് കൂടുതൽ പ്രഫഷണലുകളെ ഉൾപ്പെടുത്തി കൂടുതൽ ശാക്തീകരിക്കുക.
4. ഡയറികളിലും കാലിത്തീറ്റ ഫാക്ടറികളിലും പെർഫോമൻസ് ഓഡിറ്റും ടെക്നിക്കൽ ഓഡിറ്റും ഏർപ്പെടുത്തുക.
5. ഫെഡറേഷന് കീഴിൽ എല്ലാ മേഖലാ യൂണിയനുകളിലേയും ഫെഡറേഷനിലെയും അസിസ്റ്റന്റ് മാനേജർ മുതൽ മുകളിലോട്ടുള്ള തസ്തിക പൊതു കേഡറിൽ കൊണ്ടുവരിക.
6. ഫെഡറേഷനിലെ പ്രോഗ്രാം കമ്മിറ്റി ശക്തിപ്പെടുത്തുക.
7. മേഖലായൂണിയന്റെ ഭരണസമിതി അംഗങ്ങളുടെ കാലാവധി പരമാവധി മൂന്ന് term ആയി നിജപ്പെടുത്തുക
8. പ്രാഥമിക ക്ഷീരസംഘം ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം നൽകുന്നതിലേയ്ക്ക് പാൽ വില്പനവിലയുടെ കുറഞ്ഞത് 6 ശതമാനമെങ്കിലും ക്ഷീരസംഘങ്ങൾക്ക് നൽകണം.
9. കാലിത്തീറ്റ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിയമ നിർമ്മാണം നടത്തുക.

(സി) മിൽമ മേഖലാ യൂണിയനുകളിലെ നിയമനപ്രക്രിയ നിലവിൽ എപ്രകാരമാണ്; ആയത് സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്?

മേഖലാ യൂണിയനുകളിലെ നിയമനപ്രക്രിയ നിലവിൽ റിക്രൂട്ട്മെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് നടത്തിവരുന്നത്. മേഖലാ യൂണിയനുകളിലെ നിയമനം സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ക്ഷീരവികസന വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ G.O.(Rt) No 117/2018/DD dated 21-11-2018 പ്രകാരം റിക്രൂട്ട്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) ക്ഷീര സഹകരണ സംഘങ്ങൾക്കായി എന്തെങ്കിലും പുതിയ പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ക്ഷീര സഹകരണ സംഘങ്ങളുടെ ഊർജ്ജ പരിപാലന പദ്ധതിയുടെ ഭാഗമായി വരൾച്ചയെ നേരിടുന്നതിനായി മഴവെള്ളസംഭരണി സ്ഥാപിക്കുന്നതിനുള്ള ധനസഹായ പദ്ധതി ആരംഭിച്ചു.

2. വയ്ക്കോൽ/പച്ചപ്പുൽ എന്നിവ കർഷകർക്ക് ലഭിക്കുന്നതിൽ ഇടനില ക്കാരുടെ ചൂഷണത്തിന് വിധേയമായി കൂടുതൽ വില നൽകേണ്ടി വരുന്ന സാഹചര്യമുണ്ടായിരുന്നു. ക്ഷീര സംഘങ്ങളിലൂടെ കുറഞ്ഞ വിലയ്ക്ക് വയ്ക്കോൽ, പച്ചപ്പുൽ എന്നിവ സംഭരിച്ച് ക്ഷീര കർഷകർക്ക് വിതരണം നടത്തുന്നതിന് പദ്ധതി നടപ്പിലാക്കി.

3. പാൽ ശീതീകരിക്കുന്നതിനും, മറ്റും ആവശ്യമായി വരുന്ന വൈദ്യുതി ചാർജ്ജ് പല സംഘങ്ങൾക്കും താങ്ങാവുന്നതിൽ അധികമാണ്. ഇതിന് ഒരു പരിഹാരം കാണുന്നതിനായി ക്ഷീരസഹകരണ സംഘങ്ങൾക്ക് സോളാർ പവർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

4. ക്ഷീരസഹകരണ സംഘങ്ങളുടെ മലിനീകരണ നിയന്ത്രണത്തിനായി low cost ETP സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. കൂടുതൽ സംഘങ്ങളെ യന്ത്രവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും അക്കൗണ്ടിംഗ് കുറ്റമറ്റതാക്കുന്നതിനും പാൽ സംഭരണം ഗുണനിലവാര നിർണ്ണയം, പാൽ വില നിശ്ചയിക്കൽ എന്നിവ സുതാര്യമാക്കുന്നതിനും

ക്ഷീരസംഘങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും വെബ് അധിഷ്ഠിത യൂണിഫൈഡ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി കരാറിലേർപ്പെടുകയും സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. സമീപഭാവിയിൽ തന്നെ ക്ഷീരസഹകരണ സംഘങ്ങൾ വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള ഓഫീസുകൾ, മേഖലാ യൂണിയനുകൾ, സഹകരണ ഓഡിറ്റ് വിഭാഗം എന്നിവ ഈ സോഫ്റ്റ്‌വെയറിലൂടെ സംയോജിപ്പിക്കാൻ സാധിക്കുന്നതാണ്.

7. വിജ്ഞാനവ്യാപന പ്രവർത്തനത്തിനുള്ള ഒരു ഹബ്ബായും ക്ഷീര സഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്.

8. ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി ആരംഭിച്ചു.

9. ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരമേഖലയെ സമ്പുഷ്ടീകരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ " Comprehensive Co-operative Propaganda Programme" എന്ന ബൃഹത് പദ്ധതി നടപ്പിലാക്കി.

10. ക്ഷീരസംഘങ്ങളിലെ വനിതകളുടെ പങ്കും പ്രാതിനിധ്യവും അവലോകനം ചെയ്യുന്നതിനായി ക്ഷീര സഹകരണ മേഖലയിൽ വനിതാ സർവ്വേ പൂർത്തീകരിച്ചു.

11. ക്ഷീരസഹകരണ സംഘങ്ങളിൽ സംഭരിക്കുന്നതും, കൈകാര്യം ചെയ്യുന്നതും വിപണനം ചെയ്യുന്നതുമായ പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുവേണ്ടി സംഘങ്ങളിൽ ലാബ് സൗകര്യം നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ, മിൽക്ക് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഡ്രൈവ് എന്ന ത്രൈമാസ പദ്ധതിയും നടപ്പിലാക്കിവരുന്നു.

**ശമ്പളവിതരണം**

160 (2769) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിൽ ഡയറി ഫാം ഇൻസ്ട്രക്ടർമാരായി 19-8-2020-ന് ജോയിൻ ചെയ്ത മുപ്പതോളം പേർക്ക് (മറ്റ് സർക്കാർ സർവീസുകളിൽനിന്നും റിലീവ് ചെയ്ത് വന്നവർക്ക്) അഞ്ചുമാസക്കാലമായി ശമ്പളം ലഭിച്ചിട്ടില്ലെന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഡയറി ഫാം ഇൻസ്ട്രക്ടർ ട്രെയിനികൾക്ക് സ്റ്റൈപന്റ് മാത്രം നൽകുന്നതിനാണ് സ്പാർക്കിൽ പ്രൊവിഷനുള്ളത്. മറ്റ് വകുപ്പുകളിൽനിന്നും റിലീവ് ചെയ്ത് വന്നവർക്ക് LPC പ്രകാരം ശമ്പളം നൽകേണ്ടി വന്നതിനാൽ ഇതുസംബന്ധിച്ച മാറ്റം വരുത്തേണ്ടതായിവന്നു.

(ബി) സ്പാർക്ക് സോഫ്റ്റ്‌വെയറിന്റെ തകരാർമൂലമാണോ ഇവർക്ക് ശമ്പളം ലഭിക്കാത്തത്; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇവർക്ക് എത്ര ദിവസത്തിനുള്ളിൽ ശമ്പളം വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അതെ. നിലവിൽ സ്പാർക്ക് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ആകെയുള്ള 29 പേരിൽ (മറ്റ് സർക്കാർ സർവ്വീസിൽനിന്നും റിലീവ് ചെയ്ത് വന്നവർക്ക്) 13 പേർക്ക് ശമ്പളം മാറി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 16 പേർക്കുകൂടി ശമ്പളം നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു. രണ്ട് ആഴ്ചയ്ക്കുള്ളിൽ മറ്റുള്ളവർക്കുകൂടി ശമ്പളം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മൃഗശാലകളുടെ വികസനം

161 (2770) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മൃഗശാലകളുടെ വികസനത്തിനുവേണ്ടി എത്ര തുക ചെലവഴിച്ചു?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗശാലകളുടെ വികസനത്തിനായി 25,21,93,399 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ മൃഗശാലകളിൽ നിന്ന് എത്ര തുക വരുമാനം ലഭിച്ചു?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,59,10,435 രൂപ മൃഗശാലകളിൽനിന്നും വരുമാനമായി ലഭിച്ചിട്ടുണ്ട്

(സി) മൃഗശാല വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

തിരുവനന്തപുരം മൃഗശാല ആധുനികവത്കരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം വാങ്ങുകയും, മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്ത പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. മലയണ്ണാൻ, കുറുക്കൻ, നീലക്കാള, ബാർക്കിംഗ് ഡിയർ, ഇന്ത്യൻ

കാട്ടുപോത്ത്, കറുത്ത അരയന്നം, നീർനായ, ജലപക്ഷികൾ എന്നിവയ്ക്കു വേണ്ടിയുള്ള വിശാലമായ പരിബന്ധനം പൂർത്തീകരിച്ചു. കടുവ, കൃഷ്ണമൃഗം, പന്നിമാൻ, സിംഹം, കുരങ്ങൻ, മ്ലാവ് എന്നിവയെ പാർപ്പിക്കുന്ന കൂടുകൾ നവീകരിച്ചു. ചിത്രശലഭ പാർക്ക്, വിദേശ പക്ഷികളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനം, മൃഗശാലാ സ്റ്റോറും ഓഫീസും ചേർന്ന കെട്ടിട സമുച്ചയം, ഇന്റർപ്രട്ടേഷൻ സെന്ററുകൾ എന്നിവ സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയുടെ രണ്ടാംഘട്ടത്തിൽ പൂർത്തീകരിക്കുന്ന രീതിയിൽ ജോലികൾ പുരോഗമിച്ചുവരുന്നു. മൃഗശാലയിൽ ക്വാറന്റൈൻ സ്റ്റേഷൻ, കരപ്പക്ഷികൾക്ക് മാത്രമായിട്ടുള്ള വിശാലമായ പരിബന്ധനം എന്നിവ നിർമ്മിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്. വണ്ടല്ലൂർ മൃഗശാലയിൽ നിന്നും 2 ജോഡി വെള്ള മയിലുകൾ, 2 ജോഡി പെരുംപാമ്പുകൾ, അഞ്ച് ജോഡി വർണ്ണക്കൊക്കുകൾ, ഒരുജോഡി ഒട്ടകപ്പക്ഷി, നാഗാലാന്റ് മൃഗശാലയിൽനിന്നും ഹിമാലയൻ കരടികൾ, കാൺപൂർ മൃഗശാലയിൽനിന്നും ഒരു ജോഡി കഴുതപ്പുലികൾ എന്നിവയെ ലഭ്യമാക്കി. പീലിക്കുള മൃഗശാലയിൽ നിന്നും 2:1 അനുപാതത്തിൽ രാജവെമ്പാല, 2:2 അനുപാതത്തിൽ ബാർക്കിംഗ് ഡിയർ, നെഹ്റു സുവോളജിക്കൽ പാർക്കിൽ നിന്നും 1:1 അനുപാതത്തിൽ സ്ലോത്ത് ബിയർ, 2:2 അനുപാതത്തിൽ ഗ്രീൻ ഇഗ്വാനകൾ എന്നിവയെ ലഭ്യമാക്കുന്നതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങി മൃഗങ്ങളെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## അനിമൽ ഹാൻഡ്‌ലിംഗ് ഇൻ സൂ ആൻഡ് ഫോറസ്റ്റ് കോഴ്സ്

162 (2771) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാലയ്ക്ക് കീഴിൽ ഇന്ത്യയിൽ തന്നെ ആദ്യമായി ആരംഭിച്ച 6 മാസം ദൈർഘ്യമുള്ള അനിമൽ ഹാൻഡ്‌ലിംഗ് ഇൻ സൂ ആൻഡ് ഫോറസ്റ്റ് കോഴ്സ് ആദ്യ ബാച്ച് പൂർത്തിയാക്കി പരിശീലനം ലഭിച്ച ആദിവാസി സെറ്റിൽമെന്റിൽപ്പെട്ട മുപ്പത് പേർക്ക് നാളിതുവരെ തൊഴിലൊന്നും ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) 2016 നവംബറിൽ ആരംഭിച്ച പ്രസ്തുത കോഴ്സ് ഇപ്പോഴും തുടരുന്നുണ്ടോ; എങ്കിൽ എത്രപേർ പഠനം പൂർത്തിയാക്കിയെന്ന് അറിയിക്കുമോ ?

ഇപ്പോൾ ഈ കോഴ്സിൽ ആരും പരിശീലനത്തിനില്ല. 2016-ൽ ആരംഭിച്ച ഈ കോഴ്സിൽ ആകെ 30 കുട്ടികൾ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പഠനം പൂർത്തിയാക്കിയ മുഴുവൻ വിദ്യാർത്ഥികൾക്കും ജോലി ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഈ കോഴ്സ് വനം വകുപ്പ്/മ്യൂസിയം മൃഗശാല വകുപ്പ്/ടൂറിസം/ പട്ടികവർഗ്ഗ വികസം, തുടങ്ങിയ വകുപ്പുകളിൽ സാധ്യമായ ജോലികൾക്ക് പരിഗണിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**പുതിയ വെറ്ററിനറി കോളേജ് ആരംഭിക്കാൻ നടപടി**

163 (2772) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർ ധാരാളമുള്ള നമ്മുടെ സംസ്ഥാനത്ത് ആകെ രണ്ട് വെറ്ററിനറി കോളേജുകൾ മാത്രമാണുള്ളതെന്നും ആയത് അപര്യാപ്തമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ തെക്കൻ ജില്ലകൾ കേന്ദ്രീകരിച്ച് പഠനത്തിനും ഗവേഷണ ത്തിനുമായി ഒരു വെറ്ററിനറി കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

(എ&ബി) അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല, എന്നാൽ വെറ്ററിനറി സർവ്വക ലാശാലയുടെ പ്രവർത്തനം സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വെറ്ററിനറി കോളേജിന്റെ സാന്നിദ്ധ്യമില്ലാത്ത തെക്കൻ ജില്ലകളിൽ പുതിയ ഒരു കോളേജ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സർവ്വകലാശാല അറിയിച്ചതിൻപ്രകാരം ആയത് സർക്കാർ പരിശോധിച്ചുവരികയാണ്.

**ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള തടയണകൾ**

164 (2773) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയുടെ അതിർത്തിക്കകത്ത് ഭാരതപ്പുഴയ്ക്ക് കുറുകെ എത്ര തടയണകൾ നിർമ്മിച്ചിട്ടുണ്ട്; ഏതെല്ലാമെന്ന് വിശദാംശം ലഭ്യമാക്കാമോ ?

പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയ്ക്കുകുറുകെ ഇറിഗേഷൻ വകുപ്പ് 8(എട്ട്) തടയണകളും കേരള വാട്ടർ അതോറിറ്റി 2 തടയണകളും നിർമ്മിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഭാരതപ്പുഴയ്ക്ക് കുറുകെ ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഒരു തടയണ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭാരതപ്പുഴയ്ക്ക് കുറുകെ ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ പരിസരത്ത് തടയണ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പര്യവേഷണ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 2018-19 കാലയളവിലെ പ്രളയത്തെത്തുടർന്ന് പുഴയുടെ സ്വാഭാവിക ഘടനയിലുണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ട് പുതിയ തടയണ നിർമ്മിക്കുന്നതിനുവേണ്ട പര്യവേഷണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള കുടിശ്ശിക

165 (2774) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ?

31-12-2020-ലെ ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡി.സി.ബി.) പ്രകാരം 671 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ വെള്ളക്കരം, പലിശ, പിഴപ്പലിശ എന്നീ ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള കുടിശ്ശിക.

(ബി) അത് ഈടാക്കാൻ വാട്ടർ അതോറിറ്റി എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

വാട്ടർ അതോറിറ്റിയിൽനിന്നും കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്തുകൾ നൽകിവരുന്നു. കുടിശ്ശിക തുക സംബന്ധിച്ച് തർക്കമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി തർക്കങ്ങൾ പരിഹരിച്ചുവരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം 2017 വരെ കണക്കാക്കിയ കുടിശ്ശിക തുകയായ 281 കോടി രൂപയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്നും 155 കോടി രൂപ കുറവ് ചെയ്ത് K.S.E.B-യുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് ലഭ്യമാക്കുകയും ആ തുക വാട്ടർ അതോറിറ്റി K.S.E.B.-യ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

## ടെക്നിക്കൽ സ്പെഷ്യൽ റൂൾ

166 (2775) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ടെക്നിക്കൽ സ്പെഷ്യൽ റൂളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷമായെന്നറിയിക്കാമോ?

ഉണ്ട്. വാട്ടർ അതോറിറ്റിയുടെ രൂപീകരണകാലം മുതൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ പരിഷ്കരണത്തിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി 10-2-2016-ന് നടന്ന കേരള വാട്ടർ അതോറിറ്റിയുടെ 385-ാമത് യോഗത്തിലെ 10329-ാം നമ്പർ തീരുമാനത്തിന്റെ കരട് റൂളിൻമേലുള്ള നടപടികളാണ് നിലവിൽ പുരോഗമിക്കുന്നത്.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ടെക്നിക്കൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ആയതിന്മേൽ ഏതെല്ലാം വിഭാഗങ്ങളുമായി ചർച്ച നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

ഈ സർക്കാർ നിലവിൽ വന്നശേഷം ടെക്നിക്കൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു. ടെക്നിക്കൽ സർവ്വീസ് റൂൾസ് രൂപീകരണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19-7-2010-ലെ 11884/R1/07/P&ARD നമ്പർ പരിപത്രത്തിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 8-9-2010-ലെ 11870/BPE1/10/PLG നമ്പർ പരിപത്രത്തിന്റെയും അടിസ്ഥാനത്തിൽ കരട് ചട്ടത്തിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മാനേജ്മെന്റ് വിവിധ സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. കൂടാതെ ജലവിഭവ വകുപ്പ് സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായും വിവിധ സർവ്വീസ് സംഘടനകളുമായും 22-6-2019-ന് ഒരു ചർച്ച നടത്തിയിരുന്നു. തുടർന്ന് വിവിധ സർവ്വീസ് സംഘടനകളുടെയും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെയും അഭിപ്രായങ്ങൾ കൂടി പരിഗണിച്ചതിനുശേഷം തയ്യാറാക്കിയ കരട് ചട്ടത്തിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം 5-2-2020-ൽ തേടുകയുണ്ടായി. എന്നാൽ 19-10-2020-ലെ കത്ത് പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ ഇതിന്മേൽ ചില സ്പഷ്ടീകരണങ്ങൾ ആരായുകയുണ്ടായി. അതിന്മേൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ വിശദാംശങ്ങൾ 22-12-2020-ന് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ആയത് വിശദമായി പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത റൂൾ പുറപ്പെടുവിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ടെക്നിക്കൽ സർവ്വീസ് റൂൾസ് രൂപീകരിക്കുന്നതിന് നിയമപ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സമയം വേണമെന്നതൊഴിച്ചാൽ മറ്റ് തടസ്സങ്ങളൊന്നും നിലവിലില്ല. സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിച്ച് എത്രയും വേഗം പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽതന്നെ സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കാൻ സാധിക്കുമോയെന്നറിയിക്കാമോ?

ടെക്നിക്കൽ സർവ്വീസ് റൂൾസ് രൂപീകരിക്കുന്നതിന് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സമയം വേണമെന്നതൊഴിച്ചാൽ മറ്റ് തടസ്സങ്ങളൊന്നും നിലവിലില്ല. സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിച്ച് എത്രയും വേഗം പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കോരപ്പുഴ അഴിമുഖത്തെ മണൽ നീക്കൽ

167 (2776) ശ്രീ. കെ ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിന്റെ ഭാഗമായ കോരപ്പുഴ അഴിമുഖത്തെ മണൽ നീക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയാണ് സർക്കാർ അനുവദിച്ചത്?

കൊയിലാണ്ടി നിയോജകമണ്ഡലത്തിന്റെ ഭാഗമായ കോരപ്പുഴ അഴിമുഖത്തെ മണൽ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് മൂന്ന് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന തടസ്സങ്ങൾ ഇപ്പോൾ പരിഹരിച്ച് കഴിഞ്ഞോ; ഇപ്പോൾ കരാർ ഏറ്റെടുത്ത കമ്പനി/വ്യക്തി ഏതാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല, M/s സതേൺ ഡ്രെഡ്ജിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ഫ്ലാറ്റ് നമ്പർ 905, പയനിയർ ടവേഴ്സ് മറൈൻ ഡ്രൈവ്, കൊച്ചി, കേരള- 682031-ന് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല.

(സി) കരാർ പ്രകാരമുള്ള പ്രവൃത്തി എന്ന് ആരംഭിക്കും; വിശദമാക്കാമോ; പ്രവൃത്തി ആരംഭിച്ച് എത്ര സമയത്തിൽ തീർക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കരാർ ഉടമ്പടിയുടെ ഭാഗമായ ഡ്രെഡ്ജിംഗ് മെറ്റീരിയൽ നിക്ഷേപിക്കുന്ന സ്ഥലം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി കരാറുകാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നൽകിയിരിക്കുകയാണ്. (ഡബ്ല്യൂ.പി.(സി) 627/2021) പ്രസ്തുത കേസിന്മേൽ ബഹുമാനപ്പെട്ട കോടതിയുടെ വിധി പുറപ്പെടുവിക്കുന്നമുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കാനുള്ള തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്. പ്രവൃത്തി എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത്, 18 മാസംകൊണ്ട് തീർക്കാനാണ് ഉദ്ദേശിക്കുന്നത്.

## മലപ്പുറം മണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിലുള്ള പ്രവൃത്തികൾ

168 (2777) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ നടപ്പാക്കിവരുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതികൾ വിശദീകരിക്കാമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ നടപ്പാക്കി വരുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) വിവിധ ഭാഗങ്ങളിൽ കടലുണ്ടിപ്പുഴയുടെ കരകൾ സംരക്ഷിക്കുന്നതിന് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി; ഓരോന്നിന്റെയും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കടലുണ്ടിപ്പുഴയുടെ കരകൾ സംരക്ഷിക്കുന്നതിന് 13 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### എടവനക്കാട് ജല അതോറിറ്റിയുടെ പുതിയ ഓഫീസ്

169 (2778) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനസാന്ദ്രതയും ഭൂപ്രകൃതിയും കണക്കിലെടുത്ത് വൈപ്പിൻ നിയോജക മണ്ഡലത്തിലെ എടവനക്കാട് കേന്ദ്രീകരിച്ച് ജല അതോറിറ്റിയുടെ പുതിയ ഓഫീസ് പ്രവർത്തനമാരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ?

നിലവിൽ എറണാകുളം ജില്ലയിൽ പറവൂർ സബ് ഡിവിഷനു കീഴിൽ ഞാറയ്ക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നത് എടവനക്കാടിന് സമീപമാണ്. ആയതിനാൽ എടവനക്കാട് കേന്ദ്രീകരിച്ച് ജല അതോറിറ്റിയുടെ പുതിയ ഓഫീസ് പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

### കക്കാട് - മാളിയേക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

170 (2779) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരശ്ശേരി, കൊടിയത്തൂർ പഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്ത കക്കാട്-മാളിയേക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പദ്ധതിയുടെ വിശദാംശവും ലഭ്യമാക്കുമോ ;

(ബി) ടി പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ&ബി) 125 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കിയ കാരശ്ശേരി പഞ്ചായത്തിലെ മാളിയേക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 21-12-2020-ൽ ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും പങ്കെടുക്കാത്തതിനാൽ 4-1-2021-ൽ റീ ടെണ്ടർ ചെയ്തിട്ടുണ്ട്. 19-1-2021-ൽ തുറക്കുന്ന രണ്ടാം റീടെണ്ടറിൽ കരാറുകാരിൽ നിന്നും ലഭ്യമായ പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ, നിബന്ധനകൾ പ്രകാരമുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി 2021 ഫെബ്രുവരിക്കുള്ളിൽ പദ്ധതി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു

## പല്ലാർമംഗലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

171 (2780) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ പല്ലാർമംഗലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

പല്ലാർമംഗലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 46 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്തിലെ പള്ളംതുരുത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നവീകരണത്തിനായി എന്തെല്ലാം നടപടി സ്വീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

ലെക്കിടിപേരൂർ പഞ്ചായത്തിലെ പള്ളംതുരുത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നവീകരണത്തിനായി 70 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## താഴേക്കോട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതി

172 (2781) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലുൾപ്പെട്ട താഴെക്കോട്, ആലിപ്പറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി വിഭാവനം ചെയ്ത താഴെക്കോട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടമായി വാട്ടർ അതോറിറ്റി തയ്യാറാക്കിയ പദ്ധതിരേഖയ്ക്ക് തുക അനുവദിക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

താഴെക്കോട്, ആലിപ്പറമ്പ് കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടം പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി 138 കോടി രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് ജലവിഭവ വകുപ്പുമന്ത്രി നൽകിയ കുറിപ്പിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വാട്ടർ അതോറിറ്റി തയ്യാറാക്കിയ 28.75 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടിന്മേൽ ഭരണാനുമതി നൽകുന്നതിന് വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

138 കോടി രൂപയുടെ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് താഴേക്കോട്-ആലിപ്പറമ്പ പഞ്ചായത്തുകളിൽ 19 ലക്ഷം ലിറ്റർ ശേഷിയുള്ള ഓരോ ഉപരിതല സംഭരണി സ്ഥാപിക്കേണ്ടതായുണ്ട്. പഞ്ചായത്ത് കൈമാറിയ ഭൂമി, പദ്ധതിയുടെ നടത്തിപ്പിന് സാങ്കേതികമായി അനുയോജ്യമല്ലാത്തതിനാൽ പുതിയ സ്ഥലം കണ്ടെത്തേണ്ടതായിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയിൽ താഴേക്കോട്-ആലിപ്പറമ്പ പദ്ധതി നടപ്പിലാക്കാനുള്ള സാദ്ധ്യതയും പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായ സാഹചര്യത്തിൽ ഏകദേശം ഇരുപതിനായിരത്തിലധികം വരുന്ന കുടുംബങ്ങൾക്ക് പ്രയോജനകരമായതിനാൽ ടി പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിനാവാശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി

173 (2782) <u>ശ്രീ. കെ. എൻ. എ. ഖാദർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24 കോടി രൂപ ചെലവഴിച്ച് 2019 ഡിസംബറിൽ കമ്മീഷൻ ചെയ്ത വേങ്ങര നിയോജകമണ്ഡലത്തിലെ കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന തരത്തിൽ ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ?

24 കോടി രൂപ ചെലവഴിച്ച് 2019 ഡിസംബറിൽ കമ്മീഷൻ ചെയ്ത വേങ്ങര നിയോജകമണ്ഡലത്തിലെ കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നത് ലക്ഷ്യമിട്ട് 9163 ഗാർഹിക കുടിവെള്ള കണക്ഷനുകൾ

നൽകുന്നതിനുള്ള 1261 ലക്ഷം രൂപയുടെ പദ്ധതിക്ക് ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി രണ്ട് തവണ ദർഘാസ് ക്ഷണിച്ചിരുന്നുവെങ്കിലും ആരും പങ്കെടുക്കാത്തതുകാരണം നടപ്പിലാക്കാനായില്ല. തുടർന്ന് പ്രസ്തുത പദ്ധതി അഞ്ച് പ്രവൃത്തികളായി വിഭജിച്ച് ദർഘാസ് ക്ഷണിക്കുകയുണ്ടായി. ഇതിൽ 1832 കുടിവെള്ള കണക്ഷനുകളുൾപ്പെട്ട ഒരു പ്രവൃത്തിയുടെ ദർഘാസ് നടപടി പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. ബാക്കി പ്രവൃത്തികൾക്കായി പുനർദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(ബി) ഗാർഹിക കണക്ഷനുകൾ നൽകുന്നതിനും മറ്റുപ്രവൃത്തികൾക്കുമായി റോഡ് കട്ട് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് തടസ്സമുന്നയിച്ചിട്ടുണ്ടോ; വകുപ്പുകൾ തമ്മിലുള്ള ചർച്ചയിലൂടെ പ്രസ്തുത തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഗാർഹിക കണക്ഷനുകൾ നൽകുന്നതിനും മറ്റുപ്രവൃത്തികൾക്കുമായി റോഡ് കട്ട് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്.

## മാന്നന്നൂർ ഉരുക്ക് തടയണ പുനർനിർമ്മാണം

174 (2783) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ പ്രളയത്തിൽ തകർന്ന ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിലെ മാന്നന്നൂർ ഉരുക്ക് തടയണ പുനർനിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടി ഇതുവരെ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; പ്രസ്തുത തടയണയുടെ പുനർനിർമ്മാണപ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

2018-ലെ പ്രളയത്തിൽ തകർന്ന മാന്നന്നൂർ ഉരുക്ക് തടയണയുടെ ഇരുവശവും ഉയർത്താൻ കഴിയുന്ന ഷട്ടറോടുകൂടിയ വെന്റ് നൽകി പുനർനിർമ്മിക്കാനും, ഇടിഞ്ഞുപോയ വലതുകരയിലെ പാർശ്വഭിത്തികൾ ഷീറ്റ് പൈൽ/ കൗണ്ടർഫോർട്ട് റീറ്റെയ്നിംഗ് വാൾ ഉപയോഗിച്ച് പുനഃസ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കി വരുന്നു. ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## വള്ളിക്കുന്ന് മണ്ഡലത്തിലെ സമഗ്രമായ കുടിവെള്ള പദ്ധതി

175 (2784) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ സമഗ്രമായ കുടിവെള്ള പദ്ധതിക്കായി ചാലിയാറിൽനിന്ന് വെള്ളമെടുത്ത് മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ആവശ്യമായ വെള്ളം ലഭ്യമാക്കുന്ന കുടിവെള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നുണ്ടോ; പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തുന്നതെന്ന് അറിയിക്കാമോ ?

വള്ളിക്കുന്ന് മണ്ഡലത്തിൽ സമഗ്രമായ കുടിവെള്ള പദ്ധതിക്കായി ചാലിയാറിൽ നിന്ന് വെള്ളമെടുത്ത് മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ആവശ്യമായ വെള്ളം ലഭ്യമാക്കുന്ന കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാനുള്ള സർവ്വേക്കുള്ള ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ചേലമ്പ്ര, തേഞ്ഞിപ്പാലം, വള്ളിക്കുന്ന്, മൂന്നിയൂർ (ഭാഗികം) എന്നീ പഞ്ചായത്തുകളും പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്നു.

(ബി) ഇതിന് ആവശ്യമായ സർവ്വേയ്ക്ക് എം.എൽ.എ. ഫണ്ട് വകയിരുത്തിയിട്ട് അതിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യകതമാക്കാമോ; നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

15 ലക്ഷം രൂപയുടെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചേലമ്പ്ര, തേഞ്ഞിപ്പാലം, വള്ളിക്കുന്ന്, മൂന്നിയൂർ, പെരുവള്ളൂർ, പഞ്ചായത്തുകൾക്കായി സർവ്വേ പ്രവൃത്തിക്കു വേണ്ടി 3-11-2020-ന് ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് 28-11-2020 വരെ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടിയെങ്കിലും ഒരു ദർഘാസ് മാത്രമേ ലഭിച്ചിരുന്നുള്ളൂ. നിലവിലെ ടെണ്ടർ നടപടിക്രമം അനുസരിച്ച് പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും 24-12-2020-ന് പുനർദർഘാസ് ക്ഷണിക്കുകയും ചെയ്തു. 13-1-2021-ന് ടി ടെണ്ടർ തുറന്ന് പരിശോധിക്കുകയും രണ്ടാമതും ലഭിച്ച ഒരേയൊരു ടെണ്ടർ നിലവിലെ ടെണ്ടർ നടപടിക്രമം പാലിച്ച് വിശദ പരിശോധനക്കുശേഷം പ്രവൃത്തിക്ക് ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ ത്രിതല പഞ്ചായത്തുകൾ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് ഉപയോഗിച്ച് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പൈപ്പ് ലൈൻ ഡെപ്പോസിറ്റ് വർക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതികൾ നടപ്പിലാക്കിയതെന്ന് വിശദമായി ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മീനച്ചിൽ നദിയുടെ പാർശ്വഭിത്തി ഇടിഞ്ഞുണ്ടാകുന്ന അപകടങ്ങൾ

176 (2785) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം നിയോജകമണ്ഡലത്തിൽ മീനച്ചിൽ നദിയുടെ പാർശ്വഭിത്തി ഇടിഞ്ഞ് അപകടങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ ഈ ധനകാര്യ വർഷം ഇതുമായി ബന്ധപ്പെട്ട് എത്ര പ്രവൃത്തികൾ കോട്ടയം മണ്ഡലത്തിൽ പൂർത്തിയാക്കിയെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ?

കോട്ടയം നിയോജകമണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം മീനച്ചിൽ നദിയുടെ പാർശ്വഭിത്തി സംരക്ഷണത്തിനായി എസ്.ഡി.ആർ.എഫിൽ ഉൾപ്പെടുത്തി 47.30 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു. ഈ സാമ്പത്തികവർഷം കോട്ടയം നിയോജകമണ്ഡലത്തിൽ മീനച്ചിൽ നദിയുടെ പാർശ്വഭിത്തി സംരക്ഷണ ത്തിനായുള്ള പ്രവൃത്തികളൊന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല. നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## തണ്ണീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം

177 (2786) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ തണ്ണീർതടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിനകത്തുവരുന്ന തണ്ണീർതടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണത്തിനായി ഹരിതകേരളം ശീർഷകത്തിൽ അനുവദിച്ച തുക വിനിയോഗിച്ച് ചിറയിൽക്കുളം, വേളൂർക്കുളം, തണ്ണിക്കുളം, കിടങ്ങയിൽ പുത്തൻകുളം, ആര്യൻ പാടൻ ചാൽ, കുനൽ ചാൽ തുടങ്ങിയവയുടെ പുനരുദ്ധാരണം ലക്ഷ്യമിട്ടുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഇവ പുരോഗതിയിലാണ്.

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി കരുനാഗപ്പള്ളി മണ്ഡലത്തിലെ പൊതുകുളങ്ങളെ സംബന്ധിച്ച സ്ഥിതിവിവര കണക്ക് ശേഖരണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ആറാമത് മൈനർ ഇറിഗേഷൻ സെൻസസിന്റെയും വാട്ടർ ബോഡി സെൻസസിന്റെയും ഭാഗമായി കരുനാഗപ്പള്ളി മണ്ഡലത്തിനകത്തുവരുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന പൊതുകുളങ്ങൾ സംബന്ധിച്ച

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്ഥിതിവിവരക്കണക്ക് ശേഖരിക്കുന്നുണ്ട്. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, തഴവ, ഓച്ചിറ, ആലപ്പാട്, കുലശേഖരപുരം ഗ്രാമപഞ്ചായത്തുകളിലെ വിവരശേഖരണം പൂർത്തിയാകുകയും തൊടിയൂർ, ക്ലാപ്പന ഗ്രാമപഞ്ചായത്തുകളിലെ വിവരശേഖരണം പുരോഗമിച്ചുവരുന്നു.

(സി) സി.ഡബ്ല്യൂ.ആർ.ഡി.എം. തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

കൊല്ലം ജില്ലയിൽ വരുന്ന 2 റാംസർ സൈറ്റുകളായ ശാസ്താംകോട്ട, അഷ്ടമുടി കൂടാതെ വേമ്പനാട് എന്നിവയുമായി ബന്ധപ്പെട്ട് 5 വർഷത്തെ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ സി.ഡബ്ല്യൂ.ആർ.ഡി.എം. Wetland International South Asia-ഉം (WISA)-യും ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. ആയത് കേന്ദ്ര സഹായത്തിനായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായത്തിന്റെ ആദ്യവർഷ ഗഡുവായി 345.13 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽനിന്നും 50% തുകയായ 172 ലക്ഷം രൂപയാണ് അതോറിറ്റിക്ക് ലഭ്യമായത്. പ്രസ്തുത തുക മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള വിവിധ ഘടകങ്ങൾ നടപ്പാക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) കരുനാഗപ്പള്ളി മണ്ഡലത്തിലെ ഏതെല്ലാം പൊതുകിണറുകൾ മെച്ചപ്പെടുത്തി കുടിവെള്ള ജലസ്രോതസ്സുകളായി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയാണ് പൊതുകിണറുകൾ ശുചീകരിക്കുന്ന പ്രവൃത്തി നിർവഹിച്ചുവരുന്നത്. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലുൾപ്പെട്ട പൊതുകിണറുകൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ജലവിഭവ വകുപ്പ് നടത്തി യിട്ടില്ല.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ

178 (2787) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടത്തിയ/നടത്തി വരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അവയുടെ വിശദാംശങ്ങൾ സഹിതം അറിയിക്കുമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ നടത്തിയ/നടത്തിവരുന്ന പ്രവൃത്തികളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*

(ബി) ഈ പദ്ധതികൾ കൂടാതെ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉണ്ട്. പദ്ധതികളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**പുഴകളുടെ സംരക്ഷണം**

179 (2788) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പുഴസംരക്ഷണവുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച പ്രൊപ്പോസലുകളിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

വള്ളിക്കുന്ന് മണ്ഡലത്തിലെ പുഴസംരക്ഷണവുമായി ബന്ധപ്പെട്ട് 4 പ്രൊപ്പോസലുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.* കൂടാതെ പുഴ സംരക്ഷണത്തിനായുള്ള 16 പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) കടലുണ്ടിപ്പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് ലഭിച്ച പ്രൊപ്പോസലുകളിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ ?

കടലുണ്ടിപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ലഭിച്ച പ്രൊപ്പോസലുകളിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ കടലുണ്ടിപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 45 പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) റീ ബിൽഡ് കേരളയുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ ലഭിച്ച പ്രൊപ്പോസലുകളിൽ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ?

റീ ബിൽഡ് കേരളയുമായി ബന്ധപ്പെട്ട് ആർ.കെ.ഐ.-ഫ്ലഡ്-2018 മലപ്പുറം ജില്ലയിൽ മൂന്നിയൂർ പഞ്ചായത്തിൽ തെക്കേ പാടം എൽ.ഐ.സ്കീം, ആർ.ബി. കനാലിന്റെ ചെയിനേജ് 600 മുതൽ പുനർനിർമ്മാണം എന്ന പ്രവൃത്തിക്കായി 162 ലക്ഷം രൂപയുള്ള പ്രൊപ്പോസൽ അനുമതി നൽകുന്നതിനായി സർക്കാർ പരിശോധിച്ചു വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കടലാക്രമണം

180 (2789) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാളിതുവരെ കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കടലാക്രമണം തടയുന്നതിനായി ജലവിഭവ വകുപ്പ് മുഖേന എത്ര പദ്ധതികൾക്കായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയെന്നും ആയതിന്റെ നിലവിലെ അവസ്ഥ എന്തെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കുമോ?

കൊച്ചി നിയോജകമണ്ഡലത്തിൽ ചെല്ലാനം പഞ്ചായത്തിൽ കടലാക്രമണ ത്തിൽനിന്നും കരയെയും മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി 32.6578 കോടി രൂപയുടെ 60 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഭരണാനുമതി ലഭിച്ച പൂർത്തീകരിക്കാത്ത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർക്ക് കർശനനിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

ഭരണാനുമതി ലഭിച്ച പൂർത്തീകരിക്കാത്ത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## മേൽമുറി കുടിവെള്ള പദ്ധതി

181 (2790) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ മേൽമുറി കുടിവെള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

മേൽമുറി കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി KIIFB പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നല്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(സി) പദ്ധതി ഉടൻതന്നെ യാഥാർത്ഥ്യമാക്കാൻ വകുപ്പുതലത്തിൽ അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

(ബി&സി) ഇല്ല. സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുല്ലാമലയിൽ നെയ്യാറിലെ ബണ്ട് പുനർനിർമ്മാണം

182 (2791) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിള പുല്ലാമലയിലെ പ്രളയത്തിൽ തകർന്ന നെയ്യാറിലെ ബണ്ട് പുനർനിർമ്മിക്കുന്നതിനുവേണ്ടി എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബണ്ട് പുനർനിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര താലൂക്കിൽ ചെങ്കൽ വില്ലേജിൽ അമരവിള പുല്ലാമല ഭാഗത്ത് നെയ്യാറിന്റെ തകർന്ന ബണ്ട് പുനർനിർമ്മിച്ച് ടി പ്രദേശത്തെ ദുരിതത്തിന് അടിയന്തര പരിഹാരമുണ്ടാക്കണമെന്ന നെയ്യാറ്റിൻകര എം.എൽ.എ.-യുടെ നിവേദനത്തിന്മേൽ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി 1,24,000 രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പര്യാപ്തമായ നിർമ്മിതിയുടെ ഡിസൈൻ അംഗീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ പുരോഗമിച്ചുവരുന്നു. അംഗീകൃത ഡിസൈനിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നമുറയ്ക്ക് മാത്രമേ ടി പ്രവൃത്തിക്കായുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## വേങ്ങര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

183 (2792) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്നും നിലവിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്നവ ഏതൊക്കെയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) ഇവയിലെല്ലാം ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവൃത്തികൾ ഇനം തിരിച്ച് അറിയിക്കാമോ; ചെലവഴിച്ച തുകയുടെ വിവരങ്ങളും ഏതിനത്തിൽ ഫണ്ട് ലഭ്യമാക്കിയെന്നും അറിയിക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ്; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും; വിശദമാക്കുമോ?

(എ-സി) വേങ്ങര നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ അവശേഷിക്കു ന്നതുമായ കുടിവെള്ള പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## രാമൻചാടി - അലിഗർ കുടിവെള്ള പദ്ധതി

184 (2793) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന രാമൻചാടി-അലിഗർ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദാമാക്കുമോ?

പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന രാമൻചാടി-അലിഗർ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി

1. കിണറും ജല ശുദ്ധീകരണ ശാലയും ഉൾപ്പെട്ട പാക്കേജ് 1 - പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു.
2. പെരിന്തൽ മണ്ണ മുനിസിപ്പാലിറ്റിയിലെ പഴയ വിതരണ കുഴലുകൾ മാറ്റുന്ന പ്രവൃത്തി-പാക്കേജ് 2 - പ്രവൃത്തി പുരോഗമിക്കുന്നു.
3. ബൂസ്റ്റർ ജല സംഭരണിയും പമ്പ് ഹൗസും പമ്പ് സെറ്റുകളും അങ്ങാടിപ്പുറം പഞ്ചായത്തിലേക്കുള്ള ഗ്രാവിറ്റി മെയിനും ഉൾക്കൊള്ളുന്ന പാക്കേജ് 3 - എസ്റ്റിമേറ്റ് തയാറാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു
4. നാലാമത്തെ പാക്കേജിൽ ഉൾപ്പെട്ട ളുതപ്പുഴയിൽ പോത്തുകുഴി എന്ന സ്ഥലത്ത് ഒരു തടയണ നിർമ്മിക്കൽ എന്ന പ്രവത്തി നടപ്പിലാ ക്കുന്നതിന് ജലസേചന വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ?

ഈ പദ്ധതി നാല് പാക്കേജുകളായാണ് നടപ്പിലാക്കുന്നത്

1. പാക്കേജ് 1-കിണറും ജല ശുദ്ധീകരണശാലയും നിർമ്മിക്കുന്ന പ്രവൃത്തി
2. പാക്കേജ് 2-പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ പഴയ വിതരണ കുഴലുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി
3. പാക്കേജ് 3-ബൂസ്റ്റർ ജല സംഭരണിയും പമ്പ് ഹൗസും പമ്പ് സെറ്റുകളും, അങ്ങാടിപ്പുറം പഞ്ചായത്തിലേക്കുള്ള ഗ്രാവിറ്റി മെയിനും.
4. പാക്കേജ് 4-ളുതപ്പുഴയിൽ പോത്തുകുഴി എന്ന സ്ഥലത്ത് തടയണ നിർമ്മാണം.

(സി) പദ്ധതി പൂർത്തീകരിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടി സ്വീകരി ച്ചിട്ടുണ്ട്; ഏത് തീയതിയിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾ സമയബന്ധിതമായി ടെണ്ടർ ചെയ്ത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. പദ്ധതി സമയക്രമം പാലിച്ചുകൊണ്ട് നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ സാഹചര്യത്തിൽ 2022 മേയ് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**ജലനിധി പദ്ധതി**

185 (2794) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാനേഷുമാരി കണക്കുപ്രകാരം മുപ്പത് ശതമാനം കുടുംബങ്ങൾക്ക് മാത്രമാണ് പൈപ്പ് വെള്ളം ലഭ്യമാകുന്നതെന്നും അത് അൻപത് ശതമാനമായി ഉയർത്തുമെന്നും പ്രഖ്യാപിച്ചിരുന്നോ; പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്?

(എ&ബി) കേരളത്തിൽ നിലവിലുള്ള 67.15 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 1-4-2020 വരെ 17.5 ലക്ഷം കണക്ഷനുകൾ നൽകിയിട്ടുണ്ട്. കൂടാതെ 2012-2019 കാലയളവിൽ ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം 2.54 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിയിട്ടുണ്ട്. മാത്രവുമല്ല സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും 2024-ഓടുകൂടി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായുള്ള പദ്ധതിയായ ജലജീവൻ മിഷൻ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടപ്പിലാക്കുന്നത്. ഗ്രാമീണ മേഖലയിലെ പാവപ്പെട്ട ജനങ്ങൾക്ക് പ്രത്യേകിച്ച് SC/ST കോളനികളിലെ കുടുംബങ്ങൾക്കും സ്ത്രീകൾക്കും ഉയർന്ന മലയോര മേഖലയിൽ താമസിക്കുന്നവർക്കും ശുദ്ധമായ കുടിവെള്ളം ഇനിയും ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പ്രസ്തുത പദ്ധതി മുഖേന ബാക്കി 49.65 ലക്ഷം കണക്ഷനുകൾ 2024-നകം നൽകുന്ന തരത്തിൽ സർക്കാർ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട് .

(സി) ജലനിധി പദ്ധതിപ്രകാരം ഇതിനകം എത്ര പദ്ധതികൾ പൂർത്തിയായിയെന്ന് അറിയിക്കാമോ?

2000-2008 കാലയളവിൽ നടപ്പിലാക്കിയ ജലനിധി ഒന്നാംഘട്ട പദ്ധതി പ്രകാരം 3710 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു. 2012-2019 കാലയളവിൽ നടപ്പിലാക്കിയ ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം 2173 പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചു.

(ഡി) ജലനിധി പദ്ധതികളുടെ നിർവ്വഹണ നടത്തിപ്പ് പുനരവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനായി എന്ത് പദ്ധതിക്കാണ് രൂപം നൽകിയതെന്ന് വിശദമാക്കുമോ?

ജലനിധി പദ്ധതി നിയമാവലി അനുസരിച്ച് കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം പദ്ധതികളുടെ തുടർനടത്തിപ്പും പരിപാലനവും പൂർണ്ണമായും അതത് ഗുണഭോക്തൃ സമിതികൾക്കാണ്. വിവിധങ്ങളായ കാരണങ്ങളാൽ ചില പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവ പ്രവർത്തന ക്ഷമമാക്കുന്നതിനായി 2018-ൽ സംസ്ഥാന സർക്കാർ " സുസ്ഥിരതാ പദ്ധതി" എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിരുന്നു. ഈ സുസ്ഥിരതാ പദ്ധതിയിലുൾപ്പെടുത്തി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ 1300 കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിനു വേണ്ടി 85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 190 കുടിവെള്ള പദ്ധതികൾ പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു.

### തിരുവമ്പാടി ജലസേചന വകുപ്പിനുകീഴിലെ പ്രവൃത്തികൾ

186 (2795) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പിന് കീഴിൽ തിരുവമ്പാടി മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും അവയുടെ പുരോഗതിയും വിശദമാക്കുമോ?

ജലസേചന വകുപ്പിന് കീഴിൽ തിരുവമ്പാടി മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും അവയുടെ പുരോഗതിയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) തൊണ്ടിമ്മൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ വിശദാംശം ലഭ്യമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തൊണ്ടിമ്മൽ റെഗുലേറ്റർ കം ബ്രിഡ്ജ് പ്രാവർത്തികമാക്കുന്നതിനുള്ള സാധ്യതാ പഠനത്തിന് 4.60 ലക്ഷം രൂപയുടെ അംഗീകാരം നൽകുകയും സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ഡിസൈൻ ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമായാൽ തൊണ്ടിമ്മൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ DPR തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തിരുവമ്പാടി മണ്ഡലത്തിലെ ചെറുകിട ജലസേചന പ്രവൃത്തികൾ

187 (2796) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിൽ അനുമതി ലഭിച്ച ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ തൽസ്ഥിതിയും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിൽ അനുമതി ലഭിച്ച ചെറുകിട ജലസേചന വകുപ്പിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ തൽസ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

## കോതമംഗലം മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

188 (2797) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കോതമംഗലം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് (കെ.ഡബ്ല്യൂ.എ, മേജർ ഇറിഗേഷൻ, പി.വി.ഐ.പി. മൈനർ ഇറിഗേഷൻ) എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) കോതമംഗലം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് (കെ.ഡബ്ല്യൂ.എ, മേജർ ഇറിഗേഷൻ, പി.വി.ഐ.പി. മൈനർ ഇറിഗേഷൻ) പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ജലവിഭവ വകുപ്പ് കോതമംഗലം മണ്ഡലത്തിൽ പുതുതായി ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ജലവിഭവ വകുപ്പ് കോതമംഗലം മണ്ഡലത്തിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

**ജലവിഭവ വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ**

189 (2798) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിന്റെ കീഴിൽ ടെണ്ടർചെയ്ത ചെറുതും വലുതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ പൂർത്തിയായതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതും ഇതുവരെ തുടങ്ങാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും കരാർ തുക എത്രയാണെന്നും കരാറുകാരൻ ആരാണെന്നും വ്യക്തമാക്കാമോ;

(ഡി) ഓരോ കരാറുകാരനും ഇതുവരെ നൽകിയ തുക എത്രയാണെന്നും പ്രവൃത്തിചെയ്ത വകയിൽ തുക നൽകാൻ ബാക്കിയുണ്ടോ എന്നും എങ്കിൽ എത്ര കാലമായിട്ടുള്ളതാണ് കുടിശ്ശിക എന്നും വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കരാറുകാർക്കുള്ള കുടിശ്ശികയുടെ വിശദാംശം നൽകാമോ?

(എ-ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിന്റെ കീഴിൽ ടെണ്ടർ ചെയ്ത ചെറുതും വലുതുമായ പ്രവൃത്തികൾ സംബന്ധിച്ചും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും പൂർത്തികരിക്കുന്നത് സംബന്ധിച്ചും കരാർ തുക, കരാറുകാരൻ എന്നീ വിവരങ്ങൾ സംബന്ധിച്ചും കരാറുകാർക്ക് നൽകിയ തുക സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ജലവിഭവ വകുപ്പിനുകീഴിലുള്ള വിവിധ വകുപ്പടിസ്ഥാനത്തിൽ താഴെപ്പറയുന്ന അനുബന്ധങ്ങളായി ഇതോടൊപ്പം ചേർക്കുന്നു*. ഭൂജലവകുപ്പിൽ കരാറുകാർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശിക ഒന്നും നൽകാനില്ല. KWA, പര്യവേക്ഷണവും രൂപകല്പനയും (IDRB) ചീഫ് എഞ്ചിനീയറുടെ കാര്യാലയങ്ങളിൽ നിന്നുള്ള മുഴുവൻ വിവരങ്ങളും (ഡി), (ഇ) പിരിവുകൾക്കുള്ള ജലസേചന വകുപ്പിൽ നിന്നുള്ള വിവരങ്ങളും നൽകുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ താത്തൂർപോയിൽ ജലസേചന പദ്ധതി

190 (2799) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ താത്തൂർപോയിൽ പദ്ധതി കേരള വാട്ടർ അതോറിറ്റിയിൽനിന്ന് ചെറുകിട ജലസേചന വകുപ്പ് ഏറ്റെടുത്തശേഷം എന്തെങ്കിലും പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുണ്ടോ;

(ബി) എപ്പോഴാണ് പ്രസ്തുത പദ്ധതി ചെറുകിട ജലസേചന വകുപ്പ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ താത്തൂർപോയിൽ കുടിവെള്ള പദ്ധതിയുടെ കിണറും പമ്പ് ഹൗസും ഉൾപ്പെടെയുള്ള 35 സെന്റ് സ്ഥലം കേരള വാട്ടർ അതോറിറ്റി ജലസേചന വകുപ്പിന് നാളിതുവരെ കൈമാറിയിട്ടില്ല. ആയത് നിയമപ്രകാരം കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ സംവിധാനം ഉപയോഗപ്പെടുത്തി ഒരു ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) കാർഷിക പ്രാധാന്യമുള്ള പ്രസ്തുത പ്രദേശത്ത് കൃഷി അഭിവൃദ്ധി പ്പെടുത്താൻ ഡ്രിപ് ഇറിഗേഷൻ സഹായകമാകുമെന്ന ജനപ്രതിനിധികളുടെയും കർഷകരുടെയും ആവശ്യം പരിഗണിച്ച് പദ്ധതി നടപ്പിലാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

(സി&ഡി) തയ്യാറാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയിൽനിന്നും പദ്ധതി കൈമാറി ലഭിക്കുന്നമുറയ്ക്ക് ഡ്രിപ് ഇറിഗേഷൻ സഹായകമാകുന്നവിധത്തിൽ പദ്ധതി നടപ്പിലാക്കാൻ സത്വര നടപടി സ്വീകരിക്കുന്നതാണ്.

## ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം

191 (2800) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എം. സ്വരാജ്:
ശ്രീ . എം. നൗഷാദ്:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനും ജലസംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ജനപങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏകോപനത്തോടെ ജലസ്രോതസ്സുകൾ ശുചിയാക്കി, നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി നീർത്തടാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനൊപ്പം ജലസംരക്ഷണം ഉറപ്പാക്കുന്നതിനായി തോടുകൾ/പുഴകൾ എന്നിവയിൽ ചെറുതടയണകൾ, വി.സി.ബി.-കൾ എന്നിവ നിർമ്മിക്കുകയും കുളങ്ങൾ/ചിറകൾ എന്നിവയുടെ ശുചീകരണവും സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികളും നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ, ജലസംരക്ഷണം/ ഭൂജലപോഷണം എന്നിവ വർദ്ധിപ്പിക്കുന്നതിനായി ജലസേചന നിർമ്മിതികൾക്കടുത്തായി അടിഞ്ഞുകൂടിയിട്ടുള്ള ചളി - എക്കൽ മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിയും നിർവ്വഹിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ എത്ര കിലോമീറ്റർ നീളത്തിൽ പുഴകളും തോടുകളും ശുചീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഇതിന്റെ ഭാഗമായി 412 കി.മീ. നീളം പുഴകളും 42774 കി.മീ. നീളം നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

(സി) 'ഇനി ഞാനൊഴുകട്ടെ' എന്ന പദ്ധതിയുടെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെ ഏതെല്ലാം നദികളെയാണ് ഇക്കാലയളവിൽ വീണ്ടെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നാളിതുവരെ പുനരുജ്ജീവിപ്പിച്ച നദികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) പുഴകളിലും കൈത്തോടുകളിലുമുള്ള മാലിന്യങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കുന്നതിനും പുഴകളിൽ മാലിന്യം നിക്ഷേപിക്കുന്നതും മലിനജലം ഒഴുക്കിവിടുന്നത് തടയുന്നതിനും ഇതുസംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ജലസ്രോതസ്സുകളായ പുഴകൾ/തോടുകൾ/കുളങ്ങൾ എന്നിവിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് ഭാവിതലമുറയെക്കൂടി ബാധിക്കുന്നതാണെന്നും അതിലുപരി, ജലം ഒരു അമൂല്യ പ്രകൃതി വിഭവമാണെന്നും അതിനാൽത്തന്നെ ജലസ്രോതസ്സുകളിൽ മാലിന്യം കലരാതെ സംരക്ഷിക്കുക എന്നത് നാം ഓരോരുത്തരുടെയും കടമയാണെന്ന ബോധം വളർത്തിയെടുക്കുന്നതിനായി ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്, കേരളാ ജലഅതോറിറ്റി, ഹരിതകേരളം മിഷൻ തുടങ്ങിയവ മുഖേന പുസ്തകങ്ങൾ/ലഘുലേഖകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യുകയും തദ്ദേശഭരണസ്ഥാപനങ്ങൾ/വിദ്യാലയങ്ങൾ/ കുടംബശ്രീ എന്നിവയുടെ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സഹകരണത്തോടെ പ്രാദേശികതലത്തിൽ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലോകപരിസ്ഥിതി ദിനം (ജൂൺ 5) ലോകതണ്ണീർത്തട ദിനം (ഫെബ്രുവരി 2), ലോക ജലദിനം (മാർച്ച് 22) എന്നീ ദിനാചരണങ്ങളുടെ ഭാഗമായും ജലസംരക്ഷണം/ ജലശുചീകരണം/മാലിന്യ നിക്ഷേപത്തിന്റെ ദൂഷ്യവശങ്ങൾ/നിലവിലുള്ള നിയമങ്ങൾ എന്നിവ സംബന്ധിച്ച് പൊതു ബോധവൽക്കരണ ക്ലാസ്സുകൾ/സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്.

## നദികളുടെ തീരസംരക്ഷണം

192 (2801) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളുടെ തീരസംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വിവരിക്കാമോ?

നദികളുടെ തീരസംരക്ഷണത്തിന് വെള്ളപ്പൊക്ക നിയന്ത്രണം, വെള്ളപ്പൊക്ക കെടുതികൾ RKI, SDRF, RMF എന്നീ പദ്ധതികളിലുൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) 2018-ലെ വെള്ളപ്പൊക്കത്തോടനുബന്ധിച്ച് ചെങ്ങന്നൂർ മണ്ഡലത്തിലെ പമ്പയാറിന് കുറുകെയുള്ള കോലമുക്ക് ബണ്ട് അപകടകരമായ അവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കോലമുക്ക് ബണ്ടിന്റെ പണി ഉടൻ ആരംഭിക്കുമോ ;

(ഡി) അടുത്ത കാലവർഷത്തിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾ ഒഴിവാക്കു ന്നതിന് പ്രസ്തുത പണി വേഗം ആരംഭിക്കുന്നത് സർക്കാർ പരിഗണിക്കുമോ?

(ബി-ഡി) കോലമുക്ക് ബണ്ടിന്റെ അപകടകരമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിലേയ്ക്കായി ആകെ 58.80 ലക്ഷം രൂപയുടെ 2 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന് അനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## നദി പുനരുജ്ജീവന പദ്ധതി

193 (2802) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല നദികളും മലിനീകരണം കാരണം മൃതാവസ്ഥയിലായ സാഹചര്യത്തിൽ അവയെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ നദികളിലെ ജലഗുണനിലവാരം മെച്ചമല്ലെന്ന വിവിധ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പുഴകളുടെ സ്വാഭാവിക നീരൊഴുക്കിന് തടസ്സമാകുംവിധം നദികൾക്കുള്ളിൽ ചെറുതിട്ടകൾ രൂപപ്പെടുകയും അവയിൽ ചെടികൾ/ചെറുവൃക്ഷങ്ങൾ വളരുകയും ചെയ്യുന്നതും ഒരു പ്രശ്നമായി മാറിയിട്ടുണ്ട്. ഇതിന്റെ ഫലമായി നദിയുടെ കരകൾ ഇടിയുന്നുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ചും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായും സംസ്ഥാനത്തെ നദികളിലെ സ്വാഭാവിക നീരൊഴുക്ക് പുനഃസ്ഥാപിക്കാൻ കഴിയുംവിധമുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതുമായ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സേവനംകൂടി പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ വലിയതോതിൽ മലിനീകരിക്കപ്പെട്ട നദീഭാഗ ങ്ങളുള്ളതായി കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനത്തിൽ കണ്ടെത്തിയ 21 നദികൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് ഈ പ്രവർത്തനം ഏറ്റെടു ത്തിട്ടുള്ളത്. ഇതുകൂടാതെ ഹരിതകേരളം മിഷന്റെ ഭാഗമായി തയ്യാറാക്കപ്പെട്ട നീർത്തടപ്ലാനുകളിൽ പറയുംവിധം നദികളുടെ വൃഷ്ടിപ്രദേശത്തെ ഉപരിതല ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി കുളങ്ങളുടെയും തോടുകളുടെയും സംഭരണശേഷി വർദ്ധി പ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി നദികളിലേയ്ക്കുള്ള സ്വാഭാവിക നീരൊഴുക്ക് വർദ്ധിക്കുകയും നദികളിലെ മാലിന്യ ലഘൂകരണം സാധ്യമാവുകയും ചെയ്യുന്നു.

(ബി) ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ ഇക്കാര്യത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്?

ഹരിത കേരളം മിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപ നങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ 412 കി.മീ. നദികളുടെ പുനരുജ്ജീവനം നടത്തിയിട്ടുണ്ട്. കൂടാതെ അവയിലേക്കൊഴുകിയെത്തുന്ന 42774 കി.മീ. നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചു. ഇത്തരത്തിൽ പുനരുജ്ജീവിപ്പിച്ച പുഴകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

(സി) ഭാരതപ്പുഴ നദീതടത്തെ പങ്കാളിത്ത സമീപനത്തിലൂടെ ശാസ്ത്രീയമായ ക്യാച്ച്മെന്റ് ഏരിയ പരിപാലനത്തിന് ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കുമോ?

ഭാരതപ്പുഴ നദിയുടെ പ്രധാനപ്പെട്ട രണ്ട് കൈവഴികളായ ഗായത്രിപുഴ, തൂതപ്പുഴ എന്നിവയുടെ വിശദമായ നദീതടപരിപാലന രേഖ സംസ്ഥാന ലാൻഡ് യൂസ് ബോർഡിന്റെ സാങ്കേതിക സഹായത്താൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നിർദ്ദേശി ക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾ ത്രിതലപഞ്ചായത്തുകളുടെ സഹായത്തോടെ എം.ജി. എൻ.ആർ.ഇ.ജി.എസ്. മുഖേന ഏറ്റെടുത്തിട്ടുണ്ട്.

**പുഴ പുനരുജ്ജീവന പദ്ധതി**

194 (2803) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത കേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 'പുഴ പുനരുജ്ജീവന പദ്ധതി' നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കുമോ?

ഹരിതകേരളം മിഷൻ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നദീപുനരുജ്ജീവന പദ്ധതികൾ ജനപങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ സാങ്കേതിക സഹായത്തോടെയും ഏറ്റെടുക്കുകയും ശുചീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്. പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്ന എന്നതിലുപരി തൊഴിലുറപ്പ് പദ്ധതിയുടെ സഹായവും പുഴ പുനരുദ്ധാരണ പദ്ധതികൾ നിർവ്വഹിക്കുന്നതിന് പ്രയോജനപ്പെടുത്തുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് ഏതെല്ലാം പുഴകൾ, ആറുകൾ, നീർച്ചാലുകൾ എന്നിവയാണ് പുനരുജ്ജീവിപ്പിച്ചത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വരട്ടാർ, കാനാമ്പുഴയാർ, കോലറയാർ, പള്ളിക്കലാർ, കുട്ടംപേരൂരാർ, കിള്ളിയാർ, മീനച്ചിൽ-മീനന്തറ-കൊടൂരാർ തുടങ്ങിയവ നദീപുനരുജ്ജീവനത്തിന്റെ മികച്ച മാതൃകകളാണ്. ഇവയൊക്കെത്തന്നെ, പ്രദേശത്തെ കാർഷികാഭിവൃദ്ധിയും ജലഗുണ നിലാവാരവും മെച്ചപ്പെടുത്തുന്നതിനും കിണറുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്. കൂടാതെ, 2019-ലെ പ്രളയത്തിൽ വരട്ടാറിൽ കൂടിയുള്ള നീരൊഴുക്ക് സുഗമമായി നടന്നതിനാൽ പ്രദേശത്ത് വെള്ളപ്പൊക്കം ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്.

(സി) നാളിതുവരെയായി എത്ര തുകയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

ഹരിത കേരളം മിഷന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള നീർത്തട പ്ലാനിൽ ഉൾപ്പെട്ട വിവിധ പദ്ധതികൾ/പ്രവൃത്തികൾക്കായി 1252.91 ലക്ഷം രൂപ വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ, 380 ലക്ഷം രൂപയുടെ ബിൽ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) പുഴകൾ, നദികൾ, കനാലുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയിലേക്ക് മാലിന്യങ്ങൾ തള്ളുന്നതും മാലിന്യപൈപ്പുകൾ തുറന്നുവക്കുന്നതും തടയുന്നതിനായി സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും പിഴ ഇടാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പരാതി നൽകാറുണ്ട്. ഇവയിൽ പോലീസ് ഉദ്യോഗസ്ഥർ തുടരന്വേഷണം നടത്തി കോടതിയിൽ കേസ് ഫയൽ ചെയ്യുന്ന നടപടി സ്വീകരിക്കാറുണ്ട്.

**പെരിന്തൽമണ്ണയിലെ മാലിന്യമുക്തമാക്കിയ ജലസ്രോതസ്സുകൾ**

195 (2804) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ജലസ്രോതസ്സുകൾ പൂർണ്ണമായും മാലിന്യമുക്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പൂർണ്ണമായും മാലിന്യമുക്തമാക്കിയ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ഈ മണ്ഡലത്തിൽ ഏതെല്ലാം തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; ഇതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പൂർണ്ണമായും മാലിന്യമുക്തമായിട്ടില്ലാത്ത ജലസ്രോതസ്സുകളിൽ ഓരോന്നും ഏകദേശം എത്ര കിലോമീറ്റർ വീതം മാലിന്യമുക്തമാക്കാൻ ബാക്കിയുണ്ട്; വ്യക്തമാക്കുമോ?

(എ-സി) ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്ന സമീപനമാണ് ജലസേചനവകുപ്പ് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ നാല് കുളങ്ങൾ മാലിന്യ മുക്തമാക്കി പുനരുദ്ധരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടി സ്വീകരിച്ചെങ്കിലും കരാറുകാരിൽനിന്ന് പ്രതികരണം ലഭിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ നിർവഹിക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിലുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## മാവേലിക്കര മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ

196 (2805) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലം എം.എൽ.എ. നൽകിയ കത്തിന്മേൽ മാവേലിക്കര മുനിസിപ്പാലിറ്റി വാർഡ് 3-ൽ അച്ചൻകോവിലാറിന്റെ ഇടതുകരയിൽ കണ്ടിയൂർ ആറാട്ടുകടവ് പമ്പ് ഹൗസിന്റെ ഭാഗങ്ങൾക്ക് സംരക്ഷണഭിത്തി നിർമ്മാണം, തഴക്കര ഗ്രാമപഞ്ചായത്ത് വാർഡ് 7-ൽ സഞ്ചയത്ത് കടവ് നിർമ്മാണവും സംരക്ഷണ ഭിത്തി നിർമ്മാണവും, മാവേലിക്കര മുനിസിപ്പാലിറ്റി വാർഡ് 6-ൽ അച്ചൻകോവിലാറിന്റെ ഇടതുകരയിൽ നദീമുഖത്ത് എൽ.ഐ. സ്റ്റേഷന് സമീപം സംരക്ഷണ ഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികളുടെ ഭരണാനുമതി ലഭിക്കുന്നതിന് മേജർ ഇറിഗേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

(എ&ബി) മാവേലിക്കര എം.എൽ.എ. നൽകിയ കത്തിന്മേൽ വാർഡ് 3-ൽ അച്ചൻ കോവിലാറിന്റെ ഇടതുകരയിൽ കണ്ടിയൂർ ആറാട്ടുകടവു പമ്പ് ഹൗസിന്റെ ഭാഗങ്ങളുടെ സംരക്ഷണം, തഴക്കര പഞ്ചായത്ത് വാർഡ് 7-ൽ സഞ്ചയത്ത് കടവ് നിർമ്മാണ പ്രവൃത്തി, അച്ചൻകോവിലാറിന്റെ ഇടതുകരയിൽ നദീമുഖത്ത് എൽ.ഐ.സ്റ്റേഷന് സമീപം സംരക്ഷണ ഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഈ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ പുഴ സംരക്ഷണം

197 (2806) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് 2020-ൽ സമർപ്പിച്ച എസ്റ്റിമേറ്റുകൾ ഏതെല്ലാം; ഇതിൽ എത്ര എണ്ണത്തിന് അനുമതി നൽകി; ഏതെല്ലാം; വ്യക്തമാക്കുമോ; ഇതിൽ എത്ര എണ്ണത്തിന് അനുമതി നൽകാനുണ്ട്; ഏതെല്ലാം; കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്നും ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറത്തിന് ലഭിച്ച പരാതികൾ ഏതെല്ലാം; വ്യക്തമാക്കുമോ?

കോട്ടയ്ക്കൽ മണ്ഡലത്തിലെ പുഴസംരക്ഷണവുമായി ബന്ധപ്പെട്ട് 3 എസ്റ്റിമേറ്റുകളാണ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. സമർപ്പിക്കപ്പെട്ട 3 പ്രവൃത്തികളിൽ 2 എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇരിമ്പിളിയം പഞ്ചായത്തിൽ വാർഡ് 7-ൽ പുഴ മണ്ണൂരിൽ ളുതപ്പുഴയുടെ വലതുകര

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംബന്ധിച്ചുള്ള പ്രവൃത്തിക്കാണ് ഇനി അനുമതി നൽകാനുള്ളത്. പൊൻമുള ഗ്രാമ പഞ്ചായത്തിൽ രണ്ടാം വാർഡിൽ സർവ്വേ നമ്പർ 1/28 വീട് നമ്പർ 2/335, കടലുണ്ടി പുഴയുടെ ഇടതുകര സംരക്ഷണം സംബന്ധിച്ചാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറത്തിന് പരാതി ലഭിച്ചിട്ടുള്ളത്. ടി പരാതിയിൽ പ്രാഥമിക അന്വേഷണം നടത്തി തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇരിമ്പിളിയം പഞ്ചായത്തിലെ ഇുതപ്പുഴയുടെ വലതുകര സംരക്ഷണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റിൽ സ്വീകരിച്ച നടപടി അറിയിക്കുമോ?

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ പുറമണ്ണൂരിൽ ഇുതപ്പുഴയുടെ വലതുകര സംരക്ഷണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) 2020-ൽ ഭരണാനുമതി നൽകിയ കോട്ടയ്ക്കൽ മണ്ഡലത്തിലെ പ്രവൃത്തികളുടെ വിവരം ലഭ്യമാക്കുമോ?

2020-ൽ ഭരണാനുമതി നൽകിയ കോട്ടയ്ക്കൽ മണ്ഡലത്തിലെ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പമ്പ ജലസേചന പദ്ധതിയുടെ ഭാഗമായ കനാലുകൾ**

198 (2807) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ, കായംകുളം പ്രദേശങ്ങൾ ചേർന്ന ഓണാട്ടുകരയിലെ കൃഷിക്കാർക്ക് ജലസേചനത്തിനായി ആവിഷ്കരിച്ച പമ്പ ജലസേചന പദ്ധതിയുടെ ഭാഗമായ പ്രധാന കനാലും, സബ് കനാലുകളും കാലാകാലങ്ങളിൽ വൃത്തിയാക്കാത്തതുമൂലം ജലസേചനം മുടങ്ങി പാടങ്ങൾ വിണ്ടുകീറുന്ന അവസ്ഥ സംജാതമായിട്ടുണ്ടോ;

(ബി) ഫണ്ടിന്റെ ദൗർലഭ്യംകൊണ്ടാണ് കനാലുകൾ വൃത്തിയാക്കാത്തതെന്നതിനാൽ ഫണ്ട് അനുവദിച്ച് പ്രസ്തുത പ്രദേശത്ത് ജലം എത്തിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) മുൻകാലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കനാലുകൾ വൃത്തിയാക്കിവന്നിരുന്നത്. MNREGS-ന്റെ വാർഷിക സർക്കുലറിലെ നിബന്ധന പ്രകാരം വാർഷിക അറ്റകുറ്റപ്പണികളും ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ചെയ്യുന്നതിന് കഴിയാത്തതിനാൽ ഈ വർഷം തൊഴിലുറപ്പ് പദ്ധതിയിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെടുത്തി കനാലുകൾ വൃത്തിയാക്കാൻ സാധിച്ചിട്ടില്ല. കൃഷി ഓഫീസർമാർ ആവശ്യപ്പെടുന്ന ഇടങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കനാൽ വൃത്തിയാക്കി ജലമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മാവേലിക്കര സബ് ഡിവിഷന്റെ അധീനതയിലുള്ള ഓഫീസ് നിർത്തലാക്കിയതും ജീവനക്കാർ ഇല്ലാത്തതും ഫണ്ടിന്റെ ലഭ്യതക്കുറവും എല്ലാം പൂർണ്ണമായും പ്രവർത്തനം നടത്തുന്നതിന് തടസ്സമാകുന്നുണ്ട്. Annual Maintenance 2020-21 Action Plan-ൽ ഉൾപ്പെടുത്തി കനാലുകൾ വൃത്തിയാക്കുന്നതിന് 70.37 ലക്ഷം രൂപയ്ക്ക് അനുമതി നൽകുകയും പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൃഷി ആഫീസർമാർ ആവശ്യപ്പെടുന്നമുറയ്ക്ക് കനാലുകൾ വൃത്തിയാക്കി ജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ തോടുകളും കനാലുകളും

199 (2808) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം തോടുകൾ, കനാലുകൾ എന്നിവ ചെളി നീക്കി നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിൽ തോടുകൾ, കനാലുകൾ എന്നിവ ചെളി നീക്കി നീരൊഴുക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ജലസേചന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി ലഭിച്ചതും എന്നാൽ ഇനിയും പൂർത്തീകരിക്കാനുമുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും ജലസേചനവകുപ്പ് പൂർത്തിയാക്കാനുമുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) അവയിൽ ഏതെങ്കിലും പ്രവൃത്തികൾ തടസ്സപ്പെട്ടുകിടക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്നും അവ നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളൊന്നുംതന്നെ തടസ്സപ്പെട്ട് കിടക്കുന്നില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇരിങ്ങാലക്കുടയിലെ കോൺക്രീറ്റ് തടയണകൾ

200 (2809) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കെ.എൽ.ഡി.സി. കനാലിലും മറ്റുകനാലുകളിലുമായി നിർമ്മിക്കുന്ന താൽക്കാലിക തടയണകൾ വെള്ളം ഉയരുന്നതിനെത്തുടർന്ന് തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തകർച്ചയ്ക്ക് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. പ്രസ്തുത താത്കാലിക തടയണകൾക്ക് ജലവിതാനം ഉയരുന്നതിനെത്തുടർന്ന് ഉണ്ടാകാറുള്ള തകരാറുകൾക്ക് ശാശ്വത പരിഹാരമായി സ്ഥിര റെഗുലേറ്ററുകളുള്ള സ്ഥലങ്ങളിൽ ഷട്ടറുകൾ ഉപയോഗിച്ചുകൊണ്ട് ജലവിതാനം ക്രമപ്പെടുത്താറുണ്ട്. കൂടാതെ മുനയത്ത് പുതിയ റെഗുലേറ്ററിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) താൽക്കാലിക തടയണയ്ക്കുപകരം സ്ഥിരം കോൺക്രീറ്റ് തടയണകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോൺക്രീറ്റ് തടയണകൾ നിർമ്മിക്കുന്നതിലെ സാങ്കേതികവശങ്ങളും പാരിസ്ഥിതിക ഘടകങ്ങളും വിലയിരുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്.

## പുലാപ്പറ്റ തോട് പുനരുദ്ധാരണ പ്രവൃത്തി

201 (2810) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ പുലാപ്പറ്റ തോട് പുനരുദ്ധാരണ പ്രവൃത്തിയുടെ പ്രൊപ്പോസൽ സർക്കാരിൽ എന്നാണ് ലഭിച്ചത്?

കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ പുലാപ്പറ്റ തോട് പുനരുദ്ധാരണ പ്രവൃത്തിയുടെ പ്രൊപ്പോസൽ RKI Tranche I-Additional proposals-ൽ ഉൾപ്പെടുത്തി 21-8-2020-ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(ബി) എത്ര രൂപയുടെ പ്രൊപ്പോസലാണ് ലഭിച്ചിരിക്കുന്നത്?

കാഞ്ഞിരംപാറ തോട്, പുലാപ്പറ്റ തോട്, പുഞ്ചപ്പാടം തോട് എന്നിവയുടെ നവീകരണത്തിനായി RKI പദ്ധതിയിലുൾപ്പെടുത്തി ഒരു കോടി രൂപയുടെ പ്രൊപ്പോസലാണ് ലഭ്യമായത്.

(സി) പ്രസ്തുത തോട് പുനരുദ്ധാരണത്തിനായി എത്ര തുകയാണ് സർക്കാർ അനുവദിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)-ൽ ഉൾപ്പെടുത്താൻ സമർപ്പിച്ചിരുന്ന പ്രവൃത്തികളുടെ കൂട്ടത്തിൽ പ്രസ്തുത പ്രവൃത്തിയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഫണ്ട് ലഭ്യതയില്ലുള്ള കുറവുനിമിത്തം ഈ പദ്ധതിക്ക് മറ്റ് ധനസമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാൻ RKI-ൽനിന്ന് നിർദ്ദേശം ലഭിച്ചത് പ്രകാരം ആയത് സർക്കാരിൽ പരിശോധിച്ചുവരുന്നു.

## പൊത്തുള്ളച്ചിറ വി.സി.ബി. നിർമ്മാണം

202 (2812) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% പ്രൊവിഷൻ നൽകിയിട്ടുള്ള മൂർക്കനാട് പഞ്ചായത്തിലെ പൊത്തുള്ളച്ചിറ വി.സി.ബി. നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ?

ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഇതുസംബന്ധിച്ച വിശദമായ പദ്ധതിരേഖ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ബഡ്ജറ്റിൽ 20% പ്രൊവിഷൻ നൽകിയിട്ടും ഒരു സാമ്പത്തിക വർഷം പിന്നിട്ടിട്ടും പദ്ധതിക്ക് ഭരണാനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിക്ക് 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് അനുബന്ധം-2 വാല്യം-2-ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ 115-ൽ 1994-ാം നമ്പറിൽ ഉൾപ്പെടുത്തി 20 ശതമാനം തുക (40 ലക്ഷം രൂപ) വകയിരു ത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് വിശദമായ 200 ലക്ഷം രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## കടലുണ്ടിപ്പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം

203 (2813) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിൽക്കൂടി ഒഴുകുന്ന കടലുണ്ടിപ്പുഴയുടെ ഇരുകരകളും 2018, 2019 വർഷങ്ങളിലെ മഴക്കെടുതികൾ കാരണം ഇടിഞ്ഞ് അപകടാവസ്ഥയിലായ ഏതൊക്കെ സ്ഥലങ്ങളിൽ സംരക്ഷണഭിത്തി ഇതിനോടകം നിർമ്മിച്ചെന്നും ഇനി ഇത്തരത്തിലുള്ള എത്ര പ്രൊപ്പോസലുകൾ വകുപ്പിന്റെ പരിഗണനയിലുണ്ടെന്നും ഇതിനായി ചെലവഴിച്ച ഫണ്ടിന്റെ വിവരങ്ങളും നൽകാമോ?

വേങ്ങര നിയോജകമണ്ഡലത്തിൽക്കൂടി ഒഴുകുന്ന കടലുണ്ടി പുഴയുടെ ഇരുകരകളുടെ സംരക്ഷണത്തിനായി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ഈ പ്രവൃത്തികൾക്കെല്ലാംകൂടി 164.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിനായി ലഭിച്ച അപേക്ഷകളിൽ ഇനി തീരുമാനമെടുക്കുന്നതിനായി ഏതെങ്കിലും അവശേഷിച്ചിട്ടുണ്ടോ; ഇതിനായി ഫണ്ട് ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

20 അപേക്ഷകളിൽ തീരുമാനമെടുക്കാനായി അവശേഷിക്കുന്നു. ഇതിനായി അധിക ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കടലാക്രമണം**

204 (2814) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ഭാഗങ്ങളിലും മുമ്പൊരിക്കലുമുണ്ടാകാത്ത രീതിയിൽ രൂക്ഷമായ കടലാക്രമണമുണ്ടാകുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇപ്രകാരം കടലാക്രമണം രൂക്ഷമാകുന്നതിന്റെ കാരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിന്റെ തീരപ്രദേശത്ത് ആവർത്തിച്ചുണ്ടാകുന്ന കടലാക്രമണത്തെക്കുറിച്ച് പഠനം നടത്തുന്നതിന് കേന്ദ്ര ജലകമ്മീഷൻ, ജലസേചനവകുപ്പ്, ചെന്നൈ ഐ.ഐ.ടി. എന്നിവയുടെ നേതൃത്വത്തിൽ വിശദമായ വിവരശേഖരണം നടന്നു വരുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച്, കേരളത്തിന്റെ തീരപ്രദേശം കടലാക്രമണത്തിന് വിധേയമാകുന്നുണ്ടെന്നതിനു പുറമേ അതിന്റെ രൂക്ഷതയും വർദ്ധിക്കുന്നതായി കാണുന്നു. പൂന ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (കേന്ദ്ര ജലവിഭവ മന്ത്രാലയത്തിനു കീഴിലുള്ള സ്ഥാപനം) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈ- എന്നീ സ്ഥാപനങ്ങളുടെ പഠനങ്ങളിൽ കേരളതീരത്ത് അനുവർത്തിക്കേണ്ട സംരക്ഷണ രീതികളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അതിനനുസരിച്ചുള്ള പ്രവൃത്തികളാണ് ജലസേചനവകുപ്പ് മുഖേന നിലവിൽ നിർവ്വഹിച്ചു വരുന്നത്. ചെന്നൈ ഐ.ഐ.ടി.-യുടെ ഡിപ്പാർട്ടുമെന്റ് ഓഫ് ഓഷ്യൻ വിഭാഗം കേരള, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ മൂന്ന് തീരപ്രദേശത്തെക്കുറിച്ച്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഠിക്കുന്നതിനാവശ്യമായ ശാസ്ത്രീയ വിവരശേഖരണം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ പൊന്നാനി കടൽത്തീരത്തും കടലിനുള്ളിലും നിന്ന് തീരപഠനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി (Wave, current, tide, wind, bathymetry (depth of water), shoreline changes, coastal sediment, riverine data-etc.) വിവിധ ഉപകരണങ്ങൾ (scientific instruments) സ്ഥാപിച്ച് വിവരശേഖരണം നടത്തുന്നു. കോസ്റ്റൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (സി.എം.ഐ.എസ്)-ന്റെ ഭാഗമായി 2016 നവംബർ മുതൽ 2019 ജൂൺ വരെയുള്ള നിരീക്ഷണം സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിൽ തീരദേശത്തെ പ്രശ്നങ്ങളുടെ രൂക്ഷത വർദ്ധിപ്പിക്കുന്നതിനുള്ള കാരണങ്ങളായി ചൂണ്ടിക്കാട്ടിയിട്ടുള്ളത് ഇനിപ്പറയുന്നവയാണ്. മത്സ്യബന്ധന പോർട്ടുകളുടെയും തുറമുഖങ്ങളുടെയും നിർമ്മാണം, ഡീസലിനേഷൻ പ്ലാന്റുകളുടെ വ്യാപനം, പവർ പ്ലാന്റുകളുടെ വ്യാപനം തുടങ്ങിയവയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഗോള താപനത്തിന്റെയും ഭാഗമായി സംഭവിക്കുന്ന കടൽജലം ഉയരുന്ന പ്രതിഭാസം അടുത്തകാലത്തായി അറബിക്കടലിൽ അടിക്കടി രൂപംകൊള്ളുന്ന ചുഴലിക്കാറ്റുകൾ എന്നിവ കേരളതീരത്തുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല.

(സി) ആലപ്പുഴ, അമ്പലപ്പുഴ ഭാഗത്ത് കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുലിമുട്ട് നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പുലിമുട്ട് നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനായി 1-8-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 659/2017/WRD പ്രകാരം സംസ്ഥാന സർക്കാരിന്റെ തന്നെ സംരംഭമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC)യാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിൽ (കാട്ടൂർ, അമ്പലപ്പുഴ, പതിയാൻകര, ആറാട്ടുപുഴ, വട്ടച്ചാൽ) കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 184.04 കോടി രൂപ ചെലവിൽ ഗ്രോയിൻ ഫീൽഡ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ അമ്പലപ്പുഴ അസംബ്ലി നിയോജകമണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ 5.40 km. നീളത്തിലുള്ള കടൽ തീരത്ത് 30 പുലിമുട്ടുകളുടെയും 345 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെയും നിർമ്മാണത്തിനായി 53.358 കോടി രൂപയും ആലപ്പുഴ അസംബ്ലി നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂർ ഭാഗത്ത് 3.2 km നീളത്തിലുള്ള കടൽത്തീരത്ത് 34 പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 49.856 കോടി രൂപയും ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ ആറാട്ടുപുഴയിൽ

1.4 km. നീളത്തിലുള്ള കടൽ തീരത്ത് 21 പുലിമുട്ടുകൾക്ക് 28.519 കോടി രൂപയും വട്ടച്ചാലിൽ 1.80km. നീളത്തിൽ 16 പുലിമുട്ടുകൾക്ക് 30.67 കോടി രൂപയും തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ 1.50 km. നീളത്തിൽ 13 പുലിമുട്ടുകൾക്ക് 21.635 കോടി രൂപയുമാണ് അനുമതി നൽകിയത്. പ്രസ്തുത പദ്ധതികൾ ടെൻഡർ ചെയ്ത് കരാർ നടപ്പിലാക്കി പ്രവൃത്തികൾ ആരംഭിച്ചു. പരമ്പരാഗത രീതിയിൽ കല്ലുകൾ മാത്രം ഉപയോഗിച്ചുള്ള പുലിമുട്ടുകൾക്കു പകരം അടിയിൽ കല്ലുകളും മുകളിൽ കോൺക്രീറ്റ് നിർമ്മിതമായ ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള രീതിയാണ് ഇതിൽ അവലംബിച്ചിരിക്കുന്നത്. കരയിൽനിന്നും 20 മുതൽ 50 മീറ്റർ വരെ നീളമുള്ള പുലിമുട്ടുകൾക്കായി ജിയോമാറ്റ് നിരത്തി അതിനുമുകളിൽ 1 kg. മുതൽ 500kg. വരെ ഭാരമുള്ള കല്ലുകൾ നിരത്തി അതിനുമുകളിൽ അഗ്രഭാഗത്ത് 5 ടൺ ഭാരമുള്ള ടെട്രാപോഡുകളും അതിനുപിന്നിൽ 2 ടൺ ഭാരമുള്ള ടെട്രാപോഡുകൾ രണ്ടുലെയറായി നിരത്തിയുമാണ് ഇവ നിർമ്മിക്കുന്നത്. ഇതിൽ ടെട്രാപോഡുകളുടെ നിർമ്മാണം, കല്ലുകൾ തൂക്കാനുള്ള Weigh Bridge-കളുടെ നിർമ്മാണവും സ്ഥാപിക്കലും, മണ്ണിന്റെ ഉത്ഖനനം എന്നിവ പുരോഗമിച്ചുവരുന്നു.

### അരിയല്ലൂർ പരപ്പാൽ ബീച്ചിലെ കടലാക്രമണം

205 (2815) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വള്ളിക്കുന്നിലെ അരിയല്ലൂർ പരപ്പാൽ ബീച്ചിൽ കടലാക്രമണം കാരണം റോഡ് പൂർണ്ണമായി തകർന്ന വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ പരപ്പാൽ ബീച്ചിൽ കടലാക്രമണംമൂലം തകർന്നുപോയ ടിപ്പുസുൽത്താൻ റോഡ് ഉൾപ്പെടുന്ന സ്ഥലത്ത് കൂടുതൽ നാശ നഷ്ടങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനുവേണ്ടി താൽക്കാലികമായി ജിയോബാഗ് ഉപയോഗിച്ച് 240 മീറ്റർ നീളത്തിൽ 28 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ നടപടികളിലാണ്. ഈ പ്രദേശത്ത് അനുയോജ്യമായ കടൽഭിത്തി നിർമ്മിക്കുന്ന തിനായുള്ള Central Water and Power Research Station (CWPRS) ന്റെ പഠനത്തിനുവേണ്ടി 9.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 17-12-2020-ലെ ജി.ഒ(ആർ.റ്റി)നമ്പർ 767/2020/ ജ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. CWPRS-ന്റെ പഠന റിപ്പോർട്ടിന് അനുസരിച്ചുള്ള കടൽഭിത്തി നിർമ്മിച്ചാൽ മാത്രമേ പ്രസ്തുത റോഡ് പുനർനിർമ്മിക്കാൻ സാധിക്കുകയുള്ളൂ. റോഡ് PWD-യുമായി ബന്ധപ്പെട്ടതാണ്.

(ബി) നിർദ്ദിഷ്ട സ്ഥലത്ത് കയർ ഭൂവസ്ത്ര ജിയോട്യൂബ് പ്രവൃത്തികൾ ആരംഭിക്കുന്നതിന് ടെണ്ടർ നടപടി പൂർത്തീകരിച്ചിരുന്നുവോ; വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

നിർദ്ദിഷ്ട സ്ഥലത്ത് കയർ ഭൂവസ്ത്ര പ്രവൃത്തികൾ പരിഗണിച്ചിട്ടില്ല. ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി ടെണ്ടർ നടപടികളിലാണ്.

(സി) നിർദ്ദിഷ്ട സ്ഥലത്ത് പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നിർദ്ദിഷ്ട സ്ഥലത്ത് അനുയോജ്യമായ സംരക്ഷണ പ്രവൃത്തിയുടെ സാധ്യതാ പഠനത്തിനായി Central Water and Power Research Station (CWPRS) സമർപ്പിച്ച 9.3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പഠനശേഷമുള്ള റിപ്പോർട്ട് ലഭിച്ച് അനുയോജ്യമായ സംരക്ഷണ പ്രവൃത്തി ഏതെന്ന് തീരുമാനിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## ഹരിപ്പാട് മണ്ഡലത്തിലെ കടൽഭിത്തി-പുലിമുട്ട് നിർമ്മാണം

206 (2816) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ കടലാക്രമണം തടയുന്നതിനായി നടന്നുവരുന്ന കടൽഭിത്തി-പുലിമുട്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലയിൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പ്രദേശമാണ് ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പതിയങ്കര, ആറാട്ടുപുഴ, വട്ടച്ചാൽ എന്നീ തീരപ്രദേശങ്ങൾ. 1-8-2017-ലെ സ.ഉ(സാധാ) നമ്പർ 659/2017/ ജ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കടൽഭിത്തി-പുലിമുട്ട് നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനായി സംസ്ഥാന സർക്കാരിന്റെ തന്നെ സംരംഭമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.)നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ ആറാട്ടുപുഴയിൽ 1.4 km. നീളത്തിലുള്ള കടൽ തീരത്ത് 21 പുലിമുട്ടുകളും വട്ടച്ചാലിൽ 1.80 km. നീളത്തിൽ 16 പുലിമുട്ടുകളും തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ 1.50 km. നീളത്തിൽ 13 പുലി മുട്ടുകളുടെയും നിർമ്മാണമാണ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതികൾ ടെൻഡർ ചെയ്ത് കരാർ നടപ്പിലാക്കി പ്രവൃത്തികൾ ആരംഭിച്ചു. പരമ്പരാഗത രീതിയിൽ കല്ലുകൾ മാത്രം ഉപയോഗിച്ചുള്ള പുലിമുട്ടുകൾക്കു പകരം അടിയിൽ കല്ലുകളും മുകളിൽ കോൺക്രീറ്റ് നിർമ്മിതമായ ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള രീതിയാണ് ഇതിൽ അവലംബിച്ചിരിക്കുന്നത്. പുലിമുട്ടിൽ ഇരുവശത്തും 2 ടൺ

ഭാരമുള്ള ടെട്രാപോഡുകളും, പുലിമുട്ടിന്റെ അഗ്രഭാഗത്ത് 5 ടൺ ഭാരമുള്ള 2 ലെയർ ടെട്രാപോഡുമാണ് കവചമായി സ്ഥാപിക്കുന്നത്. ഇതിൽ ടെട്രാപോഡുകളുടെ നിർമ്മാണം, കല്ലുകൾ തൂക്കുവാനുള്ള വെയ്ബ്രിഡ്ജുകളുടെ നിർമ്മാണവും സ്ഥാപിക്കലും, മണ്ണിന്റെ ഉത്ഖനനം എന്നിവ പുരോഗമിച്ചുവരുന്നു.

(ബി) ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഈ പദ്ധതികൾ 2022 ജനുവരി അവസാനത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### തീരസംരക്ഷണ പ്രവൃത്തികൾ

207 (2817) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൂർത്തീകരിച്ച കടൽഭിത്തി കെട്ടൽ, പുലിമുട്ട് നിർമ്മാണം, തീരസംരക്ഷണം എന്നിവ സംബന്ധിച്ച് നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചതും ഇനിയും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും പ്രവൃത്തികൾ തടസ്സപ്പെട്ടുകിടക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്നും അവ നടപ്പാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ കാര്യാലയത്തിന്റെ അധികാര പരിധിയിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതും തടസ്സപ്പെട്ടു കിടക്കുന്നതുമായ കടൽഭിത്തി കെട്ടൽ പുലിമുട്ട് നിർമ്മാണം, തീരസംരക്ഷണം എന്നിവ സംബന്ധിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തി രിക്കുന്നു*. സംസ്ഥാന സർക്കാരിന്റെതന്നെ സംരംഭമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) മുഖേന കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിൽ (കാട്ടൂർ, അമ്പലപ്പുഴ, പതിയാൻകര, ആറാട്ടുപുഴ, വട്ടച്ചാൽ) കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 184.04 കോടി രൂപ ചെലവിൽ ഗ്രോയിൻ ഫീൽഡ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാവേലിക്കര നിയമസഭാമണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

208 (2818) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിലെ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് എം.എൽ.എ. നൽകിയ കത്തിന്മേൽ മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ എം.എൽ.എ നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ

1. തെക്കേക്കര ഗ്രാമപഞ്ചായത്ത് വാർഡ് 1-ൽ മാനാപ്പുഴ പാലത്തിന് വടക്കുഭാഗം ടി.എ കനാൽ പടിഞ്ഞാറെക്കര സംരക്ഷണ ഭിത്തി നിർമ്മാണം
2. തഴക്കര ഗ്രാമപഞ്ചായത്ത് വാർഡ് 18ൽ ഓലിക്കുഴി തോട് സംരക്ഷണഭിത്തിയും കവറിംഗ് സ്ലാബും നിർമ്മാണം.
3. മാവേലിക്കര മുനിസിപ്പാലിറ്റി വാർഡ് 10-ൽ കൊട്ടാർകാവ് ക്ഷേത്രത്തിന് പിൻഭാഗത്ത് കോട്ടത്തോടിൽ സംരക്ഷണഭിത്തി നിർമ്മാണം
4. മാവേലിക്കര മുനിസിപ്പാലിറ്റി വാർഡ് 5-ൽ പ്രായിക്കര പാടശേഖരത്തിലെ തോടിന് സംരക്ഷണഭിത്തി നിർമ്മാണം എന്നീ നാല് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പൂത്തോട്ട, മുറിഞ്ഞപുഴ, ഇത്തിപ്പുഴ എന്നീ സ്പിൽവേ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

209 (2819) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ പൂത്തോട്ട, മുറിഞ്ഞപുഴ, ഇത്തിപ്പുഴ എന്നീ സ്പിൽവേ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പ്രസ്തുത സ്പിൽവേകളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. വൈക്കം മണ്ഡലത്തിലെ പൂത്തോട്ട, മുറിഞ്ഞപ്പുഴ, ഇത്തിപ്പുഴ എന്നീ റെഗുലേറ്റർ-കം ബ്രിഡ്ജുകളുടെ നിർമ്മാണത്തിനോടനുബന്ധിച്ചുള്ള പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

**ഏര്യംപുഴക്ക് കുറുകെ വിയർ-കം-ട്രാക്ടർവേയുടെ നിർമ്മാണം**

210 (2820) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കല്ല്യാശ്ശേരി മണ്ഡലത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവിൽ ഏര്യംപുഴക്ക് കുറുകെ നിർമ്മിക്കുന്ന വിയർ-കം-ട്രാക്ടർവേയുടെ നിർമ്മാണം എപ്പോഴേക്ക് പൂർത്തിയാകും; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിൽ കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഏര്യംപുഴക്ക് കുറുകെ പൂരക്കടവിൽ നബാർഡ് സഹായത്തോടുകൂടി നിർമ്മിക്കുന്ന വിയർ-കം-ട്രാക്ടർ വേ പ്രവൃത്തിയുടെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ 2021 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മേൽ പ്രവൃത്തിയുടെ ഭാഗമായുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗം തയ്യാറാക്കിവരുന്നു. ഇലക്ട്രിക്കൽ പ്രവൃത്തിയുടെ സാങ്കേതികാനുമതി പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽനിന്നും ലഭ്യമായാൽ ഉടൻ ടെണ്ടർ നടപടി സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകാൻ കഴിയും.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പുക്കൽ, മുട്ടിൽകാപ്പ് എന്നിവിടങ്ങളിൽ പാലത്തോടുകൂടിയ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽക്കാപ്പ് റെഗുലേറ്റർ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായതിനാൽ ഉപ്പുവെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നിലവിലുള്ള റെഗുലേറ്റർ പുതുക്കി പണിയുന്നതിനുപകരം അവിടെ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭ്യമായാലുടനെ രൂപകല്പനക്കായി ഐ.ഡി.ആർ.ബി.യിൽ സമർപ്പിക്കുന്നതാണ്. കൂടാതെ ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പുക്കൽ തോടിനു മുണ്ടാപ്രത്ത് ആർ.സി.ബി. നിർമ്മിക്കുന്നതിനുള്ള 1330 ലക്ഷത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി ഹരിതകേരളം ക്ലാസ്സ് I സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ഹരിതകേരളം സ്കീമിൽ ആവശ്യമായ ഫണ്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള നടപടി കണ്ണൂർ എം.ഐ. ഡിവിഷനിൽ നടന്നുവരുന്നു. ഈ രണ്ട് പദ്ധതികളും നടപ്പിലാക്കിക്കഴിഞ്ഞാൽ ചെറുകുന്ന് പഞ്ചായത്തിലെ കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ ഒരുപരിധിവരെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

211 (2821) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 വർഷത്തെ ബജറ്റിലുൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഡിസൈൻ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിനായി 2020-21 വർഷത്തെ ബഡ്ജറ്റിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ ലഭ്യമാക്കുന്നതിനാവശ്യമായ പര്യവേക്ഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ 15.30 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പര്യവേക്ഷണ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം മാത്രമേ ഡിസൈൻ തയ്യാറാക്കി ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ.

## പി.പി. ജെറോമിന് മിനിമം പെൻഷൻ ലഭിക്കുന്നതിന് നടപടി

212(2822) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഭൂജല വകുപ്പിൽ ജോലി ചെയ്തിരുന്ന പി. പി. ജെറോം, സി.എൻ.ആർ. മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ [റ്റി (1)] 9288/2019 ഡി.ജി.ഡബ്ല്യൂ. ഇതുവരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ആലപ്പുഴ ജില്ലയിലെ ഭൂജല വകുപ്പിൽ ജോലി ചെയ്തിരുന്ന പി.പി.ജെറോം സി.എൽ.ആർ, മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ ആലപ്പുഴ ജില്ലാ ഓഫീസറിൽനിന്നും റിപ്പോർട്ട് ഭൂജലവകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) ജോലിക്കിടയിൽ ടിയാനുണ്ടായ അപകടത്തെത്തുടർന്ന് കാലുകൾക്ക് ഗുരുതരമായി പരിക്കേറ്റതിനാൽ ഒന്നരവർഷം ആലപ്പുഴ എം.സി.എച്ച്.-ൽ ചികിത്സ യിലായിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച ജില്ലാ ഓഫീസറുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ല ഓഫീസറുടെ 4-8-2020-ലെ ജി.ഡബ്ല്യൂ.എ/36/2019 കത്ത് പ്രകാരം, ടിയാൻ ഒന്നര വർഷം ആലപ്പുഴ എം.സി.എച്ച്-ൽ ചികിത്സയിലായിരുന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച ജില്ലാ ഓഫീസറുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം ജൂനിയർ ജിയോ ഫിസിസ്റ്റ് ശ്രീ. അശോക് കുമാറിനെയും ശ്രീ. പി. പി. ജെറോമിനെയും ഡിപ്പാർട്ടുമെന്റ് വാഹനത്തിൽ ഡാണാപ്പടിയിലുള്ള കുഴൽക്കിണർ നിർമ്മാണ സ്ഥലത്ത് എത്തിച്ചുവെന്ന് എസ്.എൽ.ആർ. ആയ ശ്രീ. നൗഷാദ് രേഖാമൂലം അറിയിച്ചുവെന്നും ശ്രീ. അശോക് കുമാർ, ജൂനിയർ ജിയോഫിസിസ്റ്റ് നൽകിയ മറുപടിയിൽ ശ്രീ. പി. പി. ജെറോമിനെ 6-2-2014-ൽ ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും വൈകുന്നേരം 4 മണിയോടുകൂടി ജില്ലാ ഓഫീസറുടെ നിർദ്ദേശപ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ട്യൂബ് വെൽ സൈറ്റിൽ ലോഗിംഗിന് സഹായിയായി കൊണ്ടുപോയി എന്നും, ജോലിക്കിടയിൽ ഭക്ഷണം കഴിക്കാൻ പോയപ്പോൾ അപകടം സംഭവിച്ചുവെന്നും ടിയാളെ ഹരിപ്പാട് താലൂക്ക് ആശുപത്രിയിലും തുടർന്ന് വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിലും എത്തിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

(സി) പി. പി. ജെറോമിന് ആനുകൂല്യവും മിനിമം പെൻഷനും ലഭിക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ?

സി.എൽ.ആർ. ജീവനക്കാർക്ക് പെൻഷൻ നൽകാനുള്ള വ്യവസ്ഥയില്ലാത്തതിൽ ടിയാന് പെൻഷൻ നൽകാൻ സാധിക്കില്ല. എന്നാൽ ടിയാൻ എസ്.എൽ.ആർ. ആയി ജോലി ചെയ്തിരുന്ന സമയത്ത് ഡി.സി.ആർ.ജി ആനുകൂല്യമുള്ളതിനാൽ ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കേരള വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റങ്ങൾ

213 (2823) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ സർക്കാരിന്റെ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള വാട്ടർ അതോറിറ്റിയിൽ സർക്കാരിന്റെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പൊതുവിൽ പാലിക്കുന്നുണ്ട്. എന്നാൽ അവശ്യ സർവ്വീസായ ഈ സ്ഥാപനം ജലജീവൻ മിഷൻ പോലുള്ള പ്രാധാന്യമുള്ള കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി പ്രഗൽഭരായ ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടിവരുമ്പോൾ ചുരുങ്ങിയ അവസരങ്ങളിൽ പ്രസ്തുത മാനദണ്ഡം പാലിക്കാൻ കഴിയാതെവരുന്നു.

(ബി) സ്ഥലംമാറ്റത്തിനായി പരിഗണിക്കുന്നതിന് ഒഴിവുകൾ മുൻകൂട്ടി പ്രഖ്യാപിക്കുന്നതിനും മെറിറ്റ് അടിസ്ഥാനത്തിൽ സ്ഥലംമാറ്റം നൽകാനുള്ള സുതാര്യമായ നടപടിക്രമങ്ങൾ പാലിക്കാതെയുള്ള സ്ഥലംമാറ്റങ്ങൾ ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകുമോ?

നിലവിൽ EPM സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പൊതുസ്ഥലംമാറ്റം സുതാര്യമായി നടത്തിവരുന്നു. 2021-22 കാലയളവിൽ ഇതിനായി GSPARK-ന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) എല്ലാ വർഷവും മേയ് മാസത്തിനുമുമ്പ് പൊതുസ്ഥലംമാറ്റ ഉത്തരവ് ഉണ്ടാകണമെന്ന് നിർദ്ദേശം നൽകുമോ?

മേയ് മാസത്തിനുമുമ്പ് സ്ഥലംമാറ്റ ഉത്തരവുകൾ ഉണ്ടാകണമെന്ന് നിലവിൽ നിർദേശം നൽകിയിട്ടുണ്ട്.

## വാട്ടർ അതോറിറ്റി ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ

214 (2824) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് പെൻഷൻ പറ്റിയ ജീവനക്കാരുടെ ഡി.സി.ആർ.ജി., പി.എഫ്. ക്ലോഷർ എന്നിവ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ മറ്റ് സർക്കാർ വകുപ്പുകളിലേതുപോലെ സമയബന്ധിതമായി നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുമോ എന്ന് അറിയിക്കുമോ?

വാട്ടർ അതോറിറ്റിയുടെ സാമ്പത്തികസ്ഥിതിയെ അടിസ്ഥാനമാക്കി മാത്രമേ പെൻഷൻ ഉൾപ്പെടെയുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ വിരമിക്കുന്ന ജീവനക്കാർക്ക് സമയബന്ധിതമായി അനുവദിക്കാൻ കഴിയുകയുള്ളൂ. സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സമാശ്വാസ തൊഴിൽദാന പദ്ധതി**

215 (2825) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജലസേചന വകുപ്പിലെ നിയമനങ്ങൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. നിലവിൽ ഒഴിവുകളില്ലാത്തതിനാലാണ് ജലസേചന വകുപ്പിലെ നിയമനങ്ങൾ വൈകുന്നത്.

(ബി) 15-3-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 161/2018/ ജലവിഭവം പ്രകാരം സുനിത. എസ്-ന് ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കാത്തതിന്റെ കാരണം പരിശോധിക്കുമോ?

ജലസേചന വകുപ്പിൽ ചെങ്ങന്നൂർ എം.ഐ.ഡിവിഷനിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി നോക്കി വരവെ മരണപ്പെട്ട ശ്രീമതി മീനാക്ഷി അമ്മ സരസമ്മയുടെ മകളായ ശ്രീമതി എസ്. സുനിത (രാജ്ഭവൻ, ചെങ്ങന്നൂർ, ആലപ്പുഴ) ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയും 17-9-2018-ലെ G.O(Ms) 49/2018/ WRD നമ്പർ ഉത്തരവ് പ്രകാരം ടിയാൾക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിതനിയമനം വഴി നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീമതി സുനിത ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം (6-4-2015) ആവശ്യമായ രേഖകൾ ഉൾക്കൊള്ളിച്ചിട്ടില്ലായിരുന്നു. ടി തീയതിക്കു ശേഷമാണ് ടിയാൾ രേഖകളെല്ലാം വാങ്ങിയിട്ടുള്ളത്. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളെല്ലാം ഉൾപ്പെടുത്തി സാധുവായ അപേക്ഷയാണ് നൽകേണ്ടതെന്ന് 24-5-1999-ലെ G.O.(P)No.12/99/P&ARD ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ശ്രീമതി എസ്.സുനിത 6-4-2015-ന് സമർപ്പിച്ചിരുന്ന അപേക്ഷ സാധുവായ അപേക്ഷയായിരുന്നില്ല.

എന്നിരുന്നാലും 15-3-2015-ലെ G.O(Rt)161/2018/ജ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ടിയാൾ അപേക്ഷ സമർപ്പിക്കാനുണ്ടായ കാലയളവ് മാപ്പാക്കി ഉത്തരവായിട്ടുണ്ട്. ശ്രീമതി സുനിതയുടെ ജനനത്തീയതി 25-5-1979 ആയതിനാൽ 24-5-2015-ൽ ടിയാൾക്ക് 36 വയസ്സ് പൂർത്തിയായിരുന്നു. നേരിട്ടുള്ള നിയമനത്തിന് പ്രതിപാദിച്ചിരിക്കുന്ന ഉയർന്ന പ്രായപരിധിയാണ് പാർട്ട് ടൈം സ്വീപ്പർ തസ്തിക ഒഴികെയുള്ള എല്ലാ തസ്തികയിലെയും ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളത്. ടിയാൾക്ക് 24-5-2015-ൽ 36 വയസ് പൂർത്തിയായിരുന്നതിനാൽ ടിയാൾ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അർഹതയില്ലായിരുന്നു. ആയതിനാലാണ് 17-9-2018-ലെ G.O(Ms) 49/2018/ WRD ഉത്തരവ് പ്രകാരം ടിയാൾക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമന പദ്ധതിപ്രകാരം നിയമനം നൽകിയത്.

(സി) ചെങ്ങന്നൂർ മൈനർ ഇറിഗേഷൻ പ്രോജക്ടിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്യുന്ന സുനിത. എസ്-ന് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുമോയെന്ന് അറിയിക്കാമോ?

ആശ്രിതനിയമനം സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ പ്രകാരം ശ്രീമതി സുനിത. എസ്.-ന് ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമനം നൽകുവാൻ കഴിയുകയില്ല.

## നിലമ്പൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

216 (2826) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ജലവിഭവ വകുപ്പിന് കീഴിൽ നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; ഏതൊക്കെ പദ്ധതികൾ തടസ്സപ്പെട്ട് നിൽക്കുന്നുവെന്ന് വ്യക്തമാക്കുമോ; തടസ്സം നീക്കി പ്രവൃത്തി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ഭരണാനുമതിക്കായി സമർപ്പിച്ച പദ്ധതികളും ഭരണാനുമതി നേടിയ പദ്ധതികളും പ്രവൃത്തി പൂർത്തീകരിച്ച പദ്ധതികളും ഏതൊക്കെയാണ്; വിശദവിവരങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചനവും ഭരണവും വകുപ്പിനു കീഴിൽ നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.* ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലനിധിക്കു കീഴിൽ നടപ്പിലാക്കിയ സുസ്ഥിരതാ പദ്ധതി പ്രകാരം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലമ്പൂർ മണ്ഡലത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ വിശദവിവരങ്ങളും ഭരണാനുമതിക്ക് സമർപ്പിച്ച പദ്ധതികളും ഭരണാനുമതി നേടിയ പദ്ധതികളും, അതോടൊപ്പം പ്രവൃത്തികൾ പൂർത്തീകരിച്ച പദ്ധതികളുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. പൂർത്തീകരിക്കാൻ ബാക്കിയുള്ള പദ്ധതികൾ എല്ലാംതന്നെ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. 2024-ഓടുകൂടി എല്ലാ കുടുംബങ്ങൾക്കും പൈപ്പ് വഴി കുടിവെള്ളം നൽകുവാൻ ലക്ഷ്യമിട്ടിരിക്കുന്ന ജലജീവൻ പദ്ധതിപ്രകാരം നിലമ്പൂർ മണ്ഡലത്തിലെ പോത്തുകൽ ഗ്രാമപഞ്ചായത്തിൽ 500 കുടിവെള്ള കണക്ഷനുകൾ നൽകാൻ ഈ സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ ഡിവിഷന്റെ കീഴിൽ പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം-ബ്രിഡ്ജിന്റെ 10 ഷട്ടറുകളുടെ ഹോയിസ്റ്റിംഗ് മെക്കാനിസം മെയിന്റനൻസ് & ഓവർഹോളിംഗ് എസ്റ്റിമേറ്റ് തുക 5.25 ലക്ഷം രൂപ ചെലവാക്കി പൂർത്തീകരിച്ചു. പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ 10 ഷട്ടറുകളുടെ പ്രളയാനന്തര അറ്റകുറ്റപ്പണികൾ 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുക പ്രകാരം നടന്നുവരുന്നു. 65% പ്രവർത്തികൾ പൂർത്തീകരിച്ചു. ജലവിഭവ വകുപ്പിനു കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സം നിൽക്കുന്ന വിഷയങ്ങൾ ഉന്നത തലത്തിൽ നടക്കുന്ന യോഗങ്ങളിൽ അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ നൽകുകയും ചെയ്തുവരുന്നുണ്ട്.

(ബി) ആറംപുളിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവൃത്തി പൂർത്തിയായോ; ആയത് എന്നത്തേക്ക് പൂർത്തീകരിക്കും എന്നറിയിക്കാമോ?

പ്രവൃത്തി പൂർത്തീകരിച്ചു.

**കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ മൈനർ ഇറിഗേഷൻ വർക്കുകൾ**

217 (2827) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ മൈനർ ഇറിഗേഷൻ വകുപ്പിൽപ്പെടുന്ന റിഹാബിലിറ്റേഷൻ ഓഫ് എൽ.ഐ.സ്കീം (2017/1491/ഐ.എ) എന്ന പദ്ധതിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ&ബി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ റീഹാബിലിറ്റേഷൻ ഓഫ് എൽ. ഐ. സ്കീം എന്ന ശീർഷകത്തിലുൾപ്പെടുത്തി 124 ലക്ഷം രൂപയുടെ ഇരിമ്പിളിയം എൽ.ഐ. സ്കീമിന്റെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-യുടെ കാര്യാലയത്തിൽ ലഭിച്ചിരുന്നുവെങ്കിലും ഈ സാമ്പത്തിക വർഷത്തിൽ, മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക മുഴുവൻ വിനിയോഗിച്ചതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മരുതോങ്കര ഗ്രാമപഞ്ചായത്തിലെ ഭൂമി കൈമാറ്റം**

218 (2828) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കളിവീട് അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കാൻ ഭൂജല വകുപ്പിന് പഞ്ചായത്തിന്റെ ശിപാർശ ലഭിച്ചിട്ടുണ്ടോ?

ഇല്ല. മരുതോങ്കര ഗ്രാമപഞ്ചായത്തിൽ ഭൂജല വകുപ്പിന് സ്ഥലമില്ല.

(ബി) ശിപാർശയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ വിശദമാക്കാമോ?

ബാധകമല്ല.

(സി) ശിപാർശ പരിഗണിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

ബാധകമല്ല.

(ഡി) ഭൂജല വകുപ്പിന്റെ സ്ഥലത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന അങ്കണവാടി കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ഭൂജലവകുപ്പിന് മരുതോങ്കര ഗ്രാമപഞ്ചായത്തിൽ സ്ഥലമില്ല. ചോദ്യത്തിൽ സൂചിപ്പിച്ച കളിവീട് അങ്കണവാടി ഭൂജല വകുപ്പിന്റെ സ്ഥലത്തല്ല ഉള്ളത്.

(ഇ) സ്ഥലം വിട്ടുനിൽകാൻ വൈകിയ സാഹചര്യത്തിൽ സ്ഥലം വിട്ടുനൽകാൻ പ്രത്യേക പരിഗണന നൽകി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താമോ?

ബാധകമല്ല.

## ഇരിങ്ങാലക്കുടയിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ

219 (2829) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടത്തുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം 2) കാര്യാലയത്തിന് കീഴിൽ എൽ എ സി-എ ഡി എഫിൽ ഉൾപ്പെടുത്തി കാറളം ഗ്രാമപഞ്ചായത്തിലെ നന്തി കനാലിന്റെ ആരംഭ ഭാഗത്തു സ്ലൂയിസ് കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചു വരുന്നു. റീ ബിൽഡ് കേരള Initiative പദ്ധതിയിൽ ഉൾപ്പെടുത്തി കുത്തുമാക്കൽ റെഗുലേറ്ററിന്റെ മെക്കാനിക്കൽ അറ്റകുറ്റപ്പണികൾ രൂപ 23.9 ലക്ഷത്തിനു നടത്തിവരുന്നു. കോൾചാലുകളുടെ തടസ്സംനീക്കൽ, ചിറ-റിംഗ് ബണ്ട് നിർമ്മാണം കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ എന്നിവയും നടത്തിവരുന്നു. മെക്കാനിക്കൽ വിഭാഗത്തിൽ താഴെ ചേർത്തിരിക്കുന്ന രണ്ട് പ്രവർത്തികൾ നടപ്പിലാക്കുന്നു: 1. തൃശ്ശൂർ ജില്ലയിലെ മുരിയാട് പഞ്ചായത്തിലെ മുരിയാട് ചിറയിൽ രണ്ടു ഷട്ടറുകളുടെയും ആനക്കല്ലി ചിറയിൽ ഒരു ഷട്ടറിന്റെയും ഫാബ്രിക്കേഷൻ പെയിന്റിംഗും ഘടിപ്പിക്കലും. 2. കുത്തുമാക്കൽ റെഗുലേറ്ററിന്റെ ഷട്ടറുകളുടെയും ഹോസ്റ്റിങ് മെക്കാനിസത്തിന്റെയും അറ്റകുറ്റപ്പണി (മെക്കാനിക്കൽ വർക്കുകൾ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ കേരള ജലഅതോറിറ്റി മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും ഭൂജല വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായും ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കേരള ജലഅതോറിറ്റി മുഖേന ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ 20 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങളും ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2 മുഖേന പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോലുമാട് ജലസേചന പദ്ധതി

220 (2830) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കോലുമാട് ജലസേചന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കോലുമാട് ജലസേചന പദ്ധതിയുടെ പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ രൂപ കല്പനയ്ക്കായുള്ള ഇൻഡന്റ് ഐ. ഡി. ആർ. ബി ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ആറന്മുള നീർത്തട മാസ്റ്റർ പ്ലാൻ

221 (2831) <u>ശ്രീമതി വീണാ ജോർജ്ജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ ഇറിഗേഷൻ വിഭാഗം സമർപ്പിച്ചിട്ടുള്ള ആറന്മുള നീർത്തട മാസ്റ്റർ പ്ലാനിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) ആയതിൽ എത്ര പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കാമോ ?

(എ&ബി) നവകേരള കർമ്മപദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായിട്ടാണ് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ നീർത്തട പ്ലാനും, ബ്ലോക്ക് തലത്തിൽ നീർത്തട പ്ലാനുകൾ ഏകോപിപ്പിച്ച് നീർത്തട മാസ്റ്റർ പ്ലാനും തയ്യാറാക്കിയിട്ടുള്ളത്. ആറന്മുള ഗ്രാമപഞ്ചായത്തിന്റെ നീർത്തട പ്ലാൻ തയ്യാറാക്കുകയും ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

222 (2832) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചെറുകിട ജലസേചന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചെറുകിട ജലസേചന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പല്ലാർമംഗലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.
2. പള്ളം തുരുത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ചെറുകിട ജലസേചന, കുടിവെള്ള പദ്ധതികളാണ് കമ്മീഷൻ ചെയ്തതെന്ന് അറിയിക്കുമോ; ഓരോന്നിനും ചെലവായ തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

കിഫ്ബി 2016-17 അമ്പലപ്പാറ കുടിവെള്ള പദ്ധതി-ഒന്നാംഘട്ടം - ഭരണാനുമതി തുക - 10 കോടി. ഉന്നതതല സംഭരണി പമ്പിംഗ് മെയിൻ പമ്പ് സെറ്റ്, അനുബന്ധ ഘടകങ്ങൾ എന്നിവയുടെ പ്രവൃത്തി 5-3-2019 ന് കമ്മീഷൻ ചെയ്തു. ചെലവായ തുക- 850.04 ലക്ഷം രൂപ.

കിഫ്ബി 2016-17 തച്ചനാട്ടുകര, അലനെല്ലൂർ, കോട്ടോപ്പാടം കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം- 2200 ലക്ഷം രൂപ- ശുദ്ധീകരണശാല, കിണർ, ട്രാൻസ്ഫോർമർ, പമ്പിംഗ് മെയിൻ എന്നിവയുടെ പ്രവൃത്തി 31-12-2019-ന് പൂർത്തീകരിച്ചു- ചെലവായ തുക- 1796.39 ലക്ഷം.

ജലനിധി രണ്ടാംഘട്ട പദ്ധതി വഴി കമ്മീഷൻ ചെയ്ത ചെറുകിട ജലസേചന കുടിവെള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

## ചടയമംഗലം മണ്ഡലത്തിലെ പ്രവൃത്തികൾ

223 (2833) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ചടയമംഗലം മണ്ഡലത്തെക്കൂടി ഉൾപ്പെടുത്തി അനുവദിക്കപ്പെട്ട ശുദ്ധജലവിതരണം, മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ പ്രവൃത്തികളുടെ പേരും വകയിരുത്തിയ അടങ്കൽ തുകയും പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചടയമംഗലം നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാർ കാലയളവിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിനുകീഴിൽ അനുവദിക്കപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും അടങ്ങിയ മേജർ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളുടെ പ്രത്യേക ലിസ്റ്റുകളും ഭൂജല വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളും കേരള ജല അതോറിറ്റി നടപ്പിലാക്കിയ പ്രവൃത്തികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതി**

224 (2834) ശ്രീ. കെ. എം ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതിയെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ എന്തെല്ലാം; വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പിൽ പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഇതുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകളൊന്നുംതന്നെ നിലവിലില്ല.

**കാർഷിക ജലസേചനത്തിൽ കൈവരിച്ച പുരോഗതി**

225 (2835) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കാർഷിക ജലസേചനത്തിൽ കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാർഷികമേഖലയിലെ ഉത്പാദന വർദ്ധനയും ഭക്ഷ്യോല്പന്നങ്ങളുടെ മേഖലയിൽ സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരുന്നത്. ഇതിന്റെ ഭാഗമായി ചെറുകിട ജലസേചന പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ജലസേചനവകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്. ചിറ്റൂർപുഴ പദ്ധതിയുടെ പരിധിയിൽവരുന്ന 20440 ഹെക്ടർ, ചുള്ളിയാർ പദ്ധതിയിൽ വരുന്ന 2430 ഹെക്ടർ, മീങ്കര പദ്ധതിയിൽ വരുന്ന 3033 ഹെക്ടർ, വാളയാർ പദ്ധതിയിൽ വരുന്ന 3997 ഹെക്ടർ കൃഷി സ്ഥലങ്ങളിൽ ഉണക്ക് ഭീഷണി ഇല്ലാതെ ജലസേചനം കാര്യക്ഷമമായി നടത്താൻ സാധിച്ചിട്ടുണ്ട്. ഇറിഗേഷൻ ഡിവിഷൻ മലമ്പുഴക്ക് കീഴിൽ കനാൽ ശൃംഖലയിൽ ഏറ്റവും പ്രധാനമായ കാഡാ കനാലുകളുടെ പുനരുദ്ധാരണം സാധ്യമായതുകൊണ്ട് ജലസേചനം നല്ല രീതിയിൽ നടത്താൻ സാധിക്കുന്നുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയിൽ പ്ലാൻ ഫണ്ട് വകയിരുത്തിയതിന്റെ ഫലമായി കനാൽ ശൃംഖല നവീകരിച്ചുവരികയും അതുവഴി കൂടുതൽ ജലസേചനം സാധ്യമാവുകയും ചെയ്തു. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ ഭാഗമായി 28.763 കി.മീ. കനാൽ പൂർത്തീകരിച്ച് കാരിക്കോട്, ഇടയാർ എന്നീ ഉപ കനാലുകൾ ഒഴിവാക്കി 10-7-2020-ന് പദ്ധതി കമ്മീഷൻ ചെയ്തു. പാമ്പാർ നദീതട പദ്ധതിയിൽ ഇടുക്കി ജില്ലയിൽ കാന്തല്ലൂർ പഞ്ചായത്തിൽ പട്ടിശ്ശേരി ഡാമിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവൃത്തിയിലൂടെ 515.2 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഒരുക്കാൻ കഴിയും. കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി 27 പ്രവൃത്തികൾ പൂർത്തീകരിച്ച് 855.876 ഹെ. സ്ഥലത്ത് ജലസേചന സൗകര്യം ഒരുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കല്ലട ജലസേചന പദ്ധതിയിൽ 1412.51 ഹെ. ആയക്കട്ട് കൈവരിക്കാനും നിലവിലുള്ള 51211.443 ഹെക്ടർ സ്റ്റെബിലൈസ് ചെയ്യാനും കഴിഞ്ഞിട്ടുണ്ട്. ഇടമലയാർ ജലസേചന പദ്ധതിയിൽ കനാലിനുകുറുകെ എം.സി. റോഡ് ക്രോസ്സിംഗിന്റെ പണി പൂർത്തീകരിക്കുകയും ചെ.9000 വരെയുണ്ടായിരുന്ന ജലവിതരണം 12540 മീ. വരെ എത്തിക്കുവാനും കഴിഞ്ഞു. ലിങ്ക് കനാൽ 2000 മീ. വരെ പൂർത്തീകരിച്ചു. വാഴാനി ജലസേചന പദ്ധതിയിൽ 3450 ഹെക്ടർ ആയിരുന്ന ആയക്കെട്ട് 3650 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്.

(ബി) പുതുതായി എത്ര ഹെക്ടർ പ്രദേശത്ത് ജലവിതരണം നടത്തുന്നതിന് ഈ സർക്കാരിന് കഴിഞ്ഞെന്ന് വ്യക്തമാക്കാമോ?

ഈ കഴിഞ്ഞ നാലരവർഷകാലയളവിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ന്റെ കീഴിൽ മൊത്തം 58,712.68 ഹെക്ടർ കൃഷിഭൂമിക്ക് അധിക ജലസേചന സൗകര്യമൊരുക്കാൻ സാധിച്ചിട്ടുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയിൽ ഫണ്ട്

അപര്യാപ്തതമൂലം ജലസേചനം നടത്താൻ കഴിയാതിരുന്ന 2500 ഹെക്ടറോളം സ്ഥലത്ത് ജലവിതരണം പുനഃസ്ഥാപിക്കാൻ കഴിഞ്ഞു. കാരാപ്പുഴ ഡിവിഷന് കീഴിൽ 185.7 ഹെക്ടർ കൃഷിസ്ഥലത്ത് ജലസേചന സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ 60 ഹെക്ടർ സ്ഥലത്ത് നാണ്യവിളകൾക്കും ജലസേചന സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രോജക്ട് സർക്കിൾ, മൂവാറ്റുപുഴ-3555 ഹെ. കെ.ഐ.പി (ആർ.ബി) സർക്കിൾ- 1412.51 ഹെക്ടർ പ്രോജക്ട് സർക്കിൾ, പിറവം - 1531 ഹെക്ടർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, തൃശ്ശൂർ (വാഴാനി പദ്ധതി) - 200 ഹെക്ടർ

(സി) മലമ്പ്രദേശങ്ങളിൽ തോട്ടവിളകളുടെയും പഴവർഗ്ഗങ്ങളുടെയും കൃഷിക്കായി ചെറുകിട ജലസേചനത്തിന് മുൻഗണന നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മലമ്പ്രദേശങ്ങളിൽ തോട്ടവിളകളുടെയും പഴവർഗ്ഗങ്ങളുടെയും കൃഷിക്കായി ചെറുകിട ജലസേചനത്തിന് മുൻഗണന നൽകിയിട്ടുണ്ട്. മലയോരമേഖലയ്ക്കും അതു പോലെതന്നെ താരതമ്യേന ഉയർന്ന സ്ഥലങ്ങളിലേയ്ക്കും ജലസേചനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ലിഫ്റ്റ് ഇറിഗേഷൻ, കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്. നാണ്യവിളകൾക്ക് ജലസേചനം ലഭ്യമാക്കുക എന്നതാണ് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ ലക്ഷ്യം. ജലസേചനം നടത്തിയാൽ നാണ്യവിളകളുടെ ഉൽപാദനം വർദ്ധിക്കുമെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണിത്. 2020-21 പ്ലാൻ പദ്ധതിയിൽ എല്ലാ ജില്ലകളിലും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്നതിന് ഹരിതകേരളം ക്ലാസ്-1 പദ്ധതിയിൽ 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എറണാകുളം, കോഴിക്കോട്, കാസർഗോഡ്, തൃശ്ശൂർ, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ 12 കോടി രൂപയുടെ പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ വരും വർഷങ്ങളിലും ഇതിനായി സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കനാലുകളിൽ നിന്നും വളരെ അകലെയുള്ള കൃഷി സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലം എത്തിക്കാനാവുമെന്നതാണ് പ്രത്യേകത. കുളങ്ങൾ, തടയണകൾ, വി.സി.ബികൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ കേന്ദ്രീകരിച്ചും പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ പഠിച്ചുവരുന്നു. കൃഷിവകുപ്പുമായി സഹകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. 2020-21 വർഷത്തെ പ്ലാൻ പ്രവൃത്തികളിൽ 600 ലക്ഷം രൂപ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും 500 ലക്ഷം രൂപ നിലവിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളും നടന്നുവരുന്നു. തോട്ടവിളകളുടെയും പഴവർഗ്ഗങ്ങളുടെയും കൃഷിക്കായി ചെറുകിട ജലസേചനത്തിന് കാരാപ്പുഴ ജലസേചന പദ്ധതി മുൻഗണന നൽകിയിട്ടുണ്ട്. റിസർവ്വോയർ, കനാലുകൾ എന്നിവിടങ്ങളിൽ നിന്നും ജലം പമ്പ് ചെയ്ത് സൂക്ഷ്മ ജലസേചനത്തിനുള്ള (മൈക്രോ ഇറിഗേഷൻ) നടപടികൾ എടുത്തുവരുന്നു. കാവേരി

ഡിവിഷനിൽ വിഭാവനം ചെയ്തിട്ടുള്ള ഏഴ് ഇടത്തരം ജലസേചന പദ്ധതികളിൽ ആദ്യഘട്ടമായി ഏറ്റെടുത്തിട്ടുള്ള കടമൻതോട്, തൊണ്ടാർ എന്നീ ജലസേചന പദ്ധതികളിലൂടെ മലമ്പ്രദേശങ്ങളിൽ തോട്ടവിളകളുടെയും പഴവർഗ്ഗങ്ങളുടെയും ജലസേചനവും വിഭാവനം ചെയ്യുന്നുണ്ട്.

(ഡി) നാണ്യവിളകൾക്ക് ജലസേചന സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വകുപ്പിന് കീഴിൽ പൂർത്തീകരിച്ച പദ്ധതികളുടെ ജലസംഭരണിയിൽ നിന്ന് തോട്ടവിളകൾക്കും നാണ്യവിളകൾക്കും ജലസേചനം നടത്തി വരുന്നുണ്ട്.

(ഇ) ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ വഴി നടത്തുന്ന ജലസേചനത്തിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ?

ജലസേചന വകുപ്പിന് കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തനക്ഷമമായ 432 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ വഴി ഏകദേശം 43412.92 ഹെക്ടർ പ്രദേശത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇറിഗേഷൻ ഡിവിഷൻ ചിറ്റൂരിന് കീഴിലുള്ള മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉപയോഗിച്ച് 1200 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നുണ്ട്. മറ്റ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി – കുത്താട്ടുകുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പാലക്കുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പെരിയാർ വാലി ജലസേചന പദ്ധതി – മേതല, കല്ലിൽ, ഇരമല്ലൂർ.

(എഫ്) ചെക്ക് ഡാം, വി.സി.ബി. റെഗുലേറ്റർ എന്നിവ ഉൾപ്പെടെയുള്ള വിവിധോദ്ദേശ്യ പദ്ധതികളുടെ പ്രവർത്തനം വിശദമാക്കുമോ?

നദികളിലും പുഴകളിലും തോടുകളിലുമുള്ള നീരൊഴുക്ക് തടഞ്ഞുനിർത്തി കുടിവെള്ളത്തിനും കാർഷിക ആവശ്യങ്ങൾക്കും ഉപയോഗപ്രദമാക്കാനും വെള്ളപ്പൊക്കം തടയുന്നതിനും, ഓരുവെള്ളം നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ചെക്ക് ഡാം വി.സി.ബി. റെഗുലേറ്റർ എന്നിവ നിർമ്മിക്കുന്നത്. ചെക്ക് ഡാമുകൾ റെഗുലേറ്ററുകൾ എന്നിവയുടെ ഷട്ടറുകൾ കാലവർഷത്തിന്റെ അവസാനത്തോടു കൂടി അടച്ച് ജലം സംഭരിക്കുകയും കാലവർഷാരംഭത്തോടുകൂടി ഷട്ടറുകൾ തുറന്ന് പുഴകളിലെ നീരൊഴുക്ക് സുഗമമാക്കുകയും ചെയ്തുവരുന്നു. വേനൽകാലത്ത് ജലം സംഭരിച്ച് നിർത്തുന്നത് വഴി കൃഷിയിടങ്ങളിൽ ജലസേചന സൗകര്യം ഒരുക്കുന്നതിനും, ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും പ്രസ്തുത നിർമ്മിതികളുടെ മുകൾഭാഗത്ത് ജലവിതാനം ഉയർത്തി ഇരുകരകളിലേയ്ക്കും കൃഷിക്കും, കുടിവെള്ളത്തിനും ആവശ്യമായ ജലലഭ്യത ഉറപ്പു വരുത്തുവാനും സാധിക്കുന്നു. കൂടാതെ ഗ്രൗണ്ട് വാട്ടർ ലെവൽ ഉയരുന്നതുമൂലം സമീപ പ്രദേശത്തെ കിണറുകൾ റീചാർജ്ജ് ചെയ്യപ്പെടുകയും ചെയ്യുന്നു.

## സർവ്വീസ് സംഘടനകളുടെ അംഗീകാരം

226 (2836) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓഫീസർമാരുടെ സർവ്വീസ് സംഘടനകളിൽ അംഗീകാരമുള്ള എത്രയെണ്ണമുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (AKWAO) എന്ന സംഘടനയ്ക്ക് മാത്രമാണ് നിലവിൽ അംഗീകാരമുള്ളത്.

(ബി) എ.കെ.ഡബ്ല്യു.എ.ഒ.-യ്ക്ക് അംഗീകാരം നൽകുന്നതിൽ അനാവശ്യമായ കാലവിളംബം വരുത്തുന്നുവെന്ന കാര്യം പരിശോധിക്കുമോ?

എ.കെ.ഡബ്ല്യൂ.എ.ഒ-യ്ക്ക് അംഗീകാരം നൽകുന്നതിൽ അനാവശ്യമായ കാലവിളംബം വരുത്തിയിട്ടില്ല. നിയമപരമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്.

(സി) ഈ സംഘടനയ്ക്ക് അംഗീകാരം നൽകാതിരിക്കാൻ മറ്റേതെങ്കിലും സംഘടനകൾ പരാതി നൽകിയിരുന്നോ; എങ്കിൽ അതിന്മേൽ എടുത്ത തീരുമാനം അറിയിക്കാമോ?

APHEK, EFKWA, AEA എന്നീ സംഘടനകൾ പരാതികൾ നൽകിയിരുന്നു. പരാതികൾ പരിശോധിച്ചു. പരാതി നൽകിയ സംഘടനകളുമായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ചർച്ച നടത്തിയിരുന്നു. പരാതി പരിശോധിച്ച വേളയിൽ ഉന്നയിച്ച പരാതികളിൽ കഴമ്പില്ലെന്ന് ബോധ്യപ്പെട്ടതിനുശേഷമാണ് AKWAO ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചത്.

## കിണറുകളുടെ സംരക്ഷണം

227 (2837) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അനിൽ അക്കര:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളിൽ ഭൂരിപക്ഷവും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന കിണറുകളിൽ നല്ലൊരു പങ്കും മലിനീകരിക്കപ്പെട്ടതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ ജനങ്ങളിൽ ഭൂരിപക്ഷവും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന കിണറുകളിൽ നല്ലൊരു പങ്കും മലിനീകരിക്കപ്പെട്ടതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കിണറുകളുടെ സംരക്ഷണത്തിന് സർക്കാർ പ്രത്യേക പ്രാധാന്യം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

കിണറുകളുടെ സംരക്ഷണത്തിന് സർക്കാർ പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. സംസ്ഥാന ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കിവരുന്നു. തുറന്ന കിണറുകളുടെ പരിപോഷണം പ്രസ്തുത പദ്ധതിയിൻകീഴിൽ പ്രധാനമായും ലക്ഷ്യമിടുന്നു. നിലവിൽ പൊതു സ്ഥാപനങ്ങളിലെ ഭൂജല റീചാർജ്ജാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്. 2019-20 സാമ്പത്തിക വർഷം വകുപ്പ് 97 എണ്ണം തുറന്നകിണർ റീചാർജ്ജ് പദ്ധതികൾ പൂർത്തീകരിച്ചു. 2020-21 സാമ്പത്തിക വർഷം വകുപ്പ് 243 എണ്ണം തുറന്ന കിണർ പരിപോഷണ പദ്ധതികൾക്ക് അനുമതിനൽകിയിരുന്നു. ആയതിൽ 128 എണ്ണം തുറന്ന കിണർ പരിപോഷണ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂജലസംപോഷണ പദ്ധതികൾ സുസ്ഥിര ഭൂജല വികസനത്തിന് പ്രധാന പങ്ക് വഹിച്ചുവരുന്നു. ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണത്തിനുവേണ്ടി ഭുഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കിണറുകളുടെ ചുറ്റും ഫിൽട്ടർ മീഡിയ (ചല്ലി, മണൽ) എന്നിവ നിറച്ച് ഒരു പരിധി വരെ മാലിന്യ മുക്തമാക്കുന്നതിനുള്ള ശ്രമങ്ങൾ നടപ്പിലാക്കുന്നുണ്ട്. കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം പ്ലാൻസ്കീമിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും നടപ്പിലാക്കി വരുന്നു. മഴവെള്ള സംഭരണത്തിനുവേണ്ടി നിർമ്മിക്കുന്ന സംഭരണികളിൽനിന്നും പുറത്തേക്കൊഴുകുന്ന അധികജലം ഭൂജലപരിപോഷണത്തിനും നിലവിലുള്ള കിണറുകൾ റീചാർജ് ചെയ്യുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷം മുതൽ പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി കിണറുകൾ റീചാർജ് ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി 5 ഗ്രാമപഞ്ചായത്തുകളിലെ 800 കിണറുകളിലെ ജലം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്.

(സി) കുളങ്ങളും കിണറുകളും സംരക്ഷിക്കുന്നതിനും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനും ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും നിലവിലുള്ള സംവിധാനമെന്താണ്?

ഭൂജലസംരക്ഷണത്തിനും സംപോഷണത്തിനുമായി തുറന്ന കിണർ/ റീചാർജ്ജ് പിറ്റ്/കുഴൽക്കിണർ റീചാർജ്ജ് പദ്ധതികളും 0.1 ഹെക്ടറിൽ താഴെയുള്ള ചെറിയ കുളങ്ങളുടെ നവീകരണം, അനുയോജ്യമായ പ്രദേശങ്ങളിൽ മൈക്രോ വാട്ടർഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ പദ്ധതികളാണ് സംസ്ഥാനത്ത് ഭൂജലസംരക്ഷണത്തിനായി വകുപ്പ് നടപ്പിലാക്കി വരുന്നത്. ഭൂജലവകുപ്പിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ജലഗുണനിലവാരം പരിശോധിക്കുന്നതിനായി അനലിറ്റിക്കൽ ലബോറട്ടറികൾ നിലവിലുണ്ട്. ഭൂജലവകുപ്പ് സംസ്ഥാനത്ത് വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽ നിന്നുമുള്ള ജലത്തിന്റെ ഗുണനിലവാരം നിശ്ചിത ഇടവേളയിൽ പരിശോധിച്ച് പഠനവിധേയമാക്കി വരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് അവരുടെ ആവശ്യാനുസരണം നിശ്ചിത ഫീസ് ഈടാക്കി കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ടും, പരിഹാര മാർഗ്ഗങ്ങളും വകുപ്പ് നൽകിവരുന്നു. ജലനിധി പദ്ധതിയിൽ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതു മുഖേന ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ജലനിധി പദ്ധതിയിൽ ജല സംരക്ഷണത്തിനായി കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented cross Bar), എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച് നടപ്പിലാക്കുന്നുണ്ട്. കുടിവെള്ളത്തിന്റെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിന് വേണ്ടി ജലനിധി കുടിവെള്ള പദ്ധതികളുടെ ഉറവിടം (source) തെരഞ്ഞെടുക്കുന്നതു മുതൽ അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഉറവിടവും പരിസരവും മാലിന്യ മുക്തമായും, ഉറവിടത്തിൽ മാലിന്യം കലർന്ന ജലം എത്തിച്ചേരാതെയും സംരക്ഷിക്കുന്നു. കൂടാതെ ഉറവിടം തെരഞ്ഞെടുക്കുന്നതിന് മുന്നോടിയായി ടി സ്രോതസ്സിലെ ജലം ഭൗതിക രാസ സൂക്ഷ്മാണു ജീവി ഘടകങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷമാണ് സ്രോതസ്സ് നിശ്ചയിക്കുന്നത്. ഓരോ സ്രോതസ്സിൽനിന്നും ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരം അനുസരിച്ച് ആവശ്യമായ ശുദ്ധീകരണ പ്രക്രിയകളും ക്ലോറിനേഷനും നടത്തി അണുവിമുക്തമാക്കിയാണ് വിതരണത്തിന് തയ്യാറാക്കുന്നത്. കാലാകാലങ്ങളിൽ ഗുണഭോക്തൃ സമിതികൾ അംഗീകൃത ലാബുകളിൽ കുടിവെള്ളം പരിശോധിച്ച് ഗുണ നിലവാരം ഉറപ്പാക്കുന്നുണ്ട്. സംസ്ഥാനത്ത് പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ, കേരള വാട്ടർ അതോറിറ്റിയുടെ ലാബുകൾ, ഗ്രൗണ്ട് വാട്ടർ

ഡിപ്പാർട്ട്മെന്റ് ലാബ് എന്നിവ വഴിയുള്ള പരിശോധനകളാണ് സാധാരണ നടത്തുന്നത്. ശുദ്ധീകരണശാലകൾ ഉള്ള കുടിവെള്ള പദ്ധതികളിൽ അവയോടനുബന്ധിച്ച് ഗുണനിലവാര പരിശോധനയും ലാബുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സി.സി.ഡി.യു (Communication and Capacity Development Unit) ഫീൽഡ് ടെസ്റ്റ്കിറ്റ് (Field test kit) ഉപയോഗിച്ച് ജല പരിശോധന നടത്തിവരുന്നു. ജല ജീവൻ മിഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും Field Test Kit ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം മുഖേനയാണ് മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും പദ്ധതികൾ നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ഗാർഹികാവശ്യങ്ങൾക്കുപയോഗിക്കുന്ന കിണറുകൾ സംരക്ഷിക്കുന്നതിനും മഴക്കാലത്ത് റീചാർജ് ചെയ്യുന്നതിനുമുള്ള പദ്ധതികൾ പരിമിതമായ തോതിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തി 10 ഗ്രാമ പഞ്ചായത്തുകളിലായി 8500 കിണറുകൾ റീചാർജ് ചെയ്ത് സംരക്ഷിക്കുന്നതിനും 2020-21 സാമ്പത്തിക വർഷത്തിൽ 5 ഗ്രാമപഞ്ചായത്തുകളിലെ 800 കിണറുകൾ മഴവെള്ളം കടത്തിവിട്ട് റീചാർജ് ചെയ്യുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ ജലജീവൻ മിഷൻ മാർഗ്ഗരേഖ പ്രകാരം മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ടു പ്രാവശ്യം സൂക്ഷ്മാണു പരിശോധനയും ഒരു പ്രാവശ്യം രാസമാലിന്യ പരിശോധനയും നടത്തേണ്ടതുണ്ട്. ഇതിനായി ഓരോ പഞ്ചായത്തിലും 5 വനിതകളെ വീതം പരിശീലിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്.

(ഡി) കെ.ആർ.ഡബ്ല്യു.എസ്.എ. നടപ്പിലാക്കുന്ന മഴവെള്ള സംഭരണത്തിലൂടെ ജലപരിപോഷണം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ ഭാഗമായി രൂപീകരിച്ച് പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' മുഖേനയാണ് 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണംപദ്ധതി' സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. മഴവെള്ള സംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യകതയും ജനങ്ങളിലെത്തിക്കാൻ സഹായകരമായ വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, മാതൃക മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ/നിർമ്മിതികൾ തുടങ്ങിയവ നടത്തുന്നുണ്ട്. കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന മലയോര, തീരദേശ ഗ്രാമ പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്ത് വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിക്കുന്നതിനും, ഭൂജല സംവർധനത്തിനും സഹായകരമായ 10000

ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുന്നു. സംഭരിച്ചുവെച്ചിരിക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ചിട്ടയോടെ ഉപയോഗിക്കുന്നതിലൂടെ പ്രസ്തുത മാസങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകുന്നു. മഴക്കാലത്ത് സംഭരണികളിൽ സംഭരിക്കുന്ന വെള്ളം യഥേഷ്ടം കുടിക്കാനും ഗാർഹിക ആവശ്യങ്ങൾക്കുമായി ഉപയോഗിക്കാനും സാധിക്കുന്നു. പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നടപ്പിലാക്കുന്നതുമൂലം ഗുണഭോക്താക്കളുടെ ഉടമസ്ഥതാബോധം വർധിക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത പരിപാടിയുടെ ഭാഗമായി നടപ്പുസാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് 750 കുടുംബങ്ങൾക്ക് മഴവെള്ളസംഭരണികളും, 800 കുടുംബങ്ങളിലെ തുറന്ന കിണറുകളിലേയ്ക്ക് മഴവെള്ളം കടത്തി വിട്ട് റീചാർജ് ചെയുന്ന പ്രവൃത്തിയും, തിരുവനന്തപുരം നഗരത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണം, ഭൂജല സംവർധന പ്രവർത്തനങ്ങളും, രണ്ട് പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിൽ കമ്മ്യൂണിറ്റി മാനേജ്ഡ് മഴവെള്ള സംഭരണികളുടെ നിർമ്മാണപ്രവർത്തനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിന്റെ പ്രാരംഭനടപടി പൂർത്തിയായിവരുന്നു.

(ഇ) നിലവിൽ ഈ പദ്ധതി എത്ര ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ ഭാഗമായി രൂപീകരിച്ച് പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖേന മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പദ്ധതി സംസ്ഥാനത്ത് 44 ഗ്രാമപഞ്ചായത്തുകളിൽ 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകി. കൂടാതെ മഴവെള്ളം സംഭരിച്ചുള്ള കിണർ റീചാർജിംഗ് പദ്ധതിവഴി 6 ജില്ലകളിലായി 10 പഞ്ചായത്തുകളിലെ 8500 കുടുംബങ്ങളിലെ തുറന്ന കിണറുകൾക്ക് കിണർ റീചാർജിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. ഇതിൽ ഒരു പഞ്ചായത്തിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്യുന്നു.*

**കുഴൽക്കിണർ നിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ**

228 (2838) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത്, പുതിയതായി കുഴൽക്കിണർ നിർമ്മിക്കുന്നതിന് എന്തെല്ലാം അനുമതികളാണ് വേണ്ടതെന്നും അവയ്ക്കുള്ള നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പുതുതായി കുഴൽക്കിണർ നിർമ്മാണം നടത്തുകയാണെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിൽനിന്നും പെർമിറ്റ് നേടേണ്ടതുണ്ട്. പെർമിറ്റ് ലഭ്യമാക്കണമെങ്കിൽ ഭൂജല വകുപ്പിൽ നിന്നും നിരാക്ഷേപപത്രം/ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നേടേണ്ടതാണ്.

2. ബഹു. സുപ്രീം കോടതിയുടെ 6-8-2010-ലെ WP(C)No. 36/2009-ലെ ഉത്തരവ് അനുസരിച്ച് കുഴൽക്കിണർ നിർമ്മാണത്തിന് 15 ദിവസം മുൻപ് ജില്ലാ കളക്ടർ/ഗ്രാമപഞ്ചായത്ത് തലവൻ, ഹെൽത്ത്/ മുനിസിപ്പാലിറ്റി/ ഭൂജലവകുപ്പ് അധികാരികളെ രേഖാമൂലം അറിയിക്കേണ്ടതാണ്.

3. 2002-ലെ കേരള ഭൂജലം (ക്രമീകരണവും നിയന്ത്രണവും) ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായ അതിയന്നൂർ ബ്ലോക്ക്, കൊടുങ്ങല്ലൂർ ബ്ലോക്ക്, കോഴിക്കോട് ബ്ലോക്ക്, ചിറ്റൂർ ബ്ലോക്ക്, കാസർഗോഡ് ബ്ലോക്ക് എന്നിവിടങ്ങളിൽ ഏതൊരു ഭൂജല നിർമ്മിതിക്കും കിണറുകൾ ആഴം കൂട്ടുന്നതിനും, യന്ത്രവത്കരണത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ അനുവാദം ആവശ്യമാണ്.

**കുഴൽക്കിണർ പെർമിറ്റ് വ്യവസ്ഥകളിൽ ഇളവ്**

229 (2839) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക കാർഷിക ആവശ്യങ്ങൾക്കുള്ള കുഴൽക്കിണറുകളെയും, സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾക്കായി പ്രതിദിനം പതിനായിരം ലിറ്റർവരെ വെള്ളം പമ്പുചെയ്യുന്ന വ്യവസായിക കുഴൽക്കിണറുകളെയും പെർമിറ്റ് വ്യവസ്ഥയിൽനിന്ന് ഒഴിവാക്കിക്കൊണ്ടുള്ള കേന്ദ്രസർക്കാർ വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്ത് നടപ്പാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

കേന്ദ്ര ഭൂജല അതോറിറ്റിയുടെ 2020 സെപ്റ്റംബർ 24-ാം തീയതി പുറത്തിറക്കിയ " ഇൻഡ്യയിൽ ഭൂജലം ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ" ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിൽ വിവിധ ആവശ്യങ്ങൾക്കായി ഭൂജലം എടുക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള ചുമതല അതാത് സംസ്ഥാനത്തിലെ ഭൂജല അതോറിറ്റികൾക്കാണ്. 2002-ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണത്തിനും, കിണറുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനും കിണറുകളിൽ പമ്പുകൾ ഘടിപ്പിക്കുന്നതിനും ഭൂജല അതോറിറ്റിയിൽ നിന്നും നേടേണ്ട പെർമിറ്റ് വ്യവസ്ഥയിൽ ടി മാർഗ്ഗരേഖ ഇളവുകൾ നൽകുന്നില്ല. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം നിലവിൽ സംസ്ഥാന ഭൂജല അതോറിറ്റി പിന്തുടരുന്ന നിബന്ധനകൾ 2020-ലെ കേന്ദ്ര ഭൂജല അതോറിറ്റിയുടെ മാർഗ്ഗരേഖയിലെ നിബന്ധനകളെക്കാൾ കാർക്കശ്യമേറിയതാണെങ്കിൽ അതുതന്നെ

തുടരാവുന്നതുമാണ്. സംസ്ഥാന ഭൂജല അതോറിറ്റി അംഗീകരിച്ച 'കേരള സംസ്ഥാനത്തിൽ ഭൂജലം ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ' നിലവിലുണ്ട്. കേന്ദ്ര ഭൂജല അതോറിറ്റിയുടെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം സംസ്ഥാനത്തിന് അനുയോജ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനത്ത് നിലവിലുള്ള മാർഗ്ഗരേഖ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തുടർന്നുവരുന്ന അതോറിറ്റി യോഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) കുടിവെള്ളക്ഷാമം നേരിടുന്നവർക്കും കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം കിട്ടാത്തവർക്കും വിസ്തൃതി കുറഞ്ഞ ഭൂമി ഉള്ളവർക്കും സാധാരണ കിണർ കുഴിക്കുമ്പോൾ പാറ ഉള്ളവർക്കും കുഴൽക്കിണറിനുള്ള അപേക്ഷ നൽകി ആറ് മാസം മുതൽ ഒരു വർഷം വരെ കാത്തിരിക്കേണ്ടിവരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം പെർമിറ്റ് ഇല്ലാതെ കുഴൽക്കിണർ കുഴിക്കാൻ നിർബന്ധിതരാകുന്നവരുടെ ബുദ്ധിമുട്ട് പരിഹരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശനിയമം 2012 പ്രകാരം ഭൂജലവകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് നൽകിവരുന്ന ഭൂജലപര്യവേഷണത്തിനായുള്ള സേവന കാലാവധി ഒരു വർഷമാണ്. വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ ഭൂജല നിർമ്മിതികളുടെ നിർമ്മാണത്തിനായുള്ള അപേക്ഷകൾ 90 ദിവസത്തിനുള്ളിൽ തീർപ്പാക്കി പെർമിറ്റ് നൽകി വരുന്നു. 25-7-2018-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) No. 545/2018/WRD പ്രകാരം ഭൂജലവകുപ്പിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് 22 ഹൈഡ്രോ ജിയോളജിസ്റ്റുമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിനുള്ള ഉത്തരവ് ലഭിച്ചതിൻ പ്രകാരം 14 ഹൈഡ്രോ ജിയോളജിസ്റ്റുമാരെ വിവിധ ജില്ലകളിൽ നിയമിച്ചിരുന്നു. ഇവരിൽ 5 പേർക്ക് ഒരു വർഷത്തേയ്ക്കുകൂടി കാലാവധി നീട്ടിനൽകുകയും ചെയ്തു. നിലവിൽ ജില്ലാ ഓഫീസുകളിൽ സമയബന്ധിതമായി ഭൂജല പര്യവേഷണ അപേക്ഷകൾ തീർപ്പു കൽപ്പിച്ചുവരുന്നു.

(സി) ഓരോ ജില്ലയിലും 2020 ഡിസംബർ 31 വരെ കെട്ടിക്കിടക്കുന്ന ഭൂജല സർവേയ്ക്കും കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള അപേക്ഷകളുടെ എണ്ണം, തരം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഓരോ ജില്ലയിലും 2020 ഡിസംബർ 31 വരെ കെട്ടികിടക്കുന്ന ഭൂജല സർവേയ്ക്കും കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള അപേക്ഷകളുടെ എണ്ണം, തരം എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഏതൊരു വ്യക്തിക്കും കേന്ദ്ര വിജ്ഞാപനപ്രകാരം വ്യാപാരത്തിനല്ലാതെ സ്വന്തം പറമ്പിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിയന്ത്രണങ്ങളിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

2002-ലെ കേരള ഭൂജലം (ക്രമീകരണവും നിയന്ത്രണവും) ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായ അതിയന്നൂർ ബ്ലോക്ക്, കൊടുങ്ങല്ലൂർ ബ്ലോക്ക്, കോഴിക്കോട് ബ്ലോക്ക്, ചിറ്റൂർ ബ്ലോക്ക്, കാസർഗോഡ് ബ്ലോക്ക് എന്നിവിടങ്ങളിൽ ഏതൊരു ഭൂജല നിർമ്മിതിയുടെ നിർമ്മാണത്തിനും, കിണറുകൾ ആഴം കൂട്ടുന്നതിനും, യന്ത്രവത്കരണത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ അനുവാദം ആവശ്യമാണ്. ഈ നടപടിക്രമത്തിൽ ഇളവ് നൽകുന്നത് വകുപ്പിന്റെ പരിഗണനയിലില്ല. നിലവിൽ സംസ്ഥാനത്ത് പുതുതായി കുഴൽക്കിണർ നിർമ്മിക്കുന്നതിന് താഴെ പറയുന്ന നടപടിക്രമങ്ങളും നിലവിലുണ്ട്.

(എ) കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പുതുതായി കുഴൽക്കിണർ നിർമ്മാണം നടത്തുകയാണെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിൽനിന്നും പെർമിറ്റ് നേടേണ്ടതുണ്ട്. പെർമിറ്റ് ലഭ്യമാക്കണമെങ്കിൽ ഭൂജല വകുപ്പിൽനിന്നും നിരാക്ഷേപപത്രം/ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നേടേണ്ടതാണ്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 6-8-2010-ലെ WP(C)No. 36/2009 ഉത്തരവ് അനുസരിച്ച് കുഴൽക്കിണർ നിർമ്മാണത്തിന് 15 ദിവസം മുൻപ് ജില്ലാ കളക്ടർ/ഗ്രാമപഞ്ചായത്ത് തലവൻ, ഹെൽത്ത്/മുനിസിപ്പാലിറ്റി/ ഭൂജലവകുപ്പ് അധികാരികളെയോ രേഖാമൂലം അറിയിക്കേണ്ടതാണ്. 2020-ലെ കേന്ദ്ര ഭൂജല അതോറിറ്റിയുടെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മേൽ സൂചിപ്പിച്ച നടപടി ക്രമങ്ങളിൽ ഇളവുകൾ വരുത്തുന്നതിന് സാദ്ധ്യമല്ല.

**ഭൂഗർഭജല വിതാനത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രദേശങ്ങൾ**

230(2840) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗ്രൗണ്ട് വാട്ടർ ബോർഡ്, ഭൂഗർഭ ജലവിതാനത്തിന്റെ അളവിനെയും ലഭ്യതയെയും അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളെ വ്യത്യസ്ത ശ്രേണികളായി തിരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

സംസ്ഥാന ഭൂജല വകുപ്പും, കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജലവിഭവശേഷി തിട്ടപ്പെടുത്തി 3 വർഷത്തിലൊരിക്കൽ Groundwater Estimation Committee (GEC) റിപ്പോർട്ട് പ്രസിദ്ധീകരിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്നത് വാർഷികമായി സംപോഷണം ചെയ്യപ്പെടുന്ന ഭൂജലത്തിൽ നിന്നും

എത്ര അളവ് ഭൂജലം ഉപയോഗിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ്. 2017 മാർച്ച് 31-ന് പ്രസിദ്ധീകരിച്ച GEC റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ 152 ബ്ലോക്കുകളെ അമിത ചൂഷിതം (over exploited), സന്ദിഗ്ദ്ധാവസ്ഥ (critical), അർദ്ധ സന്ദിഗ്ദ്ധാവസ്ഥ (semi critical), സുരക്ഷിതം (safe) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. കൂടാതെ സമാന ഹൈഡ്രോജിയോളജിയുള്ള സംസ്ഥാനത്തെ 6 മുനിസിപ്പൽ കോർപ്പറേഷനുകൾ, 87 മുനിസിപ്പാലിറ്റികൾ, 1 ടൗൺഷിപ്പ് എന്നിവയെക്കൂടി സമീപ ബ്ലോക്കുകളോട് കൂട്ടിച്ചേർത്തിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ശ്രേണിയിൽ ഭൂഗർഭ ജലവിതാനത്തിന്റെ അളവ് ഏറ്റവും കുറഞ്ഞ പ്രദേശങ്ങൾ ഏതൊക്കെയാണെന്നും അത്തരം പ്രദേശങ്ങളിൽ കുടിവെള്ളം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഭൂജല ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്കുകളെ തരംതിരിച്ചിരിക്കുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *ഭൂജലവകുപ്പ് 'ഭൂജല വിതാനം' ഉയർത്തുന്നതിനായി 'ഭൂജലസംരക്ഷണവും, സംപോഷണവും' പദ്ധതി സംസ്ഥാനത്ത് അവലംബിച്ചുവരുന്നു. മേൽ സൂചിപ്പിച്ചിട്ടുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

### അനധികൃത കുഴൽക്കിണർ നിർമ്മാണം

231 (2841) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായ അനധികൃത കുഴൽക്കിണർ നിർമ്മാണം ഭൂമിയുടെ ജലവിതാനം താഴ്ന്നുപോകുന്നതിന് കാരണമാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അനധികൃതവും അശാസ്ത്രീയവുമായ കുഴൽക്കിണർ നിർമ്മാണം ഭൂജലവിതാനത്തിൽ കുറവ് സംഭവിക്കുന്നതിന് ഒരു കാരണമാകുന്നുണ്ട്.

(ബി) എങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം പ്രകാരം കുഴൽക്കിണർ നിർമ്മാണത്തിന് അതാത് പഞ്ചായത്തിൽനിന്നും പെർമിറ്റ് ലഭ്യമാക്കുന്നതിനായി സംസ്ഥാന ഭൂജലവകുപ്പിന്റെ അനുമതി ആവശ്യമാണ്. വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മാണത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പ്രൈവറ്റ് കുഴൽക്കിണർ നിർമ്മാണ ഏജൻസികൾ/ റിഗ്ഗുകൾക്ക് വകുപ്പ് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇതിനെപ്പറ്റി ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

അനധികൃത കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂജലവകുപ്പിൽ ലഭിക്കുന്ന പരാതികളിൽ ശാസ്ത്രീയമായി പഠനങ്ങൾ നടത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) സംസ്ഥാനത്താകെയുള്ള കുഴൽക്കിണറുകളുടെ എണ്ണം സംബന്ധിച്ച സ്ഥിതിവിവര കണക്ക് സർക്കാരിന്റെ പക്കൽ ലഭ്യമാണോ?

കഴിഞ്ഞ 15 വർഷത്തിൽ വകുപ്പ് ആകെ 22,152 കുഴൽക്കിണറുകളാണ് നിർമ്മിച്ചിട്ടുള്ളത്. സംസ്ഥാനത്താകെയുള്ള കുഴൽക്കിണറുകളുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമല്ല.

## വർക്കലയിലെ ഭൂജല വകുപ്പ് പദ്ധതികൾ

232 (2842) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ ഭൂജലവകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ ഭൂജലവകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്യുന്നു.*

(ബി) വർക്കല മണ്ഡലത്തിൽ ഭൂജലവകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും അനുവദിച്ച ഫണ്ട് എത്രയെന്നും ആയവയുടെ പുരോഗതിയും വിശദമാക്കാമോ?

വർക്കല മണ്ഡലത്തിൽ ഭൂജലവകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇതിൽ ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികൾ ആരംഭിക്കാനുണ്ടെന്നും ആയവയ്ക്ക് അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്നും വ്യക്തമാക്കാമോ?

എം.എൽ.എ. ആസ്തിവികസന ഫണ്ടിലും പ്രാദേശിക വികസന ഫണ്ടിലും ഉൾപ്പെടുത്തിയ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്യുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജലനിധി പദ്ധതി

233 (2843) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ നിർവ്വഹണ നടത്തിപ്പ് പുനരവലോകനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ജലനിധി പദ്ധതി നിയമാവലി അനുസരിച്ച് കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം പദ്ധതികളുടെ തുടർനടത്തിപ്പും പരിപാലനവും പൂർണ്ണമായും അതാത് ഗുണഭോക്തൃ സമിതികൾക്കാണ്. വിവിധങ്ങളായ കാരണങ്ങളാൽ ചില പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായിട്ടുണ്ട് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവ പ്രവത്തനക്ഷമമാക്കുന്നതിനായി 2018-ൽ സംസ്ഥാന സർക്കാർ " സുസ്ഥിരതാ പദ്ധതി" എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിരുന്നു. ഈ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ 1300 കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിനു വേണ്ടി 85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 190 കുടിവെള്ള പദ്ധതികൾ പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതികളിൽ പലതും പ്രവർത്തനരഹിതമാണെന്നത് വസ്തുതയാണോ?

പ്രാദേശികമായി ജലസ്രോതസ്സുകൾ വികസിപ്പിച്ച് നടപ്പിലാക്കുന്ന ചെറിയ കുടിവെള്ള വിതരണ പദ്ധതികളാണ് 2008-ൽ അവസാനിച്ച ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ നടപ്പിലാക്കിയത്. ഗുണഭോക്തൃ സമിതിയുടെ ഉടമസ്ഥതയിലുള്ളതും, തുടർ നടത്തിപ്പും പരിപാലനവും സമിതികൾതന്നെ നടത്തുന്നതുമായ ഈ പദ്ധതികൾ സംബന്ധിച്ച് പരിശോധിക്കവേ വിവിധ കാരണങ്ങളാൽ ഭാഗികമായി പ്രവർത്തിക്കുന്നതും, പൂർണ്ണമായി പ്രവർത്തിക്കാത്തതുമായ ഏകദേശം-35 ശതമാന ത്തോളം സ്കീമുകളുണ്ട്.

(സി) പ്രസ്തുത പദ്ധതികൾ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനും ഇതിനകം എന്ത് ഇടപെടലാണ് സ്വീകരിച്ചത്?

ഭാഗികമായി മാത്രം പ്രവർത്തിക്കുന്നതും പൂർണ്ണമായി പ്രവർത്തിക്കാത്തതുമായ പദ്ധതികൾ പുനരുദ്ധീകരിച്ച്/നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി " Sustainability Support to Community Managed Water Supply Scheme" എന്ന പേരിലുള്ള ഒരു സുസ്ഥിരതാ പദ്ധതി സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതം, ഗുണഭോക്തൃസമിതി വിഹിതം, എന്നിവ കൂടി ഉൾപ്പെടുത്തി തുടർ നടത്തിപ്പ് നിയമാവലിയുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

(ഡി) നവീകരിച്ച പദ്ധതികളിൽ എത്ര പദ്ധതികളാണ് ഇതിനകം പ്രവർത്തനക്ഷമമായത്; ശേഷിക്കുന്ന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പുനരുദ്ധാരണ-നവീകരണ പ്രവർത്തനങ്ങൾക്കായി അനുമതി ലഭിച്ച 1300 പ്രവൃത്തികളിൽ 196 പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. തുടർ നടത്തിപ്പ് നിയമാവലി അംഗീകരിച്ച് പ്രവർത്തിക്കുന്നതിന് തയ്യാറായ സമിതികളുടെ പദ്ധതികളുടെ പ്രവൃത്തികൾ ഈ സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

234 (2844) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ?

ജലനിധി രണ്ടാം ഘട്ടത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ 32 പദ്ധതികൾ ആണ് നടപ്പിലാക്കിയത്. അതിൽ 31 പദ്ധതികൾ 2015-16 വർഷങ്ങളിലും ചീർക്കാട്-കോട്ടക്കുന്ന് എന്ന പദ്ധതി ഈ സർക്കാരിന്റെ കാലത്തും പൂർത്തീകരിച്ച് പഞ്ചായത്തുതല വിടുതൽ നടപടികൾ പൂർത്തീകരിച്ചു. 32 പദ്ധതികളിലായി ആകെ 1602 കുടുംബങ്ങൾക്കാണ് ജലവിതരണം നടത്തുന്നത്. ജലനിധി ഒന്നാംഘട്ടത്തിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ അനുബന്ധത്തിൽ പറയുന്ന കുടിവെള്ള പദ്ധതികൾ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും നിർവ്വഹണ പ്രവൃത്തികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ജലസേചനവും ഭരണവും വകുപ്പിനു കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെയും ഭൂജലവകുപ്പിനു കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെയും കേരള ജലഅതോറിറ്റി മുഖേന നടപ്പിലാക്കിയ പദ്ധതികളുടെയും വിവരങ്ങൾ അനുബന്ധമായും ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മിനറൽ വാട്ടർ - ഗുണനിലവാരം

235 (2845) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി മിനറൽ വാട്ടർ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ സർക്കാർ അംഗീകാരത്തോടെയാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന എല്ലാ മിനറൽ വാട്ടർ ബ്രാൻഡുകളും 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് പരിശോധനകളിലൂടെ ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്.

(ബി) ഇത്തരം ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ?

ഇത്തരം ഉൽപന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളിലും സംവിധാനങ്ങൾ നിലവിലുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നിനായി pH Meter, Turbidity Meter, Inductively Coupled Plasma Optical Emission Spectrometry (ICP-OES -ലോഹങ്ങളുടെ സാന്നിദ്ധ്യവും അളവും), Gas Chromatograph coupled with Mass Spectrophotometer (GCMS MS- കീടനാശിനികളുടെ സാന്നിദ്ധ്യവും അളവും), Atomic Absorption Spectrophotometer (AAS-ലോഹങ്ങളുടെ സാന്നിദ്ധ്യവും അളവും) എന്നീ സംവിധാനങ്ങളും ലാബുകളിൽ നിലവിലുണ്ട്. കൂടാതെ ഈ 3 അനലിറ്റിക്കൽ ലാബുകളുമായി ചേർന്ന് പ്രവർത്തിക്കുന്ന 8 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ കുടിവെള്ളം, ജ്യൂസുകൾ, ഡ്രിംഗ്സുകൾ, ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ പ്രാഥമികപരിശോധനകൾ നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്നു. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലുള്ള കുടിവെള്ള സാമ്പിളുകളിലെ കെമിക്കൽ, ബാക്ടീരിയോളജിക്കൽ പരിശോധനകൾ ടി ലാബിൽ നടത്തിവരുന്നു.

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽ വാട്ടറിൽ മാലിന്യങ്ങളുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

2019-2020 കാലയളവിൽ സംസ്ഥാനത്ത് വിതരണം ചെയ്തിരുന്ന കുപ്പിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ 21 എണ്ണം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം

14 ബ്രാൻഡുകൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും 6 ബ്രാൻഡുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ഒരു ബ്രാൻഡിനെതിരെ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാർ തലത്തിൽ മിനറൽ വാട്ടർ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെ.ഐ.ഐ.ഡി.സി. മുഖേന ഹില്ലി അക്വാ എന്ന പേരിൽ കുപ്പിവെള്ളം 2015 മുതൽ തന്നെ തൊടുപുഴയിൽ ഉത്പാദനം നടത്തി വിതരണം ചെയ്ത് വരുന്നുണ്ട്, കെ.ഐ.ഐ.ഡി.സി.-യുടെ രണ്ടാമതൊരു കുപ്പിവെള്ള പ്ലാന്റ് തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിൽ 16-1-2021 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ജല ബഡ്ജറ്റ്

236 (2846) <u>ശ്രീ. കെ. രാജൻ:</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>

<u>ശ്രീ. ജി. എസ്. ജയലാൽ:</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ജല ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു പുതിയ സമീപനം സ്വീകരിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും സംപോഷണം നടത്തുന്നതിനുമായി 'ഹരിത കേരളം മിഷൻ' സർക്കാർ നടപ്പിലാക്കിവരുന്നു. കൂടാതെ സുസ്ഥിര ഭൂജല വികസനം കൈവരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 കാര്യാലയത്തിന് കീഴിലുള്ള വിവിധ ജലസേചന പദ്ധതികളിലൂടെ കൃഷിക്ക് ആവശ്യമായ രീതിയിൽ യഥാസമയം ജലം ലഭ്യമാക്കുക എന്നതും ജലസേചന പദ്ധതികളുടെ പരിപാലനവും നിർവ്വഹിച്ചുവരുന്നു. സംസ്ഥാനത്തെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനതലത്തിൽ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനാണ് ഹരിതകേരളം മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഹരിതകേരളം മിഷന്റെ പ്രവർത്തനഫലമായി

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ നീർത്തട പ്ലാനുകൾ തയ്യാറാക്കുകയുണ്ടായി. ഇതനുസരിച്ചുള്ള പ്രവൃത്തികൾ മുൻഗണനാ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ വികസനം സുസ്ഥിരമായി നിലനിർത്തുന്നതിൽ ജലവിഭവ മേഖല പ്രധാന പങ്കാണ് വഹിക്കുന്നത്. എന്നാൽ മഴയെ ആശ്രയിച്ചുമാത്രമാണ് സംസ്ഥാനത്തിന്റെ ജലവിഭവ ലഭ്യത നിലനിൽക്കുന്നത് എന്നതുകൊണ്ടുതന്നെ ചുവടെപ്പറയുന്ന ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന പുതിയ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 1. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക. 2. പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരം വളർത്തിയെടുക്കുക. 3. ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവിതലമുറയ്ക്കുകൂടി ഉറപ്പാക്കുക. 4. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക. മേൽപ്പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾ സാധ്യമാകും വിധമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കുന്നതിനും സാധ്യമായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ലഭ്യമായ ജലത്തിന്റെ അളവും ആവശ്യകതയും കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി ജലബഡ്ജറ്റ് എന്ന ആശയം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി ജലനിധി ഗ്രാമപഞ്ചായത്തുകളിൽ ജലത്തിന്റെ ശേഖരം ഏതൊക്കെ മേഖലകളിലാണുള്ളതെന്ന് അറിയുന്നതിനുവേണ്ടി ജലസുരക്ഷാ രൂപരേഖ (വാട്ടർ സെക്യൂരിറ്റി പ്ലാൻ) തയ്യാറാക്കിയിരുന്നു. ടോപ്പോ ഷീറ്റ്, കെഡസ്ട്രൽമാപ്പ്, വെതർ റിപ്പോർട്ട് എന്നിവയും സാറ്റലൈറ്റ് ഇമേജറി എന്നീ സാങ്കേതികവിദ്യയും മറ്റും ഉപയോഗിച്ചാണ് മേൽ സൂചിപ്പിച്ച രൂപരേഖ തയ്യാറാക്കിയത്. തുടർന്ന് ഹൈഡ്രോജിയോളജിക്കൽ സർവ്വേ നടത്തിയതിന് ശേഷമാണ് കുടിവെള്ള വിതരണ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ ജലലഭ്യത, ഭാവിയിലെ ആവശ്യകത എന്നിവ ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ നീർത്തടാടിസ്ഥാനത്തിൽ ജലബഡ്ജറ്റ് തയ്യാറാക്കുവാൻ കഴിയുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. ഗാർഹിക ഉപയോഗത്തിന് ആവശ്യമായ ജലത്തിന്റെ അളവ്, ജലസേചനത്തിന് ആവശ്യമായ ജലത്തിന്റെ അളവ് തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് ജലബഡ്ജറ്റ് രൂപകല്പന ചെയ്യേണ്ടത്. Central Public Health and Environment and Engineering Organisation (CPHEEO) എന്ന കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന് കീഴിലുള്ള സാങ്കേതിക വിഭാഗം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് കേരള വാട്ടർ അതോറിറ്റി ശുദ്ധജല

വിതരണം നടത്തിവരുന്നത്. ഇപ്രകാരം പൊതുജനങ്ങൾക്ക് ഗാർഹിക ഉപയോഗത്തിനായി നിർവചിച്ചിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരം ഒരാൾക്ക് ഒരു ദിവസം 135 ലിറ്റർ എന്ന കണക്കിലാണ്. CPHEEO മാനദണ്ഡമനുസരിച്ച് പ്രതിശീർഷ ജല ഉപയോഗം 135 ലിറ്റർ ആണ്. എന്നിരുന്നാലും കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളെല്ലാം തന്നെ പ്രതിശീർഷ ഉപയോഗം 150 ലിറ്റർ (നഗരപ്രദേശങ്ങളിൽ) 100 ലിറ്റർ (ഗ്രാമപ്രദേശങ്ങളിൽ) എന്ന കണക്കിലാണ് രൂപകല്പന ചെയ്യുന്നത്. ജലജീവൻ മിഷനിൽപ്പെടുത്തി ചെയ്യുന്ന പദ്ധതികളിൽ ഇത് 55 ലിറ്റർ എന്ന നിരക്കായാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇപ്രകാരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ജലത്തിന്റെ 80 ശതമാനത്തോളം ഉപയോഗശേഷം മലിനജലമായി പുറന്തള്ളപ്പെടുകയാണ് ചെയ്യുന്നത്. ജലബഡ്ജറ്റ് തയ്യാറാക്കുമ്പോൾ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ കണക്കിൽ എടുക്കുന്നതാണ്. സംസ്ഥാന ഭൂജല വകുപ്പും, കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജലത്തിന്റെ ലഭ്യത തിട്ടപ്പെടുത്തിവരുന്നു. 2017 മാർച്ച് 31 വരെയുള്ള ഗ്രൗണ്ട് എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ഭൂജല ലഭ്യത 5211.75 mcm ആണ്. കൂടാതെ ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ വാട്ടർ ബഡ്ജറ്റിംഗ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഭൂജലസ്രോതസ്സുകളുടെ കണക്കെടുപ്പ് (well census) നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിവരുന്നു. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 കാര്യാലയത്തിന് കീഴിലുള്ള വിവിധ ജലസേചനപദ്ധതികളിൽ ജലവിതരണത്തിന് മുന്നോടിയായി ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ എന്നിവരുൾപ്പെടെയുള്ളവരുടെ യോഗം വിളിച്ച് ജലത്തിന്റെ ആവശ്യകതക്കനുസൃതമായി ജലവിതരണം സംവിധാനം ചെയ്യുകയാണ് ചെയ്തുവരുന്നത്. കൂടാതെ ജല ഉപയോഗം കാര്യക്ഷമമാക്കുന്നതിനും കുറഞ്ഞ ജലം ഉപയോഗപ്പെടുത്തി കൂടുതൽ സ്ഥലത്ത് ജലസേചനം സാധ്യമാക്കുന്നതിനുമായി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ രീതി പ്രാബല്യത്തിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ജലബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ജലബഡ്ജറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ച് ജലസുരക്ഷ ഉറപ്പാക്കുന്നതിനാണ് ശ്രമിക്കുന്നത്. ഇതിനായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളുടെയും CWRDM-ന്റെയും സാങ്കേതിക സഹായത്തോടെ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ പൈലറ്റ് പദ്ധതി വയനാട് ജില്ലയിലെ മുട്ടിൽ പഞ്ചായത്തിൽ നടന്നുവരുന്നു. ഓരോ നദീതടത്തിലും ചെറുനീർത്തടങ്ങളിലും ലഭ്യമായ ജലത്തിന്റെ അളവും ആവശ്യകതയും കണ്ടെത്തുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ജലലഭ്യതയും ജലാവശ്യകതയും കണ്ടെത്തുന്നതിനായുള്ള 'ഗൈഡ് ലൈൻ' കോഴിക്കോട് ആസ്ഥാനമായുള്ള സി.ഡബ്ല്യൂ.ആർ.ഡി.എം-ന്റെ

സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. ഉപരിതല ജലലഭ്യതയും ഭൂജലലഭ്യതയും കണക്കാക്കി, വിവിധ മേഖലകൾക്കാവശ്യമായിവരുന്ന ജലത്തിന്റെ അളവും പാരിസ്ഥിതികാവശ്യത്തിന് വേണ്ടിവരുന്ന ജലാവശ്യവും കണക്കിലെടുത്ത് ഇവ തമ്മിലുള്ള അന്തരം കണ്ടെത്തി ആവശ്യമായ ജലസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനൊപ്പം ജലവിഭവ വിനിയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഓരോ പ്രദേശത്തെയും തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രത്യേകം ജലബഡ്ജറ്റുകൾ തയ്യാറാക്കുന്ന രീതിയാണോ അവലംബിക്കുന്നത് എന്നറിയിക്കുമോ ?

Water budgeting നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂജല സ്രോതസ്സുകളുടെ കണക്കെടുപ്പ് ബ്ലോക്കടിസ്ഥാനത്തിലാണ് നാഷണൽ ഹൈഡ്രോളജി പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഭൂജല വകുപ്പ് നടപ്പിലാക്കുന്നത്. ജലബഡ്ജറ്റ് തയ്യാറാക്കുന്നതിനൊപ്പം ജലസുരക്ഷാ പ്ലാനിലേക്ക് പോകേണ്ടതുണ്ട്. ആയതിനാൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ജലബജറ്റ് തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ജനപങ്കാളിത്തം ഉറപ്പാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ജലബഡ്ജറ്റ് തയ്യാറാക്കുന്നതിനാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) ഓരോ പ്രദേശത്തെയും എല്ലാ ജലസംഭരണികളിലും ജലസ്രോതസുകളിലും ലഭ്യമാകുന്ന ജലത്തിന്റെ അളവ് കാലികമായി രേഖപ്പെടുത്തി ജല ആവശ്യകതയും ജലലഭ്യതയും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുന്നുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത വ്യത്യാസം പരിഹരിക്കുന്നത് ഏതൊക്കെ മാർഗ്ഗങ്ങൾ മുഖേനയാണെന്നറിയിക്കുമോ?

(ഡി&ഇ) റിസർവോയർ, കായൽ, കുളങ്ങൾ എന്നിവ സ്രോതസ്സായ കുടിവെള്ള പദ്ധതികളിൽ ജലശുദ്ധീകരണശാലകൾക്ക് ആവശ്യമായ ജലം ഉറപ്പുവരുത്തുന്നതിനായി ജലത്തിന്റെ അളവ് രേഖപ്പെടുത്താറുണ്ട്. ആവശ്യമായ അളവിൽ ജലം ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽ വരുമ്പോൾ അതാത് ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ആവശ്യമായ ജലം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താറുമുണ്ട്. ജലബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ജലലഭ്യത കണക്കാക്കുന്നതിന് ഓരോ പ്രദേശത്തും ലഭ്യമാവുന്ന മഴയുടെ അളവും പ്രദേശത്തിന്റെ പ്രത്യേകതകളും കണക്കിലെടുക്കേണ്ടതുണ്ട്. പ്രാദേശിക സ്രോതസ്സുകളിലെ ജലത്തിന്റെ അളവുകൾ കൃത്യമായി ലഭ്യമാക്കുന്നതിന് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളുടെ സഹായത്തോടെ സ്കെയിൽ സ്ഥാപിക്കുന്ന നടപടികൾ നടന്നുവരുന്നു. ഇങ്ങനെ സ്കെയിൽ സ്ഥാപിക്കുന്ന ജലസ്രോതസ്സുകളിലെ ജലത്തിന്റെ അളവ്

"ഹരിതദൃഷ്ടി" എന്ന മൊബൈൽ ആപ്ലിക്കേഷനിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളായ കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനൊപ്പം ഓരോ ജലസ്രോതസ്സിലുമുള്ള ജലത്തിന്റെ അളവ് അറിയുന്നതിനാവശ്യമായ സ്കെയിലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൂടി നിലവിൽ നിർവ്വഹിക്കുന്നുണ്ട്. എന്നാൽ ഒരു ജലസ്രോതസ്സിലെ ജലലഭ്യതയെ അടിസ്ഥാനമാക്കി മാത്രം ജലാവശ്യകതയും ലഭ്യതയും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക സാധ്യമല്ല. ഇത് കണക്കിലെടുത്ത് ജലബഡ്ജറ്റിന്റെ ശാസ്ത്രീയ രീതിയായി കേന്ദ്രജല കമ്മീഷൻ സൂചിപ്പിച്ചിട്ടുള്ള " നദീതട ജലബഡ്ജറ്റിൽ നിന്ന് ചെറുനീർത്തടങ്ങളുടെ ജലബഡ്ജറ്റിലേക്ക് എന്ന സമീപനം ഭാവിയിൽ സ്വീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ, ജലബഡ്ജറ്റ് തയ്യാറാക്കുന്നതിന് വളരെയധികം വിവരശേഖരണം ആവശ്യമാണ് എന്നതുകൊണ്ടുതന്നെ വളരെകുറഞ്ഞ സമയംകൊണ്ട് ഈ പ്രവർത്തനം പൂർത്തിയാക്കുന്നതിന് കഴിയില്ല.

(എഫ്) ജലബഡ്ജറ്റ് തയ്യാറാക്കുന്നത് ഏതൊക്കെ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് എന്നറിയിക്കുമോ?

ജലബഡ്ജറ്റ് ഹരിത കേരളം മിഷൻ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഏതൊക്കെ സമയത്താണ് ജലത്തിന്റെ ലഭ്യതയിൽ കുറവുള്ളതെന്ന് മനസ്സിലാക്കാൻ സാധിക്കും. പ്രാദേശിക പ്രത്യേകതകൾകൂടി കണക്കിലെടുത്ത് ഏതെല്ലാം ജലസംരക്ഷണ പ്രവൃത്തികളിൽക്കൂടി ഈ കുറവ് പരിഹരിക്കാൻ സാധിക്കുമെന്ന് കണ്ടെത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും വേണം. ഇതിനായി തദ്ദേശഭരണ സ്ഥാപനം, ജലസേചന വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, ഭൂജല വകുപ്പ്, കൃഷി വകുപ്പ് തുടങ്ങിയ വകുപ്പുകളുമായി ചേർന്നാണ് ഹരിതകേരളം മിഷൻ ജലബഡ്ജറ്റും തുടർപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നത്. വ്യവസായ വകുപ്പ്, ട്രാൻസ്പോർട്ട് വകുപ്പ്, ഊർജ്ജ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, ഗ്രാമവികസന വകുപ്പ്, സാമൂഹിക സുരക്ഷാ വകുപ്പ് തുടങ്ങിയവയോടൊപ്പം വിവിധ ഗവേഷണ സ്ഥാപനങ്ങൾ, കേരള ജല അതോറിറ്റി, തുടങ്ങിയ വകുപ്പുകൾ/ഏജൻസികളുടെ സഹകരണത്തോടെ ജലബഡ്ജറ്റ് തയ്യാറാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

### വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ

237 (2847) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൂർത്തീകരിച്ച ശുദ്ധജലവിതരണം സംബന്ധിച്ച് നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പൂർത്തീകരിച്ച ശുദ്ധജല വിതരണ പ്രവൃത്തികളുടെയും ഓരോന്നിനും അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി ലഭിച്ചതും എന്നാൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

ഭരണാനുമതി ലഭിച്ചതും ഇനിയും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഏതെങ്കിലും പ്രവൃത്തികൾ തടസ്സപ്പെട്ടുകിടക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്നും ഇവ നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

GIDA (Goshree Islands Development Authority) സഹായത്തോടെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി:- മുരിക്കുംപാടം, ഞാറയ്ക്കൽ എന്നീ സ്ഥലങ്ങളിലെ ഉന്നതതല ജല സംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾ കരാറുകാരൻ യഥാസമയം പൂർത്തീകരിക്കാത്തതിനാൽ കരാർ റദ്ദാക്കി കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ തുടർ ദർഘാസ് നടപടികൾ പൂർത്തീകരിച്ചെങ്കിലും മുരിക്കുംപാടം ടാങ്ക് നിർമ്മാണത്തിന് ദർഘാസ് തുകയേക്കാൾ 95% അധികരിച്ചും ഞാറയ്ക്കൽ ടാങ്ക് നിർമ്മാണത്തിനായി 98% അധികരിച്ചുമാണ് കരാറുകാർ ക്വാട്ട് ചെയ്തിട്ടുള്ളത്. ഓഫർ ചെയ്ത ഈ തുക വളരെയധികം കൂടുതലാണ്. അധികം വരുന്ന തുക GIDA-യിൽ നിന്ന് ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ ദർഘാസ് നടപടികൾ റദ്ദാക്കി. പുനർദർഘാസ് ക്ഷണിക്കുന്നതിലേയ്ക്കായി അധികം വരുന്ന തുക ലഭ്യമാക്കുന്നതിന് കേരള ജല അതോറിറ്റി മധ്യമേഖലാ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് 16-7-2020-ലെ കത്ത് പ്രകാരം GIDA യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അധികം വരുന്ന തുകയ്ക്ക് GIDA-യിൽനിന്നും ഫണ്ട് ലഭ്യമായ ശേഷം മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**വാമനപുരം ഗ്രാമീണ കുടിവെള്ള പദ്ധതി**

238 (2848) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ വാമനപുരം ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഊന്നൻപാറ ജംഗ്ഷൻ മുതൽ പേഴുംമൂട് സംപ് വരെയുള്ള 125 എം.എം.എ.സി. പൈപ്പുമാറ്റി 150 എം.എം.ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന 25 ലക്ഷം രൂപയുടെ സ്റ്റേറ്റ് പ്ലാൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

പൂർത്തീകരിച്ചിട്ടുണ്ട്; ഊന്നൻപാറ ജംഗ്ഷൻ മുതൽ പേഴുംമൂട് സംപ് വരെ 774 മീറ്റർ 125 mm എ.സി പൈപ്പ് മാറ്റി 150 mm DI പൈപ്പ് സ്ഥാപിച്ചു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വാമനപുരം ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പേഴുംമൂട് സംപ് മുതൽ പേഴുംമൂട്ടിലെയും കാഞ്ഞിരംപാറയിലെയും ഉപരിതല സംഭരണികൾ വരെയുള്ള 125 എം.എം.എ.സി. പൈപ്പ് മാറ്റി 150 എം.എം.ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന 98 ലക്ഷം രൂപയുടെ സ്റ്റേറ്റ് പ്ലാൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൂർത്തീകരിച്ചിട്ടുണ്ട്; പേഴുംമൂട് സംപ് മുതൽ പേഴുംമൂട്ടിലെയും കാഞ്ഞിരം പാറയിലെയും ഉപരിതല സംഭരണികൾ വരെയുള്ള 125 എം.എം എ.സി. പൈപ്പ് മാറ്റി 2222 മീറ്റർ 150 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിച്ചു.

**ജൽജീവൻ മിഷൻ**

239 (2849) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലമെത്തിക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും 2024-ഓടുകൂടി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായുള്ള പദ്ധതിയാണ് ജൽ ജീവൻ മിഷൻ. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമീണ മേഖലയിലെ പാവപ്പെട്ട ജനങ്ങൾക്ക് പ്രത്യേകിച്ച് SC/ST കോളനികളിലെ കുടുംബങ്ങൾക്കും സ്ത്രീകൾക്കും ഉയർന്ന മലയോര മേഖലയിൽ താമസിക്കുന്ന, ശുദ്ധമായ കുടിവെള്ളം ഇനിയും ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. കേരളത്തിലെ നിലവിലുള്ള 67.15 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 1-4-2020 വരെ 17.5 ലക്ഷം കണക്ഷനുകളാണ് നിലവിലുള്ളത്. ബാക്കി 49.65 ലക്ഷം കണക്ഷനുകളാണ് 2024-നകം നൽകേണ്ടത്. ഈ ലക്ഷ്യം കൈവരിക്കുന്ന തരത്തിലുള്ള പദ്ധതി ആസൂത്രണവും സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ പദ്ധതി നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് 8-6-2020-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിൻപ്രകാരം സംസ്ഥാന തലത്തിൽ SWSM (സ്റ്റേറ്റ് വാട്ടർ &സാനിറ്റേഷൻ മിഷൻ, ജില്ലാ തലത്തിൽ DWSM (ഡിസ്ട്രിക്ട് വാട്ടർ &സാനിട്ടേഷൻ മിഷൻ) എന്നിവ രൂപീകരിച്ചു. 2020-21-ലേക്ക് തയ്യാറാക്കിയ പദ്ധതിപ്രകാരം 586 വില്ലേജുകളിലെയും 380 പഞ്ചായത്തുകളിലെയും 23 ബ്ലോക്ക് പഞ്ചായത്തുകളിലെയും 100% ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഈ വർഷത്തെ പദ്ധതിയിൽ SC/ST വിഭാഗത്തിന് മുൻതൂക്കമുള്ള വില്ലേജുകൾക്കും ഫ്ലൂറൈഡ്, സലൈനിറ്റി, അയൺ തുടങ്ങിയവയുടെ അമിത സാന്നിധ്യംമൂലം ഗുണനിലവാര പ്രശ്നമുള്ള പ്രദേശങ്ങൾക്കും കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്. മുൻപ് പൈപ്പ് വെള്ളം

ഉണ്ടായിരുന്ന കേന്ദ്രങ്ങളിൽ നിലവിലെ അവസ്ഥ പുനഃപരിശോധിച്ച് പദ്ധതികളിൽ ആവശ്യമായ ശാക്തീകരണം നടത്തി ജലലഭ്യത ഉറപ്പുവരുത്താനുതകുന്ന പ്രവൃത്തികളും ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ശുദ്ധജല പദ്ധതികളില്ലാത്ത ഗ്രാമങ്ങളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് 2024-ഓടെ എല്ലാ വീടുകളിലും കണക്ഷൻ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2020 ജൂലൈയിൽ ഈ വർഷത്തെ വാർഷിക പദ്ധതി അംഗീകരിച്ചതിനെതുടർന്ന് പദ്ധതി നിർവഹണത്തിനായി പഞ്ചായത്തുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതല ത്തിലുമായി വിവിധ സമിതികൾ ഊർജ്ജിതമായ പ്രവർത്തനം നടത്തിവരുന്നു. ഈ വർഷത്തെ പദ്ധതികൾ നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റി, കെ.ആർ.ഡബ്ല്യു.എസ്.എ., ഭൂജല വകുപ്പ് തുടങ്ങിയവ മുഖാന്തരമാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ചെലവ് എപ്രകാരമാണ്; ഈ പദ്ധതിയിൽ കേന്ദ്ര സർക്കാർ ഇതിനകം എത്ര തുകയാണ് അനുവദിച്ചത്?

പദ്ധതി നടത്തിപ്പിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 എന്ന അനുപാതത്തിലാണ്. 10 ശതമാനം ഉപഭോക്തൃ വിഹിതമാണ്. ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷം 101.29 കോടി രൂപ അനുവദിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷത്തേക്ക് 404.24 കോടി രൂപ വകയിരുത്തിയതിൽ ഇതുവരെ 72.16 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നിലവിൽ എത്ര പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്; 2020-21-ൽ പദ്ധതി ലക്ഷ്യമിടുന്നത് എത്ര കണക്ഷനുകളാണ്, വിശദമാക്കുമോ?

സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷം ഒന്നും രണ്ടും ഘട്ടങ്ങളിലായി 748 പഞ്ചായത്തുകളിലാണ് ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത്. 2020-21-ൽ സംസ്ഥാനത്തൊട്ടാകെ 21.42 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**ആനാട്, കുറുപുഴ, പാലോട് വില്ലേജുകളിലെ ശുദ്ധജലവിതരണ പദ്ധതി**

240 (2850) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ ആനാട്, കുറുപുഴ, പാലോട് വില്ലേജുകളിലെ സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നതെന്ന് വിശദമാക്കാമോ ?

ആനാട്, കുറുപുഴ, പാലോട് വില്ലേജുകളിലെ സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി 2014 SLSSC-യിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത് .

(ബി) പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ആയതുപ്രകാരം എത്ര രൂപ ചെലവഴിച്ചുവെന്നുള്ള വിവരങ്ങൾ നൽകാമോ?

ആയതിൽ 9.4757 കോടി രൂപയാണ് ഇതുവരെ ചെലവാക്കിയിട്ടുള്ളത് .

(ഡി) എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ?

നടപ്പാക്കിയ പ്രവൃത്തികൾ താഴെ ചേർക്കുന്നു.

1. നന്ദിയോട് 11.5 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണം.

2. പാലോട് വാമനപുരം നദിയോട് ചേർന്ന് 9.0 മീ. വ്യാസമുള്ള കിണറിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണം.

3. പാലോട് പമ്പ് ഹൗസ് മുതൽ നന്ദിയോട് ജലശുദ്ധീകരണശാല വരെ 400 മി.മീ. വ്യാസമുള്ള ഡി. ഐ. (DI) റാ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ.

**ജൽജീവൻ മിഷൻ പദ്ധതി**

241 (2851) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകാനായി നടപ്പാക്കിയ ജൽജീവൻ മിഷൻ പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ 21.42 ലക്ഷം കണക്ഷൻ നൽകാൻ ലക്ഷ്യമിട്ടെങ്കിലും ഇതിനകം നൽകാനായത് 1.31 ലക്ഷം കണക്ഷൻ മാത്രമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 19-1-2021-ലെ കണക്കനുസരിച്ച് JJM പദ്ധതിപ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 84450 ഗാർഹിക കുടിവെള്ള കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഉദ്ദേശിച്ച വേഗം പദ്ധതിക്ക് കൈവരിക്കാനാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ജൽജീവൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് 2020 ആഗസ്റ്റ് മാസത്തിൽ സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതിനെത്തുടർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടകംതന്നെ 18.80 ലക്ഷം കണക്ഷനുകൾ നൽകാനുള്ള പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 11.31 ലക്ഷം കണക്ഷനുകൾ നൽകാനുള്ള പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോവിഡ് മഹാമാരിയുടെ വ്യാപനം കാരണം തൊഴിലാളികളുടെ ലഭ്യതയിലു ണ്ടായിട്ടുള്ള കുറവ് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ പൈപ്പുകളുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും ലഭ്യതയിൽ ഉണ്ടായിട്ടുള്ള ക്ഷാമം, പ്രസ്തുത വസ്തുക്കളുടെ വിലവർധന, ടെക്നിക്കൽ സ്റ്റാഫിന്റെ പ്രധാനമായും ഓവർസിയർമാരുടെ കുറവും, റോഡ്കട്ടിംഗുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മുതലായവയും പദ്ധതി നടത്തിപ്പിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും പ്രശ്നങ്ങൾക്ക് യഥാസമയം പരിഹാരം കണ്ട് പദ്ധതിനിർവ്വഹണം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേന്ദ്ര സർക്കാരുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണോ ജലമിഷൻ; എങ്കിൽ കേന്ദ്രത്തിൽ നിന്ന് പദ്ധതിക്ക് ആവശ്യമായ എന്തൊക്കെ സഹായങ്ങൾ ലഭ്യമാകും?

കേന്ദ്ര സർക്കാരുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പി ലാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 എന്ന അനുപാതത്തിലാണ്. 10 ശതമാനം ഗുണഭോക്തൃ വിഹിതമാണ്.

(ഡി) ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ചെലവിടുന്ന തുക എത്ര; പദ്ധതി എന്നത്തേക്ക് പൂർത്തിയാകും; വിശദാംശങ്ങൾ നൽകുമോ?

2020-21 സാമ്പത്തികവർഷം സംസ്ഥാനത്ത് ജൽജീവൻ പദ്ധതി പ്രകാരം ഇതുവരെ 21.65 ലക്ഷം കണക്ഷനുകൾ നൽകാനായുള്ള 6765.25 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2245.89 കോടി സംസ്ഥാന വിഹിതവും 999.07 കോടി പഞ്ചായത്ത് വിഹിതവും ആയി സർക്കാർ ചെലവിടുന്നു. സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകാനാണ് ലക്ഷ്യമിടുന്നത്.

## പിറവം മണ്ഡലത്തിലെ ജലനിധി രണ്ടാംഘട്ട പദ്ധതി

242 (2852) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ പിറവം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്ത്/ മുനിസിപ്പാലിറ്റികൾ ഉൾപ്പെട്ടിട്ടുണ്ടെന്നത് അറിയിക്കുമോ?

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ പിറവം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ / മുനിസിപ്പാലിറ്റികൾ ഉൾപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ എത്ര പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിൽ ജലസുരക്ഷ രൂപരേഖ (വാട്ടർ സെക്യൂരിറ്റി പ്ലാൻ) തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ ജലസുരക്ഷ രൂപരേഖ (വാട്ടർ സെക്യൂരിറ്റി പ്ലാൻ) തയ്യാറാക്കിയിട്ടില്ല.

## കുപ്പിവെള്ള പ്ലാന്റ്

243 (2853) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ ആരംഭിച്ച കുപ്പിവെള്ള പ്ലാന്റ് ജല അതോറിറ്റിതന്നെ നടത്തണമെന്നത് സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടി അറിയിക്കുമോ ?

അരുവിക്കര ഡാമിന് സമീപം ജല അതോറിറ്റിയുടെ കൈവശമുള്ള സ്ഥലത്ത് കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് കേരള വാട്ടർ അതോറിറ്റി പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും വിവിധ കാരണങ്ങളാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോയി. മാത്രവുമല്ല ഡിസൈനിലെ ചില സാങ്കേതിക തകരാറുകൾമൂലം BIS മുതലായ സ്ഥാപനങ്ങളിൽനിന്ന് ലൈസൻസ് ലഭിക്കുന്നതിന് പ്രയാസവും നേരിട്ടു. ഇതിനെത്തുടർന്ന് 28-2-2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 17/2020/ WRD പ്രകാരം അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ തുടർപ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോകുന്നതിനായി കുപ്പിവെള്ള നിർമ്മാണ വിതരണ രംഗത്ത് പരിചയസമ്പത്തുള്ളതും സർക്കാർ ഉടമസ്ഥതയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) എന്ന സ്ഥാപനത്തിന് പ്ലാന്റ് കൈമാറി ഉത്തരവായി.

(ബി) കുപ്പിവെള്ള പ്ലാന്റ് പൊതുമേഖലാ സ്ഥാപനമായ കിഡ്കിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

28-2-2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2020/ജ.വി.വ.-ൽ പറയുന്ന വ്യവസ്ഥകൾ അനുസരിച്ച് 2020 മേയ് മാസം അഞ്ചാം തീയതി KIIDC-ഉം KWA-യും തമ്മിൽ കരാറിൽ ഒപ്പുവയ്ക്കുകയും കുപ്പിവെള്ള പ്ലാന്റ് KIIDC-ന് കൈമാറുകയും ചെയ്തു. 16-1-2021-ൽ പ്ലാന്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിച്ച് കുപ്പിവെള്ള പ്ലാന്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാന്റ് 16-1-2021-ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ജലമിഷൻ പദ്ധതി**

244 (2854) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പദ്ധതിയായ ജലമിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും 2024-ഓടുകൂടി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് ജലജീവൻ മിഷൻ. 10 ശതമാനം ഉപഭോക്തൃ വിഹിതം ഉൾപ്പെടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 എന്ന അനുപാതത്തിലാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ഏകദേശം 50 ലക്ഷം ഗ്രാമീണ വീടുകൾക്ക് പുതുതായി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ജല ജീവൻ മിഷൻ പദ്ധതി പ്രകാരം 2020 -21 സാമ്പത്തിക വർഷം 1 ഉം 2 ഉം ഘട്ടങ്ങളിലായി 748 പഞ്ചായത്തുകളിലാണ് കുടിവെള്ള കണക്ഷനുകൾ നൽകുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 6765.25 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 17-1-2021-ലെ കണക്കനുസരിച്ച് വിവിധ ഗ്രാമപഞ്ചായത്തുകളിലായി 182000-ൽ അധികം കുടിവെള്ള കണക്ഷനുകൾ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ ലഭിച്ച കേന്ദ്രസഹായം എത്രയെന്ന് വിശദമാക്കാമോ?

ഈ പദ്ധതിക്കായി കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷം 101.29 കോടി രൂപ അനുവദിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷത്തേക്ക് 404.24 കോടി രൂപ വകയിരുത്തിയതിൽ ഇതുവരെ 72.16 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**കുപ്പിവെള്ള നിർമ്മാണ ഫാക്ടറി**

245 (2855) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ ഫാക്ടറി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് (കിഡ്ക്) കൈമാറിയിട്ടുണ്ടോ യെന്നറിയിക്കാമോ ?

കൈമാറിയിട്ടുണ്ട്.

(ബി) ഏതൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് ഇത് കൈമാറി യിട്ടുള്ളതെന്ന് വിശദമാക്കാമോ ?

28-2-2020-ലെ GO(MS) No.17/2020/WRD എന്ന ഉത്തരവ് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ പ്രകാരമാണ് പ്ലാന്റ് കൈമാറ്റം ചെയ്തിട്ടുള്ളത്.

1. സർക്കാരിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ സ്ഥാപിച്ച 7200 LPH കുപ്പിവെള്ള പ്ലാന്റ് സർക്കാർ അംഗീകരിച്ച വ്യവസ്ഥകൾ പ്രകാരം കരാറിൽ ഏർപ്പെട്ടുകൊണ്ട് KIIDC-ന് കൈമാറേണ്ടതാണ്.

2. നിലവിലെ ആസ്തികളും ബാധ്യതകളും ഉൾപ്പെടെ 7 വർഷത്തേക്ക് പാട്ട വ്യവസ്ഥയിലാണ് പ്ലാന്റ് കൈമാറുന്നത്.

3. പ്ലാന്റ് നടത്തിപ്പ് സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ, BIS ലൈസൻസിംഗ് പോലുള്ള മറ്റു ലൈസൻസിംഗ് നടപടികൾ, മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള നിക്ഷേപക ആസൂത്രണങ്ങൾ എന്നിവ KIIDC-ന്റെ ഉത്തരവാദിത്വത്തിൽപ്പെട്ട തായിരിക്കും.

4. കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ടുന്ന പാട്ടനിരക്ക് സംബന്ധിച്ച നിർദ്ദേശം KIIDC സർക്കാരിന് സമർപ്പിക്കേണ്ടതും പ്രസ്തുത നിർദ്ദേശം, കേരള വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

5. മാർക്കറ്റിംഗ് സംബന്ധമായ എല്ലാ കാര്യങ്ങളും KIIDC-ൽ നിക്ഷിപ്തമായിരിയ്ക്കും.
6. കരാർ വ്യവസ്ഥകളിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയതിനു ശേഷം ഒരു മാസത്തിനുള്ളിൽത്തന്നെ കേരള വാട്ടർ അതോറിറ്റിയും KIIDC-ഉം തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതും പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്.

(സി) ലാഭത്തിന്റെ എത്ര ശതമാനമാണ് കിഡ്ക് ജലഅതോറിറ്റിക്ക് കൈമാറേണ്ടതെന്ന് വ്യക്തമാക്കുമോ ?

ഇതുസംബന്ധിച്ച വ്യവസ്ഥകൾ തീരുമാനിച്ചിട്ടില്ല.

(ഡി) പ്ലാന്റിന്റെ നിർമ്മാണത്തിനായി ജലഅതോറിറ്റി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്നറിയിക്കാമോ ?

14.71 കോടി രൂപ

(ഇ) പ്ലാന്റിന് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

പ്ലാന്റിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ അംഗീകാരം 23-10-2020 -ൽ ലഭിച്ചു.

## തൃക്കരിപ്പൂർ ആന്റ് അഡ്ജോയിനിംഗ് പഞ്ചായത്തുകൾ പദ്ധതി

246 (2856) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ചുള്ള തൃക്കരിപ്പൂർ ആന്റ് അഡ്ജോയിനിംഗ് പഞ്ചായത്തുകൾ എന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്; ഈ പദ്ധതി നിർദ്ദേശത്തിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളാണ് ഉൾപ്പെടുന്നതെന്ന് വിശദമാക്കാമോ?

കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിന്റെ ഭാഗമായി ഉൾനാടൻ ജലഗതാഗത വിഭാഗത്തിൽനിന്നും താഴെപ്പറയുന്ന രണ്ട് Single lane bridge design ചെയ്യാനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ, IDRB-യുടെ പരിഗണനയിലാണ്.

1. Construction of Tractorway across Kangangad River at Cheriyakkara in Kayyar-Chinmani Panchayath in Kasargod District.
2. Construction of bridge across Kangangade River at Puliyannur in Kayyar - Chemani, Panchayath in Kasargod District.

തൃക്കരിപ്പൂർ ആന്റ് അഡ്ജോയിനിംഗ് പഞ്ചായത്തുകൾ എന്ന പദ്ധതിയുടെ ഉല്പാദന ഘടകങ്ങൾ സ്ഥാപിക്കുന്നതിനുള്ള 170 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്താനുള്ള നടപടികൾ പരിശോധനയിലാണ്. കാസർഗോഡ് ജില്ലയിലെ അഞ്ച് പഞ്ചായത്തുകളായ തൃക്കരിപ്പൂർ, ചെറുവത്തൂർ, പീലിക്കോട്, പടന്ന, വലിയപറമ്പ് പഞ്ചായത്തുകളും കണ്ണൂർ ജില്ലയിലെ രണ്ടു പഞ്ചായത്തുകളുമാണ് ഇതിൽ ഉൾപ്പെടുന്നത്. കാസർഗോഡ് ജില്ലയിലെ മേൽപ്പറഞ്ഞ 5 പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ജൽജീവൻ മിഷൻ പദ്ധതി**

247 (2857) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ എത്ര കണക്ഷൻ നൽകിയിട്ടുണ്ട് ?

മങ്കട മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ (19-1-2021) 3681 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ജലജീവൻ മിഷൻ പദ്ധതിക്കായി ഗുണഭോക്തൃവിഹിതം ലഭ്യമാക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ?

സംസ്ഥാന സർക്കാരിന്റെ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ജൽ ജീവൻ മിഷൻ പദ്ധതിക്കായി ഗുണഭോക്തൃ വിഹിതം ലഭ്യമാകുന്നതിന്റെ നടപടിക്രമം ചുവടെ ചേർക്കുന്നു :

7.4 ജനങ്ങളുടെയും സമൂഹത്തിന്റെയും സംഭാവന ഗ്രാമപഞ്ചായത്തുകളിലെ പദ്ധതികളിലെ ഗുണഭോക്താക്കൾ പദ്ധതി മൂലധന ചിലവിന്റെ 10 ശതമാനം ഗുണഭോക്തൃ വിഹിതമായി നൽകേണ്ടതാണ്. പണമായോ അല്ലെങ്കിൽ സ്ഥലം, അസംസ്കൃത വസ്തുക്കൾ, തൊഴിൽ ചെയ്യാനുള്ള സന്നദ്ധത എന്നിവയൊക്കെ നൽകിയാലും മതിയാകും. ഉപഭോക്തൃ വിഹിതത്തിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകേണ്ട ജനവിഭാഗങ്ങൾക്ക് (BPL/SC/ST/ഫിഷർമെൻ) ആവശ്യാനുസരണം ഇളവുകൾ നൽകുന്ന കാര്യം പഞ്ചായത്തുകൾക്ക് SWSM-ന്റെ അനുമതിയോടെ തീരുമാനിക്കാവുന്നതാണ്. 8.4 പദ്ധതിക്കുള്ള ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് :

1. പദ്ധതിക്കാവശ്യമായ ഗുണഭോക്തൃ വിഹിതം പണമായോ തൊഴിലായോ സാധന സാമഗ്രികളായോ നൽകാം.

2. ഗ്രാമപഞ്ചായത്തോ, ഉപസമിതികളോ, ഗുണഭോക്തൃ സമിതികളോ ഇത്തരത്തിൽ ലഭിക്കുന്ന ഉപഭോക്തൃ വിഹിതം പ്രത്യേകമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ബന്ധപ്പെട്ട രേഖകൾഓഡിറ്റിന് വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

3. പഞ്ചായത്തിനുള്ളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് വേണ്ടിയുള്ള ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്ത്/ ഉപസമിതികൾ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ നിക്ഷേപിക്കണം.

4. ബന്ധപ്പെട്ട സമിതിയുടെ ചെയർമാന്റെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും പേരിലുള്ളതായിരിക്കണം ടി അക്കൗണ്ട്.

(സി) ജൽജീവൻ മിഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജൽജീവൻ മിഷൻ പദ്ധതി നിർവഹണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിൽ "ജൽജീവൻ മിഷൻ - പശ്ചാത്തലവും ആവശ്യകതയും, കേരളത്തിലെ കുടിവെള്ള മേഖല, പദ്ധതി നിർവ്വഹണതന്ത്രങ്ങൾ, ആസൂത്രണം, സംഘടനാ സംവിധാനങ്ങൾ, പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണം, പദ്ധതികാലയളവും വിവിധ ഘടകങ്ങളും, പദ്ധതിയുടെ പണം ചെലവാക്കാൻ, നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗം, പദ്ധതി നിർവഹണ സഹായ പ്രവത്ത നങ്ങൾ, ജല ഗുണനിലവാര പ്രവർത്തനങ്ങൾ, ഗതിനിയന്ത്രണങ്ങളും വിലയിരുത്തലും, ദുരന്ത നിവാരണം തുടങ്ങി പദ്ധതിയുമായി ബന്ധപ്പെട്ട വസ്തുതകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖ https://jalshakti-ddws.gov.in എന്ന വെബ്സൈറ്റിലും, സംസ്ഥാന മാർഗ്ഗരേഖ https://kwa.kerala.gov.in, https://jalanidhi.kerala. gov.in എന്നീ വെബ് സൈറ്റുകളിലും ലഭ്യമാണ്.

## ബാലുശ്ശേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

248 (2858) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇപ്പോൾ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൽപ്പറ്റ മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

249 (2859) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പ്രവൃത്തിയുടെയും പുരോഗതി ലഭ്യമാക്കാമോ; കിഫ്ബിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ മണ്ഡലത്തിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളും അവയുടെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർക്കുന്നു* കിഫ്ബിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

പടിഞ്ഞാറത്തറ-തരിയോട് കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല മാറ്റിയിടൽ മുപ്പൈനാട് കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല മാറ്റിയിടൽ. മേൽ പരാമർശിച്ച രണ്ട് പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

## ഗ്രാമീണ മേഖലകളിലെ ശുദ്ധജലവിതരണം

250 (2860) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ ജനങ്ങൾക്കും പൈപ്പ് ലൈൻ വഴി ശുദ്ധജലം വീട്ടിൽ എത്തിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ജലവിഭവ വകുപ്പ് നടപ്പാക്കിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും 2024-ഓടുകൂടി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമീണ മേഖലയിലെ പാവപ്പെട്ട ജനങ്ങൾക്ക് പ്രത്യേകിച്ച് SC/ST കോളനികളിലെ കുടുംബങ്ങൾക്കും, സ്ത്രീകൾക്കും, ഉയർന്ന മലയോര മേഖലയിൽ താമസിക്കുന്ന, ശുദ്ധമായ കുടിവെള്ളം ഇനിയും ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജൽജീവൻമിഷൻ. കേരളത്തിലെ നിലവിലുള്ള 67.15 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 1-4-2020 വരെ 17.5 ലക്ഷം കണക്ഷനുകളാണ് നിലവിലുള്ളത്. ബാക്കി 49.65 ലക്ഷം കണക്ഷനുകളാണ് 2024-നകം നൽകേണ്ടത്. ഈ ലക്ഷ്യം കൈവരിക്കുന്ന തരത്തിലുള്ള പദ്ധതി ആസൂത്രണം സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ പദ്ധതി നടത്തിപ്പിനായി SWSM (സ്റ്റേറ്റ് വാട്ടർ &സാനിറ്റേഷൻ മിഷനും ജില്ലാ തലത്തിൽ DWSM (ഡിസ്ട്രിക്ട് വാട്ടർ &

സാനിട്ടേഷൻ മിഷൻ) എന്നിവ രൂപീകരിച്ചു. ഈ വർഷത്തെ പദ്ധതിയിൽ SC/ST വിഭാഗത്തിന് മുൻതൂക്കമുള്ള വില്ലേജുകൾക്കും ഫ്ലൂറൈഡ്, സലൈനിറ്റി, അയൺ തുടങ്ങിയവയുടെ അമിതസാന്നിധ്യംമൂലം ഗുണനിലവാര പ്രശ്നമുള്ള പ്രദേശങ്ങൾക്കും കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്. മുമ്പ് പൈപ്പ് വെള്ളമുണ്ടായിരുന്ന കേന്ദ്രങ്ങളിൽ നിലവിലെ അവസ്ഥ പുനഃപരിശോധിച്ച് പദ്ധതികളിൽ ആവശ്യമായ ശാക്തീകരണം നടത്തി ജലലഭ്യത ഉറപ്പുവരുത്താനുതകുന്ന പ്രവൃത്തികളും ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ശുദ്ധജല പദ്ധതികളില്ലാത്ത ഗ്രാമങ്ങളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് 2024-ഓടെ എല്ലാ വീടുകളിലും കണക്ഷൻ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2020 ജൂലൈയിൽ ഈ വർഷത്തെ വാർഷിക പദ്ധതി അംഗീകരിച്ചതിനെ തുടർന്ന് പദ്ധതി നിർവഹണത്തിനായി പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമായി വിവിധ സമിതികൾ ഊർജ്ജിതമായ പ്രവർത്തനം നടത്തിവരുന്നു.

(ബി) റാന്നി നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ വഴി എത്രയാളുകൾക്കാണ് കുടിവെള്ളമെത്തിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ?

റാന്നി നിയോജകമണ്ഡലത്തിൽ ജല ജീവൻ മിഷൻ വഴി 10225 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കാനായി അംഗീകാരം ലഭ്യമാക്കിയിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്ത് വരൾച്ച ആവർത്തിച്ചുവരുന്നതിനാൽ വരൾച്ച മുൻകൂട്ടിക്കണ്ട് ഗ്രാമീണ മേഖലകളിൽ നിലവിലുള്ള ജലസ്രോതസ്സുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ മേഖലകളിലേക്ക് പൈപ്പ്ലൈനുകൾ നീട്ടുന്നതിനും പ്രത്യേകമായി പദ്ധതി തയ്യാറാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത മഴയെ മാത്രം ആശ്രയിച്ചായതിനാൽ മഴയുടെ അളവിലുണ്ടായ കുറവ് വിവിധ ജില്ലകളിൽ വരൾച്ചാസമാനമായ സ്ഥിതിവിശേഷമുണ്ടാക്കിയേക്കും എന്നതിനാൽ സ്രോതസ്സുകളിൽ ഇപ്പോൾ നിലവിലുള്ള ജലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതും പ്രാദേശികമായ സാഹചര്യം വിലയിരുത്തി താത്കാലിക തടയണനിർമ്മാണം, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയിലെ മണ്ണുംചെളിയും നീക്കംചെയ്യൽ തുടങ്ങി അത്യാവശ്യ മുൻകരുതൽ പ്രവൃത്തികൾ ആവശ്യാനുസരണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വേനൽ രൂക്ഷമാകാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ വിവരം പ്രത്യേകമായി ശേഖരിക്കുകയും ഇത്തരം പദ്ധതികളിൽ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലവിതരണം പരമാവധി ദിവസത്തേക്ക് സുഗമമായി നടത്തിക്കൊണ്ടുപോകാനുള്ള പ്രവൃത്തികൾ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക്ഡാമുകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിക്കാനുള്ള പദ്ധതികൾ പരിഗണിച്ചുവരുന്നു. ആവർത്തിച്ചുണ്ടാകുന്ന ജലദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ജലം വേണ്ടരീതിയിൽ സംരക്ഷിക്കാനാവശ്യമായ മുൻകരുതലെടുക്കുന്നുണ്ട്. പൈപ്പിലൂടെയുള്ള ജലവിതരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ധനലഭ്യതയ്ക്കനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകൾ സാധ്യമായ രീതിയിൽ സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അതോടൊപ്പം ജലവിതരണം ക്രമീകരിച്ചും ഉപയോഗം കുറച്ചും കുടിവെള്ളക്ഷാമം നേരിടുന്നതിന് ഗുണഭോക്താക്കളുടെയിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

**കുടിവെള്ള പദ്ധതികൾ**

251 (2861) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നവീന കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി മുഖേന 57 കുടിവെള്ള പദ്ധതികളും കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി മുഖേന 1020 കുടിവെള്ള പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അവയിൽ പൂർത്തീകരിച്ചവ എത്രയെണ്ണം; പൂർത്തീകരിക്കാനുള്ളവ എത്രയെണ്ണം?

കേരള വാട്ടർ അതോറിറ്റി 6 കുടിവെള്ള പദ്ധതികളും കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി 1017 കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. 51 പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയും 3 പദ്ധതികൾ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയും പൂർത്തിയാക്കാൻ ശേഷിക്കുന്നുണ്ട് .

(സി) ഈ പദ്ധതികൾക്കായി നാളിതുവരെ എത്ര കോടി രൂപ ചെലവാക്കി; വിശദമാക്കാമോ?

ഈ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റി 1336.6 കോടി രൂപയും കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി 799.24 കോടി രൂപയും ചെലവാക്കിയിട്ടുണ്ട് .

## നെയ്യാറ്റിൻകര കിഫ്ബി കുടിവെള്ള പദ്ധതികൾ

252 (2862) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളായ കാരോട് കുടിവെള്ള പദ്ധതി, അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതി എന്നിവയുടെ പ്രവൃത്തി ആരംഭിക്കുന്നതിന്റെ ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ടെൻഡർ നടപടി പൂർത്തീകരിച്ചാൽ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാനാകും.

(സി) എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് സാങ്കേതികാനുമതി ലഭിച്ചതെന്ന് വിശദമാക്കാമോ?

സാങ്കേതികാനുമതിക്കുള്ള നടപടികൾ പുരോഗമിക്കുന്നു.

## പള്ളിച്ചൽ-വിളവൂർക്കൽ കുടിവെള്ള പദ്ധതി

253 (2863) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ-വിളവൂർക്കൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ-വിളവൂർക്കൽ കുടിവെള്ള പദ്ധതിക്കായി 10.24 കോടി രൂപയുടെ ഭരണാനുമതി നബാർഡിൽ നിന്ന് ലഭ്യമായിരുന്നു. പദ്ധതിയുടെ ഭാഗമായ വിളവൂർക്കൽ പഞ്ചായത്തിലെ പിടാരത്ത് പുതുതായി നിർമ്മിക്കേണ്ട ഉപരിതല, ഭൂതല ജലസംഭരണികളുടെ നിർമ്മാണവും വിളവൂർക്കൽ പഞ്ചായത്തിലെ ജലവിതരണശൃംഖലയുടെ പ്രവൃത്തികളും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. പള്ളിച്ചൽ പഞ്ചായത്തിലെ പൂവടയിൽ നിർമ്മിക്കേണ്ട ഭൂതല ജലസംഭരണിയുടെ നിർമ്മാണപ്രവൃത്തികളും പൂർത്തിയായി. എന്നാൽ ടി ജലസംഭരണിയിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള വഴിയുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലനിൽക്കുകയാണ്. ടി വഴിക്കുള്ള സ്ഥലം ഭൂവുടമയിൽനിന്നും ഭൂമിയേറ്റെടുക്കൽ വഴി ഏറ്റെടുക്കുകയോ കോടതി വ്യവഹാരത്തിന് തീർപ്പ് കൽപ്പിക്കുകയോ ചെയ്താലേ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൂടി പൂർത്തീകരിച്ച് പദ്ധതി പൂർത്തീകരിക്കാനാവുകയുള്ളൂ.

(ബി) വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; നിർമ്മാണപ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

വിളപ്പിൽ പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിക്ക് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 16 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിലുൾപ്പെട്ട കാവടിക്കടവിലെ കിണറിന്റെയും പമ്പ് ഹൗസിന്റെയും പ്രവൃത്തികൾ 90% പൂർത്തിയായിട്ടുണ്ട്. ചീലപ്പാറയിലെ 10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെയും 8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു, 50% പൂർത്തിയായി. കാവടിക്കടവിലെ പമ്പ് ഹൗസ് മുതൽ ചീലപ്പാറയിലെ ജലശുദ്ധീകരണശാല വരെയുള്ള റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവൃത്തികൾ 85% പൂർത്തിയായി. ജല ശുദ്ധീകരണശാല മുതൽ കാവിൻപുറം ജലസംഭരണി വരെ പ്രധാന ജലവാഹിനിക്കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു, 35% പൂർത്തിയായി. ചീലപ്പാറ ഉപരിതല ജലസംഭരണി മുതൽ പേയാട് ജംഗ്ഷൻ വരെ പ്രധാന ജലവാഹിനിക്കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കുള്ള പൈപ്പുകൾ എത്തിച്ചു തുടങ്ങി, പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കും. ജല ശുദ്ധീകരണശാലയിലും, റോ വാട്ടർ പമ്പ് ഹൗസിലും സ്ഥാപിക്കേണ്ട പമ്പ് സെറ്റുകൾ എത്തിച്ചിട്ടുണ്ട്. ട്രാൻസ്ഫോമർ അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുമുള്ള അനുമതി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ലഭിക്കേണ്ടതുണ്ട്. കാവടിക്കടവിൽ കരമന നദിക്കുകുറുകെ തടയണ നിർമ്മിക്കുന്നതിനുള്ള സാധന സാമഗ്രികൾ എത്തിച്ചിട്ടുണ്ട്. പ്രവൃത്തികൾ ഉടൻ ആരംഭിക്കും. പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പഞ്ചായത്ത് റോഡുകളിലാണ് പുരോഗമിക്കുന്നത്. പൊതുമരാമത്ത് വകുപ്പിൽ നിന്നും റോഡ് കുഴിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കാസർഗോഡ് നഗരസഭ കിഫ്ബി മുഖാന്തരം കുടിവെള്ള പദ്ധതി**

254 (2864) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരസഭ, ചെമ്മനാട് പഞ്ചായത്ത് എന്നിവിടങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതി ഏതാണെന്ന് വ്യക്തമാക്കാമോ?

2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതുമായ സമഗ്ര കുടിവെള്ള പദ്ധതിയാണ് കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി ഒന്നാംഘട്ടം.

(ബി) പ്രസ്തുത പദ്ധതിയുടെ ചെലവ് എത്രയാണെന്നും മറ്റേതെല്ലാം പഞ്ചായത്തുകൾക്ക് ഇതിന്റെ ഗുണം ലഭിക്കുമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് 76 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പദ്ധതിക്കായി ഇതുവരെ 39.82 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചെങ്കള, മുളിയാർ, മധൂർ മൊഗ്രാർ-പുത്തൂർ എന്നീ പഞ്ചായത്തുകളുടെ ആവശ്യകതയും (വാട്ടർ ഡിമാൻഡ്) കൂടി ഉൾപ്പെടുത്തിയാണ് പുതുതായി 55 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല ഈ പദ്ധതിയിൽ നിർമ്മിച്ചത്. അതിനാൽ ചെങ്കള, മുളിയാർ, മധൂർ മൊഗ്രാർ-പുത്തൂർ എന്നീ പഞ്ചായത്തുകൾക്കും കൂടി പ്രസ്തുത പദ്ധതികൊണ്ട് ഗുണം ലഭിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം തുടങ്ങിയിട്ടുണ്ടോയെന്നും പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും കരാറുകാരൻ ആരാണെന്നും വ്യക്തമാക്കാമോ?

ഈ പദ്ധതി 4 പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. ആദ്യത്തെ മൂന്ന് പാക്കേജുകളിൽ ഉൾപ്പെട്ട പ്രവൃത്തികളായ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോമർ, 55 എം.എൽ.ഡി. ശുദ്ധീകരണശാല, കാസർഗോഡ് മുനിസിപ്പാലിറ്റിയിലേക്കുള്ള ഗ്രാവിറ്റി മെയിൻ, ബോവിക്കാനത്ത് 11 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, വിദ്യാനഗറിൽ 21 ലക്ഷം ലിറ്റർ, 5 ലക്ഷം ലിറ്റർ എന്നീ ഉന്നതതല ജലസംഭരണികൾ, പുലിക്കുന്നിൽ 8 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിദ്യാനഗറിൽ നിന്നും പുലിക്കുന്ന് ടാങ്കിലേക്കുള്ള ഗ്രാവിറ്റി മെയിൻ, സ്ഥാപിക്കുന്നതിന് NH റോഡ് വികസനവുമായി ബന്ധപ്പെട്ടുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. കൂടാതെ പൂർത്തീകരിച്ച ഘടകങ്ങളുടെ ട്രയൽ റൺ ചെയ്യുന്നതിന് പമ്പ് ഹൗസിലും ശുദ്ധീകരണ ശാലയിലും പവർ കണക്ഷൻ ലഭ്യമാകേണ്ടതുണ്ട്. നാലാമത്തെ പാക്കേജിലുൾപ്പെട്ട ചെമ്മനാട് പഞ്ചായത്തിന് ശുദ്ധജല വിതരണം നടത്തുന്നതിനാവശ്യമായ ടാങ്ക് നിർമാണത്തിനുള്ള സ്ഥലങ്ങളുടെ ലാൻഡ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത പദ്ധതിയുടെ കരാറുകാരൻ ശ്രീ. കെ. കണ്ണൻ, അമൃതം, പി.ഒ. ചിറക്കൽ, കണ്ണൂർ ജില്ല ആണ്.

(ഡി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനും നടത്തിപ്പിനും ആവശ്യമായ ഘടകങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനും നടത്തിപ്പിനും ആവശ്യമായ ബാക്കി പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. വിദ്യാനഗറിൽ നിന്നും ബാവിക്കര വരെ UG കേബിൾ സ്ഥാപിച്ച് പമ്പ് ഹൗസിനും ശുദ്ധീകരണശാലക്കും പവർ കണക്ഷൻ ലഭ്യമാക്കുന്ന പ്രവൃത്തി.

2. വിദ്യാനഗറിൽ നിന്നും പുലിക്കുന്ന് ടാങ്കിലേക്കുള്ള ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി.

3. നാലാമത്തെ പാക്കേജിൽ ഉൾപ്പെട്ട ചെമ്മനാട് പഞ്ചായത്തിന് ശുദ്ധജല വിതരണം നടത്തുന്നതി നാവശ്യമായ ഗ്രാവിറ്റി മെയിൻ, ദേളി-കുന്നുപാറയിലുള്ള 26 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, കുന്നുപാറ ചട്ടഞ്ചാലിലുള്ള 17 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭണി എന്നിവയുടെ നിർമ്മാണ പ്രവൃത്തി.

(ഇ) എത്ര ടാങ്കുകളാണ് പ്രസ്തുത പദ്ധതിക്കായി സ്ഥാപിക്കുന്നതെന്നും എത്ര എം.എൽ.ഡി. ടാങ്കുകളാണവയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 6 ടാങ്കുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു :

1. ബോവിക്കാനത്തുള്ള ഉന്നതതല ജലസംഭരണി - 1.1 ML
2. വിദ്യാ നഗറിലുള്ള ഉന്നതതല ജലസംഭരണി - 2.1 ML
3. വിദ്യാനഗറിലുള്ള ഉന്നതതല ജലസംഭരണി-0.5ML
4. പുലിക്കുന്നിലുള്ള ഉന്നതതല ജലസംഭരണി - 0.8 ML
5. ദേളി-കുന്നുപാറയിലുള്ള ഉന്നതതല ജലസംഭരണി - 2.6ML
6. കുന്നുപാറ-ചട്ടഞ്ചാലിലുള്ള ഉന്നതതലജലസംഭണി - 1.7 ML

(എഫ്) പ്രസ്തുത ടാങ്കുകൾക്കനുസൃതമായി പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതുണ്ടോ; എങ്കിൽ അതിനുവേണ്ട ചെലവ് എത്രയാണെന്നും ഫണ്ടുകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

സ്ഥാപിക്കേണ്ടതുണ്ട്. ചെമ്മനാട് പഞ്ചായത്തിനുവേണ്ടിയുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 31 കോടി രൂപയും കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 30 കോടി രൂപയുമാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## തലശ്ശേരി കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി

255 (2865) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തലശ്ശേരി കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടി ക്രമങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) സംസ്ഥാന സർക്കാർ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തലശ്ശേരി കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പമ്പാനദിയുടെയും അച്ചൻകോവിലാറിന്റെയും തീരസംരക്ഷണ പദ്ധതി

256 (2866) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കത്തിൽ പമ്പാനദിയുടെയും അച്ചൻകോവിലാറിന്റെയും തീരം ഇടിഞ്ഞ് തീരനിവാസികളുടെ വീടുകൾ അപകടകരമായി സ്ഥിതിചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തീര സംരക്ഷണത്തിന് പദ്ധതി ത്വരിതപ്പെടുത്തുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരസംരക്ഷണത്തിന്റെ ഭാഗമായി പമ്പ, അച്ചൻ കോവിലാർ തുടങ്ങിയ നദികളിൽ തീരം ഇടിഞ്ഞ സ്ഥലങ്ങളിൽ അടിയന്തര തീര സംരക്ഷണ പ്രവൃത്തികൾ FC, FD, SDRF തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു.

(സി) കൊല്ലകടവ് ശ്രീമതി മിനി അനീഫ, വട്ടക്കുഴി, ശ്രീമതി സുബൈദ ബീവി, വട്ടക്കുഴി എന്നിവരുടെ വീടുകൾ അപകടകരമായി ആറ്റിലേക്ക് പതിച്ചതിനാൽ സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ?

കൊല്ലകടവ് ശ്രീമതി മിനി അനീഫ, വട്ടക്കുഴി, ശ്രീമതി സുബൈദ ബീവി, വട്ടക്കുഴി എന്നിവരുടെ പുരയിടത്തിന്റെ സംരക്ഷണഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട് 19.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാ പട്ടികയിലുൾപ്പെടുത്തി ഈ പ്രവൃത്തി നടപ്പിലാക്കാൻ കഴിയും.

## ജല അതോറിറ്റിയിലെ മീറ്റർ റീഡർമാർ

257 (2867) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിലെ മീറ്റർ റീഡർമാർ പ്രതിദിനം എടുക്കേണ്ട റീഡിംഗുകളുടെ എണ്ണം നിലവിൽ എത്രയാണ്; അത് ഇരട്ടിയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടോ?

നിലവിൽ ദ്വൈമാസം എടുക്കേണ്ട റീഡിംഗുകളുടെ എണ്ണം റൂറൽ മേഖലയിൽ 1200-ഉം അർബൻ മേഖലയിൽ 1600-ഉം ആണ്. കേരള വാട്ടർ അതോറിറ്റിയിൽ ഒൻപത് ലക്ഷം കണക്ഷനുകളുള്ളപ്പോഴാണ് 2005-ൽ ഈ ക്രമീകരണം വരുത്തിയിട്ടുള്ളത്. 2020-ൽ കണക്ഷനുകളുടെ എണ്ണം 29 ലക്ഷത്തോളം ആയി. മാത്രമല്ല ജലജീവൻ മിഷൻവഴി 21 ലക്ഷം കണക്ഷനുകൾകൂടി ഈ സാമ്പത്തിക വർഷം കൊടുക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ 15 വർഷമായി മീറ്റർ റീഡിംഗ് എടുക്കുന്നതിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്തതിനാലും നിലവിലുള്ള സ്ഥിരം ജീവനക്കാരെക്കൊണ്ട് റീഡിംഗ് സൈക്കിൾ പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ടും ഉപഭോക്താക്കൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി റൂറൽ മേഖലയിൽ പ്രതിദിനം 80 റീഡിംഗും അർബൻ മേഖലയിൽ പ്രതിദിനം 100 റീഡിംഗും എടുക്കണമെന്ന ഉത്തരവ് 31-12-2020-ൽ പുറത്തിറക്കിയെങ്കിലും ടി വർദ്ധനവ് വാട്ടർ അതോറിറ്റിയിലെ അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് തീരുമാനിക്കണമെന്ന അവരുടെ ആവശ്യം പരിഗണിച്ച് ടി ഉത്തരവ് നടപ്പിലാക്കുന്നത് താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(ബി) പ്രവർത്തനരഹിതമായ മീറ്ററിനെക്കുറിച്ച് റിപ്പോർട്ട് നൽകാതിരിക്കുകയോ എടുക്കുന്ന മീറ്റർ റീഡിംഗുകളുടെ എണ്ണം കുറയുകയോ ചെയ്താൽ നഷ്ടം കണക്കാക്കി മീറ്റർ റീഡർമാരുടെ ശമ്പളത്തിൽനിന്നും തുക ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ?

12-5-2005-ലെ KWA/HO/AM-16/RM എന്ന ഉത്തരവിൽ മീറ്റർ റീഡർമാർ തെറ്റായി കാറ്റഗറി രേഖപ്പെടുത്തുക, പ്രവർത്തനരഹിതമായ മീറ്ററുകളെ കുറിച്ച് റിപ്പോർട്ട് ചെയ്യാതിരിക്കുക, മീറ്റർ റീഡർമാർ എടുക്കേണ്ട റീഡിംഗുകളുടെ എണ്ണത്തിൽ കുറവ് വരുത്തുക തുടങ്ങി, അതോറിറ്റിക്ക് റവന്യൂ നഷ്ടം വരുത്തുന്നവരുടെ ശമ്പളത്തിൽ നിന്ന് ആനുപാതികമായ കുറവ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പുതുതായി മീറ്റർ റീഡിംഗിന് നിയോഗിക്കപ്പെട്ടവരുടെയും ഇതുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെയും ശ്രദ്ധയ്ക്കായി ഇക്കാര്യം 31-12-2020-ലെ KWA/HO/RMC/R1-950/2020 എന്ന ഉത്തരവിൽ പുനഃപ്രസിദ്ധീകരിച്ച് നൽകിയിട്ടുണ്ട്.

(സി) ഒരു കണക്ഷനിൽ അസാധാരണമായ രീതിയിൽ ബിൽ തുക ഉയർന്നാൽ ബിൽ നൽകുന്നതിനുമുമ്പ് മേലുദ്യോഗസ്ഥരെ ബോധ്യപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ?

അപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ മീറ്റർ റീഡിംഗ് എടുക്കുന്നതിന് എത്ര ജീവനക്കാരാണുള്ളത്; അതിൽ സ്ഥിരം ജീവനക്കാർ എത്രയാണെന്ന് വ്യക്തമാക്കുമോ?

വാട്ടർ അതോറിറ്റിയിൽ 346 മീറ്റർ റീഡർ തസ്തികകൾ ആണ് നിലവിലുള്ളത്. കൂടാതെ 402 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ കൂടി റീഡിംഗ്/റവന്യൂ സംബന്ധമായ കാര്യങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ട്. മാത്രവുമല്ല 89-ൽപ്പരം കുടുംബശ്രീ മീറ്റർ റീഡർമാരും 350-ൽ പരം HR വ്യവസ്ഥയിലുള്ള മീറ്റർ റീഡർമാരും റീഡിംഗ് എടുത്തുവരുന്നു.

## കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി

258 (2868) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ?

കേരള ജല അതോറിറ്റി, അതിന്റെ ഉത്ഭവകാലം മുതൽ തന്നെ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽനിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരുപരിധിവരെ സഹായകമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരീഫ് അനുസരിച്ച് ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുന്ന വെള്ളക്കരമാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗം. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. അവസാനമായി താരീഫ് പുതുക്കിയത് 2014-ൽ ആണ്. 1-10-2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കിലോ ലിറ്റർ വരെ ഉപയോഗിക്കുന്ന ഉപഭോക്താക്കളെ വർദ്ധനവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് ഇതും വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു. സംഭരണ ശുദ്ധീകരണ വിതരണവുമായി ബന്ധപ്പെട്ട ഒരു കിലോ ലിറ്റർ വെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് ഏകദേശം 23.89 രൂപ ചെലവ് വരുന്നു. കുടിവെള്ള വിതരണം വഴി കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന ശരാശരി വരുമാനം ഒരു കിലോ ലിറ്ററിന്

ഏകദേശം 10.48 രൂപയാണ്. മിനിമം ചാർജായി വാട്ടർ അതോറിറ്റി ഉപഭോക്താവിൽ നിന്നും വാങ്ങുന്നത് ഒരു കിലോ ലിറ്ററിന് (1000 ലിറ്റർ) 4 രൂപയാണ് (ഏറ്റവും ചെറിയ സ്ലാബ്). ഇത്തരത്തിൽ ജലശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചെലവിനെക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ള വിതരണം ചെയ്യുന്നതു വഴി, കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്കെത്തപ്പെടുന്നു.

(ബി) പ്രസ്തുത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് ഫലപ്രദമായിട്ടുണ്ടോ?

സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി താഴെ പരാമർശിക്കുന്ന കർമ്മ പദ്ധതികൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിവരുന്നു.

1. വാട്ടർ അതോറിറ്റിയുടെ ജലവിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിച്ചു വരുന്നു.

2. ഒട്ടനവധി പദ്ധതികൾ ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കിയിട്ടുണ്ട്.

3. നഗരമേഖലയിലെ ചില പദ്ധതികൾക്ക് മുൻഗണന നൽകി പൂർത്തിയാക്കി വരുന്നു.

(സി) വാട്ടർ അതോറിറ്റിക്കുണ്ടായിരുന്ന കടബാധ്യത ഒഴിവാക്കുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് ഇതിനകം നൽകിയിട്ടുള്ളത് ;

(ഡി) കേരള വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള വായ്പത്തുക മൂലധനമായി മാറ്റുന്നതിനും അതിന്റെ പലിശ എഴുതിത്തള്ളുന്നതിനും തീരുമാനി ച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി&ഡി) കേരള വാട്ടർ അതോറിറ്റി നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് 2016-17 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാറിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. ഇതിനോട് അനുബന്ധിച്ച് 2015-16 വരെ വാട്ടർ അതോറിറ്റി സർക്കാരിന് നൽകുവാനുള്ള വായ്പാത്തുകയായ 2281.57 കോടി രൂപ മൂലധനമാക്കിമാറ്റുവാനും അതിന്റെ പലിശയായി 1449.85 കോടി രൂപ എഴുതി തള്ളണമെന്ന് KWA അഭ്യർത്ഥിച്ചിട്ടുണ്ട്. 30-9-2018 വരെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതിചാർജിനത്തിലുള്ള കുടിശ്ശികയായി കെ.എസ്.ഇ.ബി-ക്ക് നൽകുവാനുള്ള 1326.69 കോടി രൂപ 4 വർഷങ്ങളിലായി

തീർപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകി തദ്ദേശഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള വെള്ളക്കര കുടിശ്ശിക 6% പലിശയിനത്തിൽ പുനഃക്രമീകരിച്ച് ഗഡുക്കളായി 155.26 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റിൽ നിന്ന് കുറവുവരുത്തി വാട്ടർ അതോറിറ്റിക്ക് നൽകുകയും ആ തുക കെ.എസ്.ഇ.ബി-ക്ക് നൽകാനുള്ള അനുമതി നൽകിയതിൻ പ്രകാരം പ്രസ്തുത തുക കെ.എസ്.ഇ.ബി-ക്ക് വാട്ടർ അതോറിറ്റി നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) വാട്ടർ അതോറിറ്റിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് വെള്ളക്കരം വർദ്ധിപ്പിക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് തീരുമാനമെടുത്തുവെന്ന് അറിയിക്കാമോ?

ഉണ്ട്. വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ജലവിഭവ വകുപ്പിൽ ജല ആഡിറ്റിംഗ്, ജല ബഡ്ജറ്റിംഗ്

259 (2869) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ ജല ആഡിറ്റിംഗ്, ജല ബഡ്ജറ്റിംഗ് എന്നിവ നടപ്പിലാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് ലഭ്യമായ ജലത്തിന്റെ അളവും ആവശ്യകതയും കണ്ടെത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ജലസുരക്ഷ ഉറപ്പാക്കുന്നതിനും സംസ്ഥാനത്ത് ജലബഡ്ജറ്റ് തയ്യാറാക്കുന്നതിന് ശ്രമം ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളുടെയും ജലവിഭവ വികസന വിനിയോഗ കേന്ദ്രം (Centre for Water Resources Development & Management) ന്റെയും സാങ്കേതിക സഹായത്തോടെ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ജലബഡ്ജറ്റിംഗ് പദ്ധതിയുടെ നിർവ്വഹണത്തിൽ ജലവിഭവ വകുപ്പിലെ ലൈൻ വകുപ്പുകളായ ജലസേചന, ഭൂജല വകുപ്പുകൾ പങ്കാളികളാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ജലബഡ്ജറ്റിംഗ് ഭൂജലവകുപ്പിൽ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ ഭൂജല സ്രോതസ്സുകളുടെ കണക്കെടുപ്പ് (Well Census) നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിവരുന്നു. ജലവിഭവ വകുപ്പിൽ ജല ആഡിറ്റിംഗ് നടപ്പിലാക്കിയിട്ടില്ല.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ജലവിഭവ ഇൻഫർമേഷൻ സിസ്റ്റം ശാസ്ത്രീയമായ തീരുമാനമെടുക്കുന്നതിനുള്ള ഒരു ഉപാധിയായി വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള വാട്ടർ അതോറിറ്റിയിൽ ജലവിഭവ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടില്ല.

(സി) പൊതുജനങ്ങളുടെ പരാതി പരിഹാര സംവിധാനം നിലവിൽ ശക്തിപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉണ്ട്. കേരള വാട്ടർ അതോറിറ്റി പൊതുജനങ്ങളുടെ പരാതി പരിഹാര സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 1916 - എന്ന ടോൾഫ്രീ ഉപഭോക്തൃ പരാതി നമ്പർ നിലവിൽവന്നു. കുടിവെള്ള വിതരണം, സ്വീവറേജ് സംവിധാനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കുന്നതിനായുള്ള ഈ നമ്പറിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന കാൾ സെന്റർ അതോറിറ്റിയുടെ ആസ്ഥാന മന്ദിരത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ എത്തിക്കുന്നതിനും പരാതികളുടെ സ്ഥിതിവിവരങ്ങൾ പരാതിക്കാർക്ക് ലഭ്യമാക്കുന്നതിനുമായി AQUALOOM- എന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നു. ടോൾഫ്രീ നമ്പറിൽ ലഭിക്കുന്ന പരാതികൾ ഉടനടി AQUALOOM വഴി ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിലേക്ക് അയച്ചുകൊടുക്കുന്നുണ്ട്. പൊതുജനങ്ങൾ നേരിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അറിയിക്കുന്ന പരാതികൾ അതത് ഓഫീസ് തലത്തിൽത്തന്നെ പരിഹരിക്കുന്നതിനുള്ള സംവിധാനം അതോറിറ്റിയിൽ നിലവിലുണ്ട്. കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി (ജലനിധി) കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി (കെ.ആർ.ഡബ്ല്യു.എസ്.എ) നടപ്പിലാക്കുന്ന ജലനിധി പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ചുവടെ പറയുന്ന സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. പൊതുജനങ്ങൾക്ക് പരാതി അറിയിക്കുന്നതിനുവേണ്ടി കെ.ആർ.ഡബ്ല്യു.എസ്.എ.-ൽ ടോൾഫ്രീ നമ്പർ നമ്പർ 18004255031 ഏർപ്പെടുത്തിയിട്ടുണ്ട്. ടി നമ്പറിൽ വരുന്ന പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമായി ഒരു സ്റ്റാഫ് അംഗത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. കെ.ആർ.ഡബ്ല്യു.എസ്.എ-യുടെ വെബ്സൈറ്റിൽ Complaint Redressal എന്ന പേരിലുള്ള ലിങ്കിലൂടെ പൊതുജനങ്ങൾ പരാതി രജിസ്റ്റർ ചെയ്യാം. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന പരാതിയിലെ തൽസ്ഥിതി വിവരം പരാതിക്കാരന് അറിയുന്നതിനുള്ള സംവിധാനം ക്രമീകരിച്ചിട്ടുണ്ട്.

3. കെ.ആർ.ഡബ്ല്യു.എസ്.എ-യുടെ തിരുവനന്തപുരം പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഓഫീസിലും കണ്ണൂർ, മലപ്പുറം, ഇടുക്കി മേഖലാ ഓഫീസുകളിലും നേരിട്ടും അല്ലാതെയും പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്.

ജലസേചന വകുപ്പ്, ജലസേചന വകുപ്പിൽ പൊതു ജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതികളിൽ ഫലപ്രദമായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ പ്രോജക്ട് മോണിറ്ററിംഗ് ഡിവിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ

260 (2870) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓഫീസ് അറ്റൻഡന്റ്/വർക്കർ/ലാസ്റ്റ് ഗ്രേഡ് സമാന തസ്തികകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത എത്ര ഒഴിവുകൾ നിലവിലുണ്ട്; ഡിവിഷൻ തിരിച്ച് കണക്ക് ലഭ്യമാക്കുമോ; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിലെ അറ്റൻഡന്റ്/വർക്കർ, ലാസ്റ്റ് ഗ്രേഡ് തുടങ്ങിയ സമാന തസ്തികകളിലെ മറ്റെല്ലാ ഒഴിവുകളും പി. എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ ഒറ്റ യൂണിറ്റായി കണക്കാക്കിയാണ് കേരള വാട്ടർ അതോറിറ്റിയിൽ ഒഴിവുകൾ കണക്കാക്കുന്നത്.

(ബി) ഈ തസ്തികകളിൽ 31-12-2021 വരെ വിരമിക്കൽമൂലവും അല്ലാതെയും ഉണ്ടാകാനിടയുള്ള പ്രതീക്ഷിത ഒഴിവുകൾ എത്രയാണ്; ഒഴിവുകൾ നിലവിൽ വരുന്ന തീയതി ഉൾപ്പെടെയുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ തസ്തികകളിൽ 31-12-2021 വരെ വിരമിക്കൽമൂലവും അല്ലാതെയും ഉണ്ടാകാനിടയുള്ള പ്രതീക്ഷിത ഒഴിവുകൾ 24 ആണ്. ഒഴിവുകൾ നിലവിൽ വരുന്ന തീയതി ഉൾപ്പെടെയുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | തീയതി | | എണ്ണം |
|---|---|---|---|
| 1. | 1-2-2021 | - | 5 |
| 2. | 1-3-2021 | - | 2 |
| 3. | 1-4-2021 | - | 1 |

| | | | |
|---|---|---|---|
| 4. | 1-5-2021 | - | 5 |
| 5. | 1-6-2021 | - | 5 |
| 6. | 1-7-2021 | - | 1 |
| 7. | 1-9-2021 | - | 1 |
| 8. | 1-11-2021 | - | 2 |
| 9. | 1-12-2021 | - | 2 |
| | ആകെ | - | 24 |

(സി) ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാത്തത് നിലവിലെ സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; പ്രസ്തുത ഒഴിവുകൾ സർക്കാരിന്റെ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നിയമനത്തി നാവശ്യമായ നടപടി സ്വീകരിക്കാൻ അധികൃതർക്ക് കർശന നിർദ്ദേശം നൽകുമോ?

ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

### നഗരമേഖലയിലെ വാട്ടർ അതോറിറ്റി പദ്ധതികൾ

261 (2871) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷംകൊണ്ട് വെള്ളക്കരം വർദ്ധിപ്പിക്കാതെ കേരള വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമായി മാറ്റുമെന്ന പ്രകടനപത്രികയിലെ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം വർദ്ധിപ്പിച്ചിട്ടില്ല. കേരള ജല അതോറിറ്റി അതിന്റെ ഉത്ഭവകാലം മുതൽ തന്നെ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽനിന്നും നൽകുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരുപരിധിവരെ സഹായകമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരീഫ് അനുസരിച്ച് ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുന്ന വെള്ളക്കരമാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗം. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാ തിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ള ക്കരത്തിൽ വർദ്ധനവുണ്ടാകുന്നില്ല. അവസാനമായി താരീഫ് പുതുക്കിയത് 2014-ലാണ്. സംഭരണ, ശുദ്ധീകരണ, വിതരണവുമായി ബന്ധപ്പെട്ട ഒരു കിലോ ലിറ്റർ വെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് ഏകദേശം 23.89

രൂപ ചെലവ് വരുന്നു. കുടിവെള്ള വിതരണംവഴി കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന ശരാശരി വരുമാനം ഒരു കിലോലിറ്ററിന് ഏകദേശം 10.48 രൂപയാണ്. മിനിമം ചാർജ്ജായി വാട്ടർ അതോറിറ്റി ഉപഭോക്താവിൽനിന്നും വാങ്ങുന്നത് ഒരു കിലോ ലിറ്ററിന് (1000 ലിറ്റർ) 4 രൂപയാണ് (ഏറ്റവും ചെറിയ സ്ലാബ്). ഇത്തരത്തിൽ ജലശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനെക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനാലാണ് കേരള വാട്ടർ അതോറിറ്റിയെ ലാഭകരമാക്കാൻ സാധിക്കാത്തത്.

(ബി) വെള്ളത്തിന്റെ ദുർവ്യയമില്ലാതാക്കുന്നതിന് വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

ജലത്തിന്റെ ദുർവ്യയമില്ലാതാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. ജലമോഷണം തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ സേവനം ഉപയോഗിച്ചുവരുന്നു.

2. ദുർവ്യയം ശ്രദ്ധയിൽപ്പെടുന്ന പൊതുടാപ്പുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ നീക്കം ചെയ്യുന്നുണ്ട്.

3. ഗാർഹിക വാട്ടർ കണക്ഷൻ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് തടയുന്നുണ്ട്.

4. പ്രവർത്തന ക്ഷമമല്ലാത്ത വാട്ടർ മീറ്ററുകൾ സമയബന്ധിതമായി മാറ്റിവയ്ക്കാൻ നോട്ടീസ് നൽകുകയും കണക്ഷൻ വിച്ഛേദിക്കുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

5. ജലമോഷണം, ദുരുപയോഗം എന്നിവ ശിക്ഷാർഹമാണെന്ന സന്ദേശം വിവിധ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളിൽ എത്തിച്ച് അവബോധം നൽകാറുണ്ട്.

6. ജലദുർവ്യയം ഒഴിവാക്കുന്നതിന് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും കൈപ്പുസ്തകം, ലഘുലേഖകൾ തുടങ്ങിയവ മുഖേനയും ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

7. കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സമയങ്ങളിൽ പ്രാദേശിക സാഹചര്യമനുസരിച്ച് കൂടുതൽ ജലം ഉപയോഗിക്കുന്ന വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും പുതിയ കണക്ഷൻ നൽകുന്നതിന് താത്കാലിക നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(സി) നഗരമേഖലയിലെ പദ്ധതികൾക്ക് മുൻഗണന നൽകി പൂർത്തിയാക്കുമെന്ന 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഏതെല്ലാം പദ്ധതികളാണ് മുൻഗണന നൽകി പൂർത്തീകരിച്ചതെന്ന് അറിയിക്കാമോ?

നഗരമേഖലയിലെ പദ്ധതികൾക്ക് മുൻഗണന നൽകി പൂർത്തിയാക്കുമെന്ന 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിലായി 1112.74 കോടി രൂപയുടെ (പുതുക്കിയ ഭരണാനുമതി പ്രകാരം) 171 കുടിവെള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 103 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നഗരമേഖലയ്ക്ക് മുൻഗണന നൽകിക്കൊണ്ട് 50 പദ്ധതികൾക്കായി 2538.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 12 പദ്ധതികൾക്കായി 183.30 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 5 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കോതമംഗലം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം

262 (2872) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുടിവെള്ളപ്രശ്നങ്ങൾക്കും വേനൽക്കാലത്തെ കനത്ത വരൾച്ചയ്ക്കും പരിഹാരം കാണുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ആവോലിച്ചാൽ-വിട്ടാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി 2.8 കോടി രൂപയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) വാരപ്പെട്ടി, കവളങ്ങാട്, പല്ലാരിമംഗലം അടക്കമുള്ള പഞ്ചായത്തുകളിലും കോതമംഗലം മുനിസിപ്പാലിറ്റിയിലെയും കുടിവെള്ളക്ഷാമത്തിനും വരൾച്ചയ്ക്കും പരിഹാരമാകുന്ന പദ്ധതിക്കായി മെക്കാനിക്കൽ വിഭാഗം 1.06 കോടിയുടേയും സിവിൽ വിഭാഗം 1.02 കോടിയുടേയും എസ്റ്റിമേറ്റ് തയ്യാറാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത എസ്റ്റിമേറ്റുകളിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കോതമംഗലം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്കും വരൾച്ചയ്ക്കും വലിയതോതിൽ പരിഹാരമാകുന്ന പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) ആവോലിച്ചാൽ പദ്ധതി 1983-1984 കാലഘട്ടത്തിൽ കോതമംഗലം പുഴയിൽ വെള്ളമെത്തിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയതാണ്. കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള നേര്യമംഗലം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിനോട് ചേർന്ന് പമ്പ് ഹൗസ് സ്ഥാപിച്ച് 50 എച്ച്.പി. മോട്ടോർ ഉപയോഗിച്ച് പെരിയാറിൽ നിന്നും പൈപ്പിലൂടെ ജലം പമ്പ് ചെയ്ത് 1.5 കിലോമീറ്റർ ദൂരം എത്തിച്ചശേഷം നിലവിലുള്ള പേരക്കുത്ത് തോടിലൂടെ 10 കിലോമീറ്ററും തുടർന്ന് 10 കിലോമീറ്റർ ദൂരം കോതമംഗലം പുഴയിലൂടെയും ജലമൊഴുക്കി കോഴിപ്പിള്ളി പമ്പ് ഹൗസിൽ എത്തിക്കുന്നതായിരുന്നു ടി പദ്ധതി. പ്രസ്തുത പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ള 2.08 കോടി രൂപയുടെ (1.02 കോടി സിവിലും 1.06 കോടി മെക്കാനിക്കലും) എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**ചീക്കോട് കുടിവെള്ള പദ്ധതി**

263 (2873) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിയിൽ നിന്ന് പള്ളിക്കൽ ഗ്രാമപഞ്ചായത്തിലേക്കുള്ള കുടിവെള്ള പൈപ്പ് ലൈൻ നീട്ടിവലിക്കുന്ന പദ്ധതി ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. പള്ളിക്കൽ പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മൊത്തം 9599 ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തിക്ക് 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 26.80 കോടി രൂപയാണ് പ്രസ്തുത പ്രവൃത്തിയുടെ ടെക്നിക്കൽ അനുമതി തുക.

(ബി) പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ ഏതെല്ലാം ഭാഗങ്ങളിൽ എത്ര കിലോമീറ്റർ ദൈർഘ്യത്തിലാണ് പദ്ധതിപ്രകാരം ജലവിതരണ പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; പദ്ധതിയിലൂടെ എത്ര ഉപഭോക്താക്കൾക്കാണ് പൈപ്പ് ലൈൻ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ഏതെല്ലാം വാർഡുകളിലാണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പള്ളിക്കൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേക്കുമായി 9599 ഗാർഹിക കണക്ഷൻ നൽകാൻ ഉദ്ദേശിക്കുന്ന ഈ പ്രവൃത്തിയുടെ ഭാഗമായി 120 കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്ത് സർവ്വേ നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് വീണ്ടും പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ടെകിൽ ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മൂന്നിയൂർ, തേഞ്ഞിപ്പാലം, ചേലേമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കെ.ആർ.ഡബ്ല്യൂ.എസ്. പദ്ധതിപ്രകാരം ചേളാരിയിൽനിന്ന് വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കൊടക്കാടിലേക്ക് ജലവിതരണ സംവിധാനം സ്ഥാപിക്കുന്നതിന് കിഫ്ബി ഫണ്ട് വകയിരുത്തിയിരുന്നുവോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉണ്ട്. 68 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ നിലവിലെ പദ്ധതിയിൽ ജലലഭ്യതക്കുറവുള്ളതുകൊണ്ടും റോഡ് കട്ടിംഗിനുള്ള തുക അധികരിച്ചുള്ളതുകൊണ്ടും ഈ പ്രവൃത്തി ഏറ്റെടുത്തിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതി ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് റെസ്റ്റോറേഷൻ ഇനത്തിൽ വൻതുക നൽകണമെന്ന ആവശ്യത്തിന്മേലാണോ പദ്ധതി നടപ്പാക്കാൻ സാധിക്കാത്തതെന്ന് വെളിപ്പെടുത്തുമോ?

ഇല്ല. നിലവിലെ പദ്ധതിയിൽ ജലലഭ്യത കുറവുള്ളതുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കില്ല. ഇതിനുപകരമായി വള്ളിക്കുന്ന് പഞ്ചായത്തും ചേലേമ്പ്ര, മൂന്നിയൂർ (ഭാഗികം), തേഞ്ഞിപ്പാലം പഞ്ചായത്തുകളും പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയും ഉൾക്കൊള്ളുന്ന ഒരു സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

## ഹരിപ്പാട് കുടിവെള്ള പദ്ധതി

264 (2874) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിലവിലത്തെ അവസ്ഥ വ്യക്തമാക്കുമോ?

ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി NRDWP-യിൽ ഉൾപ്പെടുത്തി 35.00 കോടി രൂപയുടെ ഭരണാനുമതി 2014-ൽ നൽകിയിരുന്നു. ഈ തുകയിൽ Intake well, ജലശുദ്ധീകരണശാല (50 mld) എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ജലശുദ്ധീകരണശാലയുടെ നിർമ്മാണം ജൂൺ

2019-ൽ പൂർത്തീകരിച്ചു. മാന്നാർ മുല്ലശ്ശേരിക്കടവിൽ കിണറിന്റെ പ്രവൃത്തി 40% പൂർത്തിയാകുകയും ബാക്കി പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 35.00 കോടി രൂപയുടെ ഭരണാനുമതി Green Book State Plan-ൽ 2017-ൽ നൽകിയിരുന്നു. ഇതിൽ പള്ളിപ്പാട് പഞ്ചായത്തിലെ 14 ലക്ഷം ലിറ്റർ ഉന്നതതല സംഭരണിയുടെ നിർമ്മാണം, Raw water pumping main-(5.7 കി.മീ.) എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഉന്നതതല സംഭരണിയുടെ പണികൾ പൂർത്തിയായി. റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ച തുകയിൽ ലിമിറ്റ് ചെയ്ത് ദർഘാസ് ക്ഷണിക്കുന്നതാണ്. ശേഷിക്കുന്ന 3.3 കി.മീ. റോ വാട്ടർ പമ്പിംഗ് മെയിൻ, 10 പഞ്ചായത്തുകളായ ചേപ്പാട്, ചെറുതന, പള്ളിപ്പാട്, കരുവാറ്റ, കുമാരപുരം, കാർത്തികപ്പള്ളി, ചിങ്ങോലി, മുതുകുളം, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണികൾ, ക്ലിയർവാട്ടർ ട്രാൻസ്മിഷൻ മെയിൻ-52 കി.മീ, വിതരണശൃംഖല 900 കി.മീ. (10 പഞ്ചായത്തുകൾ). ഹരിപ്പാട് മുനിസിപ്പാലിറ്റി ഒഴികെയുള്ളവയുടെ എസ്റ്റിമേറ്റും, ഡി.പി.ആർ. എന്നിവയും ജലജീവൻ മിഷനിൽ ഭരണാനുമതി ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

ജലജീവൻ മിഷനിൽ ഭരണാനുമതിക്കായി സമർപ്പിച്ചിരിക്കുന്ന ഘടകങ്ങൾക്ക് അനുമതി ലഭിച്ച് 18 മാസത്തിനുള്ളിൽ (2022-ൽ) പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ജലജീവൻ മിഷന്റെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ 10 പഞ്ചായത്തുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിന് 1970.60 ലക്ഷം രൂപയുടെ ഭരണാനുമതി 21-8 -2020-ൽ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നൽകിയിട്ടുണ്ട്. ആയത് ദർഘാസ് ക്ഷണിച്ച് കരാർ നൽകി പണികൾ പുരോഗമിച്ചുവരുന്നു.

## ചുനക്കര സി.എച്ച്.സി-ക്ക് സമീപമുള്ള കുടിവെള്ള ടാങ്ക്

265 (2875) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയമസഭാമണ്ഡലത്തിൽ ചുനക്കര സി.എച്ച്.സി.-ക്ക് സമീപമുള്ള കുടിവെള്ള ടാങ്ക് നിൽക്കുന്ന സ്ഥലം സാമൂഹ്യാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ കൈമാറ്റം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ (ഫയൽ നമ്പർ 1412/M(WR)VIP/19-e3991784) (ഫയൽ നമ്പർ 1505/M(WR)VIP/19-e4014920) വിശദമാക്കുമോ?

മാവേലിക്കര നിയമസഭാമണ്ഡലത്തിൽ ചുനക്കര സി.എച്ച്.സി. വളപ്പിൽ നിലകൊള്ളുന്ന വാട്ടർ ടാങ്ക് പൊളിച്ചുനീക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രാജേഷ് എം.എൽ.എ. മുഖേന ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രജനി ജയദേവ് ജലവിഭവ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്മേലുള്ള മറുപടി ഈ വകുപ്പിലെ 6-1-2021-ലെ ഡബ്ല്യൂ എസ്. സി2/9/2020/ജവിവ നമ്പർ കത്ത് പ്രകാരം ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## തീരദേശ പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ നടപടി

266 (2876) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകളായ മാടായി, മാട്ടൂൽ, ചെറുകുന്ന്, കണ്ണപുരം, പട്ടുവം പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കുകയും കുടിവെള്ളം മലിനമാകുകയും ചെയ്യുന്നതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ, ചെറുകുന്ന്, കണ്ണപുരം, പട്ടുവം എന്നീ തീരപ്രദേശ പഞ്ചായത്തുകളിലെ പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കുകയും കുടിവെള്ളം മലിനമാകുകയും ചെയ്യുന്നത് തടയുന്നതിനായി മൈനർ ഇറിഗേഷന്റെ കീഴിൽ പട്ടുവം പഞ്ചായത്തിലെ ഇടമുട്ട് ഉപ്പുവെള്ള പ്രതിരോധ ക്രോസ് ബാർ നവീകരിക്കുകയും 3.44 കി.മീ. നീളത്തിൽ പറണ്ടൽ, വെള്ളിക്കീൽ, മുട്ടുകണ്ടി എന്നിവിടങ്ങളിലായി നിലവിലുള്ള മാർജിനിൽ ബണ്ടുകൾ വാർഷിക അറ്റകുറ്റപ്പണികൾ നടത്തിവരികയും മാടായി പഞ്ചായത്തിൽ ഉപ്പുവെള്ള പ്രതിരോധത്തിനായി നിലവിലുള്ള 1.66 കി.മീ. നീളത്തിലുള്ള മൂലക്കീൽ ബണ്ട് വാർഷിക അറ്റകുറ്റപ്പണികൾ നടത്തുകയും ലായഞ്ചിറ, വാടിക്കൽ എന്നീസ്ഥലങ്ങളിലെ ഉപ്പുവെള്ള പ്രതിരോധ ക്രോസ് ബാറുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചെറുകുന്ന് പഞ്ചായത്തിൽ കയലവളപ്പിൽ എസ്.ഡബ്ല്യൂ.ഇ.സി.ബി.-യുടെ പുനർനിർമ്മാണം, കണ്ണപുരം പഞ്ചായത്തിൽ അയ്യോത്ത് ആയിരം തെങ്ങിൽ പുത്തരിത്തോൽതോട് എസ്.ഡബ്ല്യൂ.ഇ.സി.ബി.-യുടെ നിർമ്മാണം, പുനംകൈതോട് എസ്.ഡബ്യൂ.ഇ.സി.ബി.-യുടെ പുനർനിർമ്മാണം, മാട്ടൂൽ പഞ്ചായത്തിലെ കാവിലെ പറമ്പിൽതോട് എസ്.ഡബ്ല്യൂ. ഇ.സി.ബി-യുടെ പുനർനിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. എസ്.ഡി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുകുന്ന് പഞ്ചായത്തിലെ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മൂലക്കിൽ ബണ്ട്, കൊച്ചിക്കാരൻമൂല എസ്.ഡബ്ല്യു.ഇ.സി.ബി എന്നിവയുടെ റിപ്പയർവർക്കുകൾ നടത്തി ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽക്കാപ്പ് റെഗുലേറ്റർ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായതിനാൽ നിലവിലുള്ള റെഗുലേറ്റർ പുതുക്കിപ്പണിയുന്നതിനുപകരം അവിടെ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭ്യമായാലുടനെ രൂപകല്പനയ്ക്കായി ഐ.ഡി.ആർ.ബി.-യിൽ സമർപ്പിക്കുന്നതാണ്. കൂടാതെ ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പക്കൽ തോടിന് മുണ്ടാപ്രത്ത് ആർ.സി.ബി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ കണ്ണൂർ എം.ഐ. ഡിവിഷനിൽ നടന്നുവരുന്നു. ഈ രണ്ട് പദ്ധതികളും നടപ്പിലാക്കിക്കഴിഞ്ഞാൽ ചെറുകുന്ന് പഞ്ചായത്തിലെ കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ ഒരുപരിധിവരെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കല്ല്യാശ്ശേരി പഞ്ചായത്തിൽ വളപട്ടണം പുഴയുടെ കൈവഴിയായ ഇരിണാവ് പുഴയ്ക്ക് കുറുകെ ഇരിണാവ് എന്ന സ്ഥലത്ത് നിർമ്മിച്ച ഇരിണാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് കാലപ്പഴക്കംമൂലം ഉപയോഗശൂന്യമായി പ്രവർത്തനരഹിതമായിരിക്കുകയാണ്. ആയതിനാൽ വളപട്ടണം പുഴയിൽനിന്നും ഉപ്പുവെള്ളം ഇരിണാവ് പുഴ വഴി കയറുന്നതിനാൽ കല്ല്യാശ്ശേരി, കണ്ണപുരം, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന ഏകദേശം 500 ഏക്കർ സ്ഥലത്ത് കാർഷികവിളകൾക്കും പുഴയുടെ സമീപമുള്ള കിണറുകളിലും ഉപ്പുവെള്ളത്തിന്റെ അതിപ്രസരംമൂലം കൃഷികൾ നശിക്കുകയും കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ഉപയോഗ ശൂന്യമായി കിടക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിന് പകരം ഒരു റെഗുലേറ്റർ മാത്രം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകളായ മാടായി, മാട്ടൂൽ, ചെറുകുന്ന്, കണ്ണപുരം, പട്ടുവം എന്നീ പ്രദേശങ്ങളിലെ കുടിവെള്ള കണക്ഷൻ നിലവിലില്ലാത്ത എല്ലാ വീടുകളിലും ശുദ്ധജല ടാപ്പ് കണക്ഷൻ നൽകുന്നതിന് ജലജീവൻ മിഷൻ പദ്ധതിയിൽ 2020-21 സാമ്പത്തിക വർഷത്തേക്കുള്ള പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരം മാടായി പഞ്ചായത്തിൽ 7501-ഉം മാട്ടൂൽ പഞ്ചായത്തിൽ 5549-ഉം ചെറുകുന്ന് പഞ്ചായത്തിൽ 1638-ഉം കണ്ണപുരം പഞ്ചായത്തിൽ 2668-ഉം പട്ടുവം പഞ്ചായത്തിൽ 2719-ഉം ടാപ്പ് കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ**

267 (2877) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കേരള വാട്ടർ അതോറിറ്റി മുഖേന ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെ യാണെന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കേരള വാട്ടർ അതോറിറ്റി മുഖേന ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെയും അവയുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച വിവരങ്ങളടങ്ങിയ ലിസ്റ്റും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

**ഒതുക്കുങ്ങൽ, പൊന്മള കുടിവെള്ള പദ്ധതി**

268 (2878) <u>ശ്രീ. കെ. എൻ. എ. ഖാദർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗപ്പെടുത്തി പണി കഴിപ്പിച്ച ഒതുക്കുങ്ങൽ, പൊന്മള കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയായതിനെത്തുടർന്ന് കണക്ഷൻ വിച്ഛേദിക്കുമെന്ന് അറിയിച്ചിരുന്നോ; ഇതിനെത്തുടർന്ന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

&

(ബി) ഈ കുടിവെള്ള പദ്ധതിപ്രകാരം എത്ര ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; വൈദ്യുതി ബിൽ കുടിശ്ശിക കാരണം കണക്ഷൻ വിച്ഛേദിക്കപ്പെട്ടാൽ ഒതുക്കുങ്ങൽ, പൊന്മള എന്നീ രണ്ടു പഞ്ചായത്തുകളിലെ കുടിവെള്ള വിതരണ പ്രശ്നം രൂക്ഷമാകും എന്നതിനാൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കണക്ഷൻ വിച്ഛേദിക്കുമെന്ന് അറിയിച്ചിരുന്നു. എന്നാൽ ഇതുവരെയും വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടില്ല. കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഗഡുക്കളായി നൽകിവരുന്നുണ്ട്. ഈ പദ്ധതിയിൽനിന്നും ഒരു ഗാർഹിക കണക്ഷൻ മാത്രമേ നൽകിയിട്ടുള്ളൂ.

**ഞാങ്കടവ് കുടിവെള്ള പദ്ധതി**

269 (2879) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കി വരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കി വരുന്ന ഞാങ്കടവ് പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. അമൃത് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന കൊല്ലം കോർപ്പറേഷൻ ശുദ്ധജല വിതരണ-വിപുലീകരണം ഒന്നാംഘട്ടം - ഭരണാനുമതി തുക - 92.08 കോടി രൂപ പവിത്രേശ്വരം പഞ്ചായത്തിലെ ഞാങ്കടവ് പാലത്തിനുസമീപം കല്ലടയാറിന്റെ തീരത്ത് 12 മീറ്റർ വ്യാസമുള്ള കിണറാണ് ഈ പദ്ധതിയുടെ സ്രോതസ്സ്. കിണറിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കല്ലടയാറിനു കുറുകെ നിർമ്മിക്കുന്ന തടയണയുടെ പ്രവൃത്തികൾ ജലസേചന വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പ്രവൃത്തി നടന്നുവരുന്നു. വസൂരിച്ചിറയിൽ സ്ഥാപിക്കേണ്ട നൂറ് ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ പ്രവൃത്തി നടത്തിവരുന്നു. വസൂരിച്ചിറയിൽനിന്നും വടക്കേവിളയിൽ നിലവിലുള്ള ഉപരിതല ജലസംഭരണിയിലേയ്ക്കുള്ള 500 എം.എം.ഡി.ഐ.കെ 9 (DI K9) പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

2. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന കൊല്ലം കോർപ്പറേഷൻ ശുദ്ധജല വിതരണ-വിപുലീകരണം രണ്ടാംഘട്ടം - ഭരണാനുമതി തുക - 235 കോടി രൂപ. ഞാങ്കടവ് മുതൽ വസൂരിച്ചിറ വരെ സ്ഥാപിക്കേണ്ട റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണികൾ 90% പൂർത്തീകരിച്ചു. വസൂരിച്ചിറയിൽ സ്ഥിതിചെയ്യുന്ന ഇരുപത് ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പണികൾ പൂർത്തിയായി. മണിച്ചിത്തോട്ടുള്ള 54 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെയും വസൂരിച്ചിറ മുതൽ മണിച്ചിത്തോട്ടുവരെയും മണിച്ചിത്തോട് മുതൽ ആനന്ദവല്ലീശ്വരം വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെയും 31% പണികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി തൃക്കരുവ, പനയം പഞ്ചായത്തുകൾക്കുകൂടി പ്രയോജന പ്രദമാകുന്ന വിധത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച ആവശ്യത്തിൻമേൽ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പരിശോധന നടത്തിയിട്ടുണ്ട്. തൃക്കരുവ, പനയം, പെരിനാട്, മൺട്രോതുരുത്ത് എന്നീ പഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ അടങ്കൽ തുക (53.8 കോടി രൂപ)-യുടെ 20% തുക 2021-22 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## അമ്പലപ്പാറ കുടിവെള്ള പദ്ധതി

270 (2880) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തച്ചനാട്ടുകര, അമ്പലപ്പാറ കുടിവെള്ള പദ്ധതികൾക്കായി ഈ സർക്കാർ എത്ര രൂപയാണ് 1-7-2016 മുതൽ 31-12-2020 വരെയുള്ള കാലയളവിൽ ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി– ഒന്നും രണ്ടും ഘട്ടം, തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി എന്നീ പദ്ധതികൾക്കായി 1-7-2016 മുതൽ 31-12-2020 വരെയുള്ള കാലയളവിൽ 29.8 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

(ബി) തച്ചനാട്ടുകര പദ്ധതി എത്ര ഘട്ടമായാണ് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

തച്ചനാട്ടുകര പദ്ധതി നിലവിൽ രണ്ടുഘട്ടമായാണ് നടപ്പിലാക്കുന്നത്. 2016-17 പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതുമായ തച്ചനാട്ടുകര അലനെല്ലൂർ, കോട്ടോപ്പാടം കുടിവെള്ള പദ്ധതി - ശുദ്ധീകരണശാല, കിണർ, ട്രാൻസ്ഫോമർ, പമ്പിംഗ് മെയിൻ മുതലായവ ഉൾപ്പെട്ട - ഒന്നാംഘട്ടം - (22 കോടി രൂപ). ജലജീവൻ മിഷൻ-തച്ചനാട്ടുകര പഞ്ചായത്തിന്റെ വിതരണ ശൃംഖലയിലേയ്ക്കുള്ള ടാങ്ക് നിർമ്മിക്കൽ, വിതരണശൃംഖല സ്ഥാപിക്കൽ ഗാർഹിക കണക്ഷനുകൾ നൽകൽ – (47.33 കോടി രൂപ.)

(സി) പ്രവൃത്തിയുടെ എത്ര ഘട്ടം പൂർത്തീകരിച്ചെന്ന് അറിയിക്കുമോ; ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചെന്ന് അറിയിക്കുമോ;

(ഡി) അടുത്ത ഘട്ടങ്ങളുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

(സി&ഡി) പ്രവൃത്തിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. അതിലേക്ക് 17.96 കോടി രൂപ ചെലവായിട്ടുണ്ട്. രണ്ടാംഘട്ടം പദ്ധതിക്കായി ജലജീവൻ മിഷനിൽ 24-12-2020-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. രണ്ടാംഘട്ടം പൂർത്തീകരിക്കുന്നതോടുകൂടി ഈ രണ്ട് പഞ്ചായത്തുകളിലേയും മുഴുവൻ വീടുകളിലും ഗാർഹിക കണക്ഷൻ നൽകാൻ കഴിയും.

(ഇ) അമ്പലപ്പാറ കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

അമ്പലപ്പാറ കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. 2016-17 പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബി ധനസഹായ ത്തോടുകൂടി നടപ്പിലാക്കിയ-അമ്പലപ്പാറ കുടിവെള്ളപദ്ധതി-ഒന്നാം ഘട്ടം-ഭരണാനുമതി തുക 10 കോടി- ഉന്നതതല സംഭരണി പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്, അനുബന്ധ ഘടകങ്ങൾ എന്നിവയുടെ പ്രവൃത്തി 5-3-2019-ന് കമ്മീഷൻ ചെയ്തു.

2. 2017-18 ബജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന അമ്പലപ്പാറ പഞ്ചായത്തിലേയ്ക്കുള്ള കുടിവെള്ള പദ്ധതി രണ്ടാംഘട്ടം - ഭരണാനുമതി തുക 11.14 കോടി - ശുദ്ധീകരണശാല ഉന്നതതല സംഭരണി, പമ്പിംഗ് മെയിൻ പമ്പുസെറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവയുടെ പ്രവൃത്തി 70% പൂർത്തീകരിച്ചു. ഈ ഘട്ടം 30-4-2021-ന് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

3. ജലജീവൻ മിഷൻ - അമ്പലപ്പാറ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി മൂന്നാം ഘട്ടം - വിതരണ ശൃംഖലയും, ഗാർഹിക കണക്ഷനുകൾ നൽകലും - ഭരണാനുമതി തുക 37.28 കോടി - സാങ്കേതിക അനുമതി നൽകിയ ടി പദ്ധതിയുടെ നടപടിക്രമങ്ങൾ നടന്നുവരുന്നു.

**കായംകുളം വാട്ടർ അതോറിറ്റി ഡിവിഷൻ ഓഫീസ്**

271 (2881) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ് കായംകുളത്ത് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഇതുസംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നതിന്റെ ഭാഗമായി അടുത്ത ബോർഡ് മീറ്റിംഗിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു.

**ചുമട്ടുതൊഴിലാളി മേഖലയിലെ തൊഴിൽ സംസ്കാരം**

272 (2882) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി മേഖലയിൽ മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകുമോ?

കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കാനും രമ്യമായ തൊഴിൽ ബന്ധങ്ങൾ സൃഷ്ടിക്കാനുമുള്ള നിർദ്ദേശങ്ങൾ 30-4-2018-ലെ ജി.ഒ(ആർ.ടി) നമ്പർ 511/2018/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുന്നത് നിയമവിരുദ്ധമാണെന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർമാർ പുറപ്പെടുവിച്ച ഏകീകൃത കൂലിപ്പട്ടിക പ്രകാരം കയറ്റിറക്ക് കൂലി നല്കണമെന്നും, അമിതമായി ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടാൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ/ഡിസ്ട്രിക്ട് ലേബർ ഓഫീസർമാർ ചുമട്ട് തൊഴിലാളി നിയമപ്രകാരം പണം തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ കൂലി കൈപ്പറ്റുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കോൾ സെന്ററിൽ പരാതി വിളിച്ച് അറിയിക്കാവുന്നതും (ടോൾഫ്രീ നമ്പർ 155215, 180042555214). കാൾ സെന്റർ വഴി ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അനർഹമായി അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും അമിത കൂലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മാത്രമല്ല, തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടു തൊഴിലാളി ചട്ടം 26 എ(4) അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. ചുമട്ടുതൊഴിൽ മേഖലയിലെ കയറ്റിറക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുകയും ആയത് 14 ജില്ലകളിലും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നോക്കുകൂലി നിരോധിച്ചതിന് ശേഷവും സംസ്ഥാനത്ത് ഈ പ്രവണത നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതെന്ന് അറിയിക്കാമോ?

ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കോൾ സെന്ററിൽ പരാതി വിളിച്ച് അറിയിക്കാവുന്നതാണ്. (ടോൾഫ്രീ നമ്പർ 155215, 180042555214). കാൾ സെന്റർ വഴി ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അനർഹമായി-അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി തിരികെ വാങ്ങിനൽകുകയും അനർഹ-അമിത കൂലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബന്ധപ്പെട്ട തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങിക്കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4) അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണി പ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

## സ്ത്രീകൾക്ക് തുല്യതയും സുരക്ഷയും

273 (2883) ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് തുല്യതയും സുരക്ഷയും ഉറപ്പുവരുത്തു ന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്?

സ്ത്രീകളുൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും മറ്റും മുടക്കം കൂടാതെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽ ജില്ലാതലം മുതൽ അനുരഞ്ജന യോഗങ്ങൾക്കായി ഇൻഡസ്ട്രിയൽ റിലേഷൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. 2018-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി നിയമം വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലിസ്ഥലത്ത് ഇരിപ്പിടസൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന വ്യവസ്ഥ കൊണ്ടുവന്നു. ഇപ്രകാരം ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്വമായി നിശ്ചയിച്ചിട്ടുണ്ട്. ഈ

നിയമപ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6 മണിക്കുമിടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്നപക്ഷം 5 ജീവനക്കാരെങ്കിലുമുള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്. 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗസമത്വം ഉറപ്പുവരുത്തി സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷാ പദ്ധതി നടപ്പാക്കുക, സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കുന്നുണ്ട്. 2017-ലെ പ്രസവാനുകൂല്യ (ഭേദഗതി) നിയമപ്രകാരം പ്രസവാവധി 12 ആഴ്ച എന്നത് 26 ആഴ്ച എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ, ഈ ഭേദഗതി കേരള സംസ്ഥാനത്തെ സ്വകാര്യ/അൺ എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും അദ്ധ്യാപകരടക്കമുള്ള ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും ഉറപ്പുവരുത്താനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കിയ നിയമമാണ് ' The Sexual Harassment of Women at Work Place (Prevention, Prohibition And Redressal) Act, 2013'. ഈ നിയമപ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്വമാണ്. തൊഴിൽ വകുപ്പിന്റെ സ്ഥാപന പരിശോധനാ വേളയിൽ ഏതെങ്കിലും സ്ഥാപനത്തിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് രൂപീകരിക്കാനുള്ള നിർദ്ദേശം തൊഴിലുടമകൾക്ക് നൽകാറുണ്ട്. കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ, സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി എടുത്തിട്ടുണ്ട്. കൂടാതെ ഇതിന്റെ ചോദ്യാവലിയിൽ സ്ത്രീ സുരക്ഷ, യാത്രാ സൗകര്യം, പ്രസവാവധി ആനുകൂല്യങ്ങൾ, ഹോസ്റ്റൽ സൗകര്യം എന്നിവ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച ചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്

(ബി) സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്?

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ നിലവിലുള്ളതും 18-നും 55-നും മധ്യേ പ്രായമുള്ളതും കുടുംബവാർഷിക വരുമാനം രണ്ടുലക്ഷം രൂപയിൽ കവിയാത്തതുമായ തൊഴിൽരഹിതരായ വിധവകൾ/നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ/ഭർത്താവ് ഉപേക്ഷിക്കുകയോ ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ/ 30 വയസ്സ് കഴിഞ്ഞ അവിവാഹിതർ/ പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ/ഭിന്നശേഷിക്കാർ/ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ളവർ എന്നിങ്ങനെയുള്ള സ്ത്രീകൾക്കായി സംസ്ഥാന സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖാന്തരം 'ശരണ്യ' എന്ന പേരിൽ സ്വയംതൊഴിൽ സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ തുകയുടെ 50% (പരമാവധി 25,000) സർക്കാർ സബ്സിഡി സഹിതം 50,000 രൂപ വരെ പലിശ രഹിത വായ്പ അനുവദിച്ചുവരുന്നു.

**തോട്ടം തൊഴിലാളികൾക്കുള്ള ലൈഫ് ഭവന പദ്ധതി**

274(2884) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരും ഭൂരഹിതരുമായ തോട്ടം തൊഴിലാളികളെ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കളെയാണ് ഇതിനകം കണ്ടെത്തിയിട്ടുള്ളത് വിശദമാക്കാമോ?

(എ&ബി) ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്കുള്ള ഭവനം പ്രോജക്ട് - "ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം" നടപ്പിലാക്കിവരുന്നു. ഇടുക്കി ജില്ലയിൽ മൂന്നാറിൽ തോട്ടം തൊഴിലാളികളായ 10 പേരെ ലൈഫ് മിഷന്റെ മുൻഗണനാ ലിസ്റ്റിൽനിന്നും തെരഞ്ഞെടുക്കുകയും ആയതിൽ 5 പേരുടെ ഭവന നിർമ്മാണം പൂർത്തിയാക്കി 2020 ജനുവരിയിൽ താക്കോൽ കൈമാറിയിട്ടുള്ളതുമാണ്. ബാക്കി 5 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ഒരു മാസത്തിനകം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. ഭവനം ഫൗണ്ടേഷൻ മുഖേന കൊല്ലം കുളത്തൂപ്പുഴ RPL എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലത്ത് 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണം ലക്ഷ്യമിടുന്നു. ആദ്യഘട്ട വീടുകളുടെ നിർമ്മാണം ഉടൻ പൂർത്തിയാകുന്നതാണ്.

(സി) തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ സ്ഥിതി പരിതാപ കരമാണെന്നതിനാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് പ്രത്യേക മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുക എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ തോട്ടം മേഖലയിൽ പ്രാഥമിക സർവ്വേ നടത്തുകയും സർവ്വേയിൽ 32,452 ഗുണഭോക്താക്കളെ കണ്ടെത്തുകയുമുണ്ടായി. പ്രസ്തുത ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. മൂന്നാറിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ മുഖേന റവന്യൂ വകുപ്പിൽ നിന്ന് തൊഴിൽ വകുപ്പിന് ലഭ്യമാകുന്ന 5.49 ഏക്കർ സ്ഥലത്ത് ഫ്ളാറ്റ് സമുച്ചയം (ജി+2) പണിയുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണച്ചുമതല തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷനാണ്. ഭൂമി കൈമാറുന്ന വിഷയം സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. വയനാട് ജില്ലയിൽ തോട്ടം തൊഴിലാളികൾക്കായി ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി ചെമ്പ്ര എസ്റ്റേറ്റ് മാനേജ്മെന്റ് മേപ്പാടിയിൽ ഒരേക്കർ സ്ഥലം വിട്ടുനൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്ന നടപടികൾ നടന്നുവരുന്നു.

## തൊഴിലില്ലായ്മ

275 (2885) <u>ശ്രീ. എം. ഉമ്മർ:</u>
<u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ തൊഴിലില്ലായ്മ പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വകുപ്പുമുഖേന നടപ്പാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതി മുഖാന്തരം വായ്പ/സബ്സിഡി അനുവദിച്ച് നൽകുന്നതിലൂടെ തൊഴിലില്ലായ്മയുടെ നിരക്ക് ഒരു പരിധിവരെ കുറയ്ക്കുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇതിനായി ഓരോ വർഷവും സർക്കാർ ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നു. എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നിലവിൽ നാല് സ്വയംതൊഴിൽ പദ്ധതികൾ വിജയകരമായി നടപ്പാക്കിവരുന്നു. വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഈ സർക്കാർ വന്നതിനുശേഷം ആകെ അനുവദിച്ച തുകയുടെയും ആരംഭിച്ച സംരംഭങ്ങളുടെ

ആകെ എണ്ണവും അനുബന്ധമായി ചേർക്കുന്നു*. മേൽപ്പറഞ്ഞ നാല് പദ്ധതികൾ കൂടാതെ ഈ സർക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത (50-65 പ്രായപരിധി) മുതിർന്ന പൗരന്മാർക്കായി നവജീവൻ എന്ന പേരിൽ ഒരു പുതിയ സ്വയംതൊഴിൽ പദ്ധതി നടപ്പ് സാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി മുഖേന മുതിർന്ന പൗരന്മാരുടെ തൊഴിലില്ലായ്മ ഒരു പരിധി വരെ കുറയ്ക്കാൻ കഴിയും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമീണമേഖലയിലെ അഭ്യസ്ത വിദ്യരായ ഉദ്യോഗാർത്ഥികളുടെയും വിദ്യാർത്ഥികളുടെയും സമഗ്രമായ കരിയർ ഉന്നമനവും അതുവഴി തൊഴിലില്ലായ്മ പരിഹരിക്കലും ലക്ഷ്യമിട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ. കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി) ഗ്രാമീണമേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി-കൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നതവിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആധുനികമായ സാങ്കേതികവിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏത് പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗതമാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽനിന്നും ലഭിക്കുന്നതാണ്. തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്രതൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി കൈവല്യപദ്ധതി ആരംഭിച്ചിട്ടുണ്ട്. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സരപരീക്ഷകൾക്കുള്ള പരിശീലനം, സ്വയംതൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും ഭിന്നശേഷിക്കാരായ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോട്ടിവേഷൻ, തൊഴിൽ സാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ, അവർക്കുള്ള സേവനങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ എന്നിവ ഈ ഘടകപദ്ധതി പ്രകാരം ലഭ്യമാക്കുന്നു. സ്പെഷ്യൽ സ്കൂളുകൾ, ഭിന്നശേഷിക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണവും ലഭ്യമാക്കുന്നു. കപ്പാസിറ്റി ബിൽഡിംഗ് ഉദ്യോഗാർത്ഥികൾക്ക് സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, സംരംഭകത്വ വികസന പരിശീലനം എന്നിവ നൽകുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് താല്പര്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനം ആവശ്യമുണ്ടെങ്കിൽ അത്തരം പരിശീലനം നൽകുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സംരംഭകത്വ വികസന പരിശീലനം നൽകുന്നു. ബാങ്കുകളുടെ നേതൃത്വത്തിലുള്ള RSETI (Rural Self Employment Training Institute), എംപ്ലോയബിലിറ്റി സെന്റർ, VRC (Vocational Rehabilitation Centre) തുടങ്ങി ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളുമായി ഇക്കാര്യത്തിൽ സഹകരിക്കുന്നതാണ്. മൽസരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെ വിവിധ ഘട്ടങ്ങളിൽ അവരെ സഹായിക്കുന്നതിനും മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും സഹായിക്കുന്നു. മത്സരപരീക്ഷകൾക്ക് അപേക്ഷിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെയുള്ള തുടർപരിശീലനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉദ്യോഗാർത്ഥികളെ അനുയോജ്യമായ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും അവരെ അപേക്ഷ അയയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സഹായിക്കുകയും ചെയ്യുന്നു. പരീക്ഷകളോട് തൊട്ടടുത്ത ദിവസങ്ങളിൽ തീവ്രപരിശീലനവും നൽകുന്നു. സ്വയംതൊഴിൽ വായ്പാപദ്ധതി സ്വയംതൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിതവായ്പ നൽകുന്നതാണ്. 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവർക്ക് അപേക്ഷിക്കാം. കുടുംബവാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്നപക്ഷം ഒരുലക്ഷം രൂപവരെ അനുവദിക്കുന്നതാണ്. വായ്പത്തുകയുടെ 50 ശതമാനം പരമാവധി 25,000 രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യമുള്ളപക്ഷം അടുത്ത ഒരു ബന്ധുവിനെക്കൂടി (മാതാവ്/പിതാവ്/ ഭർത്താവ്/ഭാര്യ/മകൻ/മകൾ തുടങ്ങിയ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. ഈ ചട്ടങ്ങൾക്കനുസരിച്ച് ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിത വേതനം ലഭിക്കുന്നതല്ല. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ സ്ഥിരം ഒഴിവുകൾക്കും സംരംഭം നന്നായി തുടർന്ന് പോകുമെന്ന ഉറപ്പിന്മേൽ താൽക്കാലിക ഒഴിവുകൾക്കും

പരിഗണിക്കുന്നതാണ്. വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നൽകുന്നതെങ്കിലും പ്രായോഗികമാവുമെങ്കിൽ സംയുക്തസംരംഭവും ആരംഭിക്കാവുന്നതാണ്. സംസ്ഥാന നൈപുണ്യവികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിലുള്ള മികവിന്റെ കേന്ദ്രങ്ങൾ, അക്രഡിറ്റേഷൻ സെന്ററുകൾ, കൗശൽകേന്ദ്ര, എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ മുഖേനയും കേന്ദ്ര പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജന മുഖേനയും നിരവധി നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു. നാളിതുവരെ 1,36,645 വിദ്യാർത്ഥികളെ പരിശീലിപ്പിച്ച് 52,140 പേർക്ക് തൊഴിൽ ലഭ്യമാക്കിക്കഴിഞ്ഞു. ഇവരിൽ 890 പേർക്ക് വിദേശത്ത് തൊഴിൽ നൽകുവാൻ സാധിച്ചു.

(ബി) ഈ സർക്കാർ പ്രസിദ്ധീകരിച്ച തൊഴിൽ സംബന്ധിച്ച റിപ്പോർട്ടിൽ സ്വകാര്യ സ്ഥാപനങ്ങളുടെ പേരുകൾ കടന്നുവന്നതിനെ സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ഈ സർക്കാർ ഓരോ വർഷവും നീക്കിവച്ച തുകയും ചെലവഴിക്കപ്പെട്ട തുകയും ഇടവും ഉൾപ്പെടെ വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

## തൊഴിൽ വകുപ്പ് പുനഃസംഘടന

276 (2886) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. സി. മമ്മൂട്ടി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് പുനഃസംഘടന ഇപ്പോൾ ഏതുഘട്ടത്തിലാണ്; ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ടോയെന്നറിയിക്കുമോ?

വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് പുനഃസംഘടന പരിഗണിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചാത്തന്നൂരിലെ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമി

277 (2887) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സഹായത്തോടെ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണോദ്ഘാടനത്തിന് മുമ്പ് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ട് എന്ന് അറിയിക്കാമോ;

(സി) പ്രാരംഭനടപടിക്രമങ്ങൾ പൂർത്തിയാക്കി കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണോദ്ഘാടനം എന്ന് നടത്താൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ-സി) കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് സമർപ്പിച്ച പദ്ധതി രൂപരേഖയ്ക്ക് സർക്കാർ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## തൊഴിൽ വകുപ്പിന്റെ പദ്ധതികൾ പ്രകാരമുള്ള സഹായം

278 (2888) ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. ബി. സത്യൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ സ്വയംതൊഴിൽ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തരം കൈവല്യ, നവജീവൻ എന്നീ രണ്ട് സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കൈവല്യപദ്ധതി: കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ തൊഴിൽരഹിത ഉദ്യോഗാർത്ഥികളുടെ സമഗ്രതൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി 1-11-2016-ലെ സ.ഉ.(പി)

174/2016/തൊഴിൽ നമ്പർ സർക്കാർ ഉത്തരവുപ്രകാരം എംപ്ലോയ്മെന്റ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് കൈവല്യ. പ്രസ്തുത പദ്ധതിയുടെ മുഖ്യഘടകമായ സ്വയംതൊഴിൽ വായ്പ പദ്ധതിപ്രകാരം, തൊഴിൽ രഹിതരായ ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന്, 50,000 രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50%, പരമാവധി 25,000 രൂപ സബ്സിഡിയായാണ് നൽകുന്നത്.

നവജീവൻ പദ്ധതി: കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരം തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തരം സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി " നവജീവൻ" എന്ന പേരിൽ സ്വയംതൊഴിൽ പുനരധിവാസ സഹായപദ്ധതി നടപ്പിലാക്കുന്നതിന് 28-12-2020-ലെ സ.ഉ.(കൈ) 59/2020/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ മുഖ്യഘടകമായ സ്വയം തൊഴിൽവായ്പ സഹായപദ്ധതി പ്രകാരം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-65 പ്രായപരിധിക്കുള്ളിലുള്ളതും വ്യക്തിഗത വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളതുമായ മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഓരോരുത്തരും സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് 50,000 രൂപ വരെ ബാങ്ക് വായ്പയായും, വായ്പയുടെ 25% (പരമാവധി 12,500 രൂപ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖാന്തരം സർക്കാർ സബ്സിഡിയായും അനുവദിക്കും.

(ബി) വിധവകൾ, രോഗികൾ, അവിവാഹിതർ തുടങ്ങിയ അശരണരായ വനിതകൾക്കായി ഏർപ്പെടുത്തിയ ശരണ്യ സ്വയം തൊഴിൽ പദ്ധതി പ്രകാരം എത്ര തുക നാളിതുവരെ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്?

ശരണ്യ സ്വയംതൊഴിൽ പദ്ധതി പ്രകാരം, നാളിതുവരെ 16212 ഗുണഭോക്താക്കൾക്കായി ആകെ 80,04,05,020 രൂപ (എൺപതുകോടി നാല് ലക്ഷത്തി യയ്യായിരത്തി ഇരുപത് രൂപ മാത്രം) വായ്പയിനത്തിൽ വിതരണം നടത്തിയിട്ടുണ്ട്.

(സി) ഭിന്നശേഷിക്കാർക്കായി ആവിഷ്കരിച്ച കൈവല്യപദ്ധതി പ്രകാരം സ്വയംതൊഴിൽ ആരംഭിക്കുന്നതിനായി എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

കൈവല്യ പദ്ധതി പ്രകാരം, നാളിതുവരെ 3844 അപേക്ഷകർക്കായി 19,22,00,000 രൂപ (പത്തൊൻപതുകോടി ഇരുപത്തിരണ്ടുലക്ഷം രൂപ മാത്രം) സ്വയംതൊഴിൽ വായ്പ ഇനത്തിൽ നൽകിയിട്ടുണ്ട്. 30-9-2020-ലെ സ.ഉ.(കൈ)

നമ്പർ 42/2020/തൊഴിൽ പ്രകാരം 7449 അപേക്ഷകർക്കുകൂടി സ്വയം തൊഴിൽ വായ്പ അനുവദിക്കുകയും ആയതിനായി 37,24,50,000 രൂപ വിതരണം ചെയ്യുന്നതിന് അനുമതി നല്കുകയും ചെയ്തിട്ടുണ്ട്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത മുതിർന്ന പൗരന്മാർക്കായി 'നവജീവൻ' എന്ന പേരിൽ തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്; നവജീവൻ പദ്ധതിക്ക് രണ്ട് ഘടകങ്ങളാണുള്ളത്. സ്വയം തൊഴിൽ വായ്പ സഹായ പദ്ധതിയും, മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കലും. സ്വയംതൊഴിൽ വായ്പ സഹായപദ്ധതി പ്രകാരം, കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും 50-65 പ്രായപരിധിക്കുള്ളിലുള്ളതും സ്ഥിരം തൊഴിൽ ലഭിക്കാത്തതും വ്യക്തിഗത വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും എഴുത്തും വായനയും അറിയാവുന്നതുമായ ഗുണഭോക്താക്കൾക്ക് ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുന്നതാണ്. ഈ പദ്ധതിയിൻ കീഴിൽ ഓരോരുത്തരം സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് 50,000 രൂപ വരെ ബാങ്ക് വായ്പയായും വായ്പയുടെ 25% (പരമാവധി 12,500 രൂപ) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തരം സർക്കാർ സബ്സിഡിയായും അനുവദിക്കും. സബ്സിഡി തുക ധനകാര്യ സ്ഥാപനത്തിൽ ആരംഭിച്ചിട്ടുള്ള സസ്പെൻസ് അക്കൗണ്ടിൽ ആദ്യമേ വരവുവച്ച് 0% പലിശ നിരക്കിൽ സൂക്ഷിക്കുന്നതും, സബ്സിഡി ഒഴികെയുള്ള തുകയ്ക്ക് മാത്രം ബാങ്ക് ഗുണഭോക്താക്കളിൽ നിന്നും പലിശ ഈടാക്കുന്നതുമാണ്. സംരംഭത്തിന്റെ പ്രവർത്തനം മൂന്ന് വർഷത്തിന് ശേഷവും തൃപ്തികരമായി തുടർന്ന് പോകുന്നെങ്കിൽ മാത്രം സബ്സിഡി തുക ലോൺ അക്കൗണ്ടിലേക്ക വരവുവയ്ക്കുന്നതും എന്നാൽ തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർ, മരണപ്പെടുന്നവർ എന്നിവരുടെ സബ്സിഡി തുക അവശേഷിക്കുന്ന വായ്പ തുകയിൽ ക്രമപ്പെടുത്തുന്നതുമാണ്.

## കൊച്ചിയിലെ കൈവല്യ വായ്പ പദ്ധതി

279 (2889) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ വകുപ്പിന് കീഴിൽ ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സബ്സിഡിയോടുകൂടി നടപ്പിലാക്കുന്ന കൈവല്യ വായ്പാപദ്ധതി പ്രകാരം എത്ര പേർക്കാണ് ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ വായ്പ അനുവദിച്ചിട്ടുള്ളത്; ആകെ എത്ര കോടി രൂപ അനുവദിച്ചു; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കിയ കൈവല്യപദ്ധതി മുഖേന നാളിതുവരെ 3844 സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആകെ ₹ 19,22,00,000 (പത്തൊൻപത് കോടി ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം) സ്വയംതൊഴിൽ വായ്പ നൽകിയിട്ടുണ്ട്. കൂടാതെ, 30-9-2020-ലെ സ.ഉ. (കൈ) 42/2020/തൊഴിൽ നമ്പർ ഉത്തരവിലൂടെ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പിട്ട് ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥയിൽ, അവശേഷിച്ചിരുന്ന 7449 അപേക്ഷകർക്ക് വായ്പ വിതരണം ചെയ്യുന്നതിനായി 37,24,50,000 രൂപയുടെ (മുപ്പത്തിയേഴ് കോടി ഇരുപത്തിനാലുലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കൊച്ചി നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് വായ്പ നൽകിയെന്നും ആയതിന്റെ ഗുണഭോക്താക്കൾ ആരെല്ലാമെന്നും വ്യക്തമാക്കുമോ?

കൊച്ചി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ കൈവല്യ സ്വയംതൊഴിൽ വായ്പയ്ക്കായി അപേക്ഷിച്ച കൊച്ചി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന അപേക്ഷകരിൽ 15 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത പദ്ധതി പ്രകാരം കൊച്ചി നിയോജകമണ്ഡല പരിധിയിലെ എത്ര അപേക്ഷകർക്ക് ഇനിയും വായ്പ അനുവദിക്കാനുണ്ടെന്നും അവർ ആരെല്ലാമെന്നും അറിയിക്കുമോ; ഇവർക്ക് വായ്പ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മൂന്ന് അപേക്ഷകർ സമർപ്പിച്ച അപേക്ഷകൾ പൂർണ്ണമല്ലാതിരുന്നതിനാൽ അപാകതകൾ പരിഹരിച്ച് തരുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. 23 അപേക്ഷകരുടെ വിവരങ്ങൾ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ഇവർക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അപേക്ഷകരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## തുല്യജോലിക്ക് തുല്യവേതനം

280 (2890) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുല്യജോലിക്ക് തുല്യവേതനം തൊഴിലാളികളുടെ അവകാശമാണെന്ന സുപ്രീം കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്നറിയിക്കുമോ;

(സി) ഇതുസംബന്ധിച്ച് എന്തെങ്കിലും ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി&സി) 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെട്ട തൊഴിൽ മേഖലകളിൽ സ്ഥിരം, കാഷ്വൽ, താൽക്കാലികം, ബദലി തുടങ്ങിയ വ്യത്യാസമില്ലാതെ എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ലഭിക്കുവാൻ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയിൽ നിന്നും ട്രെയിനി/ അപ്രന്റീസ് എന്നിവർ മാത്രമേ ഒഴിവാകുകയുള്ളൂ. സ്ഥാപന പരിശോധനാവേളയിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഇക്കാര്യം പരിശോധിച്ച് എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

**ഒന്നിലധികം ക്ഷേമനിധി പെൻഷനുകൾ നിഷേധിക്കുന്ന നടപടി**

281 (2891) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 6-11-2017-ലെ സ.ഉ.(എംഎസ്.)നമ്പർ483/2017/ധന. ഉത്തരവ് പ്രകാരം ഒരാൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷനുമാത്രം അർഹത എന്ന് നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളാകുന്നവർ അതത് ക്ഷേമനിധി ബോർഡുകളിൽ വിഹിതം അടച്ചുകൊണ്ടാണ് ക്ഷേമനിധി പെൻഷന് അർഹത നേടുന്നത് എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) ഈ ഉത്തരവ് ഇറങ്ങുന്നതിനുമുമ്പ് ഒന്നിലധികം ക്ഷേമനിധി ബോർഡുകളിൽ വിഹിതം അടച്ച തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ മാത്രം അനുവദിക്കുന്നത് തൊഴിലാളികളോടുള്ള അനീതിയാണെന്ന് തൊഴിൽ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ?

ഓരോ ബോർഡും അതതു മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായാണ് നിലകൊള്ളുന്നത്. ഒരു ക്ഷേമനിധി ബോർഡിലെ അംഗത്വം നിലനിർത്തിക്കൊണ്ട് മറ്റൊരു ബോർഡിൽ അംഗത്വമെടുക്കുന്നത് നിയമവിധേയമല്ല. ക്ഷേമനിധി പെൻഷൻ ഇപ്പോൾ സർക്കാർ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിരവധി പേർ ഒന്നിലധികം ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നത്

ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സമൂഹത്തിലെ അർഹരായ ഗുണഭോക്താക്കളിൽ പെൻഷൻ ആനുകൂല്യം എത്തിക്കുന്നതിനു വേണ്ടിയാണ് പെൻഷൻ മാനദണ്ഡങ്ങൾ ശക്തമാക്കുകയും ആധാർ നമ്പറിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വിതരണം നടപ്പിലാക്കുകയും ചെയ്തിട്ടുള്ളത്.

(ഡി) ഈ ഉത്തരവ് പൂർണ്ണമായി പിൻവലിക്കുന്നതിന് സർക്കാർ തയ്യാറാവുമോ;

(ഇ) ഇല്ലെങ്കിൽ ഈ ഉത്തരവിറങ്ങുന്നതിന് മുമ്പ് ഒന്നിലധികം ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങൾ ആയവർക്കെങ്കിലും ഒന്നിലധികം ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്ന വിധത്തിൽ സർക്കാർ ഉത്തരവിൽ മോഡിഫിക്കേഷൻ വരുത്തണമെന്ന് ആവശ്യപ്പെടുമോ; വിശദമാക്കുമോ?

(ഡി&ഇ) ഇപ്പോൾ പരിഗണനയിലില്ല.

## ക്ഷേമനിധി ബോർഡുകൾ

282 (2892) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പിനു കീഴിലെ ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഓരോ ക്ഷേമനിധി ബോർഡുകളുടെയും തൊഴിലാളി വിഹിതവും സർക്കാർ വിഹിതവും എത്രയെന്ന് വെളിപ്പെടുത്താമോ?

അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ക്ഷേമനിധി ബോർഡുകൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ ഏകീകരിക്കാനും വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ സ്വീകരിക്കാനായി ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ?

(ഡി&ഇ) ഇപ്പോൾ പരിഗണനയിലില്ല

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൊഴിൽ അവകാശ സംരക്ഷണം

283 (2893) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. റ്റി . വി. രാജേഷ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലവകാശങ്ങൾ സംരക്ഷിച്ച് തൊഴിലാളിക്ഷേമം ഉറപ്പ് വരുത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിതനയം പ്രാവർത്തികമാക്കുന്നതിന് നടത്തുന്ന പ്രവർത്തനം അറിയിക്കാമോ?

കേരള സർക്കാരിന്റെ പ്രഖ്യാപിത നയമാണ് സംസ്ഥാനത്ത് തൊഴിൽ അവകാശങ്ങൾ സംരക്ഷിച്ച് തൊഴിലാളിക്ഷേമം ഉറപ്പുവരുത്തുക എന്നത്. സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ നടക്കുന്ന തൊഴിൽ നിയമ ലംഘനങ്ങൾ തടയുന്നതിന് വകുപ്പ് കൃത്യമായി പരിശോധനകൾ നടത്തി വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നുണ്ട്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നു. വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-ന്റെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും നടത്തുന്നുണ്ട്.

(ബി) തൊഴിൽ തർക്കങ്ങളിൽ ഇടപെട്ട് സമാധാനപരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സർക്കാർ നടത്തുന്ന ഇടപെടലുകളെ അവഗണിച്ചുകൊണ്ട് മുത്തൂറ്റ് ഫിനാൻസ് നടത്തുന്ന തൊഴിലാളിദ്രോഹ നടപടി അവസാനിപ്പിക്കാൻ കർശന നടപടിക്ക് നിർദ്ദേശം നൽകുമോ?

മുത്തൂറ്റ് ഫിനാൻസിൽ നിലനിൽക്കുന്ന തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചർച്ചകൾ നടന്നുവരുന്നുണ്ട്. അതേസമയംതന്നെ മുത്തൂറ്റ് ഫിനാൻസ് മാനേജ്മെന്റ് നടത്തുന്ന തൊഴിൽ നിയമ ലംഘനങ്ങൾക്കെതിരെ തൊഴിൽ വകുപ്പ് പരിശോധനകൾ നടത്തി നടപടി സ്വീകരിച്ചുവരുന്നു. 13-10-2020-ന് സംസ്ഥാന വ്യാപകമായി മുത്തൂറ്റ് ഫിനാൻസ് സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ 354 സ്ഥാപനങ്ങളിലെ 1358 ജീവനക്കാരെ നേരിൽ കണ്ട് നടത്തിയ അന്വേഷണത്തിൽ

463 പേർക്ക് മിനിമം വേതനം ലഭിക്കുന്നില്ലെന്നും മറ്റ് നിരവധി തൊഴിൽ നിയമലംഘനങ്ങളും കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത തൊഴിൽ നിയമലംഘനങ്ങൾ പരിഹരിക്കുന്നതിനായി നോട്ടീസും തുടർന്ന് കാരണം കാണിക്കൽ നോട്ടീസും നൽകിയിട്ടുണ്ട്.

(സി) ഇത്തരം സ്ഥാപനങ്ങൾ നടത്തുന്ന തൊഴിലാളിദ്രോഹ നടപടികൾ അവസാനിപ്പിക്കാനും സ്ഥാപനപരിശോധന വിപുലീകരിക്കാനും നിയമലംഘകർക്കെതിരെ മാതൃകാപരമായി നടപടി സ്വീകരിക്കാനും എൻഫോഴ്സ്മെന്റ് വിഭാഗം ശക്തീകരിച്ചിട്ടുണ്ടോ; ഐ.ആർ.സി.-കളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തി വരുന്നു. കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ മിനിമം വേജസ് ക്ലെയിം അതോറിറ്റിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്-1960, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്-1961, പേമെന്റ് ഓഫ് ബോണസ് ആക്ട്-1965, പേമെന്റ് ഓഫ് വേജസ് ആക്ട്-1936 തുടങ്ങിയ വിവിധ നിയമപ്രകാരമുള്ള പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളിൽ എസ്.റ്റി കേസുകളും ഫയൽ ചെയ്തുവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ റീജിയണൽ തലത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാന തലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ച് നടപ്പിലാക്കിവരുന്നു. വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-ന്റെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപനപരിശോധനകളും നടത്തിവരുന്നു. തൊഴിൽ വകുപ്പ് ആരംഭിച്ച കാൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതത് ഇൻസ്പെക്ടർമാർ യഥാസമയംതന്നെ അതിന്മേൽ നടപടി

സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന തൊഴിൽ വകുപ്പിനുകീഴിൽ പതിനൊന്ന് വ്യവസായബന്ധ സമിതി (ഐ.ആർ.സി.)-കളും ഒരു ഐ.ആർ. ബോർഡും രൂപീകരിച്ചിട്ടുണ്ട്. വ്യവസായബന്ധ സമിതികൾ ബന്ധപ്പെട്ട മേഖലകളിലെ വേതനം പുതുക്കി നിശ്ചയിക്കൽ ബോണസ് തുടങ്ങിയ വിവിധങ്ങളായ വിഷയങ്ങളിൽ ചർച്ചകൾ നടത്തി സമവായം കണ്ടെത്തുകയും ഈ മേഖലകളിലെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം തൊഴിലാളി താല്പര്യം പരിരക്ഷിക്കാൻ നടത്തിയ പ്രധാന നിയമഭേദഗതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും നിലവിലെ ടി നിയമപ്രകാരമുള്ള പിഴ തുക 500 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയാക്കി ഉയർത്തിക്കൊണ്ടും മിനിമം വേതന നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരംകൂടി നൽകിയിട്ടുണ്ട്. 2018-ലെ കേരള ഷോപ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 2(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലിസ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകിയിട്ടുണ്ട്. 2018-ലെ കേരള ഷോപ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി സെക്ഷൻ 20 (ii) പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടിയും മറ്റ് വ്യവസ്ഥകൾ പാലിച്ചും ജോലിക്ക് നിയോഗിക്കുന്നതിന് അനുമതി നൽകുന്നു. ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും പ്രസ്തുത നിയമഭേദഗതി മുഖേന ഉറപ്പ് വരുത്തിയിട്ടുണ്ട്. വകുപ്പ് 29 പ്രകാരം കേരള ഷോപ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരമുള്ള പിഴ ശിക്ഷ വകുപ്പ് 29(b), (c) പ്രകാരം യഥാക്രമം 5,000 രൂപ എന്നത് ഒരു ലക്ഷം രൂപയായും 10,000 രൂപ എന്നത് 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2017-ലെ പ്രസവാനുകൂല്യ ഭേദഗതി നിയമപ്രകാരം പ്രസവാവധി 12 ആഴ്ച എന്നത് 26 ആഴ്ച ആക്കിയിട്ടുണ്ട്. ഇത് പൊതുമേഖല, സ്വകാര്യസ്ഥാപനങ്ങളിലും അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും ബാധകമാക്കി സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. സെയിൽ പ്രൊമോഷൻ എംപ്ലോയീസിന്റെ ജോലി സമയം രാവിലെ 8.30-നും വൈകിട്ട്

7.00 മണിക്കും ഇടയ്ക്ക് 8 മണിക്കുറാക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 1947-ലെ വ്യവസായ തർക്കനിയമത്തിന് 2017-ൽ സംസ്ഥാന സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി പ്രകാരം വകുപ്പ് 2(5)ൽ ക്ലറിക്കൽ അല്ലെങ്കിൽ സൂപ്പർവൈസർ തസ്തിക എന്നതിന്റെ കൂടെ ' any work for the promotion of sales' എന്നതുകൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. 1957-ലെ കേരള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് റൂൾസിലെ റൂൾ 26 എ-യിൽ വരുത്തിയ ഭേദഗതി അനുസരിച്ച് 1947-ലെ വ്യവസായ തർക്ക നിയമപ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ടുകളോ അവാർഡുകളോ തപാൽ മുഖേനയോ ഇ-മെയിൽ മുഖേനയോ അയയ്ക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 1974-ലെ കേരള കോൺട്രാക്ട് ലേബർ റഗുലേഷൻ & അബോളിഷൻ ചട്ടം 17 പ്രകാരം ലൈസൻസിന് അപേക്ഷിക്കുന്ന അന്നുതന്നെ ലൈസൻസ് നൽകുന്നതിനും ചട്ടം 21 പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1983-ലെ കേരള ഇതര സംസ്ഥാന തൊഴിലാളി ചട്ടത്തിൽ 2017-ൽ വന്ന ദേദഗതി പ്രകാരം ചട്ടം (4)ൽ രജിസ്ട്രേഷനും ലൈസൻസിനുമായി അപേക്ഷിക്കുന്ന അന്നുതന്നെ രജിസ്ട്രേഷനും ലൈസൻസും നൽകുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ഭേദഗതി ചെയ്തിട്ടുണ്ട്. 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് പ്രകാരം കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, കെട്ടിടനിർമ്മാണ തൊഴിലാളി നിയമം, ഇതര സംസ്ഥാന തൊഴിലാളി നിയമം, കരാർ തൊഴിലാളി നിയമം, മോട്ടോർ തൊഴിലാളി നിയമം എന്നീ നിയമ പ്രകാരമുള്ള രജിസ്ട്രേഷന് അപേക്ഷിക്കുന്ന അന്നേദിവസംതന്നെ രജിസ്ട്രേഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചുമട്ടുതൊഴിലാളി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളിയെ തന്റെ സ്ഥാപനത്തിൽ ജോലിക്കായി നിയോഗിക്കുന്നതിനും വ്യവസ്ഥ ചെയ്തു. പേയ്മെന്റ് ഓഫ് വേജസ് ആക്ട് 1936 പ്രകാരം ക്ലെയിം അതോറിറ്റിയായി ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽമാരെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷനും കരാർ തൊഴിലാളി നിയമം, ഇതര സംസ്ഥാന തൊഴിലാളി നിയമം എന്നിവ പ്രകാരമുള്ള ലൈസൻസ് റിന്യൂവലും ഓട്ടോമാറ്റിക്കായി റിന്യൂവൽ ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## തൊഴിലാളിക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷൻ കുടിശ്ശിക

284 (2894) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽനിന്ന് പെൻഷൻ ലഭിക്കുന്നവർക്ക് കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടോ; എത്ര മാസത്തെ പെൻഷൻ കുടിശ്ശികയാണെന്ന് വിശദീകരിക്കുമോ?

തൊഴിൽ വകുപ്പിന് കീഴിലെ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ പെൻഷണർമാരിൽ കൃത്യമായി മസ്റ്ററിംഗ് ചെയ്തവർക്കും യഥാസമയം അപേക്ഷ സമർപ്പിച്ച പെൻഷൻ ഗുണഭോക്താക്കൾക്കും കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

(ബി) വ്യാപാരി വ്യവസായി ക്ഷേമനിധിയിൽനിന്ന് പെൻഷൻ ലഭിക്കുന്നവർക്ക് കുടിശ്ശികയായി എത്ര മാസത്തെ തുക ലഭിക്കാനുണ്ട്; ആയത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പെൻഷൻ കുടിശ്ശിക ഇല്ല. 2020 സെപ്റ്റംബർ മാസം മുതൽ വ്യാപാരി പെൻഷൻ പ്രതിമാസം വിതരണം ചെയ്തുവരുന്നു. മസ്റ്ററിംഗ് നിർബന്ധമായിരുന്ന സമയത്ത് യഥാസമയം മസ്റ്റർ ചെയ്യാതിരുന്നവർക്ക് കുടിശ്ശിക പെൻഷൻ ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി നൽകിവരുന്നു.

## തൊഴിൽജന്യ രോഗങ്ങൾ

285 (2895) ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പ്രത്യേകതരം തൊഴിലുമായി ബന്ധപ്പെട്ടുണ്ടാകുന്ന രോഗങ്ങളും മാനസിക സമ്മർദ്ദങ്ങളും സംബന്ധിച്ച് ഈ സർക്കാർ പഠനം നടത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അവ ഓരോന്നും പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

സംസ്ഥാനത്തെ മെറ്റൽ ക്രഷർ ഫാക്ടറികളിൽ നടത്തിയ തൊഴിൽജന്യ രോഗനിർണ്ണയ സർവ്വേയിൽ 4 തൊഴിലാളികൾക്ക് ശ്വാസകോശത്തെ ബാധിക്കുന്ന സിലിക്കോസിസ് എന്ന തൊഴിൽജന്യ രോഗമുണ്ടെന്ന് സ്ഥിരീകരിച്ചു. ഈ തൊഴിലാളികളെ വിദഗ്ദ്ധ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തു. തൊഴിൽജന്യ രോഗനിർണ്ണയ സർവ്വേയെ തുടർന്ന് കൊല്ലത്ത് പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറിയുടെ നേതൃത്വത്തിൽ ക്രഷർ ഫാക്ടറികളിൽ ഇൻഡസ്ട്രിയൽ ഹൈജീൻ സർവൈലൻസ് സ്റ്റഡി നടത്തുകയും സ്റ്റഡി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കേരള ഫാക്ടറീസ് റൂൾ 1957-ലെ ഷെഡ്യൂൾ XIII ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*. കശുവണ്ടി, കയർ. സീഫുഡ്, ടെക്സ്റ്റൈൽസ്, പാക്കിംഗ് മേഖലകളിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ഇൻഡസ്ട്രിയൽ ഹൈജീൻ സർവൈലൻസ് സ്റ്റഡി നടത്തുന്നതിനുള്ള നടപടി പുരോഗമിക്കുന്നുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അതിഥി തൊഴിലാളികളുടെ ജീവിത നിലവാരം

286 (2896) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഥി തൊഴിലാളികളുടെ ജീവിതസാഹചര്യം തുലോം പരിതാപകര മാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം ഒരുക്കുന്നതിനും ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വെളിപ്പെടുത്താമോ?

അതിഥി തൊഴിലാളികളുടെ മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തും ഈ തൊഴിലാളികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്തും ഇത്തരം തൊഴിലാളികൾക്ക് താങ്ങാവുന്ന നിരക്കിൽ വൃത്തിയുള്ള, സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യം "അപ്നാഘർ" പ്രോജക്ട് മുഖേന വിഭാവനം ചെയ്തിരിക്കുന്നു. ഹോസ്റ്റലുകളിൽ പങ്കുവയ്ക്കപ്പെടുന്ന കിടപ്പുമുറികളും ഒന്നിലധികം അടുക്കളകളും, മെസ് ഏരിയകളും, കുളിമുറികളും, ടോയ്‌ലെറ്റുകളും റിക്രിയേഷണൽ സൗകര്യങ്ങളും രൂപകൽപന ചെയ്തിരിക്കുന്നു. ഈ ഹോസ്റ്റലുകൾക്ക് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മഴവെള്ള സംഭരണം, ഡീസൽ ജനറേറ്റർ ബാക്ക് അപ്, സി.സി. ടി.വി. സംവിധാനങ്ങൾ എന്നിവയുമുണ്ട്. ഭവനം ഫൗണ്ടേഷൻ കേരള മുഖേന ആദ്യമായി പൂർത്തിയാക്കിയ അപ്നാഘർ പ്രോജക്ട്, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്കിൽ സ്ഥിതിചെയ്യുന്നു. ഏകദേശം 47000 ചതുരശ്ര അടി വിസ്തീർണ്ണത്തോടെ 4 നിലകളിലുള്ള ഈ ഹോസ്റ്റൽ കോംപ്ലക്സിൽ 620 ഇതര സംസ്ഥാന തൊഴിലാളികൾ താമസിച്ചുവരികയും ചെയ്യുന്നു. സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്തുവരുന്ന എല്ലാ അതിഥി തൊഴിലാളികൾക്കും ശുചിത്വവും സുരക്ഷിതത്വവുമുള്ള താമസസൗകര്യം ഉറപ്പാക്കുന്നതിന് "ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്‌ലി റസിഡൻസ് ഇൻ കേരള പ്രോജക്ട് (AALAY)" എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 5-8-2020-ലെ ജി.ഒ. (ആർ.ടി.) നമ്പർ 782/2020/തൊഴിൽ ഉത്തരവ് പ്രകാരം ടി പദ്ധതിയ്ക്കുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാരിന്റെ നൂറുദിന പരിപാടിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതി പൂർണ്ണമായി ഓൺലൈൻ

സംവിധാനത്തിലൂടെയാണ് നടപ്പിലാക്കുന്നത്. ഇതരസംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങളുൾപ്പെടുത്തി 3-8-2016-ൽ സ.ഉ.(സാധാ) 960/2016/ തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ജനനി പദ്ധതിപ്രകാരം ഇതിനകം എവിടെയൊക്കെയാണ് ഇവർക്കായുള്ള ഭവനപദ്ധതി നടപ്പിലാക്കിയതെന്ന് അറിയിക്കാമോ?

"ജനനി" ഭവന നിർമ്മാണ പദ്ധതി സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കുറഞ്ഞ വേതനമുള്ള തൊഴിലാളികൾക്കും താങ്ങാവുന്ന ചെലവിൽ പാർപ്പിടം പ്രദാനം ചെയ്യുന്ന പദ്ധതിയാണ്.

(ഡി) അപ്നാഘർ പദ്ധതി നടത്തിപ്പിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; പ്രസ്തുത സ്ഥലങ്ങളിലെ ഫ്ലാറ്റ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

ഇതര സംസ്ഥാന തൊഴിലാളികൾക്കായി കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി. ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ഒരേക്കർ ഭൂമിയിൽ G+2 നിലകളിലായി 520 ബെഡ്ഡുകളോടുകൂടി 14.67 കോടി രൂപ നിർമ്മാണ ചെലവുള്ള ഹോസ്റ്റൽ സമുച്ചയത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളത്ത് കളമശ്ശേരി കിൻഫ്രാ ഹൈടെക് പാർക്കിനുള്ളിൽ 990 പേർക്ക് താമസിക്കാവുന്ന ഹോസ്റ്റൽ സമുച്ചയവും നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം ജില്ലയിലെ അപ്നാഘർ ചെമ്പഴന്തി സ്കീം നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നു എങ്കിലും സ്ഥലദൗർലഭ്യവും പ്രാദേശിക പ്രതിഷേധവും കാരണം ടി പദ്ധതി ഉപേക്ഷിക്കുകയുണ്ടായി.

(ഇ) കോവിഡ് കാലത്ത് അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

കോവിഡ്-19 മഹാമാരിയെ തുടർന്ന് 31-3-2020-നുശേഷം "ആവാസ്" പദ്ധതിയിലേയ്ക്കുള്ള രജിസ്ട്രേഷൻ നിർത്തിവച്ചിരുന്നു. 31-3-2020 വരെ ടി പദ്ധതിയിൽ 509363 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിരുന്നു. ലോക്ക്ഡൗൺ ഇളവുകൾ നൽകിത്തുടങ്ങിയതിനെ തുടർന്നും സ്വദേശത്തേയ്ക്ക് മടങ്ങിയ ഇതര സംസ്ഥാന തൊഴിലാളികൾ തിരികെ കേരളത്തിലേയ്ക്ക് തിരിച്ചുവരാൻ തുടങ്ങിയ സാഹചര്യത്തിലും 21-12-2020-ാം തീയതി മുതൽ ആവാസ് രജിസ്ട്രേഷൻ കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റിയാക്കുന്ന നടപടി

287 (2897) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിന് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ടോ;

(ബി) അവിടെ ഏതൊക്കെ സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിൽ കാർഡിയോളജി, നെഫ്രോളജി, ഓങ്കോളജി, ന്യൂറോളജി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനോട് (KMSCL) ആവശ്യപ്പെട്ടിരുന്നു. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ DPR തയ്യാറാക്കി നൽകാൻ സാധ്യമല്ലെന്ന് KMSCL അറിയിച്ചതിനെ തുടർന്ന് ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡുമായി (HLL) ബന്ധപ്പെട്ട് DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രി

288 (2898) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പുതിയതായി ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഡിസ്പെൻസറി ആരംഭിക്കുന്നതിനും ആയതിന്റെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി സംസ്ഥാന സർക്കാർ 2017-ൽ ഉത്തരവ്

പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും പ്രസ്തുത ഡിസ്പെൻസറിക്ക് നാളിതുവരെ പ്രവർത്തനാനുമതി ലഭിച്ചിട്ടില്ല. പ്രവർത്തനാനുമതി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇ.എസ്.ഐ കോർപ്പറേഷന് സംസ്ഥാന സർക്കാർ കത്തുകൾ അയച്ചിട്ടുണ്ട്.

## തൊഴിൽ മേഖലകളിലെ മിനിമം വേതനം

289 (2899) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ബാബു:
ശ്രീ. കെ ദാസൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ തൊഴിൽ മേഖലകളിലും മിനിമം വേതനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തുവരുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാന തലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ച് നടപ്പിലാക്കിവരുന്നു. മിനിമം വേതനം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ സ്ഥാപനപരിശോധനകളും നടത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തൊഴിൽ മേഖലയിലെ മിനിമം വേതനമാണ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1948-ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 42 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും 6 തൊഴിൽ മേഖലകളിൽ പുതിയതായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) തൊഴിലാളികൾക്ക് മിനിമം വേതനം നിഷേധിക്കുന്ന തൊഴിലുടമ കൾക്കെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്ത് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വിവിധ മേഖലകളിൽ ജോലിചെയ്യുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം 1960-ന്റെ സെക്ഷൻ 21, ചട്ടം 4, 5, 6 പ്രകാരം ആരോഗ്യവും സുരക്ഷയും സംബന്ധിച്ച് വൃത്തിയുള്ള സാഹചര്യവും, വായുസഞ്ചാരമുള്ള മുറികളും അതിനൊപ്പം സെക്ഷൻ 22 പ്രകാരം തീപിടുത്തത്തിൽ നിന്നുള്ള സംരക്ഷണം എന്നീ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനാവേളയിൽ ഉറപ്പുവരുത്താറുണ്ട്. 2015-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലി ഷ്മെന്റ് നിയമ ഭേദഗതി റൂൾസ് പ്രകാരം 20 സ്ത്രീ തൊഴിലാളികളിൽ കൂടുതലുള്ള സ്ഥാപനങ്ങളിൽ തൊഴിലുടമ ക്രെഷ് സൗകര്യം, 50 തൊഴിലാളികളിൽ കൂടുതലുള്ള സ്ഥാപനങ്ങളിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ഹോസ്റ്റൽ സൗകര്യം സൗജന്യമായി തൊഴിലുടമ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018 -ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലിസ്ഥലത്ത് ഇരിപ്പിടസൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ടി നിയമ പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടു കൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്നപക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തു നിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of Women at Work Place (Prevention, Prohibition,

And Redressal) Act-2013'. ഈ നിയമപ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്തമാണ്. തൊഴിൽ വകുപ്പിന്റെ സ്ഥാപന പരിശോധനാ വേളയിൽ ഏതെങ്കിലും സ്ഥാപനത്തിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽ പ്പെട്ടാൽ ആയത് രൂപീകരിക്കാനുള്ള നിർദ്ദേശം തൊഴിലുടമകൾക്ക് നൽകാറുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ.(സാധാ)960/2016/ തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കു ന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ക്യാമ്പുകളിൽ പരിശോധന നടത്തുമ്പോൾ ഈ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയും മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുകയും ചെയ്യാറുണ്ട്.

**ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ കമ്പനിയിലെ തൊഴിലാളി സമരം**

290 (2900) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വേളിയിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ കമ്പനിയിലെ തൊഴിലാളി സമരം ഒത്തുതീർപ്പാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) തൊഴിലാളികൾ പട്ടിണിയിലാകുകയും ഒരു തൊഴിലാളി ആത്മഹത്യ ചെയ്യുകയും ചെയ്ത സാഹചര്യത്തിന് പരിഹാരം കണ്ടെത്തുവാൻ സർക്കാർ ഇടപെടുമോയെന്നറിയിക്കാമോ?

(എ&ബി) ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ലിമിറ്റഡ് വേളി യൂണിറ്റ് തുറന്ന് പ്രവർത്തി പ്പിക്കുന്നത് സംബന്ധിച്ച് മാനേജ്മെന്റുമായി അനുരഞ്ജന ചർച്ചകൾ നടന്നുവരുന്ന സാഹചര്യത്തിലാണ് ഒരു തൊഴിലാളി ആത്മഹത്യ ചെയ്തത്. കമ്പനി 10-8-2020-ന് അടച്ചു പൂട്ടിയതിനെത്തുടർന്നാണ് തൊഴിലാളികൾ സമരം പ്രഖ്യാപിച്ചത്. വിഷയത്തിൽ തൊഴിൽ വകുപ്പുമന്ത്രി ഇടപെടുകയും അതിനെത്തുടർന്ന് അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ) നടത്തിയ ചർച്ചകളെത്തുടർന്ന് കമ്പനിയുടെ തോന്നയ്ക്കൽ യൂണിറ്റ് 26-10-2020-ന് തുറക്കുകയുണ്ടായി. തൊഴിലാളികൾക്ക് ബോണസ്, എക്സ്ഗ്രേഷ്യ, കുടിശ്ശിക വേതനം എന്നിവ വിതരണം ചെയ്തു. കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്

ഉന്നതതല ഇടപെടൽ നടന്നുവരുന്നുണ്ട്. 12-1-2021-ന് നടന്ന ഉന്നതതല യോഗത്തിൽ തൊഴിലാളി ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം സംബന്ധിച്ചും കമ്പനിയുടെ വേളി യൂണിറ്റ് തുറന്നുപ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചും ചർച്ചകൾ നടത്തിയിരുന്നു. ഇതിനുതുടർച്ചയായി 20-1-2021-ന് നടന്ന ഉന്നതതലയോഗത്തിലും കമ്പനി പ്രതിനിധികൾ വ്യക്തമായ ഉറപ്പുകൾ നൽകാത്ത സാഹചര്യത്തിൽ, കമ്പനി ഉടൻ തുറന്നുപ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്നും അതിനിടെ തൊഴിലാളി കൾക്ക് ഇടക്കാലാശ്വാസം നൽകാൻ അടിയന്തര നടപടി സ്വീകരിക്കാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിനൊപ്പം ആത്മഹത്യ ചെയ്ത തൊഴിലാളിയുടെ കുടുംബത്തിന് സഹായധനവും ആശ്രിതനിയമനവും നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്ക ണമെന്നും മാനേജ്മെന്റിനോട് നിർദ്ദേശിച്ചിട്ടുണ്ട്. തുടർചർച്ചകൾ ഫെബ്രുവരി മാസം നടത്താനും യോഗത്തിൽ തീരുമാനമായി. യോഗത്തിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട സഹകരണവും ടൂറിസവും വകുപ്പുമന്ത്രി, തൊഴിലാളി യൂണിയൻ നേതാക്കൾ, കമ്പനി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

### ക്ഷേമനിധി ബോർഡുകളിലെ അന്യത്ര സേവനം

291 (2901) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നീ തസ്തികയിൽ അന്യത്ര സേവനത്തിൽ ഉദ്യോഗസ്ഥരെ നിയമിക്കണമെന്നത് വിവിധ ക്ഷേമനിധി ബോർഡുകളുടെ വിശേഷാൽ ചട്ടത്തിൽ പ്രതിപാദിക്കുന്നുണ്ടോ?

വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ബി) എങ്കിൽ നിലവിൽ വിവിധ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർ ഏതെല്ലാം വകുപ്പുകളിൽ നിന്നാണ് നിയമിക്കപ്പെട്ടത് എന്ന് ബോർഡ് തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 2 മുതൽ ഡെപ്യൂട്ടി ലേബർ ഓഫീസർവരെയുള്ള തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് മേൽ തസ്തികയുടെ മൂന്നിലൊരു ഭാഗം അന്യത്ര സേവനം നൽകണമെന്നിരിക്കെ ആയത് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഇപ്രകാരം വ്യവസ്ഥ നിലവിലില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി

292 (2902) ശ്രീ. അനിൽ അക്കര:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങളിൽ താല്ക്കാലിക/ദിവസവേതന/കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്ന ജീവനക്കാരെ 2016 മേയ് മാസത്തിനുശേഷം സ്ഥിരപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സ്ഥാപനത്തിലും എത്ര പേരെ വീതം സ്ഥിരപ്പെടുത്തിയെന്ന റിയിക്കുമോ?

(എ&ബി) തൊഴിൽ വകുപ്പിനുകീഴിലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ താൽക്കാലികമായി ജോലി ചെയ്തിരുന്ന 24 ബോർഡ് ജീവനക്കാരെയും കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഒരാളെയും കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുകൊണ്ടിരുന്ന 2 ക്ലാർക്കുമാരെയും, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 3 പാർട്ട് ടൈം സ്വീപ്പർമാരെയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)-ൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന 3 താൽക്കാലിക ജീവനക്കാരെയും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലെ അഞ്ചൽ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ഒരു ജീവനക്കാരനെയും സ്ഥിരപ്പെടു ത്തിയിട്ടുണ്ട്.

(സി) ഇപ്രകാരം താൽകാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് സുപ്രീം കോടതിയുടെ ഉമാദേവി v/s സ്റ്റേറ്റ് ഓഫ് കർണ്ണാടക എന്ന കേസിലെ ഉത്തരവിന് വിരുദ്ധമല്ലേ; വ്യക്തമാക്കുമോ;

(ഡി) താൽകാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ധനകാര്യവകുപ്പും നിയമവകുപ്പും അനുകൂലമായ നിലപാടാണോ സ്വീകരിച്ചത്; അല്ലെങ്കിൽ പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലെ അഞ്ചൽ ഇ. എസ് ഐ. ഡിസ്പെൻസറിയിൽ ഒരു ജീവനക്കാരനെ സ്ഥിരപ്പെടുത്തിയ നടപടി അംഗപരിമിതർക്കുവേണ്ടി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ WP(C)No. 5168/18 നമ്പർ കേസിലെ 6-3-2019-ലെ വിധിന്യായപ്രകാരം ഒരു ജീവനക്കാരന്റെ സർവ്വീസ് റഗുലറൈസ് ചെയ്തിട്ടുണ്ട്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് ശമ്പള സ്കെയിലിൽ പ്രവൃത്തിയെടുത്തുവന്നിരുന്ന മൂന്ന് പാർട്ട് ടൈം സ്വീപ്പർമാർ 15 വർഷത്തിലധികം സർവ്വീസ് പൂർത്തിയാക്കിയ സാഹചര്യത്തിൽ സർവ്വീസ് റെഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ട്. സ്ഥിരപ്പെടുത്തൽ നടപടികൾ, പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭാ തീരുമാനപ്രകാരമാണ് കൈക്കൊണ്ടിട്ടുള്ളത് .

## തോട്ടം തൊഴിലാളികളുടെ പുനരധിവാസം

293 (2903) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ തോട്ടം തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ദേവികുളം മണ്ഡലത്തിൽ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തോട്ടം തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കുറ്റിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്കായി ഭവന നിർമ്മാണപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 10 തോട്ടം തൊഴിലാളികളെ തെരഞ്ഞെടുക്കുകയും ആയതിൽ 5 വീടുകളുടെ താക്കോൽ ദാനം 2020 ജനുവരിയിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി നിർവ്വഹിച്ചിട്ടുള്ളതുമാണ്. അവശേഷിക്കുന്ന 5 വീടുകളുടെ നിർമ്മാണം ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്.പി.-യുടെ ന്യായമക്കാട് എസ്റ്റേറ്റിന്റെ പെട്ടിമുടി ഡിവിഷനിലുണ്ടായ ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് സർക്കാർ കുറ്റിയാർ വാലിയിൽ അനുവദിച്ച ഭൂമിയിൽ കെ.ഡി.എച്ച്.പി. കമ്പനി നിർമ്മിച്ചുവരുന്ന 8 വീടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഭവനരഹിതരും ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്കുള്ള ഭവനം പ്രോജക്ടായ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിന് കീഴിൽ G+2 മാതൃകയിൽ 400

ചതുരശ്രയടി വിസ്തീർണ്ണമുള്ള 9 അപ്പാർട്ട്മെന്റുകൾ ഉൾപ്പെടുന്ന സാന്ദ്രത കുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ദേവികുളം താലൂക്ക് കെ.ഡി.എച്ച്. വില്ലേജിലെ സർവ്വേ നമ്പർ 63-ലുള്ള 5 ഏക്കർ 49 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി തൊഴിൽ വകുപ്പിന് ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും തഹസിൽദാർ സംയുക്ത സൈറ്റ് പരിശോധന നടത്തി, അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് ഭൂമി അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

### നിലമ്പൂർ ഗവ. ഐ.ടി.ഐ. ഹോസ്റ്റലുകൾ

294 (2904) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവ. ഐ.ടി.ഐ-ൽ ആധുനിക സൗകര്യത്തോടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞ ബോയ്സ്-ഗേൾസ് ഹോസ്റ്റലുകളിൽ സ്ഥിരമായോ, താൽക്കാലിക വ്യവസ്ഥയിലോ മെയിൽ വാർഡനും, ഫീമെയിൽ വാർഡനുമില്ലാത്തകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഹരിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരമായോ മാനദണ്ഡം പാലിച്ചോ നിയമനം നടത്തുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലമ്പൂർ ഐ.ടി.ഐ.-യിലേതുൾപ്പെടെ വിവിധ ഐ.ടി.ഐ.-കളിൽ വാർഡൻ തസ്തിക സൃഷ്ടിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ നൽകിയിരിക്കുന്ന ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത ഹോസ്റ്റലുകൾ വൃത്തിയാക്കുന്നതിന് ക്ലീനിംഗ് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

പരിശോധിക്കുന്നതാണ്.

### പുഴക്കാട്ടിരി ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണം

295 (2905) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിലെ പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് അനുവദിച്ച ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള സർക്കാർ അനുമതി ലഭിച്ചിട്ടും തുടർനടപടികൾ സ്വീകരിക്കാത്ത സാഹചര്യം പരിശോധിക്കുമോ?

പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് അനുവദിച്ച സ്ഥലം മുഴുവനായും ചരിഞ്ഞതും ചെങ്കുത്തായ പാറക്കെട്ടും നിറഞ്ഞതുമായതിനാൽ ഫൗണ്ടേഷനും അനുബന്ധ പ്രവൃത്തികൾക്കുമായി സാധാരണ പ്രവർത്തനങ്ങൾക്ക് വേണ്ടതിനേക്കാൾ 50 ശതമാനം കൂടുതൽ പണം വേണ്ടിവരുമെന്ന് പി.ഡബ്ല്യൂ.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിഷയം ട്രെയിനിംഗ് ഡയറക്ടർ പരിശോധിച്ചു വരികയാണ്.

(ബി) ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നിലവിലെ തടസ്സങ്ങൾ എന്തെല്ലാമാണ്; ഇതിന് നിയമസാധുതയുണ്ടോ; അറിയിക്കുമോ?

ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം

296 (2906) <u>ശ്രീ. ബി. സത്യൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നൽകിയ താൽകാലിക നിയമനമെത്രയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നൽകിയ താൽക്കാലിക നിയമനം ആകെ - 41247 (നാൽപ്പത്തി ഒന്നായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിഏഴ്) (05/16 മുതൽ 12/2020 വരെ). ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം - 5781
2. കൊല്ലം - 3100
3. ആലപ്പുഴ - 3789
4. പത്തനംതിട്ട - 1802
5. കോട്ടയം - 2680
6. ഇടുക്കി - 1587
7. എറണാകുളം - 4936
8. തൃശ്ശൂർ - 3282
9. പാലക്കാട് - 2724
10. മലപ്പുറം - 2893

11. കോഴിക്കോട് - 4702

12. വയനാട് - 1524 1

3. കണ്ണൂർ - 1424

14. കാസർഗോഡ് - 1023.

(ബി) നിലവിൽ ഓരോ ജില്ലയിലും തൊഴിലിനായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്രവീതമെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് തൊഴിലിനായി ആകെ 36,29,490 (മുപ്പത്തിയാറുലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി നാന്നൂറ്റി തൊണ്ണൂറ്) പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 22,93,870 (ഇരുപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി എണ്ണൂറ്റി എഴുപത്) പേർ സ്ത്രീകളും 13,35,593 (പതിമൂന്ന് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി മൂന്ന്) പേർ പുരുഷൻമാരുമാണ്. ഓരോ ജില്ലയിലും തൊഴിലിനായി പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം 1 ആയി* ചേർക്കുന്നു.

(സി) ഇതിൽ ഭിന്നശേഷിക്കാർ, വിധവകൾ, എസ്.സി. /എസ്. ടി. എന്നിവരുടെ പ്രത്യേക ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

കേരളത്തിൽ ഭിന്നശേഷിക്കാരായ തൊഴിൽരഹിതർ ആകെ 95,584 പേരാണ്. ഇതിൽ 36,501 സ്ത്രീകളും 59,083 പുരുഷന്മാരുമാണ്. അതോടൊപ്പം കേരളത്തിൽ തൊഴിൽരഹിതരായ വിധവകൾ ആകെ 45,355 പേരാണ്. സംസ്ഥാനത്തൊട്ടാകെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 6,21,549 തൊഴിൽരഹിതർ (ആറ് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി നാല്പത്തി ഒൻപത് പേർ) പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 3,87,864 (മൂന്ന് ലക്ഷത്തി എൺപത്തി ഏഴായിരത്തി എണ്ണൂറ്റി അറുപത്തിനാല് പേർ) പേർ സ്ത്രീകളും 2,33,679 (രണ്ടു ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി അറുന്നൂറ്റി എഴുപത്തി ഒൻപത് പേർ) പുരുഷന്മാരുമാണ്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലിനായി രജിസ്റ്റർ ചെയ്തവരിൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും ആകെ 47,824 (നാൽപ്പത്തി ഏഴായിരത്തി എണ്ണൂറ്റി ഇരുപത്തിനാല് പേർ) പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ 29,186 (ഇരുപത്തി ഒൻപതിനായിരത്തി ഒരുന്നൂറ്റി എൺപത്തിയാറ് പേർ) സ്ത്രീകളും 18,637 (പതിനെട്ടായിരത്തി അറുന്നൂറ്റി മുപ്പത്തി ഏഴ് പേർ) പുരുഷന്മാരുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

297 (2907) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് നിയമനം നൽകി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആകെ 51,707 പേർക്ക് നിയമനം നൽകിയിട്ടുണ്ട് (5/16 മുതൽ 12/2020 വരെ). ഇതിൽ 10,460 പേർക്ക് സ്ഥിരനിയമനവും 41,247 പേർക്ക് താൽക്കാലിക നിയമനവും നൽകിയിട്ടുണ്ട്. നിയമനം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർക്കുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

298 (2908) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ്, അടിമാലി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേന നടത്തിയ താൽക്കാലിക-സ്ഥിര നിയമനങ്ങളുടെയും, ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് മുഖേന 106 സ്ഥിരം നിയമനങ്ങളും, 381 താത്കാലിക നിയമനങ്ങളും ഉൾപ്പെടെ 487 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള നിരാലംബരായ സ്ത്രീകൾക്കായുള്ള സ്വയം തൊഴിൽ പദ്ധതിയായ 'ശരണ്യ' പദ്ധതി പ്രകാരം 498 ഉപഭോക്താക്കൾക്കും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന 'കൈവല്യ' പദ്ധതി പ്രകാരം 85 ഉപഭോക്താക്കൾക്കും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത-സംയുക്ത സ്വയം തൊഴിൽ പദ്ധതിയായ ' കെസ്റു' പദ്ധതി പ്രകാരം 21 ഉപഭോക്താക്കൾക്കും, മൾട്ടി പർപ്പസ്/ജോബ് ക്ലബ്ബ് പദ്ധതിപ്രകാരം 2 ഉപഭോക്താക്കൾക്കും സ്വയം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തൊഴിൽ ചെയ്യുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണ പദ്ധതി പ്രകാരം ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കുമായി വിവിധ സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് കരിയർ സെമിനാർ, കരിയർ എക്സിബിഷൻ, കരിയർ ടാക്ക്, മത്സര പരീക്ഷാ പരിശീലന പരിപാടികൾ തുടങ്ങിയവ ഈ കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സേവനങ്ങൾ ഉദ്യോഗാർത്ഥികളിൽ നേരിട്ട് എത്തിക്കുന്നതിനായി P.S.C ഫെസിലിറ്റേഷൻ സെന്ററും ഇടുക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇടുക്കിയിൽ കട്ടപ്പനയിൽ നഗരസഭ വിട്ടുനൽകിയ സ്ഥലത്ത് എംപ്ലോയബിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ അടിമാലി ടൗൺ എംപ്ലോയ്മെന്റ് ഓഫീസ് മുഖേന 99 സ്ഥിരം നിയമനങ്ങളും, 146 താത്കാലിക നിയമനങ്ങളും ഉൾപ്പെടെ 245 നിയമനങ്ങളും നടത്തിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ അടിമാലി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള നിരാലംബരായ സ്ത്രീകൾക്കായുള്ള സ്വയംതൊഴിൽ പദ്ധതിയായ 'ശരണ്യ' പദ്ധതി പ്രകാരം 162 ഉപഭോക്താക്കൾക്കും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന 'കൈവല്യ' പദ്ധതി പ്രകാരം 65 ഉപഭോക്താക്കൾക്കും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/ സംയുക്ത സ്വയംതൊഴിൽ പദ്ധതിയായ ' കെസ്റു' പദ്ധതി പ്രകാരം 15 ഉപഭോക്താക്കൾക്കും, മൾട്ടി പർപ്പസ്/ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം 2 ഉപഭോക്താക്കൾക്കും സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷ ക്കാലയളവിൽ 112 ഉദ്യോഗാർത്ഥികൾക്ക് P.S.C പരിശീലനം നൽകിയിട്ടുണ്ട്. കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ ഇ-ഓഫീസ് പദ്ധതി ഈ സർക്കാരിന്റെ കാലയളവിൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അടിമാലി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ കാര്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റലൈസ് ചെയ്ത് www.eemployment.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ സേവനം ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അടിമാലി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ കാര്യാലയങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ പുരോഗതിയും, ആയതിലൂടെ നൽകിയ ആനുകൂല്യങ്ങളും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് മുഖേന ' ശരണ്യ' പദ്ധതി പ്രകാരം 2,49,00,000 (രണ്ട് കോടി നാൽപ്പത്തിയൊൻപത് ലക്ഷം രൂപ മാത്രം) രൂപയും, ' കെസ്റ്റ്' പദ്ധതി പ്രകാരം 4,19,800 രൂപയും (നാല് ലക്ഷത്തിപ്പത്തൊൻപതിനായിരത്തി എണ്ണൂറ് രൂപ മാത്രം), മൾട്ടി പർപ്പസ് /ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം 2,80,000 രൂപ (രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയും, 'കൈവല്യ' പദ്ധതി പ്രകാരം 42,50,000 രൂപ (നാൽപത്തിരണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയും സബ്സിഡി അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ അടിമാലി ടൗൺ എംപ്ലോയ്മെന്റ് ഓഫീസ് മുഖേന ' ശരണ്യ' പദ്ധതി പ്രകാരം 40,50,000 (നാൽപ്പത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയും, ' കെസ്റ്റ്' പദ്ധതി പ്രകാരം 3,00,000 (മൂന്ന് ലക്ഷം രൂപ മാത്രം) രൂപയും, മൾട്ടി പർപ്പസ്/ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം 1,55,798 (ഒരു ലക്ഷത്തി അൻപത്തി അയ്യായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) രൂപയും, ' കൈവല്യ' പദ്ധതി പ്രകാരം 16,25,000 (പതിനാറ് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയും സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ്വയംതൊഴിൽ പദ്ധതി പ്രകാരം നൽകിയ തുക ഉപഭോക്താക്കൾ മികച്ച രീതിയിൽ സംരംഭം നടത്തി സബ്സിഡി ഒഴികെയുള്ള പദ്ധതി തുക തവണകളായി ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അടിമാലി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ കാര്യാലയങ്ങളിൽ തിരിച്ചടക്കുന്നുണ്ട്. പദ്ധതികൾ വിജയിപ്പിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശവും ഈ ഓഫീസുകളിൽനിന്നും നൽകി വരുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

299 (2909) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരായ അഭ്യസ്തവിദ്യരുടെയും വിദ്യാർത്ഥികളുടെയും സമഗ്രമായ കരിയർ ഉന്നമനവും നൈപുണ്യ പരിശീലനവും തൊഴിൽ ലഭ്യതയുമായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി) ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി.-കൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതനപ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നതവിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ടു ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതുപ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗ നിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽനിന്നും ലഭിക്കുന്നതാണ്. ധനുസ്സ് ഉന്നത ഗുണമേന്മയുള്ള കലാലയങ്ങളിലും മികവിന്റെ കേന്ദ്രങ്ങളിലും സംസ്ഥാനത്തെ ബിരുദവിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്ന തിനുള്ള സമഗ്ര പരിശീലന പദ്ധതിയായ 'ധനുസ്സ്' ആവിഷ്കരിച്ചു. പേരാമ്പ്ര കരിയർ ഡെവലപ്മെന്റ് സെന്റർ മുഖേന കോഴിക്കോട് ജില്ലയിലാണ് ഈ പദ്ധതി നടപ്പാക്കിയത്. കരിയർ ജാലകം ലഘുരേഖ സംസ്ഥാനത്തെ വിവിധ തലത്തിലുള്ള വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസത്തിന് വഴികാട്ടിയായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് വിഭാഗം, KASE-യുടെ സഹകരണത്തോടെ തയ്യാറാക്കിയ ലഘുലേഖയാണ് കരിയർ ജാലകം. SSLC, +2 SCIENCE, +2 COMMERCE, +2 HUMANITIES, BA/B.COM, B.Sc, PG എന്നിങ്ങനെ ഏഴ് സ്കീമുകളിലായാണ് കരിയർ ജാലകം ലഘുലേഖകൾ തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത ലഘുലേഖകൾ കേരളത്തിലെ പതിനാല് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കും ഓരോ ജില്ലയിലെയും സ്ഥാപനങ്ങളുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്റർ കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി

സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കികൊടുക്കുന്നുണ്ട്. സംസ്ഥാനത്തെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. മോഡൽ കരിയർ സെന്റർ സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് ആവശ്യമുള്ള സമഗ്രമായ കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക, ഗ്രൂപ്പ് കൗൺസിലിംഗ്, വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങൾ, ഗ്രൂപ്പ് ഡിസ്കഷൻ, നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. www.ncs.gov.in എന്ന വെബ് പോർട്ടൽ മോഡൽ കരിയർ സെന്ററിന്റെ വെബ് പോർട്ടൽ ആയി ഉപയോഗിച്ചുവരുന്നു. ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും മോഡൽ കരിയർ സെന്ററിന്റെ സേവനം സൗജന്യമായി പ്രയോജനപ്പെടുത്താവുന്നതുമാണ്. സ്വകാര്യ മേഖലയിലെ പ്രമുഖ തൊഴിൽ ദായകരുമായി ചേർന്ന് ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ കൃത്യമായ ആസൂത്രണത്തോടുകൂടി മോഡൽ കരിയർ സെന്റർ നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് നടത്തി വരുന്നുണ്ട്. നിയുക്തി മെഗാ ജോബ് ഫെയർ സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന മേഖലാടിസ്ഥാനത്തിൽ നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നടത്തി വരുന്നുണ്ട്. അഭ്യസ്തവിദ്യരായ

യുവജനങ്ങൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടു കൂടി സംഘടിപ്പിക്കുന്ന നിയുക്തി ജോബ് ഫെയറിൽ പങ്കെടുക്കുന്നതിന് ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗദായകർക്കും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തികച്ചും സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ നടത്തിവരുന്നത്. നിയുക്തി പോലുള്ള ജോബ്ഫെയറുകൾ വഴി ഉദ്യോഗദായകരെയും ഉദ്യോഗാർത്ഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നത് വഴി ഉദ്യോഗദായകർക്ക് അവരുടെ ഒഴിവുകൾക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നേരിട്ട് സെലക്ട് ചെയ്യാവുന്നതും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം ഉദ്യോഗദായകരുടെ വിവിധ ഒഴിവുകളിലേക്ക് നടത്തപ്പെടുന്ന ഇന്റർവ്യൂവിൽ പങ്കെടുത്ത് അർഹമായ തൊഴിൽ നേടാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു. നവജീവൻ ഈ സർക്കാർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത (50-65 പ്രായപരിധി) മുതിർന്ന പൗരന്മാർക്കായി നവജീവൻ എന്ന പേരിൽ ഒരു പുതിയ സ്വയംതൊഴിൽ പദ്ധതി നടപ്പ് സാമ്പത്തിക വർഷം ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് രണ്ട് ഘടകങ്ങൾ ഉണ്ട്.

1. സ്വയംതൊഴിൽ പദ്ധതി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-65 പ്രായപരിധിയിലുള്ള തൊഴിൽരഹിതരായ മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് 50,000 രൂപ (അൻപതിനായിരം രൂപ മാത്രം) വരെ ബാങ്ക് വായ്പയും വായ്പ തുകയുടെ 25% (12500 രൂപ) സർക്കാർ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നതാണ്.

2. ഡാറ്റാ ബാങ്ക് മുതിർന്ന പൗരന്മാരുടെ അറിവും, പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ അവരുടെ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുകയുമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞത് കൂടാതെ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നിലവിൽ നാല് സ്വയം തൊഴിൽ പദ്ധതികൾ വിജയകരമായി നടപ്പാക്കി വരുന്നു. ഈ സ്വയംതൊഴിൽ പദ്ധതികൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആകെ അനുവദിച്ച തുകയുടെയും ആരംഭിച്ച സംരംഭങ്ങളുടെ ആകെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.* ഇ-എംപ്ലോയ്മെന്റ് കേരളത്തിലെ സാമ്പ്രദായിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും കേരളാ സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN) മുഖാന്തിരം നെറ്റ് വർക്ക് കണക്ഷനും ലഭ്യമാക്കുകയുണ്ടായി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആയി ലഭ്യമാക്കുന്നതിനു വേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് www. eemployment.kerala.gov.in ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ സേവനം 3-5-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകർക്ക് രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ, സീനിയോറിറ്റി ലിസ്റ്റ് തുടങ്ങിയ എല്ലാ സേവനങ്ങളും ടി വെബ്സൈറ്റ് വഴി എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്. കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിവരികയാണ്. ഇതുവരെ എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള 100 ഓഫീസുകളിൽ 95 ഓഫീസുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കിയുള്ള 5 ഓഫീസുകളിൽ കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരികയാണ്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്തുന്ന ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നൽകുന്നതിനുള്ള സുഗമമായ അന്തരീക്ഷം ഒരുക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഭൗതിക സൗകര്യങ്ങൾ പദ്ധതി വിഹിതം ഉപയോഗിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. സ്വകാര്യ മേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിനായി www.jobfest.kerala.gov.in എന്ന ഒരു വെബ്സൈറ്റ് വികസിപ്പിച്ച് അത് മുഖാന്തരം മെഗാ ജോബ് ഫെയറുകളും മിനി ജോബ് ഫെയറുകളും മേഖലാതലത്തിലും ജില്ലാ തലത്തിലും യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് & ഗൈഡൻസ് ബ്യൂറോകൾ മുഖാന്തരവും സംഘടിപ്പിക്കുന്നുണ്ട്. എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിൽ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് കം ഗൈഡൻസ് സെന്റർ ഫോർ SC/ST-യിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി PSC/UPSC, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്നതിനുള്ള പരിശീലന ക്ലാസ്സും പത്ത് മാസം നീണ്ടുനിൽക്കുന്ന സ്റ്റെനോഗ്രാഫി പരിശീലന ക്ലാസ്സുകളും സൗജന്യമായി നടത്തുന്നുണ്ട്. പട്ടികജാതി വിഭാഗക്കാർ കൂടുതലായി അധിവസിക്കുന്ന തിരുവനന്തപുരം, പാലോട് കേന്ദ്രമായി ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് ഗോത്രവിഭാഗക്കാർക്കായി ക്യാമ്പ് രജിസ്ട്രേഷനും ബോധവൽക്കരണ ക്ലാസ്സും നടത്തിവരുന്നു. സമന്വയ 2020-21 സാമ്പത്തിക വർഷം പട്ടികജാതി

പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുള്ള പ്രവർത്തനമായ 'സമന്വയ' പദ്ധതിയ്ക്കായി 2020-21 സാമ്പത്തിക വർഷത്തിൽ 2230-02-101-85 കണക്ക് ശീർഷകത്തിൽ 25,00,000 (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. കൈവല്യ തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി കൈവല്യ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വൊക്കേഷണൽ & കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയംതൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. സ്വയം തൊഴിൽ വായ്പ പദ്ധതി സ്വയംതൊഴിൽ സംരംഭങ്ങൾക്കാണ് പലിശരഹിത വായ്പ നൽകുന്നത്. 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവർക്ക് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്നപക്ഷം ഒരു ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്. വായ്പത്തുകയുടെ 50 ശതമാനം പരമാവധി 25,000 രൂപ (ഇരുപത്തയ്യായിരം) വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. 30-9-2020 -ലെ സ.ഉ (സാധാ) 42/തൊഴിൽ പ്രകാരം സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനുമായി സഹകരിച്ച് കൈവല്യ സ്വയംതൊഴിൽ പദ്ധതിക്കായി അപേക്ഷിച്ചവരിൽ അർഹരായ അപേക്ഷകളിൽ കുടിശ്ശികയായിട്ടുള്ള അപേക്ഷകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി 7449 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ആയത് മുഖേന നാളിതുവരെ 2592 പേർക്കും കൂടി വായ്പ നൽകുകയും ശേഷിക്കു ന്നവർക്ക് വായ്പ നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ തുടർന്നുവരികയും ചെയ്യുന്നു. ഈ സാമ്പത്തിക വർഷംതന്നെ മുഴുവൻ അപേക്ഷകർക്കും വായ്പ അനുവദിക്കാൻ സാധിക്കുന്നതാണ്. നാളിതുവരെ ആകെ 3844 കൈവല്യ അപേക്ഷ കർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. കൈവല്യ ഘടകപദ്ധതികളുടെ നാളിതുവരെയുള്ള ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു*.

(ബി) കഴിഞ്ഞ സർക്കാറിന്റെ കാലത്ത് എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ജോലി നല്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

മുൻ സർക്കാരിന്റെ കാലയളവിൽ (05/2011 മുതൽ 04/2016 വരെ) 45,436 (നാൽപ്പത്തിയഞ്ചായിരത്തി നാന്നൂറ്റിമുപ്പത്തിയാറ്) പേർക്ക് എംപ്ലോയ്മെന്റ് വകുപ്പ് മുഖേന തൊഴിൽ നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കൽപ്പറ്റ മണ്ഡലത്തിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര ആളുകൾക്ക് തൊഴിൽ നൽകിയെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ നാഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കൽപ്പറ്റ മണ്ഡലത്തിൽ 709 (എഴുന്നൂറ്റി ഒൻപത്) പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

## വർക്കലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

300 (2910) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്ക് കേന്ദ്രമാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനായി ശിപാർശകൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ വർക്കലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## കൈവല്യ പദ്ധതി

301 (2911) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പാക്കുന്ന കൈവല്യ പദ്ധതി മുഖേന ഭിന്നശേഷി വിഭാഗത്തിലുള്ള തൊഴിൽ രഹിതർക്ക് എന്തൊക്കെ പ്രയോജനങ്ങളാണ് ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ?

ഭിന്നശേഷിക്കാരായ തൊഴിൽരഹിത ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി എംപ്ലോയ്മെന്റ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, സ്വയം തൊഴിൽ വായ്പാപദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങൾ അടങ്ങിയതാണ് പ്രസ്തുത പദ്ധതി. കൈവല്യ പദ്ധതി മുഖേന, സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷി വിഭാഗക്കാർക്ക് ജീവനോപാധികൾ കണ്ടെത്തുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ കൈപിടിച്ചുയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. ടി പദ്ധതി മുഖേന നാളിതുവരെ 3844 സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ നൽകിയിട്ടുണ്ട്. 30-9-2020-ലെ സ.ഉ.(കൈ) നമ്പർ 42/2020/തൊഴിൽ -ലൂടെ സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പിട്ട് ഒറ്റത്തവണ

വ്യവസ്ഥയിൽ, അവശേഷിച്ചിരുന്ന 7449 അപേക്ഷകർക്ക് വായ്പ വിതരണം ചെയ്യുന്നതിനായി 37,24,50,000 രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. തൊഴിൽ മാർഗ്ഗനിർദ്ദേശക്ലാസ്സുകൾ മുഖേന ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്ക് വിവിധ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുന്നതിനും നൈപുണ്യ പരിശീലന ക്ലാസുകൾ വഴി നിരവധി ഭിന്നശേഷിക്കാരായ തൊഴിൽ രഹിതർക്ക് വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകരമായരീതിയിൽ പരിശീലനങ്ങൾ നൽകുവാനും സാധിച്ചിട്ടുണ്ട്. കൈവല്യയുടെ ഘടകമായ സൗജന്യ മത്സരപരീക്ഷ പരിശീലന പരിപാടികളിൽ പങ്കെടുത്തവരിൽ 23 പേർക്ക് ഇതിനകം സർക്കാർ ജോലി ലഭിച്ചിട്ടുണ്ട്. കൈവല്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (മോഡൽ കൈവല്യ സെന്റർ) കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്നു. ഭിന്നശേഷി സൗഹൃദമായി നിർമ്മിച്ചിരിക്കുന്ന മോഡൽ കൈവല്യ സെന്ററിൽ വീൽചെയർ ഉൾപ്പെടെ വിപുലമായ സജ്ജീകരണങ്ങളോടുകൂടിയ തൊഴിൽ പരിശീലനം നല്കുന്നതിനാവശ്യമായ ക്ലാസ് മുറികൾ, അഭ്യസ്തവിദ്യരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സരപരീക്ഷാ പരിശീലനം നല്കുന്നതിനാവശ്യമായ ക്ലാസ് മുറികൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രചരണം പൊതുജനങ്ങളിലെത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കൈവല്യ പദ്ധതിയുടെ പ്രചരണാർത്ഥം എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും ഓരോ സാമ്പത്തിക വർഷത്തെയും പ്രവർത്തനങ്ങൾ ഡോക്യുമെന്റഷൻ ചെയ്തു പ്രസിദ്ധീകരിക്കാറുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്ക് വിതരണം ചെയ്യുന്നതിനായി വകുപ്പിലെ പദ്ധതികളുടെ ബ്രോഷറുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ. പ്രാദേശിക തലത്തിലും ജില്ലാ തലത്തിലും സബ് റീജിയണൽ തലത്തിലും അതത് ടൗൺ/ജില്ലാതല എംപ്ലോയ്മെന്റ് ഓഫീസർമാർ വിവിധ തരത്തിലുള്ള ബോധവൽക്കരണ ശില്പശാലകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

## തൃപ്പൂണിത്തുറയിലെ കരിയർ ഡെവലപ്മെന്റ് സെന്റർ

302 (2912) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽ നിർമ്മിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

തൃപ്പൂണിത്തുറ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ കെട്ടിടത്തിന്റെ ഭിത്തി നിർമ്മാണം 90% പൂർത്തിയായിട്ടുണ്ട്. ബാത്ത്റൂമുകളുടെ ഭിത്തി നിർമ്മാണം പൂർത്തിയായി. ട്രെസ്സ് വർക്ക്, റൂഫ് വിരിക്കുന്ന ജോലികൾ എന്നിവ 90% പൂർത്തിയായിട്ടുണ്ട്. പാരപെറ്റ് ഭിത്തികൾ പ്ലാസ്റ്റർ ചെയ്യുന്ന ജോലികൾ നടന്നുവരുന്നു. പ്ലംബിംഗ് ജോലികളും പൂർത്തിയായിട്ടുണ്ട്.

(ബി) ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

തൃപ്പൂണിത്തുറ കരിയർ ഡെവലപ്മെന്റ് സെന്റർ നിർമ്മാണത്തിനായി 1,18,90,000 (ഒരു കോടി പതിനെട്ട് ലക്ഷത്തി തൊണ്ണൂറായിരം മാത്രം) രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽ 23,78,000 രൂപ (ഇരുപത്തിമൂന്ന് ലക്ഷത്തി എഴുപത്തിയെട്ടായിരം മാത്രം) ആദ്യ ഗഡുവായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് (TDLCCS) അനുവദിച്ചിട്ടുണ്ട്.

(സി) ഈ നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽനിന്നുള്ള ആനുകൂല്യങ്ങൾ**

303 (2913) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ നൽകിയിരുന്ന റിട്ടയർമെന്റ് ആനുകൂല്യമായ പതിനായിരം രൂപ അംഗങ്ങൾക്ക് ഇപ്പോഴും നൽകുന്നുണ്ടോ എന്നറിയിക്കാമോ?

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും റിട്ടയർമെന്റ് ആനുകൂല്യം നൽകിയിട്ടില്ല.

(ബി) 2016-ൽ നിലവിൽ വന്ന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംശദായമായി അടയ്ക്കുന്ന തുകയുടെ എത്ര ശതമാനമാണ് റിട്ടയർമെന്റ് ആനുകൂല്യമായി ബോർഡ് നൽകുന്നത്; ബാക്കിവരുന്ന തുകയും 2016-നുമുമ്പ് അടച്ച തുകയും അംഗങ്ങൾക്ക് തിരികെ നൽകുമോ?

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംശദായമായി ഒടുക്കിയ തുകയുടെ 50% വും അതിന്റെ 5% സാധാരണ പലിശയും ചേർത്താണ് റിട്ടയർമെന്റ് ആനുകൂല്യമായി നൽകിവരുന്നത്. ബാക്കിവരുന്ന തുക

തിരികെ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. 2016-നുമുമ്പ് നിലവിലുണ്ടായിരുന്നതും, അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടതുമായ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബാർബർ-ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ പദ്ധതി എന്നീ പദ്ധതികളിൽ, ഏത് പദ്ധതിയിലാണോ അസംഘടിത മേഖലയിലെ തൊഴിലാളികൾ അംഗമായിരുന്നത് ആ പദ്ധതി പ്രകാരം റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതാണ്.

(സി) മറ്റു ക്ഷേമനിധി ബോർഡുകൾ നൽകുന്നപോലെ വാർദ്ധക്യ പെൻഷൻ വാങ്ങുന്നവർക്ക് ക്ഷേമപെൻഷൻ നൽകുമോ?

6-2-2017-നുമുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ അതത് സമയത്തെ നിരക്കിലും, ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. 6-2-2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് അതോടൊപ്പം മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻകൂടി 600 രൂപ നിരക്കിൽ ലഭിക്കുന്നതാണ്.

## ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

304 (2914) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഇ.എസ്.ഐ. ആശുപത്രികളുടെയും, ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇ.എസ്.ഐ സംവിധാനം ശാക്തീകരിക്കുന്നതിനും ഈ സർക്കാർ കൈക്കൊണ്ട നടപടികൾ അനുബന്ധമായി ചേർക്കുന്നു*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രികൾ നേരിടുന്ന പ്രധാന പ്രശ്നമായ ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി പി.എസ്.സി. മുഖേന നിയമന ശിപാർശ നൽകുകയും ഇതിൽ 184 ഡോക്ടർമാർ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ജോലിയിൽ പ്രവേശിച്ചതിനുശേഷം പഠനാവശ്യത്തിന് അവധി എടുത്തതിന്റെ ഭാഗമായുണ്ടായ ഒഴിവുകളിലേക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. പാരാമെഡിക്കൽ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

(സി) ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ടരീതിയിലുള്ള ലാബ് സംവിധാനം ലഭിക്കുന്നതിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഇ.എസ്.ഐ കോർപ്പറേഷൻ 9 സ്വകാര്യ ലാബുകളുമായും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് 5 സ്വകാര്യ ലാബുകളുമായും നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് കൂടുതൽ ഇ.എസ്.ഐ. ആശുപത്രികളിൽ ആയുർവേദ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ പുതുതായി ഫറോക്ക്, പാലക്കാട്, ആലപ്പുഴ ഇ.എസ്.ഐ ആശുപത്രികളിൽ ആയുർവ്വേദ ഇൻപേഷ്യന്റ് വിഭാഗം ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഇ) ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി. വിഭാഗം തുടങ്ങുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ ഇ.എസ്.ഐ കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ വഴിയാണ് നൽകി വരുന്നത്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ പേരൂർക്കട, ഫറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ നിലവിൽ കീമോതെറാപ്പി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റ് പ്രവർത്തനസജ്ജമായി വരുന്നു. പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിലുൾപ്പെടുത്തി വടവാതൂർ ഇ.എസ്.ഐ. ആശുപത്രിയിൽ ഗ്യാസ്ട്രോ എന്ററോളജി ഒ.പി.യും പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ കാർഡിയോളജി ഒ.പി.യും തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## യുവാക്കൾക്കിടയിലെ ലഹരിമരുന്ന് ഉപയോഗം

305 (2915) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി എക്സൈസ് റേഞ്ച് ഓഫീസ്-കൊയിലാണ്ടി-പയ്യോളി പോലീസ് സ്റ്റേഷൻ പരിധിയിൽ കഴിഞ്ഞ 2020 വർഷത്തിൽ ലഹരിമരുന്ന് സംബന്ധമായ എത്ര കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്?

110 ലഹരി മരുന്ന് സംബന്ധമായ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) യുവാക്കൾക്കിടയിലെ ലഹരിമരുന്ന് ഉപയോഗവും വിതരണവും തടയാൻ നിയമനടപടികളിലൂടെയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും എക്സൈസ് വകുപ്പ് പ്രത്യേക ആക്ഷൻ പ്ലാൻ നടപ്പാക്കുന്നുണ്ടോ; വിശദമാക്കാമോ?

മദ്യവർജ്ജന മയക്കമരുന്ന് വിരുദ്ധ മനോഭാവം കേരള ജനതയിൽ വളർത്തിയെടുക്കുന്നതിന് ലക്ഷ്യമിട്ട് 2019 നവംബർ 1 മുതൽ 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്നപേരിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ ഒരു സമഗ്രമായ തീവ്രബോധവത്ക്കരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. യുവജനങ്ങളെ ലഹരി ഉപയോഗത്തിൽ നിന്നും അകറ്റി നിർത്തുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് കൗൺസിൽ, വിവിധ സ്പോർട്സ് ഗെയിംസ്/അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് വിവിധ കായികമത്സരങ്ങൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ചുവരുന്നുണ്ട്. ലഹരിക്കെതിരായ ആശയങ്ങൾ വ്യാപകമാക്കുന്നതിനായി 'വിമുക്തി ജ്വാല', ലഹരിക്കെതിരെയുള്ള സന്ദേശങ്ങളുമായി ഭവന സന്ദർശനങ്ങൾ, ആദിവാസി-തീരദേശ മേഖലകൾ കേന്ദ്രീകരിച്ച് യുവാക്കൾക്കായി കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, ഗ്രാമീണ വായനശാലകൾ കേന്ദ്രീകരിച്ച് ലഹരിക്കെതിരെയുള്ള സായാഹ്ന ചർച്ചകൾ, ലഹരിക്കെതിരെ ദീപം തെളിയിക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആദിവാസി മേഖലയ്ക്കായുള്ള ലഹരി മുക്തഗ്രാമം പദ്ധതി പ്രകാരം കരിയർ ഗൈഡൻസ് സെന്റർ, കായികപരിശീലനം, ലൈബ്രറി സൗകര്യം, പഠനം ഉപേക്ഷിക്കുന്ന കുട്ടികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിലെത്തിക്കുന്ന പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു. വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം തടയുന്നതിനും സ്കൂൾ പരിസരങ്ങൾ ലഹരി മുക്തമാക്കുന്നതിനും സംസ്ഥാനത്തെ 4842 സ്കൂളുകളിലും 899 കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകളും കോളേജുകളും സന്ദർശിച്ച് ലഹരി ഉപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തി ആവശ്യമായ പ്രതിരോധ നടപടികളും നിയമ നടപടികളും സ്വീകരിക്കുന്നതിനായി ഒരു എക്സൈസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ

പരിസരങ്ങളിൽ പട്രോളിംഗ് നടത്തി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം ലഹരി വിരുദ്ധ ക്ലബ്ബുകളുമായി സഹകരിച്ച് പരിശീലനം ലഭിച്ച എക്സൈസ് ഉദ്യോഗസ്ഥർ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകളും നൽകിവരുന്നു. ഓൺലൈൻ മുഖേനയും അല്ലാതെയും എല്ലാ ജില്ലകളിലും ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി വെബിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ച് വരുന്നു.

(സി) സംസ്ഥാന അതിർത്തികൾ, ഇതര സംസ്ഥാന തൊഴിലാളികൾ, ടൂറിസ്റ്റ് ബസ്സുകൾ തുടങ്ങിയ വഴികളിലൂടെ ലഹരിമരുന്നുകൾ കേരളത്തിലേക്ക് വരുന്നതായി വാർത്തകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇത്തരം കാര്യങ്ങളിൽ വകുപ്പ് നടത്തിവരുന്ന കർശന നടപടികൾ വിശദമാക്കാമോ?

ടൂറിസ്റ്റ് ബസ്സുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളിലും സമാന്തരപാതകളിലും വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. ബോർഡർ പട്രോളിംഗ് യൂണിറ്റുകളും. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു.

(ഡി) ആൾപ്പാർപ്പില്ലാത്ത പ്രദേശങ്ങളിൽ യുവാക്കൾ ഒത്തുകൂടി ഇത്തരം ലഹരി മാർഗ്ഗങ്ങളിലേക്ക് തിരിയുന്നത് തടയാൻ കർശന നിരീക്ഷണം നടത്താൻ പട്രോളിംഗ് സംവിധാനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

എക്സൈസ് റെയ്ഞ്ച്, സർക്കിൾ ഓഫീസുകളെ കൂടാതെ ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലുമുള്ള സ്പെഷ്യൽ സ്ക്വാഡിന്റെയും നേതൃത്വത്തിൽ ആൾപാർപ്പില്ലാത്ത പ്രദേശങ്ങളിൽ പരിശോധന നടത്തുന്നതിനു പുറമെ എക്സൈസ് ഇന്റലിജൻസ് വിഭാഗം ഇത്തരം പ്രദേശങ്ങൾ കൂടുതൽ പ്രാധാന്യത്തോടെ നിരീക്ഷിച്ചുവരുന്നുമുണ്ട്.

**ബിവറേജസ് കോർപ്പറേഷനിൽ വ്യാജ നിയമന ഉത്തരവ്**

306 (2916) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ എം.ഡി.-യുടെ പേരിൽ വ്യാജ നിയമന ഉത്തരവ് നൽകി സരിത എസ്. നായരും കൂട്ടാളികളും ലക്ഷങ്ങൾ തട്ടി എന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ബിവറേജസ് കോർപ്പറേഷൻ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയോ;

(ബി) ബിവറേജസ് കോർപ്പറേഷൻ എം.ഡി.-യുടെ വ്യാജ നിയമന ഉത്തരവ് ലഭിക്കുവാൻ ബിവറേജസ് കോർപ്പറേഷനിലെ ഏതെങ്കിലും ജീവനക്കാരുടെ സഹായം തട്ടിപ്പുകാർക്ക് ലഭിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ബിവറേജസ് കോർപ്പറേഷൻ എം.ഡി. സർക്കാരിന് / പോലീസ് മേധാവിക്ക് കത്ത് നൽകിയിട്ടുണ്ടോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം ആരംഭിച്ചതായി ബിവറേജസ് കോർപ്പറേഷന് അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ-ഡി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വ്യാജ ലെറ്റർഹെഡും കോർപ്പറേഷൻ ജീവനക്കാരുടെ വ്യാജ ഒപ്പും ഉപയോഗിച്ച് നിയമന തട്ടിപ്പ് നടത്തുന്നതിന് ശ്രമം നടക്കുന്നതായ വിവരം കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെട്ടയുടൻ പ്രസ്തുതവിവരം കോർപ്പറേഷൻ ചെയർമാൻ കൂടിയായ എക്സൈസ് കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുകയും എക്സൈസ് കമ്മീഷണർ ഉചിതമായ അന്വേഷണത്തിനായി സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയും, ഇതിന്റെ അടിസ്ഥാനത്തിൽ, വിജിലൻസ് അന്വേഷണത്തിനായി ഫയൽ വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുമുണ്ട്. വിജിലൻസ് വകുപ്പിൽ നിന്നും അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം

307 (2917) ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എക്സൈസ് വകുപ്പിന്റെ ആധുനികവല്ക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നറിയിക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടി പുതുതായി 6 എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിക്കുകയുണ്ടായി. ഈ ഓഫീസുകളുടെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കും എൻഫോഴ്സ്മെന്റ് പ്രവർത്തനം കേന്ദ്രീകരിക്കുന്നതിലേക്കുമായി

ഇടുക്കി ജില്ലയിലെ ദേവികുളത്തും മലപ്പുറം ജില്ലയിൽ നിലമ്പൂരും ജനമൈത്രി എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുകയും ഓരോ ഓഫീസിലേക്കും 10 തസ്തികകൾ എന്നരീതിയിൽ ആകെ 20 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിച്ചു. ഒരു ജൂനിയർ സയന്റിഫിക് ഓഫീസറുടെയും ഒരു ലാബ് അസിസ്റ്റന്റിന്റെയും തസ്തിക സൃഷ്ടിച്ചു. ഇതുൾപ്പെടെ 3 മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. പട്ടികവർഗ്ഗ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വനാതിർത്തികളിലും മറ്റും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനുമായി പരിചയ സമ്പന്നരായ 25 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകി. വിമുക്തി മിഷൻ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനായി 14 ജില്ലാ മാനേജർ, 14 ജില്ലാ കോ-ഓർഡിനേറ്റർ, 3 റിസർച്ച് ഓഫീസർ എന്നിങ്ങനെ 31 അധിക തസ്തികകൾ സൃഷ്ടിച്ചു. ഈ തസ്തികകളുൾപ്പെടെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിൽ ആകെ 260 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിൽ ഡിജിറ്റൽ വയർലസ് സിസ്റ്റം പാലക്കാട്, എറണാകുളം ജില്ലകളിൽ സ്ഥാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വയർലസ് സിസ്റ്റം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പിൽ സ്ട്രൈക്കിംഗ് ഫോഴ്സിനായി 14 റ്റാറ്റാ ഹെക്സാ വാഹനങ്ങളും ജില്ലാ മേധാവികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെയും ഉപയോഗത്തിനായി പുതിയ Mahindra Xylo ഇനത്തിൽപ്പെട്ട 14 വാഹനങ്ങളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പുതുതായി രൂപീകരിച്ച 6 എക്സൈസ് സർക്കിൾ ഓഫീസുകളിലും, നിലമ്പൂർ, ദേവികുളം ജനമൈത്രി സ്ക്വാഡുകളിലും എൻ.ഇ.എസ് അടിമാലിയിലും പുതിയ മഹീന്ദ്ര ബൊലേറോ വാഹനം വാങ്ങി വിതരണം ചെയ്തു. പഴയ വാഹനങ്ങൾ മാറ്റി ഫീൽഡ് ഓഫീസുകളിലേക്ക് 65 മഹീന്ദ്ര ടി.യു.വി. വാഹനങ്ങൾ 2019-20 സാമ്പത്തിക വർഷത്തിൽ വാങ്ങി വിതരണം ചെയ്തു. സംസ്ഥാനത്തുള്ള 138 റെയ്ഞ്ച് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി 138 കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു. എക്സൈസ് വകുപ്പ് ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് സോഫ്റ്റ് വെയർ 8,16,445 രൂപ ചെലവിൽ എൻ.ഐ.സി മുഖാന്തരം നിർമ്മിച്ചു. പൂർണ്ണമായും കേസുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്തുവരുന്നു. വനിതാ കുറ്റവാളികളെ നിരീക്ഷിക്കുന്നതിനും, കുറ്റകൃത്യങ്ങൾ തടയുന്നതിനും വനിതാ പട്രോളിംഗ് സ്ക്വാഡ് രൂപീകരിച്ചു. 100 റ്റി.വി.എസ് ജൂപ്പീറ്റർ സ്കൂട്ടറുകളും, 41 ഹോണ്ട ആക്റ്റീവ 5 ജി സ്കൂട്ടറുകളും വാങ്ങി വിതരണം ചെയ്തു. "ലഹരിമുക്ത കേരളം" സാക്ഷാൽക്കരിക്കുന്നതിന് ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"-യുടെ കീഴിൽ പദ്ധതിയുടെ സമഗ്രമായ ഏകോപനം സംസ്ഥാനതലം മുതൽ വാർഡുതലം വരെ അഞ്ച് തലങ്ങളിലായി നടപ്പിലാക്കി.

(സി) എക്സൈസ് വകുപ്പിൽ കേസുകൾ പൂർണ്ണമായും ഓൺലൈനായാണോ രജിസ്റ്റർ ചെയ്യുന്നത്?

അതെ;

(ഡി) ലൈസൻസുകൾ നല്കുന്ന നടപടി ഓൺലൈൻ ആക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്; പൊതുജനങ്ങൾക്കാവശ്യമായ 20 സർവ്വീസുകളുടെ ലൈസൻസ് നിലവിൽ ഓൺലൈനിൽ ലഭ്യമാണ്. വകുപ്പിലെ 21 ഇനം സേവനങ്ങൾ ഓൺലൈനായി നൽകുന്നു. കൂടാതെ വകുപ്പിലെ 21 ഇനം സേവനങ്ങൾകൂടി ഓൺലൈൻ ആയി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. തെരഞ്ഞെടുത്ത വകുപ്പുകൾ നിലവിൽ നൽകിവരുന്ന സേവനങ്ങൾ ഒരു കുടക്കീഴിലാക്കുന്നതിലേയ്ക്കായി വകുപ്പിന്റെ ഇ-സർവ്വീസ് പോർട്ടൽ കെ-സ്വിഫ്റ്റ് ഒരു പൊതു പ്ലാറ്റ്ഫോമുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

(ഇ) എക്സൈസ് ചെക്ക്പോസ്റ്റുകളിൽ പരിശോധന ശക്തമാക്കുന്നതിനും പ്രവർത്തനം സുതാര്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

തിരക്കേറിയ 14 ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി. സംവിധാനം ഏർപ്പെടുത്തി. പ്രധാനപ്പെട്ട 20 ചെക്ക്പോസ്റ്റുകളിലേക്ക് ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്തു. സംസ്ഥാനത്തെ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ ഉൾപ്പെടെ 177 ഓഫീസുകളിൽ ഇൻവെർട്ടർ സംവിധാനം ഏർപ്പെടുത്തുകയും ചെക്ക് പോസ്റ്റുകളിൽ 25 സോളാർ ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. എക്സൈസ് ചെക്ക്പോസ്റ്റുകളിലെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കുന്നതിനും യഥാസമയങ്ങളിൽ പരിശോധന നടത്തുന്നതിനുമായി ജോയിന്റ് എക്സൈസ് കമ്മീഷണർമാർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ചെക്പോസ്റ്റുകളിലെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി ചെക്ക്പോസ്റ്റുകളിൽ ഡ്യൂട്ടിയിയിലുള്ള ഉദ്യോഗസ്ഥൻമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഓണം, ക്രിസ്തുമസ്-ന്യൂഇയർ തുടങ്ങിയ ഉൽസവ കാലങ്ങളിലും ഇലക്ഷൻ സമയങ്ങളിലും സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിച്ച് ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ച് വാഹന പരിശോധന കൂടുതൽ ശക്തമാക്കി വരുന്നുണ്ട്.

(എഫ്) ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര എക്സൈസ് ടവറുകൾ സ്ഥാപിച്ചിട്ടുണ്ടെന്നറിയിക്കുമോ?

കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ എക്സൈസ് ടവർ നിർമ്മാണം പൂർത്തീകരിച്ച് മന്ദിരം ഉദ്ഘാടനം ചെയ്തു. അങ്കമാലി, ബന്തടുക്ക എന്നീ എക്സൈസ് റെയ്ഞ്ച് ഓഫീസുകളുടെ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു.

## ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ

308 (2918) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ . വി. ടി. ബൽറാം:
ശ്രീ . സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവർജ്ജന പ്രവർത്തനങ്ങളിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലവിലുള്ള പ്രതിബന്ധങ്ങൾ എന്തൊക്കെയാണ്?

മദ്യവർജ്ജന മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സജീവമായി നടന്നുവരുന്നു. വിമുക്തി മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യനീതി, വനിത-ശിശുവികസനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ലഹരിയുടെ ദൂഷ്യഫലങ്ങളെ സംബന്ധിച്ച അവബോധം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിലൂടെ മാത്രമേ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാവുകയുള്ളൂ. ഇതിനായി പൊതുജനങ്ങളുടേയും, സന്നദ്ധ സംഘടനകളുടേയും, രാഷ്ട്രീയ-സാമൂഹിക സംഘടനകളുടേയും കൂട്ടായ ദീർഘകാല പ്രവർത്തനം ആവശ്യമാണ്. സമൂഹത്തിന്റെ എല്ലാ തലങ്ങളും സ്പർശിക്കുന്ന ദീർഘകാല പ്രചരണത്തിലൂടെ ഈ ലക്ഷ്യം സാക്ഷാത്കരിക്കാനാകുന്നതാണ്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ 14 ജില്ലകളിലായി 14 സർക്കാർ ആശുപത്രികളിൽ വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ നിംഹാൻസ് മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ നിംഹാൻസ് മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നതിന് നടപടി

309 (2919) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് വകുപ്പുകളിൽനിന്ന് ബിവറേജസ് കോർപ്പറേഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്ത ഉദ്യോഗസ്ഥന്മാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടയ്ക്കുന്നതിനുണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബിവറേജസ് കോർപ്പറേഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അവർ ജോലി ചെയ്തിരുന്ന അതത് വർഷാന്ത്യങ്ങളിൽ ട്രഷറിയിൽ അടച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥർ മാതൃവകുപ്പിൽ തിരികെ പോയശേഷം അനുവദിക്കപ്പെട്ട ശമ്പളാനുകൂല്യങ്ങളുടെ ഭാഗമായ കുടിശ്ശിക എ.ജി/മാതൃവകുപ്പിൽ നിന്നും കത്ത് ലഭിക്കുന്ന മുറയ്ക്ക് ട്രഷറിയിൽ ഒടുക്കിവരുന്നു.

(ബി) നിലവിൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വകുപ്പുകളിലെ എത്ര ഉദ്യോഗസ്ഥരുടെ തുക അടയ്ക്കുവാനുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത വിഹിതം അടയ്ക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) എല്ലാ ഉദ്യോഗസ്ഥരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അതത് വർഷം തന്നെ അടച്ചിട്ടുണ്ട്. കുടിശ്ശിക വിവരങ്ങൾ എ.ജി/മാതൃവകുപ്പിൽ നിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ട്രഷറിയിൽ ഒടുക്കുന്നതാണ്.

## ബെവ്കോ ഔട്ട്‌ലെറ്റുകളുടെ പ്രവർത്തന സമയം

310 (2920) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലത്ത് അടച്ചിട്ടിരുന്ന ബെവ്കോ മദ്യശാലകൾവീണ്ടും തുറന്നപ്പോൾ വിൽപന സമയം വൈകിട്ട് അഞ്ച് മണിവരെ ആയി നിജപ്പെടുത്തി യിരുന്നോ?

പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെയായി നിജപ്പെടുത്തിയിരുന്നു.

(ബി) ഓണക്കാലത്ത് വിൽപന തിരക്ക് കുറയ്ക്കാനായി പ്രസ്തുത സമയം ഏഴുമണിയായി വർദ്ധിപ്പിച്ചിരുന്നോ?

വർദ്ധിപ്പിച്ചിരുന്നു.

(സി) ബെവ്കോ ഔട്ട്‌ലെറ്റുകളുടെ വിൽപന സമയം രാത്രി ഒൻപത് മണി വരെയായി ദീർഘിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ?

കോവിഡ് നിയന്ത്രണങ്ങളിൽ വരുത്തിയ ഇളവുകൾ പരിഗണിച്ച് ചില്ലറ വിൽപ്പനശാലകളുടെ പ്രവൃത്തി സമയം കോവിഡ് വ്യാപനത്തിനുമുമ്പുള്ള പ്രവൃത്തി സമയമായിരുന്ന രാവിലെ 10 മണി മുതൽ രാത്രി 9 മണി വരെയായി പുനഃക്രമീകരിച്ചിട്ടുണ്ട്.

(ഡി) ബെവ്കോ ഔട്ട്‌ലെറ്റുകൾക്ക് തിരുവോണം മുതൽ മൂന്ന് ദിവസം അവധി നൽകിയിരുന്നോ; ഇത് ബാർ മുതലാളിമാരെ സഹായിക്കുന്നതിനുവേണ്ടിയാണെന്ന ആക്ഷേപം വസ്തുതാപരമാണോ?

മുൻവർഷങ്ങളിലെ തിരുവോണ ദിവസം സംസ്ഥാനത്തെ ബെവ്കോ ഔട്ട്‌ലെറ്റുകൾക്ക് അവധി നൽകിയിരുന്നതുപോലെ 2020-ലെ തിരുവോണ ദിവസമായ ആഗസ്റ്റ് 31-ന് സംസ്ഥാനത്തെ ബെവ്കോ ഔട്ട്‌ലെറ്റുകൾക്ക് അവധി നൽകിയിരുന്നു. അബ്കാരിനിയമങ്ങളും ചട്ടങ്ങളും പ്രകാരം ഇംഗ്ലീഷ് മാസങ്ങളിലെ ഒന്നാംതീയതിയും ശ്രീനാരായണഗുരു ജയന്തിയും സംസ്ഥാനത്ത് ഡ്രൈഡേയാണ്. ആയതിനാൽ 2020 ആഗസ്റ്റ് 31 സംസ്ഥാനത്തെ ബെവ്കോ, ഔട്ട്‌ലെറ്റുകൾക്ക് അവധിയും സെപ്റ്റംബർ 1, 2 തീയതികളിൽ സംസ്ഥാനത്ത് ഡ്രൈഡേയുമായിരുന്നു.

## ബിവറേജസ് കോർപ്പറേഷനിലെ പിൻവാതിൽ നിയമനം

311 (2921) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ പിൻവാതിൽ നിയമനത്തിന് നീക്കം നടക്കുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) സ്വകാര്യ കരാറുകാർ വഴി നിയമിക്കപ്പെട്ട ജീവനക്കാരെയാണോ സ്ഥിരപ്പെടുത്താൻ ശ്രമിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ബാധകമല്ല.

(സി) ചാരായ നിരോധന കാലത്ത് തൊഴിൽരഹിതരായവരെയും ആശ്രിതരെയും അബ്കാരി ക്ഷേമനിധി ബോർഡിൻ കീഴിൽ ബിവറേജസ് കോർപ്പറേഷനിലേക്ക് നിയോഗിച്ചിരുന്നോ?

ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടത് കാരണം ജീവത്യാഗംചെയ്ത ചാരായ തൊഴിലാളികളുടെ ആശ്രിതരായ 266 പേരെ അബ്കാരി ക്ഷേമനിധി ബോർഡിന്റെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ ബിവറേജസ് കോർപ്പറേഷനിൽ നിയമിച്ചിരുന്നു. കൂടാതെ ചാരായ തൊഴിലാളികളുടെ ആശ്രിതരായ 5 പേരെ വിവിധ കോടതി വിധികളുടെ അടിസ്ഥാനത്തിൽ കെ.എസ്.ബി.സി.-യിൽ നിയമിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള രണ്ടായിരത്തോളം പേർ ഇപ്പോഴും കോർപ്പറേഷന്റെ ഭാഗമാകാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

നിലവിൽ ഇത്തരത്തിലുള്ള 1230 ജീവനക്കാർ കോർപ്പറേഷനിൽ ജോലി ചെയ്തുവരുന്നു. ടി ജീവനക്കാർ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ ഏതെങ്കിലും അംഗീകൃത തസ്തികകളിൽ നിയമിക്കപ്പെട്ടവരല്ല മറ്റു ജീവനക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ടി ജീവനക്കാർക്കും നൽകുന്നുണ്ട്.

(ഇ) ഇവരെയൊക്കെ തഴഞ്ഞാണ് യൂണിയൻ നേതാക്കൾക്കും മറ്റും താൽപ്പര്യമുള്ളവരെ ഇപ്പോൾ കോർപ്പറേഷനിൽ തിരുകികയറ്റിയതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ?

നാളിതുവരെ ആർക്കുംതന്നെ പിൻവാതിൽ വഴി നിയമനം നൽകിയിട്ടില്ല.

(എഫ്) കഴിഞ്ഞ ഏതാനും മാസം മുൻപ് തൃശ്ശൂർ റീജിയണൽ ഓഫീസിൽ ഇതുസംബന്ധമായ ഇന്റർവ്യൂ നടന്നിരുന്നോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ സ്വീപ്പർ-കം-സ്കാവഞ്ചർ തസ്തികയിലേയ്ക്ക് നിയമനത്തിനായി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽനിന്നും ലഭിച്ച ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി 15-10-2020-ൽ തൃശ്ശൂർ റീജിയണൽ മാനേജരുടെ ഓഫീസിൽ വച്ച് ഇന്റർവ്യൂ നടത്തുകയുണ്ടായി.

(ജി) വിധവകൾ, വികലാംഗർ, മറ്റ് നിരാലംബർ എന്നിവർക്കൊക്കെ നിയമനത്തിന് മുൻഗണനയുണ്ടെങ്കിലും പരിഗണിക്കപ്പെടുന്നത് മറ്റ് ഘടകങ്ങളാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധിക്കുമോ; എങ്കിൽ നിയമനം സുതാര്യവും നിയമസാധുതയും ഉള്ളതാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്വീപ്പർ നിയമനം യോഗ്യതയുടെ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം സംവരണതത്വങ്ങൾ പാലിച്ചുകൊണ്ടും തികച്ചും സുതാര്യമായാണ് നടത്തുന്നത്.

**ആംനസ്റ്റി സ്കീം**

312 (2922) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾക്ക് വിറ്റുവരവ് നികുതിയിൽ വരുത്തിയ കുടിശ്ശികയ്ക്ക് ഇളവ് നൽകുന്ന ആംനസ്റ്റി സ്കീം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത സ്കീം എന്നുവരെയുള്ള കുടിശ്ശികകൾക്കാണ് ബാധകമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

പ്രസ്തുത സ്കീമുകൾ 31-3-2020 വരെയുള്ള കുടിശ്ശികകൾക്ക് ബാധകമാണ്.

(സി) 2013-14 കാലയളവിൽ പൂട്ടുകയും പിന്നീട് ലൈസൻസ് ലഭിക്കുകയും ചെയ്ത ബാർ ഹോട്ടലുകളുടെ നികുതിയിലെ പിഴ ഒഴിവാക്കുന്നതിനും പലിശ പകുതിയായി കുറയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ?

2020-ലെ കേരള ഫിനാൻസ് ആക്ടിലെ സെക്ഷൻ 7 എ പ്രകാരമുള്ള ആംനസ്റ്റി സ്കീമിന്റെ പരിധിയിൽ വരുന്നത് സർക്കാരിന്റെ 2014-15-ലെ അബ്കാരി പോളിസി അനുസരിച്ച് പൂട്ടുകയും പിന്നീട് ലൈസൻസ് ലഭിക്കുകയും ചെയ്തിട്ടുള്ള ബാർ ഹോട്ടലുകളാണ്. മറ്റുള്ളവയ്ക്ക് സെക്ഷൻ 23 ബി പ്രകാരം 1-4-2005 വരെയുള്ള കുടിശ്ശികകൾക്ക് വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മുഴുവൻ പിഴത്തുകയും പലിശയും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, നികുതിതുകയുടെ 50% തുക തവണകളായും അല്ലെങ്കിൽ 40% തുക ഒറ്റത്തവണയായും അടച്ച് കുടിശ്ശിക തീർപ്പാക്കാം. 1-4-2005 മുതലുള്ള കുടിശ്ശികകൾക്ക് പിഴത്തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്.

(ഡി) പ്രസ്തുത ആംനസ്റ്റി സ്കീം നടപ്പിലാക്കിയതുമൂലം സർക്കാരിനുണ്ടായ വരുമാന നഷ്ടം എത്രയെന്ന് അറിയിക്കുമോ?

കണക്കാക്കപ്പെട്ടിട്ടില്ല.

**പുതിയ ബാറുകൾ**

313 (2923) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിച്ചിരുന്നു എന്ന് അറിയിക്കുമോ?

മുൻസർക്കാരിന്റെ കാലത്ത് 2014-15 വർഷം സംസ്ഥാനത്ത് 748 ബാറുകൾ പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലയളവിൽ നിലവിൽ വന്ന അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ 5 സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള 29 ബാർ ലൈസൻസ് ഒഴികെയുള്ളവ റദ്ദ് ചെയ്യുകയും റദ്ദ് ചെയ്ത ബാർ ഹോട്ടലുകൾക്ക് മുൻ സർക്കാരിന്റെ കാലത്ത് ബിയർ & വൈൻ ലൈസൻസ് അനുവദിച്ചിട്ടുള്ളതുമാണ്. അപ്രകാരം മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്ത് 29 ബാർ ഹോട്ടലുകളും 813 ബിയർ & വൈൻ പാർലറുകളും പ്രവർത്തിച്ചിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 മേയ് മുതൽ 2020 ഡിസംബർ വരെ എത്ര പുതിയ ബാറുകൾക്ക് ലൈസൻസുകൾ നൽകി; എത്രയെണ്ണം അടച്ചുപൂട്ടി; കണക്കുകൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 മേയ് മുതൽ 2020 ഡിസംബർ വരെ 182 പുതിയ ഹോട്ടലുകൾക്ക് ബാർ ലൈസൻസുകൾ നൽകി. ബാറുകൾ ഒന്നും തന്നെ ഈ സർക്കാർ അടച്ചുപൂട്ടിയിട്ടില്ല.

(സി) സംസ്ഥാനത്ത് ഇനിയും പുതിയ ബാറുകൾക്ക് ലൈസൻസ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

അബ്കാരി നിയമത്തിനും വിദേശമദ്യച്ചട്ടത്തിനും അനുസൃതമായി ബാർലൈസൻസുകൾക്കായി വരുന്ന അപേക്ഷകളിൽ, സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെയും വ്യാജമദ്യത്തിന്റെയും വിതരണവും വ്യാപനവും പരമാവധി കുറയ്ക്കുന്നതിന്റെയും വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിന്റെയും ഭാഗമായി നിലവിലെ അബ്കാരി നയപ്രകാരം നിയമാനുസരണനടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്തെ മദ്യ വിൽപ്പന**

314 (2924) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന മാസം സംസ്ഥാനത്തെ മദ്യ വിൽപ്പന എത്ര ലിറ്ററായിരുന്നുവെന്നും ഈ ഇനത്തിൽ സർക്കാരിന് കിട്ടിയ വരുമാനം എത്രയായിരുന്നുവെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന 2016 മേയ് മാസം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വെയർഹൗസുകൾ വഴിയും ചില്ലറ വിൽപ്പനശാലകൾ വഴിയുമായി 1.61 കോടി ലിറ്റർ വിദേശമദ്യവും 1.22 കോടി ലിറ്റർ ബിയറും വിൽപ്പന നടത്തിയിട്ടുണ്ട്. ഇതുവഴി കോർപ്പറേഷന്റെ വിറ്റുവരവ് 1055 കോടി രൂപയും, ഇതിൽ 879 കോടി രൂപ വിവിധ നികുതിയിനങ്ങളിലായി സംസ്ഥാന ഖജനാവിലേയ്ക്ക് നൽകിയിട്ടുള്ളതുമാണ്.

(ബി) ഈ കാലയളവിൽ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിച്ചിരുന്നുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

2016 മേയ് മാസം കേരളത്തിൽ 29 ബാറുകൾ പ്രവർത്തിച്ചിരുന്നു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 06 |
| കൊല്ലം | - | 02 |
| പത്തനംതിട്ട | - | ഇല്ല |
| ആലപ്പുഴ | - | 02 |
| കോട്ടയം | - | 02 |
| ഇടുക്കി | - | ഇല്ല |
| എറണാകുളം | - | 12 |
| തൃശ്ശൂർ | - | 01 |
| പാലക്കാട് | - | ഇല്ല |
| മലപ്പുറം | - | 01 |
| കോഴിക്കോട് | - | 01 |
| വയനാട് | - | 01 |
| കണ്ണൂർ | - | ഇല്ല |
| കാസർഗോഡ് | - | 01 |
| ആകെ | - | 29 |

(സി) 2020 ഡിസംബർ മാസം സംസ്ഥാനത്തെ മദ്യ വിൽപ്പന എത്രയായിരുന്നുവെന്നും ഈ ഇനത്തിൽ സർക്കാരിന് കിട്ടിയ വരുമാനം എത്രയായിരുന്നുവെന്നും വിശദമാക്കാമോ?

2020 ഡിസംബർ മാസം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള എഫ്.എൽ 9 വെയർഹൗസുകളും എഫ്.എൽ-1 ചില്ലറവിൽപ്പനശാലകളും വഴി 1498.45 കോടി രൂപയുടെ മദ്യം വിൽപ്പന നടത്തിയിട്ടുണ്ട്. ഇതിൽ 1315.10 കോടി രൂപ വിവിധ നികുതിയിനങ്ങളിലായി സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

ഇപ്പോൾ സംസ്ഥാനത്ത് 619 ബാറുകൾ പ്രവർത്തിക്കുന്നു. മുൻ സർക്കാരിന്റെ കാലത്ത് 2014-15 വർഷത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 748 ബാർ ഹോട്ടലുകളിൽ പ്രസ്തുത സമയത്തെ അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചനക്ഷത്ര നിലവാരമുള്ള 29 എണ്ണത്തിന്റെ ഒഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്ത് ബിയർ/വൈൻ പാർലർ ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. ഇപ്രകാരം ബിയർ/വൈൻ പാർലർ ലൈസൻസ് ഉണ്ടായിരുന്ന ഹോട്ടലുകളിൽ പുതുക്കിയ അബ്കാരി പോളിസിയിലെ വ്യവസ്ഥകൾക്ക് വിധേയമായി ബാർ ലൈസൻസ് പുതുക്കി നൽകിയ 407 എണ്ണം ഉൾപ്പെടെയാണ് സംസ്ഥാനത്ത് ആകെ 619 ബാറുകൾ പ്രവർത്തിക്കുന്നത്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 60 |
| കൊല്ലം | - | 52 |
| പത്തനംതിട്ട | - | 20 |
| ആലപ്പുഴ | - | 37 |
| കോട്ടയം | - | 54 |
| ഇടുക്കി | - | 23 |
| എറണാകുളം | - | 147 |
| തൃശ്ശൂർ | - | 81 |
| പാലക്കാട് | - | 38 |
| മലപ്പുറം | - | 25 |
| കോഴിക്കോട് | - | 34 |
| വയനാട് | - | 09 |
| കണ്ണൂർ | - | 30 |
| കാസർഗോഡ് | - | 09 |
| ആകെ | - | 619 |

## മദ്യത്തിന്റെ നികുതി വർദ്ധിപ്പിക്കുന്ന നടപടി

315 (2925) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ നികുതി വർദ്ധിപ്പിക്കുന്നതിലൂടെ മദ്യ ഉപഭോഗം കുറയ്ക്കുന്നതിനും കുറഞ്ഞ അളവിൽ മദ്യം കഴിക്കുന്ന ശീലം ഉണ്ടാക്കുന്നതിനും കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ?

ഇതുസംബന്ധിച്ച പഠനം നടത്തിയിട്ടില്ല.

(ബി) കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറുന്നതിന് മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടിയിലും വില്പന നികുതിയിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മദ്യത്തിന്മേലുള്ള വിൽപ്പന നികുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ എക്സൈസ് ഡ്യൂട്ടി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടില്ല. ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനും, വിദേശ നിർമ്മിത വിദേശ മദ്യത്തിനും 35% നിരക്കിലും, ബിയറിനും വൈനിനും 10% നിരക്കിലും വിൽപ്പന നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിന് മുൻപുള്ള നിരക്കും വർദ്ധിപ്പിച്ച നിരക്കും താഴെ പറയുന്നു.

| | മുമ്പുള്ള നിരക്ക് | വർദ്ധിപ്പിച്ച നിരക്ക് |
|---|---|---|
| ഇന്ത്യൻ നിർമ്മിത വിദേശമദ്യം | 202% മുതൽ 212% വരെ | 237% മുതൽ 247% വരെ |
| വിദേശ നിർമ്മിത വിദേശ മദ്യം | 80% | 115% |
| ബിയർ | 102% | 112% |

(സി) ഇതിലൂടെ പ്രതിവർഷം എന്ത് തുക അധികമായി ലഭിക്കുമെന്ന് അറിയിക്കാമോ?

ഇപ്രകാരം നിരക്ക് വർദ്ധിപ്പിച്ചതുവഴി മദ്യവിൽപ്പനയിലൂടെ സംസ്ഥാന സർക്കാരിന് 28-5-2020 തീയതി മുതൽ 31-12-2020 തീയതി വരെയുള്ള കാലയളവിൽ ഏകദേശം 855 കോടി രൂപയുടെ അധിക നികുതി വരുമാനം ലഭിച്ചിട്ടുണ്ട്. ഇപ്പോഴത്തെ തോത് അനുസരിച്ച് ഏകദേശം 1518 കോടി രൂപയുടെ അധിക നികുതി വരുമാനം സംസ്ഥാന സർക്കാരിന് പ്രതിവർഷം ലഭിക്കുന്നതാണ്.

## മയക്കുമരുന്നുകളുടെ വ്യാപകമായ ഉപയോഗം

316 (2926) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ വ്യാപകമായ ഉപയോഗവും വിൽപ്പനയും വലിയ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. സംസ്ഥാനത്തെ എക്സൈസ് റെയ്ഞ്ച്, സർക്കിൾ ഓഫീസുകൾക്ക് പുറമെ എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ മേഖലാ സ്ക്വാഡുകൾ മൂന്ന് മേഖലകളിലായി പ്രവർത്തിച്ചുവരുന്നു. എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് വളരെ ഊർജ്ജസ്വലമായി പ്രവർത്തിക്കുകയും വളരെയധികം കേസുകൾ കണ്ടെടുക്കുകയും ചെയ്യുന്നുണ്ട്. എക്സൈസ് ഇന്റലിജൻസ് വിഭാഗം നൽകുന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലും കേസുകൾ കണ്ടെടുക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകൾ വഴിയുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളെ കൂടാതെ ബോർഡർ പട്രോളിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനും ലഹരിക്കടിമപ്പെട്ടവർക്ക് കൗൺസിലിംഗും ലഹരി മുക്തിക്കായുള്ള ചികിത്സയും വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2020 ഡിസംബർ വരെ 27270 എൻ.ഡി.പി.എസ്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 10235 കി.ഗ്രാം കഞ്ചാവ്, 7510 കഞ്ചാവ് ചെടി, 190.912 കി.ഗ്രാം ഹാഷിഷ് ഓയിൽ, 689.105 ഗ്രാം ഹെറോയിൻ, 849.454 ഗ്രാം ബ്രൗൺ ഷുഗർ, 32.049 കി. ഗ്രാം എം.ഡി.എം.എ, 14.33 കി.ഗ്രാം ചരസ്, 5.7 കി.ഗ്രാം ഓപ്പിയം, 90530 എണ്ണം ആംപ്യൂളുകൾ/ഗുളികകൾ എന്നിവ പിടിച്ചെടുത്തിട്ടുമുണ്ട്.

## മയക്കുമരുന്ന് കേസുകൾ

317 (2927) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനവരി ഒന്നു മുതൽ ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര മയക്കുമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ?

2020 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ സംസ്ഥാനത്ത് 3667 മയക്കുമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2020 വർഷം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കേസുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ജില്ല | എൻ.ഡി.പി.എസ്. കേസ് |
|---|---|
| തിരുവനന്തപുരം | 159 |
| കൊല്ലം | 303 |
| പത്തനംതിട്ട | 183 |
| ആലപ്പുഴ | 256 |
| കോട്ടയം | 317 |
| ഇടുക്കി | 285 |
| എറണാകുളം | 429 |
| തൃശ്ശൂർ | 394 |
| പാലക്കാട് | 279 |
| മലപ്പുറം | 317 |
| കോഴിക്കോട് | 110 |
| വയനാട് | 233 |
| കണ്ണൂർ | 330 |
| കാസർഗോഡ് | 72 |
| ആകെ | 3667 |

(സി) 2019 വർഷം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കേസുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ജില്ല | എൻ.ഡി.പി.എസ്. കേസ് |
|---|---|
| തിരുവനന്തപുരം | 442 |
| കൊല്ലം | 497 |
| പത്തനംതിട്ട | 357 |
| ആലപ്പുഴ | 601 |
| കോട്ടയം | 469 |
| ഇടുക്കി | 465 |
| എറണാകുളം | 890 |
| തൃശ്ശൂർ | 612 |
| പാലക്കാട് | 727 |
| മലപ്പുറം | 599 |
| കോഴിക്കോട് | 264 |
| വയനാട് | 456 |
| കണ്ണൂർ | 514 |
| കാസർഗോഡ് | 206 |
| ആകെ | 7099 |

**ലഹരി പദാർത്ഥങ്ങൾ**

318 (2928) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വർക്കല മണ്ഡലത്തിലെ പരിധി യിലുൾപ്പെടുന്ന പ്രദേശങ്ങളിൽ മയക്കുമരുന്ന്, ലഹരി പദാർത്ഥങ്ങൾ കൈവശം വച്ചതിനും വില്പന നടത്തിയതിനുമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം വർക്കല മണ്ഡലത്തിന്റെ പരിധിയിൽ നിന്നും എൻ.ഡി.പി.എസ്. നിയമപ്രകാരം 160 കേസുകളും കോട്പ നിയമ പ്രകാരം 2055 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ആയവയിൽ ഉയർന്ന തോതിൽ കൈവശം വച്ചതിന് എത്ര പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് റിമാൻഡ് നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ?

ഉയർന്ന തോതിൽ മയക്കുമരുന്ന് കൈവശം വച്ചതിന് 8 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് റിമാന്റ് നടപ്പിലാക്കിയിട്ടുണ്ട്.

**പയ്യന്നൂർ എക്സൈസ് റെയ്ഞ്ച് ഓഫീസിന് പുതിയ കെട്ടിടം**

319 (2929) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ എക്സൈസ് റെയ്ഞ്ച് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

പയ്യന്നൂർ എക്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ലഭ്യമായിട്ടില്ല.

**കാസർഗോഡ് എക്സൈസ് ഭവൻ**

320 (2930) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എക്സൈസ് ഭവൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സോയിൽ സർവ്വേ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിനുള്ള ഭരണാനുമതി ലഭിച്ചോയെന്നും എങ്കിൽ തുക എത്രയാണെന്നും വ്യക്തമാക്കാമോ?

5.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) എപ്പോഴാണ് ഭരണാനുമതി ലഭിച്ചതെന്നും ടെണ്ടർ നടപടി പൂർത്തിയായോ എന്നും വ്യക്തമാക്കാമോ;

(ഡി) എങ്കിൽ കരാറുകാരൻ ആരാണെന്നും നിർമ്മാണ കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ?

(സി&ഡി) 12-3-2020-ലെ സ.ഉ(സാധാ)നമ്പർ205/2020/നിവ. പ്രകാരം ഭരണാനുമതി നൽകി. ടെണ്ടർ നടപടി പൂർത്തിയായിട്ടില്ല.

(ഇ) കാസർഗോഡ് ജില്ലയിൽ എത്ര എക്സൈസ് ഓഫീസുകൾ ഉണ്ടെന്നും എത്രയെണ്ണമാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതെന്നും ഒരുമാസം വാടക ഇനത്തിലുള്ള ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 11 എക്സൈസ് ഓഫീസുകളും 3 ചെക്ക്പോസ്റ്റുകളും നിലവിലുണ്ട്. മേൽ ഓഫീസുകളൊന്നും തന്നെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല.

## കാട്ടാക്കട എക്സൈസ് സർക്കിൾ ഓഫീസ്

321 (2931) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതിനായുള്ള നടപടി സ്വീകരിക്കാമോ?

(എ&ബി) കാട്ടാക്കട എക്സൈസ് സബ് ഇൻസ്പെക്ടർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതിയും തുടർനടപടികളും വിശദമാക്കാമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## മാവേലിക്കരയിൽ പുതിയ എക്സൈസ് ഓഫീസ് കെട്ടിടം

322 (2932) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ എക്സൈസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പുതിയ എക്സൈസ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും തുക അനുവദിക്കുന്നതിനും നിർമ്മാണം നടത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പൊതുമരാമത്ത് കെട്ടിട വിഭാഗം നല്കിയ എസ്റ്റിമേറ്റിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മാവേലിക്കര എക്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതിക്കായി സമർപ്പിച്ച പ്ലാനും എസ്റ്റിമേറ്റും സർക്കാർ പരിശോധിച്ചു വരുകയാണ്.

## കായംകുളം എക്സൈസ് ഓഫീസ്

323 (2933) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം എക്സൈസ് ഓഫീസ് നിലവിൽ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ കായംകുളം എക്സൈസ് ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

കായംകുളം എക്സൈസ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല.

## പത്തനംതിട്ട എക്സൈസ് ടവർ

324 (2934) ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ എക്സൈസ് ടവർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടവറിന്റെ സ്ഥലമെടുപ്പിന് നിലവിൽ എന്തെങ്കിലും തടസങ്ങൾ നേരിടുന്നുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-സി) പത്തനംതിട്ട ഡിവിഷനിലെ എക്സൈസ് ടവറിനാവശ്യമായ വസ്തുവിന്റെ വില റവന്യൂ വകുപ്പ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ടി വസ്തുവിലുള്ള നിർദ്ദിഷ്ട കെട്ടിടത്തിന്റെ വിലയായ 2,20,00,000 രൂപ അംഗീകരിച്ചിട്ടുള്ളതായി ഉത്തരവിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ടി വില അംഗീകരിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ പത്തനംതിട്ട ജില്ലാകളക്ടർ റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

## വിദ്യാലയപരിസരങ്ങളിലെ ലഹരി വിൽപ്പനയും ഉപയോഗവും

325 (2935) ശ്രീ . ടി. വി. ഇബ്രാഹിം:
ശ്രീ. കെ. എം. ഷാജി:
ഡോ. എം. കെ . മുനീർ:
ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ ജാഗ്രതാസമിതികളുൾപ്പെടെ രൂപീകരിച്ചിട്ടും വിദ്യാലയ/ബസ് സ്റ്റാൻഡ് പരിസരങ്ങളിൽ ലഹരിപദാർത്ഥങ്ങൾ നേരിട്ടും ഐസ്ക്രീം, ജ്യൂസ് എന്നിവകളിൽ കലർത്തിയും വില്പന നടത്തിവരുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെതിരെ ശക്തമായ നടപടികളെടുത്ത് കേസുകൾ രജിസ്റ്റർ ചെയ്തുവരുന്നുണ്ട്. എന്നാൽ ഐസ്ക്രീം/ജ്യൂസ് എന്നിവയിൽ കലർത്തിയുള്ള ലഹരി പദാർത്ഥ വില്പന ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിദ്യാലയപരിസരങ്ങളിൽ ലഹരിപദാർത്ഥങ്ങളുടെ വിൽപ്പനയും ഉപയോഗവും നേരിട്ടും അല്ലാതെയും നിരീക്ഷിക്കുന്നതിനും നടപടിയെടുക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമുണ്ടോ; വിശദമാക്കാമോ?

അബ്കാരി ആക്ട് പ്രകാരം ഇക്കാര്യത്തിൽ നടപടിയെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമില്ല.

(സി) വിദ്യാലയ പരിസരങ്ങൾ ലഹരി മുക്തമാക്കുന്നതിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം തടയുന്നതിനും സ്കൂൾ പരിസരങ്ങൾ ലഹരിമുക്തമാക്കുന്നതിനും എക്സൈസ് വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകളിലും സ്കൂൾ പരിസരങ്ങളിലും ലഹരി വ്യാപനം തടയുന്നതിനായി സംസ്ഥാനത്തെ 4842 സ്കൂളുകളിലും 899 കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളും കോളേജുകളും സന്ദർശിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ സംരക്ഷണ സമിതികൾ എന്നിവയുമായി ബന്ധപ്പെട്ട് ലഹരി ഉപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തി ആവശ്യമായ പ്രതിരോധ നടപടികളും നിയമനടപടികളും സ്വീകരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഒരു എക്സൈസ് ഉദ്യോഗസ്ഥനെ വീതം ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലുള്ള കച്ചവടസ്ഥാപനങ്ങളിൽ പുകയില ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ പരിശോധനകൾ നടത്തിവരുന്നു. സ്കൂൾ/കോളേജ് പരിസരങ്ങളിൽ പട്രോളിംഗ് നടത്തി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം ലഹരി വിരുദ്ധ ക്ലബ്ബുകളുമായി സഹകരിച്ച് പരിശീലനം ലഭിച്ച എക്സൈസ് ഉദ്യോഗസ്ഥർ ലഹരി ക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകളും നൽകിവരുന്നു. ഓൺലൈൻ മുഖേനയും അല്ലാതെയും എല്ലാ ജില്ലകളിലും ലഹരി വിരുദ്ധ ബോധവൽക്കരണവുമായി ബന്ധപ്പെട്ട വെബിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു.

## ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ

326 (2936) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വിമുക്തി മിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും സർക്കാർ ആശുപത്രികളോടനുബന്ധിച്ച് 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളിൽ ഡീ-അഡിക്ഷൻ ഒ.പി. വിഭാഗം, കിടത്തി ചികിത്സ (ഇൻപേഷ്യന്റ് വിഭാഗം), അസസ്സ്മെന്റ് ഓഫ് ഡ്രഗ്സ്/ആൽക്കഹോൾ അബ്യൂസ് പ്രോബ്ലം, ഡീ ടോക്സിഫിക്കേഷൻ തെറാപ്പി, രോഗികൾക്കും കുടുംബത്തിനുമുള്ള കൗൺസിലിംഗ്, ഗ്രൂപ്പ് തെറാപ്പി, ബോധവൽക്കരണ ക്ലാസ്സുകൾ, ഡീ-അഡിക്ഷൻ സെന്ററുകളിൽ ചികിത്സ തേടിയവരുടെ തുടർചികിത്സ എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഡീ-അഡിക്ഷൻ സെന്ററുകൾ മുഖാന്തരം ഒ.പി. വിഭാഗത്തിൽ 37390 പേർക്കും ഐ.പി വിഭാഗത്തിൽ 3999 പേർക്കും ചികിത്സ നൽകിയിട്ടുണ്ട്.

(ബി) ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത ഡീഅഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഫണ്ടുകളുടെ അപര്യാപ്തതമൂലം ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടില്ല.

## എക്സൈസ് വകുപ്പിലെ ഡ്രൈവർ തസ്തിക

327 (2937) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ആവശ്യത്തിന് ഡ്രൈവർമാരില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എക്സൈസ് വകുപ്പിലെ വാഹനത്തിന് ആനുപാതികമായി എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിക്കേണ്ടതെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തികയുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ എക്സൈസ് വകുപ്പിൽ 277 ഡ്രൈവർ തസ്തികകളുണ്ട്. പുതുതായി ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## അബ്കാരി ഷാപ്പുകളുടെ അനുമതി

328 (2938) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി ഷാപ്പുകൾ തുറക്കാൻ അനുമതി നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്കും ഗ്രാമസഭകൾക്കുമുണ്ടായിരുന്ന ഏതൊക്കെ അധികാരങ്ങളാണ് ഈ സർക്കാർ എടുത്തുകളഞ്ഞത്; വിശദമാക്കാമോ?

ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുണ്ടായിരുന്ന കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ 232-ാം വകുപ്പിലും കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ 447-ാം വകുപ്പിലും ഉൾക്കൊള്ളിച്ചിരുന്ന ചുവടെ ചേർക്കുന്ന അധികാരങ്ങളാണ് ഈ സർക്കാർ എടുത്തുകളഞ്ഞത്.

(i) ഒരു ഗ്രാമപഞ്ചായത്തിന്റെയോ നഗരസഭയുടെയോ മുൻകൂർ അനുമതി യില്ലാതെ അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രദേശത്തിനുള്ളിൽ അബ്കാരി ഷോപ്പ് സ്ഥാപിക്കാൻ പാടില്ല.

(ii) പൊതുസമാധാനത്തിന്റെയോ സൻമാർഗ്ഗത്തിന്റെയോ താല്പര്യത്തിലോ സൗകര്യമോ ശല്യമോ കാരണമായോ ഒരു അബ്കാരി ഷോപ്പ് അത് സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും ഇതിനായി നിർദ്ദേശിക്കാവുന്ന പതിനഞ്ച് ദിവസത്തിൽ കവിയാത്ത സമയപരിധിക്കുള്ളിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റാനോ അല്ലെങ്കിൽ അടയ്ക്കാനോ ഉത്തരവ് നൽകാൻ ഒരു ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(ബി) ധാർമ്മികതയുടെയും ശല്യത്തിന്റെയും അടിസ്ഥാനത്തിൽ അബ്കാരി ഷാപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനും അടച്ചുപൂട്ടുന്നതിനും ഉത്തരവ് നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം ഉണ്ടായിരുന്നോ; പ്രസ്തുത അധികാരം എടുത്തു കളഞ്ഞത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കുമോ?

ഉണ്ടായിരുന്നു. മദ്യശാലകൾ അനുവദിക്കുമ്പോൾ എൻ.ഒ.സി. നൽകുന്നതിന് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകിയിരുന്ന അധികാരം സംസ്ഥാനത്ത് പൊതുവായ മദ്യനയം നടപ്പാക്കുന്നതിന് തടസ്സമായിവന്നു. പല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മദ്യശാലകൾക്ക് എൻ.ഒ.സി. നൽകുകയും ചില പഞ്ചായ ത്തുകൾ നിരസിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിന്നിരുന്നു. മാത്രമല്ല കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന നിയമത്തിൽ നിലവിലുണ്ടായിരുന്ന മദ്യശാലകൾക്ക് ഈ നിയമം ബാധകമാക്കിയിരുന്നില്ല. ഇതുമൂലം നിലവിലുണ്ടായിരുന്ന മദ്യശാലകളെ സഹായിക്കുന്ന തരത്തിലാണ് നിയമം പ്രാവർത്തികമാക്കിയതെന്ന ആക്ഷേപം നിലനിന്നിരുന്നു. ഈ വിവേചനം അവസാനിപ്പിക്കുന്നതിനും കൂടിയാണ് പ്രസ്തുത അധികാരം എടുത്തുകളഞ്ഞത്.

### ലേബർ കോടതികളിലെ കേസുകൾ

329 (2939) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലേബർ കോടതികളിൽ നാളിതുവരെ എത്ര കേസുകൾ വന്നിട്ടുണ്ട്; എത്രയെണ്ണം തീർപ്പുകൽപ്പിച്ചു; ഇനി തീർപ്പുകല്പിക്കാനുള്ളത് എത്ര; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലേബർ കോടതികളിൽ ആകെ 2046 കേസുകൾ വന്നിട്ടുണ്ട്. മുൻ കുടിശ്ശിക കേസുകളുൾപ്പടെ ആകെ 1790 കേസുകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. ഇനി 1189 കേസുകൾ തീർപ്പുകൽപ്പിക്കാനായുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 2610, 2631, 2685, 2707, 2811 എന്നീ നമ്പർ ചോദ്യങ്ങൾ ഒഴിവാക്കിയിരിക്കുന്നു.)

(നക്ഷത്രചിഹ്നമിടാത്ത 2694-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II അനുമോദനം

### ശ്രീ. ഉമ്മൻ ചാണ്ടി നിയമസഭാംഗമായതിന്റെ 50-ാം വർഷം

മി. സ്പീക്കർ: കേരള രാഷ്ട്രീയത്തിലെ അപൂർവ്വതകളിലൊന്നാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നിയമസഭാംഗത്വത്തിന്റെ 50-ാം വർഷം പൂർത്തിയാകുന്ന ഈ സാഹചര്യം. അടിമുതൽ മുടിവരെ പ്രവർത്തന സന്നദ്ധതയും ജനങ്ങൾക്കിടയിൽ സവിശേഷവും അപൂർവ്വവുമായ ഒരു ലഹരിയോടെ ജീവിക്കുകയും ചെയ്യുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രവർത്തനശൈലി ഒരു പാഠപുസ്തകംപോലെ പഠനാർഹമാണ്. ജനപ്രാതിനിധ്യത്തിന്റെ അരനൂറ്റാണ്ട് പിന്നിടുമ്പോഴും മടുപ്പില്ലാത്ത ജീവിതത്തിന്റെ വിസ്മയം തീർത്തു കൊണ്ടിരിക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് സഭയുടെ അഭിവാദനം, അനുമോദനം അറിയിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന നിയമസഭയിൽ അരനൂറ്റാണ്ട് പൂർത്തിയാക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് അങ്ങയുടെ വികാരത്തോടൊപ്പം ചേർന്നുകൊണ്ട് അനുമോദനം അറിയിക്കുന്നു. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിൽ കടന്നുവന്ന അദ്ദേഹം 1970-ലെ നാലാം കേരള നിയമസഭയിലാണ് ആദ്യമായി അംഗമാകുന്നത്. ആ സഭയിൽ ഞാനും അംഗമായിരുന്നു. അതിനുശേഷം പതിനൊന്ന് തെരഞ്ഞെടുപ്പുകളിൽ തുടർച്ചയായി പുതുപ്പള്ളി നിയോജകമണ്ഡല ത്തിൽനിന്നും കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പാർലമെന്ററി ജനാധിപത്യത്തിൽ ഇത് അപൂർവ്വമാണ്. യശഃശരീരനായ കെ. എം. മാണിയെയും ഇതുപോലൊരവസരത്തിൽ ഈ സഭയിൽ വച്ച് അനുമോദിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. പതിനാലാം കേരള നിയമസഭ രണ്ടംഗങ്ങളുടെ സേവനത്തിന്റെ സുവർണ്ണ ജൂബിലിക്ക് സാക്ഷ്യംവഹിച്ചുവെന്നത് അപൂർവ്വമായ നേട്ടമാണ്. ശ്രീ. ഉമ്മൻ ചാണ്ടിക്ക് തൊഴിൽ, ആഭ്യന്തരം, ധനകാര്യം എന്നീ പ്രധാന വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിയായും രണ്ടുതവണ കേരള മുഖ്യമന്ത്രിയായും ഒരുതവണ പ്രതിപക്ഷ നേതാവായും പ്രവർത്തിച്ചുള്ള വിപുലമായ പാർലമെന്ററി പ്രവർത്തനപാരമ്പര്യമുണ്ട്. ജനങ്ങളുടെ അംഗീകാരം നേടി പൊതുരംഗത്ത് കർമ്മനിരതനായ ശ്രീ. ഉമ്മൻ ചാണ്ടിക്ക് അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തനവും ജനങ്ങൾക്കായുള്ള ഇടപെടലുകളും തുടർന്നും നടത്താനുള്ള പൂർണ്ണ ആരോഗ്യമുണ്ടാകട്ടെയെന്ന് ആശംസിക്കുകയാണ്. അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള നിയമ സഭയിലെ അപൂർവ്വതകളിൽ അപൂർവ്വമായ നിമിഷമാണിത്. അങ്ങും ബഹുമാന്യനായ മുഖ്യമന്ത്രിയും ചൂണ്ടിക്കാണിച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി കേരള രാഷ്ട്രീയത്തിന്റെ ഒരു വിസ്മയമാണ്. എപ്പോഴും ജനങ്ങളോടൊപ്പം ജീവിക്കുകയും ജനങ്ങളോടൊപ്പം നീങ്ങുകയും ചെയ്യുന്ന അനിതരസാധാരണമായ ഒരു പ്രവർത്തനശൈലിയുടെ ഉടമയാണ് അദ്ദേഹം. കെ.എസ്.യു. പ്രസ്ഥാനത്തിലൂടെ പൊതുജീവിതത്തിലേയ്ക്ക് കടന്നുവന്ന ശ്രീ. ഉമ്മൻ ചാണ്ടി, പ്രവർത്തിച്ച എല്ലാ മേഖലകളിലെയും സഹപ്രവർത്തകരുടെയും ജനങ്ങളുടെയും ആദരവും സ്നേഹവും പിടിച്ചുപറ്റിയ ഒരു നേതാവാണ്. 1970-ൽ നടന്ന തെരഞ്ഞെടുപ്പിലാണ് അദ്ദേഹം പുതുപ്പള്ളി നിയോജകമണ്ഡലത്തിൽനിന്നും മത്സരിച്ചത്. അന്നുമുതൽ ഇന്നുവരെ നിയമസഭയിൽ ഒരേ മണ്ഡലത്തെ പ്രതിനിധീകരിച്ച് കെ. എം. മാണി സാറിനെപ്പോലെ അദ്ദേഹം 50 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഏറ്റവും കരുത്തുള്ള മുഖമാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടേത്. കെ.എസ്.യു. പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് പ്രസിഡന്റ്, തൊഴിൽ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, അതോടൊപ്പം രണ്ടുതവണ കേരള മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, ഇപ്പോൾ AICC-യുടെ ജനറൽ സെക്രട്ടറി, കോൺഗ്രസ് പ്രവർത്തക സമിതിയംഗം എന്നീ നിലകളിലെല്ലാം അഭിമാനകരമായ പ്രവർത്തന റിക്കോർഡ് സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. എല്ലാവരോടും സ്നേഹപൂർണ്ണമായി പെരുമാറുന്ന, സ്വന്തം ശരീരത്തിലേയ്ക്ക് കല്ല് വലിച്ചെറിഞ്ഞ ആളിനെപ്പോലും സ്നേഹത്തോടെ കെട്ടിപ്പുണരാൻ കഴിയുന്ന ഒരു മനോഭാവത്തിന്റെ ഉടമയാണ് ശ്രീ. ഉമ്മൻ ചാണ്ടി. അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ തന്റെ മുന്നിൽവരുന്ന ആവലാതികൾ പരിഹരിക്കാൻ നടത്തിയ ശ്രമങ്ങൾ മാതൃകാപരമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാടിന്റെ വളർച്ചയുടെ വഴിത്താരയിൽ ശ്രീ. ഉമ്മൻ ചാണ്ടി നൽകിയ നിസ്തുലമായ സംഭാവനകളെ ഞാൻ ഓർക്കുന്നു. ഇനിയും ദീർഘകാലം കേരള രാഷ്ട്രീയത്തിനും കേരളത്തിലെ കോൺഗ്രസ് പാർട്ടിക്കും നേതൃത്വം കൊടുക്കാൻ അദ്ദേഹത്തിന് കഴിയട്ടെ. അദ്ദേഹത്തിന് എല്ലാവിധ ആശംസകളും ഞാൻ നേരുന്നു.

## III അറിയിപ്പ്

### ശ്രീ. പി. സി. ജോർജിന് നൽകിയ ശാസന

മി. സ്പീക്കർ: ഓർഡർ......ഓർഡർ......

പീഡനക്കേസിൽ വാദിയായ കന്യാസ്ത്രീക്കെതിരെ ശ്രീ. പി. സി. ജോർജ് എം.എൽ.എ. മോശമായ പരാമർശം നടത്തിയിരിക്കുകയാണെന്നും അവരെ പിന്തുണച്ചവരെ അദ്ദേഹം സ്വഭാവഹത്യ നടത്താൻ ശ്രമിക്കുന്നുവെന്ന് ആരോപിച്ച് ലഭിച്ച പരാതിയിൽ പറയുന്ന കാര്യങ്ങൾ വസ്തുതാപരമായി ശരിയാണെന്നും പീഡനക്കേസിലെ

ഇരയ്ക്ക് പൊതുസമൂഹം നൽകേണ്ട പിന്തുണയ്ക്കും സംരക്ഷണത്തിനും വിരുദ്ധമായി സമൂഹത്തിന് മാതൃകയാകേണ്ട ഒരു നിയമസഭാംഗം തന്റെ വ്യക്തി താല്പര്യങ്ങൾ മുൻനിർത്തി അവരെ മോശക്കാരിയായി ചിത്രീകരിക്കാൻ ശ്രമിക്കുന്നുവെന്ന ആക്ഷേപം വളരെ ഗൗരവതരമാണെന്നും പൊതുജീവിതത്തിൽ ഉയർന്ന നിലവാരത്തിലുള്ള സാന്മാർഗികതയും അന്തസ്സും മര്യാദയും മൂല്യങ്ങളും നിലനിർത്താൻ നിയമസഭാംഗങ്ങൾ ബാധ്യസ്ഥരാണെന്നിരിക്കെ ശ്രീ. പി. സി. ജോർജിന്റെ ഈ വിഷയത്തിലുണ്ടായ പ്രവൃത്തികൾ നിയമസഭാംഗങ്ങളുടെ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനമാണെന്നും നിയമസഭയുടെയും അംഗങ്ങളുടെയും അന്തസ്സിന് കോട്ടംതട്ടുന്നതാണെന്നും അതിന്റെ പേരിൽ അദ്ദേഹത്തെ ശാസിക്കേണ്ടതാണെന്നും പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി അതിന്റെ ഏഴാമത്തെ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് 2021 ജനുവരി 21-ാം തീയതി സഭ അംഗീകരിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ കേരള നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടങ്ങളുടെ ചട്ടം 53 (ബി) നൽകുന്ന അധികാരം വിനിയോഗിച്ച് ശ്രീ. പി. സി. ജോർജിനെ സഭ ശാസിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് നൽകിയ ശാസന പ്രത്യേകിച്ച്, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ തീരുമാന പ്രകാരം നൽകിയ ശാസനയെ വളരെ ആദരവോടുകൂടി ഞാൻ സ്വീകരിക്കുകയാണ്. പക്ഷെ വേറൊരു കാര്യം, അങ്ങേയ്ക്ക് ഞാനൊരു കത്ത് നൽകിയിട്ടുണ്ടായിരുന്നു. അതിൽ ചെറിയൊരു മാറ്റമുണ്ട്, വ്യക്തിപരമായി ഞാനൊരു ക്രൈസ്തവനാണ്. അപ്പോൾ ക്രൈസ്തവനെന്ന നിലയിൽ ഞങ്ങളുടെ ഒരു അഭിവന്ദ്യ പിതാവിനെതിരെ ചില സ്ത്രീകൾ പരാമർശം നടത്തിയപ്പോൾ അതിനെതിരെ ഞാൻ പരാമർശം നടത്തിയെന്നതിന്റെ പേരിലാണ് ഈ ശാസന. അതുകൊണ്ട് ഈ ശാസന ഞാൻ സ്വീകരിക്കുന്നു. പക്ഷെ അങ്ങയോട് എനിക്കൊരു അപേക്ഷയുള്ളത്, ഞാനിപ്പോൾ ഒരു ളോഹയിട്ട് ഇവിടെ വന്ന് നിന്നിട്ട് ഞാൻ വൈദികനാണെന്ന് പറഞ്ഞാൽ ആരെങ്കിലും അംഗീകരിക്കുമോ? അത് സാധ്യമല്ല. അതുപോലെ എഥിക്സ് കമ്മിറ്റി പറഞ്ഞിരിക്കുന്നത് കന്യാസ്ത്രീക്കെതിരെയെന്നാണ്. സർ, സഭയിൽനിന്നും പുറത്താക്കപ്പെട്ട ഒരു സ്ത്രീ എങ്ങനെയാണ് കന്യാസ്ത്രീയാകുന്നത്? ഞാൻ അങ്ങേയ്ക്ക് നൽകിയ കത്ത് അതാണ്. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ടിൽ പീഡനക്കേസിൽ വാദിയായത് കന്യാസ്ത്രീയെന്ന് കാണുന്നു. എന്നാൽ പ്രസ്തുത സ്ത്രീ സഭയിൽനിന്നും പുറത്താക്കപ്പെട്ട ആളാണ്. കന്യാസ്ത്രീയെന്ന് പറയാൻ അവർക്ക് അവകാശമില്ല. ആ നിലയ്ക്ക് ആ സ്ത്രീയെ കന്യാസ്ത്രീയെന്ന് പ്രയോഗിച്ചിരിക്കുന്നത് സഭാരേഖകളിൽനിന്നും നീക്കം ചെയ്യണമെന്നാണ് അങ്ങയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങ് റൂൾ ചെയ്യുമെന്ന് ഞാൻ കരുതുന്നു.

മി. സ്പീക്കർ: കന്യാസ്ത്രീയാണെങ്കിലും അല്ലെങ്കിലും സ്ത്രീകളോടുള്ള പെരുമാറ്റവുമായി ബന്ധപ്പെട്ടതാണ് സഭാ സമിതിയുടെ നിർദ്ദേശം. അത് അംഗീകരിക്കുകയാണ് വേണ്ടത്.

## IV അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഇന്നൊരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. പ്രകോപനപരമായ മുദ്രാവാക്യങ്ങളുയർത്തി കണ്ണൂർ ജില്ലയിൽ ഭരണ കക്ഷിയിൽപ്പെട്ട ഒരുകൂട്ടം പ്രവർത്തകർ പ്രകടനം നടത്തിയ സംഭവമാണ് അടിയന്തരപ്രമേയ വിഷയം. ഒരു രാഷ്ട്രീയ പാർട്ടി പ്രാദേശികമായി നടത്തിയ ഒരു പ്രകടനത്തിന്റെ പേരിൽ അടിയന്തരപ്രമേയം കൊണ്ടുവരുന്ന സാഹചര്യം നിർഭാഗ്യകരമാണ്, അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണഗതിയിൽ ഒരു രാഷ്ട്രീയ പാർട്ടി നടത്തിയ പ്രകടനമല്ല അത്. കോൺഗ്രസ്സിന്റെയും ലീഗിന്റെയും പ്രവർത്തകരെ കൊന്നുതള്ളുമെന്ന് പറഞ്ഞുകൊണ്ട് നടത്തിയ പ്രകടനമാണ്. അതുണ്ടാക്കുന്ന സംഘർഷം, ആ നാട്ടിലുണ്ടാക്കുന്ന പ്രതിസന്ധി, ജനങ്ങളിലുണ്ടാക്കുന്ന ഭയം, അതെല്ലാമാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. ഒരു സ്പെസിഫിക് ഇഷ്യൂവിനെ സംബന്ധിച്ച് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകാനുള്ള അധികാരം പ്രതിപക്ഷത്തിനുണ്ട്. ആ അധികാരമാണ് ഞങ്ങൾ ഉപയോഗിച്ചിട്ടുള്ളത്. കൊന്നുതള്ളുമെന്ന് പറഞ്ഞുകൊണ്ട് മുന്നോട്ടുപോകുന്ന നടപടി ജനങ്ങളിൽ ഭയാശങ്കകളുണ്ടാക്കിയിട്ടുണ്ട്, ആ പ്രദേശത്ത് പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ആ പ്രദേശത്തിനടുത്തുള്ള എം.എൽ.എ. ആയ ശ്രീ. സണ്ണി ജോസഫ് ഈ നോട്ടീസ് നൽകിയിട്ടുള്ളത്. അങ്ങ് അതിന്റെ മെറിറ്റിലേയ്ക്ക് കടക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇതൊരു റീസന്റ് ഇഷ്യൂവാണെങ്കിൽ, ഞങ്ങൾ ഉന്നയിച്ച വിഷയത്തിൽ ലോജിക്കുണ്ടെങ്കിൽ അനുവദിക്കുകയെന്നുള്ളതാണ്. ആ ഇഷ്യൂവിന്റെ മെറിറ്റിലേയ്ക്ക് കടക്കേണ്ടത് ഗവൺമെന്റാണ്. ദയവായി അങ്ങ് അനുവദിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന്റെ പരിഗണനയിൽ വരുന്നൊരു വിഷയമായി ചെയറിന് ബോദ്ധ്യമായിട്ടില്ല. ഒരുകാരണവശാലും ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട വിഷയമാണെന്ന് തോന്നുന്നില്ല. പ്രാദേശികമായ ഒരു വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന നോട്ടീസാണ്. ദയവായി നിങ്ങൾ വാശി പിടിക്കരുത്. മാത്രമല്ല, ഇന്നേദിവസം പ്രത്യേകമായി സമ്മേളനം ചേരാൻ തീരുമാനിച്ചത് ഒരു നിയമനിർമ്മാണവുമായി ബന്ധപ്പെട്ടുകൂടിയാണ്. ഏതൊരു വിഷയവും അടിയന്തര പ്രമേയമല്ല, അത് ശരിയല്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കെ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു. തുടർന്ന് യു.ഡി.എഫ്. അംഗങ്ങൾ സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിന് ശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) നീന്തൽ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തൽ

ശ്രീ. സി. ദിവാകരൻ: സർ, പ്രതിഭാധനനായ നടൻ അനിൽ നെടുമങ്ങാടിന്റെ മുങ്ങിമരണം ഞെട്ടലോടെയാണ് നാം കേട്ടത്. ഇത്തരത്തിലുള്ള ദുരന്തങ്ങളാണ് ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഒരു ദിവസം ശരാശരി മൂന്നിലധികം പേരാണ് കേരളത്തിൽ മുങ്ങിമരിക്കുന്നത്. ഇതിൽ 60% പേരും 30 വയസ്സിന് താഴെയുള്ളവരാണ്. സംസ്ഥാനത്ത് റോഡപകടങ്ങൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ മരിക്കുന്നത് ഇത്തരത്തിലാണ്. ഈ മേഖലയിൽ സർക്കാരിന്റെ ശ്രദ്ധ വേണ്ടത്ര പതിയുന്നില്ല. 2019-ൽ 1490 പേർ മുങ്ങിമരിച്ചു. നീന്തലറിയാവുന്നവരും അപകടത്തിൽപ്പെടുന്നുവെന്നതാണ് വസ്തുത. ഇതിനുകാരണം ജലാശയങ്ങളെക്കുറിച്ചുള്ള അപരിചിതത്വം, അനിയന്ത്രിതമായ മണലെടുപ്പുമൂലമുണ്ടാകുന്ന കുഴികൾ, കല്ലുവെട്ട് കുഴികൾ, ക്വാറികൾ, എന്നിവയാണ്. പലപ്പോഴും ഉറ്റവരുടെയോ സുഹൃത്തുക്കളുടെയോ കൺമുന്നിൽ അവർ നിസ്സഹായകരായി നോക്കിനിൽക്കെയാണ് അപകടം സംഭവിക്കുന്നത്. ഇത്തരം അപകടങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം ഗൗരവമായി പരിഗണിച്ച് നീന്തൽ പരിജ്ഞാനം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടി സർക്കാർ ആരംഭിച്ചെങ്കിലും കോവിഡ് കാരണം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇങ്ങനെയുള്ള അപകടങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് ബോധവൽക്കരണം, ജലാശയങ്ങളിലെ കുളിക്കടവുകൾ അടയാളപ്പെടുത്തൽ, ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കൽ, മുന്നറിയിപ്പ് സംവിധാനങ്ങൾ, സ്കൂളുകളിലും കോളേജുകളിലും നീന്തൽ പരിശീലനത്തിനാവശ്യമായ സജ്ജീകരണങ്ങൾ, ഓരോ ജില്ലയിലും ആധുനിക സജ്ജീകരണങ്ങളോടെയുള്ള നീന്തൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നിവയാണ്. ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. മുങ്ങിമരണം സംബന്ധിച്ച് കേരളത്തിലെ മാധ്യമങ്ങൾ പല സന്ദർഭങ്ങളിലും റിപ്പോർട്ട് ചെയ്തിരുന്നതാണ്. പ്രമുഖ ദിനപത്രമായ 'മാതൃഭൂമി' ഈ വിഷയത്തെക്കുറിച്ച് സുദീർഘമായ എഡിറ്റോറിയൽ നൽകിയിട്ടുണ്ട്. ഇത് അതീവ ഗുരുതരമായ

വിഷയമാണ്. നദികളിലും വെള്ളക്കെട്ടുകളിലും കുളങ്ങളിലും നിത്യേന മരണം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽപ്പെടുന്നത് ചെറുപ്പക്കാരും കുട്ടികളുമാണ്. അവർക്ക് നീന്താൻ അറിയില്ല. നീന്തൽ പരിശീലനങ്ങളില്ല. ഒരു വർഷംതന്നെ ആയിരക്കണക്കിനാളുകൾ മുങ്ങിമരിക്കുകയാണ്. മാധ്യമങ്ങളെല്ലാം ഇത് ഗൗരവമായ വിഷയമായി അവതരിപ്പിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ നീന്തൽ പരിജ്ഞാനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും നീന്തൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ച് വിപുലമായ പദ്ധതിക്ക് രൂപം നൽകുകയും ചെയ്യണമെന്നാണ് ഞാൻ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ അതീവ ഗൗരവമായിത്തന്നെയാണ് സർക്കാരും പരിഗണിച്ചുവരുന്നത്. കേരളത്തിൽ വർദ്ധിച്ചുവരുന്ന ജലാശയ അപകടങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് വിവിധ പദ്ധതികളിലൂടെ ഊർജ്ജിതമായ നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ജലാശയ അപകടങ്ങളുൾപ്പെടെയുള്ള സുരക്ഷാ പ്രശ്നങ്ങൾ വിശദമായി പഠിച്ച് ജനങ്ങളിൽ സുരക്ഷാവബോധം സൃഷ്ടിച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പുവരുത്തുന്നതിനും അതിലൂടെ ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും അപകടം ഉണ്ടാകുകയാണെങ്കിൽ നേരിടുന്നതിനും സമൂഹത്തെ പ്രാപ്തമാക്കുന്നതിന് അഗ്നിരക്ഷാ വകുപ്പ് സേഫ്റ്റി ബീറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

മുൻകാലങ്ങളിൽ അപകടമുണ്ടായ സ്ഥലങ്ങളിൽ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും ജലാശയ അപകടങ്ങളിലും പൊതുജന പങ്കാളിത്തം ഉറപ്പാക്കി രക്ഷാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വിവിധ മേഖലകളിലുള്ള സിവിൽ ഡിഫൻസ് വോളന്റിയർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. സാമൂഹിക സന്നദ്ധ സേനയിലെ അംഗങ്ങൾക്കും ഈ പരിശീലനം നൽകാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. സ്കൂബാ ഡൈവിംഗിൽ പ്രത്യേക പരിശീലനം നൽകി ജലാശയ അപകടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് പര്യാപ്തമാക്കി 14 ജില്ലകളിലും പ്രത്യേക ടീമുകൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഫോർട്ട് കൊച്ചി കേന്ദ്രമാക്കി ജലസുരക്ഷാ വിദഗ്ധ പരിശീലന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം നീന്തൽ പരിശീലനം നൽകുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. സർക്കാരിന്റെ മിഷൻ 676 ജലസുരക്ഷാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ 3150 വിദ്യാർത്ഥികൾക്ക് പ്രാഥമിക നീന്തൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, പാഠ്യപദ്ധതിയിൽ നീന്തൽ പരിജ്ഞാനം

ഉൾപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിനും സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് ഡയറക്ടർക്കും ശിപാർശ നൽകിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ എല്ലാ കുട്ടികളെയും നീന്തൽ പരിശീലനം ലഭിച്ചവരാക്കി മാറ്റുന്നതിനുള്ള നടപടിയും സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജനമൈത്രി സുരക്ഷാ പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയവയിലൂടെ സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും ക്ലബ്ബുകളും റസിഡന്റ്സ് അസോസിയേഷനുകളും കേന്ദ്രീകരിച്ച് യുവാക്കൾക്കും നീന്തൽ പരിശീലനം നൽകിവരുന്നുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിലും മറ്റും ലൈഫ് ഗാർഡുകളെ നിയമിച്ച് മുങ്ങിമരണങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ധാരാളം ജലാശയങ്ങളും പുഴകളും നീന്താൻ പറ്റുന്ന തരത്തിലുള്ള മറ്റ് വെള്ളക്കെട്ടുകളുമെല്ലാമുണ്ടെങ്കിലും എല്ലാ സ്ഥലങ്ങളിലും ശാസ്ത്രീയമായ നീന്തൽക്കുളങ്ങൾ സംഘടിപ്പിക്കാനും ആലോചിച്ചു വരുന്നുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ഈ വിഷയം സഭയിൽ കൊണ്ടുവരാൻ കാരണം, എന്റെ നിയോജകമണ്ഡലത്തിലെ പ്രതിഭാധനനായ സിനിമാ നടൻ അനിൽ നെടുമങ്ങാടിന്റെ മുങ്ങിമരണം അടുത്തകാലത്ത് സംഭവിച്ചതുകൊണ്ടാണ്. അത് വലിയ സങ്കടമാണ് ആളുകൾക്കുണ്ടാക്കിയത്. അദ്ദേഹം ഒന്നാന്തരമൊരു നടനായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ നെടുമങ്ങാട് എന്തെങ്കിലുമൊരു സ്മാരകമുണ്ടാക്കാൻ ബന്ധപ്പെട്ട വകുപ്പ് ആലോചിക്കണമെന്നാണ് എന്റെ അപേക്ഷ.

ശ്രീ. പിണറായി വിജയൻ: സർ, മുങ്ങിമരണമായാലും സാധാരണ മരണമായാലും ഏതും സങ്കടകരമാണ്. പ്രത്യേകിച്ച് പ്രതിഭാധനന്മാർ അപടത്തിൽപ്പെട്ട് മരിക്കുമ്പോൾ സ്വാഭാവികമായും ദുഃഖം ഇരട്ടിക്കും. ഇത് ആവർത്തിക്കാതിരിക്കാൻ ആവശ്യമായ എല്ലാ കരുതലുകളും നമുക്ക് സ്വീകരിക്കാം.

(2) ദേവസ്വം ബോർഡ് നിയമനങ്ങളിലെ സാമുദായിക സംവരണം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ദേവസ്വം ബോർഡിൽ നിലവിൽ പട്ടിക വിഭാഗങ്ങൾക്ക് 12% സംവരണമാണുള്ളത്. അതിൽ 10% പട്ടികജാതിക്കാർക്കും 2% പട്ടികവർഗ്ഗക്കാർക്കുമാണ്. ഹിന്ദു സമുദായങ്ങൾക്ക് മാത്രം ജോലി നൽകുന്നൊരു സ്ഥാപനമെന്ന നിലയിൽ ദേവസ്വം ബോർഡിൽ ഹിന്ദു ജനസംഖ്യാനുപാതികമായി യഥാർത്ഥത്തിൽ 19 ശതമാനമാണ് സംവരണം കൊടുക്കേണ്ടിയിരുന്നത്. എന്നാൽ പി.എസ്.സി. പോലുള്ള റിക്രൂട്ടിംഗ് സ്ഥാപനങ്ങളിലെ അതേ പാറ്റേണാണ് ദേവസ്വം ബോർഡിലും ഇപ്പോൾ നിലവിലുള്ളത്. 12% എന്നത് എല്ലാ സ്ഥാപനങ്ങളിലും കൊടുക്കുന്ന സംവരണത്തിന്റെ മാതൃക മാത്രമാണ്. ഹിന്ദു ജനസംഖ്യയിൽ പട്ടികവിഭാഗങ്ങൾ 19 ശതമാനമുണ്ട്. അതുകൊണ്ട് ദേവസ്വം ബോർഡിൽ 19%

സംവരണത്തിനും അവർക്ക് അർഹതയുണ്ട്. അതുപോലെതന്നെ ദേവസ്വം ബോർഡിന്റെ കീഴിൽ കോളേജുകളും സ്കൂളുകളുമുൾപ്പെടെ നിരവധി സ്ഥാപനങ്ങളുണ്ട്. അവിടെയൊന്നും ഇതുവരെ 12% സംവരണം നടപ്പിലാക്കിയിട്ടില്ല. ദേവസ്വം ബോർഡ് ഉടമസ്ഥത യിലുള്ള ക്ഷേത്രങ്ങളിലും മറ്റ് സ്ഥാപനങ്ങളിലെയും നിയമനം ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് വഴിയാണ് നടത്തുന്നത്. തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, മലബാർ, കൂടൽമാണിക്യം എന്നിങ്ങനെ അഞ്ച് ദേവസ്വം ബോർഡുകളുണ്ട്. മൂവായിരത്തോളം ക്ഷേത്രങ്ങളിൽ എട്ടിലധികം കോളേജുകളും നിരവധി സ്കൂളുകളും ദേവസ്വം ബോർഡുകളുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പല കാരണങ്ങൾകൊണ്ടും മേൽ സ്ഥാപനങ്ങളിൽ 60 വർഷം സംവരണ വിഭാഗങ്ങൾക്ക് പ്രവേശനം ലഭിച്ചിട്ടില്ല. നിലവിൽ ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് വഴി സംവരണം നടത്തുന്നുണ്ടെങ്കിലും സംവരണ തോത് പാലിക്കാൻ കഴിഞ്ഞിട്ടില്ല. 5-11-2019-ൽ ബഹുമാനപ്പെട്ട പി. സി. ജോർജ് ഒരു ചോദ്യം ചോദിച്ചിരുന്നു. ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ; ആയതിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർ എത്ര പേർ ഉണ്ടെന്നും അത് എത്ര ശതമാനം വരുമെന്നും വിശദമാക്കാമോ എന്നതായിരുന്നു ചോദ്യം. അതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ നൽകിയ മറുപടി ചുവടെ ചേർക്കുംപ്രകാരമാണ്;

തിരുവിതാംകൂർ ദേവസ്വം ബോർഡ്- 495

കൊച്ചിൻ ദേവസ്വം ബോർഡ്- 152

ഗുരുവായൂർ ദേവസ്വം ബോർഡ്- 204

<u>എസ്.സി./എസ്.ടി.</u>

തിരുവിതാംകൂർ ദേവസ്വം എയ്ഡഡ് സ്കൂൾ

എസ്.സി.-2, എസ്.ടി.-ഇല്ല

എയ്ഡഡ് കോളേജ്

എസ്.സി.- ഇല്ല, - എസ്.ടി.- 5

കൊച്ചിൻ ദേവസ്വം

എസ്.സി.-5, - എസ്.ടി.- ഇല്ല

ഗുരുവായൂർ ദേവസ്വം

എസ്.സി.- 11, എസ്.ടി.- ഇല്ല

ശതമാനം

തിരുവിതാംകൂർ ദേവസ്വം- 1.4%

കൊച്ചിൻ ദേവസ്വം- 3.3%

ഗുരുവായൂർ ദേവസ്വം- 5.5%

ഇത് 5-11-2019-ലെ കണക്കാണ്. അതിനുശേഷം എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിലൂടെ മാത്രമേ മനസ്സിലാക്കാൻ സാധിക്കൂ. അതുപോലെതന്നെയാണ് പിന്നോക്ക സമുദായത്തിൽപ്പെട്ട വിശ്വകർമ്മ പോലുള്ള സമുദായങ്ങളും. വിശ്വകർമ്മ സമുദായക്കാരാണ് യഥാർത്ഥത്തിൽ ക്ഷേത്രങ്ങളെല്ലാം പണിയുന്നത്. ക്ഷേത്രങ്ങൾ പണിയാൻമാത്രം അവരെ ഉപയോഗിക്കുന്നു. എന്നാൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഇവർക്ക് ദേവസ്വം ബോർഡിൽ ജോലി ലഭിക്കുന്നില്ല. ക്ഷേത്രത്തിന്റെ പണി കഴിയുമ്പോൾ അവരെ പറഞ്ഞുവിടും. അമ്പലത്തിനകത്തുകയറി ജോലി ചെയ്യാനുള്ള അനുമതി കൊടുക്കുന്നില്ല. പട്ടികജാതിക്കാരെപ്പോലെതന്നെ അകറ്റി നിർത്തിയിരിക്കുന്ന ഒരു വിഭാഗമാണ് വിശ്വകർമ്മ സമുദായം. അതുകൊണ്ട് ദേവസ്വം ബോർഡ് നിയമനങ്ങളിൽ ഈ രണ്ട് സമുദായങ്ങൾക്കും പ്രത്യേക പരിഗണന നൽകി പട്ടികജാതിക്കാർക്ക് 19 ശതമാനവും വിശ്വകർമ്മ പോലെയുള്ളവർക്ക് പ്രത്യേക സംവരണവും ഏർപ്പെടുത്താൻ തയ്യാറാകണമെന്നാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ദേവസ്വം ബോർഡുകളിലെ നിയമനം വ്യവസ്ഥാപിതവും സുതാര്യവുമായി നടത്തുന്നതിനായി നിയമം പാസ്സാക്കുകയും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരികയും ചെയ്തു. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നതിനുശേഷമാണ് ദേവസ്വം ബോർഡുകളിൽ സാമുദായിക സംവരണം പാലിച്ച് ജീവനക്കാരെ നിയമിച്ചുതുടങ്ങിയത്. 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം 1958-ലെ Kerala State & Subordinate Services ചട്ടങ്ങളിലെ പാർട്ട് II-ലെ 14 മുതൽ 17 വരെ ചട്ടങ്ങളിൽപ്പറയുന്ന റിസർവേഷൻ ചട്ടങ്ങളും റൊട്ടേഷൻ ചട്ടങ്ങളും ആവശ്യമായ മാറ്റങ്ങളോടെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയുള്ള നിയമനങ്ങൾക്കും ബാധകമാണെന്നും ചട്ടം 3 (2)-ന്റെ പ്രൊവിസോ പ്രകാരം അഹിന്ദുക്കളായ പിന്നോക്ക സമുദായങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകൾ ഓപ്പൺ മെറിറ്റ് ക്വാട്ടയായി കണക്കാക്കുന്ന

താണെന്നും അനുശാസിക്കുന്നു. ഇതനുസരിച്ച് ദേവസ്വം ബോർഡുകളിൽ 32% ഹിന്ദുമതത്തിലെ സംവരണ സമുദായങ്ങളിൽനിന്നും 68% ഹിന്ദുമതത്തിലെ ഓപ്പൺ മെറിറ്റിൽനിന്നും നിയമനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. ദേവസ്വം നിയമനങ്ങളിൽ സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി 10% സംവരണം ഏർപ്പെടുത്തുന്നതിനും സംവരണ സമുദായ ങ്ങളിലെ ഈഴവ, തിയ്യ, ബില്ലവ വിഭാഗങ്ങളുടെ സംവരണം 14-ൽ നിന്നും 17 ശതമാനമായും പട്ടികജാതി വിഭാഗത്തിന്റേത് 8-ൽ നിന്നും 10 ശതമാനമായും മറ്റ് പിന്നോക്ക വിഭാഗങ്ങളുടേത് 3-ൽ നിന്നും 6 ശതമാനമായും ഉയർത്തുന്നതിനും സർക്കാർ തീരുമാനിക്കുകയും അതത് ദേവസ്വങ്ങൾ അപ്രകാരം ദേവസ്വം ബോർഡുകളുടെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്തു. 18-11-2019-ലെ SRO.No.905/2019 വിജ്ഞാപനപ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ അതനുസരിച്ച് സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി.

ദേവസ്വം ബോർഡ് നിയമനങ്ങളിൽ വിവിധ സമുദായങ്ങൾക്ക് നിലവിലുള്ള സംവരണ ശതമാനം താഴെപ്പറയും പ്രകാരമാണ്. ഓപ്പൺ കോമ്പറ്റീഷൻ:- ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള സർവ്വീസ് -50 %, ലാസ്റ്റ് ഗ്രേഡ് സർവ്വീസ്-50%; ഹിന്ദുമത ത്തിൽപ്പെട്ട സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ (ഇ.ഡബ്ല്യു.എസ്)-ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള സർവ്വീസ് -10%, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് -10%; പട്ടികജാതി- ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള സർവ്വീസ് -10%, ലാസ്റ്റ് ഗ്രേഡ് സർവ്വീസ്-10%; പട്ടികവർഗ്ഗം ഹിന്ദു- 2/2; ഈഴവ, തിയ്യ, ബിലവ- 17/14; വിശ്വകർമ്മ- 3/2; ഹിന്ദുമതത്തിൽപ്പെട്ട മറ്റു പിന്നോക്ക വിഭാഗങ്ങൾ- 6/9; ധീവര-1/2; ഹിന്ദു നാടാർ-1/1 അങ്ങനെയാണ് തീരുമാനിച്ചിട്ടുള്ളത്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വിശ്വകർമ്മ ഉൾപ്പെടെയുള്ള മറ്റ് പിന്നോക്ക സമുദായങ്ങൾക്കും ദേവസ്വം നിയമനങ്ങളിൽ ഇപ്പോൾത്തന്നെ നിലവിലുള്ള സംവരണ ചട്ടങ്ങൾക്കനുസരിച്ച് അർഹമായ പ്രാതിനിധ്യം നൽകിവരുന്നുണ്ട്. ഇതിന്റെ കണക്കുകൾ പിന്നീട് വേണമെങ്കിൽ പറയാം. വിശ്വകർമ്മ വിഭാഗത്തിന് സർക്കാർ സർവ്വീസിന് സമാനമായ 3% സംവരണം ദേവസ്വം നിയമനങ്ങളിലും ലഭ്യമാണ്. സംവരണ സമുദായങ്ങൾക്കെല്ലാംകൂടി ഇപ്പോൾത്തന്നെ 50% സംവരണം ലഭ്യമാണ്. സാമുദായിക സംവരണം 50 ശതമാനത്തിലധികമാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. കേരളത്തിലൊട്ടാകെ എഴുപതിലധികം ഹിന്ദു പിന്നോക്ക സമുദായങ്ങളുണ്ട്. ഇവരുടെ ജനസംഖ്യ തിരിച്ചുള്ള കൃത്യമായ കണക്കുകളും ലഭ്യമല്ല. പുതിയ സെൻസസെടുക്കു ന്നതിന് സമയമായിരിക്കുകയാണ്, അതിൽ ലഭിക്കുന്ന കണക്കുകളനുസരിച്ച് ഇത്തരം കാര്യങ്ങൾ പരിഗണിക്കാൻ കഴിയും. എയ്ഡഡ് സ്കൂൾ/കോളേജ് നിയമനങ്ങളിൽ സംവരണമില്ല, യൂണിവേഴ്സിറ്റി റെഗുലേഷൻ അനുസരിച്ചാണ് അവിടെ നിയമനം

നടക്കുന്നത്. പിന്നോക്ക വിഭാഗങ്ങൾക്കും പട്ടികജാതിക്കാർക്കും അർഹമായ സംവരണം കിട്ടുന്നില്ലെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. ദേവസ്വം ബോർഡ് നിലവിൽ വന്നതിനുശേഷം 858 പേരെ വിവിധ മേഖലകളിൽ നിയമനത്തിനായി ശിപാർശ ചെയ്തു. ഞാൻ അതിന്റെ കണക്ക് വായിക്കാം. മുന്നോക്കക്കാർ-345, ഈഴവ-256, പട്ടികജാതി-90, പട്ടികവർഗ്ഗം-2, ഒ.ബി.സി.-62, വിശ്വകർമ്മ-29, ധീവര-43, നാടാർ-11, ഇ.ഡബ്ല്യൂ.എസ്.-17, പി.എച്ച്. (Low vision)-1, പി.എച്ച്. (Hearing impaired)-1, പി.എച്ച്. (Locomotor disability)-1 അങ്ങനെ 858 പേർ. നല്ലതോതിലാണ് പിന്നോക്ക സമുദായങ്ങൾക്ക് നിയമനങ്ങൾ ലഭ്യമായിരിക്കുന്നത്. വിശദമായി പരിശോധിച്ചാൽ കൂടുതൽ കാര്യങ്ങൾ പറയാൻ കഴിയും. പാർട്ട് ടൈം ശാന്തിമാരുടെ കാര്യം മാത്രം നോക്കിയാൽ മുന്നോക്കക്കാർ 128 പേർ നിയമിക്കപ്പെട്ടപ്പോൾ ഈഴവർ 100, പട്ടികജാതി 29, ഒ.ബി.സി. 20, വിശ്വകർമ്മ 9, നാടാർ 3, ധീവര 20, പട്ടികവർഗ്ഗം 1 അങ്ങനെയാണ് 310 പേർ നിയമിക്കപ്പെട്ടിട്ടുള്ളത്. പട്ടികവർഗ്ഗത്തിൽപ്പെട്ട രണ്ടുപേരെ നിയമിക്കേണ്ടതായിരുന്നു, ആളില്ലാത്തതുകൊണ്ടാണ് ഒരാൾ മാത്രമായത്. ദേവസ്വം ബോർഡ് വന്നതിനുശേഷം പിന്നോക്ക സമുദായങ്ങൾക്ക് അർഹതപ്പെട്ട നിയമനമാണ് നടത്തിയിട്ടുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ദേവസ്വം ബോർഡിനുകീഴിൽ കോളേജുകളും സ്കൂളുകളുമൊക്കെയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കണക്കുകൾ വച്ചു നോക്കുമ്പോൾ അവിടെയെല്ലാം കുറെയധികം നിയമനങ്ങൾ പിന്നോക്ക സമുദായത്തിന് കിട്ടിയെന്ന് തോന്നും. പക്ഷെ, ഒന്നും നടന്നിട്ടില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി അങ്ങ് പറഞ്ഞ രീതിയിലുള്ള സംവരണാടിസ്ഥാനത്തിൽ നിയമനം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? എല്ലാ ഡിപ്പാർട്ടുമെന്റുകളും പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക സമുദായക്കാർക്കും മതിയായ പ്രാതിനിധ്യമില്ലാതെ വരുമ്പോൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്താറുണ്ട്. ജനറൽ വിഭാഗത്തിൽപ്പെട്ട ആളുകളെപ്പോലെതന്നെ യോഗ്യതയുള്ള പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളുമുണ്ട്. ദേവസ്വം ബോർഡിനുകീഴിലെ കോളേജുകളിലും സ്കൂളുകളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി അവരെ നിയമിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തിരുവിതാംകൂർ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പ്രത്യേക റിക്രൂട്ട്മെന്റ് നടത്തി പട്ടികജാതി വിഭാഗത്തിന് അർഹമായ സ്ഥാനങ്ങളിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ/ കോളേജുകളിലെ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസ്ഥയനുസരിച്ചാണ് ദേവസ്വം ബോർഡിനുകീഴിലുള്ള കോളേജുകളിലും സ്കൂളുകളിലും നിയമനങ്ങൾ നടക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ദേവസ്വം ബോർഡിന്റെ കോളേജുകളിൽ നിലവിലുള്ള സംവരണതത്വം പാലിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിപോലും എതിര് പറഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ മുഴുവൻ എയ്ഡഡ് കോളേജുകൾക്കും കൊടുക്കണമെന്നാണ് കോടതി പറഞ്ഞത്, നമുക്ക് അതിന് കഴിയില്ല. പക്ഷെ, ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകളിൽ നമുക്ക് എന്തുകൊണ്ട് അത് ആലോചിച്ചുകൂടാ? ദേവസ്വം ബോർഡിന്റെ കോളേജുകൾ പരിശോധിച്ചാൽ എസ്.സി. വിഭാഗത്തിൽനിന്നുള്ള ഒരാൾ മാത്രമാണ് അദ്ധ്യാപകനായിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഇടപെടേണ്ട കാര്യമാണ്, ചെയ്യാൻ കഴിയുന്നൊരു കാര്യമാണ്. അതുകൊണ്ട് ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന എയ്ഡഡ് കോളേജുകളിൽ സംവരണം പാലിച്ചുകൊണ്ട് നിയമനം നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ചെയ്യാൻ പറ്റുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നൊരു സർക്കാരാണിതെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. അദ്ദേഹം പറഞ്ഞ കാര്യം ഗൗരവമായി പരിശോധിക്കാം.

## VI അറിയിപ്പ്

വെള്ളിയാഴ്ച മൂന്നുമണിക്കുശേഷം സഭ ചേരുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ....ഓർഡർ.....ഇന്ന് വെള്ളിയാഴ്ചയാണ്, 12.30-ന് നമുക്ക് സഭ പിരിയേണ്ടതുണ്ട്. 3.00 മണിക്ക് നിയമനിർമ്മാണത്തിനായി നമ്മൾ വീണ്ടും ചേരുകയാണ്. രാവിലെ രണ്ട് ധനവിനിയോഗ ബില്ലുകളുടെ പരിഗണനയും ഷെഡ്യൂൾ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇന്നത്തേയ്ക്ക് ഷെഡ്യൂൾ ചെയ്തിരിക്കുന്ന 34 സബ്മിഷനുകളും അവതരിപ്പിച്ചതായി കണക്കാക്കുന്നു. മറുപടികൾ മേശപ്പുറത്ത് വയ്ക്കേണ്ടതും ബന്ധപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്.*

## VII മേശപ്പുറത്തുവച്ച കടലാസുകൾ

ലിസ്റ്റ് 1 പ്രകാരമുള്ളത്

ചട്ടം 166 (1) പ്രകാരമുള്ള കടലാസ്സുകൾ

(I) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന് ലിസ്റ്റ് 1(1) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

* അനുബന്ധമായി ചേർത്തിരിക്കുന്നു

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 446/2020 | ജി.ഒ.(എം.എസ്.) നമ്പർ 6/2020/നോർക്ക | 12-5-2020 | അതെ |
| 2 | 831/2020 | ജി.ഒ.(പി) നമ്പർ 57/2020/ഹോം | 16-11-2020 | അല്ല |
| 3 | 845/2020 | ജി.ഒ.(എം.എസ്.) നമ്പർ 217/2020/ഹോം | 25-11-2020 | അല്ല |
| 4 | 861/2020 | ജി.ഒ.(പി) നമ്പർ 64/2020/ഹോം | 7-12-2020 | അല്ല |
| 5 | 862/2020 | ജി.ഒ.(പി) നമ്പർ 66/2020/ഹോം | 9-12-2020 | അല്ല |
| 6 | 864/2020 | ജി.ഒ.(എം.എസ്.) നമ്പർ 218/2020/ഹോം | 9-12-2020 | അല്ല |
| 7 | 870/2020 | ഹോം. എസ്.എസ്.എ.2/66/2020-ഹോം | 14-12-2020 | അല്ല |
| 8 | 10/2021 | ജി.ഒ.(ആർ.റ്റി.) നമ്പർ 15/2021/ഹോം | 3-1-2021 | അല്ല |
| 9 | 11/2021 | ജി.ഒ.(ആർ.റ്റി.) നമ്പർ 2988/2020/ഹോം | 24-12-2020 | അല്ല |
| 10 | 21/2021 | ജി.ഒ.(എം.എസ്.) നമ്പർ 6/2021/ഹോം | 4-1-2021 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ | 2018-19 | ഓഡിറ്റ് റിപ്പോർട്ട് | അതെ |

(II) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1(II) പ്രകാരമുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

(III) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1(III) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 126/2020 | ജി.ഒ.(പി) നമ്പർ 7/2020/ആർ.ഡി. | 30-1-2020 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | 837/2020 | ജി.ഒ.(പി) നമ്പർ 92/2020/ആർ.ഡി. | 18-11-2020 | അല്ല |
| 3 | 872/2020 | ജി.ഒ.(പി) നമ്പർ 102/2020/ആർ.ഡി. | 13-12-2020 | അല്ല |
| 4 | 873/2020 | ജി.ഒ.(പി) നമ്പർ 103/2020/ആർ.ഡി. | 14-12-2020 | അല്ല |
| 5 | 7/2021 | ജി.ഒ.(പി) നമ്പർ 112/2020/ആർ.ഡി. | 28-12-2020 | അല്ല |

(IV) ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കാര്യവിവര പ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1(IV) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 440/2020 | ജി.ഒ.(പി) നമ്പർ 36/2020/ട്രാൻ. | 29-6-2020 | അതെ |
| 2 | 841/2020 | ജി.ഒ.(പി) നമ്പർ 62/2020/ട്രാൻ. | 25-11-2020 | അല്ല |
| 3 | 849/2020 | ജി.ഒ.(പി) നമ്പർ 63/2020/ട്രാൻ. | 4-12-2020 | അല്ല |
| 4 | 855/2020 | ജി.ഒ.(പി) നമ്പർ 64/2020/ട്രാൻസ് | 7-12-2020 | അല്ല |

(V) ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1(V) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ ന മ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | - | കെ.എഫ്.സി./ എഫ് & എം./ 1214/2019-20 | 27-11-2019 | അതെ |
| 2 | - | കെ.എഫ്.സി./ എഫ്. & എ. / 1518/2019-20 | 6-2-2020 | അതെ |
| 3 | 883/2020 | ജി.ഒ.(പി) നമ്പർ 164/2020/ടാക്സസ് | 18-12-2020 | അല്ല |
| 4 | 884/2020 | ജി.ഒ.(പി) നമ്പർ 165/2020/ടാക്സസ് | 18-12-2020 | അല്ല |
| 5 | 46/2021 | ജി.ഒ.(പി) നമ്പർ 5/2021/ഫിൻ. | 7-1-2021 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ആറാമത് ധനകാര്യ കമ്മീഷൻ | 2020 | ഒന്നാമത് റിപ്പോർട്ടും ആക്ഷൻടേക്കൺ റിപ്പോർട്ടും | ബാധകമല്ല |

(VI) കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കാര്യ വിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1(VI) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും വാർഷിക കണക്കും | അതെ |
| 2 | കേരള കാർഷിക സർവ്വകലാശാല | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

(VII) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1(VII) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 415/2020 | ജി.ഒ.(എം.എസ്.) നമ്പർ 45/2020/ലോ | 18-6-2020 | അതെ |
| 2 | 918/2020 | ജി.ഒ.(പി) നമ്പർ 7/2020/എസ്.സി. എസ്.റ്റി.ഡി.ഡി. | 30-12-2020 | അല്ല |

(VIII) ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1(VIII) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 836/2020 | ജി.ഒ.(എം.എസ്.) നമ്പർ 33/2020/എസ്ജെഡി. | 17-11-2020 | അല്ല |
| 2 | 865/2020 | ജി.ഒ.(പി) നമ്പർ 65/2020/എച്ച്. &എഫ്.ഡബ്ല്യുഡി. | 8-12-2020 | അല്ല |

(IX) പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1(IX) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 269/2020 | ജി.ഒ.(പി) നമ്പർ 49/2020/ടാക്സസ് | 1-4-2020 | അതെ |
| 2 | 270/2020 | ജി.ഒ.(പി)നമ്പർ 50/2020/ടാക്സസ് | 1-4-2020 | അതെ |

(X) തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1(X) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 450/2020 | സ.ഉ.(അച്ചടി) നമ്പർ 53/2020/തൊഴിൽ | 16-6-2020 | അതെ |
| 2 | 581/2020 | സ.ഉ.(അച്ചടി) നമ്പർ 76/2020/തൊഴിൽ | 7-9-2020 | അതെ |
| 3 | 854/2020 - | സ.ഉ.(അച്ചടി) നമ്പർ 89/2020/തൊഴിൽ | 3-12-2020 | അല്ല |
| 4 | 858/2020 | ജി.ഒ.(പി) നമ്പർ 93/2020/എൽ.ബി.ആർ. | 9-12-2020 | അല്ല |
| 5 | 859/2020- | ജി.ഒ.(പി) നമ്പർ 92/2020/എൽ.ബി.ആർ. | 9-12-2020 | അല്ല |
| 6 | 860/2020 | ജി.ഒ.(പി) നമ്പർ 91/2020/എൽ.ബി.ആർ.. | 9-12-2020 | അല്ല |
| 7 | 891/2020 | ജി.ഒ.(പി) നമ്പർ 94/2020/എൽ.ബി.ആർ. | 16-12-2020 | അല്ല |
| 8 | 893/2020 | ജി.ഒ.(പി) നമ്പർ 96/2020/എൽ.ബി.ആർ. | 18-12-2020 | അല്ല |
| 9 | 22/2021 | ജി.ഒ.(പി) നമ്പർ 1/2021/എൽ.ബി.ആർ. | 4-1-2021 | അല്ല |

(XI) ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1(XI) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 29/2020 | ജി.ഒ.(പി) നമ്പർ 2/2020/സി.എ.ഡി. | 13-1-2020 | അതെ |

(XII) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1(XII) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 80/2020 | ജി.ഒ.(പി)നമ്പർ 4/2020/കോ-ഓപ്പ്. | 17-1-2020 | അതെ |
| 2 | 213/2020 | ജി.ഒ.(പി) നമ്പർ 28/2020/കോ-ഓപ്പ്. | 11-3-2020 | അതെ |
| 3 | 331/2020 | ജി.ഒ.(പി)നമ്പർ 13/2020/കോ-ഓപ്പ്. | 22-2-2020 | അതെ |
| 4 | 832/2020 | ജി.ഒ.(പി) നമ്പർ 152/2020/കോ-ഓപ്പ്. | 10-11-2020 | അല്ല |
| 5 | 835/2020 | ജി.ഒ.(പി) നമ്പർ 154/2020/കോ-ഓപ്പ്. | 13-11-2020 | അല്ല |
| 6 | 844/2020 | ജി.ഒ.(പി) നമ്പർ 153/2020/കോ-ഓപ്പ്. | 12-11-2020 | അല്ല |
| 7 | 876/2020 | ജി.ഒ.(പി) നമ്പർ 163/2020/കോ-ഓപ്പ്. | 16-12-2020 | അല്ല |

(XIII) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1 (XIII) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 811/2020 | സ.ഉ.(അച്ചടി) നമ്പർ 66/2020/ത.സ്വ.ഭ.വ. | 9-11-2020 | അല്ല |
| 2 | 812/2020 | സ.ഉ.(അച്ചടി) നമ്പർ 67/2020/ത.സ്വ.ഭ.വ. | 9-11-2020 | അല്ല |
| 3 | 815/2020 | ജി.ഒ.(പി) നമ്പർ 68/2020/എൽ. എസ്.ജി.ഡി. | 12-11-2020 | അല്ല |
| 4 | 816/2020 | ജി.ഒ.(പി) നമ്പർ 69/2020/എൽ.എസ്.ജി.ഡി. | 12-11-2020 | അല്ല |
| 5 | 825/2020 | സ.ഉ.(അച്ചടി) നമ്പർ 71/2020/ത.സ്വ.ഭ.വ. | 13-11-2020 | അല്ല |
| 6 | 826/2020 | സ.ഉ.(അച്ചടി) നമ്പർ 70/2020/ത.സ്വ.ഭ.വ. | 13-11-2020 | അല്ല |
| 7 | 850/2020 | സ.ഉ.(അച്ചടി) നമ്പർ 77/2020/ത.സ്വ.ഭ.വ. | 5-12-2020 | അല്ല |
| 8 | 851/2020 | സ.ഉ.(അച്ചടി) നമ്പർ 76/2020/ത.സ്വ.ഭ.വ. | 5-12-2020 | അല്ല |

(XIV) മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 1(XIV) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

ചട്ടം 236(5) അനുസരിച്ച് ലിസ്റ്റ് 2 പ്രകാരമുള്ള കടലാസുകൾ

സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന പത്രികകളുടെ പട്ടിക

(1) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 2(1) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV-വ്യവസായവും ധാതുക്കളും | 2019-20 | 4 | 3-11, 50 |

(2) കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 2(2) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2017-18 | 2 | 4 |

(3) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 2(3), പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII-സാമൂഹ്യസേവനം | 2015-16 | 5 | 3 |

(4) ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 2(4) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII-സാമൂഹ്യസേവനം | 2019-20 | 4 | 19-22,37,41-45 |

(5) തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 2(5) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII- വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2019-20 | 4 | 1, 2, 4, 5, 7 |

(6) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 2(6)പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX- തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | പൊതുശിപാർശ II |
| XI- ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും | 2019-20 | 4 | 1-21 |

(7) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 2(7) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2019-20 | 4 | 12-27,36-60 |

(8) പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 2(8) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI-വിദ്യാഭ്യാസം | 2018-19 | 3 | 79-82,88 |

(9) ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 2(9) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI-വിദ്യാഭ്യാസം | 2019-20 | 4 | 35,40, 41, 44, 45, 68-73,75 |

ചട്ടം 236(6) അനുസരിച്ച് ലിസ്റ്റ് 3 പ്രകാരമുള്ള കടലാസുകൾ

ബഡ്ജറ്റ് വിഭജനപ്രകാരമുള്ള ചെലവ് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ പട്ടിക

(1) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന് ലിസ്റ്റ് 3(1) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II-സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2019-20 (കാലതാമസ പത്രിക സഹിതം) | ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു) വകുപ്പ് |
| XIII -ജയിലുകൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര (ബി) വകുപ്പ് (ജയിലുകൾ) |
| XVII-വിദ്യാഭ്യാസം, കായിക വിനോദം, കല സംസ്കാരം XX- ശുദ്ധജലവിതരണവും ശുചീകരണവും | 2019-20 (കാലതാമസ പത്രിക സഹിതം) | പരിസ്ഥിതി വകുപ്പ് |
| XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് |

(2) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 3(2) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII-വ്യവസായങ്ങൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് |

(3) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 3(3) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI-ഭവന നിർമ്മാണം | 2019-20 (കാലതാമസ പത്രിക സഹിതം) | ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, ലാറിബെക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) [ഭവനനിർമ്മാണ (പാർലമെന്റ് ) വകുപ്പ്] |

(4) ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 3(4) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVIII-ജലസേചനം | 2018-19 (കാലതാമസ പത്രിക സഹിതം) | കുട്ടനാട് പാക്കേജ് ജലവിഭവ(ഐ.ആർ.) വകുപ്പ് |

(5) കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 3(5) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX- കൃഷി | 2019-20 (കാലതാമസ പത്രിക സഹിതം) | മണ്ണുപര്യവേക്ഷണ മണ്ണുസംരക്ഷണ വകുപ്പ് |
| XXIX- കൃഷി<br>XXX -ഭക്ഷ്യം<br>XXXIX-വൈദ്യുത പദ്ധതികൾ | 2019-20 (കാലതാമസ പത്രിക സഹിതം) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് |

(6) തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 3(6) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള ഷോപ്സ്& കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്, തൊഴിലാളി ക്ഷേമനിധി ബോർഡ്[തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്] |
| XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് [തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്] |

ചട്ടം 47(2) അനുസരിച്ച് ലിസ്റ്റ് 4 പ്രകാരമുള്ള കടലാസുകൾ

കാലതാമസപത്രിക സഹിതം സമർപ്പിക്കുന്ന നിയമസഭാ ചോദ്യോത്തരം

(1) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 4(1) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 150 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(2) മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന്, ലിസ്റ്റ് 4(2) പ്രകാരമുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 1420 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VIII റിപ്പോർട്ട് സമർപ്പണം

(1) കെ.എ.എസ്.ഇ.-യുടെ പ്രവർത്തനം സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട്

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, കെ.എ.എസ്.ഇ.-യുടെ പ്രവർത്തനം സംബന്ധിച്ച് വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പ്രത്യേക റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-2021)-യുടെ എട്ടും ഒൻപതും റിപ്പോർട്ടുകൾ

ശ്രീ. ആർ. രാജേഷ്: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-2021)-യുടെ എട്ടും ഒൻപതും റിപ്പോർട്ടുകൾ ചെയർമാനുവേണ്ടി സമിതിയംഗമായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# IX ഗവൺമെന്റ് പ്രമേയം

## സി. ആന്റ് എ.ജി.-യുടെ കിഫ്ബിയെക്കുറിച്ചുള്ള പരാമർശങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ചട്ടം 118 അനുസരിച്ചുള്ള താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

"കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2021 ജനുവരി 18-ന് ഈ സഭയുടെ മേശപ്പുറത്തുവയ്ക്കുകയുണ്ടായി. കിഫ്ബിയുടെ വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട് ഭരണഘടനയുടെ ഏഴാം പട്ടിക, ഒന്നാം ലിസ്റ്റ്, ഇനം 37-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അധികാര പരിധി യിലേയ്ക്കുള്ള കടന്നുകയറ്റമാണെന്നുമുള്ള പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ വസ്തുതാപരമായ പിശകാണെന്നു മാത്രമല്ല, കരട് റിപ്പോർട്ടിൽ ഇല്ലാതിരുന്നതും കേരള സംസ്ഥാനത്തിന്റെ വിശാല വികസന താല്പര്യങ്ങളെ ഹനിക്കുന്നതിനു വേണ്ടി അനാവശ്യവും ദുരൂഹവുമായ ധൃതിയിലും എഴുതി ചേർക്കപ്പെട്ടതുമാണ്. സർക്കാരിനെ അറിയിക്കാതെയും സർക്കാരിന്റെ അഭിപ്രായങ്ങൾ കേൾക്കാതെയും സി.&എ.ജി. തന്നെ പുറപ്പെടുവിച്ച ഓഡിറ്റ് റെഗുലേഷൻ ലംഘിച്ചുകൊണ്ടുമാണ് ഇത്തരമൊരു കൂട്ടിച്ചേർക്കൽ നടത്തിയതെന്നും ഈ സഭ കാണുന്നു. കരട് റിപ്പോർട്ടിലില്ലാത്ത പരാമർശങ്ങൾ അന്തിമ റിപ്പോർട്ടിൽ വരുന്നത് സാമാന്യ നീതിയുടെ നിഷേധമാണ്.

കിഫ്ബിയുടേത് ഓഫ് ബഡ്ജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിജന്റ് ലയബിലിറ്റിയല്ലായെന്നുമുള്ള സി.&എ.ജി.-യുടെ നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യ മാതൃക വിശകലനം ചെയ്യാതെയും മനസ്സിലാ ക്കാതെയുള്ളതുമാണെന്ന് മാത്രമല്ല സി.&എ.ജി.-യുടെ നിർദ്ദേശങ്ങൾ സാധാരണ അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമല്ലാത്തതുമാണ്.

സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2019-ലെ മേൽപരാമർശങ്ങൾ സി.എ.ജി. ഓഡിറ്റ് റെഗുലേഷനുകൾ സാമാന്യ നീതി, പ്രൊഫഷണൽ സമീപനം, രാഷ്ട്രീയമായ നിഷ്പക്ഷത എന്നിവയുടെ ലംഘനമായതിനാൽ ഈ സമീപനത്തിലൂടെ കേരള സംസ്ഥാനത്തിന്റെ വിശാല വികസന താത്പര്യങ്ങളെ അപകടപ്പെടുത്തുന്ന സമീപനമായി മാറിയതിൽ ഈ സഭയുടെ ഉത്കണ്ഠ സി.&എ.ജി.-യെ അറിയിക്കാൻ തീരുമാനിക്കുന്നു.

ഈ സാഹചര്യത്തിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് ഫിനാൻഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബി സംബന്ധിച്ച പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതുസംബന്ധിച്ച രേഖപ്പെടുത്തലുകളും ഈ സഭ നിരാകരിക്കുന്നു."

നേരത്തേ ഈ വിഷയം വിശദമായി ചർച്ച ചെയ്തതിനാൽ കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ ഈ ഘട്ടത്തിൽ കടക്കുന്നില്ല. സി.&എ.ജി., കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ചെലവുകളുടെയും വരുമാനത്തിന്റെയും ഓഡിറ്റ് നടത്തുന്ന ഭരണഘടനാ സ്ഥാപനമാണ്. ഓഡിറ്റ് നടത്തുന്നതിന് നിയമവും കീഴ്‌വഴക്കവും ചട്ടവും നിലവിലുണ്ട്. കാലങ്ങളായി നിലവിലുള്ള നടപടിക്രമങ്ങൾ ബോധപൂർവ്വം മറികടന്നാൽ എന്താണുണ്ടാകുക? സി.&എ.ജി.-യുടെ നിയതമായ മാനദണ്ഡങ്ങൾ ലംഘിച്ചതായാണ് കാണുന്നത്. സി.&എ.ജി. ഓഡിറ്റ് നടത്തുമ്പോൾ കരട് റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പിന് നൽകുകയും അവരുടെ അഭിപ്രായങ്ങൾ തേടുകയും ചെയ്യുന്ന രീതിയുണ്ട്. അതിനുശേഷം ഈ അഭിപ്രായങ്ങൾകൂടി പരിഗണിച്ചാണ് അന്തിമ റിപ്പോർട്ട് ഭരണഘടനാ സ്ഥാപനമായ സി.&എ.ജി.-യുടെ ഒപ്പോടുകൂടി നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നത്. ഇത് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകുകയും കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യും. ഇവിടെ കരട് റിപ്പോർട്ടിലില്ലാത്ത ചില ഭാഗങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, ബന്ധപ്പെട്ട വകുപ്പിന് സ്വാഭാവിക നീതി നിഷേധിക്കപ്പെട്ടിരിക്കുന്നു. ഒരു കാര്യം തീരുമാനിക്കപ്പെടുന്നതിനുമുമ്പ് ബാധിക്കപ്പെടുന്ന ആളിന്റെ/ സ്ഥാപനത്തിന്റെ ഭാഗവുംകൂടി കേൾക്കണമെന്നാണ് സ്വാഭാവിക നീതി അഥവാ Natural justice-ന്റെ പ്രാഥമിക തത്വം. ഇത് ലംഘിക്കപ്പെട്ടതിനാൽ സി.&എ.ജി. റിപ്പോർട്ടിന്റെ അടിത്തറതന്നെ ഇളകിയിരിക്കുകയാണ്. ഈ തെറ്റായ കീഴ്‌വഴക്കം അംഗീകരിച്ചുപോയാൽ എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും തമ്മിൽ നിലവിലുള്ള ചെക്ക്സ് ആന്റ് ബാലൻസാണ് അട്ടിമറിക്കപ്പെടുന്നത്. ഇതിന് കൂട്ടുനിന്നുവെന്ന അപഖ്യാതി ഈ സഭയ്ക്കുണ്ടാകാൻ പാടില്ല. അതുകൊണ്ടാണ് ഈ പ്രമേയം കൊണ്ടുവരാനിടയായത്. ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ഈ പ്രമേയത്തിലെ ആദ്യഭാഗങ്ങളെല്ലാം ഇന്നലെയും അതിന് തൊട്ടുമുമ്പുള്ള ദിവസത്തിലും ഈ സഭ ചർച്ച ചെയ്തതാണ്. എന്നാൽ ദൗർഭാഗ്യകരമെന്നുപറയട്ടെ, ഇതിന്റെ അവസാന ഭാഗത്തിൽ "ഈ സാഹചര്യത്തിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് ഫിനാൻഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബി സംബന്ധിച്ച പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതുസംബന്ധിച്ച രേഖപ്പെടുത്തലുകളും ഈ സഭ നിരാകരിക്കുന്നു " എന്നുള്ള ഒരു വിചിത്രമായ കാര്യമാണ് പ്രമേയത്തിൽ വന്നിരിക്കുന്നത്. What is the legislative competence? ഈ ലെജിസ്ലേച്ചറിന്

ഇതിന് എന്ത് അധികാരമാണുള്ളത്. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് ഗവർണർക്കുവേണ്ടി സഭയിൽ സമർപ്പിക്കണമെന്നുള്ള ഭരണഘടനാപരമായ വ്യവസ്ഥയനുസരിച്ചാണ് സി.&എ.ജി. റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. സി.&എ.ജി. റിപ്പോർട്ടിലെ പ്രത്യേകമായ ഖണ്ഡികകൾ നിരാകരിക്കണമെന്ന് പറയാനുള്ള അധികാരം ഈ നിയമസഭയ്ക്കില്ലെന്ന് പ്രത്യേകമായി പറയാൻ ഞാൻ വിനീതമായി ആഗ്രഹിക്കുന്നു. നമ്മുടെ ഭരണഘടനയിലൊരിടത്തും അങ്ങനെയൊരു അധികാര ത്തെക്കുറിച്ച് പറയുന്നില്ല. കാരണം ഇതിന്റെ നടപടിക്രമമനുസരിച്ച് സി.&എ.ജി. റിപ്പോർട്ട് സഭയിൽ വച്ചാൽ അത് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് പോകണം. കമ്മിറ്റി ഈ പരാമർശങ്ങളെയും നിരീക്ഷണങ്ങളെയും ഓഡിറ്റ് പാരയെയുമൊക്കെ സംബന്ധിച്ച് ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകൾക്ക് കത്തുകളെഴുതും. അതിനുശേഷം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ള മറുപടി കേൾക്കും. ആവശ്യ മെങ്കിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെയോ ഉദ്യോഗസ്ഥരെയോ വിളിച്ചു വരുത്തും. നടപടിക്രമമനുസരിച്ച് നിയമസഭയിലെ ഏറ്റവും പ്രധാനപ്പെട്ട പി.എ.സി. തന്നെയാണ് ഇത് ഡിസ്പോസ് ചെയ്യേണ്ടത്. ഒരു നടപടിക്രമത്തിന്റെ ഭാഗമായി പി.എ.സി.-ക്കുള്ള അധികാരത്തെ ഒഴിവാക്കി ഒരു നടപടിയും കൂടാതെ സി.&എ.ജി. റിപ്പോർട്ട് നിരാകരിക്കാൻ സഭയ്ക്ക് അധികാരമില്ല. വേണമെങ്കിൽ നിയമസഭയുടെ മിനിയേച്ചറാണ് പി.എ.സി. എന്ന് നമുക്ക് വാദിക്കാം. പക്ഷെ, പ്രൊസീഡ്യുവറിന്റെ ഭാഗമായി അവസാനം പി.എ.സി. രണ്ട് ഭാഗങ്ങളും കേൾക്കും. ഗവൺമെന്റിന്റെ ഭാഗവും സി.&എ.ജി.-യുടെ ഭാഗവും കേട്ടതിനുശേഷമാണ് ഓഡിറ്റ് പാര ഡ്രോപ് ചെയ്യണമോ വേണ്ടയോയെന്ന് തീരുമാനിക്കേണ്ടത്. എന്നാൽ യാതൊരു നടപടിക്രമങ്ങളും കൂടാതെ ഈ നിയമസഭയുടെ മിനിയേച്ചറായ, നിയമസഭ അംഗീകരിച്ച, നമ്മുടെ റൂൾസ് ആന്റ് പ്രൊസീഡ്യുവറിലുള്ളതും എല്ലാ സംവിധാനങ്ങളുള്ളതുമായ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നടപടിക്രമങ്ങളൊന്നും പാലിക്കാതെയുള്ളതാണ് ഈ നടപടി. സി.&എ.ജി.-ക്കും സർക്കാരിനും പറയാനുള്ളത് എന്താണെന്ന് കേട്ടതിനുശേഷം മാത്രം ഡ്രോപ് ചെയ്യേണ്ടൊരു കാര്യം വളരെ വിചിത്രമായി, യാതൊരു പ്രീസിഡന്റുമില്ലാതെയാണ് ഇവിടെ ചെയ്യുന്നത്. ഭരണഘടന, നിയമസഭയുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവർ, കീഴ്‌വഴക്കം എന്നിവ നിയമസഭ പാലിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഭരണഘടനാപരമായ ഒരു പ്രൊവിഷനുണ്ടെങ്കിൽ അത് പാലിക്കണം. ഭരണഘടനാപരമായ ഒരു പ്രൊവിഷനില്ലെങ്കിൽ ഏതെങ്കിലും നിയമങ്ങളിൽ അതുണ്ടാകണം. ആ നിയമങ്ങളിൽ അതില്ലെങ്കിൽ നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ അതുണ്ടാകണം. റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ ഇല്ലെങ്കിൽ ഇവിടെ പ്രീസിഡന്റുണ്ടാകണം. ഈ നാല് കാര്യങ്ങളും ഇവിടെ ഉണ്ടായിട്ടില്ല. എന്നിട്ടും ഇങ്ങനെ വിചിത്രമായൊരു തീരുമാനമാണെടുത്തിരി

ക്കുന്നത്. ഒരു കോടതിവിധിയുണ്ടായാൽ അത് നിരാകരിക്കുന്നുവെന്ന പ്രമേയം പാസ്സാക്കാൻ നിയമസഭയ്ക്ക് അധികാരമുണ്ടോ? ഇവിടെ ഇതിനുമുമ്പ് കോടതിക്കെതിരായും നിങ്ങൾ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. സഭയിലുള്ള ഭൂരിപക്ഷവും ധാർഷ്ട്യവും ഉപയോഗിച്ചുകൊണ്ടാണ് നിങ്ങളിതൊക്കെ ചെയ്യുന്നത്. ഇതൊരു ഭരണഘടനാ സ്ഥാപനത്തിന്റെ ഔദ്യോഗിക റിപ്പോർട്ടാണ്, അതിനെക്കുറിച്ച് പരാതികളുണ്ടാകാം. സി.&എ.ജി. റിപ്പോർട്ട് അവസാന വാക്കല്ലെന്ന് കഴിഞ്ഞ ദിവസം ഞാനിവിടെ സൂചിപ്പിച്ചു. സി.&എ.ജി. റിപ്പോർട്ടിലെ എല്ലാ നിരീക്ഷണങ്ങളും അതുപോലെ പി.എ.സി. അംഗീകരിക്കില്ലല്ലോ. പി.എ.സി.-യുടെ വിശദമായ പരിശോധനകൾക്കുശേഷം സർക്കാർ അക്കാര്യങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തുമ്പോൾ അല്ലെങ്കിൽ, പ്രസ്തുത വിഷയം സംബന്ധിച്ച് അതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ പി.എ.സി.-യെ ബോദ്ധ്യപ്പെടുത്തുമ്പോൾ സർക്കാരിന്റെ ഭാഗം ചിലപ്പോൾ ശരിയായിരിക്കും. അങ്ങനെയാണോയെന്ന് നടപടിക്രമമനുസരിച്ച് പരിശോധിക്കേണ്ടത് പി.എ.സി.-യാണ്. അതല്ലാതെ ഈ റിപ്പോർട്ട് ഡ്രോപ് ചെയ്യാൻ എന്ത് അധികാരമാണുള്ളത്? അനാവശ്യമായ പ്രീസിഡന്റുണ്ടാക്കി ഭരണഘടനാ സ്ഥാപനങ്ങളെ തകർക്കുന്ന നടപടിയാണിത്. ഇതുതന്നെയാണ് കേന്ദ്രഗവൺമെന്റിലും നടക്കുന്നത്. കേന്ദ്ര ഗവൺമെന്റുപോലും ഇങ്ങനെ ചെയ്യാൻ ധൈര്യപ്പെട്ടിട്ടില്ല. സി.&എ.ജി. പാർലമെന്റിൽ വച്ച റിപ്പോർട്ടിൽ നരേന്ദ്ര മോദി ഗവൺമെന്റെടുത്ത ഓഫ് ബഡ്ജറ്റ് ലോണിനെ ക്കുറിച്ച് ഇതിനെക്കാൾ രൂക്ഷമായ രീതിയിൽ വിമർശിക്കുന്നുണ്ട്. അതുമാത്രമല്ല, ആ റിപ്പോർട്ടിൽ പറയുന്നത് കേന്ദ്രഗവൺമെന്റ് ഓഫ് ബഡ്ജറ്റ് ലോണുകൾ അക്കൗണ്ട്സിൽ കാണിക്കാത്തതുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ കാൽക്കുലേഷൻ, ഫിസ്കൽ ഡെഫിസിറ്റ് അല്ലെങ്കിൽ ധനകമ്മി കാൽക്കുലേറ്റ് ചെയ്തിരിക്കുന്നതിൽ ഗുരുതരമായ പിഴവുണ്ട്, റവന്യൂ കമ്മി കണക്കാക്കിയിരിക്കുന്നതിൽ ഗുരുതരമായ പിഴവുണ്ട് എന്നാണ്. ഇങ്ങനെ പാർലമെന്റിൽ വച്ച റിപ്പോർട്ടിൽ സി.&എ.ജി. കേന്ദ്രഗവൺമെന്റിനെ നിശിതമായി വിമർശിക്കുകയാണ്. അവർ ബഡ്ജറ്റിൽ കാണിച്ചിരിക്കുന്നത് 4 ശതമാനമാണെങ്കിൽ യഥാർത്ഥത്തിൽ ധനകമ്മി ജി.ഡി.പി.-യുടെ ആറ് ശതമാനത്തിലധികം വരുമെന്നും അതുപോലെ റവന്യൂകമ്മിയുടെ കണക്ക് ശരിയല്ലെന്നും കേന്ദ്രഗവൺമെന്റിനെ രൂക്ഷമായി വിമർശിച്ചിട്ടും ഭരണഘടനാ വിരുദ്ധമായ നടപടികൾ സ്വീകരിക്കുന്ന, ജനാധിപത്യ വിരുദ്ധമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ മുൻപന്തിയിലുള്ള കേന്ദ്ര ഭരണകൂടംപോലും പാർലമെന്റിലെ മഹാഭൂരിപക്ഷം ഉപയോഗിച്ച് ചെയ്യാൻ ധൈര്യപ്പെടാത്ത കാര്യമാണിത്. അവർ റിപ്പോർട്ട് പാർലമെന്റിന്റെ പി.എ.സി.-ക്ക് വിട്ടു, കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായം പറഞ്ഞു. അങ്ങനെ കേന്ദ്രഗവൺമെന്റും പാർലമെന്റും പോലും ധൈര്യപ്പെടാത്ത കാര്യമാണിത്, ഇത് സ്വേച്ഛാധിപത്യപരമായ ഒരു നിലപാടാണ്. ഈ സഭയിലെ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് ഭരണഘടനാ സ്ഥാപനങ്ങളെ തകർക്കാൻ

ജനാധിപത്യവിരുദ്ധമായ രീതിയിൽ ഇത്തരം നടപടികൾ സ്വീകരിച്ചത് ശരിയാണോ? അദ്ദേഹം ചെക്ക്സ് ആന്റ് ബാലൻസസിനെക്കുറിച്ച് പറഞ്ഞു, ഭരണഘടനയുടെ ചെക്ക്സ് ആന്റ് ബാലൻസസ് മുഴുവൻ ഇല്ലാതാക്കുന്ന ഒരു പ്രമേയമാണിത്. ഇത് എൻക്രോച്ച്മെന്റാണ്, ഭരണഘടനാ സ്ഥാപനത്തിന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്, ജനാധിപത്യ സ്ഥാപനങ്ങളെ തകർക്കുന്നതിനുള്ള ശ്രമമാണ്. ഈ നിയമസഭയുടെ പാരമ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ പ്രമേയം പ്രസ്സ് ചെയ്യരുതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഈ നിയമസഭയുടെ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ ഉത്തരവാദപ്പെട്ട ചെയർ ഇക്കാര്യത്തിൽ മുൻകയ്യെടുത്ത് ഗവൺമെന്റിനോട് ഈ പ്രമേയത്തിൽനിന്നും പിന്മാറാൻ അഭ്യർത്ഥിക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഈ പ്രമേയത്തെ നിരാകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാന്യനായ അംഗം ശ്രീ. വി. ഡി. സതീശൻ മറ്റൊരു തരത്തിൽ ഇവിടെ സംസാരിക്കുകയുണ്ടായി. അദ്ദേഹം ചെയർമാനായ പി.എ.സി.-യിൽ ഞാനും അംഗമാണ്. പി.എ.സി. യോഗത്തിൽ വരുമ്പോൾ ഇതിനെക്കാളെല്ലാം വളരെ കൃത്യമായി കാര്യങ്ങൾ പറയാൻ അദ്ദേഹം മികവ് കാണിക്കാറുണ്ട്. എന്തുകൊണ്ടാണ് ആ മികവ് ഈ സഭാതലത്തിൽ പ്രകടിപ്പിക്കപ്പെടാതെ പോകുന്നത്? എന്താണ് ഓഫ് ബഡ്ജറ്റ് ബോറോയിംഗ്? ഇപ്പോൾ അദ്ദേഹം ആവർത്തിച്ച് പറഞ്ഞൊരുകാര്യം, കേന്ദ്രഗവൺമെന്റ് ഓഫ് ബഡ്ജറ്റ് ബോറോയിംഗ് നടത്തിയപ്പോൾ സി.&എ.ജി. കേന്ദ്രഗവൺമെന്റിനെയും കുറ്റപ്പെടുത്തിയിട്ടുണ്ട് എന്നാണ്. കേന്ദ്ര ഗവൺമെന്റ് അത് വയലേറ്റ് ചെയ്തില്ല, എന്നാൽ സംസ്ഥാന ഗവൺമെന്റ് അത് നിരാകരിക്കുന്നു എന്നതാണ്. എന്താണ് ഓഫ് ബഡ്ജറ്റ് ബോറോയിംഗ് എന്ന് കഴിഞ്ഞതവണയും ഇവിടെ നടന്ന ചർച്ചയിൽ ഞാൻ കൃത്യമായി പറഞ്ഞു. യഥാർത്ഥത്തിൽ ഇത് ഓഫ് ബഡ്ജറ്റ് ബോറോയിംഗ് അല്ല. ഇക്കാര്യം ബഹുമാന്യനായ വി. ഡി. സതീശന് അറിയാത്തതല്ല. ഓഫ് ബഡ്ജറ്റ് ബോറോയിംഗ് ഏതൊക്കെ കാര്യത്തിലാണ് സെൻട്രൽ ഗവൺമെന്റ് എടുത്തതെന്ന് വളരെ കൃത്യമായി സി.&എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ പിന്നീട് കേന്ദ്രഗവൺമെന്റ് അവരുടെ നിലപാട് മാറ്റുകയും ചെയ്തു. കേന്ദ്രഗവൺമെന്റ് നിലപാട് മാറ്റാൻ ബാദ്ധ്യസ്ഥമായ സാഹചര്യംകൂടി കണക്കിലെടുത്താണ് ഓഫ് ബഡ്ജറ്റ് ബോറോയിംഗ് പെർസന്റേജിൽ അധികരിക്കാതിരിക്കാനുതകുന്നവിധത്തിൽ സംസ്ഥാനത്ത് ഒരു ബോഡി കോർപ്പറേറ്റ് രൂപീകരിക്കാനിടയായതെന്ന് താങ്കൾക്കോ സഭയ്ക്കോ സി. & എ.ജി.-ക്കോ അറിയാത്തതല്ല. പക്ഷേ, സാധാരണ ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ പ്രയാസമുള്ള ഇത്തരം കാര്യങ്ങൾ നിയമസഭയ്ക്കകത്ത് ചർച്ചയ്ക്ക് വിധേയമാക്കി

ഇത്തരത്തിൽ വഴിതിരിച്ചുവിടുന്നത് ശരിയല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടരുതെന്നാണ് നമ്മുടെ നീതിന്യായ വ്യവസ്ഥയുടെ അടിസ്ഥാനപ്രമാണം. യഥാർത്ഥത്തിൽ ഭരണഘടനാ സ്ഥാപനം തന്നെയാണ് സി.&എ.ജി. അതിന്റെ അടിസ്ഥാനപ്രമാണം സർക്കാരിന്റെ പണം രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിത്തന്നെ വിനിയോഗിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ഇല്ലെങ്കിൽ അത് ചൂണ്ടിക്കാണിക്കുകയും തിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള കരുതൽ സർക്കാർ സ്വീകരിക്കണമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ്. നിങ്ങൾ ഇവിടെ പറയുന്നതുകേട്ടാൽ തോന്നും ഇത് എൻ.ഐ.എ.-യോ ഇ.ഡി.-യോ പോലെ ഏതോ ഒരു ഏജൻസിയാണെന്നാണ്. അങ്ങനെയല്ല. എന്തിനാണ് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനെ ഇത്തരത്തിൽ ചിത്രീകരിക്കുന്നത്? അടിസ്ഥാനരഹിതമായ ഒരു നിലപാടാണ് നിങ്ങൾ പറയുന്നത്. ഇതൊരു ഡിറ്റക്ടീവ് ഇൻസ്പെക്ടറുടെ ജോലിയല്ല. ആരും കാണാത്ത കുറ്റകൃത്യത്തിന്റെ ഉറവിടം കണ്ടുപിടിക്കാൻ നിയോഗിക്കപ്പെട്ട ആളൊന്നുമല്ല. XXXX* ചെയ്ത പ്രവൃത്തി എന്താണെന്ന് വളരെ കൃത്യമായി മനസ്സിലാക്കിയിട്ടുതന്നെയാണ് ഈ ഗവൺമെന്റും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഇത്തരമൊരു സമീപനം സ്വീകരിച്ചത്. ഞാനൊരു കാര്യം പറയുകയാണ്, അസാധാരണമായ സാഹചര്യത്തിൽ അസാധാരണമായ നിലപാടുണ്ടാകാം. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി.......

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണ് ?

ശ്രീ. വി. ഡി. സതീശൻ: സർ, തിരുവനന്തപുരത്ത് അക്കൗണ്ടന്റ് ജനറലായി സേവനമനുഷ്ഠിച്ചിരുന്ന XXXX* എന്നുള്ള അർത്ഥത്തിൽ ഞാനുമായി വലിയ ആത്മബന്ധമുണ്ടെന്നുള്ള രീതിയിൽ പരാമർശം നടത്തി. ഒരു അക്കൗണ്ടന്റ് ജനറലിനെക്കുറിച്ച് അങ്ങനെയൊരു പരാമർശം ഈ സഭയിൽ നടത്താൻ പാടില്ല. മുമ്പ്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ നടത്തിയ പരാമർശം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹമത് പിൻവലിച്ചു. കാരണം അദ്ദേഹത്തിനറിയാം impropriety ആണെന്ന്. തെറ്റാണെന്ന് ഞാൻ പറയുന്നില്ല. ഔദ്യോഗികസ്ഥാനത്തിരുന്ന് പ്രവർത്തിച്ച ഒരു എ. ജി.-യുടെ പേര് സഭയിൽ പരാമർശിക്കുന്നത് ഉചിതമല്ല.

---

* പ്രസ്തുത പരാമർശം ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഞാനത് പിൻവലിക്കുന്നു.

<u>മി. സ്പീക്കർ</u>: അദ്ദേഹമത് പിൻവലിച്ചു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ബഹുമാന്യനായ സതീശൻ, ഇത് നമുക്ക് കാര്യങ്ങൾ പരസ്പരം മനസ്സിലാക്കാൻവേണ്ടി പറയുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അദ്ദേഹം XXXX* അല്ല.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ആയിക്കോട്ടെ. എവിടെയെങ്കിലുമാകട്ടെ. ഞാൻ പറയുന്നത്, അസാധാരണമായ സാഹചര്യത്തിൽ അസാധാരണ നടപടികളുണ്ടാകാം. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ പരമോന്നത നീതിപീഠം സുപ്രീം കോടതിയാണ്. ബഹുമാന്യനായ വി.ഡി. സതീശൻ, അങ്ങിത് കേൾക്കണം. സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റിസിനെതിരെ നാല് ജസ്റ്റിസുമാർ പരസ്യമായി തെരുവിൽവന്ന് പത്രസമ്മേളനം നടത്തി പറഞ്ഞു, 'ഈ നീതിന്യായ വ്യവസ്ഥ അപകടത്തിലാണ്, ഇത് രക്ഷിക്കാൻ ഇനി ഞങ്ങളെക്കൊണ്ടാവില്ല. ഞങ്ങൾ നാലുപേർ വിചാരിച്ചാൽ ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ ഇന്നത്തെ കുത്തഴിഞ്ഞ ഈ പോക്കിനെ സംരക്ഷിക്കാനാവില്ല, അതുകൊണ്ട് ഞങ്ങൾക്കിത് ജനങ്ങളോട് തുറന്നുപറഞ്ഞേ സാധിക്കൂ' എന്ന്. ചരിത്രത്തിലെവിടെയെങ്കിലും ഇത്തരം അസാധാരണമായ സംഭവവികാസം ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? ആ നാല് ജഡ്ജിമാർക്കെതിരായി നടപടിയുണ്ടായോ; ഒരു നടപടിയുമുണ്ടായില്ല. അതിലൊരാൾ പിന്നീട് സുപ്രീംകോടതി ചീഫ് ജസ്റ്റിസായി. സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റിസിനെതിരെ നിയമപരമായി നടപടി സ്വീകരിക്കാൻ പാർലമെന്റിന് അധികാരമുണ്ട്, ഇംപീച്ച്മെന്റുണ്ട്. അവർ പാർലമെന്റിൽ പരാതി കൊടുത്ത് അങ്ങനെ ചെയ്യേണ്ടിയിരുന്നില്ലേ? അതു തന്നെയാണ് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ചെയ്തത്. അതിന് ഫലമുണ്ടായി. ഞാനതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്, ബഹുമാനപ്പെട്ട അംഗങ്ങൾ അഞ്ച് മിനിട്ടിൽ കൂടുതലെടുക്കാതെ പറഞ്ഞവസാനിപ്പിച്ചാൽ നന്നായിരുന്നു. ഇനിയും കുറേപ്പേർ ചർച്ചയിൽ പങ്കെടുക്കാനുണ്ട്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഇതൊന്ന് പറഞ്ഞവസാനിപ്പിക്കാനുള്ള സമയം തരണം. ഇത് പതിനാലാമത് നിയമസഭയുടെ അവസാനത്തെ ദിവസത്തെ അവസാനത്തെ സംസാരമാണ്. അതുകൊണ്ട് അങ്ങ് കരുണ കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

---

* പ്രസ്തുത പരാമർശം ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

മി. സ്പീക്കർ: എന്റെ കാരുണ്യംകൊണ്ട് അർദ്ധരാത്രിയായാൽപ്പിന്നെ വേദനിക്കരുത്.

ശ്രീ. ജെയിംസ് മാത്യു: സർ, ഇന്നലെ ഇരുന്നില്ലേ; നമുക്ക് ഇരിക്കാം. കാരണം പരസ്പരമുള്ള അക്കാദമിക് ഇന്ററസ്റ്റിലാണല്ലോ ഈ ചർച്ച നടത്തുന്നത്. ഞാൻ പറയാൻ ഉദ്ദേശിക്കുന്നത് ബഹുമാന്യനായ വി. ഡി. സതീശനോടു തന്നെയാണ്, അങ്ങ് കേൾക്കണം. 'KIIFB's borrowing do not have legislative approval', ലെജിസ്ലേറ്റീവ് അപ്രൂവലില്ലാത്ത ബോറോയിംഗാണ് കിഫ്ബി നടത്തിയതെന്ന ഒരു വാചകം സി. &എ.ജി.-യുടെ റിപ്പോർട്ടിൽ അങ്ങ് കണ്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ശ്രീ. വി. ഡി. സതീശനോ അല്ലെങ്കിൽ അദ്ദേഹത്തിനുശേഷം ആ പക്ഷത്തുനിന്ന് സംസാരിക്കുന്ന ആളുകളോ പറയണം, ഇതിന് ലെജിസ്ലേറ്റീവ് അപ്രൂവലില്ലേ; നിയമസഭയുടെ നിയമപരമായ പിൻബലമില്ലേ; അംഗീകാരമില്ലേ എന്ന്. ഇതാണ് എന്റെ ചോദ്യം. ഇവിടെ മസാല ബോണ്ടല്ല പ്രശ്നം. ഇവിടെ borrowing capacity-ക്ക് അപ്പുറം കടമെടുത്തുവെന്നതല്ല വിഷയം. സി.&എ.ജി.-യുടെ റിപ്പോർട്ടിൽ അടിസ്ഥാനരഹിതവും അബദ്ധജടിലവുമായ കാര്യങ്ങൾ എഴുതിവച്ചിരിക്കുന്ന എന്നതാണ്. എങ്ങനെ അത് അംഗീകരിക്കാൻ സാധിക്കും? നിയമസഭയ്ക്കകത്ത് ഇരുപക്ഷവും ഒരുമിച്ച് ചർച്ച ചെയ്ത് ഏകകണ്ഠമായെടുത്ത തീരുമാനത്തിന്റെയടിസ്ഥാനത്തിൽ വാങ്ങിയ വായ്പ, അതിന് നിയമസഭയുടെ നിയമപരമായ യാതൊരു പിൻബലവുമില്ലെന്ന് ആര് എഴുതിവച്ചാലും അത് അംഗീകരിക്കാൻ ആർക്ക് സാധിക്കും? ഒരുതരത്തിലും അംഗീകരിക്കാൻ സാധിക്കില്ല. കഴിഞ്ഞദിവസത്തെ ചർച്ചയിൽ പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ദയവായി, ആടിനെ പട്ടിയാക്കി, പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലാനുള്ള നിങ്ങളുടെ ശ്രമത്തിനുമുമ്പിൽ തകർന്നുപോകുന്നത് ഒരു നാടാണ്, ജനങ്ങളാണ്. നിങ്ങളത് തിരിച്ചറിയണം. അത് നിങ്ങൾക്കിനിയും മനസ്സിലാകുന്നില്ലെങ്കിൽ നിങ്ങളെ ആർക്ക് പഠിപ്പിക്കാൻ സാധിക്കും? ഉറങ്ങുന്നവരെ വിളിച്ചുണർത്താം. പക്ഷെ, ഉറക്കം നടിക്കുന്നവരെ എങ്ങനെ വിളിച്ചുണർത്താൻ സാധിക്കും? ഇതിനെക്കുറിച്ച് നിങ്ങളെന്നല്ല, ഏത് അതോറിറ്റിയും അക്കാദമിക് ഇന്ററസ്റ്റോടുകൂടിയേ ഒരു ഡിബേറ്റിന് തയ്യാറാകൂ. ധനകാര്യ വകുപ്പുമന്ത്രിയല്ല, ഈ പക്ഷത്തുനിന്ന് ആരുവേണമെങ്കിലും നിങ്ങളുടെ ഡിബേറ്റിനോടൊപ്പം ചേരാം. കഴിഞ്ഞദിവസം എന്നെ ഇതേ കാര്യത്തിൽ ചർച്ച ചെയ്യാൻവേണ്ടി ഒരു ചാനൽ വിളിച്ചു, ഞാൻ പോയി. അവിടെ നാലുപേരുണ്ടായിരുന്നു. എന്നെ 9 മിനിട്ട് സംസാരിക്കാൻ അനുവദിച്ചു. ഒരു മണിക്കൂർ ചർച്ചയിൽ ബാക്കി നാലുപേരും ചേർന്ന് ഗംഭീരമായി എന്നെ അറ്റാക്ക് ചെയ്തു. സാധാരണഗതിയിൽ അങ്ങനെ സംഭവിക്കാറുണ്ട്. പലരും ആ ചാനലിൽത്തന്നെ ലോകം കാണുന്ന വിധത്തിൽ പ്രതികരിച്ചുപോകുകയും ചെയ്യും. പക്ഷെ, ഞാൻ പ്രതികരിച്ചില്ല. ഇറങ്ങിവന്നശേഷം അവതാരകനോട് പറഞ്ഞു, "എന്റെ ജീവിതത്തിൽ ഇനി ഒരിക്കൽക്കൂടി താങ്കളോടൊപ്പം ഈ വ്യഥാവ്യയത്തിന് ഞാൻ വരില്ല" എന്ന്. പക്ഷെ,

എനിക്ക് വളരെ സന്തോഷമുണ്ട്. ആ കാര്യമുൾപ്പെടെ ഇന്നിവിടെ പറയാനൊരു അവസരമുണ്ടായല്ലോ. നിങ്ങൾ കുറെ ചാനലുകാരെയും പത്രക്കാരെയും കൂട്ടുപിടിച്ച് ഇതെല്ലാം അടിസ്ഥാനരഹിതമാണ്, അബദ്ധജടിലമാണ്, ഭരണഘടനാ വിരുദ്ധമാണ് എന്നൊക്കെ സഭയ്ക്കുപുറത്ത് സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ഈ സഭയ്ക്കകത്ത് ജനങ്ങൾക്ക് മനസ്സിലാകുന്നവിധത്തിൽ പറഞ്ഞുബോദ്ധ്യപ്പെടുത്താൻ ഞങ്ങൾ ശ്രമിക്കും. അതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരെന്ന് നിങ്ങൾ തിരിച്ചറിയണം. യാതൊരു സംശയവുമില്ലാതെ പറയട്ടെ, ആര് തെറ്റ്, ആര് ശരിയെന്ന് കാലവും ചരിത്രവും തെളിയിക്കും. അതിനിടയിൽ അറുപതിനായിരം കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസനം നഷ്ടപ്പെടാതെ പോകണം എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഇത്രയേറെ ഇക്കാര്യത്തിൽ ശഠിക്കുന്നതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

11.00 A.M.]

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. ഇന്നലെയും ഇന്നുമായി ശ്രീ. വി. ഡി. സതീശൻ ഇതിന്റെ എല്ലാ വശങ്ങളും ഇവിടെ കൃത്യമായി പറഞ്ഞുകഴിഞ്ഞു. ഈ പ്രമേയം അസാധാരണമാണ്, അനുചിതമാണ്, നിയമസഭയുടെ അന്തസ്സിന് നിരക്കുന്നതല്ല. സി.&എ.ജി. ഒരു ഭരണഘടനാ സ്ഥാപനമാണ്. ഈ പ്രമേയാവതാരകന്റെ ഒരു വാദഗതി, കിഫ്ബിയുടേത് ഓഫ് ബഡ്ജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിൻജന്റ് ലയബിലിറ്റി അല്ലെന്നുമുള്ള സി.&എ.ജി.-യുടെ നിഗമനം തെറ്റാണെന്നാണ്. കിഫ്ബിയുടെ അടിസ്ഥാന ധനകാര്യ മാതൃക വിശകലനം ചെയ്യാതെയും മനസ്സിലാക്കാതെയുമാണ് സി.&എ.ജി.-യുടെ നിർദ്ദേശങ്ങളെന്നും അത് സാധാരണ അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമല്ലെന്നുമാണ് ഇവിടെ മുഖ്യമന്ത്രി പറഞ്ഞത്. ഈ പ്രമേയത്തിന്റെ ഉള്ളടക്കം സംബന്ധിച്ച് ലാ സെക്രട്ടറിയോടോ എ.ജി.-യോടോ അഭിപ്രായം ചോദിച്ചിട്ടുണ്ടോയെന്നാണ് എന്റെ ചോദ്യം. എഥിക്സ് കമ്മിറ്റിയുടെ ലെജിസ്ലേറ്റീവ് കോമ്പീറ്റൻസിക്ക് അപ്പുറത്താണിത്. ഇങ്ങനെ സി.&എ.ജി.-യെ സംബന്ധിച്ച് പരാമർശം നടത്തുമ്പോൾ കമ്മിറ്റി ചെയ്യേണ്ടിയിരുന്നത് അതിന്റെ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻ, ലീഗൽ ഇംപ്ലിക്കേഷൻസ് തുടങ്ങിയവ സംബന്ധിച്ച് ലാ സെക്രട്ടറിയോടോ എ.ജി.-യോടോ അഭിപ്രായം ചോദിക്കേണ്ടതായിരുന്നു. അങ്ങനെ ചോദിക്കാതെ .....

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, എ.ജി.-യോട് അഭിപ്രായം ചോദിച്ചിട്ടുണ്ട്, വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എഫ്. എസ്. നരിമാനിൽ നിന്ന് ലീഗൽ ഒപ്പീനിയൻ തേടിയിട്ടുണ്ട്, റിപ്പോർട്ട് വാങ്ങിയിട്ടുണ്ട്. സർക്കാർ ആ രീതിയിൽ വിശദമായ പരിശോധന നടത്തിയിട്ടുണ്ട്. സർക്കാരിന് ലഭിച്ച നിയമോപദേശമാണ് പ്രമേയ രൂപത്തിൽ പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, എന്റെ ചോദ്യം അതല്ല, സർക്കാരിന്റെ കാര്യമല്ല. നിയമസഭാ കമ്മിറ്റിയുടെ നിഗമനമാണിത്. ആ കമ്മിറ്റി ആ നിഗമനത്തിലെത്തുമ്പോൾ എന്റെ ചോദ്യം കമ്മിറ്റിയോടാണ്. കമ്മിറ്റി ഇക്കാര്യം സംബന്ധിച്ച് ലാ സെക്രട്ടറിയോടോ എ.ജി.-യോടോ അഭിപ്രായം ചോദിച്ചിട്ടുണ്ടോ; അങ്ങനെ ചോദിക്കാതെ ഇപ്പോഴിത് ചെയ്യാൻ കമ്മിറ്റിക്ക് അധികാരമുണ്ടോ; അതിന്റെ Locus standi എന്താണ്? എഥിക്സ് കമ്മിറ്റി അങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു. It is beyond the powers of the committee. ഇത് ഒന്നാമത്തെ കാര്യം. പ്രമേയത്തിൽ പറയുന്നത് ഞാൻ ക്വാട്ട് ചെയ്യാം; "സർക്കാരിനെ അറിയിക്കാതെയും സർക്കാരിന്റെ അഭിപ്രായങ്ങൾ കേൾക്കാതെയും സി.&എ.ജി. തന്നെ പുറപ്പെടുവിച്ച ഓഡിറ്റ് റെഗുലേഷൻസ് ലംഘിച്ചുകൊണ്ടുമാണ് ഇത്തരമൊരു കൂട്ടിച്ചേർക്കൽ നടത്തിയതെന്നും ഈ സഭ കാണുന്നു. കരട് റിപ്പോർട്ടിലില്ലാത്ത പരാമർശങ്ങൾ അന്തിമ റിപ്പോർട്ടിൽ വരുന്നത് സാമാന്യനീതി നിഷേധമാണ്. ഇവിടെ ഈ സഭയിൽ ഹാജരാകാൻ അവകാശമില്ലാത്ത സി.&എ.ജി.-യെ ഈ സഭ ചോദ്യം ചെയ്യുകയാണ്. എന്റെ രണ്ടാമത്തെ ചോദ്യം, സി.&എ.ജി.-യോട് വിശദീകരണം ചോദിച്ചിട്ടുണ്ടോ എന്നുള്ളതാണ്. സി.&എ.ജി.-യുടെ നിഗമനം സംബന്ധിച്ച് ഇവിടെ പറയുന്നത് എന്താണ്? സർക്കാരിനോട് അഭിപ്രായം ചോദിച്ചില്ല, കരട് റിപ്പോർട്ടിലില്ലാത്ത കാര്യങ്ങൾ ഫൈനൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തി എന്നുപറയുന്നു. എന്നാൽ ആ നിഗമനത്തിലെത്തുമ്പോൾ സി.&എ.ജി.-യോട് എന്തുകൊണ്ട് അഭിപ്രായം ചോദിച്ചില്ല? അങ്ങനെ തീരുമാനമെടുക്കുന്നതിനുമുമ്പ് സി.&എ.ജി.-യോട് ചോദിക്കാനുള്ള ചുമതല കമ്മിറ്റിക്കുണ്ടായിരുന്നു. ഈ രണ്ട് കാര്യത്തിലും കമ്മിറ്റിയുടെ സമീപനം രാഷ്ട്രീയപ്രേരിതമാണ്. നിയമസഭാ കമ്മിറ്റിയിൽ നിങ്ങൾക്ക് ഭൂരിപക്ഷമുണ്ട്, ഞങ്ങൾക്ക് അംഗങ്ങൾ കുറവാണ്, വിയോജനക്കുറിപ്പിനേ സ്കോപ്പുള്ളൂ. അതിന്റെയടിസ്ഥാനത്തിൽ നിയമസഭയുടെ പരിധി ലംഘിച്ചുകൊണ്ട്, കമ്മിറ്റിയുടെ അവകാശം ലംഘിച്ചുകൊണ്ട് ഒരു ഭരണഘടനാ സ്ഥാപനത്തെ അവഹേളിക്കാൻ ഈ സഭ കൂട്ടുനിൽക്കാൻ പാടില്ല. അതുകൊണ്ട് ഈ പ്രമേയം നിരാകരിക്കണം.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാന്യനായ മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ എതിർത്തുകൊണ്ട് ബഹുമാന്യനായ പറവൂർ അംഗവും ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളും ഇവിടെ നടത്തുന്ന പ്രസ്താവനകൾ വളരെ വിചിത്രമായി തോന്നുന്നു. ബഹുമാന്യനായ പറവൂർ അംഗം ഇവിടെ ചോദിച്ചത്, ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു പ്രമേയം ഇവിടെ കൊണ്ടുവന്നത് എന്നുള്ളതാണ്. ഏത് ചട്ടത്തിന്റെ, ഏത് ക്രമത്തിന്റെ അടിസ്ഥാനത്തിലാണ് സി.&എ.ജി. ഇങ്ങനെ 41 മുതൽ 43 വരെയുള്ള പേജുകൾ ഇതിൽ ചേർത്തിരിക്കുന്നതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ബഹുമാന്യനായ പറവൂർ എം.എൽ.എ. ഉൾപ്പെടെയുള്ള

പ്രതിപക്ഷാംഗങ്ങൾ ഈ പ്രമേയം വളരെ കൃത്യമായി ശ്രദ്ധിക്കണം. എന്താണ് ഇവിടെ എതിർക്കപ്പെട്ടിരിക്കുന്നത്; എന്തുകൊണ്ടാണിത് എതിർക്കപ്പെടുന്നത്? ഇത് സംസ്ഥാനത്തിന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്. സി.&എ.ജി. എന്ന ഭരണഘടനാ സ്ഥാപനത്തെ ഉപയോഗിച്ചുകൊണ്ട് രാഷ്ട്രീയ ഗൂഢലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ബി.ജെ.പി.-യുടെ തന്ത്രമാണ്. ഈ പ്രമേയം ശ്രദ്ധിക്കുക, "ഈ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട്, 2019-ലെ മേൽ പരാമർശങ്ങൾ സി.&എ.ജി. ഓഡിറ്റ് റെഗുലേഷൻസ് സാമാന്യ രീതിക്കും പ്രൊഫഷണൽ സമീപനത്തിനും രാഷ്ട്രീയ നിഷ്പക്ഷതയ്ക്കും എതിരാണ്" എന്ന് പറഞ്ഞതിനു ശേഷമാണ് ഇത് തള്ളുന്നത്. ഏത് റെഗുലേഷൻ അല്ലെങ്കിൽ ഏത് ചട്ടപ്രകാരമാണ് സി.&എ.ജി. ഈ പരാമർശങ്ങൾ ഇതിനോട് ചേർത്തിട്ടുള്ളതെന്നാണ് ഞാൻ ചോദിക്കുന്നത്. Regulations on Audit & Accounts-2007 അനുസരിച്ചാണ് 2019 സാമ്പത്തിക വർഷത്തിൽ അവസാനിക്കുന്ന ഓഡിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ തയ്യാറാക്കേണ്ടത്. ആ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോ? അതിനുശേഷം വന്ന അമെന്റ്മെന്റ്സും ഈ നടപടിക്രമങ്ങളിൽ കാര്യമായ വ്യത്യാസം കൊണ്ടുവന്നിട്ടില്ല. ആ നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. ഇവിടെ നമ്മൾ കാണേണ്ടത്, ഇതിന്റെ കണ്ടന്റ് സംബന്ധിച്ച കാര്യങ്ങളൊക്കെ കഴിഞ്ഞ ദിവസം വളരെ വിശദമായി സംസാരിച്ചിരുന്നു. റെഗുലേഷൻസ് ഓൺ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ്, 2007-ൽ പറയുന്നത് എന്താണ്? 'ഒരു ഓഡിറ്റ് റിപ്പോർട്ടിൽ ഏതെങ്കിലുമൊരു കാര്യം ഉൾപ്പെടുത്തുന്നതിനുമുമ്പായി സർക്കാരിന് സർക്കാരിന്റെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും വിശദീകരണങ്ങളും നൽകുന്നതിനുള്ള മതിയായ അവസരം നൽകേണ്ടതാണ് എന്നാണ്. അതിവിടെ നൽകിയിട്ടുണ്ടോ? അതുമാത്രമല്ല, ഇതിന് ഈ സർക്കാർ നൽകുന്ന മറുപടിയുണ്ട്. ആ മറുപടി ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറി വഴി കരട് ഖണ്ഡികകൾ ലഭിച്ചാലുടൻതന്നെ സി.&എ.ജി.-ക്ക് അത് ലഭിച്ച വിവരം സ്ഥിരീകരിച്ചുകൊണ്ട് അറിയിക്കുകയോ അതിനുശേഷം സർക്കാരിന്റേതായ അഭിപ്രായങ്ങൾ വേണമെങ്കിൽ ഉൾക്കൊള്ളുകയോ അല്ലെങ്കിൽ നിരാകരിക്കുകയോ ചെയ്യണം. ഇവിടെ അഭിപ്രായം തേടിയിട്ടുമില്ല, അത് ഉൾക്കൊണ്ടിട്ടുമില്ല, നിരാകരിച്ചിട്ടുമില്ല. ഇതാണ് ഇവിടത്തെ വിഷയം. ഈ സി.&എ.ജി. റിപ്പോർട്ട് സംസ്ഥാനത്തിന്റെ അധികാരത്തിന്മേലുള്ള, ലെജിസ്ലേച്ചറിനുമേലുള്ള കടന്നുകയറ്റമാണ്. ഇത് നമ്മൾ കാണാതിരുന്നുകൂടാ. ഇത് വലിയൊരു വിപത്താണ്. ഇതിനെ മുളയിലേ നുള്ളിയേ മതിയാകൂ. വഴിവിട്ട രീതിയിൽ ചേർക്കപ്പെട്ട ഈ പരാമർശങ്ങളുൾക്കൊള്ളുന്ന പേജുകൾ നീക്കം ചെയ്യണമെന്നുള്ളത് കേരളത്തിന്റെ ആവശ്യമാണ്, കേരള നിയമസഭയുടെ ആവശ്യമാണ്. രാജ്യത്തിന്റെ ജനാധിപത്യത്തിന്റെ തൂണുകളായ ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ് ഉൾപ്പെടെയുള്ള ജനാധിപത്യത്തിന്റെ ആരോഗ്യപരമായ നിലനിൽപ്പിന് അത് ആവശ്യമാണ്.

ഇവിടെ വളരെ നിരുത്തരവാദപരമായി രാഷ്ട്രീയ വിരോധം വച്ചുകൊണ്ട്, രാഷ്ട്രീയാന്ധത ബാധിച്ചുകൊണ്ട് 'ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നിയമസഭ ഇത് നിരാകരിക്കുന്നത്' എന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവന പിൻവലിക്കണം. ഇത് നിയമസഭയുടെ അവകാശത്തിന്റെ നഗ്നമായ ലംഘനമാണ്. അതുകൊണ്ട് ഈ പ്രമേയത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. സി.&എ.ജി. വഴിവിട്ട രീതിയിൽ, ക്രമപ്രകാരമല്ലാതെ, ചട്ടവിരുദ്ധമായി ചേർത്തിട്ടുള്ള കിഫ്ബിയെ സംബന്ധിച്ച ഈ പരാമർശങ്ങളെ കേരള നിയമസഭ നിരാകരിക്കുകതന്നെ വേണം.

ഡോ. എം. കെ. മുനീർ: സർ, ഈ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. തെറ്റായ ഒരു കീഴ്വഴക്കം ഈ നിയമസഭ ഇന്ന് ആരംഭിക്കുകയാണ്. ഇനിമുതൽ സി.&എ.ജി. റിപ്പോർട്ടുകളെല്ലാം നിയമസഭയ്ക്ക് നിരാകരിക്കാനുള്ള ഒരു കീഴ്വക്കം ഇന്നുണ്ടാകുകയാണ്. അതുകൊണ്ടുതന്നെ ഇത് ജനാധിപത്യത്തിന്റേകൂടി കറുത്ത ദിനമായി മാറും. സി.&എ.ജി. റിപ്പോർട്ടുകൾ ധാരാളം വന്നിട്ടില്ലേ? ആ സി.&എ.ജി. റിപ്പോർട്ടുകളെക്കുറിച്ച് എന്തൊക്കെ പരാമർശങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്, ഏതൊക്കെ രീതിയിൽ ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്? അന്ന് ഭരണപക്ഷം പ്രതിപക്ഷത്തിരുന്ന സമയത്ത് അത് ടെലിവിഷനിലും ചർച്ച ചെയ്തിട്ടുണ്ടല്ലോ. പാമോയിൽ അടക്കമുള്ള വിഷയങ്ങൾ എങ്ങനെയാണ് ഇവിടെ സി.&എ.ജി. റിപ്പോർട്ടിന്റെ പേരിൽ ചർച്ച ചെയ്യപ്പെട്ടതെന്നും ഗവൺമെന്റുകൾ ഇല്ലാതായതെന്നുമൊക്കെ നമുക്കറിയുന്ന കാര്യമല്ലേ? ഇതിനകത്ത് ഒരു പരാമർശം വന്നപ്പോഴേയ്ക്കും ഇത്രയും ഭയപ്പെടുന്ന ഒരവസ്ഥ എന്തുകൊണ്ട് ഉണ്ടാകുന്നു? നമ്മുടെ പ്രിയപ്പെട്ട ജെയിംസ് മാത്യു, എം.എൽ.എ. പറഞ്ഞ കാര്യമാണ് ഞാൻ അടിവരയിടാൻ അഗ്രഹിക്കുന്നത്. എന്തിനാണ് ഈ പ്രമേയം ഇവിടെ കൊണ്ടുവന്നത്? പ്രതിപക്ഷം പുറത്ത് ചാനലുകളിൽ ഇത് പറയുമ്പോൾ ഞങ്ങൾക്ക് അത് നിയമസഭയിൽ പറയാൻവേണ്ടിയാണ് ഈ പ്രമേയം കൊണ്ടുവന്നത് എന്ന് പറഞ്ഞതോടുകൂടി, ഇത് രാഷ്ട്രീയപരമായി നാളെ ഒരു ചർച്ചയ്ക്ക് വിധേയമാക്കുന്നതിനുവേണ്ടി ഉണ്ടാക്കിയതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. ജെയിംസ് മാത്യു: സർ, ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീർ തികച്ചും അവാസ്തവമായ ഒരു പ്രസ്താവനയാണ് നടത്തിയത്, അത് പിൻവലിക്കണം. ഞാൻ സംസാരിച്ചപ്പോൾ എന്തിനാണ് പ്രമേയം കൊണ്ടുവന്നത് എന്നുള്ളതിനെക്കുറിച്ചല്ല പറഞ്ഞത്. കഴിഞ്ഞ ദിവസം ഒരു ചാനൽ ചർച്ചയിൽ സംസാരിച്ചപ്പോൾ എനിക്കുണ്ടായ അനുഭവമാണ് പറഞ്ഞത്. ആ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം കൊണ്ടുവന്നത്? അങ്ങനെയാണോ ഞാനിവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്ന പ്രമേയത്തെ പിന്താങ്ങിക്കൊണ്ട്

സംസാരിക്കുന്ന സമയത്ത്, ഒരു ചാനൽ ചർച്ചയിൽ പങ്കെടുത്തപ്പോഴുണ്ടായ എന്റെ അനുഭവം ഇതാണ്, ഈ അനുഭവമുള്ള ഞങ്ങൾക്ക് ഇവിടെ പറയാൻ ഒരവസരമുണ്ടായത് നന്നായി എന്നല്ലേ പറഞ്ഞത്? ബഹുമാന്യനായ അംഗത്തെ അവാസ്തവ പ്രസ്താവന നടത്താൻ അനുവദിക്കരുതെന്നാണ് ചെയറിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഡോ. എം. കെ. മുനീർ: സർ, തെറ്റായ പ്രസ്താവനയൊന്നും ഞാൻ നടത്തിയിട്ടില്ല. അദ്ദേഹം ഇപ്പോൾ പറഞ്ഞതിന് അടിവരയിട്ട് ആളുകൾ അത് എന്താണെന്ന് വിശകലനം ചെയ്താൽ മതി. അപ്പോൾത്തന്നെ മനസ്സിലാകും എന്തിനാണ് ഈ പ്രമേയം കൊണ്ടുവന്നത് എന്നുള്ളത്. ഞാൻ അതിനപ്പുറത്തേയ്ക്കൊന്നും പറയുന്നില്ല.

നേരത്തെ സൂചിപ്പിച്ചതുപോലെ, ഇവിടെയൊരു പ്രമേയം കൊണ്ടുവന്ന് ഏകപക്ഷീയമായി പാസ്സാക്കുമ്പോൾ സി.&എ.ജി.-ക്ക് അദ്ദേഹത്തിന്റെ വീക്ഷണം പറയാനുള്ള സാഹചര്യമാണ് ഇല്ലാതാകുന്നത്. എന്നാണ് സി.&എ.ജി. നിങ്ങൾക്ക് ഇത്രയും അസ്പൃശ്യമായി മാറിയത്? ഒരുകാലത്ത് സി.&എ.ജി. റിപ്പോർട്ട് വച്ചിട്ടല്ലേ നിങ്ങൾ ഇവിടെ എല്ലാ ചർച്ചകളും നടത്തിയിരുന്നത്? ഞങ്ങൾക്ക് സി.&എ.ജി.-യുമായി യാതൊരു ബന്ധവുമില്ല. പക്ഷെ സി.&എ.ജി. എന്നുപറയുന്ന ഭരണഘടനാ സ്ഥാപനത്തെ ഇവിടെ നിങ്ങളുടെ ഇംഗിതത്തിനനുസരിച്ച് 'ഞങ്ങൾക്ക് ഇഷ്ടപ്പെടാത്തത് വന്നാലത് ഞങ്ങളിവിടെ കൊണ്ടുവന്ന് നിരാകരിക്കും, അതിന്റെ ഖണ്ഡികകൾ ഞങ്ങൾ വെട്ടിക്കളയും' എന്നുപറയുന്ന നിങ്ങളുടെ ധാർഷ്ട്യം ഇവിടെ ഒരു പ്രതിപക്ഷമുള്ളിടത്തോളംകാലം അനുവദിച്ചുതരാൻ കഴിയില്ല. (...ബഹളം...) അപ്പോഴേയ്ക്കും നിങ്ങൾക്ക് സംഘ്പരിവാറുമായി ഞങ്ങളെ കണക്ട് ചെയ്യേണ്ടിവരും. എന്തുകേട്ടാലും സംഘ്പരിവാർ എന്നുപറഞ്ഞാൽ ഈ രാജ്യത്തുള്ളവർ അതൊക്കെ വിശ്വസിച്ച് വെള്ളം തൊടാതെ വിഴുങ്ങുമെന്നാണോ നിങ്ങളുടെ വിചാരം? സംഘ്പരിവാറിനെതിരെയുള്ളതൊന്നും ഞങ്ങളെ പഠിപ്പിക്കണ്ട. ബഹറിൽ മുസല്ലയിട്ട് നമസ്കരിച്ചാലും ആർ.എസ്.എസ്.-നെ വിശ്വസിക്കരുതെന്ന് പഠിപ്പിച്ച ഒരു ബാപ്പയുടെ മകനാണ് ഞാൻ. അതുകൊണ്ടുതന്നെ ഞങ്ങൾക്ക് (...ബഹളം...) ഏത് സഖ്യം? നിങ്ങളുണ്ടാക്കിയ സഖ്യം എണ്ണിയെണ്ണി ഞാൻ പറയാം (...ബഹളം...)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്.....

ഡോ. എം. കെ. മുനീർ: സർ, ശ്രീ. എൽ. കെ. അദ്വാനിയുടെയും കെ. ജി. മാരാരുടെയുമൊക്കെ പുസ്തകമെടുത്ത് വായിച്ചുനോക്കൂ. (...ബഹളം...) ആർ.എസ്.എസ്.-കാരുമായി രാവിലെ മുഴുവൻ തല്ലുണ്ടാക്കുകയും രാത്രി പരസ്പരം പാലൂട്ടി കിടന്നുറങ്ങുകയും ചെയ്യുന്നവരുമാണ് നിങ്ങൾ. അതിന് ആയിരം കണക്കുകൾ

ഞാൻ പറഞ്ഞുതരാം. ...(ബഹളം)... ആർ.എസ്.എസ്.-കാരുമായി ഞങ്ങൾക്കൊരു ബന്ധവുമില്ല. ...(ബഹളം)... ആർ.എസ്.എസ്.-നെ ഞങ്ങൾ ഒരുതരത്തിലും അടുപ്പിച്ചിട്ടില്ല. അതുകൊണ്ട് അങ്ങനെ ഉമ്മാക്കി കാണിച്ചൊന്നും പേടിപ്പിക്കണ്ട. ആർ.എസ്.എസ്.-നെ എവിടെ നിർത്തണമെന്ന് ഞങ്ങൾക്കറിയാം. അവരെ പേടിച്ച് മാളത്തിൽപ്പോയി ഒളിക്കാനും ഞങ്ങളില്ല. നിങ്ങൾക്ക് അത്തരത്തിലുള്ള ബന്ധങ്ങളുണ്ടാക്കിയാൽ മാത്രമേ നിലനിൽക്കാൻ പറ്റൂവെന്ന് ഞങ്ങൾക്കറിയാം. കാരണം, ഇനി ഈ രാജ്യത്ത് സി.പി.ഐ.(എം)-ഉം ബി.ജെ.പി.-യും മാത്രം മതിയെന്നല്ലേ നിങ്ങളുടെ തിയറി. കോൺഗ്രസില്ലാത്തൊരു ഭരണം വേണമെന്നു പറയുന്ന രണ്ടേരണ്ട് പാർട്ടികളേയുള്ളൂ, ബി.ജെ.പി.-യും മാർക്സിസ്റ്റ് പാർട്ടിയും. അതിനർത്ഥം ഞങ്ങൾ പോയിക്കഴിഞ്ഞാൽ നിങ്ങൾ പറയും ഈ നാട്ടിലുള്ള ആൾക്കാർക്ക് ഇനി രണ്ട് choice മാത്രമേയുള്ളൂ, ഒന്നുകിൽ നിങ്ങൾ ബി.ജെ.പി. ആകണം അല്ലെങ്കിൽ സി.പി.ഐ.(എം) ആകണമെന്ന്. പക്ഷെ ആ തിയറിയൊന്നും ഇവിടെ നടക്കാൻ പോകുന്നില്ല. കോൺഗ്രസിനെ അങ്ങനെയൊന്നും ഇല്ലാതാക്കാൻ നിങ്ങൾ ഒറ്റ ശ്വാസത്തിൽ വിചാരിച്ചാൽ നടക്കുന്ന കാര്യവുമല്ല. അതുകൊണ്ട് സി.&എ.ജി.-യെയോ മറ്റേതെങ്കിലും കേന്ദ്ര ഏജൻസിയെക്കുറിച്ചോ പറയുമ്പോൾ അത് സംഘ്പരിവാർ ബന്ധമാണെന്ന് പറഞ്ഞിട്ട് കൈകഴുകി രക്ഷപ്പെടാമെന്ന് വിചാരിക്കണ്ട. ഇത് സത്യസന്ധമായി പരിശോധിക്കാൻ ഈ രാജ്യത്തെ ജനങ്ങൾ തയ്യാറാകും. ഇനി വരുന്ന എല്ലാ സി.&എ.ജി. റിപ്പോർട്ടുകളും നിങ്ങൾക്കെതിരായി വന്നാൽ ഇവിടെയൊരു പ്രമേയം കൊണ്ടുവന്ന് പാസ്സാക്കി ഈ സി.&എ.ജി. റിപ്പോർട്ട് ഞങ്ങൾ തള്ളുന്നുവെന്ന് നിങ്ങൾക്ക് പറയാം. അതിലും നല്ലത് സി.&എ.ജി.-യെത്തന്നെ പിരിച്ചുവിട്ടേക്കു എന്നുപറയുന്നതല്ലേ; പിന്നെ എന്തിനാണ് സി.&എ.ജി.? ഞങ്ങൾക്കെതിരായ പരാമർശം വന്നാൽ ആ പേജുകൾ ഞങ്ങൾ കീറിക്കളയുമെന്നാണ് പറയുന്നത്. അടിസ്ഥാനപരമായി നിങ്ങൾ എല്ലായിടത്തും ഇതുതന്നെയാണ് ചെയ്തിട്ടുള്ളത്. ഇങ്ങനെ ചെയ്തുചെയ്താണ് ബംഗാളിലും ത്രിപുരയിലും നിങ്ങൾ ഇല്ലാതായത്. നിങ്ങൾക്കെതിരായി സംസാരിക്കുന്നവരെ നിഷ്കാസനം ചെയ്യുക എന്നുപറയുന്ന നിങ്ങളുടെ നിലപാട് ഈ പ്രമേയത്തിലൂടെ ആവർത്തിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഞാൻ ഈ പ്രമേയത്തെ ശക്തമായി പിന്തുണയ്ക്കുകയാണ്. കാരണം, ഭരണഘടന വളരെ കൃത്യമായി ഓരോ സ്ഥാപനങ്ങൾക്കും jurisdiction പറയുന്നുണ്ട്. പറവൂർ അംഗമായ ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് എൻക്രോച്ച്മെന്റ് എന്നാണ്. ആരാണ് അതിക്രമിച്ച് കയറിയത്? സംസ്ഥാന നിയമസഭയുടെ അധികാര പരിധിയിലേയ്ക്ക് അതിക്രമിച്ച് കയറിയത് സി.&എ.ജി. ആണ്. സി.&എ.ജി. എൻക്രോച്ച് ചെയ്താൽ ഞങ്ങൾ മൗനം പാലിക്കണമെന്നാണോ?

ഭരണഘടനാ സ്ഥാപനങ്ങളിൽ പൂർണ്ണമായും അധികാര ദുർവിനിയോഗം നടത്തിയത് ആരാണ്? സ്വന്തം മകളുടെ ശാഠ്യത്തിന് വഴങ്ങി ഒരു സംസ്ഥാന സർക്കാരിനെ പിരിച്ചുവിടാൻ ഒപ്പുവച്ചത് ആരാണ്; ഭരണഘടനാ വ്യഭിചാരം നടത്തിയത് ആരാണ്; അധികാരസ്ഥാനങ്ങളെയും അന്വേഷണ ഏജൻസികളെയും സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചത് ആരാണ്? അതൊക്കെ എന്നെക്കൊണ്ട് പറയിപ്പിക്കണോ. നിയമം വളരെ കൃത്യമായി പറയുന്നുണ്ടല്ലോ 'Hear the two sides', രണ്ടുഭാഗവും കേൾക്കണം. സംസ്ഥാന സർക്കാരിനെതിരെ പരാമർശം നടത്തുമ്പോൾ ബഹുമാനപ്പെട്ട സി.&എ.ജി. ഞങ്ങളോട് ഞങ്ങളുടെ ഭാഗം ചോദിക്കണ്ടേ? തൂക്കിക്കൊല്ലാൻ പോകുന്ന പ്രതിയോടുപോലും നിങ്ങളുടെ അന്ത്യാഭിലാഷം എന്താണെന്ന് ചോദിക്കുമല്ലോ. അതുപോലെ എന്തുകൊണ്ട് സംസ്ഥാന സർക്കാരിനെതിരെ പരാമർശം നടത്തുമ്പോൾ ചോദിക്കാൻ തയ്യാറായില്ലെന്ന ലളിതമായൊരു ചോദ്യമാണ് ഞങ്ങൾ ഉന്നയിക്കുന്നത്. ആ ചോദ്യം ന്യായമല്ലേ? ഇവിടെ സി.&എ.ജി.-യെ ഉപയോഗിച്ച് കേന്ദ്ര ഗവൺമെന്റ് രാഷ്ട്രീയം കളിക്കുകയാണ്. ആ രാഷ്ട്രീയ കളിക്ക് എന്തിനാണ് യു.ഡി.എഫ്. കൂട്ടുനിൽക്കുന്നത്? എന്തൊരു നികൃഷ്ടമായ മനസ്സാണ് നിങ്ങളുടേത്. ഇവിടെ കിഫ്ബി എന്നുപറയുന്ന കോർപ്പറേറ്റ് ബോഡി രൂപീകരിക്കാനുള്ള ആക്ട് നമ്മളെല്ലാവരും ഒന്നിച്ചിരുന്നല്ലേ പാസ്സാക്കിയത്? ആ കിഫ്ബിക്കകത്ത് വികസനം വന്നില്ലെന്ന് പറയാൻ നിങ്ങൾക്ക് സാധിക്കുമോ? നാളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27 റെയിൽവേ മേൽപ്പാലങ്ങളുടെ ശിലാസ്ഥാപനം നടത്താൻ പോകുകയാണ്. നിങ്ങളെല്ലാവരും ഈ തെരഞ്ഞെടുപ്പിന് വോട്ട് ചെയ്യാൻ പോയപ്പോൾ 2016-ലെ സ്കൂളുകളാണോ 2019-ലും 2020-ലും കാണാൻ സാധിച്ചത്? അല്ലല്ലോ. കേരളത്തിലെ റോഡുകളുടെ സ്ഥിതിയെന്താണ്? ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് കേരളത്തെ പ്രശംസിക്കേണ്ടിവന്നില്ലേ? ദേശീയപാതാ നിർമ്മാണത്തിൽ കേന്ദ്ര സർക്കാരിന് ഒരു നിയമമുണ്ട്. കേരളം വളരെ ജനസാന്ദ്രതയുള്ള ഭൂപ്രദേശമാണ്. അവിടെ ഭൂമി ഏറ്റെടുക്കാൻ കിഫ്ബിയിലൂടെ ഞങ്ങൾ പണം കൊടുത്തതിന്റെ ഫലമായി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ മാറ്റങ്ങളുണ്ടായില്ലേ; പുതിയ പാലങ്ങളും റോഡുകളുമുണ്ടായില്ലേ? ദേശീയപാത വികസിച്ചതും ആശുപത്രികളുണ്ടായതും നമ്മൾ കാണണ്ടേ? സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ, കാത്ത് ലാബുകൾ എന്നിവ ആരംഭിച്ചില്ലേ? ഇതെല്ലാം എങ്ങനെ വന്നതാണ്? ഇതെല്ലാം സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലിന്റെ ഭാഗമായി വന്നതാണ്. അറുപതിനായിരത്തിലേറെ കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കേരളത്തിലുണ്ടായി. ഇന്ന് നമ്മുടെ send off ആണല്ലോ. ഇതുകഴിഞ്ഞാൽ നമ്മളെല്ലാവരും ജനങ്ങൾക്കിടയിലേയ്ക്ക് പോകുകയാണ്. മണ്ഡലങ്ങളിലേയ്ക്ക് പോകുമ്പോൾ എന്റെ വലതുഭാഗത്തിരിക്കുന്ന പല എം.എൽ.എ.-മാരുടെയും ഫ്ലക്സ് ബോർഡുകൾ

അവരുടെ മണ്ഡലങ്ങളിൽ കാണാൻ സാധിക്കും, 'കിഫ്ബിയിലൂടെ 1000 കോടി', 'കിഫ്ബിയിലൂടെ 500 കോടി' എന്ന ബോർഡുവച്ചിട്ട് യാതൊരു മര്യാദയുമില്ലാതെ കിഫ്ബിയെ തകർക്കാൻ ശ്രമിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ മനസ്സ് നികൃഷ്ടമായതാണെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഇത് അവസാനിപ്പിക്കാൻ തയ്യാറാകണം. അതുപോലെതന്നെ ഒന്നുരണ്ട് കാര്യങ്ങൾകൂടി എനിക്കിവിടെ സൂചിപ്പിക്കാനുണ്ട്. ഇവിടെ ഭരണഘടനാ സ്ഥാപനത്തെക്കുറിച്ച് പറഞ്ഞു, ഞങ്ങൾ ഒന്നുമറിയാത്ത ആളുകളാണോ? നിങ്ങൾക്ക് മാത്രമേ എല്ലാമറിയൂ, ഭരണപക്ഷത്തിരിക്കുന്നവർക്ക് ഒന്നുമറിയില്ലെന്നുള്ള ധാർഷ്ട്യം നിങ്ങൾ ഉപേക്ഷിക്കണം. നിയമത്തെക്കുറിച്ച് ഞങ്ങൾക്കും ധാരണയുണ്ട്. എങ്ങനെയെങ്കിലും ഞങ്ങളെ പിടിക്കാൻ കേന്ദ്രവും നിങ്ങളും മാധ്യമങ്ങളുമൊക്കെ ശ്രമിക്കുന്നുണ്ട്. അതറിയാമെന്നുള്ളതുകൊണ്ട് ഞങ്ങൾ വളരെ vigilant ആണ്. കിഫ്ബി പോലുള്ള സംവിധാനത്തിലൂടെ കടമെടുക്കുമ്പോൾ വളരെ കരുതലോടെയാണ് ഞങ്ങളിവിടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. ഞങ്ങളെ തകർക്കാൻ നിങ്ങൾ ശ്രമിക്കുമെന്ന് ഞങ്ങൾക്കറിയാം. ഇവിടെ നിങ്ങൾ തകർക്കാൻ ശ്രമിക്കുന്നത് ഞങ്ങളെയല്ല മറിച്ച്, ഈ നാടിനെയാണ്. ഇവിടെ പുതിയ പാലം വരാൻ പാടില്ല, വികസനം വരാൻ പാടില്ല എന്നുപറയുമ്പോൾ നിങ്ങൾ നാടിന്റെ പൊതുശത്രുക്കളായി മാറുകയാണ്. ഇത് ഈ നാട്ടിലെ ജനങ്ങൾ തിരിച്ചറിയുമെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ഡോ. എം. കെ. മുനീർ എനിക്ക് ഇഷ്ടമുള്ളൊരു നേതാവാണ്. അദ്ദേഹം വളരെ വികാരത്തോടുകൂടി പ്രസംഗിച്ചു, ബഹറിൽ മുസല്ലയിട്ട് നമസ്കരിച്ചാലും ആർ.എസ്.എസ്.-നെ വിശ്വസിക്കാൻ കൊള്ളില്ലായെന്ന് പറഞ്ഞ അദ്ദേഹത്തിന്റെ പിതാവിനെക്കുറിച്ച് ആലോചിച്ച് അഭിമാനിച്ചു. എന്നാൽ അതേ പിതാവിന്റെ മകൻ ആ മുസല്ല തലയിലിട്ട് ആർ.എസ്.എസ്. കാര്യാലയത്തിൽപ്പോയി വോട്ട് പിടിച്ചില്ലേ; നിഷേധിക്കാൻ പറ്റുമോ വടകരയും ബേപ്പൂരും? ഈ നാട് മറന്നിട്ടില്ല. അതേ പിതാവ് ഒരു പ്രസംഗംകൂടി നടത്തി, അത് ഡോ. എം. കെ. മുനീർ ഒന്ന് കേൾക്കണം.(...ബഹളം...) നിങ്ങൾ നിങ്ങളുടെ പിതാവിനെക്കുറിച്ച് ഊറ്റംകൊള്ളുമ്പോൾ ഞങ്ങളും ബഹുമാനിക്കുന്ന ആ പിതാവ് ഒരു പ്രസംഗം നടത്തി. അത്, 'ഒരുപക്ഷെ എന്റെ സമുദായം എന്നെ കഴിവുകെട്ടവനെന്ന് വിളിച്ചേക്കാം, പക്ഷെ ഒരിക്കലും എന്റെ സമുദായത്തെക്കൊണ്ട് ഞാൻ അഴിമതിക്കാരൻ എന്ന് കേൾക്കാൻ ഇടവരുത്തില്ല' എന്നാണ്. അങ്ങനെ പ്രഖ്യാപിച്ച മഹാനായ സി. എച്ച്. മുഹമ്മദ്കോയയുടെ പാർട്ടി ഇന്നെവിടെ? ബഹുമാന്യരായ വി. കെ. ഇബ്രാഹിംകുഞ്ഞും എം. സി. കമറുദ്ദീനും കെ. എം. ഷാജിയും എവിടെപ്പോയി? (...ബഹളം...) ഞങ്ങൾ അഴിമതിക്കാരാണെന്ന് കേൾക്കാനിടവരുത്തില്ലെന്ന് പ്രഖ്യാപിച്ച സി. എച്ച്. മുഹമ്മദ്കോയയുടെ പാർട്ടിയിലെ രണ്ട് എം.എൽ.എ.-മാർ ഇന്ന് ജയിലിലും മറ്റൊരാൾ ജയിലിൽ ക്യൂവിൽ നിൽക്കുകയുമാണ്. ഇതല്ലേ പാർട്ടി?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. അഞ്ച് മിനിട്ടായി.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. നമ്മെ തകർക്കാൻ ശ്രമിക്കുന്ന ശക്തികളെ തിരിച്ചറിയാൻ സാധിക്കണം. ഇടതുപക്ഷം മുന്നോട്ടാണ്. ശ്രീ. കെ. സി. ജോസഫ്, നിങ്ങൾ മനസ്സിലാക്കണം നിങ്ങൾ ജയിച്ച മലയോരത്തെ തില്ലങ്കേരി ഡിവിഷനിൽ ഏഴായിരത്തിൽപ്പരം വോട്ടിന്റെ ഫലം പ്രഖ്യാപിച്ചപ്പോൾ ഇടതുപക്ഷം ജയിച്ചിരിക്കുന്നു. ശ്രീ. പിണറായി വിജയൻ മുന്നോട്ടുതന്നെയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തകർക്കാൻ ആര് ശ്രമിച്ചാലും എന്തെല്ലാം കെട്ടുകഥകളുണ്ടാക്കിയാലും ഞങ്ങൾ ഒരിക്കൽകൂടി ആവർത്തിക്കുന്നു, ഇന്ന് കണ്ണൂർ ജില്ലാ പഞ്ചായത്തിലെ തില്ലങ്കേരി ഡിവിഷൻ നിങ്ങളിൽനിന്ന് ഞങ്ങൾ പിടിച്ചെടുത്തെങ്കിൽ കേരളത്തിലെമ്പാടും ഇടതുപക്ഷത്തിന്റെ തുടർച്ചയുണ്ടാകും. നിങ്ങൾ നികൃഷ്ടമനസ്സാണ് പ്രകടിപ്പിക്കുന്നത്. അതുകൊണ്ടാണ് കോട്ടയത്തെ എം.എൽ.എ. ഒരു അഭിമുഖത്തിൽ പറഞ്ഞത് ഇനിയെന്തെല്ലാം വരാനിരിക്കുന്നു, ഒരു പ്രളയം വരും ഒരു പ്രകൃതിദുരന്തം വരും എന്ന്. അതാണ് നിങ്ങളുടെ മാനസികാവസ്ഥ. ഈ മാനസികാവസ്ഥ മാറണം. ഞങ്ങളൊരിക്കലും കോൺഗ്രസ് തകരണമെന്ന് ആഗ്രഹിക്കുന്നവരല്ല. പക്ഷെ സ്വയം തകരാൻ നിങ്ങൾ തീരുമാനിച്ചാൽ പിന്നെ ജവഹർലാൽ നെഹ്റു പുനരവതരിച്ചാൽപ്പോലും നിങ്ങളെ രക്ഷപ്പെടുത്താൻ സാധിക്കില്ലെന്നുമാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. സി.&എ.ജി. ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികൾക്കെതിരായി ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന നിലപാടുകൾ പ്രതിഷേധാർഹമാണ്. ഭരണഘടനാചട്ടങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകൃതമായ സ്ഥാപനങ്ങൾക്കെതിരെയാണ് മന്ത്രിമാരുടെയും മറ്റും ഭാഗത്തുനിന്ന് നിയമാനുസൃതമല്ലാത്ത എതിർപ്പുകൾ പ്രകടിപ്പിക്കുന്നത്. സംസ്ഥാനങ്ങൾക്ക് കടമെടുക്കാൻ നിശ്ചയിച്ചിട്ടുള്ള പരിധിക്കപ്പുറത്ത് കടമെടുക്കാൻ കഴിയില്ലായെന്ന വ്യവസ്ഥ നിലനിൽക്കെയാണ് കിഫ്ബി ഒരു സമാന്തര സാമ്പത്തിക സംവിധാനംപോലെ പ്രവർത്തിക്കുന്നത്. പൊതുജനങ്ങൾ നൽകുന്ന നികുതി പണം കിഫ്ബിയുടെ വരവിനമായി കണക്കാക്കുമ്പോൾത്തന്നെയാണ് സി.&എ.ജി.-യുടെ ഓഡിറ്റുപോലും അനുവദിക്കില്ലെന്ന നിലപാട് സർക്കാർ സ്വീകരിക്കുന്നത്. അതുകൊണ്ട് ഇപ്പോൾ അവതരിപ്പിച്ച ഗവൺമെന്റ് പ്രമേയം ഭരണഘടനാ തത്വങ്ങൾക്കും രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിനും എതിരുമാണ്. സംസ്ഥാനങ്ങൾ പാലിക്കേണ്ട സാമ്പത്തിക അച്ചടക്കം പരിശോധിക്കുകയും അതിൽ വീഴ്ചകൾ കണ്ടെത്തുകയും ചെയ്യേണ്ടത് സി.&എ.ജി.-യുടെ ഭരണഘടനാ ചുമതല തന്നെയാണ്. അത്തരം ഭരണഘടനാ ചുമതല നിർവ്വഹിക്കുന്ന സ്ഥാപനങ്ങളെ ആക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നത് തികച്ചും അനുചിതവും രാജ്യത്തിന്റെ സാമ്പത്തിക

അഖണ്ഡതയ്ക്ക് എതിരുമാണ്. തങ്ങളുടെ ചെയ്തികൾക്കെതിരെ നിയമാനുസൃതം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ശത്രുക്കളായി കാണുന്ന മനോഭാവം ഒരു സർക്കാരിനും ഭൂഷണമല്ല. ഈ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ, ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഇതുസംബന്ധിച്ച് വിവിധ അഭിപ്രായങ്ങൾ ഇതിനോടകം രേഖപ്പെടുത്തിക്കഴിഞ്ഞു. അതുകൊണ്ട് ഈ സഭയുടെ സമയം അധികമെടുക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തെ ആധുനിക യുഗത്തിലേയ്ക്ക് കൈപിടിച്ച് കൊണ്ടുപോകാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശ്രമിക്കുകയാണ്. അതിനുവേണ്ടി ഒരു പുതിയ വികസന സംസ്കാരം യാഥാർത്ഥ്യമാക്കാനുള്ള പരിശ്രമത്തിലാണ്. അത് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ സമയത്ത് ജനങ്ങളുടെ മുമ്പിൽ വച്ച വാഗ്ദാനമാണ്. ഈ ഗവൺ മെന്റിന്റെ പദ്ധതിയെ സംബന്ധിച്ച മാനിഫെസ്റ്റോയിൽ പരാമർശിച്ചിട്ടുള്ള കാര്യമാണ്. അതിന് കിട്ടിയ അംഗീകാരത്തിന്റെ അടിസ്ഥാനത്തിലാണ് കിഫ്ബി വഴി കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. കേരളത്തെ രാഷ്ട്രീയ കാരണങ്ങളാൽ ശ്വാസംമുട്ടിച്ച് കൊല്ലാൻ തീരുമാനിച്ച കേന്ദ്ര ഗവൺമെന്റ് സി.&എ.ജി.-യെ ഉപയോഗിച്ച് കിഫ്ബിയെയും അതുവഴി വികസനത്തെയും ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. അതിന് നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമായ മാർഗ്ഗങ്ങൾ അവലംബിക്കുകയാണ്. ആ മാർഗ്ഗങ്ങളിലൂടെ സി.&എ.ജി. റിപ്പോർട്ട് തയ്യാറാക്കുമ്പോൾ അതിനുമുമ്പിൽ ഓച്ചാനിച്ചുനിൽക്കുകയല്ല തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിന്റെയും നിയമസഭയുടെയും ഉത്തരവാദിത്വം. 2013-ൽ സുപ്രീം കോടതി മുമ്പാകെ വന്ന Arun Kumar Agarwal Vs. Union of India and Others എന്ന കേസിൽ സി.&എ.ജി. റിപ്പോർട്ടിനെ സംബന്ധിച്ച് വളരെ പ്രസക്തമായ പരാമർശങ്ങളുണ്ട്. ഈ സഭയ്ക്ക് അത് നിരാകരിക്കാനുള്ള അവകാശമുണ്ട്. പി.എ.സി.-ക്കും അവകാശമുണ്ട്. കാരണം, അത് നിയമസഭയുടെതന്നെ ഒരു ചെറുരൂപമാണ്. ഈ സഭയ്ക്കുള്ള അവകാശാധികാരങ്ങളെയും അതിലുപരി കേരളത്തിന്റെ ഉത്തമ താല്പര്യ ങ്ങളെയും തന്നെയാണ് ഈ പ്രമേയം പ്രതിഫലിപ്പിക്കുന്നത്. ഭരണഘടനാ വിരുദ്ധമായ മാർഗ്ഗത്തിലൂടെ ഒരു ഭരണഘടനാ സ്ഥാപനത്തെ കേന്ദ്രസർക്കാർ രാഷ്ട്രീയമായി ഉപയോഗിക്കുമ്പോൾ അതിനുമുമ്പിൽ കേരളത്തിന്റെ താല്പര്യങ്ങളെ ഉയർത്തിപ്പിടിക്കാൻ പ്രതിപക്ഷത്തിന് കഴിയാതെ പോകുന്നതെന്തുകൊണ്ടാണ്? അത് നിർഭാഗ്യകരമാണ്. നിങ്ങൾ ആരോടൊപ്പമാണ് നിൽക്കുന്നത്? കേരളത്തെ തകർക്കാൻ ശ്രമിക്കുന്ന സംഘ്പരിവാറിന്റെ ഗൂഢാലോചനയോടൊപ്പമാണോ അതോ കേരളത്തിന്റെ താല്പര്യങ്ങളെ സംരക്ഷിക്കാൻ ശ്രമിക്കുന്ന ഈ ഗവൺമെന്റിന്റെ നിലപാടുകളോടൊപ്പമാണോ നിങ്ങൾ നിൽക്കുന്നത്? ഇവിടെ പതാകകളുടെ

നിറഭേദങ്ങൾക്കപ്പുറത്ത് ഈ നാടിന്റെ താല്പര്യങ്ങളെയാണ് നാം ഉയർത്തിപ്പിടിക്കേണ്ടത്. അവിടെയാണ് നിങ്ങൾ ദയനീയമായി പരാജയപ്പെട്ടുപോയത്. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവിന്റെ ഒരു പരാമർശം കേട്ടപ്പോൾ മനസ്സിൽ തോന്നിയ ഒരു കാര്യംകൂടി പറയുകയാണ്. അദ്ദേഹം ആദരണീയനായ കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ വന്ദ്യപിതാവുമായ സി. എച്ച്.-നെ ഇവിടെ ഉദ്ധരിക്കുകയുണ്ടായി. സി.എച്ച്. മറ്റൊരു പ്രസംഗംകൂടി നടത്തിയത് ഞാൻ അദ്ദേഹത്തിന്റെ ഓർമ്മയിലേയ്ക്ക് ഒരിക്കൽകൂടി കൊണ്ടുവരികയാണ്. മുഖ്യമന്ത്രിപദത്തിൽനിന്നും ഇറങ്ങിയതിനുശേഷം തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ മുസ്ലീം ലീഗിന്റെ സിറ്റിംഗ് കമ്മിറ്റി നൽകിയ ഒരു സ്വീകരണ യോഗത്തിൽ അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. അന്ന് അദ്ദേഹം ഇടറിയ ശബ്ദത്തിൽ പറഞ്ഞു, 'മുഖ്യമന്ത്രിപദത്തിൽനിന്നും രാജിവയ്ക്കേണ്ടി വന്നതിൽ എനിക്ക് ദുഃഖമില്ല, ശ്രീ. ഇ. കെ. നായനാർ മുഖ്യമന്ത്രിപദത്തിലേയ്ക്ക് ഇനി വരുന്നുണ്ടെങ്കിൽ അതിലും എനിക്ക് ദുഃഖമില്ല, പക്ഷെ കേരളമേ കേൾക്കുക, ഈ കുറിയ മനുഷ്യനുണ്ടല്ലോ ഇയാളെ നിങ്ങൾ നമ്പരുത്, നമ്പരുത്, നമ്പരുത് എന്ന് പറയുകയുണ്ടായി. അത് ആരെക്കുറിച്ചാണെന്ന് ഞാനിവിടെ പറയുന്നില്ല. അങ്ങനെ നടത്തിയ പല പ്രസംഗങ്ങളും കേരള ചരിത്രത്തിന്റെ ഭാഗമാണ്. അങ്ങിവിടെ ഉദാഹരിച്ച പ്രസംഗത്തിലെ പരാമർശം പ്രസക്തമാണ്. പക്ഷെ ആ പ്രസംഗത്തോട് നീതിപുലർത്താൻ അങ്ങയുടെ പാർട്ടിക്ക് ഇപ്പോൾ കഴിയുന്നുണ്ടോ? (.....ബഹളം....) അതൊരു ചരിത്രത്തിന്റെ ഭാഗമാണ്, അദ്ദേഹത്തിന്റെ പ്രസംഗത്തെ ഉദാഹരിച്ചുവെന്ന് മാത്രമേയുള്ളൂ. ഇപ്പോൾ ഈ സഭയിലുള്ള ആരെക്കുറിച്ചുമല്ല പറഞ്ഞിട്ടുള്ളത്. അത്തരത്തിലുള്ള തെറ്റായ കാര്യങ്ങളിലേയ്ക്ക് നമ്മുടെ സഭ പോകേണ്ടതില്ല. ഞാൻ ആരുടെയും പേര് പറയുന്നില്ല, സാന്ദർഭികമായി പറഞ്ഞുവെന്നുമാത്രമേയുള്ളൂ. ഇടതുപക്ഷ വിരോധം തലയ്ക്കുപിടിച്ച് നിങ്ങൾ തെറ്റായ പരാമർശങ്ങൾ നടത്തുമ്പോൾ ഈ കാലഘട്ടത്തിലെ രാഷ്ട്രീയമായി ഉയർന്നുവരുന്ന സവിശേഷ സാഹചര്യങ്ങളോട് നിങ്ങൾ സ്വീകരിക്കുന്ന നിലപാട് നമ്മുടെ നാടിനെ എങ്ങനെ ബാധിക്കുമെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. ത്രിപുരയിൽ നിങ്ങൾ പോയില്ലേയെന്നൊക്കെ ആവേശത്തോടെ ചോദിക്കുകയാണ്. പകരം നിങ്ങൾ വന്നോ? ബംഗാളിൽ നിങ്ങളുടെ സ്ഥിതിയെന്താണെന്ന് ചോദിക്കുകയാണ്. നാല്പത് കൊല്ലമായി കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണവിടെ? നമ്മുടെ നാട് വർഗ്ഗീയ ഫാസിസ്റ്റുകളുടെ ജനാധിപത്യവിരുദ്ധ നീക്കങ്ങളോട് ഏറ്റുമുട്ടുകയാണ്. ഇന്നലെ നാച്ചുറൽ ജസ്റ്റിസിനെക്കുറിച്ച് ബഹുമാന്യനായ പറവൂർ അംഗം ഇവിടെ പറഞ്ഞല്ലോ. ആ നാച്ചുറൽ ജസ്റ്റിസ് സി.&എ.ജി. പാലിച്ചോ; ഈ ഗവൺമെന്റിന് പറയാനുള്ളത് കേട്ടോ; കരട് റിപ്പോർട്ടിലെ പരാമർശമാണോ ഫൈനൽ റിപ്പോർട്ടിൽ വന്നിട്ടുള്ളത്? നാച്ചുറൽ ജസ്റ്റിസ് അവിടെ വയലേറ്റ്

ചെയ്യപ്പെട്ടതിനെക്കുറിച്ച് എന്താണ് നിങ്ങൾക്ക് ഉത്കണ്ഠയില്ലാത്തത്; നിങ്ങൾ എന്താണ് അത് പറയാത്തത്? നിങ്ങൾ എങ്ങനെയാണ് സി.&എ.ജി.-യുടെയും അതുവഴി സംഘ്പരിവാറിന്റെയും വിനീത വിധേയരായ വക്കീലന്മാരായി മാറുന്നത്? കേരളത്തിനുവേണ്ടി നിലപാട് സ്വീകരിക്കുന്ന കേരളത്തിന്റെ വക്കീലന്മാരായി ഇടതുപക്ഷവും ധനകാര്യ വകുപ്പുമന്ത്രിയും മാറുമ്പോൾ നിങ്ങൾ സംഘ്പരിവാറിനെ പരോക്ഷമായി പിന്തുണച്ച് അവരുടെ ഗൂഢാലോചനയുടെ ഏജന്റായ സി.&എ.ജി.-യുടെ പിന്നിൽ അണിനിരക്കുന്നത് ആത്യന്തികമായി നിങ്ങൾ കേരളത്തിന്റെ ശത്രുപക്ഷത്താണെന്നും അത് ഈ നാട് തിരിച്ചറിയുമെന്നും ജനങ്ങളോട് മറുപടി പറയേണ്ടിവരുമെന്നും കേരള വികസനത്തെ അട്ടിമറിക്കുന്ന ഐക്യജനാധിപത്യ മുന്നണിയുടെ ദേശവിരുദ്ധ-ജനവിരുദ്ധ രാഷ്ട്രീയത്തിന് വീണ്ടും നിങ്ങൾക്ക് തിരിച്ചടി ഏറ്റുവാങ്ങേണ്ടിവരുമെന്നും ഓർമ്മപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞാൻ ഈ പ്രമേയത്തെ ശക്തമായി എതിർക്കുകയാണ്. ഇവിടെ ശ്രീ. എം. സ്വരാജിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് മനസ്സിലായത്, സി.&എ.ജി. എന്നുപറയുന്നത് ബി.ജെ.പി.-യുടെ ഒരു സ്ഥാപനമാണെന്നാണ്. സി.&എ.ജി. എന്നുപറയുന്ന ബി.ജെ.പി.-യുടെ, ആർ.എസ്.എസ്.-ന്റെ ഒരു പോഷകസംഘടന കേരളത്തെ ഞെക്കിക്കൊല്ലാൻ നോക്കുന്നു, ഞങ്ങളതിന് കൂട്ടുനിൽക്കുന്നുവെന്ന് ശ്രീ. എം. സ്വരാജിനെപ്പോലെയുള്ള ഒരാൾ അപ്രകാരം പറയരുത്. അങ്ങ് വായിക്കുകയും പഠിക്കുകയുമൊക്കെ ചെയ്യുന്ന ആളാണല്ലോ? ഇത് ഇന്ത്യൻ ഭരണഘടനയനുസരിച്ചുള്ളതാണ് അല്ലാതെ ആർ.എസ്.എസ്.-ന്റെ ഭരണഘടനയനുസരിച്ചുള്ള സ്ഥാപനമല്ല. സി.&എ.ജി. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ-148 അനുസരിച്ചുള്ളതാണ്. അങ്ങയുടെ പ്രസംഗം ലൈവായി ടെലികാസ്റ്റ് ചെയ്യുന്നതുകൊണ്ട് നാട്ടിലെ ജനങ്ങൾ തെറ്റിദ്ധരിക്കും ബി.ജെ.പി.-യുടെ ഒരു പോഷകസംഘടന കേരളത്തിലെ ഗവൺമെന്റിനെ കുറ്റപ്പെടുത്തിയിരിക്കുന്നു, അപ്പോൾ ഞങ്ങളെല്ലാംകൂടി അതിനെ സപ്പോർട്ട് ചെയ്യുന്നുവെന്ന്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവിനോട് എനിക്ക് എല്ലാ ആദരവുമുണ്ട്. ഞാൻ അതെല്ലാം നിലനിർത്തുകയാണ്. അങ്ങേയ്ക്കും എന്നെ അറിയാം. അങ്ങ് ദയവായി ഞാൻ പറയാത്തൊരു കാര്യം പറഞ്ഞെന്ന് പറയരുത്, അത് സങ്കടകരമാണ്. കാരണം, ഞാൻ പറഞ്ഞത് ഭരണഘടനാ സ്ഥാപനങ്ങളെ ആർ.എസ്.എസ്. ദുരുപയോഗിക്കുന്നു, അവരുടെ ഏജന്റുമാരായി ഉപയോഗിക്കുന്നു എന്നാണ്. അല്ലാതെ സി.&എ.ജി.-യെ ആർ.എസ്.എസ്. നിയമിച്ചതാണെന്നല്ല ഞാൻ പറഞ്ഞത്. സി.&എ.ജി. ഉൾപ്പെടെയുള്ള ഭരണഘടനാ സ്ഥാപനങ്ങളെ ആർ.എസ്.എസ്. അവരുടെ താല്പര്യത്തിനുവേണ്ടി ഉപയോഗിക്കുന്നു. മറ്റ് അന്വേഷണ

ഏജൻസികളെക്കുറിച്ച് അങ്ങയുടെ പാർട്ടി മറ്റ് സംസ്ഥാനങ്ങളിലെല്ലാം ഇത് പറയുന്നുണ്ട്. അക്കാര്യത്തിൽ കേരളത്തിൽ മാത്രമേ അഭിപ്രായവ്യത്യാസമുള്ളൂ, വേറെ എവിടെയുമില്ല. അങ്ങ് എന്റെ വാക്കുകൾ തെറ്റായി വ്യാഖ്യാനിക്കരുത്, അത് വിഷമകരമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ദിവസം നടന്ന എല്ലാ ചർച്ചകളിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വയരക്ഷയ്ക്കായി എടുത്തണിഞ്ഞ ആയുധമാണ് സി.&എ.ജി.-യുമായുള്ള ബി.ജെ.പി.-സംഘ്പരിവാർ ബന്ധം. അതിന് മറുവാദ മായിട്ടാണ് ഇപ്പോൾ സി.&എ.ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ രൂക്ഷമായ ഭാഷയിൽ കേന്ദ്ര സർക്കാരിന്റെ ഓഫ് ബജറ്റ് കടമെടുപ്പിനെക്കുറിച്ച് വിമർശിച്ചിട്ടുള്ളതെന്ന കാര്യം നമ്മളിവിടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അതിന് മറുപടിപോലും പറയാതെ നിരന്തരമായി ഈ സംഘ്പരിവാർ ബന്ധം ആരോപി ക്കുന്നത് എന്തിനുവേണ്ടിയാണെന്ന് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വളരെ വിശദമായിത്തന്നെ ഞാനതിന് മറുപടി പറയാം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഇന്ത്യൻ ഭരണഘടനയനുസരിച്ചാണ് ഇന്ത്യയിൽ ഇപ്പോൾ എല്ലാ കാര്യങ്ങളും നടന്നുകൊണ്ടിരിക്കുന്നത് എന്നാണോ അങ്ങയുടെ അഭിപ്രായം?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഭരണഘടനയനുസരിച്ചേ നടക്കാൻ പാടുള്ളൂവെന്നുള്ള നിർബന്ധബുദ്ധിയുള്ള പാർട്ടിയാണ് കോൺഗ്രസ്. We are all under the Constitution. We are all performing as per the guidelines of the Constitution.

ശ്രീ. ഇ. പി. ജയരാജൻ: സർ, അത് തത്വം തന്നെയാണ്. പക്ഷെ ഇന്ത്യയിലും ഇന്ത്യൻ പാർലമെന്റിലും ഇപ്പോൾ നടക്കുന്നത് അതാണോ; ഇപ്പോഴത്തെ കർഷക നിയമം എങ്ങനെയാണ് പാസ്സാക്കിയത്? രാജ്യസഭാംഗങ്ങളെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു, സഭയിൽനിന്ന് പുറത്താക്കി. മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ച് ചർച്ച ചെയ്യാതെ പാസ്സാക്കുകയല്ലേ ചെയ്തത്? ഇത്തരത്തിൽ ഭരണഘടനാവിരുദ്ധമായ നടപടികൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരു പാർട്ടിയാണ് ഡൽഹിയിലിരിക്കുന്നത്. നിങ്ങൾ ഇതെല്ലാം വളരെ ശരിയാണെന്ന് പറയുന്നത് ആർക്കുവേണ്ടിയാണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ, കേന്ദ്രത്തിലെ നരേന്ദ്ര മോദി ഗവൺമെന്റ് ചെയ്യുന്ന ജനാധിപത്യവിരുദ്ധവും ഏകാധിപത്യപരവുമായ നടപടികളോട് ഞങ്ങൾക്ക് യോജിപ്പില്ല, അത് വേറൊരു കാര്യം. അതിനെതിരെ ഏറ്റവും വലിയ പോരാട്ടം രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽത്തന്നെയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സി.&എ.ജി. എന്ന ഭരണഘടനാ സ്ഥാപനത്തിന്റെ മഹത്വത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. അത് മഹത്വമുള്ള സ്ഥാപനം തന്നെയാണ്. പക്ഷേ, ഇന്ത്യൻ പാർലമെന്റിനേക്കാൾ വലിയ മഹത്വമുള്ള ഭരണഘടനാ സ്ഥാപനമല്ലല്ലോ അത്. ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ മൂന്ന് നിയമത്തിനെതിരായി ഏകകണ്ഠമായി പ്രമേയം പാസ്സാക്കി പാർലമെന്റിന്റെ തീരുമാനത്തെ ചോദ്യം ചെയ്ത നിയമസഭയാണിത്. അതിനെക്കാൾ വലിയ സ്ഥാപനമാണോ സി.&എ.ജി.?

ശ്രീ. രമേശ് ചെന്നിത്തല: സർ, നമ്മളൊരു പ്രമേയം പാസ്സാക്കി. ഞങ്ങളും സഹകരിച്ചല്ലോ. ശ്രീ. വി. എസ്. സുനിൽ കുമാർ, അങ്ങേയ്ക്ക് അങ്ങനെയൊരു നിലപാടുണ്ടായിരുന്നെങ്കിൽ കൊണ്ടുവരേണ്ടിയിരുന്നത് ഒരു ബദൽ നിയമമായിരുന്നു. അങ്ങ് അത് കൊണ്ടുവന്നില്ല. എന്തുകൊണ്ട് ഒരു ബദൽ നിയമം കൊണ്ടുവന്നില്ല? ഛത്തീസ്ഗഢ്, പഞ്ചാബ്, രാജസ്ഥാൻ എന്നീ മൂന്ന് സംസ്ഥാനങ്ങളിലെ ഗവൺമെന്റുകളും കേന്ദ്രം പാസ്സാക്കിയ നിയമത്തിനെതിരെ പ്രത്യേക നിയമം പാസ്സാക്കി. ഇപ്പോൾ കേരള നിയമസഭ ചേർന്നുകൊണ്ടിരിക്കുകയാണ്, എന്തുകൊണ്ട് അങ്ങനെയൊരു ബദൽ നിയമം കൊണ്ടുവന്നില്ല; അങ്ങിവിടെ നിയമം കൊണ്ടുവന്നിരുന്നെങ്കിൽ ഞങ്ങൾ പിന്തുണയ്ക്കുമായിരുന്നില്ലേ? നിങ്ങളുടെ കമ്മിറ്റ്മെന്റ് എവിടെ നിൽക്കുന്നു വെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഭരണഘടന പ്രകാരം സെൻട്രൽ ലെജിസ്ലേഷനും സ്റ്റേറ്റ് ലെജിസ്ലേഷനും തമ്മിൽ conflict ഉണ്ടായാൽ കേന്ദ്ര നിയമം മാത്രമേ നിലനിൽക്കുകയുള്ളൂ, മറ്റേത് ഓട്ടോമാറ്റിക്കായി ഇല്ലാതാകും. ഇല്ലെങ്കിൽ ഈ രാജ്യം 600 നാട്ടുരാജ്യങ്ങളായി പിരിയും. കേന്ദ്ര നിയമത്തിനെതിരായി അദ്ദേഹത്തിന് എങ്ങനെ നിയമം പാസ്സാക്കാൻ സാധിക്കും? അതിന് കഴിയില്ല. ഭരണഘടനാ പ്രൊവിഷൻ പ്രകാരം ഛത്തീസ്ഗഢ് നിയമസഭയ്ക്ക് എങ്ങനെ കേന്ദ്ര നിയമത്തെ എതിർത്ത് നിയമം പാസ്സാക്കാൻ കഴിയും; അങ്ങ് അതൊന്ന് വ്യക്തമാക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, പഞ്ചാബും ഛത്തീസ്ഗഢും രാജസ്ഥാനും പാസ്സാക്കിയ അതേ മോഡലിൽ ഒരു നിയമം പാസ്സാക്കണമെന്ന് ഞങ്ങൾ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതാണ്. ഞങ്ങൾ പരിശോധിക്കുകയാണെന്ന് കൃഷി വകുപ്പുമന്ത്രി പറഞ്ഞു. ആത്മാർത്ഥയുണ്ടായിരുന്നെങ്കിൽ ഈ നിയമസഭയിൽ ആ നിയമം കൊണ്ടുവരാൻ നിങ്ങൾക്ക് കഴിയുമായിരുന്നു. അതിന്റെ ലെജിസ്ലേറ്റീവ് കോമ്പിറ്റൻസിയൊക്കെ പിന്നീട് പരിശോധിക്കാം. ഞാൻ എന്റെ വിഷയത്തിലേയ്ക്ക്

കടക്കുകയാണ്. ഈ ബുദ്ധി ശ്രീ. പിണറായി വിജയന് നേരത്തെ വന്നിരുന്നെങ്കിൽ ലാവ്‌ലിൻ കേസുണ്ടാകുമായിരുന്നില്ല. സി.&എ.ജി.-യുടെ കണ്ടെത്തലിന്റെ ഫലമായാണ് ലാവ്‌ലിൻ കേസുണ്ടായത്. അന്ന് ആ സി.&എ.ജി. പറഞ്ഞ ഭാഗം ഇതുപോലെ പ്രമേയം പാസ്സാക്കി റദ്ദ് ചെയ്താൽ പോരായിരുന്നോ? അങ്ങനെ ചെയ്തിരുന്നെങ്കിൽ 375 കോടി രൂപയുടെ അഴിമതി ആരോപിക്കുന്ന ലാവ്‌ലിൻ കേസിൽ ഇന്ന് ശ്രീ. പിണറായി വിജയന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പിൽ കയ്യുംകെട്ടി നിൽക്കേണ്ടിവരില്ലായിരുന്നു. അന്നും ഇതുപോലെ ചെയ്താൽ മതിയായിരുന്നു. നിയമസഭയിൽ ഭൂരിപക്ഷമുള്ളതുകൊണ്ട് ആ പാരഗ്രാഫ് ഞങ്ങൾ റദ്ദ് ചെയ്യുന്നുവെന്ന് പറഞ്ഞ് നിരാകരിച്ചാൽ മതിയായിരുന്നു. അദ്ദേഹത്തിന് അന്ന് ആ ബുദ്ധി തോന്നിയില്ല. ഡോ. ടി. എം. തോമസ് ഐസക് നേരത്തെ എന്തുകൊണ്ടാണ് ഈ ബുദ്ധി പറഞ്ഞുകൊടുക്കാത്തത്? അബദ്ധം പറ്റി കുഴപ്പത്തിലായപ്പോൾ ഡോ. ടി. എം. തോമസ് ഐസക് കണ്ടുപിടിച്ച സൂത്രപ്പണിയാണിത്. പാവം മുഖ്യമന്ത്രി അതിൽ വീണുപോയതാണ്. ഇവിടെ 2 ജി സ്പെക്ട്രം അഴിമതി വന്നു. അങ്ങ് പറയുന്ന ശ്രീ. വിനോദ് റായ് അല്ലേ ആ കാലഘട്ടത്തിലെ സി.&എ.ജി.? അദ്ദേഹം നമ്മുടെയൊക്കെ സുഹൃത്തും കിഫ്ബിയുടെ ബോർഡ് മെമ്പറുമാണല്ലോ. അന്ന് മൻമോഹൻ സിംഗ് ഗവൺമെന്റ് പാർലമെന്റ് വിളിച്ചുകൂട്ടി നമുക്ക് ഭൂരിപക്ഷമുണ്ട് ആ റിപ്പോർട്ട് തള്ളിക്കളയണമെന്നുപറഞ്ഞ് ഒരു പ്രമേയം പാസ്സാക്കിയിരുന്നെങ്കിൽ എന്താകുമായിരുന്നു?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങയുടെ ഒരു വിശദീകരണത്തിനുവേണ്ടിയാണ് ചോദിക്കുന്നത്. കോൺസ്റ്റിറ്റ്യൂഷണൽ ഇഷ്യൂവാണ് അങ്ങ് പറയുന്നത്. കൺകറന്റ് ലിസ്റ്റിലുള്ളത് പാസ്സാക്കാം. പക്ഷേ ഇന്ത്യൻ ഭരണഘടന ഫെഡറലാണെങ്കിലും unity in nature ആണ്. എല്ലാ അടിയന്തര ഘട്ടങ്ങളിലും കേന്ദ്രാധികാരം, അതാണ് അടിയന്തരാവസ്ഥയൊക്കെ വരുന്നത്. അതുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റ് പാസ്സാക്കിയത് സെൻട്രൽ ലെജിസ്ലേഷനെ നിരാകരിക്കുന്നതാണോ എന്നാണ് അങ്ങ് പറയേണ്ടത്. നിരാകരിക്കാൻ സാധിക്കില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇങ്ങനെ പറഞ്ഞാൽ ശ്രീ. എം. സ്വരാജ് ആയിരുന്നെങ്കിൽ പറയുമായിരുന്നു കേന്ദ്രത്തിലെ ആർ.എസ്.എസ്. ഗവൺമെന്റിനെ സപ്പോർട്ട് ചെയ്യുകയാണെന്ന്. അങ്ങ് കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിനെ സപ്പോർട്ടുചെയ്തുകൊണ്ടാണ് ഇത് പറയുന്നതെന്ന് ഞാൻ പറയുന്നില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഛത്തീസ്ഗഢിലും പഞ്ചാബിലും പാസ്സാക്കിയതുപോലൊരു നിയമം കേരളത്തിൽ എങ്ങനെയാണ് പാസ്സാക്കാൻ കഴിയുന്നത്? അവിടത്തെ കാർഷികവിള ധാന്യങ്ങളാണ്. ധാന്യങ്ങളുടെ വില്പന

മുഴുവൻ mandi-കളാണ് നടത്തുന്നത്. കേരളത്തിൽ എവിടെയാണ് mandi ഉള്ളത്? കേരളത്തിൽ വാണിജ്യവിളകളാണ്. ആ വിളകൾക്കുണ്ടായിരുന്ന വിപണന സമ്പ്രദായങ്ങളിൽ ലേലം ഉൾപ്പെടെ പലതുമുണ്ടായിരുന്നു. അതൊക്കെ കമോഡിറ്റി ബോർഡ്സ് പിൻവലിച്ചുകൊണ്ടിരിക്കുകയാണ്. കുറച്ച് ചർച്ച ചെയ്യേണ്ടിവരും, പരിശോധിക്കേണ്ടിവരും. കേരളത്തിൽ തേങ്ങയും മറ്റുമൊക്കെ വിൽക്കുന്നത് സർക്കാർ റെഗുലേറ്ററി മാർക്കറ്റിൽ മാത്രമേ പാടുള്ളൂവെന്ന് നിയമമുണ്ടാക്കിയാൽ അതിവിടെ നടപ്പാക്കാൻ സാധിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന നിയമത്തിന്റെ ഭേദഗതിയാണ് ഛത്തീസ്ഗഢിലും മറ്റ് സ്റ്റേറ്റുകളിലും പാസ്സാക്കിയിട്ടുള്ളത്. എ.പി.എം.സി. ആക്റ്റ് നിലനിൽക്കുന്ന സ്റ്റേറ്റുകളിലാണിത് പാസ്സാക്കിയിരിക്കുന്നത്. അവർ പുതിയ നിയമമല്ല ഉണ്ടാക്കിയിരിക്കുന്നത്. കേന്ദ്രം കൊണ്ടുവന്നിരിക്കുന്ന എ.പി.എം.സി. ആക്റ്റിന്റെ അമെന്റ്മെന്റാണ് പാസ്സാക്കിയിരിക്കുന്നത്. അത് ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ അസന്റിന് അയച്ചിരിക്കുകയാണ്, ആക്റ്റായി വന്നിട്ടില്ല. കേരളത്തിന് എ.പി.എം.സി. ആക്റ്റില്ല. ഇവിടെ മണ്ടികളില്ല. നെല്ലും കൊപ്രയും ഇവിടെ മണ്ടികളിൽ നിന്നാണോ സംഭരിക്കുന്നത്? പാലക്കാടും തൃശ്ശൂരിലും ആലപ്പുഴയിലും നെല്ല് സംഭരിക്കുന്നത് കൃഷിക്കാരിൽനിന്നും നേരിട്ടാണ്. മണ്ടി സമ്പ്രദായം വേണ്ടെന്ന് 2003-ലെ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചില്ലേ? ഇവിടെ അങ്ങനെയൊരു സാഹചര്യമില്ലാത്തതു കൊണ്ടാണ് നിങ്ങൾ അത്തരത്തിലൊരു തീരുമാനമെടുത്തത്. പ്രസ്തുത നിയമം ഇവിടെയില്ലാത്തതിനാൽ എ.പി.എം.സി. ആക്റ്റിന് നമ്മൾ അമെന്റ്മെന്റ് കൊണ്ടുവന്നില്ല. എന്നാൽ കേന്ദ്രം ചെയ്യാത്ത കാര്യം, നമ്മളിവിടെ ചെയ്തു. 16 ഇനം പച്ചക്കറികൾക്ക്, perishable products-ന് ഇന്ത്യയിലാദ്യമായി താങ്ങുവില നിശ്ചയിച്ചത് ഈ ഗവൺമെന്റാണ്. മറ്റ് പ്രധാനപ്പെട്ട ക്രോപ്പുകളുടെ കാര്യത്തിൽ റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ്, കോഫി ബോർഡ് തുടങ്ങിയ കമ്മോഡിറ്റി ബോർഡുകളാണ് ഇവിടെ എല്ലാ കാര്യങ്ങളും നിശ്ചയിക്കുന്നത്. മറ്റ് ക്രോപ്പുകളുമായി ബന്ധപ്പെട്ടുള്ള നിയമത്തിന് ഡ്രാഫ്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായി വന്നാൽ ഓർഡിനൻസിറക്കും. അക്കാര്യത്തിൽ ധൃതി കാണിക്കേണ്ട കാര്യമില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിയമം ബഹുമാനപ്പെട്ട സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ഉചിതമായൊരു നിയമം ഗവൺമെന്റ് കൊണ്ടുവരികതന്നെ ചെയ്യും. മറ്റ് സംസ്ഥാനങ്ങളിൽ എ.പി.എം.സി. ആക്റ്റ് ഉള്ളതുകൊണ്ടാണ് അവർക്ക് ധൃതിപിടിച്ച് ഒരു നിയമം കൊണ്ടുവരേണ്ടിവന്നത്. ഇവിടെ ആ സാഹചര്യത്തിൽ ഗവൺമെന്റ് കൊണ്ടുവരും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങൊരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ചിരുന്നല്ലോ; പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ആ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കണം. ഞങ്ങളൊന്ന് കാണട്ടെ, ഞങ്ങൾക്കുടി അറിയട്ടെ. സർവ്വകക്ഷി യോഗം വിളിക്കൂ, ആ റിപ്പോർട്ട് നമുക്ക് ചർച്ച ചെയ്യാം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, റിപ്പോർട്ട് മന്ത്രിസഭയുടെ പരിശോധനയ്ക്കുശേഷം മേശപ്പുറത്തുവയ്ക്കാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെ വിഴിഞ്ഞത്തെക്കുറിച്ച് സി.&എ.ജി.-യുടെ റിപ്പോർട്ടുണ്ടായി. ആ റിപ്പോർട്ടിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടു. അങ്ങനെയാണെങ്കിൽ വിഴിഞ്ഞം റിപ്പോർട്ടിലെ ആ പാരാഗ്രാഫ് എടുത്തുകളയണമെന്ന് ആവശ്യപ്പെട്ട് ഭൂരിപക്ഷമുള്ള ഗവൺമെന്റിന് പ്രമേയം പാസ്സാക്കാമായിരുന്നില്ലേ? You are creating a bad precedent. You are challenging the Constitution. ഇത് ഒരിക്കലും ജനാധിപത്യത്തിന് ഭൂഷണമല്ല. നിങ്ങളിവിടെ ഭരണഘടനയെ എൻക്രോച്ച് ചെയ്യുകയാണ്. ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവ പരസ്പര പൂരകങ്ങളായി പ്രവർത്തിക്കേണ്ടതാണ്. ഭരണ ഘടനയ്ക്കനുസൃതമായി പ്രവർത്തിക്കുന്ന സി. &എ.ജി. ആണ്. നാളെ ഗവൺമെന്റുകൾ മാറിവരും. അപ്പോഴും സി.&എ.ജി. റിപ്പോർട്ടുകളുണ്ടാകും. ആ റിപ്പോർട്ടുകളിൽ ഗവൺമെന്റിനെ വിമർശിച്ചാൽ അത് സഹിക്കാനാകാതെ നിയമസഭയിലൊരു പ്രമേയം കൊണ്ടുവന്ന് പാസ്സാക്കുന്നത് ഏകാധിപത്യപരമായ നടപടിയായി മാത്രമേ കാണാൻ സാധിക്കൂ. നിങ്ങൾ ചെയ്യുന്നത് തെറ്റാണ്. നാളെ ഈ സംസ്ഥാനത്ത് മറ്റൊരു ഗവൺമെന്റ് വരും. ഓരോ ഗവൺമെന്റിന്റെയും വരവുചെലവ് കണക്കുകൾ സി.&എ.ജി. പരിശോധിക്കും, കുറ്റപ്പെടുത്തും. കുറ്റപ്പെടുത്തുമ്പോൾ അതെന്താണെന്ന് പരിശോധിച്ചശേഷം നിയമപ്രകാരം വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ പി.എ.സി.-യിൽ ചർച്ച ചെയ്യാം, സഭയ്ക്ക് ചർച്ച ചെയ്യാം. അത്തരത്തിലുള്ള എല്ലാ നടപടിക്രമങ്ങളും നിയതമായി നിലവിലിരിക്കുമ്പോൾ അതിനെയെല്ലാം മറികടന്നുകൊണ്ട് 'I am the State'; 'ഞാനാണെല്ലാം, എന്നെ ആരും വിമർശിക്കാൻ പാടില്ല' എന്നുപറയുന്നത് ശരിയാണോ? അക്കാര്യം എ.കെ.ജി. സെന്ററിൽ നടക്കുന്ന പാർട്ടി യോഗത്തിൽ മതിയെന്ന് ശ്രീ. പിണറായി വിജയനോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് കേരളമാണ്. ഇവിടെ ആളുകൾ ചോദ്യം ചെയ്യും, അഭിപ്രായങ്ങൾ പറയും, വിമർശിക്കും. 'Dissent is the essence of Democracy'; അതാണ് പ്രധാനം.

മസാല ബോണ്ടിൽ നിങ്ങൾ ചെയ്ത തെറ്റുകൾ സി.&എ.ജി. ചൂണ്ടിക്കാണിച്ചപ്പോൾ അസഹിഷ്ണുത മൂത്ത് കേരള നിയമസഭയുടെ ചരിത്രത്തിലൊരിക്കലുമില്ലാത്ത, unprecedented situation നിങ്ങളുണ്ടാക്കിയിരിക്കുന്നു. അത് ഇന്ത്യൻ ഭരണഘടനയെ മാരകമായി പരിക്കേൽപ്പിക്കുന്നു. You are trying to weaken the Constitution; you are trying to weaken the Institutions; you are trying to weaken the Democracy. അത് ഏകാധിപത്യഭരണത്തിൽ മാത്രമേ നടക്കൂ. ഈ സംസ്ഥാനത്ത് നടക്കുന്നത് രാജഭരണമാണോ? അപ്പുറത്തുള്ള ചിലർ കരുതുന്നത് രാജാവ് നാട് ഭരിക്കുകയാണെന്നാണ്. ഒരു രാജാവുമല്ല ഭരിക്കുന്നത്; ജനങ്ങളാണ് ഭരിക്കുന്നത്. ജനങ്ങൾ ഭരിക്കുമ്പോൾ ജനങ്ങളെ നിയന്ത്രിക്കുന്നത് ഭരണഘടനയാണ്. ആ ഭരണഘടനയെ weaken ചെയ്തുകൊണ്ട് നിങ്ങൾ നടത്തുന്ന നടപടിയാണിത്. സി.&എ.ജി. ഭരണഘടനാ സ്ഥാപനമാണ്, ഭരണഘടനയ്ക്കനുസൃതമായാണ് പ്രവർത്തിക്കുന്നത്. അതിനെതിരെ നിയമസഭ പ്രമേയം പാസ്സാക്കുന്നത് ഭരണഘടനാ പരമായ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതായിരിക്കും. സി.&എ.ജി. റിപ്പോർട്ടിൽ പിശകുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങളൊന്നും സ്വീകരിക്കാതെ നിങ്ങളുടെ അഴിമതികളും കൊള്ളകളും മൂടിവയ്ക്കാൻവേണ്ടി നിങ്ങൾ ഈ നിയമസഭയെ ഉപയോഗപ്പെടുത്തുന്നത് ശരിയല്ല. കിഫ്ബിയെ സംബന്ധിച്ച് നിങ്ങൾ പറഞ്ഞത്, സെക്ഷൻ 20 (1) അനുസരിച്ചുള്ള ഓഡിറ്റ് വേണ്ട, 14 (1) അനുസരിച്ചുള്ള ഓഡിറ്റ് മതിയെന്നാണ്. ഓഡിറ്റ് വേണ്ടെന്ന നിലപാടാണ് നിങ്ങൾക്കുള്ളത്. മസാല ബോണ്ട് ഭരണഘടനാവിരുദ്ധമാണ്. അതിവിടെ പ്രമേയം പാസ്സാക്കിയതുകൊണ്ട് ഇല്ലാതാകുന്നില്ല. കരടിൽ ഉൾപ്പെടുത്താത്ത കാര്യങ്ങൾ അന്തിമ റിപ്പോർട്ടിൽ വന്നിരിക്കുന്നുവെന്നതാണ് ഏറ്റവും വലിയ പ്രശ്നം. ഇവിടത്തെ റിക്കോർഡുകൾ പരിശോധിക്കാം. പാമോലിൻ കേസിന്റെ കരട് റിപ്പോർട്ടിൽ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരനെപ്പറ്റി പരാമർശിച്ചിരുന്നില്ല. അദ്ദേഹം ഡൽഹിയിൽ ഇറക്കുമതിക്കാരുമായി ചർച്ച നടത്തിയെന്നും കെ. കരുണാകരനാണ് ക്രമക്കേടിന് ഉത്തരവാദിയെന്നും ഫൈനൽ റിപ്പോർട്ടിൽ പരാമർശമുണ്ടായി. അതും പറഞ്ഞ് സമരം ചെയ്ത ആളുകളാണ് അപ്പുറത്തുള്ളത്. നിങ്ങളായിരുന്നു അന്ന് കെ. കരുണാകരനെതിരെ ഏറ്റവും വലിയ സമരം നടത്തിയത്. അന്ന് അദ്ദേഹത്തിന് വേണമായിരുന്നെങ്കിൽ ഇപ്പോൾ ശ്രീ. പിണറായി വിജയൻ ചെയ്യുന്നതുപോലെ ഒരു പ്രമേയം പാസ്സാക്കി അത് നീക്കം ചെയ്യാൻ കഴിയുമായിരുന്നില്ലേ? അദ്ദേഹം അത് ചെയ്തോ? അദ്ദേഹം എല്ലാ പ്രക്ഷോഭങ്ങളെയും നേരിടുകയല്ലേ ചെയ്തത്? So, Mr. Chief Minister, your act is an unconstitutional act. ഭരണഘടനാവിരുദ്ധമായ നടപടിയാണ്. സി.&എ.ജി. ഞങ്ങളുടെ അളിയനോ ചിറ്റപ്പനോ ഒന്നുമല്ല. ഭരണഘടനാനുസൃതമായി ഒരു സ്ഥാപനം പ്രവർത്തിക്കുമ്പോൾ അതിനെ weaken ചെയ്യുന്നത്, 'it is equal to weakening the Constitution. You are setting a bad precedent.' അത് ഞങ്ങൾ

ചൂണ്ടിക്കാണിച്ചില്ലെങ്കിൽ ഭരണഘടനയോടും സഭയോടും നാടിനോടും ജനങ്ങളോടും ചെയ്യുന്ന ഏറ്റവും വലിയ അപരാധമായിരിക്കും. That is why we are pointing out this. അതാണ് ഞങ്ങൾ മുന്നോട്ട് കൊണ്ടുവരുന്നത്. ഒരു രാജ്യത്തെ ഭരണഘടന പറയുന്ന കാര്യങ്ങൾ ചെയ്യാതെ ഭരണഘടനയെപ്പോലും വെല്ലുവിളിക്കുന്ന ഈ നടപടി യോജിച്ചതല്ല, ഈ പ്രമേയം പിൻവലിക്കണം. കാരണം, നാളെ അധികാരത്തിൽ വരുന്ന മറ്റൊരു ഗവൺമെന്റിന്റെ വരവുചെലവ് കണക്കുകളെക്കുറിച്ച് സി.&എ.ജി. പറഞ്ഞാൽ അത് ഞങ്ങൾക്ക് ബാധകമല്ല, ഡൽഹിയിലിരിക്കുന്നത് ബി.ജെ.പി. ഗവൺമെന്റായതിനാൽ ഞങ്ങളുടെ വികസനം തടസ്സപ്പെടുത്താൻ വേണ്ടിയാണെന്ന് പറഞ്ഞ് പുകമറയുണ്ടാക്കുകയാണ് നിങ്ങൾ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മിനിഞ്ഞാന്ന് ഇവിടെ ഈ വിഷയത്തിന്മേലുള്ള അടിയന്തരപ്രമേയം രണ്ട് മണിക്കൂർ ചർച്ച ചെയ്തു. ഇന്നലെ വീണ്ടും പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ ചർച്ച നടന്നു. ഇതൊന്നും മതിയാകാതെ ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി രണ്ട് പുസ്തകങ്ങളിറക്കി. ഇതുവരെ കാണാത്തൊരു കാര്യമാണത്. പത്രത്തിൽ വാർത്തകളുൾപ്പെടെ വന്നു. എന്നിട്ടും ജനങ്ങൾക്ക് ബോധ്യമായില്ല, തങ്ങളുടെ നിലപാട് ശരിയാണെന്ന് അവർക്കുതന്നെ ബോധ്യമില്ലാത്തതുകൊണ്ടാണ് ഇന്ന് വീണ്ടും ലൈവ് ടെലികാസ്റ്റ് വച്ച് ഈ പ്രമേയം കൊണ്ടുവന്നതെന്ന് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. വി. ഡി. സതീശൻ കൊണ്ടുവന്ന അടിയന്തരപ്രമേയം, ഇന്നലെ പ്രിവിലേജസ് ആന്റ് എത്തിക്സ് കമ്മിറ്റിയുടെ ചെയർമാനായ ബഹുമാന്യനായ എ. പ്രദീപ്കുമാർ അവതരിപ്പിച്ച പ്രമേയത്തിന്മേലുള്ള ചർച്ച, ഈ രണ്ട് ചർച്ചകളിലും മുഖം നഷ്ടപ്പെട്ടുപോയ...

<u>ശ്രീമതി യു. പ്രതിഭ</u>: സർ, നമ്മൾ രണ്ടുമൂന്ന് ദിവസമായി ചർച്ച ചെയ്യുന്നുവെന്ന് ബഹുമാനപ്പെട്ട വി. ഡി. സതീശൻ എം.എൽ.എ. പറഞ്ഞു. ജനങ്ങൾക്ക് കൂടുതൽ നന്നായി ബോധ്യപ്പെടട്ടെ, ഇതിന്റെയൊക്കെ സത്യാവസ്ഥ ജനങ്ങൾ അറിയട്ടെ. അങ്ങ് വളരെ സീനിയറായ സാമാജികനും പ്രതിപക്ഷനേതാവുമാണ്. ഒരു പുതിയ സാമാജികയെന്ന നിലയിൽ എന്റെയൊരു സംശയം ഉന്നയിക്കുകയാണ്. ഒരു ബോഡി കോർപ്പറേറ്റായ കിഫ്ബിക്ക് പുറത്തുനിന്ന് കടമെടുക്കാൻ കഴിയില്ലേ? FEMA നിയമപ്രകാരം വായ്പയെടുക്കാൻ നമുക്ക് അവകാശമുണ്ട്. കേരളത്തിലെ മികച്ച മാതൃകകൾ എപ്പോഴും കോപ്പിയടിക്കുന്ന കേന്ദ്ര സർക്കാർ അനൗൺസ് ചെയ്യാൻ പോകുന്ന ബഡ്ജറ്റിൽ കിഫ്ബി പോലെ 100 കോടിയിൽപ്പരം ഇൻഫ്രാസ്ട്രക്ചർ മുതൽമുടക്കുള്ള പ്രോജക്ടുകൾക്കുവേണ്ടി Development Finance Institution എന്നൊരു സ്ഥാപനം കൊണ്ടുവരുന്നതായി അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, നമ്മൾ തമ്മിൽ ഇക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. വ്യവസ്ഥാപിതമായി നിങ്ങൾക്കെന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് സ്വീകരിക്കാൻ ഇവിടെയൊരു മാർഗ്ഗമുണ്ട്. അത് സ്വീകരിക്കാതെ ഭരണ ഘടനാപ്രകാരമല്ലാതെ അൺ-പ്രീസിഡന്റായി, the floor of the Legislature is misusing by the Government, അതാണ് ഞങ്ങളുടെ പ്രശ്നം. ഓഫ് ബഡ്ജറ്റിൽ നിന്നും ബോഡി കോർപ്പറേറ്റിൽ നിന്നുമൊക്കെ കടമെടുക്കുന്നില്ലേ; അതെല്ലാമുണ്ട്. അതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇവിടത്തെ പ്രശ്നം, Why you are misusing this House, because you have a mute majority. ഇവിടെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ അടിയന്തരപ്രമേയം ചർച്ച ചെയ്തു, ജനങ്ങൾക്ക് കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു. ശ്രീ. എ. പ്രദീപ്കുമാറിന്റെ പ്രിവിലേജസ് ആന്റ് എത്തിക്സ് കമ്മിറ്റി ചർച്ച ചെയ്തു. പേപ്പർലെസ് അസംബ്ലിയായിട്ടും രണ്ട് ബുക്ക് ഇവിടെ ഇറങ്ങി. ഇന്ന് രാവിലെയാണ് അത് ലഭിച്ചത്. ഇതൊക്കെ ഇറങ്ങിയിട്ടും ജനങ്ങൾക്ക് മനസ്സിലാകുന്നില്ല. അങ്ങ് എന്തിനാണ് ആ പാവം മുഖ്യമന്ത്രിയെക്കൊണ്ട് ഈ വേഷംകെട്ടിച്ച് ഒരു പ്രമേയംകൂടി അവതരിപ്പിച്ചതെന്ന് മനസ്സിലാകുന്നില്ല. Never in the history of India, this kind of a resolution has been moved by any Chief Minister or passed by any Legislature. അങ്ങനെ ഉണ്ടായിട്ടില്ല. You are setting a bad precedent. It will weaken the democracy. Sir, that is why we are objecting it. Thank you.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ,...

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചർച്ച അവസാനിപ്പിച്ച് ഇരുന്നുകഴിഞ്ഞു. ശ്രീമതി ഷാനിമോൾ ഉസ്മാൻ ചർച്ചയിൽ പങ്കെടുക്കുന്നതിന് എഴുതി തന്നിട്ടില്ലല്ലോ.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, എന്നോട് ചോദിക്കാനാണോ? എങ്കിൽ ചോദിക്കൂ.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, ബഹുമാനപ്പെട്ട കോടതിയുടെ വിധി വന്നപ്പോൾ ഹൈക്കോടതി ജഡ്ജിയെ പ്രതീകാത്മകമായി നാടുകടത്തിയ അതേ ഓർമ്മയാണ് ഇഷ്ടമില്ലാത്ത കാര്യങ്ങൾ സി.&എ.ജി. റിപ്പോർട്ടിൽ പറയുമ്പോൾ ഗവൺമെന്റിന്റെ ഭാഗത്ത് നിൽക്കുന്നവർ കാണിക്കുന്നതെന്ന് തോന്നുന്നില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: ബഹുമാനപ്പെട്ട മെമ്പറേ, ഞാൻ അതൊന്നുമല്ല ചർച്ച ചെയ്യുന്നത്.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ സംസാരിക്കാനായി എഴുതി തന്നിരുന്നു. അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സഭയിലെ മറ്റ് പ്രതിപക്ഷ മെമ്പർമാരും ഉന്നയിച്ച എല്ലാ വാദഗതികളോടും യോജിച്ചുകൊണ്ട് രണ്ട് വാക്ക് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഒന്ന്, ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള ആദ്യത്തെ ഒന്നുരണ്ട് ഖണ്ഡികകൾ പ്രധാനമായും സി.&എ.ജി.-ക്ക് എതിരായ പരാതികളും അലിഗേഷൻസുമാണ്. എന്നാൽ ഈ പ്രമേയം എന്തിന് കൊണ്ടുവന്നുവെന്നതിന് മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ പ്രമേയത്തിൽ പറഞ്ഞിട്ടുണ്ട്. ഒന്ന്, സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2019-ലെ മേൽപരാമർശങ്ങൾ സി.&എ.ജി. ഓഡിറ്റ് റെഗുലേഷനുകൾ-സാമാന്യനീതി എന്നതാണ്. ഒരു ഗവൺമെന്റിന്റെ ഏതുവിധ ത്തിലുള്ള വരവുചെലവ് കണക്കുകളെയും പരിശോധിച്ച് ഗുണദോഷങ്ങൾ വിലയിരുത്തി ന്യൂനതകൾ ചൂണ്ടിക്കാണിക്കലാണ് സാമാന്യനീതിയെങ്കിൽ അതിവിടെ ലംഘി ക്കപ്പെട്ടിട്ടില്ല. രണ്ടാമത്തെ കാര്യം, പ്രൊഫഷണൽ സമീപനമാണ്. സി.&എ.ജി. വളരെ പ്രൊഫഷണലായി പ്രവർത്തിക്കുന്നൊരു സ്ഥാപനമാണ്. ആ സമീപനം തന്നെയാണ് ഇതിലും സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ആ കാരണവും തെറ്റാണ്. മൂന്നാമതായി പറഞ്ഞിട്ടുള്ളത് രാഷ്ട്രീയ നിഷ്പക്ഷത എന്നാണ്. രാഷ്ട്രീയമായ യാതൊരു സ്വഭാവ സവിശേഷതകളും സി.&എ.ജി.-യിൽ ചാർത്തിക്കൊടുക്കാൻ പാടില്ല, അവർക്ക് രാഷ്ട്രീയമില്ല. അതുകൊണ്ട് രാഷ്ട്രീയ നിഷ്പക്ഷത എന്നൊരു പ്രശ്നം സി.&എ.ജി. ഓഡിറ്റിംഗ് പോലുള്ള പ്രശ്നങ്ങളിൽ വരുന്നില്ല. ഈ മൂന്ന് കാരണങ്ങൾ കൊണ്ടാണ് ഈ പ്രമേയം കൊണ്ടുവരുന്നതെങ്കിൽ ആ മൂന്ന് കാരണങ്ങളും അടിസ്ഥാനരഹിതമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ പ്രമേയത്തെ നിരാകരി ക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വാദങ്ങൾ കേട്ട് വിധി പ്രസ്താവിക്കാൻ സി.&എ.ജി. ഒരു കോടതിയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാന്യരായ വി. ഡി. സതീശനും കെ. സി. ജോസഫും ചൂണ്ടിക്കാണിച്ചതുപോലെ ഭരണഘടനയുടെ 149-ാം വകുപ്പുപ്രകാരമാണ് സർക്കാരിന്റെയും സർക്കാരുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത്. ആ ഓഡിറ്റിംഗ് വിശാല അർത്ഥത്തിലാണ് ചെയ്യുന്നത് അല്ലാതെ കണക്കുകൂട്ടിയതിൽ പിശകുണ്ടോയെന്ന് മാത്രമല്ല പരിശോധിക്കുന്നത്.

ഓഡിറ്റ് റിപ്പോർട്ട് തയ്യാറായാൽ ഈ നിയമസഭയിൽ സമർപ്പിക്കണമെന്നാണ് പറയുന്നത്. നിയമസഭയിൽ സമർപ്പിക്കുന്നതിനുമുമ്പ് പാലിക്കേണ്ട നടപടികൾ സി.&എ.ജി. തന്നെ പറഞ്ഞിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രമേയം അവതരിപ്പിച്ചുകൊണ്ട് സൂചിപ്പിച്ചു. ഇത് നിയമസഭയിൽ സമർപ്പിച്ചാൽ പിന്നെയെങ്ങനെയാണ് സഭയുടെ ചട്ടപ്രകാരം പരിശോധനയെന്ന് ശ്രീ. വി. ഡി. സതീശൻ ചോദിച്ചു. പക്ഷേ ,ഒരു കാര്യം വളരെ വ്യക്തമാണ്. അവിടത്തെ നിഗമനങ്ങളെ നമുക്ക് ഉൾക്കൊള്ളാം, തള്ളാം. തള്ളിക്കളഞ്ഞാൽ പാപം ചെയ്യുന്നു, സി.&എ.ജി.-യെ അപമാനിക്കുന്നു എന്നൊക്കെ പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? എത്ര നിഗമനങ്ങൾ പി.എ.സി. ചർച്ച ചെയ്യുകയും വേണ്ടെന്നുവയ്ക്കുകയും സർക്കാരിനോട് വിശദീകരണം ആവശ്യപ്പെടുകയും സർക്കാരിൽനിന്നും നൽകുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ട് നമ്മളിവിടെ പ്രസന്റ് ചെയ്യുകയും ചെയ്യുന്നുണ്ട്? അതുകൊണ്ട് ഇത് അന്തിമ വിധിയൊന്നുമല്ല. സഭ ചില പാരഗ്രാഫുകൾ തള്ളിയെന്നുപറയുന്നത്, എന്തോ മഹാപരാധം ഈ സർക്കാർ ചെയ്യുകയാണ്, ജനാധിപത്യത്തെ കശാപ്പ് ചെയ്യുകയാണ് എന്നൊന്നും പറയരുത്. നിങ്ങൾ ധൃതിപിടിച്ച് ഇത് തള്ളിക്കളഞ്ഞാൽ പി.എ.സി.-യുടെ due diligence ഉണ്ടാകില്ലല്ലോ close scrutiny നഷ്ടപ്പെടുകയല്ലേ ചെയ്യുന്നതെന്ന ശ്രീ. വി. ഡി. സതീശന്റെ ചോദ്യം പ്രസക്തമാണ്. നിയമസഭയുടെ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി ഇത് പരിശോധിച്ചിട്ടുണ്ട്. ഈ സമിതികളെല്ലാം നിയമസഭയുടെ ഒരു മിനിയേച്ചർ രൂപങ്ങളാണ്. നിയമസഭ തന്നെ നേരിട്ട് പരിശോധിക്കുന്നതിന് കുഴപ്പമില്ല. എന്നാലും സമിതി പരിശോധിച്ച്, റിപ്പോർട്ട് ഇവിടെ വച്ചു. നിങ്ങൾ സി.&എ.ജി.-യോട് ചോദിച്ചോ എന്നൊക്കെ ശ്രീ. കെ. സി. ജോസഫ് ചോദിച്ചു. ഞാൻ നോട്ട് ഓഫ് ഡിസന്റ് വായിക്കുകയായിരുന്നു. ഒരു പ്രതിപക്ഷാംഗവും നിങ്ങൾ പറഞ്ഞ കാര്യങ്ങൾ പരിശോധിക്കണമെന്ന് സമിതിയിൽ പറഞ്ഞിട്ടില്ല. നിഗമനത്തോട് യോജിച്ചില്ലേ? ഒരു സമിതി എങ്ങനെയാണ് പരിശോധന നടത്തേണ്ടതെന്ന് ആ സമിതിയല്ലേ തീരുമാനിക്കുന്നത്? നിങ്ങൾ ഇങ്ങനെയൊരു ആവശ്യമുന്നയിച്ചിട്ട് സമിതി കേട്ടില്ലായിരുന്നെങ്കിൽ തികച്ചും ന്യായമായിട്ട് പറയാം, സമിതി തള്ളിക്കളഞ്ഞുവെന്ന്. സമിതി മൂന്നുനാല് പ്രാവശ്യം യോഗം ചേർന്ന് കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകി. ആ റിപ്പോർട്ട് ചർച്ച ചെയ്തു, അടിയന്തരപ്രമേയം ചർച്ച ചെയ്തു, ഇന്നിപ്പോൾ രണ്ട് മണിക്കൂർ അങ്ങനെ ആറ് മണിക്കൂർ നേരം സഭ ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ഏത് വിഷയമാണ് നിയമസഭ ഇത്ര സമയമെടുത്ത് ചർച്ച ചെയ്തിട്ടുള്ളത്? Due diligence ഉണ്ട്. സഭ അതിന്റെ ഉള്ളടക്കത്തിലേക്ക് കടന്ന് വളരെ വിശദമായി കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. അല്ലാതെ നമ്മുടെ മഹാഭൂരിപക്ഷം ഉപയോഗിച്ച് പ്രമേയം കൊണ്ടുവന്ന് പാസ്സാക്കിയതൊന്നുമല്ല. രണ്ടാമത് ഇതുമായി ബന്ധപ്പെട്ട്

പറഞ്ഞത്, എന്തിനാണിത്ര ധൃതി; കേന്ദ്രത്തിൽ സി.&എ.ജി. ഇങ്ങനെ ഓഫ് ബജറ്റ് ബോറോയിംഗിനെക്കുറിച്ച് പറഞ്ഞപ്പോൾ അവിടെ ഈ പരാക്രമമൊന്നും കാണിച്ചില്ലല്ലോ എന്നാണ്. പി.എ.സി.-യിൽ പോയി വരട്ടെ, കാത്തുനിന്നാൽ എന്താണ് കുഴപ്പം എന്നാണ് അടുത്ത് ചോദിച്ചത്. ശ്രീ. വി. ഡി. സതീശൻ, ഇതൊരു ധനകാര്യ സ്ഥാപനമാണ്. ആ ധനകാര്യ സ്ഥാപനം കേരളത്തിനുവേണ്ടി ഇപ്പോൾ അറുപതിനായിരം കോടി രൂപ വായ്പയെടുക്കാൻ ശ്രമിക്കുകയാണ്. അതിന്റെ ആസ്തി, കാര്യങ്ങൾ വല്ലതുമുണ്ടോ? ഒരു വിശ്വാസത്തിന്റെ പ്രശ്നമാണ്. അപ്പോഴാണ് സി.&എ.ജി.-യുടെ റിപ്പോർട്ട്. എന്താണ് റിപ്പോർട്ടിൽ പറയുന്നത്? ഇത് ഓഫ് ബജറ്റ് ബോറോയിംഗ് ആണെന്ന് മാത്രമല്ല, മസാല ബോണ്ട് വായ്പയെടുത്തത് ഭരണഘടനാവിരുദ്ധമാണ്. എന്തുകൊണ്ട് ഭരണഘടനാ വിരുദ്ധമായി? ഷെഡ്യൂൾ 7-ന്റെ 1-ാം ലിസ്റ്റിലെ 37-ാം ഇനം കേന്ദ്രസർക്കാരിന് മാത്രമേ വായ്പയെടുക്കാൻ അവകാശം നൽകുന്നുള്ളൂ. എന്ത് അസംബന്ധമാണത്? ഇത് ലെജിസ്ലേറ്റീവ് പവറിനെക്കുറിച്ചുള്ളതല്ലേ; ഇതുപോലും തിരിച്ചറിയാത്തൊരു സി.&എ.ജി. ആണോ? സി.&എ.ജി.-ക്ക് അറിയാത്തതൊന്നുമല്ല, അത്രയ്ക്ക് ധൃതിയിലാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. റിപ്പോർട്ട് തയ്യാറാക്കേണ്ടതിന്റെ സാമാന്യ നടപടിക്രമങ്ങൾപോലും പാലിച്ചിട്ടില്ല. ഇതാണോ പ്രൊഫഷണൽ അപ്രോച്ച്; ഇതാണോ നിങ്ങളുടെ സാമാന്യനീതി; ഇത് എഴുതി വയ്ക്കുന്നതിനുമുമ്പ് സർക്കാരിനോട് ചോദിക്കണ്ടേ? ഞങ്ങൾ വിശദീകരണം നൽകുമായിരുന്നില്ലേ; ചോദിച്ചില്ലല്ലോ? അതുകൊണ്ട് സാമാന്യനീതി പാലിച്ചിട്ടില്ല.

Where is the professionalism? ഏഴാം ഷെഡ്യൂളിൽ ഒന്നാം ലിസ്റ്റിൽ 37-ാം ഇനം വായ്പയെടുക്കാനുള്ള അധികാരം കേന്ദ്രത്തിന് കൊടുക്കാനുള്ളതാണെന്ന് പറഞ്ഞാൽ ഇതാണോ പ്രൊഫഷണലിസം? രാഷ്ട്രീയ നിഷ്പക്ഷതയെക്കുറിച്ച് ഞാൻ അവസാനം പറയാം. ആ വാക്കുകളൊക്കെ എണ്ണിയെണ്ണിയാണ് പ്രമേയത്തിൽ പറഞ്ഞിട്ടുള്ളത്. ഇത് അഴിമതിയുടെ കണക്ക് അല്ലെങ്കിൽ അഴിമതിയുണ്ടെന്ന നിഗമനം അങ്ങനെയുള്ള ഒന്നാണോ ശ്രീ. വി. ഡി. സതീശൻ? മസാലാ ബോണ്ട് ഭരണഘടനാ വിരുദ്ധമാണെന്നാണ് പറഞ്ഞിരിക്കുന്നത്, അത് സാരമില്ല. ഇനി മസാലാ ബോണ്ട് ഇറക്കാൻ പറ്റില്ലെന്നല്ലേയുള്ളൂ, അത് സമ്മതിക്കാം. മറിച്ച്, കിഫ്ബിയുടെ മുഴുവൻ ബോറോയിംഗ്സും ആർട്ടിക്കിൾ 293-ന് വിരുദ്ധമാണെന്നും അത് ലെജിസ്ലേറ്റീവ് അപ്രൂവലില്ലാത്തതാണെന്നുമുള്ള നിഗമനം എഴുതി വയ്ക്കുകയാണ്. അങ്ങനെ ചെയ്താൽപിന്നെ ഈ ധനകാര്യസ്ഥാപനത്തിന് പ്രവർത്തിക്കാനോ എവിടെ നിന്നെങ്കിലും വായ്പയെടുക്കാനോ കഴിയുമോ? പി.എ.സി.-യുടെ ചർച്ച, പരിശോധന മുതലായവ നടത്തി ഒരുകാലത്ത് വരട്ടെയെന്നുകരുതി കാത്തുനിൽക്കണോ; ഈ സംസ്ഥാനത്തിന്റെ വികസനവും ജനങ്ങളുടെ താല്പര്യങ്ങളും

സംരക്ഷിക്കാനായി ഇറങ്ങണോ? പാർലമെന്റിൽ വച്ച സി.&എ.ജി. റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. ഓഫ് ബഡ്ജറ്റ് ബോറോയിംഗ് ആണെന്ന് പറഞ്ഞു, അത് ശരിയാണ്. ഓഫ് ബഡ്ജറ്റ് ബോറോയിംഗ് കൂടി ചേർത്താൽ ധനകമ്മി ഇതിനേക്കാൾ ഉയരുമെന്നും അത് തുടരാൻ പാടില്ലെന്നും പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ, ശ്രീമതി നിർമ്മലാ സീതാരാമന്റെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽ എടുത്തുപറഞ്ഞിട്ടുള്ള കാര്യമാണിത്. അല്ലാതെ ഇതൊരു പുതിയ കാര്യമല്ല. അങ്ങനെ പറഞ്ഞിട്ടും കഴിഞ്ഞ വർഷം 1,87,000 കോടി രൂപ ഓഫ് ബഡ്ജറ്റ് ബോറോയിംഗുണ്ട്. ഇത് ഭരണഘടനാ വിരുദ്ധമാണെന്നല്ല, ഇങ്ങനെയൊന്നുണ്ട് അത് കുറച്ചുകൊണ്ടുവരണമെന്നാണ് ശ്രീമതി നിർമ്മലാ സീതാരാമൻ പറഞ്ഞിട്ടുള്ളത്. ഇനിമുതൽ തന്റെ ബഡ്ജറ്റിൽ അനുബന്ധമായിട്ട് മാത്രമേ ഈ കണക്കുകൾ കൊടുക്കുകയുള്ളൂ എന്ന് അവർ പറഞ്ഞു. അങ്ങനെയാണ് 1,87,000 കോടി രൂപ വന്നത്. കേന്ദ്ര ബഡ്ജറ്റ് തകർന്നുപോകില്ല, പരിഭ്രാന്തി വേണ്ട എന്ന് സി.&എ.ജി. പറയുന്നതിനുമുമ്പ് അവർ പറഞ്ഞു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഫിനാൻസ് റിപ്പോർട്ടിൽ ഇതിനെക്കാൾ കൂടുതൽ കണക്കുകൾ കൊടുക്കുന്നുണ്ട്. അതും ഇതും എങ്ങനെയാണ് ഒരുപോലെയാകുന്നത്? ഈ ധനകാര്യസ്ഥാപനം എങ്ങനെയാണ് വായ്പയെടുക്കാൻ പോകുന്നത്? ഡെമോക്ലീസിന്റെ വാളുപോലെ ഈ വായ്പകളെല്ലാം ഭരണഘടനാവിരുദ്ധമാണെന്ന നിഗമനത്തെ സർക്കാരും സഭയും തള്ളിക്കളഞ്ഞി ല്ലെങ്കിൽ ആ സ്ഥാപനത്തിന് പ്രവർത്തിക്കാൻ കഴിയുമോ? ഇതാണ് പ്രശ്നം. അതുകൊണ്ടാണ് പി.എ.സി. വഴി വരേണ്ട ക്രമംപോലെയല്ലാതെ ഇപ്പോൾത്തന്നെ നമ്മൾ പ്രമേയം മുഖേന നിരാകരിക്കണം, ഒരു മെസേജ് കൊടുക്കണമെന്ന് തീരുമാനിച്ചത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, എത്ര ദുർബ്ബലമായ വാദമാണ് അങ്ങ് ഉയർത്തുന്നത്. പി.എ.സി.-യിൽ പോകുന്നതെന്തിനാണ്; പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റി ഇത് പരിശോധിച്ചിട്ടുണ്ടോയെന്നാണ് അങ്ങ് ആദ്യം ചോദിച്ചത്? പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിയുടെ ജോലി സി.&എ.ജി.-യുടെ അക്കൗണ്ട്സ് പരിശോധിക്കലാണോ? അവർ ഏത് ആങ്കിളിലാണ് പരിശോധിക്കേണ്ടത്? അങ്ങ് സി.&എ.ജി. റിപ്പോർട്ട് ചോർത്തി കൊടുത്ത കാര്യം നിയമസഭയുടെ breach of privilege ആണെന്നുപറഞ്ഞ് ഞാൻ കൊടുത്ത നോട്ടീസിലെ കാര്യമാണ് അവർ പരിശോധിക്കേണ്ടത്. അല്ലാതെ സി.&എ.ജി. റിപ്പോർട്ട് പരിശോധിക്കുന്ന ജോലി പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിക്കില്ല. അവരുടെ അതേ ജോലിയാണോ പി.എ.സി.-ക്കുള്ളത്? പി.എ.സി. അക്കൗണ്ട്സ് കമ്മിറ്റിയാണ്. അഞ്ച് വർഷം ആ കമ്മിറ്റിയുടെ ചെയർമാനായിരുന്ന ആളാണ് അങ്ങ്. എന്നിട്ടാണ് ഇങ്ങനെ പറയുന്നത്. പി.എ.സി. പരിശോധിക്കുന്നത് എങ്ങനെയാണ്? പി.എ.സി.-ക്ക്

നടപടിക്രമമില്ലേ; അങ്ങേയ്ക്ക് എല്ലാ നടപടിക്രമവും അറിയാം. ആ സമിതിയുടെ ഒരുവശത്ത് ഗവൺമെന്റും മറുവശത്ത് എ.ജി.-യിൽ നിന്നുള്ള ഉദ്യോഗസ്ഥരുമാണ്. രണ്ടുകൂട്ടരുടെയും വാദങ്ങൾ കേട്ടിട്ടാണ് തീരുമാനങ്ങളെടുക്കുന്നത്. അങ്ങനെയൊരു നടപടിക്രമമാണോ പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റി ചെയ്യുന്നത്? ഇക്കാര്യം ആവർത്തിച്ച് പറഞ്ഞാൽ ശരിയാകുമെന്നാണ് അങ്ങയുടെ ധാരണ. സി.&എ.ജി. റിപ്പോർട്ടിൽ ഓഫ് ബഡ്ജറ്റ് ബോറോയിംഗ് unconstitutional ആണെന്ന് എവിടെയാണ് പറഞ്ഞിരിക്കുന്നത്? നിങ്ങൾ മസാല ബോണ്ട് വിറ്റ് വിദേശത്തു നിന്ന് ലോണെടുത്തിരിക്കുന്നതിനെയാണ് unconstitutional ആണെന്ന് പറഞ്ഞിരിക്കുന്നത്. ഓഫ് ബഡ്ജറ്റ് ലോൺ കേന്ദ്രസർക്കാർ എടുത്താലും സംസ്ഥാന സർക്കാർ എടുത്താലും അത് തെറ്റാണ്. കേന്ദ്ര ഗവൺമെന്റിനെതിരായി രൂക്ഷമായ വിമർശനമാണ് വന്നിട്ടുള്ളത്. അവരുടെ ഫിസ്കൽ ഡെഫിസിറ്റും റവന്യൂ ഡെഫിസിറ്റും തെറ്റായി കാണിച്ചിരിക്കുന്നു. അത് രാജ്യത്തിന് തെറ്റായ മെസേജാണ് നൽകുന്നത്. It is a fraud on the FRBM Act (Fiscal Responsibility and Budget Management Act) എന്നാണ് പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ അതാണിവിടെ നടന്നിരിക്കുന്നത്. കിഫ്ബിയെക്കുറിച്ച് മിണ്ടാൻ പാടില്ല, ഓഡിറ്റ് ചെയ്യാൻ പാടില്ല, കിഫ്ബിയെക്കുറിച്ച് ഒരു കമന്റും വരാൻ പാടില്ല, അങ്ങനെ വന്നാൽ കിഫ്ബിക്ക് ലോൺ കിട്ടില്ലെന്നൊക്കെ അങ്ങ് പറയുന്നു. ഞാൻ പോളണ്ടിന്റെ കാര്യം പറയുന്നില്ല. കിഫ്ബി എന്നത് മുകളിൽ ആകാശവും താഴെ ഭൂമി അതിർത്തിയുമായുള്ള സ്ഥാപനമല്ലെന്ന് മനസ്സിലാക്കണം.

<u>മി. സ്പീക്കർ</u>: കഴിഞ്ഞ മൂന്നുനാല് ദിവസമായി ധാരാളം ഡിബേറ്റ് നടത്തി പ്ലീസ്, ഇത് കൺക്ലൂഡ് ചെയ്യൂ. ഇത് പരസ്പരം കൺവിൻസ് ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണെന്ന് എനിക്ക് തോന്നുന്നില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അങ്ങ് പറയുന്നത് വളരെ ശരിയാണ്. ഇത് ഡിബേറ്റിംഗിനല്ല. But if you want a clarification from me, you can raise now.

<u>മി. സ്പീക്കർ</u>: ഈ വിഷയത്തിന്മേൽ ആവശ്യത്തിന് സംസാരം കഴിഞ്ഞു. ഗവൺമെന്റ് ഒരു പൊസിഷനെടുത്തു, പ്രതിപക്ഷം വ്യത്യസ്തമായ പൊസിഷനെടുത്തു. ഇനി ഇത് കൺവിൻസ് ചെയ്തുകൊണ്ട് പോകാൻ കഴിയില്ല, കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, "ഈ സാഹചര്യത്തിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് ഫിനാൻഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബി സംബന്ധിച്ച

പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതുസംബന്ധിച്ച രേഖപ്പെടുത്തലുകളും നിരാകരിക്കുന്നു" എന്ന് പറഞ്ഞിരിക്കുന്നത് തെറ്റായ വാദഗതിയാണ്. ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ, നിയമസഭാ നടപടി ചട്ടം റൂൾ 242 അനുസരിച്ച് പി.എ.സി.-യുടെ ചുമതലയാണ് ഈ റിപ്പോർട്ട് പരിശോധിക്കുക എന്നത്. അല്ലാതെ പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിയല്ല പരിശോധിക്കേണ്ടത്. അവർ നോക്കുന്ന വിഷയം വേറെയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, No, you are restating your positions. നമ്മൾ അങ്ങോട്ടുമിങ്ങോട്ടും റീസ്റ്റേറ്റ് ചെയ്തിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് എനിക്ക് മനസ്സിലായി. പി.എ.സി.-യുടെ അധികാരമെന്നു പറയുന്നത് ഒരു delegated function ആണ്. ഈ സഭ ഇങ്ങനെ പരിശോധി ക്കാനായി ചുമതലപ്പെടുത്തിയിരിക്കുന്നു. അസാധാരണമായ സാഹചര്യമെന്ന് ഞാൻ പറഞ്ഞു. ഇവിടെ prima facie തെറ്റ്, അടിസ്ഥാനരഹിതം എന്നുപറയുന്നത് ചട്ടവിരുദ്ധമായിട്ടുള്ളത് പ്രഥമദൃഷ്ടിയാൽത്തന്നെ തള്ളാവുന്നതാണ്. നടപടിക്രമം പാലിച്ചിട്ടില്ല, സംസ്ഥാന സർക്കാരിനെ കേട്ടിട്ടില്ലായെന്നുള്ളതിൽ ആർക്കും തർക്ക മില്ലല്ലോ. ഇത് ഭരണഘടനാവിരുദ്ധമാണെന്നതിൽ ആർക്കെങ്കിലും തർക്കമുണ്ടോ? റിപ്പോർട്ട് വായിച്ചുനോക്കണം. ഓഫ് ബഡ്ജറ്റ് ബോറോയിംഗ് തള്ളിക്കളഞ്ഞിട്ട് പറയുകയാണ് സംസ്ഥാന സർക്കാരിന് വായ്പയെടുക്കണമെങ്കിൽ 293 വേണം, അതിന് അനുവാദമില്ല, ഭരണഘടനാ വിരുദ്ധമാണ് ഈ വായ്പയെന്ന്. No legislative authority competence. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇതുവച്ചത്. ഞാൻ ഇന്നലെ എ.ജി.-യുടെ പേര് പറഞ്ഞു, പിന്നീട് പിൻവലിക്കുകയും ചെയ്തു. ഇന്നുള്ള എ.ജി.യെ കുറിച്ചല്ല ഞാൻ പറഞ്ഞതെന്ന് വ്യക്തമാക്കാൻവേണ്ടി മാത്രമാണ് പേര് പറഞ്ഞത്. നേരത്തെയുണ്ടായിരുന്ന എ.ജി. ഈ സംസ്ഥാനത്തെ കിഫ്ബിയുമായി ബന്ധപ്പെട്ട് എന്തൊക്കെ വിവാദങ്ങൾ സൃഷ്ടിക്കാൻ പറ്റുമോ അതൊക്കെ സൃഷ്ടിക്കുകയും പത്രങ്ങൾക്ക് അത് ചോർത്തികൊടുക്കുകയുമാണ് ചെയ്തത്. സംസ്ഥാനത്തിന്റെ അവകാശം സംരക്ഷിക്കാൻവേണ്ടി നിലപാടെടുക്കും. ഈ പ്രമേയം അംഗീകരിക്കുകവഴി സംസ്ഥാനത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കു ന്നതിനുവേണ്ടി ഏതറ്റം വരെയുമുള്ള നിലപാട് സ്വീകരിക്കുമെന്നുള്ള സന്ദേശം കേന്ദ്രസർക്കാരിനും വിവിധ ഏജൻസികൾക്കും കൊടുക്കുകയാണ് ചെയ്യുന്നത്. ഈ പ്രമേയം പാസാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# X ക്രമപ്രശ്നം

സി.&എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച്

Shri. V. D. Satheesan: Sir, I am on a Point of Order on Rule 242. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഡ്യൂട്ടിയെ സംബന്ധിച്ചുള്ള കാര്യമാണിതിൽ പറയുന്നത്. ഈ പ്രമേയം ഇവിടെ പാസ്സാക്കിയാൽ, ഗവർണർക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി സഭയിൽ ഹാജരാക്കിയ സി.&എ.ജി. റിപ്പോർട്ടാണോ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കേണ്ടത്? ഗവർണർക്കുവേണ്ടി ഹാജരാക്കിയ സി.&എ.ജി. റിപ്പോർട്ടിലെ ഏതെങ്കിലും ഭാഗം നിരാകരിക്കാൻ ഈ സഭയ്ക്ക് അധികാരമില്ലെന്നതാണ് എന്റെ വാദം. പി.എ.സി. പരിശോധിക്കേണ്ടത് ഗവർണറുടെ പേരിൽ ഈ സഭയിൽ വച്ച സി&എ.ജി റിപ്പോർട്ടാണോ അതോ ഈ പ്രമേയത്തിന്റെ ഭാഗമായി പ്രത്യേക portions നിരാകരിച്ച, incomplete ആയ സി.&എ.ജി റിപ്പോർട്ടാണോ എന്ന് അങ്ങ് ക്ലാരിഫൈ ചെയ്യണം. It is a constitutional issue; സീരിയസായ ഇഷ്യൂ ആണ്. ബഹുമാനപ്പെട്ട ചെയർ ഇക്കാര്യത്തിൽ ക്ലാരിഫൈ ചെയ്യണമെന്ന് ഞാൻ ക്രമപ്രശ്നം ഉന്നയിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഈ സഭയേക്കാൾ വലുതല്ല പി.എ.സി.-യും പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിയും മറ്റെന്തും. അവയൊക്കെ ഈ സഭയുടെ ക്രിയേഷൻസാണ്. അതുകൊണ്ട് സഭയ്ക്ക് തീരുമാനിക്കാം, പ്രമേയം പാസ്സാക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ സഭ നിയന്ത്രിക്കപ്പെടുന്നത് സഭയിലെ ഭൂരിപക്ഷ പ്രകാരമല്ല, ഭരണഘടനയുടെ അടിസ്ഥാനത്തിൽ പാസ്സാക്കിയ റൂൾസ് ഓഫ് പ്രൊസീഡ്യുവറിന്റെ ഫ്രെയിമിൽ നിന്നുകൊണ്ടാണ്. അപ്പോൾ റൂൾസ് ഓഫ് പ്രൊസീഡ്യുവറിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗത്തെ ഇങ്ങനെ misinterpret ചെയ്താൽ അത് ഭരണഘടനയെ misinterpret ചെയ്യുന്നതിന് തുല്യമാണ്. അതിന് ഈ സഭയ്ക്ക് അവകാശമുണ്ടോ; എന്താണ് പി.എ.സി. ചെയ്യേണ്ടത് എന്ന് അങ്ങ് വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഉന്നയിച്ചതുപോലെ പി.എ.സി.-യുടെ അവകാശത്തെ ചോദ്യം ചെയ്യുന്ന ഒരു നടപടിയും ഇവിടെ സ്വീകരിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാതെ സി.&എ.ജി. റിപ്പോർട്ട് തയ്യാറാക്കിയെന്ന പ്രശ്നത്തെ കാണാനും അത് ഉന്നയിക്കാനുമുള്ള സഭയുടെ അവകാശത്തെ ചോദ്യം ചെയ്യാനാകില്ല. രണ്ട് വ്യത്യസ്ത അഭിപ്രായങ്ങൾ ഇവിടെ ഉയർന്നുവന്നിട്ടുണ്ട്, അതൊക്കെ രേഖയിൽ കിടക്കും. ഈ സഭയുടെ അവകാശം തന്നെയാണ് സഭയിൽ അവതരിപ്പിക്കപ്പെട്ട

സി.&എ.ജി. റിപ്പോർട്ടിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന വികാരം ഉന്നയിക്കാനും അതിന്റെ ഭാഗമായ നിലപാട് സ്വീകരിക്കാനും കഴിയുന്നതെന്നാണ് കരുതുന്നത്. ഈ റിപ്പോർട്ടിലെ ഉള്ളടക്കത്തിലേയ്ക്ക് ഇവിടെ പോകുന്നില്ല. ശ്രീ. വി. ഡി. സതീശൻ. പി.എ.സി. സഭയുടെ മുകളിലല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ പ്രമേയത്തിൽ പറയുന്നത് സി.&എ.ജി. റിപ്പോർട്ടിലെ പ്രത്യേക ഭാഗങ്ങൾ/പാരഗ്രാഫ് ഒഴിവാക്കണമെന്നാണ്. നിരാകരിക്കപ്പെട്ട, incomplete ആയ സി.&എ.ജി റിപ്പോർട്ടാണോ പി.എ.സി.-യുടെ പരിഗണനയ്ക്ക് പോകുന്നതെന്നാണ് അങ്ങ് വ്യക്തമാക്കേണ്ടത്. വളരെ സീരിയസ് ഇഷ്യൂവാണ്.

മി. സ്പീക്കർ: നടപടിക്രമങ്ങൾ പാലിക്കാതെയും ക്രമപ്രകാരമല്ലാതെയും തയ്യാറാക്കിയ സി.&എ.ജി റിപ്പോർട്ടിലെ ബന്ധപ്പെട്ട ഭാഗങ്ങൾ ഒഴിവാക്കണമെന്ന് സഭ തീരുമാനിച്ചാൽ അത് ഒഴിവാക്കിയായിരിക്കും പി.എ.സി.-യുടെ പരിഗണനയ്ക്ക് വരുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പോയിന്റ് ഓഫ് ഓർഡർ വളരെ ക്ലിയറാണ്. ഗവർണർ ഒപ്പിട്ട് ഗവർണർക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച സി.&എ.ജി. റിപ്പോർട്ടുണ്ട്. റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ച് അതിനെപ്പറ്റിയുള്ള അഭിപ്രായങ്ങൾ പറയേണ്ടത് പി.എ.സി.-യിലാണ്. ഇവിടെ അൺപ്രീസിഡന്റായ ഒരു സിറ്റ്വേഷൻ arise ചെയ്യുകയാണ്. സി.&എ.ജി.-യെ കേൾക്കാതെയാണ് ഈ നടപടി. അങ്ങനെ വരുമ്പോൾ പി.എ.സി.-യുടെ മുന്നിലേയ്ക്ക് ഏത് റിപ്പോർട്ടാണ് പോകുന്നത്? ഗവർണർ ഒപ്പിട്ട് ഇവിടേയ്ക്കയച്ച റിപ്പോർട്ടാണോ; അതോ നിയമസഭയിൽനിന്നും ഭൂരിപക്ഷ പ്രകാരം പാസ്സാക്കുന്ന പ്രധാന ഭാഗങ്ങൾ ഒഴിവാക്കണമെന്നുള്ള പ്രമേയം പാസ്സാക്കിയ ശേഷമുള്ള റിപ്പോർട്ടാണോ പോകുന്നത് എന്നുള്ളതാണ് ചോദ്യം.

മി. സ്പീക്കർ: അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതൊരു ഭരണഘടനാപരമായ ക്വസ്റ്റ്യൻ കൂടിയാണ്. സ്പീക്കറെന്ന നിലയിൽ അങ്ങയുടെ മുമ്പിൽ ഞങ്ങൾ പറഞ്ഞ ഇഷ്യൂ അങ്ങ് പരിശോധിച്ചിട്ട് പറഞ്ഞാൽ മതി. ഇപ്പോൾ റൂൾ ചെയ്യണമെന്ന് ഞങ്ങൾ പറയുന്നില്ല.

മി. സ്പീക്കർ: പരിശോധിക്കാം. അതൊക്കെ പ്രാഥമികമായി കാണേണ്ട കാര്യമാണ്. സഭയുടെ മുന്നിൽ വരുന്ന ഒരു റിപ്പോർട്ട് ക്രമപ്രകാരമല്ലെന്ന വികാരമെടുക്കാനും അതറിയിക്കാനുമുള്ള അവകാശമുണ്ട്. ക്രമപ്രകാരമല്ലാത്ത ഒരു റിപ്പോർട്ടിനെ സംബന്ധിച്ച് സഭ നിലപാട് സ്വീകരിക്കുന്നതിൽ തെറ്റില്ലെന്നാണ് എനിക്ക് തോന്നുന്നത്. നിങ്ങളുന്നയിച്ച കാര്യം പരിശോധിക്കാം.

ശ്രീ. സണ്ണി ജോസഫ് : സർ, 242 (3) (c) -ൽ പറയുന്നത്, ' it shall be the duty of the committee to consider the report of the Comptroller and Auditor General (C&AG) in cases where the Governor may how required him to conduct and audit of any receipts or to examine the accounts of stores and stocks.'; ഗവർണർ നിർദ്ദേശിച്ച പ്രകാരം സി.&എ.ജി. നടപ്പിലാക്കിയിട്ടുള്ള അന്വേഷണ റിപ്പോർട്ട് പരിശോധിക്കേണ്ടത് പി.എ.സി.-യുടെ ഡ്യൂട്ടിയാണ്. It shall be the duty of the Public Accounts Committee (PAC). ആ ഡ്യൂട്ടിക്ക് നിബന്ധനകൾ ഏർപ്പെടുത്താൻ സാധിക്കുമോ?

മി. സ്പീക്കർ: പരിശോധിച്ച് പറയാമെന്ന് ഞാൻ പറഞ്ഞു. ഈ ഡിഫറൻസ് ഓഫ് ഒപ്പീനിയൻ കൂടി വയ്ക്കാനുള്ള അനുമതി ഗവർണർ നൽകിയതിന്റെ അടിസ്ഥാനത്തിലാണിത് ഇവിടെ ഉൾപ്പെടുത്തിയത്. അത് നമ്മൾ കാണണ്ടേ?

ശ്രീ. വി. ഡി. സതീശൻ: സർ, ഈ പ്രശ്നം അങ്ങ് വളരെ വിശദമായി പരിശോധിച്ച് വളരെ വലിയൊരു റൂളിംഗ് കൊടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: പരിശോധിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## XI നിയമനിർമ്മാണം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണം

(i) 2021-ലെ കേരള ധനകാര്യ ബിൽ

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2021-ലെ കേരള ധനകാര്യബില്ലും 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ഇനി നമുക്ക് 14 മിനിട്ടേയുള്ളൂ. ചർച്ച ഉച്ചയ്ക്കുശേഷം തുടങ്ങിയാൽ മതിയോ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, ഇന്നലെ അങ്ങ് സമയക്കുറവ് കാരണം എല്ലാ അംഗങ്ങളുടെയും പ്രസംഗം പകുതിയായി കുറയ്ക്കണമെന്ന് പറഞ്ഞപ്പോൾ ഞങ്ങൾ സമ്മതിച്ചു.

മി. സ്പീക്കർ: ഇന്ന് നമുക്ക് സമയമെടുക്കാമെന്നാണ് പറയുന്നത്.

Shri Ramesh Chennithala: Sir, without consulting us, without having taken our opinion; the Legislature Department has taken a decision to club both. അതൊരു തെറ്റായ കീഴ്‌വഴക്കമാണ്.

മി.സ്പീക്കർ: അങ്ങത് ചൂണ്ടിക്കാണിച്ചപ്പോൾത്തന്നെ അത് മാറ്റാൻ തീരുമാനിച്ചു, കുഴപ്പമില്ല. ഇനി 14 മിനിട്ട് മാത്രമേയുള്ളൂ. അതുകൊണ്ട് സഭ ഇപ്പോൾ പിരിയുകയും ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പുനരാംരംഭിക്കുകയും ചെയ്താൽ പോരേ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ചർച്ച ഇപ്പോൾ തുടങ്ങുന്നതായിരിക്കും നല്ലത്.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും:

(i) 2021-ലെ കേരള ധനവിനിയോഗ ബിൽ

(ii) 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2021-ലെ കേരള ധനവിനിയോഗ ബില്ലും 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2021-ലെ കേരള ധനവിനിയോഗ ബില്ലും 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

## XII ക്രമപ്രശ്നം

നിയമം പാസ്സാക്കുന്നത് സംബന്ധിച്ച്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സി.&എ.ജി. റിപ്പോർട്ടിനെ സംബന്ധിച്ച് ചർച്ച നടന്നപ്പോൾ ചില വടക്കേ ഇന്ത്യൻ സ്റ്റേറ്റുകളിൽ പാർലമെന്റ് പാസ്സാക്കിയ നിയമത്തിനെതിരെ ബദൽ നിയമം പാസ്സാക്കുകയാണ് എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിശദീകരിക്കുകയുണ്ടായി. അതിനെ contradict ചെയ്തല്ല ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത്. ഭരണഘടന പ്രകാരം പാർലമെന്റിൽ പാസ്സാക്കുന്ന നിയമത്തിനെതിരെ നിയമസഭയ്ക്ക് നിയമം പാസ്സാക്കാൻ അധികാരമില്ലെന്നാണ് ഞാൻ ഉന്നയിച്ചത്. അതല്ലാതെ നിയമം പാസ്സാക്കിയാൽ ഇതില്ലാതെയാകും അത്രയേയുള്ളൂ, അതിന് പ്രത്യേകിച്ച് തീരുമാനമൊന്നും വേണ്ട. അപ്പോൾ അദ്ദേഹം പറഞ്ഞു ഇത് കൺകറന്റ് ലിസ്റ്റാണെന്ന്. കൺകറന്റ് ലിസ്റ്റിലായാലും അത് ചെയ്യാൻ സാധിക്കില്ല. കാരണം കൺകറന്റ് ലിസ്റ്റ് കേന്ദ്രത്തിന് അധികാരമുള്ളതാണെന്നു മാത്രമല്ല, ഭരണഘടന യൂണിറ്ററിയായി മാറും. പക്ഷേ അദ്ദേഹമത് സമ്മതിച്ചില്ല. അതുകൊണ്ട് ഞാൻ അതിന്മേൽ റൂളിംഗ് ചോദിച്ചിരിക്കുകയാണ്. എനിക്ക് റൂളിംഗ് അറിയണം. ഇത് ഭരണഘടനാ പ്രശ്നമാണ്. ഞാൻ ഭരണഘടനയ്ക്കുവേണ്ടിയാണ് വാദിച്ചത്. അതിന് ബി.ജെ.പി.-ക്കുവേണ്ടി ഞാൻ വാദിക്കുകയാണെന്ന് പറയുന്നു. ബി.ജെ.പി.-യുടെ വകയാണോ ഭരണഘടന? ഭരണഘടനയിലെ ആർട്ടിക്കിളാണ് ഞാൻ പറയുന്നത്. ഈ സഭയിൽ റൂളിംഗ് തരണം. കൺകറന്റ് ലിസ്റ്റായാലും സെൻട്രൽ ലിസ്റ്റായാലും പാർലമെന്റ് പാസ്സാക്കിയ നിയമത്തിനെതിരെ സംസ്ഥാനത്തിന് നിയമം പാസ്സാക്കാൻ അധികാരമില്ലെന്നുള്ള വാദമാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് അംഗീകരിക്കാതിരുന്നതുകൊണ്ടാണ് ഞാൻ ഇപ്പോഴിത് ഉന്നയിക്കുന്നത്. പിന്നീട് ഈ സഭയിൽ റൂളിംഗ് തരേണ്ടതായിവരും.

മി. സ്പീക്കർ: റൂളിംഗ് നൽകാം.

### (i) 2021-ലെ കേരള ധനവിനിയോഗ ബിൽ

ശ്രീ. ഡി. കെ. മുരളി: സർ, ധനവിനിയോഗ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ 5 വർഷക്കാലം കേരളത്തിന് വികസന വസന്തമൊരുക്കിയ, ക്ഷേമപ്രവർത്തനങ്ങളുടെ ധാരാളിത്വം സൃഷ്ടിച്ച ഒരു ഗവൺമെന്റ് ഭാവികേരളത്തെ കരുപിടിപ്പിക്കുന്നതിന് ആർജ്ജിതമായ, ലഭ്യമായ സമ്പത്തിനെ ക്രമീകരിക്കുന്ന ഒരു പ്രക്രിയയാണ് ഈ ബഡ്ജറ്റിലൂടെ നടത്തിയിരിക്കുന്നത്. ഒരുപാട് മാറ്റങ്ങളാണ് കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ കേരളത്തിൽ സംഭവിച്ചിട്ടുള്ളത്. അത് ആർക്കും നിഷേധിക്കാനാകില്ല. പ്രതിപക്ഷം കണ്ണടച്ചുകൊണ്ട് ഈ യാഥാർത്ഥ്യങ്ങളെ

നോക്കുകയാണ്. അവർ കണ്ണ് അടച്ചുവച്ചാൽ അവരുടെ കാഴ്ച നഷ്ടപ്പെടുമെന്നുള്ളതല്ലാതെ നാട്ടിലാകെ ഇരുട്ട് പരക്കുമെന്ന് തെറ്റിദ്ധരിക്കരുത്. എന്തെല്ലാം വിപ്ലവകരമായ തീരുമാനങ്ങളാണ് ഇക്കാലത്ത് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളതെന്ന് ഓരോ രംഗവുമെടുത്ത് പരിശോധിച്ചാൽ മനസ്സിലാകും. നമ്മുടെ നാട്ടിൽ ഒരുപക്ഷെ ക്ഷേത്ര പ്രവേശന വിളംബരത്തിനുശേഷം പൂജാവിധികൾ അറിയാവുന്ന ഏതൊരു മനുഷ്യനും പൂജാരിയാകാമെന്നുള്ള തീരുമാനമെടുത്ത ഗവൺമെന്റാണിത്. ക്ഷേത്രപ്രവേശനത്തിലൂടെ വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ ക്ഷേത്രത്തിനകത്തേയ്ക്ക് കടക്കാമെങ്കിൽ പൂജയറിയാവുന്ന ഏതൊരു മനുഷ്യനും ശ്രീകോവിലിലേയ്ക്ക് കടക്കാമെന്ന തീരുമാനമെടുക്കാൻ ഇന്ത്യയുടെ ചരിത്രത്തിൽ ഒരു ഗവൺമെന്റുണ്ടായിരിക്കുന്നു. മാനവികത ഉയർത്തിപ്പിടിക്കുന്ന ഒരു ദർശനമുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനമെടുക്കാൻ കഴിഞ്ഞത്. അത് വിപ്ലവകരമായ തീരുമാനമെന്ന് ചരിത്രത്തിൽ രേഖപ്പെടുത്തും. കേരളത്തിന്റെ സാമ്പത്തിക ഉത്തേജനത്തിന്, വികസനോന്മുഖമായ മുന്നേറ്റത്തിന് സഹായകമാകുന്ന കേരളത്തിന്റെ തനതായ ബാങ്ക് രൂപീകരിച്ചു. മലപ്പുറത്തെ ജില്ലാ സഹകരണബാങ്കിന്റെ കുറേ നിക്ഷേപങ്ങളെ ഫ്രീസ് ചെയ്തുകൊണ്ട്, അതിന്റെ സ്വാധീനമുപയോഗിച്ചുകൊണ്ട് മുഖം തിരിച്ചുനിൽക്കുകയാണ് കേരളത്തിലെ പ്രതിപക്ഷം. ചരിത്രം ഈ പ്രതിപക്ഷത്തിന് മാപ്പുകൊടുക്കാൻ പോകുന്നില്ല. കേരളത്തിന്റെ വികസന മുന്നേറ്റത്തെ തടസ്സപ്പെടുത്തുന്ന സമീപനമാണ് നാളിതുവരെ പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്, അതിലാണ് ഞങ്ങൾക്ക് സങ്കടം. ഇങ്ങനെ എല്ലാ കാര്യങ്ങളിലും നിഷേധാത്മകമായി എത്രകാലം നിങ്ങൾക്ക് മുന്നോട്ടുപോകാനാകും? പുരോഗമനോന്മുഖമായ നിയമം കൊണ്ടുവന്ന് വിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങൾ വരുത്തിയത് ജോസഫ് മുണ്ടശ്ശേരിയാണെന്ന് ഒരുപക്ഷെ കക്ഷിരാഷ്ട്രീയ ഭേദമെന്യേ അംഗീകരിക്കുന്നതാണ്. ജോസഫ് മുണ്ടശ്ശേരിക്കുശേഷം പൊതുവിദ്യാഭ്യാസ രംഗത്ത് ഇത്രയധികം മാറ്റം വരുത്താൻ അഞ്ചുവർഷക്കാലത്തെ പിണറായി ഗവൺമെന്റിനാണ് സാധിച്ചിട്ടുള്ളതെന്ന് ഭാവിയിൽ ചരിത്രം ഭാവിതലമുറയെ പഠിപ്പിക്കാൻ പോകുകയാണ്. 679000 കുട്ടികൾ പുതുതായി പൊതുവിദ്യാലയങ്ങളിലേയ്ക്ക് കടന്നുവന്നുവെന്നുള്ളത് മാത്രമല്ല, മികവുറ്റ വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസരംഗത്ത് ലഭ്യമാണെന്ന പൊതുബോധം കേരളത്തിൽ വളർന്നുവന്നിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് അൺ എക്കണോമിക് എന്നുപറഞ്ഞ് സ്കൂളുകൾ അടച്ചുപൂട്ടുന്ന സ്ഥിതിവിശേഷമാണുണ്ടായിരുന്നത്. അതിൽനിന്നുമുള്ള ഈ മാറ്റം കേരളത്തിലെ പൊതുസമൂഹത്തെ വലിയ തോതിലാണ് മുന്നേറാൻ സഹായിക്കുന്നത് എന്നത് ആർക്കാണ് നിഷേധിക്കാനാകുന്നത്? ഇത്തരം തീരുമാനങ്ങളിലൂടെ കേരളത്തിൽ ഒരു ബദൽ സൃഷ്ടിക്കുകയാണ്. ആരോഗ്യരംഗത്ത് സാർവ്വദേശീയ അവാർഡുകൾ ശ്രീമതി കെ. കെ. ശൈലജ ടീച്ചറെ തേടിയെത്തുകയാണ്. കോൺഗ്രസ് നേതാക്കന്മാർ ഒരുപക്ഷെ കോവിഡ് റാണിയെന്നും നിപ രാജകുമാരിയെന്നുമൊക്കെ പറഞ്ഞ്

ആക്ഷേപിക്കുമ്പോഴും ലോകത്തെ ആരോഗ്യമേഖലയും ആരോഗ്യശാസ്ത്രജ്ഞന്മാരും കെ. കെ. ശൈലജ ടീച്ചർ എന്ന പേര് കേൾക്കുമ്പോൾ ആദരവോടെ എഴുന്നേറ്റുനിന്ന് സല്യൂട്ട് ചെയ്യുകയാണ്. അഭിമാനത്തോടെ മലയാളിക്ക് ലോകാരോഗ്യ ശാസ്ത്രരംഗത്ത് തലയുയർത്തി പിടിച്ചുനിൽക്കാനുള്ള ഇടപെടലാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം കൊണ്ട് ആരോഗ്യമേഖലയിൽ പിണറായി ഗവൺമെന്റ് വരുത്തിയിട്ടുള്ളത്. അതിന് വേറെ സാക്ഷ്യപത്രമൊന്നും വേണ്ട. കാരണം, കോൺഗ്രസിന്റെ പ്രമുഖനായ നേതാവ് ബഹുമാന്യനായ വി. എം. സുധീരൻ മെഡിക്കൽ കോളേജിൽ കോവിഡ് ചികിത്സയ്ക്കായി പോയി. നിർഭാഗ്യവശാൽ എനിക്കും കോവിഡ് പോസിറ്റീവായി മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് പോകേണ്ടിവന്നു. ഞാൻ പോകുന്ന ദിവസമാണ് അദ്ദേഹം ഡിസ്ചാർജാകുന്നത്. അദ്ദേഹത്തിന്റെ ഫെയ്സ്ബുക്ക് പോസ്റ്റ് മാത്രം പരിശോധിച്ചാൽ മതി. ഈ ഗവൺമെന്റിന്റെ ആരോഗ്യമേഖലയ്ക്കുള്ള അംഗീകാരപത്രം നൽകിയത് ബഹുമാനപ്പെട്ട വി. എം. സുധീരനാണ്. ആർക്കും നിഷേധിക്കാനാകില്ല. ഇതിനോടൊക്കെയാണ് കേരളത്തിലെ സാമാന്യജനവിഭാഗം ചേർന്നു നിൽക്കുന്നത്. നിങ്ങൾ എന്തെല്ലാം പ്രചരണകോലാഹലങ്ങൾ നടത്തിയാലും അത് കേരളത്തിലെ ജനങ്ങളുടെ മനസ്സിലേയ്ക്ക് കടക്കുന്നില്ല. എല്ലാ രംഗത്തും അതാണ്. നമ്മുടെ നാട്ടിലെ റോഡുകളുടെ സ്ഥിതി ഇന്നെന്താണ്? പുതിയ കാലത്തിന് പറ്റിയ ആധുനിക നിർമ്മാണരീതി അവലംബിച്ചുകൊണ്ട് റോഡുകളെല്ലാം ദീർഘകാലം ഈടു നിൽക്കുന്ന തരത്തിലേയ്ക്ക് മാറിയിരിക്കുകയല്ലേ? ഏത് നിയോജകമണ്ഡലത്തിലാണ് ആധുനിക നിർമ്മാണരീതി സ്വീകരിക്കാത്ത റോഡുകളില്ലാതെ പോയത്? ഇവിടെ പറയുന്നത്, പ്രഖ്യാപനങ്ങൾ മാത്രമേയുള്ളൂവെന്നാണ്. കണ്ണുതുറന്ന് നോക്കണം. എവിടെയെങ്കിലും പ്രഖ്യാപിച്ചിട്ട് നടപ്പിലാകാതെ പോയിട്ടുണ്ടെങ്കിൽ ആ പ്രദേശത്തെ ജനപ്രതിനിധിയുടെ അലംഭാവം കൂടിയുണ്ടാകുമെന്നുള്ളതിന് യാതൊരു തർക്കവുമില്ല. ഞങ്ങളുടെയൊക്കെ നാട്ടിൽ പുതിയ പുതിയ റോഡുകൾ ആധുനിക നിർമ്മാണ രീതിയനുസരിച്ച് വരികയാണ്. അത് നാട്ടിൽ വലിയ മാറ്റങ്ങളാണ് വരുത്തുന്നത്. എല്ലാ രംഗത്തും ഇത്തരത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുന്നുവെന്നുള്ളതാണ്. ഇതിലൂടെയെല്ലാം എൽ.ഡി.എഫ്. ഉയർത്തിപ്പിടിക്കുന്നത് ഒരു ബദൽ രാഷ്ട്രീയമാണ്. എന്താണ് ഇന്ന് ഇന്ത്യയുടെ സ്ഥിതി? കോൺഗ്രസ് തുടങ്ങിവച്ച സ്വകാര്യ നവഉദാര വൽക്കരണ നയങ്ങൾ ഇന്ന് അതിന്റെ ഏറ്റവും തീക്ഷ്ണമായ കോർപ്പറേറ്റുവൽക്കരണമായി മാറിയിരിക്കുകയാണ്. ബി.ജെ.പി. അത് ശക്തമായി തുടരുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളാകെ വിറ്റഴിക്കുന്നു, വിമാനത്താവളങ്ങൾ വിറ്റഴിക്കുന്നു, കാർഷികമേഖലയെ തകർക്കുന്നു, തൊഴിൽരംഗം താറുമാറാകുന്നു. അങ്ങനെ അപകടംപിടിച്ച നിലയിലേയ്ക്കാണ് ഇന്ത്യ പോകുന്നത്. മൂന്ന് കർഷകവിരുദ്ധ നിയമങ്ങൾ പാസ്സാക്കിയതിന്റെ പേരിൽ കൊടുംമഞ്ഞിൽ, തണുപ്പിൽ ഇന്ത്യയിലെ

തലസ്ഥാനനഗരിയും പ്രാന്തപ്രദേശങ്ങളും കർഷക രോഷാഗ്നികൊണ്ട് നീറിപ്പുകയുകയാണ്. ആ സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്, കൃഷിക്കാരുടെ ആവശ്യമുയർത്തിക്കൊണ്ട് അനിശ്ചിതകാല സമരങ്ങൾ കർഷകസംഘങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലും നടക്കുന്നുണ്ട്. ഡൽഹിയിൽ നടക്കുന്ന കർഷക പ്രക്ഷോഭത്തിൽ കേരളത്തിലെ കൃഷിക്കാർ പങ്കെടുത്തുകൊണ്ടിരിക്കുകയാണ്. അഞ്ഞൂറോളം പേർ അവിടേയ്ക്ക് പോയിരിക്കുകയാണ്, ഇനിയും പോകുകയാണ്. പക്ഷെ ഇക്കൂട്ടത്തിലൊന്നും യു.ഡി.എഫ്.-ന് ഒപ്പംനിൽക്കുന്ന കർഷകപ്രസ്ഥാനങ്ങളില്ല എന്നതുകൂടി നമ്മൾ കാണണം. ചില പ്രകടനങ്ങളും സമരപ്രഹസനങ്ങളുമൊക്കെ നടത്തുന്നതല്ലാതെ ആസേതുഹിമാചലം വലിയ പ്രക്ഷോഭം ഉയർത്തികൊണ്ടുവരേണ്ടുന്ന ഈ കർഷകപോരാട്ടത്തിന്റെ മുന്നിലോ പിന്നിലോ നടുവിലോ ഏറ്റവും പ്രമുഖമായ പ്രതിപക്ഷ പ്രസ്ഥാനമായ കോൺഗ്രസ് ഇല്ലാതെപോയിരിക്കുന്നു. അതുമാത്രമാണോ കോർപ്പറേറ്റുവൽക്കരണത്തിന്റെ മറ്റൊരു ദുരന്തം? പെട്രോളിയം ഉല്പന്നങ്ങളുടെ വിലനിയന്ത്രണാവകാശം വേണ്ടെന്നുവച്ചത് ഡോ. മൻമോഹൻ സിംഗിന്റെ ഭരണകാലത്താണല്ലോ, ഇന്ന് എന്താണ് സ്ഥിതി? അനുദിനം പാചകവാതകത്തിന്റെയും മറ്റ് പെട്രോളിയം ഉല്പന്നങ്ങളുടെയുമെല്ലാം വില കൂടിക്കൂടി വരികയല്ലേ? ഫെബ്രുവരി 10-ാം തീയതി ഇന്ത്യയിലെ തൊഴിലാളിവർഗ്ഗം സമരം നടത്താൻ പോകുകയാണ്. വിലക്കയറ്റത്തിനെതിരായ, ഒരുപക്ഷെ ഇന്ത്യയിലെ സാധാരണക്കാരെയാകെ ബാധിക്കുന്ന നയത്തിനെതിരായ പ്രക്ഷോഭസമരത്തിൽ കോൺഗ്രസ് എവിടെയാണ്? ഇവിടെ പുകമറ സൃഷ്ടിച്ചുകൊണ്ട് വ്യാജ ആരോപണങ്ങളുടെ കൊടുമുടിക്കുമുകളിൽനിന്ന് മനോവ്യാപാരം കാണുകയല്ലേ യു.ഡി.എഫ്? നിങ്ങൾ ഉയർത്തിക്കൊണ്ടുവന്ന എല്ലാ ആരോപണങ്ങളും ചീട്ടുകൊട്ടാരംപോലെ തകർന്നുവീഴുകയാണ്. ഈ ആരോപണ പുകമറയുടെ വലയം ഭേദിച്ച് സൂര്യതേജസ്സോടെ കേരളത്തിലെ പിണറായി ഗവൺമെന്റ് ജനങ്ങളുടെ മനസ്സിൽ കുടിയേറിയിരിക്കുകയാണ്. മുമ്പൊക്കെ കുറെ തെറ്റിദ്ധാരണകൾ പരത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ശബരിമല പ്രശ്നത്തിൽ കുറേപേർ കൊടിപിടിച്ചും കൊടിയില്ലാതെയും വലിയ സമരം നടത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ നോക്കി. പക്ഷേ വളരെ പെട്ടെന്നു തന്നെ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ നിങ്ങളുടെ ഇരട്ടത്താപ്പ് തിരിച്ചറിഞ്ഞു, ഈ ഗവൺമെന്റിന്റെ ആത്മാർത്ഥത തിരിച്ചറിഞ്ഞു. അതുകൊണ്ടാണ് പിന്നീടുവന്ന ഉപതെരഞ്ഞെടുപ്പുകളിലും ഇപ്പോൾ നടന്ന തദ്ദേശഭരണ സ്ഥാപന തെരഞ്ഞെടുപ്പിലും വർദ്ധിച്ച ശോഭയോടുകൂടി കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ അംഗീകരിച്ചത്. ഈ ബഡ്ജറ്റിലൂടെ ഒരു ഭാവികേരളം, വിജ്ഞാന കേരളം സൃഷ്ടിക്കുന്നതിനുവേണ്ടി മുന്നോട്ടുപോകുകയാണ്. ഞാനൊരു വാചകം വായിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി 370-ാമത്തെ പാരഗ്രാഫിൽ "ജ്ഞാനോൽപ്പാദനം,

അതിന്റെ അടിസ്ഥാനത്തിലുള്ള നൂതനവിദ്യകൾ, അവ സ്വായത്തമാക്കുന്നതിനുള്ള നൈപുണി പരിശീലനങ്ങൾ, സംരംഭകത്വം, വൈജ്ഞാനിക തൊഴിലുകൾ ഇതാണ് വികസന തന്ത്രം. ഈ മുന്നോട്ടുള്ള പാതയിൽ നാം എല്ലാവരെയും ചേർത്തു പിടിക്കും. ക്ഷേമവും നീതിയും വളർച്ചയും ഉറപ്പുവരുത്തുന്ന നവകേരളം രൂപംകൊള്ളും." എന്ന് പറഞ്ഞിരിക്കുന്നു. ആ നവകേരളം രൂപപ്പെടുത്താനുള്ള എൽ.ഡി.എഫ്-ന്റെ എല്ലാ പരിശ്രമങ്ങളെയും കേരളത്തിലെ സാമാന്യജനങ്ങൾ പിന്തുണയ്ക്കുമെന്നുള്ളതിന് സംശയം വേണ്ട. ഇന്നലെ കോവളം എം.എൽ.എ. ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചു എന്തോ കൊടുങ്കാറ്റ് അടിക്കാൻ പോകുകയാണെന്ന്. കൊടുങ്കാറ്റും പേമാരിയും വരൾച്ചയുമൊക്കെ പ്രതീക്ഷിച്ചിരുന്നവരാണ് നിങ്ങൾ. പക്ഷെ നിങ്ങളെ നിരാശരാക്കിക്കൊണ്ട് വലിയ മുന്നേറ്റം സൃഷ്ടിക്കുകയാണ് എൽ.ഡി.എഫ്. ഗവൺമെന്റ്. ഈ ഗവൺമെന്റിന് ഒരു തുടർച്ചയുണ്ടാകാൻ പോകുകയാണ്. ഈ ഗവൺമെന്റിനെ കേരളത്തിലെ ജനങ്ങൾ നെഞ്ചിലേറ്റിയിരിക്കുകയാണ്. അതിനുതകുന്ന ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട ഉപധനാഭ്യർത്ഥനകൾക്കു വേണ്ടിയുള്ള ഈ ധന വിനിയോഗബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ .... സഭ ഇപ്പോൾ നിർത്തിവയ്ക്കുകയാണ്. 3.00 മണിക്ക് അപരാഹ്ന സമ്മേളനം ആരംഭിക്കും.

3.00 P.M.]

(ഉച്ചയ്ക്കുശേഷം 12.33-ന് നിർത്തിവച്ച സഭ 3.00 മണിക്ക് പുനരാരംഭിച്ചു.)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ധനകാര്യ ബില്ലുകളെ സർവ്വാത്മനാ ഞാൻ സ്വാഗതം ചെയ്യുകയാണ്. സാമ്പത്തിക പ്രതിസന്ധിയും അതിനപ്പുറം കേന്ദ്ര ഗവൺമെന്റിന്റെ ബോധപൂർവ്വമായ ഇടപെടലുകളും അവഗണനയുമെല്ലാം നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഭാവി പുരോഗതി മുന്നിൽ കണ്ടുകൊണ്ട് സമർത്ഥമായി സാമ്പത്തിക വിനിമയത്തിനുള്ള ആസൂത്രണ നടപടികൾ ക്രാന്തദർശിയായ ഡോ. ടി. എം. തോമസ് ഐസക് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് ഈ സഭയിൽ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റും തുടർന്നുള്ള ധനകാര്യ ബില്ലും. കേരള സംസ്ഥാനത്തെ ചരിത്രത്തിലെ സമാനതകളില്ലാത്ത വികസന നേട്ടങ്ങളുടെ നെറുകയിലെത്തിക്കാൻ സാധിച്ചതിനെ മലയാളികളായ എല്ലാവരും അഭിമാനത്തോടെയാണ് നോക്കിക്കാണുന്നത്. അതാണ് കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പ്രകടമായത്. ആ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി കൈവരിച്ച അസൂയാവഹമായ

നേട്ടം ഏതോ താൽക്കാലിക പ്രതിഭാസമാണെന്നും അതുകണ്ട് വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പ് ഫലത്തെ സംബന്ധിച്ച വിധി കല്പിക്കേണ്ടതില്ലെന്നും ആ വിധി ഞങ്ങളുടേതായിരിക്കും എന്നൊക്കെയുള്ള പ്രവചനങ്ങൾ ആവർത്തിച്ച് ഈ സഭയിൽ കേട്ടുകൊണ്ടിരിക്കുകയാണ്. തീർച്ചയായും പ്രതീക്ഷകളാണ് മനുഷ്യനെ മുന്നോട്ട് നയിക്കുന്നത്. ആ പ്രതീക്ഷകൾ കൈവിടാതിരിക്കുന്നത് നല്ലതാണ്. പക്ഷെ, പ്രതീക്ഷകളെ കരിച്ചുകളയുന്ന തരത്തിലുള്ള അനുഭവങ്ങളാണ് സഭയ്ക്കകത്തും പുറത്തും അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന പച്ചയായ സത്യം ആരെല്ലാം പറയാൻ ശ്രമിച്ചിട്ടും ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടും ബന്ധപ്പെട്ടവർക്ക് ബോധ്യമാകുന്നില്ലെന്നുള്ളത് ഖേദകരമാണ്.

ഇന്ന് നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയാന്തരീക്ഷം പരിശോധിക്കുമ്പോൾ കോൺഗ്രസ് അപ്രസക്തമാകുന്നുവെന്ന് പറയുന്നത് ഞങ്ങളല്ല. കോൺഗ്രസിനെ അപ്രസക്തമാക്കിയിട്ട്, നിർവീര്യമാക്കിയിട്ട്, അവരെ ചിത്രത്തിൽ നിന്ന് മാറ്റിയിട്ട് എന്തെങ്കിലും നടത്തണമെന്ന ചിന്തയും ഇടതുപക്ഷത്തെ സംബന്ധിച്ചില്ല. എന്നുമാത്രമല്ല, ഇന്ത്യാ രാജ്യത്തെ ഇന്നത്തെ പൊതുരാഷ്ട്രീയ സാഹചര്യം മനസ്സിലാക്കുമ്പോൾ ഏറെ ശക്തമായ തിരിച്ചുവരവ് സാധ്യമാകേണ്ടത് പ്രധാനമായും കോൺഗ്രസിനായിരിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. നിർഭാഗ്യമെന്നുപറയട്ടെ, അതിനുള്ള കരുത്തും പരിപാടിയും അവർക്കില്ല. അവർ ഇന്ന് നടത്തിക്കൊണ്ടിരിക്കുന്ന നടപടികൾ ഏതെടുത്ത് പരിശോധിച്ചാലും പരിഹാസ്യമായിത്തീരുന്ന അവസ്ഥയാണ് സഭയ്ക്കുള്ളിലും പുറത്തുമുള്ളത്. സഭയിലാണെങ്കിൽ എല്ലാറ്റിനോടും ഒരു നിഷേധഭാവവും ഒന്നിനേയും അംഗീകരിക്കാൻ കഴിയാത്ത അവസ്ഥയുമാണ്. ഇതൊരു പ്രത്യേക മാനസികാവസ്ഥയിൽ മനുഷ്യന് വന്നുചേരുന്ന ചിന്തയാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ, ആ ചിന്തയ്ക്കൊപ്പം ജനങ്ങൾ സഞ്ചരിച്ചുകൊള്ളും, ആ ചിന്തകളെ ജനങ്ങൾ അതേപടി ഉൾക്കൊള്ളുമെന്ന് കരുതുന്നതാണ് വിഡ്ഢിത്തം. ആ വിഡ്ഢിത്തം അനുഭവത്തിലൂടെ ബോധ്യമായിട്ടും തിരുത്തണമെന്ന് തോന്നാത്ത ഒരവസ്ഥയിലേക്ക് യു.ഡി.എഫ്. പോയിക്കൊണ്ടിരിക്കുന്നു. യു.ഡി.എഫ്.-ന്റെ ഭാവിയെ സംബന്ധിച്ച ആശങ്ക ജനങ്ങളിൽ മാത്രമല്ല, നിങ്ങളുടെ അണികളിലുമുണ്ടെന്ന് മനസ്സിലാക്കിയാൽ നല്ലത്. സമയപരിമിതിമൂലം മറ്റൊന്നിനെക്കുറിച്ചും ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല.

ഈ ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങളോട് അനുകൂലിക്കുകയും യോജിക്കുകയും ചെയ്യുന്നതോടൊപ്പം, ഒന്നുരണ്ട് കാര്യങ്ങൾ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതുണ്ട്. എന്റെ മണ്ഡലത്തിലാണ് സുനാമി ദുരന്തം ഏറ്റവും കൂടുതൽ അനുഭവപ്പെട്ടത്. 142 മനുഷ്യജീവനുകൾ അപഹരിക്കപ്പെടുകയും ആയിരക്കണക്കിന് വീടുകൾ

തകർന്നുപോകുകയും ചെയ്തു. അവിടത്തെ ജനങ്ങളെ പുനരധിവസിപ്പി ച്ചെങ്കിലും ഇന്ന് അവരുടെ ജീവിതം ദുരിതപൂർണ്ണമാണ്. സുനാമി കോളനികളിലെ വീടുകൾ തകർന്നുതരിപ്പണമായി വാസയോഗ്യമല്ലാതായി മാറിയിട്ടുണ്ട്. അത് പുനർനിർമ്മിക്കാൻ, സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ പ്രത്യേകമായ പ്രോജക്ട് അംഗീകരിച്ച് നടപ്പാക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. എന്റെ മണ്ഡലത്തിലെ തീരദേശ പഞ്ചായത്താണ് ആലപ്പാട്. അത് വാലുപോലെ കിടക്കുന്ന പ്രദേശമാണ്. 17 കി.മീറ്റർ നീളത്തിൽ വളരെ ചുരുങ്ങിയ വീതി മാത്രമുള്ള ആ ഭൂപ്രദേശം കരിമണൽകൊണ്ട് സമ്പന്നമാണ്. ആ നാട് നമ്മുടെ രാജ്യത്തെ സാമ്പത്തികമായി മുന്നോട്ട് നയിക്കുന്നതിന് പ്രകൃതിദത്ത സംഭാവനകൾ നൽകുന്ന നാടാണ്. ആ നാടിനെയും കരിമണ്ണിനെയും സംരക്ഷിക്കാൻ കഴിയണമെങ്കിൽ തീരസംരക്ഷണ നടപടികളു ണ്ടാകണം. അതൊന്നും അവിടെ നടക്കുന്നില്ല. അതിന്റെ കെടുതികൾ നിരന്തരം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അവിടത്തെ തീരസംരക്ഷണത്തിന് പ്രത്യേക പാക്കേജ് അംഗീകരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം ആ സ്ഥലം ഭൂപടത്തിൽനിന്നും ഇല്ലാതാകുന്ന അവസ്ഥയുണ്ടാകും. പടിഞ്ഞാറ് വശത്ത് അറബിക്കടലും കിഴക്കുവശത്ത് ടി.എസ്. കനാലുമാണ് സ്ഥിതിചെയ്യുന്നത്. വളരെ ഇടുങ്ങിയ ആ ഭൂപ്രദേശത്ത് ഇനിയും കടലാക്രമണമുണ്ടായാൽ കടൽ കരയെ കവർന്നെടുക്കുകയും കടലും ടി.എസ്.കനാലും സംയോജിക്കുകയും ചെയ്യും. അങ്ങനെ സംഭവിച്ചാൽ കരുനാഗപ്പള്ളി അടക്കമുള്ള മുനിസിപ്പൽ മേഖലയും കുലശേഖരപുരം, ക്ലാപ്പന പഞ്ചായത്തുകളും ഇല്ലാതാകുന്ന അവസ്ഥയിലേക്ക് പോകും. അതീവ ഗൗരവതരമായ ഈ വിഷയം പലതവണ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിച്ചതാണ്, ഇക്കാര്യം ഞാൻ ആവർത്തിച്ച് പറയുന്നു. ആ നാടിനെ സംരക്ഷിക്കാൻ ഗവൺമെന്റിന്റെ സജീവമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഒരിക്കൽക്കൂടി ധനകാര്യ ബില്ലിനെ അനുകൂലിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനോട് ഞാൻ വിയോജിക്കുന്നു. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ കാലത്തെ ധനവിനിയോഗം തൃപ്തികരമല്ലാത്തതുകൊണ്ടും പലതിലും പാഴ്ച്ചെലവും ദുർവ്യയവുമുണ്ടായതുകൊണ്ടും സാമ്പത്തികമര്യാദ പാലിച്ചു കൊണ്ട് നേർമാർഗ്ഗത്തിലാണ് ഇവിടെ ധനം ചെലവഴിച്ചതെന്ന് ഞാൻ കരുതുന്നില്ല. അതുകൊണ്ട് പ്രത്യേകമായി ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്.

കേരള ഗവൺമെന്റിന് ധാരാളം സുപ്രധാന വകുപ്പുകളും മികച്ച ഉദ്യോഗസ്ഥരുമുണ്ട്. പൊതുമരാമത്ത് വകുപ്പിൽ ഒന്നാംതരം എഞ്ചിനീയർമാരും സാങ്കേതിക വിദഗ്ദ്ധരുമുണ്ട്, നിർമ്മാണ പ്രക്രിയകൾ നന്നായി പൂർത്തിയാക്കിയ ചരിത്രവുമുണ്ട്. ദശാബ്ദങ്ങളായി

അത് വ്യവസ്ഥാപിതമായി മുന്നോട്ടുപോകുകയാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും വാട്ടർ അതോറിറ്റിക്കും മൈനർ ഇറിഗേഷനും തദ്ദേശസ്വയംഭരണ വകുപ്പിനുമെല്ലാം ധാരാളം മികച്ച എഞ്ചിനീയർമാരും ഉദ്യോഗസ്ഥരുമുണ്ടായിരിക്കെ, അവരെയെല്ലാം പാർശ്വവത്കരിച്ചു കൊണ്ടാണ് കിഫ്ബി എന്ന പുതിയ പ്രസ്ഥാനം ഇവിടെ സജീവമാക്കിയത്. പ്രത്യേക ഏജൻസികളെ ഏൽപ്പിച്ച് പ്രവൃത്തികൾ നടത്തുന്നതുകൊണ്ട് വലിയ വിലകൊടുത്ത് കാത്തുപോരുന്ന നമ്മുടെ നിർമ്മാണ സംവിധാനം പാർശ്വവത്കരിക്കപ്പെട്ടിരിക്കുകയാണ്. അത് ശരിയായ നടപടിക്രമമല്ല. കിഫ്ബി നമ്മുടെ വളർത്തുപുത്രനും പൊതുമരാമത്ത് വകുപ്പും ഇതരവകുപ്പുകളും നമ്മുടെ മക്കളുമാണ്. മക്കളെ സംരക്ഷിക്കാതെ വളർത്തുപുത്രനെ താലോലിക്കുന്ന ഈ ഇടപാട് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നാണ്. സാധാരണഗതിയിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അതിൽ ധാരാളം കാര്യങ്ങൾ വരണമെന്ന് ഞങ്ങളെല്ലാവരും ആഗ്രഹിക്കാറുണ്ട്. ധനകാര്യ വകുപ്പുമന്ത്രി ഒരു വലിയ പെട്ടിയുമായി വരുന്നതിന്റെ ചിത്രങ്ങൾ ചാനലുകളിലും പത്രങ്ങളിലും കാണാറുണ്ട്. ആ പെട്ടിക്കകത്ത് വെറും കടലാസ് മാത്രമാണുള്ളത്, യഥാർത്ഥ പെട്ടി മറ്റൊന്നാണെന്നാണ് ഈ വികസന പ്രവർത്തനം കാണുമ്പോൾ നമുക്ക് തോന്നുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പിലായില്ല. എന്റെ നിയോജകമണ്ഡലത്തിലെ എടയ്ക്കാപറമ്പ് ജി.എൽ.പി. സ്കൂൾ പൊളിഞ്ഞുവീഴാറായ അവസ്ഥയിലായതിനാൽ അതിന് പുതിയൊരു കെട്ടിടമുണ്ടാക്കാൻ ഞാൻ ആഗ്രഹിച്ചു. അത് ബഡ്ജറ്റിൽ വന്നു. പക്ഷെ, 100 രൂപകൊണ്ട് കെട്ടിടമുണ്ടാക്കാൻ ഞങ്ങളുടെ നാട്ടിലൊന്നും സാധ്യമല്ല, എവിടെ യാണത് സാധ്യമാകുന്നതെന്ന് എനിക്കറിയുകയുമില്ല. അത് പൂർത്തീകരിക്കപ്പെട്ടില്ല. അതുപോലെ ഊരകം വില്ലേജിൽ വില്ലേജ് ഓഫീസറില്ല. ഒരു വില്ലേജ് ഓഫീസറെ നിയമിക്കാൻ സാധിക്കാത്ത, എൽ.പി. സ്കൂളിന് കെട്ടിടമുണ്ടാക്കാൻ സാധിക്കാത്ത വികസന പ്രവർത്തനങ്ങളെക്കുറിച്ച് എത്ര ബോധ്യപ്പെടുത്തിയാലും ജനങ്ങൾക്ക് ബോധ്യപ്പെടില്ലെന്നത് യാഥാർത്ഥ്യമാണ്.

പുത്തൻ നിർമ്മാണ ഏജൻസികൾവഴി കിഫ്ബിയെ തീറ്റിപ്പോറ്റുമ്പോൾ അത് എല്ലാ സ്ഥലങ്ങളിലും ഉദ്ദേശിക്കുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ കൊണ്ടുവരാൻ സുസാധ്യമായ ഒരു നടപടിയാണെന്ന് ഞാൻ കരുതുന്നില്ല. മലയാളികൾ ജോലിചെയ്യാത്തതുകൊണ്ട് നമ്മൾ ബംഗാളികളെ ഏൽപ്പിച്ചതുപോലെ പൊതുമരാമത്ത് വകുപ്പ് കൊള്ളാത്തതുകൊണ്ട് വേറെ ചില ഏജൻസികളെ നമ്മുടെ പ്രവൃത്തികൾ ഏൽപ്പിക്കുന്നത് ശരിയായ നടപടിക്രമമല്ല. ബഡ്ജറ്റ് വിലയും നിലയുമില്ലാത്ത ഒന്നായി മാറിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് രാഷ്ട്രീയ രംഗത്തും മനുഷ്യസമൂഹത്തിലും ജീർണ്ണതകൾ വളർന്നുവരുന്ന സമയമാണിത്. അവയെ ത്വരിതപ്പെടുത്തുന്ന പ്രവൃത്തികളാണ് അഞ്ചുവർഷം ഈ സർക്കാർ ചെയ്തതെന്നതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. അതൊക്കെ എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

നിയമസഭ ജനാധിപത്യത്തിന്റെ ശ്രീകോവിലാണെന്ന് പലരും പറയാറുണ്ട്. ജനാധിപത്യമെന്നുപറയുന്നത് ഭൂരിപക്ഷത്തിന്റെ താല്പര്യങ്ങൾ മാത്രം അടിച്ചേൽപ്പിക്കലല്ല. ജനാധിപത്യത്തെക്കുറിച്ച് ഗാന്ധിജി പറഞ്ഞത് നിങ്ങളൊരു ഓട്ടമത്സരത്തിൽ പങ്കെടുത്ത് ഒന്നാമനായാൽ അതിനുകാരണം നിങ്ങളുടെകൂടെ ഓടാൻ മറ്റുചിലരും കൂടിയുണ്ടായിരുന്നതുകൊണ്ടാണ് എന്ന് കരുതുന്നതാണ് ജനാധിപത്യം എന്നാണ്. അത് ഈ സന്ദർഭത്തിൽ ഓർക്കേണ്ടൊരു കാര്യമാണ്. ഇക്കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് പഞ്ചായത്ത് മെമ്പർമാരുടെ കാര്യത്തിൽ ചെറിയൊരു മുൻകൈ ഉണ്ടായിട്ടുണ്ടെന്നുള്ളതുകൊണ്ട് അതൊരു മഹാ സംഭവമായി കരുതി തുടർഭരണം കിട്ടുമെന്ന് ഇവിടെ എല്ലാവരും പറഞ്ഞുകൊണ്ടിരിക്കുകയാണ്, എനിക്കറിഞ്ഞുകൂടാ. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ 19 സീറ്റുകളിൽ ഐക്യജനാധിപത്യ മുന്നണിയാണ് ജയിച്ചത്. അതുപോലെ ഇന്ത്യൻ പാർലമെന്റിൽ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന് കുറേ മെമ്പർമാരുണ്ടായിരുന്നൊരു കാലമുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് ലോക്സഭയിൽ ഒരാളേയുള്ളൂ. വളരെ ചെറിയൊരു പാർട്ടിയായ ഞങ്ങൾക്കുപോലും 3 മെമ്പർമാരുള്ളപ്പോൾ സാർവ്വദേശീയ പ്രസ്ഥാനമായ ഇടതുപക്ഷമുന്നണിക്ക്, സി.പി.ഐ. (എം)-ന് ഒരു മെമ്പർ മാത്രമാണുള്ളത്. മുമ്പൊക്കെ നിങ്ങൾ സംസ്ഥാനങ്ങളെയും ദേശീയ കാര്യങ്ങളെയും കുറിച്ച് പറഞ്ഞിരുന്നു. ഇപ്പോൾ അതൊക്കെ വിട്ട് പ്രദേശികമായ സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ ചുരുങ്ങിത്തുടങ്ങിയത് നിർഭാഗ്യകരമാണെന്നാണ് എനിക്ക് പറയാനുള്ളത്. കൂടുതൽ ദീർഘിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

"എങ്കിലോ, നമുക്കിനി ശുഭവത്സരം നേർന്ന് തങ്ങളിൽ പിരിയുക

മംഗള വചസെന്നാൽ തൊണ്ടയിൽ കുരുങ്ങുന്നു" എന്നുപറഞ്ഞ് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. ഒരു എം.എൽ.എ. എന്ന നിലയ്ക്ക് നമ്മൾ ആഗ്രഹിക്കുന്നതും പരിശ്രമിക്കുന്നതും നമ്മുടെ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ നടത്തി വിജയിപ്പിക്കുക എന്നതാണ്. അതാണ് ഒരു എം.എൽ.എ യുടെ വിജയം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നിയോജകമണ്ഡലത്തിലെ എല്ലാ ഭാഗത്തും എല്ലാ മേഖലകളിലും വികസനപരമായ കാര്യങ്ങൾ നടന്നുവരുന്നതുകൊണ്ട് ഒരു എം.എൽ.എ എന്ന നിലയ്ക്ക് വളരെ അഭിമാനത്തോടുകൂടി ഇക്കഴിഞ്ഞ നാലേമുക്കാൽ വർഷം പ്രവർത്തിക്കാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ബഹുമാന്യനായ സി. കെ. നാണു ഈ സഭയിലെ ഏറ്റവും സീനിയറായ അംഗമാണ്. അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, എം.എൽ.എ.-മാർ എന്ന നിലയിൽ അസംബ്ലി മണ്ഡലത്തിലെ പുരോഗതിക്കുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ ഭരണപക്ഷ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവർക്കും ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. എം.എൽ.എ.-മാർക്ക് 20 പ്രൊപ്പോസലുകൾ ബഡ്ജറ്റിലൂടെ പ്രഖ്യാപിക്കുന്നൊരു നിലപാടാണ് അങ്ങ് കഴിഞ്ഞ വർഷവും ഈ വർഷവും സ്വീകരിച്ചത്. 20 പ്രൊപ്പോസലുകൾ ബഡ്ജറ്റിൽ പേരുകൊണ്ട് ചേർത്തുവെങ്കിലും എ.എസ്. കൊണ്ട് അത് പ്രയോജനപ്പെട്ടില്ലെന്നുള്ളതാണ് ഞങ്ങളെ സംബന്ധിച്ചിടത്തോളം പൊതുവായൊരു അനുഭവം. സ്വാഭാവികമായും രാഷ്ട്രീയപരമായ കാരണങ്ങൾ അതിലുണ്ടാകാം. ഇനി ഏതാനും ചുരുങ്ങിയ സമയമാണ് ഗവൺമെന്റിന്റെ കാലാവധി. ഈ 20 പ്രൊപ്പോസലുകളിൽ മുൻഗണന നിശ്ചയിച്ച് രണ്ടോ മൂന്നോ എണ്ണമെങ്കിലും നീതിപൂർവ്വമായി പരിഗണിച്ച് എ.എസ്. കൊടുക്കാൻ കഴിഞ്ഞാൽ അത് അസംബ്ലി മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികളെന്ന നിലയിൽ ഞങ്ങൾക്ക് ഉപകാരമായിരിക്കുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാന്യനായ മുൻമന്ത്രി കെ. എം. മാണിയുടെ കാലഘട്ടത്തിൽ ഒരു അസംബ്ലി മണ്ഡലത്തിന് അഞ്ച് കോടിരൂപ വീതം എം.എൽ.എ-മാർക്ക് നേരിട്ട് ഇടപെട്ട് വിനിയോഗിക്കാവുന്ന അസറ്റ് ഡെവലപ്മെന്റ് ഫണ്ട് എന്നൊരു സ്കീം കൊണ്ടുവരികയുണ്ടായി. 140 എം.എൽ.എ.-മാർക്കും ഒരുപോലെ ഫണ്ട് അനുവദിച്ചുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് ആരംഭിച്ച ആ പദ്ധതി ഇന്നും തുടരുന്നത് നല്ലകാര്യമാണ്.

ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സംരക്ഷണത്തിനും നവീകരണത്തിനും വേണ്ടി കഴിഞ്ഞവർഷം ബഡ്ജറ്റിൽ കുറെ തുക പ്രഖ്യാപിച്ചു. കോട്ടയം ടെക്സ്റ്റൈൽ മിൽ എന്റെ നിയോജകമണ്ഡലമായ കടുത്തുരുത്തിയിലാണ്. വിവിധ തർക്കങ്ങൾ കൊണ്ടാകാം അവിടെ കഴിഞ്ഞവർഷം ഒരു പൈസപോലും വിനിയോഗിക്കാൻ സാധിച്ചില്ല. ഇപ്രാവശ്യവും അതുതന്നെയാണ് സാഹചര്യമെങ്കിൽ ഈ ബഡ്ജറ്റ് പ്രഖ്യാപനം കൊണ്ട് ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനം കിട്ടാതെ പോകും. അതുകൊണ്ട് ഇക്കാര്യങ്ങൾ അങ്ങ് പ്രത്യേകമായി പരിഗണിക്കണം. ടെക്സ്റ്റൈൽ കോർപ്പറേഷനുകളിൽ പാവപ്പെട്ട ഒരുപാട് തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. അവർ പട്ടിണിയാകുന്ന സാഹചര്യത്തിലേയ്ക്ക് പല മില്ലുകളും പോകുകയാണ്. അതുകൊണ്ട് ബഡ്ജറ്റിന്റെ ഈ നടപടിക്രമങ്ങൾ പൂർത്തിയായാലുടൻതന്നെ ഭരണാനുമതി കൊടുത്ത് ടെക്സ്റ്റൈൽ കോർപ്പറേഷനുകളെ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾ നടത്തിയ ഒരു ഗവൺമെന്റാണിത്. അസാധാരണമായ പ്രതിസന്ധികളുണ്ടായെങ്കിലും അതിനെയെല്ലാം മറികടന്നുകൊണ്ട് 2016-ലെ തെരഞ്ഞെടുപ്പിനുമുമ്പ് ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുവച്ച 600 വാഗ്ദാന ങ്ങളിൽ 570 എണ്ണവും പാലിച്ചുകൊണ്ടാണ് ഈ നാലേമുക്കാൽ വർഷം കഴിയുമ്പോൾ നിയമസഭയുടെ അവസാനകാലത്തേയ്ക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പോകുന്നത്. ക്ഷേമവും വികസനവും ഉറപ്പാക്കിക്കൊണ്ട് ജനങ്ങൾക്കൊപ്പം നിന്ന് ജനങ്ങൾക്കുവേണ്ടി ജനകീയമായി പ്രവർത്തിച്ച ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ. ഇന്ന് പതിനാലാം കേരള നിയമസഭയുടെ 22-ാം സമ്മേളനത്തിന്റെ അവസാന ദിവസത്തിലേയ്ക്കാണ് പോകുന്നത്. ഈ നിയമസഭയുടെ അഞ്ചുവർഷക്കാലത്തെ അവസാന സമ്മേളനമായി ഇത് മാറുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രാഷ്ട്രീയമായ കരുത്തും ജനകീയമായ കരുത്തും കൂടി, ജനങ്ങളുടെ പിന്തുണയും കൂടി. 2016-നുശേഷം അഞ്ച് മണ്ഡലങ്ങളിൽ ഉപതെര ഞ്ഞെടുപ്പ് നടന്നു. ചെങ്ങന്നൂരിൽ കൂടുതൽ ഭൂരിപക്ഷത്തോടെ ഇടതുപക്ഷം ജയിച്ചു. നിങ്ങളുടെ കയ്യിലുണ്ടായിരുന്ന കോന്നിയും പാലയും വട്ടിയൂർക്കാവും ഇടതുപക്ഷ ജനാധിപത്യമുന്നണി തിരിച്ചുപിടിച്ചു. അങ്ങനെ, ഉപതെരഞ്ഞെടുപ്പ് നടന്ന അഞ്ച് മണ്ഡലങ്ങളിൽ നാലിലും ഉജ്ജ്വലമായ വിജയം നേടിയാണ് എൽ.ഡി.എഫ്. ഈ അഞ്ചുവർഷക്കാലം കഴിയുമ്പോൾ രാഷ്ട്രീയമായ കരുത്ത് വർദ്ധിപ്പിച്ചിട്ടുള്ളത്. ഉപതെര ഞ്ഞെടുപ്പ് മാത്രമല്ല, 2016-ൽ പ്രതിപക്ഷത്തുണ്ടായിരുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പോലും ഇടതുപക്ഷത്തിന്റെ ഭാഗമായിമാറി. എൽ.ജെ.ഡി, ഇടതുപക്ഷത്തിന്റെ ഭാഗമായി വന്ന് ഇടതുപക്ഷത്തിന്റെ കരുത്ത് വർദ്ധിപ്പിച്ചു.

മധ്യകേരളത്തിൽ യു.ഡി.എഫ്.-ന്റെ നട്ടെല്ലായിരുന്ന കേരളാ കോൺഗ്രസ് ഇടതുപക്ഷത്തിന്റെ ഭാഗമായി മാറി. 2021-ലെത്തിയപ്പോൾ മജ്ജയും മാംസവും നട്ടെല്ലും ആത്മാവുമെല്ലാം നഷ്ടപ്പെട്ട ഒരു മുന്നണിയായി കേരളത്തിലെ യു.ഡി.എഫ്. മാറിയിരിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം വിജയം നേടിയത് വ്യക്തിപരമായ സ്വാധീനത്തിന്റെയും ബന്ധുബലത്തിന്റെയുമൊക്കെ ഭാഗമാണെന്നും ജില്ലാ പഞ്ചായത്തിലേയ്ക്കുള്ളതാണ് പ്രധാനപ്പെട്ട പോരാട്ടമെന്നും നിങ്ങൾ പറഞ്ഞില്ലേ? കണ്ണൂർ ജില്ലയിലെ നിങ്ങളുടെ പ്രധാനപ്പെട്ട സീറ്റിൽ, 295 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്.-ന്റെ കൈവശമുണ്ടായിരുന്ന ജില്ലാ പഞ്ചായത്ത് ഡിവിഷനിൽ 7000 വോട്ടുകളുടെ ഉജ്ജ്വലമായ ഭൂരിപക്ഷത്തോടെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി വിജയിച്ചത്. നാം നിയമസഭാ തെരഞ്ഞെടുപ്പിലേയ്ക്ക് പോകുകയാണ്, എന്താണ് മാറ്റം? നാടിന്റെ സാമ്പത്തികവളർച്ച 4.9 ശതമാനമാ

യിരുന്നത് ഇടതുപക്ഷത്തിന്റെ കാലത്ത് 5.9 ശതമാനമായി മാറി. യു.ഡി.എഫ്-ന്റെ കാലത്ത് 34 ലക്ഷം കുടുംബങ്ങൾക്ക് പെൻഷൻ കൊടുത്തു. അതിനായി നിങ്ങൾ ചെലവഴിച്ചത് 9011 കോടി രൂപയാണ്. ഇടതുപക്ഷത്തിന്റെ കാലത്ത് 59.5 ലക്ഷം കുടുംബങ്ങൾക്ക് പെൻഷൻ കൊടുത്തു. ഈ സർക്കാരിന്റെ കാലത്ത് പെൻഷനു വേണ്ടി ചെലവഴിച്ചത് 32034 കോടി രൂപയാണ്. നിങ്ങൾ നൽകിയതിനെക്കാൾ 24,000 കോടി രൂപ അധികമാണ് ഇടതുപക്ഷത്തിന്റെ കാലത്ത് പെൻഷനുവേണ്ടി ചെലവഴിച്ചത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പരസ്യത്തിന് ചെലവഴിച്ച തുകയുടെ കാര്യം നിങ്ങൾ ഇവിടെ പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനകാലത്ത് ഈ സഭയിൽ ചോദിച്ച ഒരു ചോദ്യത്തിന് അന്നത്തെ മുഖ്യമന്ത്രി നൽകിയ മറുപടി അനുസരിച്ച് 188 കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പരസ്യത്തിനുവേണ്ടി മാത്രമായി ചെലവഴിച്ചിരിക്കുന്നത്. നിങ്ങൾ പരസ്യത്തിന് 188 കോടി രൂപ കൊടുത്തു. എന്നാൽ ജനങ്ങൾക്കുവേണ്ടി നിങ്ങൾ കൊടുത്തത് 503 കോടി രൂപയാണ്. ഇടതുപക്ഷത്തിന്റെ കാലത്ത് ഒരു പരസ്യവുമില്ലാതെ, നിങ്ങൾ ചെയ്തതുപോലെ ജനകീയ മേളകളെന്നു പറഞ്ഞ് രോഗികളെ കൊണ്ടുവന്ന് കിടത്തി 24 മണിക്കൂർ അവരെ കാത്തു നിർത്താതെ അപേക്ഷ കൊടുത്താൽ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക ലഭ്യമാക്കുന്ന രീതിയുണ്ടായി. നിങ്ങൾ 503 കോടി രൂപ കൊടുത്ത സ്ഥാനത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 1703 കോടി രൂപ കൊടുത്തു. നിങ്ങളുടെ കാലത്ത് കുടിവെള്ള കണക്ഷൻ 4.9 ലക്ഷമായിരുന്നത് ഇപ്പോൾ 11.02 ലക്ഷമാണ്. ഇന്ത്യയിലെ ആദ്യത്തെ ഒ.ഡി.എഫ്. (Open Defecation Free) സ്റ്റേറ്റും ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനവും കേരളമാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി 540 പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്നു. മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ ഇവയുടെ ബോർഡുകൾ മാത്രം മാറ്റി ഗ്രേഡ് കൂട്ടിയിരുന്ന യു.ഡി.എഫ്.-ന്റെ കാലത്തുനിന്നും മാറി അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കി രോഗീസൗഹൃദ ആശുപത്രികളാക്കി മാറ്റി. ആവശ്യത്തിന് ഡോക്ടർമാരെയും നഴ്സുമാരെയും നിയമിച്ച് എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തി. ഏത് മഹാമാരി വന്നാലും ഈ നാടിനെ സംരക്ഷിക്കാൻ ഒരു സർക്കാരുണ്ട്, സർക്കാർ ഞങ്ങൾക്കൊപ്പമുണ്ടെന്ന വിശ്വാസം ഈ നാടിനുണ്ടായി. കോവിഡിനെക്കാൾ കൂടുതൽ മരണനിരക്കുള്ള നിപയെ നമ്മൾ അതിജീവിച്ചു, ഇപ്പോൾ കോവിഡിനെ അതിജീവിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ അതിജീവിക്കുമ്പോൾ നിങ്ങൾ ആക്ഷേപങ്ങൾകൊണ്ട് ഇടതുപക്ഷത്തെ ദുർബ്ബലപ്പെടുത്താൻ ശ്രമിക്കുകയാണ്. അത്തരം മഹാമാരികളെ നേരിട്ട് അസാമാന്യമായ

ധീരതയോടുകൂടി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. പ്രവാസിക്ഷേമത്തിന് നിങ്ങളുടെ കാലത്ത് 68 കോടി രൂപ ചെലവാക്കിയെങ്കിൽ ഇടതുപക്ഷത്തിന്റെ കാലത്ത് അത് 180 കോടി രൂപയാണ്. നിങ്ങളുടെ കാലത്ത് നെൽവയൽ വിസ്തൃതി 1.7 ലക്ഷം ഹെക്ടർ ആയിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് അങ്ങയുടെ ഹരിപ്പാട് മണ്ഡലത്തിലും കോട്ടയത്ത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ മണ്ഡലത്തിലും നിങ്ങൾ അവിടത്തെ നെൽവയലുകൾ വിവാദ സ്വാമിമാർക്ക്, ഭൂസ്വാമിമാർക്ക്, വ്യവസായികൾക്ക് തീറെഴുതിക്കൊടുത്ത കാലത്തു നിന്നും നെൽകൃഷിയുടെ വിസ്തൃതി 1.7 ലക്ഷം ഹെക്ടറിൽനിന്ന് 2.23 ലക്ഷം ഹെക്ടറിലേക്ക് മാറ്റിയത് ഈ ഇടതുപക്ഷ സർക്കാരാണ്. ഹരിത എം.എൽ.എ-മാർ എന്ന പേരല്ല വേണ്ടത്. മലയാളികളുടെ മനസ്സിലേയ്ക്ക്, പാടങ്ങളിലേയ്ക്ക് പച്ചപ്പിന്റെ സമൃദ്ധി എത്തിച്ച ഒരു സർക്കാരാണിത്.

ഞങ്ങൾ അപ്പുറത്തിരുന്നപ്പോൾ പൊതുവിദ്യാലയങ്ങൾക്കുവേണ്ടിയും യൂണി ഫോമിനുവേണ്ടിയും പാഠപുസ്തകത്തിനുവേണ്ടിയും അടിയന്തരപ്രമേയം അവതരിപ്പി ച്ചിട്ടുണ്ട്. യൂണിഫോം കിട്ടാത്ത, പാഠപുസ്തകമില്ലാത്ത ഒരു കാലത്തുനിന്നും പൊതു വിദ്യാലയങ്ങൾ മെച്ചപ്പെട്ട നിലയിലെത്തിയില്ലേ? പൊതുവിദ്യാലയങ്ങളിൽ നിങ്ങളുടെ കാലത്ത് 4.9 ലക്ഷം കുട്ടികൾ കുറഞ്ഞു. എന്നാൽ ഇടതുപക്ഷത്തിന്റെ കാലത്ത് 6.79 ലക്ഷം കുട്ടികൾ കൂടി. ഇതാണ് മാറ്റം. വിദ്യാഭ്യാസ മേഖലയിൽ വരുത്തിയ മാറ്റത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ 11 ലക്ഷം കുടുംബങ്ങൾ വിശ്വാസ മർപ്പിക്കുന്നു. ലൈഫ് പദ്ധതിപ്രകാരം 2.5 ലക്ഷം വീടുകൾ ഇടതുപക്ഷ ഗവൺ മെന്റിന്റെ കാലത്ത് കൊടുത്തു. രണ്ടരലക്ഷം മനുഷ്യരുടെ വീട് എന്ന ജീവിത സ്വപ്നം സാക്ഷാത്കരിക്കാൻ കഴിഞ്ഞതിന്റെ അഭിമാനത്തോടുകൂടിയാണ് ഞങ്ങൾ അടുത്ത തെരഞ്ഞെടുപ്പിലേയ്ക്ക് ഈ സമ്മേളനം കഴിയുമ്പോൾ പോകുന്നത്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഒന്നരലക്ഷം നിയമനങ്ങൾ പി.എസ്.സി വഴി കൊടുത്തു. അതിവേഗതയിൽ മുന്നോട്ടുപോകുന്ന സർക്കാരിന്റെ ചിറകുകളായി പൊതുമരാമത്ത് വകുപ്പ് മാറുകയാണ്. 220 കോടി രൂപ ചെലവഴിച്ച് 10 ആർ.ഒ.ബി-കൾ മുഖ്യമന്ത്രി നാളെ ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. 11000 കിലോമീറ്റർ ബി.എം.&ബി.സി റോഡുകൾ, പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടെയും മണ്ഡലങ്ങളിലെ പൊതുമരാമത്ത് റോഡുകൾ ബി.എം.&ബി.സി. ആക്കി മാറ്റിയ ഉജ്ജ്വലമായ കാലഘട്ടമാണിത്. ആലപ്പുഴയുടെ 1983 മുതലുള്ള കാത്തിരിപ്പിനാണ് ഈ ജനുവരി മാസം 28-ന് വിരാമമിടാൻ പോകുന്നത്. 2009-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾ ബൈപാസ് ഉദ്ഘാടനത്തിന് പോകുന്നുവെന്ന് പറഞ്ഞ് യു.ഡി.എഫ്. അവിടെ ബോർഡുവച്ചു. നിങ്ങൾ അതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ? ഇപ്പോൾ മുഖ്യമന്ത്രിയും പൊതുമരാമത്ത്

വകുപ്പുമന്ത്രിയും ഇച്ഛാശക്തിയോടെ പെരുമാറിയതിന്റെ ഫലമായി 172 കോടി രൂപ സംസ്ഥാന ഗവൺമെന്റും 172 കോടി രൂപ കേന്ദ്രവും ചെലവഴിച്ച് നിർമ്മിച്ച ആലപ്പുഴ ബൈപാസ് ഈ മാസം 28-ാം തീയതി ആദരണീയനായ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്. അഴിമതിയുടെ കണികയില്ലാത്ത വകുപ്പായി പൊതുമരാമത്തിനെ മാറ്റിയിരിക്കുകയാണ്. ഭരണപക്ഷം ആത്മവിശ്വാസത്തോടുകൂടി മുന്നോട്ടു പോകുകയാണ്. സംസ്ഥാനം ഇടതുപക്ഷത്തിന്റെ തുടർഭരണത്തിലേയ്ക്കാണ് പോകുന്നത്. പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം എന്താണ്; വികസനങ്ങളെ ഇത്രമേൽ അട്ടിമറിച്ചൊരു കാലമുണ്ടോ? ഞങ്ങൾ രണ്ടരലക്ഷം കുടുംബങ്ങൾക്ക് വീട് കൊടുത്ത, 6.5 ലക്ഷം കുടുംബങ്ങൾ അപേക്ഷ നൽകി കാത്തിരിക്കുന്ന ലൈഫ് ഭവനപദ്ധതിയെ ഇല്ലാതാക്കുമെന്ന് കെ.പി.സി.സി.-യുടെ പ്രസിഡന്റ് പറഞ്ഞിരിക്കുകയല്ലേ? 1000 വീട് നൽകുമെന്ന് പ്രഖ്യാപിച്ചിട്ട് ഒരു വീടുപോലും കൊടുക്കാത്തവർക്ക് ഒരു വീടിനുവേണ്ടി കാത്തിരിക്കുന്ന മനുഷ്യന്റെ ബുദ്ധിമുട്ട് മനസ്സിലാവില്ല.

കെ-ഫോൺ പദ്ധതി സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ളതാണ്. നമുക്ക് ഇപ്പോഴുള്ള സർവ്വീസ് പ്രൊവൈഡേഴ്സ് പോരേയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ അദ്ദേഹത്തിന്റെ കസേരയിലിരുന്നുകൊണ്ട് ചോദിച്ചു. അവർ ആരൊക്കെയാണ്? ഈ രാജ്യത്തെ വൻകിട കുത്തക മുതലാളിമാരാണ്. അവരുടെ പോക്കറ്റിലേയ്ക്ക് നമ്മളെല്ലാം പണം കൊടുത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇനി അതുവേണ്ട, നിങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് നൽകാമെന്നാണ് സർക്കാർ പറയുന്നത്. കിഫ്ബിയിലൂടെ പണം വകയിരുത്തി കെ-ഫോണിലൂടെ ഇന്റർനെറ്റ് കൊടുക്കുന്ന ആ പദ്ധതി വേണ്ടെന്ന സമീപനമല്ലേ യു.ഡി.എഫ് സ്വീകരിച്ചിരിക്കുന്നത്? ലീഗും ബി.ജെ.പി.-യും കോൺഗ്രസ്സും ഒത്തുചേർന്നുകൊണ്ട് എതിർക്കാൻ ശ്രമിച്ച ഗെയിൽ പദ്ധതി ഇച്ഛാശക്തിയോടുകൂടി സർക്കാർ നടപ്പിലാക്കിയില്ലേ? കേരള ബാങ്ക് യാഥാർത്ഥ്യമായില്ലേ? 60,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന കിഫ്ബി നിങ്ങൾ വന്നാൽ തുടരില്ലെന്ന പ്രഖ്യാപനമല്ലേ നടത്തിയിരിക്കുന്നത്? നിങ്ങൾ എന്തിന് അധികാരത്തിൽ വരണം? കെ-ഫോണിനെയും ലൈഫ് പദ്ധതിയെയും ഗെയിലിനെയും കിഫ്ബിയെയും കേരള ബാങ്കിനെ ഇല്ലാതാക്കുന്ന യു.ഡി.എഫ്. അധികാരത്തിൽ വരില്ല. നിങ്ങൾക്കെതിരായി ഈ നാട്ടിലെ ജനങ്ങൾ വോട്ട് രേഖപ്പെടുത്തും. പ്രതിപക്ഷത്തിന് ധാർമ്മികമായ ഉത്തരവാദിത്വമില്ലേ? അനാവശ്യമായ ആരോപണങ്ങൾ ഭരണസംവിധാനത്തിനെതിരായി ഉന്നയിക്കുന്നത് മാത്രമാണോ ഉത്തരവാദിത്വം? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഔന്നിത്യമുള്ള, രാഷ്ട്രീയമായി ഉന്നത നിലപാടുള്ള ആളാണ്. ബി.ജെ.പി-യുടെ പ്രസിഡന്റ് രാവിലെ പത്രസമ്മേളനത്തിൽ ഉന്നയിക്കുന്ന കാര്യങ്ങളുടെ ഫോട്ടോകോപ്പിയെടുത്ത് ഉച്ചയ്ക്ക് മാധ്യമപ്രവർത്തകർക്ക് കൊടുക്കുന്ന പണി സ്വീകരിക്കേണ്ട ആളല്ല പ്രതിപക്ഷനേതാവെന്ന് ഞങ്ങൾ

ഓർമ്മപ്പെടുത്തുകയാണ്. ബി.ജെ.പി.-യ്ക്കൊപ്പം നിന്നുകൊണ്ട് കേന്ദ്ര ഏജൻസികളെ ഉപയോഗപ്പെടുത്തി ഇവിടത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ദുർബ്ബലപ്പെടുത്തി അധികാരത്തിലേയ്ക്ക് വരാമെന്ന് നിങ്ങൾ കരുതിയെങ്കിൽ അത് തെറ്റായിരുന്നു വെന്ന് തദ്ദേശഭരണ തെരഞ്ഞെടുപ്പിൽനിന്നും നിങ്ങൾക്ക് മനസ്സിലായില്ലേ?

ആ ഇലക്ഷൻ കഴിഞ്ഞപ്പോൾ നിങ്ങൾ സ്ട്രാറ്റജി മാറ്റി. ഇപ്പോൾ നിങ്ങളുടെ നയം വർഗ്ഗീയതാണ്. കേന്ദ്ര ഏജൻസികളെ ഉപയോഗപ്പെടുത്തി ഡോ. കെ. ടി. ജലീലിനെ വേട്ടയാടാമെന്നും അധികാരത്തിൽ വരാമെന്നും നിങ്ങൾ കരുതി. പരിശുദ്ധ ഖുറാന്റെ മറവിൽ ഡോ. കെ. ടി. ജലീൽ സ്വർണ്ണം കടത്തിയെന്ന് പറഞ്ഞിട്ട് എന്തുകൊണ്ടാണ് നിങ്ങളതൊക്കെ സ്വിച്ചിട്ടതുപോലെ നിർത്തിയത്? ഈന്തപ്പഴത്തിന്റെ മറവിൽ സ്വർണ്ണം കടത്തിയെന്ന് പറഞ്ഞില്ലേ? കേന്ദ്ര ഏജൻസിയെ ഉപയോഗിച്ച് ഡോ. കെ. ടി. ജലീലിന്റെ മൂക്കുചെത്താമെന്നല്ലേ കരുതിയത്; എന്തുകൊണ്ടാണ് നിങ്ങൾ സമരം അവസാനിപ്പിച്ചത്? ഡോ. കെ. ടി. ജലീലിനെ ഒരു പോറലേൽപ്പിക്കാൻ നിങ്ങൾക്ക് സാധിച്ചോ? അദ്ദേഹത്തെ മാത്രമല്ല, ഇടതുപക്ഷത്തുള്ള ഒരാളെയും പോറലേൽപ്പിക്കാൻ ഒരു കേന്ദ്ര അന്വേഷണ ഏജൻസിക്കും സാധിക്കില്ല. അന്വേഷണ ഏജൻസികളുടെ ഊന്നുവടിയായി കേരളത്തിലെ യു.ഡി.എഫ്. പ്രവർത്തിക്കു കയാണ്. ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ അധാർമ്മികമായ നിലപാട് നിങ്ങൾ സ്വീകരിച്ചില്ലേ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഒരു കാര്യമേ ഞങ്ങൾ പറയുന്നുള്ളൂ, വിചാരണ ചെയ്യപ്പെടേണ്ടവർ വിധികർത്താക്കളായി മാറുമ്പോൾ നിരപരാധികൾ ശിക്ഷിക്കപ്പെടാം. ഇന്നലെ അതല്ലേ കണ്ടത്? നിരപരാധിയായ ബഹുമാനപ്പെട്ട സ്പീക്കറെ ആക്രമിക്കാൻ, തേജോവധം ചെയ്യാൻ ബോധപൂർവ്വം പരിശ്രമിച്ചില്ലേ? നിങ്ങളിപ്പോൾ ആരുടെ പക്ഷത്താണ്? 2016-ൽ നിങ്ങൾ പ്രതിപക്ഷമായിവന്നു. ഇപ്പോൾ നിങ്ങൾ പ്രതിപക്ഷമല്ല, പ്രതികളുടെ പക്ഷമാണ്. പ്രതിപക്ഷമായിവന്ന് പ്രതികളാക്കപ്പെട്ട ശ്രീ. എം. സി. കമറുദ്ദീനും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും ഇപ്പോൾ ജയിലിലേയ്ക്ക് പോയിരിക്കുന്നു. ഇനി ആരാണ് അപ്പുറത്തുനിന്നും ജയിലിലേയ്ക്ക് പോകുന്നതെന്ന് നമുക്ക് കാണാം. ഞാൻ ആരുടെയും പേര് ചൂണ്ടിക്കാണിക്കുന്നില്ല. അന്വേഷണ ഏജൻസികൾ വന്നപ്പോൾ നെഞ്ചുവേദന വന്നിരിക്കുകയാണ്, അക്കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. അദ്ദേഹം സുഖമായി തിരിച്ചുവരട്ടെ. യു.ഡി.എഫ്. ആക്ഷേപിക്കുന്നതുപോലെ ഒരാളിന്റെയും ആരോഗ്യത്തെയും മാനസികാവസ്ഥയെയും ബോധപൂർവ്വം ആക്രമിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ നിങ്ങൾ ജയിലിലേയ്ക്ക് പോകാൻ കാത്തിരിക്കുകയാണ്. ശ്രീ. എം. സി. കമറുദ്ദീൻ, ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, നാളെ ശ്രീ. കെ. എം. ഷാജി; ഇനി ആരാണെന്ന് ആർക്കറിയാം. അന്വേഷണ ഏജൻസികളുടെ മുന്നിൽനിന്നും സൂപ്പർഫാസ്റ്റ് വേഗതയിൽ ഓടി ഒളിച്ചാലൊന്നും രക്ഷപ്പെടാനാകില്ലെന്ന് ചിലർ ഓർക്കണം. ജയിലിലേയ്ക്കുള്ള പാതയിലാണ് നിങ്ങൾ.

മി. ഡെപ്യൂട്ടി സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. വർഗ്ഗീയത പ്രചരിപ്പിച്ച് മതസാഹോദര്യത്തെ ഇല്ലാതാക്കി കേരളത്തിൽ തിരിച്ചുവരാമെന്നാണ് നിങ്ങൾ കരുതുന്നത്. ഇവിടെ ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞു, പാർലമെന്റിൽ ഞങ്ങൾ ഒരാളേയുള്ളൂവെന്ന്. ഇപ്പോൾ ഞങ്ങൾ ഒരാളേയുള്ളൂ. പക്ഷേ നിങ്ങളുടെ ആളുകൾ പോയിട്ടെന്തായി? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി യുദ്ധം ജയിക്കാൻ പോയതല്ലേ? കുഞ്ഞാലിക്കുട്ടി സാഹിബ് യുദ്ധം ജയിക്കാൻ പോയതിനുശേഷം ഇന്ത്യൻ പാർലമെന്റിൽ മൈനോറിറ്റിയെ ആക്രമിക്കുന്ന നിശിതമായ ബില്ലുകൾ സംഘ്പരിവാർ-ആർ.എസ്.എസ്. കൊണ്ടുവന്നില്ലേ? ആർട്ടിക്കിൾ 370 റദ്ദ് ചെയ്തപ്പോഴും Citizenship (Amendment) Act കൊണ്ടുവന്നപ്പോഴും മുത്തലാഖിന്റെ ഭേദഗതി ബിൽ കൊണ്ടുവന്നപ്പോഴും നിങ്ങൾ എന്ത് നിലപാട് സ്വീകരിച്ചു? നിങ്ങൾക്ക് ഫ്ലൈറ്റ് ടിക്കറ്റ് കിട്ടിയില്ല. നിങ്ങൾ ബിരിയാണി ചെമ്പിന് കാവൽ നിന്നു. ഞങ്ങളെ നോക്കൂ. അവിടെ ഞങ്ങൾക്ക് ഒരാളേയുള്ളൂ. ആ ഒരാൾ ഇന്ന് സംഘ്പരിവാറിനെതിരെ പോരാട്ടം നടത്തുന്ന കർഷകരുടെ സമരപ്പന്തലിൽ സുദീർഘമായ സമരത്തിന് നേതൃത്വം കൊടുക്കുകയാണ്. നിങ്ങൾ എത്രയാളുണ്ടെന്ന് പറഞ്ഞിട്ടും കാര്യമില്ല. വർഗ്ഗീയതയ്ക്കെതിരെ പോരാട്ടം നടത്താനാവശ്യമായ നിലപാട് നിങ്ങൾക്കില്ല. നിങ്ങൾ എന്തിന് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനെ മാറ്റുന്നു? ജമാഅത്തെ ഇസ്ലാമിയെ തള്ളിപ്പറഞ്ഞ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനെ മാറ്റി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, കൺക്ലൂഡ്.

ശ്രീ. ആർ. രാജേഷ്: സർ, കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനുമുമ്പ് ബി.ജെ.പി.-യുമായും ആർ.എസ്.എസ്.-മായും സംസാരിച്ചെന്നുപറഞ്ഞ ശ്രീ. കെ. സുധാകരനെ നിങ്ങളെന്തിന് കെ.പി.സി.സി. പ്രസിഡന്റ് സ്ഥാനത്ത് കൊണ്ടുവരുന്നു? ഒരുഭാഗത്ത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ കൊണ്ടുവന്ന് വർഗ്ഗീയതയെ താലോലിക്കാനും മറുഭാഗത്ത് ശ്രീ. കെ. സുധാകരനെ കൊണ്ടുവന്ന് ഭൂരിപക്ഷ വർഗ്ഗീയതയെ പിടിക്കാനുമുള്ള ആപത്കരമായ പരിശ്രമങ്ങൾ സംഘടിപ്പിക്കുമ്പോൾ ഇടതുപക്ഷം കൂടുതൽ സീറ്റുകൾ നേടി അധികാരത്തിൽ വരും, നിങ്ങൾ പ്രതിപക്ഷ മായിത്തന്നെയിരിക്കുമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. തിരുവനന്തപുരം നഗരപ്രദേശത്തിന്റെ ജനപ്രതിനിധിയെന്ന നിലയിൽ പ്രതിപക്ഷാംഗം എന്നതി ലുപരിയായി എതിർക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. കാരണം, കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലൂടെയും ഈ നഗരത്തിന് ലഭിച്ചത് മാക്സിമം പ്രോമിസും മിനിമം

ഡെലിവറിയുമാണ്. വാഗ്ദാനങ്ങൾ ധാരാളമുണ്ടാകും. പക്ഷേ ഒന്നും നടപ്പിലാകുന്നില്ല. ഉദാഹരണത്തിന്, 2016-17 ബഡ്ജറ്റിൽ മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട്സ് എന്ന ശീർഷകത്തിൽ തിരുവനന്തപുരം ലൈറ്റ് മെട്രോ പ്രഖ്യാപി ച്ചിരുന്നു. എന്നാൽ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത് അതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നുവെന്നാണ്. അഞ്ച് വർഷം ലൈറ്റ് മെട്രോയുമായി ബന്ധപ്പെട്ട് ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. അതുപോലെ ആറ്റുകാൽ മാസ്റ്റർ പ്ലാനിലെ അടിസ്ഥാനസൗകര്യ വികസനത്തിന് 100 കോടി രൂപയാണ് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചത്. തിരുവനന്തപുരം നഗരത്തിന്റെ പകുതിയോളം വാർഡുകളുടെ സമഗ്രമായ വികസനത്തിനുള്ള വലിയൊരു പദ്ധതി യാണത്. അഞ്ചുവർഷമായിട്ടും അതൊന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. മറ്റൊരു പ്രധാനപ്പെട്ട സ്മാർട്ട് സിറ്റി പദ്ധതി 2017-ൽ നടപ്പിലാക്കുന്നതിന് തീരുമാനമെടുത്ത് കോർപ്പറേഷൻ മുന്നോട്ടുനീങ്ങി. എന്നാൽ സംസ്ഥാന സർക്കാർ നൽകേണ്ട 500 കോടി രൂപ കൊടുത്തിട്ടില്ല. 2022-ൽ അത് പൂർത്തീകരിക്കേണ്ടതാണ്. 1538 കോടി രൂപയുടെ ആ പ്രോജക്ടിന് മൂന്ന് ശതമാനം മാത്രമാണ് എക്സ്പെൻഡിച്ചർ വന്നിരിക്കുന്നത്. അത് ഫലപ്രദമായി മുന്നോട്ടുപോകുന്നതിനുള്ള നടപടിയുണ്ടാകണ മെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ തിരുവനന്തപുരം നഗരത്തിൽ കേന്ദ്രീകൃതമായ ഒരു മാലിന്യ സംസ്കരണ പ്ലാന്റ് കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. വിളപ്പിൽശാലയിലെ മാലിന്യ പ്ലാന്റ് പൂട്ടിയതിനുശേഷം നഗരം നാറുകയാണ്. മൈക്രോ പ്രോജക്ടുകൾ വീടുകളിലും മറ്റുമൊക്കെ വച്ചിട്ടുണ്ട്. പക്ഷേ നഗരത്തിലെ മാലിന്യ സംസ്കരണത്തിനായി ഈ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ആൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സമാനമാക്കി മാറ്റുമെന്ന് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ച ചില പ്രോജക്ടുകൾ ഉദ്ഘാടനം ചെയ്തതല്ലാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിനുവേണ്ടി എന്താണ് ചെയ്തത്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തിരുവനന്തപുരം ജനറൽ ആശുപത്രിയും തൈക്കാട് ആശുപത്രിയും ചേർത്ത് പുതിയൊരു മെഡിക്കൽ കോളേജ് പ്രഖ്യാപിക്കുകയും അത് ആൾ ഇന്ത്യ മെഡിക്കൽ കൗൺസിലും കേന്ദ്രഗവൺമെന്റും അംഗീകരിക്കുകയും പണി പൂർത്തീകരിച്ച് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ആ മെഡിക്കൽ കോളേജ് പൂട്ടിയിട്ടിരിക്കുകയാണ്. ഗവൺമെന്റ് മെഡിക്കൽ കോളേജിന് അംഗീകാരം ലഭിച്ചിട്ടും അത് നടപ്പിലാക്കാതെ മുന്നോട്ടുപോയൊരു സർക്കാർ ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്തുണ്ടോ? അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടിയുണ്ടാകണം. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ആൾ ഇന്ത്യ

മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുമെന്ന് പറഞ്ഞിട്ട് നടന്നില്ല. ആൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നെട്ടുകാൽത്തേരിയിൽ അതിനുവേണ്ടി എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും അവർ ഇവിടെ വന്ന് സ്ഥലം നോക്കുകയുമൊക്കെ ചെയ്തതാണ്. എന്നിട്ടും തിരുവനന്തപുരത്ത് അത് സ്ഥാപിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകാത്തത് പ്രതിഷേധാർഹമാണ്.

തിരുവനന്തപുരം മണ്ഡലത്തിലെ ഇരുപത് പദ്ധതികളുടെ ശിപാർശയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി കൊടുത്തത്. ഒരു പദ്ധതിക്ക് കേവലം 20% തുക മാത്രമാണ് നൽകിയിട്ടുള്ളത്. ജഗതിയിലും വഴുതയ്ക്കാട്ടും ഫ്ലൈ ഓവർ സ്ഥാപിക്കുന്നതിനടക്കമുള്ള പ്രൊപ്പോസൽ അതിലുണ്ട്, ഞാൻ വിശദമായി പറയുന്നില്ല. അതുപോലെ, കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അട്ടക്കുളങ്ങര മേൽപ്പാലത്തിന്റെയും ശംഖുംമുഖം-വേളി റോഡ് വികസനത്തിന്റെയും ഡി.പി.ആർ. പോലും ഇതുവരെ തയ്യാറാക്കിയിട്ടില്ല. അതുമായി ബന്ധപ്പെട്ട നിരവധി മീറ്റിംഗുകളിൽ ഞാനും പങ്കെടുത്തിരുന്നു. കിഫ്ബിയുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങളുള്ളതുകൊണ്ട് തടസ്സങ്ങളുണ്ടാകുന്നു, പ്രവൃത്തി ആരംഭിക്കാൻ പോലും കഴിയുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ കിഫ്ബിയുടെ കുറേ വർക്കുകൾ കിട്ടിയിട്ടുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ആദ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ ചെയ്തുതീർക്കാൻ കഴിഞ്ഞിട്ടില്ലെന്നത് വളരെ ദുഃഖകരമാണ്. ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്നവരാണ് തീരദേശ മേഖലയിലുള്ളവർ. തീരദേശ വികസനത്തിന് 2018-19-ൽ പ്രഖ്യാപിച്ച 2000 കോടി രൂപയുടെയും 2019-20-ലും 2020-21-ലും പ്രഖ്യാപിച്ച 1000 കോടി രൂപയുടെയും പദ്ധതികളെല്ലാം പ്രഖ്യാപനങ്ങളിൽ ഒതുങ്ങിയിരിക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ പ്രഖ്യാപനങ്ങൾ നടത്തിയിരിക്കുകയാണ്. തീരദേശമേഖലയിലെ ജനങ്ങൾ മുഴുവൻ ദുരിതത്തിലാണ്. 2017 നവംബർ 29-ലെ ഓഖി ദുരന്തത്തിനിരയായവർക്ക് പ്രഖ്യാപിച്ച വാഗ്ദാനങ്ങളിൽ 75 ശതമാനവും നടപ്പിലാക്കിയിട്ടില്ല. അവർക്ക് ജോലി നൽകുകയോ അവരുടെ കടം എഴുതിത്തള്ളുകയോ, കാണാതായവർക്ക് സാമ്പത്തിക സഹായം നൽകുകയോ, വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുകയോ, വീടുകൾ വച്ചുനൽകുകയോ ചെയ്തിട്ടില്ല. കടലാക്രമണത്തിൽ വീടുകൾ നഷ്ടപ്പെട്ട ഇരുന്നൂറോളം കുടുംബങ്ങൾ 2017 മുതൽ വിവിധ സ്കൂളുകളിലും തുറമുഖ വകുപ്പിന്റെ ഗോഡൗണുകളിലും കഴിയുകയാണ്. അവർക്ക് വീടുവച്ച് നൽകിയിട്ടില്ല. അവർക്ക് സംസ്ഥാന ഗവൺമെന്റ് അനുവദിച്ച 10 ലക്ഷം രൂപ ഉപയോഗിച്ച് സ്ഥലം വാങ്ങാൻ കഴിയില്ല. അതുകൊണ്ട് അത് 15 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. ഇപ്പോൾ എല്ലാ സീസണിലും കടലാക്രമണമുണ്ടാ

കുകയാണ്. അതുകൊണ്ട് തീരദേശത്തെ പ്രശ്നങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കടലാക്രമണമുള്ള പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് വലിയൊരു തുക അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ആ പ്രദേശത്തെ തീരം മുഴുവൻ നഷ്ടപ്പെട്ടിരിക്കുകയാണ്. അവിടെയുള്ള കമ്പവല തൊഴിലാളികളെ പുനരധി വസിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. പൂന്തുറ, വലിയതുറ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുന്നതിനുവേണ്ടി ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നതാണ്.

തിരുവനന്തപുരം നഗരത്തിൽ 40% മാത്രമാണ് സ്വീവറേജുള്ളത്. ഇവിടെ 100 ശതമാനവും സ്വിവറേജ് സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടി പൂർത്തീ കരിക്കണം. വിഴിഞ്ഞം തുറമുഖ പദ്ധതി 1000 ദിവസംകൊണ്ട് പൂർത്തീകരിക്കുമെന്ന് പറഞ്ഞതാണ്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഒരു കർമ്മപദ്ധതി ആവിഷ്കരിക്കണം, അതിനാവശ്യമായ നടപടി പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തലസ്ഥാന നഗരവികസനത്തിന് 182-ാം ഐറ്റമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രസംഗത്തിൽ ചില കാര്യങ്ങൾ സൂചിപ്പി ച്ചിട്ടുണ്ട്. അത് കഴിഞ്ഞ വർഷങ്ങളിലേതുപോലെ പ്രഖ്യാപനങ്ങളിലൊതുങ്ങാതെ ഫലപ്രദമായി നടപ്പിലാക്കണം. റിംഗ് റോഡിനും ക്യാപ്പിറ്റൽ സിറ്റി റീജിയൺ ഡെവലപ്മെന്റിനും കരമന-കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ട വികസനത്തിനും ഒരു രൂപപോലും അനുവദിച്ചിട്ടില്ല. അതിനാവശ്യമായ നടപടിയുണ്ടാകണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ടൂറിസ്റ്റ് കേന്ദ്രമായ വേളിയിൽ ഉസ്താദ് അംജത് അലി ഖാന്റെ നേതൃത്വത്തിൽ രാജ്യാന്തര സംഗീത വിദ്യാലയം സ്ഥാപിക്കുന്നതിന് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് രണ്ടര ഏക്കർ സ്ഥലം കണ്ടെത്തുകയും അതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. ഗുരുകുല സമ്പ്രദായ രീതിയിൽ ഹിന്ദുസ്ഥാനി കർണ്ണാടക സംഗീതം അഭ്യസിക്കുന്നതിനുവേണ്ടിയുള്ള ഒരു രാജ്യാന്തര സ്കൂളാണ്. അതിനിപ്പോൾ സ്ഥലം അനുവദിച്ചിട്ടില്ല. പത്രമാധ്യമങ്ങളിലൊക്കെ വാർത്ത വന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അടിയന്തരമായി ഇടപെട്ട് സ്ഥലം അനുവദിച്ച് സ്കൂൾ ആരംഭിക്കു ന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശബരിമലയിൽ കോവിഡിന്റെ പശ്ചാത്തലത്തിലും വളരെയധികം ഭക്തജനങ്ങൾ എത്തിച്ചേരുകയുണ്ടായി. 25 കോടി രൂപയാണ് വരുമാനം. ഓരോ വർഷവും 250-ഉം 300-ഉം കോടി രൂപ വരുമാനമുള്ളതാണ് ശബരിമല ക്ഷേത്രം. വരുമാനമില്ലാത്തതു കൊണ്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മുഴുവൻ ക്ഷേത്രങ്ങളും

അടച്ചുപൂട്ടാൻ പോകുകയാണ്. ഈ ബഡ്ജറ്റിൽ അല്ലെങ്കിൽ ഫെബ്രുവരി മാസത്തിൽത്തന്നെ 100 കോടി രൂപയെങ്കിലും തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിക്കണം. അല്ലെങ്കിൽ മറ്റ് ക്ഷേത്രങ്ങൾ ഇല്ലാതാകുമെന്നത് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

വ്യാപാരി വ്യവസായികളുടെ പ്രശ്നത്തെക്കുറിച്ച് ബഡ്ജറ്റിൽ കാര്യമായൊന്നും സൂചിപ്പിച്ചിട്ടില്ല. 14 ലക്ഷത്തോളം വ്യാപാരി വ്യവസായികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. രണ്ട് ലക്ഷത്തോളം ആളുകൾ കോവിഡുമായി ബന്ധപ്പെട്ട് കച്ചവടം നിർത്തി ദുരിതത്തിലായിരിക്കുകയാണ്. അവർ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. അവർക്കാവശ്യമായ നടപടികളും ഉണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. ഇവിടെ ക്ഷേത്രങ്ങളിൽ പൂജാദികർമ്മങ്ങൾ അറിയാവുന്ന എല്ലാവർക്കും ക്ഷേത്രങ്ങളിൽ പൂജ ചെയ്യാമെന്ന സ്ഥിതിയുണ്ടായത് ഈ ഗവൺമെന്റിന്റെ ഭരണ കാലത്താണെന്ന് എന്റെയൊരു സുഹൃത്ത് നേരത്തെ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു. അത് തികച്ചും തെറ്റായ കാര്യമാണ്, അടിസ്ഥാന രഹിതമാണ്. 2013-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ദേവസ്വം റിക്രൂട്ട്മെന്റ് ആക്ട് കൊണ്ടുവന്നത്. 2014-ൽ അതിന്റെ റൂൾസ് കൊണ്ടുവരികയും 2015-ൽ നിയമനങ്ങൾ നടത്തുന്നതിനുവേണ്ടി അപേക്ഷ ക്ഷണിച്ചതിനുശേഷമാണ് ആ ഗവൺമെന്റ് പുറത്തുപോയത്. അപ്പോൾ യഥാർത്ഥത്തിൽ മതവിശ്വാസികളായ വിവിധ ജാതികളിലുള്ള ആളുകൾക്ക് സംവരണം കൊടുത്തുകൊണ്ട് ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ വിശ്വാസികൾക്ക് പൂജ നടത്താമെന്നുമുള്ള വിപ്ലവകരമായ തീരുമാനമെടുത്തത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരാണ്. ആ നിയമം പാസ്സാക്കിയതിന്റെ വെളിച്ചത്തിൽ ഞങ്ങൾ പിന്തുടർന്നുവന്ന നടപടിക്രമങ്ങളുടെ ഭാഗമായാണ് ഈ ഗവൺമെന്റിന് നിയമനങ്ങൾ നടത്താൻ കഴിഞ്ഞത്. ആ ബിൽ ഇവിടെ പാസ്സാക്കിയപ്പോൾ അത് അന്തരീക്ഷത്തിലേയ്ക്ക് വലിച്ചെറിഞ്ഞ എൽ.ഡി.എഫ്. അംഗങ്ങളെ ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തിരുവനന്തപുരം തലസ്ഥാന നഗരത്തിന്റെ വികസനത്തിനുവേണ്ടിയുള്ള സമഗ്രമായ പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ അത് നടപ്പിലാക്കുന്നതിനുള്ള പ്രത്യേകമായ കരുതലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, എനിക്ക് കൂടുതലായൊന്നും പറയാനില്ല. ഇന്നലെ ശ്രീ. കെ. സി. ജോസഫ് പത്തനംതിട്ടയിലെ 76 റോഡുകളുടെ കാര്യം പറഞ്ഞിരുന്നു. അപ്പോൾ ഞാൻ സംസ്ഥാനത്ത് മൊത്തം എത്രയാണ് കൊടുത്തതെന്ന കണക്കാണ് പറഞ്ഞത്.

ഞാൻ പിന്നീട് അന്വേഷിച്ചു. 76 റോഡിന്റെ പ്രശ്നം, അത് ഒറ്റ പാക്കേജായി ടെണ്ടർ വിളിച്ചിരുന്നു. എന്നാൽ ഇത്രയും റോഡുകൾ ഒരുമിച്ചെടുക്കുന്നതിന് ആളുകൾ വന്നില്ല. സദുദ്ദേശത്തോടുകൂടിയാണ് അത് ചെയ്തത്. ഇപ്പോൾ അടിയന്തരമായി അത് പ്രത്യേകം പ്രത്യേകമായി ഓരോ തദ്ദേശഭരണസ്ഥാപനവും ടെണ്ടർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. വി. എസ്. ശിവകുമാർ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കാം. ബഡ്ജറ്റിലെ 182-ാം പാരഗ്രാഫിൽ, തലസ്ഥാന നഗരിയിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടുകളും അവയുടെ തുകയും ലിസ്റ്റ് ചെയ്തിട്ടുണ്ട്. അത് തുടങ്ങിക്കഴിഞ്ഞു. ചില കാര്യങ്ങൾക്ക് താമസം വരും. കിഴക്കേക്കോട്ടയിൽ എലിവേറ്റഡ് പാസേജ് നിർമ്മിക്കാൻ തീരുമാനിച്ചപ്പോൾ ഹെറിറ്റേജ് ബിൽഡിംഗുകളെ മറയ്ക്കുന്നു എന്നുപറയുമ്പോൾ അത് തള്ളിക്കളഞ്ഞ് പോകാൻ നമുക്ക് കഴിയില്ല. ഏതായാലും സമയബന്ധിതമായി നടപ്പാക്കാൻ ശ്രമിക്കാം. ദേവസ്വത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ 100 കോടി രൂപ കൊടുക്കുമെന്ന് പറഞ്ഞിരുന്നു. 75 കോടി രൂപ ഇപ്പോൾത്തന്നെ കൊടുത്തുകഴിഞ്ഞു. ബാക്കി ഈ ദിവസങ്ങളിൽ കൊടുക്കും. ഒരു ക്ഷേത്രവും അടയാൻ പോകുന്നില്ല. ക്ഷേത്രം അടയുകയില്ലെന്ന് ഉറപ്പുവരുത്തും. ആവശ്യമാണെങ്കിൽ ഇപ്പോൾ കൊടുത്തതിനേക്കാൾ കൂടുതൽ കൊടുക്കും. പണമില്ലാത്തതുകൊണ്ട് ക്ഷേത്രങ്ങൾ അടഞ്ഞുപോകുന്ന പ്രശ്നമുണ്ടാകില്ലെന്ന് ഞാൻ ഉറപ്പ് പറയുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

തിരുവനന്തപുരത്തെ കളിയിക്കാവിള റോഡിന്റെ ഒന്നാംഘട്ടത്തിനേ പണമുള്ളൂ, രണ്ടാംഘട്ടത്തിനില്ലെന്ന് പറയുന്നത് കേട്ടു. കിഫ്ബിയിലുള്ള വർക്കാണത്, പണത്തിന്റെ പ്രശ്നമില്ല. അതിന്റെ രണ്ടാംഘട്ടമുണ്ട്. നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ഞാൻ പ്രഖ്യാപിക്കുകയാണ്, പ്രസ്തുത റോഡിന്റെ രണ്ടാംഘട്ടം ഭൂമി ഏറ്റെടുത്ത് തുടങ്ങും. നമുക്കത് മുന്നോട്ട് കൊണ്ടുപോകാം. വിഴിഞ്ഞം കാർഗോ ഹാർബർ ഇപ്പോൾ നല്ല രീതിയിൽ വരുന്നുണ്ട്. പൊഴിയൂർ ഫിഷിംഗ് ഹാർബർ സംബന്ധിച്ച് ഞാൻ വീണ്ടും പറയുന്നു, അവിടെയൊരു പ്രശ്നമുണ്ട്. കഴിഞ്ഞ പ്രാവശ്യം ഞാൻ അത് പറഞ്ഞതാണ്. അതുകൊണ്ടാണ് ഇപ്രാവശ്യം പറയാതിരുന്നത്.

ഒരു പൊതുവിമർശനം ശ്രീ. കെ. എൻ. എ. ഖാദറിന്റേതാണ്. അതായത്, ബഡ്ജറ്റിന്റെ പ്രാധാന്യം കുറഞ്ഞുവരുന്നു ബഡ്ജറ്റിന് പുറത്തുള്ളത് കൂടിവരുന്നു എന്നുള്ളത്. ബഡ്ജറ്റിന് കർശനമായ ലിമിറ്റുണ്ട്. അതിനകത്തുനിന്ന് മാത്രമേ ചെയ്യാൻ പറ്റൂ. ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ ബഡ്ജറ്റ് വർദ്ധിപ്പിക്കുക എന്നുപറഞ്ഞാൽ റവന്യൂ വരുമാനം അത്രകണ്ട് കൂട്ടണം. അത് എങ്ങനെയെന്നുള്ളത് സംബന്ധിച്ച് ഇപ്പോൾ ഒരു നിർദ്ദേശവും ഞാൻ വച്ചിട്ടില്ല, ഗൗരവമായ കാര്യമാണത്. നമുക്കിത് പോരാ.

അതുകൊണ്ട് ബഡ്ജറ്റിന് പുറത്ത് കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കേണ്ടിവരും. അതിനാണ് കിഫ്ബിയും മറ്റും. അത് അനിവാര്യമായിട്ടുള്ളൊരു കാര്യമാണ്. ഞാൻ മറ്റ് കാര്യങ്ങളൊന്നും കൂടുതലായി പറയുന്നില്ല. ബിൽ പാസ്സാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2021-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## (ii) 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

ശ്രീ. ബി. സത്യൻ: സർ, ഞാൻ ഈ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ സർവ്വാത്മനാ അനുകൂലിക്കുകയാണ്. യാഥാർത്ഥ്യം മനസ്സിലാക്കാതെ പ്രതിപക്ഷം സഭയിൽ നടത്തിക്കൊണ്ടിരിക്കുന്ന ചർച്ച കാണുമ്പോൾ പ്രയാസം തോന്നുന്നു. ഇന്ന് ചർച്ചയും നടപടിക്രമങ്ങളും അവസാനിക്കുകയാണ്. കേന്ദ്ര സർക്കാർ അതിവേഗം അവരുടെ തീവ്രമായ നയങ്ങൾ രാജ്യത്തെ അടിച്ചേൽപ്പിക്കുകയും

ജനദ്രോഹപരമായ നയങ്ങൾ തുടർച്ചയായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. ഈ കൊടിയ ശൈത്യത്തിലും നാടിന്റെ നട്ടെല്ലെന്ന് അറിയപ്പെടുന്ന കർഷക സമൂഹം അത്യുജ്ജലമായ പോരാട്ടസമരം നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മൾ ഇവിടെ ഇരിക്കുമ്പോഴും ആ സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. കഴിഞ്ഞ 31-ാം തീയതി ആ സമരത്തോട് നമ്മൾ ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഈ കാലഘട്ടത്തിന്റെ കടമ നിർവ്വഹിച്ചു. വലിയ പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരായ ആളുകൾ വലതുഭാഗത്തിരുന്നുകൊണ്ട് ഇവിടെ പറഞ്ഞതെന്താണ്? കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 20 സീറ്റിൽ 19 എണ്ണത്തിലും ഞങ്ങൾ വിജയിച്ചുവെന്ന് അഭിമാനത്തോടുകൂടി പറയുന്നവരിൽ ഒരാളെയെങ്കിലും രണ്ടുമാസം പിന്നിടുന്ന സമര പോരാട്ടങ്ങളിൽ എവിടെയെങ്കിലും കാണാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? എപ്പോഴും നേതൃമാറ്റവും പുനഃസംഘടനയുമൊക്കെയായി നീങ്ങുകയാണ്. യാഥാർത്ഥ്യത്തോട് നീതിപുലർത്താൻ നൂറ്-നൂറ്റിപ്പത്ത് കൊല്ലം പിന്നിട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്സെന്ന മഹത്തായ പ്രസ്ഥാനത്തിന്റെ സാരഥികൾക്ക് തോന്നേണ്ടതല്ലേ? ഇവിടെ ചില മഹാന്മാർ കഴിഞ്ഞദിവസം പലതരത്തിലുള്ള നിയമവശങ്ങൾ ഉന്നയിച്ചുകൊണ്ട് രാജ്യത്ത് നടക്കുന്ന അഭിമാന പദ്ധതിയായ കിഫ്ബിയെക്കുറിച്ച് ചർച്ച ചെയ്തല്ലോ. എന്തുകൊണ്ടാണ് ഒരു ദിവസം ഉണ്ണാവ്രതം നടത്താനുള്ള താല്പര്യമെങ്കിലും അവർ കാണിക്കാതിരുന്നത്? രാജ്യം കോവിഡെന്ന മഹാമാരി യിൽപ്പെട്ട് നിൽക്കുകയാണ്. രാജ്യവും ലോകവും വളരെ ഉത്കണ്ഠയോടുകൂടി അതിനെ നോക്കിക്കാണുകയാണ്. ഒരുവർഷക്കാലം രാജ്യത്ത് ഒരു വരുമാനവുമില്ലാതെയായി. ഐ.എം.എഫ്-ന്റെ കണക്കുപ്രകാരം ഈ രാജ്യം 23 ശതമാനത്തോളം സാമ്പത്തിക തകർച്ച നേരിട്ടുവെന്ന് സൂചിപ്പിക്കുന്നു. വളർച്ച കേവലം 7.5 ശതമാനമായി നിൽക്കുന്നു. ആഗോള ഇൻഡക്സിൽ ഇന്ത്യയുടെ ഹംഗർ ഇൻഡക്സ് കാണിക്കുന്നത് 94-ാമത്തെ റാങ്കാണ്. തൊണ്ണൂറ്റിനാലാമതായി നമ്മൾ വിശപ്പിന്റെ രാജ്യമായി നിൽക്കുകയാണ്. ഈ കാലഘട്ടത്തിൽ രാജ്യത്ത് നടപ്പിലാക്കുന്ന ഉദാരവൽക്കരണ നയങ്ങൾ ഒരുഭാഗത്ത് അതിശക്തമായി നമ്മുടെ സംസ്ഥാനത്തെ വരിഞ്ഞു മുറുക്കുമ്പോൾ, മറുഭാഗത്ത് നിപയെയും പ്രളയങ്ങളെയും കോവിഡിനെയുമൊക്കെ അതിജീവിച്ച് മുന്നോട്ടുപോകുന്ന സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെ അംഗീകരിച്ചില്ലെങ്കിലും ആക്ഷേപിക്കാൻ പാടില്ല. ആക്ഷേപശരങ്ങൾ ചൊരിഞ്ഞ് ഈ കാലത്തിനിടയിൽ നടക്കുന്ന വികസനപ്രവർത്തനങ്ങളെ എന്തിനാണ് പിറ കോട്ടടിപ്പിക്കാൻ ശ്രമിക്കുന്നത്? ഇടതുപക്ഷപ്രസ്ഥാനത്തോട് താല്പര്യമില്ലാത്ത മാധ്യമങ്ങൾപോലും ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ പുകഴ്ത്തുകയാണ് ചെയ്തത്. ഇക്കാലത്ത് എങ്ങനെ ഇങ്ങനെ ജനകീയമായൊരു ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധിച്ചുവെന്നതാണ് ആശ്ചര്യത്തോടെ എല്ലാവരും

നോക്കിക്കണ്ടത്. കോവിഡ് വന്നപ്പോൾ ലോക്ഡൗൺ പ്രഖ്യാപിച്ചു. 1918-ൽ ജപ്പാൻ ഫ്ലൂ ഇങ്ങനെ പടർന്നു പിടിച്ചിട്ടുണ്ടെന്നും അന്ന് നമ്മുടെ നാട്ടിലെ ജനങ്ങളെ അത് വല്ലാതെ ബാധിച്ചുവെന്നും നമ്മൾ കേട്ടിട്ടുണ്ട്. രാജ്യം വിറങ്ങലിച്ചു നിന്നു. ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ നിത്യവൃത്തിക്ക് വരുമാനം കണ്ടെത്തുന്നവർക്ക് പണിക്ക് പോകാൻ കഴിഞ്ഞില്ല. ഈ ലോകവും രാജ്യവും അടച്ചുപൂട്ടപ്പെട്ടു. ഒരുനേരം എങ്ങനെ ഭക്ഷണം കഴിക്കുമെന്നതായിരുന്നു ചിന്ത. അവരുടെ വീട്ടിലേയ്ക്ക് ഈ സർക്കാർ പോയി, സഖാവ് പിണറായി പോയി, ഞങ്ങളെല്ലാവരും പോയി. ഭക്ഷണമായും അന്നമായും മരുന്നായും ജനമദ്ധ്യത്തിൽ ഉറച്ചുനിന്ന ഒരു സർക്കാരല്ലേ ഈ സംസ്ഥാനത്തുള്ളത്? അതാണ് പ്രിയപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് പട്ടിണിയിലാകുന്ന ഒരു വീടും ഈ നാട്ടിൽ ഉണ്ടാകരുതെന്ന്. 'പട്ടിണിയിലാകുന്ന ഒരു വീടും ഉണ്ടാകരുത് ഒരു കുടുംബവും പട്ടിണി കിടക്കരുത്' അതാണ് വികസനം. ഒരു വീട്ടിലും പട്ടിണിക്കാർ ഉണ്ടാകരുതെന്ന് പറയാനുള്ള ആർജ്ജവം മുഖ്യമന്ത്രി കാണിച്ചു. ഇവിടെ ഭക്ഷ്യക്കിറ്റ് വിതരണത്തെ പലരും കളിയാക്കി പറഞ്ഞു. ഭക്ഷ്യക്കിറ്റ് വിതരണം തുടരുന്നുവെന്ന് മാത്രമല്ല പുറത്തിറങ്ങാൻ കഴിയാത്ത പാവങ്ങളുടെ വീട്ടിലേയ്ക്ക് ഭക്ഷണമെത്തിക്കാൻ സാമൂഹിക അടുക്കള (കമ്മ്യൂണിറ്റി കിച്ചൺ) ആരംഭിക്കുകയും ചെയ്തു. ഇതെല്ലാം ഒരു ജനകീയ ഗവൺമെന്റ് ചെയ്ത കാര്യങ്ങളാണ്. പെൻഷൻ 1000 രൂപയായിരുന്നത് 1400 ആയും 1500 ആയും ഇപ്പോൾ 1600 രൂപയുമാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഒരു ജനകീയ സർക്കാരിന്റെ മുഖമാണ് ഡോ. ടി. എം. തോമസ് ഐസക്കിലൂടെ ഈ നാടും രാജ്യവും ലോകവും ദർശിക്കുന്നത്. പാവപ്പെട്ട കുടുംബങ്ങളുടെ കൈകളിലേയ്ക്ക് ചെറിയ തോതിലെങ്കിലും പണമെത്തിക്കുകയെന്നതാണ് കോവിഡെന്ന മഹാമാരിയിൽ രാജ്യവും ലോകവും പ്രതിസന്ധിയിൽ നിൽക്കുമ്പോൾ നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യമെന്ന് ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പറഞ്ഞു. അങ്ങനെ സഹായം നൽകി ഒരു ജനതയെ ഒപ്പംനിർത്തിയ സർക്കാരാണിത്. കോവിഡെന്ന മഹാമാരിയെ നേരിടാൻ ആരോഗ്യ വകുപ്പുമന്ത്രി നടത്തിയ പരിശ്രമങ്ങളെ ആക്ഷേപിച്ചു. അവർ പത്രസമ്മേളനം നടത്തിയാൽ കുഴപ്പം, കോവിഡ് പ്രതിരോധത്തെക്കുറിച്ച് പറഞ്ഞാൽ കുഴപ്പം. ഇവിടെ ചില മാന്യൻമാരായ ആളുകൾ അവരെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ കേട്ടല്ലോ. പക്ഷെ ലോകവ്യാപകമായി, രാജ്യവ്യാപകമായി ആരോഗ്യ രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിച്ചാണ് സർക്കാരും ആരോഗ്യവകുപ്പും മുന്നോട്ടുപോകുന്നത്. ഇവിടെ ശ്രീ. വി. എസ്. ശിവകുമാർ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അവസ്ഥയെപ്പറ്റി നേരത്തെ സൂചിപ്പിച്ചു. ഈ സർക്കാരിന്റെ കാലത്തല്ലേ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പുതിയ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനം ചെയ്തത്? അത്യാധുനിക സൗകര്യങ്ങളുള്ള അവിടെ ഞങ്ങളൊക്കെ

പോയിട്ടുണ്ട്. വല്ലപ്പോഴുമെങ്കിലും മെഡിക്കൽ കോളേജിൽ പോകണം, എന്നാലേ ഇതൊക്കെ കാണാൻ കഴിയൂ. അരനൂറ്റാണ്ട് പഴക്കമുള്ള മോർച്ചറി മാറ്റി. ഞാൻ പ്രിയപ്പെട്ട മുൻ നേതാക്കന്മാരെ ക്ഷണിക്കുകയാണ്. മെഡിക്കൽ കോളേജിൽ 400 കോടി രൂപയുടെ പ്ലാനാണ് ആദ്യഘട്ട നിർമ്മാണം പൂർത്തീകരിച്ചത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജനറൽ ആശുപത്രി മെഡിക്കൽ കോളേജാക്കിയെന്ന് പറയുകയുണ്ടായി. ഇതുകേട്ട് ചിരിക്കാമെന്നല്ലാതെ എന്താണ് പറയേണ്ടത്? ജനറൽ ആശുപത്രി പാവങ്ങളുടെ ആശുപത്രിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് അവിടെയൊരു ബോർഡ് വച്ച് ഉദ്ഘാടനം നടത്തുകയാണ് ചെയ്തത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സാമൂഹികാരോഗ്യകേന്ദ്രങ്ങളുടെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ താലൂക്കാശുപത്രിയുടെയും താലൂക്കാശുപത്രികളിൽ ജില്ലാ ആശുപത്രികളുടെയും ബോർഡ് വയ്ക്കുന്ന ബോർഡ് വിപ്ലവങ്ങൾ നടന്ന ഒരു കാലമാണത്. എന്നാൽ ഇപ്പോൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും വൈകിട്ട് 6 മണിവരെ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ തുടങ്ങി മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോക്ടർമാരും അവിടത്തെ ആതുരശുശ്രൂഷാ വിഭാഗവും തീവ്രമായ പ്രവർത്തനമാണ് നടത്തുന്നത്. ആകെ രണ്ട് വാർഡുകൾ ജനറലായെടുത്തിട്ട് ബാക്കി മുഴുവൻ ഐ.സി.യു. വാർഡാക്കി മാറ്റി. ഐ.സി.യു. തന്നെ പല വിഭാഗങ്ങളാക്കി. കൊറോണ ബാധിതരായി വരുന്നവർക്ക് മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കാനുള്ള പരിശ്രമമാണ് അവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. സമാനതകളില്ലാത്ത വികസന മുന്നേറ്റത്തിനാണ് നാം സാക്ഷ്യം വഹിക്കുന്നത്. പട്ടണത്തിൽ മാത്രമല്ല, ഗ്രാമപ്രദേശങ്ങളിലും വികസനം നടക്കുകയാണ്. ഞങ്ങളുടെയൊക്കെ ഗ്രാമപ്രദേശങ്ങളിൽ നടന്നുവരുന്ന വികസനം ഒരുകാലത്തുമില്ലാത്ത നിലയിൽ മുന്നോട്ടുപോകുന്നു. ലൈഫ് പദ്ധതിയെ ആക്ഷേപിച്ചവരും സമരം നടത്തിയവരും കേസിനുപോയവരുമായ എം.എൽ.എ.-മാർ ഇവിടെയുണ്ട്. ഒരു മനുഷ്യന്റെ സ്വപ്നമാണ് വീട്. അതിനെ തകർക്കാൻ ശ്രമിക്കുന്നവർ വികസന വിരോധികളല്ലാതെ പിന്നെയാരാണ്?

4.00 P.M.]

രണ്ടരലക്ഷം പേർക്ക് വീടുവച്ചുകൊടുത്തുവെമെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ 50000 വീടുകൾ ഞങ്ങൾ പണ്ട് കൊടുത്തതാണെന്ന് നിങ്ങൾ പറഞ്ഞു. അങ്ങനെയാണെങ്കിൽ കുഴപ്പമില്ല, ആ അമ്പതിനായിരവും നിങ്ങളുടെ കണക്കിൽ കൂട്ടിക്കോളൂവെന്ന് പ്രിയപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞു. രണ്ടര

ലക്ഷം വീടുകൾ നിർമ്മിച്ചുകൊടുക്കുന്നത് ചെറിയ കാര്യമാണോ? പട്ടിണിയും ദാരിദ്ര്യവും പ്രയാസവുമെല്ലാം കണ്ടുവളർന്നവരാണ് ഞങ്ങൾ. മണ്ണെണ്ണ വിളക്കിന്റെ മുമ്പിലിരുന്ന് പഠിക്കുകയും മഴക്കാലത്ത് ഓലക്കൂരയിൽക്കൂടി വീടിനകത്തേയ്ക്ക് പതിക്കുന്ന മഴവെള്ളം പാത്രങ്ങളിൽ പിടിക്കുകയും ചെയ്ത അനുഭവമുള്ളവരാണ് ഞാൻ ഉൾപ്പെടെയുള്ള ആളുകൾ. അങ്ങനെയുള്ള റോഡ് പുറമ്പോക്കിലും തോടിന്റെ വരമ്പിലും താമസിക്കുന്ന, മുകളിൽ ആകാശം താഴെ ഭൂമി എന്ന തരത്തിൽ ഒന്നുമില്ലാത്ത ലക്ഷക്കണക്കിന് പട്ടിണിപ്പാവങ്ങളുണ്ട്. അവരിൽ പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും മറ്റുപല ജാതിമത വിഭാഗങ്ങളിൽപ്പെട്ടവരുമുണ്ട്. അവരുടെയുംകൂടി സർക്കാരാണിത്. ഇ.എം.എസ്. ഭവനപദ്ധതി, എം.എൻ. ഗോവിന്ദൻ നായരുടെ പേരിലുള്ള ലക്ഷംവീട് പദ്ധതി തുടങ്ങിയവയെല്ലാം സമന്വയിപ്പിച്ചു. നിങ്ങളുടെ കഴിഞ്ഞ അഞ്ചുവർഷക്കാലം ഏത് ഭവനപദ്ധതിയാണ് നടപ്പിലാക്കിയത്? കേന്ദ്രസർക്കാർ ഒരു വീട് നിർമ്മിക്കാൻ തരുന്ന പണം എത്രയാണെന്ന് എല്ലാവർക്കും അറിയാം. ഒന്നേകാൽ ലക്ഷം രൂപയും എഴുപത്തയ്യായിരം രൂപയുമാണ് കൊടുക്കുന്നത്. ബാക്കി തുക ലൈഫ് പദ്ധതിയിൽ നിന്നാണ് നൽകുന്നത്. എന്നിട്ട് കേന്ദ്രസർക്കാരിന്റെ അഭിമാനപദ്ധതിയായ ഭവന നിർമ്മാണ പദ്ധതി ഇതാ കേരളം നടപ്പിലാക്കുന്നുവെന്ന് പ്രചരിപ്പിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. ബി. സത്യൻ, അങ്ങ് പ്രസംഗം ചുരുക്കണം.

<u>ശ്രീ. ബി. സത്യൻ</u>: സർ, ഞാൻ പ്രസംഗം ചുരുക്കുകയാണ്, രണ്ടര ലക്ഷം ആളുകൾക്ക് ഭവനം നിർമ്മിച്ചുകൊടുത്തു, ഇനിയും രണ്ടര ലക്ഷം ആളുകൾക്കുകൂടി വീട് നിർമ്മിച്ചുകൊടുക്കാൻ പോകുകയാണ്. ചേരിപ്രദേശങ്ങളിലെയും കോളനികളിലെയും പിന്നാമ്പുറങ്ങളിൽ പെട്ടുപോയ പാവങ്ങളെ ഉദ്ധരിക്കാൻ ഈ ഗവൺമെന്റ് പരിശ്രമിക്കുകയാണ്. അതാണ് പിണറായി സർക്കാർ. പെൻഷൻ തുക 1600 എന്നത് ഇനിയും വർദ്ധിക്കും. അതുപോലെ ജനക്ഷേമകരമായ പദ്ധതികൾ ഇനിയുമുണ്ടാകും. ഈ നാട്ടിലെ ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ടുതന്നെ ഈ സർക്കാർ മുന്നോട്ട് പോകും. തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് കണ്ട് ഞങ്ങൾ വല്ലാതെ സന്തോഷിച്ച് നിൽക്കുകയാണെന്ന് പറഞ്ഞു.

<u>മി. സ്പീക്കർ</u>: ശ്രീ. ബി. സത്യൻ, കൺക്ലൂഡ് ചെയ്യൂ, പ്ലീസ്...പ്ലീസ്... ഇങ്ങനെ പറ്റില്ല. ഞാൻ അടുത്തയാളെ വിളിക്കും.

<u>ശ്രീ. ബി. സത്യൻ</u>: സർ, 2004-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20 സീറ്റുകളിൽ 18 എണ്ണത്തിലും വിജയിച്ചത് ഇടതുപക്ഷമായിരുന്നു, 2006-ലെ നിയമസഭാ തെരഞ്ഞെടുപ്പിലും ഞങ്ങൾതന്നെ വിജയിച്ചു. പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ റിസൾട്ടിൽ ഗ്രാമപഞ്ചായത്തിനെക്കുറിച്ച് പറഞ്ഞപ്പോൾ അതല്ല കണക്ക്

ബ്ലോക്കിലേതാണെന്ന് പറഞ്ഞു. ബ്ലോക്കിനെക്കുറിച്ച് പറഞ്ഞപ്പോൾ അതുമല്ല, മുനിസിപ്പാലിറ്റികളിൽ ഞങ്ങൾ വിജയിച്ചുവെന്നാണ് അവർ പറയുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി വലിയ ഭൂരിപക്ഷത്തിൽ വീണ്ടും വരും എന്നുപറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഒരു ജനാധിപത്യ ഗവൺമെന്റ് എങ്ങനെയായിരിക്കണമെന്നതിന്റെ ഉദാഹരണമാണ് ഈ ഗവൺമെന്റ്. സർക്കാർ കൈക്കൊള്ളുന്ന നടപടികൾ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്കുവേണ്ടിയുള്ളതാണെന്ന് ബോദ്ധ്യപ്പെടുമ്പോഴാണ് അതൊരു ജനാധിപത്യ ഗവൺമെന്റാകുന്നത്. അതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രത്യേകത. അത് മനസ്സിലാക്കണമെങ്കിൽ ഈ രാജ്യത്തിന്റെ, ഇപ്പോഴത്തെ കേന്ദ്രസർക്കാരിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തണം. രാജ്യത്തെ പാവപ്പെട്ടവനെ, ഇടത്തരക്കാരനെ സംരക്ഷിക്കുന്നതിനോ രാജ്യം വിഭാവനം ചെയ്യുന്ന ഫെഡറലിസത്തെയോ സോഷ്യലിസ്റ്റ് കാഴ്ചപ്പാടിനെയോ ഒന്നും കണക്കാക്കാതെ കോർപ്പറേറ്റുകളെ താലോലിക്കുന്ന നയവുമായാണ് കേന്ദ്രസർക്കാർ പോകുന്നത്. ഇന്ത്യയുടെ സിരാപടലവും അതിലൂടെ ഒഴുകുന്ന ചോരയും കർഷകന്റെയും തൊഴിലാളിയുടേതുമാണെന്ന ബോദ്ധ്യം ആ സർക്കാരിനില്ല. ബഡ്ജറ്റ് പരിശോധിക്കുമ്പോൾ, കേന്ദ്രസർക്കാർ കഴിഞ്ഞതിന് മുമ്പിലെ വർഷം കാർഷിക മേഖലയ്ക്ക് 2.9 ലക്ഷം കോടി രൂപയാണ് മാറ്റിവച്ചത്. കഴിഞ്ഞ വർഷം അത് 2.83 ലക്ഷം കോടി രൂപയായി കുറയ്ക്കുകയാണുണ്ടായത്. ഭക്ഷ്യസബ്സിഡിയാണെങ്കിൽ 1.84 ലക്ഷം കോടി രൂപയിൽനിന്നും 1 ലക്ഷം കോടി രൂപയായി കുറച്ചു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതംപോലും പതിനായിരം കോടി രൂപ കുറയ്ക്കുകയാണ് ചെയ്തത്. അതുകൊണ്ട് നാട്ടിൽ പട്ടിണിയും തൊഴിലില്ലായ്മയും കൂടി. രാജ്യം സാമ്പത്തിക മാന്ദ്യത്തിലേയ്ക്ക് പോകുമ്പോൾ ജനങ്ങളുടെ വാങ്ങൽശേഷി കൂട്ടുന്നതിനുപകരം അതിന്റെ നേർവിപരീതദിശയിലേയ്ക്കാണ് കേന്ദ്രസർക്കാർ പോകുന്നത്. കോർപ്പറേറ്റുകളെ തടിച്ചുകൊഴുപ്പിക്കുന്നതാണ് നികുതി നയം. പണക്കാരെടുത്ത വായ്പകൾ 7.76 ലക്ഷം കോടി രൂപയാണ് എഴുതിത്തള്ളിയത്. ലക്ഷക്കണക്കിന് കോടി രൂപയുടെ നികുതിയിളവുകൾ കോർപ്പറേറ്റുകൾക്ക് നൽകുന്നു. റിസർവ് ബാങ്കിനെ കൊള്ളയടിക്കുന്നു. എൽ.ഐ.സി., എയർ ഇന്ത്യ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾക്ക് വിൽക്കുകയാണ്. രാജ്യത്ത് ഏതാണ്ട് 50 കോടിയോളം തൊഴിലാളികളെ ബാധിക്കുന്ന തൊഴിൽ നിയമങ്ങൾ മാറ്റിയെഴുതി തൊഴിലാളികളെ ദ്രോഹിക്കുന്നു. രാജ്യത്തിന്റെ 50% തൊഴിൽശേഷിയുള്ള കർഷകജനതയെ കാർഷിക നിയമങ്ങളിലൂടെ ദ്രോഹിക്കുന്നു. ഇതാണ് ഈ രാജ്യത്തിന്റെ ഇപ്പോഴത്തെ പൊതു അവസ്ഥ. അവിടെയാണ് കവി കടമ്മനിട്ട രാമകൃഷ്ണൻ പാടിയതുപോലെ "പിടയുന്ന കാലത്തിന്റെ, ശ്വാസവേഗങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട്" ഈ ഗവൺമെന്റ്

പ്രവർത്തിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ പിറ്റേദിവസം കേരളത്തിലെ പ്രമുഖ ദിനപത്രമായ മാതൃഭൂമി ബഡ്ജറ്റിനെ വിശേഷിപ്പിച്ചത് "ഒഴുക്കിനെതിരെ" എന്നാണ്. ഈ രാജ്യത്ത് നടക്കുന്ന ജനദ്രോഹപരമായ പ്രവർത്തനങ്ങൾക്ക് ബദലായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒഴുക്കിനെതിരെ പ്രഖ്യാപിച്ച ക്ഷേമപ്രവർത്തനങ്ങളാണ് അതിൽ കണ്ടത്. പ്രതിസന്ധികൾ ജനജീവിതത്തെ സാരമായി ബാധിച്ചപ്പോൾ, ഇതുവരെ നാം നേരിട്ടിട്ടില്ലാത്ത ദുരിതത്തിലേയ്ക്ക് നാട് നിലംപതിച്ചപ്പോൾ സ്നേഹവും ത്യാഗവും കരുണയും സേവനസന്നദ്ധതയും മനുഷ്യത്വബോധവുമെല്ലാം നിറഞ്ഞ കമ്മ്യൂണിസ്റ്റ് ആദർശങ്ങളാൽ ശക്തിമത്തായ ഒരു ഭരണനേതൃത്വം നാടിന് താങ്ങുംതണലുമായി ജനങ്ങൾക്കൊപ്പംനിന്ന് വീണ്ടും സജീവമായ ജനജീവിതത്തിലേയ്ക്ക് ജനങ്ങളെ കൊണ്ടുവരുന്ന, ഊർജ്ജം പകരുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെയാണ് ഈ ബില്ലിനെ ഞങ്ങൾ പിന്താങ്ങുന്നത്. പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റി ധീരവും പക്വവുമായ ചിന്തയുടെ പ്രായോഗിക നിർവ്വഹണത്തിന്റെ ലിഖിതരൂപമായി ഈ ബഡ്ജറ്റും നടപടികളും മാറുകയാണ്. കരുതലും ക്ഷേമവും ഭക്ഷ്യസുരക്ഷയും ആരോഗ്യസുരക്ഷയുമൊക്കെയായി ഉന്നത വിദ്യാഭ്യാസത്തിനും പൊതുവിദ്യാഭ്യാസത്തിനും തൊഴിൽ സാദ്ധ്യതകൾക്കുമെല്ലാം പരമാവധി പ്രാധാന്യം നൽകി അവയെ കോർത്തിണക്കിക്കൊണ്ടുള്ള ബഡ്ജറ്റായി മാറിയിരിക്കുകയാണ്. ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നിർദ്ദേശങ്ങൾ, സാമൂഹ്യക്ഷേമത്തിനായി ശക്തമായ ഊന്നൽ തുടങ്ങിയവയുമുണ്ട്. ഇതിനെയെല്ലാം തകർക്കാനാണ്, നവകേരള സൃഷ്ടിയെ തകർക്കാനാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ശ്രമിച്ചുകൊണ്ടിരിക്കുന്നത്

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

സാമൂഹ്യക്ഷേമ പെൻഷൻ 1600 രൂപയാക്കി വർദ്ധിപ്പിച്ചു. അതുപോലെ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഉപജീവന പാക്കേജിനായി ഏഴായിരം കോടി രൂപ, ലൈഫ് മിഷൻ, നീല/വെള്ള റേഷൻ കാർഡുടമകൾക്ക് പതിനഞ്ച് രൂപയ്ക്ക് പത്ത് കിലോ അരി ഉൾപ്പെടെയുള്ള പ്രഖ്യാപനങ്ങൾ, റബ്ബറിന് 170 രൂപ തറവില, നെല്ലിന്റെ സംഭരണവില 28/- രൂപ, നാളികേരത്തിന്റെ സംഭരണവില 32 രൂപ എന്നിങ്ങനെ കർഷകർക്ക് പ്രത്യേകമായ കരുതൽ, കർഷകദ്രോഹത്തിലേയ്ക്ക് കേന്ദ്രസർക്കാർ പോകുമ്പോൾ കർഷകക്ഷേമത്തിലേയ്ക്ക് സംസ്ഥാന സർക്കാർ പോകുകയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ മൂന്നുലക്ഷം പേർക്കുകൂടി തൊഴിൽ ഉറപ്പാക്കുന്നു, ക്ഷേമനിധി ഫെബ്രുവരിയിൽ തുടങ്ങുകയാണ്, തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 4057 കോടി രൂപയാണ് മാറ്റിവയ്ക്കുന്നത്. പ്രവാസികൾക്കുള്ള പെൻഷൻ 3500 രൂപയാക്കുന്നു. സ്കൂളുകളുടെ പശ്ചാത്തലവികസനം, സ്ത്രീ-സൗഹൃദ ബഡ്ജറ്റ്,

സ്മാർട്ട് കിച്ചൻ, സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ അങ്ങനെ എല്ലാ അർത്ഥത്തിലും സാമൂഹ്യക്ഷേമ നടപടികൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ബഡ്ജറ്റാണിത്. ഇവിടെ പറഞ്ഞതുപോലെ, കേന്ദ്രസർക്കാരിന്റെ ചില സ്കീമുകൾ പോലും കേരളത്തിൽ നടപ്പിലാക്കിയത് അങ്ങനെയാണ്. ഇവിടെ പാർപ്പിടത്തിന്റെ കാര്യം പറഞ്ഞു. എഴുപത്തയ്യായിരവും ഒന്നേകാൽ ലക്ഷവും വീടുകൾ കൊടുത്തത് കേന്ദ്രഗവൺമെന്റ് പദ്ധതികളാണെന്ന് പ്രതിപക്ഷം ആക്ഷേപിക്കുകയാണ്. അങ്ങനെയാണെങ്കിൽ ആരോഗ്യ ഇൻഷ്വറൻസ് സ്കീമിന്റെ വസ്തുത എന്താണ്; കേന്ദ്രഗവൺമെന്റ് 22 ലക്ഷം കുടുംബങ്ങൾക്ക് 60% തുക മാത്രമാണ് നൽകുന്ന തെങ്കിൽ കേരളം അതിൽ 20 ലക്ഷം കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് 42 ലക്ഷം കുടുംബങ്ങൾക്കായി നടപ്പിലാക്കുകയാണ്. അതായത്, കേന്ദ്ര ഗവൺമെന്റ് 138 കോടി രൂപ ചെലവഴിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റ് 600 കോടി രൂപയാണ് ചെലവഴിക്കുന്നത്. ഒരാൾക്ക് 100 രൂപ ചെലവാകുമ്പോൾ 80 രൂപ സംസ്ഥാന ഗവൺമെന്റും 20 രൂപയിൽതാഴെ മാത്രം കേന്ദ്രഗവൺമെന്റും ചെലവഴിക്കുന്ന പദ്ധതിയായി മാറുകയാണ്. കേന്ദ്രത്തിനൊരു ബദൽ, അതാണ് കേരളത്തിന്റെ സമീപനം. ഇവിടെ ഗവൺമെന്റിന്റെ ക്ഷേമപദ്ധതികളെക്കുറിച്ച് യു.ഡി.എഫ്. ആക്ഷേപിക്കുന്നത് ജനങ്ങളുടെ മനസ്സിലുണ്ട്. അതുകൊണ്ടാണ് ഇടതുപക്ഷം തെരഞ്ഞെടുപ്പുകളിൽ വിജയിക്കുന്നത്. അതിനെ ആക്ഷേപിച്ചിട്ട് കാര്യമില്ല. മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ എഴുതിയതുപോലെ,

'നഷ്ടവസന്ത സ്ഥലികളിൽ നിന്നു
സമൃദ്ധ വസന്തതടങ്ങളിലേക്കിള-
വറ്റു പറക്കും പക്ഷികൾ പോലൊരു
സന്ധ്യ തുടക്കും താരകൾ പോലെ ....'

ഇടതുപക്ഷം ജനങ്ങളുടെ ജീവിതം പടുത്തുയർത്താനുള്ള ധീരമായ പ്രയാണ ത്തിലാണ്. പ്രതിസന്ധികളിൽ പകച്ചുനിൽക്കാതെ അതിജീവനത്തിന്റെ ചടുലമായ കർമ്മപദ്ധതികളൊരുക്കിയ ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ നാടിന്റെ കരുത്തും വിശ്വാസവും പ്രത്യാശയുമാണ്. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലൂടെ കേരളം അത് തിരിച്ചറിഞ്ഞുകഴിഞ്ഞു. 1600 രൂപ ക്ഷേമപെൻഷൻ വാങ്ങുന്ന 60 ലക്ഷം കുടുംബങ്ങളും 17 ലക്ഷം വരുന്ന തൊഴിലുറപ്പ് തൊഴിലാളികളും 80 ലക്ഷം വരുന്ന ഭക്ഷ്യക്കിറ്റ് കൈപ്പറ്റുന്ന ജനങ്ങളും ഈ ഗവൺമെന്റിനെ തിരിച്ചറിയുന്നുണ്ട്. 15 രൂപയ്ക്ക് 10 കിലോ അരി വാങ്ങാൻ പോകുന്ന 50 ലക്ഷം നീല/വെള്ള കാർഡുടമകൾ ഇത് തിരിച്ചറിയുന്നുണ്ട്. പൊതുവിദ്യാലയത്തിൽ മക്കളെ പഠിപ്പിക്കുന്ന ലക്ഷക്കണക്കിന് പാവപ്പെട്ടവരും പൊതുആരോഗ്യ കേന്ദ്രങ്ങളെ ആശ്രയിക്കുന്ന 60 ശതമാനത്തോളം

വരുന്ന പാവപ്പെട്ടവരും പാർപ്പിടരഹിതരായ നാല് ലക്ഷത്തോളം ആളുകളും കർഷക ക്ഷേമ പദ്ധതികളിലൂടെ ലക്ഷക്കണക്കിന് കർഷകരും ഈ ഗവൺമെന്റിന്റെ നന്മ തിരിച്ചറിയുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള സുരക്ഷ ഉറപ്പാക്കുന്ന, സ്ത്രീകൾക്ക് പ്രത്യേക പദ്ധതികൾ പ്രഖ്യാപിക്കുന്ന സ്ത്രീ-സൗഹൃദ ബഡ്ജറ്റിലൂടെ സ്ത്രീകളും സ്റ്റാർട്ടപ്പ് പ്രോത്സാഹനം, സ്കിൽ മിഷൻ, ഉന്നതവിദ്യാഭ്യാസ ശാക്തീകരണം, വൈജ്ഞാനിക മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടുള്ള തൊഴിലവസരങ്ങൾ, ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനങ്ങൾ, എല്ലാ വീട്ടിലും ലാപ്ടോപ്, കെ-ഫോൺ തുടങ്ങിയ നവീന പദ്ധതികളിലൂടെ പുതിയ തലമുറയും പൊതുമേഖലകളെയും പരമ്പരാഗത വ്യവസായങ്ങളെയും സംരക്ഷിക്കുന്ന നടപടികളിലൂടെ തൊഴിലാളി വർഗ്ഗവും ഈ ഗവൺമെന്റിനെ തിരിച്ചറിയുന്നുണ്ട്. ഈ വിശ്വാസവും സ്നേഹവും മായ്ച്ചുകളയാൻ യു.ഡി.എഫ്.-ന്റെയും ബി.ജെ.പി.-യുടെയും രാഷ്ട്രീയ നാടകങ്ങൾക്ക് കഴിയില്ല. എൽ.ഡി.എഫ്. ജനമനസ്സുകളിൽ ജീവിക്കുകയാണ്. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി വീണ്ടും കേരളത്തിൽ അധികാരത്തിൽ വരുമെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രമേയവും അതേത്തുടർന്നുണ്ടായ വാദകോലാഹലങ്ങളുമാണ് ഇന്ന് രാവിലെ മുതൽ ഇവിടെ കണ്ടത്. ഭരണഘടനയെപ്പോലും മാനിക്കില്ല, തങ്ങൾക്കെതിരായി ഏത് ഭരണഘടനാ സ്ഥാപനം സംസാരിച്ചാലും അവരെ കുരിശിലേറ്റുമെന്ന പ്രഖ്യാപനമാണ് ഈ പ്രമേയത്തിലൂടെ ഇന്ന് നിയമസഭയിലുണ്ടായത്. ഇതുതന്നെയാണ് കേന്ദ്രം ഭരിക്കുന്ന സർക്കാരും ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി തങ്ങൾക്കെതിരായി വിധി പ്രസ്താവിക്കുമ്പോൾ അതിനെതിരെ കൊഞ്ഞനം കുത്തുന്ന സമീപനമാണ് സ്വീകരിച്ചത്. ഓഡിറ്റ് റിപ്പോർട്ടുവയ്ക്കുന്നതിനു മുമ്പ് സർക്കാരിനെ കേൾക്കണമെന്ന വാദമാണ് ഇന്നത്തെ ചർച്ചകളിൽ നമ്മൾ കേട്ടത്. അങ്ങനെ എവിടെയാണ് പറഞ്ഞിട്ടുള്ളത്? അതിനിവിടെ അവർ ഉപോദ്ബലകമായി ചൂണ്ടിക്കാണിച്ചത് hear the other side, ഒരു സംഗതി പറയുമ്പോൾ മറുവശത്തെക്കൂടി കേൾക്കണമെന്നുള്ളതാണ്. നിയമത്തിൽ അത് ' Audi alteram partem' എന്നുപറയും. അതൊരു ഗ്രീക്ക് വാചകമാണ്. അതിൽ പറയുന്നത് ഈ സമയത്ത് കേൾക്കാനല്ല, ഇതിനുശേഷമാണ്. കുറ്റപത്രം സമർപ്പിക്കുന്നത് പ്രതിയോട് ചോദിച്ചിട്ടല്ല. അതുപോലെ കണക്കുകളിലെ പൊരുത്തക്കേടുകളും പിശകുകളും പോരായ്മകളും നിയമവിരുദ്ധതകളുമാണ് ഓഡിറ്റ് റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കപ്പെടുന്നത്. അതിനെയാണ് ഇവിടെ കരടാണെന്ന് പറഞ്ഞ് ഒറിജിനൽ പുറത്തുവിട്ട് ഭരണഘടനാ വിരുദ്ധത ധനകാര്യ വകുപ്പുമന്ത്രി പ്രകടിപ്പിച്ചത്. ഏതായാലും ചെയ്ത തെറ്റ് ചെയ്തുവെന്നുപറഞ്ഞ് അവസാനിപ്പിക്കാതെ ഇനിയും അതിനെതിരായുള്ള

അട്ടഹാസമാണ് സത്യത്തിൽ ഇന്ന് ഈ പ്രമേയത്തിലൂടെ നമ്മൾ കേട്ടത്. ഞങ്ങളുടെ നേതാവ് ഡോ. എം. കെ. മുനീർ പറഞ്ഞതുപോലെ ജനാധിപത്യത്തിലെ, ഭരണ ഘടനയുടെ ഒരു കറുത്തദിനമായി ഇതിനെ ഞങ്ങൾ കാണുകയാണ്. ബഡ്ജറ്റിനെ ക്കുറിച്ചാണ് വലിയ വാദകോലാഹലങ്ങൾ നടത്തിയത്. ഈ ബഡ്ജറ്റ് ഒരു ചാപിള്ളയല്ലേ; ഇതിന് ഒരു ദിവസത്തെ ആയുസ്സുണ്ടോ; ഇത് ഗർഭസ്ഥശിശു മരണപ്പെടുന്നതുപോലെയല്ലേ? ഫെബ്രുവരി പകുതിയാകുമ്പോൾത്തന്നെ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുമെന്നാണ് കേൾക്കുന്നത്. ഏപ്രിൽ 1 മുതലാണ് ഈ ബഡ്ജറ്റിന് ജീവൻ വയ്ക്കുന്നത്. ഏപ്രിലിൽ ഇവിടെ തെരഞ്ഞെടുപ്പാണ്. അതുകഴിഞ്ഞാണ് Code of Conduct തീരുന്നത്. മേയ് അവസാനത്തോടുകൂടി പുതിയ സർക്കാർ വരികയാണ്. ഒരു ദിവസംപോലും ജീവനില്ലാത്ത ഒരു ബഡ്ജറ്റിനെ സംബന്ധിച്ചാണ് വലിയ പ്രഖ്യാപനങ്ങൾ നടത്തുകയും അതിൽ ആശ്വാസംകൊണ്ട് എന്റെ അപ്പുറത്തിരിക്കുന്ന സ്നേഹിതന്മാർ ഇതിനുവേണ്ടി വാദിക്കുകയും ചെയ്യുന്നത്. ഗർഭത്തിലേ ജീവൻ പോയ ഒന്നിനെപ്പോലെയാണ് ഈ ബഡ്ജറ്റ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കിഫ്ബിയുടെ മഹത്വമാണ് ഇവിടെ പറഞ്ഞത്. കഴിഞ്ഞ കാലത്ത് ബഡ്ജറ്റിലൂടെ നടത്തിയ പ്രവൃത്തികളൊക്കെ ഇപ്രാവശ്യം കിഫ്ബി മുഖേനയാണ് നടത്തിയത്. എന്റെ മണ്ഡലത്തിൽ പ്രധാനമായും മൂന്ന് പ്രവൃത്തികളാണ് കിട്ടിയത്. 'ദാ ഇപ്പോൾ നടക്കും, ഇപ്പോൾ നടക്കും, ഇപ്പോൾ നടക്കും' എന്ന് ഈ അഞ്ചുകൊല്ലവും നാട്ടുകാരോട് പറഞ്ഞു. ഒന്നും നടന്നില്ല. പയ്യനടം റോഡ് കിഫ്ബി അധികാരികളുടെ ധാർഷ്ട്യം കൊണ്ട് പി.ഡബ്ല്യൂ.ഡി.-യുമായുള്ള തർക്കത്തെത്തുടർന്ന് നീണ്ടുപോയി, അവസാനം അടിയന്തരമായി പ്രവൃത്തി പൂർത്തിയാക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് പറയേണ്ടിവന്നു. എന്നിട്ടും പ്രശ്നം പരിഹരിച്ചിട്ടില്ല. അട്ടപ്പാടിയിലേയ്ക്കുള്ള റോഡിന്റെ ഡിസൈൻ ഇപ്പോഴും ശരിയായിട്ടില്ലെന്നാണ് പറയുന്നത്. എത്ര സമയമെടുത്തു? നാലഞ്ചു കൊല്ലമായി ഡിസൈൻ ശരിയാക്കിക്കൊണ്ടിരിക്കുകയാണ്. മറ്റൊന്ന്, മണ്ണാർക്കാട്-കോങ്ങാട്-ടിപ്പുസുൽത്താൻ റോഡാണ്. അതുപറയുമ്പോൾ ദിവസങ്ങ ൾക്കുമുമ്പ് വിടപറഞ്ഞ നമ്മുടെ സഹപ്രവർത്തകനും സുഹൃത്തുമായ കോങ്ങാട് എം.എൽ.എ. കെ. വി. വിജയദാസിനെ ഞാൻ അനുസ്മരിക്കുകയാണ്. അദ്ദേഹവും ഞാനും കൂടിയാണ് ആ റോഡിനുവേണ്ടി സ്ഥലം വിട്ടുകിട്ടാനും മറ്റുമുള്ള യോഗങ്ങൾ നടത്തിയത്. കാരണം അത് മണ്ണാർക്കാട്, കോങ്ങാട് മണ്ഡലങ്ങളിലായാണ് വരുന്നത്. ഇപ്പോഴുമത് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷന്റെ പൊസിഷനിൽ ഒരു മാറ്റവുമില്ലാതെ നിൽക്കുകയാണ്. ഒരു പ്രവൃത്തിയും എവിടെയും എത്തിയില്ല എന്നുള്ളതാണ്. മറ്റു സ്നേഹിതന്മാർ പറയുന്നത്, എല്ലായിടത്തും വളരെയധികം വർക്കുകൾ വരുന്നു വെന്നാണ്. ഈ സർക്കാരിന്റെ കാലത്ത് ചെലവും ധൂർത്തും വർദ്ധിക്കുകയാണ്. ഈ സമയത്തിനുള്ളിൽ സർക്കാർ പരസ്യത്തിനുമാത്രം 100 കോടി രൂപയാണ് പി.ആർ.ഡി. വഴി ഇവർ ചെലവഴിച്ചത്. ലോക്ക്ഡൗൺ സമയത്ത് എത്രയായിരുന്നു

പരസ്യങ്ങൾ? പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം വന്നപ്പോൾ അത് നിന്നെങ്കിലും ഇപ്പോൾ പുനരാരംഭിച്ചു. നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനം വരെ പരസ്യങ്ങൾ തുടർന്നുകൊണ്ടേയിരിക്കും. ഗ്രാമീണ റോഡിന്റെ ഉദ്ഘാടന ത്തിനുപോലും പരസ്യംകൊടുത്ത ഗവൺമെന്റാണിത്. അങ്ങനെ പരസ്യങ്ങളും മറ്റുമായി മുന്നോട്ടുപോകുകയാണ്. മറ്റൊരു കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, പോലീസ് ഓഫീസർമാർക്കിടയിൽ ഐ.പി.എസ്. കൺഫർ ചെയ്യേണ്ട നടപടി സർക്കാരിന്റെ അലംഭാവംമൂലം നിർത്തിവച്ചിരിക്കുകയാണ്. കൺഫർ ചെയ്യേണ്ട 52 തസ്തികകളിൽ 33 എണ്ണവും ഒഴിഞ്ഞുകിടക്കുകയാണ്. 2021 മേയ് ആകുമ്പോൾ ഇതിന്റെ എണ്ണം 45 ആയി വർദ്ധിക്കും. പല പോലീസുദ്യോഗസ്ഥരും അസ്വസ്ഥരാണ്. അവർ ഐ.പി.എസ്. കിട്ടാതെ റിട്ടയർ ചെയ്യേണ്ട സ്ഥിതിയിലേയ്ക്ക് പോകുകയാണ്. അതുകൊണ്ട് ഐ.പി.എസ്. കൺഫർ ചെയ്യുന്ന നടപടി, സർക്കാർ അലംഭാവം വെടിഞ്ഞ് നടപ്പിലാക്കണമെന്ന് ചൂണ്ടിക്കാണിക്കുകയാണ്.

ആർ.എസ്.എസ്.-ന് എതിരായി വലിയ വർത്തമാനം ഭരണപക്ഷത്തുനിന്ന് പറഞ്ഞപ്പോൾ 'ബഹറിൽ മുസല്ലയിട്ട് നമസ്കരിച്ചാലും ആർ.എസ്.എസ്.-നെ വിശ്വസിക്കില്ല' എന്നുപറഞ്ഞ സി. എച്ച്. മുഹമ്മദ്കോയയുടെ മകനാണ് താനെന്ന് ബഹുമാന്യനായ ഡോ. എം. കെ. മുനീർ പറയുകയുണ്ടായി. അപ്പോൾ അവിടെ നിന്ന് യുവതുർക്കികൾ വലിയ ബഹളമായിരുന്നു. അവർ പറഞ്ഞത് 'കോലീബി' ആണെന്നാണ്. ഇപ്പോഴും ആർ.എസ്.എസ്.-മായി അവിശുദ്ധ ബന്ധം കാത്തു സൂക്ഷിക്കുകയാണ് നമ്മുടെ നാട്ടിലെ സി.പി.ഐ.(എം). ആർ.എസ്.എസ്.-ന്റെ, ബി.ജെ.പി.-യുടെ ഒരു പഠനശിബിരം 140 അസംബ്ലി മണ്ഡലങ്ങളിലും നടക്കുന്നുണ്ട്. ഇവിടെ സി.പി.ഐ.(എം) തന്നെ തുടർന്ന് ഭരിക്കുന്നതാണ് ബി.ജെ.പി.-യുടെ വളർച്ചയ്ക്ക് നല്ലതെന്നാണ് അതിൽ അവർ അണികളോട് പ്രഖ്യാപിച്ചിട്ടുള്ളത്. അതാണ് ഇവർ തമ്മിലുള്ള അന്തർധാര. ചരിത്രം പറയുകയാണെങ്കിൽ അടിയന്തരാവസ്ഥ മുതലെടുക്കാം. ഇവിടെ തൃക്കരിപ്പൂരിൽ കെ. ജി. മാരാർ നിങ്ങളുടെ സ്ഥാനാർത്ഥി യായിരുന്നില്ലേ; ജനസംഘം അന്ന് നിങ്ങളുടെ കൂടെയായിരുന്നില്ലേ? 1600 വോട്ടിനാണ് കെ. ജി. മാരാർ തോറ്റത്. ഇപ്പോഴാണ് ശ്രീ. ഒ. രാജഗോപാൽ നിയമസഭയിൽ വന്നതെങ്കിൽ നിങ്ങൾ ചെയ്ത ആ പാതകംകൊണ്ട് എത്രയോ വർഷങ്ങൾക്കുമുമ്പ് ഒരു ആർ.എസ്.എസ്. പ്രതിനിധി ഈ സഭയിലെത്തുമായിരുന്നു. അന്ന് കൂത്തുപറമ്പിൽ ശ്രീ. പിണറായി വിജയന് ആർ.എസ്.എസ്.-ന്റെ വോട്ട് കിട്ടിയിട്ടില്ലേ; ആലത്തൂരിൽ നിങ്ങളുടെ വലിയ നേതാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് അന്ന് ജനസംഘത്തിന്റെ വോട്ട് സ്വീകരിച്ചിട്ടില്ലേ?

<u>ശ്രീ. സി. കെ. നാണു</u>: സർ, കെ. ജി. മാരാർ മത്സരിച്ചത് ഭാരതീയ ജനതാ പാർട്ടിയുടെ സ്ഥാനാർത്ഥിയായിട്ടാണ്. അന്ന് അടിയന്തരാവസ്ഥയ്ക്കെതിരായി ലയിച്ച ജനതാ പാർട്ടിയിലെ അംഗമെന്നുള്ള നിലയ്ക്കാണ് അദ്ദേഹം മത്സരിച്ചത്. പിന്നീട് അവർ വേറെ പോയി. വസ്തുത ഇദ്ദേഹത്തിന് അറിയണ്ടേ; അത് പറയാമല്ലോ.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇക്കാര്യം ഇവിടെ ഇതിനുമുമ്പ് ചർച്ച ചെയ്തിരുന്നു. അങ്ങും നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ഉൾപ്പെടെയുള്ളവർ സമ്മതിച്ചു. അന്ന് ഇന്ത്യയുടെ ജനാധിപത്യം അപകടത്തിലായിരുന്നു. അപ്പോൾ ഞങ്ങൾ ആർ.എസ്.എസ്.-മായും ജമാഅത്തെ ഇസ്‌ലാമിയുമായും കൂടിയിട്ടുണ്ട്. ഇടതുഭാഗത്ത് ജമാഅത്തെ ഇസ്‌ലാമിയും വലതുഭാഗത്ത് ആർ.എസ്.എസ്.-മായി അടിയന്തരാവസ്ഥയുടെ പേര് പറഞ്ഞ് അങ്ങനെ ചെയ്തത് നിങ്ങളാണ്. വി. പി. സിംഗിനെ മുന്നിൽ നിർത്തി രണ്ട് മെമ്പർമാരുണ്ടായിരുന്ന ബി.ജെ.പി.-യെ ഈ പരുവത്തിലെത്തിച്ചത് നിങ്ങളാണ്. അന്ധമായ കോൺഗ്രസ് വിരോധംകൊണ്ട് നിങ്ങൾ ചെയ്ത പ്രവൃത്തികൾ കാരണമാണ് ഇന്ന് രാജ്യം ഒരു ഫാസിസ്റ്റ് ഭരണത്തിലേയ്ക്ക് പോയത്. ഇപ്പോഴും നിങ്ങളും ബി.ജെ.പി.-യും വിളിക്കുന്ന മുദ്രാവാക്യം 'കോൺഗ്രസ് മുക്ത ഭാരത'മെന്നും നിങ്ങൾ ആഗ്രഹിക്കുന്നത് 'കോൺഗ്രസ് മുക്ത കേരളം' എന്നുമാണ്. എന്തിനേറെ, ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ 2017-ൽ ദീൻ ദയാൽ ഉപാദ്ധ്യായയുടെ ജന്മശതാബ്ദി ദിവസം കേരളത്തിലെ വിദ്യാലയങ്ങളിൽ നിങ്ങൾ പ്രത്യേക പരിപാടി നടത്തിയില്ലേ? ആർ.എസ്.എസ്.-ന്റെ അജണ്ട നടപ്പാക്കാൻ ബി.ജെ.പി. ഗവൺമെന്റ് വേണ്ട, സി.പി.ഐ.(എം.) ഗവൺമെന്റ് മതിയെന്ന് അന്ന് തെളിഞ്ഞതാണ്. മോഹൻ ഭഗവത് വെല്ലുവിളിച്ച് പോയിട്ടും ഒരു എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ നിങ്ങളെക്കൊണ്ട് കഴിഞ്ഞില്ല. ശ്രീ. അമിത് ഷാ കേന്ദ്ര മന്ത്രിയാകുന്നതിനുമുമ്പ്, പയ്യന്നൂരിൽ ജാഥ നടത്താൻ ചെമ്പട്ട് പരവതാനി വിരിച്ചുകൊടുത്തവരാണ് നിങ്ങൾ. നിങ്ങൾ തമ്മിലുള്ള അന്തർധാര സജീവമാണ്. പുറത്തുപറയുമ്പോൾ വലിയ ആർ.എസ്.എസ്. വിരോധം. എന്നാൽ നിങ്ങൾ പരസ്പരം സഹായിക്കുന്നവരാണ്. രണ്ടുകൂട്ടർക്കും പരസ്പര സഹായം ആവശ്യമാണ്. കേരളത്തിൽ നിങ്ങളുടെ തുടർ ഭരണമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നത് ബി.ജെ.പി. -യാണ്. അതാണ് ഞങ്ങൾ പറഞ്ഞത് നിങ്ങൾ 'ഒക്കചങ്ങാതി'മാരാണെന്ന്. നിങ്ങളുടെ താല്പര്യങ്ങൾ ഒന്നാണ്. എന്നിട്ട് അത് ഞങ്ങളുടെമേൽ ആരോപിക്കുന്നത് ശരിയല്ല എന്നുകൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ അനുകൂലിക്കുന്നു. എനിക്കുമുമ്പ് സംസാരിച്ചത് നന്നായി രാഷ്ട്രീയ കാര്യങ്ങൾ വിശദീകരിക്കുന്ന ആളാണ്. ഓരോ സാഹചര്യങ്ങൾ

ഇന്ത്യയിലുണ്ടായി. ഇന്ത്യയിൽ സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന ആളുകളും അഭിപ്രായം പറയുന്നവരും ജയിലിലായ ഒരു കാലമുണ്ടായിരുന്നു. അക്കാലത്ത് ഇന്ത്യൻ ജനാധിപത്യത്തെ രക്ഷിക്കാൻ എല്ലാവരും യോജിച്ചു. അതിനുശേഷം ഓരോരുത്തരും ഓരോ പാർട്ടിയായി. ഞങ്ങൾക്ക് ഭരിക്കാൻ സാധിച്ചില്ല, അത് വേറെ കാര്യം. ഇന്ത്യയിലെ ജനങ്ങൾ ഇന്ന് സ്വാതന്ത്ര്യത്തോടുകൂടിയാണ് രണ്ട് വാക്ക് പറയുന്നത് അടിയന്തരാവസ്ഥയ്ക്കെതിരായി മൊറാർജി ദേശായിയും അതുപോലുള്ള ദേശീയ നേതാക്കളുമൊക്കെ പോരാടി. അടിയന്തരാവസ്ഥയ്ക്കെതിരായുള്ള സമരകാലത്ത് ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ അറസ്റ്റ് ചെയ്ത് കൊണ്ടുപോയി കാൽ അടിച്ചുപൊട്ടിച്ചു. പല ആളുകളും ത്യാഗം ചെയ്തതും എത്രയോ പേർ ജീവനൊടുക്കിയതും അതിന്റെ ഭാഗമാണ്.

<u>ശ്രീ. പി. ഉണ്ണി:</u> സർ, ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളുടെയും ജീവൽപ്രശ്നങ്ങളിൽ ക്രിയാത്മകമായും സജീവമായും ഇടപെടുകയും അവരുടെ അതിജീവനത്തിന് എന്തൊക്കെ ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യുകയും ചെയ്ത ഒരു ജനകീയ സർക്കാരിന്റെ പ്രവർത്തനത്തിനാവശ്യമായ തുക വിനിയോഗിക്കാൻവേണ്ടിയാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ലിന്റെ ചർച്ചാവേളയിൽ ശ്രീ. എൻ. ഷംസുദ്ദീൻ കേരളത്തിന്റെ ചരിത്രം പറഞ്ഞു. ചരിത്രമെന്ന് പറയുന്നത് അപഹരിക്കാനും വികൃതപ്പെടുത്താനുമുള്ളതല്ല, അത് യാഥാർത്ഥ്യമാകണം. അതിനെ വികലപ്പെടുത്തിക്കൊണ്ട് അവതരിപ്പിക്കുന്നത് ക്രൂരതയാണ്, പൈശാചികമാണ്. കേരളത്തിന്റെ രാഷ്ട്രീയത്തിൽ ആർ.എസ്.എസ്.-ന്റെ വോട്ട് കിട്ടിയിട്ടേ ജയിക്കാൻ കഴിയുകയുള്ളൂവെങ്കിൽ ആ ജയം ഞങ്ങൾക്ക് വേണ്ടെന്നുപറഞ്ഞ ഏക രാഷ്ട്രീയ നേതാവാണ് ഏലംകുളം മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാട് എന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട്. തലശ്ശേരിയിൽ നടന്ന ഉപതെരഞ്ഞെടുപ്പിലാണ് അങ്ങനെ അദ്ദേഹം പറഞ്ഞത്. ശ്രീ. എൻ. ഷംസുദ്ദീന് അത് അറിയില്ലായിരിക്കും. ചരിത്രം പഠിച്ച് വേണം പ്രവചനം നടത്തേണ്ടത്. അപഹരിക്കാനുള്ളതല്ല നാടിന്റെ ചരിത്രം. ഇപ്പോൾ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ചെയ്യുന്നത് അതാണ്. രാജ്യത്തിന്റെ ചരിത്രം അപഹരിക്കുകയും വികൃതപ്പെടുത്തുകയുമാണ് അവർ. അതുപോലെ നമ്മുടെ നാടിന്റെ ചരിത്രം വികൃതപ്പെടുത്താൻ അനുവദിക്കരുതെന്ന അപേക്ഷയാണുള്ളത്. ലോകമാകെ വിറങ്ങലിച്ച് നിൽക്കുന്ന ഒരു പ്രത്യേക അന്തരീക്ഷം നമ്മുടെ രാജ്യത്തുമുണ്ടായി. അത് എല്ലാവരും അനുഭവിച്ചതായതുകൊണ്ട് പ്രത്യേകിച്ച് പറയേണ്ട ആവശ്യമില്ല. കോവിഡ് 19-ന്റെ ആരംഭഘട്ടത്തിൽ വളരെ ഭയപ്പാടോടെയും പരിഭ്രാന്തിയോടെയുമാണ് ഓരോരുത്തരും ജീവിച്ചത്. ജോലിക്ക് പോകാൻ നിവൃത്തിയില്ല. ഓട്ടോറിക്ഷക്കാരും

ടാക്സിക്കാരും മീൻ വിൽക്കുന്നവരും തെരുവ് കച്ചവടക്കാരും ചെറിയ കടകൾ നടത്തു ന്നവരുമൊക്കെ പ്രതിസന്ധിയിലാകുകയും രാജ്യമാകെ സ്തംഭിച്ച് നിൽക്കുകയും ചെയ്ത ഒരു സമയമാണ്. ജീവിക്കാൻവേണ്ടി എന്തുചെയ്യുമെന്ന പരിഭ്രാന്തിയോടെ ജനം നിൽക്കുമ്പോഴാണ് ഈ കേരളത്തിന്റെ മണ്ണിൽ ഒരു മനുഷ്യനും പട്ടിണി കിടന്ന് മരിക്കേണ്ടി വരില്ലെന്ന് മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ പ്രഖ്യാപിച്ചത്. ഇന്ത്യാ രാജ്യത്തെ ഇരുപത്തിയെട്ട് സംസ്ഥാനങ്ങളിലും കോവിഡിന്റെ ആക്രമണമുണ്ടായി. പക്ഷേ പട്ടിണി കിടന്ന് കോവിഡ് കാലഘട്ടത്തിൽ ഒരു പൗരനും മരിക്കേണ്ടി വരില്ലെന്ന് പ്രഖ്യാപിച്ച ഒരു മുഖ്യമന്ത്രിയേയുള്ളൂ, അത് കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനാണ്. ഏത് രാഷ്ട്രീയക്കാരനാണെങ്കിലും ഏത് കുടുംബമാണെങ്കിലും ഞങ്ങൾക്കൊരു രക്ഷിതാവുണ്ട്, ഞങ്ങളെ സംരക്ഷിക്കാൻ ഒരു ഭരണാധികാരിയുണ്ടെന്ന ആത്മവിശ്വാസത്തിലേയ്ക്ക് ജനങ്ങളെ നയിച്ച ഒരു നേതാവാണ് നമ്മുടെ മുഖ്യമന്ത്രി എന്നതാണ് പ്രത്യേകത. കേരളത്തിലെ ജനങ്ങൾ പട്ടിണി കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്താനായി പല പ്രദേശങ്ങളിലും സാമൂഹിക അടുക്കള ഏർപ്പാട് ചെയ്തു. വളരെ ഉത്സാഹത്തോടുകൂടി എല്ലാ രാഷ്ട്രീയപ്രവർത്തകരും അതിൽ സജീവമായി സഹകരിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. പട്ടിണിയകറ്റാനും പരിഭ്രാന്തിയില്ലാത്ത ഒരവസ്ഥയുണ്ടാക്കിയെടുക്കാനും സാമൂഹിക അടുക്കള പങ്കുവഹിച്ചു. എന്നുമാത്രമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ഈ ഘട്ടത്തിൽ നേതൃത്വപരമായ പങ്കുവഹിച്ച് ജനങ്ങളെ സംരക്ഷിച്ചു. അവരെ എത്ര പ്രശംസിച്ചാലും മതിയാകില്ലെന്നാണ് എന്റെ അഭിപ്രായം. നമ്മൾ ലോകത്തിനും രാജ്യത്തിനും മാതൃകയായിരുന്നു. എന്തായിരുന്നു നമ്മുടെ തൊഴിൽ മേഖലയുടെ അവസ്ഥ? വ്യവസായ സ്ഥാപനങ്ങളും തൊഴിൽ സ്ഥാപനങ്ങളുമെല്ലാം അടഞ്ഞു കിടക്കുകയായിരുന്നില്ലേ? രോഗം പടരാതിരിക്കാൻ ശ്രദ്ധിക്കണം, ജീവൻ നിലനിർത്താൻ ഭക്ഷണവും മറ്റും വേണം. യഥാർത്ഥത്തിൽ ജനം അന്തിച്ചുനിന്ന സമയമായിരുന്നു കോവിഡിന്റെ ആദ്യഘട്ടം. ഈ ഘട്ടത്തിൽ ജനങ്ങളുടെ ജീവൻ രക്ഷിക്കാൻ സഹായകരമായ പ്രഖ്യാപനങ്ങൾ നടത്തുകയും അവ പ്രായോഗികമാക്കുന്നതിനു വേണ്ടി ഭരണനേതൃത്വം ത്യാഗം സഹിക്കുകയും ചെയ്തു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഏർപ്പെടുത്തിയ 853 സാമൂഹിക ഹോട്ടലുകൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പാലക്കാട് ജില്ലയിൽ മാത്രം ഇത്തരത്തിലുള്ള 76 ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. 20 രൂപയ്ക്ക് ഭക്ഷണം കഴിക്കാവുന്ന ഹോട്ടലു കളാണവ. ഞാൻ എന്റെ മണ്ഡലത്തിൽ പോകുമ്പോൾ ഈ ഹോട്ടലുകളിൽനിന്ന് ചിലപ്പോഴൊക്കെ ഭക്ഷണം കഴിക്കാറുണ്ട്. ഇക്കാലത്ത് പ്രതിപക്ഷത്തുള്ള എന്റെ സുഹൃത്തുക്കളെ വിളറിപിടിപ്പിക്കുന്ന ഒരു പദമാണ് 'കിറ്റ് ' എന്നുപറയുന്നത്. അവർക്ക് 'കിറ്റ്' എന്നുകേട്ടാൽ രോഷം വരും. കിറ്റിലെ പപ്പടം കനലിലിട്ടാലും എണ്ണയിൽ കാച്ചിയാലും പൊള്ളി വരുന്നില്ല, ശർക്കരയ്ക്ക് മധുരമില്ല തുടങ്ങി എന്തൊ

ക്കെയായിരുന്ന ആക്ഷേപങ്ങൾ. ജനങ്ങളെ ആശ്വസിപ്പിക്കാൻ ഗവൺമെന്റ് കിറ്റ് കൊടുക്കുന്നുണ്ടല്ലോ എന്നുപറയുന്നതിനുപകരം അതിന്റെ കുറ്റങ്ങളും കുറവുകളും കണ്ടെത്താനായിരുന്നു ബി.ജെ.പി.-ക്കും യു.ഡി.എഫ്.-നും താല്പര്യം. പക്ഷേ ഇന്നും കിറ്റ് കൊടുത്തുകൊണ്ടിരിക്കുന്നു, അത് ആളുകൾ വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ട് എന്നുള്ളതാണ് സത്യം.

കേരളത്തിന്റെ നെല്ലറയാണ് പാലക്കാട്. പണ്ട് ഹൈസ്കൂളിൽ പഠിക്കുന്ന സമയത്ത് ഞാൻ അത്യാവശ്യം പാടത്ത് പണിയെടുക്കാൻ പോകുമായിരുന്നെങ്കിലും ഇപ്പോൾ കുറേക്കാലമായി അതിൽനിന്നും വിട്ടുനിൽക്കുകയായിരുന്നു. ഈ ഗവൺമെന്റ് കാർഷിക മേഖലയിൽ പുതിയ സംഭാവന ചെയ്തു. കൃഷി എന്നുപറയുന്നത് ചേറും ചെളിയും മാത്രം പുരളുന്ന ഒന്നല്ല, അതിൽ മനുഷ്യജീവന്റെ തുടിപ്പുണ്ടെന്ന് നമ്മളെ ഓർമ്മിപ്പിച്ചു. ഇപ്പോൾ സ്വന്തം വീട്ടിലെ പൂച്ചട്ടിയിൽപ്പോലും പച്ചക്കറി ഉല്പാദിപ്പിക്കുന്ന ഒരു സംസ്കാരത്തിലേയ്ക്ക് നമ്മൾ ചെന്നെത്തിയിരിക്കുകയാണ്. അതുപോലെതന്നെയാണ് കൊയ്ത്ത്. ഞാൻ കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായി വിത്ത് വിതയ്ക്കാനും ഞാറ് നടാനുമൊക്കെ പോകാറുണ്ട്. കഴിഞ്ഞ വർഷം ഞാൻനട്ട നെല്ല് കൊയ്യാൻ കൃഷി വകുപ്പുമന്ത്രിയായിരുന്നു വന്നത്. കോവിഡുമൂലം ആശുപത്രിയിലായിരുന്നതുകൊണ്ട് എനിക്ക് ചടങ്ങിൽ പങ്കെടുക്കാൻ സാധിച്ചില്ല. പക്ഷെ അദ്ദേഹം പങ്കെടുത്ത ആ കൊയ്ത്തുത്സവം ഗംഭീരമായാണ് നടന്നതെന്ന് പിന്നീട് അദ്ദേഹംതന്നെ എന്നെ വിളിച്ച് അറിയിക്കുകയുണ്ടായി. അങ്ങനെ പുതിയൊരു കാർഷിക സംസ്കാരത്തിലേയ്ക്ക് നമ്മൾ ചെന്നെത്തിയെന്നുള്ളത് ചെറിയൊരു കാര്യമല്ല. കൃഷിയുമായും അതിലെ ചേറും ചെളിയുമായും വളരെ അകലങ്ങളിൽനിന്ന് നോക്കിക്കാണുന്ന ഒരവസ്ഥയിൽനിന്നും മാറി അത് നമ്മുടെ നാടിന്റെ ജീവനാണെന്ന് മനസ്സിലാക്കുന്ന കാർഷിക സംസ്കാരത്തിലേയ്ക്ക് തിരിച്ചുപോകാനാവശ്യമായ ഒരു അന്തരീക്ഷം കേരളത്തിലുണ്ടാക്കിയിട്ടുണ്ട്. അതുമാത്രമല്ല, ഗവൺമെന്റ് കൈകാര്യം ചെയ്യുന്ന ഏത് വകുപ്പിനെക്കുറിച്ചാണ് ആക്ഷേപമുന്നയിക്കാനുള്ളത്? പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് പറയുകയാണെങ്കിൽ, എന്റെ നാട്ടിലെ ചിലർ പറയാറുണ്ട്, ഗ്രാമങ്ങളിൽ വെള്ളവരയിട്ട റോഡുകൾ കാണാൻ സാധിച്ചത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് എന്ന്. അല്ലെങ്കിൽ വെള്ളവരയിട്ട റോഡുകൾ കാണണമെങ്കിൽ പാലക്കാട് പട്ടണത്തിൽ പോകണം. ഗ്രാമങ്ങൾ നഗരവത്കരിക്കുന്ന ഒരവസ്ഥയിലാണ് നമ്മൾ ജീവിക്കുന്നത് എന്നുള്ളതുകൊണ്ടു തന്നെ ഏറ്റവും മനോഹരമായ, ഈടുള്ള, ഉറപ്പുള്ള റോഡുകളാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. അത് വരാൻ തുടങ്ങിയതും വന്നതും ഈ ഗവൺമെന്റിന്റെ പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. ജി. സുധാകരൻ മന്ത്രിയായ കാലഘട്ടത്തിലാണ്. ഏറ്റവും കൂടുതൽ ആക്ഷേപങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന ഒരു മന്ത്രിയാണല്ലോ നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി. പക്ഷെ ലോകമാകെ അവരെ പ്രശംസിക്കുകയാണ് ചെയ്യുന്നത്. അവർ നടത്തിയ ഓരോ പ്രവർത്തനവും ലോകം

ഉറ്റുനോക്കുകയാണെന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഈ സഭാസമ്മേളനം കഴിഞ്ഞാൽ നമ്മളെല്ലാവരും ഒരു പൊതുതെരഞ്ഞെടുപ്പിലേയ്ക്ക് പോകുകയാണ്. യു.ഡി.എഫ്.-നെ അനുകൂലിക്കുന്ന മാധ്യമങ്ങൾപ്പോലും ഒളിഞ്ഞും തെളിഞ്ഞും പറയുന്നത് കേരളത്തിൽ എൽ.ഡി.എഫ്. ഭരണത്തിന്റെ ആവർത്തനമായിരിക്കും അടുത്ത നിയമസഭാ തെരഞ്ഞെടുപ്പെന്നാണ്. ഇപ്പോൾ നമ്മുടെ ബഡ്ജറ്റിനെ സംബന്ധിച്ച് ധാരാളം അധിക്ഷേപങ്ങളൊക്കെ വന്നിരുന്നു. പക്ഷെ ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്ന, അവർ ഇഷ്ടപ്പെടുന്ന രീതിയിലുള്ള ഒരു ബഡ്ജറ്റാണിത് എന്നാണ് പൊതുവെ പറയുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അധിക്ഷേപിക്കുന്ന പത്രങ്ങൾക്കുപോലും ഈ ബഡ്ജറ്റിനെക്കുറിച്ച് ആക്ഷേപമുന്നയിക്കാൻ സാധ്യമായിട്ടില്ലെന്നത് എടുത്തുപറയേണ്ട കാര്യമാണ്.

ആരോഗ്യരംഗത്ത് പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും ആവശ്യത്തിന് ഡോക്ടർമാരെയും നഴ്സുമാരെയും നിയമിക്കുകയും ചെയ്തു. തമിഴ്നാട് എന്റെ വീടിന്റെ ഏറ്റവും അടുത്തുള്ള പ്രദേശമാണ്, 40-45 കിലോമീറ്റർ സഞ്ചരിച്ചാൽ കോയമ്പത്തൂരിലെത്തും. അവിടെ കോവിഡിന്റെ ആദ്യത്തെ പരിശോധനയായ ആന്റിജൻ ടെസ്റ്റ് നടത്തുന്നതിന് 600-ഉം 700-ഉം രൂപയാണ് ഈടാക്കുന്നത്. മറ്റ് ടെസ്റ്റുകൾക്ക് 2600 രൂപ വരെയുണ്ട്. ഞാൻ കോവിഡ് ബാധിതനായി 21 ദിവസം ആശുപത്രിയിലായിരുന്നു. പക്ഷെ എനിക്ക് ആകെ ചെലവായത് 5 രൂപയാണ്. എനിക്ക് മാത്രമല്ല, ആ വാർഡിൽ കിടന്നിരുന്ന സാധാരണക്കാരായ ആളുകൾക്കുപോലും സൗജന്യ ചികിത്സ, ഭക്ഷണം എന്നിവ ലഭിക്കുകയാണ്. ഇന്ന് ഞാൻ ടി.വി.-യിൽ കണ്ട ഒരു വാർത്ത തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജെ. ജയലളിതയുടെ പിൻഗാമിയായ ശ്രീമതി വി. കെ. ശശികല ചികിത്സയ്ക്കുവേണ്ടി കേരളത്തിലേയ്ക്ക് വരുന്നുവെന്നാണ്. വിശ്വാസയോഗ്യമായ ചികിത്സ ലഭിക്കുന്ന സ്ഥലം കേരളമാണെന്ന് പറഞ്ഞുകൊണ്ട് നിരവധിയാളുകൾ വിവിധ പ്രദേശങ്ങളിൽനിന്നും ഇവിടേയ്ക്ക് വരുന്നുണ്ട്. അതുപോലെ വൃദ്ധജനങ്ങളുടെ കാര്യം നോക്കുകയാണെങ്കിൽ, സ്വന്തം വീടുകളിൽ മക്കളിൽനിന്നും മരുമക്കളിൽനിന്നും കുടുംബാംഗങ്ങളിൽ നിന്നുമൊക്കെ ശാപവാക്കുകൾ മാത്രം കേട്ടുകൊണ്ട് ജീവിച്ചിരുന്ന വൃദ്ധതലമുറയ്ക്ക് ആശ്വാസം പകരാൻ സാധിച്ചത് ഈ ഗവൺമെന്റ് കൊടുക്കുന്ന ക്ഷേമ പെൻഷൻ വഴിയാണ്. അത് കയ്യിൽകിട്ടുന്ന സമയത്ത് മയിൽ പീലിവിടർത്തുന്നതുപോലെ നോട്ട് വിരിച്ചുപിടിച്ചുകൊണ്ട് പല്ലുകൾ കൊഴിഞ്ഞുപോയ വൃദ്ധന്മാർ ചിരിക്കുന്നത് കാണുന്നതന്നെ അഭിമാനം തോന്നുന്ന ഒന്നാണ്. അങ്ങനെ ഏത് വിഷയമെടുത്ത് നോക്കിയാലും ജനങ്ങൾക്ക് ആശ്വാസം പകരുന്ന ഒരു ഗവൺമെന്റാണിതെന്ന് എല്ലാവർക്കും അനുഭവത്തിലൂടെ വ്യക്തമായിട്ടുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല, എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ എതിർക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ കാളികാവ്, കരുവാരക്കുണ്ട്, ചോക്കാട് പഞ്ചായത്തുകൾ സൈലന്റ് വാലിയോട് അടുത്തുകിടക്കുന്ന പ്രദേശങ്ങളാണ്. ഇവിടെ പലപ്രാവശ്യം ചർച്ച ചെയ്ത ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട് അവിടെയുള്ള കർഷകരും ജനങ്ങളുമൊക്കെ വലിയ ആശങ്കയിലാണ്. കാരണം വനാതിർത്തിയോട് ചേർന്ന് ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളുമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ 0-1 കിലോമീറ്റർ മാത്രമാണ് ഇക്കോ സെൻസിറ്റീവ് സോണാക്കുന്നതിനുള്ള പ്രൊപ്പോസൽ കൊടുത്തിട്ടുള്ള തെന്നാണ് പറഞ്ഞത്. എന്റെ നിയോജകമണ്ഡലത്തിൽ 0-100 മീറ്റർ കൊടുത്താൽ പോലും ജനവാസ മേഖലയെ ബാധിക്കും. ഞാൻ ഇതിനോടകംതന്നെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുടെ മീറ്റിംഗുകൾ വിളിച്ചുചേർത്തിരുന്നു. അവരുടെ ഭാഗത്തുനിന്നും അനുകൂലമായ നിലപാടാണുണ്ടായത്. മാത്രമല്ല, കർഷകരുടെ യോഗങ്ങളും വിളിച്ചുകൂട്ടി അവരുടെ ആശങ്കകൾ പങ്കുവച്ചിരുന്നു. ഗവൺമെന്റ് കൊടുക്കുന്ന പ്രൊപ്പോസലിൽ വനാതിർത്തികഴിഞ്ഞ് പൂജ്യം മീറ്ററിൽത്തന്നെ നിർത്തി ഇക്കോ സെൻസിറ്റീവ് സോൺ വരുമ്പോഴുണ്ടാകുന്ന പ്രയാസങ്ങളിൽനിന്നും ഈ മേഖലയിലെ കർഷകരെ സംരക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജനവാസ മേഖലയും കൃഷിയിടങ്ങളും പൂർണ്ണമായും ഒഴിവാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഗവൺമെന്റ് നേരത്തെ കൊടുത്തത് 0-10 കിലോമീറ്ററായിരുന്നു. പിന്നീട് ആക്ഷേപങ്ങളുണ്ടായപ്പോഴാണ് 0-1 കിലോമീറ്ററാക്കിയത്. അതും നമ്മുടെയൊക്കെ പ്രദേശങ്ങളിൽ വളരെ വലിയ പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് തീർച്ചയായും അതിലൊരു ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

2021-22 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഗവൺമെന്റ് പാസ്സാക്കിയിരിക്കുകയാണ്. ആ തുക ചെലവഴിക്കാനുള്ള അംഗീകാരമാണ് ഇനി വേണ്ടത്. ഇതൊരു സാങ്കേതിക പ്രശ്നമാണ്. വോട്ട് ഓൺ അക്കൗണ്ടിലൂടെ ഈ ഗവൺമെന്റിന് ഒന്നും പാസ്സാക്കാൻ കഴിയില്ലെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. മൂന്ന് മാസക്കാലത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിക്കഴിഞ്ഞാലും ഗവൺമെന്റ് എത്രമാത്രം അത് പ്രാവർത്തികമാക്കുന്നുവെന്നുള്ളത് കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ബഡ്ജറ്റ് പരിശോധിച്ചാൽ മനസ്സിലാകും. സമയപരിമിതികൊണ്ട് ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ എല്ലാവരും പറയുന്ന ഈ ഗവൺമെന്റ് ഇവിടെ തേനും പാലും ഒഴുക്കിയെന്ന്. ഈ ഗവൺമെന്റിലെ മന്ത്രിമാരുടെ ഓരോ വകുപ്പിലേയ്ക്കും ഈ ബഡ്ജറ്റിലൂടെ പാസ്സാക്കിത്തന്ന പണം ഒരു സാമ്പത്തിക വർഷം കഴിയുമ്പോൾ എത്ര ശതമാനം ചെലവഴിച്ചുവെന്ന് മന്ത്രിമാർതന്നെ ഒന്നുപറഞ്ഞുതന്നാൽ ഇവിടെ തേനും പാലും ഒഴുക്കിയിട്ടില്ലെന്ന കാര്യം നമുക്ക് മനസ്സിലാകും. കാരണം, ബഡ്ജറ്റിൽ

പറയുന്ന കാര്യങ്ങൾ പറയാനല്ലാതെ നടപ്പാക്കാനുള്ളതല്ലെന്ന് തെളിയിച്ച മന്ത്രിയാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയെന്ന കാര്യത്തിൽ സംശയമില്ല. ഞാനത് ആലങ്കാരികമായി പറയുന്നതല്ല. ഇവിടെ രണ്ടാം സാമ്പത്തിക മാന്ദ്യവിരുദ്ധ പാക്കേജ് കൊണ്ടുവന്നിട്ട് 'ഞങ്ങൾ 50000 കോടി കൊണ്ടുവരുന്നു, അതുകൊണ്ട് മാർക്കറ്റിലേയ്ക്ക് പണം വരും, സാമ്പത്തിക മാന്ദ്യം പരിഹരിക്കാൻ സാധിക്കും' എന്നുപറഞ്ഞു. എന്നിട്ട് അഞ്ച് വർഷം കഴിഞ്ഞിട്ട് അങ്ങ് പറയുന്നു, '7000 കോടി രൂപ ചെലവഴിച്ചു, 7000 കോടി രൂപയാണ് മാർക്കറ്റിലേയ്ക്ക് വന്നത് എന്ന്. എന്ത് സാമ്പത്തിക മാന്ദ്യത്തെയാണ് ഈ തുകകൊണ്ട് നേരിടാൻ സാധിക്കുന്നത്? ഈ ബഡ്ജറ്റിലൂടെ അങ്ങ് പ്രഖ്യാപിച്ച പണത്തിന്റെ 70-75 ശതമാനമാണ് ഓരോ കൊല്ലം കഴിയുമ്പോഴും പാസ്സാകുന്നത്. അതുമുഴുവൻ കൊടുത്താൽത്തന്നെ ഈ 7000 കോടി രൂപയുടെ എത്രയോ ഇരട്ടിയുണ്ടാകുമായിരുന്നു. അപ്പോൾ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും അനുവദിക്കുന്ന ഫണ്ട് പരമാവധി കുറയ്ക്കുകയും ചെയ്തിട്ട് സാമ്പത്തിക മാന്ദ്യവിരുദ്ധ പാക്കേജെന്നുപറഞ്ഞ് 7000 കോടി രൂപ ഡെവലപ്മെന്റിനുവേണ്ടി കൊടുത്താൽ എങ്ങനെയാണ് സാമ്പത്തിക മാന്ദ്യത്തെ നമ്മൾ നേരിടുകയെന്ന് അങ്ങ് പറഞ്ഞുതരണം.

അങ്ങ് വന്നതിനുശേഷം പുതുക്കിയ ബഡ്ജറ്റ് കഴിഞ്ഞ് അവതരിപ്പിച്ച പ്രധാനപ്പെട്ട ബഡ്ജറ്റാണ് 2017-2018-ലേത്. പട്ടികജാതി വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായാണ് മുമ്പുള്ള ഗവൺമെന്റ് പണം കൊടുത്തിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് അതിനുവിരുദ്ധമായി അതിലേറെ പണം ചെലവഴിക്കുന്നുവെന്നാണ് അങ്ങ് പറഞ്ഞത്. 2021-2022-ലെ ബഡ്ജറ്റിലും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രസർക്കാരിൽനിന്നും വ്യത്യസ്തമായി പട്ടികവിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതത്തെക്കാൾ ഉയർന്ന നിരക്കിൽ ഉപപദ്ധതികൾക്ക് കേരളത്തിൽ പണം നീക്കി വയ്ക്കുന്നുണ്ടെന്നാണ് അങ്ങ് അവകാശപ്പെട്ടത്. ഇത് യഥാക്രമം പദ്ധതി അടങ്കലിന്റെ 9.8-ഉം 2.83-ഉം ശതമാനമാണ്. 2018-2019-ൽ 1570 കോടി രൂപയാണ് പട്ടികജാതി വികസന വകുപ്പിന് അങ്ങ് പ്രഖ്യാപിച്ചത്. പക്ഷെ നൽകിയത് വെറും 1162 കോടി രൂപയാണ്. പ്രഖ്യാപിച്ച പദ്ധതികൾക്ക് 400 കോടി രൂപ നൽകിയില്ല. 2019-2020-ൽ അങ്ങ് കൊടുത്തത് 1562 കോടി രൂപയാണ്. കേരളത്തിന്റെ ചരിത്രത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഏറ്റവും കുറഞ്ഞ പദ്ധതി വിഹിതം ചെലവഴിക്കൽ 2019-2020-ൽ ആയിരുന്നു. അത് വെറും 729 കോടി രൂപ. അതായത്, കേവലം 47% മാത്രം. പട്ടികജാതി വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ചെയ്തുവെന്ന് ഇവിടെ പ്രസംഗിച്ചു. എന്തെടുത്താണ് ചെയ്തതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. 47% ഒരു വർഷം ചെലവഴിച്ചുവെന്ന് പറഞ്ഞാൽ എത്ര കോടി രൂപയാണ് അങ്ങ് നഷ്ടപ്പെടുത്തിയതെന്ന് ബോധ്യമാണ്. ഇത്തരത്തിൽ ഒരുപാട്

കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. വീട് നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ബഹുമാന്യനായ സി. കെ. നാണുവിനോട് ഞാൻ പ്രത്യേകം നന്ദി പറയുകയാണ്. ഈ സഭ അവസാനിക്കുന്ന ദിവസമാണിന്ന്. ഇതുവരെ കെ. ജി. മാരാരെക്കുറിച്ചൊക്കെ വലിയ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു, പക്ഷെ കെ. ജി. മാരാർ മത്സരിച്ചത് ശരിയാണ്, അന്ന് അദ്ദേഹം ജനതാ പാർട്ടിയിലായിരുന്നു എന്ന് ശ്രീ. സി. കെ. നാണു ഇന്ന് പറഞ്ഞു. ജനതാ പാർട്ടിയിലാകുമ്പോൾ അദ്ദേഹം അതിനുമുമ്പ് എവിടെയായിരുന്നുവെന്ന് പറഞ്ഞില്ല. അദ്ദേഹം ജനസംഘത്തിന്റെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നേതാവായിരുന്നു. ജനസംഘം എന്തായിരുന്നുവെന്ന് ഞാൻ പറയേണ്ട കാര്യമില്ല. ജനസംഘമാണ് പിന്നീട് ബി.ജെ.പി. ആയി മാറിയത്. അതുകൊണ്ടുതന്നെ ഞങ്ങൾ സ്ഥിരമായി ഉന്നയിക്കുന്ന ബി.ജെ.പി.-സി.പി.ഐ.(എം) ബന്ധത്തിന്റെ ഏറ്റവും വലിയ ഉദാഹരണമായ കെ. ജി. മാരാർ എന്നോടൊപ്പം മത്സരിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങ് അംഗീകരിച്ചല്ലോ, അതിൽ വളരെ സന്തോഷം. അംഗീകരിക്കുന്നത് ഒരു മാന്യതയാണ്. സി.പി.ഐ.(എം) പാർട്ടി ഓഫീസിന്റെ പേര് എ.കെ.ജി. സെന്റർ എന്നും സി.പി.ഐ.-യുടെ ഓഫീസിന്റെ പേര് എം.എൻ. സ്മാരകം എന്നുമാണ്. ഞങ്ങളുടെ കോൺഗ്രസ് ഓഫീസിന്റെ പേര് ഇന്ദിരാ ഭവനെന്നാണ്. ബി.ജെ.പി.-യുടെ ഓഫീസിന്റെ പേര് മാരാർ മന്ദിരമെന്നാണ്. അതുകൊണ്ട് നിങ്ങൾ ഇനിയെങ്കിലും ഇത്തരത്തിലുള്ള പ്രചരണങ്ങൾ അവസാനിപ്പിക്കണം. അതുപോലെ ശ്രീ. എം. സ്വരാജ് സംസാരിച്ചപ്പോൾ പറഞ്ഞു കഴിഞ്ഞ പഞ്ചായത്ത് ഇലക്ഷനിൽ യു.ഡി.എഫ്., ജമാഅത്തെ ഇസ്ലാമിയുമായി ബന്ധമുണ്ടായിരുന്നു എന്ന്. ഇവർ പറയുന്നതിൽ എന്തെങ്കിലും ബന്ധമുണ്ടോയെന്ന് ഞാൻ പരിശോധിച്ചപ്പോൾ എനിക്ക് കുറച്ച് കാര്യങ്ങൾ മനസ്സിലായി. ആലപ്പുഴയിലെ അംഗങ്ങൾക്കറിയാം, ആലപ്പുഴ തിരുവല്ലൂർ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് ഓഫീസ് വാർഡിൽ യു.ഡി.എഫ്.-ന് കിട്ടിയത് 352 വോട്ടുകൾ, ഞങ്ങൾ തോറ്റു. 415 വോട്ടുകൾക്ക് ജയിച്ചത് ബി.ജെ.പി.-ആണ്. അവിടെ എൽ.ഡി.എഫ്.-ന്റെ വോട്ടുകൾ 5 ആണ്. എവിടെയാണ് എൽ.ഡി.എഫ്.-ന്റെ വോട്ട് പോയത്? അടുത്തത് തലശ്ശേരിയുടെ കാര്യം. തലശ്ശേരി അംഗം ഇവിടെയുണ്ടോയെന്ന് അറിയില്ല. കണ്ണൂർ തലശ്ശേരി മാടപ്പീടിക വാർഡ് യു.ഡി.എഫ്.-ന് കിട്ടിയത് 359 വോട്ടുകൾ, ഞങ്ങൾ ജയിച്ചു, പക്ഷെ അവിടെ എൽ.ഡി.എഫ്.-ന് കിട്ടിയത് 11 വോട്ടുകൾ, എസ്.ഡി.പി.ഐ.-യ്ക്ക് കിട്ടിയത് 290 വോട്ടുകൾ. നിങ്ങൾ മതേതരത്വത്തിനുവേണ്ടി പറയുമ്പോൾ എസ്.ഡി.പി.ഐ.-യ്ക്കും വെൽഫെയർ പാർട്ടിക്കും ബി.ജെ.പി.-ക്കുമെതിരായി പറയുമ്പോൾ ഞാൻ ഈ കണക്കുകളെടുത്ത് നോക്കുകയായിരുന്നു. ആലുവ മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ മനാ വാർഡിൽ

യു.ഡി.എഫ്.-ന് 236 വോട്ടും എൽ.ഡി.എഫ്.-ന് 14 വോട്ടും ബി.ജെ.പി.-ക്ക് 250 വോട്ടുകളുമാണ് ലഭിച്ചത്. അതുപോലെതന്നെ ലൈബ്രറി വാർഡിൽ യു.ഡി.എഫ്.-ന് 102 വോട്ട്, ഞങ്ങൾ തോറ്റു. ജയിച്ച ബി.ജെ.പി.-ക്ക് 126 വോട്ടും എൽ.ഡി.എഫ്-ന് 21 വോട്ടും കിട്ടി. ഇങ്ങനെ ഒരുപാട് കണക്കുകൾ നമ്മുടെ മുമ്പിലുണ്ട്. ഇതാണ് യാഥാർത്ഥ്യം. കഴിഞ്ഞ നവംബർ 11-നാണ് പഞ്ചായത്ത് പിരിച്ചുവിട്ടത് എന്നാണെന്റെ ഓർമ്മ. നവംബർ 11 വരെ ജമാഅത്തെ ഇസ്ലാമിക്ക് യാതൊരു കുഴപ്പവുമുണ്ടായിരുന്നില്ല. നവംബർ 11 കഴിഞ്ഞതിനുശേഷം ജമാഅത്തെ ഇസ്ലാമിയും വെൽഫെയർ പാർട്ടിയുമൊക്കെ നിങ്ങൾക്ക് നികൃഷ്ടമായി. ഞാൻ ഒരു പഴയ പത്രവാർത്ത വായിക്കാം.' ജമാഅത്തെ ഇസ്ലാമികളുമായി സംസാരിച്ചതിന് ചെന്നിത്തലയ്ക്ക് എന്തിന് വേവലാതി?-പിണറായി'. ജമാഅത്തെ ഇസ്ലാമിയുടെ നേതാക്കൾ വന്ന് കണ്ടതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഒരുകൂട്ടം നേതാക്കൾ മാന്യമായി ഞങ്ങളെ വന്നുകണ്ട് സംസാരിച്ചുവെന്നാണ്. അപ്പോൾ നിങ്ങളോട് സംസാരിച്ചാൽ മാന്യമായ സംസാരവും ഞങ്ങളോട് സംസാരിച്ചാൽ നികൃഷ്ടവുമാകുന്നതെന്താണെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. നിങ്ങൾ ഇങ്ങനെ ഇവിടെവന്ന് എത്ര ഉച്ചത്തിൽ പറഞ്ഞാലും യാഥാർത്ഥ്യം യാഥാർത്ഥ്യമായിത്തന്നെ നിലനിൽക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇത്തരത്തിലുള്ള അവിശുദ്ധ കൂട്ടുകെട്ടുകളുണ്ടാക്കിയിട്ടാണ് അല്പം മെച്ചപ്പെട്ട റിസൾട്ട് നിങ്ങൾക്കുണ്ടായത്. അത് ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. അത് ഈ നിയമസഭാ തെരഞ്ഞെടുപ്പിൽ ഏത് രീതിയിൽ നിങ്ങൾക്ക് തിരിച്ചടിയാകുമെന്ന് നിങ്ങളൊന്ന് മനസ്സിലാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ മലപ്പുറത്ത് നിന്നാണ് വരുന്നത്. അതിന്റെ തൊട്ടടുത്ത വാർഡായ മൈലപ്പുറത്ത് തെരഞ്ഞെടുപ്പ് പ്രചരണത്തിന് പോയപ്പോൾ സി.പി.ഐ.(എം) അല്ല ജമാഅത്തെ ഇസ്ലാമിയാണ് എതിരാളി. ഇത്തരത്തിലുള്ളൊരു ബന്ധം നിലനിർത്തുമ്പോൾത്തന്നെ നിങ്ങൾ പറയുന്നത് ഞങ്ങൾ ഇതിനൊക്കെ എതിരാണെന്നാണ്. നിങ്ങളോടൊപ്പം കൂടിയാൽ യാതൊരു പ്രശ്നവുമില്ല. ഇന്ന് സി.&എ.ജി. റിപ്പോർട്ടിനെപ്പറ്റി ചർച്ച ചെയ്തല്ലോ. പാമോലിൻ കേസുമായി ബന്ധപ്പെട്ട് 20 കൊല്ലമാണ് നിങ്ങൾ കെ. കരുണാകരനെ വേട്ടയാടിയത്. അന്ന് സി.&എ.ജി. റിപ്പോർട്ട് നിങ്ങൾക്ക് വിശുദ്ധ ഗ്രന്ഥമായിരുന്നു. 2 ജി സ്പെക്ട്രം വന്നപ്പോഴും നിങ്ങൾക്ക് അങ്ങനെയായിരുന്നു. കിഫ്ബിക്കെതിരെ പറഞ്ഞപ്പോൾ സി.&എ.ജി. റിപ്പോർട്ട് പാപത്തിന്റെ പുസ്തകമായി നിങ്ങൾ കാണുകയാണ്. നിങ്ങൾക്ക് അനുകൂലമായി കാര്യങ്ങൾ ചെയ്തില്ലെങ്കിൽ അധികാരവും ഭൂരിപക്ഷവും വച്ചുകൊണ്ട് എന്തും ചെയ്യാമെന്നുപറയുന്നത് ധിക്കാരത്തിന്റെ, അഹങ്കാരത്തിന്റെ രാഷ്ട്രീയമാണ്. അതുതന്നെയാണ് ശ്രീ. നരേന്ദ്ര മോദി ഇന്ന് ഡൽഹിയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. അധികാരംകൊണ്ട് എന്തും ചെയ്യാമെന്നവർ വിചാരിക്കുന്നു. ഈ ധിക്കാരവും ധാർഷ്ട്യവുമൊക്കെ വരാനിരിക്കുന്ന തെരഞ്ഞെടുപ്പ്

ചർച്ച ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സി.&എ.ജി. റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഇന്നലെ അങ്ങ് പറഞ്ഞപ്പോൾ എനിക്ക് ക്ലാരിറ്റി കിട്ടിയില്ല. ഇവിടെ പ്രധാനമായും രണ്ട് കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന്, ഡ്രാഫ്റ്റ് റിപ്പോർട്ടിൽ വരാത്ത കാര്യം എങ്ങനെ ഫൈനൽ റിപ്പോർട്ടിൽ വരുമെന്നുള്ളതാണ്. ഡ്രാഫ്റ്റ് റിപ്പോർട്ടിൽ വരാത്ത കാര്യം ഫൈനൽ റിപ്പോർട്ടിൽ വരുമെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞല്ലോ. കെ. കരുണാകരന്റെ പേര് ഡ്രാഫ്റ്റ് റിപ്പോർട്ടിലു ണ്ടായിരുന്നില്ല, ഫൈനൽ റിപ്പോർട്ടിലാണ് വന്നത്. ഇനി അതും മാറ്റിവയ്ക്കാം. ഡ്രാഫ്റ്റ് റിപ്പോർട്ടിലില്ലാത്ത കാര്യങ്ങൾ സ്വാഭാവികമായും സി.&എ.ജി.-ക്ക് പറയാം. ഭരണഘടനയുടെ ലംഘനമാണെങ്കിൽ അത് ഫൈനൽ റിപ്പോർട്ടിൽ ചൂണ്ടിക്കാണി ക്കാമെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതാണിവിടെ സി.&എ.ജി. ചെയ്തത്. രണ്ട്, കണ്ടിജന്റ് ലയബിലിറ്റിയുമായി ബന്ധപ്പെട്ട കാര്യമാണ്. എങ്ങനെ ഇത് കണ്ടിജന്റ് ലയബിലിറ്റിയുടെ പരിധിയിൽ വരുമെന്ന് അങ്ങ് ബോദ്ധ്യപ്പെടുത്തണം. പെട്രോൾ സെസ്സിലൂടെയും റോഡ് ഫണ്ട് ബോർഡിലൂടെയും കിട്ടുന്ന ഗവൺമെന്റിന്റെ പണം നമ്മുടെ ട്രഷറിയിൽനിന്നാണ് നമുക്ക് തിരിച്ചുനൽകുന്നത്. 60,000 കോടി രൂപ ധനകാര്യ സ്ഥാപനം കടമെടുക്കുമ്പോൾ ആരാണ് അവിടെ ജാമ്യക്കാരായി നിൽക്കുന്നത്? ഡയറക്ടർ ബോർഡ് അംഗങ്ങളാണോ; അതോ കേരള ഗവൺമെന്റാണോ? കേരള ഗവൺമെന്റാണ് ജാമ്യം നിൽക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അങ്ങനെ വരുമ്പോൾ ട്രഷറിയിൽനിന്ന് പണം കിഫ്ബിയിലേയ്ക്ക് പോകുകയും വായ്പയ്ക്ക് സംസ്ഥാന ഗവൺമെന്റ് ജാമ്യം നിൽക്കുകയും ചെയ്യുമ്പോൾ കണ്ടിജന്റ് ലയബിലിറ്റിയാണെന്ന് പറഞ്ഞാൽ സി.&എ.ജി. എന്നല്ല ആർക്കും അംഗീകരിക്കാൻ കഴിയില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് വഴിവിട്ട് ചെയ്യുന്ന കാര്യങ്ങൾക്ക് കാലം തിരിച്ചടി നൽകുമെന്നും നാളെ ഉത്തരം പറയേണ്ടി വരുമെന്നുംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ഈ വർഷത്തെ ബഡ്ജറ്റിംഗ് പ്രക്രിയ ഈ വോട്ട് ഓൺ അക്കൗണ്ടോടുകൂടി പര്യവസാനിക്കുകയാണ്. ഈ നിയമസഭയിലെ എന്റെ അവസാനത്തെ പ്രസംഗ മാണിത്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ബഡ്ജറ്റുകൾ പുതിയ എന്ത് ദിശയാണ് ഈ കേരള സംസ്ഥാനത്തിന് നൽകിയിട്ടുള്ളതെന്ന് വളരെ സംക്ഷിപ്തമായി പറയാൻ എന്നെ അനുവദിക്കണം. ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളോട് ചോദിച്ചാൽ അന്യാദൃശമായ ക്ഷേമാശ്വാസ പ്രവർത്തനങ്ങളാണെന്നാണ് അവർ പറയുക. പെൻഷൻ, ഭക്ഷ്യകിറ്റ്, സൗജന്യ കോവിഡ് പ്രവർത്തനങ്ങളെല്ലാം അതിൽ വരുന്നുണ്ട്. ഇന്നലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് പുതിയതു വല്ലതുമാണോ എന്നാണ്. അല്ല. നമ്മുടെ ഒരു പുനർവിതരണത്തിന്റെ പാരമ്പര്യമാണത്.

നാട്ടിലുണ്ടാകുന്ന സമ്പത്ത്, അത് ചുരുക്കം ചിലരിലേയ്ക്ക് കേന്ദ്രീകരിക്കാതെ മെച്ചപ്പെട്ട കൂലിയായി, ഭൂപരിഷ്കരണമായി, സർക്കാരിന് മുൻകയ്യുള്ള വിദ്യാഭ്യാസ-ആരോഗ്യക്ഷേമ സൗകര്യങ്ങളായി, എല്ലാവർക്കുമിടയിലും നീതിപൂർവ്വമായി വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. അതിൽ ഇടതുപക്ഷത്തിന്റെ മാത്രം പിന്തുണയാണെന്ന് പറയുന്നില്ല. പക്ഷേ. പ്രധാനപ്പെട്ടൊരു പങ്ക് ഇതിന്റെ നാഴികക്കല്ലുകളിൽ ഇടതുപക്ഷം വഹിച്ചിട്ടുണ്ട്. സമ്പത്ത് വർദ്ധിപ്പിക്കുന്നതിനെക്കാൾ, പണിയെടുക്കുന്നവന് നീതിപൂർവ്വമായ വിഹിതം വാങ്ങിക്കൊടുക്കുക എന്നുള്ളതാണ് ഇടതുപക്ഷത്തിന്റെ അടിസ്ഥാന പ്രമാണം എന്നുപറയുന്നത്. അവിടെയാണ് ഞങ്ങളുടെ പ്രവർത്തന കേന്ദ്രം. അത് സ്വാഭാവികമാണ്. പക്ഷേ ഈ സർക്കാരിന്റെ മികവ് അവിടെ ഒതുങ്ങുന്നില്ല. കേരളത്തിന്റെ ഈ അനുഭവം വിശ്വപ്രസിദ്ധമാണ്. ഇത്ര താഴ്ന്ന വരുമാന നിലവാരത്തിൽ ജനങ്ങളുടെ പ്രാഥമികാവശ്യങ്ങളൊക്കെ പൂർണ്ണമായി നിർവ്വഹിക്കാൻ കഴിയുന്നൊരു സംസ്ഥാനം, പുറത്തുള്ളവർക്ക് അതൊരു അത്ഭുതമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ കാലത്ത് നമ്മുടെ പ്രതിശീർഷ ഊർജ്ജോപഭോഗമെന്ന് പറയുന്നത് വളരെ താഴെയാണ്. അതുവച്ചാണ് നമ്മൾ വികസന രാജ്യങ്ങൾക്ക് സമാനമായ ജീവിതായുസ്സൊക്കെ കൈവരിക്കുന്നത്. അതുകൊണ്ട് കേരളം കൂടുതൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. പക്ഷേ ഈ മേൽക്കൂര നിൽക്കുന്നത് അതീവ ദുർബലമായ അടിത്തറയിലാണ്. പരമ്പരാഗത വ്യവസായങ്ങളും വളർച്ചമുറ്റിയ കെമിക്കൽ വ്യവസായങ്ങളും മറ്റും വളരെ പതുക്കെയാണ് വളരുന്നത്. ഇത്തരത്തിൽ വളരെ ദുർബലമായ സാമ്പത്തികാടിത്തറയാണുള്ളത്. ഈ അടിത്തറയ്ക്കൊരു പൊളിച്ചെഴുത്തുവേണം. എങ്കിൽമാത്രമേ ഈ ക്ഷേമനേട്ടങ്ങൾ സസ്റ്റെയിൻ ചെയ്യാൻ കഴിയൂ. അവിടെയാണ് ഒരു വലിയ കീറാമുട്ടി വരുന്നത്. നമ്മളിങ്ങനെ ഈ ചാലിലൂടെ നടന്നുനടന്ന് ശീലിച്ചുപോയി. Dependency എന്ന് ഡെവലപ്മെന്റ് ഇക്കണോമിക്സിൽ പറയും. ചിലർ QWERTY problem എന്നു പറയും. ടൈപ്പ് റൈറ്റിംഗ് പഠിക്കുമ്പോൾ Q,W,E,R,T,Y അങ്ങനെയാണല്ലോ പഠിക്കുന്നത്. അല്ലാതെ A,,B,C,D,E,F,G, എന്ന രീതിയിലല്ല. പണ്ട് ഇംഗ്ലീഷ് ഭാഷയിലെ ഈ അക്ഷര വിന്യാസമാണ് ഏറ്റവും എളുപ്പത്തിൽ ടൈപ്പ് ചെയ്യാൻ നല്ലതെന്നുതോന്നി ഉണ്ടാക്കിയതാണ്. ഇന്ന് പുതിയ ടൈം ആന്റ് മോഷൻ സ്റ്റഡീസിന്റെയൊക്കെ അടിസ്ഥാനത്തിൽ അങ്ങനെയല്ലെന്ന് എല്ലാവർക്കുമറിയാം. എന്നുവച്ച് നമുക്കത് പെട്ടെന്ന് മാറ്റാൻ കഴിയില്ല. കാരണം, എല്ലാ കമ്പ്യൂട്ടറിന്റെയും എല്ലാ ടൈപ്പ്റൈറ്ററിന്റെയും കീ ബോർഡുകൾ മാറ്റേണ്ടിവരും, അത് വലിയ ചെലവാണ്. അതുകൊണ്ട് ആ മാർഗ്ഗം നമ്മൾ അവലംബിക്കുകയാണ്. ഇതുപോലെ നമ്മുടെ വികസനാടിത്തറയിൽ ഒരു മാറ്റം വരുത്തേണ്ടതുണ്ട്. We are stucked. അതിൽനിന്ന് മാറണമെങ്കിൽ, കമ്പ്യൂട്ടറിന്റെ കീ ബോർഡ് മാറ്റാൻ, ലോകത്തുള്ള എല്ലാം മാറ്റാൻ വേണ്ടിവരുന്ന ചെലവ് ഭീമമായിരിക്കും. അതിനായി പശ്ചാത്തലസൗകര്യങ്ങളൊക്കെ ഒരുക്കേണ്ടിവരും. അങ്ങനെയൊക്കെ ചെയ്യാൻ

എവിടെയാണ് പണം? ക്ഷേമപ്രവർത്തനം കഴിഞ്ഞാൽ ബഡ്ജറ്റിൽ നിങ്ങൾ പറയുന്നതുപോലെ വേണ്ടത്ര പണമില്ല. അതിനൊരുത്തരം നൽകിയെന്നുള്ളതാണ് ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റിന്റെ സംഭാവന. അതാണ് കിഫ്ബി. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് പറഞ്ഞതാണെങ്കിലും ചെയ്യാനുള്ള ധൈര്യമുണ്ടായില്ല. പക്ഷേ ഇപ്പോഴത് ചെയ്തുകാണിച്ചു. വിചാരിച്ചതിനേക്കാൾ കൂടുതൽ സമയമെടുത്തിട്ടുണ്ട്. പക്ഷേ അത് ഇന്നൊരു യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് എനിക്ക് പറയാനുള്ളത്, ഇത് വേണ്ടെന്നുവയ്ക്കാൻ കഴിയില്ല എന്നാണ്. നിങ്ങൾക്ക് ഇത് വേണ്ട, ഇത് ഭരണഘടനാ വിരുദ്ധമാണെന്നൊക്കെ പ്രസംഗിച്ചാണ് ജനങ്ങളുടെയടുത്ത് പോകുന്നതെങ്കിൽ അത് വെറുതെയാകും. ലൈഫ് മിഷൻ വേണ്ടെന്ന് പറഞ്ഞത് വിഴുങ്ങിയോ? നാട്ടിലെ അന്തരീക്ഷം അതാണ്. ജനങ്ങൾക്ക് ഇതൊക്കെ വേണം, ഇതല്ലാതെ വേറെ മാർഗ്ഗമില്ല. കഴിയുമെങ്കിൽ നിങ്ങളൊരു മാർഗ്ഗം പറയൂ. ഞങ്ങൾ കൃത്യമായി ഒരു അജണ്ട വച്ചിരിക്കുകയാണ്. ഇനി ആര് എതിർത്താലും ഇതുമായി മുന്നോട്ടുപോകും. ഞാനിപ്പോൾ ശ്രീ. എ. പി. അനിൽ കുമാറിനോട് മറുപടി പറയുന്നില്ല. ആര് എതിർത്താലും ഞങ്ങൾ ഈ പാത തെരഞ്ഞെടുത്തിരിക്കുകയാണ്, ഇത് ചെയ്ത് മുന്നോട്ടുകൊണ്ടുപോകും. ജനങ്ങൾക്ക് ഞങ്ങൾ ഉറപ്പുനൽകുകയാണ് ഞങ്ങളിത് മുന്നോട്ടുകൊണ്ടുപോകും. 7000 കോടി രൂപയേ ചെലവായിട്ടുള്ളൂ. ഈ ഒരാഴ്ചയ്ക്കുള്ളിൽ 8000 കോടി രൂപയാകും. ഞാൻ ഉറപ്പ് പറയുന്നു, ഈ മാസം മാർച്ച് അവസാനിക്കുന്നതിനുമുമ്പ് 10,000 കോടി രൂപയുടെ മുകളിലാകും ചെലവ്. അടുത്ത വർഷം 15000 കോടി രൂപയാകും. കേരളം മാറുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതാണ് ഈ സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റിന്റെ പ്രാധാന്യം. അതുകഴിഞ്ഞ് വന്ന രണ്ട് ബഡ്ജറ്റുകളിലായി ചെയ്യാൻ പോകുന്ന കാര്യങ്ങളൊക്കെ പറഞ്ഞു. അത് നടപ്പാക്കി നീങ്ങുകയാണ്. ഇതല്ല പൊളിച്ചെഴുത്ത്. നമ്മുടെ സമ്പദ്ഘടനയുടെ ഉല്പാദന അടിത്തറ മാറണം. പരമ്പരാഗത വ്യവസായങ്ങൾ, കെമിക്കൽ വ്യവസായങ്ങൾ, വാണിജ്യ/കൃഷി മേഖലകൾ തുടങ്ങിയവയാണല്ലോ ഇപ്പോഴത്തെ അടിത്തറ. അതിൽനിന്നൊരു മാറ്റമുണ്ടാകേണ്ടതുണ്ട്. അതിന് എല്ലാവരുടേയും അംഗീകാരമുണ്ട്. നമുക്ക് വേണ്ടത് അനുയോജ്യ വ്യവസായങ്ങളാണ്. 40 വർഷം മുമ്പ് '8-ാം പദ്ധതി ചർച്ചകൾക്ക് ആമുഖം' എന്ന പുസ്തകത്തിൽ അനുയോജ്യ വ്യവസായം എന്നുപറഞ്ഞത് വിവാദമായി. ചില വ്യവസായങ്ങൾ വേണ്ടെന്ന് പറയുന്നതിന് തുല്യമാണെന്നെല്ലാം പറഞ്ഞു. ഇന്നിപ്പോൾ എല്ലാവരും അംഗീകരിക്കുന്നുണ്ട് അനുയോജ്യ വ്യവസായം എന്നത് നോളജ് ഇൻഡസ്ട്രീസാണ് എന്നുള്ളത്. എങ്ങനെ നമുക്ക് ഈ പരിവർത്തനം സാധ്യമാകും? അതിന് കൃത്യമായൊരു പരിപാടി ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നുണ്ട്. രണ്ട് ഇടപെടൽ രീതികളുണ്ട്. ഇന്നത്തെ ആഗോള തൊഴിൽ കമ്പോളത്തിന്റെ മാറ്റങ്ങളെ ഉപയോഗപ്പെടുത്തുക, കേരള ബ്രാൻഡിന്റെ ഇന്നത്തെ

ലോകാംഗീകാരം ഉപയോഗപ്പെടുത്തി അതിനുള്ള സ്കിൽ ട്രെയിനിംഗും മറ്റ് അനുബന്ധ കാര്യങ്ങളും ചെയ്യുക എന്നുള്ളതാണ്. പക്ഷേ അതിന്റെ കസ്റ്റമേഴ്സ്, തൊഴിലുറവകൾ കേരളത്തിന് പുറത്താണ്. ഇവിടെയിരുന്ന് ജോലി ചെയ്യുന്നുവെന്ന് മാത്രമേയുള്ളൂ. ആധുനിക വ്യവസായങ്ങൾ ഇവിടെ വേണം. അതിന് എത്ര നിർദ്ദേശങ്ങളാണ് പാക്കേജിൽ പറഞ്ഞിട്ടുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ എന്നെങ്കിലും ഇതുപോലൊരു വ്യവസായ പ്രോത്സാഹന പാക്കേജ് വച്ചിട്ടുണ്ടോ? അതുമാത്രമല്ല, ഇന്നവേഷൻസ്-അതിന്റെയടിസ്ഥാനത്തിൽ സ്റ്റാർട്ടപ്പ്, നോളജ് ഇൻഡസ്ട്രീസ് തുടങ്ങിയവയെല്ലാമുണ്ട്. ഇതിനായി നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയിലൊരു പൊളിച്ചെഴുത്ത്, കേരളത്തെ നോളജ് എക്കണോമിയിലേയ്ക്ക് പരിവർത്തനം ചെയ്യാനുള്ള കൃത്യമായൊരു പരിപാടി മുന്നോട്ടുവയ്ക്കുകയാണ്. സാമ്പത്തിക നീതിയിൽ മാത്രമല്ല, സാമ്പത്തിക വളർച്ചയിലും ഒന്നാമതായി കേരളം മാറുന്ന ദിനം വിദൂരമല്ല. പക്ഷേ, കിഫ്ബിയുടെ അറുപതിനായിരം കോടി രൂപയുടെ നിക്ഷേപം, നോളജ് ഇൻഡസ്ട്രീസ്, നമ്മുടെ സമൂഹത്തിലെ മുപ്പത് ശതമാനത്തിലേയ്ക്കാണ് അതിന്റെ ഇൻവെസ്റ്റ്മെന്റ് പോകുന്നത്. പ്രത്യക്ഷമായി അതിൽ ക്ഷേമപ്രവർത്തനങ്ങളില്ല, പശ്ചാത്തല സൗകര്യമേയുള്ളൂ. അതാണ് അടുത്ത തലമുറയ്ക്കും താല്പര്യമുള്ളത്. പക്ഷേ ഇന്നത്തെ പാവങ്ങൾക്ക് എന്താണുള്ളത്? അതുകൊണ്ടാണ് ഈ ബഡ്ജറ്റിൽ കാർഷിക സംസ്കരണ വ്യവസായങ്ങളുടെ അടിത്തറയിൽ ഉപജീവനത്തൊഴിലുകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്. അതിനൊരു ബൃഹത്തായ പരിപാടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. കേവല ദാരിദ്ര്യം ഇല്ലാതാക്കും. നാലോ അഞ്ചോ ലക്ഷം കുടുംബങ്ങൾക്കുള്ള മൈക്രോ പ്ലാനുകളുടെ അടിസ്ഥാനത്തിൽ അഞ്ച് വർഷംകൊണ്ട് കേരളത്തെ ദരിദ്രരില്ലാത്ത സംസ്ഥാനമാക്കി മാറ്റാം. അതാണ് പാവങ്ങളോടായി പറയാനുള്ളത്. നിങ്ങളുടെ ഉപജീവനത്തൊഴിലുകൾ സംരക്ഷിക്കും, ദാരിദ്ര്യം ഇല്ലാതാക്കും. ഇതാണ് ഹിസ്റ്റോറിക് കോംപ്രമൈസ്. നമ്മൾ നാളേയ്ക്കുവേണ്ടി അറുപതിനായിരം കോടി രൂപയുടെ നിക്ഷേപവും നോളജ് ഇൻഡസ്ട്രീസുമൊക്കെ ചെയ്യുമ്പോൾ നാട്ടിലെ സാധാരണക്കാരായ പാവപ്പെട്ടവർക്കും അതിൽ പങ്കുണ്ട്. ഈ ബഡ്ജറ്റിന്റെ കാതലാണ് കോംപ്രമൈസ്.

5.00 P.M.]

ഇതെല്ലാം ചെയ്യുമ്പോൾ കേരളം സ്ത്രീ സൗഹൃദമായിരിക്കണം. അതിനായി അതിക്രമങ്ങൾക്കെതിരായുള്ള കാമ്പയിൻ, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള പരിപാടി, പരിസ്ഥിതി സന്തുലനാവസ്ഥ അങ്ങനെ എത്ര സമഗ്രമായ കാഴ്ചപ്പാടാണ് ബഡ്ജറ്റിൽ വച്ചിരിക്കുന്നത്. അത് നടത്തിയോ; അങ്ങനെ ചെയ്തില്ലേ; ഇങ്ങനെ ചെയ്തില്ലേ എന്നൊക്കെ ചോദ്യമുണ്ട്. നമ്മൾ എന്തുചെയ്യുമ്പോഴും ഉദ്ദേശിച്ചതുപോലെ കാര്യങ്ങൾ നടന്നെന്നുവരില്ല. കേരളത്തിന്റെ ഭാവി വളർച്ചയ്ക്ക് വളരെ കൃത്യമായി രൂപരേഖ നൽകുകയാണ്. സാമ്പത്തിക വളർച്ചയും സാമ്പത്തിക

നീതിയും ഒരുമിച്ച് പോകുന്ന ഒരു പുതിയ ദിശ കേരളത്തിന് നൽകുകയാണ്. Be positive എന്നാണെനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറയാനുള്ളത്. ഞങ്ങൾ ഇങ്ങനെ പറഞ്ഞു, നിങ്ങൾക്കെന്താണ് പകരമായി പറയാനുള്ളത്? പറയാനുണ്ടാകും, പറയാൻ തയ്യാറാകുക. അതിനുശേഷം ജനങ്ങളുടെ അടുത്തേയ്ക്ക് പോകാം. ഇവിടെ പ്രഖ്യാപിച്ച പശ്ചാത്തല സൗകര്യങ്ങൾ മുഴുവൻ നടപ്പാക്കാനുള്ള കിഫ്ബി ഭരണഘടനാവിരുദ്ധമാണെങ്കിൽ നിങ്ങളതിനെ മുന്നോട്ടുകൊണ്ടുപോകുമോ; അതോ നിർത്തിവയ്ക്കുമോ; വേറെയെന്താണ് മാർഗ്ഗം? നിങ്ങളത് കൃത്യമായി പറയണം. അഭ്യസ്തവിദ്യരായ 50 ലക്ഷത്തോളം പേർ, പ്രത്യേകിച്ച് സ്ത്രീകൾ വീട്ടിലിരിക്കുന്നു. അവർക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടിയെ ഒരു ഭാവനാവിലാസമാണെന്ന് നിങ്ങൾ പറയുന്നു. എന്നാൽ നിങ്ങൾ ഭാവനയില്ലാത്ത വിലാസത്തിൽ ഒരു പരിപാടിയുണ്ടാക്കു. ഓരോരുത്തർക്കും 6000 രൂപ വീതം നൽകാൻ പോകുന്നുവെന്ന് നിങ്ങൾ പറഞ്ഞു. അതിനെയൊന്നും ഞാനിപ്പോൾ വിമർശിക്കുന്നില്ല. ഇവിടെ പറഞ്ഞ ദാരിദ്ര്യ നിർമ്മാർജ്ജനമാണോ 6000 രൂപയാണോ പ്രധാനപ്പെട്ടതെന്ന കാര്യം നമുക്ക് സംസാരിക്കാം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>):സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഞങ്ങളും അപ്പുറത്തിരുന്ന് ഭരിച്ചിട്ടുണ്ട്. കേരളത്തിൽ അധികാരത്തിൽ വന്ന വിവിധ ഗവൺമെന്റുകൾ നടപ്പാക്കിയ ക്ഷേമ പദ്ധതികളും വികസന പദ്ധതികളുംകൊണ്ടാണ് കേരളം പുരോഗതി പ്രാപിച്ചത്. അതിൽ നിങ്ങൾ നിങ്ങളുടേതായ റോൾ വഹിച്ചിട്ടുണ്ട്, ഞങ്ങൾ ഞങ്ങളുടേതായ റോളും വഹിച്ചിട്ടുണ്ട്. നിങ്ങൾക്കൊരവസരം ലഭിച്ചപ്പോൾ നിങ്ങൾ കുറേ കാര്യങ്ങൾ ചെയ്യുന്നു. അതിൽ ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുള്ള കാര്യങ്ങൾ ഞങ്ങൾ പറയാറുണ്ട്. We are always positive. We will not be negative. Why should we become negative? ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഞങ്ങൾ ജനങ്ങളോട് പറയും. ഞങ്ങളുടെ മാനിഫെസ്റ്റോയിലും അതിനുമുമ്പുള്ള ചർച്ചകളിലൂടെയും ഞങ്ങൾ ചെയ്യാൻ പോകുന്നത് ഇതാണെന്ന് കേരളത്തിലെ ജനങ്ങളെ അറിയിക്കും. അത് ജനങ്ങൾ ചർച്ച ചെയ്ത് ഒരു തീരുമാനമെടുക്കട്ടെ. അതിനെയാണ് ജനാധിപത്യമെന്ന് പറയുന്നത്. നിങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ സ്വീകരിച്ചതുപോലെയുള്ള സമീപനം ഞങ്ങൾ 5 വർഷം സ്വീകരിച്ചിട്ടില്ല. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഞങ്ങൾ കൺസ്ട്രക്ടീവായ ഒരു ഒപ്പോസിഷനായിത്തന്നെയാണ് പ്രവർത്തിച്ചിട്ടുള്ളത്. ഞങ്ങളൊരിക്കലും വിനാശകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയിട്ടില്ല. കേരളത്തിലാകെ ഒന്നോ രണ്ടോ ഹർത്താലുകൾ മാത്രമാണ് ഞങ്ങൾ നടത്തിയത്. കേരളത്തിന്റെ പൊതുമുതൽ ഞങ്ങൾ നശിപ്പിച്ചിട്ടില്ല, സഭാനാഥന്റെ ചെയർ ഞങ്ങൾ വലിച്ചെറിഞ്ഞിട്ടില്ല. Mr. Finance Minister, we are always positive, we will remain positive and our approach will be positive.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇല്ലാത്ത ശത്രുത ഇനി അങ്ങായിട്ട് ഉണ്ടാക്കണ്ട. ഈ നേട്ടങ്ങളാകെ ഇപ്പോൾ ഭരിക്കുന്ന ഇടതുപക്ഷ പാർട്ടികളുടേതാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞത്, ഇവിടത്തെ എല്ലാ പ്രസ്ഥാനങ്ങളുടെയും ഇടപെടലിന്റെ ഫലമായി അയ്യങ്കാളി മുതൽ ഇങ്ങോട്ടുള്ളവരുടെ പബ്ലിക് ആക്ഷന്റെ ഫലമായി വന്നിട്ടുള്ള കാര്യങ്ങളെക്കുറിച്ചാണ്. അതിൽ ഇടതുപക്ഷത്തിന് വളരെ നിർണ്ണായകമായ സ്ഥാനമുണ്ട്. ഭൂപരിഷ്കരണത്തിനുവേണ്ടിയുള്ള പ്രവർത്തനം, കൂലി വർദ്ധനവിനുവേണ്ടിയുള്ള പ്രവർത്തനം, ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ രൂപീകരണം, ഗ്രാമീണരെ സംഘടിപ്പിക്കൽ ഇവയിലൊക്കെ ഇടതുപക്ഷമായിരുന്നു മുന്നിൽ. അങ്ങനെയൊരു പ്രധാനപ്പെട്ട പങ്കുണ്ടെന്ന് പറഞ്ഞതല്ലാതെ കേരളത്തിലുണ്ടായ നേട്ടം മുഴുവൻ ഇടതുപക്ഷം കാരണമാണെന്ന് പറഞ്ഞില്ല. പക്ഷേ, കഴിഞ്ഞ ഒരു വർഷമായി നെഗറ്റീവ് രാഷ്ട്രീയമാണ് നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത്. അതിന്റെ വിലയാണ് നിങ്ങൾ കൊടുത്തത്. ജനങ്ങളെ സംബന്ധിച്ചിടത്തോളം കോവിഡ് പകർച്ചവ്യാധിയിൽ നിന്ന് എങ്ങനെ രക്ഷനേടാം, എന്ത് സമാശ്വാസം കിട്ടും എന്നുള്ളതായിരുന്നു പ്രധാനം. അന്നൊക്കെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചേർന്ന് പത്രസമ്മേളനങ്ങൾ നടത്തുമായിരുന്നു. രാഷ്ട്രീയ പാർട്ടികൾ ചർച്ച ചെയ്ത് എന്ത് വേണമെന്ന് പറയാറുണ്ടായിരുന്നു. താഴെത്തട്ടിൽ ചെയ്യേണ്ട കാര്യങ്ങളിൽ പകുതിയും യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമാണ് ചെയ്തുകൊണ്ടിരുന്നത്. അങ്ങനെയുള്ള ഒരു പോസിറ്റീവ് സമീപനമായിരുന്നു. പിന്നീട് എന്തോ സംഭവിച്ചു. എഷ്യാനെറ്റ് ന്യൂസ് പുറത്തുവിട്ട സർവ്വേ റിസൾട്ടിന്റെ ഫലമായിട്ടാണെന്നാണ് എനിക്ക് തോന്നുന്നത്. അന്നുമുതൽ ഇങ്ങോട്ട് കോവിഡ് പകർച്ചവ്യാധിക്കെതിരെയുള്ള ജാഗ്രതയെ എങ്ങനെയാണ് നിങ്ങൾ undermine ചെയ്തത്?

ശ്രീ. സണ്ണി ജോസഫ്: സർ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ പ്രതിപക്ഷമോ പ്രതിപക്ഷ നിയന്ത്രണത്തിലുള്ള ഏതെങ്കിലുമൊരു തദ്ദേശഭരണ സ്ഥാപനമോ ഏതെങ്കിലുമൊരു ജനപ്രതിനിധിയോ സർക്കാരിന്റെ ക്രിയാത്മക പ്രവർത്തനങ്ങളിൽ നിസ്സഹകരിച്ച ഏതെങ്കിലുമൊരു ഉദാഹരണം ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ സാധിക്കുമോ; എവിടെയാണ് തർക്കമുണ്ടായത്? ശ്രീ. വി. ഡി. സതീശനിവിടെ പറഞ്ഞതുപോലെ സ്വർണ്ണക്കള്ളക്കടത്ത് കേസും തർക്കങ്ങളും വന്നപ്പോഴാണ് പ്രശ്നമുണ്ടായത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അവസാന സമയത്ത് അങ്ങോട്ടുമിങ്ങോട്ടും ബഹളംവച്ച് പോകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തുകൾ പ്രവർത്തിച്ചില്ലെന്ന് ഞാൻ പറഞ്ഞതായി ടി.വി.-യിലോ പത്രത്തിലോ ഏതെങ്കിലും രേഖയിലോ വന്നിട്ടുണ്ടോ? നമ്മുടെ തദ്ദേശഭരണ

സ്ഥാപനങ്ങളിൽ പ്രത്യേക അന്തരീക്ഷമാണുള്ളത്. അവിടെ പ്രതിപക്ഷനേതാവില്ല. എല്ലാ പാർട്ടികൾക്കും പ്രൊപ്പോഷണേറ്റായി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻഷിപ്പെല്ലാം കിട്ടുന്നരീതിയിലുള്ള സംവിധാനമാണുള്ളത്. ഭരണ സമിതിക്ക് പുറത്ത് എല്ലാവർക്കും പങ്കെടുക്കാൻ പറ്റുന്ന അനേകം വേദികളുണ്ട്. ഇതിന്റെയെല്ലാം ഫലമായി, സംസ്ഥാന തലത്തിലേതുപോലെയല്ലാത്ത ഒരന്തരീക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളിലുണ്ട്. അത് കേരളത്തിന്റെ കരുത്താണ്. പക്ഷേ, നിങ്ങളുടെ രാഷ്ട്രീയ നേതൃത്വത്തിന്റെ പങ്കെന്താണ്? സ്പ്രിംഗ്ളർ, സ്വർണ്ണക്കടത്ത് തുടങ്ങിയ പ്രശ്നങ്ങളെക്കുറിച്ചൊക്കെ പറയുന്നതിന് ഒരു പരിധി വേണം. നിങ്ങളുടെ പരിപൂർണ്ണമായ നെഗറ്റീവ് രാഷ്ട്രീയം ഈ സഭയിലെത്തിയപ്പോൾ എന്തായി? നിങ്ങൾകൂടി പങ്കാളിയായ, നിങ്ങൾ ഭരിക്കുമ്പോൾ എടുത്തിട്ടുള്ള വായ്പയടക്കം ഭരണഘടനാവിരുദ്ധമാണ്, Article 293-യ്ക്കെതിരാണെന്ന് വാദിക്കുന്നതിലേക്കെത്തി. ശ്രീ. വി. ഡി. സതീശൻ പറഞ്ഞതു പോലെ ഇത് പി.എ.സി. നോക്കേണ്ടതല്ലേ, ഇങ്ങനെ വിമർശിക്കണമോ എന്നൊക്കെ നിങ്ങൾക്ക് പറയാം. ഒറ്റവാക്കിൽ പറഞ്ഞാൽ, നിങ്ങൾ സി.&എ.ജി.-യോട് യോജിക്കുന്നുവെന്നല്ലേ? അങ്ങനെയെങ്കിൽ നിങ്ങളുടെ ബദലെന്താണെന്ന് പറയേണ്ടി വരും.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങിവിടെ നോളജ് ഇൻഡസ്ട്രിയുടെ സാധ്യതയെപ്പറ്റി പറയുകയുണ്ടായി. അത് നല്ല കാര്യമാണ്. അങ്ങയുടെ പാർട്ടിക്കുണ്ടായ ഈ മാറ്റം സ്വാഗതാർഹമാണ്. എന്നാൽ, മൂന്ന് പതിറ്റാണ്ട് മുമ്പ് കേരളത്തിൽ ആദ്യമായി കമ്പ്യൂട്ടർ കൊണ്ടുവന്നപ്പോൾ അങ്ങയുടെ പാർട്ടിയാണ് കമ്പ്യൂട്ടർ തല്ലിപ്പൊട്ടിച്ചത്, സമരം നടത്തിയത്. നിങ്ങളുടെ നിലപാടാണ് കേരളത്തെ പിന്നോട്ട് കൊണ്ടു പോയത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കോഴിക്കോട് ശ്രീ. ഉമ്മൻ ചാണ്ടി കമ്പ്യൂട്ടർ വിരുദ്ധ സമരം ഉദ്ഘാടനം ചെയ്യുന്നതിന്റെ ഫോട്ടോ ഞാൻ കാണുകയുണ്ടായി. പക്ഷേ, മൂന്ന് പതിറ്റാണ്ട് മുമ്പത്തെ അവസ്ഥയല്ല ഇന്ന്. This is an idea, whose time has come. Internet Broadband Connectivity കേരളം മുഴുവനില്ലെങ്കിൽ, സ്കൂളുകൾ ഡിജിറ്റലൈസ് ചെയ്തില്ലെങ്കിൽ പിന്നെ എന്ത് knowledge society-യെക്കുറിച്ചാണ് നിങ്ങൾ പറയാൻ പോകുന്നത്? ട്രാൻസ്ഗ്രിഡും 'ദ്യുതി'യും കൂടി വരുമ്പോൾ assured electricity കേരളത്തിന്റെ ഏത് കോണിലും വരികയാണ്. ഗ്രേറ്റർ ബോംബെയുടെ വലിപ്പത്തിലുള്ള ഈ കേരളത്തിൽ എത്ര സുഗമമായ സഞ്ചാര സൗകര്യങ്ങളാണ് കിഫ്ബി പ്രോജക്ടുകൾവഴി വരുന്നത്. എന്തുകൊണ്ടാണ് നേരത്തെ ഇങ്ങനെ ചിന്തിക്കാൻ കഴിയാതിരുന്നത്, ഒരു മാസം കൂടിയല്ലേ ഭരണമുള്ളൂ, പോകാൻ നേരത്താണോ ഇത് ചെയ്യുന്നതെന്ന് ഇന്നും ചോദിക്കുകയുണ്ടായി. എത്ര മാസത്തേയ്ക്ക് എന്നുള്ളതല്ല, ഇടതുപക്ഷത്തിന്റെ ഒരു അജണ്ട, ഒരു ബദൽ ഇന്ന്

മുന്നോട്ട് വയ്ക്കുകയാണ്. ഇതുവരെയും ഞങ്ങളുടെ ബദൽ റീ-ഡിസ്ട്രിബ്യൂഷനിൽ ഊന്നി നിന്നിട്ടുള്ളതായിരുന്നു. ഡോ. രാജ് എന്നോട് ഒരു സെമിനാറിൽ വച്ച് പരസ്യമായി പറയുകയുണ്ടായി; 'നിങ്ങൾ ഇടതുപക്ഷക്കാർ അപ്പം വീതം വയ്ക്കാൻ മിടുക്കന്മാരാണ്. നിങ്ങൾ കൂലിയും ഭൂമിയും വിദ്യാഭ്യാസവുമെല്ലാം എല്ലാവർക്കും വാങ്ങിക്കൊടുത്തു. പക്ഷെ, നിങ്ങൾക്ക് അപ്പം ചുടാൻ അറിയില്ല' എന്ന്. ഇടതുപക്ഷത്തിന്റെ വീക്ക്നസ്സായി വളരെ ലിബറൽ ചിന്താഗതിക്കാർപോലും പറയുന്നൊരു കാര്യമാണത്. എന്നാൽ ഞങ്ങൾ ഇടതുപക്ഷത്തിന്റെ ഒരു ബദൽ ഇപ്പോൾ മുന്നോട്ടുവയ്ക്കുകയാണ്. നീതി മാത്രമല്ല വളർച്ചയുടെയും ഒരു അജണ്ട. അത് നിങ്ങളുടെ അജണ്ടയിൽ നിന്ന് വ്യത്യസ്തമാണ്. ഇന്ന് ബി.ജെ.പി ചെയ്യുന്ന സാമ്പത്തിക കാര്യങ്ങളെല്ലാം നിങ്ങൾ തുടങ്ങിവച്ചതല്ലേ; അത് യാഥാർത്ഥ്യമല്ലേ? അതിന് കാരണമുണ്ടെന്നെല്ലാം പറഞ്ഞോളൂ. ഇവിടെ അതിൽ നിന്ന് വ്യത്യസ്തമായൊരു ബദൽ നിങ്ങൾ മുന്നോട്ടുവയ്ക്കു, അതുമായി നമുക്ക് ജനങ്ങളുടെ അടുത്തേയ്ക്ക് പോകാം. ഇനി ഒരു മാസം കൂടിയല്ലേയുള്ളൂ, ഇപ്പോൾ എന്തിനാണ് ഇങ്ങനെയൊരു ബദൽ വയ്ക്കുന്നതെന്ന് നിങ്ങൾ ചോദിക്കും. ഇതുവരെ ഇത്രയും ചെയ്തിട്ടുണ്ട്, ബാക്കി ഇത്രയുംകൂടി ഇനി ചെയ്യുമെന്ന് ജനങ്ങളോട് പറയാനാണ് വയ്ക്കുന്നത്. അത് പറയാനുള്ള ക്രെഡിബിലിറ്റി അഞ്ച് വർഷംകൊണ്ട് ഞങ്ങൾ നേടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഈ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കി ത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ .......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ .......

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ .......

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ .......

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ .......

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ .......

(ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. ഡെപ്യൂട്ടി സ്പീക്കർ: ശബ്ദവോട്ടോടുകൂടി പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## (3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. പി. ഉബൈദുള്ള: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള നവോത്ഥാനത്തിന്റെ പിതാവും അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പ്രയോക്താവുമായിരുന്ന ശ്രീനാരായണഗുരുവിന്റെ പേരിൽ സംസ്ഥാനത്ത് ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിതമാകുമെന്ന് പറയുന്നത് ഏറെ സ്വാഗതാർഹമാണ്. ഇത് നേരത്തെ വേണ്ടതായിരുന്നു. എന്തിനുവേണ്ടിയാണ് ഈ സർക്കാരിന്റെ

അവസാന സമയത്തേക്ക് ഇത് മാറ്റിവച്ചതെന്ന് അറിയില്ല. വിദൂര വിദ്യാഭ്യാസം മാത്രമല്ല, വിദൂരത്തിരുന്ന് പഠിക്കാനുള്ള സാങ്കേതിക വിദ്യാഭ്യാസ സംവിധാനംകൂടി പ്രോത്സാഹിപ്പിക്കുന്നതാകണം പുതിയ യൂണിവേഴ്സിറ്റി. തുറന്ന അക്കാദമിക് നയം പിന്തുടരുന്നതോടൊപ്പം വേറിട്ട കോഴ്സുകൾ ഡിസൈൻ ചെയ്യുകയും വേണം. നിലവിലുള്ള വിദ്യാഭ്യാസ രീതിയെന്ന് പറയുന്നത് എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി, പി.ജി. എന്ന ക്രമത്തിലാണ്. പി.ജി. കഴിഞ്ഞ വിദ്യാർത്ഥികൾപോലും തൊഴിലിനുവേണ്ടി നെട്ടോട്ടമോടുകയാണ്. പി.ജി കഴിഞ്ഞവർക്ക് എന്തെങ്കിലും തൊഴിൽകൂടി ലഭ്യമാകുന്നതരത്തിലുള്ള ന്യൂജെൻ കോഴ്സുകൾ പുതിയ സർവ്വകലാശാലയിൽ കൊണ്ടുവരേണ്ടതുണ്ട്. ശ്രീനാരായണഗുരുവിന്റെ പേരിൽ ഓപ്പൺ യൂണിവേഴ്സിറ്റി തുടങ്ങുന്നത് നല്ല കാര്യമാണ്. അദ്ദേഹത്തിന്റെ ദർശനങ്ങൾ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും വേണ്ടിയുള്ള സംവിധാനങ്ങൾകൂടി ഉണ്ടാകണം. ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾക്ക് പ്രസക്തി വർദ്ധിച്ചുവരുന്ന കാലഘട്ടമാണിത്. എല്ലാ വിഭാഗം മനുഷ്യരെയും ഒന്നായി കാണുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സന്ദേശം. അദ്ദേഹത്തെക്കുറിച്ച് പുതിയ തലമുറയ്ക്ക് കൂടുതൽ പഠിക്കാൻ ഈ യൂണിവേഴ്സിറ്റിയിൽ സൗകര്യമൊരുക്കണം. ഗാന്ധിയൻ സ്റ്റഡീസിന്റെ മാതൃകയിൽ ശ്രീനാരായണഗുരുവിന്റെ ദർശനങ്ങൾക്കും പ്രവർത്തനങ്ങൾക്കും കേരളത്തിലും ലോകമെങ്ങും പ്രസക്തിയുണ്ടാക്കുന്ന തരത്തിലുള്ളൊരു കോഴ്സ് ഈ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ആരംഭിക്കേണ്ടതുണ്ട്. ബിരുദതലത്തിൽ നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിൽ ബിരുദാനന്തര തലത്തിലെങ്കിലും അത്തരമൊരു കോഴ്സുണ്ടാകേണ്ടത് അത്യാവശ്യമാണ്. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമായി' ഈ ഓപ്പൺ യൂണിവേഴ്സിറ്റി മാറണമെങ്കിൽ ശ്രീനാരായണ സ്റ്റഡീസിന്റെ കോഴ്സ് ആരംഭിക്കണം. ജാതിഭ്രാന്തിൽ നിന്ന് കേരളത്തെ വിമോചിപ്പിച്ച ഗുരുവിനോടുള്ള വർത്തമാനകാല കേരളത്തിന്റെ ആദരവായിരിക്കും അത്തരമൊരു കോഴ്സ്. ശ്രീനാരായണഗുരുവിന്റെ ജീവിതവും കൃതികളും, ഗുരുവിന്റെ ദർശനം കേരളീയ സമൂഹത്തിനുണ്ടാക്കിയ മാറ്റങ്ങൾ, ഗുരുവിന്റെ നവോത്ഥാന-വിദ്യാഭ്യാസ സങ്കൽപ്പം തുടങ്ങിയവ ഈ കോഴ്സിന്റെ കരിക്കുലത്തിന്റെ ഭാഗമാകണം. ഗുരുവിനെ അറിയുക മാത്രമല്ല ഗുരു വിഭാവനം ചെയ്ത സമൂഹത്തിന്റെ സൃഷ്ടികൂടി അതിലുണ്ടാകണം. ഗുരുവിന്റെ ദർശനങ്ങൾക്ക് വർത്തമാനകാല സമൂഹം നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഉത്തരം നൽകാനാകുമെന്നതിനാൽ ശ്രീനാരായണ സ്റ്റഡീസ് ഈ സർവ്വകലാശാലയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യമായി തീരേണ്ടതുണ്ട്. അത് കേവലമൊരു ചെയറിൽ ഒതുങ്ങിപ്പോകരുത്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി അധികൃതരും നമ്മുടെ സംസ്ഥാന സർക്കാരും ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കണം.

ശ്രീ. സി. മമ്മൂട്ടി: സർ, ഓപ്പൺ യൂണിവേഴ്സിറ്റി തുടങ്ങുമ്പോൾ, നിലവിൽ മറ്റ് യൂണിവേഴ്സിറ്റികളിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സുകൾ തുടരുമോയെന്ന് അറിയാമോ? തുടരുന്നില്ലെങ്കിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ ഓൺലൈൻ സംവിധാനത്തിലൂടെ നേരിട്ട് ക്ലാസുകൾ കേൾക്കാനാകും. നോട്ട് അയച്ചുകൊടുക്കുകയും വായിക്കുകയും ചെയ്യുന്ന രീതി പ്രായോഗികമല്ല. ഡിഗ്രിയും പി.ജി.-യും കഴിഞ്ഞ് ജോലിക്ക് അപേക്ഷിക്കുന്ന പലർക്കും വേണ്ടത്ര കോമ്പിറ്റൻസിയില്ല. ക്വാളിഫൈഡായവരെ കോമ്പിറ്റന്റാക്കുന്ന വിധത്തിൽ ഫിനിഷിംഗ് സ്കൂൾ സംവിധാനം ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ആരംഭിക്കണമെന്ന് അഭിപ്രായമില്ലേ?

ശ്രീ. പി. ഉബൈദുള്ള: സർ, പ്ലസ് ടു കഴിഞ്ഞ നമ്മുടെ കുട്ടികൾ ഡിഗ്രി പഠിക്കാനായി കോളേജുകളിൽ അപേക്ഷ കൊടുത്താൽ അഡ്മിഷൻ കിട്ടുന്നില്ല. റെഗുലർ കോളേജുകളിൽ ആവശ്യമായ സീറ്റുകളില്ലാത്തതാണ് ഇത്തരം വിദൂര വിദ്യാഭ്യാസത്തിന്റെ ആവശ്യകത വർദ്ധിപ്പിക്കുന്നത്. ബഹുമാനപ്പെട്ട സി. മമ്മൂട്ടി സൂചിപ്പിച്ചത്, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ രണ്ട് ലക്ഷത്തോളം വിദ്യാർത്ഥികൾ ഓപ്പണായി, പ്രൈവറ്റായി പഠിക്കുകയാണ്. ഓപ്പൺ യൂണിവേഴ്സിറ്റി വരുന്നതോടു കൂടി അത്തരം കുട്ടികൾക്ക് പാരലൽ കോളേജുകളിൽ ചേർന്ന് പഠിക്കുന്നതിനുള്ള സൗകര്യം ഇല്ലാതാകുമോയെന്ന സംശയം നിലനിൽക്കുകയാണ്, അതുകൂടി പരിഹരിക്കണം. ഓപ്പൺ സർവ്വകലാശാല ബില്ലിലെ വ്യവസ്ഥപ്രകാരം ഇതര സർവ്വകലാശാലയിലെ വിദൂര വിദ്യാഭ്യാസം പൂർണ്ണമായും നിർത്തലാക്കുന്നതോടെ പ്രധാന സർവ്വകലാശാലകളുടെ സാമ്പത്തിക നട്ടെല്ല് തകർക്കും. സർവ്വകലാശാലകൾക്ക് സ്വന്തമായി കണ്ടെത്താവുന്ന ഫണ്ടിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു വിദൂര വിദ്യാഭ്യാസ വിഭാഗം വഴിയുള്ള വരുമാനം. അഞ്ച് വർഷത്തിനിടെ കേരള, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾക്ക് ഈ ഇനത്തിൽ ആകെ വരുമാനം 127.9 കോടി രൂപയാണ്. നടത്തിപ്പ് ചെലവ് 63.23 കോടി രൂപ കഴിഞ്ഞാൽ 64.67 കോടി രൂപയാണ് മൂന്ന് സർവ്വകലാശാലകളുടെയും മിച്ചം. ഓപ്പൺ സർവ്വകലാശാല വരുന്നതോടെ മറ്റ് സർവ്വകലാശാലകളുടെ വരുമാനത്തിലുണ്ടാകുന്ന കുറവ് സർക്കാർ നികത്തണമെന്നാണ് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ ഡോ. ജെ. പ്രകാശ് അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളത്. അതുസംബന്ധിച്ച കാര്യങ്ങളൊന്നും ഈ ബില്ലിൽ പ്രതിപാദിച്ച് കാണുന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പുതിയ നീക്കത്തെ സ്വാഗതം ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്ത് പ്രൈവറ്റ് രജിസ്ട്രേഷനുണ്ട്. കോഴിക്കോട് യൂണിവേഴ്സിറ്റിയുടെയും കേരള യൂണിവേഴ്സിറ്റിയുടെയും ബി.എ., ബികോം കോഴ്സുകൾ പ്രൈവറ്റായി രജിസ്റ്റർ ചെയ്യാം. റെഗുലർ കുട്ടികൾക്ക് കിട്ടുന്നതുപോലെയുള്ള ഡിഗ്രി സർട്ടിഫിക്കറ്റാണ്

അവർക്കും കിട്ടുന്നത്. അത് നിർത്തലാക്കുമ്പോൾ, ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്ന് കിട്ടുന്ന ബി.എ., ബികോം സർട്ടിഫിക്കറ്റുകൾ തത്തുല്യമാണെന്ന് പറഞ്ഞാലും ജോലിക്കും മറ്റും പരിഗണിക്കുമ്പോൾ പൊതുയൂണിവേഴ്സിറ്റിയിൽനിന്ന് കിട്ടുന്ന റെഗുലർ സർട്ടിഫിക്കറ്റിന്റെ വാല്യു ഇതിന് കാണുന്നില്ല. അതുകൊണ്ട്, ഓപ്പൺ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത് പഠിക്കുന്നവർക്ക് അങ്ങനെയും മറ്റ് യൂണിവേഴ്സി റ്റികളിൽനിന്ന് പ്രൈവറ്റ് രജിസ്ട്രേഷനെടുക്കുന്നവർക്ക് ഇപ്പോഴുള്ളതുപോലെയും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള അവസരം നിലനിർത്തിക്കൊണ്ടുള്ള ക്രമീകരണമല്ലേ നല്ലത്?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ശ്രീ. എൻ. ഷംസുദ്ദീന്റെ ചോദ്യം വളരെ പ്രസക്തമാണ്. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റെഗുലർ സ്വഭാവത്തിൽ പഠനം പൂർത്തിയാക്കുന്നവർക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റുകളിൽനിന്ന് വ്യത്യസ്തമായി ഓപ്പൺ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന കുട്ടികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിൽ 'വിദൂര വിദ്യാഭ്യാസം' അല്ലെങ്കിൽ 'ഓപ്പൺ യൂണിവേഴ്സിറ്റിയെന്ന്' രേഖപ്പെടുത്തിയിട്ടു ണ്ടാകുമെന്നല്ലേ നിങ്ങൾ പറയുന്നത്? ഇത്തരം സർട്ടിഫിക്കറ്റുകൾ ജോലി സാധ്യതകളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്ന സംശയം നിലനിൽക്കുന്നുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഓപ്പൺ യൂണിവേഴ്സിറ്റിയെന്ന് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് കിട്ടിയാൽ GCC (Gulf Co-operation Council) രാഷ്ട്രങ്ങളിൽ ജോലി ലഭിക്കില്ലെന്നുള്ളതാണ് വസ്തുത. അങ്ങത് പരിശോധിക്കണം. സയൻസ് കോഴ്സുകൾകൂടി ഇതിന്റെ ഭാഗമായി തുടങ്ങുമെന്നും ഗവൺമെന്റ് കോളേജുകളുടെ ലാബുകളാണ് ഇതിനായി ഉപയോഗപ്പെടുത്തുന്നതെന്നും പറയുന്നുണ്ട്. അത് എത്രമാത്രം പ്രായോഗികമാണെന്നുകൂടി പരിശോധിക്കണം. കാരണം, ഗവൺമെന്റ് കോളേജുകളിൽ അക്കോമഡേഷനും മറ്റ് കാര്യങ്ങൾക്കുമായി പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്. കുട്ടികൾക്ക് ഇതൊക്കെ എത്രമാത്രം പ്രായോഗികമാകുമെന്ന് പരിശോധിക്കണം. ഇതിൽ സിൻഡിക്കേറ്റ്, സെനറ്റ്, അക്കാഡമിക് കൗൺസിൽ തുടങ്ങിയവയെ ക്കുറിച്ചെല്ലാം പറയുന്നുണ്ട്. ഇപ്പോൾത്തന്നെ കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ നിയമനം രാഷ്ട്രീയ അതിപ്രസരത്താൽ പരിതാപകരമായ അവസ്ഥയിലാണ്. താത്കാലിക നിയമനങ്ങൾ നടത്തുന്നതിന് സിൻഡിക്കേറ്റിനും സെനറ്റിനും പരിപൂർണ്ണമായ അധികാരം കൊടുക്കുന്ന അവസ്ഥയാണ് ഇതിന്റെ ഭേദഗതിയിൽ കാണാൻ കഴിയുന്നത്. ഇത് രാഷ്ട്രീയ അതിപ്രസരത്തിലേയ്ക്ക് യൂണിവേഴ്സിറ്റിയെ കൊണ്ടുപോകുന്ന, അതിന്റെ ഉദ്ദേശ്യശുദ്ധി താറുമാറാകുന്ന അവസ്ഥയിലായിരിക്കുമെന്ന കാര്യം താങ്കൾ പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നിവർ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് എനിക്കും ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ബേസിക്കലായി, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി എന്നുള്ളതിൽ 'ഓപ്പൺ' എന്നത് മാറ്റണം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും ഇതേ വിഷയമുണ്ടായിരുന്നു. ജി.സി.സി. രാജ്യങ്ങളിൽ ജോലിക്കുവേണ്ടി ഡിഗ്രി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ അതിന്റെ ജെനുവിനിറ്റി ചോദിക്കും. റെഗുലർ കോഴ്സ് കഴിഞ്ഞവർക്ക് മാത്രമേ ഡിഗ്രി അടിസ്ഥാനമാക്കിയുള്ള ജോലി ലഭിക്കുകയുള്ളൂ. സർട്ടിഫിക്കറ്റിൽ 'ഓപ്പൺ' അല്ലെങ്കിൽ 'ഡിസ്റ്റൻസ് എഡ്യൂക്കേഷൻ' എന്നുകണ്ടാൽ അവർക്ക് ജോലി നഷ്ടമാകും. അതുകൊണ്ട് ഓപ്പൺ യൂണിവേഴ്സിറ്റിയെന്ന പേര് മാറ്റണം. ഓപ്പൺ യൂണിവേഴ്സിറ്റി കൊടുക്കുന്ന സർട്ടിഫിക്കറ്റിന്റെ ടൈറ്റിലിൽ 'ഓപ്പൺ' എന്ന് രേഖപ്പെടുത്തിയാൽ ജോലി സാധ്യത നഷ്ടപ്പെടാനിടയുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ബേസിക്കലായി ഇതിന്റെ റെലവൻസ് പറഞ്ഞതിൽ തെറ്റിയിട്ടുണ്ട്. ഗ്ലോബൽ നീഡുണ്ടെന്ന് പറയുന്നത് പാർട്ട്ടൈം ജോലി ചെയ്യുന്ന ആളുകൾക്കാണ്. ഇന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, പ്ലസ് ടു കഴിഞ്ഞശേഷം ഉന്നതപഠനത്തിനുവേണ്ടി ഇതിനെ ആശ്രയിക്കുന്ന കുട്ടികളുണ്ടാകും. ഇതിന്റെ ഉദ്ദേശ്യകാരണങ്ങളിൽ അത് പറയുന്നില്ല. വി.സി.-യെ നിയമിച്ചതുമായി ബന്ധപ്പെട്ട് ഇവിടെ വലിയ വിവാദങ്ങളുണ്ടായി. ഇപ്പോൾ നിയമിതരായിരിക്കുന്ന വി.സി., പി.വി.സി., രജിസ്ട്രാർ അടക്കമുള്ളവർക്ക് യു.ജി.സി. നിഷ്കർഷിക്കുന്ന ക്വാളിഫിക്കേഷനില്ല. വി.സി. ആകണമെങ്കിൽ പത്ത് വർഷത്തെ പ്രൊഫസർഷിപ്പ് വേണമെന്ന് യു.ജി.സി. കൃത്യമായി പറയുന്നുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പി. ഉബൈദുള്ളയ്ക്ക് സംസാരിക്കാൻ അവസരം നൽകുു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഇത് ബില്ലിന്റെ ചർച്ചയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇടപെട്ട് ചോദ്യം ചോദിച്ചോളൂ.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ചോദ്യം ചോദിക്കുന്നതല്ല, ഒരു വസ്തുത പറയുന്നതാണ്. യു.ജി.സി. നിശ്ചയിച്ച ക്വാളിഫിക്കേഷനില്ലാത്തവരെ നിയമിച്ചാൽ യു.ജി.സി.-യുടെ അംഗീകാരം സർവ്വകലാശാലയ്ക്ക് കിട്ടുമോയെന്നുള്ളതാണ് അറിയേണ്ടത്. മാത്രമല്ല, സർവ്വകലാശാല തുടങ്ങുന്നതിന് പെർമിഷൻ വാങ്ങേണ്ടതുണ്ട്, അതുപോലും കിട്ടിയിട്ടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ദീർഘമായി സംസാരിക്കാതെ ചോദ്യം ചോദിക്കൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇത് ചോദ്യമല്ല. മേൽപ്പറഞ്ഞ കാര്യങ്ങൾ ഇദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടാത്ത മറ്റൊരു കാര്യം, കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ 30 അദ്ധ്യാപകരും 200-ൽപ്പരം ജീവനക്കാരുമടങ്ങുന്ന വലിയൊരു വിഭാഗം യൂണിവേഴ്സിറ്റിയുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കൈകാര്യം ചെയ്യുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹത്തിന് സംസാരിക്കാൻ അവസരം നൽകൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇതിന്റെ നീഡ് പറയുന്നിടത്ത് യു.ജി.സി. ഗ്രേഡ് ഇൻഡക്സിൽ 3.26 വേണമെന്ന് പറഞ്ഞത് ഇപ്പോൾ അങ്ങനെ വേണ്ട. മൂന്നോ അതിന് മുകളിലോ പോയിന്റുണ്ടെങ്കിൽ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ തുടങ്ങാം. കേരളാ യൂണിവേഴ്സിറ്റിയിലും കാലിക്കട്ട് യൂണിവേഴ്സിറ്റിയിലും തുടങ്ങാൻ പാടില്ലെന്നില്ല. മാത്രമല്ല, ഒരു യൂണിവേഴ്സിറ്റിക്കുകീഴിൽ എന്ത് കോഴ്സ് തുടങ്ങണമെന്നുള്ളത് ആ യൂണിവേഴ്സിറ്റിയാണ് തീരുമാനിക്കേണ്ടതെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുണ്ട്. ഇത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിലുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള, ദയവായി അങ്ങ് സംസാരിക്കൂ.

ശ്രീ. പി. ഉബൈദുള്ള: സർ, ഇത് ശ്രീനാരായണ ഗുരുദേവന്റെ പേരിലുള്ള ഓപ്പൺ യൂണിവേഴ്സിറ്റിയെ സംബന്ധിക്കുന്ന ചർച്ചയാണ്. വളരെ പ്രധാനപ്പെട്ട ഒരു വിഷയമായതിനാൽ എല്ലാ മെമ്പർമാർക്കും ഇടപെട്ട് സംസാരിക്കാനുള്ള അവസരം കൊടുക്കണം.

ശ്രീ. കെ. ബാബു: സർ, ചർച്ചയ്ക്കിടയിൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചോദിച്ച ഓപ്പൺ യൂണിവേഴ്സിറ്റിയാണെങ്കിലും ക്യാമ്പസുകളിലും സെനറ്റിലും സിൻഡിക്കേറ്റിലും രാഷ്ട്രീയ അതിപ്രസരമുണ്ടാകുന്നത് തടയാൻ പറ്റുമോയെന്ന്. വിദ്യാർത്ഥി സംഘടനാ രാഷ്ട്രീയ പ്രവർത്തനത്തിലൂടെ വളർന്നു വന്നിട്ടുള്ളവരാണ് ഇതിലെ 70-80 ശതമാനം വരുന്ന പ്രതിനിധികൾ. യഥാർത്ഥത്തിൽ വിദ്യാർത്ഥി സംഘടനാ രാഷ്ട്രീയമാണെങ്കിലും രാഷ്ട്രീയ കക്ഷികളെന്ന നിലയിൽ പ്രവർത്തിക്കുന്നവരിൽ നിന്നുള്ള പ്രതിനിധികൾ നിർബന്ധമായും സെനറ്റിലും സിൻഡിക്കേറ്റിലും ഉണ്ടാകണം. അതുണ്ടാകേണ്ട എന്ന തരത്തിലേയ്ക്കുള്ള പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ അഭിപ്രായത്തോട് ബഹുമാനപ്പെട്ട അംഗം യോജിക്കുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അങ്ങനെ സിൻഡിക്കേറ്റിലും സെനറ്റിലും രാഷ്ട്രീയതാല്പര്യമുള്ള ആളുകളെ നിയമിക്കേണ്ടെന്നല്ല പറഞ്ഞത്, അക്കാദമിക് തലത്തിലുള്ള ആളുകളാകണമെന്നാണ് ഉദ്ദേശിച്ചത്. ഒരു മാനദണ്ഡവുമില്ലാതെ സിൻഡിക്കേറ്റിന് താല്പര്യമുള്ള ആളുകളെ നിർദ്ദേശിച്ചാൽ അത് അംഗീകരിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന പ്രയാസത്തെക്കുറിച്ചാണ് പറഞ്ഞത്. അല്ലാതെ രാഷ്ട്രീയം പാടില്ലെന്നല്ല പറഞ്ഞത്.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. കെ. ബാബു എന്നിവർ പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. അതിനോടൊക്കെ ഞാൻ യോജിക്കുന്നു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ആദ്യം പറഞ്ഞത്, ഈ സർട്ടിഫിക്കറ്റിന് ജി.സി.സി. രാജ്യങ്ങളിൽ വില കിട്ടില്ലെന്നാണ്. ജി.സി.സി. രാജ്യങ്ങളിൽ മാത്രമല്ല, കേരളത്തിന് പുറത്ത് ഉന്നത വിദ്യാഭ്യാസ ത്തിനുപോലും ഈ സർട്ടിഫിക്കറ്റിന് വിലയില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതിനാൽ ഇത് വളരെ ഗുരുതരമായ വിഷയമാണ്. ഈ യൂണിവേഴ്സിറ്റിയുടെ ഏറ്റവും വലിയ പ്രത്യേകത എന്നുപറയുന്നത്, ശ്രീനാരായണ ഗുരുദേവന്റെ പേരിൽ യൂണിവേഴ്സിറ്റി സ്ഥാപിതമാകുന്നു എന്നതാണ്. ആ ഒരു നന്മ മാത്രമാണ് നമ്മൾ ഇതിൽ കാണുന്നത്. ഇതിന്റെ മറ്റുവശങ്ങളും ഘടനയും തെറ്റാണ്, അതിനാൽ വിശദമായ ചർച്ചയ്ക്ക് ഇത് വിധേയമാക്കേണ്ടതാണ്. 1995-ൽ ഇതുപോലെ ഓപ്പൺ യൂണിവേഴ്സിറ്റി കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ ഇത് നിലവിലെ സർവ്വകലാശാലകളുടെ സ്വഭാവം തകർക്കുമെന്ന് പറഞ്ഞത് ഇവരാണ്. പലപ്പോഴും ഇത്തരം കാര്യങ്ങളെക്കുറിച്ച് വൈകിയാണ് അവർക്ക് ബോധ്യമുണ്ടാകുന്നത്. കമ്പ്യൂട്ടറൈസേഷൻ വന്നപ്പോഴും ട്രാക്ടർ വന്നപ്പോഴുമൊക്കെ വൈകിയാണല്ലോ അംഗീകരിച്ചത്. ഏതായാലും ഇപ്പോൾ ശ്രീനാരായണഗുരു ദേവന്റെ പേരിൽ ഇങ്ങനെയൊരു യൂണിവേഴ്സിറ്റി വരുന്നത് നല്ല കാര്യമാണ്. അത് പ്രൈവറ്റായി പഠിച്ചുകൊണ്ടിരിക്കുന്ന മറ്റു കുട്ടികളെ ദോഷകരമായി ബാധിക്കാതിരിക്കാനുള്ള ശ്രമമുണ്ടാകണം. മറ്റ് സംസ്ഥാനങ്ങളിൽ ഉന്നത വിദ്യാ ഭ്യാസത്തിനു പോകാൻ ഈ സർട്ടിഫിക്കറ്റ് പ്രയോജനപ്പെടണം. അതുപോലെ ജി.സി.സി. രാജ്യങ്ങളുൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടിപ്പോ കുമ്പോഴും ഈ സർട്ടിഫിക്കറ്റ് പ്രയോജനപ്പെടുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ മാറ്റിയെടുക്കാൻ കഴിയണം. യൂണിവേഴ്സിറ്റികൾ പലപ്പോഴും വിവാദകേന്ദ്രങ്ങളാണ്. പിൻവാതിൽ നിയമനം നടത്താൻവേണ്ടി യൂണിവേഴ്സിറ്റിയുണ്ടാക്കുന്ന രീതിയിലേയ്ക്ക് പോകാൻ പാടില്ല. എല്ലാ കോഴ്സുകളും കഴിഞ്ഞ് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കേണ്ട അവസരംപോലും പലപ്പോഴും നിഷേധിക്കപ്പെടുകയാണ്. യൂണിവേഴ്സിറ്റികളിലൊക്കെ പിൻവാതിൽ നിയമനം നടക്കുന്നുവെന്ന പരാതി വ്യാപകമാണ്. ശ്രീനാരായണ ഗുരുദേവന്റെ പേരിലുള്ള ഈ യൂണിവേഴ്സിറ്റിയിലെങ്കിലും അത്തരം പരാതിക്കിടവരാത്തവിധം സുതാര്യമായി നിയമനവും മറ്റുകാര്യങ്ങളും നടക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, യു.ഡി.എഫ്.-ന്റെ കഴിഞ്ഞ ഭരണ കാലത്ത് പതിമൂവായിരത്തോളം ആളുകളെയാണ് പിൻവാതിലിലൂടെ നിയമിച്ചത്. അതിന് വ്യക്തമായ രേഖയും പത്രവാർത്തയുമൊക്കെയുണ്ട്, വേണമെങ്കിൽ ഞാൻ കാണിക്കാം. ഓപ്പൺ ലേണിംഗിന്റെ പഴയ കൺസെപ്റ്റ് മാറിയിട്ടുണ്ട്. പഴയ

ഡിസ്റ്റൻസ് എഡ്യൂക്കേഷൻ എന്നതിൽനിന്നും മാറി lifelong learn ചെയ്യാൻ പറ്റുന്ന, അതായത് കൂടുതൽ ഫ്ലക്സിബിളും ഓപ്പണുമായ എഡ്യൂക്കേഷൻ ഓപ്പർച്യൂണിറ്റി എന്ന നിലയ്ക്കാണ് ഇപ്പോൾ ഓപ്പൺ യൂണിവേഴ്സിറ്റികളെ കാണുന്നത്. Knowledge based ആയിട്ടുള്ള ഒരു സൊസൈറ്റിയെ ഡെവലപ് ചെയ്യണമെങ്കിൽ റിസോഴ്സ് അത്രയും ഫ്ലക്സിബിളായിരിക്കണം. ലൊക്കേഷൻ, ടൈം എന്നിവ പ്രശ്നമല്ല. പഠിക്കുന്ന കണ്ടന്റ്, അത് പഠിക്കാനുള്ള സാഹചര്യം എന്നിവയാണ് ഇന്ന് ലോകത്ത് ഏറ്റവും പ്രധാനമായിട്ടുള്ളത്. അതുകൊണ്ട് 'ഓപ്പൺ' എന്നുള്ള പേര് പുതിയ ഡെഫിനിഷനിൽ അത്ര പ്രശ്നമല്ലെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വി.സി., പി.വി.സി., രജിസ്ട്രാർ നിയമനം കഴിഞ്ഞപ്പോൾ ഇവർക്ക് യു.ജി.സി. നിഷ്കർഷിച്ച യോഗ്യതയില്ലെന്ന രീതിയിൽ ചിലർ കേസിന് പോയിരുന്നു. എന്നാൽ അവർ അവസാനം കേസ് പിൻവലിച്ച് പോയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. ശ്രീ. മുഹമ്മദ് മുഹസിൻ പി., പറഞ്ഞത് യു.ഡി.എഫ്.-ന്റെ കാലത്ത് പതിമൂവായിരം പിൻവാതിൽ നിയമനം നടന്നുവെന്നാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഒരു നിയമനവും നടന്നിട്ടില്ല. മാത്രമല്ല, ഇപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ പിൻവാതിൽ നിയമനം നടന്നു കൊണ്ടിരിക്കുകയാണ്. 2013-ലെ യു.ഡി.എഫ്.-ന്റെ സിൻഡിക്കേറ്റ് നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനങ്ങളൊക്കെ പി.എസ്.സി.-ക്ക് വിട്ടുകൊടുത്തിട്ടുണ്ട്. അതുപോലും വകവയ്ക്കാതെയാണ് ഇപ്പോൾ നിയമനം നടത്തിക്കൊണ്ടിരിക്കുന്നത്. അത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഇവിടെ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞത് ഈ ഓർഡിനൻസിനെതിരായി കോടതിയിൽ പോയെന്നാണ്. അതിന്റെ വേറെ വിവാദങ്ങളിലേയ്ക്കൊന്നും പോകേണ്ട. അത് പി.വി.സി. നിയമനവുമായി ബന്ധപ്പെട്ട ചെറിയ വിവാദമാണ്. ഞാൻ പറഞ്ഞത് ഈ ഓഡിനൻസിനെതിരെ പത്തനംതിട്ടയിലെ പാരലൽ കോളേജിലെ വിദ്യാർത്ഥികൾ കോടതിയിൽ പോയിരുന്നു. ഇതൊക്കെ പാരലൽ കോളേജുകളെ പ്രതികൂലമായി ബാധിക്കുമെന്നതിനാലാണ് അവർ കോടതിയിൽ പോയത്. ആ സ്റ്റേ ഇപ്പോൾ നിലനിൽക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. ശ്രീ. കെ. ബാബു വിദ്യാർത്ഥി സംഘടനാ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞു. ഈ സഭയിലെ മഹാഭൂരിപക്ഷം ആളുകളും യൂണിവേഴ്സിറ്റി യൂണിയന്റെ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ടവരാണ്. യൂണിവേഴ്സിറ്റി സെനറ്റിൽ വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം നൽകിയത് സി. എച്ച്. മുഹമ്മദ് കോയ സാഹിബ്

കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രിയായിരിക്കുമ്പോഴാണ്. ഞാൻ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഒരു പരിപാടിയിൽ പ്രസംഗിച്ചത് കേട്ടിട്ടുണ്ട്. അദ്ദേഹം പറഞ്ഞു, ഞാൻ കെ.എസ്.യു. പ്രസിഡന്റായിരുന്ന കാലത്ത് സി. എച്ച്. മുഹമ്മദ് കോയ സാഹിബിനെ കാണാൻ പോകുകയും നിവേദനം നൽകുകയും ചെയ്തു. സെനറ്റിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് ഞങ്ങൾ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് സി. എച്ച്. മുഹമ്മദ് കോയ മന്ത്രിയായപ്പോൾ സെനറ്റിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പുവരുത്തിയത് എന്ന്. പ്രിയപ്പെട്ട ശ്രീ. എൻ. ഷംസുദ്ദീൻ വിദ്യാർത്ഥി പ്രതിനിധിയായി സെനറ്റിൽ വന്നിട്ടുള്ളതാണ്. കലാലയരാഷ്ട്രീയം പൂർണ്ണമായും വേണ്ടെന്ന അഭിപ്രായം നമുക്കില്ല. പക്ഷേ, അമിതമായ രാഷ്ട്രീയം പലപ്പോഴും അപകടമുണ്ടാക്കിയിട്ടുണ്ട്. നമ്മുടെ തൊട്ടടുത്താണ് കേരള യൂണിവേഴ്സിറ്റി. ഈ യൂണിവേഴ്സിറ്റി ക്യാമ്പസിൽ കുട്ടികൾക്ക് മാന്യമായി പഠിക്കാൻ പറ്റാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. യൂണിവേഴ്സിറ്റി കോളേജിൽ എസ്.എഫ്.ഐ.-യോട് ആഭിമുഖ്യം പുലർത്താത്ത വിദ്യാർത്ഥികളെ ഇടിമുറിയിൽ കൊണ്ടുപോയി മർദ്ദിക്കുന്നുവെന്ന പരാതി ഉയർന്നുവന്നിരുന്നു. അത്തരത്തിലേയ്ക്ക് കലാലയരാഷ്ട്രീയം പോകുന്നതിനോട് നമുക്ക് യോജിപ്പില്ല.

ശ്രീ. എം. ഉമ്മർ: സർ, വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ അമിത സ്വാധീനം കലാലയങ്ങളിൽ പ്രത്യേകിച്ച്, സ്കൂളുകളിൽ ഉണ്ടാകുന്നുണ്ട്. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ ഇപ്പോൾ തെരഞ്ഞെടുപ്പ് ഇല്ലാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. ഹയർസെക്കൻഡറി സ്കൂൾ വരെയുള്ള സംവിധാനം കക്ഷിരാഷ്ട്രീയത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടതിന്റെ ഗുണകരമായ മാറ്റം സ്കൂളുകളുടെ ഡിസിപ്ലിനിലുണ്ടായിട്ടുണ്ട് എന്നുള്ളത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, അത് നമ്മൾ കാണാതിരുന്നുകൂടാ. ഞാൻ മഞ്ചേരി ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ പഠിക്കുമ്പോൾ, അന്ന് അത് ഹൈസ്കൂളാണ്; അവിടെ ഒരു വിദ്യാർത്ഥി സംഘടന സ്കൂൾ ബൈഫർക്കേഷൻ ആവശ്യപ്പെട്ട് ആറുമാസവും പിന്നീട് ബൈഫർക്കേഷനെതിരെ ആറുമാസവും സമരം ചെയ്തു. ആ ഒരു കൊല്ലം അവിടെ പഠനം നടന്നില്ല. അങ്ങനെ കലാലയ രാഷ്ട്രീയം കൊണ്ട് പഠിക്കാനാഗ്രഹിക്കുന്നവർക്കുപോലും പഠിക്കാൻ പറ്റാത്ത സാഹചര്യം മുമ്പുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ സ്കൂളുകളിൽ വിദ്യാർത്ഥി രാഷ്ട്രീയം ഉപേക്ഷിച്ചു. സംഘടനാടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ് ഒഴിവാക്കി. എന്നിട്ടും വിദ്യാർത്ഥികളാരും രാഷ്ട്രീയത്തിൽ വരാതിരുന്നിട്ടില്ല. കോളേജുകളിലെത്തുമ്പോൾ അവരെല്ലാം സജീവമായി രാഷ്ട്രീയത്തിൽ വരികയാണ്. അതുകൊണ്ട് ഒരു അപകടവുമുണ്ടായിട്ടില്ല. ഇപ്പോൾ കോളേജുകളിലും യൂണിവേഴ്സിറ്റികളിലുമൊക്കെയുള്ള അമിതമായ രാഷ്ട്രീയ സ്വാതന്ത്ര്യത്തെക്കുറിച്ചാണ് നേരത്തെ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

സൂചിപ്പിച്ചത്. അല്ലാതെ കലാലയ രാഷ്ട്രീയം വേണ്ടെന്ന അഭിപ്രായം ഇവിടെയാരും പറഞ്ഞിട്ടില്ല. ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഈ ഓപ്പൺ യൂണിവേഴ്സിറ്റിക്ക് മൂന്ന് റീജിയണൽ സെന്ററുകളുണ്ട്; അവ തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജും പട്ടാമ്പി സംസ്കൃത കോളേജും കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുമാണെന്നാണ്. മലപ്പുറം ജില്ലയിൽ 35000-ത്തോളം കുട്ടികൾ പ്ലസ് ടു കഴിഞ്ഞ് ഡിഗ്രിക്ക് അഡ്മിഷൻ കിട്ടാതെ പുറത്തുനിൽക്കുകയാണ്. അവർക്ക് പാരലൽ കോളേജിൽപോലും സീറ്റ് കിട്ടുന്നില്ല. അത്രയധികം കുട്ടികൾ പുറത്തുനിൽക്കുകയാണ്. ഓപ്പൺ യൂണിവേഴ്സിറ്റിയുടെ റീജിയണൽ സെന്റർ മലപ്പുറം ഗവൺമെന്റ് കോളേജിൽക്കൂടി ആരംഭിക്കണം. ഏറ്റവും കൂടുതൽ പ്രൈവറ്റ് രജിസ്ട്രേഷനുള്ള ജില്ല മലപ്പുറമാണ്. ബഹുമാനപ്പെട്ട മന്ത്രിക്കറിയാം, അങ്ങയുടെ കൂടി ജില്ലയാണത്. അതുകൊണ്ട് മൂന്ന് റീജിയണൽ സെന്ററുകൾ എന്നുള്ളത് നാലാക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഞാനിവിടെ ഉന്നയിക്കുകയാണ്. കേരളത്തിലെ സർവ്വകലാശാലകളിൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന വിവാദങ്ങൾ പുതിയ യൂണിവേഴ്സിറ്റിയിലെങ്കിലും ഒഴിവാക്കപ്പെടണം. സർവ്വകലാശാല നിയമനങ്ങൾ പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിലായിരിക്കണം. സംവരണതത്വങ്ങൾ പുതിയ സർവ്വകലാശാലയിലും പരിപൂർണ്ണമായും പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

ഒരു കാര്യംകൂടി ഞാൻ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പ് വിഭജിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിന് ഒരു മന്ത്രിയും പൊതു വിദ്യാഭ്യാസ വകുപ്പിന് മറ്റൊരു മന്ത്രിയുമാക്കി. പക്ഷെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് അതുകൊണ്ടും പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. പരിഹരിക്കപ്പെടേണ്ട ധാരാളം പ്രശ്നങ്ങൾ ഇപ്പോഴും ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്നുണ്ട്. 56 കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രിൻസിപ്പാളാകാൻ യോഗ്യതയുള്ള നിരവധിയാളുകൾ സീനിയോറിറ്റി ലിസ്റ്റിലുണ്ട്. അവർക്ക് പ്രൊമോഷൻ കൊടുത്ത് ഈ തസ്തികകൾ നികത്താനുള്ള സംവിധാനമുണ്ടാകണം. കഴിഞ്ഞ തിങ്കളാഴ്ച മുതൽ ഒരാഴ്ച കേരളത്തിലെ കോളേജ് അദ്ധ്യാപക സംഘടനകളിൽ പ്രബല സംഘടനയായ സി.കെ.സി.ടി. (കോൺഫെഡറേഷൻ ഓഫ് കേരള കോളേജ് ടീച്ചേഴ്സ്) എന്ന അദ്ധ്യാപക സംഘടന സെക്രട്ടേറിയറ്റിനുമുമ്പിൽ ധർണ നടത്തി. ഇന്നവർ നിയമ സഭയിലേയ്ക്കും മാർച്ച് സംഘടിപ്പിക്കുകയുണ്ടായി. ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. 2016-ൽ നടപ്പാക്കേണ്ട ശമ്പളപരിഷ്കരണം ഇതുവരെ നടപ്പാക്കിയില്ല. അങ്ങും ഒരു

പ്രൊഫസറാണല്ലോ, അങ്ങേയ്ക്കുമറിയാമല്ലോ. ബിരുദവും ബിരുദാനന്തര ബിരുദവും എം.ഫിലും പി.എച്ച്.ഡി.-യും ഉൾപ്പെടെയുള്ള ഉന്നത യോഗ്യതകൾ നേടിയിട്ടുള്ള കോളേജ് അദ്ധ്യാപകരുടെ സേവനത്തിന് തത്തുല്യമായ വേതനവും കൃത്യമായ ആനുകൂല്യങ്ങളും ലഭ്യമാകേണ്ടതുണ്ട്. കോവിഡ് കാലഘട്ടത്തിൽ അവസാനം വന്ന നിർദ്ദേശം, കോളേജ് അദ്ധ്യാപകർ രാവിലെ 8.30 മുതൽ 5.30 വരെ കോളേജിലുണ്ടാകണമെന്നാണ്. അത് പ്രായോഗികമാണോയെന്ന കാര്യംകൂടി പരിശോധിക്കണം. അങ്ങനെ ധാരാളം പ്രശ്നങ്ങൾ ഇപ്പോൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്നുണ്ട്. ആ പ്രശ്നങ്ങൾക്കുകൂടി പരിഹാരമുണ്ടാക്കണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ശ്രീനാരായണ ഗുരുദേവന്റെ പേരിലുള്ള ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിനെ ഭേദഗതിയോടുകൂടി സ്വാഗതം ചെയ്യുന്നു.

ശ്രീ. ചിറ്റയം ഗോപകുമാറിനുവേണ്ടി <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ നവോത്ഥാന ചരിത്രത്തിലെ എക്കാലത്തെയും ജ്വലിക്കുന്ന ഓർമ്മയാണ് ശ്രീനാരായണ ഗുരുവിന്റേത്. അദ്ദേഹത്തിന്റെ നാമധേയത്തിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിതമാവുകയെന്നത് ഏറ്റവും അഭിമാനകരമായ കാര്യമാണ്. മലയാളികളെ സംബന്ധിച്ചിടത്തോളം ഉജ്ജ്വലമായ ഒരു ഓർമ്മയായി മാറുന്ന അനുഭവമാണ്. ആ യൂണിവേഴ്സിറ്റി കൊല്ലം ജില്ലയിൽ സ്ഥാപിതമാക്കാൻ തീരുമാനിച്ചതിലുള്ള സന്തോഷവും അഭിമാനവും ഞാൻ ഈ അവസരത്തിൽ പങ്കുവയ്ക്കുകയാണ്. 14 സംസ്ഥാന സർവ്വകലാശാലകളും ഒരു കേന്ദ്ര സർവ്വകലാശാലയുമാണ് ഇവിടെ പ്രവർത്തിക്കുന്നത്. അതിൽ 7 സർവ്വകലാശാലകൾ പ്രത്യേക വിഷയങ്ങളിൽ മാത്രം പഠനകോഴ്സുകൾ നടത്തുന്നവയാണ്. 6 സർവ്വകലാശാലകൾ അഫിലിയേറ്റഡ് സർവ്വകലാശാലകളാണ്. ഇവയിലെല്ലാംകൂടി 2500 കോളേജുകൾ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. ഏകദേശം 25 ലക്ഷം വിദ്യാർത്ഥികളാണ് ഇപ്പോൾ ഇവിടെ പഠിക്കുന്നത്. എന്നാൽ എല്ലാ വർഷവും റെഗുലർ കോളേജുകളിൽ പ്രവേശനം ലഭിക്കാതെ ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെടുന്നവർ ആയിരങ്ങളാണ്. ഇവർക്ക് പഠനസൗകര്യമൊരുക്കുന്നതിന് കേരളത്തിൽ മഹാത്മാഗാന്ധി, കേരള, കാലിക്കറ്റ് സർവ്വകലാശാലകളിലെ വിദൂര പഠനകേന്ദ്രങ്ങൾ മാത്രമാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഇവിടെ ഏകദേശം ഒരു ലക്ഷത്തിലധികം പേർ പഠിക്കുന്നുണ്ട്. എന്നാൽ ഇവിടെനിന്നും പഠനം പൂർത്തീകരിച്ച് പരീക്ഷയെഴുതുന്നവർ നിശ്ചിത ശതമാനം മാത്രമാണ്. കേരളത്തിലെ സർവ്വകലാശാലകളിൽ നടക്കുന്ന വിദൂര പഠനകേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ പോരായ്മകളുണ്ടെന്നുള്ളത് പറയാതെവയ്യ.

കേരളത്തിലെ സർവ്വകലാശാലകളിൽ മാനവീയ വിഷയങ്ങളിലും ഭാഷാ വിഷയങ്ങളിലും മാത്രമാണ് ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തുന്നത്. വിജ്ഞാനലോകം അതിവിപുലമായ വർത്തമാനകാലത്ത് വിജ്ഞാനദാഹികളായ നമ്മുടെ പുതുതലമുറയ്ക്ക് അവർ ആഗ്രഹിക്കുന്ന വിഷയത്തിൽ തുടർവിദ്യാഭ്യാസം സാധ്യമാക്കേണ്ടിയിരിക്കുന്നു. ശാസ്ത്ര വിഷയങ്ങളും മാനേജ്മെന്റ് വിഷയങ്ങളും ഉൾപ്പെടെ പ്രപഞ്ചത്തിലെ എല്ലാ വിജ്ഞാനശാഖകളിലും വിദൂര പഠനത്തിന് സൗകര്യമൊരുക്കാൻ കഴിയണം. അതിനുള്ള ഒരു ഉറച്ച കാൽവയ്പ്പാണ് കേരളത്തിന്റെ ആത്മീയ തേജസ്സായ ശ്രീനാരായണഗുരു ദേവന്റെ പേരിൽ സ്ഥാപിതമാകുന്ന ഓപ്പൺ യൂണിവേഴ്സിറ്റി. അതുപോലെ ഇന്ന് കേരളത്തിലെ വിവിധ സർവ്വകലാ ശാലകൾക്ക് കീഴിലുള്ള വിദൂര പഠന കേന്ദ്രങ്ങളിൽ പഠിക്കുന്നവർ പഠനാവശ്യങ്ങൾക്കായി സ്വകാര്യ ട്യൂഷൻ സെന്ററുകളെയാണ് ആശ്രയിക്കുന്നത്. മാത്രമല്ല, തൊഴിലധിഷ്ഠിത കോഴ്സുകളും നൈപുണ്യവികസന കോഴ്സുകളും വിദൂര പഠന സമ്പ്രദായത്തിലൂടെ പഠിപ്പിക്കുന്നില്ല. കേരളത്തിൽ നിലവിലുള്ള വിദൂര പഠന കേന്ദ്രങ്ങളിൽ സമയ ബന്ധിതമായി കോഴ്സുകൾ പൂർത്തീകരിച്ച് പരീക്ഷ നടത്തുന്നതിന് കഴിയുന്നില്ലെന്നത് സത്യമാണ്. പഠിതാക്കൾക്ക് പഠനസാമഗ്രികളെത്തിക്കുന്നതിനും പഠനക്ലാസുകൾ സമയബന്ധിതമായി സംഘടിപ്പിക്കുന്നതിനും പഠിതാക്കളുടെ ബാഹുല്യംമൂലം സാധ്യമാകുന്നില്ല. പല കോഴ്സുകളുടെയും നിലവാരക്കുറവും ഈടാക്കുന്ന ഭീമമായ ഫീസും വിമർശന വിധേയമാകാറുണ്ട്. പലവിധ ന്യൂനതകളുള്ള നമ്മുടെ വിദൂര വിദ്യാഭ്യാസ മേഖലയെ കാര്യക്ഷമമായി പുനഃസംഘടിപ്പിക്കുന്നതിലൂടെ കേരളത്തിലെ സർവ്വകലാശാലകളുടെ ജോലിഭാരം കുറയുകയും റെഗുലർ കോളേജുകളുടെ പ്രവർത്ത നത്തെ കാര്യക്ഷമമായി നയിക്കുന്നതിനുള്ള സാഹചര്യമുണ്ടാകുകയും ചെയ്യും. ഇത് ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിക്കു മെന്നാണ് കരുതുന്നത്. കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ശ്രീനാരായണ ഗുരുദേവന്റെ സ്ഥാനം വളരെ പ്രാധാന്യമർഹിക്കുന്നു. മാനവികതയിലൂന്നിയ ആത്മീയതയുടെ ആചാര്യനായ ശ്രീനാരായണ ഗുരുദേവന്റെ ദർശനങ്ങൾ പഠന വിഷയമാക്കേണ്ടതും പ്രചരിപ്പിക്കേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

കേരളീയ സമൂഹത്തെ വർഗ്ഗീയവത്കരിക്കുന്നതിനും ജാതീയ വിവേചനങ്ങളുടെ ലോകത്തിലേയ്ക്ക് നയിക്കുന്നതിനുമുള്ള ശക്തമായ ശ്രമങ്ങളാണ് അനുദിനം ഇവിടെ നടക്കുന്നത്. ജാതീയതയുടെ അതിശക്തമായ വിവേചനം നിലനിന്നിരുന്ന കാലത്ത് ജാതീയതയുടെ ഉച്ചനീചത്വങ്ങൾക്കെതിരെ ആത്മീയതയുടെ ചട്ടക്കൂട്ടിൽ നിന്നു കൊണ്ടുതന്നെ പൊരുതിയ ക്രാന്തദർശിയായ ശ്രീനാരായണ ഗുരുവിന്റെ തത്വചിന്തകൾ ലോകജനതയ്ക്ക് കൂടുതൽ പഠിക്കുന്നതിനും ഗവേഷണത്തിനുമുള്ള സാഹചര്യമൊരു ക്കുന്നതിന് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിലൂടെ

സാധ്യമാകണം. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉയർത്തിക്കാട്ടുന്ന വിശ്വമാനവികതയുടെ തെളിവാണെന്ന് പറയാൻ സാധിക്കണം. ബോംബെ സർവ്വകലാശാല ശ്രീനാരായണ ദർശനങ്ങളെക്കുറിച്ച് ബിരുദ ബിരുദാനന്തര ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്ത വാർത്തയുമായാണ് ഇന്നത്തെ പത്രങ്ങൾ പുറത്തിറങ്ങിയത്. നമ്മൾ ചെയ്യേണ്ടിയിരുന്നത് ബോംബെ യൂണിവേഴ്സിറ്റി ചെയ്യുന്നു. ഇവിടെ ഈ സഭയിൽ ശ്രീനാരായണഗുരു സർവ്വകലാശാലയുടെ സാധുതയെ സംബന്ധിച്ച് യു.ഡി.എഫ്.-കാർ സംശയം പ്രകടിപ്പിച്ചിരുന്നു. പ്രിയപ്പെട്ട സുഹൃത്തുക്കൾക്ക് ശ്രീനാരായണ ഗുരുദേവന്റെ പേര് ഇപ്പോൾ ഒരുപക്ഷേ വേണ്ടത്ര ഇഷ്ടപ്പെടില്ല. കാരണം വർഗ്ഗീയ വിദ്വേഷമുയർത്തുന്ന എല്ലാ തീവ്രവാദ സംഘടനകളുമായും സംഘ്പരിവാർ സംഘടനകളുമായും ചങ്ങാത്തമുണ്ടാക്കാനുള്ള ചിന്തകൾ നിങ്ങളിൽ സ്വാധീനം ചെലുത്തുകയാണ്. നിങ്ങൾക്ക് അവർ നിർദ്ദേശിക്കുന്ന ആശയസംഹിതകൾക്ക് വിധേയമായി മാത്രമേ ഇന്ന് പ്രവർത്തിക്കാൻ കഴിയുന്നുള്ളൂ. നിങ്ങൾ ശ്രീനാരായണ ദർശനങ്ങളെ തിരസ്കരിക്കുമെന്നതിന് സംശയമില്ല. വിദൂര വിദ്യാഭ്യാസമെന്നാൽ കേവലം എഴുത്തുകുത്തുകളിലൂടെ നടക്കുന്ന വിദ്യാഭ്യാസമെന്ന ധാരണയാണ് നമുക്കുണ്ടായിരുന്നത്. കുറിപ്പുകളിലൂടെ വിദ്യാഭ്യാസ വിനിമയം നടത്തിയിരുന്ന ഐസക് പിറ്റ്മാന്റെ കാലത്തുനിന്നും വിദൂര വിദ്യാഭ്യാസം വലിയ കാൽവയ്പ്പുകൾ നടത്തിയിട്ടുണ്ട്. പഠിതാക്കളിലേയ്ക്ക് വിജ്ഞാനത്തിന് എത്തിച്ചേരാൻ നൂതനമായ അനേകം സാങ്കേതികവിദ്യകൾ നിലവിലുണ്ട്. പഠനത്തിനും പരീക്ഷകൾ നടത്തുന്നതിനും ലോകത്തിന്റെ ഏത് ഭാഗത്തിരുന്നാലും കഴിയുമെന്നതുകൊണ്ട് ഭാവികാല വിദ്യാഭ്യാസം ഓപ്പൺ സർവ്വകലാശാലകളുടേതായി മാറും. അതിനൊരുദാഹരണമാണ് 1982-ൽ ആരംഭിച്ച ഡോ. ബി. ആർ. അംബേദ്കർ ഓപ്പൺ സർവ്വകലാശാല. ഇന്ത്യയിലെ ആദ്യത്തെ വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രമാണത്. ഇന്ന് ഇന്ത്യയിൽ 14 ഓപ്പൺ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, രാജ്യത്താകെ ഉന്നതവിദ്യാഭ്യാസത്തിന് ചേരുന്ന വിദ്യാർത്ഥികളിൽ 11% പേർ വിദൂരവിദ്യാഭ്യാസം വഴിയാണ് പഠിക്കുന്നത്. വിദ്യാഭ്യാസപരമായി ഏറെ മുന്നിലുള്ള കേരളത്തിൽ ഗുണപരമായ വിദ്യാഭ്യാസം എന്നത് ഏവരുടെയും താല്പര്യമാണ്. വിദൂരവിദ്യാഭ്യാസ മേഖലയിൽ ശാസ്ത്ര വിഷയങ്ങൾ ഉൾപ്പെടുത്തുമ്പോൾ ഏറ്റവും വലിയ വെല്ലുവിളി ലാബുകൾ സജ്ജമാക്കുകയെന്നതാണ്. ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല ആരംഭിക്കുമ്പോൾ ലാബുകൾ സജ്ജമാക്കുന്നതിനും പഠിതാക്കൾക്ക് പഠനവും പരീക്ഷണങ്ങളും നടത്തുന്നതിനുള്ള സൗകര്യങ്ങളൊരുക്കുന്നതിനും സാധിക്കണം. ഉന്നതവിദ്യാഭ്യാസ മേഖലയിൽ വലിയ കുതിച്ചുചാട്ടത്തിന് സാഹചര്യമൊരുക്കുന്ന ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് മുൻകയ്യെടുത്ത ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് എല്ലാവിധ അഭിവാദ്യങ്ങളും അർപ്പിക്കുന്നു. ബില്ലിലെ 21-ാം പേജിൽ അദ്ധ്യായം

4-ൽ യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനങ്ങൾ എന്ന് പ്രതിപാദിച്ചിരിക്കുന്ന ഖണ്ഡം 20-ൽ കേരള നിയമസഭയിലെ മൂന്ന് പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഗുണകരമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചില സംശയങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ പ്രകടിപ്പിച്ച ആശങ്ക ദൂരീകരിക്കുന്നതിനായി ബില്ലിലെ 64-ാം ഖണ്ഡത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീ. പി. ഉബൈദുള്ള സംസാരിച്ചപ്പോൾ ഗുരുദർശനങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ അനുവദിക്കുന്നതിനെ സംബന്ധിച്ച് സൂചിപ്പിച്ചു. അതിനുള്ള നടപടികൾ ഇതിനകംതന്നെ യൂണിവേഴ്സിറ്റി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കോഴ്സുകൾക്കാവശ്യമായ സിലബസ് തയ്യാറാക്കുന്നതിനുള്ള കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് അതിന്റെ നടപടികൾ അവസാനഘട്ടത്തിലെത്തിയിരിക്കുകയാണ്. പരമ്പരാഗത കോഴ്സുകൾക്കു പുറമെ നൂതന തൊഴിലധിഷ്ഠിത കോഴ്സുകളും യൂണിവേഴ്സിറ്റിയിൽ ആരംഭിക്കും. എഡ്യൂക്കേഷൻ മോഡിൽ ഈ സർവ്വകലാശാലകൾക്ക് കോഴ്സുകൾ നടത്താൻ തടസ്സം നേരിടും. ഈ സാഹചര്യത്തിലാണ് ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചിരിക്കുന്നത്. ഡിസ്റ്റൻസ് മോഡിൽ നിലവിലുള്ള സർവ്വകലാശാലകൾക്ക് യു.ജി.സി.-യുടെ റെസ്ട്രിക്ഷൻ അനുസരിച്ച് ഇനി അത്തരം കോഴ്സുകൾ നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വർഷവുംകൂടി നടത്തുന്നതിന് അനുവാദം ലഭിച്ചിരിക്കുകയാണ്. അത് അടുത്ത വർഷത്തോടുകൂടി ഇല്ലാതാകും. ആ ഒരവസ്ഥ മുന്നിൽ കണ്ടുകൊണ്ടാണ് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്നത്. ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റിന് ലോകത്തെല്ലായിടത്തും വാലിഡിറ്റിയുണ്ട്. അതേനിലവാരത്തിൽ കോഴ്സുകൾ നടത്താനാണ് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലൂടെ ശ്രമിക്കുന്നത്. ഓപ്പൺ യൂണിവേഴ്സിറ്റിയിലെ വി.സി., പി.വി.സി., രജിസ്ട്രാർ എന്നിവർക്ക് യു.ജി.സി. നിഷ്കർഷിച്ച യോഗ്യതകളില്ലെന്ന് ബഹുമാനപ്പെട്ട അംഗം ടി. വി. ഇബ്രാഹിം സൂചിപ്പിച്ചത് വസ്തുതാവിരുദ്ധമാണ്, അവർക്ക് നിശ്ചിത യോഗ്യതയുണ്ട്. ഇതിനെതിരായി ചില ആളുകൾ ഹൈക്കോടതിയിൽ കേസ് കൊടുത്തിരുന്നു. എന്നാൽ യോഗ്യതയുണ്ടെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ കേസ് കൊടുത്തവർതന്നെ അത് പിൻവലിക്കുകയാണുണ്ടായത്. ഈ യൂണിവേഴ്സിറ്റി നേരത്തേ ആകാമായിരുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ഉബൈദുള്ള

സൂചിപ്പിച്ചു. നമ്മളൊക്കെ നേരത്തേതന്നെ ജനിക്കാമായിരുന്നു അല്ലെങ്കിൽ ജനിക്ക ണമായിരുന്നുവെന്ന് പറയുന്നതുപോലെയാണത്. ഏതൊരു സംരംഭത്തിന്റെയും പിറവി ചില കാരണങ്ങളെ ആസ്പദമാക്കിയാണ് നിലകൊള്ളുന്നത്. ഓപ്പൺ യൂണിവേഴ്സിറ്റി വരാനുള്ള സാഹചര്യം ഇപ്പോഴാണുണ്ടായത്. അതുകൊണ്ടാണ് ഇപ്പോൾ നിലവിൽ വന്നിരിക്കുന്നത്. ഒരു സർവ്വകലാശാല ആരംഭിക്കാൻവേണ്ടി ബോധപൂർവ്വം അതിന് രൂപം കൊടുത്തതല്ലെന്നർത്ഥം. ഇത്രയും കാര്യങ്ങളാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഇവിടെ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ കാര്യം പറഞ്ഞിരുന്നു. വിദ്യാർത്ഥി രാഷ്ട്രീയം വേണ്ടെന്നുള്ള രീതിയിൽ അതല്ലെങ്കിൽ ചില ഭാഗങ്ങളിൽ വേണ്ടെന്ന് സ്വന്തം വിദ്യാർത്ഥി സംഘടനകളുള്ള ആളുകൾ തന്നെ പറയുകയാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തെ തെറ്റിദ്ധരിച്ചുകൊണ്ടാണ് പറയുന്നത്. ശ്രീനാരായണ ഗുരുവിന്റെ പേരിലുള്ള യൂണിവേഴ്സിറ്റിയാണ് ഇവിടെ വരുന്നത്. 'വിദ്യകൊണ്ട് പ്രബുദ്ധരാകുക, സംഘടനകൊണ്ട് ശക്തരാകുക, പ്രയത്നംകൊണ്ട് സമ്പന്നരാകുക' എന്നാണ് ശ്രീനാരായണ ഗുരു പറഞ്ഞിട്ടുള്ളത്. വിദ്യാർത്ഥി രാഷ്ട്രീയവും അങ്ങനെതന്നെയാണ്. വിദ്യാർത്ഥികളെ പ്രബുദ്ധരും ലക്ഷ്യബോധമുള്ളവരുമാക്കും. അവർക്ക് മറ്റ് സാമൂഹ്യവിഷയങ്ങളിൽ ബോധവും പ്രതിബന്ധതയുമുണ്ടാക്കുന്നതാണ് വിദ്യാർത്ഥി രാഷ്ട്രീയം. നല്ലൊരു സമൂഹത്തെ കെട്ടിപ്പടുക്കാൻവേണ്ടിയാണ് വിദ്യാർത്ഥി രാഷ്ട്രീയമുള്ളത്. ഏതെങ്കിലും ഒന്നോരണ്ടോ ആളുകൾ ക്രിമിനൽ കുറ്റത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിചാരിച്ച് വിദ്യാർത്ഥി രാഷ്ട്രീയം ആകമാനം മോശമാണെന്ന് പറയുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. കെ. ടി. ജലീൽ: സർ, ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ബന്ധപ്പെട്ട ബോഡികളിൽ വിദ്യാർത്ഥികൾക്കുള്ള പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. അത് ഈ ബില്ലിൽ കൊണ്ടുവന്നിട്ടുണ്ട്. വിദ്യാർത്ഥി രാഷ്ട്രീയം അനിവാര്യമാണ്. ഇവിടെ യിരിക്കുന്ന മഹാഭൂരിഭാഗം ആളുകളും വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പയറ്റിത്തെളിഞ്ഞ് വന്നിട്ടുള്ളവരാണ്. തലവേദനയുണ്ടെന്ന് കരുതി ആരും തലതന്നെ ഛേദിച്ചുകളയണമെന്ന് പറയില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആർ. രാമചന്ദ്രൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

6.00 P.M.]

രണ്ടാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

201. ഖണ്ഡം 2(എ)-ൽ "അക്കാദമിക" എന്നതിനുപകരം "അക്കാദമിക്" എന്ന് ചേർക്കുക.

215. ഖണ്ഡം 2(ഇ)-ൽ "പഠന" എന്നതിനു പകരം "പാഠ്യ, പാഠ്യേതര" എന്ന് ചേർക്കുക.

232. ഖണ്ഡം 2(ജെ)-ൽ "ഉദ്യോഗസ്ഥരും" എന്നതിനു പകരം "അനധ്യാപകരും" എന്ന് ചേർക്കുക.

252. ഖണ്ഡം 2(ആർ)-ൽ "യൂണിവേഴ്സിറ്റി സ്ഥാപിച്ചതോ" എന്നതിന് ശേഷം "വിവിധ മാനേജ്മെന്റുകൾ സ്ഥാപിച്ച എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളോ" എന്ന് ചേർക്കുക.

264. ഖണ്ഡം 2 (വൈ)-ൽ "ഒരു കേന്ദ്രം" എന്നതിനു പകരം "കോളേജുകളോ സ്ഥാപനങ്ങളോ" എന്നു ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

205. ഖണ്ഡം 2(എ)-ൽ "നിയമംമൂലം" എന്നതിനുപകരം "നിയമ നിർമ്മാണം മൂലം" എന്ന് ചേർക്കുക.

218. ഖണ്ഡം 2 (ഇ) താഴെപ്പറയും പ്രകാരം മാറ്റുക:-

"(ഇ) "കാമ്പസ്" എന്നാൽ വിവിധ കോഴ്സുകൾ പഠിപ്പിക്കുന്നതിന് യൂണിവേഴ്സിറ്റി ക്രമീകരിക്കുന്ന സ്ഥലങ്ങൾ എന്നർത്ഥമാകുന്നു;"

223. ഖണ്ഡം 2(ജി)-ൽ "അല്ലെങ്കിൽ മറ്റ് അക്കാദമിക ബഹുമതിയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

226. ഖണ്ഡം 2(എച്ച്)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

228. ഖണ്ഡം 2(ഐ)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

249. ഖണ്ഡം 2(ആർ)-ൽ "റീജിയണൽ കേന്ദ്രം" എന്നതിനുപകരം "മേഖലാ കേന്ദ്രം" എന്ന് ചേർക്കുക.

259. ഖണ്ഡം 2(എക്സ്)-ൽ "ചേർത്തിട്ടുള്ള" എന്നതിനുപകരം "രജിസ്റ്റർ ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

266. ഖണ്ഡം 2 (വൈ)-ൽ "എന്നർത്ഥമാകുന്നതും അതിൽ അക്കാദമിക സ്ഥാപനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു" എന്നതിനുപകരം "എന്നർത്ഥ മാകുന്നു" എന്ന് ചേർക്കുക.

270. ഖണ്ഡം 2 (ഇസഡ് എ)-ൽ "വഹിക്കുന്നതിനോ" എന്നതിനു ശേഷം "മാർഗ്ഗനിർദ്ദേശം നൽകുന്നതിനോ" എന്ന് ചേർക്കുക.

277. ഖണ്ഡം 2 (ഇസഡ് ഡി)-ൽ "എന്നാൽ" എന്നതിനുശേഷം "11-ാം വകുപ്പു പ്രകാരം നിയമിക്കപ്പെടുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

204. ഖണ്ഡം 2(എ)-യിൽ "നിയമംമൂലം" എന്നതിനു പകരം "നിയമം മൂലം" എന്ന് ചേർക്കുക.

207. ഖണ്ഡം 2(എ)-ൽ "സ്ഥാപിക്കപ്പെട്ട" എന്നതിനുപകരം "സ്ഥാപിത മായിട്ടുള്ള" എന്ന് ചേർക്കുക.

208. ഖണ്ഡം 2(എ)-ൽ "സ്ഥാപിക്കപ്പെട്ട" എന്നതിനുശേഷം "ഏതെങ്കിലും" എന്ന് ചേർക്കുക.

216. ഖണ്ഡം 2(ഇ)-ൽ " ക്രമീകരിക്കുന്ന" എന്നതിനു ശേഷം "നിശ്ചിത" എന്ന് ചേർക്കുക.

222. ഖണ്ഡം 2(ജി)-ൽ "അല്ലെങ്കിൽ മറ്റ്" എന്നീ വാക്കുകൾക്കുശേഷം "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

227. ഖണ്ഡം 2(ഐ)-ൽ "രൂപീകരിക്കപ്പെട്ട" വന്ന വാക്കിനുശേഷം "യൂണിവേഴ്സിറ്റിയുടെ" എന്ന വാക്ക് ചേർക്കുക.

237. ഖണ്ഡം 2(കെ)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്ന വാക്കിന് ശേഷം "ഒരു" എന്ന വാക്ക് ചേർക്കുക.

247. ഖണ്ഡം 2(ആർ)-ൽ "റീജിയണൽ" എന്നതിന് പകരം "മേഖലാ" എന്ന് ചേർക്കുക.

256. ഖണ്ഡം 2(എക്സ്)-ൽ "യൂണിവേഴ്സിറ്റിയിൽ" എന്നതിന് പകരം "സർവ്വകലാശാലയിൽ" എന്ന് ചേർക്കുക.

261. ഖണ്ഡം 2 (എക്സ്)-ൽ "ആൾ" എന്നതിനു പകരം "വ്യക്തി" എന്ന് ചേർക്കുക.

271. ഖണ്ഡം 2 (ഇസഡ് എ)-ൽ "യൂണിവേഴ്സിറ്റി" എന്നതിനുശേഷം "യഥാവിധി" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

209. ഖണ്ഡം 2(എ)-ൽ "യൂണിവേഴ്സിറ്റികൾ" എന്ന് വരുന്നിടത്തെല്ലാം പകരം "സർവ്വകലാശാലകൾ" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

213. ഖണ്ഡം 2(ബി) താഴെപ്പറയും പ്രകാരം മാറ്റുക:-

"(ബി) "അക്കാദമിക് കൗൺസിൽ എന്നാൽ 29-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഒരു അക്കാദമിക നികായം" എന്നർത്ഥമാകുന്നു."

225. ഖണ്ഡം 2(എച്ച്)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

267. ഖണ്ഡം 2 (ഇസഡ് എ)-ൽ "ഒരു വിദ്യാർത്ഥിക്ക്" എന്നതിനു പകരം "വിദ്യാർത്ഥിക്ക്/വിദ്യാർത്ഥികൾക്ക്" എന്ന് ചേർക്കുക.

274. ഖണ്ഡം 2 (ഇസഡ് ബി)-ൽ "യൂണിവേഴ്സിറ്റി" എന്നതിനുപകരം "സർവ്വകലാശാല" എന്ന് ചേർക്കുക.

275. ഖണ്ഡം 2 (ഇസഡ് സി)-ൽ "യൂണിവേഴ്സിറ്റി" എന്നതിനുപകരം "സർവ്വകലാശാല" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

221. ഖണ്ഡം 2(ജി)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

230. ഖണ്ഡം 2(ജെ)-ൽ "നിയമിക്കപ്പെട്ട" എന്ന വാക്കിനുപകരം "നിയമിക്കപ്പെടുന്ന" എന്ന് ചേർക്കുക.

262. ഖണ്ഡം 2 (എക്സ്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എക്സ്) "വിദ്യാർത്ഥി" എന്നാൽ ഒരു ഡിഗ്രി, ഡിപ്ലോമ അല്ലെങ്കിൽ യഥാവിധി ഏർപ്പെടുത്തിയിട്ടുള്ള മറ്റ് അക്കാഡമിക് യോഗ്യതയ്ക്കുള്ള ഒരു കോഴ്സ് പഠിക്കുന്നതിനായി സർവ്വകലാശാലയിൽ പേര് ചേർത്തിട്ടുള്ള ഒരു ആൾ എന്നർത്ഥമാകുന്നു."

272. ഖണ്ഡം 2 (ഇസഡ് എ)-ൽ "എന്നർത്ഥമാകുന്നു" എന്നതിനു പകരം "എന്നർത്ഥമാകുന്നതും അതിൽ അധ്യാപകനെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ നിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും ആൾ ഉൾപ്പെടുന്നതുമാകുന്നു;" എന്ന് ചേർക്കുക.

279. ഖണ്ഡം 2 (ഇസഡ് ഡി)-ക്ക് ശേഷം ഇനം (ഇസഡ് ഇ) ആയി താഴെപ്പറയുന്നത് ചേർക്കുക:

"2(ഇസഡ് ഇ) – "രജിസ്ട്രാർ" എന്നാൽ സർവ്വകലാശാലയുടെ രജിസ്ട്രാർ എന്നർത്ഥമാകുന്നു."

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

240. ഖണ്ഡം 2(എം)-ൽ "ഔദ്യോഗിക ഗസറ്റിൽ" എന്നതിന്റെ മുൻപിൽ "കേരള സർക്കാരിന്റെ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

242. ഖണ്ഡം 2(എൻ)-ൽ "അല്ലെങ്കിൽ" എന്ന വാക്കിന് ശേഷം "യൂണിവേഴ്സിറ്റി" എന്ന വാക്ക് ചേർക്കുക.

257. ഖണ്ഡം 2(എക്സ്)-ൽ "പേര് ചേർത്തിട്ടുള്ള" എന്നതിന് പകരം "പ്രവേശനം നേടിയിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

246. ഖണ്ഡം 2(ആർ)-ൽ (i) "റീജിയണൽ" എന്ന് വരുന്നിടത്തെല്ലാം പകരം "മേഖല" എന്ന് ചേർക്കുക.

(ii) "സ്ഥാപിച്ചതോ അംഗീകരിച്ചതോ ആയ" എന്നതിന് പകരം "സ്ഥാപിച്ചതായ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 217-ാം നമ്പർ ഭേദഗതി 218-നും 224-ാം നമ്പർ ഭേദഗതി 223-നും 229-ാം നമ്പർ ഭേദഗതി 228-നും 248, 250 എന്നീ നമ്പർ ഭേദഗതികൾ 249-നും 258-ാം നമ്പർ ഭേദഗതി 259-നും 260-ാം നമ്പർ ഭേദഗതി 261-നും 265-ാം നമ്പർ ഭേദഗതി 266-നും 269-ാം നമ്പർ ഭേദഗതി 270-നും 273-ാം നമ്പർ ഭേദഗതി 274-നും 276-ാം നമ്പർ ഭേദഗതി 277-നും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതിയും ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 201, 215, 232, 252, 264 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 205, 218, 223, 226, 228, 249, 259, 266, 270, 277 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 207, 208, 216, 222, 227, 237, 247, 256, 261, 271 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 213, 267, 274, 275 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 230, 262, 272, 279 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതിപ്പിച്ച 240-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 242, 257 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വകുപ്പ്</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

282. ഖണ്ഡം 3(1)-ൽ, "ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി" എന്നതിനു പകരം "ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല" എന്നത് ചേർക്കുക.

284. ഖണ്ഡം 3(1)-ൽ, "യൂണിവേഴ്സിറ്റി" എന്നതിന് പകരം "സർവ്വകലാശാല" എന്ന് ചേർക്കുക.

300. ഖണ്ഡം 3(2)-ൽ, "ശാശ്വത" എന്ന വാക്ക് ഒഴിവാക്കുക.

322. ഖണ്ഡം 3 (3)-ൽ "ആവശ്യത്തിനോ അല്ലെങ്കിൽ അതിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു കാര്യത്തിനോ വേണ്ടി സർക്കാരിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതി വാങ്ങിയതിന് ശേഷം " എന്നതിന് പകരം "ആവശ്യത്തിനോ വികസനത്തിനോ വേണ്ടി സർക്കാരിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതിക്ക് ശേഷം" എന്ന് ചേർക്കുക.

326. ഖണ്ഡം 3 (3)-ൽ "വാങ്ങിയതിനു ശേഷം" എന്നതിന് ശേഷം "മാത്രം" എന്ന് ചേർക്കുക.

338. ഖണ്ഡം 3 (3)-ൽ "വേണ്ടതായ മറ്റെല്ലാ കാര്യങ്ങളും" എന്നതിന് പകരം "വേണ്ട കാര്യങ്ങൾ" എന്ന് ചേർക്കുക.

349. ഖണ്ഡം 3(4)-ൽ "സത്യബോധ്യപ്പെടുത്തേണ്ടതും" എന്നതിനു പകരം "സത്യം ബോധ്യപ്പെടുത്തേണ്ടതും" എന്ന് ചേർക്കുക.

350. ഖണ്ഡം 3(4)-ൽ, "സത്യബോധ്യപ്പെടുത്തേണ്ടതും" എന്നതിനു പകരം "സാക്ഷ്യപ്പെടുത്തേണ്ടതും” എന്ന് ചേർക്കുക.

377. ഖണ്ഡം 3(7)-ൽ "യൂണിവേഴ്സിറ്റി നടത്തുന്ന" എന്നതിന് പകരം "യൂണിവേഴ്സിറ്റിയുടെ" എന്ന് ചേർക്കുക.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

283. ഖണ്ഡം 3-ൽ, "യൂണിവേഴ്സിറ്റി" എന്ന് വരുന്നിടത്തെല്ലാം "സർവ്വകലാശാല" എന്ന് ചേർക്കുക.

324. ഖണ്ഡം 3 (3)-ൽ "ഒരു കാര്യത്തിനോ" എന്നതിനുശേഷം "അല്ലെങ്കിൽ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ സർവ്വകലാശാലയുടെ ഉത്തമലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ ഉതകുന്നത് എന്ന് കരുതുന്ന ഏതൊരു സംഗതിക്കോ" എന്ന് ചേർക്കുക.

354. ഖണ്ഡം 3(4)-ൽ "പ്രോസസുകളും" എന്നതിനുപകരം "പ്രക്രിയകളും" എന്ന് ചേർക്കുക.

385. ഖണ്ഡം 3(7)-ൽ "പഠന കേന്ദ്രങ്ങളിലൂടെയോ" എന്നതിനുശേഷം "സർവ്വകലാശാല നിശ്ചയിക്കുന്ന മറ്റു" എന്ന് ചേർക്കുക.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

288. ഖണ്ഡം 3(1)-ൽ, "റീജിയണൽ" എന്നതിനു പകരം "പ്രാദേശികം" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

290. ഖണ്ഡം 3-ൽ, "പഠന കേന്ദ്രങ്ങളും" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം അതിനു ശേഷം "അഫിലിയേറ്റ് ചെയ്ത കോളേജുകളും" എന്നു ചേർക്കുക.

335. ഖണ്ഡം 3 (3)-ൽ "ഏകാംഗീകൃത നികായത്തിൽ നിന്നോ" എന്നതിന് പകരം "ഏക യോഗമാക്കപ്പെട്ട സ്ഥാപനത്തിൽ നിന്നോ" എന്ന് ചേർക്കുക.

364. ഖണ്ഡം 3(5)-ൽ "അക്കാദമിക സ്ഥാപനങ്ങളും" എന്നതിനുശേഷം "അഫിലിയേറ്റു ചെയ്ത കോളേജുകളും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

291. ഖണ്ഡം 3(1)-ൽ, "പഠന കേന്ദ്രങ്ങളും" എന്നീ വാക്കുകൾക്ക് ശേഷം "അക്കാദമിക സ്ഥാപനങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

301. ഖണ്ഡം 3(2)-ൽ, "പിൻതുടർച്ചാവകാശത്തോടും" എന്നതിനുശേഷം "ശ്രീ നാരായണഗുരുവിന്റെ ചിത്രം ആലേഖനം ചെയ്ത" എന്നീ വാക്കുകൾ ചേർക്കുക.

379. ഖണ്ഡം 3(7)-ൽ "പഠന കോഴ്സുകൾ" എന്നതിന് പകരം "പഠന കോഴ്സുകളും നൈപുണ്യ വികസന പരിപാടികളും" എന്ന് ചേർക്കുക.

യൂണിവേഴ്സിറ്റിക്ക് ഒരു പൊതുമുദ്ര ഉണ്ടാകണം എന്നാണ് ക്ലോസ്സിൽ പറയുന്നത്. പക്ഷെ, ശ്രീനാരായണഗുരുദേവന്റെ രൂപം ആലേഖനം ചെയ്തതാകണം എന്നതാണ് എന്റെ 301-ാം നമ്പർ ഭേദഗതി.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

294. ഖണ്ഡം 3(1)-ൽ, "അതിൽ ഒരു ചാൻസലർ, ഒരു പ്രോ-ചാൻസലർ, ഒരു വൈസ് ചാൻസലർ, ഒരു പ്രോ-വൈസ്-ചാൻസലർ, അധികാര സ്ഥാനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്" എന്നതിന് പകരം "അതിൽ ഓരോ ചാൻസലർ, പ്രോ-ചാൻസലർ, വൈസ് ചാൻസലർ, പ്രോ-വൈസ്-ചാൻസലർ, എന്നിവരും അധികാരസ്ഥാനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരും ഉണ്ടാകേണ്ടതാണ്" എന്ന് ചേർക്കുക.

302. ഖണ്ഡം 3(2)ൽ "ഒരു" എന്ന വാക്ക് വരുന്നിടത്തെല്ലാം ആയത് ഒഴിവാക്കുക.

315. ഖണ്ഡം 3(3)-ൽ "ആർജ്ജിക്കുന്നതിനും" എന്നതിന് പകരം "ആർജ്ജിച്ച്" എന്നത് ചേർക്കുക.

348. ഖണ്ഡം 3(4)-ൽ "ഉദ്യോഗസ്ഥനോ" എന്നതിന് പകരം "ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

386. ഖണ്ഡം 3(7)-ൽ "നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

297. ഖണ്ഡം 3(1)-ൽ, "അധികാരസ്ഥാനങ്ങൾ" എന്നതിനുശേഷം "ജീവനക്കാർ" എന്ന് ചേർക്കുക.

329. ഖണ്ഡം 3 (3)-ൽ "വിൽക്കുന്നതിനോ" എന്ന വാക്കിനുപകരം "ക്രയവിക്രയത്തിനോ" എന്ന വാക്കും ചിഹ്നവും ചേർക്കുക.

345. ഖണ്ഡം 3(4)-ൽ "എതിരായോ" എന്നതിനുപകരം "വിരുദ്ധമായോ" എന്ന് ചേർക്കുക.

358. ഖണ്ഡം 3(4)-ൽ "പ്രോസസുകളും" എന്നതിനുപകരം "നടപടിക്രമങ്ങളും" എന്ന് ചേർക്കുക.

370. ഖണ്ഡം 3(6)-ൽ "കൊല്ലത്ത്" എന്നതിനുപകരം "കൊല്ലം ജില്ലയിൽ" എന്ന് ചേർക്കുക.

381. ഖണ്ഡം 3(7)-ൽ "റീജിയണൽ" എന്നതിനുപകരം "പ്രാദേശിക" എന്ന് ചേർക്കുക.

390. ഖണ്ഡം 3(7)-ൽ "സർട്ടിഫിക്കറ്റുകൾ" എന്നതിനുമുമ്പായി "അംഗീകൃത" എന്നത് ചേർക്കുക.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

303. ഖണ്ഡം 3(2) -ൽ "ഒരു പൊതു മുദ്രയോടും കൂടിയ" എന്നതിനുപകരം "ശ്രീനാരായണ ഗുരുവിന്റെ രേഖാചിത്രവും വിദ്യകൊണ്ട് പ്രബുദ്ധ രാകുവിൻ എന്ന ഗുരു സന്ദേശത്തിന്റെ Enlightenment through Education എന്ന ഇംഗ്ലീഷ് വാക്യവും ഉൾപ്പെടുന്ന ഒരു പൊതുപൊതുമുദ്രയോടും കൂടിയ" എന്നത് ചേർക്കുക.

309. ഖണ്ഡം 3(3)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിനുപകരം "സർവകലാ ശാലയുടെ" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

304. ഖണ്ഡം 3(2)-ൽ "ഒരു പൊതു മുദ്രയോടും" എന്നതിനുപകരം "ശ്രീനാരായണ ഗുരു ദേവന്റെ മുദ്രയോടു കൂടിയ" എന്ന് ചേർക്കുക.

330. ഖണ്ഡം 3 (3)-ൽ "പാട്ടത്തിന് നൽകുന്നതിനോ വിൽക്കുന്നതിനോ" എന്നതിനുശേഷം "വാങ്ങുന്നതിനോ" എന്ന് ചേർക്കുക.

351. ഖണ്ഡം 3(4)-ൽ "സത്യബോധ്യപ്പെട്ടുത്തേണ്ടതും" എന്നതിനു പകരം "വ്യവസ്ഥകൾ ബോധ്യപ്പെടുത്തേണ്ടത്" എന്ന് ചേർക്കുക.

387. ഖണ്ഡം 3(7)-ൽ "പരീക്ഷ" എന്നതിനുശേഷം "ലക്ചറുകൾ, സെമിനാറുകൾ, ചർച്ചകൾ" എന്നത് ചേർക്കുക.

388. ഖണ്ഡം 3(7)-ൽ "മൂല്യനിർണ്ണയം" എന്നതിനുശേഷം "യഥാ സമയ ഫല പ്രഖ്യാപനം" എന്നത് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

306. ഖണ്ഡം 3(2)-ൽ "നികായമായിരിക്കുന്നതും" എന്നതിനുപകരം "നികായം ആയിരിക്കുന്നതും" എന്നത് ചേർക്കുക.

314. ഖണ്ഡം 3(3)-ൽ "സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ" എന്നതിന് പകരം "സ്ഥാവര-ജംഗമ സ്വത്തുക്കൾ" എന്ന് ചേർക്കുക.

317. ഖണ്ഡം 3(3)-ൽ "നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതോ" എന്നതിനു ശേഷമുള്ള "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

321. ഖണ്ഡം 3 (3)- ൽ "ഉത്തമമായ ആവശ്യത്തിനോ അല്ലെങ്കിൽ അതിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു കാര്യത്തിനോ വേണ്ടി" എന്നതിന് പകരം "പഠന ഗവേഷണ ആവശ്യങ്ങൾക്കു വേണ്ടി" എന്ന് ചേർക്കുക.

323. ഖണ്ഡം 3 (3)-ൽ "അതിന്റെ" എന്ന വാക്ക് ഒഴിവാക്കുക.

333. ഖണ്ഡം 3 (3)-ൽ "കൈമാറ്റം ചെയ്യുന്നതിനോ" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

334. ഖണ്ഡം 3 (3)-ൽ "ഏകാംഗീകൃത നികായത്തിൽ നിന്നോ" എന്നതിന് ശേഷം "സംഘടനകളിൽ നിന്നോ, ഗ്രാന്റുകളിൽ നിന്നോ" എന്ന് ചേർക്കുക.

341. ഖണ്ഡം 3(3)-ൽ "ക്ഷമത" എന്നതിന് പകരം "അവകാശം" എന്ന് ചേർക്കുക.

368. ഖണ്ഡം 3(6)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിനുപകരം "യൂണിവേഴ്സിറ്റി" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

308. ഖണ്ഡം 3(2)-ൽ "പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്" എന്നീവാക്കുകൾക്ക് പകരം "വ്യവഹാരങ്ങൾ പ്രസ്തുത പേരിൽ ആയിരിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക

347. ഖണ്ഡം 3(4)-ൽ "വാദങ്ങളിൽ" എന്നതിനുശേഷം "വൈസ് ചാൻസലറുടെ അനുമതിയോടെ" എന്നത് ചേർക്കുക.

363. ഖണ്ഡം 3(5)-ൽ "റീജിയണൽ കേന്ദ്രങ്ങളും" എന്നതിനുപകരം "പ്രാദേശിക കേന്ദ്രങ്ങളും" എന്ന് ചേർക്കുക.

374. ഖണ്ഡം 3(6) താഴെപ്പറയും പ്രകാരം മാറ്റുക.

"(6) യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം കൊല്ലത്തും പ്രാദേശിക കേന്ദ്രങ്ങൾ മലപ്പുറത്തും കണ്ണൂരും തിരുവനന്തപുരത്തും ആയിരിക്കുന്നതാണ്".

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

319. ഖണ്ഡം 3(3)-ൽ " ആർജ്ജിച്ചിട്ടുള്ളതോ ആയ സ്ഥാവരമോ ജംഗമമോ ആയ ഏതൊരു വസ്തുവും" എന്നതിന് പകരം "ആർജ്ജിച്ചിട്ടുള്ള സ്ഥാവരജംഗമ വസ്തുവും" എന്ന് ചേർക്കുക.

325. ഖണ്ഡം 3 (3)-ൽ "സർക്കാരിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതി വാങ്ങിയതിനു ശേഷം" എന്നതിന് പകരം "സർക്കാരിന്റെ രേഖാമൂലമുള്ള അനുമതി ലഭ്യമായശേഷം മാത്രം" എന്ന് ചേർക്കുക.

343. ഖണ്ഡം 3(4)-ൽ "വേണ്ടിയോ അതിന് എതിരായോ ഉള്ള" എന്നതിന് പകരം "അനുകൂലമായോ പ്രതികൂലമായോ ഉള്ള" എന്നത് ചേർക്കുക.

372. ഖണ്ഡം 3(6)-ൽ "കൊല്ലത്ത്" എന്നതിനുപകരം "ചെമ്പഴന്തി" എന്ന് ചേർക്കുക.

376. ഖണ്ഡം 3(6) താഴെപ്പറയും പ്രകാരം മാറ്റുക.

"(6) യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം ഗുരുവിന്റെ ജന്മസ്ഥലമായ ചെമ്പഴന്തിയിലായിരിക്കേണ്ടതാണ് ".

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

339. ഖണ്ഡം 3 (3)-ൽ "ക്ഷമത " എന്നതിന് പകരം "അധികാരം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

344. ഖണ്ഡം 3(4)-ൽ "അതിന്" എന്ന വാക്ക് ഒഴിവാക്കുക.

382. ഖണ്ഡം 3(7)-ൽ "റീജിയണൽ" എന്നതിനുപകരം "മേഖലാ" എന്ന് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

361. ഖണ്ഡം 3(5)-ൽ "റീജിയണൽ" എന്നതിനുപകരം "മേഖല" എന്ന് ചേർക്കുക.

380. ഖണ്ഡം 3(7)-ൽ

(i) "റീജിയണൽ" എന്നതിനു പകരം "മേഖലാ" എന്നത് ചേർക്കുക.

(ii) "അക്കാദമിക സ്ഥാപനങ്ങളിലൂടെയോ" എന്നതിനുപകരം "ചട്ടങ്ങൾ അല്ലെങ്കിൽ" എന്നത് ചേർക്കുക

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

384. ഖണ്ഡം 3(7)-ൽ "റീജിയണൽ" എന്നത് "പ്രാദേശിക" എന്നും "യൂണിവേഴ്സിറ്റിയുടെ" എന്നത് "സർവ്വകലാശാലയുടെ" എന്നും ആക്കുക.

<u>മി. സ്പീക്കർ</u>: 280, 281 എന്നീ നമ്പർ ഭേദഗതികൾ ശീർഷകത്തിൽ ഉള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും 352, 353 എന്നീ നമ്പർ ഭേദഗതികൾ 349-നും 356-ാം നമ്പർ ഭേദഗതി 358-നും 357-ാം നമ്പർ ഭേദഗതി 354-നും 371-ാം നമ്പർ ഭേദഗതി 370-നും തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ 389-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

389. ഖണ്ഡം 3(7)-ൽ "തുടങ്ങിയവ" എന്നതിനുപകരം " എന്നിവ" എന്നത് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 282, 284, 300, 322, 326, 338, 349, 350, 377 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 283, 324, 354, 385 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 290, 335, 364 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 291, 301, 379 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 294, 302, 315, 348, 386 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 297, 329, 345, 358, 370, 381, 390 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 303, 309 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 304, 330, 351, 387, 388 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 306, 314, 321, 323, 333, 334, 341, 368 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 308, 347, 363, 374 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 319, 325, 343, 372, 376 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 344, 382 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 361, 380 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

392. ഖണ്ഡം 4-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിനു പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

393. ഖണ്ഡം 4-ൽ "ഭൂപ്രദേശ" എന്നതിനുപകരം "അധികാര" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

395. ഖണ്ഡം 4-ൽ "സംസ്ഥാന" എന്നതിനുപകരം "കേരള" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

397. ഖണ്ഡം 4-ൽ "സംസ്ഥാനം മുഴുവനും" എന്നതിനുപകരം "സംസ്ഥാനത്ത് മുഴുവൻ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

398. ഖണ്ഡം 4-ൽ "സംസ്ഥാനം മുഴുവനും" എന്നതിനുപകരം "സംസ്ഥാനമാകെ" എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

399. ഖണ്ഡം 4-ൽ "സംസ്ഥാനം മുഴുവനും" എന്നതിനുപകരം "സംസ്ഥാനത്തിന്റെ അധീനതയിലുള്ള മറ്റ് പ്രദേശത്തും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 391-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ള തായതിനാൽ ക്രമപ്രകാരമല്ല. അതുകൊണ്ട് അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 393-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 397-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 398-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 399-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.......................

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അഞ്ചാം വകുപ്പ്</u>

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

404. ഖണ്ഡം 5-ൽ "യൂണിവേഴ്സിറ്റിയുടെ" എന്ന് വരുന്നിടത്തെല്ലാം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

453. ഖണ്ഡം 5(iv)(എ)-ൽ "ആധുനികമായ" എന്നതിനുപകരം "ആധുനികവുമായ" എന്ന് ചേർക്കുക.

528. ഖണ്ഡം 5 (iv) (എച്ച്)-ൽ "പരസ്പര അറിവിന്റെ കൈമാറ്റത്തിനായി" എന്നീ വാക്കുകൾക്ക് പകരം "അറിവിന്റെ പരസ്പര കൈമാറ്റത്തിനായി" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

405. ഖണ്ഡം 5-ൽ "യൂണിവേഴ്സിറ്റി" എന്നതിന് പകരം "യൂണിവേഴ്സിറ്റി" എന്ന് ചേർക്കുക.

417. ഖണ്ഡം 5(i)-ൽ "സാങ്കേതികശാസ്ത്ര" എന്നതിനുപകരം "ശാസ്ത്ര സാങ്കേതിക" എന്ന് ചേർക്കുക.

434. ഖണ്ഡം 5 (iii)-ൽ "ഉപയോഗിച്ച്" എന്നതിനുപകരം "ഉപയോഗപ്പെടുത്തി" എന്ന് ചേർക്കുക.

435. ഖണ്ഡം 5 (iii)-ൽ "തുടങ്ങിയ" എന്ന വാക്ക് ഒഴിവാക്കുക.

442. ഖണ്ഡം 5 (iv)-ൽ "സംസ്ഥാനത്ത്" എന്നതിനുപകരം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

444. ഖണ്ഡം 5 (iv)-ൽ "സംസ്ഥാനത്ത് സാംസ്കാരിക പുരോഗതിക്കായി പൈതൃകത്തെ അടിസ്ഥാനപ്പെടുത്തി" എന്നതിനുപകരം "സംസ്ഥാനത്തെ പൈതൃകത്തെ അടിസ്ഥാനമാക്കി സാമൂഹ്യ സാംസ്കാരിക പുരോഗതിക്കായി" എന്ന് ചേർക്കുക.

445. ഖണ്ഡം 5 (iv)-ൽ "പൈതൃകത്തെ " എന്നതിനുപകരം "പൈതൃകങ്ങളെ" എന്ന് ചേർക്കുക.

455. ഖണ്ഡം 5(iv)(എ)-ൽ "അവസരങ്ങളുമായി ബന്ധപ്പെട്ട്" എന്നതിനുപകരം "അവസരങ്ങൾക്ക് അനുസൃതമായി" എന്ന് ചേർക്കുക.

475. ഖണ്ഡം 5(iv)(ബി)-ൽ "വീട്ടമ്മമാർക്കും" എന്നതിനുശേഷം "ഭിന്ന ശേഷിക്കാർക്കും" എന്നത് ചേർക്കുക.

482. ഖണ്ഡം 5(iv)(ബി) താഴെപ്പറയും പ്രകാരം മാറ്റുക.

"(ബി) സമൂഹത്തിലെ സർവ്വ വിഭാഗക്കാർക്കും ഉൾപ്രദേശങ്ങളിലും, ഗ്രാമങ്ങളിലും പാർശ്വവൽക്കരിക്കപ്പെട്ട പിന്നോക്കാവസ്ഥയിലുള്ള വിവിധ ജനവിഭാഗങ്ങൾക്കും മുഴുവൻ സമയം തൊഴിൽ ചെയ്യുന്ന വർക്കും അല്ലാത്തവർക്കും, വീട്ടമ്മമാർക്കും, മുതിർന്നവർക്കും വിവിധ മേഖലയിലുള്ള നാനാ വിഷയങ്ങളിൽ പഠിച്ച് അറിവ് നേടാനായി അവസരം ഉണ്ടാക്കുക"

485. ഖണ്ഡം 5(iv)(സി)-ൽ "പഠനങ്ങൾ" എന്നതിനുപകരം "പഠനം" എന്ന് ചേർക്കുക.

499. ഖണ്ഡം 5(iv)(ഡി)-ൽ "പുരോഗതിക്കായി" എന്നതിനുപകരം "ഉന്നമനത്തിനായി" എന്ന് ചേർക്കുക.

502. ഖണ്ഡം 5(iv)(ഡി)-ൽ "സോഫ്റ്റ് വെയറുകൾ" എന്നതിനുശേഷം "നിർമ്മിത ബുദ്ധി" എന്ന് ചേർക്കുക.

514. ഖണ്ഡം 5 (iv) (ഇ)-ൽ "എന്നിവയിൽ ബോധനവും പരിശീലനവും നൽകുക;" എന്നീ വാക്കുകൾക്ക് പകരം "എന്നിവയിൽ അദ്ധ്യാപ കർക്കും ബോധനവും പരിശീലനവും നൽകുക" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

406. ഖണ്ഡം 5-ൽ "ലക്ഷ്യങ്ങൾ" എന്നതിന് പകരം "ഉദ്ദേശലക്ഷ്യങ്ങൾ" എന്ന് ചേർക്കുക.

414. ഖണ്ഡം 5(i)-ൽ "തയ്യാറാക്കി" എന്ന വാക്ക് ഒഴിവാക്കുക.

426. ഖണ്ഡം 5 (i)-ൽ "സർട്ടിഫിക്കറ്റ് " എന്നത് ഒഴിവാക്കുക.

431. ഖണ്ഡം 5 (ii)-ൽ "ഉയർത്തുക" എന്നതിനുപകരം "മെച്ചപ്പെടുത്തുക" എന്ന് ചേർക്കുക.

436. ഖണ്ഡം 5 (iii)-ൽ "തപാൽ" എന്നതിനുശേഷം " /ഇമെയിൽ" എന്ന് ചേർക്കുക.

437. ഖണ്ഡം 5 (iii)-ൽ "മുഖേനയുള്ള" എന്നതിനുപകരം "വഴിയുള്ള" എന്ന് ചേർക്കുക.

440. ഖണ്ഡം 5 (iii)-ൽ "പഠന കോഴ്സുകൾക്ക് ബോധനം" എന്നതിനു പകരം "കോഴ്സുകൾക്ക് പഠനം" എന്ന് ചേർക്കുക.

446. ഖണ്ഡം 5 (iv)-ൽ "പൈതൃകത്തെ " എന്നതിനുപകരം "പൈതൃകത്തെയും പാരമ്പര്യത്തെയും" എന്ന് ചേർക്കുക.

459. ഖണ്ഡം 5(iv)(ബി)-ൽ "എല്ലാ" എന്നതിനുപകരം "സർവ്വ" എന്ന് ചേർക്കുക.

466. ഖണ്ഡം 5(iv)(ബി)-ൽ "പിന്നോക്കാവസ്ഥയിൽപ്പെട്ടതുമായ" എന്നതിനു പകരം "പിന്നോക്കാവസ്ഥയിലുള്ള" എന്നാക്കുക.

490. ഖണ്ഡം 5(iv)(സി)-ൽ "സംവിധാനങ്ങളോടു കൂടിയ" എന്നീ വാക്കുകൾ ഒഴിവാക്കുക.

501. ഖണ്ഡം 5(iv)(ഡി)-ൽ "ലഭ്യമായിട്ടുള്ള" എന്നതിനുപകരം "ലഭ്യമായ" എന്ന് ചേർക്കുക.

526. ഖണ്ഡം 5 (iv) (എച്ച്)-ൽ "വിദ്യാഭ്യാസ മേഖലയിൽ പരസ്പര അറിവിന്റെ കൈമാറ്റത്തിനായി" എന്നീ വാക്കുകൾക്ക് പകരം "മേഖലയിലെ അറിവ് പരസ്പരം കൈമാറുന്നതിനായി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

407. ഖണ്ഡം 5(i)-ൽ "സംസ്ഥാനത്തും ഇതരസംസ്ഥാനങ്ങളിലും" എന്നതിനു പകരം "രാജ്യത്ത്" എന്ന് ചേർക്കുക.

419. ഖണ്ഡം 5(i)-ൽ "പ്രയോജനപ്പെടുത്തി" എന്നതിനുപകരം "ഉപയോഗ പ്പെടുത്തി" എന്ന് ചേർക്കുക.

469. ഖണ്ഡം 5(iv)(ബി)-ൽ "വിവിധ വിഭാഗം ജനങ്ങൾക്കും" എന്നതിനു പകരം "വിവിധ ജനവിഭാഗങ്ങൾക്കും" എന്ന് ചേർക്കുക.

483. ഖണ്ഡം 5(iv)(സി)-ൽ "എല്ലാ" എന്നതിനു പകരം "സർവ്വ" എന്ന് ചേർക്കുക.

496. ഖണ്ഡം 5(iv)(ഡി)-ൽ "സംസ്ഥാനത്തിന്റെ" എന്നതിനുപകരം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

506. ഖണ്ഡം 5(iv)(ഡി)-ൽ "മറ്റ് യൂണിവേഴ്സിറ്റി അദ്ധ്യാപകരുടെ" എന്നതിനു പകരം "മറ്റു സർവ്വകലാശാലാ അദ്ധ്യാപകരുടെ" എന്ന് ചേർക്കുക.

511. ഖണ്ഡം 5(iv)(ഡി)-ൽ താഴെപ്പറയും പ്രകാരം മാറ്റുക.

"സംസ്ഥാനത്തെ വിദ്യാഭ്യാസ ഉന്നമനത്തിനായി യൂണിവേഴ്സിറ്റിയിൽ ലഭ്യമായ പുസ്തകങ്ങൾ, പഠനോപാധികൾ, സോഫ്റ്റ് വെയറുകൾ എന്നിവ ഉപയോഗപ്പെടുത്തിയും ക്രെഡിറ്റ് ട്രാൻസ്ഫർ പ്രോത്സാഹിപ്പിച്ചും ഇതര യൂണിവേഴ്സിറ്റി അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി ഔപചാരിക വിദ്യാഭ്യാസത്തിന് സമാനമായ അനൗപചാരികരീതിയും പ്രോത്സാഹിപ്പിക്കുക."

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

408. ഖണ്ഡം 5(i)-ൽ "സംസ്ഥാനത്തും ഇതര സംസ്ഥാനങ്ങളിലും അന്തർ ദേശീയ തലത്തിലുമുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായങ്ങളെ അടിസ്ഥാനമാക്കി വിവിധ പഠന കോഴ്സുകൾ" എന്നീ വാക്കുകൾക്ക് പകരം "രാജ്യത്ത് അന്തർദേശീയ നിലവാരമുള്ള ഉന്നതവിദ്യാഭ്യാസ കോഴ്സുകൾ" എന്നീ വാക്കുകൾ ചേർക്കുക.

424. ഖണ്ഡം 5(i)-ൽ "ഏർപ്പെട്ടിട്ടുള്ളതോ അല്ലാത്തതോ ആയ ആളുകൾക്ക് അവയിൽ ബോധനം നൽകുകയും പരീക്ഷയും മൂല്യനിർണ്ണയവും നടത്തിയും" എന്നീ വാക്കുകൾക്ക് പകരം "ഏർപ്പെട്ടിട്ടുള്ളവർക്കോ തൊഴിൽരഹിതർക്കോ അവയിൽ ബോധനം നൽകി പരീക്ഷയും മൂല്യനിർണ്ണയം നടത്തി" എന്നീ വാക്കുകൾ ചേർക്കുക.

430. ഖണ്ഡം 5 (ii)-ൽ "പൊതു സമൂഹത്തിന്റെ" എന്നതിനുപകരം "ജനങ്ങളുടെ" എന്ന് ചേർക്കുക.

460. ഖണ്ഡം 5(iv)(ബി)-ൽ "എല്ലാ" എന്നതിനു പകരം "ഇതര" എന്ന് ചേർക്കുക.

473. ഖണ്ഡം 5(iv)(ബി)-ൽ "വിവിധ വിഭാഗം" എന്നതിനുപകരം "സർവ്വ" എന്ന് ചേർക്കുക.

492. ഖണ്ഡം 5(iv)(സി)-ൽ "കോഴ്സിലേക്കുള്ള" എന്നതിനുപകരം "കോഴ്സിൽ" എന്ന് ചേർക്കുക.

504. ഖണ്ഡം 5(iv)(ഡി)-ൽ "മറ്റ്" എന്നതിനുപകരം "ഇതര" എന്ന് ചേർക്കുക.

527. ഖണ്ഡം 5 (iv) (എച്ച്)-ൽ "പരസ്പര അറിവിന്റെ കൈമാറ്റത്തിനായി" എന്നീ വാക്കുകൾക്ക് പകരം "പരസ്പരം അറിവ് കൈമാറുന്നതിനായി" എന്നീ വാക്കുകൾ ചേർക്കുക.

534. ഖണ്ഡം 5 (iv) (എച്ച്)-ൽ "ബന്ധങ്ങൾ സ്ഥാപിക്കുക;" എന്നതിനു പകരം" സഹകരിച്ച് പ്രവർത്തിക്കുക" എന്ന് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

409. ഖണ്ഡം 5(i)-ൽ "ഇതര സംസ്ഥാനങ്ങളിലും" എന്നീ വാക്കുകൾക്ക് പകരം "ദേശീയതലത്തിലും" എന്ന വാക്ക് ചേർക്കണം.

474. ഖണ്ഡം 5(iv)(ബി)-ൽ "വീട്ടമ്മമാർക്കും" എന്ന വാക്ക് ഒഴിവാക്കുക.

503. ഖണ്ഡം 5(iv)(ഡി)-ൽ "മറ്റ് യൂണിവേഴ്സിറ്റി അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തിയും" എന്നീ വാക്കുകൾ ഒഴിവാക്കുക.

510. ഖണ്ഡം 5(iv)(ഡി)-ൽ "സമാനമായ" എന്നതിനുപകരം "തത്തുല്യമായ" എന്ന് ചേർക്കുക.

532. ഖണ്ഡം 5 (iv) (എച്ച്)-ൽ "സ്വയം സഹായ ഗ്രൂപ്പുകൾ" എന്നീ വാക്കുകൾ ഒഴിവാക്കുക.

542. ഖണ്ഡം 5 (v)-ൽ "പ്രവേശനം" എന്ന വാക്കിനു മുൻപായി "അതേ പഠന കോഴ്സിനു" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

411. ഖണ്ഡം 5(i)-ൽ "സംസ്ഥാനങ്ങളിലും" എന്നതിനുശേഷം "ദേശീയ" എന്ന് ചേർക്കുക.

432. ഖണ്ഡം 5 (ii) താഴെ പറയും പ്രകാരം മാറ്റുക:

"(ii) പൊതു സമൂഹത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക;"

441. ഖണ്ഡം 5 (iii)-ൽ "കോഴ്സുകൾക്ക്" എന്ന വാക്കിന് ശേഷം "ആവശ്യമായ" എന്ന വാക്ക് ചേർക്കുക.

456. ഖണ്ഡം 5(iv)(എ)-ൽ "ബന്ധപ്പെട്ട്" എന്നതിനുപകരം "ബന്ധപ്പെടുത്തി" എന്ന് ചേർക്കുക.

458. ഖണ്ഡം 5(iv)(എ)-ൽ "കോഴ്സുകളിലേക്ക്" എന്നതിനുശേഷം "ആവശ്യമായ" എന്ന് ചേർക്കുക.

480. ഖണ്ഡം 5(iv)(ബി)-ൽ "അറിവ്" എന്നതിനുശേഷം "നേടാനായിട്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുക" എന്ന് ചേർക്കുക.

491. ഖണ്ഡം 5(iv)(സി)-ൽ "പഠന" എന്ന വാക്ക് വരുന്നിടത്തെല്ലാം "ബോധന" എന്ന് മാറ്റുക.

498. ഖണ്ഡം 5(iv)(ഡി)-ൽ "സമ്പ്രദായത്തിന്റെ" എന്ന വാക്ക് ഒഴിവാക്കുക.

516. ഖണ്ഡം 5 (iv) (ഇ)-ൽ "ആവശ്യമായ"എന്ന വാക്കിനുശേഷം "വിദഗ്ദ്ധ" എന്ന വാക്കു ചേർക്കുക.

518. ഖണ്ഡം 5 (iv) (എഫ്)-ൽ "പരിസ്ഥിതി, ശാസ്ത്രം", എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം " പരിസ്ഥിതിസംരക്ഷണം" എന്നു ചേർക്കുക.

522. ഖണ്ഡം 5 (iv) (എഫ്)-ൽ "ബന്ധപ്പെട്ട്" എന്നതിനുപകരം "ബന്ധപ്പെട്ട" എന്നു ചേർക്കുക.

523. ഖണ്ഡം 5 (iv) (ജി)-ൽ "വികസനത്തിനായി" എന്നതിനുപകരം "വികസനത്തിനായിട്ടുള്ള" എന്നു ചേർക്കുക.

539. ഖണ്ഡം 5 (v)-ൽ "നിയമംമൂലം" എന്നതിനുപകരം "നിയമനിർമ്മാണംമൂലം" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

420. ഖണ്ഡം 5(i)-ൽ "പ്രയോജനപ്പെടുത്തി" എന്നതിനുശേഷം "ഓൺലൈനിലൂടെയോ അല്ലാതെയോ" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

422. ഖണ്ഡം 5(i)-ൽ "ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതോ അല്ലാത്തതോ ആയ ആളുകൾക്ക്" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

425. ഖണ്ഡം 5(i)-ൽ "നടത്തിയും" എന്നതിനുപകരം "നടത്തി" എന്ന് ചേർക്കുക.

486. ഖണ്ഡം 5(iv)(സി)-ൽ "പ്രോൽസാഹിപ്പിക്കുന്നതിന്" എന്നതിനു പകരം "പ്രോത്സാഹിപ്പിക്കുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

428. ഖണ്ഡം 5 (ii) ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

433. ഖണ്ഡം 5 (iii)-ൽ "ശാസ്ത്രസാങ്കേതിക" എന്നതിനുപകരം "സാങ്കേതിക ശാസ്ത്ര" എന്ന് ചേർക്കുക.

439. ഖണ്ഡം 5 (iii)-ൽ "പഠന കോഴ്സുകൾക്ക് " എന്നതിനു പകരം "പഠനകോഴ്സുകൾക്കും നൈപുണ്യ വികസന പരിപാടികൾക്കും" എന്ന് ചേർക്കുക.

450. ഖണ്ഡം 5 (iv) (എ)-ൽ "നിലവിലുള്ളതും" എന്നതിനുശേഷം "കാലാകാലങ്ങളിൽ നിലവിൽ വരുന്നതും" എന്ന് ചേർക്കുക.

477. ഖണ്ഡം 5(iv)(ബി)-ൽ "മുതിർന്നവർക്കും" എന്നതിനുശേഷം "പഠനം മുടങ്ങിപ്പോയവർക്കും" എന്ന് ചേർക്കുക.

519. ഖണ്ഡം 5 (iv) (എഫ്)-ൽ "ശാസ്ത്രം," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ചരിത്രം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

പ്രസ്തുത ഖണ്ഡത്തിൽ ഹിസ്റ്ററി ഒഴിവാക്കിയിരിക്കുകയാണ്. ഹിസ്റ്ററി ഒരു പ്രധാനപ്പെട്ട സബ്ജക്റ്റാണ്. പഠനങ്ങളും ഗവേഷണങ്ങളും നടത്തേണ്ട മറ്റ് സബ്ജക്റ്റുകൾ ഉൾപ്പെടുത്തുകയും ഹിസ്റ്ററിയെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് ശരിയല്ല. അതിനാൽ ഹിസ്റ്ററികൂടി ഉൾപ്പെടുത്തണമെന്നതാണ് എന്റെ 519-ാം നമ്പർ ഭേദഗതി.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

438. ഖണ്ഡം 5 (iii)-ൽ "സമ്പർക്ക ക്ലാസുകൾ" എന്നതിനുശേഷം "വെബിനാറുകൾ" എന്ന് ചേർക്കുക.

451. ഖണ്ഡം 5(iv)(എ)-ൽ "ആധുനികമായ" എന്നതിനുപകരം "ആധുനിക" എന്ന് ചേർക്കുക.

464. ഖണ്ഡം 5(iv)(ബി)-ൽ "പ്രത്യേകിച്ചും" എന്നതിനുപകരം "പ്രത്യേകിച്ച്" എന്ന് ചേർക്കുക.

484. ഖണ്ഡം 5(iv)(സി)-ൽ "എല്ലാ മേഖലകളിലും" എന്നതിനുപകരം "വിവിധ മേഖലയിലുള്ള വിഷയങ്ങളിൽ" എന്ന് ചേർക്കുക.

488. ഖണ്ഡം 5(iv)(സി)-ൽ "നൂതനമായ" എന്നതിനുപകരം "ആധുനിക ശാസ്ത്രസാങ്കേതിക" എന്ന് ചേർക്കുക.

495. ഖണ്ഡം 5(iv)(ഡി)-ൽ "സംസ്ഥാനത്തിന്റെ" എന്നതിനുപകരം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

520. ഖണ്ഡം 5 (iv) (എഫ്)-ൽ "ശാസ്ത്രം," എന്നതിനുശേഷം "കല" എന്ന വാക്ക് ചേർക്കുകയും "രാഷ്ട്രീയം" എന്ന വാക്കിനുശേഷം "ചരിത്രം" എന്ന് ചേർക്കുകയും ചെയ്യുക"

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

443. ഖണ്ഡം 5 (iv)-ൽ "സംസ്ഥാനത്ത് " എന്നതിനുശേഷം "സാമൂഹ്യ" എന്ന് ചേർക്കുക.

468. ഖണ്ഡം 5(iv)(ബി)-ൽ "പിന്നോക്കാവസ്ഥയിൽപ്പെട്ടതുമായ" എന്നതിനു പകരം "സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

476. ഖണ്ഡം 5 (iv)(ബി)-ൽ "വീട്ടമ്മമാർക്കും" എന്നതിനുശേഷം "പഠനം മുടങ്ങിയവർക്കും" എന്ന് ചേർക്കുക.

493. ഖണ്ഡം 5(iv)(സി)-ൽ "മൂല്യനിർണയം" എന്നതിനുശേഷം "സമയബന്ധിതമായ ഫലപ്രഖ്യാപനം" എന്ന് ചേർക്കുക.

513. ഖണ്ഡം 5 (iv) (ഇ)-ൽ "നൈപുണ്യങ്ങൾ" എന്നതിനുശേഷം "സംസ്കാരം" എന്ന് ചേർക്കുക.

530. ഖണ്ഡം 5 (iv) (എച്ച്)-ൽ "അറിവിന്റെ കൈമാറ്റത്തിനായി" എന്നതിന് പകരം "അറിവുകൾ കൈമാറുന്നതിനായി" എന്ന് ചേർക്കുക.

543. ഖണ്ഡം 5 (v)-ൽ "പഠനത്തിനുള്ള" എന്നതിനുശേഷം "സൗകര്യവും സാധ്യതയും" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

500 ഖണ്ഡം 5(iv)(ഡി)-ൽ "യൂണിവേഴ്സിറ്റിയിൽ" എന്നതിനുപകരം "സർവ്വകലാശാലയിൽ" എന്ന് ചേർക്കുക.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

521. ഖണ്ഡം 5 (iv) (എഫ്)-ൽ "രാഷ്ട്രീയം" എന്നതിനുപകരം "മാനവിക വിഷയങ്ങൾ" എന്നു ചേർക്കുക.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

541. ഖണ്ഡം 5 (v)-ൽ "വ്യവസ്ഥകൾക്ക് വിധേയമായി" എന്നതിനുപകരം "സമാന പഠന കോഴ്സിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 403-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനായതിനാൽ ക്രമപ്രകാരമല്ലാത്തതിനാലും 416, 418 എന്നീ നമ്പർ ഭേദഗതി 417-നും 452-ാം നമ്പർ ഭേദഗതി 453-നും 467-ാം നമ്പർ ഭേദഗതി 466-നും 487-ാം നമ്പർ ഭേദഗതി 486-നും 531-ാം നമ്പർ ഭേദഗതി 532-നും തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 433-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 435-ാം നമ്പർ ഭേദഗതി "തുടങ്ങിയ" എന്ന വാക്കിനുപകരം "എന്നീ" എന്ന ഭേദഗതിയോടെയും, 485-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ശ്രീ. എൻ. ഷംസുദ്ദീന്റെ 436-ാം നമ്പർ

ഭേദഗതി "/ഇമെയിൽ" എന്നതിനുപകരം "അല്ലെങ്കിൽ ഇമെയിൽ" എന്ന ഭേദഗതിയോടെയും, ശ്രീ. വി. പി. സജീന്ദ്രന്റെ 438, 495 എന്നീ നമ്പർ ഭേദഗതികളും ശ്രീ. സി. മമ്മൂട്ടിയുടെ 506-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ശ്രീ. എസ്. ശർമ്മയുടെ 529-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

529. ഖണ്ഡം 5 (iv) (എച്ച്)-ൽ "പരസ്പര അറിവിന്റെ കൈമാറ്റത്തിനായി" എന്നതിന് പകരം "വിജ്ഞാന വിനിമയത്തിനായി" എന്ന് ചേർക്കുക.

ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 404, 453, 528 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 405, 417, 434, 442, 444, 445, 455, 475, 482, 499, 502, 514 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 406, 414, 426, 431, 437, 440, 446, 459, 466, 490, 501, 526 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 407, 419, 469, 483, 496, 506, 511 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 408, 424, 430, 460, 473, 492, 504, 527, 534 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 409, 474, 503, 510, 532, 542 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 411, 432, 441, 456, 458, 480, 491, 498, 516, 518, 522, 523, 539 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 422-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 425, 486 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 428-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 439, 450, 477, 519 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 451, 464, 484, 488, 520 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 443, 468 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 476, 493, 513, 530, 543 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 500-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 521-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ആറാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

545. ഖണ്ഡം 6-ൽ "യൂണിവേഴ്സിറ്റി" എന്ന വാക്ക് വരുന്നിടത്തെല്ലാം "സർവ്വകലാശാല" എന്ന വാക്ക് ചേർക്കുക.

561. ഖണ്ഡം 6(ii)-ൽ "മൂല്ല്യനിർണ്ണയവും" എന്നതിനുപകരം "മൂല്യനിർണ്ണയവും" എന്ന് ചേർക്കുക.

567. ഖണ്ഡം 6(iii)-ൽ "ബഹുമാനാർത്ഥമായ" എന്നതിനുപകരം "ഓണററി" എന്ന വാക്ക് ചേർക്കുക.

573. ഖണ്ഡം 6 (iv)-ൽ "ബഹുമാനാർത്ഥമായ" എന്നതിന് പകരം "ഓണററി" എന്ന് ചേർക്കുക.

608. ഖണ്ഡം 6(ix)-ൽ " അക്കാദമികസ്ഥാപനങ്ങളും" എന്നതിനുശേഷം "ആവശ്യാനുസരണം" എന്ന് ചേർക്കുക.

628. ഖണ്ഡം 6 (xii) ൽ " നിശ്ചയിക്കുകയും" എന്നതിന് ശേഷം "അപ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

546. ഖണ്ഡം 6(i)-ൽ "അടിസ്ഥാന" എന്ന വാക്ക് ഒഴിവാക്കുക.

552. ഖണ്ഡം 6(i)-ൽ "രാഷ്ട്രീയം" എന്ന വാക്കിനുപകരം "രാഷ്ട്ര തന്ത്രം" എന്ന വാക്ക് ചേർക്കുക.

555. ഖണ്ഡം 6(i)-ൽ "വിനോദ സഞ്ചാരം," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "വിവര സാങ്കേതികം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

564. ഖണ്ഡം 6(ii)-ൽ "ബിരുദാനന്തര ബിരുദങ്ങൾ, ഗവേഷണ ബിരുദങ്ങൾ" എന്നീ വാക്കുകൾ ഒഴിവാക്കുക.

576. ഖണ്ഡം 6 (iv) താഴെപറയും പ്രകാരം മാറ്റുക.

" സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്ക് കീഴിൽ സർട്ടിഫിക്കറ്റോ ഡിപ്ലോമയോ ബിരുദമോ, ബഹുമാനാർത്ഥമായ ബിരുദമോ മറ്റ് അക്കാദമിക ബഹുമതിയോ തടഞ്ഞു വയ്ക്കുകയോ പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുക.

എന്നാൽ ഇത്തരം പിൻവലിക്കലോ റദ്ദാക്കലോ ചെയ്യുന്നതിനു മുൻപായി ബാധിക്കപ്പെടുന്ന ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്. "

579. ഖണ്ഡം 6 (v)-ൽ "വിദ്യാഭ്യാസത്തിനുള്ള" എന്നതിന് പകരം "വിദ്യാഭ്യാസം നൽകുന്നതിനുള്ള" എന്ന് ചേർക്കുക.

585. ഖണ്ഡം 6 (vi)-ൽ "തസ്തികകൾ" എന്ന വാക്കിനുശേഷം " സർക്കാർ അംഗീകാരത്തിനു വിധേയമായി" എന്ന് ചേർക്കുക.

596. ഖണ്ഡം 6 (vii)-ൽ "മൂല്യനിർണ്ണയം" എന്ന വാക്കിനുശേഷം " , ഫലം പ്രസിദ്ധീകരിക്കൽ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

611. ഖണ്ഡം 6(ix)-ൽ " നിലനിർത്തുകയോ" എന്നതിനുശേഷം " ,പരിപാലിക്കുകയോ" എന്ന് ചേർക്കുക.

617. ഖണ്ഡം 6(x)-ൽ " മുഖാന്തിരം" എന്നതിനു പകരം "മുഖേന" എന്ന് ചേർക്കുക.

620. ഖണ്ഡം 6(xi)-ൽ " ചോദ്യപേപ്പർ തയ്യാറാക്കുന്നവർ, മൂല്യ നിർണ്ണയം നടത്തുന്നവർ" എന്നീ വാക്കുകൾ ഒഴിവാക്കുക.

625. ഖണ്ഡം 6 (xii)-ൽ " വിവിധ കാറ്റഗറിയിലുള്ള" എന്നതിന് മുമ്പായി "സർക്കാർ അംഗീകാരത്തിനുവിധേയമായി" എന്ന് ചേർക്കുക.

635. ഖണ്ഡം 6 (xiii)-ൽ " വ്യവസ്ഥ ചെയ്യുക" എന്നതിന് പകരം "വ്യവസ്ഥകൾ നിശ്ചയിക്കുകയും ചെയ്യുക " എന്ന് ചേർക്കുക.

651. ഖണ്ഡം 6(xv)-ൽ " പര്യാപ്തമാണോ" എന്നതിനുപകരം "യോഗ്യമാണോ " എന്ന് ചേർക്കുക.

655. ഖണ്ഡം 6(xvi)-ൽ "ഉത്തമമായ" എന്ന വാക്ക് ഒഴിവാക്കുക.

659. ഖണ്ഡം 6(xvi)-ൽ "അന്യാധീനപ്പെടുത്തുകയോ" എന്നത് ഒഴിവാക്കുക.

661. ഖണ്ഡം 6(xvii)-ൽ "ഒരു വിദേശ രാജ്യം, വിദേശ ഫൗണ്ടേഷൻ" എന്നതിന് പകരം "വിദേശ രാജ്യങ്ങൾ, വിദേശ ഫൗണ്ടേഷനുകൾ" എന്നത് ചേർക്കുക.

679. ഖണ്ഡം 6 (xxi)-ൽ " ആരോഗ്യവും" എന്ന വാക്ക് ഒഴിവാക്കുക.

687. ഖണ്ഡം 6 (xxiv)-ൽ "സംഘടനകൾ, സ്ഥാപനങ്ങൾ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

548. ഖണ്ഡം 6(i)-ൽ "സാങ്കേതിക ശാസ്ത്രം" എന്നതിനുശേഷം "സാമൂഹിക ശാസ്ത്രം" എന്ന് ചേർക്കുക.

572. ഖണ്ഡം 6 (iv)-ൽ "അവസരം നൽകിയതിനുശേഷം" എന്നതിനു ശേഷം "പരിശോധിച്ച് " എന്ന് ചേർക്കുക.

598. ഖണ്ഡം 6(vii)-ൽ " മൂല്യനിർണ്ണയം" എന്നതിനുശേഷം "ഫല പ്രഖ്യാപനം" എന്ന് ചേർക്കുക.

609. ഖണ്ഡം 6(ix)-ൽ " സ്ഥാപനങ്ങളും" എന്നതിനുശേഷം "ഗവേഷണ സ്ഥാപനങ്ങളും" എന്നു ചേർക്കുക.

648. ഖണ്ഡം 6(xv)-ൽ " ബഹുമതിയോ" എന്നതിനുശേഷം " അവയുടെ മെറിറ്റ് നോക്കി" എന്ന് ചേർക്കുക.

657. ഖണ്ഡം 6(xvi)-ൽ "ആവശ്യങ്ങൾക്ക് വേണ്ടി" എന്നതിന് പകരം "ആവശ്യങ്ങൾക്കു വേണ്ടിയും സർക്കാരിന്റെ പൊതുതാത്പര്യത്തിന് വേണ്ടിയും" എന്ന് ചേർക്കുക.

666. ഖണ്ഡം 6(xvii)-ൽ " മെഡലുകൾ" എന്നതിനുശേഷം " ഫെലോഷിപ്പുകൾ" എന്ന് ചേർക്കുക.

682. ഖണ്ഡം 6 (xxii)-ൽ " ഏതെങ്കിലും സ്ഥാപനത്തെ" എന്നതിനുശേഷം "ഗവേഷണ കേന്ദ്രങ്ങളെയും, ശാസ്ത്ര സ്ഥാപനങ്ങളെയും" എന്നീ വാക്കുകൾ ചേർക്കുക.

690. ഖണ്ഡം 6 (xxiv)-ൽ "അംഗീകരിക്കുക" എന്നതിനുപകരം "അംഗീ കരിക്കുകയോ പിൻവലിക്കുകയോ ചെയ്യുക " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

550. ഖണ്ഡം 6(i)-ൽ "സാങ്കേതിക ശാസ്ത്രം," എന്നതിനുശേഷം "ചരിത്രം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

618. ഖണ്ഡം 6(x)-ൽ " ഏർപ്പെടുത്തുക" എന്നതിനുപകരം "ഏർപ്പെടുത്തുകയും വിതരണം ചെയ്യുകയും ചെയ്യുക" എന്ന് ചേർക്കുക.

619. ഖണ്ഡം 6(xi)-ൽ " അദ്ധ്യാപകർ," എന്നതിന് ശേഷം "അനദ്ധ്യാപകർ," എന്നത് ചേർക്കുക.

639. ഖണ്ഡം 6 (xiv) ൽ " പഠന കോഴ്സുകളോ " എന്നതിന് ശേഷം "നൽകിയ ബിരുദങ്ങളോ" എന്നതും " പഠന കോഴ്സുകൾക്കോ " എന്നതിന് ശേഷം "ബിരുദങ്ങൾക്കോ" എന്നും ചേർക്കുക.

650. ഖണ്ഡം 6(xv)-ൽ " പഠനകോഴ്സുകളിലേക്ക്" എന്നതിന് പകരം " പഠനകോഴ്സുകളുടെ പ്രവേശനത്തിനുള്ള യോഗ്യതക്ക്" എന്നത് ചേർക്കുക.

658. ഖണ്ഡം 6(xvi)-ൽ "തീറുകൊടുക്കുകയോ" എന്നതിന് ശേഷം "പാട്ടത്തിന് കൊടുക്കുകയോ" എന്നത് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

551. ഖണ്ഡം 6(i)-ൽ

i. "സാങ്കേതിക ശാസ്ത്രം" എന്നതിനുശേഷം "മാനവിക വിഷയങ്ങൾ" എന്ന് ചേർക്കുക.

ii. "തൊഴിൽ" എന്നതിനു പകരം "തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, നൈപുണ്യ വികസനം" എന്ന് ചേർക്കുക.

683. ഖണ്ഡം 6 (xxiii)-ൽ " എമിരിറ്റസ്" എന്നതിനുപകരം "എമെരിറ്റസ്" എന്ന് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

554. ഖണ്ഡം 6(i)-ൽ "രാഷ്ട്രീയം" എന്ന വാക്കിനുശേഷം "ചരിത്രം" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

557. ഖണ്ഡം 6(i)-ൽ "പരിസ്ഥിതി" എന്ന വാക്കിനു ശേഷം "ഐ. ടി." എന്ന വാക്ക് ചേർക്കുക.

565. ഖണ്ഡം 6(ii)-ൽ "ഗവേഷണ ബിരുദങ്ങൾ" എന്നതിനുശേഷം "കൂടാതെ" എന്ന വാക്ക് ചേർക്കുക.

569. ഖണ്ഡം 6(iii)-ൽ "ബഹുമാനാർത്ഥമായ ബിരുദങ്ങളും മറ്റ് അക്കാദമിക ബഹുമതികളും നൽകുക;" എന്നതിനു പകരം "ബഹുമാനാർത്ഥമായ ബിരുദങ്ങൾ നൽകുക" എന്ന് ചേർക്കുക.

570. ഖണ്ഡം 6(iii)-ൽ "ബിരുദങ്ങളും" എന്നതിനുശേഷം "ബിരുദങ്ങളോടൊപ്പം" എന്ന് ചേർക്കുക.

578. ഖണ്ഡം 6 (v)-ൽ "ബന്ധപ്പെട്ട്" എന്ന വാക്കിനുശേഷം "നടത്തുന്ന" എന്ന വാക്ക് ചേർക്കുക.

588. ഖണ്ഡം 6 (vi)-ൽ "സൃഷ്ടിക്കുകയും" എന്ന വാക്കിനു ശേഷം "മറ്റ് യൂണിവേഴ്സിറ്റികളിൽ നിയമനം നൽകുകയും ചെയ്യുക" എന്ന് ചേർക്കുക.

594. ഖണ്ഡം 6 (vii)-ൽ "വ്യവസ്ഥകളും" എന്നതിന് പകരം "മാനദണ്ഡങ്ങളും" എന്ന് ചേർക്കുക.

601. ഖണ്ഡം 6(viii)-ൽ " മറ്റ് " എന്ന വാക്ക് ഒഴിവാക്കുക.

613. ഖണ്ഡം 6(x)-ൽ " സാങ്കേതിക ശാസ്ത്ര" എന്നതിനുപകരം "ശാസ്ത്ര സാങ്കേതിക" എന്ന് ചേർക്കുക.

622. ഖണ്ഡം 6 (xi)-ൽ " ചർച്ച " എന്നതിന് പകരം "ചർച്ച ക്ലാസ്സ്" എന്ന് ചേർക്കുക.

629. ഖണ്ഡം 6 (xii)-ൽ " തസ്തികകളിലേക്ക് " എന്നതിന് ശേഷം "പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന " എന്ന് ചേർക്കുക.

637. ഖണ്ഡം 6 (xiii)- ൽ താഴെ പറയും പ്രകാരം മാറ്റുക:

" യൂണിവേഴ്സിറ്റി നടത്തുന്ന വിവിധ വിഷയങ്ങളിലും ഗവേഷണത്തിനായുള്ള വ്യവസ്ഥ ചെയ്യുക"

644. ഖണ്ഡം 6 (xiv)-ൽ " അംഗീകരിക്കുകയോ" എന്നതിന് ശേഷം "അപ്രകാരം" എന്ന് ചേർക്കുക.

652. ഖണ്ഡം 6(xv)-ൽ, " പര്യാപ്തമാണോ" എന്നതിന് പകരം " തത്തുല്യമാണോ" എന്ന് ചേർക്കുക.

653. ഖണ്ഡം 6(xvi)-ൽ "സ്ഥാവരമോ ജംഗമമോ" എന്നതിനുപകരം "സ്ഥാവരജംഗമ " എന്ന് ചേർക്കുക.

664. ഖണ്ഡം 6(xvii)-ൽ " യൂണിവേഴ്സിറ്റി ഉചിതമെന്ന് കരുതുന്ന ഏതു വിധത്തിലും" എന്നതിന് പകരം " സർക്കാർ ട്രഷറികളിൽ" എന്നത് ചേർക്കുക.

668. ഖണ്ഡം 6(xviii)-ൽ " ഈടിൻമേലോ അല്ലാതെയോ" എന്നതിനു പകരം " ഇടിൻമേൽ" എന്ന് ചേർക്കുക.

673. ഖണ്ഡം 6 (xix)-ൽ " കരാറിൽ" എന്ന വാക്കിന് മുൻപായി "സർക്കാരിന്റെ അനുവാദത്തോടെ" എന്നീ വാക്കുകൾ" ചേർക്കുക.

677. ഖണ്ഡം 6 (xxi)-ൽ " മേൽ" എന്നവാക്കിനുശേഷം "ആവശ്യമായ" എന്ന് ചേർക്കുക.

680. ഖണ്ഡം 6 (xxii)-ൽ " നിശ്ചയിക്കുന്ന" എന്നതിനുപകരം "നിശ്ചയിക്കുന്നതും" എന്ന് ചേർക്കുക.

684. ഖണ്ഡം 6 (xxiii)-ൽ " കരാർ അടിസ്ഥാനത്തിൽ" എന്നത് ഒഴിവാക്കുക.

692. ഖണ്ഡം 6 (xxvii)-ൽ "യൂണിവേഴ്സിറ്റിയിലെ" എന്ന വാക്ക് ആരംഭത്തിൽ ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

558. ഖണ്ഡം 6(i)-ൽ "ഗവേഷണം നടത്തുന്നതിനും ഉള്ള" എന്നതിനു പകരം "ഗവേഷണം നടത്തുന്നതിനും" എന്ന് ചേർക്കുക.

563. ഖണ്ഡം 6(ii)-ൽ "സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്നതിനു പകരം "പഠന കോഴ്സുകൾ എല്ലാ രീതിയിലും വിജയകരമായി പൂർത്തീകരിക്കുന്ന ആളുകൾക്ക് " എന്ന് ചേർക്കുക.

615. ഖണ്ഡം 6(x)-ൽ " സാങ്കേതിക ശാസ്ത്ര" എന്നത് "സാങ്കേതിക-ശാസ്ത്ര " എന്നാക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

559. ഖണ്ഡം 6(i)-ൽ "നടത്തുന്നതിനും ഉള്ള" എന്നതിനുപകരം "നടത്തുന്ന തിനുമുള്ള" എന്നത് ചേർക്കുക.

590. ഖണ്ഡം 6 (vi) താഴെപ്പറയും പ്രകാരം മാറ്റുക:

"(vi) യൂണിവേഴ്സിറ്റിയുടെ അക്കാദമിക ആവശ്യങ്ങൾക്കായി പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളും മറ്റ് അക്കാദമിക സ്ഥാപനങ്ങളും സൃഷ്ടിക്കുകയും നിയമനം നൽകുകയും ചെയ്യുക;"

603. ഖണ്ഡം 6-ൽ " റീജിയണൽ" എന്ന വാക്ക് വരുന്നിടത്തെല്ലാം "മേഖലാ" എന്ന് ചേർക്കുക.

643. ഖണ്ഡം 6 (xiv)-ൽ " അംഗീകരിക്കുകയോ" എന്നതിന് ശേഷം "അതതുസംഗതിപോലെ" എന്ന് ചേർക്കുക.

665. ഖണ്ഡം 6(xvii)-ൽ " നിധിയിൽ നിന്നും" എന്നതിനുശേഷം " അക്കാദമിക" എന്ന് ചേർക്കുക.

696. ഖണ്ഡം 6 (xxix)-ൽ "ആവശ്യമാകുന്ന" എന്നതിനുപകരം "ആവശ്യമാ യേക്കാവുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

560. ഖണ്ഡം 6(ii)-ൽ "വിവിധ പഠന കോഴ്സുകളിൽ" എന്നതിനുപകരം "വിവിധ കോഴ്സുകളുടെ" എന്ന് ചേർക്കുക.

607. ഖണ്ഡം 6(ix)-ൽ " അക്കാദമിക സ്ഥാപനങ്ങളും" എന്നതിനു ശേഷം "അഫിലിയേറ്റ് ചെയ്ത കോളേജുകളും" എന്ന് ചേർക്കുക.

627. ഖണ്ഡം 6 (xii) ൽ " യോഗ്യത" എന്നതിന് പകരം "വിദ്യാഭ്യാസ യോഗ്യത" എന്ന് ചേർക്കുക.

634. ഖണ്ഡം 6 (xiii)-ൽ " ഗവേഷണത്തിനായുള്ള" എന്നതിന് ശേഷം "ഗവേഷണ ഉപരിപഠനത്തിനും " എന്ന് ചേർക്കുക.

681. ഖണ്ഡം 6 (xxii)-ൽ " അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കുക.

685. ഖണ്ഡം 6 (xxiii)-ൽ " കരാർ അടിസ്ഥാനത്തിൽ" എന്നതിനു പകരം "ജോലി ക്രമീകരണ വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

686. ഖണ്ഡം 6 (xxiii)-ൽ " കരാർ അടിസ്ഥാനത്തിൽ നിയമിക്കുക" എന്നതിനു പകരം "സ്ഥിര നിയമനം ലഭിച്ചവർ വരുന്നതുവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുക" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

574. ഖണ്ഡം 6 (iv)-ൽ "പിൻവലിക്കുകയോ" എന്ന വാക്ക് ഒഴിവാക്കുക.

605. ഖണ്ഡം 6(ix)-ൽ “ റീജിയണൽകേന്ദ്രങ്ങളും" എന്നതിനുപകരം "മേഖലാ കേന്ദ്രങ്ങളും” എന്ന് ചേർക്കുക.

616. ഖണ്ഡം 6(x)-ൽ “ ശാസ്ത്ര" എന്നതിനു ശേഷം "വിവര സാങ്കേതിക വിദ്യ” എന്ന് ചേർക്കുക.

636. ഖണ്ഡം 6 (xiii) താഴെ പറയും പ്രകാരം മാറ്റുക:

“ ഗവേഷണ കാര്യങ്ങൾക്ക് വ്യവസ്ഥ ഉണ്ടാക്കുക"

641. ഖണ്ഡം 6 (xiv) ൽ “ തുല്യമായി” എന്നതിനുപകരം "തത്തുല്യമായി" എന്ന് ചേർക്കുക.

694. ഖണ്ഡം 6 (xxviii)-ൽ "ചെയ്യുകയും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

575. ഖണ്ഡം 6 (iv) താഴെപ്പറയും പ്രകാരം മാറ്റുക.

" ലിഖിത നിയമങ്ങളാൽ നിർണയിക്കപ്പെടാവുന്ന ഉപാധികൾക്ക് കീഴിൽ സർട്ടിഫിക്കറ്റോ ഡിപ്ലോമയോ ബിരുദമോ ബിരുദാനന്തര ബിരുദമോ ഗവേഷണ ബിരുദമോ ബഹുമാനാർത്ഥമായ മറ്റു ബിരുദമോ മറ്റു അക്കാദമിക ബഹുമതിയോ തടഞ്ഞുവയ്ക്കുകയോ പിൻവലിക്കുക യോ റദ്ദാക്കുകയോ ചെയ്യുക;

എന്നാൽ അപ്രകാരം ചെയ്യുന്നതിന് മുൻപ് ബന്ധപ്പെട്ട വ്യക്തിക്ക് ബോധിപ്പിക്കാനുള്ളത് രേഖാമൂലം നൽകാൻ ന്യായമായ ഒരു അവസരം നൽകണം"

621. ഖണ്ഡം 6 (xi)-ൽ “ റിഫ്രഷർ കോഴ്സ്" എന്നതിന് ശേഷം "ക്ലസ്റ്റർ യോഗങ്ങൾ” എന്ന് ചേർക്കുക.

624. ഖണ്ഡം 6 (xii)-ൽ

(i) “ റീജിയണൽ" എന്നതിന് പകരം "മേഖലാ” എന്ന് ചേർക്കുക.

(ii) “ തസ്തികകളിലേക്ക്" എന്നതിന് ശേഷം "യഥാവിധി” എന്ന് ചേർക്കുക.

645. ഖണ്ഡം 6 (xiv)-ൽ " നൽകിയ" എന്നതിന് പകരം "മുൻപ് നൽകിയിട്ടുള്ള" എന്ന് ചേർക്കുക.

647. ഖണ്ഡം 6(xv)-ൽ " ബിരുദാനന്തര ബിരുദമോ" എന്നതിനുശേഷം " ഗവേഷണ ബിരുദമോ" എന്നത് ചേർക്കുക.

667. ഖണ്ഡം 6(xviii)-ൽ " വസ്തുവകകളുടെ" എന്ന വാക്കിനുമുമ്പിൽ " ഏതെങ്കിലും" എന്ന് ചേർക്കുക.

672. ഖണ്ഡം 6 (xix)-ൽ " കരാറിൽ" എന്ന വാക്കിന് മുമ്പായി "യൂണിവേഴ്സിറ്റിയുടെ ആവശ്യങ്ങൾക്കായി" എന്നീ വാക്കുകൾ ചേർക്കുക.

675. ഖണ്ഡം 6 (xx)-ൽ " ഓർഡിനൻസുകളാൽ" എന്നതിനുപകരം "ഓർഡിനൻസുകളാലോ സ്റ്റാറ്റ്യൂട്ടുകളാലോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

577. ഖണ്ഡം 6 (v)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നത് "സർവകലാശാലയുടെ" എന്നാക്കുക.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

581. ഖണ്ഡം 6 (v)-ൽ "നിശ്ചയിക്കുക" എന്നതിന് പകരം "നിർണ്ണയിക്കുക" എന്ന് ചേർക്കുക.

583. ഖണ്ഡം 6 (vi)-ൽ " അക്കാദമിക സ്ഥാപനങ്ങൾ എന്നീ തസ്തികകൾ" എന്നതിനു പകരം "അദ്ധ്യാപക തസ്തികകൾ എന്നിവ" എന്ന് ചേർക്കുക.

656. ഖണ്ഡം 6(xv)i-ൽ "ഉത്തമമായ ആവശ്യങ്ങൾക്കു വേണ്ടി മാത്രം" എന്നതിനു ശേഷം "സർക്കാർ അനുമതിയോടെ" എന്നത് ചേർക്കുക.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

593. ഖണ്ഡം 6 (vii)-ൽ "യോഗ്യതകളും വ്യവസ്ഥകളും നിശ്ചയിക്കുകയും" എന്നതിന് ശേഷം "പാഠ്യക്രമം നിർണ്ണയിച്ച് പാഠ്യപദ്ധതി തയ്യാറാക്കുകയും" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

599. ഖണ്ഡം 6(viii)-ൽ " മെറിറ്റിന്റെ" എന്നത് "യോഗ്യതയുടെ" എന്നാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

610. ഖണ്ഡം 6(ix)-ൽ " സ്ഥാപിക്കുകയോ നിലനിർത്തുകയോ നിർത്തലാക്കുകയോ" എന്നതിനുപകരം "സ്ഥാപിക്കുക" എന്ന് ചേർക്കുക.

674. ഖണ്ഡം 6 (xx)-ൽ " നൽകേണ്ടതായ" എന്നതിന് പകരം "ലഭിക്കേണ്ട" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

632. ഖണ്ഡം 6 (xii) -ൽ താഴെ പറയും പ്രകാരം മാറ്റുക:

" സർവ്വകലാശാലയിലും പ്രാദേശിക കേന്ദ്രങ്ങളിലും പഠന കേന്ദ്രങ്ങളിലും വിവിധ വിഭാഗത്തിലുള്ള തസ്തിക സൃഷ്ടിക്കുകയും ലിഖിത നിയമങ്ങളാൽ നിർണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള തസ്തികയ്ക്ക് ശമ്പള സ്കെയിൽ യോഗ്യത എന്നിവ നിശ്ചയിക്കുകയും അങ്ങനെയുള്ള തസ്തികകളിലേക്കു പി എസ് സി വഴി നിയമനം നടത്തുകയും ചെയ്യുക"

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

638. ഖണ്ഡം 6 (xiv)-ൽ " പുറത്തുമുള്ള" എന്നതിന് പകരം "പുറത്തുള്ള അംഗീകൃത " എന്ന് ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

676. ഖണ്ഡം 6 (xxi)-ൽ " അദ്ധ്യാപകർ" എന്നതിനുശേഷം "ഉദ്യോഗസ്ഥർ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 544-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനായതിനാൽ ക്രമപ്രകാരമല്ലാത്തതിനാലും 549-ാം നമ്പർ ഭേദഗതി 548-നും 568-ാം നമ്പർ ഭേദഗതി 567-നും 597-ാം നമ്പർ ഭേദഗതി 598-നും 606-ാം നമ്പർ ഭേദഗതി

605-നും 614-ാം നമ്പർ ഭേദഗതി 613-നും 654-ാം നമ്പർ ഭേദഗതി 653-നും 660-ാം നമ്പർ ഭേദഗതി 659-നും 678-ാം നമ്പർ ഭേദഗതി 679-നും 688, 689 എന്നീ നമ്പർ ഭേദഗതികൾ 687-നും 695-ാം നമ്പർ ഭേദഗതി 694-നും തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 683-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 545, 561, 567, 573, 608, 628 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 546, 552, 555, 564, 576, 579, 585, 596, 611, 617, 620, 625, 635, 651, 655, 659, 661, 679, 687 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 548, 572, 598, 609, 648, 657, 666, 682, 690 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 550, 618, 619, 639, 650, 658 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 551-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 554-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 557, 565, 569, 570, 578, 588, 594, 601, 613, 622, 629, 637, 644, 652, 653, 664, 668, 673, 677, 680, 684, 692 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 558, 563, 615 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 559, 590, 603, 643, 665, 696 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 560, 607, 627, 634, 681, 685, 686 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 574, 605, 616, 636, 641, 694 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 575, 621, 624, 645, 647, 667, 672, 675 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച 577-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 581, 583, 656 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ച 593-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 599-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 610, 674 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 632-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 638-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 676-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

702. ഖണ്ഡം 7(1)-ൽ

(i) "യാതൊരാളെയും" എന്ന വാക്കിന് ശേഷം "അയാളുടെ" എന്ന വാക്ക് ചേർക്കുക.

(ii) "പാർപ്പിടത്തിന്റെയോ" എന്ന വാക്കിന് ശേഷം "സമ്പത്തിന്റെയോ" എന്ന വാക്ക് ചേർക്കുക.

(iii) "പഠനത്തിനോ" എന്ന വാക്കിന് പകരം "പഠനകോഴ്സുകൾക്കോ" എന്ന വാക്ക് ചേർക്കുക.

714. ഖണ്ഡം 7(2)-ൽ "സ്ത്രീകൾക്കോ" എന്നതിന് ശേഷം "ട്രാൻസ്ജെൻഡറുകൾക്കോ" എന്ന് ചേർക്കുക.

715. ഖണ്ഡം 7(2)-ൽ "പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർക്കോ" എന്നതിന് പകരം "പട്ടികജാതി പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവർക്കോ" എന്ന് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

703. ഖണ്ഡം 7(1)-ൽ "വർഗ്ഗത്തിന്റെയോ" എന്നതിന് പകരം "മനുഷ്യർക്ക്" എന്ന് ചേർക്കുക.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

705. ഖണ്ഡം 7(1)-ൽ "പാർപ്പിടത്തിന്റെയോ" എന്നതിന് പകരം "താമസസ്ഥലത്തിന്റെയോ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

706. ഖണ്ഡം 7(1)-ൽ "രാഷ്ട്രീയാഭിപ്രായത്തിന്റെയോ" എന്ന വാക്ക് ഒഴിവാക്കുക.

710. ഖണ്ഡം 7(1)-ൽ "അയോഗ്യനാക്കുകയോ അല്ലെങ്കിൽ അയാൾക്കെതിരായി വിവേചനം കാണിക്കുകയോ ചെയ്യാൻ പാടുള്ളതല്ല" എന്നതിന് പകരം "അയാൾക്കെതിരായി യാതൊരു രീതിയിലുള്ള വിവേചനവും കാണിക്കാൻ പാടില്ലാത്തതാകുന്നു" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

707. ഖണ്ഡം 7-ൽ "രാഷ്ട്രീയാഭിപ്രായത്തിന്റെയോ" എന്നതിന് ശേഷം "സാമ്പത്തിക സ്ഥിതിയുടെയോ" എന്ന് ചേർക്കുക.

717. ഖണ്ഡം 7(2)-ൽ "പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർക്കോ" എന്നതിന് ശേഷം "ഭിന്നശേഷിക്കാർക്കോ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

708. ഖണ്ഡം 7-ൽ "രാഷ്ട്രീയാഭിപ്രായത്തിന്റെയോ" എന്നതിന് ശേഷം "കുറ്റാരോപണത്തിന്റെയോ" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

709. ഖണ്ഡം 7-ൽ "യൂണിവേഴ്സിറ്റി" എന്ന് വരുന്നിടത്തെല്ലാം "സർവ്വകലാശാല" എന്ന് ചേർക്കുക.

716. ഖണ്ഡം 7(2)-ൽ "പട്ടികജാതികളിലോ" എന്നതിന് പകരം "പട്ടികജാതികളിൽപ്പെട്ടവർക്കോ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

712. ഖണ്ഡം 7(1)-ൽ "പാടുള്ളതല്ല" എന്നതിന് ശേഷം "പാടുള്ളതല്ലാതാകുന്നു" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

718. ഖണ്ഡം 7(2)-ൽ "പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർക്കോ" എന്നതിന് ശേഷം "ഭിന്നശേഷിക്കാർക്കും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 699,700,701 എന്നീ നമ്പർ ഭേദഗതികൾ മാർജിനൽ ശീർഷകത്തിനുള്ളതായതുകൊണ്ട് ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ ശ്രീ. കെ. സി. ജോസഫിന്റെ 720-ാം നമ്പർ ഭേദഗതി, ഭേദഗതികളോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

720. ഖണ്ഡം 7(2)-ൽ "പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർക്കോ" എന്നതിന് ശേഷം "മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കോ ഭിന്നശേഷിക്കാർക്കോ" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 702, 714, 715 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 703-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 705-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 706, 710 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 707, 717 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 708-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 709, 716 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 712-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 718-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

എട്ടാം വകുപ്പ് (9)-ാം ഉപവകുപ്പിലെ "മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കുറ്റാരോപണങ്ങൾ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

723. ഖണ്ഡം 8(3)-ൽ " സമ്മേളനത്തിൽ" എന്നതിനുപകരം " ചടങ്ങിൽ" എന്ന് ചേർക്കുക.

733. ഖണ്ഡം 8(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പരിഗണിക്കേണ്ടതും" എന്നതിനു ശേഷം " സർക്കാരുമായി കൂടിയാലോചിച്ച്" എന്ന് ചേർക്കുക.

751. ഖണ്ഡം 8(9)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഹൈക്കോടതിയിലെയോ സുപ്രീംകോടതിയിലെയോ" എന്നതിനുപകരം "സുപ്രീംകോടതിയിലെയോ ഹൈക്കോടതിയിലെയോ" എന്ന് ചേർക്കുക.

754. ഖണ്ഡം 8(9)-നു ശേഷം ചുവടെ ചേർക്കുന്ന ഉപവകുപ്പ് ചേർക്കുക:

" (10) ചാൻസലർ ഈ ആക്റ്റ് പ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമോ അവയ്ക്ക് കീഴിലോ നൽകപ്പെട്ടതോ നിക്ഷിപ്തമായതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്".

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

724. ഖണ്ഡം 8(4)-ൽ

(i) " അനുരൂപമല്ലാത്തതോ യൂണിവേഴ്സിറ്റിയുടെ താത്പര്യങ്ങൾക്ക് വിരുദ്ധമായതോ ആണെങ്കിൽ" എന്നതിനു പകരം " അനുരൂപമല്ലാത്തതാണെങ്കിൽ" എന്ന് ചേർക്കുക.

(ii) " രൂപഭേദപ്പെടുത്തുകയോ" എന്നത് നീക്കം ചെയ്യുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

727. ഖണ്ഡം 8(4)-ൽ " ചാൻസലർ വൈസ്-ചാൻസലറിൽ" എന്നതിനു പകരം " ചാൻസലർ, വൈസ്-ചാൻസലറിൽ" എന്നത് ചേർക്കുക.

738. ഖണ്ഡം 8(5)-ൽ "വിധേയമായിരിക്കുന്നതാണ്" എന്നതിനുപകരം " വിധേയമായിരിക്കും" എന്ന് ചേർക്കുക.

743. ഖണ്ഡം 8(7)-ൽ "അറുപത്" എന്നതിനു പകരം "തൊണ്ണൂറ്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

728. ഖണ്ഡം 8(4)-ൽ- " വാങ്ങിയശേഷം" എന്നതിനു ശേഷമുള്ള " അവ" എന്ന വാക്കിന് പകരം "അങ്ങനെയുള്ള പ്രമേയമോ ഉത്തരവോ നടപടികളോ, അതതു സംഗതിപോലെ", എന്നത് ചേർക്കുക.

750. ഖണ്ഡം 8(9)-ൽ "ബോധ്യമാവുന്നപക്ഷം" എന്നതിനുപകരം "ബോധ്യമാകുന്നപക്ഷം" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

729. ഖണ്ഡം 8(4)-ൽ " സസ്പെന്റ് ചെയ്യുകയോ" എന്നതിനുപകരം " തടഞ്ഞു വെയ്ക്കുകയോ" എന്ന് ചേർക്കുക.

734. ഖണ്ഡം 8(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "നടപടി " എന്നതിനു പകരം " തുടർ നടപടി" എന്ന് ചേർക്കുക.

739. ഖണ്ഡം 8(5)-ൽ "വിധേയമായിരിക്കുന്നതാണ്" എന്നതിനുപകരം "വിധേയരായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

742. ഖണ്ഡം 8(6)-ൽ "ഉത്തരവിനെതിരെ" എന്നതിനുശേഷം "ആ വ്യക്തിക്ക്" എന്ന് ചേർക്കുക.

746. ഖണ്ഡം 8(8)-ൽ "ഉപദേശം" എന്നതിനുപകരം "നിയമോപദേശം" എന്ന് ചേർക്കുക.

749. ഖണ്ഡം 8(9)-ൽ "ബോധ്യമാവുന്നപക്ഷം" എന്നതിനു മുൻപ് "യുക്തമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

730. ഖണ്ഡം 8(4)-ൽ " സസ്പെന്റ് ചെയ്യുകയോ" എന്നതിനുശേഷം " സ്റ്റേ ചെയ്യുകയോ" എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

732. ഖണ്ഡം 8(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഏതെങ്കിലും കാരണം " എന്നതിനു പകരം " മതിയായ കാരണം" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

735. ഖണ്ഡം 8(5)-ൽ "ബഹുമാനാർത്ഥമായ " എന്നതിനുപകരം " ഓണററി" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

737. ഖണ്ഡം 8(5)-ൽ "സ്ഥിരീകരണത്തിന് " എന്നതിനുപകരം " അംഗീകാരത്തിന്" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

740. ഖണ്ഡം 8(6)-ൽ "യൂണിവേഴ്സിറ്റിയിലെ" എന്നതിനുപകരം "യൂണിവേഴ്സിറ്റിയുടെ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

753. ഖണ്ഡം 8(9)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "കാരണം കാണിക്കാൻ" എന്നതിനുപകരം "കാരണം കാണിക്കാനും നേരിൽ കേട്ട് ബോദ്ധ്യപ്പെടുത്താനും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 744-ാം നമ്പർ ഭേദഗതി 743-നും 747, 748 എന്നീ നമ്പർ ഭേദഗതികൾ 746-നും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 728, 750 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 751-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ശ്രീ. കാരാട്ട് റസാഖിന്റെ 752-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

752. ഖണ്ഡം 8(9)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചാർജ്ജുകൾ" എന്നതിനു പകരം "കുറ്റാരോപണം" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 723, 733, 754 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 724-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 727, 738, 743 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 729, 734, 739, 742, 746, 749 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 730-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 732-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 735-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 737-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 740-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 753-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

756. ഖണ്ഡം 9(1)-ൽ "വിദ്യാഭ്യാസത്തിന്റെ" എന്നതിനുപകരം "വിദ്യാഭ്യാസ വകുപ്പിന്റെ" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

757. ഖണ്ഡം 9(1)-ൽ "ചുമതലയുള്ള മന്ത്രി" എന്നതിനുപകരം "ചുമതല വഹിക്കുന്ന മന്ത്രി" എന്നത് ചേർക്കുക.

764. ഖണ്ഡം 9(2)-ൽ "കർത്തവ്യങ്ങൾ" എന്നതിനുപകരം "ചുമതലകൾ" എന്നത് ചേർക്കുക.

765. ഖണ്ഡം 9(3)-ൽ "അങ്ങനെയുള്ള" എന്ന വാക്കിനുശേഷം "മറ്റ്" എന്ന് ചേർക്കുക.

766. ഖണ്ഡം 9(3)-ൽ "കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും" എന്നത് ഒഴിവാക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

758. ഖണ്ഡം 9(1)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിനുപകരം "സർവ്വകലാശാലയുടെ" എന്നത് ചേർക്കുക.

760. ഖണ്ഡം 9(2)-ൽ "അധികാരങ്ങൾ" എന്നതിനുപകരം "അധികാരങ്ങളും" എന്നത് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

762. ഖണ്ഡം 9(2)-ൽ

(i) "അധികാരങ്ങൾ" എന്നതിനു പകരം "അധികാരങ്ങളും" എന്നത് ചേർക്കുക.

(ii) "കർത്തവ്യങ്ങൾ" എന്നതിനു പകരം "കർത്തവ്യങ്ങളും" എന്നത് ചേർക്കുക.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 762-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 756-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 757, 764, 765, 766 എന്നീ എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 758, 760 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

768. ഖണ്ഡം 10-ൽ "യൂണിവേഴ്സിറ്റിയുടെ" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "സർവ്വകലാശാലയുടെയും" എന്നും "യൂണിവേഴ്സിറ്റി" എന്നതിന് പകരം "സർവ്വകലാശാല" എന്നും ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

771. ഖണ്ഡം 10(viii)-ൽ "റീജിയണൽ" എന്നതിന് പകരം "പ്രാദേശിക" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

772. ഖണ്ഡം 10(viii)-ൽ "റീജിയണൽ" എന്നതിന് പകരം "മേഖലാ" എന്ന് ചേർക്കുക.

(ix)-ൽ "പ്രഖ്യാപിക്കപ്പെടുന്ന" എന്നതിന് പകരം "നിയമിക്കപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

774. ഖണ്ഡം 10(viii)-ന് ശേഷം 10(ix) ആയി താഴെപ്പറയുന്നത് ചേർത്ത ശേഷം ശേഷിക്കുന്നത് പുനരക്കം ചെയ്യുക.

(ix) "സ്റ്റുഡന്റ് വെൽഫെയർ ഡീൻ".

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

775. ഖണ്ഡം 10(ix)-ൽ "യൂണിവേഴ്സിറ്റി" എന്നതിന് പകരം "സർവ്വകലാശാല" എന്നും "യൂണിവേഴ്സിറ്റിയുടെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്നും ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

776. ഖണ്ഡം 10(ix)-ൽ "സർവ്വീസിലുള്ള" എന്നതിന് ശേഷം "പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, മറ്റ് അക്കാദമിക സ്ഥാനങ്ങൾ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

777. ഖണ്ഡം 10(ix)-ൽ "അങ്ങനെയുള്ള മറ്റാളുകൾ" എന്നതിന് പകരം "മറ്റ് ഏതൊരാളും" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

778. ഖണ്ഡം 10(ix)-ന് ശേഷം (x) ആയി താഴെപ്പറയുന്ന ഇനം ചേർക്കുക.

"10(x) പബ്ളിക് റിലേഷൻസ് ഓഫീസർ"

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 768-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 771-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 772-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 774-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 775-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 776-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 777-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 778-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

779. ഖണ്ഡം 11-ൽ ഉപഖണ്ഡം 2(ii)-ൽ ഒഴികെ " യൂണിവേഴ്സിറ്റി" എന്ന് വരുന്നിടത്തെല്ലാം അതാത് സംഗതിപോലെ "സർവ്വകലാശാല" എന്നാക്കി മാറ്റുക.

782. ഖണ്ഡം 11(1)-ൽ " ഒരു" എന്ന വാക്ക് ഒഴിവാക്കുകയും " ശമ്പളം പറ്റുന്ന" എന്നതിനു ശേഷം " ഒരു" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

788. ഖണ്ഡം 11(2)-ൽ, " അന്വേഷണ" എന്ന വാക്ക് ഒഴിവാക്കുക.

819. ഖണ്ഡം 11(6) (i)-ൽ " അന്വേഷണ" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

780. ഖണ്ഡം 11(1)-ൽ " യൂണിവേഴ്സിറ്റിയുടെ" എന്നതിനു പകരം "സർവ്വകലാശാലയുടെ" എന്നു ചേർക്കുക.

813. ഖണ്ഡം 11(6)-ൽ " യൂണിവേഴ്സിറ്റിയുടെ" എന്നതിന് പകരം " സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

814. ഖണ്ഡം 11(6)-ൽ " ഈ യൂണിവേഴ്സിറ്റിയിലെ" എന്നതിനു പകരം " ഈ സർവ്വകലാശാലയിലെ" എന്ന് ചേർക്കുക.

815. ഖണ്ഡം 11(6)-ൽ " പ്രൊഫസറെയോ" എന്നതിനുമുമ്പിൽ " നിശ്ചിത യോഗ്യതയും പരിചയവുമുള്ള " എന്നുകൂടി ചേർക്കുക.

821. ഖണ്ഡം 11(7)-ൽ " നൽകേണ്ടുന്ന ശമ്പളവും മറ്റു സേവന വ്യവസ്ഥകളും" എന്നതിനു പകരം " നൽകേണ്ട സേവന വേതന വ്യവസ്ഥകളും " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

781. ഖണ്ഡം 11(1)-ൽ " ഒരു" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

784. ഖണ്ഡം 11(1)-ൽ " ശമ്പളം പറ്റുന്ന" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

789. (i) ഖണ്ഡം 11(2)-ൽ

" അന്വേഷണ സമിതി" എന്നതിനുപകരം " നിയമന സമിതി" എന്ന് ചേർക്കുക.

(i) ഖണ്ഡം 11(2)ന്റെ ക്ലിപ്തനിബന്ധനയിൽ

" അന്വേഷണ സമിതിക്ക്" എന്നതിനുപകരം " നിയമന

സമിതിക്ക്" എന്ന് ചേർക്കുക.

799. ഖണ്ഡം 11(3)-ൽ " സമയപരിധിക്കുള്ളിൽ" എന്നതിന് ശേഷം " അങ്ങനെയുള്ള നിയമനനടപടികൾ" എന്നത് ചേർക്കുക.

820. ഖണ്ഡം 11(6) (i)-ൽ " അന്വേഷണ" എന്നതിന് പകരം "നിയമന" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

790. ഖണ്ഡം 11(2)-ൽ, " ഐകകണ്ഠേന" എന്നതിനുപകരം " ഐക്യ കണ്ഠേന" എന്ന് ചേർക്കുക.

794. ഖണ്ഡം 11(2)(iii)-ൽ " ഒരാൾ" എന്നതിനുപകരം "പ്രതിനിധി" എന്ന് ചേർക്കുക.

796. ഖണ്ഡം 11(2)-ന്റെ ക്ലിപ്തനിബന്ധനയിൽ " അന്വേഷണ" എന്ന വാക്ക് ഒഴിവാക്കുക.

801. ഖണ്ഡം 11(3)-ന്റെ ക്ലിപ്തനിബന്ധനയിൽ " നാല്" എന്നതിന് പകരം " ആറ്" എന്ന് ചേർക്കുക.

810. ഖണ്ഡം 11(5)-ൽ "വഹിക്കേണ്ടതും," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "തുടർച്ചയായി" എന്ന് ചേർക്കുക.

825. ഖണ്ഡം 11(9)-ൽ "എഴുതി" എന്നതിനുപകരം " രേഖപ്പെടുത്തി" എന്ന് ചേർക്കുക.

828. ഖണ്ഡം 11(9)-ന് ശേഷം ചുവടെ ചേർക്കുന്ന പുതിയ വകുപ്പ് ചേർക്കുക

"(10) ഈ ആക്റ്റിനും ചട്ടങ്ങൾക്കും സ്റ്റാറ്റ്യൂട്ടിനും റെഗുലേഷനും വിരുദ്ധമായി അധികാര ദുർവിനിയോഗം നടത്തുകയോ നിർണ്ണയിക്കപ്പെട്ട അധികാര പരിധി ലംഘിച്ചു കൊണ്ടുള്ള പ്രവർത്തനം മൂലം ഭരണ സ്തംഭനം ഉണ്ടാകുകയോ ചെയ്യുന്നുണ്ടെന്ന് സർക്കാരിന് ബോധ്യമാകുന്ന പക്ഷം വൈസ് ചാൻസലറെ തൽസ്ഥാനത്ത് നിന്നു നീക്കം ചെയ്യുന്നതിന് ചാൻസലറോട് ശിപാർശ ചെയ്യാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്."

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

791. ഖണ്ഡം 11(2)(i)-ൽ ചാൻസലർ എന്നതിന് മുൻപ് " സർക്കാരിന്റെ ശിപാർശയിൽ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

793. ഖണ്ഡം 11(2)(iii)-ൽ വരുന്ന " സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾ നിലവിലെ സ്ഥാനത്ത് നിന്നും മാറ്റി "യൂണിവേഴ്സിറ്റിയുടെ" എന്ന വാക്കിനു മുൻപിൽ ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

795. ഖണ്ഡം 11(2)-ന്റെ ക്ലിപ്തനിബന്ധനയിൽ"അന്വേഷണ സമിതിക്ക് " എന്നതിനുശേഷം "ഐകകണ്ഠേന" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

797. ഖണ്ഡം 11(2)-ന്റെ ക്ലിപ്തനിബന്ധനയിൽ " ഒരാൾ വീതം അടങ്ങിയ" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

804. ഖണ്ഡം 11(4)-ൽ "അറുപത്" എന്നതിന് പകരം "അമ്പത്തിയഞ്ച്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

807. ഖണ്ഡം 11(4) താഴെപ്പറയും പ്രകാരം മാറ്റുക:

" വൈസ്-ചാൻസലർ യൂണിവേഴ്സിറ്റിയുടെ പ്രധാന അക്കാദമിക ഓഫീസർ ആയിരിക്കുന്നതും നിയമനസമയത്ത് അദ്ദേഹത്തിന് അറുപത് വയസ്സ് പൂർത്തിയാകാൻ പാടില്ലാത്തതുമാണ്."

818. ഖണ്ഡം 11(6)-ൽ " ചാൻസലർക്ക്" എന്നതിനുശേഷം " താൽക്കാലികമായി " എന്ന് ചേർക്കുക

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

806. ഖണ്ഡം ii (4)-ൽ "അറുപത്" എന്നതിനുപകരം "അറുപത്തിരണ്ട്" എന്നുചേർക്കുക.

812. ഖണ്ഡം 11(5)-ൽ "ഒരു തവണ കൂടി പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്" എന്നതിന് പകരം "പുനർനിയമനത്തിന് അർഹതയില്ലാത്തതുമാണ്" എന്നത് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

816. ഖണ്ഡം 11(6)-ൽ " പ്രൊഫസറെയോ" എന്നതിനു മുൻപ് " ഏറ്റവും സീനിയറായ " എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

827. ഖണ്ഡം 11(9)-ൽ "ഒരു മാസത്തെ അറിയിപ്പ്" എന്നതിനുപകരം " ഒരു മാസത്തെ നോട്ടീസ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 786, 787 എന്നീ നമ്പർ ഭേദഗതികൾ 788-നും 817-ാം നമ്പർ ഭേദഗതി 816-നും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 783, 798 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

783. ഖണ്ഡം 11(1)-ൽ " ഒരു മുഴുവൻ സമയ ശമ്പളം പറ്റുന്ന" എന്നതിനു പകരം "ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ" എന്നു ചേർക്കുക.

798. ഖണ്ഡം 11(3)-ൽ " നിശ്ചയിച്ച" എന്നതിനുപകരം "നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 790-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഔദ്യോഗിക ഭേദഗതികളും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 779, 782, 788, 819 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 780, 813, 814, 815, 821 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 781-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 784-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 789, 799, 820 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 794, 796, 801, 810, 825, 828 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 791-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 793-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 795-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 797-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 804-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 807, 818 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 812-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 816-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 827-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പന്ത്രണ്ടാം വകുപ്പ്</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

829. ഖണ്ഡം 12 (1)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്ന വാക്ക് വരുന്നിടത്തെല്ലാം ആയതിന് ശേഷം "എല്ലാ" എന്ന വാക്ക് ചേർക്കുക.

831. ഖണ്ഡം 12 (4)-ൽ

(i) "റെഗുലേഷനുകളിലെയും" എന്ന വാക്കിന് ശേഷം "ചട്ടങ്ങളിലെയും" എന്ന വാക്ക് ചേർക്കുക.

(ii) "റെഗുലേഷനുകൾക്കോ" എന്ന വാക്കിന് ശേഷം "ചട്ടങ്ങൾക്കോ" എന്ന വാക്ക് ചേർക്കുക.

847. ഖണ്ഡം 12(10)-ൽ

(i) "പ്രതിരോധിക്കുന്നതിന് " എന്നതിന് പകരം "പറയുന്നതിന് " എന്നത് ചേർക്കുക.

(ii) "അവസരം" എന്നതിന് പകരം "ഒരവസരം " എന്ന് ചേർക്കുക

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

830. ഖണ്ഡം 12 (1)-ൽ "നിർവ്വാഹകനും" എന്ന വാക്കിന് പകരം "നിർവ്വഹകനും" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

832. ഖണ്ഡം 12 (5)-ൽ "വിശ്വസിക്കുന്നതിനു" എന്നതിനുപകരം "ബോധ്യപ്പെടുന്നതിന് " എന്നാക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

833. ഖണ്ഡം 12 (6)-ൽ "ജീവനക്കാരേയും" എന്നത് മാറ്റി "അദ്ധ്യാപകേതര ജീവനക്കാരെയും" എന്നാക്കുക.

851. ഖണ്ഡം 12(13)-ൽ "വിനിയോഗിക്കേണ്ടതും" എന്നത് മാറ്റി "നിർവ്വഹിക്കേണ്ടതും" എന്നാക്കുക.

853. ഖണ്ഡം 12(14)-ൽ "താൽക്കാലികമായി" എന്ന വാക്കിനു മുൻപിലായി "സ്ഥിരമായോ " എന്ന് വാക്ക് ചേർക്കുക.

855. ഖണ്ഡം 12(15)-ൽ "വിനിയോഗിക്കാനും" എന്നതിനുപകരം "നിർവ്വഹിക്കാനും" എന്നും "നിർവ്വഹിക്കാനും" എന്നതിനുപകരം "വിനിയോഗിക്കാനും" എന്നും മാറ്റുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

834. ഖണ്ഡം 12 (6)-ൽ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

836. ഖണ്ഡം 12(6)-ന്റെ ക്ലിപ്തനിബന്ധനയിൽ, "തസ്തികയിലേക്കും" എന്നതിനു ശേഷം "ആറുമാസ കാലയളവിലേക്ക് " എന്നു ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

837. ഖണ്ഡം 12 (6)-ന്റെ ക്ലിപ്തനിബന്ധനയിൽ, "താൽക്കാലിക നിയമനം" എന്ന വാക്കുകൾക്ക് പകരം "താൽക്കാലിക നിയമനമോ കരാർ നിയമനമോ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

839. ഖണ്ഡം 12 (6)-ൽ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ, യാതൊരു കാരണവശാലും ഇപ്രകാരമുള്ള നിയമനങ്ങൾ 12 മാസത്തിൽ അധികരിക്കാൻ പാടുള്ളതല്ല."

843. ഖണ്ഡം 12(7)-ൽ "യൂണിവേഴ്സിറ്റിയിലെ" എന്ന വാക്കിനുശേഷം "ഉദ്യോഗസ്ഥരുടെയും" എന്ന് വാക്ക് ചേർക്കുക.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

840. ഖണ്ഡം 12 (6)-ൽ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ, യാതൊരു കാരണവശാലും ഇപ്രകാരമുള്ള നിയമനങ്ങൾ 180 ദിവസത്തിൽ അധികരിക്കാൻ പാടുള്ളതല്ല."

841. ഖണ്ഡം 12 (6)-ൽ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന നിബന്ധന ചേർക്കുക.

"എന്നാൽ, യാതൊരു കാരണവശാലും ഇപ്രകാരമുള്ള നിയമനങ്ങൾ 360 ദിവസത്തിൽ അധികരിക്കാൻ പാടുള്ളതല്ല."

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

842. ഖണ്ഡം 12(6)-ന്റെ ക്ലിപ്ത നിബന്ധനയ്ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക.

"വിശദീകരണം:- ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി താല്ക്കാലിക ജീവനക്കാരെ നിമയിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ 10-ാം വകുപ്പിൽ പരാമർശിക്കുന്ന (i) മുതൽ (viii) വരെയുള്ള ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ബാധകമാകുന്നതല്ല. "

844. ഖണ്ഡം 12(7)-ൽ "അച്ചടക്ക" എന്ന വാക്കിനുപകരം "നിയന്ത്രണ" എന്ന് ചേർക്കുക.

849. ഖണ്ഡം 12(12)-ൽ "റിപ്പോർട്ട്" എന്നതിനുപകരം "വാർഷിക റിപ്പോർട്ട്" എന്ന് ചേർക്കുക.

852. ഖണ്ഡം 12(14)-ൽ "എല്ലാമോ" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

846. ഖണ്ഡം 12(10)-ൽ "പ്രതിരോധിക്കുന്നതിന് " എന്ന വാക്കിനു പകരം "പറയുന്നതിന് " എന്ന വാക്ക് ചേർക്കുക.

850. ഖണ്ഡം 12(12)-ൽ "വയ്ക്കേണ്ടതാണ്" എന്ന വാക്കിനു പകരം "വയ്ക്കേണ്ടതും അപ്രകാരം സെനറ്റും സിൻഡിക്കേറ്റും അംഗീകരിച്ച റിപ്പോർട്ട് നിയമസഭ മുൻപാകെ തൊട്ടടുത്ത സമ്മേളനത്തിൽ വയ്ക്കേണ്ടതുമാണ് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

848. ഖണ്ഡം 12(10)-ൽ "കുറ്റ വിമുക്തരാക്കുന്നതിനും" എന്നതിനുപകരം "ജോലിയിൽ നിന്നും ഒഴിവാക്കുന്നതിനും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 835-ാം നമ്പർ ഭേദഗതി 834-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 829, 831, 847 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 830-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 832-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 833, 851, 853, 855 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 834-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 836-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 837-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 839, 843 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച 840, 841 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 842, 844, 849, 852 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 846, 850 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 848-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പതിമൂന്നാം വകുപ്പ്

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

856. ഖണ്ഡം 13 (1)-ൽ " ഈ ആക്റ്റിലും സ്റ്റാറ്റ്യൂട്ടുകളിലും വ്യവസ്ഥ ചെയ്ത പ്രകാരം" എന്നതിന് പകരം "ഈ ആക്ടിലേയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

857. ഖണ്ഡം 13 (1) ൽ " ഒരാളെ" എന്നതിന് ശേഷം "യൂണിവേഴ്സിറ്റിയുടെ" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

858. ഖണ്ഡം 13 (1) ൽ " യൂണിവേഴ്സിറ്റിയുടെ" എന്നതിന് പകരം "സർവ്വകലാശാല യുടെ" എന്ന് ചേർക്കുക.

862. ഖണ്ഡം 13 (3)-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

860. ഖണ്ഡം 13 (3)-ൽ " അർഹനാണെന്ന്" എന്നതിന് പകരം "അർഹനായിരിക്കുന്നതുമാണ്" എന്ന് ചേർക്കുകയും ശേഷമുള്ള ഭാഗങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

861. ഖണ്ഡം 13 (3) ൽ " തൊട്ടടുത്ത" എന്ന വാക്ക് ഒഴിവാക്കുക.

866. ഖണ്ഡം 13 (5) താഴെ പറയും പ്രകാരം മാറ്റുക:

" ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി പ്രോ- വൈസ് ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും വൈസ്- ചാൻസലറുമായി കൂടിയാലോചിച്ച് ചാൻസലർ തീരുമാനിക്കേണ്ടതും അങ്ങനെയുള്ള അധികാരങ്ങൾ യഥാസമയം പ്രോ - വൈസ് ചാൻസലർ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്."

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

865. ഖണ്ഡം 13 (4) ൽ " ശമ്പളവും മറ്റു സേവന വ്യവസ്ഥകളും " എന്നതിന് പകരം "സേവന വേതന വ്യവസ്ഥകളും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 863, 864 എന്നീ നമ്പർ ഭേദഗതികൾ 862-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 856-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 857-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 858, 862 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 860-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 861, 866 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 865-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

867. ഖണ്ഡം 14-ൽ "യൂണിവേഴ്സിറ്റി" എന്ന വാക്ക് വന്നിടത്തെല്ലാം " സർവ്വകലാശാല" എന്ന വാക്ക് ചേർക്കുക.

874. ഖണ്ഡം 14(2) ഒഴിവാക്കുക.

882. ഖണ്ഡം 14(7)-ൽ "നാളിതുവരെയുള്ളതാക്കി" എന്നതിനു പകരം "സമകാലികമാക്കി" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

868. ഖണ്ഡം 14(1)-ൽ

(i)`"ഉദ്യോഗസ്ഥനായിരിക്കുന്നതും" എന്നതിനു പകരം " ഉദ്യോഗസ്ഥ നായിരിക്കേണ്ടതും" എന്ന് ചേർക്കുക.

(ii) "നാലുവർഷക്കാലയളവിലേക്കോ" എന്നതിനു പകരം " നാല് വർഷക്കാലയളവിലേക്കോ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

869. ഖണ്ഡം 14(1)-ൽ "അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലുവർഷക്കാലയളവിലേക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിൽ ഏതാണോ ആദ്യം," എന്നതിനു പകരം " രജിസ്ട്രാറുടെ സേവന കാലാവധി സർവ്വകലാശാലകളുടെ ഓഫീസർമാരുടെ പ്രായപരിധി സംബന്ധിച്ചുള്ള സർക്കാരിന്റെ കാലാ കാലങ്ങളിലുള്ള ഉത്തരവനുസരിച്ചായിരിക്കുന്നതും," എന്ന് ചേർക്കുക.

884. ഖണ്ഡം 14(8) -നു ശേഷം ചുവടെ ചേർക്കുന്ന ഉപവകുപ്പുകൾ ചേർക്കുക:

"14(9) രജിസ്ട്രാറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതാണ്."

"14(10) രജിസ്ട്രാറുടെ ഔദ്യോഗിക സ്ഥാനം ഒഴിഞ്ഞു കിടക്കുകയോ അല്ലെങ്കിൽ അസുഖമോ അഭാവമോ കാരണം അല്ലെങ്കിൽ മറ്റ് ഏതെങ്കിലും കാരണത്താലോ രജിസ്ട്രാർക്ക് തന്റെ ഔദ്യോഗിക ചുമതലകൾ ആറു മാസത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് നിർവ്വഹിക്കാൻ കഴിയാതിരിക്കുകയോ ചെയ്യുമ്പോൾ ഒരു പുതിയ രജിസ്ട്രാർ നിയമിക്കപ്പെടുകയും ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുകയും ചെയ്യുന്നതുവരെയോ അല്ലെങ്കിൽ രജിസ്ട്രാർ തിരികെ ജോലിയിൽ പ്രവേശിക്കുന്നതുവരെയോ അതതു സംഗതി പോലെ, രജിസ്ട്രാർ ആയി പ്രവർത്തിക്കുന്നതിന് യോജിച്ച ഒരാളെ വൈസ് ചാൻസലർ നിയമിക്കേണ്ടതാണ്."

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

871. ഖണ്ഡം 14(1)-ൽ "അൻപത്തിയാറ് വയസ്സ് " എന്നതിനു കരം "അൻപത്തി എട്ട് വയസ് " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

872. ഖണ്ഡം 14(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ " അടിസ്ഥാനത്തിൽ" എന്നതിനു പകരം "സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിലെ സമാന പദവിയുള്ള ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കി അതിൽ നിന്നും" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

876. ഖണ്ഡം 14(2)-ൽ "പുനർ നിയമനത്തിന്" എന്നതിനു ശേഷം "കൂടി" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

877. ഖണ്ഡം 14(3)-ൽ "ആയിരിക്കുന്നതാണ് " എന്നതിനുപകരം " ആയി പ്രവർത്തിക്കുന്നതാണ് " എന്ന് ചേർക്കുക.

മി. സ്പീക്കർ: 873, 875 എന്നീ നമ്പർ ഭേദഗതികൾ 874-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 878-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

878. ഖണ്ഡം 14(4)-ൽ "യൂണിവേഴ്സിറ്റിയ്ക്കുവേണ്ടി" എന്നതിനുപകരം "യൂണി വേഴ്സിറ്റിക്കു വേണ്ടി" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 867, 874, 882 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 868-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 869, 884 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 871-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 872-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 876-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 877-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

885. ഖണ്ഡം 15-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിന് പകരം "സർവ്വകലാശാലയുടെ " എന്ന് ചേർക്കുക.

893. ഖണ്ഡം 15 (2) ഒഴിവാക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

886. ഖണ്ഡം 15 (1)-ൽ "ഉദ്യോഗത്തിൽ" എന്നതിനുപകരം "സർവീസിൽ " എന്ന് ചേർക്കുക.

896. ഖണ്ഡം 15 (2)-ൽ " പുനർ നിയമനത്തിന് " എന്നതിനു പകരം "പുനർ നിയമനത്തിനു കൂടി" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

887. ഖണ്ഡം 15 (1)-ൽ "അൻപത്തിയാറ് " എന്നതിനുപകരം "അൻപത്തിയെട്ട് " എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

889. ഖണ്ഡം 15 (1)-ൽ "സിൻഡിക്കേറ്റ്" എന്നതിനു ശേഷം "അദ്ദേഹത്തെ " എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

890. ഖണ്ഡം 15 (1)-ലെ ക്ലിപ്തനിബന്ധനയിൽ "അടിസ്ഥാനത്തിൽ" എന്നതിനു ശേഷം "സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിലെ സമാനപദവിയുള്ള ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കി അതിൽ നിന്നും " എന്ന് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

891. ഖണ്ഡം 15 (1) താഴെ പറയും പ്രകാരം മാറ്റുക.

"ഫൈനാൻസ് ഓഫീസർ യൂണിവേഴ്സിറ്റിയുടെ ശമ്പളം പറ്റുന്ന ഒരുമുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്. ഫൈനാൻസ് ഓഫീസറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്. ഫൈനാൻസ് ഓഫീസർ വൈസ് -ചാൻസലറുടെ നേരിട്ടുള്ള മേൽ നോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതാണ്. ഫൈനാൻസ് ഓഫീസറുടെ സേവനകാലാവധി ഇത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ചായിരിക്കുന്നതാണ്" .

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

892. ഖണ്ഡം 15 (2) ഒഴിവാക്കുക.

മി. സ്പീക്കർ: 894-ാം നമ്പർ ഭേദഗതി 893-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 885, 893 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 886, 896 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 887-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 889-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 890-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 891-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 892-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

897. ഖണ്ഡം 16(1)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

904. ഖണ്ഡം 16(2) ഒഴിവാക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

898. ഖണ്ഡം 16(1)-ൽ "ഒരു മുഴുവൻ സമയ" എന്നതിന് പകരം "ഒരു മുഴുവൻസമയ" എന്നും "നാല് വർഷ കാലയളവിലേക്കോ" എന്നതിനു പകരം "നാല് വർഷക്കാലയളവിലേക്കോ" എന്നും ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

900. ഖണ്ഡം 16(1)-ൽ "അൻപത്തിയാറ്" എന്നതിന് പകരം "അൻപത്തിയെട്ട്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

901. ഖണ്ഡം 16(1)-ൽ "സിൻഡിക്കേറ്റ്" എന്നതിന് ശേഷം "അദ്ദേഹത്തെ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

902. ഖണ്ഡം 16(1) താഴെപറയും പ്രകാരം മാറ്റുക:

" പരീക്ഷാ കൺട്രോളർ യൂണിവേഴ്സിറ്റിയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുകയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്. അദ്ദേഹം വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതാണ്. പരീക്ഷാ കൺട്രോളറുടെ സേവന കാലാവധി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവനുസരിച്ചായിരിക്കുന്നതാണ്"

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

903. ഖണ്ഡം 16(1)-ലെ ക്ലിപ്തനിബന്ധനയിൽ "അടിസ്ഥാനത്തിൽ" എന്ന തിനു ശേഷം "സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിലെ സമാന പദവിയിലുള്ള ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കി അതിൽ നിന്നും " എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: 905, 906 എന്നീ നമ്പർ ഭേദഗതികൾ 904-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 897, 904 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 898-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 900-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 901-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 902-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 903-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

908. ഖണ്ഡം 17(1)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിനുപകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

917. ഖണ്ഡം 17(2) ഒഴിവാക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

910. ഖണ്ഡം 17(1)-ൽ

(i) "ഒരു മുഴുവൻ സമയ" എന്നതിനുപകരം "ഒരു മുഴുവൻസമയ" എന്ന് ചേർക്കുക.

(ii) "വർഷകാലയളവിലേക്കോ" എന്നതിനുപകരം "വർഷക്കാലയളവിലേക്കോ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

911. ഖണ്ഡം 17(1)-ൽ "ഉദ്യോഗസ്ഥനായിരിക്കുന്നതും" എന്നതിനു ശേഷം "സൈബർ രംഗത്ത് പ്രാഗൽഭ്യം തെളിയിച്ച വ്യക്തിയും" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

912. ഖണ്ഡം 17(1)-ൽ "അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷകാലയളവിലേക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ ഇവയിൽ ഏതാണ് ആദ്യം അതുവരെ," എന്നതിനു പകരം "സൈബർ കൺട്രോളറുടെ സേവനകാലാവധി ഇതു സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസരിച്ചായിരിക്കുന്നതാണ്," എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

913. ഖണ്ഡം 17(1)-ൽ "സിൻഡിക്കേറ്റ്" എന്നതിനുശേഷം "അദ്ദേഹത്തെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

914. ഖണ്ഡം 17(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "അടിസ്ഥാനത്തിൽ" എന്നതിനുശേഷം "നിശ്ചിത യോഗ്യതയുള്ളവരുടെ പാനൽ തയ്യാറാക്കി അതിൽ നിന്നും" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

919. ഖണ്ഡം 17(2)-ൽ "പുനർനിയമനത്തിന്" എന്നതിനുശേഷം "കൂടി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 909-ാം നമ്പർ ഭേദഗതി 908-നും 915, 916, 918 എന്നീ നമ്പർ ഭേദഗതികൾ 917-നും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 908, 917 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 910-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 911-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 912-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 913-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 914-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 919-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനെട്ടാം വകുപ്പ്</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

922. ഖണ്ഡം 18-ൽ " റീജിയണൽ" എന്നത് വരുന്നിടത്തെല്ലാം പകരം "മേഖലാ" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

924. ഖണ്ഡം 18 (2)-ൽ " റീജിയണൽ കേന്ദ്രത്തിനും" എന്നതിനുപകരം "പ്രാദേശിക കേന്ദ്രത്തിനും" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

925. ഖണ്ഡം 18 (3)-ൽ " അദ്ദേഹം യൂണിവേഴ്സിറ്റിയുടെ" എന്നതിനുശേഷം "ശമ്പളം പറ്റുന്ന" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

926. ഖണ്ഡം 18 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ

(i)" സംസ്ഥാന നിയമംമൂലം" എന്നതിനു പകരം

" സംസ്ഥാനനിയമം മൂലം" എന്ന് ചേർക്കുക.

(ii) " അല്ലെങ്കിൽ എയ്ഡഡ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

935. ഖണ്ഡം 18 (5)-ൽ

(i) " അധികാരങ്ങളും" എന്ന വാക്കിനുശേഷം " കടമകളും" എന്ന് ചേർക്കുക. (ii) " സേവന വ്യവസ്ഥകളും" എന്നതിനു പകരം " സേവന വേതന വ്യവസ്ഥകളും" എന്ന് ചേർക്കുക

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

928. ഖണ്ഡം 18 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ " സംസ്ഥാനത്ത് " എന്ന വാക്ക് ഒഴിവാക്കുക

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

929. ഖണ്ഡം 18 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ " അല്ലെങ്കിൽ എയ്ഡഡ് കോളേജ് " എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

933. ഖണ്ഡം 18 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ, " അന്യത്ര സേവന വ്യവസ്ഥയിൽ " എന്നതിന് ശേഷം " പരമാവധി രണ്ട് വർഷത്തേക്ക് " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

934. ഖണ്ഡം 18 (4)-ൽ " കാലാവധിക്ക്" എന്നതിന് പകരം " കാലാവധിക്കോ അവരുടെ വിരമിക്കൽ തീയതിക്കോ ഏതാണോ ആദ്യം അതിന്" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

936. ഖണ്ഡം 18 (5)-ൽ " ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും" എന്നതിനു പകരം " സേവന വേതന വ്യവസ്ഥകളും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 923-ാം നമ്പർ ഭേദഗതി 922-നും 930, 931, 932 എന്നീ നമ്പർ ഭേദഗതികൾ 929-നും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 927-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

927. ഖണ്ഡം 18 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ "നിയമംമൂലം" എന്നതിനു പകരം " നിയമം മൂലം" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 925-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 922-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 924-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 926, 935 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 928-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 929-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 933-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 934-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 936-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊൻപതാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

937. ഖണ്ഡം 19-ൽ " യൂണിവേഴ്സിറ്റിയുടെ" എന്നതിനുപകരം "സർവ്വകലാ ശാലയുടെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

938. ഖണ്ഡം 19-ൽ " ഉദ്യോഗസ്ഥരുടെ" എന്നതിനുപകരം " ഉദ്യോഗ സ്ഥരുടെയും ജീവനക്കാരുടെയും" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

939. ഖണ്ഡം 19-ൽ

(i) " സേവന വ്യവസ്ഥകൾ" എന്നതിനുപകരം " സേവന വേതനവ്യവസ്ഥകൾ" എന്ന് ചേർക്കുക.

(ii) " അധികാരങ്ങൾ" എന്നതിനു ശേഷം " കടമകൾ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

940. ഖണ്ഡം 19-ന് താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കുക:

" 19(1) സർവ്വകലാശാലയിലെ ശമ്പളം പറ്റുന്ന എല്ലാ ഉദ്യോഗസ്ഥരും, അധ്യാപകരും സർവ്വകലാശാലയിലെ മറ്റ് ജീവനക്കാരും ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റുമാരായി കരുതപ്പെടേണ്ടതാണ്"

" 19(2) സർവ്വകലാശാല വൈസ് ചാൻസലറുടെയും പ്രോ-വൈസ് ചാൻസലറുടെയും രജിസ്ട്രാറുടെയും പരീക്ഷാ കൺട്രോളറുടെയും ഫൈനാൻസ് ഓഫീസറുടെയും സൈബർ കൺട്രോളറുടെയും നിയമനം ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്"

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 938-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 937-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 939-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 940-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

942. ഖണ്ഡം 20-ൽ "യൂണിവേഴ്സിറ്റിയുടെ" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

944. ഖണ്ഡം 20-ൽ "സ്ഥാനനിർദ്ദേശിക്കപ്പെടാവുന്ന" എന്നതിനുപകരം "നിർദ്ദേശിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

945. ഖണ്ഡം 20-ൽ "സ്ഥാനനിർദ്ദേശിക്കപ്പെടാവുന്ന" എന്നതിനു പകരം "വിനിർദ്ദേശിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

947. ഖണ്ഡം 20-ൽ "സ്ഥാനനിർദ്ദേശിക്കപ്പെടാവുന്ന" എന്നതിനുപകരം "നിർദ്ദേശിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

949. ഖണ്ഡം 20(vii)-ആയി "ഗവേഷണ കൗൺസിൽ" എന്നത് ചേർക്കുക.

<u>മി. സ്പീക്കർ:</u> 941-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും 946-ാം നമ്പർ ഭേദഗതി 947-ന് തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 942-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 944-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 945, 947 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 949-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഇരുപത്തിയൊന്നാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

951. ഖണ്ഡം 21(ii) ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

954. ഖണ്ഡം 21(iv)-ൽ "ജോയിന്റ്" എന്നതിന് പകരം "അഡീഷണൽ" എന്ന് ചേർക്കുക.

985. ഖണ്ഡം 21-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് കീഴിലെ ഇനം(ii)-ൽ "പ്രമുഖ വ്യക്തികൾ;" എന്നതിനു പകരം "പ്രമുഖ വ്യക്തികൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

957. ഖണ്ഡം 21(iv)-ൽ "ജോയിന്റ് " എന്നതിന് പകരം "ഡെപ്യൂട്ടി" എന്ന് ചേർക്കുക.

958. ഖണ്ഡം 21(v)-ൽ "ജോയിന്റ്" എന്നതിന് പകരം "ഡെപ്യൂട്ടി" എന്ന് ചേർക്കുക.

962. ഖണ്ഡം 21(vi)-ൽ "പൊതു" എന്നതിന് പകരം "ഉന്നത" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

963. ഖണ്ഡം 21(vi) ആയി താഴെ പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(vi) നിയമവകുപ്പിന്റെ ചുമതലയുള്ള ലാ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;"

964. ഖണ്ഡം 21(ix)-ൽ "സംസ്ഥാന നിയമം മൂലം" എന്നതിന് പകരം "സംസ്ഥാനനിയമം മൂലം" എന്ന് ചേർക്കുക.

971. ഖണ്ഡം 21-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിലെ ഇനം(i)-ൽ "വ്യവസായം" എന്ന വാക്കിനു ശേഷം "നിയമം" എന്ന വാക്ക് ചേർക്കുകയും "പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോപെട്ടയാളും" എന്നീ വാക്കുകൾക്ക് പകരം "പട്ടിക ജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ടയാളും" എന്നീ വാക്കുകൾ ചേർക്കുകയും ചെയ്യുക.

979. ഖണ്ഡം 21-ലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്നതിന് കീഴിലെ ഇനം(i)-ൽ "പട്ടിക ഗോത്രവർഗ്ഗത്തിലോപ്പെട്ടയാളും" എന്നതിന് പകരം "പട്ടിക ഗോത്രവർഗ്ഗത്തിലോപ്പെട്ട ആളും" എന്ന് ചേർക്കുക.

980. ഖണ്ഡം 21-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്നതിന് കീഴിലെ ഇനം(ii)-ൽ "മൂന്ന്" എന്നതിനു പകരം "വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട നാല്" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

965. ഖണ്ഡം 21(ix)-ൽ താഴെപ്പറയും പ്രകാരം മാറ്റുക.

"(ix) സംസ്ഥാനത്തുള്ള ഓരോ സർവ്വകലാശാലയിലേയും ഒരു സിൻഡിക്കേറ്റ് അംഗം അല്ലെങ്കിൽ സിൻഡിക്കേറ്റ് നിർദ്ദേശിക്കുന്ന അംഗം"

986. ഖണ്ഡം 21-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്നതിന് കീഴിലെ ഇനം(iii)-ൽ "യൂണിവേഴ്സിറ്റിയിലെ" എന്ന വാക്കിന് പകരം "സർവ്വകലാശാലയിലെ" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

966. ഖണ്ഡം 21(xv)-ൽ "റീജിയണൽ" എന്നതിനുപകരം "പ്രാദേശിക " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

973. ഖണ്ഡം 21-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനുകീഴിലെ ഇനം (i)-ൽ "സാംസ്കാരികം," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "പൈതൃകം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

974. ഖണ്ഡം 21-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിലെ ഇനം (i) ൽ "മേഖലകളിൽ," എന്നതിനു ശേഷം "പ്രാഗൽഭ്യം തെളിയിച്ചവരിൽ," എന്ന് ചേർക്കുക.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

987. ഖണ്ഡം 21-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്നതിന് കീഴിലെ ഇനം(iii)-ൽ "സർക്കാർ" എന്നതിനുശേഷം "സീനിയോറിറ്റി അടിസ്ഥാനത്തിൽ" എന്നു ചേർക്കുക.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

989. ഖണ്ഡം 21-ന്റെ അവസാന ഭാഗത്ത് താഴെപ്പറയുന്നത് ചേർക്കുക:

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

"നിയമസഭാംഗങ്ങൾ അവരിൽ നിന്ന് തെരഞ്ഞെടുക്കുന്ന 6 അംഗങ്ങൾ, അതിൽ ഒരാൾ പട്ടിക ഗോത്രത്തിലോ പട്ടികജാതിയിലോ ഉൾപ്പെട്ട ആളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്; അവർ നിയമസഭാംഗം അല്ലാതായി തീരുകയോ സെനറ്റിന്റെ കാലാവധി അവസാനിക്കുകയോ ചെയ്യുന്നതുവരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്."

മി. സ്പീക്കർ: 952-ാം നമ്പർ ഭേദഗതി 951-നും 955, 956 എന്നീ നമ്പർ ഭേദഗതികൾ 954-നും 967-ാം നമ്പർ ഭേദഗതി 966-നും 981-ാം നമ്പർ ഭേദഗതി 980-നും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 951-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 954, 985 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 957, 958, 962 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 963, 964, 971, 979, 980 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 965, 986 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 966-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 973-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 974-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച 987-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 989-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തി രണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

992. ഖണ്ഡം 22 (4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "നിയമിക്കപ്പെടുന്നത്" എന്ന വാക്കിനു പകരം "നാമനിർദ്ദേശം ചെയ്യപ്പെടുന്നത്" എന്നീ വാക്കുകൾ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

995. ഖണ്ഡം 22 (5)-ൽ "ആരംഭിക്കുന്നതാണ്" എന്നതിന് പകരം "സ്വീകരിക്കേണ്ടതാണ്" എന്നത് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

996. ഖണ്ഡം 22 (5) താഴെപ്പറയും പ്രകാരം മാറ്റുക.

"സെനറ്റിന്റെ കാലാവധി തീരുന്നതിന് മൂന്ന് മാസം മുമ്പ് സെനറ്റ് പുനഃസംഘടിപ്പിക്കാൻ വൈസ്-ചാൻസലർ നടപടി ആരംഭിക്കേണ്ടതാണ്"

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

997. ഖണ്ഡം 22 (6)-ൽ, "യൂണിവേഴ്സിറ്റി" എന്ന വാക്കിന് പകരം "സർവ്വകലാശാല" എന്ന വാക്ക് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 992-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 995-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 996-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 997-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

ഇരുപത്തി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

998. ഖണ്ഡം 23(1)-ൽ "വർഷത്തിൽ ഒരു തവണ" എന്നത് "വർഷത്തിൽ ഏറ്റവും കുറഞ്ഞത് ഒരു തവണ" എന്നാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1000. ഖണ്ഡം 23(1)-ൽ "ഒരു" എന്നതിനുപകരം "രണ്ട്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1001. ഖണ്ഡം 23(1)-ൽ "ഒരു തവണ" എന്നതിനു പകരം "ഏറ്റവും കുറഞ്ഞത് ഒരു തവണയെങ്കിലും" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1004. ഖണ്ഡം 23(4)-ൽ "ഒരു യോഗത്തിന്റെ" എന്നത് ഒഴിവാക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1006. ഖണ്ഡം 23(4)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1007. ഖണ്ഡം 23(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "യോഗത്തിന്" എന്നതിനു പകരം "യോഗത്തിനോ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 999-ാം നമ്പർ ഭേദഗതി 998-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 998-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1004-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

<u>മി. സ്പീക്കർ:</u> മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1000-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1001-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1006-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1007-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തി നാലാം വകുപ്പ്</u>

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1008. ഖണ്ഡം 24-ൽ "യൂണിവേഴ്സിറ്റിയുടെ" എന്ന് വരുന്നിടത്തെല്ലാം പകരം "സർവ്വകലാശാലയുടെ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1009. ഖണ്ഡം 24-ൽ "യൂണിവേഴ്സിറ്റിയുടെ പരമാധികാര അധികാര സ്ഥാന മായിരിക്കുന്നതാണ്" എന്നതിനു പകരം "യൂണിവേഴ്സിറ്റിയുടെ പരമാധികാര സ്ഥാനമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1010. ഖണ്ഡം 24-ൽ "ഉപദേശം" എന്നതിനു പകരം "ഉപദേശങ്ങളും നിർദ്ദേശങ്ങളും" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1011. ഖണ്ഡം 24-ൽ "ആയിരിക്കുന്നതാണ്" എന്നതിനു പകരം "ആയിരിക്കും" എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1008-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1009-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1010-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1011-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഇരുപത്തി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഇരുപത്തിയഞ്ചാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1012. ഖണ്ഡം 25(ii)-ൽ "ജോയിന്റ് സെക്രട്ടറി" എന്നതിന് പകരം "അഡീഷണൽ സെക്രട്ടറി" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1014. ഖണ്ഡം 25(ii)-ൽ "ജോയിന്റ് സെക്രട്ടറി" എന്നതിന് പകരം "അഡീഷണൽ സെക്രട്ടറി" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1015. ഖണ്ഡം 25-ൽ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിലെ "ഒരംഗം" എന്നതിന് പകരം "അഞ്ചംഗങ്ങൾ അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെട്ടതായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

1029. ഖണ്ഡം 25-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്നതിന്റെ ഇനം (iii)-ൽ "ഒരു വിദ്യാർത്ഥി" എന്നതിന് പകരം "മൂന്ന് വിദ്യാർത്ഥികൾ, അവരിൽ ഒരാൾ ബിരുദാനന്തര ബിരുദവിദ്യാർത്ഥിയും ഒരാൾ വിദ്യാത്ഥിനിയും ആയിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1016. ഖണ്ഡം 25-ൽ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിലുള്ള "ഒരംഗം" എന്നതിന് പകരം "മൂന്നംഗങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1018. ഖണ്ഡം 25-ൽ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിലെ "ഒരംഗം" എന്നതിന് പകരം "രണ്ടംഗങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1019. ഖണ്ഡം 25-ൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന്റെ ഇനം (i) ൽ "സ്കൂൾ മേധാവികളിൽ നിന്നും" എന്നതിന് പകരം "സ്കൂൾ മേധാവികളിൽ നിന്നും ഏറ്റവും പ്രവർത്തിപരിചയമുള്ള" എന്ന് ചേർക്കുക.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1020. ഖണ്ഡം 25-ൽ, "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനു കീഴിൽ ഇനം (i) ആയി താഴെ പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ ഇനം (ii) ആയി പുനരക്കം ചെയ്യുകയും ചെയ്യുക.

"(i) സെനറ്റിലേയ്ക്ക് ആറ് നിയമസഭാംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതും അവരിൽ നിന്ന് തെരഞ്ഞെടുക്കുന്ന രണ്ട് പേർ."

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1021. ഖണ്ഡം 25-ൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിലെ ഇനം (ii)-ൽ "ഉന്നതവിദ്യാഭ്യാസം" എന്ന വാക്കിനുശേഷം "വിവരസാങ്കേതിക വിദ്യ" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1022. ഖണ്ഡം 25-ൽ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന്റെ ഇനം (ii)-ൽ "എട്ട്" എന്നതിനു പകരം "നാല്" എന്ന് ചേർക്കുക.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1024. ഖണ്ഡം 25-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന്റെ ഇനം (ii)-ൽ "എട്ട്" എന്നതിനു പകരം "ആറ്" എന്ന് ചേർക്കുക.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1025. ഖണ്ഡം 25-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്നതിന്റെ ഇനം (ii)-ൽ "ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ" എന്നതിന് പകരം "ഒരാൾ പട്ടികജാതിയിലും ഒരാൾ പട്ടിക ഗോത്രവർഗ്ഗത്തിലും" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1026. ഖണ്ഡം 25-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്നതിന്റെ ഇനം (ii)-ൽ "ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ" എന്നതിന് പകരം "ഒരാൾ പട്ടികജാതിയിലും ഒരാൾ പട്ടിക ഗോത്രവർഗ്ഗത്തിലും" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1028. ഖണ്ഡം 25-ൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്നതിന്റെ ഇനം (ii)-ൽ "ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ" എന്നതിന് പകരം "ഒരാൾ പട്ടികജാതിയിലും ഒരാൾ പട്ടിക ഗോത്രവർഗ്ഗത്തിലും" എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1012-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 1014-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1015, 1029 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1016-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 1018-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 1019-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 1020-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1021-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1022-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 1024-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച 1025-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1026-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 1028-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു,

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1030. ഖണ്ഡം 26 (2)-ൽ "എക്സ് - ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള" എന്നീ വാക്കുകൾ ഒഴിവാക്കുക.

1037. ഖണ്ഡം 26 (6)-ൽ, "യൂണിവേഴ്സിറ്റി" എന്ന വാക്കിന് പകരം "സർവ്വകലാശാല" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1031. ഖണ്ഡം 26 (4)-ന്റെ ക്ലിപ്തനിബന്ധനയിൽ "നിയമിക്കപ്പെടുന്നത്" എന്ന വാക്കിനു പകരം "നാമനിർദ്ദേശം ചെയ്യപ്പെടുന്നത് " എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1032. ഖണ്ഡം 26 (3) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(3) നിയമസഭാംഗങ്ങൾ അവർ അങ്ങനെയുള്ള അംഗമല്ലാതെയാകും വരെയോ സിൻഡിക്കേറ്റിന്റെ കാലാവധി പൂർത്തിയാകുന്നതു വരെയോ സിൻഡിക്കേറ്റ് അംഗം ആയിരിക്കുന്നതാണ്."

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1034. ഖണ്ഡം 26 (5) -ൽ "മൂന്ന്" എന്നതിനു പകരം "രണ്ടു" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1035. ഖണ്ഡം 26 (5) -ൽ "മുമ്പ്" എന്നത് മാറ്റി "മുൻപ്" എന്നാക്കുക.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1036. ഖണ്ഡം 26 (5) താഴെപ്പറയും പ്രകാരം മാറ്റുക.

"(5) സിൻഡിക്കേറ്റിന്റെ കാലാവധി തീരുന്നതിന് മൂന്ന് മാസം മുമ്പ്, അത് പുനഃസംഘടിപ്പിക്കാൻ രജിസ്ട്രാർ നടപടി ആരംഭിക്കേണ്ടതാണ്"

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 1030, 1037 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1031-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 1032-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 1034-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1035-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1036-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തി ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഇരുപത്തി ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തി ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1041. ഖണ്ഡം 27 (1)-ന്റെ ക്ലിപ്തനിബന്ധനയിൽ "വൈസ്-ചാൻസലർക്ക്" എന്ന വാക്കിനു ശേഷം "ആവശ്യമെന്ന് തോന്നുന്ന പക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1042. ഖണ്ഡം 27 (4)-ൽ "ആറ്" എന്ന വാക്കിനുപകരം "എട്ട്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1043. ഖണ്ഡം 27 (4)-ൽ "ആറ്" എന്ന വാക്കിനുപകരം "ഏഴ്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1045. ഖണ്ഡം 27 (4)-ൽ, "ആറ്" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന്" എന്നീ വാക്കുകൾ ചേർക്കുക.

<u>മി. സ്പീക്കർ</u>: 1044-ാം നമ്പർ ഭേദഗതി 1043-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1041-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 1042-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 1043-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1045-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഇരുപത്തി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയെട്ടാം വകുപ്പ്</u>

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1047. ഖണ്ഡം 28-ൽ "യൂണിവേഴ്സിറ്റി" എന്ന വാക്ക് വരുന്നിടത്തെല്ലാം "സർവ്വകലാശാല" എന്നു ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1048. ഖണ്ഡം 28(i)-ൽ "മുഖ്യ നിർവ്വാഹക" എന്നതിന് പകരം "മുഖ്യ ഭരണ നിർവ്വാഹക" എന്ന് ചേർക്കുക.

1054 .ഖണ്ഡം 28(3)(i)-ൽ "സേവന വ്യവസ്ഥകൾ" എന്നതിന് പകരം "സേവന വേതന വ്യവസ്ഥകൾ" എന്ന് ചേർക്കുക.

1055. ഖണ്ഡം 28(3)(ii)-ൽ "സ്ഥാവര ജംഗമ വസ്തുക്കൾ" എന്നതിന് പകരം "സ്ഥാവര ജംഗമ വസ്തു വകകൾ" എന്നാക്കുക.

1061. ഖണ്ഡം 28(3)(v)-ൽ "ചട്ടങ്ങൾക്കും" എന്ന വാക്കിന് മുമ്പ് "നിയമങ്ങൾക്കും" എന്ന വാക്ക് ചേർക്കുക.

1063. ഖണ്ഡം 28(3)(vii)-ൽ "പഠന കോഴ്സുകൾക്കായി" എന്ന വാക്കുകൾക്ക് ശേഷം "മറ്റ് " എന്ന വാക്ക് ചേർക്കുക.

1071. ഖണ്ഡം 28(3)(xii)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്ന വാക്കിന് ശേഷം "അതത് വർഷത്തെ" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1049. ഖണ്ഡം 28(i)-ൽ "നിർവ്വാഹക" എന്ന വാക്കിന് പകരം "നിർവ്വഹണ" എന്ന വാക്ക് ചേർക്കുക.

1059. ഖണ്ഡം 28(3)(v)-ൽ "കേന്ദ്ര സർക്കാരിന്റെയും സർക്കാരിന്റെയും" എന്നതിനു പകരം "കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ" എന്ന് ചേർക്കുക.

1062. ഖണ്ഡം 28(3)(vi)-ൽ "അനുയോജ്യമായി" എന്ന വാക്കിനു പകരം "അനുസൃതമായി" എന്ന വാക്ക് ചേർക്കുക.

1066. ഖണ്ഡം 28-ൽ "റീജിയണൽ" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "മേഖലാ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1056. ഖണ്ഡം 28(3)(ii)-ൽ "നിയന്ത്രിക്കുകയും ചെയ്യുക" എന്നതിന് പകരം "കൈകാര്യം ചെയ്യുകയും ചെയ്യുക" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1058. ഖണ്ഡം 28(3)(iv)-ൽ "സ്വീകരിക്കുക" എന്ന വാക്കിനു പകരം "സ്വീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1060. ഖണ്ഡം 28(3)(v)-ൽ "ചട്ടങ്ങൾക്കും" എന്ന വാക്കിനു മുമ്പായി "നിയമങ്ങൾക്കും" എന്ന വാക്ക് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1064. ഖണ്ഡം 28(3)(viii)-ൽ "മേൽ" എന്നതിനു ശേഷം "ആവശ്യത്തിന്" എന്ന് ചേർക്കുക.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1065. ഖണ്ഡം 28(3)(viii)-ൽ "മേൽ നിയന്ത്രണം ഏർപ്പെടുത്തുക" എന്നതിനു പകരം "അക്കാദമിക പ്രവർത്തനം ക്രമീകരിക്കുക" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1067. ഖണ്ഡം 28(3)(ix)-ൽ "റീജിയണൽ" എന്നതിന് പകരം "പ്രാദേശിക" എന്ന് ചേർക്കുക.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1070. ഖണ്ഡം 28(3)(xi) താഴെപ്പറയും പ്രകാരം മാറ്റുക.

"(xi) സർവ്വകലാശാലയിലേക്ക് അടയ്ക്കേണ്ടതായ ഫീസ് നിശ്ചയിക്കുക."

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1072. ഖണ്ഡം 28(3)(xiv)-ൽ, -

(i) "അന്വേഷിക്കുവാനുള്ള നിർദ്ദേശം നൽകുകയും അതിനുള്ള" എന്നതിന് പകരം "നിരീക്ഷിക്കുന്നതിനുള്ള" എന്ന് ചേർക്കുക.

(ii) "കാര്യക്ഷമതക്കു വേണ്ടി" എന്നത് നീക്കം ചെയ്യുക.

(iii) "പ്രകടനം" എന്നതിന് പകരം "മികവ്" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1073. ഖണ്ഡം 28(3)(xiv)-ൽ "കാര്യക്ഷമതക്കുവേണ്ടി" എന്നത് "കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കുവേണ്ടി" എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. എ. എൻ. ഷംസീറിന്റെ 1050-ാം നമ്പർ ഭേദഗതിയുടെ ആദ്യഭാഗം ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

1050. ഖണ്ഡം 28(3)(i)-ൽ

(i) "അക്കാദമിക മിനിസ്റ്റിരിയൽ" എന്നതിന് പകരം "അക്കാദമിക, മിനിസ്റ്റീരിയൽ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1062-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1047-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1048, 1054, 1055, 1061, 1063 1071 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1049, 1059, 1066 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 1056-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1058-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച 1060-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1064-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 1065-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1067-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 1069-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 1070-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 1072-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1073-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയൊമ്പതാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1074. ഖണ്ഡം 29(1)-ൽ "പരീക്ഷകളുടെയും" എന്നതിനു ശേഷം "മൂല്യനിർണ്ണയത്തിന്റെയും" എന്ന് ചേർക്കുക.

1085. ഖണ്ഡം 29(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ ഇനം (iii) ഒഴിവാക്കുക.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1075. ഖണ്ഡം 29(1)ൽ "യൂണിവേഴ്സിറ്റിയുടെ പ്രധാനപ്പെട്ട" എന്നത് നീക്കം ചെയ്യുക.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1076. ഖണ്ഡം 29-ൽ "യൂണിവേഴ്സിറ്റി" എന്ന് വരുന്നിടത്തെല്ലാം "സർവ്വകലാശാല" എന്ന് ചേർക്കുക.

1080. ഖണ്ഡം 29(2)(iv)-ൽ "എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും" എന്നതിന് പകരം "സിൻഡിക്കേറ്റ് അംഗങ്ങൾക്കിടയിൽ നിന്നും" എന്ന് ചേർക്കുക.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1077. ഖണ്ഡം 29(2)(iii)-ൽ "റീജിയണൽ" എന്നതിനു പകരം "പ്രാദേശിക" എന്ന് ചേർക്കുക.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1082. ഖണ്ഡം 29(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ (i)-ൽ "പഠനസ്കൂളുകളിലെ യൂണിവേഴ്സിറ്റിയിലെ" എന്നതിനു പകരം "യൂണിവേഴ്സിറ്റിയിലെ പഠനസ്കൂളുകളിലെ" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1083. ഖണ്ഡം 29(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ ഇനം (i)-ൽ "മൂന്ന്" എന്നതിനു പകരം "നാല്" എന്ന് ചേർക്കുക.

1084. ഖണ്ഡം 29(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ ഇനം (ii)-ൽ "രണ്ട്" എന്നതിനു പകരം "മൂന്ന്" എന്ന് ചേർക്കുക.

1086. ഖണ്ഡം 29(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ ഇനം (iv)-ൽ "ഏഴ്" എന്നതിനു പകരം "എട്ട്" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1087. ഖണ്ഡം 29(iv) താഴെപ്പറയും പ്രകാരം മാറ്റുക:

"(iv) കേരള ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കൗൺസിൽ പ്രതിനിധി"

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1089. ഖണ്ഡം 29-ലെ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനു ശേഷമുള്ള ഇനം (iv)-ൽ "അതിൽ ഒരാൾ പട്ടികജാതി പട്ടികവർഗ്ഗ ഗോത്രത്തിൽപ്പെട്ടയാളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്" എന്നതിന് പകരം "അതിൽ ഒരാൾ പട്ടികജാതിയിൽ പെട്ടയാളും ഒരാൾ പട്ടികഗോത്ര വർഗ്ഗത്തിൽപെട്ടയാളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1091. ഖണ്ഡം 29-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ ഇനം (v)-ന്റെ പ്രാരംഭത്തിൽ "സർക്കാരിന്റെ ശിപാർശയിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1078, 1079 എന്നീ നമ്പർ ഭേദഗതികൾ 1077-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1082-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1074, 1085 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 1075-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1076, 1080 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 1077-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1083, 1084, 1086 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1087-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 1089-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 1091-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പതാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1093. ഖണ്ഡം 30 (1)-ൽ "ആറ്" എന്നതിന് മുൻപിലായി "ഏറ്റവും കുറഞ്ഞത് " എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1096. ഖണ്ഡം 30 (1)-ൽ "ആറ്" എന്നതിനു പകരം "അഞ്ച് " എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1097. ഖണ്ഡം 30 (1)-ൽ "ആറുമാസത്തിലൊരിക്കൽ" എന്നതിനുശേഷം "എങ്കിലും" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1098. ഖണ്ഡം 30 (2)-ൽ "യോഗത്തിന്റെ" എന്ന വാക്ക് ഒഴിവാക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1093-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 1096-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 1097-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1098-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1099. ഖണ്ഡം 31-ൽ "രണ്ട് " എന്ന വാക്കിനുപകരം "മൂന്ന് " എന്ന വാക്ക് ചേർക്കുക.

1102. ഖണ്ഡം 31-ൽ "യൂണിവേഴ്സിറ്റിയിലോ" എന്നതിനുപകരം "സർവ്വകലാശാലയിലോ" എന്നും "യൂണിവേഴ്സിറ്റിയുടെ" എന്നതിനുപകരം"സർവ്വകലാശാലയുടെ" എന്നും ചേർക്കുക.

1104. ഖണ്ഡം 31-ൽ അർഹതയുണ്ടായിരിക്കുന്നതാണ്" എന്നതിനു പകരം "അർഹതയുണ്ടായിരിക്കുന്നതല്ല" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1100. ഖണ്ഡം 31-ലെ "അത് " എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1101. ഖണ്ഡം 31-ൽ "അദ്ധ്യയനവർഷത്തിന്റെ അവസാനം തീരുന്നതുമാണ്" എന്നതിന് പകരം "അദ്ധ്യയനവർഷം അവസാനിക്കുമ്പോൾ തീരുന്നതുമാണ്." എന്ന് ചേർക്കുക.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1103. ഖണ്ഡം 31-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹതയുണ്ടായിരിക്കുന്നതാണ് " എന്നത് ഒഴിവാക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1099, 1102, 1104 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1100-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1101-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച 1103-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1105. ഖണ്ഡം 32-ൽ "സ്റ്റാറ്റ്യൂട്ടുകളിലെയും" എന്നതിനു ശേഷം "ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും" എന്ന് ചേർക്കുക.

1115. ഖണ്ഡം 32(v)-ൽ "മറ്റു യൂണിവേഴ്സിറ്റിയുടെ" എന്നത് "മറ്റു യൂണിവേഴ്സിറ്റികളുടെ" എന്നാക്കുക.

1117. ഖണ്ഡം 32(v)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിനു പകരം "സർവ്വകലാശാലകളുടെ" എന്ന് ചേർക്കുക.

1122. ഖണ്ഡം 32(ix)-ൽ

(i) "അല്ലെങ്കിൽ" എന്നതിനു ശേഷം "സെനറ്റിന്റെയോ" എന്ന് ചേർക്കുക.

(ii) "അർത്ഥനയിന്മേൽ" എന്നതിനു പകരം "അഭ്യർത്ഥനയിന്മേൽ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1106. ഖണ്ഡം 32-ൽ "അധികാരങ്ങളും" എന്നതിനു ശേഷം "കടമകളും" എന്ന് ചേർക്കുക.

1108. ഖണ്ഡം 32(i)-ൽ "പരിശീലനത്തിനും" എന്നതിനു ശേഷം "നൈപുണ്യ വികസനത്തിനും" എന്ന് ചേർക്കുക.

1114. ഖണ്ഡം 32(v)-ൽ "മറ്റു യൂണിവേഴ്സിറ്റിയുടെ" എന്നതിനു മുമ്പായി "യൂണിവേഴ്സിറ്റി മുമ്പാകെ സമർപ്പിക്കപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1107. ഖണ്ഡം 32(i)-ൽ "പരിശീലനത്തിനും" എന്നതിനു ശേഷം "ചർച്ചകൾക്കും" എന്ന് ചേർക്കുക.

1110. ഖണ്ഡം 32(ii)-ൽ "മാറ്റങ്ങളോടെയോ" എന്നതിനു പകരം "പരിഷ്കാരങ്ങളോടെയോ" എന്ന് ചേർക്കുക.

1119. ഖണ്ഡം 32(vii)-ൽ "നിശ്ചയിക്കുകയും" എന്നതിനു ശേഷം "അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും" എന്ന് ചേർക്കുക.

1121. ഖണ്ഡം 32(viii)-ൽ "ഉചിതമായ" എന്നതിനുശേഷം "പാഠ്യപദ്ധതികൾ" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1109. ഖണ്ഡം 32(ii)-ൽ "സ്വയം" എന്നതിനുപകരം"തദനുസൃതം" എന്ന് ചേർക്കുകയും "പരിശോധിക്കുകയും ആവശ്യമായ മാറ്റങ്ങളോടെയോ അല്ലാതെയോ" എന്നത് നീക്കം ചെയ്യുകയും ചെയ്യുക.

1120. ഖണ്ഡം 32(viii) നീക്കം ചെയ്യുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1112. ഖണ്ഡം 32(iv)-ൽ "വേണ്ടി" എന്നതിനുപകരം "ആവശ്യമായ" എന്ന് ചേർക്കുക.

1116. ഖണ്ഡം 32(v)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിനുപകരം "യൂണിവേഴ്സിറ്റികളുടെ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1113. ഖണ്ഡം 32(iv)-ൽ "യോഗ്യത" എന്നത് മാറ്റി "യോഗ്യതകൾ" എന്നാക്കുക.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1118. ഖണ്ഡം 32(v)-ൽ "പരിശോധിക്കുക" എന്നതിനുപകരം "പരിശോധിച്ച് അംഗീകരിക്കുക" എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 1111-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1111. ഖണ്ഡം 32(iv)-ൽ "ചെയ്യാൻ വേണ്ടി" എന്നതിനുപകരം "ചെയ്യുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1117-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1105, 1115, 1122 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1106, 1108, 1114, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1107, 1110, 1119, 1121 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 1109, 1120 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1112, 1116 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച 1118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1125. ഖണ്ഡം 33(1)-ൽ "വിഷയങ്ങളിലും" എന്നതിനുശേഷം "വികസനത്തിന് ഉചിതമായ പദ്ധതികൾ തയ്യാറാക്കുന്നതിലും" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1127. ഖണ്ഡം 33(2)-ൽ എക്സ്-ഒഫീഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിന് കീഴിലെ ഇനം (ii)-ൽ "ജോയിന്റ് സെക്രട്ടറി" എന്നതിനു പകരം "അഡീഷണൽ സെക്രട്ടറി" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1129. ഖണ്ഡം 33(2)-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിലെ ഇനം (iii)-ൽ "രണ്ടു പേർ" എന്നതിനു പകരം "മൂന്നു പേർ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1124-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കാനുള്ളതാകയാൽ ക്രമപ്രകാരമല്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു..

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1131. ഖണ്ഡം 34(1)-ൽ "അഞ്ച്" എന്നതിനുപകരം "ആകെ അംഗങ്ങളുടെ മൂന്നിലൊന്ന്"എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1133. ഖണ്ഡം 34(2)-ൽ "പരിഗണിച്ചശേഷമായിരിക്കണം" എന്നതിനു പകരം "അംഗീകരിച്ച ശേഷമായിരിക്കണം" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1134. ഖണ്ഡം 34(2)-ൽ "പരിഗണിച്ചശേഷമായിരിക്കണം" എന്നതിനു പകരം "പരിഗണിച്ചതിന് ശേഷമായിരിക്കണം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1135. ഖണ്ഡം 34(2)-ൽ "പരിഗണിച്ചശേഷമായിരിക്കണം" എന്നതിനു പകരം "പരിഗണിച്ച ശേഷം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1130-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കാനുള്ളതാകയാൽ ക്രമപ്രകാരമല്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 1131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1133-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1137. ഖണ്ഡം 35-ൽ "രണ്ടു " എന്നതിനു പകരം "മൂന്ന് " എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1139. ഖണ്ഡം 35-ൽ "ഔദ്യോഗിക സ്ഥാനം അവസാനിക്കുന്നതോടെ തീരുന്നതാണ് " എന്നതിനു ശേഷം "ഫൈനാൻസ് കൗൺസിലിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹത ഉണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1140. ഖണ്ഡം 35-ൽ "അവസാനിക്കുന്നതോടെ തീരുന്നതാണ്" എന്നതിന് പകരം "അവസാനിക്കുന്നതുവരെയായിരിക്കും" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1141. ഖണ്ഡം 35-ൽ "മൂന്ന്" എന്നതിന് പകരം "രണ്ട്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1136-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കാനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും 1138-ാം നമ്പർ ഭേദഗതി 1137-ന് തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..............

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1143. ഖണ്ഡം 36-ൽ "യൂണിവേഴ്സിറ്റി" എന്ന് വന്നിടത്തെല്ലാം "സർവ്വകലാശാല" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1144. ഖണ്ഡം 36 (i)-ൽ "അംഗീകാരത്തിന് " എന്നതിനു പകരം "അംഗീകാരത്തിനു" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1145. ഖണ്ഡം 36 (i)-നു ശേഷം താഴെപ്പറയുന്നത് (ii) ആയി ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

"(ii) അക്കാദമിക കൗൺസിൽ തയ്യാറാക്കുന്ന പദ്ധതികളിൽ ധനപരമായ ചെലവ് സംബന്ധിച്ച് ആവശ്യമായ അഭിപ്രായം നൽകുക;"

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1145-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മുപ്പത്തിയേഴാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1148. ഖണ്ഡം 37(2)-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് കീഴിൽ ഇനം (iv)- ൽ "രംഗത്ത്" എന്ന വാക്കിന് ശേഷം "വിദഗ്ധരായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1150. ഖണ്ഡം 37(2)-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് കീഴിൽ ഇനം (iv)-ൽ "വിദ്യാഭ്യാസവുമായി" എന്നതിന് പകരം "ഉന്നതവിദ്യാഭ്യാസവുമായി" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1152. ഖണ്ഡം 37(2)-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിലെ ഇനം (iv)-ൽ "രണ്ട്" എന്നതിന് പകരം "മൂന്ന് " എന്നു ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1153. ഖണ്ഡം 37(2)-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൽ (iv)-ന്റെ ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(v) ഐറ്റി വകുപ്പിന്റെ പ്രതിനിധി"

മി. സ്പീക്കർ: 1151-ാം നമ്പർ ഭേദഗതി 1150-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 1150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1153-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1154. ഖണ്ഡം 38(1)-ൽ "സൈബർ കൗൺസിൽ, അതിന്റെ ഒരു യോഗം ആറ് മാസത്തിലൊരിക്കൽ കൂടേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "സൈബർ കൗൺസിൽ ആറ് മാസത്തിലൊരിക്കൽ അതിന്റെ ഒരു യോഗം കൂടേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1155. ഖണ്ഡം 38(1)-ൽ "ഒരു യോഗം" എന്നീ വാക്കുകൾക്ക് പകരം "യോഗങ്ങൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1156. ഖണ്ഡം 38(1)-ൽ "ആറ്" എന്നതിന് പകരം "മൂന്ന്" എന്നത് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1158. ഖണ്ഡം 38(1)-ൽ "ആറ്" എന്ന വാക്കിന് പകരം "അഞ്ച് " എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1160. ഖണ്ഡം 38(2)-ൽ "യോഗത്തിന്റെ" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: 1157-ാം നമ്പർ ഭേദഗതി 1156-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 1156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1158-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.............

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1162. ഖണ്ഡം 39-ൽ "യൂണിവേഴ്സിറ്റിയിലോ" എന്നതിനുപകരം "സർവ്വകലാശാലയിലോ" എന്നും "യൂണിവേഴ്സിറ്റിയുടെ" എന്നതിനു പകരം "സർവ്വകലാശാലയുടെ" എന്നും ചേർക്കുക.

1163. ഖണ്ഡം 39-ൽ "അർഹതയുണ്ടായിരിക്കുന്നതാണ്" എന്നതിനു പകരം "അർഹതയുണ്ടായിരിക്കുന്നതല്ല" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1164. ഖണ്ഡം 39-ൽ "അക്കാദമിക വർഷം" എന്നതിനുപകരം "കാലാവധി" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1165. ഖണ്ഡം 39-ൽ "പുനഃസംഘടിപ്പിക്കാൻ" എന്നതിനുപകരം "പുനഃ സംഘടിപ്പിക്കുവാൻ" എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1164-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1165-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1162, 1163 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പതാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1166. ഖണ്ഡം 40-ൽ "അധികാരങ്ങളും" എന്നതിനുശേഷം "കടമകളും" എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1166-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയൊന്നാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1167. ഖണ്ഡം 41(1)-ൽ "രൂപപ്പെടുത്തേണ്ടതാണ്" എന്നതിനു പകരം "രൂപീകരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

1169. ഖണ്ഡം 41(2)-ൽ "അടങ്ങിയിരിക്കേണ്ടതാണ്" എന്നതിനു പകരം "ഉൾപ്പെട്ടിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

1170 ഖണ്ഡം 41(2)(iii)-ൽ "ലാൻഗ്വേജസ്" എന്നതിനു പകരം "ലാംഗ്വേജസ്" എന്ന് ചേർക്കുക.

1172. ഖണ്ഡം 41(2)(vi)-ൽ "ടയിനിംഗ്" എന്നതിനു പകരം "ട്രെയിനിംഗ്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1168. ഖണ്ഡം 41(1)-ൽ "രീതിയിൽ" എന്നതിനുശേഷം "വിദഗ്ധരും പ്രാഗൽഭ്യം തെളിയിച്ചതുമായ ആൾക്കാരെ" എന്ന് കൂട്ടിച്ചേർക്കുക.

1173. ഖണ്ഡം 41(2)(vii)-ൽ "സ്കൂൾ ഓഫ് ലോ" എന്നതിനു ശേഷം "സൈബർ ലോ, കോർപ്പറേറ്റ് ലോ, കമ്മ്യൂണിക്കേഷൻ ആന്റ് ബിസിനസ് സ്റ്റഡീസ് " എന്നു ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

1171. ഖണ്ഡം 41(2)(iv)-ൽ "ഇൻഫർമേഷൻ സയൻസ്" എന്നതിനു പകരം . "ഇൻഫർമേഷൻ ടെക്നോളജി" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1177. ഖണ്ഡം 41(2)(ix)-നു ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(x) സ്കൂൾ ഓഫ് ഇന്നവേഷൻസ് ആന്റ് റിസർച്ച്;"

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1178. ഖണ്ഡം 41(3)-ൽ "യൂണിവേഴ്സിറ്റിയുടെ ആസ്ഥാനത്ത്" എന്നതിനു പകരം "യൂണിവേഴ്സിറ്റി ആസ്ഥാനം" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1170, 1172 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1167, 1169 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1168, 1173 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1178-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാല്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തി രണ്ടാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1183. ഖണ്ഡം 42(2)-ൽ "അടങ്ങിയിരിക്കേണ്ടതാണ്" എന്നതിനു പകരം "ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1184. ഖണ്ഡം 42(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലെ ഇനം (i)-ലെ "ഓരോ പഠന കോഴ്സിലേയും" എന്നതിനു ശേഷം "സീനിയർ ആയ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1185. ഖണ്ഡം 42(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലെ ഇനം (ii)-ലെ "പഠന കോഴ്സുമായി ബന്ധപ്പെട്ട് വിദഗ്ധരായ" എന്നതിനുപകരം "പഠന കോഴ്സുകളിലെ വിഷയങ്ങളിൽ വൈദഗ്ദ്ധ്യമുള്ള"എന്നിവ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1187. ഖണ്ഡം 42(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലെ ഇനം (ii)-ൽ "വിദഗ്ധരായ" എന്നതിനു പകരം "വൈദഗ്ദ്ധ്യം നേടിയ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 1186-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

1186. ഖണ്ഡം 42(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലെ ഇനം (ii)-ൽ "വിദഗ്ധരായ" എന്നതിനു പകരം "വിദഗ്ധരായ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1183-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1185-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1187-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാല്പത്തിമൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1189. ഖണ്ഡം 43(i)-ൽ "കുറഞ്ഞത് രണ്ട് തവണയെങ്കിലും" എന്നതിന് പകരം "ആറുമാസത്തിലൊരിക്കൽ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1190. ഖണ്ഡം 43(i)-ൽ "രണ്ട്" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1191. ഖണ്ഡം 43(i)-ൽ "രണ്ട്" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1192. ഖണ്ഡം 43(i)-ൽ "രണ്ട്" എന്നതിന് പകരം "നാല്" എന്ന് ചേർക്കുക"

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്.പി. അവതരിപ്പിച്ച 1191-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1192-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാല്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

നാല്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1194. ഖണ്ഡം 44-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട" എന്നതിന് പകരം "സ്ഥാനം ഏറ്റെടുത്ത" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1197. ഖണ്ഡം 44-ൽ "വീണ്ടും" എന്നതിന് മുൻപ് "ഒരു പ്രാവശ്യം കൂടി" എന്നത് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1200. ഖണ്ഡം 44-ൽ "അർഹതയുണ്ടായിരിക്കുന്നതാണ്" എന്ന വാക്കിനു ശേഷം "കാലാവധി അവസാനിക്കുന്നതിന് മൂന്ന് മാസം മുൻപ് പാഠന സ്കൂൾ ബോർഡ് പുനഃസംഘടിപ്പിക്കാൻ പാഠന സ്കൂൾ മേധാവി നടപടി സ്വീകരിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: 1198, 1199 എന്നീ നമ്പർ ഭേദഗതികൾ 1197-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1197-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1200-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയഞ്ചാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1201. ഖണ്ഡം 45 (1)-ൽ "ബോർഡിനും" എന്നതിനുപകരം "ബോർഡും" എന്നത് ചേർക്കുക.

1203. ഖണ്ഡം 45 (1)-ൽ,

(i) "ബോർഡിനും" എന്ന വാക്കിന് പകരം "ബോർഡും" എന്ന വാക്ക് ചേർക്കുകയും

(ii) "ബന്ധപ്പെട്ട്" എന്ന വാക്കിന് പകരം "ബന്ധപ്പെട്ട" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

1206. ഖണ്ഡം 45 (2)-ൽ, "മറ്റു" എന്ന വാക്കിന് പകരം "മറ്റ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1204. ഖണ്ഡം 45(1)-ൽ, "മൂല്യനിർണ്ണയ രീതി" എന്നതിനു ശേഷം "സമയബന്ധിതമായ ഫലപ്രഖ്യാപനം" എന്ന് ചേർക്കുക.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1205. ഖണ്ഡം 45 (1)-ൽ, "അക്കാദമികവും ഭരണപരവുമായ കാര്യങ്ങളെ" എന്നതിനുപകരം "അക്കാദമിക കാര്യങ്ങളെയും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1202-ാം നമ്പർ ഭേദഗതി 1201-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1203-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1201, 1206 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1204-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 1205-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയാറാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1207. ഖണ്ഡം 46-ൽ "യൂണിവേഴ്സിറ്റി" എന്ന് വരുന്നിടത്തെല്ലാം "സർവ്വകലാശാല" എന്ന് മാറ്റുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1208. ഖണ്ഡം 46 (1)-ൽ "വിധേയമായി" എന്ന വാക്കിനു ശേഷം "യൂണിവേഴ്സിറ്റിയുടെ ആവശ്യത്തിലേക്ക്" എന്നീ വാക്കുകൾ ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 1207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1208-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാല്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

നാല്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയേഴാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1209. ഖണ്ഡം 47-ൽ "യൂണിവേഴ്സിറ്റിയുടെ, യൂണിവേഴ്സിറ്റിയിൽ, യൂണിവേഴ്സിറ്റിയിലെ" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം അവയ്ക്ക് പകരം യഥാക്രമം "സർവകലാശാലയുടെ, സർവകലാശാലയിൽ, സർവകലാശാലയിലെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1210. ഖണ്ഡം 47(1)-ൽ "റീജിയണൽ" എന്നതിനു പകരം "മേഖലാ" എന്ന് ചേർക്കുക.

1219. ഖണ്ഡം 47(2)-ൽ "നിക്ഷിപ്തമാക്കിയും" എന്നതിനു ശേഷം "ഈ യൂണിവേഴ്സിറ്റിയുടെ" എന്ന് ചേർക്കുകയും"കൊണ്ടുവരേണ്ടതുമാണ്" എന്നതിനു പകരം "കൊണ്ടുവരേണ്ടതാണ്" എന്ന് ചേർക്കുകയും ചെയ്യുക.

1221. ഖണ്ഡം 47(2)-ൽ "നഷ്ടപ്പെടാൻ ഇടയാകുന്ന" എന്നതിനു പകരം "നഷ്ടപ്പെടുന്ന" എന്ന് ചേർക്കുക.

1228. ഖണ്ഡം 47(4)-ന്റെ ക്ലിപ്തനിബന്ധനയിൽ, "വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ" എന്നതിനു പകരം "വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1211. ഖണ്ഡം 47(1)-ൽ "റീജിയണൽ കേന്ദ്രം" എന്നതിനു പകരം "മേഖലാ കേന്ദ്രം" എന്നും "സേവന വ്യവസ്ഥകൾ" എന്നതിന് പകരം "സേവന വേതന വ്യവസ്ഥകൾ" എന്നും ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1213. ഖണ്ഡം 47(1)-ൽ "സേവന വ്യവസ്ഥകൾ" എന്നതിന് പകരം "സേവന വേതന വ്യവസ്ഥകൾ" എന്ന് ചേർക്കുക.

1215. ഖണ്ഡം 47(2) ഒഴിവാക്കുക.

1225. ഖണ്ഡം 47(3) താഴെപ്പറയും പ്രകാരം മാറ്റുക:

"(3) ഒന്നാം ഉപവകുപ്പ് പ്രകാരം ഓപ്ഷൻവഴി നിയമന നടപടികൾ പൂർത്തിയാകുന്നതുവരെ യൂണിവേഴ്സിറ്റിയിൽ സൃഷ്ടിക്കപ്പെട്ട വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനായി നിശ്ചിത യോഗ്യത യുള്ളവരെ കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാല കളിൽ നിന്ന് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്."

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1214. ഖണ്ഡം 47(1)-ൽ "നിശ്ചയിക്കേണ്ടതുമാണ്" എന്നതിന് പകരം "നിശ്ചയിക്കേണ്ടതും നിയമനം സ്പെഷ്യൽ റൂൾ തയ്യാറാക്കി ആയതു പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നടത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1218. ഖണ്ഡം 47(2)-ൽ "സർവ്വകലാശാലകളിൽ നിന്നും മാറ്റിയും ഒഴിവാക്കിയും ഈ യൂണിവേഴ്സിറ്റിയിൽ നിക്ഷിപ്തമാക്കിയും അധികാര പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്" എന്നതിന് പകരം "സർവ്വകലാശാലകളുടെ കോഴ്സുകളും തുടർ വിദ്യാഭ്യാസവും നിലനിർത്തി പുതിയ സർവ്വകലാശാലയിൽ കോഴ്സുകൾ ആരംഭിക്കുക" എന്ന് ചേർക്കുക.

1220. ഖണ്ഡം 47(2)-ൽ "അങ്ങനെയുള്ള നിക്ഷിപ്തമാക്കലിന്റെയും അധികാര പരിധിയുടെയും ഫലമായി അങ്ങനെയുള്ള സർവ്വകലാശാലകളിൽ തസ്തിക നഷ്ടപ്പെടാൻ ഇടയാകുന്ന റഗുലർ സർവ്വീസിലുള്ള അദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും അനദ്ധ്യാപക ജീവനക്കാർക്കും മറ്റു ജീവനക്കാർക്കും ഈ യൂണിവേഴ്സിറ്റിയിൽ സൃഷ്ടിക്കപ്പെടുന്ന വിവിധ കാറ്റഗറികളിലെ സമാന തസ്തികകളിലേക്ക് അങ്ങനെയുള്ള തസ്തികകൾക്ക്

നിശ്ചയിച്ച യോഗ്യതയുള്ളവരെ മാത്ര സർവ്വകലാശാലകളിൽ തങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്നതും അനുഭവിച്ച കൊണ്ടിരുന്നതുമായ സേവന വ്യവസ്ഥകൾ സംരക്ഷിച്ചുകൊണ്ട് ഓപ്ഷൻ വഴി സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതി വരെ യൂണിവേഴ്സിറ്റിയിലെ അങ്ങനെയുള്ള തസ്തി കകളിലേക്ക് സ്ഥിരമായി നിയമിക്കപ്പെടാൻ അവകാശം ഉണ്ടായിരിക്കു ന്നതാണ്." എന്നത് ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1222. ഖണ്ഡം 47(2)-ൽ "സിൻഡിക്കേറ്റ്" എന്നതിനു പകരം "സർക്കാർ" എന്ന് ചേർക്കുക.

1229. ഖണ്ഡം 47(4)-ന്റെ ക്ലിപ്തനിബന്ധനയിൽ, "സിൻഡിക്കേറ്റിന്" എന്നതിനു ശേഷം "പരിവർത്തനകാലം വരെ മാത്രം" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1230. ഖണ്ഡം 47(5) ഒഴിവാക്കുക.

മി. സ്പീക്കർ: 1216, 1217 എന്നീ നമ്പർ ഭേദഗതികൾ 1215-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. പി. ഉണ്ണിയുടെ 1224-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1224. ഖണ്ഡം 47(3)-ൽ "(1)-ാം ഉപവകുപ്പ് പ്രകാരം" എന്നതിനു പകരം "(2)-ാം ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1228-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 1209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1210, 1219, 1221 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1211-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 1213, 1215, 1225 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1214-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1218, 1220, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1222, 1229 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 1230-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാല്പത്തിയെട്ടാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1233. ഖണ്ഡം 48-ൽ "യൂണിവേഴ്സിറ്റിയിലെ/യൂണിവേഴ്സിറ്റിയുടെ" എന്ന് വരുന്നിടത്തെല്ലാം "സർവ്വകലാശാലയിലെ/ സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1234. ഖണ്ഡം 48(1)-ൽ "അങ്ങനെയുള്ള തസ്തികകളിലേക്കു നിയമനം നടത്താനും" എന്നതിനു പകരം "അങ്ങനെയുള്ള തസ്തികകളിലേക്കു സംസ്ഥാനത്തെ മറ്റു സർവകലാശാലയിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നിയമനം നടത്താനും" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1238. ഖണ്ഡം 48(1)-ൽ "അങ്ങനെയുള്ള തസ്തികകളിലേക്ക്" എന്നതിനു ശേഷം "എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1240. ഖണ്ഡം 48(2)-ൽ "സേവന വ്യവസ്ഥകളും" എന്നതിനു പകരം "സേവന വേതന വ്യവസ്ഥകളും" എന്ന് ചേർക്കുക.

1241. ഖണ്ഡം 48(3)-ൽ "യൂണിവേഴ്സിറ്റിയിൽ" എന്നതിനു പകരം "സർവ്വകലാശാലയിൽ" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1242. ഖണ്ഡം 48(3)-ൽ "നിർണ്ണയിക്കപ്പെടേണ്ടതുമാണ്" എന്നതിനു പകരം "നിർണ്ണയിക്കപ്പെടേണ്ടതും അപ്രകാരമുള്ള നിയമനങ്ങൾ പി.എസ്. സി. മുഖേന മാത്രം നടത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1243. ഖണ്ഡം 48(3)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക;

"എന്നാൽ, ഇപ്രകാരം സ്ഥിരമായി സൃഷ്ടിക്കപ്പെട്ട തസ്തികകളിലേക്ക് ഓപ്ഷൻ വഴി നിയമനം പൂർത്തീകരിച്ചശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ടതാണ്."

<u>മി. സ്പീക്കർ</u>: 1235, 1236 എന്നീ നമ്പർ ഭേദഗതികൾ 1234-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1233-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 1234-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1238-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 1240, 1241 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1242-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1243-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാല്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

നാല്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാല്പത്തിയൊൻപതാം വകുപ്പ്</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1247. ഖണ്ഡം 49(ii)-ൽ "പരീക്ഷ കൺട്രോളർ" എന്നതിനു ശേഷം "സൈബർ കൺട്രോളർ" എന്ന് ചേർക്കുക.

1251. ഖണ്ഡം 49(v)-ൽ "കോ-ഓപ്റ്റ് ചെയ്യുന്നതിനും" എന്നതിനു പകരം "ഏകോപിപ്പിക്കുന്നതിനും" എന്ന് ചേർക്കുക.

1252. ഖണ്ഡം 49(vii)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിനു പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1246. ഖണ്ഡം 49(i)-ൽ "യൂണിവേഴ്സിറ്റിയുടെ/യൂണിവേഴ്സിറ്റിയിലെ" എന്നതിനു പകരം "സർവ്വകലാശാലയുടെ/സർവ്വകലാശാലയിലെ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1248. ഖണ്ഡം 49-ൽ "മറ്റു" എന്നു വരുന്നിടത്തെല്ലാം "മറ്റ് " എന്ന് ചേർക്കുക.

1250. ഖണ്ഡം 49(v)-ൽ "കൗൺസിലുകളിലേയോ" എന്ന വാക്കിനു പകരം "കൗൺസിലുകളിലെയോ" എന്ന് ചേർക്കുക.

1253. ഖണ്ഡം 49(ix)-ൽ "മറ്റു" എന്ന വാക്കിനു പകരം "മറ്റ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1249. ഖണ്ഡം 49(ii)-ൽ "അനദ്ധ്യാപക ജീവനക്കാർ" എന്ന വാക്കിനു ശേഷം "അക്കാദമിക മിനിസ്റ്റീരിയൽ ജീവനക്കാർ" എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 1247-ാം നമ്പർ ഭേദഗതിയും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1250-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1246-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 1251, 1252 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1248, 1253 നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1249-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപതാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1254. ഖണ്ഡം 50(1)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1256. ഖണ്ഡം 50(2)-ൽ "ഉണ്ടാക്കാവുന്നതും" എന്ന വാക്കിനുശേഷം "എന്നാൽ അത്തരം സ്റ്റാറ്റ്യൂട്ടുകൾ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെങ്കിൽ അത്തരം വ്യവസ്ഥകൾ നീക്കം ചെയ്യുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതുമാണ്.

സർക്കാരിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുകയും "(1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്" എന്നീ വാക്കുകൾ ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1257. ഖണ്ഡം 50(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "കരടോ"എന്നതിനുശേഷം വരുന്ന "ഒരു സ്റ്റാറ്റ്യൂട്ടിന്റെ"എന്നത് ഒഴിവാക്കുക.

1259. ഖണ്ഡം 50(3)-ൽ "ചെയ്യാവുന്നതാണ്" എന്നതിനു പകരം "ചെയ്യാവുന്നതുമാണ് " എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. പി. ഉബൈദുല്ലയുടെ 1258-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1258. ഖണ്ഡം 50(3)-ൽ "തടഞ്ഞുവയ്ക്കുകയോ" എന്നത് നീക്കം ചെയ്യുക.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1257, 1259 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1254-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു..

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1256-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തിയൊന്നാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1260. ഖണ്ഡം 51-ൽ "യൂണിവേഴ്സിറ്റി" എന്ന് വന്നിടത്തെല്ലാം പകരം "സർവ്വകലാശാല" എന്ന് ചേർക്കുക.

1262. ഖണ്ഡം 51 (3) (v)-ൽ "രീതി" എന്ന വാക്കിന് പകരം "രീതിയും" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1263. ഖണ്ഡം 51 (3) (v) താഴെപറയും പ്രകാരം മാറ്റുക:

"(v) യൂണിവേഴ്സിറ്റിയോ യൂണിവേഴ്സിറ്റിയ്ക്കുവേണ്ടിയോ കരാറുകളിലോ എഗ്രിമെന്റുകളിലോ ഏർപ്പെടുന്ന രീതി;"

1264. ഖണ്ഡം 51 (3) (vii)-ൽ "ആവശ്യമുള്ളതായ" എന്നതിനു പകരം "ആവശ്യമായ" എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1260, 1262 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1263, 1264 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

അൻപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

അൻപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തിരണ്ടാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1265. ഖണ്ഡം 52-ൽ "റദ്ദുചെയ്യുകയോ" എന്നതിന് പകരം "റദ്ദ് ചെയ്യുകയോ" എന്ന് ചേർക്കുകയും, ഖണ്ഡം 52(ii)-ൽ "ഖണ്ഡത്തിൻകീഴിൽ" എന്നതിന് പകരം "ഖണ്ഡത്തിൻ കീഴിൽ" എന്ന് ചേർക്കുകയും ചെയ്യുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1266. ഖണ്ഡം 52 (ii)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

1267. ഖണ്ഡം 52 (iii)-ൽ "അതിനോടുള്ള എതിർപ്പ്" എന്ന വാക്കുകൾക്ക് പകരം "അതിനോട് എതിർപ്പുണ്ടെങ്കിൽ ആയത്"എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1265-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1266, 1267 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

അൻപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

അൻപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തി മൂന്നാം വകുപ്പ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1268. ഖണ്ഡം 53(1)(i) "സിലബസും" എന്നത് "പാഠ്യക്രമവും" എന്നു മാറ്റുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1269. ഖണ്ഡം 53(1)(i) "പരീക്ഷകളുടെ നടത്തിപ്പും" എന്നീ വാക്കുകൾക്ക് ശേഷം "മൂല്യനിർണ്ണയരീതിയും" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1270. ഖണ്ഡം 53(1)(iii)-ൽ "അംഗീകരിക്കൽ" എന്നതിനു പകരം "അംഗീകരിക്കേണ്ടതും സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളും ഒരു തരത്തിലുള്ള വിവേചനം കാണിക്കാതിരിക്കേണ്ടതുമാകുന്നു" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1271. ഖണ്ഡം 53(1)(iii)-ൽ "സർവ്വകലാശാലകളുടെ" എന്ന വാക്കിനു പകരം "യൂണിവേഴ്സിറ്റികളുടെ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1272. ഖണ്ഡം 53(1)(iii)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്ന വാക്കിന് പകരം "സർവ്വകലാശാലയുടെ" എന്ന വാക്ക് ചേർക്കുക

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1268-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1269-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1270-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1271-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1272-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അൻപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.............

അൻപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തി നാലാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1273. ഖണ്ഡം 54-ൽ "ആക്റ്റിലെയും" എന്നതിനു പകരം "ആക്റ്റിലെ വ്യവസ്ഥകൾക്കോ" എന്നത് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1274. ഖണ്ഡം 54-ൽ "റെഗുലേഷനുകളിലെയും" എന്നത് നീക്കം ചെയ്യുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1273-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 1274-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അൻപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

അൻപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അൻപത്തിയഞ്ചാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1275. വകുപ്പ് 55-ൽ "ഗസറ്റിൽ " എന്ന വാക്കിനു മുൻപിലായി"തൊട്ടടുത്ത " എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1276. ഖണ്ഡം 55-ൽ "ഗസറ്റിൽ" എന്നതിന് പകരം "ഔദ്യോഗിക ഗസറ്റിൽ" എന്നത് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1275-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1276-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അൻപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

അൻപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അൻപത്തിയാറാം വകുപ്പ്</u>

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1277. ഖണ്ഡം 56-ൽ "യൂണിവേഴ്സിറ്റി" എന്ന് വരുന്നിടത്തെല്ലാം "സർവ്വകലാശാല" എന്ന് ചേർക്കുക.

1288. ഖണ്ഡം 56 (3)-ൽ "അതിന്റെ സബ്സിഡിയറികളിലോ" എന്നീ വാക്കുകൾക്ക് ശേഷം "ദേശസാൽകൃത ബാങ്കുകളിലോ" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1278. ഖണ്ഡം 56(1)-ൽ "ഉത്തരവുകളിലും" എന്നത് നീക്കം ചെയ്യുക

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1280. ഖണ്ഡം 56(2)(i)-ൽ "സർക്കാരിൽ നിന്നും ഭാരത സർക്കാരിൽ നിന്നും" എന്നതിനു പകരം "കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും" എന്ന് ചേർക്കുക

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1283. ഖണ്ഡം 56 (3)-ൽ "സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലോ" എന്നതിനുപകരം "സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന ദേശസാൽകൃത ബാങ്കിലോ"എന്ന് ചേർക്കുക.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1286. ഖണ്ഡം 56 (3)-ൽ "അതിന്റെ സബ്സിഡിയറികളിലോ" എന്നത് ഒഴിവാക്കുക

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1287. ഖണ്ഡം 56 (3)-ൽ "നിശ്ചയിക്കാവുന്ന" എന്നതിനുപകരം "നിശ്ചയിച്ചേക്കാവുന്ന" എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 1288-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1277-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 1278-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 1280-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1283-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 1286-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1287-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അൻപത്തിയേഴാം വകുപ്പ്</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1289. ഖണ്ഡം 57-ൽ "അടുത്ത" എന്ന വാക്കിന് പകരം "ഓരോ" എന്ന് ചേർക്കുക.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1290. ഖണ്ഡം 57-ൽ "യൂണിവേഴ്സിറ്റി" എന്നുവരുന്നിടത്തെല്ലാം പകരം "സർവ്വകലാശാല" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1291. ഖണ്ഡം 57(2)-ൽ "ധനകാര്യ" എന്ന വാക്കിനുപകരം "ബഡ്ജറ്റ്" എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1289-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1290-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1291-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## അൻപത്തിയെട്ടാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1292. ഖണ്ഡം 58-ൽ "യൂണിവേഴ്സിറ്റി" എന്ന് വരുന്നിടത്തെല്ലാം പകരം " സർവ്വകലാശാല" എന്ന് ചേർക്കുക.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1293. ഖണ്ഡം 58(1)ൽ "ആഡിറ്റ് ആവശ്യങ്ങൾക്കായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്" എന്നതിന് പകരം "അതിന്റെ ഓഡിറ്റ് സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1295. ഖണ്ഡം 58(3)-ൽ "കാര്യകർതൃത്വത്തിലുള്ള" എന്നതിനു പകരം "നിയന്ത്രണത്തിലുള്ള" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1299. ഖണ്ഡം 58(8)-ൽ "അതു" എന്നതിനു പകരം "അത്" എന്ന് ചേർക്കുക.

1300. ഖണ്ഡം 58(10)-ൽ "പറയേണ്ടതാണ്" എന്നതിനു പകരം "രേഖപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1299-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1292-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 1293-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1295-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1300-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തിയൊൻപതാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1301. ഖണ്ഡം 59-ൽ "യൂണിവേഴ്സിറ്റി" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "സർവ്വകലാശാല" എന്ന്ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1302. ഖണ്ഡം 59(1)-ൽ "ഉൾപ്പെടേണ്ടതും" എന്നതിനുപകരം " ഉൾപ്പെടുത്തേണ്ടതും"എന്ന് ചേർക്കുക.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1302-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1301-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപതാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

7.00 P.M.]

അറുപത്തിയൊന്നാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1304. ഖണ്ഡം 61-ൽ "യൂണിവേഴ്സിറ്റി" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "സർവ്വകലാശാല"എന്ന് ചേർക്കുക.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 1304-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിരണ്ടാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിമൂന്നാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: അറുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

അറുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിനാലാം വകുപ്പ്

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1307. ഖണ്ഡം 64-ൽ "അംഗീകാരമായി" എന്നതിനുപകരം "അംഗീകൃത യോഗ്യതയായി" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1308. ഖണ്ഡം 64-ൽ "കരുതേണ്ടതാണ്" എന്നതിനുശേഷം "കൂടാതെ ഇതിന് നിയമ പ്രാബല്യം ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 1307-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1308-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അറുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള അറുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അറുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## അറുപത്തിയഞ്ചാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. എസ്. ശർമ്മയുടെ 1311-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1311. ഖണ്ഡം 65 താഴെ പറയും പ്രകാരം മാറ്റുക:

> "65. വിദ്യാർത്ഥികളുടെ താമസം. - സമ്പർക്ക ക്ലാസ്സുകൾ വേണ്ടിവരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി സർവ്വകലാശാല പരിപാലിച്ചുപോരുന്നതോ വിദ്യാർത്ഥികളുടെ പഠനത്തിന് സർവ്വകലാശാല അംഗീകരിച്ചിട്ടുള്ളതോ ആയ താമസ സ്ഥലങ്ങളിൽ വിദ്യാർത്ഥികൾക്ക് താമസിക്കാവുന്നതാണ്."
>
> പ്രസ്തുത ഭേദഗതിയിലെ 'സർവ്വകലാശാല' എന്ന വാക്കിനുപകരം 'യൂണിവേഴ്സിറ്റി' എന്ന വാക്ക് ചേർത്ത് ഭേദഗതിയോടെ സ്വീകരിക്കുന്നു.

മി. സ്പീക്കർ: ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അറുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള അറുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അറുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിയാറാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: അറുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

അറുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിയേഴാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: അറുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

അറുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അറുപത്തിയെട്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: അറുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

അറുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അറുപത്തിയൊൻപതാം വകുപ്പ്</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: അറുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

അറുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>എഴുപതാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1312. ഖണ്ഡം 70-ൽ "യൂണിവേഴ്സിറ്റിയുടെയോ" എന്നതിനുശേഷം "അതിന്റെ" എന്ന് ചേർക്കുക.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1312-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

<u>മി. സ്പീക്കർ</u>: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എഴുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള എഴുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എഴുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>എഴുപത്തിയൊന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: എഴുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

എഴുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>എഴുപത്തി രണ്ടാം വകുപ്പ്</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1314. ഖണ്ഡം 72(1) ഒഴിവാക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1316. ഖണ്ഡം 72(1)-ൽ "നേടുവാൻ ഉദ്ദേശിക്കുന്ന" എന്നതിനുപകരം "നേടിയ" എന്ന് ചേർക്കുക.

ഇവിടെ ഈ യൂണിവേഴ്സിറ്റിയിൽ പ്രവേശനം 'നേടുവാൻ ഉദ്ദേശിക്കുന്ന' ഒരു വിദ്യാർത്ഥിക്ക് മറ്റൊരു സർവ്വകലാശാലയും പ്രവേശനം നൽകാൻ പാടില്ല എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രവേശനം നേടാൻ ഉദ്ദേശിക്കുന്ന ഒരു വിദ്യാർത്ഥിക്ക് എങ്ങനെയാണ് പ്രവേശനം കൊടുക്കാതിരിക്കാൻ കഴിയുന്നത്. ആ യൂണിവേഴ്സിറ്റിയിൽ പ്രവേശനം നേടിയിട്ടാണെങ്കിൽ തരക്കേടില്ല. അത് കറക്ട് ചെയ്യണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1317. ഖണ്ഡം 72(1)-ൽ "ഈ ആക്റ്റ്മൂലം സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റി അല്ലാത്ത സംസ്ഥാന നിയമംമൂലം സ്ഥാപിക്കപ്പെട്ട മറ്റേതൊരു യൂണിവേഴ്സിറ്റിയും അങ്ങനെയുള്ള വിദ്യാർത്ഥിക്ക് അത്തരം പഠന കോഴ്സുകളിലേക്ക് പ്രവേശനം നൽകുവാൻ പാടുള്ളതല്ല" എന്നത് ഒഴിവാക്കുക.

1318. ഖണ്ഡം 72(2)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ ഈ വിദ്യാർത്ഥികളുടെ തോറ്റുപോയ പരീക്ഷകൾ യഥാ സമയം നടത്തുന്നതിനും അവയുടെ ഫലപ്രഖ്യാപനം നടത്തുന്നതിനും അവസരം ഒരുക്കേണ്ടതാണ്"

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1314-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1316-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1317, 1318 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

എഴുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

എഴുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എഴുപത്തിമൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1319. ഖണ്ഡം 73 (1)-ൽ "ആക്ടിന്റെ പ്രാബല്യ തീയതി" എന്ന വാക്കുകൾക്ക് പകരം "ആക്ടിന് പ്രാബല്യം വരുന്ന തീയതി" എന്നീ വാക്കുകൾ ചേർക്കുക.

1323. ഖണ്ഡം 73 (3)-ൽ "സർവ്വകലാശാലയുടെയും" എന്ന വാക്കിനു പകരം "യൂണിവേഴ്സിറ്റിയുടെയും" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1320. ഖണ്ഡം 73 (1)-ൽ "രണ്ട് " എന്നതിനു പകരം "ഒരു" എന്നത് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1321. ഖണ്ഡം 73 (2) ഒഴിവാക്കുക.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1319, 1323 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 1320-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1321-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എഴുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

എഴുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എഴുപത്തിനാലാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1324. ഖണ്ഡം 74 (2)-ൽ "കാര്യമോ" എന്ന വാക്കിനുശേഷം "കാര്യങ്ങളോ" എന്നും "നടപടിയോ" എന്ന വാക്കിനുശേഷം "നടപടികളോ" എന്നും ചേർക്കുക.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1324-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എഴുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

എഴുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

118. ദീർഘശീർഷകത്തിൽ "സമ്പ്രദായത്തിൽ നിന്നും വ്യതിചലിച്ച്" എന്നതിനു പകരം "സമ്പ്രദായത്തിന് അനുപൂരകമായി"എന്നത് ചേർക്കുക.

153. പീഠികയിൽ "സമ്പ്രദായത്തിൽനിന്നും വ്യതിചലിച്ച്" എന്നതിന് പകരം "സമ്പ്രദായത്തിന് അനുപൂരകമായി" എന്നത് ചേർക്കുക.

195. ഖണ്ഡം 1(2)-ൽ, "2020 സെപ്റ്റംബർ 25-ാം തീയതി" എന്നതിന് പകരം "ഉടൻ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

116. ദീർഘശീർഷകത്തിൽ "നിലവിലുള്ള" എന്ന വാക്കിന് ശേഷം "സാമ്പ്രദായിക" എന്ന വാക്ക് ചേർക്കുക.

123. ദീർഘശീർഷകത്തിൽ "വ്യതിചലിച്ച്" എന്നതിനു പകരം "മാറി" എന്ന് ചേർക്കുക.

136. ദീർഘശീർഷകത്തിൽ "യൂണിവേഴ്സിറ്റി" എന്നതിനു പകരം "സർവ്വകലാശാല" എന്ന് ചേർക്കുക.

151. പീഠികയിൽ "നിലവിലുള്ള" എന്നതിന് ശേഷം "പരമ്പരാഗത" എന്ന് ചേർക്കുക.

154. പീഠികയിൽ "സമ്പ്രദായത്തിൽ നിന്നും വ്യതിചലിച്ച്"എന്നതിന് പകരം "സമ്പ്രദായത്തിന് പകരമായി" എന്നത് ചേർക്കുക.

175. പീഠികയിൽ "യൂണിവേഴ്സിറ്റി" എന്നതിന് പകരം"യൂണിവേഴ്സിറ്റി" എന്ന് ചേർക്കുക.

193. ഖണ്ഡം 1(1)-ൽ "2021 ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റ്" എന്നതിന് പകരം "2021 ലെ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി (കേരള) ആക്റ്റ്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

183. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിനു പകരം "ആവശ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

191. ഖണ്ഡം 1(1)-ൽ "യൂണിവേഴ്സിറ്റി ആക്റ്റ്" എന്നതിന് പകരം "സർവ്വകലാശാല നിയമം" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. ദീർഘശീർഷകത്തിൽ "സംസ്ഥാനത്ത്" എന്നതിനു മുമ്പായി "കേരള" എന്ന് ചേർക്കുക.

125. ദീർഘശീർഷകത്തിൽ "സാങ്കേതികശാസ്ത്ര" എന്നതിനു പകരം "ശാസ്ത്രസാങ്കേതിക" എന്ന് ചേർക്കുക.

161. പീഠികയിൽ "സാങ്കേതികശാസ്ത്ര" എന്നതിന് പകരം "ശാസ്ത്രസാങ്കേതിക" എന്ന് ചേർക്കുക.

185. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്നതിനു പകരം "ഇനിപ്പറയും" എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ "സംസ്ഥാനത്ത് നിലവിലുള്ള" എന്നതിനു പകരം "കേരള സംസ്ഥാനത്ത് നിലനിൽക്കുന്ന" എന്ന് ചേർക്കുക.

132. ദീർഘശീർഷകത്തിൽ "വിവിധ തലത്തിലുള്ള " എന്നത് നീക്കം ചെയ്യുക.

150. പീഠികയിൽ "നിലവിലുള്ള" എന്നതിന് പകരം "നില നിൽക്കുന്ന" എന്ന് ചേർക്കുക.

156. പീഠികയിൽ "വ്യതിചലിച്ച്" എന്നതിന് പകരം "വിഭിന്നമായി" എന്ന് ചേർക്കുക.

199. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിനു പകരം "കണക്കാക്കേണ്ടതാണ്" എന്ന് ചേർക്കുക.

200. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക: "(2) ഇത് നിയമസഭ പാസ്സാക്കി ഗവർണ്ണർ ഒപ്പിടുന്ന തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്."

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. ദീർഘശീർഷകത്തിൽ "വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും വ്യതിചലിച്ച്" എന്നതിനു പകരം "ഔപചാരിക വിദ്യാഭ്യാസ രീതിക്ക് സമാനമായ അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന" എന്ന് ചേർക്കുക.

131. ദീർഘശീർഷകത്തിൽ "എല്ലാ വൈജ്ഞാനിക മേഖലകളിലും" എന്നതിന് പകരം "വൈജ്ഞാനിക മേഖലകളിൽ" എന്ന് ചേർക്കുക.

152. പീഠികയിൽ "വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും വ്യതിചലിച്ച്" എന്നീ വാക്കുകൾക്ക് പകരം "ഔപചാരിക വിദ്യാഭ്യാസരീതിക്ക് സമാനമായ അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന" എന്നത് ചേർക്കുക.

165. പീഠികയിൽ "എല്ലാ വൈജ്ഞാനിക മേഖലകളിലും" എന്നതിന് പകരം "വൈജ്ഞാനിക മേഖലകളിൽ" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. ദീർഘശീർഷകത്തിൽ "നിന്നും വ്യതിചലിച്ച്" എന്നീ വാക്കുകൾ ഒഴിവാക്കുക.

155. പീഠികയിൽ "നിന്നും വ്യതിചലിച്ച്" എന്നത് ഒഴിവാക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

127. ദീർഘശീർഷകത്തിൽ "ആധുനിക സാങ്കേതികശാസ്ത്ര" എന്നതിനു പകരം "ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ" എന്ന് ചേർക്കുക.

141. ദീർഘശീർഷകത്തിൽ "ഏകാംഗീകരിക്കുന്നതിനും" എന്നത് ഒഴിവാക്കുക.

160. പീഠികയിൽ "സാങ്കേതികശാസ്ത്ര" എന്നതിന് പകരം "ശാസ്ത്ര സാങ്കേതിക വിദ്യാ" എന്ന് ചേർക്കുക.

176. പീഠികയിൽ "ഏകാംഗീകരിക്കുന്നതിനും" എന്നത് ഒഴിവാക്കുക.

181. പീഠികയിൽ "മറ്റു" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

135. ദീർഘശീർഷകത്തിൽ "യൂണിവേഴ്സിറ്റി" എന്നതിന് പകരം" യൂണിവേഴ്സിറ്റി" എന്ന് ചേർക്കുക.

164. പീഠികയിൽ "എല്ലാ" എന്നതിന് പകരം "സർവ്വ" എന്ന് ചേർക്കുക.

170. പീഠികയിൽ "പ്രദാനം" എന്നതിന് പകരം "കൈമാറ്റം"എന്ന് ചേർക്കുക.

80. പീഠികയിൽ "ആനുഷംഗികമായതോ" എന്നതിനു വാക്കിനു പകരം "അനുസൃതമായതോ" എന്ന് ചേർക്കുക.

190. ഖണ്ഡം 1(1)-ൽ "ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റ്" എന്നതിന് പകരം "ഓപ്പൺ സർവ്വകലാശാല" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

166. പീഠികയിൽ "വൈജ്ഞാനിക" എന്നതിന് ശേഷം "സാഹിത്യ" എന്ന് ചേർക്കുക.

167. പീഠികയിൽ "വിവിധ തലത്തിലുള്ള" എന്നതിന് പകരം "വിവിധ മേഖലയിലുള്ള" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

169. പീഠികയിൽ "വിദ്യാഭ്യാസത്തിലൂടെ" എന്നതിനു പകരം "വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ" എന്ന് ചേർക്കുക.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

184. തത്വപ്രഖ്യാപനവാക്യത്തിൽ "എഴുപത്തിയൊന്നാം" എന്നതിന് പകരം "എഴുപത്തിരണ്ടാം" എന്ന് ചേർക്കുക.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 118, 153, 195 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 116, 123, 136, 151, 154, 175, 193 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 183, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 110, 125, 161, 185 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 114, 132, 150, 156, 199, 200 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 117, 131, 152, 165 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 119, 155 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 127, 141, 160, 176, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 135, 164, 170, 180, 190 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 166, 167 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോൺ ഫെർണാണ്ടസ്)

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, പതിനാലാം കേരള നിയമസഭയുടെ അവസാന സമ്മേളനത്തിന്റെ അവസാനദിനമാണ് ഇന്ന്. പുരോഗമനപരവും വികസനോന്മുഖവുമായ ഭരണം കാഴ്ചവച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ സർക്കാരിന്റെ ഈ നിയമസഭയിലെ അവസാനത്തെ നിയമനിർമ്മാണത്തിനാണ് നാം സാക്ഷ്യംവഹിക്കുന്നത്. കേരളീയ സംസ്കാരത്തിന് സമഭാവനയുടെ അടിത്തറ പാകിയ സർവ്വമത സാഹോദര്യത്തിന്റെ പ്രകാശഗോപുരവും മാനവിക വീക്ഷണങ്ങളുടെ പ്രഭവ കേന്ദ്രവുമായ മഹാനായ ശ്രീനാരായണഗുരുവിന്റെ നാമത്തിനും തത്വചിന്തയ്ക്കും സമർപ്പിച്ച ഓപ്പൺ സർവ്വകലാശാലയുടെ നിയമനിർമ്മാണം നടക്കുന്ന ഈ സുദിനം മലയാള സാഹിത്യത്തിലെ ഗരിമയാർന്ന രചനാശൈലിയുടെ സുൽത്താനെന്ന് കാലം അടയാളപ്പെടുത്തിയ വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മദിന വാർഷികം കൂടിയാണ്. ആകസ്മികമാണെങ്കിലും അതിലൊരു ആത്മനിർവൃതിയുടെ രാസത്വരകമുണ്ട്. ബഷീറിന്റെ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' എന്ന പ്രസിദ്ധമായ കൃതിയിലെ വായനക്കാർ ഒരിക്കലും മറക്കാത്ത സന്ദർഭമാണ് ഈ ചരിത്രമുഹൂർത്തത്തിൽ എന്റെ സ്മൃതിപദങ്ങളിലേയ്ക്ക് കടന്നുവരുന്നത്.

'അന്നു രാത്രി അവൾ അത് ഓർത്തു: എന്തുകൊണ്ടവളെ വിദ്യാഭ്യാസം ചെയ്യിപ്പിച്ചില്ല! കിടക്കപ്പായിൽ കിടന്നുകൊണ്ട് ഇരുളിലൂടെ അവൾ ബാപ്പയോടു ചോദിച്ചു: "ന്താ ബാപ്പാ, .....ന്നെ.... എയിത്ത് പടിപ്പിക്കാഞ്ഞത്". ബാപ്പ ദീർഘ നിശ്വാസം മാത്രം ചെയ്തു. ഉമ്മ പറഞ്ഞു: "എയ്ത്ത് പടിപ്പിച്ച് നിന്നെ കാഫറാക്കാഞ്ഞത് എന്താന്നാണോ നീ ശോയിക്കണത്?"

മലയാള സാഹിത്യ നവോത്ഥാനത്തിന്റെ അപ്പോസ്തലനായ വൈക്കം മുഹമ്മദ് ബഷീർ, തന്റെ കഥാപാത്രങ്ങളിലൂടെ മുന്നോട്ടുവച്ച, പഠിക്കേണ്ട കാലത്ത് പഠിക്കാൻ അവസരം നിഷേധിക്കപ്പെട്ട പതിനായിരങ്ങൾക്ക് അറിവിന്റെ ഉറവ തേടി യഥേഷ്ടം വിഹരിക്കാനുള്ള വിജ്ഞാനത്തിന്റെ പ്രപഞ്ചമാണ്, അനൗപചാരിക വിദ്യാഭ്യാസത്തിന്റെ

എക്കാലത്തെയും പ്രതീകമായ ഗുരുദേവന്റെ പാദസ്പർശമേറ്റ് പുളകിതമായ മണ്ണിൽ എൽ.ഡി.എഫ്. സർക്കാർ ശ്രീനാരായണഗുരുവിന്റെ നാമധേയത്തിൽ യാഥാർത്ഥ്യമാക്കുന്നത്. എല്ലാ മതസമുദായ ജാതിവിഭാഗങ്ങളിലും തെറ്റിദ്ധാരണകൾ കൊണ്ടും അന്ധവിശ്വാസങ്ങൾകൊണ്ടും എഴുതാനും വായിക്കാനും അറിവിന്റെ ജാലകങ്ങൾ തുറക്കാനും അവസരം നിഷേധിക്കപ്പെട്ടവരുടെ രോദനങ്ങൾക്ക് അറുതിവരുത്തിയ ശ്രീനാരായണഗുരു എന്ന മഹാമനുഷിയെ ഓർമ്മിച്ചുകൊണ്ടല്ലാതെ പ്രഥമ ഓപ്പൺ സർവ്വകലാശാലയെക്കുറിച്ച് നമുക്ക് ഓർക്കാൻ കഴിയില്ല. പഠിക്കാൻ ആഗ്രഹിക്കുന്ന മുഴുവനാളുകൾക്കും അവർ ആഗ്രഹിക്കുന്നതെന്തോ അത് പഠിക്കാനുള്ള അവസരമാണ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലൂടെ നാം മുന്നോട്ടുവയ്ക്കുന്നത്. ഗുണപ്രദവും ഫലപ്രദവുമായ വിദൂര വിദ്യാഭ്യാസത്തിന്റെ അനന്തസാധ്യതയെ അതിന്റെ സമ്പൂർണ്ണതയിൽ പ്രയോജനപ്പെടുത്താനുള്ളതാണ് പുതിയ സർവ്വകലാശാല. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിർമ്മിക്കപ്പെടുന്നതിലൂടെ ഈ സർക്കാരിന് വ്യക്തമായ ഒരു ലക്ഷ്യബോധമുണ്ട്. കേവലമൊരു സർവ്വകലാശാലയാണെന്ന ധാരണയിൽ ഈ ഓപ്പൺ സർവ്വകലാശാലയെ ആരും ലഘൂകരിച്ച് കാണരുത്. ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെപ്പോലെതന്നെ അതിന്റെ മാർഗ്ഗങ്ങളും വ്യത്യസ്തമാകണമെന്ന് സർക്കാരിന് നിർബന്ധമുണ്ട്. വൈവിദ്ധ്യമാർന്ന അക്കാദമിക് പ്രോഗ്രാമുകളും പരിശീലന സാധ്യതകളും തീവ്രമായി ഉപയുക്തമാക്കുന്ന തലമാണ് ഇതിന്റെ പ്രാഥമിക ഘടന. അതിന്റെ ഉള്ളടക്കത്തിലുള്ള പ്രത്യേകതയാണ് ഈ സർവ്വകലാശാലയുടെ സവിശേഷത. വിദ്യാബോധന രീതിയിൽ പുതിയ സർവ്വകലാശാല സ്വീകരിക്കുന്ന സാധ്യതകളും അതിന്റെ രസതന്ത്രവും നാം ശ്രദ്ധിക്കണം. മാറ്റത്തിന്റെ അളവുകോൽ ഉപരിപ്ലവമായ സാദൃശ്യങ്ങളാകരുത്. വിശദാംശങ്ങളുടെ പരിസരത്തുവേണം വൈജാത്യങ്ങളുടെ രൂപഭാവങ്ങൾ വിലയിരുത്താൻ. ഗുണമേന്മയുള്ള സ്വയം പഠനസഹായികളുടെ നിർമ്മിതിയും വെർച്വൽ പഠനസാധ്യതകളും ഓപ്പൺ സർവ്വകലാശാലയെ നിലവിലുള്ള നമ്മുടെ വിദൂര വിദ്യാഭ്യാസ രീതികളിൽനിന്നും തീർത്തും വിഭിന്നമാക്കും. ഗുണനിലവാരം കുറഞ്ഞ സ്വയം പഠനസാമഗ്രികൾ നിർമ്മിക്കുന്ന കേന്ദ്രമായി ഈ സർവ്വകലാശാല മാറരുതെന്നുള്ള നിഷ്കർഷതയാണ് ഇതിന്റെ ദിശാബോധത്തെ നിർണ്ണയിച്ചിരിക്കുന്നത്. റെഗുലർ വിദ്യാഭ്യാസം സാധ്യമാകാത്ത ഒരു വലിയ ജനസഞ്ചയത്തിന് മേന്മയും മികവുറ്റതുമായ വിദ്യാഭ്യാസം ഉറപ്പു വരുത്തേണ്ടത് സാമൂഹ്യനീതിയാണെന്ന് ഉറച്ചുവിശ്വസിക്കുന്ന സർക്കാരാണ് കേരളം ഭരിക്കുന്നത്. ഈ സർവ്വകലാശാല അത്തരമൊരു ലക്ഷ്യത്തിനുവേണ്ടി ത്തന്നെയാണ് പിറവിയെടുക്കുന്നത്. ഈ സർവ്വകലാശാലയെ നമുക്ക് പരിചിതമായ വിദൂര പഠനരീതി ശാസ്ത്രത്തിൽനിന്നും വ്യത്യസ്തമാക്കുന്നതും അതുതന്നെയാണ്. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ സാധ്യതയും മേന്മയുള്ള സ്വയംപഠന സാമഗ്രികളും യോഗ്യരായ അക്കാദമിക് കൗൺസിലർമാരും ഒത്തുചേർന്ന അക്കാദമിക് അന്തരീക്ഷം എവിടെയും സ്വയംഭൂവാകില്ല. അതിന് വ്യക്തമായ മാർഗ്ഗരേഖകൾ

ആവശ്യമുണ്ട്, മികവാർന്ന പദ്ധതികൾ കൂട്ടുചേരേണ്ടതുണ്ട്. വ്യക്തമായ ദാർശനിക ചിന്ത അതിന് അനിവാര്യമാണുതാനും. ഓപ്പൺ സർവ്വകലാശാലയുടെ ഉല്പത്തിയിൽ എൽ.ഡി.എഫ്. സർക്കാർ സ്വപ്നം കാണുന്നതും മറ്റൊന്നല്ല. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയും നിഷ്കർഷിക്കുന്ന പരിസരത്ത് പുതിയ സർവ്വകലാശാല അതിന്റെ അക്കാദമിക് പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വിവിധ പ്രോഗ്രാമുകളുടെ സിലബസ് നിർമ്മാണവും പഠനസാമഗ്രികൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങളും വളരെ കരുതലോടെയും സൂക്ഷ്മതയോടെയുമാണ് നടന്നുവരുന്നത്. വെട്ടിയൊട്ടിക്കപ്പെടുന്ന പഠന പുസ്തകങ്ങളും പാഠ്യപദ്ധതികളും വിദൂരവിദ്യാഭ്യാസ രംഗത്ത് സർവ്വസാധാരണമാണിന്ന്. പക്ഷെ ഈ സർവ്വകലാശാല ആ ഗണത്തിൽ ഉൾപ്പെടരുതെന്ന് സർക്കാർ നിശ്ചയമായും ആഗ്രഹിക്കുന്നു. സർവ്വകലാശാല അധികൃതർ ബദ്ധശ്രദ്ധരായി ഇത് നടപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരുമാണ്. ബ്രിട്ടനിൽ ആരംഭിച്ച ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി അതിന്റെ പാത പിന്തുടർന്നുണ്ടായ മികവിന്റെ പര്യായമായ ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി, ലോകോത്തര സർവ്വകലാശാലകളിൽ അടുത്തിടെയുണ്ടായ Blended format-ന്റെ ബോധന രീതിശാസ്ത്രം ഇവയെല്ലാം ചേർന്നൊരുക്കുന്ന ദിശാസൂചികകളാകും ശ്രീനാരായണഗുരു സർവ്വകലാശാലയുടെ മാതൃക. ഇവിടെയാണ് നമ്മുടെ ഓപ്പൺ സർവ്വകലാശാലയുടെ ജനനം യുക്തിഭദ്രവും അനിവാര്യവുമാകുന്നത്. ഓപ്പൺ യൂണി വേഴ്സിറ്റിയുടെ കവാടങ്ങൾ തുറക്കേണ്ടത് രണ്ടാംതരം വിദ്യാഭ്യാസ പ്രക്രിയയ്ക്കല്ലെന്ന് ഉറപ്പുവരുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിദൂര വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിവരുന്ന പരമ്പരാഗത കോഴ്സുകൾ നവീനമായ ചട്ടക്കൂട്ടിൽ ആരംഭിക്കാനുള്ള പണിപ്പുരയിലാണ് നാം. പഠിതാക്കൾക്ക് പ്രോഗ്രാമുകൾ തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകാനും ഓപ്പൺ യൂണിവേഴ്സിറ്റി ഉദ്ദേശിക്കുന്നു. ഉദാഹരണത്തിന്, ഇംഗ്ലീഷ് ഐച്ഛിക വിഷയമായെടുക്കുന്ന വിദ്യാർത്ഥിക്ക് അതോടൊപ്പംതന്നെ ജേർണലിസം മറ്റൊരു ഐച്ഛിക വിഷയമായെടുക്കാൻ യൂണിവേഴ്സിറ്റി അവസരമൊരുക്കും. ഇത് ജോലിസാധ്യത വർദ്ധിപ്പിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ആദ്യമായി സയൻസ് വിഷയങ്ങൾ വിദൂര വിദ്യാഭ്യാസത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന ഉജ്ജ്വലമായ തീരുമാനവും ഈ സർവ്വകലാശാല നടപ്പിലാക്കാൻ പോകുകയാണ്. സയൻസ് വിഷയങ്ങൾ പഠിപ്പിക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് സർവ്വകലാശാലയ്ക്ക് ബോധ്യമുണ്ട്. പരീക്ഷണശാലകളിലെ പഠനാനുഭവങ്ങൾ വിദൂര വിദ്യാഭ്യാസത്തിൽ ആർക്കും നിഷേധിച്ചുകൂടാ. അതിനുവേണ്ടിയാണ് കേരളത്തിലെ അഫിലിയേറ്റഡ് കോളേജുകളുമായി ധാരണാപത്രമുണ്ടാക്കാൻ ഓപ്പൺ സർവ്വകലാശാല പദ്ധതിയിടുന്നത്. അഫിലിയേറ്റഡ് കോളേജുകളുടെ ശനിയും ഞായറും അവിടത്തെ മികവുറ്റ പരീക്ഷണശാലകളും മിടുക്കരായ അദ്ധ്യാപകരും പുതിയ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കുകൂടി പ്രാപ്യമാകുന്ന സാഹചര്യമൊരുക്കുന്ന ആലോചനയിലാണ് സർവ്വകലാശാല. കോളേജുകളുടെ ഒഴിവുദിനങ്ങളും ഉപയോഗപ്പെടുത്തും. വിദ്യാഭ്യാസ

രംഗത്ത് സഹവർത്തിത്വത്തിന് പുതിയ ഭാഷ്യം രചിക്കാൻ ഓപ്പൺ സർവ്വകലാശാല കാരണമാകും. കോഴ്സുകളിലെ വൈവിദ്ധ്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും സർവ്വകലാശാല ഉദ്ദേശിക്കുന്നു. നൈപുണ്യാധിഷ്ഠിതമായ കോഴ്സുകൾ, ജോലിസാധ്യത ഏറെയുള്ള ആധുനിക അക്കാദമിക് സങ്കേതങ്ങൾ, പരിശീലനാധിഷ്ഠിതമായ പ്രോഗ്രാമുകൾ ഇവയൊക്കെ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രധാന പരിഗണനകളിൽ ഇടംപിടിച്ചിട്ടുണ്ട്. വിദൂര വിദ്യാഭ്യാസ നിയമങ്ങൾക്കുവിധേയമായി സർട്ടിഫിക്കറ്റ് കോഴ്സുകളും ഡിപ്ലോമാ കോഴ്സുകളും ആരംഭിക്കാനും യൂണിവേഴ്സിറ്റിക്ക് പദ്ധതിയുണ്ട്. നൂതന മേഖലകളിലേയ്ക്കുള്ള ഓരോ ചുവടുവയ്പും മനുഷ്യവിഭവശേഷിയുടെ ശാക്തീക രണത്തിനായിരിക്കണമെന്ന നിർബന്ധം വളരെ പ്രധാനമാണ്. കേരളത്തിലെ പ്രമുഖ സ്ഥാപനമായ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് സേഫ്റ്റി മാനേജ്മെന്റിൽ ഒരു കോഴ്സ് വിദൂര വിദ്യാഭ്യാസ രീതിയിൽ നടപ്പിലാ ക്കാനുള്ള ആലോചന ഗൗരവമായി നടന്നുവരികയാണ്. ശ്രീനാരായണഗുരുവര്യന്റെ താത്വിക ചിന്തകളുടെ സൗരഭ്യം ഈ സർവ്വകലാശാലയുടെ പ്രവർത്തന പന്ഥാവിനെ പ്രകാശപൂരിതമാക്കുമെന്ന് ഉറപ്പാണ്. ശ്രീനാരായണഗുരു മാനവികതയെ പ്രണയിച്ച ലോക ഗുരുവാണ്. മനുഷ്യചരിത്രത്തിന് ആമുഖമെഴുതിയ വൈദേശിക ചിന്തക ന്മാരേക്കാൾ തീവ്രമായ മാനവിക താത്വിക പരിസരമാണ് ശ്രീനാരായണ ഗുരുവിന്റേത്. ഓപ്പൺ സർവ്വകലാശാല ആശ്ലേഷിക്കുന്നത് ഗുരുചിന്തയുടെ വിശ്വ പ്രസക്തിയെയാണ്. അതുകൊണ്ടുതന്നെയാണ് ഈ സർവ്വകലാശാലയിൽ പഠനം പൂർത്തിയാക്കുന്ന ഓരോ വിദ്യാർത്ഥിയും മാനവികതയും തർക്കശാസ്ത്രവും പഠിക്കാൻ നിർബന്ധിതരാകുന്നത്. ഗുരുചിന്തയുടെ കാലിക പ്രസക്തി ബോദ്ധ്യം വന്ന ഒരു സാമൂഹിക ചുറ്റുപാടിൽ ഈ കാൽവയ്പ് അഭിനന്ദനാർഹമല്ലേ? മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുകയും അപരന്റെ വാക്കുകൾ സംഗീതംപോലെ ആസ്വദിക്കുകയും ചെയ്യണമെന്ന് നമ്മളോട് ഉരുവിട്ടുകൊണ്ടിരിക്കുന്ന തത്വചിന്തയ്ക്ക് നിദാനമാകേണ്ട വിദ്യാഭ്യാസശീലങ്ങളാണ് പുതിയ സർവ്വകലാശാലയുടെ മുഖമുദ്രയാകുന്നത്. ഗുരുവി നോടുള്ള പ്രണാമത്തിന്റെ ഏറ്റവും കാല്പനിക രൂപവും ഇതുതന്നെയാണെന്ന് എൽ.ഡി.എഫ്. സർക്കാർ കരുതുന്നു. തികഞ്ഞ അഭിമാനബോധത്തോടെ അതിലേറെ സന്തോഷത്തോടെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്ന് ഈ സഭയോട് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പതിനാലാം കേരള നിയമസഭാ സമ്മേളനത്തിന്റെ അവസാനദിനമാണ് ഇന്ന്. ഈ സഭാ സമ്മേളന ത്തിൽത്തന്നെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പാസ്സാക്കാനുള്ള തീരുമാനം ബിസിനസ്സ് അഡ്വൈസറി യോഗത്തിൽ വന്ന സന്ദർഭത്തിൽ, അസാധാരണമായ നിലയിലാണ് നാം വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം ഇത് പാസ്സാക്കാൻ

തീരുമാനിച്ചത്. ഇന്ന് ഈ ബിൽ നിയമസഭ പാസ്സാക്കുന്നതോടുകൂടി നിയമമാകുകയാണ്. കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിന് ഏറ്റവും വലിയ സംഭാവന നൽകിയ ശ്രീനാരായണഗുരുദേവനെ അനുസ്മരിക്കേണ്ട ഒരവസരം കൂടിയാണിത്. അനീതിക്കെതിരെയും സാമൂഹിക ഉച്ചനീചത്വങ്ങൾക്കെതിരെയും പോരാടിയ, മനുഷ്യസമൂഹത്തെ ഉന്നതമായ തലങ്ങളിലേയ്ക്കെത്തിക്കാൻവേണ്ടി ജീവിതം മുഴുവൻ മാറ്റിവച്ച ലോക മഹാഗുരുവായ ശ്രീനാരായണഗുരുദേവന്റെ നാമധേയത്തിൽ കേരളത്തിൽ ഇങ്ങനെയൊരു യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ കഴിയുന്നത് നല്ല കാര്യമാണ്. വിദ്യകൊണ്ട് പ്രബുദ്ധരാകാൻ നമ്മെ ആഹ്വാനം ചെയ്ത ഗുരു, മാനവിക ദർശനത്തിന്റെ ഉദാത്തഭാവനകളെ ജനസമൂഹത്തിനുമുന്നിൽ അവതരിപ്പിച്ച മഹാനാണ് ശ്രീനാരായണഗുരു.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ സമാപന പ്രസംഗത്തിൽ അവസരം കിട്ടാത്തതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അവസരം ചോദിച്ചുവാങ്ങുകയാണ്. ഈ ഓപ്പൺ യൂണിവേഴ്സിറ്റി കൊണ്ടുവന്ന സാഹചര്യത്തെ സ്വാഗതം ചെയ്യേണ്ടതാണ്. എന്നാൽ ഈ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ലോഗോ വളരെ കോൺട്രവേഴ്സ്യലാകുകയും അതോടൊപ്പം യൂണിവേഴ്സിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട കോൺട്രവേഴ്സികളൊക്കെത്തന്നെ ഇവിടെ വന്നിട്ടുമുണ്ട്. എന്റെ അഭിപ്രായത്തിൽ 'വിദ്യകൊണ്ട് പ്രബുദ്ധരാകുവിൻ' എന്ന വാചകത്തോടെ ശ്രീനാരായണഗുരുദേവന്റെ ചിത്രമുള്ള ഒരു ലോഗോയാണ് യഥാർത്ഥത്തിൽ ഓപ്പൺ യൂണിവേഴ്സിറ്റി ഉൾക്കൊള്ളേണ്ടത്. ഞാൻ ഇത് പറയാൻ ഒരു കാര്യമുണ്ട്. 2009 മുതൽ 2014 വരെ പാർലമെന്റിൽ അംഗമാകാൻ കഴിഞ്ഞപ്പോൾ ശ്രീനാരായണഗുരുദേവന്റെ മുഴുവൻ കൃതികളും ഇന്ത്യയിലെ എല്ലാ ഭാഷകളിലേയ്ക്കും മൊഴിമാറ്റം നടത്താൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ മുന്നിൽ ഒരു സബ്മിഷൻ ഉന്നയിച്ചതിനെത്തുടർന്ന് അദ്ദേഹം കേന്ദ്ര സാഹിത്യ അക്കാദമിയെക്കൊണ്ട് അത് ചെയ്യിപ്പിക്കുകയും ഇന്ന് പന്ത്രണ്ട് ഭാഷകളിൽ ആ പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തുവെന്നത് അഭിമാനത്തോടെയാണ് ഞാൻ പറയുന്നത്. ഈ ലോഗോ അടിയന്തരമായി പുനഃപരിശോധിക്കണമെന്ന ആവശ്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ലോഗോയുമായി ബന്ധപ്പെട്ട് വിവാദമുണ്ടായ സാഹചര്യത്തിൽ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനായും കലാമണ്ഡലം യൂണിവേഴ്സിറ്റി വൈസ് ചാൻസലറും ഫൈൻ ആർട്സ് കോളേജ് പ്രിൻസിപ്പാളും അംഗങ്ങളുമായ ഒരു കമ്മിറ്റിയെ അത് പരിശോധിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി തന്നെ നിയോഗിച്ചിട്ടുണ്ട്. അവരുടെ അഭിപ്രായമനുസരിച്ച് അക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, വിശ്വമാനവികതയുടെ ഉദാത്തഭാവങ്ങളെ മനുഷ്യസമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കാനും മനുഷ്യസമൂഹത്തെ മുന്നോട്ടുനയിക്കാനും കഴിഞ്ഞ മഹാഗുരുവാണ് ശ്രീനാരായണഗുരു. സാധാരണയുള്ള താപസന്മാരെപ്പോലെ ഗുഹയിലിരുന്നുകൊണ്ടുള്ള ധ്യാനമായിരുന്നില്ല അദ്ദേഹത്തിന്റേത്. മനുഷ്യ സമൂഹത്തോടൊപ്പം ഇടപഴകിക്കൊണ്ട്, ഭൗതികതയെയും അദ്ധ്യാത്മികതയെയും യോജിപ്പിച്ചുകൊണ്ട് നടത്തിയ മഹാവിപ്ലവത്തിന്റെ മുന്നേറ്റമാണ് ഇന്നും കേരളത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. ആ ഗുരുദേവന്റെ പേരിൽ ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കുമ്പോൾ അതിന് ഉന്നതമായ നിലവാരമുണ്ടാകണം. അതിൽ അനാവശ്യമായുണ്ടാകുന്ന വിവാദങ്ങൾ ഒഴിവാക്കണം. ഇതുമായി ബന്ധപ്പെട്ട ഒരു വിവാദത്തിലേയ്ക്കും ഞാൻ കടക്കുന്നില്ല. ശ്രീ. പി. ടി. തോമസ് ചൂണ്ടിക്കാണിച്ചതുപോലെയുള്ള തർക്കങ്ങൾ മാധ്യമങ്ങളിലൂടെ പുറത്തുവരുന്നുണ്ട്. തീർച്ചയായും, ഗുരുവിന്റെ പേരിലുള്ള ഒരു ഓപ്പൺ യൂണിവേഴ്സിറ്റിയാകുമ്പോൾ കുറേക്കൂടി അവധാനത അക്കാര്യത്തിൽ കാണിക്കേണ്ടതായിരുന്നു, ഇനിയും കാണിക്കാവുന്നതാണെന്നാണ് എന്റെ അഭിപ്രായം. ലോകത്തിലെ ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി സന്ദർശിക്കാൻ അവസരം കിട്ടിയ ഒരാളാണ് ഞാൻ. ഒരു പാർലമെന്ററി ഡെലിഗേഷനുമായി ബന്ധപ്പെട്ട് ലണ്ടനിൽ പോയപ്പോൾ ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി സന്ദർശിക്കാൻ അവസരം കിട്ടി. ഇന്ന് ലോകത്തിന്റെ എല്ലാ ഭാഗത്തും ഓപ്പൺ യൂണിവേഴ്സിറ്റികളുണ്ട്. ആധുനിക വിഷയങ്ങൾ പഠിപ്പിക്കാനും ഡിസ്റ്റൻസ് എഡ്യൂക്കേഷന്റെ പുതിയ സാധ്യതകൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാനും കഴിയുന്ന രീതികൾ നമുക്ക് സ്വായത്തമാക്കേണ്ടതുണ്ട്. ഇവിടെ സയൻസ് വിഷയങ്ങൾകൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചത് നന്നായി. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും മെഷീൻ ലേണിംഗിന്റെയും ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പുതിയ സാധ്യതകളും വെല്ലുവിളികളുമെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളമെന്ന ഈ കൊച്ചുസംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് വിദൂരവിദ്യാഭ്യാസം സാധ്യമാകത്തക്ക നിലയിൽ ഇതിനെ കുറേക്കൂടി ഭാവനാപൂർണ്ണമായ നിലയിൽ വികസിപ്പിച്ചെടുക്കാൻ വരുംനാളുകളിൽ നമുക്ക് കഴിയണം. ഇത് തുടക്കമാണ്, ഞാൻ സമ്മതിക്കുന്നു. ഇന്ന് ലോകത്തെമ്പാടുമുള്ള ഓപ്പൺ യൂണിവേഴ്സിറ്റികളുടെ സാധ്യതകൾ അനന്തമായി മാറുന്നു. ഇപ്പോൾത്തന്നെ ഏകദേശം രണ്ട് ലക്ഷത്തോളം ആളുകളാണ് കേരളത്തിൽ മൂന്ന് യൂണിവേഴ്സിറ്റികളിലായി ഡിസ്റ്റൻസ് എഡ്യുക്കേഷൻവഴി രജിസ്റ്റർ ചെയ്ത് പഠിക്കുന്നത്. പക്ഷെ അവർക്ക് പല പരിമിതികളുമുണ്ട്, അതുകൂടി കണക്കിലെടുത്തുകൊണ്ടാണല്ലോ ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കാനുള്ള തീരുമാനമെടുത്തത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. തീർച്ചയായും ഈ യൂണിവേഴ്സിറ്റിയെ വരും കാലഘട്ടങ്ങളിൽ, ഭാവിതലമുറയ്ക്ക് വലിയ പ്രയോജനം ലഭിക്കത്തക്കനിലയിൽ ഇതിനെ രൂപപ്പെടുത്തിയെടുക്കേണ്ടത് അനിവാര്യമാണ്. ശ്രീനാരായണഗുരുദേവ തത്വങ്ങളും ആശയങ്ങളും കൂടുതൽ പ്രചരിപ്പിക്കാൻ എങ്ങനെ

കഴിയുമെന്ന് ആലോചിക്കണം. ഇന്ന് വിദേശ യൂണിവേഴ്സിറ്റികളിൽപ്പോലും ശ്രീനാരായണഗുരുദേവ തത്വങ്ങളെപ്പറ്റിയുള്ള റിസർച്ചുകൾ നടക്കുന്നുണ്ട്. ഇവിടെ നമ്മൾ മനസ്സിലാക്കുന്നതിനെക്കാൾ കൂടുതൽ ലോകത്തെമ്പാടും പഠനത്തിനും റിസർച്ചിനുംവേണ്ടി ഇത് ഉപയോഗിക്കപ്പെടുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാൻ കഴിയത്തക്കനിലയിൽ ഇതിന്റെ പ്രവർത്തനം വിപുലപ്പെടുത്താനും ക്വാളിറ്റേറ്റീവായി ഇതിന്റെ പ്രവർത്തനം അപ്ഗ്രേഡ് ചെയ്യാനുമുള്ള പദ്ധതി ഇവിടെയുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്. ശ്രീനാരായണഗുരുദേവന് നമുക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ ട്രിബ്യൂട്ടായി ഇത് മാറട്ടെ എന്നുമാത്രം പറഞ്ഞുകൊണ്ട് ഇത് നമുക്ക് ഏകകണ്ഠമായി പാസ്സാക്കാമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ നിയമസഭയുടെ ചരിത്രത്തിലെ സുപ്രധാനമായ മുഹൂർത്തങ്ങളിലൊന്നാണിത്. കേരളത്തിന്റെ സാമൂഹിക ചരിത്രത്തെ പുരോഗമനോന്മുഖവും മനുഷ്യോചിതവുമായ നിലയിൽ വഴിതിരിച്ചുവിട്ട ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിൽ ഓപ്പൺ സർവ്വകലാശാല രൂപീകരിക്കുന്ന ബില്ലാണ് നാം ഇപ്പോൾ പാസ്സാക്കാനിരിക്കുന്നത്. അതിന്റെ അവസാന നടപടിക്രമത്തിലാണ് നാം നിൽക്കുന്നത്. നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ഭേദഗതികളും ഇവിടെനിന്ന് സഭാംഗങ്ങൾ ഉന്നയിച്ച ഭേദഗതികളുമെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമ്പൂർണ്ണ ബിൽ രൂപംകൊണ്ടിരിക്കുന്നു. ശ്രീനാരായണഗുരുവിന്റെ സ്മരണ ഉയർത്തുന്ന കാര്യങ്ങൾ ചർച്ചചെയ്യാൻ കഴിയുന്നത് ഈ സഭയ്ക്ക് അഭിമാനം പകരുന്ന കാര്യമാണ്. ഭേദചിന്തകൾക്കും വേർതിരിവുകൾക്കും അതീതമായ ഒരു പരിപ്രേക്ഷ്യം മുന്നോട്ടുവച്ച യുഗപ്രഭാവനാണ് ശ്രീനാരായണഗുരു. ഒരുവിധ വിവേചനവുമില്ലാത്ത ജനങ്ങളുടെ കൂട്ടായ്മയാണ് ജനാധിപത്യം. അത്തരത്തിലുള്ള ജനാധിപത്യ വ്യവസ്ഥിതി നമ്മുടെ നാട്ടിലുണ്ടാകുന്നതിന് വഴിമരുന്നിട്ട ചിന്തകളും കാഴ്ചപ്പാടുകളുമാണ് ഗുരുവിൽനിന്ന് പ്രസരിച്ചത്. ഇവിടെ ഒരുകാലത്ത് രാജാധിപത്യമായിരുന്നു നിലനിന്നിരുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. പിന്നീട് പരിമിതമായ ജനപ്രാതിനിധ്യം ഉപദേശക സ്വഭാവത്തിലുള്ള ഒരു രാജ്യാധിപത്യ വ്യവസ്ഥയ്ക്ക് അനുബന്ധമായി ഇവിടെയുണ്ടായി. ഉപദേശാധികാരം മാത്രമുണ്ടായിരുന്ന ആ വ്യവസ്ഥയിൽ സഭകളിൽ ജനങ്ങൾക്ക് പ്രാതിനിധ്യമുണ്ടായിരുന്നെങ്കിലും നിരുപാധികമായ പ്രാതിനിധ്യമായിരുന്നില്ല, സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിലുള്ള പ്രാതിനിധ്യമായിരുന്നു. അതായത്, ഭൂമിയും സമ്പത്തുമുള്ളവർ കരമടയ്ക്കണം. ആ കരമടയ്ക്കൽ ശേഷിക്കനുസൃതമായിമാത്രം വോട്ടവകാശവും സമിതികളിൽ പ്രാതിനിധ്യവും. ശ്രീമൂലം പ്രജാസഭയിലടക്കം അതായിരുന്നു സ്ഥിതി. പിന്നീടാണ് പ്രായപൂർത്തി വോട്ടവകാശം നിലവിൽവന്നത്. സമ്പത്ത് മാനദണ്ഡമാകാത്തവിധം പ്രായപൂർത്തി

വോട്ടവകാശം, തെരഞ്ഞെടുക്കപ്പെടാനുള്ള അവകാശം എന്നിവ നിലവിൽവന്നു. അങ്ങനെ ഇന്നത്തെ നിർവ്വചനപ്രകാരമുള്ള ജനാധിപത്യം നിലവിൽവന്നു. ഭൂപരിഷ്കരണം, തൊഴിലാളിക്ഷേമം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം തുടങ്ങിയ നിരവധി മേഖലകളിൽ നിയമനിർമ്മാണം നടത്തിക്കൊണ്ട് ജാതീയമായ ഉച്ചനീചത്വങ്ങളെയില്ലാതാക്കാൻ ശ്രമിച്ച പാരമ്പര്യം നമ്മുടെ നിയമസഭയ്ക്കുണ്ട്. അങ്ങനെ നോക്കുമ്പോൾ കേരളമാകെയും, ഈ നിയമസഭ പ്രത്യേകിച്ചും ശ്രീനാരായണ സന്ദേശങ്ങളോട് കടപ്പെട്ടിരിക്കുന്നു. ആ കടപ്പാട് മനസ്സിൽവച്ചുകൊണ്ടാണ് ശ്രീനാരായണഗുരുവിന്റെ നാമധേയവുമായി ബന്ധപ്പെട്ട ഏത് വിഷയം ചർച്ചയ്ക്കെടുക്കുന്നതും ഈ നിയമസഭയ്ക്ക് അഭിമാനകര മാണെന്ന് തുടക്കത്തിലേ പറഞ്ഞത്. ഏതായാലും കേരളത്തിലെ സമൂഹമനസ്സിൽ ആ വിധത്തിൽ അഭിമാനം വർദ്ധിപ്പിക്കുന്നതിനുള്ള ചില കാര്യങ്ങൾ ചെയ്യാൻ ഇവിടെ കഴിഞ്ഞുവെന്ന സന്തോഷം സഭയുമായി പങ്കുവയ്ക്കട്ടെ. 'നമുക്ക് ജാതിയില്ല' എന്ന ഗുരുവിന്റെ വിളംബര വാർഷികം, ഗുരുവിന്റെ മതനിരപേക്ഷ പ്രാർത്ഥനയായ ദൈവദശകത്തിന്റെ വാർഷികം തുടങ്ങിയവയുടെ സൂക്ഷ്മ സാരാംശങ്ങൾ ജനങ്ങളി ലെത്തിക്കുംവിധം സർക്കാർ തലത്തിൽത്തന്നെ ആഘോഷിക്കാൻ കഴിഞ്ഞു വെന്നത് അഭിമാനിക്കാൻ വകനൽകുന്ന നടപടികളുടെ പരമ്പരയിലെ ശ്രദ്ധേയമായ കണ്ണികളാണ്. അതുപോലെ, സർക്കാർ ഔദ്യോഗികമായി ഗുരുവിന്റെ ഒരു പ്രതിമ കേരളത്തിൽ എവിടെയും സ്ഥാപിച്ചിരുന്നില്ല. മഹാരഥന്മാരുടെ പ്രതിമയുണ്ടാകുമ്പോൾ അതിലൂടെ പുതുതലമുറ അവരെയും അവരുടെ സന്ദേശങ്ങളെയും കൂടുതലായി അറിയും. ഈ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന ചിന്തയോടെയാണ് സർക്കാർ ഗുരുവിന്റെ പ്രതിമ സ്ഥാപിച്ചത്.

ഗുരു കൊളുത്തിവച്ചത് അറിവിന്റെ കെടാവിളക്കുകളാണ്. വിഗ്രഹ പ്രതിഷ്ഠ യിൽനിന്ന് അക്ഷര പ്രതിഷ്ഠയിലേയ്ക്ക് മാറിയ ഗുരുവര്യനാണ് ശ്രീനാരായണഗുരു. അറിയാനും അറിയിക്കാനും അദ്ദേഹം പ്രാധാന്യം കൊടുത്തു. അങ്ങനെയുള്ള ഗുരു ശ്രേഷ്ഠന്റെ പേരിൽ ഒരു സർവ്വകലാശാല കേരളത്തിലുണ്ടായിരുന്നില്ല. ആ പോരായ്മ പരിഹരിച്ചുകൊണ്ടാണ് കൊല്ലം ആസ്ഥാനമായിത്തന്നെ ശ്രീനാരായണഗുരുവിന്റെ നാമധേയത്തിൽ ഓപ്പൺ സർവ്വകലാശാല സ്ഥാപിച്ചത്. പള്ളിക്കൂടം കമ്പോള സ്ഥലമായി മാറിയിരുന്ന സാഹചര്യത്തിന് മാറ്റം വരുത്തുകയാണ് ഈ സർക്കാർ ചെയ്തത്. ആറരലക്ഷത്തിൽപ്പരം കുട്ടികൾ പുതുതായി സർക്കാർ സ്കൂളുകളിലേയ്ക്ക് കടന്നുവന്നതും അമ്പതിനായിരത്തിലേറെ ഹൈടെക് ക്ലാസ് മുറികൾ പൊതുവിദ്യാലയ ങ്ങളിൽ സജ്ജീകരിച്ചതുമൊക്കെ ഗുരുവിന്റെ വിദ്യാഭ്യാസ ചിന്തകളിൽനിന്നുകൂടി പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് നടത്തിയ പരിഷ്കാരങ്ങളാണ്. അതിന്റെ തുടർച്ച യായിവേണം ഈ ഓപ്പൺ യൂണിവേഴ്സിറ്റിയെ കാണാൻ. നമ്മുടെ സമ്പദ്‌വ്യവ സ്ഥയുടെ അടിസ്ഥാനങ്ങളായ കൃഷി, വ്യവസായം, കൈത്തൊഴിൽ, സാങ്കേതിക

ജ്ഞാനം എന്നിവയ്ക്ക് പ്രാമുഖ്യം നൽകുന്ന വിദ്യാഭ്യാസ രീതിക്കല്ലാതെ ഇനിയുള്ള കാലം നമ്മുടെ സമൂഹത്തെ മുന്നോട്ടുനയിക്കാനാവില്ല. ഈ അടിസ്ഥാനതലങ്ങളെ സ്പർശിക്കാതെ ഒരു വിദ്യാഭ്യാസ പദ്ധതിക്കും വിജയിക്കാനുമാവില്ല. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ് പരമ്പരാഗത തൊഴിലുകളെ പുനരുജ്ജീവിപ്പിച്ചും ആധുനികമായ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ ഏർപ്പെടുത്തിയും സർക്കാർ മുന്നോട്ടുപോകുന്നത്. അതിനനുസരിച്ചുള്ള നവീകരണങ്ങൾ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാലാനുസൃതമാം വിധം ഏർപ്പെടുത്തുമെന്നാണ് ഈ ഘട്ടത്തിൽ അറിയിക്കാനുള്ളത്. ആഗ്രഹിക്കുന്ന ആർക്കും അറിവ് എളുപ്പത്തിൽ കരഗതമാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനുള്ള അവസരമൊരുക്കുന്ന ഒരു സാധ്യതയിൽനിന്നും സർക്കാർ മുഖം തിരിഞ്ഞ് നിൽക്കില്ല. അതിനുദാഹരണമാണ് ഗുരുവിന്റെ നാമധേയത്തിലുള്ള ഈ യൂണിവേഴ്സിറ്റി. ഏറെക്കാലമായുള്ള കേരളത്തിന്റെ ആഗ്രഹമായിരുന്ന ഇന്ദിരാ ഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയുടെ മാതൃകയിൽ ഇവിടെ ഒരു സ്ഥാപനം വേണമെന്നുള്ളത്. ആ സ്വപ്നം ഈ സർക്കാർ യാഥാർത്ഥ്യമാക്കിയിരിക്കുകയാണ്.

ആധുനിക സാങ്കേതിക ശാസ്ത്ര സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ എല്ലാ വൈജ്ഞാനിക മേഖലകളിലും സർവ്വവിഭാഗം ജനങ്ങൾക്കും ഉന്നതവിദ്യാഭ്യാസ യോഗ്യതയും നൈപുണ്യവും പ്രദാനം ചെയ്യാനാണ് ഓപ്പൺ സർവ്വകലാശാലയിലൂടെ ഉദ്ദേശിക്കുന്നത്. ഉപരിപഠനം കഴിവും യോഗ്യതയും ആഗ്രഹവുമുള്ള മുഴുവനാളുകൾക്കും പ്രാപ്യമാക്കാനുള്ള സംവിധാനമാണിത്. ഏത് പ്രായക്കാർക്കും ഏത് അറിവും ഇവിടെ നേടിയെടുക്കാനാകും. ഓപ്പൺ സർവ്വകലാശാല നടത്തുന്ന പഠന കോഴ്സുകൾ ഓൺലൈനായും കോൺടാക്ട് ക്ലാസ്സുകളിലൂടെയും പഠനസാമഗ്രികൾ വിതരണം ചെയ്തുമാണ് നടത്തുക. സർവ്വകലാശാലയുടെ ആസ്ഥാനത്തും സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിലെ റീജിയണൽ കേന്ദ്രങ്ങളിലുള്ള പഠന കേന്ദ്രങ്ങളിലൂടെയും പഠനകാര്യങ്ങളിൽ ബോധനവും അദ്ധ്യാപനവും പരിശീലനവും നൽകാൻ സൗകര്യമുള്ള മറ്റിടങ്ങൾ തുടങ്ങിയവയിലൂടെയുമാണ് സർവ്വകലാശാലയുടെ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നത്. മറ്റ് സർവ്വകലാശാലകളിൽനിന്നുള്ള വ്യത്യസ്തത ഈ ഓപ്പൺ സർവ്വകലാശാലയ്ക്ക് ഒരു 'സൈബർ കൗൺസിൽ' ഉള്ളതാണ്. വിദൂര-വിദ്യാഭ്യാസ മാതൃകയിലുള്ള പഠനവും ബോധനവും പരീക്ഷയും മൂല്യനിർണ്ണയവും കോഴ്സും പൂർത്തിയാക്കുകയോ വിജയിക്കുകയോ ചെയ്താൽ തദനുസൃതമായ അംഗീകാരങ്ങൾ ഓൺലൈനായാണ് കൊടുക്കുന്നത്. മറ്റ് സർവ്വകലാശാലകളിൽനിന്ന് വ്യത്യസ്തമായി ഓപ്പൺ സർവ്വകലാശാലകളിൽ പഠന സ്കൂൾ സ്ഥാപിക്കുന്നു. ഒരുപരിധിവരെ മറ്റ് സർവ്വകലാശാലാ ഡിപ്പാർട്ടുമെന്റുകൾക്ക്

സമാനമാണിത്. കാലാകാലങ്ങളിൽ ആവശ്യമായ പഠന കോഴ്സുകൾ തയ്യാറാക്കുന്നതും അതുമായി ബന്ധപ്പെട്ട എല്ലാ അക്കാദമിക് കാര്യങ്ങളും ചെയ്യുന്നതും ഈ സ്കൂളുകളാണ്. ഓപ്പൺ സർവ്വകലാശാല നൽകുന്ന സർട്ടിഫിക്കറ്റുകൾ, ഡിപ്ലോമകൾ, ബിരുദങ്ങൾ, ബിരുദാനന്തര ബിരുദങ്ങൾ, ഗവേഷണ ബിരുദങ്ങൾ, മറ്റ് അക്കാദമിക് ബഹുമതികൾ തുടങ്ങിയവയെല്ലാം റെഗുലർ സമ്പ്രദായത്തിന് തുല്യമാണ്. ലോകത്തിനാവശ്യമുള്ള ഉത്തമ പൗരന്മാരെ വാർത്തെടുക്കുകയെന്ന ഗുരുവിന്റെ വിദ്യാഭ്യാസ സങ്കൽപ്പത്തിനനുസൃതമായിരിക്കും ഓപ്പൺ സർവ്വകലാശാലയുടെ നടത്തിപ്പും ഉള്ളടക്കവും. അതുകൊണ്ടുതന്നെ ഈ സർവ്വകലാശാല നമ്മുടെ നാടിനൊരു മുതൽക്കൂട്ടാണ്. നവോത്ഥാന പാരമ്പര്യത്തിന്റെ കെടാവിളക്ക് പുതിയ തലമുറയ്ക്ക് കൈമാറുമെന്ന ബൃഹത് ദൗത്യം ഈ സർവ്വകലാശാല നിർവ്വഹിക്കുമെന്ന ഉറച്ച വിശ്വാസം നമുക്കുണ്ട്.

പതിനാലാം കേരള നിയമസഭയുടെ അവസാന സമ്മേളനത്തിന്റെ ഒടുവിലത്തെ ദിവസമാണിന്ന്. സാമ്രാജ്യത്വത്തിന്റെ കാൽക്കീഴിൽ ജാതിവ്യവസ്ഥ കൊടികുത്തി വാണിരുന്ന കൂരിരുളിന്റെ കാലഘട്ടത്തിൽ കത്തുന്ന തീനാളമായിരുന്ന ഇന്നും ദീപ്തമായ ഓർമ്മകളെ ഉണർത്തുന്ന ശ്രീനാരായണഗുരു അന്ധവിശ്വാസങ്ങളുടെ മാറാലകളെ കീറിയെറിയാൻ കൈ ഉയർത്തുന്നതിന് നമ്മുടെ സമൂഹത്തിലെ ഓരോരുത്തർക്കും പ്രചോദനം നൽകിയ നായകനാണ്. നമ്മുടെ ജനാധി പത്യത്തിൽ തുല്യത ഒരവകാശമായി തീർന്നത് ധാരാളം തുടർപോരാട്ടങ്ങളുടെ ഫലമായാണ്. തെരഞ്ഞെടുപ്പുകളും അതിലൂടെ പ്രതിഫലിക്കുന്ന ജനവികാരവും അത്തരമൊരു ആശയസമരത്തിന്റെ ഭാഗമാണ്. നാം ഇതിനുശേഷം സ്വാഭാവികമായും അതിലേയ്ക്കാണ് നീങ്ങുന്നത്. എന്തുകൊണ്ടും അഭിമാനിക്കാവുന്ന ഒരു നിമിഷമാണിത്. നമുക്ക് സന്തോഷത്തോടുകൂടിത്തന്നെ ഏകകണ്ഠമായി ഈ ബിൽ പാസ്സാക്കാമെന്നാണ് അറിയിക്കാനുള്ളത്.

മി. സ്പീക്കർ: 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

# XII റൂളിംഗ്

## സി & എ.ജി. റിപ്പോർട്ടിലെ പരാമർശം നീക്കം ചെയ്യുന്ന സഭാ പ്രമേയം പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് ബാധകമാണോയെന്നത് സംബന്ധിച്ച്

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 118 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് (22-1-2021) സഭയിൽ അവതരിപ്പിച്ച പ്രമേയത്തിൽ ചുവടെ ചേർക്കും പ്രകാരം പരാമർശിച്ചിരുന്നു.

" കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2021 ജനുവരി 18-ന് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി. കിഫ്ബിയുടെ വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട് ഭരണഘടനയുടെ ഏഴാം പട്ടിക, ഒന്നാം ലിസ്റ്റ്, ഇനം 37-ന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിലേയ്ക്കുള്ള കടന്നുകയറ്റമാണെന്നുമുള്ള പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ വസ്തുതാപരമായ പിശകാണെന്നുമാത്രമല്ല, കരട് റിപ്പോർട്ടിലില്ലാതിരുന്നതും കേരള സംസ്ഥാനത്തിന്റെ വിശാല വികസന താല്പര്യങ്ങളെ ഹനിക്കുന്നതിനുവേണ്ടി അനാവശ്യവും ദുരൂഹവുമായ ധൃതിയിലും എഴുതിച്ചേർക്കപ്പെട്ടതുമാണ്. സർക്കാരിനെ അറിയിക്കാതെയും സർക്കാരിന്റെ അഭിപ്രായങ്ങൾ കേൾക്കാതെയും സി.&എ.ജി. തന്നെ പുറപ്പെടുവിച്ച ഓഡിറ്റ് റെഗുലേഷൻ ലംഘിച്ചുകൊണ്ടുമാണ് ഇത്തരമൊരു കൂട്ടിച്ചേർക്കൽ നടത്തിയതെന്നും ഈ സഭ കാണുന്നു. കരട് റിപ്പോർട്ടിലില്ലാത്ത പരാമർശങ്ങൾ അന്തിമ റിപ്പോർട്ടിൽ വരുന്നത് സാമാന്യ നീതിയുടെ നിഷേധമാണ്."

പ്രമേയത്തിന്റെ അവസാനഭാഗം താഴെപ്പറയും പ്രകാരമാണ്.

" ഈ സാഹചര്യത്തിൽ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് ഫിനാൻഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബി സംബന്ധിച്ച പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതുസംബന്ധിച്ച രേഖപ്പെടുത്തലുകളും ഈ സഭ നിരാകരിക്കുന്നു."

സഭയിൽ അവതരിപ്പിച്ച മേൽപ്പറഞ്ഞ പ്രമേയം വിശദമായ ചർച്ചയ്ക്കുശേഷം ശബ്ദവോട്ടോടെ സഭ പാസ്സാക്കുകയും ചെയ്തു.

പ്രമേയം സംബന്ധിച്ച ചർച്ചാവേളയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ഒരു ക്രമപ്രശ്നത്തിലൂടെ സഭ പാസ്സാക്കുന്ന പ്രമേയത്തിന്റെ ഉള്ളടക്കത്തിനു വിധേയമായി മാത്രമാണോ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് സി.&എ.ജി.-യുടെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് പരിശോധിക്കാൻ കഴിയുന്നതെന്ന കാര്യത്തിൽ വ്യക്തത വേണമെന്നും റിപ്പോർട്ടിലെ സഭ നിരാകരിച്ച 41 മുതൽ 43 വരെയുള്ള പേജുകളിലെ പരാമർശങ്ങൾ പി.എ.സി.-ക്ക് പരിശോധിക്കാൻ കഴിയുമോയെന്ന കാര്യത്തിൽ ചെയറിൽനിന്നും റൂളിംഗ് വേണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ നമ്മുടെ സഭാ ചട്ടങ്ങളും കീഴ്വഴക്കവും പാർലമെന്റിലെ കീഴ്വഴക്കവും കൗൾ ആൻഡ് ശക്ധറിലെ ഇതുസംബന്ധിച്ച ഭാഗവും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. എന്നാൽ ഇത്തരത്തിലൊരു അസാധാരണ സംഭവവികാസം ഇതിനുമുമ്പ് കേരള നിയമസഭയിലോ ഇന്ത്യൻ പാർലമെന്റിലോ ഉണ്ടായിട്ടുള്ളതായി കാണാൻ കഴിഞ്ഞില്ല. എന്നാൽ കൗൾ ആൻഡ് ശക്ധർ എന്ന ഗ്രന്ഥത്തിൽ PAC-യെ സംബന്ധിക്കുന്ന ഭാഗത്ത് " Examination of Cases before a Court of Law" എന്ന ശീർഷകത്തിൽ ചുവടെപ്പറയും പ്രകാരം ചേർത്തിരിക്കുന്നു.

" If the committee is examining or proposes to examine a case the subject-matter of which is under adjudication of a court of law and the Government put forth the plea that an examination of the case at that stage by the Committee would be prejudicial to the interest of the case, the Committee postpones consideration of that case" എന്ന് പരാമർശിച്ചിട്ടുണ്ട്.

അതായത്, ഒരു നിയമ കോടതിയുടെ പരിഗണനയിലുള്ള വിഷയം ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായിട്ടുണ്ടെങ്കിൽ ഗവൺമെന്റിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ അതിനെ സംബന്ധിക്കുന്ന ആഡിറ്റ് പരാമർശങ്ങളുടെ പരിഗണന സമിതി മാറ്റിവയ്ക്കുകയാണ് ചെയ്യുന്നത്.

അതുപോലെതന്നെ ബഹുമാനപ്പെട്ട അംഗം ആശങ്കപ്പെട്ടതുപോലെ സി.&എ.ജി.-യുടെ ഓഡിറ്റ് പരാമർശം സംബന്ധിച്ച മെരിറ്റിലേയ്ക്ക് ചെയർ പോകുന്നില്ല. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ചല്ല, അത് രൂപപ്പെടുത്തിയ ക്രമത്തെ സംബന്ധിച്ചാണ് പ്രമേയത്തിൽ ഉന്നയിക്കുന്ന പ്രശ്നം. ക്രമപ്രകാരമല്ലാതെ, സി.&എ.ജി. തന്നെ തയ്യാറാക്കിയ ഓഡിറ്റ് റെഗുലേഷന് വിധേയമായിട്ടല്ലാതെ തയ്യാറാക്കി ഉൾപ്പെടുത്തിയ ഖണ്ഡികകൾ നിരസിക്കുന്നുവെന്നത് ഓഡിറ്റിംഗ് അംഗീകരിക്കുന്നില്ല എന്ന നിലയിൽ വ്യാഖ്യാനിക്കാനാവില്ല. അസാധാരണമായ ഈ സാഹചര്യത്തിൽ അസാധാരണമായ ഒരു നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഇത് പതിവു രീതിയല്ല. അതിനാൽ കീഴ്വഴക്കവുമാകുന്നില്ല.

ഇതേ പരാമർശങ്ങൾതന്നെ ക്രമങ്ങൾ പാലിച്ചുകൊണ്ട് സി.&എ.ജി. റിപ്പോർട്ടിന്റെ ഭാഗമായി മാറ്റിയിരുന്നെങ്കിൽ ഇത്തരമൊരു സാഹചര്യമുണ്ടാകുമായിരുന്നില്ല. ആയതിനാൽ സഭ അതിന്റെ നിരീക്ഷണവും ആശങ്കയും പ്രകടിപ്പിച്ചതിൽ തെറ്റുകാണാനാവില്ല.

ഇവിടെ സഭയിൽ നടന്ന വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ സി.&എ.ജി. റിപ്പോർട്ടിലെ നടപടിക്രമം പാലിക്കാതെ തയ്യാറാക്കിയ 41 മുതൽ 43 വരെയുള്ള പേജുകളിലെ പരാമർശങ്ങൾ നിരാകരിക്കണമെന്ന പ്രശ്നം ഒരു പ്രമേയത്തിലൂടെ സഭ അംഗീകരിച്ച സാഹചര്യത്തിൽ അതൊരു സഭാ തീരുമാനമായിത്തീർന്നിരിക്കുന്നു. സഭയുടെ ഏതൊരു തീരുമാനവും സഭ തെരഞ്ഞെടുത്ത സമിതികൾക്കും ബാധകമാകുമെന്നതാണ് പൊതുതത്വം.

സഭ കൈക്കൊണ്ട ഈ തീരുമാനത്തിനെതിരെയുള്ള ഒരു സമീപനം അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന സമിതിക്ക് കൈക്കൊള്ളാൻ കഴിയുകയില്ല എന്നു തന്നെയാണ് ചെയറിന്റെ സുവ്യക്തമായ അഭിപ്രായം.

ഈ സാഹചര്യത്തിൽ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിന് വ്യക്തത വന്നുവെന്ന് ചെയർ കരുതുന്നു.

## XIII അവകാശലംഘന പ്രശ്നങ്ങൾ

### (1) നടപടി അവസാനിപ്പിച്ചവ

മി. സ്പീക്കർ: ഒരു ജനപ്രതിനിധിയെന്ന നിലയിൽ ജനങ്ങളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നിരവധി തവണ തിരുവനന്തപുരം ജില്ലാ കളക്ടറെ മൊബൈൽ ഫോണിൽ വിളിച്ചിട്ടും എം.എൽ.എ. ആണെന്ന് മനസ്സിലാക്കിയിട്ടും ഫോൺ അറ്റന്റ് ചെയ്യാനോ തിരികെ വിളിക്കാനോ തയ്യാറാകാത്ത കളക്ടറുടെ നടപടി സാമാജികനെന്ന നിലയിൽ തന്റെ അവകാശങ്ങളുടെ ലംഘനമാണെന്നും ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ പൊതുഭരണ വകുപ്പിൽനിന്നും വിശദീകരണം ആരാഞ്ഞതിൽ ജോലിസംബന്ധമായ തിരക്കുള്ളതിനാലാണ് ഫോൺ കോളിന് മറുപടി നൽകാൻ കഴിയാത്തതെന്നും എം.എൽ.എ.-യുടെ കോൾ എടുക്കുന്നതിൽ മനഃപൂർവ്വമായ വീഴ്ചവരുത്തുകയോ ജനപ്രതിനിധിയുടെ അവകാശാധികാരങ്ങളെ കുറച്ചുകാണുന്നതിന് ശ്രമിക്കുകയോ ചെയ്തിട്ടില്ലെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ സർക്കാരിന് മറുപടി നൽകുകയുണ്ടായി. കളക്ടറുടെ റിപ്പോർട്ട് സർക്കാർ

വിശദമായി പരിശോധിക്കുകയും ഭാവിയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കരുതെന്ന് ജില്ലാ കളക്ടർ ശ്രീ. കെ. ഗോപാലകൃഷ്ണന് ചീഫ് സെക്രട്ടറി മുഖേന കർശന നിർദ്ദേശം നൽകുകയും ചെയ്തതായി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട അംഗം നോട്ടീസിൽ ഉന്നയിച്ച വിഷയവും സർക്കാരിൽനിന്ന് ഇതുസംബന്ധിച്ച് ലഭിച്ച മറുപടിയും ചെയർ പരിശോധിച്ചു. ആരോപണവിധേയനായ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഭാവിയിൽ ഇത്തരം തെറ്റുകളുണ്ടാകാൻ പാടില്ലെന്ന ശക്തമായ നിർദ്ദേശം ഇക്കാര്യത്തിൽ സർക്കാർതലത്തിൽ നൽകിയിരിക്കുന്നതിനാൽ നോട്ടീസിന്മേലുള്ള തുടർ നടപടി അവസാനിപ്പിക്കുന്നു.

(2) കേരളത്തിൽ നിന്നുള്ള 4 എം.പി.-മാർ ഉൾപ്പെടെ 7 എം.പി.-മാരെ സമ്മേളനം തീരുന്നതുവരെ ബഹുമാനപ്പെട്ട ലോക്സഭാ സ്പീക്കർ സസ്പെന്റ് ചെയ്തതുസംബന്ധിച്ച് 2020 മാർച്ച് 6-ാം തീയതി ടെലിവിഷൻ ചാനലുകളോട് സംസാരിച്ച അവസരത്തിൽ, കേരള നിയമസഭയിൽ നടക്കുന്ന വഷളൻ പ്രകടനങ്ങളൊന്നും പാർലമെന്റിൽ അനുവദിക്കാനാവില്ലെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ. വി. മുരളീധരൻ നടത്തിയ പ്രസ്താവന കേരള നിയമസഭയെയും സഭാംഗങ്ങളെയും അവഹേളിക്കുന്നതാണെന്നും ആയതിനാൽ കേന്ദ്ര മന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. സി. ദിവാകരൻ ഒരു നോട്ടീസ് നൽകിയിരുന്നു.

രാജ്യസഭയിലെ ഒരംഗത്തിനെതിരെയാണ് ബഹുമാനപ്പെട്ട അംഗം നോട്ടീസ് നൽകിയതെന്നതിനാലും കീഴ്വഴക്കപ്രകാരം മറ്റൊരു നിയമനിർമ്മാണസഭയിലെ അംഗത്തിനെതിരായ അവകാശലംഘന പരാതികൾ പരിഗണിക്കേണ്ടത് അതത് സഭാദ്ധ്യക്ഷൻമാരാണ് എന്നതിനാലും പ്രസ്തുത നോട്ടീസ് തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി രാജ്യസഭാ ചെയർമാന് അയച്ചുകൊടുക്കുകയുണ്ടായി.

(2) <u>പരിഗണനയിലിരിക്കുന്നവ</u>

ലോക്ക്ഡൗൺ കാലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളൊരുക്കുന്നതുമായി ബന്ധപ്പെട്ട് താൻ ആവശ്യപ്പെട്ട വിവരങ്ങൾ നെടുമങ്ങാട് ഐ.റ്റി.ഡി.പി. ഓഫീസർ നൽകിയില്ലെന്നും വാക്കുതർക്കങ്ങൾക്കൊടുവിൽ അന്നേദിവസം വൈകിട്ടോടെയാണ് വിവരങ്ങൾ നൽകിയതെന്നും ഇതൊരു നിയമസഭാംഗമെന്ന നിലയിൽ തനിക്ക് അനുവദിച്ചിട്ടുള്ള അവകാശങ്ങളുടെ ലംഘനമാണെന്നും ജോലിയിൽ ഗുരുതര വീഴ്ചവരുത്തിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എസ്. ശബരീനാഥൻ എം.എൽ.എ. നൽകിയ നോട്ടീസ്.

(2) ശ്രീ. കെ. എം. ഷാജി എം.എൽ.എ.-ക്കെതിരെ വിജിലൻസ് അന്വേഷണത്തിന് വിജിലൻസ് വകുപ്പിന് അനുമതി നൽകുകവഴി സ്പീക്കർ പക്ഷപാതപരമായി പ്രവർത്തിച്ചിരിക്കുകയാണെന്ന് ആരോപിച്ചുകൊണ്ടുള്ള പ്രസ്താവനകൾ സർവ്വശ്രീ കെ. എം. ഷാജി, വി. ഡി. സതീശൻ, എ. പി. അനിൽ കുമാർ, സണ്ണി ജോസഫ്, ഷാഫി പറമ്പിൽ, കെ. എസ്. ശബരീനാഥൻ, അൻവർ സാദത്ത്, റോജി എം. ജോൺ എന്നിവർ നടത്തിയെന്നും ഇത് വിവിധ മാധ്യമങ്ങളിൽ വലിയ പ്രാധാന്യത്തോടെ അച്ചടിച്ചുവരികയും മാധ്യമങ്ങളിലൂടെ റിപ്പോർട്ട് ചെയ്യപ്പെടുകയുമുണ്ടായെന്നും ഇത് സ്പീക്കർ പദവിയുടെ മഹത്വം ഇടിച്ചുതാഴ്ത്തുന്നതും സഭയുടെ അന്തസ്സിനെയും മൂല്യത്തെയും ഹനിക്കുന്നതിനുള്ള കരുതിക്കൂട്ടിയുള്ള പ്രവൃത്തിയുമാണെന്നതിനാൽ ഇവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ. നൽകിയ നോട്ടീസ്.

(3) ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ. നോട്ടീസ് നൽകിയ അടിയന്തര പ്രമേയത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ പ്രതിപക്ഷാംഗങ്ങൾ സഭ്യേതര വാക്കുകൾ പ്രയോഗിക്കുകയും സഭ അലങ്കോലപ്പെടുത്തുകയും ചെയ്തുവെന്നും എന്നാൽ താൻ ചില സഭ്യേതര വാക്കുകൾ ഉപയോഗിച്ചതായി ആരോപിച്ചുകൊണ്ട് ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. ഒരു ക്രമപ്രശ്നം ഉന്നയിച്ചപ്പോൾ അങ്ങനെയുള്ള വാക്കുകളൊന്നും രേഖയിലില്ലെന്ന് ചെയർ റൂളിംഗ് നൽകിയെങ്കിലും 2020 മാർച്ച് 4-ാം തീയതിയിലെ മലയാള മനോരമ ദിനപത്രത്തിലെ "നിയമസഭയിൽ ഇന്നലെ" എന്ന കോളത്തിൽ രേഖയിലില്ലാത്ത പരാമർശങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചത് സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നും ആയതിനാൽ ഇതിനെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ നൽകിയ നോട്ടീസ്.

(4) തന്റെ മണ്ഡലമായ ഏറനാട്ടിൽ പട്ടികജാതി വികസന ഫണ്ടിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ച് പൂർത്തിയാക്കിയ റോഡിന്റെ ഉദ്ഘാടനം നിലമ്പൂർ മണ്ഡലം എം.എൽ.എ., ശ്രീ. പി. വി. അൻവർ നിർവ്വഹിച്ചത് തന്റെ അവകാശലംഘനമാണെന്നും ആയതിനാൽ ഇത് പരിശോധിച്ച്

അടിയന്തര നടപടികളുണ്ടാകണമെന്നും ഇതിന് കൂട്ടുനിന്ന മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. പി. കെ. ബഷീർ നൽകിയ നോട്ടീസ്.

(5) 24-5-2017-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5488-ന് നൽകിയ മറുപടിയിൽ മാനദണ്ഡം പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് 'മുഖ്യമന്ത്രിയുടെ ജനസാന്ത്വന' ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുന്നതാണെന്ന് മുഖ്യമന്ത്രി നിയമസഭയ്ക്ക് ഉറപ്പ് നൽകിയിരുന്നുവെങ്കിലും മൂന്ന് വർഷം കഴിഞ്ഞിട്ടും ഒരാൾക്കുപോലും ധനസഹായം നൽകിയിട്ടില്ലെന്നും പ്രസ്തുത ഫണ്ടിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സമാഹരിച്ച തുക വകമാറ്റി ചെലവഴിക്കുകയും നിയമസഭയ്ക്ക് നൽകിയ ഉറപ്പ് പ്രാവർത്തികമാക്കാൻ കഴിയാത്തതും നിയമസഭയോടുള്ള കടുത്ത അവഹേളനവും നിയമസഭാ സാമാജികരുടെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്നും ആരോപിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് നൽകിയ നോട്ടീസ്.

(6) കിഫ്ബിയുടെ മസാല ബോണ്ട് നിക്ഷേപം സംബന്ധിച്ചുള്ള സി.&എ.ജി.-യുടെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കൊച്ചി യൂണിറ്റ് അധികാരപരിധി ലംഘിച്ചുകൊണ്ട് റിസർവ് ബാങ്കിലും കിഫ്ബിയിലും അന്വേഷണം നടത്താൻ ഒരുങ്ങുന്നുവെന്നും നിയമസഭയിൽ സമർപ്പിക്കാത്ത റിപ്പോർട്ടിന്മേൽ പരിശോധന നടത്താൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് അവകാശമില്ലെന്നും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കേണ്ട റിപ്പോർട്ടിന്മേൽ അന്വേഷണം നടത്താനുള്ള നീക്കം നിയമസഭയുടെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്നും ഇത്തരത്തിൽ അന്വേഷണം നടത്തുന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരെ സഭയ്ക്ക് മുമ്പാകെ വിളിച്ചുവരുത്തി വിശദീകരണം തേടണമെന്നും തുടർനടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. സ്വരാജ്, എം.എൽ.എ. നൽകിയ നോട്ടീസ്.

(7) മുൻ സർക്കാരിന്റെ കാലത്ത് ബാർ അനുവദിച്ചതുമായി ബന്ധപ്പെട്ട അഴിമതിക്കേസുകൾ അന്വേഷിക്കുന്നതിന്റെ ഭാഗമായി പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉൾപ്പെടെയുള്ള ചില എം.എൽ.എ.-മാർക്കെതിരെ പ്രാഥമികാന്വേഷണം നടത്തുന്നതിന്

വിജിലൻസിന് അനുമതി നൽകിയ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ അവഹേളനപരമായ പരാമർശം പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല നടത്തിയെന്നും ഇങ്ങനെ ചെയ്യുകവഴി പ്രതിപക്ഷനേതാവ് സഭയുടെയും അതിലെ അംഗങ്ങളുടെയും അവകാശത്തെ ഹനിച്ചിരിക്കുകയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. ബി. സതീഷ് നൽകിയ നോട്ടീസ്.

(3) <u>അനുമതി നിഷേധിച്ചവ</u>

11-3-2020-ന് കോവിഡ്-19 മായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സബ്മിഷന് ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി മറുപടി പറയവെ സംസ്ഥാനത്തെ വിവിധ എയർപോർട്ടുകളിൽ വിഗറസ് സ്ക്രീനിംഗ് നടത്തണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചത് 2020 മാർച്ച് 3-ന് ആണെന്ന് പ്രസ്താവിച്ചത് തെറ്റാണെന്നും യഥാർത്ഥത്തിൽ ഫെബ്രുവരി 26-ന് നിർദ്ദേശം ലഭിച്ചിട്ടും ബഹുമാനപ്പെട്ട മന്ത്രി സഭയിൽ ഇപ്രകാരം പറഞ്ഞത് വസ്തുതാവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. ടി. തോമസ്, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയിൽ നിന്നും വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ വിമാനത്താവളങ്ങളിലെ കോവിഡ് സ്ക്രീനിംഗ് കേന്ദ്ര വ്യോമയാനമന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ പ്രകാരമാണ് നിർവ്വഹിച്ച് വരുന്നതെന്നും മാർച്ച് 2-ാം തീയതി മാത്രമാണ് ഇറ്റലി, ഇറാൻ എന്നീ രാജ്യങ്ങളിൽ നിന്നെത്തുന്നവരെക്കൂടി സാർവ്വത്രിക സ്ക്രീനിംഗിന് വിധേയരാക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാർ വിമാനത്താവളങ്ങൾക്ക് നൽകിയിരുന്നതെന്നും നിയമസഭയിൽ മറുപടി പറയുമ്പോൾ 26-2-2020-ലെ ട്രാവൽ അഡ്വൈസറിയിൽ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയിൽ ഉണ്ടായിരുന്നില്ല എന്നതിനാലാണ് അപ്രകാരമുള്ള മറുപടി നൽകാനിടയായതെന്നും മനഃപൂർവ്വമായും ദുരുദ്ദേശ്യപരമായും സഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന യാതൊരു ഉദ്ദേശ്യത്തോടും കൂടിയല്ല സഭയിൽ ഇങ്ങനെ പറഞ്ഞതെന്നും സംസ്ഥാന ആരോഗ്യവകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പൗരന്മാർ സ്വയം പാലിച്ചിരുന്നുവെങ്കിൽ മാർച്ച് ആദ്യവാരമുണ്ടായ രോഗവ്യാപനം തടയാമായിരുന്നുവെന്ന് ബോധിപ്പിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തൃപ്തികരമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന ശ്രീ. പി. ടി. തോമസിന്റെ ആവശ്യത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(2) പത്രസമ്മേളനത്തിലൂടെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല തങ്ങളെ അപകീർത്തിപ്പെടുത്തിയെന്ന് കാണിച്ച് കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) സി.ഇ.ഒ., ശ്രീ. അൻവർ സാദത്ത്, മാനേജർ ശ്രീമതി ദീപ അനിരുദ്ധൻ എന്നിവർ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അയച്ച വക്കീൽ നോട്ടീസിൽ, അനുച്ഛേദം 194(1) പ്രകാരം സാമാജികർക്ക് സഭയ്ക്കുള്ളിൽ നിർഭയമായി കാര്യങ്ങൾ അവതരിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തെ കടിഞ്ഞാണിടുന്നതിനുള്ള പരാമർശങ്ങളുണ്ടെന്നും ആയതിനാൽ KITE സി.ഇ.ഒ., ശ്രീ. കെ. അൻവർ സാദത്ത്, മാനേജർ ശ്രീമതി ദീപ അനിരുദ്ധൻ എന്നിവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഒരു നോട്ടീസ് നൽകിയിരുന്നു.

പ്രസ്തുത വിഷയം ചെയർ പരിശോധിച്ചു. KITE-ന് എതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആരോപണമുന്നയിച്ചത് 7-11-2020-ന് നിയമസഭയിലല്ല മറിച്ച് അദ്ദേഹത്തിന്റെ ഫേസ്ബുക്ക് പേജ് വഴിയും 11-11-2020-ന് പത്രസമ്മേളനത്തിലൂടെയുമാണ്. അതിനാൽ അനുച്ഛേദം 194(1)-ന്റെ സംരക്ഷണം ലഭിക്കുന്നില്ലെന്നതിനാലും ഏതെങ്കിലും വിഷയത്തിൽ ഇടപെട്ട് സഭയ്ക്കുപുറത്തുവച്ച് ഏതെങ്കിലും വ്യക്തികളെയോ സ്ഥാപനങ്ങളെയോപ്പറ്റി ആരെങ്കിലും നടത്തുന്ന പ്രസ്താവനകളും ആരോപണങ്ങളും പ്രസ്തുത വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് അപകീർത്തികരമാണെന്ന് അവർക്ക് ബോധ്യമുണ്ടെങ്കിൽ അതിനെതിരെ രാജ്യത്ത് നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ട് എന്നതിനാലും ഇക്കാര്യത്തിൽ സാമാജികർക്ക് പ്രത്യേക പരിരക്ഷ ആവശ്യപ്പെടാനാവില്ല എന്നതിനാലും നിയമസഭയിൽ ആരോപണങ്ങൾ ഉന്നയിക്കുന്നതിന് പ്രസ്തുത വക്കീൽ നോട്ടീസ് ഒരു തടസ്സവും സൃഷ്ടിക്കില്ലെന്ന് ചെയർ നിരീക്ഷിക്കുന്നു. മേൽപ്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ KITE സി.ഇ.ഒ., ശ്രീ. കെ. അൻവർ സാദത്തിനും മാനേജർ ശ്രീമതി ദീപ അനിരുദ്ധനും എതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നൽകിയിരിക്കുന്ന അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുകയും അക്കാര്യം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(3) നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി സി.&എ.ജി. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകിയ 2019 മാർച്ചിലെ ഫിനാൻസ് ആഡിറ്റ് റിപ്പോർട്ടിലെ ചില പരാമർശങ്ങൾ അദ്ദേഹം കിഫ്ബിയുടെ സി.ഇ.ഒ., ധനകാര്യ വകുപ്പുമന്ത്രി എന്നിവർക്ക് കൈമാറിയെന്നും ഈ നടപടി നിയമസഭാംഗങ്ങളുടേയും നിയമസഭയുടേയും പ്രത്യേക അവകാശങ്ങളുടെ കടുത്ത ലംഘനമാണെന്നും ആരോപിച്ച് ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ., ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. രാജേഷ് കുമാർ സിംഗിനെതിരെ ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ശ്രീ. രാജേഷ് കുമാർ സിംഗിന്റെ വിശദീകരണം തേടിയിരുന്നു. സി.&എ.ജി. റിപ്പോർട്ടിന്റെ ഒരു ചെറിയ ഭാഗം മാത്രമായ കിഫ്ബിയുമായി ബന്ധപ്പെട്ട ഖണ്ഡികകളുടെ സംഗ്രഹം അനൗപചാരികമായി ധനകാര്യ വകുപ്പ് മന്ത്രിയുമായും ധനകാര്യ വകുപ്പിന്റെ ഭാഗമായ കിഫ്ബിയുടെ സി.ഇ.ഒ.-യുമായും ചർച്ച ചെയ്തത് ഒരു കാരണവശാലും പൊതുജനമദ്ധ്യത്തിൽ പരസ്യപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെയല്ലെന്നും, ഗവർണറുടെ അംഗീകാരത്തിനുശേഷം സഭയുടെ മേശപ്പുറത്ത് ധനകാര്യ വകുപ്പുമന്ത്രി വയ്ക്കുന്ന സി.&എ.ജി. റിപ്പോർട്ടിന്റെ ഉള്ളടക്കത്തെപ്പറ്റി ഒരു തരത്തിലും ധനകാര്യ വകുപ്പുമന്ത്രി അജ്ഞനായിരിക്കണമെന്ന് ഇതുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കീഴ്വഴക്കങ്ങളിലോ ഒന്നുംതന്നെ അനുശാസിക്കുന്നില്ലെന്നും ഇങ്ങനെ ചർച്ച ചെയ്തതുമൂലം നിയമസഭയുടേയോ നിയമസഭാംഗങ്ങളുടേയോ പ്രത്യേക അവകാശങ്ങളുടെ ഒരു ലംഘനവും ഉണ്ടായതായി കാണാൻ കഴിയില്ലെന്നും ശ്രീ. രാജേഷ് കുമാർ സിംഗ് വിശദീകരിക്കുകയുണ്ടായി. മുകളിൽ പറഞ്ഞ വസ്തുതകളുടെയും പൊതുജനമദ്ധ്യത്തിൽ റിപ്പോർട്ട് സംബന്ധിച്ച ഒരു വിവരവും പരസ്യപ്പെടുത്തിയിട്ടില്ലെന്ന ശ്രീ. രാജേഷ് കുമാർ സിംഗിന്റെ സത്യവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ. നൽകിയിരിക്കുന്ന അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

(4) ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ-യുടെ നിയോജകമണ്ഡലത്തിൽപ്പെട്ട വെള്ളാട്-കരുവഞ്ചാൽ റോഡിന്റെ പുനരുദ്ധാരണം സംബന്ധിച്ച് അദ്ദേഹം ഉന്നയിച്ച സബ്മിഷനുള്ള മറുപടിയിൽ, പ്രസ്തുത പ്രവൃത്തി ചെയ്യാൻ ഊരാളുങ്കൽ സൊസൈറ്റിക്ക് അനുമതി നൽകാമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സമ്മതിച്ചുവെന്നും എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ 18-7-2020-ലെ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തിക്കുള്ള അനുമതി ബഹുമാനപ്പെട്ട മന്ത്രി

നിഷേധിച്ചിരിക്കുകയാണെന്ന് അറിയാൻ കഴിഞ്ഞെന്നും ഇത്തരത്തിൽ സഭയിൽ പറഞ്ഞ കാര്യത്തിന് വിപരീതമായി നിർദ്ദേശം നൽകുക വഴി നിയമസഭാംഗമെന്ന നിലയിൽ തന്റെ അവകാശങ്ങളിൽ ലംഘനമുണ്ടായെന്നും ആയതിനാൽ ചട്ടം 154, 155, 159 പ്രകാരം അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റ് റേറ്റിനെക്കാൾ 38.99% കൂടുതലാണ് ULCCS ക്വാട്ട് ചെയ്തിരുന്നത് എന്നതിനാൽ ടെണ്ടർ അപ്രൂവൽ കമ്മിറ്റിക്ക് ഇത്രയും ഉയർന്ന തുക അംഗീകരിക്കാൻ കഴിയാത്തതിനാലും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാർ നിരക്ക് കുറയ്ക്കാൻ തയ്യാറാകാത്തതിനാലും റോഡ് പണിക്കാവശ്യമായ സ്ഥലം ജനങ്ങൾ വിട്ട് നൽകിയിട്ടില്ലാത്തതിനാലും ധനവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ടെന്നതിനാലും അനുമതി നിഷേധിക്കുകയായിരുന്നുവെന്നും സബ്മിഷനുള്ള മറുപടിയിൽ പരിശോധിച്ച് അനുകൂലമായ നിലപാട് സ്വീകരിക്കാമെന്നായിരുന്നു മറുപടി പറഞ്ഞിരുന്നതെന്നും സബ്മിഷന് നൽകിയ മറുപടി ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നതിനാൽ തന്നെ സഭയിൽ നൽകിയ ഒരു ഉറപ്പായി ഇതിനെ കാണാൻ സാധിക്കുകയില്ല എന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തൃപ്തികരമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ നൽകിയിരിക്കുന്ന അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

## XIV പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

# XV അവലോകനം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ജനുവരി മാസം 8-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് ഈ സമ്മേളനം ആരംഭിച്ചത്. 2021-2022 വർഷത്തെ ബഡ്ജറ്റ് ജനുവരി 15-ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ടു.

ഇരുപത്തിരണ്ടാം സമ്മേളനം ആകെ 11 ദിവസമാണ് സമ്മേളിച്ചത്. അതിൽ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ചർച്ച ചെയ്യുന്നതിനായി മൂന്നുദിവസവും ബഡ്ജറ്റിന്റെ പൊതുചർച്ചയ്ക്കായി രണ്ടുദിവസവും വിനിയോഗിച്ചു. സമ്പൂർണ്ണ ബഡ്ജറ്റ് മാർച്ച് 31-നുമുമ്പ് പാസ്സാക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ ഈ സാമ്പത്തിക വർഷത്തെ ആദ്യ നാലുമാസത്തേയ്ക്കായി വോട്ട്-ഓൺ-അക്കൗണ്ട് പാസ്സാക്കുകയുണ്ടായി. 2019-20 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനകളും സഭ ചർച്ചചെയ്ത് പാസ്സാക്കി. അതോടൊപ്പം അതുമായി ബന്ധപ്പെട്ട ധനവിനിയോഗ ബില്ലുകളും സഭ പാസ്സാക്കുകയുണ്ടായി. നിയമ നിർമ്മാണകാര്യത്തിൽ 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ഈ സമ്മേളനത്തിൽത്തന്നെ പാസ്സാക്കുകയും 2021-ലെ ധനകാര്യ ബില്ലുകൾ സഭയിൽ അവതരിപ്പിക്കുകയും ചെയ്തു.

അന്തരിച്ച മുൻ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജി, ഈ സഭയിൽത്തന്നെ അംഗമായിരുന്ന സി. എഫ്. തോമസ് എന്നീ ആദരണീയരായ വ്യക്തിത്വങ്ങൾക്ക് ചരമോപചാരം അർപ്പിക്കുന്നതിനായി ഒരു ദിവസം നീക്കിവച്ചു. അവിചാരിതമായി ഈ സമ്മേളന കാലയളവിൽ അന്തരിച്ച കെ. വി. വിജയദാസിന് ചരമോപചാരം അർപ്പിക്കുന്നതിനായി മറ്റൊരു ദിവസവും നീക്കിവച്ചു.

ഈ സമ്മേളനത്തിൽ 240 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 2925 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 16 ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. വാക്കാൽ മറുപടി നൽകിയ പ്രസ്തുത ചോദ്യങ്ങളിന്മേൽ സഭാതലത്തിൽ 131 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും മറുപടി പറയുകയും ചെയ്തു.

ഈ സമ്മേളനത്തിൽ പൂർണ്ണമായും ഇ-നിയമസഭ പോർട്ടൽ വഴിയാണ് ചോദ്യോത്തരങ്ങളുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിച്ചത്. കടലാസ് രഹിത നിയമസഭ ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ മാറ്റംവഴി അംഗങ്ങൾക്ക് ഓൺലൈൻവഴി

ചോദ്യങ്ങൾ ചോദിക്കാനും അതിവേഗം ഉത്തരങ്ങൾ ലഭ്യമാക്കാനും സാധിക്കുന്നുണ്ട്. എല്ലാ ഉത്തരങ്ങളും ഓൺലൈൻ മുഖേന മാത്രമാണ് സ്വീകരിച്ചത്. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ മറുപടികളുടെ 15 പകർപ്പുകളും നക്ഷത്രചിഹ്നമിടാത്തവയുടെ 10 പകർപ്പുകളുമാണ് മുമ്പ് സർക്കാർ നൽകിയിരുന്നത്. ഇതാണ് പൂർണ്ണമായും ഓൺലൈനാക്കിയത്. ഏറ്റവും ചുരുങ്ങിയ രീതിയിൽ കണക്കാക്കിയാൽപ്പോലും ഒരു ലക്ഷത്തിൽപ്പരം A4 സൈസ് ഫോട്ടോകോപ്പി പേപ്പർ ലാഭിക്കാൻ നമുക്ക് പ്രാഥമികമായി കഴിഞ്ഞു. ഇ-നിയമസഭ ഭാഗികമായി നടപ്പിൽവരുത്തിയ ഒരു ചെറിയ സമ്മേളനത്തിൽ ഇത്രയും ലാഭമുണ്ടാക്കാനായെങ്കിൽ ഈ സംവിധാനം പൂർണ്ണമായാലുണ്ടാകാവുന്ന നേട്ടം വളരെ വലുതാണെന്നോർക്കുക. ഈ പദ്ധതി പൂർണ്ണ വിജയത്തിലെത്തിക്കാൻ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും മന്ത്രിമാരുടെയും കൂടുതൽ സഹകരണം ആവശ്യമാണെന്നാണ് കാണുന്നത്.

ബഹുമാന്യരായ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, തൊഴിലും എക്സൈസും വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളന കാലയളവിൽത്തന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാരെ ഇക്കാര്യത്തിൽ ചെയർ പ്രത്യേകം അഭിനന്ദിക്കുന്നു.

ഈ സമ്മേളനത്തിൽ ചട്ടം 50 പ്രകാരം 7 അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് ലഭിച്ചതിൽ കിഫ്ബി വഴി നടത്തിയ മസാല ബോണ്ട് ഇടപാടിലെ നിയമവിരുദ്ധത സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ നൽകിയ നോട്ടീസ് സഭ ചർച്ച ചെയ്യുകയുണ്ടായി. 14 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളിലൂടെയും 103 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ ഈ സമ്മേളന കാലത്ത് സഭയിൽ ഉന്നയിക്കപ്പെടുകയുണ്ടായി.

നിയമസഭാ സ്പീക്കറെ തത്സ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ചട്ടം 65 പ്രകാരം ശ്രീ. എം. ഉമ്മർ നോട്ടീസ് നൽകിയ പ്രമേയം സഭ ചർച്ചചെയ്ത് തള്ളിക്കളഞ്ഞു. അംഗങ്ങൾക്കായുള്ള പെരുമാറ്റച്ചട്ട ലംഘനത്തിന്റെ പേരിൽ കുറ്റക്കാരനാണെന്ന് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി കണ്ടെത്തി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജിനെ സമ്മേളനത്തിൽ സഭ ശാസിക്കുകയുണ്ടായി. നടപടി ക്രമങ്ങൾ പാലിക്കാത്ത സി.&എ.ജി. തന്റെ റിപ്പോർട്ടിൽ അധികമായി

എഴുതിച്ചേർത്ത ഭാഗങ്ങൾ നിരാകരിക്കുന്നത് സംബന്ധിച്ച് ചട്ടം 118 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഒരു പ്രമേയവും ഈ സമ്മേളനത്തിൽ സഭ പാസ്സാക്കുകയുണ്ടായി.

2016 ജൂൺ 2-ാം തീയതി ആദ്യ സമ്മേളനം തുടങ്ങിയ പതിനാലാം കേരള നിയമസഭ കഴിഞ്ഞ നാലര വർഷത്തിനിടയിൽ 22 സമ്മേളനങ്ങളിലായി ആകെ 232 ദിനങ്ങൾ സമ്മേളിക്കുകയുണ്ടായി. തികച്ചും സാർത്ഥകവും സർഗ്ഗാത്മകവുമായ സമ്മേളന ദിനങ്ങളിലൂടെ കേരള സമൂഹത്തെ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുന്ന നിരവധി വിഷയങ്ങൾ പല രൂപത്തിൽ ഈ സമ്മേളന ദിനങ്ങളിൽ സഭയുടെ പരിഗണനാ വിഷയങ്ങളായി മാറുകയുണ്ടായി. ലെജിസ്ലേച്ചർ എന്ന ഭരണഘടനാ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ കേവലമായ ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും പ്രതലങ്ങളിൽനിന്നും വ്യതിചലിപ്പിച്ച് പൊതുവായ ജനകീയ പ്രശ്നങ്ങളുമായി ഏറ്റുമുട്ടാനുള്ള വേദിയാക്കാനും ഭരണ സംവിധാനത്തിന്റെ ശക്തമായ കരങ്ങളെ ജനാധിപത്യത്തിന്റെ പുതിയ വിതാനങ്ങളിലേയ്ക്ക് നയിക്കാനും പരിശ്രമിച്ചുവെന്നതായിരിക്കും പതിനാലാം കേരള നിയമസഭയുടെ സുപ്രധാനമായ നേട്ടമായി ചരിത്രം രേഖപ്പെടുത്തുക. ആക്ടിവിസം എന്നുപറയുന്നത് ലെജിസ്ലേച്ചറിലൂടെ കൊണ്ടുവരാവുന്ന ഒരു ആശയമാണെന്നും സമൂഹത്തിന്റെ എല്ലാത്തരം ജനാധിപത്യ പ്രക്രിയകളിലേയ്ക്കും കൂടുതൽ പുതിയ വിതാനങ്ങളിലേയ്ക്ക് ഉയരാൻ ജനങ്ങളുടെ പ്രതീക്ഷയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്ന ഒരു സ്ഥാപനമായി ജനാധിപത്യവേദികൾ മാറിത്തീരേണ്ടതുണ്ടെന്നും കേരള നിയമസഭ സന്ദേശം കൊടുക്കാൻ ശ്രമിച്ചു.

പതിനാലാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 140 അംഗങ്ങളിൽ ഏഴ് സാമാജികർ അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞുപോയി. ലോക്‌സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനാൽ 5 പേർ തങ്ങളുടെ നിയമസഭാംഗത്വം രാജിവയ്ക്കുകയും ചെയ്തു. അപ്രകാരം ഒഴിവുവന്ന 12 സീറ്റുകളിൽ ഉപതെരഞ്ഞെടുപ്പിലൂടെ 8 പേർ സഭയിലേക്ക് കടന്നുവരികയും സഭയുടെ കാലാവധി അവസാനിക്കുമ്പോൾ 4 സീറ്റുകൾ ഒഴിഞ്ഞുതന്നെ കിടക്കുകയും ചെയ്യുന്നു.

കേരള ഗവർണറായിരുന്ന ശ്രീ. പി. സദാശിവം നാല് പ്രാവശ്യവും ഇപ്പോൾ ഗവർണറായുള്ള ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ രണ്ട് പ്രാവശ്യവും പതിനാലാം കേരള നിയമസഭയെ അഭിസംബോധന ചെയ്തുകൊണ്ട് സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗങ്ങൾ നടത്തുകയുണ്ടായി.

നിയമസഭാ പ്രവർത്തനങ്ങളിലെ ഏറ്റവും ക്രിയാത്മകമായ വേദിയായി മാറുന്ന ചോദ്യോത്തരവേള തടസ്സപ്പെടാതെ പരമാവധി പ്രയോജനപ്പെടുത്താൻ ഇക്കാലയളവിൽ നമുക്ക് സാധിച്ചുവെന്നത് ചെറിയ കാര്യമല്ല. ഈ നിയമസഭയുടെ

കാലയളവിൽ 113446 നോട്ടീസുകൾ ചോദ്യമായി അംഗീകരിക്കപ്പെട്ടു. അതിൽ 6328 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 66154 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 72482 ചോദ്യങ്ങൾ അച്ചടിക്കുകയുണ്ടായി. അതോടൊപ്പം 7 അടിയന്തര ചോദ്യങ്ങളും അനുവദിച്ചു. എല്ലാ അടിയന്തര ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭിച്ചുകഴിഞ്ഞു. എന്നാൽ നക്ഷത്രചിഹ്നമിടാത്ത 2581 ചോദ്യങ്ങൾക്ക് ഇനിയും മറുപടി ലഭിക്കാനുണ്ട്, അവ ലഭിച്ചുവരുന്നുമുണ്ട്.

ചോദ്യോത്തര വേളകളിൽ 645 ചോദ്യങ്ങൾ സഭാതലത്തിൽ പരിഗണിക്കപ്പെടുകയും 5020 ഉപചോദ്യങ്ങൾ ഉന്നയിക്കാൻ അംഗങ്ങൾക്ക് അവസരം ലഭിക്കുകയും ചെയ്തു. 24-3-86-ലെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനുശേഷം ഈ സഭയുടെ പത്താം സമ്മേളനത്തിൽ ആദ്യമായി നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്മേൽ സമർപ്പിക്കപ്പെട്ട പുതുക്കിയ മറുപടിയിന്മേൽ ഉപചോദ്യങ്ങൾ അനുവദിക്കപ്പെട്ടു. അപൂർവ്വം സന്ദർഭങ്ങളിൽ മാത്രമാണ് ഇത്തരമൊരു അവസരമുണ്ടാകുന്നത്.

കടലാസ് രഹിത നിയമസഭ എന്ന ലക്ഷ്യം മുന്നിൽക്കണ്ട് തയ്യാറാക്കിയ ഇ-നിയമസഭ പദ്ധതിയുടെ ഒന്നാംഘട്ടം പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനത്തിലാണ് ആരംഭിച്ചത്. ഇരുപത്തിരണ്ടാം സമ്മേളനത്തോടെ ഇത് കൂടുതൽ സമഗ്രമായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

ജനകീയ പ്രശ്നങ്ങളിലേയ്ക്ക് ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാൻ ചട്ടം 62 പ്രകാരം ലഭ്യമായ അവസരം വിനിയോഗിച്ച് 364 അവസരങ്ങളും പൊതു പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി ചട്ടം 304 പ്രകാരമുള്ള 2072 സബ്മിഷനുകളും കഴിഞ്ഞ കാലങ്ങളിൽ സമ്മേളന പ്രക്രിയയിലെ സജീവ ഇടപെടലുകളായിരുന്നു. വിവിധ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതായ 5233 ഔദ്യോഗിക രേഖകളാണ് ഇക്കാലയളവിൽ സഭയുടെ മേശപ്പുറത്തുവച്ചത്. അപ്രകാരം സഭയുടെ മേശപ്പുറത്തുവച്ച 30 ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനായി നോട്ടീസ് ലഭിച്ചതിൽ 5 എണ്ണത്തിൽ സഭാതലത്തിൽത്തന്നെ ഭേദഗതി വരുത്തി സബോർഡിനേറ്റ് ലെജിസ്ലേഷൻ രംഗത്തും സഭ അതിന്റെ കർത്തവ്യം നിർവ്വഹിക്കുകയുണ്ടായി.

ഈ സഭയിൽ അംഗങ്ങളായിരുന്ന 7 പേർ, മുൻമന്ത്രിമാർ, മുൻ സ്പീക്കർമാർ, മുൻ അംഗങ്ങൾ, പ്രമുഖ ദേശീയ നേതാക്കൾ എന്നിവരുൾപ്പെടെ 74 പ്രമുഖ വ്യക്തിത്വങ്ങളുടെ ദേഹവിയോഗത്തിൽ സഭ ദുഃഖം രേഖപ്പെടുത്തുകയും ഉപചാരം അർപ്പിക്കുകയും ചെയ്തു.

നിയമസഭാ സമിതികളുടെ പ്രവർത്തനത്തിന്റെയും ഘടനയുടെയും അടിസ്ഥാനത്തിൽ ധനകാര്യ സമിതികളെന്നും സബ്ജക്ട് കമ്മിറ്റികളെന്നും ഇതര സമിതികളെന്നും തരംതിരിച്ച് പരിശോധിക്കുകയാണെങ്കിൽ ഓരോ സമിതിയും മെച്ചപ്പെട്ട

പ്രവർത്തനമാണ് ഇക്കാലയളവിൽ കാഴ്ചവച്ചതെന്ന് കാണാവുന്നതാണ്. ശ്രീ. എസ്. ശർമ്മ അദ്ധ്യക്ഷനായ എസ്റ്റിമേറ്റ്സ് കമ്മിറ്റി 35 റിപ്പോർട്ടുകളും ശ്രീ. കെ. സുരേഷ് കുറുപ്പ് അദ്ധ്യക്ഷനായ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 79 റിപ്പോർട്ടുകളും ശ്രീ. സി. ദിവാകരൻ അദ്ധ്യക്ഷനായ പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റി 130 റിപ്പോർട്ടുകളും ശ്രീമതി പി. അയിഷാ പോറ്റി അദ്ധ്യക്ഷയായ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി 20 റിപ്പോർട്ടുകളും തയ്യാറാക്കി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റികൾ രൂപീകൃതമായതിനുശേഷം നാളിതുവരെയുള്ള ചരിത്രത്തിൽ ഏറ്റവും കൂടുതൽ റിപ്പോർട്ടുകൾ സമർപ്പിച്ച സമിതികൾ എന്ന ഖ്യാതി നേടുകയുണ്ടായി. അതുപോലെ പതിവ് റിപ്പോർട്ടുകൾക്കുപുറമേ 17 സ്പെഷ്യൽ റിപ്പോർട്ടുകളും നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട് ബില്ലുകളിന്മേലുള്ള 76 റിപ്പോർട്ടുകളും സമർപ്പിച്ചു കൊണ്ട് സബ്ജക്ട് കമ്മിറ്റികളും മികച്ച പ്രവർത്തനമാണ് ഈ സഭയുടെ കാലത്ത് കാഴ്ചവച്ചത്. ഇത്തരത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച സമിതികളിലെ അദ്ധ്യക്ഷന്മാർ, അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരെ ചെയർ ആത്മാർത്ഥമായി അനുമോദിക്കുന്നു.

പതിനാലാം കേരള നിയമസഭയിൽ 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബില്ലിന്റെയും 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിന്റെയും പരിഗണനയ്ക്കും റിപ്പോർട്ടിനുമായി രണ്ട് സെലക്ട് കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. കൂടാതെ 2002-ലെ കേന്ദ്ര നിയമമായ സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെ ക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 2018 ഡിസംബർ 13-ാം തീയതി ഒരു പ്രത്യേക നിയമസഭാ സമിതി രൂപീകരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സമിതി നടത്തിയ പഠനത്തിന്റെയും സംസ്ഥാന അഡ്വക്കേറ്റ് ജനറലിനെ ക്ഷണിച്ചുവരുത്തി നിയമവശങ്ങൾ മനസ്സിലാക്കിയതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ശിപാർശകളടങ്ങുന്ന റിപ്പോർട്ട് 2019 നവംബർ 21- ാം തീയതി സമിതി സഭയിൽ സമർപ്പിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിലുള്ള തുടർ നടപടികൾ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ആഭിമുഖ്യത്തിൽ സ്വീകരിക്കുകയും ചെയ്തു. ഇന്ത്യയിലെ നിയമനിർമ്മാണ സഭകളുടെ ചരിത്രത്തിൽ ഇതൊരു വേറിട്ട സംഭവമായി കാണാവുന്നതാണ്.

പതിനാലാം കേരള നിയമസഭയിൽ 213 ഔദ്യോഗിക ബില്ലുകളും 62 അനൗദ്യോഗിക ബില്ലുകളുമുൾപ്പെടെ 275 ബില്ലുകൾ പ്രസിദ്ധീകരിക്കപ്പെട്ടു. അവയിൽ 87 ഗവൺമെന്റ് ബില്ലുകളും 22 ധനവിനിയോഗ ബില്ലുകളുമുൾപ്പെടെ 109 നിയമങ്ങൾ പാസ്സാക്കി ശ്രദ്ധേയമായ ഒരു ചുവടുവയ്പ്പാണ് നിയമനിർമ്മാണ രംഗത്ത് നടത്തിയിട്ടുള്ളത്. സഭ പാസ്സാക്കിയ സുപ്രധാന നിയമങ്ങളിൽ ചിലത് ഇനിപ്പറയുന്നവയാണ്.

(i) 2016-ലെ അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ ;

(ii) 2017-ലെ കേരള ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ബിൽ ;

(iii) 2017-ലെ കേരള മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ ;

(iv) 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ ;

(v) 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ ;

(vi) 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ ;

(vii) 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ ;

(viii) 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ ;

(ix) 2019-ലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ ;

(x) 2019-ലെ കേരള മദ്രസാദ്ധ്യാപക ക്ഷേമനിധി ബിൽ ;

(xi) 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ;

(xii) 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ.

ഗവർണർ തിരിച്ചയച്ച 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിക്കണമെന്ന പ്രമേയം 2017 മേയ് 25-ാം തീയതി സഭ അംഗീകരിക്കുകയുണ്ടായി. 2018 ഏപ്രിൽ നാലിന് സഭ പാസ്സാക്കിയ 2018-ലെ കേരള (പ്രൊഫഷണൽ കോളേജുകൾ മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബില്ലിന് ഭരണഘടനയുടെ അനുച്ഛേദം 200 അനുസരിച്ച് ഗവർണർ അനുമതി നിഷേധിച്ചതും നമ്മുടെ നിയമനിർമ്മാണ ചരിത്രത്തിലെ ഒരു പ്രധാന അനുഭവമായി മാറുകയുണ്ടായി.

പ്രസിദ്ധീകരിച്ച 62 അനൗദ്യോഗിക ബില്ലുകളിൽ 41 എണ്ണത്തിന് സഭയിൽ അവതരണാനുമതി ആവശ്യപ്പെടുന്നതിന് സൗകര്യം ലഭിക്കുകയുണ്ടായി. സഭ മുമ്പാകെ ചർച്ചയ്ക്കുവന്ന 9 അനൗദ്യോഗിക പ്രമേയങ്ങളിൽ 3 എണ്ണം സഭ പാസ്സാക്കുകയും 6 എണ്ണം നിരാകരിക്കുകയും ചെയ്തു. മുൻ നിയമസഭകളിലെന്നപോലെ

അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി നീക്കിവച്ചിട്ടുള്ള വെള്ളിയാഴ്ചകൾ വേണ്ടത്ര അക്കാര്യത്തിനായി ലഭ്യമാകുന്നില്ലെന്ന പരാതിക്ക് 14-ാം കേരള നിയമസഭയുടെ കാലത്തും പരിഹാരമുണ്ടായിട്ടില്ലെന്നാണ് കാണുന്നത്. ഒരുപക്ഷേ, പതിനാലാം കേരള നിയമസഭയുടെ അവസാന സമ്മേളനമായേക്കാവുന്ന ഇന്നേ ദിവസമുൾപ്പെടെ 5 വെള്ളിയാഴ്ചകളാണ് അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കു വേണ്ടി വിനിയോഗിക്കാതെ ഗവൺമെന്റ് കാര്യത്തിനായി മാറ്റേണ്ടിവന്നിട്ടുള്ളത്. വരുംനാളുകളിലെങ്കിലും അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി വിനിയോഗിക്കേണ്ട സമയം നഷ്ടപ്പെടാതെ അക്കാര്യങ്ങൾക്കുമാത്രമായിത്തന്നെ ഉപയോഗപ്പെടുത്താൻ കഴിയട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം.

ചട്ടം 23 അനുസരിച്ചുള്ള 2 സ്റ്റാറ്റ്യൂട്ടറി പ്രമേയങ്ങളും ചട്ടം 118 അനുസരിച്ചുള്ള 20 ഗവൺമെന്റ് പ്രമേയങ്ങളും ഇക്കാലയളവിൽ സഭ പാസ്സാക്കുകയുണ്ടായി. സർക്കാരിൽ അവിശ്വാസം രേഖപ്പെടുത്തുന്ന ഒരു പ്രമേയം സഭ വോട്ടിനിട്ട് തള്ളുകയും സ്പീക്കറെ തത്സ്ഥാനത്തുനിന്ന് നീക്കണമെന്നാവശ്യപ്പെടുന്ന മറ്റൊരു പ്രമേയം അവതരണത്തിനുശേഷം ഭരണഘടനയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള ഭൂരിപക്ഷമില്ലാത്തതിനാൽ സഭാതലത്തിൽ പരാജയപ്പെടുകയും ചെയ്തു.

സംസ്ഥാനത്തുണ്ടാകുന്ന റോഡപകടങ്ങളെ സംബന്ധിച്ച് ചട്ടം 58 പ്രകാരമുള്ള ഒരു ചർച്ച ഇക്കാലയളവിൽ സഭയിൽ നടന്നു. അതുപോലെ ചട്ടം 130 അനുസരിച്ച് പൊതുപ്രാധാന്യമുള്ള 7 വ്യത്യസ്ത വിഷയങ്ങളിൽ ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടം 275 അനുസരിച്ചുള്ള 7 സബ്സ്റ്റാന്റീവ് മോഷനുകൾ സഭ പാസ്സാക്കുകയും ചെയ്തു. സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെടുന്ന ചട്ടം 50 അനുസരിച്ചുള്ള 6 വ്യത്യസ്ത പ്രമേയങ്ങൾ സഭ ചർച്ച ചെയ്യുകയും വോട്ടിനിട്ട് തള്ളുകയും ചെയ്തിട്ടുണ്ട്. വിവിധ സഭാ സമിതികൾ സഭയിൽ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ ഉള്ളടക്കത്തെ സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യാൻ വ്യവസ്ഥ ചെയ്യുന്ന ചട്ടം 205 B പ്രകാരം 13- ാം കേരള നിയമസഭയിലെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ടിനെ സംബന്ധിച്ചുള്ള ഒരു ചർച്ച 2016 ഒക്ടോബർ 26-ാം തീയതി നടത്താൻ നമുക്ക് കഴിഞ്ഞു. ഈ അവസരം കൂടുതലായി വിനിയോഗിച്ചുകൊണ്ട് കൂടുതൽ റിപ്പോർട്ടുകളെ സംബന്ധിച്ചുള്ള ചർച്ചകൾ നടത്താൻ ഇക്കാലയളവിൽ നമുക്ക് കഴിഞ്ഞില്ലെന്നത് സ്വയം വിമർശനമായും പരിമിതിയായും കാണേണ്ടതാണ്.

പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും വിവിധ വിഷയങ്ങളെ സംബന്ധിച്ച് ചട്ടം 300 പ്രകാരം 24 പ്രസ്താവനകൾ സഭയിൽ നടത്തുകയുണ്ടായി.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 6 ബഡ്ജറ്റുകളാണ് ഇക്കാലയളവിൽ സഭയിൽ അവതരിപ്പിച്ചത്. കേരള നിയമസഭയിലെത്തന്നെ ഏറ്റവും ദൈർഘ്യമേറിയ ബഡ്ജറ്റ് പ്രസംഗമായ 3 മണിക്കൂർ 18 മിനിട്ട് എന്ന റിക്കോർഡ് സ്ഥാപിച്ചുകൊണ്ടാണ് ഈ മാസം 15-ാം തീയതി അദ്ദേഹം തന്റെ പന്ത്രണ്ടാമത് ബഡ്ജറ്റ് ഈ സഭയിൽ അവതരിപ്പിച്ചത്. പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ സംസ്ഥാന ബഡ്ജറ്റ് സമ്പൂർണ്ണമായി പാസ്സാക്കുന്ന രീതി കേരള നിയമസഭയിൽ വളരെ അപൂർവ്വമായിമാത്രമേ നടന്നിട്ടുള്ളൂ. സാധാരണയായി വോട്ട്-ഓൺ-അക്കൗണ്ട് പാസ്സാക്കിയതിനുശേഷം സാമ്പത്തിക വർഷത്തിന്റെ ആദ്യ നാല് മാസത്തിന്റെ അവസാനത്തിൽ മാത്രമേ പൂർണ്ണമായി ബഡ്ജറ്റ് പാസ്സാക്കാൻ കഴിയുമായിരുന്നുള്ളൂ. കേരള നിയമസഭയിൽ 1964, 1968, 1969, 1972, 1975, 2005 എന്നിങ്ങനെയുള്ള വർഷങ്ങളിൽ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കിയിരുന്നു. എന്നാൽ 2005-നുശേഷം 13 വർഷങ്ങൾ കഴിഞ്ഞ് 2018-ലും പിന്നീട് 2020-ലും സാമ്പത്തിക വർഷാരംഭത്തിന് മുമ്പുതന്നെ സമ്പൂർണ്ണമായ ബഡ്ജറ്റ് പാസ്സാക്കാൻ നമുക്ക് സാധിച്ചു.

ഈ സഭാകാലയളവിൽ ഡി.വി. ഗ്യാലറിയിൽ 1259-ഉം സ്പീക്കേഴ്സ് ഗ്യാലറിയിൽ 24062-ഉം പബ്ലിക് ഗ്യാലറിയിൽ 40403-ഉം ഉൾപ്പെടെ ആകെ 65724 സന്ദർശകർ നിയമസഭാ നടപടികൾ വീക്ഷിക്കാനെത്തി. കോവിഡ്-19 പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ടുള്ള നിയമസഭയുടെ 20, 21, 22 സമ്മേളനങ്ങളിൽ ഡി.വി. ഗ്യാലറിയിലൊഴികെ മറ്റൊരു ഗ്യാലറിയിലും സന്ദർശകരെ അനുവദിച്ചിരുന്നില്ല.

രാവിലെ 8.30-ന് സഭാ സമ്മേളനം ആരംഭിക്കുക എന്ന 1976 മുതൽ നിലനിന്നിരുന്ന ചട്ടവ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ട് സഭാ സമ്മേളനം ചേരുന്നത് പന്ത്രണ്ടാം സമ്മേളനം മുതൽ 9 മണി എന്നാക്കി മാറ്റുകയുണ്ടായി. അതുപോലെ സ്ത്രീകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പരിഗണനാ പട്ടികയിൽ ട്രാൻസ്ജെന്ററിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടും സമിതിയുടെ പേരിൽ മാറ്റംവരുത്തിക്കൊണ്ടും ആവശ്യമായ ചട്ടഭേദഗതികൾ ഇക്കാലയളവിൽ വരുത്തുകയുണ്ടായി. അതുപോലെ കടലാസ് രഹിത സഭയായി മാറുന്നതിന്റെ ഭാഗമായി ചട്ടങ്ങളിൽ അവശ്യംവേണ്ട ഭേദഗതികളും വരുത്താൻ ഈ അവസാന സമ്മേളനത്തിലൂടെ നമുക്ക് സാധിച്ചു.

കേരളപ്പിറവിയുടെ അറുപതാം വാർഷികം, ഒന്നാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ അറുപതാം വാർഷികം (പഴയ നിയമസഭാ ഹാളിൽ), രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 150-ാം വാർഷികം എന്നിവയോടനുബന്ധിച്ച്

സഭയുടെ മൂന്ന് പ്രത്യേക സമ്മേളനങ്ങൾ ഇക്കാലയളവിൽ ചേരുകയുണ്ടായി. കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസി' രാഷ്ട്രപതി ശ്രീ. രാംനാഥ് കോവിന്ദ് ഉദ്ഘാടനം നിർവ്വഹിക്കുകയും അതിന്റെ തുടർച്ചയായി ശ്രദ്ധേയമായ രണ്ട് ദേശീയ സെമിനാറുകൾ സംഘടിപ്പിക്കുകയുമുണ്ടായി. ദേശീയാടിസ്ഥാനത്തിൽ ദളിത്, ന്യൂനപക്ഷ വിഭാഗത്തിന്റെ അനുഭവങ്ങളേയും നിയമപരമായ സാധ്യതകളേയും വെല്ലുവിളികളേയും പരിശോധിക്കുന്ന നാഷണൽ ലെജിസ്ലേച്ചർ കോൺഫറൻസും ഇന്ത്യയിലെ 23 സംസ്ഥാനങ്ങളിൽനിന്ന് 2500-ൽ അധികം വരുന്ന യുവജനനേതാക്കൾ പങ്കെടുക്കുന്ന നാഷണൽ സ്റ്റുഡന്റ്സ് പാർലമെന്റും ഇതിന്റെ ഭാഗമായിട്ടുള്ള ശ്രദ്ധേയമായ പരിപാടികളായിരുന്നു. രാജ്യത്തെ സുപ്രധാന രാഷ്ട്രീയ നേതാക്കളും നവോത്ഥാന ചിന്തകന്മാരുമുൾപ്പെടെ പങ്കെടുക്കുന്ന ശ്രദ്ധേയമായൊരു കൂട്ടായ്മയായിരുന്നു ആ പരിപാടി. നിയമനിർമ്മാണ പ്രക്രിയയിൽ പൊതുജനങ്ങൾക്കുകൂടി പങ്കാളിത്തം ഉറപ്പുവരുത്താൻ ഉദ്ദേശിച്ചുകൊണ്ട് പ്രസിദ്ധീകരിച്ച ബില്ലുകളിന്മേൽ ഭേദഗതി നിർദ്ദേശിക്കാൻ താൽപ്പര്യമുള്ള വ്യക്തികൾക്കും സംഘടനകൾക്കും അവസരം ലഭ്യമാക്കാൻ ഒരു വെബ്പോർട്ടൽ ആരംഭിച്ചു. ഒരുപക്ഷേ ഇന്ത്യയിൽ ആദ്യമായിട്ടായിരിക്കും നിയമനിർമ്മാണ പ്രക്രിയയിൽ വ്യക്തികൾക്ക് പങ്കാളിത്തത്തിനുള്ള അവസരം ലഭ്യമാക്കുന്ന നടപടി സ്വീകരിക്കുന്നത്.

നിയമം നിർമ്മിക്കപ്പെട്ടതിനുശേഷം യഥാസമയം ചട്ടങ്ങൾ രൂപീകരിക്കാതിരിക്കുന്നതുമൂലം ഭരണരംഗത്തുണ്ടായിക്കൊണ്ടിരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓരോ സബ്ജക്ട് കമ്മിറ്റികൾക്കും പ്രത്യേകം ചുമതലകൾ നൽകി ചട്ടനിർമ്മാണം ത്വരിതപ്പെടുത്തി. പതിനഞ്ച് വർഷത്തിലധികമായി പ്രസിദ്ധീകരിക്കാതിരുന്ന സഭയുടെ ഔദ്യോഗിക നടപടികളെല്ലാം സമയബന്ധിതമായി പ്രസിദ്ധീകരിക്കാനും സഭയുടെ ഇതുവരെയുള്ള എല്ലാ ചരിത്രവും ആർക്കൈവ്സ് ചെയ്യാനും നിയമസഭയുടെ വെബ്സൈറ്റിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിച്ചു. ഭരണഘടനാമൂല്യങ്ങൾ അസാധാരണമായ നിലയിൽ ചോദ്യം ചെയ്യപ്പെടുന്ന പശ്ചാത്തലത്തിൽ സംസ്ഥാന സാക്ഷരതാ മിഷനുമായി ചേർന്ന് സംസ്ഥാനത്തൊട്ടാകെ 1000 ഭരണഘടനാ ക്ലാസ്സുകളും സംസ്ഥാനത്ത് ഭരണഘടനാ സാക്ഷരതാ മാർച്ചും സംഘടിപ്പിക്കാൻ കഴിഞ്ഞു. 'സഭാ ടി.വി.' എന്ന പേരിൽ കേരള നിയമസഭയ്ക്ക് സ്വന്തമായൊരു ടി.വി. ചാനലും ഒരു O.T.T. പ്ലാറ്റ് ഫോമും ആരംഭിച്ചു. കടലാസ് രഹിത നിയമസഭ എന്ന ആശയം സാക്ഷാത്കരിക്കുന്നതിലേയ്ക്കായി 'ഇ'-നിയമസഭ പദ്ധതിക്ക് തുടക്കം കുറിച്ചു. നിയമസഭയിലെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് (സി.പി.എസ്.ടി.) എന്ന സ്ഥാപനത്തെ നവീകരിച്ച് അക്കാദമികവും പുതുമയാർന്നതുമായ പരിപാടികളിലൂടെ പുനഃസംഘടിപ്പിച്ചു. കേരള നിയമസഭ പാസ്സാക്കിയ നിയമങ്ങൾ സമൂഹത്തിൽ വരുത്തിയ ചലനങ്ങളെ സംബന്ധിച്ച് ഒരു ഇംപാക്ട് സ്റ്റഡി നടത്തി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. അതോടൊപ്പം മറ്റ് ഇരുപതോളം

ഗ്രന്ഥങ്ങളും നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. കേരള നിയമസഭയിൽ അംഗമായതിന്റെ 50 വർഷം പൂർത്തീകരിച്ച കെ. എം. മാണി, ശ്രീ. ഉമ്മൻ ചാണ്ടി എന്നിവരുടെ നിയമസഭാ പ്രവർത്തനത്തെ സംബന്ധിച്ച് 2 പ്രത്യേക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചു. അവയുൾപ്പെടെ എട്ടോളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരണത്തിനായി പണിപ്പുരയിൽ തയ്യാറായി വരികയാണ്. കൗൾ ആൻഡ് ശക്ധർ മാതൃകയിൽ ഇന്ത്യയിൽ ആദ്യമായി കേരള നിയമസഭയിലെ നടപടിച്ചട്ടങ്ങളെയും കീഴ്‌വഴക്കങ്ങളെയും സംബന്ധിക്കുന്ന ഒരു റഫറൻസ് ഗ്രന്ഥം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. അതിന്റെ രണ്ടാം വാല്യം ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. 'അറിവോരം' എന്നപേരിൽ ഒരു വെബ്/അച്ചടി മാഗസിൻ ആരംഭിച്ചുവഴി സാമാജികരുടെയും നിയമസഭയുടെയും പ്രവർത്തനങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കാൻ സാധിച്ചു. നിയമസഭാ മാധ്യമ അവാർഡുകൾ നവീകരിച്ച് വിപുലപ്പെടുത്തുകയും സമ്മാനത്തുക വർദ്ധിപ്പിക്കുകയും ചെയ്തു. നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിനെ ഒരു അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്ററായി മാറ്റി. നിയമസഭാ പരിസരത്തെ ഹരിത പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഓർഗാനിക് ഫാമിംഗ് നടത്തുകയും ഒരു കാർഷികോദ്യാനമാക്കി മാറ്റുകയും ചെയ്തു. സാമാജികരുടെ വാസസ്ഥലത്തെ പരിമിതികൾ പരിഹരിക്കുന്നതിനും അംഗങ്ങൾക്ക് മെച്ചപ്പെട്ട താമസസൗകര്യമൊരുക്കുന്നതിനുംവേണ്ട ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അംഗങ്ങളുടെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി വേണ്ടത്ര വാഹന സൗകര്യങ്ങൾ ഏർപ്പാടാക്കുകയും കാന്റീൻ സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്തു.

അഞ്ച് വർഷം പൂർത്തീകരിക്കാൻ പോകുന്ന പതിനാലാം കേരള നിയമസഭയുടെ എല്ലാ സമ്മേളനങ്ങളും അനുബന്ധ പരിപാടികളും വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, ഡെപ്യൂട്ടി സ്പീക്കർ, ചീഫ് വിപ്പ്, പ്രതിപക്ഷനേതാവ്, വിവിധ കക്ഷിനേതാക്കൾ, അംഗങ്ങൾ എന്നിവരോടെല്ലാം ചെയർ നന്ദി രേഖപ്പെടുത്തുന്നു. സഭയുടെ നടപടികളുമായും പരിപാടികളുമായും സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലേയും വിവിധ വകുപ്പുകളിലേയും എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമ പ്രവർത്തകർക്കും ചെയർ പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു. ഈ സഭയിൽ കണ്ട എല്ലാ മുഖങ്ങളും അടുത്തുവരാനിരിക്കുന്ന സഭയിലും ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു. എല്ലാപേർക്കും ഊഷ്മളമായ ആശംസകൾ.

ഓർഡർ.. ഓർഡർ.... സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ രാത്രി 8.18-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

## SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.1/Table-1/2021/Leg. Thiruvananthapuram, 26th January, 2021

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Twenty Second Session of the Fourteenth Kerala Legislative Assembly with effect from January 22, 2021 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനം 2021 ജനവരി 22-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചത് മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor

Name of the Secretary

Secretary

## അനുബന്ധം

## 1. പി.എസ്.സി.-യുടെ ചോദ്യപേപ്പർ മലയാളത്തിലാക്കുന്നത് സംബന്ധിച്ച ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

സംസ്ഥാനത്ത് ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനുള്ള ഊർജ്ജിത നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ, വിദേശരാജ്യങ്ങൾ എന്നിവയുമായുള്ള കത്തിടപാടുകൾ, നിയമപ്രകാരം ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങൾ എന്നിവയ്ക്ക് ഇംഗ്ലീഷ് ഉപയോഗിക്കുന്നതൊഴികെ ഭരണഭാഷ മലയാളമായിരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർ മലയാള ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാണെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലസ് ടു തലംവരെ അടിസ്ഥാന യോഗ്യതയുള്ള എല്ലാ പരീക്ഷകൾക്കും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മലയാളത്തിലാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത്. കൂടാതെ, നഴ്സറി സ്കൂൾ ടീച്ചർ ഉൾപ്പെടെ ഹൈസ്കൂൾതലം വരെയുള്ള അദ്ധ്യാപക തസ്തികകൾക്കും ചോദ്യപേപ്പർ മലയാളത്തിലാണ്. സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള തസ്തികകൾക്ക് ഇംഗ്ലീഷിലാണ് ചോദ്യങ്ങൾ തയ്യാറാക്കിവരുന്നത്. സാങ്കേതിക വിഷയങ്ങളുൾപ്പെടെ ഉയർന്ന യോഗ്യതകൾക്ക് പഠനമാധ്യമം ഇംഗ്ലീഷായതിനാൽ മലയാളത്തിൽ ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് വിവിധ സർവ്വകലാശാലാ വൈസ് ചാൻസലർമാരോ അവർ നിർദ്ദേശിക്കുന്ന സ്ഥിരം പ്രതിനിധികളോ അംഗങ്ങളായും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ കൺവീനറായും ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷിലെ സാങ്കേതിക പദങ്ങൾക്ക് തുല്യമായ മലയാള പദാവലി തയ്യാറാക്കുന്നമുറയ്ക്ക് കൂടുതൽ പരീക്ഷകൾ മലയാളത്തിൽ നടത്താൻ കഴിയുന്നതാണ്. കെ.എ.എസ്. പരീക്ഷയിൽ ചോദ്യപേപ്പർ ഇംഗ്ലീഷിലാണെങ്കിലും മലയാളത്തിലും ഉത്തരമെഴുതാവുന്നതാണ്. ഇതോടൊപ്പം 30 മാർക്കിന്റെ ചോദ്യം മലയാളത്തിൽത്തന്നെ ഉത്തരമെഴുതേണ്ടതുമാണ്. ഡിഗ്രി തലത്തിലുള്ള എല്ലാ പൊതു പരീക്ഷയിലും 15% ചോദ്യം മലയാളത്തിൽ മാത്രമുള്ളതും അതിൽ മാത്രം ഉത്തരമെഴുതേണ്ടതുമാണ്. ഐ.എ.എസ്./ഐ.പി.എസ്./ഐ.എഫ്.എസ്. തുടങ്ങിയ അഖിലേന്ത്യാ സർവ്വീസുകളിൽ വരുന്നവർക്ക് മലയാള പരിജ്ഞാനം ഉറപ്പുവരുത്തുന്ന വകുപ്പുതല പരീക്ഷകളും ഇന്റർവ്യൂകളും പി.എസ്.സി. നടത്തുന്നുണ്ട്. ഉദ്യോഗാർത്ഥികളിൽ 90 ശതമാനം പേരും എഴുതുന്ന പരീക്ഷകൾ മുഴുവൻ മലയാളത്തിൽത്തന്നെ ചോദ്യവും ഉത്തരവുമെന്ന സ്ഥിതിയായിക്കഴിഞ്ഞിട്ടുണ്ട്.

## 2. കാലിക്കട്ട് ഇന്റർനാഷണൽ എയർപോർട്ടിന്റെ പ്രവർത്തനം സംബന്ധിച്ച ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് കർമ്മത്തിനുപോകുന്നതിനുള്ള ഹജ്ജ് എംബാർക്കേഷൻ പോയിന്റായി 2002 മുതൽ കോഴിക്കോട് വിമാനത്താവളം പ്രവർത്തിച്ചുവരികയാണ്. 2015-ൽ റൺവേയുടെ അറ്റകുറ്റപ്പണികൾ ചൂണ്ടിക്കാട്ടി ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിലേയ്ക്ക് മാറ്റുകയും 2018-വരെ നെടുമ്പാശ്ശേരിയിൽ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി 2019-ൽ കോഴിക്കോടിനെ വീണ്ടും ഹജ്ജ് എംബാർക്കേഷൻ പോയിന്റായി പരിഗണിച്ചു. 2020 ആഗസ്റ്റിൽ നടന്ന വിമാന ദുരന്തത്തെത്തുടർന്ന് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും വലിയ വിമാനങ്ങൾക്കുള്ള യാത്രയ്ക്ക് വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. വിലക്ക് പിൻവലിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കാൻ കോഴിക്കോട് വിമാനത്താവള ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരളത്തിൽനിന്നും ഏറ്റവും സൗകര്യപ്രദവും കൂടുതൽ ആളുകൾ യാത്ര പുറപ്പെടുന്നതുമായ കോഴിക്കോടിനെ എംബാർക്കേഷൻ പോയിന്റായി നിലനിർത്തണമെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെ അനുകൂലമായ തീരുമാനമുണ്ടായിട്ടില്ല. 2020-ൽ വിമാനത്താവളത്തിലുണ്ടായ അപകടകാരണം കണ്ടെത്തുന്നതിന് നിയോഗിച്ചിട്ടുള്ള Aircraft Accident Investigation Bureau (AAIB)-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വലിയ വിമാനത്താവളങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസ് പുനരാരംഭിക്കുകയുള്ളൂവെന്നാണ് അറിയുന്നത്. കോഴിക്കോട് വിമാനത്താവളം ഹജ്ജ് എംബാർക്കേഷൻ പോയിന്റായി നിലനിർത്തുന്നതിന്റെ ആവശ്യകത വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. കോഴിക്കോട് വിമാനത്താവളത്തിലേക്കുള്ള പ്രധാന റോഡ് അന്തർദേശീയ നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡിന്റെ അറ്റകുറ്റപ്പണി യഥാസമയം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## 3) കൈത്തറി മേഖലയുടെ സ്തംഭനാവസ്ഥ സംബന്ധിച്ച ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവും പ്രമുഖമായ സ്ഥാനമാണ് കൈത്തറി വസ്ത്രമേഖലയ്ക്കുള്ളത്. ഈ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ ധാരാളം നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്ത് തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ പ്രവർത്തിച്ചി

രുന്നുള്ളൂ. അതുമാത്രമല്ല, നൂറോ നൂറ്റിയമ്പതോ രൂപയാണ് കൂലിയിനത്തിൽ ലഭിച്ചിരുന്നത്. വർഷത്തിൽ നൂറ് ദിവസത്തിൽ താഴെ മാത്രമായിരുന്നു തൊഴിലാളികൾക്ക് ജോലി ലഭ്യമായിരുന്നത്. ഇതിന്റെ ഭാഗമായി കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽനിന്നും നിരന്തരം കൊഴിഞ്ഞുപോകുന്ന അവസ്ഥ സംജാതമായിരുന്നു. ഈ സാഹചര്യത്തിൽ പരമ്പരാഗത നെയ്ത്ത് തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിനും കൈത്തറി മേഖലയുടെ സമഗ്രമായ ഉന്നമനവും ലക്ഷ്യമാക്കിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. ഈ സർക്കാർ നടപ്പിലാക്കിയ ജനോപകാരപ്രദമായ പദ്ധതികളിൽ മുഖ്യമായ സ്ഥാനമാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്കുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം നെയ്ത്തുകാർക്ക് വർഷത്തിൽ 200 മുതൽ 300 ദിവസം വരെ തൊഴിലും പ്രതിദിനം 600 രൂപയിലേറെ കൂലിയും ലഭിക്കുന്ന വിധത്തിൽ തൊഴിൽ സാഹചര്യമുണ്ടായിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കി 4 വർഷം പിന്നിട്ടപ്പോൾ 5900-ൽപ്പരം നെയ്ത്തുകാരുടെയും 1600-ഓളം നെയ്ത്ത് അനുബന്ധ തൊഴിലാളികളുടെയും തൊഴിൽസ്ഥിരത ഉറപ്പാക്കിയിട്ടുണ്ട്. കൂലിയിനത്തിൽത്തന്നെ നെയ്ത്തുകാർക്ക് ഇതുവരെ 160 കോടിയോളം രൂപ വിതരണം ചെയ്തിട്ടുണ്ട്. 2020 സെപ്റ്റംബർ മാസം വരെയുള്ള കൂലി നെയ്ത്തുകാർക്ക് വിതരണം ചെയ്തിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലെ കൂലി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽസ്ഥിരതയും മെച്ചപ്പെട്ട കൂലിയും ഉറപ്പായതിനുശേഷം ഈ മേഖലയിൽനിന്നും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി തടയാനും പുതുതായി 1071 പേർക്ക് തൊഴിൽ നൽകാനും കഴിഞ്ഞു.

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി ഇതുവരെയും പ്രതിസന്ധിയിലേയ്ക്കോ സ്തംഭനാവസ്ഥയിലേയ്ക്കോ നീങ്ങിയിട്ടില്ല. കോവിഡ്-19 പ്രതിസന്ധി നിലനിന്നിരുന്നിട്ടുപോലും പ്രതീക്ഷ കൈവിടാതെ ഈ മേഖലയിൽത്തന്നെ ഉറച്ചുനിൽക്കുന്നതിന് തൊഴിലാളികളെ പ്രാപ്തരാക്കി. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിനുശേഷം കൈത്തറി മേഖലയ്ക്കുണ്ടായ പുത്തനുണർവ് ആശാവഹമാണ്. സർക്കാൻ നടപ്പിലാക്കി വിജയിച്ച സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിലും കൈത്തറി മേഖലയിൽ നൽകിവരുന്ന മിനിമം കൂലി സംബന്ധിച്ചും കേരളത്തിൽ സന്ദർശനം നടത്തിയ പാർലമെന്ററി സമിതി ആകൃഷ്ടരാകുകയും പ്രത്യേകം പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി ഇതേ രീതിയിൽ മറ്റു സംസ്ഥാനങ്ങളിലും നടപ്പിൽവരുത്തുന്നതിനും മേൽസമിതി ശിപാർശ ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് ലഭിച്ച അംഗീകാരമായി ഇത് കണക്കാക്കാവുന്നതാണ്. കൂടാതെ നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ച് നൽകുകയും 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 വരെ താഴെപ്പറയുംപ്രകാരം ആകെ 25.84 കോടി രൂപ പ്രൊഡക്ഷൻ ഇൻസെന്റീവായി കൈത്തറി തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

| വർഷം | രൂപ |
|---|---|
| 2016 - 17 | 3.12 കോടി |
| 2017 - 18 | 9.5 കോടി |
| 2018 - 19 | 4.02 കോടി |
| 2019 - 20 | 5 കോടി |
| 2020 - 21 | 4.20 കോടി |
| ആകെ | 25.84 കോടി |

തുടർന്നും അർഹരായവർക്കുള്ള തുക അനുവദിച്ച് നൽകുന്നതാണ്.

4. കാസർഗോഡ് BHEL- EML അടച്ചുപൂട്ടിയത് സംബന്ധിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ നീതി ആയോഗിന്റെ ശിപാർശപ്രകാരം വിറ്റഴിക്കുന്ന കേന്ദ്രസർക്കാരിന്റെ നയത്തിൽനിന്നും വ്യത്യസ്തമായി കേരളത്തിൽ പ്രവർത്തിക്കുന്ന അത്തരം സംരംഭങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി സംരക്ഷിക്കുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. അതിന്റെ ഭാഗമായിട്ടാണ് BHEL- EML എന്ന സംയുക്ത സംരംഭത്തിലെ BHEL കൈവശമുള്ള 51% ഓഹരികൾ JV agreement പ്രകാരം സംസ്ഥാനം വാങ്ങാൻ തയ്യാറായത്. തുടർന്ന് ഇതുസംബന്ധിച്ച് BHEL-മായി നടത്തിയ പരസ്പര ചർച്ചയുടെ ഫലമായി തയ്യാറാക്കിയ " Agreement for sale" സംസ്ഥാന സർക്കാർ അംഗീകരിച്ച് BHEL-ന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഇതുസംബന്ധിച്ച് പ്രതികരണം ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ഉന്നതതലത്തിൽ കത്തുകളയയ്ക്കുകയും സംസ്ഥാന സർക്കാരിന്റെ ഉയർന്ന ഉദ്യോഗസ്ഥർ കേന്ദ്ര ഘന വ്യവസായ മന്ത്രാലയവുമായി നേരിട്ട് ബന്ധപ്പെടുകയും ചെയ്തിട്ടും അനുകൂലമായ അറിയിപ്പുകൾ ലഭിച്ചിട്ടില്ല. ലഭ്യമായ വിവരം അനുസരിച്ച് കേന്ദ്രത്തിലെ Department of Heavy Industries-ന്റെ ഇക്കാര്യത്തിലുള്ള അപ്രൂവലിനായി BHEL കാത്തിരിക്കുകയാണെന്ന് അറിയുന്നു. ഈ സംയുക്ത സംരംഭത്തിൽ ഭൂരിപക്ഷ ഓഹരിയുടെ ഉടമസ്ഥതയും ഭരണപരമായ നിയന്ത്രണവും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. എന്നാലും ജീവനക്കാരുടെയും

അവരുടെ കുടുംബത്തിന്റെയും അവസ്ഥ പരിഗണിച്ച് ഈ സംരംഭത്തിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിനായി ഈ ഗവൺമെന്റ് പല ഘട്ടങ്ങളിലായി 6.80 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. BHEL-EML-ൽ നിലവിൽ ഉൽപ്പാദനമൊന്നും നടക്കുന്നില്ല. 142 സ്ഥിരം ജീവനക്കാരും 18 ലേബർ കോൺട്രാക്ട് തൊഴിലാളി കളുമാണ് നിലവിലുള്ളത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട കേസിലെ 13-10-2020-ലെ ഉത്തരവുപ്രകാരം BHEL-ഉം സംസ്ഥാന സർക്കാരും തമ്മിൽ ഒപ്പുവയ്ക്കേണ്ട " Agreement for sale" -ന്മേൽ മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കാൻ കേന്ദ്രസർക്കാരിനോടും Ministry of Heavy Industries and Public Enterprises സെക്രട്ടറിക്കും നിർദ്ദേശം നൽകി ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ട് മൂന്ന് മാസം കഴിഞ്ഞു. ഇപ്പോഴും അന്തിമാനുമതി (Approval) ലഭിച്ചിട്ടില്ല. അനുമതി ലഭിച്ചശേഷം സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിക്കാനും ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷെ ഇക്കാര്യത്തിൽ BHEL-ൽനിന്നോ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പിൽനിന്നോ നാളിതുവരെ സംസ്ഥാനത്തിന് നിർദ്ദേശം ലഭിച്ചിട്ടില്ല.

5. കോഴഞ്ചേരി പത്തനംതിട്ട വില്ലേജുകളിലെ റീസർവ്വേ സംബന്ധിച്ച ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

കാലഘട്ടത്തിനനുസൃതമായി ആധുനിക സർവ്വേ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി Electronic Total Station (ETS), Global Positioning System (GPS) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് ഡിജിറ്റൽ സർവ്വേ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് സർവ്വേ വകുപ്പിൽ തുടക്കം കുറിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ പത്തനംതിട്ട വില്ലേജിന്റെ റീസർവ്വേ പ്രവർത്തനം മാത്രമാണ് നിലവിൽ തുടർന്നുവരുന്നത്. റീസർവ്വേ കൂടാതെ എൽ.ആർ.എം, ലാൻഡ് അക്വിസിഷൻ സർവ്വേ, ഫോറസ്റ്റ് സർവ്വേ, സർക്കാരിന്റെ വിവിധ വികസനപ്രവർത്തനങ്ങൾക്കാവശ്യമായ സർവ്വേ, പട്ടയം നൽകുന്നതിനുള്ള സർവ്വേ എന്നീ പ്രവർത്തനങ്ങൾക്കും വകുപ്പിലെ സർവ്വേ ജീവനക്കാരെയാണ് നിയോഗിച്ചുവരുന്നത്. ജീവനക്കാരെ സർക്കാരിന്റെ വികസനവുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങൾക്ക് നിയമിക്കേണ്ടതായി വരുന്നതിനാൽ ജില്ലയിലെ മറ്റ് വില്ലേജുകളിലേയ്ക്ക് റീസർവ്വേ പ്രവർത്തനം വ്യാപിപ്പിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. 10-5-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 181/2018/റവന്യൂ ഉത്തരവ് പ്രകാരം അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരെയും സർവ്വേ സ്കൂളിൽനിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള

ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുള്ളതനുസരിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് തുടർനടപടികൾക്കായി അറിയിപ്പ് നൽകിയിട്ടുണ്ട്. നിലവിൽ സർവ്വേ വകുപ്പിൽ സർവ്വേ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിലേയ്ക്കായി ആധുനിക സർവ്വേ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിച്ച്, Real Time Kinematic (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് CORS നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം സർവ്വേ ഓഫ് ഇൻഡ്യയുമായി ഒപ്പുവച്ച് തുടർനടപടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയാക്കി വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനം കൂടുതൽ കൃത്യതയോടെയും സമയബന്ധിതമായും പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

### 6. ആനക്കയം ആദിവാസി കോളനികളുടെ പുനരധിവാസം സംബന്ധിച്ച ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

2018-ലെ പ്രളയത്തെ തുടർന്നുണ്ടായ ഉരുൾപൊട്ടൽ ചാലക്കുടി താലൂക്ക് അതിരപ്പിള്ളി വില്ലേജിലെ ആനക്കയം ആദിവാസി കോളനി നിവാസികളെ താൽക്കാലികമായി ക്യാമ്പുകളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കാൻ ശ്രമിച്ചെങ്കിലും കോളനി നിവാസികൾ അത് സമ്മതിക്കാതെ തൊട്ടടുത്തുള്ള പാറപ്പുറത്ത് ഷെഡ്ഡുകൾ കെട്ടി താമസിച്ചുവരികയാണ്. അത്തരത്തിൽ 23 കുടുംബങ്ങളിലായി നൂറിലധികം പേർ 2 വർഷമായി താമസിച്ചുവരുന്നുണ്ട്. കോളനി നിവാസികളുടെ പുനരധിവാസത്തിനായി വനഭൂമി അനുവദിക്കുന്നതിന് 1980-ലെ വനസംരക്ഷണ നിയമം പ്രകാരം യൂസർ ഏജൻസിയായ ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് മുഖേന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ MOEF പരിവേഷ് എന്ന വെബ് പോർട്ടലിൽ നിശ്ചിത പ്രൊഫോർമയിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും വനം വകുപ്പ് പ്രസ്തുത പ്രൊപ്പോസലിന്മേൽ ഭൂമി അനുവദിക്കുന്നതിന് കേന്ദ്ര വനം മന്ത്രാലയവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. വാഴച്ചാൽ വനം ഡിവിഷനിലെ 9 ആദിവാസി കോളനികളുടെ സാമൂഹിക വനാവകാശത്തിനുള്ള അപേക്ഷയിന്മേൽ 23-4-2019-ന് തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ ജില്ലാതല കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വാഴച്ചാൽ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന മലക്കപ്പാറ, ഷോളയാർ, ആനക്കയം, മുക്കമ്പുഴ, തവളക്കുഴിപ്പാറ, പെരിങ്ങൽക്കുത്ത്, വാച്ചുമരം, പൊകലപ്പാറ, വാഴച്ചാൽ എന്നീ 9 പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കമ്മ്യൂണിറ്റി ഫോറസ്റ്റ് റൈറ്റ് ടൈറ്റിലുകൾ, കമ്മ്യൂണിറ്റി ഫോറസ്റ്റ് റിസോഴ്സ് ടൈറ്റിലുകൾ എന്നിവ 30-12-2013-ന് തൃശ്ശൂർ ജില്ലാ

കളക്ടർ അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. വാഴച്ചാൽ വനം ഡിവിഷനിലെ വാഴച്ചാൽ, ചാർപ്പ, കൊല്ലത്തിരുമേട്, ഷോളയാർ റെയ്ഞ്ചുകളിലുള്ള ഒമ്പത് ആദിവാസി കോളനികളിൽ വനാവകാശ നിയമം 2006 പ്രകാരം 267 അപേക്ഷകളിൽ ആകെ 44.67859 ഹെക്ടർ വനഭൂമിക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. വാഴച്ചാൽ വനം ഡിവിഷനിലെ കൊല്ലത്തിരുമേട്, വാഴച്ചാൽ, ഷോളയാർ, ചാർപ്പ റെയ്ഞ്ചുകളിലായി 26 അപേക്ഷകൾ ഡെവലപ്മെന്റ് റൈറ്റ്സിനായി ലഭിക്കുകയും ആയതിൽ 24 എണ്ണം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## 7. കൈവശകൃഷിക്കാർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച ശ്രീ. രാജു എബ്രഹാം, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

റാന്നി നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ കൈവശകൃഷിക്കാർക്ക് പട്ടയം വിതരണം ചെയ്യുന്നത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പരുവ-കൊല്ലമുള്ള വില്ലേജ്-

ആദിവാസി സെറ്റിൽമെന്റ് ഏരിയയിൽ ഉൾപ്പെട്ടുവരുന്ന പ്രദേശം - വനാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്.

കുറുമ്പൻമൂഴി മണക്കയം-കൊല്ലമുള്ള വില്ലേജ് -

കൊല്ലമുള്ള വില്ലേജിലെ ടി പ്രദേശം ആദിവാസി സെറ്റിൽമെന്റാണ്. 1-1-1977-നുമുമ്പുള്ള വനഭൂമി ക്രമവൽക്കരിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ഉൾപ്പെട്ടുവന്നിട്ടില്ല.

വലിയപതാൽ-ചേത്തയ്ക്കൽ വില്ലേജ് -

നിലവിലുള്ള 57 ആദിവാസി കുടുംബങ്ങളിൽ പലരും തങ്ങളുടെ പൂർവ്വികർക്ക് ലഭിച്ചിട്ടുള്ളതും മുൻതലമുറ അന്യാധീനപ്പെടുത്തിയതുമായ ഭൂമി തിരിച്ചുവേണമെന്ന ആവശ്യവുമായി പട്ടയ നടപടികളുമായി സഹകരിക്കാതെയും സർവ്വേ നടത്തുന്നതിനും മറ്റും എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളതാണ്.

അരയാഞ്ഞിലിമൺ-കൊല്ലമുള്ള വില്ലേജ് കടുമീൻചിറ അത്തിക്കയം, കുറുമ്പൻമൂഴി - മണക്കയം -

1-1-1977-നുമുമ്പുള്ള വനഭൂമി കയ്യേറ്റത്തിൽപ്പെട്ടതും സംയുക്ത പരിശോധന നടത്തി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി അയച്ചിട്ടുള്ള ഭൂമിയിൽ ഉൾപ്പെട്ടുവരുന്നതുമാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചാലുടൻ തന്നെ പട്ടയം നൽകുന്നതാണ്.

<u>ചെള്ളനാവയൽ</u> -

കൈവശങ്ങൾക്ക് വനാവകാശ രേഖ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രദേശങ്ങൾ റവന്യൂ റിക്കാർഡുകളിൽ ഉൾപ്പെട്ട് വന്നിട്ടുള്ളതും പുറമ്പോക്കായി നിലനിൽക്കുന്നതുമാണ്. ആയതിനാൽ പ്രസ്തുത കൈവശരേഖ റദ്ദ് ചെയ്ത് പട്ടയം അനുവദിക്കുന്നകാര്യം പരിശോധിച്ചുവരികയാണ്.

<u>മുക്കുഴി (വടശ്ശേരിക്കര വില്ലേജ്)</u>

84 പേർക്ക് 5 സെന്റ് വീതം പട്ടയം അനുവദിച്ചിരുന്നതാണ്. റീസർവ്വേയ്ക്കുശേഷം ടി ഭാഗം മലയാലപ്പുഴ വില്ലേജിലും വടശ്ശേരിക്കര വില്ലേജിലുമായി രണ്ട് ഭാഗങ്ങളായിട്ടുണ്ട്. റീസർവ്വേയ്ക്കുശേഷം മലയാലപ്പുഴ വില്ലേജിന്റെ ഭാഗമായി വന്നിട്ടുള്ളവരുടെ പേരിൽത്തന്നെ റീസർവ്വേ റെക്കോർഡുകളിൽ വന്നിട്ടുള്ളതും എന്നാൽ വടശ്ശേരിക്കര വില്ലേജിൽപ്പെട്ട ഭാഗം പുറമ്പോക്കായി പോയിട്ടുള്ളതുമാണ്. ഇത് പരിഹരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ഒളികല്ല് (വടശ്ശേരിക്കര വില്ലേജ്)</u> -

ട്രൈബൽ സെറ്റിൽമെന്റാണ് ഒളികല്ല്. ഇതിൽ ചില കൈവശങ്ങൾ 1-1-1977-നുമുൻപ് വനഭൂമി കയ്യേറിവച്ചുവരുന്നതാണ്. പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ 1970.04 ഹെക്ടർ ഉൾപ്പെട്ട് വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക് അയച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്നമുറയ്ക്ക് പട്ടയം നൽകുന്നതാണ്.

<u>അത്തിക്കയം - തെക്കത്തൊട്ടി</u> -

1974 കാലഘട്ടത്തിൽ കുറച്ച് പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. 1980-ലെ വനസംരക്ഷണ നിയമം വരുന്നതിന് മുമ്പുതന്നെ വനത്തിന്റെ സ്റ്റാറ്റസ് നഷ്ടപ്പെട്ട ടി പ്രദേശത്തിന് 1980-ലെ ടി നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകേണ്ടതില്ലെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ചുള്ള അഭിപ്രായം ലഭ്യമാക്കാൻ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>കടുമീൻചിറ - അത്തിക്കയം</u> -

കടുമീൻചിറയിലെ കൈവശക്കാരുടെ ഭൂമി അത്തിക്കയം വില്ലേജ് റെക്കാർഡുകളിൽ ഉൾപ്പെട്ട് വന്നിട്ടില്ല. ആയതിനാൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കി പട്ടയ നടപടികൾ കൈക്കൊള്ളുന്നതാണ്.

<u>പൊന്തൻപുഴ-പെരുംമ്പെട്ടി</u> -

വനഭൂമിയാണ് എന്ന തെറ്റിദ്ധാരണയിൽ 1-1-1977-നുമുൻപ് വനഭൂമി കയ്യേറി കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി. സംയുക്ത പരിശോധനയിൽ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലെ കൈവശങ്ങളും ഉൾപ്പെട്ടിട്ടുള്ളതാണ്. കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടി കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കാവുന്നതാണ്.

<u>അട്ടത്തോട് - എസ്.ടി. പട്ടയം</u> -

പെരുനാട് വില്ലേജിലെ അട്ടത്തോട് വനഭൂമിയിൽപ്പെട്ട ട്രൈബൽ സെറ്റിൽമെന്റാണ്. വനഭൂമി ആയതിനാൽ പട്ടയം നൽകുവാൻ സാധിക്കുന്നില്ല.

<u>പമ്പാവാലി</u> -

100 കൈവശക്കാർക്ക് പട്ടയം നൽകാനുള്ളതാണ്. പട്ടയ നടപടികൾ പൂർത്തിയായ 38 കൈവശങ്ങൾക്ക് 2020-ൽ നടന്ന പട്ടയ മേളയിൽവച്ച് പട്ടയ വിതരണം ചെയ്തിട്ടുണ്ട്. മറ്റുള്ളവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

<u>ഏഞ്ചൽവാലി പട്ടയം</u> -

നിലവിലുള്ള റെക്കാർഡിന്റെ അടിസ്ഥാനത്തിൽ പമ്പാനദിയുടെ പുറമ്പോക്ക് അതിർത്തി റീഫിക്സ് ചെയ്ത് ആ ബൗണ്ടറി മുതൽ പട്ടയം നൽകാവുന്നതാണ്.

<u>കോട്ടുപ്പാറ</u> –

പെരുനാട് വില്ലേജിലെ കോട്ടുപ്പാറ പ്രദേശത്ത് 735/1, 741/1, 751/1, 742/2 ബി, 736/1 എന്നീ സർവ്വേ നമ്പറിലായി 66 കൈവശങ്ങൾ ഉള്ളതായി കണ്ടെത്തിയിരുന്നു. അതിൽ പട്ടയ നടപടികൾ പൂർത്തിയായ 63 കൈവശങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

<u>മോതിരവയൽ - അമ്പലപ്പാറ പട്ടയം</u> -

പഴവങ്ങാടി വില്ലേജിൽ ബ്ലോക്ക് 9-ൽ സർവ്വേ നമ്പർ 575/15-ൽപ്പെട്ട 1.4650 ഹെക്ടർ സ്ഥലത്തിലെ 11 കൈവശങ്ങൾക്കുള്ള പട്ടയ നടപടികൾ കൈക്കൊണ്ടുവരുന്നു.

അരയൻപാറ (ചേത്തയ്ക്കൽ വില്ലേജ്) -

15.28 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുത്തതിനുശേഷം 25 സെന്റ് വീതം 60 പേർക്ക് മിച്ചഭൂമി പട്ടയം അനുവദിച്ചിരുന്നു.

8. വെള്ളപ്പൊക്കത്തിൽ തകർന്ന വീടുകൾക്കുള്ള ധനസഹായം സംബന്ധിച്ച ശ്രീമതി സി. കെ. ആശ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

2018-ലെ പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് കോട്ടയം ജില്ലയിൽ 30-8-2019 വരെ രണ്ടാംഘട്ട അപ്പീൽ ലഭിച്ച 48081 അപേക്ഷകളിൽ അപ്പീൽ തീർപ്പാക്കി ലിസ്റ്റിൽ ഉൾപ്പെട്ട ത്തിയവർക്കാണ് ഇനി രണ്ടുംമൂന്നും ഗഡു ധനസഹായം അനുവദിക്കാനുള്ളത്. ഇവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള വിഹിതം ആദ്യഘട്ടമായി അനുവദിച്ച് നൽകിയിട്ടുണ്ട്. രണ്ടുംമൂന്നും ഗഡുക്കൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് അനുവദിക്കുന്നത്. 2018-ലെ പ്രളയത്തിലെ അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരികെ 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട അടിയന്തര പ്രവർത്തനങ്ങൾ ചെയ്യേണ്ടിവരികയും കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യേണ്ടിവന്നതുകാരണം ജില്ലാതലത്തിൽ അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടായി.

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, മീനച്ചിൽ, വൈക്കം താലൂക്കുകളിൽ 2018-ലെ പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 25,93,24,850 രൂപ അനുവദിക്കണമെന്ന് 10-11-2020-ലെ കത്തുപ്രകാരം കോട്ടയം ജില്ലാ കളക്ടർ സർക്കാരിനോട് ആവശ്യ പ്പെട്ടിരുന്നു. വൈക്കം താലൂക്കിന് മാത്രമായി ആവശ്യപ്പെട്ടിരിക്കുന്ന തുക 25,17,02,450 രൂപയാണ്. ജില്ലാ കളക്ടറുടെ കത്തുപ്രകാരം ആവശ്യപ്പെട്ടിരുന്ന മൊത്തം തുകയും അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. എത്രയുംവേഗം തുക അനുവദിച്ചുനൽകുന്നതാണ്.

9. സുന്ദരം കോളനി നിവാസികൾക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

പാലക്കാട് 2 വില്ലേജിലെ സുന്ദരം കോളനി എന്ന സ്ഥലത്ത് ബ്ലോക്ക്-30 സർവ്വേ നമ്പർ 1068, 1070, 1071 എന്നിവയിൽ ഉൾപ്പെട്ട സുമാർ നാലേക്കറോളം വരുന്ന സ്ഥലം ചേരി നിർമ്മാർജ്ജന പദ്ധതിപ്രകാരം 1987-ൽ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് 2 പൊതു ചുമരുകളോടുകൂടിയ നാല് വീടുകളായി ആകെ 86 വീടുകൾ പുനരധിവാസ ഭവന നിർമ്മാണ പദ്ധതിപ്രകാരം നിർമ്മിച്ച് ഗുണഭോക്താക്കൾക്ക്

നൽകിയിരുന്നു. ഈ ഭൂമിക്ക് ഗുണഭോക്താക്കളുടെ പേരിൽ ആധാരം ചെയ്ത് നൽകുകയോ പട്ടയം അനുവദിച്ച് നൽകുകയോ ചെയ്തിട്ടില്ലാത്തതാണ്. എന്നാൽ ടി 86 പേർക്കും പാലക്കാട് നഗരസഭ കൈവശരേഖ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി വില്ലേജ് രേഖകൾപ്രകാരം കൽപ്പാത്തി വിശ്വനാഥ സ്വാമി ദേവസ്വം വക കൈവശ ഭൂമിയാണ്.

മുനിസിപ്പാലിറ്റിയിൽനിന്നും വീട് അനുവദിച്ച ഗുണഭോക്താക്കളിൽ പലരും ടി സ്ഥലത്ത് നിലവിൽ താമസമില്ലെന്നും മറ്റ് വ്യക്തികൾക്ക് വാടകയ്ക്ക് കൊടുക്കുകയോ വിറ്റുപോകുകയോ ചെയ്തിട്ടുള്ളതായിട്ടുള്ളതാണെന്നുമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ചില വീടുകളിൽ മാത്രമാണ് ഗുണഭോക്താക്കളോ അല്ലെങ്കിൽ അവരുടെ അനന്തര അവകാശികളോ താമസിക്കുന്നത്. കൂടാതെ മിക്ക വീടുകളിലും റേഷൻ കാർഡോടു കൂടി രണ്ടിലധികം കുടുംബങ്ങൾ താമസിച്ചുവരുന്നുമുണ്ട്. മിക്ക വീടുകളിലെയും അംഗസംഖ്യ 6-ൽ അധികമാണ്. ആയതിനുള്ള താമസ സൗകര്യമോ ശൗചാലയമോ നിലവിൽ ടി വീടുകളിലൊന്നും ഇല്ലാത്തതാണ്.

2018, 2019 വർഷത്തെ പ്രളയത്തിൽ സുന്ദരം കോളനിക്ക് തെക്ക് ഭാഗത്തുള്ള ശംഖുവാരത്തോട് കവിഞ്ഞൊഴുകി എല്ലാ വീടുകളിലും വെള്ളം കയറുകയും വീടുകൾക്ക് സാരമായ നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. 2018-ലെ പ്രളയത്തെ തുടർന്ന് നടത്തിയ റീ-ബിൽഡ് കേരള സർവ്വേയിൽ പൂർണ്ണമായും തകർന്ന വീടുകളെ പട്ടികയിലുൾപ്പെടുത്തി പ്രസിദ്ധീകരിച്ചുവെങ്കിലും താമസക്കാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകളില്ലാതിരുന്നതിനാലും ഭൂരിഭാഗം താമസക്കാരും നിലവിലെ വീട് പൊളിക്കാൻ തയ്യാറാകാതിരുന്നതിനാലും പ്രസ്തുത വീടുകളെ ഭാഗികമായി നാശനഷ്ടം വന്ന വീടുകളുടെ പട്ടികയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി ജില്ലാ കളക്ടർ ശിപാർശ ചെയ്തിരുന്നു.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാനപ്രകാരം ലിസ്റ്റിലുൾപ്പെട്ട 84 പേർക്ക് വീട് അറ്റകുറ്റപ്പണികൾക്കായി 95,100 രൂപ വീതം അനുവദിച്ചിട്ടുള്ളതാണ്. ശ്രീമതി കണ്ണമ്മ, ശ്രീ. ശിവരാജ് എന്നിവർക്ക് പ്രളയ ദുരിതാശ്വാസ നിധിയിലുൾപ്പെടുത്തി CMDRF-ൽ നിന്നും 6,00,000 രൂപ സ്ഥലം വാങ്ങുന്നതിന് അനുവദിച്ചിരുന്നു. അപ്രകാരം വാങ്ങിയ ഭൂമിയിൽ വീട് പണിയുന്നതിനുള്ള ഒന്നാംഗഡു ധനസഹായം അനുവദിച്ചിട്ടുള്ളതും ആയതിൽ വീട് പണി പുരോഗമിച്ചുവരുന്നതുമാണ്. മേൽപ്പറഞ്ഞിരിക്കുന്ന 86 പേർക്കും നഗരസഭ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നമുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

10 ഷൺമുഖം കോളനി നിവാസികൾക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച്
ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

കണയന്നൂർ താലൂക്ക് എറണാകുളം വില്ലേജ് സർവ്വെ 843 ചേരാനല്ലൂർ വില്ലേജ് സർവ്വേ 985, 860 നമ്പറുകളിൽപ്പെട്ട പുഴ പുറമ്പോക്ക് ഭൂമി പതിച്ചു കിട്ടുന്നതിന് ഷൺമുഖപുരം നിവാസികളായ 63 പേർ കണയന്നൂർ തഹസിൽദാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

ടി സർവ്വേ നമ്പറുകളിൽപ്പെട്ട ഭൂമി പുഴ പുറമ്പോക്കായതിനാൽ മേൽ വിഷയത്തിൽ കൊച്ചിൻ കോർപ്പറേഷന്റെയും തുറമുഖ പ്രദേശമായതിനാൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെയും അഭിപ്രായം ആരാഞ്ഞിരുന്നു. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ടി സ്ഥലം കൊച്ചിൻ പോർട്ട് വകയാണെന്നും പതിവിനായി ലഭിച്ച അപേക്ഷകൾ പരിഗണിക്കരുതെന്നും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുള്ളതാണ്. പുഴ പുറമ്പോക്കായ ഭൂമി ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/ പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന ഭൂമിയായതിനാൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം പതിച്ച് നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്തായാലും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അവകാശവാദം സംബന്ധിച്ച് പരിശോധന നടത്തി സർക്കാർ ഭൂമിയാണെന്ന് സ്ഥാപിച്ച് കൊച്ചിൻ കോർപ്പറേഷന്റെ നിരാക്ഷേപപത്രം വാങ്ങി തുടർനടപടികൾ സ്വീകരിച്ചുകൊണ്ട് മാത്രമേ ഷൺമുഖപുരം നിവാസികൾക്ക് ഭൂമി പതിച്ചുനൽകാൻ സാധിക്കുകയുള്ളൂ.

11. മാവേലിക്കര-തെക്കേക്കര കുടിവെള്ള പദ്ധതി സംബന്ധിച്ച
ശ്രീ. ആർ. രാജേഷ്, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

കേന്ദ്ര സർക്കാരിന്റെ ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച ഭരണിക്കാവിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതിയായ ഭരണിക്കാവ് കുടിവെള്ള പദ്ധതിയിൽപ്പെട്ട ഗ്രാമപഞ്ചായത്താണ് മാവേലിക്കര-തെക്കേക്കര. അച്ചൻകോവിലാർ സ്രോതസ്സായുള്ള ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ കിണറും 15 ദശലക്ഷം ലിറ്റർ പ്രതിദിനശേഷിയുള്ള ജല ശുദ്ധീകരണശാലയും പ്രായിക്കരയിൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ശുദ്ധീകരണശാല 2017 മേയ് മാസം കമ്മീഷൻ ചെയ്ത് മാന്നാർ, ചെന്നിത്തല പഞ്ചായത്തുകളിൽ ജലവിതരണം നടത്തിവരുന്നു. തെക്കേക്കരയിൽ കുറത്തിക്കാട് മാർക്കറ്റിൽ ഉന്നതതല സംഭരണിയിലേയ്ക്കുള്ള ട്രാൻസ്മിഷൻ മെയിൻ, റിവർ ക്രോസിംഗ്, റെയിൽവേ ക്രോസിംഗ് എന്നിവ ഒഴികെയുള്ള ഘടകങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. റെയിൽവേയുടെ അനുമതി ലഭിക്കാത്തതുകാരണമാണ് പ്രവൃത്തികൾ വൈകിയത്. റെയിൽവേ നിർദ്ദേശിച്ചപ്രകാരം ഡിസൈനും പ്രൊപ്പോസലും ആഗസ്റ്റ് 2017-ന് തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജർക്ക് സമർപ്പിച്ചിട്ടുണ്ട്.

നിലവിൽ പൂർത്തീകരിക്കാനുള്ള ഘടകങ്ങളും വിതരണ ശൃംഖലയും 9842 ഗാർഹിക കുടിവെള്ള കണക്ഷനുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതിക്ക് ജല ജീവൻ മിഷനിലുൾപ്പെടുത്തി 3098.36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ആദ്യ ദർഘാസ് 24-11-2020-ന് ക്ഷണിച്ചിരുന്നെങ്കിലും കരാറുകാരാരും പങ്കെടുക്കാതിരുന്നതിനാൽ പുനർദർഘാസ് ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിപ്രകാരം 37.60 ലക്ഷം രൂപയുടെ പണി (Retrofittable) പൂർത്തീകരിച്ച് 97 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കി ഭരണാനുമതി തുകയായ 3060.76 ലക്ഷം രൂപയുടെ ഭരണാനുമതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ദർഘാസ് നൽകി, റെയിൽവെ ക്രോസിംഗ് ഉൾപ്പെടെയുള്ള അനുമതി ലഭ്യമാക്കി ഏറ്റവും വേഗത്തിൽ പദ്ധതി പൂർത്തീകരിച്ച് 9745 കുടിവെള്ള കണക്ഷനുകൾക്കൂടി നൽകാനാണ് ഉദ്ദേശിക്കുന്നത്. ദർഘാസ് ലഭിക്കുകയും റെയിൽവേ അനുമതി ലഭ്യമാക്കുകയും ചെയ്യുന്നമുറയ്ക്ക് മാവേലിക്കര തെക്കേക്കര കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും.

## 12. കുടിവെള്ള പദ്ധതി സംബന്ധിച്ച ഡോ. എൻ. ജയരാജ്, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

നെടുങ്കുന്നം, കങ്ങഴ, വെള്ളാവൂർ (ഭാഗികം) എന്നീ ഗ്രാമപഞ്ചായത്തുകൾക്ക വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് ജലശുദ്ധീകരണശാലയില്ല. ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കിയാണ് 1 mld (10 ലക്ഷം ലിറ്റർ) ശുദ്ധജലം വിതരണം ചെയ്യുന്നത്. നിലവിൽ രണ്ടാഴ്ചയിലൊരിക്കലെന്ന നിലയിലാണ് ജലവിതരണം നടത്തിവരുന്നത്. ഈ പഞ്ചായത്തുകളിലെ 50 ശതമാനം പ്രദേശങ്ങളിൽ മാത്രമേ ജലവിതരണ ശൃംഖല നിലവിലുള്ളൂ. കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ രണ്ടാഴ്ചയി ലൊരിക്കൽ ജലവിതരണം നടത്തിവരുന്നത് വാകത്താനം, കറുകച്ചാൽ, മാടപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിലേയ്ക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയിലെ 0.3 mld ജലം ഉപയോഗിച്ചാണ്. പഞ്ചായത്തിലെ 40 ശതമാനം പ്രദേശങ്ങളിൽ മാത്രമാണ് ജലവിതരണം നടത്തിവരുന്നത്. ജലജീവൻ മിഷൻ പദ്ധതിയിൽ (ഒന്നാം ഘട്ടം) നെടുങ്കുന്നം പഞ്ചായത്തിലെ 315 വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി 259.8 ലക്ഷം രൂപയുടെയും കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ 235 വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി 125 ലക്ഷം രൂപയുടെയും കങ്ങഴ ഗ്രാമപഞ്ചായത്തിലെ 257 വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിന് 173.5 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ മുഖേന ഇതുവരെ 472 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. എം.എൽ.എ. ഫണ്ടും സി.എസ്.ആർ. ഫണ്ടും ലഭ്യമാക്കി പദ്ധതി ത്വരിതപ്പെടുത്താവുന്നതാണ്.

ജല ജീവൻ മിഷൻ രണ്ടാംഘട്ടത്തിലുൾപ്പെടുത്തി കറുകച്ചാൽ, കങ്ങഴ, നെടുങ്കുന്നം ഗ്രാമപഞ്ചായത്തുകളിൽപ്പെടുന്ന 19531 കുടുംബങ്ങൾക്ക് പ്രതിദിനം ആളോഹരി 100 ലിറ്റർ വീതം ശുദ്ധജലമെത്തിക്കുന്നതിനുവേണ്ട പദ്ധതി കോട്ടയം പ്രോജക്ട് ഡിവിഷൻ തയ്യാറാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ജലസ്രോതസ്സായി ആനിക്കാട് പഞ്ചായത്തിൽപ്പെടുന്ന ഉള്ളൂർപ്പടിക്ക് സമീപം മണിമലയാറ്റിൽ കിണർ നിർമ്മിച്ച് ടി കിണറിൽനിന്നും ജലം, നെടുങ്കുന്നം പഞ്ചായത്തിൽപ്പെടുന്ന ചേലക്കൊമ്പിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 16 ദശലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാനിൽ എത്തിച്ച് ശുദ്ധീകരണം നടത്തി നിർദ്ദിഷ്ട പഞ്ചായത്തുകളിൽ നിലവിലുള്ളവ കൂടാതെ പുതിയ ടാങ്കുകൾകൂടി നിർമ്മിച്ച് വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

പദ്ധതി പ്രദേശത്ത് മുഴുവനായി വിതരണ ശൃംഖല സ്ഥാപിച്ച് എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കണക്ഷൻവഴി ശുദ്ധജലമെത്തിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പ്രാരംഭ സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിക്കുവേണ്ടി നെടുങ്കുന്നം, കങ്ങഴ പഞ്ചായത്തുകൾക്കായി ശുദ്ധീകരണശാലകൾക്ക് 180 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ടി പദ്ധതിയുടെ സാങ്കേതിക റിപ്പോർട്ട് 2021 മേയ് മാസത്തോടെ തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ വിവിധ നിർമ്മിതികൾക്കാവശ്യമായ സ്ഥലലഭ്യത ഉറപ്പാക്കാൻ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുവരുന്നു. ഈ പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ കറുകച്ചാൽ, കങ്ങഴ, നെടുങ്കുന്നം എന്നീ പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം പൂർണ്ണമായ തോതിൽ പരിഹരിക്കാൻ സാധിക്കുന്നതാണ്.

## 13. ബേപ്പൂർ തുറമുഖത്തുനിന്ന് ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുനീക്കം സംബന്ധിച്ച് ശ്രീ. വി. കെ. സി. മമ്മത്കോയ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

ലക്ഷദ്വീപ് സമൂഹങ്ങളിലേയ്ക്കുള്ള യാത്രാ-ചരക്ക് കപ്പലുകൾ ബേപ്പൂർ, കൊച്ചി തുറമുഖങ്ങളിൽനിന്നാണ് സർവ്വീസ് നടത്തിവരുന്നത്. എന്നാൽ ചരക്ക് ഗതാഗതത്തിന്റെ ഒരുഭാഗം മംഗലാപുരം തുറമുഖത്തേയ്ക്ക് മാറ്റുന്നതിന് ചില നീക്കങ്ങൾ നടന്നു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മംഗലാപുരം തുറമുഖത്തേയ്ക്ക് ചരക്ക് നീക്കം മാറ്റുന്നതിന് നീക്കം നടത്തുന്നവർ താഴെപ്പറയുന്ന കാരണങ്ങളാണ് പറയുന്നത്.

1. മംഗലാപുരത്ത് പച്ചക്കറിക്കും പലവ്യഞ്ജനങ്ങൾക്കുമുള്ള വിലക്കുറവ്.
2. മംഗലാപുരം തുറമുഖം 24 മണിക്കൂറും പ്രവർത്തനസജ്ജമാണെന്നുള്ള കാരണം.

3. ബേപ്പൂർ തുറമുഖത്തിന്റെ ആഴക്കുറവ്

4. ബേപ്പൂർ തുറമുഖത്ത് ചരക്ക് കയറ്റുന്നതിനുള്ള വർദ്ധിച്ചുവരുന്ന തിരക്കും കാലതാമസവും.

5. ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുനീക്കത്തിന് കുറഞ്ഞ നിരക്ക് ഈടാക്കാനുള്ള മംഗലാപുരം തുറമുഖ അധികൃതരുടെ നീക്കം.

ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരും തുറമുഖ വകുപ്പും സാധ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ലക്ഷദ്വീപിനുവേണ്ടി മാത്രം ബേപ്പൂർ തുറമുഖത്ത് ഒരു ബർത്ത് നിർമ്മിക്കാൻ സംസ്ഥാന സർക്കാർ സ്ഥലം അനുവദിച്ചു നൽകിയെങ്കിലും പ്രസ്തുത പ്രോജക്ട് ലക്ഷദ്വീപ് ഭരണകൂടം നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് ബേപ്പൂരിലെ തിരക്ക് പരിഗണിച്ച് അവിടെ ഒരു ബർത്തുകൂടി സ്ഥാപിക്കുന്നതിനുള്ള നടപടി സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിനുള്ള പ്രാഥമിക പഠനം ചെന്നൈ IIT പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. Capital Dredging നടത്തി പോർട്ടിന്റെ ആഴം വർദ്ധിപ്പിക്കാനും 24 മണിക്കൂറും തുറമുഖത്തുനിന്ന് ചരക്ക് ഗതാഗതം നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തുന്നതിനും ഇക്കാര്യത്തിൽ സംസ്ഥാനത്തിന് അനുകൂലമായ തീരുമാനത്തിലെത്തിച്ചേരുന്നതിനും തുറമുഖ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

14) സാമൂഹ്യക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിച്ചു വന്നിരുന്നു. ഗുണഭോക്താക്കളിൽ പലവിധകാരണങ്ങളാൽ അനർഹരായവരെ ഒഴിവാക്കുന്നതിനും അർഹരായ പെൻഷൻകാരെ കണ്ടെത്തുന്നതിനുമായാണ് ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്തിയത്.

മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും ഉൾപ്പെടെ അക്ഷയ കേന്ദ്രങ്ങളിൽ നേരിട്ടെത്തി മസ്റ്റർ ചെയ്യാൻ കഴിയാത്ത എല്ലാ പെൻഷൻ ഗുണഭോക്താക്കളെയും അവരുടെ വീടുകളിലെത്തി മസ്റ്റർ ചെയ്യുന്നതിന് അക്ഷയകേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. 50 വയസ്സ് അവിവാഹിത/വിധവാ പെൻഷൻ, വിവാഹം/ പുനർവിവാഹം ചെയ്തിട്ടില്ലെന്ന് തെളിയിക്കുന്ന ഗസറ്റഡ് ഓഫീസറുടെ/വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെന്നും 15-2-2019-ലെ സ.ഉ (എം.എസ്.) നമ്പർ

88/19/ധന, 11-12-2019-ലെ സർക്കുലർ നമ്പർ 97l19/ധന. പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ സമർപ്പിച്ചിട്ടുള്ള സാക്ഷ്യപത്രം അപ്‌ലോഡ് ചെയ്യാൻ 2020 ഫെബ്രുവരി 29 വരെയാണ് സമയം നൽകിയിരുന്നത്, എന്നാൽ പല പ്രാദേശിക സർക്കാരുകളിലും ഇത്തരത്തിൽ സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാത്തതിനാൽ പെൻഷൻ മുടങ്ങിയെന്നറിയിച്ച് ധാരാളം പരാതികൾ ലഭിച്ചതിനെത്തുടർന്ന് ഇതിനായി 30-6-2020 വരെ സമയം അനുവദിച്ചിരുന്നു. സമയപരിധി ദീർഘിപ്പിക്കണമെന്ന് വീണ്ടും ആവശ്യമുയർന്ന സാഹചര്യത്തിൽ 16-7-2020 മുതൽ 22-7-2020 വരെയും തുടർന്ന് 10-8-2020 മുതൽ 16-8-2020 വരെയും 1-10-2020 മുതൽ 20-10-2020 വരെയും സമയം അനുവദിച്ചിരുന്നു.

## 15. കോവിഡ് പ്രതിസന്ധി സംബന്ധിച്ച ശ്രീ. പി. ടി. തോമസ്, എം. എൽ. എ.-യുടെ സബ്മിഷനുള്ള മറുപടി

കോവിഡ്- 19 കാരണം സാമ്പത്തിക ബുദ്ധിമുട്ടിലായ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള ടാക്സി, ഓട്ടോറിക്ഷ തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ യഥാക്രമം 2500, 2000 രൂപ നിരക്കിൽ ധനസഹായം നൽകിയിരുന്നു. കൂടാതെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി/കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ഓണത്തിന് 1000 രൂപ പ്രത്യേക ധനസഹായം നൽകിയതിനോടൊപ്പം 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ആറ് മാസക്കാലയളവിലെ ഉടമ, തൊഴിലാളി അംശദായങ്ങൾ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ചുമട്ടുതൊഴിലാളി ക്ഷേമനിധിൽ അംഗത്വമുള്ള തൊഴിലാളികൾക്കും മൂവായിരം രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു.

## 16. സ്ഥലമെടുപ്പ് സംബന്ധിച്ച ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

എറണാകുളം ജില്ലയിലെ രാമമംഗലം-മണീട് പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് മൂവാറ്റുപുഴ ആറിന് കുറുകെ നിർമ്മിക്കുന്ന കിഴുമുറിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുവേണ്ടി 141.25 സെന്റ് നിലം നികത്തുന്നതിനുള്ള അനുമതിക്കായി ബന്ധപ്പെട്ടവർ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സ്ഥലം പരിവർത്തനപ്പെടുത്തുന്നത് പാരിസ്ഥിതിക പ്രത്യാഘാതങ്ങളുണ്ടാക്കുമെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല നിരീക്ഷണ സമിതി അപേക്ഷ നിരസിക്കുകയാണ് ചെയ്തത്. യഥാർത്ഥത്തിൽ, അപ്രോച്ച് റോഡ്

നിർമ്മാണത്തിന് ആകെ 99.20 സെന്റ് മാത്രമേ ആവശ്യമുള്ളൂവെന്നും അതിൽത്തന്നെ 29 സെന്റ് സ്ഥലം പുരയിടം വിഭാഗത്തിൽപ്പെട്ടതിനാൽ പരിവർത്തനപ്പെടുത്തേണ്ട ഭൂമി 70.20 സെന്റ് (28.42 ആർസ്) മാത്രമാണെന്നും പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. കിഴമുറിക്കടവ് പാലം നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ട്. എന്നാൽ അപ്രോച്ച് റോഡിന്റെ കാര്യത്തിൽ സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്ന് ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ. ആവശ്യപ്പെട്ട തനുസരിച്ച് എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ, പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരോട് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 28.42 ആർ നിലമാണ് പരിവർത്തനാനുമതി ലഭ്യമാകേണ്ടതായിട്ടുള്ളതെന്നും ഇതിൽ നിലം വിഭാഗത്തിൽ പ്പെടുന്ന ഭാഗത്തിന് ഏകദേശം 110 മീറ്റർ നീളമാണുള്ളതെന്നും പാലത്തിന്റെ നിർമ്മാണത്തിനായി അംഗീകരിച്ച എസ്റ്റിമേറ്റിൽ ക്രോസ് ഡ്രെയിനേജ് പ്രവൃത്തി കൾക്കായി ഒരു മീറ്റർ വ്യാസമുള്ള കോൺക്രീറ്റ് പൈപ്പുകൾ നിലം വിഭാഗത്തിൽ പ്പെടുന്ന നാലിടത്തായി സ്ഥാപിക്കണമെന്നും നീരൊഴുക്ക് തടസ്സമാകാത്ത രീതിയിൽ അപ്രോച്ച് റോഡിന്റെ നിർമ്മാണം സാധ്യമാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പാലം നിർമ്മാണം ഏകദേശം പൂർത്തിയായതിനാൽ അപ്രോച്ച് റോഡിന്റെ നിർമ്മാണ ത്തിനായി അലൈൻമെന്റ് മറ്റ് തടസ്സങ്ങളില്ലാത്ത രീതിയിൽ പുനർനിർണ്ണയിക്കുക സാധ്യമല്ല. പ്രസ്തുത നിലം പരിവർത്തനപ്പെടുത്തുന്നത് പൊതു ആവശ്യത്തിനാ യതിനാൽ പാരിസ്ഥിതിക വ്യവസ്ഥയെയോ ചേർന്നുകിടക്കുന്ന നെൽവയലിലെ കൃഷിയെയോ ദോഷകരമായി ബാധിക്കില്ലെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പിന്റെ അഭിപ്രായംകൂടി പരിഗണിച്ചു കൊണ്ട് അപ്രോച്ച് റോഡ് നിർമ്മാണത്തിനുവേണ്ടി നിലം പരിവർത്തനപ്പെ ടുത്തുന്നത് രാമമംഗലം വില്ലേജിലെ കടവ് പാടശേഖരത്തിലെ നെൽവയലിന്റെ നാശത്തിനും പാരിസ്ഥിതിക പ്രശ്നത്തിനും കാരണമായേക്കാമെന്ന സംസ്ഥാനതല നിരീക്ഷണസമിതിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും പാരിസ്ഥിതികാഘാതം പരമാവധി പരിഹരിച്ചുകൊണ്ട് അപ്രോച്ച് റോഡ് പണിയുന്നതിന് ശിപാർശ ചെയ്തിട്ടുള്ള റിപ്പോർട്ടിന്മേൽ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തി നൽകാൻ ഫയൽ 11-12-2020 തീയതിയിൽ പരിസ്ഥിതി വകുപ്പിന് കൈമാറിയിട്ടുണ്ട്. പരിസ്ഥിതി വകുപ്പിന്റെ അഭിപ്രായംകൂടി ലഭിച്ചശേഷം ഇക്കാര്യത്തിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

17. റെയിൽവേ മേൽപ്പാല നിർമ്മാണം സംബന്ധിച്ച ശ്രീ. വി. ജോയി, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

വർക്കല നിയോജകമണ്ഡലത്തിൽ പുന്നമൂട് റെയിൽവേ മേൽപ്പാലം 2018-19 സാമ്പത്തിക വർഷത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 22.51 കോടി രൂപ അനുവദിച്ചു. 19-4-2018-ലെ സ.ഉ.(സാധാ) നമ്പർ 718/2018/പൊ.മ.വ. പ്രകാരം എസ്.പി.വി. ആയി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ പുന്നമൂട് ആർ.ഒ.ബി.-യുടെ അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ 37.15 കോടി രൂപയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും 27-2-2020-ൽ കിഫ്ബിയുടെ അംഗീകാരത്തിനായി സർപ്പിക്കുകയും ഭരണാനുമതി ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ DPR അംഗീകരിക്കുന്നതിനുവേണ്ടി പുതുക്കിയ ഭരണാനുമതി കിഫ്ബി ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ആർ.ബി.ഡി.സി.കെ. പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് 13-1-2021-ലെ സ.ഉ.(സാധാ) നമ്പർ 46/2021/പൊ.മ.വ. ഉത്തരവുപ്രകാരം പുന്നമൂട് ആർ.ഒ.ബി. ഉൾപ്പെടെ 7 ആർ.ഒ.ബി.-കൾക്ക് 300.34 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

18. റോഡ് നിർമ്മാണം സംബന്ധിച്ച ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

1-3-2018-ലെ കരാർ ഉടമ്പടിപ്രകാരം ശ്രീ. അബ്ദുൾ കബീർ എം. ടി. എന്ന കരാറുകാരൻ ഏറ്റെടുത്ത 'കല്ലാച്ചി-വളയം-ചുഴലി-പുതുക്കയം റോഡ് കി.മി.7/000 മുതൽ 11/200 വരെ' എന്ന പ്രവൃത്തിയുടെ സ്ഥലം കൈമാറ്റം ചെയ്തത് 6-3-2018-നായിരുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒൻപത് മാസമായിരുന്നു (5-12-2018). എന്നാൽ ഇക്കാലയളവിൽ നിപ വൈറസ് വ്യാപനം, ശക്തമായ മഴ, മരം മുറിച്ചുമാറ്റുന്നതിനുള്ള അനുമതി ലഭിക്കാനുള്ള താമസം എന്നീ കാരണങ്ങളാൽ 50 ശതമാനം പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കിയത്. അതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കരാറുകാരന്റെ ആവശ്യപ്രകാരം പിഴയില്ലാതെ 30-4-2019 വരെയും അതിനുശേഷം 31-12-2019 വരെയും നീട്ടിനൽകിയിട്ടുണ്ട്. എന്നാൽ അക്കാലയളവിൽ കരാറുകാരൻ യാതൊരുവിധ പ്രവൃത്തിയും ചെയ്തിട്ടില്ല. കരാറുകാരൻ പ്രവൃത്തി അനിശ്ചിതമായി നീട്ടിക്കൊണ്ടുപോയതിനാൽ ഉടമ്പടിപ്രകാരമുള്ള നിയമനടപടി ആരംഭിക്കുകയും കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 8-7-2020-ലെ ഉത്തരവുപ്രകാരം പ്രവൃത്തിയിൽനിന്നും വിടുതൽ ചെയ്യുകയും ചെയ്തു. എന്നാൽ കരാറുകാരൻ കോടതിയെ സമീപിക്കുകയും കോടതി ഈ കരാറുകാരനെക്കൊണ്ടുതന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സാധ്യത

പരിശോധിക്കാൻ ഉത്തരവാകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കരാറുകാരൻ എന്നിവരുടെ മീറ്റിംഗ് നടത്തുകയും സ്ഥലം എം.എൽ.എ.-യുടെ അഭിപ്രായവുംകൂടി പരിഗണിച്ച് പ്രവൃത്തി പുനഃക്രമീകരിക്കുമ്പോഴുണ്ടാകുന്ന സമയനഷ്ടം പരിഹരിക്കുന്നതിന് നിലവിലുള്ള കരാറുകാരെക്കൊണ്ടുതന്നെ ബാക്കി പ്രവൃത്തികൂടി ചെയ്യിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. 1-1-2021-ലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഉത്തരവുപ്രകാരം കരാറുകാരനെ പ്രവൃത്തിയിൽനിന്ന് ഒഴിവാക്കിയത് റദ്ദ് ചെയ്യുകയും പ്രവൃത്തി പുനരാരംഭിക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. നിലവിൽ സമയബന്ധിതമായി തീർക്കാനുള്ള നടപടി കരാറുകാരന്റെ ഭാഗത്തുനിന്നും കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കുന്ന കാര്യത്തിൽ വീഴ്ചവരുത്തുകയാണെങ്കിൽ കരാറുകാരനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതും കരിമ്പട്ടികയിലുൾപ്പെടുത്താൻ ശിപാർശ ചെയ്യുന്നതുമാണ്.

<u>മുറുവശ്ശേരി-ചങ്ങരംകുളം-കായരക്കൊടി റോഡ്</u>

28-5-2018-ലെ കരാർ ഉടമ്പടിപ്രകാരം ശ്രീ. അജി പീറ്റർ എന്ന കരാറുകാരൻ ഏറ്റെടുത്ത 'Improvements and providing BM&BC to Muruvasseri Chengaramkulam-Kayarakkodi road 0/000 to 2/500 ' എന്ന പ്രവൃത്തിയുടെ പ്രവൃത്തിസ്ഥല കൈമാറ്റം 6-6-2019-ന് നടത്തി. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 9 മാസമായിരുന്നു (6-3-2020). എന്നാൽ ഇക്കാലയളവിൽ പ്രവൃത്തി കാര്യമായ പുരോഗതിയില്ലാതിരുന്നതിനാൽ കരാറുകാരന്റെ അപേക്ഷ കണക്കിലെടുത്ത് പ്രവൃത്തിയുടെ കാലാവധി 5-9-2020 വരെ പിഴയോടുകൂടി നീട്ടി നൽകിയിരുന്നു. ഇക്കാലയളവിൽ കരാറുകാരൻ പത്ത് ശതമാനം പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചത്. അനുവദിച്ച കാലയളവിൽ കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 8-10-2020-ലെ ഉത്തരവുപ്രകാരം കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കരാർ ഉടമ്പടിപ്രകാരം കരാറുകാരൻ 3,11,71,004 രൂപയുടെ പ്രവൃത്തി പൂർത്തിയാക്കേണ്ട സ്ഥാനത്ത് പ്രവൃത്തി തുടർന്ന് നടപ്പിലാക്കുന്നതിനുവേണ്ടി ബാക്കി പ്രവൃത്തികളുടെ ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ ചെയ്യേണ്ടതാണ്. ഇതിനുള്ള നടപടികൾ ഉടൻതന്നെ നടപ്പിലാക്കുന്നതാണ്.

19. <u>മംഗലം-ഗോവിന്ദപുരം സംസ്ഥാനപാത സംബന്ധിച്ച് ശ്രീ. കെ. ബാബു, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി</u>

സംസ്ഥാനത്ത് ദേശീയപാതയായി തത്വത്തിൽ അംഗീകരിച്ച വടക്കാഞ്ചേരി-പൊള്ളാച്ചി റോഡ് (കേരളത്തിന്റെ ഭാഗമായ മംഗലം-ഗോവിന്ദപുരം സംസ്ഥാന പാത) ഉൾപ്പെടെയുള്ള ദേശീയപാതകളുടെ സാധ്യതാപഠനവും പദ്ധതി രൂപരേഖകളും

തയ്യാറാക്കുന്ന നടപടികളുടെ ഭാഗമായി അലൈൻമെന്റ് ഓപ്ഷനുകൾ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ തത്വത്തിൽ അംഗീകരിച്ചിട്ടുള്ള ദേശീയപാതകൾ ഒന്നിന്റെയും തുടർനടപടികൾ ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ നിർത്തിവയ്ക്കാൻ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം തുടർനടപടികൾ നിർത്തിവച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച എല്ലാ തീരുമാനങ്ങളും പൂർണ്ണമായും കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിന്റേതാണ്.

## 20. റോഡ് വികസനം സംബന്ധിച്ച ശ്രീ. എം. സ്വരാജ്, എം. എൽ. എ.-യുടെ സബ്മിഷനുള്ള മറുപടി

ദേശീയപാത 85-ൽ മറ്റക്കുഴി മുതൽ കുണ്ടന്നൂർ വരെയുള്ള ഭാഗത്ത് MORTH-ന്റെ ഫണ്ട് വഴി ചെയ്യുന്ന strengthening work-ന്റെ ഭാഗമായി ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന കാന നിർമ്മാണത്തിന് നിരവധി തടസ്സങ്ങളാണ് നിലവിലുള്ളത്. KWA pipeline, KSEB, BSNL കേബിളുകൾ, ഗ്യാസ് പൈപ്പ് ലൈൻ, IOC line കൂടാതെ സ്വകാര്യ കമ്പനികളുടെ കേബിളുകൾ എന്നിവ ആവശ്യമായ താഴ്ചയോ അകലമോ പാലിക്കാതെയാണ് സ്ഥാപിച്ചിരിക്കുന്നത്. ഇത് നിലവിലെ സുഗമമായ കാന നിർമ്മാണത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നിലവിലെ ഇത്തരം പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും വകുപ്പുകളുടെയും ഉദ്യോഗസ്ഥരെയും സ്വകാര്യ കമ്പനികളെയും ഉൾപ്പെടുത്തി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും നിലവിലെ സാഹചര്യം നേരിട്ട് ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് സാധ്യമായ പരിഹാരമാർഗ്ഗങ്ങളിലൂടെ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേബിളുകളും പൈപ്പ് ലൈനുകളും ഉൾപ്പെടെയുള്ള യൂട്ടിലിറ്റികൾ റോഡിനടിയിലൂടെ കൊണ്ടുപോകുന്നതിനാൽ റോഡിന്റെ തുടർവികസന പ്രവർത്തനങ്ങൾക്ക് പല ഭാഗങ്ങളിലും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെയും ഏജൻസികളുടെയും യോഗം വിളിക്കുന്നത് പ്രവൃത്തി ത്വരിതഗതിയിലാക്കുന്നതിന് പ്രയോജനപ്പെടുമെന്ന് കരുതുന്നു.

## 21. പാലം നിർമ്മാണം സംബന്ധിച്ച ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

1. മുടവൻമുഗൾ പാലം

മുടവൻമുഗൾ പാലം നിർമ്മാണത്തിന് 1360 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) നമ്പർ 1186/2019/PWD തീയതി-9-10-2019 പ്രകാരം നൽകിയിട്ടുണ്ട്. 25-10-2019-ൽ ഈ പദ്ധതിക്കാവ

ശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും ഗസറ്റ് നോട്ടിഫിക്കേഷൻ ലഭിച്ചശേഷം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും തുടർന്ന് സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാൽ മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പാലത്തിന്റെ നിർമ്മാണം തുടങ്ങാനും സാധിക്കും.

2. കല്ലടിമുഖം പാലം

കല്ലടിമുഖം പാലം കിള്ളിയാറിന് കുറുകെ തിരുവല്ലം-കൊഞ്ചിറവിള റോഡും കാലടി റോഡും തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. ഈ പദ്ധതിക്ക് 14-7-2009-ലെ G.O.(Rt) No.1044/2009/PWD പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 1894-ലെ LA ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള റിക്വിസിഷൻ 5-6-2010-ന് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും 22-12-2014-ന് നടന്ന ഡി.എൽ.പി.സി. മുഖേന തീരുമാനിച്ച സ്ഥലത്തിന്റെ വില 28-5-2015-ൽ നടന്ന എസ്.എൽ.ഇ.സി. അംഗീകരിക്കുകയും ചെയ്തു. എന്നാൽ സമയബന്ധിതമായി ഫണ്ട് ലഭ്യമാകാത്തതിനാൽ അത് ഡിനോവയായ സാഹചര്യത്തിൽ 2013-ലെ പുതിയ LA ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി ഈ പ്രൊപ്പോസലിന്മേലുള്ള പരിശോധനയുടെ ഭാഗമായി പുതുക്കിയ റിക്വിസിഷൻ 15-12-2017-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ നവീകരിച്ച ഡിസൈൻ പ്രകാരം ഭരണാനുമതി പുതുക്കി ലഭിക്കുന്നതിലേയ്ക്കായി 923 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ഇത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഏതാനും വിവരങ്ങൾകൂടി സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. അത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

3. തിരുവല്ലം-ഇടയാർ പാലം

ഈ പാലം പണി ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി Tentative General Design തയ്യാറായിട്ടുണ്ട്. എന്നാൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിലേയ്ക്കായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണുള്ളത്. മതിയായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല.

4. <u>മധുപാലം</u>

കരുമവും തിരുവല്ലവും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് ഈ പാലം. ഈ പദ്ധതിക്ക് 30-5-2013-ൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് (ADF)-ൽനിന്നും G.O.(Rt) No. 773/2013/PWD പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിക്കായി തിരുവല്ലം, നേമം വില്ലേജുകളിലായി 50.28 cent സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ട തായിട്ടുണ്ട്. 1894-ലെ LA ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള റിക്വിസിഷൻ 13-8-2015-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. പാലത്തിന്റെ ഡിസൈൻ ലഭ്യമായിട്ടുണ്ട്. എന്നാൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ 30-10-2016-ലെ G.O.(Rt)No. 1495/2016/PWD ഉത്തരവുപ്രകാരം പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഭരണാനുമതി റദ്ദ് ചെയ്തതിനാൽ തുടർനടപടികൾ സാധ്യമായില്ല.

## 22. <u>റോഡ് നിർമ്മാണം സംബന്ധിച്ച ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി</u>

ബീനാച്ചി-പനമരം റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 12 മാസ കാലാവധി വച്ച് 28-5-2019-ൽ എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. പ്രവൃത്തി നിർദ്ദിഷ്ട കാലാവ ധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയാത്തതിനാൽ കാലാവധി 5-12-2020 വരെ നീട്ടി നൽകുകയും കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള എസ്റ്റിമേറ്റ് 5-2-2020-ൽ ലഭ്യമായത് ഫണ്ട് നൽകുന്നതിനുവേണ്ടി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി, ജലനിധി എന്നിവയുടെ യൂട്ടിലിറ്റികൾ നിലവിൽ നല്ല താഴ്ചയിൽ നിലനിൽക്കുന്ന തിനാൽ നിലവിലുള്ള സ്ഥലത്തുനിന്നും മാറ്റേണ്ടതില്ലെന്നും വേണ്ടിവന്നാൽ മാത്രം മാറ്റിയാൽ മതിയെന്നുമാണ് കിഫ്ബിയുടെ നിർദ്ദേശം. കരാറുകാരൻ ആവശ്യമായ സാധനസാമഗ്രികൾ സൈറ്റിൽ ലഭ്യമാക്കാത്തതിനാൽ പ്രവൃത്തി മന്ദഗതിയിലാണ്. പ്രവൃത്തി ഊർജ്ജിതമാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പ്രവൃത്തിയുടെ കാലാവധി 31-4-2021 വരെ നീട്ടി നൽകുന്നതിനും തീരുമാനിച്ചു. നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാ ക്കിയില്ലെങ്കിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുമെന്ന കർശന നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

## 23. റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

കുറുപ്പന്തറ ആർ.ഒ.ബി:

കോട്ടയം ജില്ലയിലെ കുറുപ്പന്തറ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച് 10-7-2017-ലെ സ.ഉ.(സാധാ)നമ്പർ 942/2017/ പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകുകയും നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിക്കുകയും നിർമ്മാണ പദ്ധതിയുടെ ഭാഗമായ DPR കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. കിഫ്ബിയിൽനിന്ന് 22-5-2018-ലെ PWD016-03-PA-01 നമ്പർ ഉത്തരവുപ്രകാരം പദ്ധതിക്കായി 30.56 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. റെയിൽവേയിൽനിന്ന് GAD-ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിനായി അർത്ഥനാപത്രം കോട്ടയം ജില്ലാ കളക്ടർക്ക് ആർ.ബി.ഡി.സി.കെ 17-7-2018-ൽ സമർപ്പിച്ചു. സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

സ്ഥലമേറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറിയാലുടൻതന്നെ നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ കൈക്കൊള്ളുന്നതാണ്. കിഫ്ബിയും ആർ.ബി.ഡി.സി.കെ.-യും അംഗീകരിച്ച അലൈൻമെന്റ് പ്രകാരമാണ് ഈ പദ്ധതിയുടെ നിർമ്മാണം നടപ്പാക്കുന്നത്.

കടുത്തുരുത്തി ആർ.ഒ.ബി:

കോട്ടയം ജില്ലയിലെ കടുത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച് 10-7-2017-ലെ സ.ഉ.(സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകുകയും നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിക്കുകയും നിർമ്മാണ പദ്ധതിയുടെ ഭാഗമായ DPR കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. കിഫ്ബിയിൽ നിന്ന് 28-6-2019-ലെ PWD016-22/APR-4/2018/ KIIFB നമ്പർ ഉത്തരവുപ്രകാരം പദ്ധതിക്കായി 19.33 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിനായി അർത്ഥനാപത്രം ആർ.ബി.ഡി.സി.കെ. കോട്ടയം ജില്ലാ കളക്ടർക്ക് 18-11-2019-ൽ സമർപ്പിച്ചു. പദ്ധതിക്കുള്ള GAD റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. GAD അംഗീകരിച്ചാൽ മാത്രമേ സ്ഥലമേറ്റെടുപ്പിനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സ്ഥലമേറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറിയാലുടൻതന്നെ

നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ കൈക്കൊള്ളുന്നതാണ്. കിഫ്ബിയും ആർ.ബി.ഡി.സി.കെ.-യും അംഗീകരിച്ച അലൈൻമെന്റ് പ്രകാരമാണ് ഈ പദ്ധതിയുടെ നിർമ്മാണം നടപ്പാക്കുന്നത്.

മാഞ്ഞൂർ ആർ.ഒ.ബി. - അപ്രോച്ച് റോഡ് നിർമ്മാണം:

മാഞ്ഞൂർ ആർ.ഒ.ബി. നിർമ്മാണം പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി റെയിൽവേ നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തിയാണ്. അപ്രോച്ച് റോഡിന് ആവശ്യമായ 0.1565 ഹെക്ടർ സ്ഥലം കോട്ടയം എൽ.എ. (റെയിൽവേ) സ്പെഷ്യൽ തഹസിൽദാർ, എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഏറ്റെടുത്ത് 14-9-2020-ൽ അർത്ഥനാധികാരിയായ റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

24. ചേലക്കര താലൂക്കാശുപത്രിയുടെ വികസനം സംബന്ധിച്ച ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ.യുടെ സബ്മിഷനുള്ള മറുപടി

ചേലക്കര നിയോജകമണ്ഡലത്തിലെ ഏക താലൂക്കാശുപത്രിയാണ് ചേലക്കര താലൂക്കാശുപത്രി. 2010-ലാണ് ചേലക്കര സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തിയത്. ഈ സർക്കാർ അധികാരമേറ്റശേഷം ചേലക്കര താലൂക്കാശുപത്രിയിൽ നിലവിലുണ്ടായിരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും പഴയ വാർഡ് പൊളിച്ചുകളഞ്ഞ് അന്നത്തെ ആലത്തൂർ എം.പി. ശ്രീ. പി. കെ. ബിജുവിന്റെ വികസന ഫണ്ടിൽ നിന്നും 1.25 കോടി രൂപ വകയിരുത്തി പുതിയ വാർഡ് പണിയുകയും 2018-ൽ ഉദ്ഘാടനം നടത്തുകയുമുണ്ടായി. ഇതിലേയ്ക്കാവശ്യമായ സാധനസാമഗ്രികൾക്കും ഫർണിച്ചറുകൾക്കുമായി 10 ലക്ഷം രൂപ എം.പി. ഫണ്ടിൽനിന്നും അനുവദിക്കുകയും ചെയ്തു. മരുന്നുകൾ ഗുണനിലവാരത്തോടെ സൂക്ഷിക്കുന്നതിനായി ഫാർമസിയുടെ ശീതീകരണത്തിനായി ഡി.എച്ച്.എസ്.-ൽനിന്നും ലഭിച്ച ഫണ്ട് ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിച്ചു. എൻ.എച്ച്.എം.-ൽനിന്നും അനുവദിച്ച 3.50 കോടി രൂപയുടെ ആദ്യ ഗഡു എന്ന നിലയ്ക്ക് 1.50 കോടി രൂപ വകയിരുത്തി ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം അടക്കമുള്ള കെട്ടിടത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി തുടർപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽനിന്നും 77 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ടുള്ള ഡയാലിസിസ് കേന്ദ്രം തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഈ ആശുപത്രിയുടെ അംഗീകൃത ബെഡ് സ്ട്രെംഗ്ത് 32 ആണ്. ആശുപത്രിയുടെ ശരാശരി പ്രതിദിന ഒ.പി. 400-ഉം ഐ.പി. 20-ഉം ആണ്. ഈ ആശുപത്രിയിൽ കിടത്തിച്ചികിത്സയും 24 മണിക്കൂർ സ്റ്റേ ഡ്യൂട്ടി സർവ്വീസും നിലവിലുണ്ട്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികയില്ലാത്തതിനാൽ മേൽപ്പറഞ്ഞ സ്പെഷ്യാലിറ്റി ഡോക്ടർമാരടക്കം നൈറ്റ് ഡ്യൂട്ടി നൽകിയാണ് 24 മണിക്കൂർ സ്റ്റേ ഡ്യൂട്ടി സർവ്വീസ് നടത്തിവരുന്നത്.

നിലവിൽ ഈ ആശുപത്രിയിൽ ആകെ 31 സ്ഥിരം ജീവനക്കാരുണ്ട്. ഇതിൽ സ്പെഷ്യാലിറ്റിയടക്കമുള്ള 11 മെഡിക്കൽ ഓഫീസർമാരുടെ തസ്തികകളും 20 മറ്റ് ജീവനക്കാരുടെ തസ്തികകളും ഉൾപ്പെടുന്നു.

<u>മെഡിക്കൽ ഓഫീസർമാർ-11</u>

| | | | |
|---|---|---|---|
| 1. | സിവിൽ സർജൻ | - | 1 |
| 2. | അസിസ്റ്റന്റ് സർജൻ | - | 5 |
| 3. | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | - | 1 |
| 4. | ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) | - | 1 |
| 5. | ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | - | 2 |
| 6. | അസിസ്റ്റന്റ് ഡെന്റൽ സർജൻ | - | 1 |

<u>മറ്റ് ജീവനക്കാർ-20</u>

| | | | |
|---|---|---|---|
| 1. | ഹെഡ് നഴ്സ് | - | 1 |
| 2. | സ്റ്റാഫ് നഴ്സ് | - | 6 |
| 3. | ഫാർമസിസ്റ്റ് | - | 1 |
| 4. | ഡെന്റൽ ഹൈജീനിസ്റ്റ് | - | 1 |
| 5. | ലാബ് ടെക്നീഷ്യൻ | - | 3 |
| 6. | നഴ്സിംഗ് അസിസ്റ്റന്റ് | - | 2 |
| 7. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | - | 1 |
| 8. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | - | 2 |
| 9. | കുക്ക് | - | 1 |
| 10. | പാർട്ട് ടൈം സ്വീപ്പർ (PTC) | - | 2 |

അതിൽ ഒരു ഗൈനക് ഡോക്ടർ ഒഴികെ 10 ഡോക്ടർമാർ നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ഈ ആശുപത്രിയിൽ നാഷണൽ ഹെൽത്ത് മിഷൻവഴി താഴെപ്പറയുന്ന പ്രകാരം 12 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | - | 1 |
| 2. | ഡെന്റൽ സർജൻ | - | 1 |
| 3. | സ്റ്റാഫ് നഴ്സ് | - | 4 |
| 4. | JPHN | - | 1 |
| 5. | ഫാർമസിസ്റ്റ് | - | 1 |
| 6. | DATA ENTRY OPERATOR | - | 1 |
| 7. | PRO | - | 1 |
| 8. | ഹോസ്പിറ്റൽ അറ്റൻഡന്റ് | - | 2 |

ആശുപത്രിയിൽ നിലവിൽ പീഡിയാട്രിക്, ഓർത്തോ, ഗൈനക്കോളജി, ഡെന്റൽ എന്നീ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. കൂടുതൽ സ്പെഷ്യാലിറ്റി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## 25. ദിവസവേതന ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച ഡോ. എം. കെ. മുനീർ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ സർക്കാർ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-2, സ്വീപ്പർ മുതലായ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ വിരമിക്കുകയോ പ്രൊമോഷനാകുകയോ ചെയ്യുമ്പോൾ മെഡിക്കൽ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം വരരുതെന്ന ലക്ഷ്യത്തോടെ ഈ ഒഴിവുകൾ സ്ഥിരനിയമനം വഴി നികത്തപ്പെടുന്നതുവരെ (ടി തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സ്ഥിരനിയമനം നടത്തി ജീവനക്കാരെ നിയമിക്കുന്ന കാലയളവിലേയ്ക്ക്) താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ മേൽപ്പറഞ്ഞ തസ്തികകളിൽ നിയമിക്കാറുണ്ട്. ഇങ്ങനെ താൽക്കാലികമായി നിയമിക്കപ്പെടുന്നവരുടെ സേവനം സ്ഥിരം ജീവനക്കാർ വരുന്നമുറയ്ക്ക് ഒഴിവാക്കുന്ന രീതി എല്ലാ മെഡിക്കൽ കോളേജുകളിലും സാധാരണയായി നടക്കുന്നതാണ്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ അനുവദിച്ച ഹോസ്പിറ്റൽ ഗ്രേഡ് -2 തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സ്ഥിരനിയമനം നൽകിയപ്പോൾ ഇത്തരത്തിൽ സേവനം ഒഴിവാക്കപ്പെട്ട ദിവസവേതനക്കാരായ ചില താൽക്കാലിക ജീവനക്കാരാണ് നിലവിൽ സമരം നടത്തുന്നത്. ഒഴിവുകൾ വരുന്നമുറയ്ക്ക്, താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഇവരുടെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## 26. സിവിൽ സർവ്വീസ് അക്കാദമി സംബന്ധിച്ച ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)-ന്റെ നേതൃത്വത്തിലാണ് തിരുവനന്തപുരം ആസ്ഥാനമായി സിവിൽ സർവ്വീസ് പരിശീലന അക്കാദമി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. കേരളത്തിലെ സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കും കുറഞ്ഞ ചെലവിൽ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് മികച്ച പരിശീലനം നൽകാനാണ് ഈ അക്കാദമിയുടെ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന് കോഴിക്കോട് ജില്ലയിൽ ഒരു റീജിയണൽ സെന്റർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോവിഡ്- 19 സാഹചര്യത്തിലാണ് റീജിയണൽ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ വൈകിയത്. പ്രസ്തുത റീജിയണൽ സെന്റർ പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് ഇവിടെ സിവിൽ സർവ്വീസ് പരിശീലന കോഴ്സ് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## 27. ലൈറ്റ് & സൗണ്ട്, പന്തൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച ശ്രീമതി ഗീത ഗോപി, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

ലൈറ്റ് & സൗണ്ട്, പന്തൽ അനുബന്ധ മേഖലയിലെ തൊഴിലാളികൾക്ക് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുക്കാവുന്നതും ക്ഷേമനിധിയിൽനിന്നുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അർഹത നേടാവുന്നതുമാണ്. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും കോവിഡ്-19 കാലയളവിൽ കോവിഡ് ആശ്വാസ ധനസഹായമായി 1000 രൂപയും കോവിഡ് പ്രത്യേക ധനസഹായമായി ക്വാറന്റൈനിൽ കഴിഞ്ഞവർക്ക് 5000 രൂപയും കോവിഡ് പോസിറ്റീവായവർക്ക് 10,000 രൂപയും ക്ഷേമനിധി ബോർഡ് മുഖേന വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സമൂഹത്തിലെ വിവിധ മേഖലകളിലുള്ളവർക്ക് ലഭ്യമാക്കിയിട്ടുള്ളത് മുമ്പെങ്ങും നൽകിയിട്ടില്ലാത്ത വിധത്തിലുള്ള സഹായങ്ങളാണ്. വരുമാന മാർഗ്ഗം വളരെ കുറഞ്ഞുപോയ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി അവരുടെ കുടുംബങ്ങൾക്ക് എല്ലാവിധ സംരക്ഷണവും സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ വിഭാഗം തൊഴിലാളികളുടെയും ന്യായമായ എല്ലാ ആനുകൂല്യങ്ങളും സത്വരം ലഭ്യമാക്കണമെന്നുള്ള കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്.

28. ലൈഫ് പദ്ധതി സംബന്ധിച്ച ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി 2017-ൽ ഭവനം ഫൗണ്ടേഷൻ കേരളയുടെ സഹകരണത്തോടെ തോട്ടം മേഖലയിൽ പ്രാഥമിക സർവ്വേ നടത്തുകയും 32452 ഭവനരഹിതരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഭവനരഹിതരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തോട്ടം മേഖലയിലെ പ്രാഥമിക സർവ്വേ വിവരങ്ങൾ

| ജില്ല | റിട്ടയർ ചെയ്തവരെ സംബന്ധിച്ച് | | നിലവിൽ ജോലി ചെയ്യുന്നവരെ സംബന്ധിച്ച് | | അപേക്ഷകരുടെ എണ്ണം |
|---|---|---|---|---|---|
| | സ്ഥലമോ വീടോ ഇല്ലാത്തവർ | സ്ഥലമുണ്ടായിട്ടും വീടില്ലാത്തവർ | സ്ഥലമുണ്ടായിട്ടും വീടില്ലാത്തവർ | സ്ഥലമോ വീടോ ഇല്ലാത്തവർ | |
| (1) | (2) | (3) | (4) | (5) | (6) |
| തിരുവനന്തപുരം | 182 | 34 | 56 | 229 | 501 |
| കൊല്ലം | 673 | 61 | 303 | 2077 | 3114 |
| പത്തനംതിട്ട | 269 | 38 | 352 | 1225 | 1884 |
| ആലപ്പുഴ | 0 | 0 | 2 | 8 | 10 |
| കോട്ടയം | 81 | 10 | 119 | 539 | 749 |
| എറണാകുളം | 21 | 6 | 96 | 315 | 438 |
| ഇടുക്കി | 2422 | 726 | 2261 | 14117 | 19526 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| തൃശ്ശൂർ | 47 | 13 | 187 | 732 | 979 |
| പാലക്കാട് | 164 | 21 | 115 | 712 | 1012 |
| മലപ്പുറം | 0 | 01 | 45 | 121 | 167 |
| കോഴിക്കോട് | 6 | 1 | 199 | 120 | 326 |
| വയനാട് | 438 | 126 | 818 | 2105 | 3487 |
| കണ്ണൂർ | 0 | 0 | 9 | 6 | 15 |
| കാസർഗോഡ് | 0 | 8 | 153 | 83 | 244 |
| ആകെ | 4303 | 1045 | 4715 | 22389 | 32452 |

ഭവനരഹിതരായ തോട്ടം തൊഴിലാളികളെ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്കുള്ള ഭവനം പ്രോജക്ട് - ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം, ഭവനം ഫൗണ്ടേഷൻ കേരള (BFK) മുഖേന നടപ്പിലാക്കിവരുന്നു. ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട തോട്ടം തൊഴിലാളികളായ 10 പേരെ ഇടുക്കി ജില്ലയിൽ മൂന്നാർ മേഖലയിൽ തെരഞ്ഞെടുക്കുകയും 5 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി 2020 ജനുവരിയിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്. ശേഷിച്ച 5 വീടുകളുടെ നിർമ്മാണം ഒരു മാസത്തിനകം പൂർത്തിയാകുന്നതുമാണ്. ഭവനം പദ്ധതിയുടെ കീഴിൽ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിലെ ആർ.പി.എൽ. എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലത്ത് 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ഭവനം പദ്ധതി നടപ്പിലാക്കുന്നതിനായി വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ ചൂണ്ട വില്ലേജിൽ റിസർവ്വേ നമ്പർ 21/112 (21/44) -ൽ 0.4047 ഹെക്ടർ അനുയോജ്യമായ ഭൂമി ജില്ലാ കളക്ടർ കണ്ടെത്തുകയും തുടർന്ന് ടി ഭൂമിയിൽ കിറ്റ്കോ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയും ടി സ്ഥലത്തേയ്ക്ക് അപ്രോച്ച് റോഡ്

ലഭ്യമല്ലെന്ന് അറിയിക്കുകയുണ്ടായി. തുടർന്ന് ഭവനം ഫൗണ്ടേഷൻ കേരള (BFK), ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് പ്രസ്തുത റോഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

വയനാട് ജില്ലയിൽ തോട്ടം തൊഴിലാളികൾക്കായി ഭവന സമുച്ചയം നിർമ്മിക്കുന്നതിനായി ചെമ്പ്ര എസ്റ്റേറ്റ് ഉടമ ശ്രീ. അലി മുബാറക് വയനാട്ടിലെ കോട്ടപ്പടി പുഴമൂലയിൽ സർവ്വേ നമ്പർ 211/1-ലുള്ള ഒരു ഏക്കർ സ്ഥലം വയനാട് ജില്ലാ കളക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ടിൽനിന്നും 4 കോടി രൂപ ഉപയോഗിച്ച് 100 തോട്ടം തൊഴിലാളികൾക്ക് വാസയോഗ്യമായ ഭവനസമുച്ചയം നിർമ്മിച്ചുനൽകാനുള്ള നടപടികൾ, സർക്കാരിന്റെ 100 ദിന കർമ്മപരിപാടികളിൽ ഉൾപ്പെടുത്തി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ വയനാട് ജില്ലാ കളക്ടറെ മേൽനടപടികൾക്കായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

### 29. തഴപ്പായ നെയ്ത്ത് മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലകളായ ഈറ്റ, കാട്ടുവള്ളി, തഴ എന്നീ മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് രൂപീകരിച്ച ബോർഡാണ് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്. തഴപ്പായ നിർമ്മാണ മേഖലയിൽ നിന്നായി 65749 തൊഴിലാളികൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളാണ്. തഴപ്പായ നെയ്ത്തിന് പ്രശസ്തിയാർജ്ജിച്ച സ്ഥലങ്ങളാണ് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കും സമീപപ്രദേശങ്ങളും. കയ്പമംഗലം നിയോജകമണ്ഡലത്തിലെ എടവിലങ്ങ് പഞ്ചായത്തിൽ ആയിരത്തിലധികം തഴപ്പായ നെയ്ത്ത് തൊഴിലാളികളുണ്ട്. തോടുകളുടെയും പുഴകളുടെയും തീരങ്ങളിൽ തിങ്ങിവളരുന്ന കൈത എന്ന ചെടിയുടെ ഓലയിൽ നിന്നാണ് തഴപ്പായ നിർമ്മിക്കുന്നത്. പ്രധാനമായും സ്ത്രീകൾ വീടുകളിലിരുന്ന് സ്വയംതൊഴിലായി ചെയ്യുന്നതാണ് തഴപ്പായ നിർമ്മാണം. ഒരു പായ നെയ്താൽ ഏകദേശം 250-300 രൂപയാണ് കിട്ടുന്നത്. ഒരു പായ നെയ്യാൻ 2 ദിവസമെടുക്കും. സ്ത്രീപുരുഷ ഭേദമെന്യേ ഈ നിരക്കിലാണ് കൂലി കിട്ടുന്നത്. തഴയുടെ ദൗർലഭ്യം കാരണം മാർക്കറ്റിൽ വരുന്ന തഴ വാങ്ങിയാണ് പായ നെയ്യുന്നത്. പായ നെയ്യാനുള്ള തഴ മടിക്ക് 150 രൂപ ചെലവുവരും. തഴ ചെത്തുന്ന തൊഴിലാളികൾക്ക് ഒരു ദിവസം ഏകദേശം 500 രൂപ വരെ കിട്ടുന്നുണ്ട്. യന്ത്രവൽകൃത പ്ലാസ്റ്റിക് പായകളുടെയും ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള പുൽപ്പായകളുടെയും കടന്നുവരവോടുകൂടി പരമ്പരാഗത തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് അർഹിക്കുന്ന വില

കിട്ടാത്തതിനാലും കൈതച്ചെടിയെ സംരക്ഷിക്കുന്നതിൽ പുതിയ തലമുറ താൽപ്പര്യം കാണിക്കാതിരിക്കുന്നതിനാലും തഴപ്പായ നെയ്ത്തിന് അസംസ്കൃത വസ്തുവായ കൈത ഓല ആവശ്യത്തിന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൈതച്ചെടിയിൽ നിന്ന് വെട്ടിയെടുക്കുന്ന മുള്ളുകളോടുകൂടിയ കൈത ഓല മുള്ളുകളഞ്ഞ് പ്രത്യേക രീതിയിൽ മെടഞ്ഞ് മടികളാക്കി ആഴ്ചകളോളം വെയിലത്തുണക്കി പ്രത്യേക അനുപാതത്തിൽ പുകയിൽ സംസ്കരിച്ചെടുക്കുന്ന ഓലയാണ് തഴപ്പായ നെയ്ത്തിന് ഉപയോഗിക്കുന്നത്. ഇത്തരം പതം വരുത്തിയ ഓല ചെറിയ അളികളാക്കി തഴപ്പായ നെയ്തെടുക്കുന്നതിന് ഉദ്ദേശം രണ്ട് ദിവസമെങ്കിലുമെടുക്കും. ഇത്രയും അദ്ധ്വാനത്തിന് ആനുപാതികമായ വില ഉൽപ്പന്നത്തിന് ലഭിക്കാത്തത് ഈ മേഖലയിലെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തഴപ്പായ നെയ്ത്ത് തൊഴിലാളികളുടെ ഉന്നമനത്തിനായി പ്രത്യേകം പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഈറ്റ, തഴ, കാട്ടുവള്ളി മേഖലയിലെ കൂലി നിരക്ക് കുറവായത് കാരണം ഈ മേഖലയിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരം കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി ധനസഹായം നൽകിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ ബോർഡിലെ തൊഴിലാളികൾക്കായി 29,36,35,750 (ഇരുപത്തൊമ്പത് കോടി മുപ്പത്തി ആറ് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം അനുവദിച്ചിട്ടുണ്ട്. നിലവിൽ മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പുഴകളുടെയും നദികളുടെയും തീരങ്ങളിൽ മുള വച്ചുപിടിപ്പിക്കുന്നതിനും തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിനും അനുമതിയുള്ളതാണ്. ഇതേ മാതൃകയിൽ മണ്ണ്-ജല സംരക്ഷണം ലക്ഷ്യമിട്ട് പുഴകളുടെയും തോടുകളുടെയും തീരങ്ങളിൽ കൈത വച്ചുപിടിപ്പിച്ചാൽ ഭാവിയിൽ കൈത ഓലയുടെ ക്ഷാമം പരിഹരിക്കാൻ കഴിയും. നിലവിൽ ബാംബൂ കോർപ്പറേഷനിൽ ഈറ്റ പൊളിച്ച് പനമ്പ് നെയ്യുന്നതിന് പാകത്തിൽ അളികളായെടുക്കുന്നതിനുള്ള യന്ത്രങ്ങളുണ്ട്. അതേ മാതൃകയിൽ വ്യവസായ വകുപ്പുമായി സഹകരിച്ച് തഴ ചെറിയ അളികളാക്കി മാറ്റുന്നതിനുള്ള യന്ത്രവും അളികളാക്കിയ തഴയ്ക്ക് വിവിധ കളറുകൾ നൽകുന്നതിനുള്ള മാർഗ്ഗങ്ങളും ആവിഷ്കരിച്ച് സ്ത്രീകൾക്ക് സബ്സിഡിയോടെ സ്വയംതൊഴിൽ വായ്പയും ലഭ്യമാക്കിയാൽ ഈ പരമ്പരാഗത തൊഴിൽമേഖലയെ പിടിച്ചുനിർത്തുന്നതിനും അതുവഴി ഗ്രാമീണ മേഖലയിലെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണർവ്വേകുന്നതിനും സാധിക്കുന്നതാണെന്ന നിർദ്ദേശം കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## 30. തോൽകൊല്ലൻ സമുദായത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

കേരളത്തിലെ പിന്നാക്ക വിഭാഗ സമുദായങ്ങളുടെ പട്ടികയിൽ 65-ാമതായി ഉൾപ്പെട്ടിട്ടുള്ള തോൽകൊല്ലൻ സമുദായത്തെ പട്ടികജാതി പട്ടികയിലുൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കാൻ കിർത്താഡ്സിനോട് ആവശ്യപ്പെട്ടിരുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ദ്വിതീയ വിവര ശേഖരണം ആരംഭിച്ചിട്ടുണ്ട്. വിശദമായ പ്രാദേശികാന്വേഷണങ്ങളും ആവശ്യമാണ്. പഠനം എത്രയും പെട്ടെന്ന് പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കാൻ കിർത്താഡ്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ട് മാസത്തിനകം റിപ്പോർട്ട് ലഭ്യമാകും.

## 31. സർവ്വകലാശാല പരീക്ഷാ മൂല്യനിർണ്ണയം സംബന്ധിച്ച ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിക്കുക, പരീക്ഷകൾ നടത്തുക, വാല്യുവേഷൻ ക്യാമ്പ് സംഘടിപ്പിച്ച് പരീക്ഷകളുടെ വാല്യുവേഷൻ നടത്തുക, വാല്യുവേഷൻ മാനദണ്ഡങ്ങൾ നിശ്ചയിക്കുക എന്നിവ സർവ്വകലാശാലകളുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. പരീക്ഷകളുടെ മൂല്യനിർണ്ണയം നിലവിൽ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി സർവ്വകലാശാലകൾ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വാല്യുവേഷനിൽ ഏതെങ്കിലും കുട്ടികൾക്ക് പരാതികളുള്ളപക്ഷം ആയത് പുന:പരിശോധിക്കുന്നതിന് സംവിധാനവും നിലവിലുണ്ട്. ബിരുദ വിദ്യാർത്ഥികൾക്ക് റീവാല്യുവേഷൻ സംവിധാനവും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഡബിൾ വാല്യുവേഷൻ സംവിധാനവും നിലവിലുണ്ട്. യു.ജി.സി. നിർദ്ദേശാനുസരണം മൂല്യനിർണ്ണയം അദ്ധ്യാപനത്തിന്റെ ഭാഗമായതിനാൽ അദ്ധ്യാപകർക്ക് വാല്യുവേഷനിൽനിന്ന് വിട്ടുനിൽക്കാൻ സാധിക്കാത്തതും ഏതെങ്കിലും തരത്തിൽ വാല്യുവേഷൻ തടസ്സപ്പെടുന്നതിന് കാരണക്കാരാകുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നപക്ഷം അവർക്കെതിരെ മതിയായ അന്വേഷണം നടത്തി കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. മൂല്യനിർണ്ണയത്തിൽ വീഴ്ചവരുത്തുന്ന അദ്ധ്യാപകർക്ക് സർവ്വകലാശാല പിഴ ചുമത്തുകയും അതീവ ഗുരുതര വീഴ്ചകൾക്ക് ഡീബാറിംഗ് ഉൾപ്പെടെയുള്ള ശിക്ഷണ നടപടികളും സ്വീകരിക്കാറുണ്ട്. കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി കർശനമാക്കുന്നത് മൂല്യനിർണ്ണയം കുറ്റമറ്റതാക്കുന്നതിന് സഹായിക്കും.

## 32. പോളിടെക്നിക് കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

പോളിടെക്നിക് അദ്ധ്യാപകരുടെ 6-ാം ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ യോഗം നടത്തി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുകയും എൽ 3/54/2020/ഉ.വി.വ. ഫയലിൽ മേൽവിഷയം സർക്കാർ പരിശോധിച്ചുവരികയുമാണ്. പോളിടെക്നിക് കോളേജ് അദ്ധ്യാപകർക്ക് 7-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എൽ 3/101/2019/ഉവിവ ഫയലിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ലഭ്യമാക്കുകയും തുടർപരിശോധനകൾക്കും ഉത്തരവിനുമായി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതേസമയം പോളിടെക്നിക് അദ്ധ്യാപകർക്ക് 6-ാം എ.ഐ.സി.ടി.ഇ. പരിഷ്കരണത്തോടനുബന്ധിച്ചുള്ള കരിയർ അഡ്വാൻസ്മെന്റ് പ്ലേസ്മെന്റ് (CAS) നടപ്പാക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്തിമ ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. പോളിടെക്നിക്കുകളിൽ വകുപ്പ് മേധാവി, പ്രിൻസിപ്പാൾ, ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിലേയ്ക്കായി ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് 22-1-2021-ന് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടാൻ തീരുമാനിച്ചിട്ടുണ്ട്.

## 33. വന്യമൃഗശല്യം സംബന്ധിച്ച ശ്രീ. റോജി എം. ജോൺ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

അങ്കമാലി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിൽപ്പെട്ട മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ വനമേഖലയോട് ചേർന്നുള്ള 6, 7 വാർഡുകളിലാണ് വന്യജീവിശല്യം കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. കൂടാതെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭാഗമായുള്ള കല്ലാല എസ്റ്റേറ്റ്, കണ്ണിമംഗലം, പാണ്ടുപാറ എന്നീ പ്രദേശങ്ങളിലും വന്യജീവിശല്യം റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്. ഈ മേഖലകളിൽ ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിനും കാർഷിക നഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

1. വന്യജീവി ആക്രമണസാധ്യതയുള്ള പ്രദേശങ്ങളിൽ ഫലപ്രദമായി പട്രോളിംഗ് നടത്തി വന്യജീവികൾ ജനവാസമേഖലയിൽ ഇറങ്ങുന്നത് പരമാവധി ലഘൂകരിക്കുന്നതിന് ശ്രമിച്ചുവരുന്നു.

2. കണ്ണിമംഗലം മേഖലയിൽ 8.36 ലക്ഷം രൂപ ചെലവിൽ 4 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

3. അറ്റകുറ്റ പ്രവൃത്തികൾ ആവശ്യമായ സൗരോർജ്ജ വേലികൾ, അറ്റകുറ്റ പ്രവൃത്തികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

4. വന്യജീവികൾ ജനവാസ മേഖലയ്ക്ക് സമീപമെത്തിയാൽ അറിയിക്കുന്നതിനായി ടെലിഫോൺ നമ്പറുകൾ പരസ്യപ്പെടുത്തിയിട്ടുണ്ട്. രാപ്പകൽ വ്യത്യാസമില്ലാതെ ഫോൺകോളുകൾ സ്വീകരിച്ച് ഉടൻതന്നെ സ്ഥലത്ത് എത്തിച്ചേർന്ന് വന്യജീവികളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുന്നു. അവശ്യ സന്ദർഭങ്ങളിൽ ഡിവിഷൻ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ വിംഗിന്റെ സേവനവും ഇതിനായി ഉപയോഗപ്പെടുത്തുന്നു.

5. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

6. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സമയബന്ധിതമായി നൽകിവരുന്നുണ്ട്.

7. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിയമം നടത്തിയും ജനങ്ങളിൽനിന്നും വന്യജീവി സാന്നിദ്ധ്യം സംബന്ധിച്ച് സന്ദേശം ലഭിക്കുമ്പോൾത്തന്നെ പ്രദേശത്ത് എത്തിച്ചേർന്നും ജനപ്രതിനിധികളും പൊതുജനങ്ങളുമായി ചേർന്ന് ഐക്യത്തോടെ ടി പ്രശ്നം പരമാവധി ലഘൂകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

8. കാലടി റെയിഞ്ചിൽ നിലവിലുള്ള മൂന്ന് ജീപ്പുകളും അവശ്യ സന്ദർഭങ്ങളിൽ സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ വിംഗിന്റെ വാഹനവും നിലവിൽ മേൽ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തിവരുന്നു.

## 34. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം സംബന്ധിച്ച ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

തീരദേശ മേഖലയിലെ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരും തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുമായ എല്ലാ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2,450 കോടി രൂപയുടെ "പുനർഗേഹം" പദ്ധതിക്ക് ഭരണാനുമതി നൽകി നടപ്പാക്കിവരുന്നു. ഇതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 1,398 കോടി രൂപയും ബാക്കി 1,052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായി 18685 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം മാറിത്താമസിക്കുന്നതിന് തയ്യാറാകുന്ന കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകിവരുന്നു. 2016-17 വർഷത്തിൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി പ്രകാരം 122 ഗുണഭോക്താക്കൾ ഭൂമി രജിസ്റ്റർ ചെയ്യുകയും അതിൽ 112 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ച് താമസമാകുകയും ചെയ്തിട്ടുണ്ട്. 10 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിൽ തിരുവനന്തപുരം നിയോജക മണ്ഡലത്തിൽപ്പെട്ട 7 പേർ വസ്തു വാങ്ങുകയും 6 പേർ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 750 പേരെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 വർഷം BIF& HDF പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ 201 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 126 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ച് താമസമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽപ്പെട്ട 4 പേർ വസ്തു രജിസ്റ്റർ ചെയ്യുകയും 3 പേർ ഭവനനിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഓഖിയിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത ഭൂരഹിത. ഭവനരഹിതരായ 32 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്ന പദ്ധതിപ്രകാരം 26 പേർ സ്ഥലം വാങ്ങുകയും 7 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ബാക്കിയുള്ളവർ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കടൽക്ഷോഭംമൂലം വീട് നഷ്ടപ്പെട്ട തിരുവനന്തപുരം ജില്ലയിലെ വലിയതുറ, ചെറിയതുറ, വലിയതോപ്പ് എന്നിവിടങ്ങളിലെ 192 മത്സ്യത്തൊഴിലാളികൾക്ക് മുട്ടത്തറയിൽ ഫ്ളാറ്റ് നിർമ്മിച്ച് നൽകി. ഇതിൽ ഓഖിയിൽ വീട് നഷ്ടപ്പെട്ട

5 പേരുടെ കുടുംബങ്ങളും ഉൾപ്പെടുന്നു. വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെയും കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട് ക്യാമ്പു കളിൽ കഴിയുന്നവരെയും പുനരധിവസിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപ്പള്ളി എന്നിവിടങ്ങളിൽ കെട്ടിടനിർമ്മാണം നടന്നുവരുന്നു. കാരോട് 128 മത്സ്യത്തൊഴിലാളികളെയും ബീമാപള്ളിയിൽ 20 മത്സ്യത്തൊഴിലാളി കുടുംബ ങ്ങളെയുമാണ് ഇപ്രകാരം പുനരധിവസിപ്പിക്കുന്നത്. ഓഖിയിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങളെ ബീമാപള്ളിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഫ്ളാറ്റിൽ പുനരധിവ സിപ്പിക്കുന്നതാണ്. വലിയതുറയിൽ 160 മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പി ക്കുന്നതിനുള്ള ഫ്ളാറ്റ് നിർമ്മാണ നടപടികൾ പുരോഗമിച്ചുവരുന്നു. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബ ങ്ങളെയും പുനരധിവസിപ്പിക്കുന്ന "പുനർഗേഹം" പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിൽ മാറ്റി താമസിപ്പിക്കേണ്ട 4841 പേരിൽ 3686 പേരുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി DLAC അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 647 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 423 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 15 പേർ ഭവന നിർമ്മാണം പൂർത്തീക രിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ 10 മത്സ്യഗ്രാമങ്ങളിലായി "പുനർഗേഹം" പദ്ധതിയിൽ 1491 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിൽ മാറി താമസിക്കാൻ തയ്യാറുള്ള 591 ഗുണഭോക്താക്കൾ DLAC ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ട്. വലിയതുറയിൽ വകുപ്പിന് കൈമാറിക്കിട്ടിയ 2.94 ഏക്കർ സ്ഥലത്ത് 160 കുടുംബ ങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ടി സ്ഥലത്തും ഫ്ളാറ്റ് നിർമ്മാണം നടത്തുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ 13 ഗുണഭോക്താക്കൾ സ്വന്തമായി സ്ഥലം കണ്ടെത്തുകയും വസ്തുവാങ്ങി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇവരുടെ വീടുകൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പുനർഗേഹം പദ്ധതി പൂർത്തിയാകുന്നതുവഴി തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് കഴിയും. തിരുവനന്തപുരത്തെ തീരദേശ മേഖലയിൽ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1957.43 ലക്ഷം രൂപ അടങ്കൽത്തുക വരുന്ന കിഫ്ബി ധനസഹായത്തോടെയുള്ള പൂന്തുറ, വലിയതുറ ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതിയുടെ നിർമ്മാണം ഫെബ്രുവരി മാസത്തിൽ ആരംഭിക്കുന്നതാണ്.

## 35. പുറമ്പോക്ക് ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

പുഴ/തോട്/കുളം/മേച്ചിൽപറമ്പ്/പാറ/കനാൽ പുറമ്പോക്ക് ഭൂമി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും കേരള മുനിസിപ്പാലിറ്റി ആക്ടിലേയും വ്യവസ്ഥകൾപ്രകാരം പഞ്ചായത്തിലും നഗരസഭയിലും നിക്ഷിപ്തമായിട്ടുള്ള ഭൂമിയാണ്. ഇത്തരത്തിലുള്ള പുറമ്പോക്ക് ഭൂമി അസാധാരണ സാഹചര്യങ്ങളിലൊഴികെ പതിച്ചുനൽകരുതെന്ന് Jagpal Singh V/s State of Punjab എന്ന കേസ്സിലെ വിധിന്യായത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. പുഴ പുറമ്പോക്ക്, കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക്, കനാൽ പുറമ്പോക്ക്, കായൽ പുറമ്പോക്ക് എന്നിങ്ങനെ റവന്യൂ രേഖകൾ പ്രകാരം വിവിധയിനം പുറമ്പോക്കുകളിലുൾപ്പെട്ട സ്ഥലങ്ങളിൽ സാധാരണക്കാരായ പതിനായിരക്കണക്കിന് കുടുംബങ്ങൾ സംസ്ഥാനത്തൊട്ടാകെ താമസിച്ചുവരുന്നുണ്ട്. ഇവരിൽ പലർക്കും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും വീട്ടുനമ്പർ ലഭിച്ചിട്ടുള്ളതും റേഷൻകാർഡ്, വൈദ്യുതി കണക്ഷൻ എന്നിവയുള്ളവരുമാണ്. കൈവശമുള്ള ഭൂമിക്ക് പട്ടയം ലഭിക്കണമെന്നത് ഇത്തരം ഭൂമിയിൽ താമസിച്ചുവരുന്ന പതിനായിരക്കണക്കിന് കുടുംബങ്ങളുടെ വർഷങ്ങളായുള്ള ആവശ്യമാണ്. പുഴ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം 28565/യുs/15/റവ നമ്പർ ഫയലിൽ പരിശോധിച്ചിരുന്നതും പുഴ പുറമ്പോക്ക് പതിച്ചുകൊടുക്കുന്ന വിഷയത്തിൽ ഓരോ കേസിലും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ അനുമതിയോടെ കേസിന്റെ അർഹത പ്രത്യേകം പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണെന്ന് തീരുമാനിച്ചിരുന്നതുമാണ്. കൂടാതെ സമാനമായ കേസിൽ ജി.ഒ.(എം.എസ്.) നമ്പർ 124/18/റവ തീയതി, 26-3-2019 പ്രകാരം എറണാകുളം കണയന്നൂർ താലൂക്ക് ചേരാനല്ലൂർ വില്ലേജിലെ സർവ്വേ 985.86 എന്നിവയിൽപ്പെട്ട 2.0146 ഹെക്ടർ പുഴപുറമ്പോക്ക് സ്ഥലത്ത് വടുതല ജനകീയ കോളനിയിൽ താമസിക്കുന്ന 179 കുടുംബങ്ങളിൽ അർഹരായ കൈവശക്കാർക്ക് മാത്രം പട്ടയം നൽകുന്നതിലേയ്ക്കായി എറണാകുളം ജില്ലാ കളക്ടർ അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ തീരദേശ പുറമ്പോക്കിൽ വർഷങ്ങളായി ജീവിച്ചുവരുന്ന കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് പരിശോധിച്ചിട്ടുള്ളതാണ്. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം ഈ കുടുംബങ്ങൾക്ക് നിലവിൽ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് കഴിയാത്ത അവസ്ഥയാണ്. എന്നിരുന്നാലും പ്രസ്തുത ഭൂമി പതിച്ചു നൽകുന്നതിനുള്ള അർഹത പരിശോധിച്ച് ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റെ നിരാക്ഷേപപത്രവും പതിവിനുള്ള വ്യക്തമായ വ്യക്തിഗത ശിപാർശയും ഉൾപ്പെടുത്തി കൊണ്ടുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് സർക്കാർതലത്തിൽ പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാവുന്നതാണ്.